# കേരളപാണിനീയഭാഷ്യം – വിമർശനാത്മകപഠനം

കാലിക്കറ്റ് സർവ്വകലാശാല മലയാള–കേരളപഠനവിഭാഗത്തിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി
സമർപ്പിക്കുന്ന പ്രബന്ധം

**വിജി പോൾ**

**മലയാള–കേരളപഠനവിഭാഗം**
**കാലിക്കറ്റ് സർവ്വകലാശാല**
**2022**

# KERALA PANINEEYABASHYAM-
# CRITICAL STUDY

Thesis submitted to
the University of Calicut in partial fulfillment of
the requirements for the award of the Degree of

**DOCTOR OF PHILOSOPHY IN MALAYALAM**

**VIJY PAUL**

**DEPARTMENT OF MALAYALAM AND KERALA STUDIES**
**UNIVERSITY OF CALICUT**
**2022**

# സത്യപ്രസ്താവന

കാലിക്കറ്റ് സർവ്വകലാശാലയിലെ മലയാള-കേരളപഠനവിഭാഗത്തിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന **കേരളപാണിനീയഭാഷ്യം - വിമർശനാത്മകപഠനം** എന്ന ഈ ഗവേഷണപ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും പരീക്ഷയ്ക്കോ അസോസിയേറ്റ്ഷിപ്പിനോ ഫെലോഷിപ്പിനോ മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി എഴുതിയതല്ലെന്ന് ഇതിനാൽ ബോധിപ്പിക്കുന്നു.

കാലിക്കറ്റ് സർവ്വകലാശാല
30.12.2022

**വിജി പോൾ**

# സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിലെ മലയാള-കേരളപഠനവിഭാഗത്തിൽ പിഎച്ച്. ഡി. യോഗ്യതാപരീക്ഷയ്ക്ക് സമർപ്പിക്കുന്ന **കേരളപാണിനീയഭാഷ്യം - വിമർശനാത്മകപഠനം** എന്ന ഈ പ്രബന്ധം **വിജി പോൾ** എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

**ഡോ. സി. ജെ. ജോർജ്ജ്**
**റിസർച്ച് ഗൈഡ്**
**മലയാള-കേരളപഠനവിഭാഗം**
**കാലിക്കറ്റ് സർവ്വകലാശാല**

**കാലിക്കറ്റ് സർവ്വകലാശാല**
30. 12. 2022

# കൃതജ്ഞത

ഗവേഷണത്തിന്റെ നാൾവഴികളിൽ എന്നോട് ചേർന്നുനിന്ന എല്ലാവരെയും ഓർക്കുന്നു. സർവ്വകലാശാലയിലെ അക്കാദമികമായ അന്തരീക്ഷങ്ങൾ ഗവേഷണത്തിന് കൃത്യമായ ദിശ നൽകുകയുണ്ടായി. വിഷയസ്വീകരണത്തിന് എന്നെ സഹായിച്ച വേണുഗോപാലപ്പണിക്കർ മാഷ്, സംസ്കൃതവിഭാഗത്തിലെ നാരായണൻ മാഷ്, സോമനാഥൻ മാഷ് എന്നിവരോട് കൃതജ്ഞത രേഖപ്പെടുത്തുന്നു. ഗവേഷണത്തിന്റെ സാങ്കേതികകുരുക്കുകളെ പരിഹരിക്കാൻ കൂടെനിന്ന ലൈഫ് സയൻസ് വിഭാഗത്തിലെ പ്രിയ അദ്ധ്യാപിക ഫാത്തിമത് സുഹറ ടീച്ചറോടുള്ള സ്നേഹം സീമാതീതമാണ്.

മാർഗ്ഗദർശിയായ സി. ജെ. ജോർജ്ജ് മാഷ് എന്റെ ഗവേഷകജീവിതത്തിലെ നിർണ്ണായകശക്തിയായിരുന്നു. അറിവും അൻപും ഇഴചേർന്ന സംവാദാത്മകതയും അരാഷ്ട്രീയ/അധ്യാപന/അധ്യയനങ്ങളോടുള്ള നിരന്തരകലഹവും കൈമുതലുള്ള മാഷിന്റെ സൈഥര്യം ജീവിതത്തിലെതന്നെ നിത്യപ്രചോദനമാണ്.

അനിൽ വള്ളത്തോൾ മാഷിന്റെ സുസ്മേരസാന്നിധ്യത്തെ സ്നേഹമോടെ ഓർക്കുന്നു. വ്യക്തിജീവിതത്തിലും ഗവേഷകജീവിതത്തിലും ആർദ്രമായകൂട്ടായിരുന്നു കെ. എം. അനിൽ മാഷ്. മാഷോടുള്ള കടപ്പാട് വരികളിലൊതുക്കുക അസാധ്യം. ചരിത്രവിഭാഗത്തിലെ കെ. എസ്. മാധവൻ മാഷിന്റെ സോദരസ്നേഹം പ്രബന്ധരചനാഘട്ടത്തിലെ നിതാന്തമായ പ്രചോദനമായിരുന്നു. അക്കാദമിക് സ്റ്റാഫ് കോളേജിലെ പി. പ്രസീതട്ടീച്ചർ, കേരളവർമ്മയിലെ സരസ്വതി ടീച്ചർ, പ്രസന്നൻ മാഷ്, മലയാള–കേരളപഠന വിഭാഗത്തിലെ ദിവാകരൻ മാഷ്, മറ്റ് അധ്യാപകർ, ഓഫീസ് ജീവനക്കാരായ ജയഘോഷ്, ധന്യ, നികിത, ലൈബ്രറിജീവനക്കാരായ പ്രസീത, സജയ, അസ്സൻ കുട്ടിക്ക, ബിന വില്ലുന്നിയാലിലെ ഡി. ടി. പി. പ്രവർത്തകരായ മാലതി, അനു, രാജേഷ്, ഷീന, അഖിൽ, അപ്പൻതമ്പുരാൻ സ്മാരക ലൈബ്രറിയിലെ ജീവനക്കാർ തുടങ്ങിയവർക്കൊക്കെ നന്ദി രേഖപ്പെടുത്തുന്നു.

ഭൗതികമായി വിട്ടകന്ന എന്റെ അപ്പച്ചന്റെ ചിരകാലസ്വപ്നം കൂടിയാണിത്. ആ ഓർമ്മകളുടെ കരുത്തിന്... അക്ഷരത്തിന്റെ ഖരാതിഖരാദികളെ മനസ്സിൽ സ്നേഹാക്ഷരങ്ങളായി ഉരുവപ്പെടുത്തിയ ഒന്നാം ക്ലാസ്സിലെ റോസ ടീച്ചർ, ഗവേഷണത്തിന്റെയും ജീവിതത്തിന്റെയും കഠിനപാതകളിൽ ഉൾക്കരുത്തായ ജീവിതപങ്കാളി രതീഷ് ശങ്കരൻ, മറ്റ് ഗവേഷകസുഹൃത്തുക്കൾ വനിതാഹോസ്റ്റലിലെ മെസ്ജീവനക്കാരായ സത്യേച്ചി, വാസേച്ചി, ചിത്രേച്ചി, കമലേച്ചി... ഓഫീസ് ജീവനക്കാർ, പ്രിയപ്പെട്ട കൂട്ടുകാർ തുടങ്ങി അനുസ്യൂതമാകുന്ന ആർദ്രാനുഭാവങ്ങൾക്ക് ....

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| ഭാഗം 1 | ഉപോദ്ഘാതം | 1 - 14 |
| ഭാഗം 2 | വർണ്ണതലം | 15 — 163 |
| ഭാഗം 3 | പദതലം | 165 - 277 |
| ഭാഗം 4 | പദഘടനാപ്രക്രിയാനയങ്ങൾ | 279 - 356 |
| ഭാഗം 5 | പ്രത്യയതലം | 357 - 432 |
| | ഉപസംഹാരം | 433 - 446 |
| | ഗ്രന്ഥസൂചി | 447 - 460 |

# ഭാഗം 1

# ഉപോദ്ഘാതം

## 1.1. കേരളപാണിനീയം - ആമുഖം

മണിപ്രവാളഭാഷയുടെ ലക്ഷണഗ്രന്ഥ*മായി* പതിനാലാം ശതകത്തിൽ സംസ്കൃതത്തിൽ വിരചിതമായ *ലീലാ*തിലകം, പത്തൊമ്പതാം നൂറ്റാണ്ടിൽ പ്രസിദ്ധീകരിക്കപ്പെട്ട മിഷണറിവ്യാകരണകൃതികൾ, നാട്ടുഭാഷാപാതിരിയായ ജോർജ്ജ് മാത്തന്റെ *മലയാഴ്മയുടെ വ്യാകരണം*, പാണിനീയരീതിയെ പിന്തുടർന്നുള്ള പാച്ചുമൂത്തതിന്റെയും കോവുണ്ണി നെടുങ്ങാടിയുടെയും വ്യാകരണഗ്രന്ഥങ്ങൾ എന്നിവയിൽനിന്നും വികസിക്കുന്ന ഒരു വ്യാകരണചിന്താപരിസരമാണ് മലയാളത്തിനുള്ളത്. കേരളീയരായ മുൻഗാമികളുടെ വ്യാകരണപരിശ്രമങ്ങളിൽ പൊതുവെ പ്രകടമായ സംസ്കൃതാനുകരണരീതിതന്നെയാണ് *കേരളപാണിനീയ*ത്തിന്റെ ഒന്നാംപതിപ്പിൽ (1896) അനുവർത്തിക്കുന്നത്. സൂത്ര-വൃത്തിരൂപത്തിലുള്ള അതിന്റെ വിന്യസനം അതിനു തെളിവാണ്. എന്നാൽ ഇരുപത്തൊന്നു വർഷങ്ങൾക്കുശേഷം *കേരളപാണിനീയ*ത്തിന്റെ രണ്ടാം പതിപ്പ് (1917) പുറത്തുവരുമ്പോൾ ഏ. ആറിന്റെ സംസ്കൃതപക്ഷപാതം തുലോം കുറഞ്ഞുവരുന്നതായാണ് കാണാൻ കഴിയുന്നത്. ഇംഗ്ലീഷ് വ്യാകരണത്തിന്റെ സങ്കേതങ്ങളും ആധുനികഭാഷാപഠനരീതികളും ഇവിടെ വികസിച്ചുവന്ന ഒരു ചരിത്രസന്ദർഭമാണ് അതിനു പശ്ചാത്തലമൊരുക്കിയത്. പാണിനീയവാർപ്പുമാതൃകയിൽനിന്നും പുറത്തുകടക്കാൻ *കേരളപാണിനീയ*ത്തിന്റെ രണ്ടാംപതിപ്പിലൂടെ ഏ. ആർ. രാജരാജവർമ്മയ്ക്ക് കുറെയൊക്കെ സാധിച്ചു.

*കേരളപാണിനീയ*ത്തെ മറ്റു വ്യാകരണകൃതികളിൽനിന്നും വ്യാവർത്തിപ്പിക്കുന്ന പ്രധാനപ്പെട്ട പ്രത്യേകത അതിന്റെ രചനയിൽ അനുവർത്തിക്കുന്ന ആഗമിക (ചരിത്രാത്മക) രീതിയാണ്. ഒരു ഭാഷയ്ക്ക് കേവലം വ്യാകരണനിയമങ്ങൾ ചമയ്ക്കുകയെന്നതിൽ കവിഞ്ഞ് ആ ഭാഷയുടെ ഉല്പത്തിമുതൽ വർത്തമാനകാലസ്ഥിതിവരെയുള്ള ചരിത്രത്തെ കണക്കിലെടുത്തുള്ള ആഗമികരീതി പിന്തുടരുകയാണ് കേരളപാണിനി ചെയ്തത്. ഏ. ആറിലെ ചരിത്രകാരനും ഭാഷാചരിത്രകാരനും കൂടുതൽ തെളിച്ചം നൽകുന്ന അനേകം വസ്തുതകൾ *കേരളപാണിനീയ*ത്തിലുണ്ട്. മലയാളദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, ദേശചരിത്രം, ഇവിടെ നിലനിന്നിരുന്ന ലിപിമാലാവ്യവസ്ഥകൾ, ആര്യന്മാരുടെ ആഗമനവും തുടർന്നുണ്ടായ സംസ്കൃതസ്വാധീനവും, മലയാളം എന്ന ദേശനാമം ഭാഷാനാമമാകുന്ന പരിവർത്തനഘട്ടങ്ങൾ, രൂപാംശങ്ങളിലും വ്യാകരണവിശേഷങ്ങളിലുമുണ്ടായ പരിവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങൾ പ്രതിപാദിക്കുമ്പോൾ ചരിത്രാ

ത്മകമായ ഒരു വ്യാകരണഗ്രന്ഥത്തിന് അനിവാര്യമായ ബഹുകാലികമായ പരിഗണനകളിലാണ് കേരളപാണിനി ഊന്നുന്നത്.

മലയാളവ്യാകരണപഠനങ്ങളുടെ നാൾവഴിവിവരണങ്ങൾ, *കേരളപാണിനീയ*ത്തിനു മുൻപെന്നും പിൻപെന്നും ഉള്ള വിഭജനമാണ് പ്രധാനമായും കൈക്കൊള്ളുന്നത്. ഒന്നാം പതിപ്പിനുണ്ടായ വിമർശങ്ങളാണ് തന്റെ ചിന്തകൾക്ക് മാറ്റം വരുത്തുവാനും കൂടുതൽ തെളിവുറ്റ രീതിയിൽ രണ്ടാം പതിപ്പ് രചിക്കുവാനും സഹായകമായതെന്ന് ഏ. ആർ. സൂചിപ്പിക്കുകയും ചെയ്യുന്നുണ്ട്. സംസ്കൃതപാരമ്പര്യത്തിന്റെ കെട്ടുപാടുകളെ മറികടന്ന് ഏ. ആർ. അവതരിപ്പിച്ച നവീനവ്യാകരണരചനാശൈലിയാണ് പിൽക്കാലവ്യാകരണരചനകൾക്ക് അടിപ്പടവാകുന്നത്. അക്കൂട്ടത്തിൽ സംസ്കൃതം, തമിഴ് ഭാഷകളോട് മലയാളത്തിനുള്ള ചാർച്ച വ്യക്തമായി പ്രസ്താവിക്കാനും കേരളപാണിനി ശ്രമിക്കുന്നുണ്ട്. കേരളപാണിനിയുടെ വ്യാകരണരചനയ്ക്ക് ഉപയുക്തമായ ഉപാദാനഗ്രന്ഥങ്ങളിൽ ഗുണ്ടർട്ട് - കാൾഡ്വൽ എന്നിവരുടെ വ്യാകരണപഠനങ്ങളിലൂടെ തുറന്നുകിട്ടിയ പാശ്ചാത്യമാതൃകയും, പാണിനീയത്തിൽനിന്നു നേരിട്ടും *ലീലാതിലക*ത്തിലൂടെ പരോക്ഷമായും ലഭിച്ച സംസ്കൃതരീതിയും, കന്നട-തെലുങ്ക് വ്യാകരണകൃതികളും നന്നൂലും തൊൽക്കാപ്പിയവും ഉൾപ്പെടുന്ന തമിഴ്വ്യാകരണസ്വഭാവവും ഒന്നുചേരുന്ന ഒരു നൂതനപദ്ധതി ആവിഷ്കരിക്കാൻ കേരളപാണിനിയെ സഹായിച്ചു. അങ്ങനെയുണ്ടായ *കേരളപാണിനീയം* രണ്ടാം പതിപ്പാണ് മലയാളവ്യാകരണപഠനമേഖലയിൽ ആധികാരികഗ്രന്ഥമായി ഇന്നും നിലകൊള്ളുന്നത്.

*കേരളപാണിനീയ*ത്തിനുശേഷം മലയാളവ്യാകരണസംബന്ധിയായുള്ള നിരവധി ഗ്രന്ഥങ്ങളും ലേഖനസമാഹാരങ്ങളും ഉപന്യാസങ്ങളും വിമർശനപഠനങ്ങളും ഉണ്ടായിട്ടുണ്ട്. അവയിൽ മിക്കവയും *കേരളപാണിനീയ*ത്തെ അടിസ്ഥാനമാക്കിയുള്ള വ്യാകരണചിന്തകളാണെന്നു കാണാം. പൂർവ്വഘട്ടത്തിൽ നമ്മുടെ വ്യാകരണഗ്രന്ഥങ്ങളിൽ കണ്ടിരുന്ന പ്രധാന ന്യൂനതയായ സംസ്കൃതബദ്ധമായ ശൈലിയെ അതേപടി അനുകരിച്ചുകൊണ്ടുള്ള കൃതികളും പില്ക്കാലത്തുണ്ടാകുന്നുണ്ട്. *കേരളപാണിനീയ*ത്തിന്റെ ഒന്നാംപതിപ്പിനെ ഭാഷാപോഷിണിയിലെ വിവിധലക്കങ്ങളിൽ വിമർശനവിധേയമാക്കിയ ശേഷഗിരിപ്രഭുവിന്റെ വ്യാകരണകൃതിയായ *വ്യാകരണമിത്രം* (1904) അതിൽ പ്രധാനമാണ്. സംസ്കൃതപക്ഷപാതം പ്രധാന പരിമിതിയായിവരുന്ന മറ്റൊരു കൃതിയാണ് സി. വി. വാസുദേവഭട്ടതിരിയുടെ *അഭിനവമലയാളവ്യാകരണം* (1980). കേരളപാണിനി വ്യാകരണചിന്തകളിൽ ആർജ്ജിക്കാൻ ശ്രമിക്കുന്ന ആധുനികഭാഷാശാസ്ത്രവീക്ഷണങ്ങളും പിൽക്കാല മലയാളവ്യാകരണഗ്രന്ഥങ്ങളുടെ മറ്റൊരു ധാരയെ ഉണ്ടാക്കിയെടുക്കുന്നുണ്ട്. കെ. സുകുമാരപിള്ളയുടെ *കൈരളീശബ്ദാനുശാസനം* (1980), കെ. എസ്. നാരായണപിള്ളയുടെ *ആധുനികമലയാളവ്യാകരണം* (1995), ഇ. വി. എൻ. നമ്പൂതിരിയുടെ *കേരളഭാഷാവ്യാകരണം* (2005), കെ. എം. പ്രഭാകരവാര്യർ, ടി. ബി. വേണുഗോപാ

ലപ്പണിക്കർ, എ. പി. ആൻഡ്രൂസുകുട്ടി, എൻ. എൻ. മൂസ്സത്, സി. എൽ. ആന്റണി, എൻ. ആർ. ഗോപിനാഥപിള്ള, വി. ആർ. പ്രബോധചന്ദ്രൻ, എം. ലീലാവതി, ഡോ. എൻ. കെ. മേരി എന്നീ പഠിതാക്കളുടെ നവഭാഷാചിന്തകൾ പ്രത്യേകം പ്രസ്താവ്യമാണ്. *കേരളപാണിനീയ*ത്തോട് സംവാദാത്മകമായി കണ്ണിചേരുന്ന പഠനങ്ങളാണ് പിൽക്കാലത്തുണ്ടായത്. അതിനാൽ മുൻപു സൂചിപ്പിച്ചപോലെ *കേരളപാണിനീയ*ത്തെ ആധാരമാക്കി പൂർവ്വാപരവ്യാകരണനിരീക്ഷണങ്ങളെ ക്രോഡീകരിക്കുന്നതാണ് ഏറ്റവും ഉചിതം.

### 1.2 കേരളപാണിനീയവിമർശനത്തിന്റെ ചരിത്രം

1896-ൽ പ്രസിദ്ധീകൃതമായ ഒന്നാം പതിപ്പിന് ശേഷഗിരിപ്രഭു തയ്യാറാക്കിയ വിമർശലേഖനങ്ങളിലാണ് *കേരളപാണിനീയ*വിമർശനചരിത്രം ആരംഭിക്കുന്നത്. ഭാഷാപോഷിണിയിൽ ഖണ്ഡശ: ആയിട്ടാണ് പ്രഭുവിന്റെ ലേഖനങ്ങൾ വന്നത്. 1917 ൽ *കേരളപാണിനീയ*ത്തിന്റെ രണ്ടാംപതിപ്പ് തയ്യാറാക്കാൻ പ്രസ്തുത വിമർശലേഖനങ്ങൾ സഹായകമായെന്ന് കേരളപാണിനി പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. 1979 ൽ ശേഷഗിരിപ്രഭുവിന്റെ വിമർശനലേഖനങ്ങൾ സമാഹരിച്ചുകൊണ്ട് എൻ. സാം *കേരളപാണിനീയവിമർശവും മറ്റും* എന്ന കൃതി പ്രസിദ്ധപ്പെടുത്തി. 'മലയാളഭാഷ സംസ്കൃതത്തിൽ നിന്നുത്ഭവിച്ചതോ അല്ലയോ?', 'മലയാളം പ്രാകൃതത്തിൽ നിന്നുത്ഭവിച്ചതോ?' എന്നിങ്ങനെയുള്ള പ്രഭുവിന്റെ നിരൂപണലേഖനങ്ങൾ *കേരളപാണിനീയ*ത്തിന്റെ രണ്ടാംപതിപ്പിന്റെ രചനയ്ക്കും മലയാളഭാഷോല്പത്തിയെ സംബന്ധിച്ചുള്ള 'കൊടുന്തമിഴ്വാദ' ത്തിന്റെ അവതരണത്തിനും ഏ. ആറിന് പ്രചോദകമായെന്ന് എൻ. സാം തന്റെ സമാഹാരകൃതിയുടെ മുഖവുരയിൽ പ്രസ്താവിക്കുന്നുണ്ട്.

1904-ലാണ് ശേഷഗിരിപ്രഭുവിന്റെ *വ്യാകരണമിത്രം* വിരചിതമാകുന്നത്. *കേരളപാണിനീയ*ത്തിന്റെ ഒന്നാം പതിപ്പിറങ്ങിയതിനു തൊട്ടുപിന്നാലെയാണ് ഈ കൃതി വരുന്നത്. ഏകകാലത്ത് ജീവിച്ചിരുന്ന രണ്ടു വൈയാകരണന്മാർ തമ്മിലുള്ള ആശയവൈരുദ്ധ്യങ്ങൾ ഈ കൃതികളിലൂടെ മനസ്സിലാക്കാം. അക്ഷരം, വർണ്ണം, ലിപി എന്നിവയെക്കുറിച്ചുള്ള കേരളപാണിനിയുടെ ആശയക്കുഴപ്പവും ഒരു വിഭക്തിപ്രത്യയം അനേകാർത്ഥങ്ങളെ പ്രദാനം ചെയ്യുന്നതിനാൽ അർത്ഥത്തെ ആശ്രയിച്ചുള്ള വിഭക്തിസംജ്ഞകളെന്ന സങ്കല്പം അസാധുവാണെന്നുമുള്ള ആലോചനകൾ പ്രഭു മുന്നോട്ടുവെയ്ക്കുന്നുണ്ട്. സംസ്കൃതനിബദ്ധമായ ഒരു ശൈലി അനുവർത്തിക്കുന്നുവെന്ന പോരായ്മ നിലനിൽക്കുമ്പോഴും ആധുനികഭാഷാശാസ്ത്രപഠനങ്ങളോട് ചേർന്നുപോകുന്ന നിരീക്ഷണങ്ങൾ ഇതിൽ ആവിഷ്കൃതമാകുന്നുണ്ട്. "*കേരളപാണിനീയ*ത്തിനൊപ്പം ആധികാരികഗ്രന്ഥമായി പരിഗണി

ക്കാവുന്ന ഒരു കൃതി'', ''അതിന്റെ പൂരണമെന്നു പറയാവുന്ന കൃതി'' എന്നീ വിശേഷണങ്ങളാണ് അവതാരികയിൽ ഉള്ളൂർ നൽകിയിരിക്കുന്നത്.

ജോൺ കുന്നപ്പള്ളിയുടെ *ശബ്ദസൗഭഗ*(1976)വും *കേരളപാണിനീയ*രീതിയെ അവലംബിച്ചുള്ള സിദ്ധാന്തവൽക്കരണമാണ് നടത്തുന്നത്. ഏതാനും അംശങ്ങളിൽ ഏ. ആറിന്റെ നിരീക്ഷണങ്ങളോട് കുന്നപ്പള്ളി ഇടയുന്നതായും കാണാം. വർണ്ണങ്ങളുടെ ധ്വനിമൂല്യനിർണയനം, രൂപത്തേക്കാൾ അർത്ഥത്തിനു പ്രാധാന്യം കൽപിച്ചുകൊണ്ടുള്ള വിഭക്തിനിർവചനം, ദ്യോതകത്തെത്തന്നെ അവ്യയമായി കണ്ടുകൊണ്ടുള്ള വിശദീകരണം, സർവ്വനാമങ്ങളുടെ സൂക്ഷ്മാർത്ഥതലങ്ങളെ വ്യക്തമാക്കിത്തരുന്ന വിവരണങ്ങൾ എന്നിവയിലെല്ലാം *കേരളപാണിനീയ*ത്തോട് സംവദിച്ചുകൊണ്ട് മറ്റൊരു പാത വെട്ടിത്തുറക്കുകയാണ് ശബ്ദസൗഭഗകാരനും ചെയ്യുന്നത്. സി. വി. വാസുദേവഭട്ടതിരിയുടെ *അഭിനവമലയാളവ്യാകരണ*(1980)ത്തിലും *കേരളപാണിനീയ*വീക്ഷണങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്നതിനൊപ്പം സ്വകീയമായ നിരവധി ആശയങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്. കേരളപാണിനിയുടെ ശബ്ദവിഭാഗങ്ങളായ വാചകം, ദ്യോതകം എന്നിവയ്ക്കു പകരം പദങ്ങൾ വാക്യത്തിൽ പെരുമാറുന്നതിനനുസരിച്ച് സ്വതന്ത്രം, അസ്വതന്ത്രം എന്ന വിഭാഗം കൽപിക്കുന്നു. സംവൃതോകാരത്തിന് അകാര-ഉകാരങ്ങളിൽനിന്നും ഭിന്നമായ മൂല്യമാണ് നൽകുന്നത്. *കേരളപാണിനീയ*ത്തിൽ വളരെയൊന്നും പ്രാധാന്യം നൽകാതെപോയ വാക്യവിചാരത്തെ മുഖ്യമായെടുത്തു പഠിക്കുന്ന കൃതിയാണ് ഇ. വി. എൻ. നമ്പൂതിരിയുടെ *കേരളഭാഷാവ്യാകരണം* (2005) മലയാളഭാഷയിലെ വാക്യവിന്യാസക്രമങ്ങളെ ആധുനികഭാഷാശാസ്ത്രവിചിന്തങ്ങളാൽ പരിശോധിക്കുന്ന വി. ആർ. പ്രബോധചന്ദ്രന്റെ *വാക്യപരിചയ*വും കേരളപാണിനി വേണ്ടത്ര വിശദീകരിക്കാതെ പോയ വാക്യവിചാരത്തെ സംബന്ധിച്ചുള്ളതാണ്. സി. വി. വാസുദേവഭട്ടതിരിയുടെ *മലയാളവ്യാകരണം പ്രയോഗത്തിൽ* എന്ന കൃതിയിലും വാക്യമാണ് ചർച്ചാവിഷയമാകുന്നത്. *കേരളപാണിനീയ*ത്തെ അംഗീകരിക്കുന്നതിനൊപ്പം അതിന്റെ പരിമിതികൾ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്ന മറ്റൊരു കൃതിയാണ് എൻ. എൻ. മൂസ്സതിന്റെ *വ്യാകരണവിവേകം* (1984). സന്ധി, അകാരം, സംവൃതോകാരം, സകർമകം - പ്രയോജകം എന്നിവയെ സംബന്ധിച്ച നിരീക്ഷണങ്ങളിലെല്ലാം *കേരളപാണിനീയ*ത്തിൽനിന്നു ഭിന്നമായ അഭിപ്രായങ്ങളാണ് മൂസ്സത് പറയാൻ ശ്രമിക്കുന്നത്.

*കേരളപാണിനീയ*വിമർശനങ്ങൾ ഗ്രന്ഥരൂപേണ വന്നിട്ടുള്ളതിൽ ചിലതാണ് മുൻവിവരിച്ചത്. ഈ വിഷയത്തെ അധികരിച്ചുണ്ടായ നിരവധി ലേഖനങ്ങളും സൂചിപ്പിക്കേണ്ടതുണ്ട്. 'ശ്രുതിമാധുര്യാർത്ഥമായും ഞാഗമം ചിലെടങ്ങളിൽ' എന്ന *കേരളപാണിനീയ*കാരികാഖണ്ഡത്തെ ഖണ്ഡിക്കുന്ന പി. രാമന്റെ 'ഞാഗമം ശ്രുതിമാധുര്യത്തിനോ?, മാറുന്ന കാലഘട്ടത്തിനനുസരിച്ച് ഒരു പുതിയ വ്യാകരണം രചി

ക്കാനാവശ്യമായ രൂപരേഖ വിവരിക്കുന്ന വി. ആർ. പ്രബോധചന്ദ്രന്റെ 'കേരളപാണിനീയത്തിനപ്പുറം', കേരളപാണിനിയുടെ വ്യാകരണസങ്കല്പത്തിലെ പോരായ്മകൾ അവതരിപ്പിക്കുന്ന കെ. എം. പ്രഭാകരവാര്യരുടെ 'കേരളപാണിനിയുടെ വ്യാകരണസങ്കല്പം', പദതലത്തിൽ മാത്രം ഒതുങ്ങുന്ന ഏ. ആറിന്റെ വിഭക്തിസങ്കല്പത്തെ നിരാകരിച്ചുകൊണ്ട് വാക്യത്തിന്റെ പൂർണ്ണമായ അർത്ഥം പരിഗണിച്ചുള്ള കാരകാർത്ഥങ്ങൾക്കും അവയെ പ്രതിനിധീകരിക്കുന്ന വിഭക്ത്യർത്ഥങ്ങൾക്കും പ്രാധാന്യം നൽകണമെന്ന് സമർത്ഥിക്കുന്ന വി. സുധാബായിയുടെ 'കേരളപാണിനീയത്തിലെ വിഭക്തിചർച്ച', *കേരളപാണിനീയ*ത്തിലും ഇതരവ്യാകരണകൃതികളിലും വിവരിക്കുന്ന അക്ഷരമാലാഭേദങ്ങൾ ചൂണ്ടിക്കാണിച്ച് നവീനമായ മറ്റൊരു അക്ഷരമാല അവതരിപ്പിക്കുന്ന ടി. ബി. വേണുഗോപാലപ്പണിക്കരുടെ 'കേരളപാണിനീയവും മലയാളത്തിന്റെ അക്ഷരമാലയും', 'അം' പ്രത്യയത്തിന്റെ നിഷ്പത്തിയെ സംബന്ധിച്ചുള്ള കേരളപാണിനിയുടെ വാദങ്ങൾ ദുർബ്ബലമാണെന്നു സ്ഥാപിക്കുന്ന എം. ലീലാവതിയുടെ 'മലയാളത്തിലെ നപുംസകലിംഗപ്രത്യയം' എന്നിങ്ങനെയുള്ള ലേഖനങ്ങൾ സവിശേഷപ്രാധാന്യമർഹിക്കുന്നു.

കേരളപാണിനീയവിമർശനചരിത്രത്തെ പിൽക്കാലവ്യാകരണകൃതികളെയും ലേഖനങ്ങളെയും ആസ്പദമാക്കി വിലയിരുത്തുകയാണ് ഇതുവരെ ചെയ്തത്. കേരളപാണിനീയവിമർശകരെന്ന കൂട്ടത്തിൽ എടുത്തുപറയേണ്ട പ്രധാന വൈയാകരണനാണ് സി. എൽ. ആന്റണി. നവീനഭാഷാശാസ്ത്രപദ്ധതികളെ ആധാരമാക്കിയാണ് അദ്ദേഹം കേരളപാണിനീയതുടർചിന്തകളെ മുന്നോട്ടു നയിക്കുന്നത്. ആധുനികപഠിതാക്കളായ കെ. സുകുമാരപിള്ളയും പ്രഭാകരവാര്യരും മൂസ്സതും വേണുഗോപാലപ്പണിക്കരുമൊക്കെ തങ്ങളുടെ കേരളപാണിനീയവിമർശനത്തിന്റെ സംവാദമണ്ഡലം രൂപീകരിക്കാൻ ഏറ്റവുമധികം ആശ്രയിക്കുന്നത് സി. എൽ. ആന്റണിയുടെ നിരീക്ഷണങ്ങളെയാണെന്നു പറയാം. കാൾഡ്വൽ, കാമിൽ സ്വെലബിൾ, എൽ. വി. ആർ, എമനൊ-ബറൊ, മീലറ്റ്, ജെസ്പേഴ്സൺ തുടങ്ങിയ ആധുനികദ്രാവിഡഭാഷാപഠിതാക്കളുടെ കാഴ്ച്ചപ്പാടുകളെ പിന്തുടരുന്ന ആന്റണി *കേരളപാണിനീയ*ത്തെ നിരൂപണചിന്തയോടെ സമീപിക്കുകയാണ് *കേരളപാണിനീയഭാഷ്യം* എന്ന കൃതിയിൽ ചെയ്തിരിക്കുന്നത്.

### 1.3. സി. എൽ. ആന്റണി

വൈയാകരണൻ, ഭാഷാശാസ്ത്രചിന്തകൻ, നിരൂപകൻ, പാഠാവലീകാരൻ, ചരിത്രഗവേഷകൻ, അധ്യാപകൻ എന്നിങ്ങനെ വിവിധ തലങ്ങളിലാണ് സി. എൽ. ആന്റണിയുടെ പ്രവർത്തനമണ്ഡലം കാണാൻ കഴിയുന്നത്. 'ഭാഷാസംക്രമണ

വാദം' എന്ന പ്രസിദ്ധമായ ഭാഷോല്പത്തിവാദത്തിന്റെ അവതാരകനാണ് അദ്ദേഹം. വാമൊഴി വരമൊഴിയിലേക്ക് സംക്രമിക്കുന്നതിനെപ്പറ്റി ഏ. ഡി. ഒമ്പതു മുതൽ പതിമൂന്ന് വരെയുള്ള ശാസനങ്ങൾ, കൗടലീയം, കൂത്ത്, കൂടിയാട്ടം, ഭാഷാ മിശ്രം, നമ്പ്യാന്തമിഴ്, ദൂതവാക്യം എന്നിവയെ ആധാരമാക്കിയാണ് സി. എൽ. ആന്റണി പഠിക്കുന്നത്. കെ. എം. ജോർജ് എഡിറ്റു ചെയ്ത *സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ* എന്ന കൃതിയിലെ 'ഭാഷാഗദ്യം' എന്ന ലേഖനത്തിലാണ് മേൽപ്രസ്താവിച്ച ഭാഷോല്പത്തിവാദം അവതരിപ്പിച്ചിട്ടുള്ളത്.

സി. എൽ. ആന്റണിയിലെ ഭാഷാശാസ്ത്രപഠിതാവിനെ കണ്ടെത്താൻ കഴി യുന്ന മറ്റൊരു ഉദ്യമമാണ് *ഭാഷാപഠനങ്ങൾ* (1989) എന്ന കൃതിയിലെ പഠനങ്ങൾ. മലയാളഭാഷയുടെ ഉൽപത്തി, പാലയൂർപട്ടയങ്ങളും ശാസനഭാഷയും, ശിശുക്കളും മാതൃഭാഷാപഠനവും, ഒന്നിരാടം, സർവ്വനാമങ്ങളും സംസ്കാരവും, രണ്ടും ഒമ്പതും, മലയാളത്തിലെ പേഴ്സ്യൻ പദങ്ങൾ, ഗുണ്ടർട്ടിന്റെ മലയാളഭാഷാവ്യാകരണം എന്നീ ലേഖനങ്ങളുള്ള ഒരു സമാഹാരമാണത്. ശിശുഭാഷയെ സംബന്ധിച്ചുള്ള ഭാഷാശാസ്ത്രനിരീക്ഷണങ്ങൾ അവതരിപ്പിച്ചവരിൽ പ്രധാനിയാണ് അദ്ദേഹം. എൽ. വി. ആർ. എന്ന ആധുനികഭാഷാചിന്തകന്റെ ഭാഷാപോഷണയത്ന ങ്ങൾ പഠനാർഹമായ ചർച്ചകൾക്ക് വിധേയമാക്കിയവരിൽ പ്രധാനിയുമാണ് സി. എൽ. ആന്റണി.

മദ്രാസ് ടെക്സ്റ്റ്ബുക്ക് കമ്മറ്റിക്കുവേണ്ടി 1941 തൊട്ട് സി. എൽ. ആന്റണി തയ്യാറാക്കിയ പാഠപുസ്തകങ്ങൾ 'ഭാരതമലയാളപാഠാവലി' എന്ന പേരിലാണ് അറിയപ്പെടുന്നത്. വിവിധ വിഷയങ്ങളെ പുരസ്ക്കരിച്ചെഴുതിയ ലഘൂപന്യാസങ്ങ ളാണ് ഒന്നുമുതൽ ഏഴുവരെയുള്ള പാഠപുസ്തകങ്ങളിൽ അദ്ദേഹം ക്രമീകരിച്ചത്. ഗ്രന്ഥപാരായണം, ചന്ദ്രഗുപ്തൻ, പൂതനാമോക്ഷം, കുമാരനാശാൻ, തുഞ്ചത്തെഴു ത്തച്ഛൻ, പുരാതനഭാരതം, മഹാകവി ടാഗോർ എന്നിങ്ങനെയുള്ള വിഷയങ്ങളാണ് അതിൽ പ്രധാനപ്പെട്ടത്. ചരിത്രഗവേഷകനെന്ന നിലയിലുള്ള ആന്റണിയുടെ സംഭാവനകളിൽ മുഖ്യമായവ 'തൃശ്ശൂർ രൂപത - ഒരു ചരിത്രാവലോകനം', 'സെന്റ് തോമസ് ഇന്ത്യയിൽ വന്നിട്ടുണ്ടോ?' എന്നീ ഗവേഷണപ്രബന്ധങ്ങളാണ്.

സാഹിത്യനിരൂപകനായും അദ്ദേഹം തന്റെ പ്രവർത്തനമണ്ഡലത്തിൽ വ്യാപരിച്ചിട്ടുണ്ട്. ചങ്ങമ്പുഴയുടെ 'നിർവൃതി' എന്ന കവിത പി. കേശവദേവിന്റെ 'തസ്ക്കരസംഘം' (ഏകാങ്കനാടകം), 'ചെകുത്താന്റെയും കടലിന്റെയും ഇടയിൽ' (നാടകം) എന്നിവയെ മുൻനിർത്തി മംഗളോദയം, പരിഷത് മാസിക എന്നിവയിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. വള്ളത്തോളിന്റെ 'വീരശൃംഖല' എന്ന കവിതാസമാഹാരത്തെയും വിമർശനവിധേയമാക്കുന്നു. തകഴിയുടെ 'രണ്ടിട

ങ്ങഴി' എന്നത് നോവൽ സങ്കേതമെന്നതിനെക്കാൾ ഓരോ അധ്യായങ്ങളായി വിഭജിക്കാവുന്ന ചെറുകഥകളാണെന്നും ആന്റണി നിരീക്ഷിച്ചു.

*കേരളപാണിനീയഭാഷ്യം*, *ഭാഷാപഠനങ്ങൾ* തുടങ്ങിയ കൃതികളിൽ ഭാഷാപ്രയോഗവ്യവസ്ഥയെ നിയമങ്ങളുപയോഗിച്ച് പഠനാർഹമാക്കുന്ന ഒരു മികച്ച വൈയാകരണനെന്ന നിലയിൽ അദ്ദേഹത്തെ കാണാം. *കേരളപാണിനീയ*ത്തെ ആധാരമായെടുത്ത് ഉപരിചിന്തകൾ രൂപീകരിക്കാനുള്ള ശ്രമമാണ് *കേരളപാണിനീയഭാഷ്യ*ത്തിലുള്ളത്. ഭാഷയും വ്യാകരണവും നമ്മുടെ നിത്യജീവിതവ്യവഹാരങ്ങളുമായി എത്രമാത്രം ഇഴുകിച്ചേർന്നാണ് നിലകൊള്ളുന്നത് എന്നതിന്റെ ബോദ്ധ്യപ്പെടുത്തലാണ് *ഭാഷാപഠനങ്ങൾ* എന്ന കൃതിയിലെ ലേഖനങ്ങൾ. പഴഞ്ചൊല്ലുകളിലെ ഭാഷാവിജ്ഞാനീയം, ചീത്തയുടെ ചരിത്രം, ശിശുക്കളും മാതൃഭാഷാപഠനവും, മലയാളത്തിലെ പേർസ്യൻ പദങ്ങൾ എന്നീ ലേഖനങ്ങൾ ഭാഷയെ സംബന്ധിച്ച പുതിയ വിചാരരീതികളിലേക്കുള്ള ചുവടുവെപ്പുകളാണെന്നു പറയാം.

ഭാഷയുടെയും സാഹിത്യത്തിന്റെയും വ്യാകരണത്തിന്റെയുമൊക്കെ തലങ്ങളെ മൊത്തത്തിൽ സ്പർശിച്ചുകൊണ്ടുള്ള ഒരു ആശയലോകമാണ് സി. എൽ. ആന്റണിയുടെ എഴുത്തുകളിലൂടെ വികസിച്ചുവന്നിട്ടുള്ളത്.

മികച്ച അധ്യാപകൻ എന്ന നിലയിലും അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ജോസഫ് മുണ്ടശ്ശേരി, എം. പി. പോൾ എന്നിവർക്കൊപ്പം തൃശ്ശൂർ സെന്റ് തോമസ് കോളേജിലും; എം. ലീലാവതി, എം. കെ. സാനു, ടി. ഭാസ്ക്കരൻ എന്നീ സഹപ്രവർത്തകർക്കൊപ്പം എറണാകുളം മഹാരാജാസ് കോളേജിലും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഹൈസ്ക്കൂൾ അധ്യാപകനെന്ന നിലയിൽ തുടങ്ങി കേരളത്തിലെ വിവിധ കോളേജുകളിൽ തന്റെ പ്രവർത്തനമണ്ഡലം വ്യാപിപ്പിക്കാൻ സി. എൽ. ആന്റണിക്കു സാധിച്ചു. എം. ലീലാവതി, സാറാ ജോസഫ്, ഷൊർണ്ണൂർ കാർത്തികേയൻ, ടി. ബി. വേണുഗോപാലപ്പണിക്കർ തുങ്ങിയവർ ഉൾപ്പെടുന്ന ശിഷ്യസമ്പത്തിന്റെ ഉടമയായിരുന്നു. തൃശ്ശൂർ ജില്ലയിലെ പുതുക്കാട് 1913 ആഗസ്റ്റ് 2 ന് ജനിച്ച അദ്ദേഹം 1979 മാർച്ച് 20 ന് മരണപ്പെട്ടു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ഗവേഷണമാർഗദർശി, കേരളസാഹിത്യ അക്കാദമി അവാർഡ് ജേതാവ്, യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ പ്രൊഫസർഷിപ്പ് അംഗീകാരം എന്നീ പദവികൾ സി. എൽ. ആന്റണി അലങ്കരിച്ചിരുന്നു.

### 1.4. കേരളപാണിനീയഭാഷ്യം (1973)

*കേരളപാണിനീയ*വിമർശനചരിത്രത്തെ പഠനവിധേയമാക്കുമ്പോൾ പ്രഥമപരിഗണന അർഹിക്കുന്ന കൃതികളിലൊന്ന് സി. എൽ. ആന്റണിയുടെ *കേരളപാണിനീയഭാഷ്യ*മാണ്. പിൽക്കാലവൈയാകരണന്മാരിൽ പലരും തങ്ങളുടെ കേരളപാണി

നീയാനന്തരചിന്തകളും നിരൂപണങ്ങളും ആന്റണിയുടെ വിചാര-വിമർശനങ്ങളോട് സംവാദാത്മകമായി ഇടപെട്ടുകൊണ്ടാണ് തുടങ്ങിവെയ്ക്കുന്നത്. നമ്മുടെ ആധികാരിക വ്യാകരണപഠനഗ്രന്ഥമെന്ന നിലയിൽ *കേരളപാണിനീയ*വും കേരളപാണിനീയവിമർശനത്തിന്റെ ആദ്യാങ്കുരങ്ങൾ ഏറെക്കുറെ സമഗ്രമായി സാദ്ധ്യമാക്കിയ പരിശ്രമമെന്ന നിലയിൽ *കേരളപാണിനീയഭാഷ്യ*വും വ്യാകരണപഠിതാക്കളിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. പഠനകാലത്തുതന്നെ മനസ്സിൽ ഊറിക്കൂടിയ ചില വ്യാകരണപ്രശ്നങ്ങൾക്ക് യുക്തിസഹമായ പരിഹാരം കണ്ടെത്താനുള്ള ശ്രമമാണ് *കേരളപാണിനീയഭാഷ്യ*മെന്ന് ലേഖകൻ ഗ്രന്ഥത്തിന്റെ പ്രസ്താവനയിൽ സൂചിപ്പിച്ചിട്ടുണ്ട്. ആധുനികഭാഷാശാസ്ത്രതത്ത്വങ്ങളെ അവലംബമാക്കി മലയാളത്തിന് ഒരു വിവരണാത്മകവ്യാകരണം രചിക്കുക, നിലവിലുള്ള വ്യാകരണഗ്രന്ഥങ്ങളെ സൂക്ഷ്മമായി പരിശോധിച്ച് നവീനഭാഷാശാസ്ത്രതത്ത്വങ്ങളുടെ വെളിച്ചത്തിൽ സിദ്ധിക്കാവുന്ന വ്യാകരണപരമായ ഉപരിവിജ്ഞാനം *കേരളപാണിനീയ*ത്തെത്തന്നെ അടിത്തറയായെടുത്ത് അതിനു മുകളിൽ കെട്ടിപ്പടുക്കുക, നമ്മുടെ ഭാഷണശീലത്തിൽ ഒളിഞ്ഞുകിടക്കുന്ന ഉത്സർഗങ്ങളും അപവാദങ്ങളും വസ്തുനിഷ്ഠമായി പരിശോധിച്ച് കഴിവതും ലളിതമായും സമ്പൂർണ്ണമായും അവയെ വർഗ്ഗീകരിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഗ്രന്ഥരചനയ്ക്കുള്ളതെന്ന് അദ്ദേഹം തുടർന്നും പ്രസ്താവിക്കുന്നുണ്ട്.

ബാല്യകാലത്തുതന്നെ ഒരു വ്യക്തി സ്വാഭാവികമായി ആർജ്ജിച്ചെടുക്കുന്ന ഭാഷാപ്രയോഗശേഷിയെയും വ്യാകരണനിയമങ്ങളെയും കുറിച്ച് സി. എൽ. ആന്റണിക്ക് വ്യക്തമായ ബോദ്ധ്യങ്ങളുണ്ടായിരുന്നു. "നാമൊക്കെ നാലുവയസ്സിനു മുമ്പു പഠിച്ചുവെച്ചിട്ടുള്ള വ്യാകരണമാണ് ഏറ്റവും കുറ്റമറ്റതെന്ന്" വിദ്യാർത്ഥികളെ പഠിപ്പിച്ച അധ്യാപകനാണ് അദ്ദേഹം.

*കേരളപാണിനീയ*ത്തിനുശേഷം നടന്നിട്ടുള്ള മലയാളവ്യാകരണരചനകളിൽ ഭൂരിഭാഗവും ആ കൃതിയുമായി ഇടർച്ചകളും തുടർച്ചകളും സാദ്ധ്യമാക്കുന്നതായിരുന്നു. തികച്ചും സ്വതന്ത്രചിന്താശേഷി പ്രകടിപ്പിക്കുന്ന രചനകൾ വ്യാകരണമേഖലയിൽ ഇല്ലെന്നുതന്നെ പറയാം. അതിൽതന്നെ ആധുനികഭാഷാശാസ്ത്രനിരീക്ഷണങ്ങളോടെ *കേരളപാണിനീയ*നിരൂപണം തുടങ്ങിവെയ്ക്കുകയാണ് സി. എൽ. ആന്റണി ചെയ്തത്. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളും പിൽക്കാലത്ത് വിമർശനവിധേയമാകുന്നുണ്ട്. *കേരളപാണിനീയഭാഷ്യം* എന്ന നാമധേയംതന്നെ തെറ്റായിപ്പോയെന്ന നിരീക്ഷണങ്ങൾ ഉണ്ടായിട്ടുണ്ട്. പദത്വനിർണ്ണയനത്തിന് അവലംബമാക്കുന്ന സങ്കേതങ്ങൾ, യഥാർത്ഥ നാമ-ക്രിയാവിശേഷണങ്ങൾ, ഉച്ചാരണപരമായ അനുനാസികസംസർഗനയം, അകാരത്തിന് ഓഷ്ഠ്യത്വം കൽപിച്ചത് ഗുണ്ടർട്ടാണെന്ന പ്രസ്താവന തുടങ്ങിയ കേരളപാണിനീയഭാഷ്യകാരന്റെ സമർത്ഥനങ്ങളൊക്കെ കെ. സുകുമാരപിള്ള, കെ. എം. പ്രഭാകരവാര്യർ, ടി. ബി.

വേണുഗോപാലപ്പണിക്കർ എന്നീ ആധുനികപഠിതാക്കൾ നിരാകരിക്കുന്നുണ്ട്. കെ. പി. നാരായണപിഷാരോടിയുടെ 'കേരളപാണിനീയഭാഷ്യം', ടി. ബി. വേണു ഗോപാലപ്പണിക്കരുടെ 'കേരളപാണിനീയഭാഷ്യവിമർശനം', എൻ. ആർ ഗോപിനാ ഥപിള്ളയുടെ 'മുതുക്കൻ ചെറുക്കൻ' എന്നീ ലേഖനങ്ങൾ സി. എൽ. ആന്റണി യുടെ വ്യാകരണസങ്കല്പത്തിലെ ഗുണദോഷവിചിന്തനം സാദ്ധ്യമാക്കുന്നുണ്ട്.

സംസ്കൃതജ്ഞാനപദ്ധതിയിൽ വ്യാഖ്യാനം, വാർത്തികം, ഭാഷ്യം എന്നീ ചിന്തകൾക്ക് വ്യത്യസ്തമായ മാനങ്ങളുണ്ട്. സംസ്കൃതശാസ്ത്രസാഹിത്യശാഖ യിൽ പല കൃതികളും വ്യാഖ്യാനങ്ങളോടെയാണ് മൂലഗ്രന്ഥകാരൻമാർ രചിച്ചിട്ടു ള്ളത്. വ്യാഖ്യാനങ്ങളുടെ സഹായമില്ലാതെ പല കൃതികളും പണ്ഡിതൻമാർക്കു പോലും സ്പഷ്ടമാകുകയില്ല എന്നതിനാലാണത്. വിശേഷമായ ജ്ഞാനമാണ് വ്യാഖ്യാനം. ഗ്രന്ഥകാരൻ സൂത്രങ്ങളിൽ നൽകിയിരിക്കുന്ന സംഗതിയെക്കുറി ച്ചുള്ള വിവരണം മാത്രമാണത്. വാർത്തികം എന്നതിന്റെ അർത്ഥതലം കുറേക്കൂടി വ്യത്യസ്തമാണ്.

> ''ഉക്താനുക്തദുരുക്താനാം
> ചിന്താ യത്ര പ്രവർത്തതേ
> തം ഗ്രന്ഥം വാർത്തികം പ്രാഹു:
> വാർത്തികജ്ഞാ മനീഷിണ:''

പറഞ്ഞതും പറയാത്തതും തെറ്റായി പറഞ്ഞതുമായ കാര്യങ്ങളെപ്പറ്റി ചിന്തനം ചെയ്യുക എന്നതാണ് വാർത്തികത്തിന്റെ ലക്ഷ്യം. പാണിനിയുടെ അഷ്ടാദ്ധ്യായിക്ക് ഉക്താനുക്തദുരുക്തചിന്തയോടെ വാർത്തികം തീർക്കുകയാണ് കാത്യായനൻ ചെയ്തത്. എന്നാൽ മഹാഭാഷ്യത്തിന്റെ സംവിധാനക്രമം വളരെ വിപുലമാണ്. പാണിനിയുടെ വ്യാകരണകൃതിയ്ക്ക് പതഞ്ജലി രചിച്ച മഹാഭാ ഷ്യത്തിന് കുറ്റമറ്റ നിരൂപണച്ഛായയാണ് പ്രതിഫലിച്ചുകാണുന്നത്.

> ''സൂത്രാർത്ഥഭാഷ്യരൂപേണ
> യഥാവദ് ദർശയന്തി ച
> സൂത്രാർത്ഥോ വർണ്യതേ യത്ര
> വാക്യൈ : സൂത്രാനുസാരിഭി :
> സ്വപദാനി ച വർണ്യന്തേ
> ഭാഷ്യം ഭാഷ്യവിദോ വിദു : ''

ഇതാണ് ഭാഷ്യത്തിന്റെ സ്വരൂപം. സൂത്രാർത്ഥം പ്രതിപാദിക്കുന്നതിനൊപ്പം വ്യാഖ്യാതാവിന് സ്വാഭിപ്രായം കൂടി വ്യക്തമാക്കുന്നതിനും ഭാഷ്യത്തിൽ സാധിത മാകുന്നു. പൂർവ്വപക്ഷത്തിന്റെ അഭിപ്രായങ്ങളെ ഖണ്ഡിക്കുന്നതിനൊപ്പം സ്വാഭി പ്രായങ്ങൾ സ്ഥാപിച്ചുകൊണ്ടു നടത്തുന്ന ഭാഷ്യരചനാശൈലിയിൽ മൂലഗ്രന്ഥകാ രനൊപ്പംത്തന്നെയുള്ള പ്രാധാന്യം നിരൂപകനും കൈവരുന്നു. ഈ ശൈലിയുടെ

ആവിഷ്ക്കർത്താവാണ് പതഞ്ജലി. അദ്ദേഹത്തിന്റെ മഹാഭാഷ്യത്തിന് ഏറെ പ്രാധാന്യം കൈവരുന്നതും ആ നിലയിലാണ്. കേവലമായ അഭിപ്രായപ്രകടനങ്ങൾ നിരത്തുക എന്ന തലത്തിൽനിന്നുയർന്ന് ഒരു ജ്ഞാനസംസ്ഥാപകന്റെയും നിരൂപകന്റെയും പദവിയാണ് ഭാഷ്യകാരനുള്ളത്. ആ അർത്ഥത്തിൽ *കേരളപാണിനീയ*ത്തെ ആധാരമാക്കി ഉപരിചിന്തകൾ മാത്രം രൂപീകരിക്കാനൊരുങ്ങുന്ന സി. എൽ. ആന്റണിയുടെ *കേരളപാണിനീയഭാഷ്യം* ഭാഷ്യശൈലിയല്ല പിന്തുടരുന്നതെന്ന് കാണാം.

*കേരളപാണിനീയ*ത്തിനുനേരെ നടത്തിയ ശക്തിയുക്തമായ ഒരു വിമർശനമായിട്ടാണ് ആന്റണിയുടെ *കേരളപാണിനീയഭാഷ്യ*ത്തെ കെ. പി. നാരായണപിഷാരോടി 'കേരളപാണിനീയഭാഷ്യം' എന്ന ലേഖനത്തിൽ കാണുന്നത്. ഭാഷ്യമെന്ന പേര് യുക്തിസഹമല്ലെന്നും അദ്ദേഹം യുക്തിയുക്തമായി വിലയിരുത്തുന്നു. അപൂർണ്ണതകളെയും അവ്യക്തതകളെയും വ്യാഖ്യാനിച്ചു ശരിപ്പെടുത്തുകയെന്നതാണ് ഭാഷ്യത്തിന്റെ മുഖ്യധർമ്മമായി നാരായണപിഷാരോടി വീക്ഷിക്കുന്നത്. എന്നാൽ കേരളപാണിനിക്കു സംഭവിച്ചിട്ടുള്ള നോട്ടക്കുറവുകളും അബദ്ധങ്ങളും എടുത്തുകാണിച്ച് ആ വിഷയങ്ങളിൽ തനിക്കുള്ള പുതിയ അഭിപ്രായം ആവിഷ്കരിക്കുകയാണ് സി.എൽ.ആന്റണി ചെയ്തിട്ടുള്ളൂ. ഇക്കാരണത്താൽ ഭാഷ്യം എന്ന സംജ്ഞ അംഗീകരിക്കാൻ പിഷാരോടി തയ്യാറല്ല. വിമർശനം അല്ലെങ്കിൽ വാർത്തികം എന്നുള്ള രീതിയിലാണ് 'കേരളപാണിനീയഭാഷ്യവിമർശനം' എന്ന ലേഖനത്തിൽ ടി. ബി. വേണുഗോപാലപ്പണിക്കരും *കേരളപാണിനീയഭാഷ്യ*ത്തെ നോക്കിക്കാണുന്നത്. മൂലകൃതിയുടെ ഉക്താനുക്തദുരുക്തചിന്ത വാർത്തികമാണെന്നും അതിനെക്കൂടി പരിഗണിച്ച് മൂലകൃതിയെ വിശദീകരണത്താൽ വിളക്കിക്കാട്ടുന്നതാണ് ഭാഷ്യമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. ആ നിലയ്ക്കു നോക്കുമ്പോൾ *കേരളപാണിനീയഭാഷ്യം* വാർത്തികമോ വിമർശനമോ ആണെന്നും ഭാഷ്യമല്ലെന്നും സമർത്ഥിക്കുന്നു.

എൽ. വി. ആറിന്റെ ഭാഷാശാസ്ത്രനിരീക്ഷണങ്ങളോട് വളരെയേറെ ആഭിമുഖ്യം പുലർത്തിയ വൈയാകരണനാണ് സി. എൽ. ആന്റണി. കേരളപാണിനീയനിരീക്ഷണങ്ങളെ വിമർശനാത്മകമായി മുന്നോട്ടുകൊണ്ടുപോകാൻ ആധുനികഭാഷാപഠനങ്ങളുടെ ഉപാദാനങ്ങളെ ആശ്രയിക്കുന്ന രീതി എൽ. വി. ആറിന്റെ പഠനങ്ങളിൽനിന്നാണ് അദ്ദേഹം സംഗ്രഹിക്കുന്നതെന്നു കാണാം. ഏറെ വിമർശനങ്ങൾ *കേരളപാണിനീയഭാഷ്യ*ത്തെപറ്റി നിലനില്ക്കുന്നുണ്ടെങ്കിലും, കേരളപാണിനീയാനന്തര മലയാളവ്യാകരണവിമർശനചരിത്രത്തിലെ ഒരു പ്രധാന കണ്ണിയായി ഈ കൃതിയെ വിലയിരുത്താം.

### 1.5. കേരളപാണിനീയഭാഷ്യത്തിന്റെ രൂപഘടന

ഭാഷാവ്യാകരണത്തെ സംബന്ധിക്കുന്ന പതിനൊന്ന് പ്രമേയങ്ങളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. ആധുനികഭാഷാശാസ്ത്രതത്ത്വങ്ങളെ ആസ്പദമാക്കി *കേരളപാണിനീയ*ത്തിലെ പ്രധാന പ്രകരണങ്ങൾ പഠനവിധേയമാക്കി സ്വാഭിപ്രായം ആവിഷ്കരിക്കാനാണ് ലേഖകൻ ശ്രമിക്കുന്നത്. മൂന്ന് തരത്തിൽ വിഭജനം നടത്തിക്കൊണ്ട് ഈ കൃതിയുടെ ഉള്ളടക്കത്തെ പഠിക്കാൻ കഴിയും - വർണ്ണതലം, പദതലം, പ്രത്യയതലം എന്നിങ്ങനെയാണത്. വർണ്ണതലത്തിൽ വർണ്ണമാല, ഭാഷാസന്ധികൾ എന്നീ ലേഖനങ്ങളെയും, പദതലത്തിൽ പദവിഭാഗങ്ങൾ, നാമവിശേഷണങ്ങൾ, ക്രിയാവിശേഷണങ്ങൾ, കേവലം - കർത്തൃജ കർമ്മകം - പ്രയോജകം, സാംഖ്യനാമങ്ങൾ, അനുനാസികസംസർഗം, ദ്വിത്വഖരാദേശനയങ്ങൾ എന്നിവയെയും, പ്രത്യയതലത്തിൽ വിഭക്തിസംജ്ഞകൾ, വിഭാജക പ്രത്യയങ്ങൾ എന്നീ അധ്യായങ്ങളെയും ഉൾപ്പെടുത്തി ചർച്ച ചെയ്യാവുന്നതാണ്.

### 1.6. പഠനലക്ഷ്യം

*കേരളപാണിനീയ*ത്തിൽ ആരംഭിച്ച മലയാളവ്യാകരണസംവാദത്തെ മുന്നോട്ടുകൊണ്ടുപോകുന്ന പ്രക്രിയയാണ് അതിന്റെ ഓരോ വിമർശനപഠനവും ലക്ഷ്യമാക്കുന്നത്. *കേരളപാണിനീയഭാഷ്യ*വും അതോടൊപ്പം മറ്റു കൃതികളും ചേർത്തു വെച്ചുപഠിക്കുന്ന ഈ പ്രബന്ധത്തിലൂടെ കേരളപാണിനീയവിമർശനചരിത്രംതന്നെയാണ് ഒരർത്ഥത്തിൽ അനാവൃതമാകുന്നത്. *കേരളപാണിനീയ*ത്തിലെ ചില പ്രത്യേക വ്യാകരണാംഗങ്ങളുടെ വിമർശനപഠനത്തിലൂടെ കേരളപാണിനീയാനന്തരചിന്തകളെ സി. എൽ. ആന്റണിക്ക് ഫലപ്രദമായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നുണ്ടോ എന്നും അന്വേഷിക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളുടെ യുക്തിയും യുക്തിരാഹിത്യവും എന്താണെന്ന് പഠിക്കേണ്ടതുണ്ട്. പിൽക്കാല വ്യാകരണരചനകളിൽ പ്രസ്തുത കൃതി ഉണ്ടാക്കിയ സ്വാധീനമെന്തെന്നും *കേരളപാണിനീയ*ത്തിന്റെ ഇതര വിമർശനഗ്രന്ഥങ്ങളിൽനിന്ന് *കേരളപാണിനീയഭാഷ്യ*ത്തെ വ്യതിരിക്തമാക്കുന്ന അംശങ്ങളെന്തൊക്കെയെന്നു കണ്ടെത്തുന്നതും പഠനലക്ഷ്യമാകുന്നു. ഫലത്തിൽ ആധുനികമലയാളവ്യാകരണചിന്തകളിലെ പ്രധാന പ്രമേയങ്ങളെ *കേരളപാണിനീയഭാഷ്യ*ത്തെ അവലംബമാക്കി വിമർശനവിധേയമാക്കുകയാണ് ചെയ്യുന്നത്.

### 1.7. പഠനത്തിന്റെ പ്രസക്തി

അനവധി വ്യാകരണകൃതികൾ ഇന്നോളം ഉണ്ടായിട്ടുണ്ടെങ്കിലും ഏ. ആറിന്റെ *കേരളപാണിനീയ*ത്തിലെ കാഴ്ചപ്പാടുകൾക്ക് മങ്ങലേൽക്കുന്നില്ല. അതേസമയം അതിലെ ആശയങ്ങളും വ്യാകരണകാര്യങ്ങളും തികച്ചും അവസാനവാ

ക്കായെടുക്കാനും സാധ്യമല്ല. വിമർശനവും അന്വേഷണവുമാണ് കൂടുതൽ വെളിച്ചവും തെളിച്ചവും നൽകുക. അത്തരം പരിശ്രമങ്ങളിൽ പ്രധാനപ്പെട്ടതാണ് സി. എൽ. ആന്റണിയുടെ *കേരളപാണിനീയഭാഷ്യം.* അതിന്റെ വിമർശനാത്മകപഠനം മലയാളവ്യാകരണചിന്തയുടെ താത്വികാടിത്തറയെത്തന്നെ മനസ്സിലാക്കാൻ സഹായിക്കുന്നതാണ്. മറ്റുള്ളവരുടെ വിമർശനങ്ങളെയും നിരീക്ഷണങ്ങളെയും പരിഗണിച്ചുകൊണ്ട് പഠനം നടത്തുന്നതിനാൽ മലയാളവ്യാകരണചിന്തകളെ ആഴത്തിൽ മനസ്സിലാക്കുന്ന ഒന്നായി ഈ പഠനം മാറുന്നതാണ്.

### 1.8. പൂർവ്വപഠനങ്ങൾ

സംസ്കൃതവ്യാകരണഗ്രന്ഥമായ പാണിനീയത്തിന്റെ ചുവടുപിടിച്ചാണ് *കേരളപാണിനീയ*ത്തിന്റെ ആദ്യപതിപ്പ് (1896) രചിച്ചിട്ടുള്ളത്. അതിന്റെ പോരായ്മകൾ പരിഹരിച്ചുകൊണ്ട് രണ്ടാം പതിപ്പ് (1917) വരികയും അതിനെ ആധാരമാക്കി ശേഷഗിരിപ്രഭു *ഭാഷാപോഷിണി*യുടെ പല ലക്കങ്ങളിലായി കേരളപാണിനീയവിമർശനലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയുമുണ്ടയി. *കേരളപാണിനീയവിമർശനവും മറ്റും* (1979, സമ്പാ: ഡോ. എൻ. സാം) എന്ന പേരിൽ ഇത് സമാഹരിക്കപ്പെട്ടിട്ടുണ്ട്. ഇതുപോലെ മറ്റൊരു സമാഹാരം കൂടിയുണ്ട്: പുതുശ്ശേരി രാമചന്ദ്രൻ സമ്പാദകനായിട്ടുള്ള *കേരളപാണിനീയവിമർശം* (1996). ഒറ്റപ്പെട്ട പഠനലേഖനങ്ങൾ വേറെയുമുണ്ട്. മാത്രമല്ല, പിൽക്കാലത്തുണ്ടായ ഏതാണ്ടെല്ലാ വ്യാകരണഗ്രന്ഥങ്ങളിലും കേരളപാണിനിയുടെ നിരീക്ഷണങ്ങളെ സന്ദർഭമനുസരിച്ച് ചർച്ചയ്ക്കെടുക്കുന്നതും കാണാം. എന്നാൽ, *കേരളപാണിനീയ*ത്തെക്കുറിച്ചുള്ള സവിസ്തരമായ പ്രഥമ വിമർശനാത്മകപഠനമെന്നനിലയിൽ *കേരളപാണിനീയഭാഷ്യ* (1973) ത്തിന് മലയാളവ്യാകരണചരിത്രത്തിൽ സവിശേഷസ്ഥാനമുണ്ട്. ഈ കൃതിയിലെ ആശയങ്ങളെ വിമർശനവിധേയമായി പഠിച്ചിട്ടുള്ളതിൽ കെ. സുകുമാരപിള്ളയുടെ *കൈരളീശബ്ദാനുശാസനം*, കെ. എം. പ്രഭാകരവാര്യരുടെ *മലയാളവ്യാകരണസമീക്ഷ* എന്നീ കൃതികളും കെ. പി. നാരായണപിഷാരോടിയുടെ 'കേരളപാണിനീയഭാഷ്യം', ടി. ബി. വേണുഗോപാലപ്പണിക്കരുടെ 'കേരളപാണിനീയഭാഷ്യവിമർശനം', എൻ. ആർ. ഗോപിനാഥപിള്ളയുടെ 'മുതുക്കൻ ചെറുക്കൻ', എം. ലീലാവതിയുടെ 'ദ്വിത്വഖരാദേശങ്ങളെപ്പറ്റി' എന്നീ ലേഖനങ്ങളും പ്രധാനമാണ്.

### 1.9. പഠനരീതി

*കേരളപാണിനീയ*ത്തിന്റെ മുന്നോടിയായിട്ടുള്ള വ്യാകരണകൃതികളെയും അതിനുണ്ടായ വിമർശനപഠനങ്ങളെയും അടിസ്ഥാനമാക്കിയാണ് ഈ പ്രബന്ധത്തിൽ പഠിക്കാൻ ശ്രമിക്കുന്നത്. ഏ. ആറും, സി. എൽ. ആന്റണിയും ഒരേപോലെ

വിസ്മരിച്ച തദ്ദേശീയഭാഷാപണ്ഡിതനായ ജോർജ്ജ് മാത്തന്റെ വ്യാകരണചിന്തകളും വിദേശമിഷണറിമാരിൽ ചിലരുടെ ആലോചനകളും പൂർവ്വധാരണകളാവുന്നുണ്ട്. തമിഴ് വ്യാകരണപാരമ്പര്യത്തെയും സംസ്കൃതവ്യാകരണത്തെയും വ്യവഛേദിച്ചു പഠിക്കാനെടുക്കുന്ന ചട്ടമ്പിസ്വാമികളുടെ *ആദിഭാഷ*യും അതിലെ നന്നൂൽ-തൊൽകാപ്പിയസംബന്ധിയായ വിവരണങ്ങളെയും പ്രബന്ധരചനയിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. സി. എൽ. ആന്റണി, ഏ. ആറിൽ ആരോപിക്കുന്ന സംസ്കൃതപക്ഷപാതം സംസ്കൃതവ്യാകരണത്തെത്തന്നെ മുൻനിറുത്തി മനസ്സിലാക്കാൻ *ആദിഭാഷ*യിലെ പരാമർശങ്ങൾ പ്രയോജനപ്പെടുന്നു. മുഖ്യവിമർശനവിഷയമായ *കേരളപാണിനീയഭാഷ്യ*ത്തെയും, അതിനെ അടിസ്ഥാനമാക്കി വന്നിട്ടുള്ള വിമർശനകൃതികളെയും വിശകലനം ചെയ്ത് കേരളപാണിനീയവിമർശനചരിത്രത്തിൽ *കേരളപാണിനീയഭാഷ്യ*ത്തിനുള്ള സംവാദാത്മകത വെളിപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഈ പ്രബന്ധത്തിൽ സ്വീകരിച്ചിട്ടുള്ള രീതിപദ്ധതി.

### 1.10. പഠനാകരങ്ങൾ

*കേരളപാണിനീയത്തെ*യും അതിന്റെ വിമർശനപഠനമായ *കേരളപാണിനീയഭാഷ്യ*ത്തെയുമാണ് ഈ പഠനത്തിൽ പ്രധാന ആകരങ്ങളായെടുക്കുന്നത്. മറ്റ് കേരളപാണിനീയവിമർശനകൃതികളെയും, പൂർവ്വവ്യാകരണകൃതികളെയും, *കേരളപാണിനീയഭാഷ്യ*ത്തെ വിമർശനവിധേയമാക്കിവന്നിട്ടുള്ള ലേഖനങ്ങളെയും ദ്വിതീയാകരങ്ങളായി പരിഗണിക്കുന്നു.

### 1.11. പ്രബന്ധസ്വരൂപം

'കേരളപാണിനീയഭാഷ്യം - വിമർശനാത്മകപഠനം' എന്ന ഈ പ്രബന്ധത്തിന് പ്രധാനമായും അഞ്ച് ഭാഗങ്ങളാണുള്ളത്. ഒന്നാം ഭാഗം ഉപോദ്ഘാതമാണ്. പ്രബന്ധത്തിന്റെ ലക്ഷ്യം, പ്രസക്തി, പൂർവ്വപഠനങ്ങൾ, പഠനരീതി, ആകരസാമഗ്രികൾ, പ്രബന്ധത്തിലേക്കുള്ള പ്രവേശകം സാദ്ധ്യമാക്കുന്ന ആമുഖക്കുറിപ്പ് എന്നിവയടങ്ങുന്നതാണ് ആദ്യഭാഗം. *കേരളപാണിനീയഭാഷ്യ*ത്തിലെ വർണ്ണമാല, ഭാഷാസന്ധികൾ എന്നുള്ള ചർച്ചകളെ ആധാരമാക്കിയുള്ള പഠനം നിർവ്വഹിക്കുന്ന രണ്ടാം ഭാഗത്തിന്റെ തലക്കെട്ട് 'വർണ്ണതലം' എന്നാണ്. മൂന്നാം ഭാഗം 'പദതലം' എന്നതാണ്. പദസംബന്ധിയായ ആലോചനകളെ മുൻനിർത്തിയുള്ള *കേരളപാണിനീയഭാഷ്യ*ത്തിലെ പദവിഭാഗങ്ങൾ, കേവലം - കർത്തൃജകർമകം - പ്രയോജകം, നാമവിശേഷണങ്ങൾ, ക്രിയാവിശേഷണങ്ങൾ എന്നീ പ്രമേയങ്ങളെ ഇവിടെ പരിശോധിക്കുന്നു. നാലാം ഭാഗമായ 'പദഘടനാപ്രക്രിയാനയങ്ങൾ' എന്നതിൽ പഠനാർഹമാക്കുന്നത് അനുനാസികസംസർഗം, ദ്വിത്വഖരാദേശനയങ്ങൾ, സാംഖ്യനാ

മങ്ങൾ എന്നീ ലേഖനങ്ങളാണ്. അഞ്ചാം ഭാഗമായ 'പ്രത്യയതലം' കൈകാര്യം ചെയ്യുന്നത് *കേരളപാണിനീയഭാഷ്യ*ത്തിലെ വിഭക്തിസംജ്ഞകൾ, വിഭാജകപ്രത്യ യങ്ങൾ എന്നീ പ്രത്യയസംബന്ധിയായ വിഷയങ്ങളെയാണ്. ഓരോ ഭാഗത്തിന്റെയും സംഗ്രഹവും അടിക്കുറിപ്പുകളും അതാതിന്റെ അവസാനം ക്രോഡീകരിച്ചിട്ടുണ്ട്. പഠനത്തിന്റെ ഭാഗമായി ഉരുത്തിരിഞ്ഞുവന്നിട്ടുള്ള പൊതു വായ നിഗമനങ്ങൾ ഉപസംഹാരത്തിൽ അവതരിപ്പിച്ചിരിക്കുന്നു. പ്രബന്ധാവസാന ത്തിൽ ഗ്രന്ഥസൂചിയും ചേർത്തിരിക്കുന്നു.

# ഭാഗം 2
# വർണ്ണതലം

### 2.1. വർണ്ണമാല

*കേരളപാണിനീയഭാഷ്യം* എന്ന കൃതിയുടെ ഭാഗമായിരിക്കുന്ന വർണ്ണമാല എന്ന ഭാഗത്തെക്കുറിച്ചുള്ള പരിശോധനയാണ് ഈ അദ്ധ്യായത്തിൽ നിർവ്വഹിക്കുന്നത്.

### 2.1.1. പ്രവേശകം

*കേരളപാണിനീയ*ത്തിൽ 'അക്ഷരമാല' എന്ന വിഭാഗത്തിൽ ചർച്ചചെയ്യുന്ന മലയാളവർണ്ണങ്ങളെയും അവയുടെ മൂല്യങ്ങളെയും സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുന്ന ഭാഗമാണ് *കേരളപാണിനീയഭാഷ്യ*ത്തിലെ 'വർണ്ണമാല'. ഇവിടെ അകാരം, സംവൃതോകാരം, ഌകാര-ഞകാരങ്ങൾ, സമാനാക്ഷരങ്ങൾ, സന്ധ്യക്ഷരങ്ങൾ, വർത്സ്യവർഗ്ഗം, രേഫറകാരഴകാരങ്ങൾ, ലകാരളകാരങ്ങൾ എന്നിവയെക്കുറിച്ചുള്ള കേരളപാണിനീയകാരന്റെ ധ്വനിമൂല്യനിർണ്ണയനങ്ങളെ സി. എൽ. ആന്റണി പുനഃപരിശോധനയ്ക്കെടുക്കുന്നു. 'കേരളപാണിനീയത്തിലെ ധ്വനിവിജ്ഞാനീയം' എന്ന പേരിലാണ് ഈ ലേഖനം 1971 നവംബറിലെ *വിജ്ഞാനകൈരളി*യിൽ ആദ്യം പ്രസിദ്ധീകരിച്ചത്.[1]

എ.ആർ. രാജരാജവർമ്മ 'അക്ഷരമാല'യെന്ന സംജ്ഞ സ്വീകരിച്ച് ചർച്ചചെയ്യുന്ന കാര്യങ്ങൾ സി. എൽ. ആന്റണി 'വർണ്ണമാല' എന്ന തലക്കെട്ടിനു കീഴിൽ വിമർശനവിധേയമാക്കുന്നു എന്നത് ശ്രദ്ധേയമാണ്. സംജ്ഞാകരണത്തിലെ ഭിന്നതതന്നെ പരിശോധനാർഹമാണ്. ഈ രണ്ടു സംജ്ഞകളും തമ്മിലുള്ള പാരസ്പര്യം എന്താണെന്നും വ്യത്യാസം എന്താണെന്നും സ്പഷ്ടമാകേണ്ടതുണ്ട്.

ഭാഷയുടെ അടിസ്ഥാനനിർമ്മാണവസ്തുവാണ് വർണ്ണം. ഉച്ചാരണവുമായി ബന്ധപ്പെടുത്തിയാണ് ഇതിനെ പ്രാഥമികമായി മനസ്സിലാക്കുന്നത്. സംസ്കൃതത്തിൽ ഉച്ചാരണശാസ്ത്രമായ ശിക്ഷയുടെ ഭാഗമായിട്ടാണ് വർണ്ണവിചാരം നടക്കുന്നത്. ധ്വനി, ശബ്ദം, ശബ്ദമൂലകം എന്നിങ്ങനെ പല പേരുകളിൽ വർണ്ണത്തെ പരാമർശിക്കുന്നതുകാണാം. ആധുനികഭാഷാശാസ്ത്രക്കാർ ഉപയോഗിക്കുന്ന ഫൊണീം അഥവാ സ്വനിമം [2] എന്ന സംജ്ഞ ഏറെക്കുറെ വർണ്ണം എന്ന സങ്കല്പനത്തിന് തുല്യമാണെന്നു പറയാം. സൂപ്രാസെഗ്മെന്റൽസ് അഥവാ അധി

ഖണ്ഡസവിശേഷതകൾ, ലീനധ്വനികൾ എന്നിവ സ്വനിമസങ്കല്പനത്തിന്റെ വിവക്ഷയിൽ വരുന്നുണ്ട്.[3] എന്നാൽ വർണ്ണസങ്കല്പനത്തിൽ അത്തരമൊരു പരിഗണനയില്ല. അതുകൊണ്ടാണ് ഏറെക്കുറെ എന്നു പ്രത്യേകം പറയേണ്ടിവരുന്നത്.

ഉച്ചാരണക്ഷമമായ ഏറ്റവും ചെറിയ ഭാഷാഘടകമാണ് അക്ഷരം. വർണ്ണങ്ങളെല്ലാം സ്വതന്ത്രമായി ഉച്ചാരണക്ഷമമല്ല എന്ന വസ്തുതകൂടി കണക്കിലെടുത്താലേ ഇക്കാര്യം സ്പഷ്ടമാവുകയുള്ളു. വർണ്ണങ്ങളിലെ സ്വരോച്ചാരണങ്ങൾ മാത്രമേ സ്വയം ഉച്ചാരണക്ഷമമാകുന്നതായുള്ളു. വ്യഞ്ജനങ്ങൾ വ്യഞ്ജിക്കുന്നവ മാത്രമാണ്. സ്വരസഹായത്തോടെയാണ് അവ ഉച്ചാരണക്ഷമമാകുന്നത്. ഉച്ചാരണക്ഷമതയാർജ്ജിച്ച തലത്തിൽ പരിഗണിക്കുന്നിടത്താണ് അക്ഷരസങ്കല്പനം ഉദയം കൊള്ളുന്നത്. സ്വരവർണ്ണങ്ങൾ സ്വയം അക്ഷരമായിരിക്കുമ്പോൾ വ്യഞ്ജനവർണ്ണങ്ങൾ സ്വരവുമായിച്ചേർന്നാണ് അക്ഷരമായി മാറുന്നത്. ഒരു അക്ഷരത്തിൽ ഒന്നോ ഒന്നിലധികമോ വർണ്ണങ്ങളാകാം. ഒരു അക്ഷരത്തിൽ ഒരു സ്വരവർണ്ണമേ ഉണ്ടാവുകയുള്ളു. എന്നാൽ ഒരു അക്ഷരത്തിൽ ഒന്നിലധികം വ്യഞ്ജനങ്ങൾ വരാം. എങ്കിലും അടിസ്ഥാനവ്യഞ്ജനാക്ഷരങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വ്യഞ്ജനവർണ്ണവും ഒരു സ്വരവും മാത്രമേ ഉണ്ടാവുകയുള്ളു. ഇന്ത്യൻ ഭാഷകളെ സംബന്ധിച്ചിടത്തോളം എഴുത്തിലായാലും ഉച്ചാരണത്തിലായാലും അ എന്ന സ്വരവർണ്ണം ചേർത്താണ് അടിസ്ഥാനവ്യഞ്ജനാക്ഷരങ്ങളെ അവതരിപ്പിക്കാറുള്ളത്.

രാജരാജവർമ്മ അക്ഷരമാല എന്നു പ്രയോഗിക്കുന്നത് ഈ വസ്തുതയെ അറിഞ്ഞാദരിച്ചുകൊണ്ടുതന്നെയാകണം. ഇന്ത്യൻ ഭാഷകളുടെ ലിപിവ്യവസ്ഥ പൊതുവെ അക്ഷരസ്വരൂപത്തിലുള്ള ഭാഷാഘടകത്തെ പ്രതിനിധാനം ചെയ്യുന്നതാകയാൽ അക്ഷരമാല എന്ന സങ്കല്പനത്തിന് ഭാഷാവിചാരത്തിൽ ലഭിച്ചിട്ടുള്ള പ്രാചുര്യവും ഈ പ്രയോഗം സ്വീകരിക്കുന്നതിനു ഹേതുവായിട്ടുണ്ടാകണം. സി. എൽ. ആന്റണി  വർണ്ണമാലയെന്ന് പ്രയോഗിക്കുമ്പോൾ, തന്റെ പരിഗണനാവിഷയം ഉച്ചാരണപരമായ തലത്തിനും താഴെയുള്ള അടിസ്ഥാനഘടകങ്ങളെയാണെന്ന് സൂക്ഷ്മബോധത്തോടെ നിശ്ചയിക്കുകയാണെന്നും കരുതാം. ലേഖനരൂപത്തിലെ തലക്കെട്ട് ('കേരളപാണിനീയത്തിലെ ധ്വനിവിജ്ഞാനീയം') ഇതിന് ഉപോദ്ബലകമാണ്.

ഏ. ആർ. രാജരാജവർമ്മ *കേരളപാണിനീയ*ത്തിലും സി. എൽ. ആന്റണി *കേരളപാണിനീയഭാഷ്യ*ത്തിലും മറ്റ് വൈയാകരണരുടെ കൃതികളിലും നടത്തുന്ന വർണ്ണവിഷയകമായ വിചിന്തനങ്ങളെ താരതമ്യംചെയ്തുനോക്കുന്നതിനുമുമ്പ് മലയാളവർണ്ണമാല രൂപപ്പെട്ടതിന്റെ ചരിത്രപശ്ചാത്തലം, അവരുടെ ചിന്തകളെ പരുവപ്പെടുത്തിയ പൂർവ്വകാലധാരണകൾ എന്നിവ സാമാന്യമായി മനസ്സിലാക്കേണ്ടതുണ്ട്.

ദ്രാവിഡപാരമ്പര്യത്തിലെ വർണ്ണങ്ങളുടെയും സംസ്കൃതത്തിലെ വർണ്ണങ്ങളുടെയും സമ്മേളനമാണ് മലയാളത്തിൽ കാണാൻ കഴിയുന്നതെന്ന് ചുരുക്കിപ്പറയാം. *ലീലാതിലകം* തുടങ്ങിയുള്ള കൃതികളിലെ വർണ്ണവിചാരങ്ങളിൽ ഈ വസ്തുത പരിഗണിക്കപ്പെട്ടിട്ടുണ്ട്. തമിഴ് വ്യാകരണഗ്രന്ഥങ്ങളായ *തൊൽക്കാപ്പിയം*, നന്നൂൽ എന്നിവയിലെ വർണ്ണവിചാരങ്ങളിൽ വരുന്ന മുപ്പതോളം വർണ്ണങ്ങൾക്കു പുറമെ ഇരുപതോളം വണ്ണങ്ങൾകൂടി മലയാളവർണ്ണവിചാരങ്ങളിൽ ഇടംപിടിക്കുന്നത്, അധികമായി കുറേ സംസ്കൃതവർണ്ണങ്ങളുംകൂടി ഉൾപ്പെടുന്നതുകൊണ്ടാണ്.

തമിഴ് ഭാഷയിലും ജ, ക, ഷ, സ, ഹ എന്നിവ സൂചിപ്പിക്കുന്ന വർണ്ണങ്ങൾ ആര്യപാരമ്പര്യത്തിൽനിന്ന് കൈക്കൊണ്ടിട്ടുണ്ടെങ്കിലും അതിഖരമൃദുഘോഷവർണ്ണങ്ങളുടെയും ഋ, ഌ സ്വരങ്ങളുടെയും വിസർഗ്ഗത്തിന്റെയും സ്വീകാരം മലയാളത്തിലേതുപോലെ അവിടെ വർണ്ണഘടനയുടെയും അക്ഷരമാലയുടെയും ഭാഗമായിട്ടില്ല. അവിടെ മൃദുവായ ഉച്ചാരണമേയില്ല എന്നു പറഞ്ഞുകൂടാ. അത് ഘടനാപരമായോ ഫങ്ഷനലായോ പ്രസക്തമല്ലെന്നു മാത്രം.

### 2.1.2. വർണ്ണം - മലയാളത്തിലെ പൂർവ്വവൈയാകരണചിന്തകൾ

#### 2.1.2.1. ലീലാതിലകം

*ലീലാതിലക*ത്തിലെ വർണ്ണവിചാരം അക്ഷരകല്പനയെ ആധാരമാക്കിയാണ് നടക്കുന്നത്. സംസ്കൃതാക്ഷരമാലയിൽനിന്നുള്ള വ്യത്യസ്തതകളെയാണ് അവിടെ പ്രധാനമായി ശ്രദ്ധിക്കുന്നത്. അതിന്റെ കൂട്ടത്തിൽ ധ്വനിമൂല്യത്തെ സംബന്ധിച്ചുള്ള നിരീക്ഷണങ്ങളും നടത്തുന്നു. സംഹിതയിൽ സംഭവിക്കുന്ന വർണ്ണവികാരങ്ങളെ പഠിക്കുന്ന സന്ധിശില്പത്തിൽ വർണ്ണവിതരണവുമായി ബന്ധപ്പെട്ട നിരീക്ഷണവും നടത്തുന്നുണ്ട്.

"ദ്രമിഡസംഘാതം എന്നതു മാതൃകാക്ഷരമാലയാണ്. അതിഖരമൃദുഘോഷോഷ്മാക്കളും ഋ, ഌ സ്വരങ്ങളും വിസർഗ്ഗവും അതിലില്ല. ദീർഘങ്ങൾപോലെ ഹ്രസ്വങ്ങളായ എകാരഒകാരങ്ങളും ഉണ്ട്. ഴ, ള, റ, ഩ അക്ഷരങ്ങൾക്കു പ്രത്യേകം ഉച്ചാരണവും ഉണ്ട്" (ഇളംകുളം, 2011:30, ഒന്നാം ശില്പം).

'അധികാക്ഷരനിരൂപണം' എന്ന ഭാഗത്ത് [4] സംസ്കൃതത്തിലില്ലാത്ത ന്റ, റ്റ, റ, ഴ, എ, ഒ എന്നീ 6 അക്ഷരങ്ങൾ നമ്മുടെ ഭാഷയിൽ വിശേഷമായിട്ടുണ്ടെന്ന് ലീലാതിലകകാരൻ നിരീക്ഷിക്കുന്നു. ആ വിശദീകരണങ്ങളിൽ ഈ വർണ്ണങ്ങളുടെ ധ്വനിമൂല്യങ്ങളെ നിർദ്ധാരണം ചെയ്യുന്നതിനും അദ്ദേഹം ശ്രമിക്കുന്നതുകാണാം.

- ''കൊണ്ടു, ഒട്ടേ, എന്നെ ഇത്യത്ര ഹ്രസ്വഭൂതേ സന്ധ്യക്ഷരേ ചസ്തഃ'' (2011:121)

(കൊണ്ടു, ഒട്ടേ, എന്നെ എന്നീ വാക്കുകളിൽ ഹ്രസ്വമായ എ, ഒ എന്നീ സന്ധ്യ ക്ഷരങ്ങൾ കാണുന്നു (2011:73).

- ''രേഫറകാരയോർന്ന ഭേദഃ മുദ്രാ മദിരാ ഇത്യാദൗ'' (1985: 121)

(ര, റ ഇവയ്ക്കു മുദ്രാ, മദിരാ ഇത്യാദിയിൽ റയുടെയും രയുടെയും ഉച്ചാരണം കാണുന്നുണ്ട്) (2011: 74).

- ''രറയോരൈക്യേ ഉരി ഉറി, കരി കറി ഇത്യാദാവർത്ഥാഭേദ പ്രസംഗഃ മുദ്രാദൗ ഹല്യുക്തത്വാദ്രേഫസ്യ തഥാ ശ്രുതിഃ, ന തു റകാരത്വം, അന്യഥാ കേവലാജ്യോഗേ തയോഃ ശ്രുതിഭേദോ ന സ്യാൽ.'' (2011: 121).

(ര, റ ഇവയ്ക്കു ഭേദമില്ലെങ്കിൽ ഉരിയും ഉറിയും ഒന്നായിപ്പോകും. കരിയും കറിയും ഭേദമില്ലെന്നു വരും. മുദ്രാ മുതലായ പദങ്ങളിൽ രേഫത്തിനു റകാര ശ്രുതി വരുന്നതു വ്യഞ്ജനയോഗം കൊണ്ടാണ്. സ്വതേ റകാരമായിട്ടല്ല അല്ലെ ങ്കിൽ വ്യഞ്ജനയോഗം ഇല്ലാതെ സ്വരംമാത്രം ചേരുമ്പോൾ രേഫറകാര ങ്ങൾക്കു ശ്രുതിഭേദം ഉണ്ടാകരുതല്ലോ) (2011: 74).

- ''കിം തേ റ്റ ഇത്യസ്യ പ്രകൃതിർന്ന പ്രതിഭാതി? ന ഹി സംശ്ലിഷ്ടൗ ദ്വൗ രേഫൗ ദൃശ്യേതേ?'' (2011: 122).

(രണ്ടുരേഫം ചേർന്നതാണ് 'റ്റ'എന്നു വാദിക്കാൻ വിട്ടുപോയതാണോ? (2011: 75).

- 'ഷ' കാരത്തിന്റെ അപഭ്രംശമാണ് 'ഴ' കാരം (ഉദാ: പുരുഷൻ പുരുഴൻ; വിഷം – വിഴം) എന്നിങ്ങനെ സാധാരണ ഉപയോഗിക്കാറുണ്ടല്ലോ? എന്ന പൂർവ്വപക്ഷകാരന്റെ വാദത്തെ ലീലാതിലകകാരൻ നിഷേധിക്കുന്നു. 'ഷ'യുടെ അപഭ്രംശമല്ല 'ഴ' എന്നും നിഴൽ, അഴൽ ഇവയക്കു നിഷൽ, അഷൽ എന്നു സംസ്കൃത രൂപങ്ങളില്ലെന്നും അദ്ദേഹം പ്രസ്താവിക്കു ന്നു.
- 'ന്ദ'യുടെ അപഭ്രംശമാണ് 'ന്റ' എന്നും കുന്ദ എന്നത് കുൻറ എന്നു പറ യാറുണ്ടല്ലോ എന്നുമുള്ള പൂർവ്വപക്ഷധാരണയെ തിരുത്തിക്കൊണ്ട് 'ന്ദ' യുടെ അപഭ്രംശമാണ് 'ൻറ' എന്നു പറയുന്നത് ശരിയല്ലെന്നും ഒൻറു, ഇൻറു ഇത്യാദിയിൽ 'ന്ദ' യുടെ പ്രതീതിയില്ല എന്നും അദ്ദേഹം വാദിക്കു ന്നു.

- കേരളഭാഷയുടെ പ്രത്യേക അക്ഷരങ്ങളിലൊന്നായി 'ഩ' എന്നതിനെക്കുറിച്ചും ലീലാതിലകകാരൻ വിശദീകരിക്കുന്നു. ഭാഷയിൽ നകാര ഩകാരങ്ങൾ അർത്ഥവ്യത്യാസത്തിനു കാരണമാകുന്നുണ്ടെന്നാണ് ലീലാതിലകകാരന്റെ പക്ഷം. അവയുടെ ഉച്ചാരണസ്ഥാനങ്ങളെ സൂക്ഷ്മമായി അടയാളപ്പെടുത്തിക്കൊണ്ട് ധ്വനിമൂല്യം നിർണയിക്കുകയും ചെയ്യുന്നു. അവയ്ക്ക് അർത്ഥഭേദത്തിനു പുറമെ സ്ഥാനഭേദവുമുണ്ടെന്ന നിഗമനത്തിലെത്തുന്നു.
- ''നകാരസ്യ ദന്തഃസ്ഥാനം കാരണന്തു തദാ ജിഹ്വായാ വിസ്താരഃ ഩകാരസ്യ മൂർദ്ധാ തത്ര ജിഹ്വാഗ്രസ്യോന്നതിഃ സംസ്കൃതേ ഏതം ഭേദമപ്രയോജകീകൃത്യ ദന്തസഹിതനാസികാഭവത്വമേവോക്തം. അതഃസ്ഥിതമേതദർത്ഥ ഭേദവസായാല്ലളയോരിവ നഩയോർഭാഷായാ ഭേദസ്തീതി''. (2011:122).

(നകാരത്തിനു ദന്തമാണു സ്ഥാനം. ഉച്ചരിക്കുന്നതും നാവു പരത്തിയാണ്. ഩകാരത്തിനു സ്ഥാനം മൂർദ്ധാവാണ്. നാക്കിന്റെ അറ്റം ഉയർത്തിവേണം ഉച്ചരിക്കുവാൻ. സംസ്കൃതത്തിൽ ഈ ഭേദം സാരമില്ലെന്നു തള്ളിയാണ് ദന്ത്യാനുനാസികമായി പറഞ്ഞിട്ടുള്ളത്. ഭാഷയിൽ അർത്ഥഭേദത്തിനു കാരണങ്ങളാകുകകൊണ്ട് ല, ള കൾക്ക് എന്നപോലെ നഩ കൾക്കും വ്യത്യാസമുണ്ടെന്നു സിദ്ധമാണ്) (2011:77).

*ലീലാതിലക*ത്തിൽ പ്രതിപാദിക്കുന്ന വർണവിഷയസംബന്ധികളായ മേൽപറഞ്ഞ ആശയങ്ങളെ താഴെ കാണുന്ന രീതിയിൽ ക്രോഡീകരിക്കാം.

- എ, ഒ എന്നിവ ഹ്രസ്വമായ സന്ധ്യക്ഷരങ്ങളാണ്.
- ഴകാരറകാരങ്ങൾക്ക് തമ്മിൽ ഭേദമുണ്ട്. വ്യഞ്ജനയോഗത്താൽ രേഫത്തിനു റകാരശ്രുതി വന്നുചേരുന്നു.
- രണ്ടു രേഫം ചേർന്നതാണ് 'റ്റ' എന്നത്.
- 'ഷ'കാരത്തിന്റെ അപഭ്രംശമാണ് 'ഴ', 'ന്ദ'യുടെ അപഭ്രംശമാണ് 'ന്റ' എന്ന പൂർവ്വപക്ഷധാരണകളെ ലീലാതിലകകാരൻ തിരുത്തുന്നു.
- കേരളഭാഷയുടെ വർണ്ണതലത്തിലുള്ള പ്രത്യേകതകളിലൊന്നാണ് ഩകാരം. നകാരഩകാരങ്ങളെ ഉച്ചാരണസ്ഥാനങ്ങളിലുള്ള ഭേദത്തെ അടിസ്ഥാനപ്പെടുത്തി വ്യാവർത്തിപ്പിക്കുന്നു.

| വർണം | ഉച്ചാരണസ്ഥാനം | ഉച്ചാരണരീതി |
|---|---|---|
| ന | ദന്തം | നാവ് പരത്തുന്നു |
| ഩ | മൂർദ്ധാവ് | നാക്കിന്റെ അറ്റം ഉയർത്തുന്നു |

- ‘ഉ’കാരവും ‘ഓ’കാരവും ഓഷ്ഠ്യമായതുകൊണ്ടു സാമ്യമുണ്ട്. (2011: 59, ഒന്നാം ശില്പം).
- 12 സ്വരങ്ങളാണ് ഭാഷയിൽ ഉള്ളത്. ആ, ആ, ഇ, ഈ, ഉ, ഊ, എ, ഏ, ഐ, ഒ, ഓ, ഔ എന്നിവ. ഔ ഒഴികെ മറ്റെല്ലാം പദാദിയിൽ വരും. പദാന്തത്തിൽ ഐ, ഒ, ഔ ഇവ ഒഴികെ ഉള്ളതെല്ലാം വരാം. (2011: 93 മൂന്നാം ശില്പം, സ്വരസന്ധി).

#### 2.1.2.2. കോളിൻസിന്റെ മലയാളം വ്യാകരണം [5] (1861)

A Short Grammar and Analysis of the Malayalim Language എന്നതാണ് കോളിൻസിന്റെ വ്യാകരണത്തിനു നൽകിയിരിക്കുന്ന പേര്. അതിൽ, മലയാളം അക്ഷരമാലയിലെ വർണ്ണങ്ങളെ സൂചിപ്പിക്കാൻ രണ്ടുതരത്തിലുള്ള രീതികളുണ്ടെന്ന് കോളിൻസ് കാണുന്നു.

**(1) മലയാളിം ഗ്രന്ഥം**

"The Alphabet, now in use, is called the Malayalim Grantham. It bears a great similarity to the Tamil Grantham; and was no doubt introduced by the Brahmins, as their medium for writing sanscrit" (Collins, 2018: 46).

**(2) Malayan - Tamir**

"There is however another alphabet, called the Malayan-Tamir, which contains exactly the letters requisite for Dravidian words. This alphabet bears a resemblance to the Tamil alphabet in common use". (2018:46).

ലിപിവ്യവസ്ഥയെ അഥവാ എഴുത്തുരീതികളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ് കോളിൻസിന്റെ നിരൂപണമെന്നു സ്പഷ്ടമാണ്. പ്രചാരത്തിലുള്ള രണ്ട് അക്ഷരസമ്പ്രദായങ്ങളെ അദ്ദേഹം തിരിച്ചറിയുന്നുണ്ട്. വാസ്തവത്തിൽ ഇത് മുമ്പു സൂചിപ്പിച്ച തരത്തിൽ മലയാളത്തിന്റെ വർണ്ണതലത്തിൽ ഇതരതലങ്ങളിലെന്നപോലെ സംഭവിച്ചിട്ടുള്ള മേളനത്തെ അഭിമുഖീകരിക്കുന്നതാണ്.

നമ്മുടെ ഭാഷയിൽ ആദാനത്തിലൂടെ കടന്നുവന്ന സംസ്കൃതപദങ്ങളെയും ദ്രാവിഡേതരപദങ്ങളെയും (Un-Dravidian എന്ന് Collins) ‘മലയാളിം-ഗ്രന്ഥം’ എന്ന വർണ്ണലിപിവ്യവസ്ഥയിലൂടെ ആവിഷ്ക്കരിക്കാൻ സാധിച്ചു. രണ്ടാമത്തെ അക്ഷരമാലയ്ക്ക് തമിഴ് അക്ഷരമാലയോട് സാദൃശ്യമുണ്ട്. ദ്രാവിഡപദങ്ങളെ അതുപയോഗിച്ച് എഴുതുകയും ചെയ്തു. ഇത്തരത്തിൽ സംസ്കൃത-ദ്രാവിഡവർണ്ണങ്ങളാൽ നമ്മുടെ അക്ഷരമാലയുടെ വ്യവസ്ഥ നിജപ്പെടുന്നതിന്റെ സംക്ഷിപ്തവിവരണമാണ് കോളിൻസിന്റെ കൃതിയിൽ ആദ്യഭാഗത്ത് കാണുന്നത്.

**വർണ്ണങ്ങളുടെ ധ്വനിമൂല്യനിർണ്ണയനം**

## VOWELS

അ, ആ, ഇ, ഈ, ഊ, ഉ, ഋ, ൠ, ഌ, ൡ, എ, ഏ, ഐ , ഒ, ഓ, ഔ, അം, അഃ
(2018: 48-49)

## CONSONANTS

### 1. GUTTURALS

| | | | | | |
|---|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ | ച |

"GUTTUR, (the throat) consonants are so called, because the throat is the chief organ by which they are pronounced" (2018:52)

### 2. PALATALS

(Palatum; the roof of the mouth) because pronounced against the palate.

| | | | |
|---|---|---|---|
| ഛ | ജ | ഝ | ഞ |

### 3. CEREBRALS

(Cerebrum, the brain) because pronounced far back in the mouth

| | | | | | | |
|---|---|---|---|---|---|---|
| ട | ഠ | ഡ | ഢ | ണ | ള | ഴ |

ള, ഴ എന്നിവയെ semi vowels എന്നും Collins പറയുന്നു. (2018: 50).

### 4. DENTALS

Because pronounced against the teeth

| | | | | | |
|---|---|---|---|---|---|
| ത | ഥ | ദ | ധ | ന | പ |

### 5. LABIALS

(Labium, a lip) because pronounced by the lips

| | | | |
|---|---|---|---|
| ഫ | ബ | ഭ | മ |

- SEMI VOWELS

| | | | | |
|---|---|---|---|---|
| യ | ര | ല | വ | റ |

- SIBILANTS

| | | | |
|---|---|---|---|
| ശ | ഷ | സ | ക്ഷ |

- ASPIRATE (ഹ) (2018:49-52)

**കോളിൻസിന്റെ നിരീക്ഷണങ്ങൾ**

- സ്വരാക്ഷരങ്ങൾക്ക് ഉച്ചാരണസ്ഥാനമോ മൂല്യമോ കോളിൻസ് കൽപ്പിക്കുന്നില്ല.
- 'Letters & Their Sounds' എന്ന പട്ടികയിൽ സ്വരവ്യഞ്ജനങ്ങളെ ഇനം തിരിക്കുകയും അവ പദമധ്യത്തിലും പദാവസാനത്തിലും വരുമ്പോഴുള്ള പരിവർത്തനങ്ങളും സൂചിപ്പിക്കുന്നു. പ്രസ്തുത അക്ഷരത്തിന്റെ ഇരട്ടിപ്പ്, അവ മറ്റ് അക്ഷരങ്ങളോട് ചേർന്നുണ്ടാകുന്ന സംയുക്താക്ഷരങ്ങൾ, Malayan Tamir-ൽ അവയെഴുതുന്ന രീതി, അവയുടെ റോമൻ ലിപി എന്നീ വിശദാംശങ്ങളും അദ്ദേഹം പട്ടികപ്പെടുത്തുന്നു.
- 'മലയാളിം' ശബ്ദങ്ങളെ റോമൻ അക്ഷരങ്ങളാൽ സൂചിപ്പിക്കാൻ സാധ്യമല്ലെങ്കിലും, രണ്ടു ഭാഷകളിലെ പദങ്ങൾ തമ്മിലുള്ള വെച്ചുമാറ്റങ്ങളിൽ മാർഗ്ഗദർശകമാകാൻ അതിനു കഴിയുമെന്നാണ് കോളിൻസിന്റെ പക്ഷം. "The Roman letters are in no way given to indicate the sound of the Malayalim, but as a guide in transposing words from one language to the other" (2018: 51). ഒരു ഭാഷയുടെ വർണ്ണവ്യവസ്ഥയെ അതിന്റെ പ്രധാനപ്പെട്ട സവിശേഷതകളിലൊന്നായും, പകരം വെക്കാനാവാത്തവിധം മൗലികമായ ഒന്നായും അദ്ദേഹം കരുതുന്നുവെന്നു സാരം.
- വ്യഞ്ജനാക്ഷരങ്ങൾക്ക് ഉച്ചാരണസ്ഥാനങ്ങളിൽ കണ്ഠ്യതാലവ്യാദികൾ നിർദ്ദേശിക്കുന്നു.

GUTTURALS - കവർഗം

| | | |
|---|---|---|
| PALATALS | - | ചവർഗം |
| CEREBRALS | - | ടവർഗം, ള, ഴ |
| DENTALS | - | തവർഗം |
| LABIALS | - | പവർഗം |
| SEMIVOWELS | - | യ, ര, ല, വ, റ, ള, ഴ |
| SIBILANTS | - | ശ, ഷ, സ, ക്ഷ |
| ASPIRATE | - | ഹ |

- 'ൻറ' എന്നതിൽ 'റ' എന്നതിന് gingival soft (വർത്സ്യമൃദൂച്ചാരണം) sound ഉച്ചാരണമാണുള്ളതെന്ന് അഭിപ്രായപ്പെടുന്നു. 'റ' എന്ന semivowel - ന്റെ ഇരട്ടിപ്പായ അക്ഷരമായാണ് 'റ്റ'കാരത്തെ അദ്ദേഹം നിരീക്ഷിക്കുന്നത്. ആധുനിക തെലുങ്കിലും കാനറീസിലും ഈ അക്ഷരം ഇല്ലാതായെന്നും പറയുന്നു.
- വ്യഞ്ജനാക്ഷരങ്ങൾ കേവലം കണ്ഠ്യതാലവ്യാദികളെന്നു തരംതിരിക്കുക മാത്രമല്ല അവ അത്തരം ഉച്ചാരണസ്ഥാനങ്ങൾക്ക് അനുസൃതമായാണോ (Pronounced by them) അല്ലെങ്കിൽ അവയ്ക്ക് വിരുദ്ധമായാണോ (Pronounced against them) ഉച്ചരിക്കുന്നതെന്നും സൂക്ഷ്മമായി അപഗ്രഥിക്കുന്നു. ശാസ്ത്രീയമായ കണ്ഠ്യം, താലവ്യം... മുതലായവയാൽ അർത്ഥമാക്കുന്നതെന്തെന്നും വിശദീകരിക്കുന്നു.

1. 'Guttural' (കണ്ഠ്യം) - (Gutter, the throat) - "the throat is the chief organ **by which they are pronounced**" (1861:52).

   (കണ്ഠത്താൽ ഉച്ചരിക്കുന്നവ)

2. The Palatals (മൂർദ്ധന്യം)

   (Palatum, the roof of the mouth) - Pronounced against the palate

അതായത് മൂർദ്ധാവിന് നേരായാണ് ഇത്തരം വ്യഞ്ജനങ്ങൾ ഉച്ചരിക്കുന്നത് എന്നാണ് കോളിൻസ് നിരീക്ഷിക്കുന്നത്. ഈ നിരീക്ഷണം സൂക്ഷ്മമാണ്.

3. Cerebrals (Cerebrum, the brain) - Pronounced far back **in the mouth**

4. The Dentals (Dens, a tooth) - pronounced **against the teeth**

5. The Labials (Labium, a lip) - prononced **by the lips**

6. The Sibilants (Sibilo, to hiss) - because of a hissing sound

- യ, ര, ല, റ, ള, ഴ, വ ഇവയെ 'semivowels' ആയി പരിഗണിക്കുന്നു. പിന്നീട് ‘linguals’ എന്ന മറ്റൊരു വിഭാഗത്തിലും ഇവയെ അദ്ദേഹം ഗണിക്കുന്നു. ഈ വിഭാഗത്തിൽ വകാരത്തെ ഒഴിവാക്കുന്നു. 'Tongue' (Lingua) ഉപയോഗിച്ച് ഉച്ചരിക്കുന്നവയെന്ന അർത്ഥത്തിലാണത്.
- ങ, ഞ, ണ, ന, മ എന്നീ അനുനാസികങ്ങളിൽ ‘ങ’ ഒഴികെ ഉള്ളവയെ 'Semi vowels' ആയി കണക്കാക്കുന്നു. സ്വരങ്ങളെ പോലെ പൂർണമായും തുറന്നുച്ചരിക്കുന്നില്ലെങ്കിലും ക, ത, പ... മുതലായ വ്യഞ്ജനങ്ങളെക്കാൾ തുറവി ഇവയ്ക്കുണ്ടെന്ന് കോളിൻസ് നിരീക്ഷിക്കുന്നുണ്ട്.

"Since they are capable of a more open and prolonged sound the ക, ത, പ.....” (2018: 52).

**2.1.2.3. ജോസഫ് പീറ്റിന്റെ വ്യാകരണം [6]**

1860 ൽ പ്രസിദ്ധീകരിക്കപ്പെട്ടതാണ് ജോസഫ് പീറ്റിന്റെ വ്യാകരണം. അതിൽ മലയാളഭാഷയിലെ അക്ഷരങ്ങളുടെ എണ്ണം 56 എന്നാണ് പീറ്റ് അഭിപ്രായപ്പെടുന്നത്. "The Malayalim letters are 56 in number: of these 18 are vowels... The number of consonants are 37; of these 34 follow the order of the Sanscrit....... The four remaining characters are: ള, റ, ഴ” (ജോസഫ് പീറ്റ്, 2018: 2)

18 സ്വരാക്ഷരങ്ങളെ ഹ്രസ്വം-ദീർഘം എന്നും വിഭജിക്കുന്നു. അതിൽ ഹ്രസ്വമായ സ്വരങ്ങൾ (short): അ, ഇ, ഉ, ഋ, ഌ, എ, ഐ, ഒ, ഔ, അം, അഃ എന്നിവയും ദീർഘമായ സ്വരങ്ങൾ (Long): ആ, ഠഠ, ഊ, ൠ, ൡ, ഏ, ഓ എന്നിങ്ങനെയാണെന്നും വിവരിക്കുന്നു.

37 വ്യഞ്ജനാക്ഷരങ്ങളെ വർഗ്ഗീകരിക്കുന്നതും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 5 GUTTURALS | - | ക, ഖ, ഗ, ഘ, ങ |
| 5 PALATALS | - | ച, ഛ, ജ, ഝ, ഞ |
| 5 CEREBRALS | - | ട, ഠ, ഡ, ഢ, ണ |

| | | | |
|---|---|---|---|
| 5 DENTALS | - | ത, ഥ, ദ, ധ, ന | |
| 5 LABIALS | - | പ, ഫ, ബ, ഭ, മ | |
| 4 SEMI-VOWELS | - | യ, ര, ല, വ | |
| 4 SIBILANTS | - | ശ, ഷ, സ, ഹ, ക്ഷ | (2018:2) |

മേൽപറഞ്ഞ വ്യഞ്ജനാക്ഷരങ്ങൾ സംസ്കൃതരീതിയനുസരിച്ചുള്ളവയാണെന്നും ഇതുകൂടാതെ മലയാളഭാഷയുടെ സ്വന്തമെന്നു പറയാവുന്ന 'ള, റ, ഴ' എന്നീ അക്ഷരങ്ങളും ഉണ്ടെന്ന് അദ്ദേഹം പറയുന്നു. 'ന' എന്ന അക്ഷരത്തിന് വ്യത്യസ്ത മൂല്യങ്ങളുള്ളതായും നിരീക്ഷിക്കുന്നുണ്ട്. "The above are the forms of the letters when they occur as initials; when used as medials or finals, some of them assume a different shape as will be hereafter explained 'ന na'like 'n' in canal" (2018:2).

എകാരധ്വനിയോടുകൂടി വരുന്ന അകാരത്തെക്കുറിച്ച് സൂചിപ്പിക്കുന്നതും കാണാം: "The short vowel അ, contained in the consonants when followed by the letters ർ, ൽ, ൾ and ൻ is pronounced something like 'e' in 'label': but in general, such is the case only when such letters close a world, or when such words a prefixed to others to form a compound word: thus,

പലർ many - pronounced pălĕr not pălăr

മണൽ sand - mănĕl not mănăl

തിങ്കൾ moon - tinkel not tinkal

കുശവൻ potter - Kusăwĕn (2018 : 5)

സംയുക്തസ്വരങ്ങളായിട്ടാണ് 'എ, ഒ' എന്നിവയെ കണക്കാക്കുന്നത്. "എ is an improper diphthong. It is compounded of 'അ & ഇ': thus തൈതി from തഥ & ഇതി: തിരഞ്ഞെടുത്തു from തിരഞ്ഞ & എടുത്തു".

"ഒ is a compound of 'അ & ഉ' : as പരൊപകാരം from പര & ഉപകാരം" (2018:. 8)

'ഔ' എന്നതും 'അ, ഒ' എന്നിവ ചേർന്നതാണെന്ന് വിവരിക്കുന്നു:

"ഔ is a compound of അ and ഒ; thus തവൗദനം, from തവ and ഓദനം" (2018: 9)

മൂർദ്ധന്യാക്ഷരങ്ങളായി കണക്കാക്കുന്ന ടവർഗ്ഗാക്ഷരങ്ങളുടെ ഉച്ചാരണത്തിൽ നാവിന്റെ അഗ്രം പതിക്കുന്ന ഇടത്തിൽനിന്നും അൽപം പിറകിലേക്കാണ്

മൂർദ്ധന്യാക്ഷരങ്ങളായ 'ള, ഴ' എന്നിവയുടെ ഉച്ചാരണസ്ഥാനമെന്നും പീറ്റ് പറയുന്നു. "ള like l, ഴ like r; In both these cases the tip of the tongue must be raised higher and extended futher back than when pronouncing the other letters of this class" (2018: 3).

'ര' എന്ന അക്ഷരത്തെ semi-vowel ആയിട്ടാണ് കണക്കാക്കുന്നത്. "ര as 'r' soft. very great attention is necessary to aquire the correct pronounciation of this character" (2018: 4).

"റ, when doubled takes the sound of 'tt'; as ആറ ārā. River, ആറ്റിന്റെ āttinday" (2018: 5).

നകാരം ണകാരമാണോയെന്ന ചിന്താക്കുഴപ്പം ഉണ്ടാക്കുന്ന അക്ഷരമാണെന്നാണ് പീറ്റിന്റെ അഭിപ്രായം: "When pronounced, the tongue must be raised so that the tip of it touch the upper part of the front teeth in the upper jaw; care being taken not to raise the tongue too high; or the sound will be confounded with that of the letter 'ണ': thus ആന Elephant, ആണ an oath" (2018: 4).

ഋ, ൠ, ഌ, ൡ എന്നിവയുടെ ഉച്ചാരണരീതി ഇംഗ്ലീഷ്പദങ്ങളിലെ ചില സമാനതകളായി ചേർത്തു പറയുന്നു;

ഋ - something like 'ru' in 'rise'

ൠ – same sound but lengthened

ഌ - something like our word 'loo'

ൡ – a similar sound but lengthened" (2018: 3).

സി. എൽ. ആന്റണി 'വർണ്ണമാല' എന്ന അധ്യായത്തിൽ ചർച്ചയ്ക്കെടുക്കുന്ന ഏതാനും വർണ്ണങ്ങളുടെ ധ്വനിമൂല്യനിർണ്ണയനം പീറ്റിന്റെ വ്യാകരണഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നതെങ്ങനെയെന്നു പരിശോധിക്കുകയാണ് ഇതുവരെ ചെയ്തത്. അതിനെ ക്രോഡീകരിക്കാം:-

അകാരം - short vowel (ഹ്രസ്വസ്വരം) ആണിത്. എകാരച്ഛായയിൽ ഉച്ചരിക്കുന്ന അകാരത്തെയും പീറ്റ് നിരീക്ഷിക്കുന്നു.

സംവൃതോകാരം - പ്രത്യേക പരാമർശങ്ങളില്ല. അതിനെ ചിഹ്നരഹിതമായി (ചന്ദ്രക്കലയില്ലാതെ) പദങ്ങളിൽ എഴുതിയിരിക്കുന്നു.കോതമ്പ (2018: 14), ദൂരത്ത, ഇത, ഏത (2018:15) എന്നിങ്ങനെ.

ഋകാരഌകാരങ്ങൾ - ഇവയെ യഥാക്രമം രകാരം, ലകാരം എന്നിവയോട് സാദൃശ്യപ്പെടുത്തുന്നു.

സംയുക്താക്ഷരങ്ങൾ - ഐ, ഒ, ഔ

വർത്സ്യവർഗം - Dental (ദന്ത്യം) എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ചർച്ചചെയ്യുന്ന 'ത, ഥ, ദ, ധ, ന' എന്നിവയിൽനിന്ന് നകാരത്തെ പ്രത്യേകമായെടുത്ത് ചില പരാമർശങ്ങൾ നടത്തിയിരിക്കുന്നു. പദാദിയിൽ വരുമ്പോഴും പദമധ്യാന്തങ്ങളിൽ വരുമ്പോഴും നകാരം വ്യത്യസ്തത പുലർത്തുന്നതായി പീറ്റ് മനസ്സിലാക്കുന്നുണ്ട്. ദന്ത്യമായ നകാരത്തിനു പുറമെ ജിഹ്വാഗ്രം പല്ലിനു മേലെയുള്ള സ്ഥാനത്ത് പതിപ്പിച്ച് ഉച്ചരിക്കുന്ന നകാരത്തെയും അദ്ദേഹം പ്രതിപാദിക്കുന്നുണ്ട്.

അർദ്ധസ്വരങ്ങൾ - ര, ല

മൂർദ്ധന്യങ്ങൾ - ള, ഴ

റകാരം - ഉച്ചാരണസ്ഥാനത്തെക്കുറിച്ച് പരാമർശിക്കുന്നില്ല. ഇതിന്റെ ഇരട്ടിപ്പായി റ്റകാരത്തെ കാണുന്നു.

**2.1. 2.4. മലയാഴ്മയുടെ വ്യാകരണം - ജോർജ്ജ് മാത്തൻ**

1863 ൽ പ്രസിദ്ധപ്പെടുത്തിയ ജോർജ്ജ് മാത്തന്റെ കൃതിയിൽ നവീനമായൊരു അക്ഷരമാലയാണ് അവതരിപ്പിക്കുന്നത്. സംസ്കൃതാക്ഷരമാല സ്വീകരിച്ചാൽ മലയാളത്തിനും 51 അക്ഷരങ്ങളുണ്ടെന്നു പറയാം. എന്നാൽ അവയിൽനിന്ന് ചിലതിനെ നീക്കം ചെയ്തുകൊണ്ടുള്ള സമീപനമാണ് മാത്തൻ കൈക്കൊള്ളുന്നത്.

''അച്ചുകളിൽ ഋ, ൠ, ഌ, ൡ, ഐ, ഔ, അം, അഃ എന്നിവയെത്തള്ളിയിരിക്കുന്നതു, മുറയ്ക്കു പറയുംപോൾ അവ അച്ചുകൾ അല്ലായ്കകൊണ്ടാകുന്നു. 'ഋ, ൠ, ഌ, ൡ' എന്നിവ 'ര, ല' എന്നവയുടെ വികാരങ്ങൾ ആകുന്നു. അവയിൽ 'ൠ, ഌ, ൡ' എന്നവ മലയാഴ്മയിൽ തീരെ വരുന്നില്ല. സംസ്കൃതത്തിലും അപൂർവ്വം ആകുന്നു. 'ഋ' എന്നതു വരുന്നതാകയാൽ അതിനെക്കുറിച്ചു പിന്നാലേ കാണും. 'അം, അഃ' എന്നവ അകാരത്തോടു മകാരവും ഹകാരവും ചേരുന്നതിനാൽ ഉണ്ടാകുന്നതാകുന്നു. 'ഐ, ഔ' എന്നവ 'ദിത്വസ്വരങ്ങൾ' ആകയാൽ മുറപ്രകാരമുള്ള സ്ഥലത്തു അവയെക്കുറിച്ചു പറയും'' (ജോർജ്ജ് മാത്തൻ, 2000: 7).

ഇത്തരത്തിൽ സംസ്കൃതാക്ഷരമാലയിൽനിന്നും ചില അക്ഷരങ്ങളെ തള്ളിക്കളഞ്ഞതിനുള്ള ന്യായവാദങ്ങൾ നിരത്തിക്കൊണ്ടാണ് മലയാളത്തിന് പുതിയൊരു അക്ഷരമാല അദ്ദേഹം രൂപീകരിക്കുന്നത്:-

**അച്ചുകൾ**

ഹ്രസ്വസ്വരങ്ങൾ: അ എ ഇ ഒ ഉ

ദീർഘസ്വരങ്ങൾ: ആ ഏ ഠരം ഓ ഊ

**ഹല്ലുകൾ**

| | | |
|---|---|---|
| കണ്ഠ്യങ്ങൾ | : | ക ഖ ഗ ഘ ങ |
| താലവ്യങ്ങൾ | : | ച ഛ ജ ഝ ഞ |
| മൂർദ്ധന്യങ്ങൾ | : | ട ഠ ഡ ഢ ണ |
| ദന്ത്യങ്ങൾ | : | ത ഥ ദ ധ ന |
| ഓഷ്ഠ്യങ്ങൾ | : | പ ഫ ബ ഭ മ |
| സാർദ്ധസ്വരങ്ങൾ | : | യ ര ല വ |
| ഊഷ്മാക്കൾ | : | ശ ഷ സ ഹ |
| അന്തസ്ഥകൾ | : | ള ഴ റ റ്റ ന് |

(2000: 7)

കേരളപാണിനീയഭാഷ്യകാരൻ 'വർണ്ണമാല'യിൽ ചർച്ചചെയ്യുന്ന അക്ഷരങ്ങളെ മാത്തന്റെ നിരീക്ഷണങ്ങളിലൂടെ പരിശോധിക്കാം:-

- **അകാരം**

''അകാരം ശബ്ദങ്ങളിലേക്കു എളുപ്പമുള്ളതും ശേഷം അക്ഷരങ്ങൾക്കു ഒക്കയും ആധാരവും ആകുന്നു. ആകയാൽ അതു മിക്കഭാഷകളിലും അക്ഷരമാലയിൽ മുമ്പായിരിക്കുന്നു. അതുണ്ടാകുന്നതു വാതുറന്നു തൊണ്ഡയിൽകൂടെ ശ്വാസം വിടുകമാത്രം ചെയ്യുന്നതിനാൽ ആകുന്നു. മറ്റുള്ള ഹല്ലുകളോടുള്ളതിനെക്കാൾ കണ്ഠ്യവർഗ്ഗത്തോടും പ്രത്യേകം ഹകാരത്തോടും അതിന്നു അധികം അടുപ്പമുണ്ടു.'' (2000: 13)

'ചില അക്ഷരങ്ങൾക്കുള്ള വിശേഷങ്ങൾ' എന്ന ഭാഗത്ത് അകാരം എകാരത്തോട് സമാനമായി ഉച്ചരിക്കുന്നതായി പറയുന്നുണ്ട്. ''ഒന്നിൽ അധികം പൂർണ്ണാക്ഷരങ്ങൾ ഉള്ളതും ൻ, ർ, ൽ, ൾ എന്ന അർദ്ധാക്ഷരങ്ങളിൽ അവസാനിക്കുന്നതുമായ പദങ്ങളിൽ അകാരം അർദ്ധാക്ഷരത്തിനു മുൻപു വിവരമില്ലാത്ത ഒരു ശബ്ദമായി ഏകദേശം എകാരം പോലെ ഉച്ചരിക്കപ്പെടുക നടപ്പാകുന്നു: ദൃ-ന്തം; അവൻ, മലർ, ചരൽ, അവൾ, കല്ലുകൾ എന്നവ 'അവെൻ, മലെർ, ചരെൽ, അവെൾ, കല്ലുകെൾ' എന്ന എഴുതിയവണ്ണം ചൊല്ലപ്പെടുന്നു. എന്നാൽ പൂർണ്ണാക്ഷരം ഏകമായിരിക്കുന്ന പദങ്ങളിൽ അകാരത്തെളിവായിട്ടു തന്നേ ഉച്ചരിക്കെണം: ദൃ-ന്തം; 'തൻ, നൽ, കൽ'.'' (2000: 17-18).

കണ്ഠ്യമൂല്യമുള്ള അകാരത്തിന് എകാരസമാനമായ ഉച്ചാരണവും വരുന്നതായാണ് മാത്തൻ അഭിപ്രായപ്പെടുന്നത്.

- **സംവൃതോകാരം**

'അർദ്ധാച്ച്' എന്ന സംജ്ഞയാണ് ജോർജ്ജ് മാത്തൻ സംവൃതോകാരത്തിന് നൽകുന്നത്. അതിന്റെ ഉച്ചാരണസ്ഥാനത്തെയും അദ്ദേഹം അടയാളപ്പെടുത്തു

ന്നു : ''മലയാഴ്മയിൽ 'അർദ്ധാച്ചു' എന്നു പേരായിട്ടു ഒരു ശബ്ദം ഉണ്ടു. 'അതു അകാരത്തിനും ഏകാരത്തിനും മദ്ധ്യെ ഒരു ശബ്ദമാകുന്നു. അതു മൊഴികളുടെ ആദ്യത്തിൽ വരുന്നതല്ലായ്കകൊണ്ടു അതിനു വിശേഷാൽ എഴുത്തില്ലാതെയും മൊഴികളുടെ അന്ത്യത്തിൽ വരുന്നതാകകൊണ്ടു അപ്പോൾ ചിലരാൽ അകാരത്തെക്കൊണ്ടും ചിലരാൽ ഉകാരത്തെക്കൊണ്ടും അടയാള പ്പെട്ടും ഇരിക്കുന്നു. എന്നാൽ ഠരം ശബ്ദത്തെ പ്രത്യേകം അടയാളപ്പെടുത്തു വാൻ ഉള്ളതാകുന്നു എങ്കിലും ആയതു അച്ചടിയിൽ സാധിക്കുന്നതിനു പ്രയാ സമാകയാൽ ഠരം പുസ്തകത്തിൽ തമിഴുരീതി പ്രകാരം ഉകാരാന്തം കൊണ്ടു കുറിക്കപ്പെട്ടിരിക്കുന്നു. ദൃ-ന്തം: 'കാട' (ഒരു വക പക്ഷി) 'കാടു' (വനം)'' (2000: 10-11).

സംവൃതോകാരത്തെ കുറിക്കാൻ യഥാർത്ഥമായ ഒരു ലിപിയില്ലാത്തതിന്റെ പോരായ്മ മാത്തൻ കൃത്യമായി മനസ്സിലാക്കുന്നതായികാണാം. അക്കാലത്ത് നടപ്പിലുണ്ടായിരുന്ന ചില അച്ചടിപുസ്തകങ്ങളിൽ സംവൃതത്തിന്റെ ശബ്ദത്തെ വ്യഞ്ജനങ്ങളിൽ അടങ്ങിയിരിക്കുന്ന അകാരത്തെക്കൊണ്ടു കുറി ച്ചിട്ടുണ്ടെന്നും അതിനാൽത്തന്നെ അർത്ഥവും രൂപവും വ്യത്യസ്തമായിരി ക്കുന്ന പദങ്ങളെ വ്യവഛേദിച്ചറിയാൻ പ്രയാസം നേരിടുമെന്നും വിവരിക്കുന്നു. അദ്ദേഹത്തിന്റെ ഉദാഹരണങ്ങളെ പരിശോധിക്കാം:-

(i) കാള + അല്ല = കാളയല്ല, കാട - കാടയെ

(ii) നാടു + അല്ല = നാടല്ല, മാടു - മാട്ടിനെ (2000: 11)

ഇതിൽ ആദ്യത്തെ ഉദാഹരണങ്ങളിൽ ള, ട എന്നിവയിൽ അകാരം ആന്തര മായിരിക്കുന്നു. രണ്ടാമത്തെ ഉദാഹരണങ്ങളിൽ ടകാരത്തിൽ സംവൃതോകാരം ചേർന്നാണ് കാണുന്നത്. ഇവയെ സമസ്തപദങ്ങളായി മാറ്റുന്നിടത്ത് സംവൃ തത്തെ വ്യഞ്ജനങ്ങളിൽ ഉള്ളടങ്ങിയിരിക്കുന്ന അകാരംകൊണ്ട് പകരംവെ യ്ക്കുന്ന വ്യാകരണരീതിയെ മാത്തൻ നിരാകരിക്കുന്നുവെന്നു പറയാം.

''മേട, മേടു; ചാറ, ചാറു; മത്ത, മത്തു; മൊട്ട, മൊട്ടു; ചെള്ള, ചെള്ളു; ചമ്പ, ചമ്പു എന്നിങ്ങനെ പൊരുളും ശബ്ദവും വ്യത്യാസമായിരിക്കുന്ന പദങ്ങൾ തമ്മിൽ ഇതിനാൽപ്പിണക്കം വരും'' (2000: 11) എന്നദ്ദേഹം തുടർന്നുപറയുന്നു.

**ഌകാരൡകാരങ്ങൾ**

''അർദ്ധാച്ചിന്റെ ശബദ്ത്തോടു അടുത്ത ഒരു ശബ്ദം സാർദ്ധസ്വരങ്ങളായ ര, ല എന്നവയോടു ചേരുമ്പോൾ ഋ, ഌ എന്നെഴുത്തുകളും അവയുടെ ദീർഘാക്ഷരങ്ങളാകുന്ന ൠ, ൡ എന്ന എഴുത്തുകളും ഉണ്ടാകുന്നു'' (2000: 12). ഇവയിൽ 'ഋ' മാത്രമെ മലയാഴ്മയിൽ ഉപയോഗിക്കുന്നുള്ളൂവെന്നും മറ്റുള്ള മൂന്നും മലയാഴ്മയിൽ തീരെ വരുന്നില്ലെന്നും സംസ്കൃതത്തിൽ ചുരുക്കമാ ണെന്നും മാത്തൻ സൂചിപ്പിക്കുന്നു.

**സമാനാക്ഷരങ്ങളും സന്ധ്യക്ഷരങ്ങളും**

എ, ഏ, ഒ, ഓ, ഐ, ഔ എന്നിവയെ സന്ധ്യക്ഷരങ്ങളായും അ, ഇ, ഉ, ഋ, ഌ എന്നിവയെ സമാനാക്ഷരങ്ങളായും കൽപ്പിച്ചുകൊണ്ടുള്ള കേരളപാണിനീയനിരീക്ഷണങ്ങൾക്ക് ആധാരമായിട്ടുള്ളത് സംസ്കൃതമുറയാണ്. എകാരഒകാരങ്ങളെ കേവലസ്വരങ്ങളായി കണക്കാക്കുന്നതാണ് ഉചിതമെന്ന് മാത്തന് അഭിപ്രായമുണ്ട്. അച്ചുകളെ (സ്വരങ്ങളെ) ഹ്രസ്വ-ദീർഘസ്വരങ്ങളായി വർഗീകരിക്കുന്ന മാത്തൻ എകാരത്തെ ഇകാരത്തിനു മുൻപും ഒകാരത്തെ ഉകാരത്തിനു മുൻപുമായിട്ടാണ് വിഭാവനം ചെയ്യുന്നത്.

**അച്ചുകൾ**

ഹ്രസ്വസ്വരങ്ങൾ: അ എ ഇ ഒ ഉ

ദീർഘസ്വരങ്ങൾ: ആ ഏ ഠഠ ഓ ഊ (2000: 7)

സംസ്കൃതരീതിയനുസരിച്ച് എകാരഒകാരങ്ങൾക്ക് ഹ്രസ്വദീർഘഭേദമില്ലെന്നും സ്വതന്ത്രരൂപമില്ലെന്നും കാണാം. എന്നാൽ മലയാഴ്മയിൽ ഈ അക്ഷരങ്ങൾക്ക് അനന്യതയുള്ളതായി മാത്തൻ മനസ്സിലാക്കുന്നുണ്ട്:-

''എകാരത്തിന്റെയും ഒകാരത്തിന്റെയും ദീർഘസ്വരങ്ങളെ വെവ്വേറെ അക്ഷരങ്ങളെക്കൊണ്ടു സാധിച്ചിരിക്കുന്നതു, അക്ഷരമാലയുടെ വൃത്തിക്കായിട്ടാകുന്നു. അല്ലാഞ്ഞാൽ അർത്ഥംകൊണ്ടും ശബ്ദംകൊണ്ടും വെവ്വേറായിരിക്കുന്ന മൊഴികൾ ഒന്നായിത്തോന്നുന്നതിനു ഇടവരും'' (2000: 7).

ചെമ്പ് (ലോഹങ്ങളിലൊന്ന്) ചേമ്പ് (മൂലകങ്ങളിലൊന്ന്)

കോട്ട (പാത്രമെന്ന അർത്ഥം) - കോട്ട (മതിലുള്ള പട്ടണം) (2000: 7) എന്നീ ഉദാഹരണങ്ങളിലൂടെ മലയാഴ്മയിൽ എകാരഒകാരങ്ങളുടെ ഹ്രസ്വദീർഘഭേദത്തിന്റെ അനിവാര്യത അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

എ, ഒ എന്നിവയെ അക്ഷരമാലയിൽ യഥാക്രമം ഇ, ഉ എന്നിവയ്ക്കു മുമ്പിൽ അദ്ദേഹം വെയ്ക്കുന്നതിനുള്ള കാരണവും വ്യക്തമായി പറയുന്നുണ്ട്.

''എകാരവും ഒകാരവും ഇകാരത്തിനും ഉകാരത്തിനും മുമ്പിൽ വെക്കപ്പെട്ടിരിക്കുന്നതു, അക്ഷരങ്ങൾക്കു ആധാരമായിരിക്കുന്ന അകാരത്തോടു അവെക്കു ഇവയിലും അടുപ്പമുള്ളതിനാൽ ആകുന്നു. സംസ്കൃതമൊഴികെ മറ്റ അനേകം ഭാഷകളിൽ അവതന്നേ മുൻപായിരിക്കുന്നു. സംസ്കൃതത്തിൽ അവ പുറകായിപ്പോയതു ആ ഭാഷയിൽ അവ ദ്വിത്വസ്വരങ്ങളായി വിചാരിക്കപ്പെട്ടിരിക്കയാൽ ആകുന്നു'' (2000: 7-8)

ചുരുക്കത്തിൽ സംസ്കൃതാനുകരണദോഷംകൊണ്ട് എകാര-ഒകാരങ്ങളുടെ ധ്വനിമൂല്യനിർണ്ണയനത്തിൽ പില്ക്കാലത്ത് കേരളപാണിനിക്ക് സംഭവിച്ച കുഴച്ചിലുകൾ മാത്തന് ഉണ്ടായിട്ടില്ല. എ-ഏ, ഒ-ഓ എന്നിവ മലയാഴ്മയിൽ ശാബ്ദിക-ആർത്ഥിക വ്യതിരിക്തത പുലർത്തുന്നവയാണെന്നും സംസ്കൃത

ത്തിലെപോലെ രണ്ടു ധ്വനികൾ കൂടിക്കലർന്നവയല്ലെന്നും മാത്തൻ കൃത്യ മായി മനസ്സിലാക്കുന്നുണ്ടെന്നു കാണാം.

ഐ, ഔ എന്നിവയെ ദ്വിത്വസ്വരങ്ങളായിട്ടാണ് പരിഗണിക്കുന്നത്. ''രണ്ടു വെവ്വേറായ ഹ്രസ്വസ്വരങ്ങൾ കൂടി ഉണ്ടാകുന്ന സ്വരത്തിന്നു ദ്വിത്വസ്വരമെന്ന പേരാകും. ഇങ്ങനെയുള്ള സ്വരങ്ങളിൽ രണ്ടിനു പ്രത്യേകയക്ഷരങ്ങൾ ഉണ്ടു. ആയവ അകാരത്തോടു ഇകാരം ചേർന്നു ഉണ്ടാകുന്ന ഐകാരവും ഉകാരം ചേർന്നു ഉണ്ടാകുന്ന ഔകാരവും ആകുന്നു''. (2000: 10) അ + ഇ = ഐ, അ + ഉ = ഔ എന്നിങ്ങനെയെന്നർത്ഥം. 'ഒരു ധ്വനിയിൽ മറ്റൊരു ധ്വനികൂടി അര ഞ്ഞുചേർന്നതായുള്ള സംസർഗപ്രക്രിയ' [7] എന്ന കേരളപാണിനീയവീക്ഷണം അന്വർത്ഥമാകുന്നത് ഐ, ഔ എന്നിവയിൽ മാത്രമാണെന്നും എ, ഏ, ഒ, ഓ എന്നിവയിൽ സംസർഗം നടക്കുന്നില്ലെന്നും ജോർജ്ജ് മാത്തന്റെ വ്യാക രണചിന്തകളിലൂടെ ഗ്രഹിക്കാം.

**വർത്സ്യവർഗം**

ദന്ത്യ-വർത്സ്യനകാരങ്ങളെ വ്യവച്ഛേദിച്ചറിയാൻ ജോർജ്ജ് മാത്തന് സാധി ക്കുന്നുണ്ട്. 'ഴ, റ, റ്റ, ന്' എന്നീ അക്ഷരങ്ങൾ സംസ്കൃതത്തിലില്ലാത്തവയും മലയാഴ്മയിൽ അധികം വരുന്നവയും ആണെന്നാണ് മാത്തന്റെ പക്ഷം. വർത്സ്യനകാരത്തെ 'ന്' എന്നാണ് അദ്ദേഹം സൂചിപ്പിക്കുന്നത്: ''അവയിൽ ന്കാരമേ നടപ്പില്ലാതുള്ളൂ. അതിന്റെ ശബ്ദം വേണ്ടുന്നിടത്തു നകാരംകൊണ്ടു കഴിക്കുന്നു. എന്നാൽ അതിൽനിന്നു ചില പിണക്കത്തിന്നിട ഉണ്ടു. ദൃ-ന്തം; എന്നാൽ (ഞാൻ മൂലമായി); എന്നാൽ (അങ്ങിനെ എങ്കിൽ)'' (2000: 8).

വ്യഞ്ജനാക്ഷരങ്ങളിൽ 'ക-മ' വരെയുള്ളവയെ വർഗ്യങ്ങളെന്നും ശേഷമു ള്ളവയെ അവർഗ്യങ്ങളെന്നും വിഭജിച്ചതിനുശേഷം വർഗ്യങ്ങളെ ഓരോ ഇന ങ്ങളായി അദ്ദേഹം തരംതിരിക്കുന്നു:

| | |
|---|---|
| ക, ച, ട, ത, പ - ഖരങ്ങൾ<br>ഗ, ജ, ഡ, ദ, ബ -മൃദുക്കൾ | അല്പപ്രാണങ്ങൾ |
| ഖ, ഛ, ഠ, ഥ, ഫ - അതിഖരങ്ങൾ<br>ഘ, ഝ, ഢ, ധ, ഭ - ഘോഷങ്ങൾ | മഹാപ്രാണങ്ങൾ |
| ങ, ഞ, ണ, ന, മ - അനുനാസികങ്ങൾ | |
| ന്കാരം - അനുനാസികം (2000: 8) | |

ദന്ത്യ - വർത്സ്യനകാരങ്ങളെ 'അനുനാസികം' എന്ന ഇനത്തിൽ ഉൾപ്പെടു ത്തുന്ന മാത്തൻ 'അക്ഷരങ്ങളുടെ ഉത്ഭവങ്ങൾ' എന്ന ഭാഗത്ത് ന്കാരത്തെ ''മൌണ്യ''മായി അവതരിപ്പിക്കുന്നു. ആ ഭാഗത്തുതന്നെ ന്കാരം ഉച്ചരിക്കു മ്പോൾ ശ്വാസം പുറത്തുവിടുന്ന രീതിയെക്കുറിച്ചും വിവരിക്കുന്നു. ''ന്കാരം

അനുനാസികം ആകയാൽ അതു ശബ്ദിക്കുന്നതിന്നു നാക്കിന്റെ അറ്റം മോണ യിൽ തടഞ്ഞിട്ടു മറ്റു അനുനാസികങ്ങളുടെ കൂട്ടു മൂക്കിൽക്കൂടയും വായിൽക്കൂടയും ശ്വാസം പുറപ്പെടണം'' (2000: 17). നാക്കിന്റെ അറ്റം വർത്സ്യ ത്തിലാണ് തടയപ്പെടുന്നതെന്ന് മാത്തൻ വ്യക്തമാക്കുന്നു.

**രേഫ റകാര ഴകാരങ്ങൾ**

രകാരം, റകാരം എന്നിവയെ മൌണ്യാക്ഷരങ്ങളായും ഴകാരത്തെ മൂർദ്ധന്യ മായിട്ടുമാണ് മാത്തൻ കണക്കാക്കുന്നത്.

''മൌണ്യാക്ഷരങ്ങളാം 'റ്റ, ന്, ര, റ, ല' എന്നവ നാക്കിന്റെ പുച്ഛം മോണെക്കു തൊടുന്നതിനാൽ ഉണ്ടാകുന്നു. 'റ്റ, ന്റ' എന്നവയിൽ വരുന്ന റകാര ത്തിന്റെ ശബ്ദം ഖരവർഗ്ഗത്തിന്റെ ശബ്ദമാകയാൽ നാവുകൊണ്ടു തീരെത്തട ഞ്ഞിട്ടു പുറപ്പെടുന്നു........

രകാരം ശബ്ദിക്കുന്നതു 'റ്റ' എന്നതുപോലെ തന്നേ ആകുന്നു. എന്നാൽ നാക്കിന്റെ അറ്റംകൊണ്ടു ശബ്ദത്തെത്തീരെത്തടെയരുതു. 'റ' എന്നതു ഉച്ചരി ക്കുന്നതിൽ നാക്കു മോണയോടു ചേരായ്കകൊണ്ടു നാക്കിന്റെയും മോണയു ടെയും ഇടയിൽക്കൂടെ ശ്വാസം ഇറങ്ങിപ്പോരുന്നു''. (2000: 16-17).

മൂർദ്ധന്യമെന്ന വിഭാഗത്തിൽ വരുന്ന ട, ഠ, ഡ, ഢ, ണ, ഷ, ഴ, ള എന്നിവ 'മേലണ്ണാക്കിനോട് നാവിന്റെ അഗ്രം' (2000: 16) ചേരുമ്പോഴാണ് ഉണ്ടാവുന്ന തെന്നു നിരീക്ഷിച്ചതിനുശേഷം ഴകാരം ഉച്ചരിക്കുമ്പോൾ നാവിന്റെ അറ്റം അണ്ണാക്കിൽ ഉരസ്സുകയേ ചെയ്യുന്നുള്ളൂവെന്ന് സൂക്ഷ്മമായി അവതരിപ്പിക്കു കയും ചെയ്യുന്നു.

**ലകാരളകാരങ്ങൾ**

മാത്തന്റെ അഭിപ്രായത്തിൽ ലകാരം മൌണ്യവും ളകാരം മൂർദ്ധന്യവുമാ ണ്. ''ളകാരം ശബ്ദിക്കുന്നതിൽ നാവിന്റെ തുഞ്ചം അണ്ണാക്കിൽത്തൊട്ടിട്ടു ചുറുക്കെന്നു തെന്നുന്നു'' (2000 : 16) എന്നും ''ലകാരം ഉച്ചരിക്കുന്നതിന്നുള്ള പടുതി 'റ്റ' എന്നതിന്റേതുതന്നേ. എന്നാൽ ളകാരം ശബ്ദിക്കുന്നതുപോലെ നാക്കു ചുറക്കെന്നു തെന്നുന്നു'' (2000 : 17) എന്നും പ്രസ്താവിക്കുന്നു.

ഇങ്ങനെ വിശദമായ പഠനങ്ങളുടെ പശ്ചാത്തലത്തിലാണ് *കേരളപാണി നീയം* പിറവിയെടുത്തത്. റോബർട്ട് കാൾഡ്വൽ തന്റെ ദ്രാവിഡഭാഷാകളുടെ താരതമ്യപഠനത്തിൽ വർണ്ണവിഷയകമായി നടത്തിയിട്ടുള്ള നിരീക്ഷണങ്ങളും മറ്റും കേരളപാണിനിയ്ക്ക് മാർഗ്ഗദർശകമായി ഭവിച്ചിട്ടുണ്ടെന്നതിൽ സംശയമി ല്ല.

### 2.1.2.5 കാൾഡ്വലിന്റെ വർണ്ണസങ്കൽപം

*ദ്രാവിഡഭാഷകളുടെ താരതമ്യവ്യാകരണ*ത്തിലെ 'ധ്വനികൾ' (വർണങ്ങൾ) എന്നുള്ള അധ്യായത്തിൽ [8] ദ്രാവിഡഭാഷകൾക്ക് സവിശേഷമായുള്ള ധ്വനിനിയമങ്ങളെപ്പറ്റിയുള്ള വിശദപഠനം കാൾഡ്വൽ നടത്തുന്നുണ്ട്. ദ്രാവിഡധ്വനികളെ പരിശോധിക്കുന്നതിനുമുമ്പ് ദ്രാവിഡഭാഷകളിലെ അക്ഷരമാലകളെ സംബന്ധിച്ചുള്ള ആലോചനകൾക്കാണ് പ്രാമുഖ്യം നൽകേണ്ടതെന്ന പക്ഷമാണ് ഗ്രന്ഥകർത്താവിനുള്ളത്. ദ്രാവിഡഭാഷയായ തുളു, അവികസിതങ്ങളായ മറ്റു ഭാഷകൾ എന്നിങ്ങനെയുള്ള ഭാഷകളുടെ ധ്വനിവിന്യാസത്തെ തൃപ്തിപ്പെടുത്താൻ യഥാക്രമം കന്നടാക്ഷരമാല, റോമൻലിപി എന്നിവയാണ് നിലവിലുള്ളത്. അത്തരമൊരു സാഹചര്യത്തിൽ വർണവ്യവസ്ഥയെ പ്രതിനിധീകരിക്കുന്ന അക്ഷരമാലാക്രമങ്ങളെയാണ് കാൾഡ്വൽ പ്രഥമമായി പരിഗണിക്കുന്നതെന്നു പറയാം. ഓരോ അക്ഷരത്തിന്റെയും ഉച്ചാരണത്തെപ്പറ്റി സവിസ്തരം പ്രതിപാദിക്കുകയല്ല തന്റെ ലക്ഷ്യമെങ്കിലും അത്തരത്തിലുള്ള നിരീക്ഷണങ്ങൾ ദ്രാവിഡധ്വനിനിയമങ്ങളെ സവിശേഷമായി പ്രകാശിപ്പിക്കുമെന്ന് ഉറപ്പുള്ള ഇടങ്ങളിൽ, ഓരോ സ്വരത്തെയും വ്യഞ്ജനത്തെയും ക്രമത്തിൽ വിവരിക്കുമ്പോൾ നടത്തുന്നുണ്ടെന്നും അഭിപ്രായപ്പെടുന്നു. ദ്രാവിഡഭാഷകളിലെ അക്ഷരോച്ചാരണത്തെ കാൾഡ്വൽ എപ്രകാരം നിരീക്ഷിക്കുന്നുണ്ടെന്നു നോക്കാം. കേരളപാണിനീയഭാഷ്യകാരൻ 'വർണമാല'യിൽ ചർച്ചചെയ്യുന്ന ഏതാനും വർണങ്ങളുടെ ഉച്ചാരണസവിശേഷതകളെ കാൾഡ്വലിന്റെ ദീർഘവിവരണങ്ങളിൽനിന്നും പ്രത്യേകമായെടുത്ത് പരിശോധിക്കുന്നത് ഇവിടെ ഉചിതമാണ്.

സംസ്കൃത - ദ്രാവിഡഭാഷകളിലെ അകാരോച്ചാരണത്തിന് സമാനതയുണ്ടെന്നാണ് കാൾഡ്വൽ നിരീക്ഷിക്കുന്നത്. പദാന്ത അകാരത്തിന് തമിഴ് - കന്നഡങ്ങളിൽ ഉച്ചാരണവൈവിധ്യങ്ങൾ (തമിഴിൽ ഉകാരമോ ഐകാരമോ ആകുന്നുവെങ്കിൽ കന്നടത്തിൽ എകാരാന്തമാകുന്നു) പ്രകടമായി ദൃശ്യമായിട്ടുണ്ട്. എന്നാൽ തെലുങ്കിലും വിശേഷിച്ച് മലയാളത്തിലും ഈ സ്വരം വികാരവിധേയമാകാതെ നിലകൊള്ളുന്നുണ്ട്. തന്റെ വാദത്തെ സാധൂകരിക്കുന്ന ഭാഷാസന്ദർഭങ്ങളെ ഉദാഹരണസഹിതം അവതരിപ്പിക്കുന്നു. പൂർവഭാഷകളിൽ സാമാന്യനാമങ്ങളുടെയും സർവനാമങ്ങളുടെയും അകാരാന്തമായ നപുംസകബഹുവചനങ്ങൾ, ഇന്നും മലയാളത്തിൽ അകാരാന്തമായിരിക്കുന്നുവെന്ന പ്രത്യേകതയും ഉദാഹരണങ്ങളോടെ സമർത്ഥിക്കുന്നു. 'അവ' എന്ന പ്രാചീന അകാരാന്തരൂപം 'അവൈ' (തമിഴ്), 'അവി' (തെലുങ്ക്), 'അവ്' (കന്നടം), 'അവ' (മലയാളം) (കാൾഡ്വൽ, 2014: 157) എന്നിങ്ങനെ വ്യവഹാരവൈവിധ്യങ്ങൾ കാണിക്കുന്നു.

ഉ, ഊ എന്നീ സ്വരങ്ങളിൽ വേണ്ടത്ര സ്ഥിരതയോടുകൂടി ദ്രാവിഡത്തിൽ നിലകൊള്ളുന്നത് ദീർഘമായ ഉകാരമാണെന്നാണ് താരതമ്യവ്യാകരണകാരന്റെ പക്ഷം. മറ്റെല്ലാ സ്വരങ്ങളിലും വെച്ച് ഏറ്റവും ദുർബലവും ലാഘവമുള്ളതുമാണ് ഹ്രസ്വ-ഉകാരം. പദാന്തത്തിൽ വിശേഷിച്ചും ശബ്ദസൗകുമാര്യത്തിനോ ഉച്ചാരണസ്പഷ്ടതയ്ക്കോ വേണ്ടി ഹ്രസ്വ-ഉകാരം സുലഭമായി ഉപയോഗിച്ചു വരുന്നു. തമിഴിലെ ഹ്രസ്വമായ ഉകാരത്തെ ഉത്തരകേരളത്തിൽ വീണ്ടും കുറുക്കിയാണ് ഉച്ചരിക്കുന്നതെന്ന് നിരീക്ഷിക്കുന്നു. ഇത്തരത്തിലുള്ള ഒരു ഉകാരപ്രയോഗം (പദാന്തവ്യഞ്ജനം ഉകാരമാക്കുന്ന സമ്പ്രദായം ഉദാ: ചൊല് → ചൊല്‌ലു → ചൊല്ലു) ഇൻഡോ - യൂറോപ്യൻ ഭാഷകളിൽ തീരെ അജ്ഞാതമാണെന്നും സംസ്കൃതധ്വനിനിയമങ്ങൾക്ക് വിരുദ്ധമാണെന്നും കാൾഡ്വൽ അഭിപ്രായപ്പെടുന്നു. പദാന്തവ്യഞ്ജനങ്ങളിൽ സ്പഷ്ടോച്ചാരണാർത്ഥം ഉപയോഗിക്കുന്ന ഈ ഉകാരത്തെ 'സ്പഷ്ടീകരണോകാരം'[9] എന്ന സംജ്ഞകൊണ്ടാണ് കാൾഡ്വൽ സൂചിപ്പിക്കുന്നത്.

'എ, ഏ, ഒ, ഓ' എന്നിവയിൽ ഹ്രസ്വമായ എകാര-ഒകാരങ്ങൾ ദ്രാവിഡത്തിലുണ്ടെന്നും എന്നാൽ അവ സംസ്കൃതത്തിലില്ലെന്നും കാൾഡ്വൽ മനസ്സിലാക്കുന്നുണ്ട്. തന്നെയുമല്ല മിക്ക ദ്രാവിഡഭാഷകളിലും ഈ ഹ്രസ്വസ്വരങ്ങളെ ദീർഘസ്വങ്ങളിൽനിന്നും വ്യാവർത്തിപ്പിക്കാൻ പ്രത്യേക ലിപികളുമുണ്ട്. വർണവിശകലന വിഷയത്തിൽ അതിസൂക്ഷ്മത പുലർത്തുന്ന സംസ്കൃതംപോലുള്ള ഒരു ഭാഷയിൽ എകാര-ഒകാരങ്ങളെപോലുള്ള ഹ്രസ്വവർണങ്ങൾ ഇല്ലാതെ പോയത് കേവലം യാദൃച്ഛികമല്ലെന്നും ലേഖകൻ പ്രസ്താവിക്കുന്നുണ്ട്.[10] ദ്രാവിഡഭാഷകളുടെ ഈ പ്രത്യേക സവിശേഷത അവ സംസ്കൃതത്തിൽനിന്നും നിശ്ശേഷം സ്വതന്ത്രമാണെന്നതിനുള്ള ഒരു തെളിവായും കാൾഡ്വൽ ഉയർത്തിക്കാട്ടുന്നു.

സന്ധ്യക്ഷരങ്ങളെന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന 'ഐ, ഔ' എന്നിവയെക്കുറിച്ചും അദ്ദേഹം സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ദ്രാവിഡത്തിൽ 'എയ്' എന്ന സംയോഗാക്ഷരമാണ് നിലവിലുള്ളതെന്നും അത് സംസ്കൃതത്തിലെ 'ഐ' (അയ്) (അ + ഇ) എന്ന സന്ധ്യക്ഷരമല്ലെന്നും കാൾഡ്വൽ തിരുത്തുന്നു. 'എ+ഇ'യുടെ സംയോഗമാണ് 'എയ്'. പൂർവ്വദ്രാവിഡത്തിലെ അകാരം എകാരമായി മാറി വീണ്ടും 'എയ' എന്നു തിരിയുന്ന ഭാഷാപ്രവർത്തനമാണതെന്ന് ഉദാഹരണസഹിതം അവതരിപ്പിക്കുന്നു[11] - തെലുങ്കുമലയാളങ്ങളിലെ 'തല'കന്നടത്തിൽ 'തലെ', തമിഴിൽ 'തലെയ' (തലൈ). മലയാളത്തിലെ 'തല'യിലെ അന്ത്യത്തിലുള്ള

അകാരം ശുദ്ധമല്ലെന്നും 'എയ്'കാരത്തിന്റെ വികാരമാണെന്നുമുള്ള ഗുണ്ടർട്ടിന്റെ നിരീക്ഷണത്തോടാണ് കാൾഡ്വൽ ആഭിമുഖ്യം പുലർത്തുന്നത്.

'ഔ' എന്ന സന്ധ്യക്ഷരം യഥാർത്ഥത്തിൽ ദ്രാവിഡഭാഷകളിലെ ഒരംഗമല്ലെന്നും സംസ്കൃതത്തെ അനുകരിച്ചുമാത്രം ദ്രാവിഡാക്ഷരമാലയിൽ സ്ഥാനംപിടിച്ചതാണെന്നും അഭിപ്രായപ്പെടുന്നു. 'അ+ഉ' എന്നീ കേവലസ്വരങ്ങളുടെ ചേർച്ചമൂലം ഉണ്ടാകുന്നതാണ് 'ഔ'. സംസ്കൃതത്തിൽ നിന്നെടുത്ത പദങ്ങളുടെ ഉച്ചാരണത്തിനുമാത്രമേ ഇത് ഉപയോഗിക്കാറുള്ളൂ. എന്നാൽ തമിഴിലാകട്ടെ ഇതിനെ കേവലസ്വരങ്ങളായി പിരിച്ച് ഉച്ചരിക്കുന്ന രീതിയാണുള്ളത്. സംസ്കൃതത്തിലെ 'സൗഖ്യം' തമിഴിൽ എഴുതുന്നതും ഉച്ചരിക്കുന്നതും 'ചവുക്കിയം' എന്നുതന്നെയാണെന്ന് ഉദാഹരിക്കുന്നു. [12]

സി.എൽ.ആന്റണി ചർച്ചയ്ക്കെടുക്കുന്ന വ്യഞ്ജനവർണങ്ങളെക്കുറിച്ച് കാൾഡ്വൽ നടത്തിയിട്ടുള്ള ആലോചനകളാണ് അടുത്തതായി പരിശോധിക്കുന്നത്. ദ്രാവിഡഭാഷകളുടെ ധ്വനിവ്യവസ്ഥ ആദിമദശമുതൽക്കേ സംസ്കൃതത്തിൽനിന്ന് വ്യതിരിക്തമാണെന്നും ദ്രാവിഡഗോത്രത്തിന്റെ പ്രാക്തനരൂപം പുലർത്തുന്ന തമിഴ്ഭാഷ അത് വ്യക്തമാക്കുന്നുണ്ടെന്നും കാൾഡ്വൽ പ്രസ്താവിക്കുന്നുണ്ട്. മധ്യമവർഗങ്ങളായ (അർധസ്വരങ്ങൾ) 'ഴ, ള, റ' എന്നിവ ദ്രാവിഡസമ്പത്താണെന്ന് വിശേഷിപ്പിക്കുന്നു. ഈ ദ്രാവിഡവർണ്ണങ്ങളിൽ ഏറ്റവും പ്രയോഗവൈപുല്യമുള്ളത് 'ഴ'കാരത്തിനാണെന്നും പല തരത്തിൽ ഉച്ചരിക്കപ്പെടുന്ന ഒരേയൊരു ദ്രാവിഡവ്യഞ്ജനം അതാണെന്നും അദ്ദേഹം നിരീക്ഷിക്കുന്നു. ഴകാരത്തിന് യകാരോച്ചാരണം സംഭവിക്കുന്നത് മലയാളത്തിന്റെ ഒരു സവിശേഷതയായി പ്രത്യേകം പരാമർശിക്കുന്നുണ്ട്. രേഫലകാരങ്ങളുടെ ഉച്ചാരണത്തിൽ ശ്രുതിസുഖാർത്ഥം ഒരു സഹായസ്വരം മുൻപിൽ ചേർക്കുന്ന തമിഴ്ഭാഷാനിയമത്തെ ഉദാഹരണങ്ങളോടെ വിവരിക്കുന്നു. എല്ലാ ദ്രാവിഡഭാഷകളിലും ഒരേപോലെ കാണുന്ന വർണ്ണമായി ളകാരത്തെ മനസ്സിലാക്കുന്നതിനൊപ്പം ലകാരത്തിന്റെ മൂർധന്യമായി അതിന്റെ ഉച്ചാരണമൂല്യം നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. ലകാരഴകാരങ്ങൾ ഘനീഭവിച്ച ഒരു പ്രത്യേക വർണ്ണമാണ് ളകാരമെന്ന് കാൾഡ്വൽ വിലയിരുത്തുന്നുണ്ട്. ദ്രാവിഡഭാഷകളിൽ പ്രാചീനകാലം മുതൽ ഉണ്ടായിരുന്ന വർണ്ണമാണ് 'റകാരം'. സംസ്കൃതഭാഷയിലില്ലാത്ത വർണമാണത്. സംസ്കൃതസ്വാധീനത്തിൽ തമിഴ്-മലയാളങ്ങളിലൊഴികെയുള്ള ദ്രാവിഡഭാഷകളിൽ റകാരത്തിന്റെ പ്രയോഗം അസംഗതമായിരിക്കുകയാണെന്ന കാഴ്ച്ചപ്പാടും കാൾഡ്വൽ പുലർത്തുന്നു. തമിഴ്-മലയാളങ്ങളിൽ രൂഢമൂലമായിട്ടുള്ള വർണ്ണമാണ് റകാരമെന്നും അതിന്റെ ലിപിവിന്യാസം തമിഴിൽ ഇരട്ടരേഫംകൊണ്ട് സാധിക്കുന്നതായും

അദ്ദേഹം രേഖപ്പെടുത്തുന്നുണ്ട്. റകാരത്തിന്റെ ഇരട്ടിപ്പിനാൽ കേൾക്കുന്ന റ്റ' (ttr) എന്ന ധ്വനിയെ കാൾഡ്വൽ വ്യവച്ഛേദിച്ചറിയുന്നുണ്ട്. ഇതെഴുതുന്നത് രണ്ട് റകാരം ഉപയോഗിച്ചിട്ടാണെങ്കിലും 't' കാരം ഒരിക്കലും എഴുത്തിൽ വരാറില്ലെന്നും നിരീക്ഷിക്കുന്നു. 'റ്റ' (ttr) എന്ന ധ്വനി തമിഴിലുള്ളതാണ്. എന്നാൽ തെലുങ്കിൽ ഇത് ഒറ്റ ട കാരമായും കന്നടത്തിൽ ഒന്നുകൂടെ മയപ്പെട്ട് തകാരമാവുന്നതും നിദർശനങ്ങളോടെ പ്രതിപാദിക്കുന്നു (തമിഴ് : 'മാറ്റു'/ഉച്ചാരണം-മാറ്റ്റു (mattru), തെലുങ്ക്: 'മാട', കന്നടം : 'മാതു'). തമിഴിലെ പ്രത്യേകതയായ ആറാം വർഗ ത്തിന്റെ സവിശേഷതകളെ കാൾഡ്വൽ സൂക്ഷ്മമായി ഗ്രഹിച്ചിട്ടുണ്ടെന്ന് മേൽവിവ രിച്ച ആശയങ്ങളിൽനിന്ന് മനസ്സിലാക്കാം. 'റ്റ' കാരത്തിലെ 't' എന്ന ധ്വനിയുടെ ഉച്ചാരണമൂല്യം ദന്ത്യമോ മൂർധന്യമോ അല്ലെന്ന് അദ്ദേഹം എടുത്തുപറയുന്നുണ്ട്. മലയാളത്തിലെ ഈ വർത്സ്യധ്വനിവിശേഷത്തെ കേരളപാണിനി സൂചിപ്പിക്കുന്നത് '⅃' എന്ന ചിഹ്നം ഉപയോഗിച്ചാണ്. ദ്രാവിഡവർഗങ്ങളിലെ ഈ സവിശേഷവർണ്ണ ത്തിന്റെ ധ്വനിമൂല്യം വർത്സ്യസ്ഥാനീയമാണെന്ന് നിർണയിക്കാൻ കാൾഡ്വലിന് കഴിയുന്നില്ലെങ്കിലും 't' കാരം ചേർന്ന ഉച്ചാരണം അതിൽ ഉള്ളടങ്ങിയിട്ടുള്ളതായി മനസ്സിലാക്കുന്നുണ്ടെന്ന് അദ്ദേഹത്തിന്റെ ആലോചനകളിൽനിന്നു ഗ്രഹിക്കാം. ദന്ത്യനകാരമല്ലാത്ത വർത്സ്യനകാര(ഩ)ത്തെയും കാൾഡ്വൽ പരാമർശിക്കുന്നുണ്ട്.[13]

ദ്രാവിഡവർണ്ണങ്ങളുടെ സ്വതന്ത്ര അസ്തിത്വം കണ്ടെത്താനുള്ള ശ്രമമാണ് കാൾഡ്വൽ നടത്തുന്നത്. സംസ്കൃതപക്ഷപാതിത്വം അദ്ദേഹത്തിന്റെ വിവരണങ്ങ ളിലില്ല. ഋകാരഌകാരങ്ങൾ അവയുടെ ദീർഘങ്ങൾ എന്നിവയെ ഒഴിവാക്കിക്കൊ ണ്ടുള്ള അദ്ദേഹത്തിന്റെ വിവരണങ്ങൾ അതിന് തെളിവാണ്. ദ്രാവിഡമധ്യമങ്ങൾ 'തമിഴിലെ റകാരത്തിന്റെ സവിശേഷതകൾ' എന്നതിന്റെ വിവരണങ്ങ ളിൽനിന്ന് പരോക്ഷമായി വായനക്കാർക്ക് കാണാൻ സാധിക്കുന്ന വർത്സ്യവർഗങ്ങ ളെക്കുറിച്ചുള്ള കാൾഡ്വലിന്റെ ചിന്തകൾ ഇവയൊക്കെത്തന്നെ ഈ വൈയാകര ണന്റെ സ്വതന്ത്രനിരീക്ഷണങ്ങളെ വെളിവാക്കുന്നു. 'ഐ' എന്ന സംസ്കൃതസ ന്ധ്യക്ഷരമല്ല ദ്രാവിഡത്തിലുള്ളതെന്നും 'എയ്' എന്ന സംയോഗാക്ഷരമാണെന്നും വിലയിരുത്തുന്നു. സംസ്തൃതധ്വനിനിയമങ്ങൾക്ക് വിരുദ്ധമായ സ്പഷ്ടീകരണോ കാരവും അതിന്റെ ഉച്ചാരണവൈവിധ്യങ്ങളും അദ്ദേഹത്തിന്റെ ശ്രദ്ധയിൽ വരുന്നു ണ്ട്. സംസ്കൃതസ്വാധീനത്താൽ ദ്രാവിഡത്തിൽ വന്നുചേർന്ന 'ഔ'കാരവും അതേ സംസ്കൃതസാന്നിധ്യത്തിൽ ദ്രാവിഡത്തിൽ അസംഗതമായ റകാരവും കാൾഡ്വലിന്റെ ചർച്ചാവിഷയമാണ്. ചുരുക്കത്തിൽ താൻ പഠനവിധേയമാക്കുന്ന ദ്രാവിഡഗോത്രത്തിന്റെ അടിസ്ഥാനഭാഷാമൂലകതലത്തിൽപോലും പ്രസ്തുത

ഗോത്രത്തിന്റെ അനന്യതയെ കണ്ടെത്താനാണ് കാൾഡ്വൽ ഉദ്യമിച്ചിട്ടുള്ള തെന്നു പറയാം.

**2.1.2.6.** കേരളപാണിനീയത്തിലെ വർണ്ണവിചാരം

വർണ്ണം, അക്ഷരം എന്നിവയുടെ വ്യതിരിക്തത മനസ്സിലാക്കിക്കൊണ്ടുള്ള വിവരണങ്ങളാണ് ഏ. ആർ *കേരളപാണിനീയ*ത്തിൽ അവതരിപ്പിക്കുന്നത്. ഇന്ത്യക്കാർ അക്ഷരമാലയെ എഴുതുന്നവരും യൂറോപ്പുകാർ വർണ്ണമാല എഴു തുന്നവരുമാണെന്ന് 'അക്ഷരമാല' എന്ന 'കേരളപാണിനീയ'ഖണ്ഡത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഭാഷാശാസ്ത്രപ്രകാരം മൂലതത്ത്വമായ വർണ്ണത്തെ യല്ല, പല വർണ്ണങ്ങൾ കലർന്ന് ഉണ്ടാകുന്ന 'അക്ഷര'മാണ് നാം എഴുതുന്ന തെന്നും കേരളപാണിനീയകാരന് ഉത്തമബോദ്ധ്യമുണ്ട്. കേരളപാണിനിയുടെ ധ്വനിമൂല്യനിർണ്ണയം താഴെ ചേർക്കുന്നു.'

അ, ഇ, എ, ഐ - താലവ്യം
അ, ഉ, ഒ, ഔ - ഓഷ്ഠ്യം (പീഠിക : ഖണ്ഡം 41(1))
കവർഗ്ഗം - കണ്ഠ്യം
ചവർഗ്ഗം - താലവ്യം
ടവർഗ്ഗം - മൂർദ്ധന്യം
തവർഗ്ഗം - ദന്ത്യം
പവർഗ്ഗം - ഓഷ്ഠ്യം (പീഠിക : ഖണ്ഡം 41(5))

| സ്വരം | വർഗ്ഗം | മധ്യമം | ഊഷ്മാവ് |
|---|---|---|---|
| അ | ക | -- | ഹ(?) → കണ്ഠ്യം |
| ഇ | ച | യ | ശ → താലവ്യം |
| ഋ | ട | ര | ഷ → മൂർദ്ധന്യം |
| ഌ | ത | ല | സ → ദന്ത്യം |
| ഉ | പ | വ | -- → ഓഷ്ഠ്യം |
| ഏ, ഐ | - | -- | -- → കണ്ഠ്യതാലവ്യം |
| ഓ, ഔ | -- | -- | → കണ്ഠ്യോഷ്ഠ്യം |

**പീഠിക : ഖണ്ഡം 41(5)**

*കേരളപാണിനീയ*ത്തിലെ വർണ്ണവിചാരത്തിലെ ഏതാനും അംശങ്ങളെയും ധ്വനിമൂല്യങ്ങളെയും സംബന്ധിച്ചുള്ള ചർച്ചയാണ് സി. എൽ. ആന്റണിയുടെ

*കേരളപാണിനീയഭാഷ്യ*ത്തിലെ 'വർണ്ണമാല' എന്ന ഒന്നാം അദ്ധ്യായത്തിലുള്ള ത്.

### 2.1.2.7. **വ്യാകരണമിത്രം - ശേഷഗിരിപ്രഭു (1904)**

*കേരളപാണിനീയ*ത്തിനുശേഷം ഉണ്ടായ മറ്റു വ്യാകരണകൃതികളിലെ ധ്വനി മൂല്യനിർണയനങ്ങളെ പരിശോധിക്കേണ്ടതുണ്ട്. *വ്യാകരണമിത്രത്തിലെ* ധ്വനിപഠ നങ്ങളെയാണ് പ്രധാനമായി പരിശോധിക്കേണ്ടത്. *കേരളപാണിനീയഭാഷ്യ*ത്തിലെ 'വർണ്ണമാല' എന്ന അദ്ധ്യായത്തിൽ ചർച്ചയ്ക്കെടുക്കുന്ന വർണ്ണങ്ങളെ മാത്രമാണ് തെരഞ്ഞെടുത്ത് വിവരിക്കാൻ ശ്രമിക്കുന്നത്.

(1) അകാരം : സമാനാക്ഷരങ്ങളിലൊന്നായ അകാരത്തിന് കണ്ഠം, താലു, ഓഷ്ഠങ്ങൾ എന്നിവയിൽ ഏതും ഉച്ചാരണ സ്ഥാനമായി വരുമെന്ന് പറയുന്നു. (ശേഷഗിരിപ്രഭു, 1989:61) മൃദുക്കളുടെയും അന്തസ്ഥങ്ങളു ടെയും പിൻവരുന്ന അകാരം സംവൃതമായതിനാൽ എകാരമായി ഉച്ചരിക്കുന്നു.

ഉദാ: ഗജം- ഗെജം, ലത - ലെത, ജയം - ജെയം, ജന്മം - ജെന്മം (1989: 65)

(2) സംവൃതോകാരം : പദാന്ത ഉകാരം രണ്ടുവിധം

(i) വിവൃതം : ചുണ്ടുകൾ രണ്ടും ഉരുട്ടി പൂർണ്ണമായിത്തുറന്നുച്ചരി ക്കുന്ന ഉകാരമാണിത്. ഉദാ: കടു, പുഴു, ഗുരു, ശിശു

(ii) സംവൃതം : കീഴ്ച്ചുണ്ട് താഴ്ത്തി ഏകദേശം അകാരംപോലെ ഉച്ചരിക്കുന്ന ഉകാരം. ഉദാ: ആടു, കാടു, ചേറു.... പിൻസ്വരം, അർത്ഥശങ്കവരുന്ന സാഹചര്യങ്ങൾ എന്നിടങ്ങളിൽ മാത്രം സംവൃതത്തിന് ചന്ദ്രക്കല (ˇ) ചിഹ്നം മതിയെന്നും അദ്ദേഹം പറയുന്നു. (1989: 65-66)

3. **ഋകാരഌകാരങ്ങൾ:** സമാനാക്ഷരങ്ങളായിട്ടാണ് ഇവയെ കാണുന്നത്. ജിഹ്വാഗ്രം മൂർദ്ധാവിനോട് അടുത്തുച്ചരിക്കുമ്പോൾ 'ഋ' 'ൠ' എന്നിവ ഉണ്ടാകുന്നു.

(1989: 61) ജിഹ്വാഗ്രം ദന്തങ്ങളോട് അടുത്തുച്ചരിക്കുമ്പോൾ 'ങ' 'ഞ' എന്നിവയുണ്ടാകുന്നു (1989: 62).

സംസ്കൃതഭാഷാപദങ്ങളെ നമ്മുടെ ഭാഷയിലെഴുതാൻ മാത്രമായി ഉപയോഗിക്കുന്ന ഈ സ്വരങ്ങളെ മലയാളവർണ്ണമാലയിൽനിന്നും ഒഴിവാക്കാമെന്നാണ് ശേഷഗിരിപ്രഭുവിന്റെ അഭിപ്രായം. (1989: 64)

**4. സമാനാക്ഷരങ്ങളും സന്ധ്യക്ഷരങ്ങളും**

എ, ഏ, ഐ എന്നിവയ്ക്കു കണ്ഠവും താലുവും ഒ, ഓ, ഔ എന്നിവയ്ക്കു കണ്ഠവും ഓഷ്ഠങ്ങളും ഉച്ചാരണസ്ഥാനങ്ങളായി വരുമെന്നും അദ്ദേഹം പറയുന്നു. എ, ഒ എന്നിവ സമാനാക്ഷരങ്ങളും ഏ, ഐ, ഓ, ഔ എന്നിവ സന്ധ്യക്ഷരങ്ങളും ആണെന്നു പ്രസ്താവിക്കുന്നു.

**5. വർത്സ്യവർഗം**

വർത്സ്യമായിട്ടല്ല ശേഷഗിരിപ്രഭു ഈ വർണ്ണത്തെ കാണുന്നത്. ദന്ത്യനകാരം - ദന്താഗ്ര്യമായ നകാരം (ഩ) എന്ന രീതിയിലാണ് വിഭജിക്കുന്നത്.

(i) ദന്ത്യനകാരം - പദാദിയിലും സംയോഗാന്തത്തിലും വരുന്നു.
ഉദാ: നട, നിങ്ങൾ, രത്നം, പ്രശ്നം

(ii) ദന്താഗ്ര്യമായ നകാരം - അപദാദിയിലും സംയോഗാദിയിലും വരുന്നു.
ഉദാ: ആന, പനി, വൻകര, തിന്മാൻ (1989: 69)

**6. രേഫറകാരഴകാരങ്ങൾ**

ഇവ മൂർദ്ധന്യങ്ങളായി പരിഗണിക്കുന്നു. ജിഹ്വാഗ്രം മൂർദ്ധാവിനോട് അടുത്തുച്ചരിക്കുമ്പോൾ ഉണ്ടാകുന്നു.

**7. ലകാരളകാരങ്ങൾ**

ലകാരം ദന്ത്യമാണെന്ന് പറയുന്നു. ജിഹ്വാഗ്രം ദന്തങ്ങളോട് അടുത്തുച്ചരിക്കുമ്പോൾ ഉണ്ടാകുന്ന വർണ്ണമായി ലകാരത്തെ കാണുന്നു. ജിഹ്വാഗ്രം മൂർദ്ധാവിനോടടുത്ത് ഉച്ചരിക്കുന്ന ളകാരത്തെ മൂർദ്ധന്യമെന്ന് ശേഷഗിരിപ്രഭു കണക്കാക്കുന്നു.

### 2.1.2.8. ആദിഭാഷ-ചട്ടമ്പിസ്വാമികൾ (1921)[14]

ഭാഷാശബ്ദത്തെ അല്ലെങ്കിൽ വർണ്ണത്തെക്കുറിച്ചുള്ള ആലോചനകളുടെ പ്രാധാന്യത്തെ ഈ കൃതിയുടെ ആദ്യഭാഗത്ത് സ്വാമികൾ പരാമർശിക്കുന്നു.

ഭാഷയുടെ പ്രത്യക്ഷസ്വരൂപത്തെ നിർണ്ണയിക്കുന്നത് ശബ്ദമാണ് എന്ന് അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ട്.

''ഒരു ഭാഷയെപ്പറ്റി നിരൂപിക്കാൻ തുടങ്ങുമ്പോൾ അതിലേക്കു പ്രത്യക്ഷമായി നമുക്കു കിട്ടുന്നത് ആ ഭാഷയുടെ ശബ്ദശാസ്ത്രമാണ്'' (മഹേശ്വരൻനായർ, 2016: 821).

സംസ്കൃതത്തിൽ 'വിശേഷാൽ അക്ഷരങ്ങൾ' ആവിർഭവിക്കുന്നതിന്റെ ഭാഷാചരിത്രഘട്ടത്തെ സ്വാമികൾ വിശദീകരിക്കുന്നു:

''സംസ്കൃതലിപികളും തമിഴക്ഷരങ്ങളും ഒരേകാലത്തിൽ ഒന്നിച്ചിരിക്കുന്നു എന്നും, ആ കാലത്തിൽ തമിഴരും സംസ്കൃതക്കാരും ഒരേ വർഗ്ഗക്കാരായിരുന്നു പിന്നെ പിരിഞ്ഞവരാണെന്നും, അങ്ങനെ പിരിഞ്ഞു അനേകനൂറ്റാണ്ടുകൾക്കുശേഷം അക്ഷരങ്ങളെയും വാക്കുകളെയും ഒന്നിനുപിറകെ വേറൊന്നായി അനേകം പ്രാവശ്യം മാറ്റിമറിച്ച് ഒടുവിൽ ഒരു രീതിയിൽ ഉറപ്പിച്ച് ആ ഭാഷയ്ക്ക് സംസ്കൃതം (സംസ്കരിക്കപ്പെട്ടത്) എന്നു നാമകരണം ചെയ്തിരിക്കണമെന്നും, തമിഴർ മൂലഭാഷയെയും അക്ഷരങ്ങളെയും ഭേദഗതി ചെയ്യാൻ വിമുഖരായിരുന്നകാരണം പഴയ തമിഴ്വ്യാകരണമുറകളെ ആദരിച്ചുപോന്നിരുന്നെന്നും....'' (2016: 831).

ആദിഭാഷയിൽനിന്ന് വേർപിരിഞ്ഞുപോന്ന ആര്യദ്രാവിഡ (യഥാക്രമം സംസ്കൃതം, തമിഴ് എന്ന് ചട്ടമ്പിസ്വാമികൾ) ഭാഷകളുടെ അക്ഷരമാലാരൂപീകരണത്തെക്കുറിച്ച് മേൽവിവരിച്ച രീതിയിലുള്ള ചരിത്രഘട്ടങ്ങളിലൂടെയുള്ള നിഗമനങ്ങളാണ് സ്വാമികൾ പറഞ്ഞുവെക്കുന്നത്. ഋ, ഌ എന്നീ അക്ഷരങ്ങളുടെ രൂപപ്പെടലും മേൽപ്പറഞ്ഞ 'സംസ്കരിക്കപ്പെട'ലിന്റെ ഭാഗമായാണ് സംസ്കൃതത്തിൽ നടന്നത്. ലഘുപ്രയത്നത്താൽ ഉച്ചരിക്കാവുന്ന അക്ഷരങ്ങളുടെ പിന്നാലെ മാത്രമേ അതിപ്രയത്നത്താൽ ഉച്ചരിക്കുന്ന അക്ഷരങ്ങൾ ഉടലെടുക്കൂവെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. അതിനാൽ തന്നെ പഴയ തമിഴ്വ്യാകരണമുറയെ അനുശീലിക്കുന്ന ദ്രാവിഡത്തിൽ ഋ, ഌ എന്നിങ്ങനെയുള്ള വിശേഷാൽ അക്ഷരങ്ങൾ' കാണപ്പെടുന്നില്ല എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു.

ഉത്ഭവസ്ഥാനക്രമമനുസരിച്ചും പ്രയത്നമുറയെ ആധാരമാക്കിയും രണ്ടു തരത്തിൽ വ്യഞ്ജനങ്ങൾക്ക് ധ്വനിമൂല്യനിർണയനം നടത്തുന്നുണ്ട് സ്വാമികൾ. അവ താഴെ പട്ടികപ്പെടുത്തുന്നു.

| നമ്പർ | ഉത്ഭവസ്ഥാനക്രമം | പ്രയത്നമുറ |
|---|---|---|
| 1. | ഹകാരം (കണ്ഠ്യമായതി നാൽ) | യ, ര, വ, ല (ഈഷൽസ്പൃഷ്ടം) |
| 2. | ഹകാരത്തോട് സാദൃശ്യമുള്ള ഊഷ്മാക്കൾ | ശ, ഷ, സ (അർദ്ധസ്പൃഷ്ടം) |
| 3. | ജിഹ്വാമൂലോത്ഭൂതങ്ങളായ കവർഗാദി അഞ്ചും | അഞ്ചുവർഗങ്ങൾ (സ്പൃഷ്ടം) |
| 4. | യ, ര, വ, ല | |

വ്യഞ്ജനങ്ങളെ അപേക്ഷിച്ച് സ്വരങ്ങൾക്കു പ്രയത്നം കുറവായതുകൊണ്ട് സ്വരങ്ങളാണ് ആദ്യം സിദ്ധമായതെന്നു സ്വാമികൾ നിരൂപിക്കുന്നു.

**നിരീക്ഷണങ്ങൾ**

- ഒരേ ശബ്ദവ്യവസ്ഥ നിലനിന്നിരുന്ന 'ആദിഭാഷ' എന്ന ഘട്ടത്തെ അവതരിപ്പിക്കുന്നു.
- ആ ഘട്ടത്തിൽനിന്നും അക്ഷര-സ്വരവ്യവസ്ഥകളിൽ 'സംസ്കരിക്ക'പ്പെട്ട ആര്യഭാഷയും പാരമ്പര്യമുറയെ പിൻതുടർന്നുവന്ന ദ്രാവിഡഭാഷയും ഉടലെടുത്തു.
- ലഘുപ്രയത്നത്താൽ ഉച്ചരിക്കാവുന്ന വർണങ്ങളിൽനിന്നും അതിപ്രയത്നത്താൽ ഉച്ചരിക്കാവുന്ന വർണങ്ങളിലേക്ക് അക്ഷരമാല വിപുലമാകുന്നു.
- പിന്നീട് ഇത്തരം വിശേഷാൽ വർണങ്ങളെ ദ്രാവിഡഭാഷ സ്വീകരിക്കുന്നു. (ഉദാ: ഋ, ഞ)

### 2.1.2.9. സി. എൽ. ആന്റണിയുടെ വർണ്ണവിചാരം

അതിഖരം, മൃദു, ഘോഷം, അനുനാസികം, ഊഷ്മാക്കൾ എന്നീ വർണ്ണങ്ങളുടെ മൂല്യനിർണയനത്തിൽ പക്ഷാന്തരമില്ലാത്തതുകൊണ്ട് അവയെ പരാമർശിക്കാൻ താൻ ഉദ്യമിക്കുന്നില്ലെന്ന് അദ്ദേഹം പറഞ്ഞുവെയ്ക്കുന്നുണ്ട്. അതേസമയം ര, ല, റ, ഴ, ള എന്നിവയുടെ ധ്വനിമൂല്യം ആധുനികഭാഷാശാസ്ത്രദൃഷ്ട്യാ അതിസൂക്ഷ്മമായി അപഗ്രഥനവിധേയമാക്കാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്.

മലയാളഭാഷയിലെ വർണങ്ങളെയും അവയുടെ മൂല്യങ്ങളെയും നിർണ്ണയിക്കുന്നതിന് സംസ്കൃതവൈയാകരണന്മാരുടെ സാങ്കേതികരീതിയെ അവലംബിക്കുന്നത് ശരിയല്ലെന്ന അഭിപ്രായം പുലർത്തുമ്പോഴും തന്റെ ധ്വനിമൂല്യപഠനത്തിലൊക്കെ സംസ്കൃതത്തിന്റെ വർണ്ണവിഭജനരീതിയും പാശ്ചാത്യധ്വനിവിജ്ഞാനീയ

സിദ്ധാന്തങ്ങളുമാണ് ഏ. ആർ. ആധാരമാക്കിയിട്ടുള്ളത്. വർണവിഷയകമായി തമിഴിൽ നിലനിൽക്കുന്ന സംസ്കൃതാനുകരണദോഷത്തെയും അദ്ദേഹം സൂക്ഷ്മമായി വിലയിരുത്തുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും സംസ്കൃതാനുകരണദോഷമില്ലാതെ വർണങ്ങളുടെ മൂല്യം നിർണയിക്കാൻ കേരളപാണിനിക്ക് സാധിക്കുന്നുണ്ടോ എന്നുള്ള അന്വേഷണമാണ് 'വർണമാല' എന്ന അധ്യായത്തിൽ സി.എൽ.ആന്റണി നടത്തുന്നത്. അകാരം, സംവൃതോകാരം, ഋകാരഌകാരങ്ങൾ, സമാനാക്ഷരങ്ങൾ - സന്ധ്യക്ഷരങ്ങൾ, വർത്സ്യവർഗം, രേഫറകാരഴകാരങ്ങൾ, ലകാരളകാരങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള കേരളപാണിനീയകാരന്റെ ആലോചനകളെ തുടർപരിശോധനയ്ക്ക് വിധേയമാക്കുന്നു. അവ താഴെ ക്രോഡീകരിക്കുന്നു :

**അകാരം**

സംസ്കൃതത്തിൽ അകാരത്തിനുള്ള കണ്ഠ്യമൂല്യത്തെ അതേപടി അനുകരിച്ചുകൊണ്ടാണ് മലയാളത്തിലെ അകാരത്തിന് ഇല്ലാത്ത കണ്ഠ്യമൂല്യം കേരളപാണിനി നൽകിയിട്ടുള്ളത്. അകാരത്തിന്റെ കണ്ഠ്യമൂല്യം ഉദാഹരണങ്ങളാൽ സമർത്ഥിക്കാൻ അദ്ദേഹത്തിന് സാധിക്കുന്നില്ല. തന്നെയുമല്ല ശുദ്ധം - താലവ്യം എന്ന മറ്റൊരു വിഭജനവും അകാരത്തിന് നൽകുന്നുണ്ട്. തടൈ (തട) + ഉന്നു = തടയുന്നു, തട + ഉന്നു = തടവുന്നു എന്നീ ഉദാഹരണങ്ങളിൽ കാണുന്നപോലെ ഐകാരത്തിന്റെ സ്ഥാനത്തുവരികയും സന്ധിയിൽ യകാരം ആഗമിക്കുകയും ചെയ്യുന്ന അകാരത്തെ 'താലവ്യം' എന്നും സന്ധിയിൽ വകാരം വന്നുചേരുന്നതിനെ 'ശുദ്ധം' എന്നും വേർതിരിക്കുന്നു. ഇതിൽ 'ശുദ്ധം' എന്നുള്ളതാണോ കണ്ഠ്യമായ അകാരം എന്നുള്ള ആലോചനയാണ് ആന്റണി നടത്തുന്നത്. 'പൂർവമോഷ്ഠ്യസ്വരം വന്നാൽ വകാരം ചേർത്തുകൊള്ളുക' എന്ന കാരികയുടെ ഉദാഹരണത്തിൽ ഏ.ആർ നൽകുന്ന 'തട + ഉന്നു = തടവുന്നു' എന്നതിനെ ആധാരമാക്കി നോക്കുമ്പോൾ ഉകാരത്തിന് മുൻപിരിക്കുന്ന അകാരത്തെ ഓഷ്ഠ്യമായാണ് അദ്ദേഹം പരിഗണിക്കുന്നതെന്ന് വ്യക്തമാകുന്നു. അങ്ങനെയെങ്കിൽ ഓഷ്ഠ്യമായ അകാരത്തെ തന്നെയല്ലേ 'ശുദ്ധം' എന്ന് ഏ. ആർ വിളിച്ചതെന്ന് ആന്റണി സ്ഥാപിക്കുന്നു. അതിനാൽ അകാരത്തിന് സംസ്കൃതാനുകരണത്താൽ കണ്ഠ്യമൂല്യം കൽപ്പിക്കുന്ന കേരളപാണിനീയപക്ഷത്തെ സി.എൽ. ആന്റണി നിരാകരിക്കുന്നു. ഓഷ്ഠ്യാകാരം ശുദ്ധമെന്നു പ്രസ്താവിക്കാൻ ഏ. ആറിന് പ്രേരണയായത് ഗുണ്ടർട്ടാണെന്നും കേരളപാണിനീയഭാഷ്യകാരൻ പ്രസ്താവിക്കുന്നുണ്ട്.[15]

**സംവൃതോകാരം**

ഈ വർണത്തെ രണ്ട് രീതിയിലാണ് ഏ.ആർ വിശദീകരിക്കുന്നത്. 'ഹ്രസ്വ തരമായ ഉകാര'മെന്ന് ഒരിടത്തു പറയുന്നുണ്ടെങ്കിലും വൃത്തശാസ്ത്രപരമായ ചർച്ചകളിൽ അ, ഇ, ഉ എന്നീ സ്വരങ്ങളെപോലെ ഒരു പൂർണ്ണസ്വരത്തിന്റെ തോത് നൽകുകയും ചെയ്തിരിക്കുന്നു. 'അരയുകാരം' എന്നുള്ള രീതിയിൽ പകുതി സ്വര മൂല്യം നിർദ്ദേശിക്കുന്ന ഗുണ്ടർട്ടിന്റെ സംജ്ഞാകരണത്തെ നിരാകരിക്കുന്നു. വൃത്തശാസ്ത്രപ്രയോഗങ്ങൾകൊണ്ട് മറ്റു സ്വരങ്ങളെപോലെ സ്വതന്ത്രവും പൂർണ്ണ വുമായ തോത് ഈ വർണ്ണത്തിനുണ്ടെന്ന് മനസ്സിലാക്കിയിട്ടും അത് ഉകാരഭിന്നമാ ണോ, സ്വതന്ത്രമാണോ, മറ്റേതെങ്കിലും സ്വരത്തിന്റെ വകഭേദമാണോ എന്നൊന്നും ഏ.ആർ ചിന്തിക്കാതിരിക്കുന്നത് വലിയ പരിമിതിയായി ആന്റണി ചൂണ്ടിക്കാട്ടുന്നു. പ്രസ്തുത സ്വരത്തെ സംവൃത അകാരമായിട്ടാണ് ആറ്റൂർ കരുതുന്നത്. സ്വതന്ത്ര മായ പുതിയ സ്വരമാണോ എന്നുള്ള ആലോചന നടത്തിയിട്ടില്ല. അകാര-ഉകാര ങ്ങളിൽനിന്ന് ഭിന്നമായൊരു ധ്വനിമൂല്യം ആദ്യമായി സംവൃതോകാരത്തിന് നൽകി യത് എൽ.വി.ആർ ആണ്. *Malayalam Phonetics* ൽ "മിശ്രസ്വരം" എന്ന നാമക രണമാണ് പ്രസ്തുത വർണ്ണത്തിന് അദ്ദേഹം നൽകിയിട്ടുള്ളത്. മധ്യമസ്വരം (Cenral vowel) എന്നാണ് അതുകൊണ്ട് വിവക്ഷിതം. ആധുനികധ്വനിവിജ്ഞാനീ യത്തെ ആസ്പദമാക്കിയാണ് ഈ വർണത്തിന്റെ സ്വഭാവസവിശേഷതകൾ സി. എൽ. ആന്റണി സംഗ്രഹിക്കുന്നത്. ഈ സ്വരം അകാര-ഉകാരഭിന്നമാണ്, സ്വതന്ത്ര സ്വരമാണ്, ഉച്ചാരണക്രമമനുസരിച്ച് അഗ്രസ്വരങ്ങൾക്കും മൂലസ്വരങ്ങൾക്കും ഇട യ്ക്കുള്ള മധ്യമസ്വരങ്ങളുടെ ഗണത്തിൽ വരുന്നു, ഉത്തരകേരളീയരും ദക്ഷിണകേ രളീയരും ഈ വർണത്തെ യഥാക്രമം 'മധ്യമോന്നതസ്വരം' (Central High Vowel) 'മധ്യമാന്തരിതസ്വരം (Central Mid Vowel) എന്നീ ഭിന്നധ്വനികളോടെ ഉച്ചരിക്കു ന്നു, ഹ്രസ്വസ്വരങ്ങളെപോലെ ഒറ്റമാത്രയാണ്, സന്ധിയിൽ ഈ സ്വരത്തിന് ലോപം സംഭവിക്കുന്നത് സാർവ്വത്രികമാണ്.[16]

**ഌകാരൡകാരങ്ങൾ**

സംസ്കൃതാക്ഷരമാലയിലുള്ള ഈ വർണങ്ങളെ മലയാളവിഭാഗത്തിൽ ഏ. ആർ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വർണ്ണങ്ങൾ വരുന്ന സംസ്കൃതതത്സമപദങ്ങൾ മലയാളത്തിൽ ഉപയോഗിച്ചുവരുന്നതുകൊണ്ട് ഇവയെ നമ്മുടെ അക്ഷരമാലയിൽ സ്വീകരിക്കുന്നതിൽ തെറ്റൊന്നുമില്ലെന്നാണ് ആന്റണിയുടെ നിലപാട്. വ്യഞ്ജന ങ്ങൾക്കുള്ളതുപോലെ സ്പൃഷ്ടസ്വഭാവമുണ്ടെന്നു കരുതിയാകണം ഏ.ആറും ആറ്റൂരും ഌകാരൡകാരങ്ങളെ രേഫലകാരങ്ങളോട് ബന്ധപ്പെട്ട സ്വരങ്ങളായി പരിഗ ണിച്ചതെന്നും അദ്ദേഹം അനുമാനിക്കുന്നു. എന്നാൽ മലയാളത്തിൽ അവയ്ക്കുള്ള

യഥാർത്ഥ ധ്വനിമൂല്യം കണ്ടെത്തേണ്ടത് അനിവാര്യമാണെന്നാണ് ആന്റണി യുടെ പക്ഷം. ജിഹ്വാഭാഗങ്ങൾ വായ്ക്കുള്ളിലെ സ്ഥാനങ്ങളിൽ സ്പർശിക്കുന്നതി നനുസരിച്ചാണ് വ്യഞ്ജനങ്ങളെ വർഗ്ഗീകരിക്കുന്നത്. ആ രീതിതന്നെ അസ്പൃഷ്ട സ്വഭാവമുള്ള സ്വരങ്ങളെ വിഭജിക്കാൻ ഉപയുക്തമാക്കുകയാണ് സംസ്കൃതവൈ യാകരണന്മാർ ചെയ്തത്. സംസ്കൃതമുറയനുസരിക്കുന്ന കേരളപാണിനിക്കും കൃത്യതയുള്ള മൂല്യനിർണ്ണയം നടത്താനാകുന്നില്ല. എന്നാൽ സി. എൽ. ആന്റണി ഋകാരഌകാരങ്ങളെ വിശദീകരിക്കുന്നത് ആധുനികധ്വനിപഠനങ്ങളെ ആസ്പദമാ ക്കിയാണ്. സൂക്ഷ്മമായി പരിശോധിക്കുമ്പോൾ മധ്യമോന്നതസ്വരത്തോട് രേഫം ചേർന്ന് ഋകാരവും ലകാരം ചേർന്ന് ഌകാരവും ഉണ്ടാകുമെന്നാണ് അദ്ദേഹം പ്രസ്താവിക്കുന്നത്. 'മധ്യമസ്വരം' എന്നതിനെക്കുറിച്ച് അന്ന് അജ്ഞാതമായിരു ന്നുവെന്ന കാരണത്താലാണ് ഋകാരഌകാരങ്ങൾ, സംവൃതോകാരം എന്നിവയുടെ ധ്വനിനിർണയനത്തിൽ തെറ്റുവരാൻ ഇടയായതെന്ന് ആന്റണി പ്രത്യേകം എടുത്തു പറയുന്നുണ്ട്. ഒപ്പം തന്നെ അകാരാദിസ്വരങ്ങളെപോലെ ഋകാരഌകാരങ്ങളെ ഒറ്റ വർണങ്ങളായെടുത്തതും പൂർവ്വധാരണകളെ വികലമാക്കി. [17]

**സമാനാക്ഷരങ്ങളും സന്ധ്യക്ഷരങ്ങളും**

മലയാളത്തിലെ സ്വരങ്ങളെ മേൽപറഞ്ഞ രണ്ടു വിഭാഗങ്ങളായി കേരളപാ ണിനി തരംതിരിച്ചിരിക്കുന്നു. 'അ, ഇ, ഉ, ഋ, ഌ' എന്നിവയും അവയുടെ ദീർഘ ങ്ങളും സമാനാക്ഷരങ്ങളിൽ വരുന്നു. ഒരു ധ്വനിയിൽ മറ്റൊന്ന് അരഞ്ഞു ചേർന്നുള്ള സംസർഗ്ഗപ്രവർത്തനംകൊണ്ട് ഉണ്ടായിട്ടുള്ള 'എ, ഏ, ഒ, ഓ, ഔ, ഐ' എന്നിവയെ സന്ധ്യക്ഷരങ്ങളായും അദ്ദേഹം കരുതുന്നു. സംസ്കൃതവൈ യാകരണന്മാരെ പിന്തുടർന്ന് 'എ, ഏ, ഒ, ഓ' എന്നിവ കേവലസ്വരങ്ങളല്ലെന്നും അ + ഇ = എ, അ + ഉ = ഒ എന്നിങ്ങനെ രണ്ടു സ്വരങ്ങൾ ചേർന്ന 'സംയുക്തസ്വ രങ്ങ'ളാണെന്നും കേരളപാണിനി സങ്കല്പിക്കുന്നു. എന്നാൽ മലയാളത്തിന് തമിഴ് ഉച്ചാരണമാണ് ആവശ്യമെന്ന പരാമർശവും അദ്ദേഹം നടത്തുന്നുണ്ട്. അതി നാൽത്തന്നെ നന്നൂൽസൂത്രങ്ങളെ കേരളപാണിനീയത്തിൽ അനുഗമിക്കുന്നുണ്ട്. ഐ = അ + ഇ അല്ലെങ്കിൽ അ + യ്, ഔ = അ + ഉ അല്ലെങ്കിൽ അ + വ് എന്നിങ്ങ നെയാണവ. അതിനാൽ സംസ്കൃതപക്ഷത്തെ കേരളപാണിനി പിന്നീട് നിരാകരി ക്കുന്നുണ്ടെന്ന് ആന്റണി കണ്ടെത്തുന്നു. അഗ്രാന്തരിതസ്വരം (Front Mid Vowel), മൂലാന്തരിതസ്വരം (Back Mid Vowel) എന്നീ ആധുനികസാങ്കേതികസംജ്ഞകൾ ഉപയോഗിച്ചാണ് കേരളപാണിനീയഭാഷ്യകാരൻ എകാര-ഒകാരങ്ങളെ യഥാക്രമം സംജ്ഞീകരിക്കുന്നത്. മലയാളത്തിലെ 'എ, ഏ, ഒ, ഓ' എന്നിവയെ കേവലസ്വര

ങ്ങളായും 'ഐ, ഔ' എന്നിവയെ സംയുക്തസ്വരങ്ങളായും വിഭജിക്കുന്നതാണ് കൂടുതൽ പ്രായോഗികവും ശാസ്ത്രസമ്മതവുമായ അഭിപ്രായമെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. [18]

**വർത്സ്യവർഗം**

സംസ്കൃതാദിഭാഷകളിലില്ലാത്ത വർത്സ്യമെന്ന വർഗ്ഗം തമിഴ് - മലയാളങ്ങളുടെ ഒരു പ്രത്യേകതയാണെന്ന് കേരളപാണിനി നിരീക്ഷിക്കുന്നു. തമിഴ് - മലയാളങ്ങളിലെ '◌'(t യ്ക്കു തുല്യമായ വർത്സ്യം) 'ന' എന്നീ വ്യഞ്ജനങ്ങൾ ആറാമതൊരു വർഗ്ഗമായ വർത്സ്യത്തിന്റെ ഖരാനുനാസികങ്ങളാണ്. ഖരാനുനാസികങ്ങൾ മാത്രമുള്ള തമിഴിൽ അതൊരു പൂർണ്ണവർഗ്ഗമാണ്. മൂർദ്ധന്യത്തിന്റെയും ദന്ത്യത്തിന്റെയും ഇടയിലായി ഇതിന്റെ ധ്വനിമൂല്യം തിട്ടപ്പെടുത്തുകയാണ് അദ്ദേഹം ചെയ്തത്. ഈ വർഗ്ഗത്തെ ആദ്യമായി കണ്ടെത്തി അവതരിപ്പിച്ചത് താനാണെന്ന അവകാശവാദവും ഏ. ആർ ആലങ്കാരികഭാഷയിൽ നടത്തിയിട്ടുണ്ട്. ഡോ. കാൾഡ്വലിന് ഈ വർണ്ണങ്ങളെ സൂക്ഷ്മനിരീക്ഷണം നടത്തി വർഗ്ഗീകരിക്കാനായില്ലെന്ന ആരോപണവും ഉന്നയിക്കുന്നു. എന്നാൽ വർത്സ്യവർഗ്ഗത്തെക്കുറിച്ച് ആദ്യം നിരീക്ഷണം ചെയ്ത് രേഖപ്പെടുത്തിയിട്ടുള്ളത് ഡോ. ഗുണ്ടർട്ടാണെന്ന് അദ്ദേഹത്തിന്റെ നിഘണ്ടുവിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ ആന്റണി സമർത്ഥിക്കുന്നു. [19]

**രേഫറകാരഴകാരങ്ങൾ**

മലയാളമധ്യമങ്ങളിൽ യവകൾ യഥാക്രമം താലവ്യവും ഓഷ്ഠ്യവുമാണെന്ന് മിക്ക ഭാഷാശാസ്ത്രജ്ഞരും അഭിപ്രായപ്പെട്ടിരിക്കുന്നു. അതിനാൽ അഭിപ്രായഭേദങ്ങൾ ഒരുപാട് നിലനിൽക്കുന്ന മറ്റു മധ്യമങ്ങളെയും അവയുടെ ധ്വനിമൂല്യങ്ങളെയുമാണ് ആന്റണി ചർച്ചയ്ക്കെടുക്കുന്നത്. 'ര, റ, ഴ' എന്നിവ ഉച്ചരിക്കുമ്പോൾ നാവ് തൊടുന്ന സ്ഥാനം, രീതി, നാവിന്റെ ഭാഗം എന്നിവയിൽ വ്യത്യാസമുണ്ടെന്ന് നിരീക്ഷിക്കുന്ന കേരളപാണിനിക്ക് സംസ്കൃതപക്ഷപാതത്താൽ അവയെ മൂർദ്ധന്യവിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടിവന്നു. രേഫത്തെ താലവ്യമായും റകാരത്തെ മൂർദ്ധന്യമായും ഴകാരത്തെ മൂർദ്ധന്യതാലവ്യമായും ഭിന്നധ്വനിമൂല്യങ്ങളോടെ ഗുണ്ടർട്ട് തന്റെ നിഘണ്ടുവിൽ തരംതിരിക്കുന്നുണ്ട്. എങ്കിലും ഇവയുടെ മൂല്യനിർണയനത്തിൽ ഗുണ്ടർട്ട് വിജയിച്ചിട്ടില്ലെന്ന് ആന്റണി പറയുന്നു. രകാരറകാരങ്ങൾക്ക് ക്രമത്തിൽ വർത്സ്യം, മൂർദ്ധന്യം എന്നീ ഉച്ചാരണമൂല്യങ്ങളാണ് ആറ്റൂർ നൽകുന്നത്. ളകാരത്തിന്റെ വികാരമായും, ളകാരത്തെ കുറെക്കൂടി മൃദുപ്പെടുത്തി ഉച്ചരിക്കുന്നതായും ഴകാരോച്ചാരണത്തെ ആറ്റൂർ കാണുന്നു. എൽ. വി. ആർ, കാമിൽ സ്വെലബിൽ തുടങ്ങിയവർ രേഫത്തെ വർത്സ്യമായും റകാരഴകാര

ങ്ങളെ മൂർദ്ധന്യമായും പരിഗണിച്ചിരിക്കുന്നുവെന്നാണ് ആന്റണി അഭിപ്രായപ്പെടുന്നത്. എൽ. വി. ആറിന്റെയും സ്വെലബിലിന്റെയും രേഫഴകാരമൂല്യനിർണയനങ്ങളെ സി.എൽ.ആന്റണി അംഗീകരിക്കുന്നു. എന്നാൽ റകാരത്തെ മൂർദ്ധന്യമായി കാണുന്ന അവരുടെ നിലപാടിനെ നിരാകരിക്കുന്നു. നവീന ധ്വനിവിജ്ഞാനീയചിന്തകളെ ആധാരമാക്കി റകാരം വർത്സ്യപരസ്ഥാനീയമായ സ്ഫുരിത (post - alveolar trill) മാണെന്ന് അദ്ദേഹം സമർത്ഥിച്ചിരിക്കുന്നു. [20]

**ലകാരളകാരങ്ങൾ**

ലകാരളകാരങ്ങളുടെ മൂല്യനിർണ്ണയനത്തിലാണ് കേരളപാണിനി അമ്പേ പരാജയപ്പെട്ടിരിക്കുന്നതെന്നാണ് ആന്റണിയുടെ വീക്ഷണം. ലകാരത്തെ ദന്ത്യവും ളകാരത്തെ ആദ്യം മൂർദ്ധന്യം പിന്നീട് വർത്സ്യം എന്നിങ്ങനെയാണ് കേരളപാണിനി വിശദീകരിക്കുന്നത്. കൃത്യമായ ധ്വനിനിർണ്ണയനത്തിന്റെ പോരായ്മയാൽ സന്ധികാര്യങ്ങളിലും അദ്ദേഹത്തിന് തെറ്റ് സംഭവിച്ചു. മലയാളത്തിലെ സന്ധിപ്രക്രിയകളിൽ സവർണ്ണനനയത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയിട്ടും അദ്ദേഹത്തിന് ലകാരം വർത്സ്യമാണെന്നു കാണാൻ കഴിയാത്തതിനെപ്പറ്റിയാണ് ആന്റണി ചിന്തിക്കുന്നത്. തന്നെയുമല്ല മലയാളത്തിലെ ലകാരത്തിന് അതിനില്ലാത്ത ദന്ത്യമൂല്യം നൽകിയതിനാൽ ആദേശസന്ധിയുടെ വിവരണങ്ങളിൽ ആവശ്യമില്ലാത്ത 'വിനാമം, ഉന്നാമം' എന്നീ അബദ്ധപ്രക്രിയകളെ സങ്കൽപിക്കേണ്ടിവന്നതായും കേരളപാണിനീയഭാഷ്യകാരൻ മനസ്സിലാക്കുന്നു. *Malayalam phonetics* എന്ന കൃതിയിൽ ലകാരത്തെ വർത്സ്യവും ളകാരത്തെ മൂർദ്ധന്യവുമായി എൽ. വി. ആർ. മൂല്യനിർണയനം ചെയ്യുന്നുണ്ട്. ആധുനികഭാഷാശാസ്ത്രജ്ഞരും എൽ. വി. ആർ. നടത്തുന്ന നിരീക്ഷണങ്ങൾ ഉള്ളവരാണ്.

മലയാളമധ്യമങ്ങളുടെ മൂല്യനിർണ്ണയനത്തിൽക്കാണുന്ന കുഴപ്പങ്ങൾക്കുള്ള കാരണങ്ങളും ആന്റണി കണ്ടെത്തുന്നുണ്ട്. 'ര, റ, ഴ, ല, ള' എന്നീ മധ്യമവർണങ്ങളുടെ ഉച്ചാരണസ്ഥാനങ്ങളെല്ലാം വർത്സ്യത്തിന്റെയും മൂർദ്ധന്യത്തിന്റെയും ഇടയിലാണ് വരുന്നത്. ഏതാണ്ട് ഒരേ മണ്ഡലത്തിലെ സൂക്ഷ്മസ്ഥാനഭേദങ്ങളെ നവീനോപകരണങ്ങളുടെ സഹായത്താൽമാത്രമെ വിശദീകരിക്കാനാവുകയുള്ളൂ. ഉപകരണസിദ്ധമായ ധ്വനിനിർണ്ണയനത്തിന്റെ ആവശ്യകതയാണ് ആന്റണി മുന്നോട്ടുവെയ്ക്കുന്നതെന്നു കാണാം. സൂക്ഷ്മഭേദങ്ങളെ ഉപേക്ഷിച്ചുകൊണ്ട് മലയാളമധ്യമങ്ങളെ വർത്സ്യവർഗം (ര, ല, റ) മൂർദ്ധന്യവർഗം (ഴ, ള) എന്നാണ് അദ്ദേഹം വിഭജിക്കുന്നത്. അവയുടെ ധ്വനിമൂല്യം സൂക്ഷ്മമായി കുറിക്കുകയും ചെയ്തിരിക്കുന്നു [21] :

**I. വർത്സ്യവർഗ്ഗം**

(1) ര - വർത്സ്യപൂർവ്വലഘുസ്ഫുരിതം (Pre-alveolar one flap trill)

(2) ല - ശ്വാസിയായ വർത്സ്യപാർശ്വികം (Voiceless alveolar lateral)

(3) റ - വർത്സ്യപരസ്ഥാനീയമായ സ്ഫുരിതം (Post-alveolar trill)

**II. മൂർദ്ധന്യവർഗം**

(1) ഴ - മൂർദ്ധന്യപ്രവാഹി (Retroflex continuant)

(2) ള - മൂർദ്ധന്യപാർശ്വികം (Retroflex Lateral)

### 2.1.3. സി. എൽ. ആന്റണിയുടെ വർണ്ണമാലയ്ക്കു ശേഷമുണ്ടായ മലയാളവർണ്ണ വിചാരങ്ങൾ

#### 2.1.3.1. വ്യാകരണവിവേകം - എൻ. എൻ. മൂസ്സത് (1984)

ആധുനികസ്വനവിജ്ഞാനത്തിന്റെയും സ്വനിമവിജ്ഞാനീയത്തിന്റെയും വെളിച്ചം കൂടുതൽക്കൂടുതലായി സ്വാംശീകരിക്കാൻ ഉന്നതവിദ്യാഭ്യാസം അവസര മൊരുക്കി. അത് വർണ്ണവിചാരത്തെ കൂടുതൽ ഉയർന്ന പടവുകളിലേക്ക് നയിച്ചു. അതിന്റെ ഫലമായി രൂപപ്പെട്ട ചില പാഠങ്ങളെ മാത്രം തുടർന്നു പരിശോധിക്കുന്നു. ഇത് ഈ മേഖലയിൽ ഉണ്ടായ തുടർച്ചകളുടെ സ്വഭാവം വെളിവാക്കുന്നതിനുവേണ്ടിയാണ്.

സ്വരങ്ങളെ താലവ്യ-ഓഷ്ഠ്യവിഭാഗങ്ങളിലായി തരംതിരിക്കുന്നത് പൊതുവെ ആധുനികസ്വനവിജ്ഞാനതത്വങ്ങൾക്ക് യോജിച്ചതല്ലെന്നാണ് മൂസ്സതിന്റെ അഭിപ്രായം. സ്വരോച്ചാരണത്തിൽ ചുണ്ട്, നാവ് എന്നിവയുടെ സ്ഥിതിയാണ് ആധാരമാക്കേണ്ടതെന്നും അതിനനുസൃതമായി നിമ്നം, മദ്ധ്യം, ഉച്ചം, അഗ്രം, കേന്ദ്രം, വർത്തുളിതം എന്നീ പേരുകൾ നൽകണമെന്നുമാണ് അദ്ദേഹത്തിന്റെ നിലപാട്.[22] അതേസമയം ഈ താലവ്യ- ഓഷ്ഠ്യവിചാരങ്ങളിൽനിന്ന് ഒഴിഞ്ഞുനിൽക്കാൻ അദ്ദേഹത്തിനും കഴിയുന്നില്ലെന്നതാണ് വാസ്തവം. ചരിത്രപരമായ പരിണാമത്തെ വെളിപ്പെടുത്തിക്കൊണ്ട് അതിനു മുന്നോട്ടുപോകാൻ കഴിയുന്നുണ്ടെന്നത് ശ്രദ്ധേയമാണ്. അകാരത്തെ സംബന്ധിച്ച മൂസ്സതിന്റെ വിശകലനം അതിന് ഒരു ഉദാഹരണമാണ്.

**(1) അകാരം**

മലയാളത്തിലെ അകാരം കൂടുതൽ സംവൃതവും താലവ്യരഞ്ജിതവുമാണ്. തമിഴ്-തെലുങ്ക് ഭാഷകളിൽ വിവൃതസ്വഭാവമാണ് അകാരം കൂടുതൽ പ്രകടിപ്പിക്കുന്നത്.

| **മലയാളം** | **തമിഴ്** |
|---|---|
| ചന്ദ്രിക + ക്ക് = ചന്ദ്രികയ്ക്ക് | ചന്ദ്രിക + ക്ക് = ചന്ദ്രികാവുക്ക് |
| അമ്മ + ക്ക് = അമ്മയ്ക്ക് | അമ്മ + ക്ക് = അമ്മാവുക്ക് |
| ഉമ + ഉടെ = ഉമയുടെ | ഉമ + ഉടൈയ = ഉമാവുടൈയ |
| അ + ആൾ = അയാൾ | അ + ആൾ = അവാൾ |
| പല + ആൾ = പലയാൾ (മൂസ്സത്, 1984: 29) | പല + ആൾ = പലവാൾ (മൂസ്സത്, 1984: 30) |

പദാന്ത്യമായ അകാരത്തിനുള്ള ധ്വനിമൂല്യം ഇരുഭാഷകളിലും വളരെയേറെ ഭേദങ്ങളോടെ വരുന്നു. വഴി + ക്ക് = വഴിയ്ക്ക്, വഴി + ഉടെ = വഴിയുടെ എന്നിവയിലെ ഇകാരത്തിനും മേൽപറഞ്ഞ പരപ്രത്യയങ്ങൾ ചേരുമ്പോൾ യകാരം വരുന്നതാണ് സന്ധിയിൽ കാണുന്നത്. അകാരത്തിനും ഇകാരത്തിനും മലയാളഭാഷയിൽ ധർമ്മപരമായ ചാർച്ചയുണ്ടെന്നാണ് മൂസ്സതിന്റെ നിഗമനം. *ലീലാതിലക*ത്തിലെ 'അവ്വഴക്', *രാമചരിത*ത്തിലെ 'അവ്വളവ്' എന്നീ രൂപങ്ങൾ ആധുനികമലയാളത്തിലില്ല എന്നതിനാൽ താലവ്യരഞ്ജിതമായ അകാരത്തിലേക്കുള്ള പരിവർത്തനം ക്രമികവും ചരിത്രപരവുമാണെന്ന് മൂസ്സത് വിലയിരുത്തുന്നു. [23]

**(2) സംവൃതോകാരം**

സംവൃതോകാരത്തെ സ്വതന്ത്രസ്വരമായി കാണുന്ന സമീപനമായിരുന്നല്ലോ സി. എൽ. ആന്റണി പ്രകടിപ്പിച്ചത്. സമാനമായ വീക്ഷണമാണ് പി. കെ. നാരായണപിള്ളയ്ക്കും ഉണ്ടായിരുന്നത്. ഇവരുടെ അഭിപ്രായത്തെ മൂസ്സത് നിരാകരിക്കുന്നു. ഇത് സ്വതന്ത്രസ്വരമല്ലെന്നും ഉകാരത്തിന്റെ ഒരു ഉച്ചാരണഭേദം മാത്രമാണെന്നും കല്പിക്കുന്നു. താഴെപ്പറയുന്ന ചില വസ്തുതകളുടെ പിൻബലത്തോടെയാണ് തന്റെ നിരീക്ഷണം മൂസ്സത് സമർത്ഥിക്കുന്നത്.

- പദാന്തത്തിൽ മാത്രമാണ് കാണപ്പെടുന്നത്.

- പ്രതിജ്ഞാപകസ്വരമെന്നനിലയിൽ സാർവ്വത്രികമായി ഭാഷയിൽ പ്രചാരത്തിലുണ്ട്.അന്യഭാഷകളിൽനിന്ന് ശുദ്ധവ്യഞ്ജനാന്തശബ്ദങ്ങൾ കടമെടുക്കുമ്പോഴെല്ലാം സംവൃതാന്തങ്ങളായി മാറ്റുകയാണ് ചെയ്യാറുള്ളത്. (വാക്ക്, ബുക്ക്)

- വ്യഞ്ജനം പരമാകുമ്പോൾ പോലും അത് വിവൃതോകാരമാകുന്നു. (നാടുവിട്ടു, കെട്ടുകഥ)

- ഇതര ദ്രാവിഡഭാഷകളിലും ഇതേ ആവശ്യത്തിനു പദാവസാനത്തിൽ ചേർക്കാറുള്ളത് ഉകാരം (വിവൃതം) തന്നെയാണ്. (തെലുഗു:- മനമു, നാദമു; കന്നട:- ഹാലു)

- കേരളപാണിനി ചൂണ്ടിക്കാട്ടുന്ന വേലു - വേലു്, ചങ്കു - ചങ്കു് എന്നിവ തീരെ ബലമില്ലാത്ത അല്പവ്യത്യയജോടികളാണ്. ചുരുക്കം ചില സംജ്ഞാനാമങ്ങൾ മാത്രമാണ് ഇങ്ങനെ നിർദ്ദേശിക്കാവുന്നത് (തമിഴിൽ 'മുത്തു' തുടങ്ങിയ സംജ്ഞാനാമങ്ങൾകൂടി 'മുത്ത്' എന്നിങ്ങനെ സംവൃതാന്തമായിത്തന്നെയാണ് ഉച്ചരിക്കുക). മുറ്റുവിനയും മുൻവിനയെച്ചവും തമ്മിലുള്ള വ്യത്യാസം കുറിക്കുന്നതും ഉകാരത്തിന്റെ സംവൃതവിവൃതഭേദമല്ല. ചെന്നുപറഞ്ഞു, കണ്ടുനിന്നു, ഉരുണ്ടുവീണു എന്നിവയിൽ വിനയെച്ചവും മുറ്റുവിനയും വ്യവച്ഛേദിച്ചറിയുന്നത് മുൻപിൻ സ്ഥിതി കൊണ്ടുമാത്രമാണെന്നും മുൻവിനയെച്ചവും മുറ്റുവിനയും തമ്മിലുള്ള ബന്ധം വിന്യാസക്രമപരമാണെന്നും രൂപാവലീസംബന്ധിയല്ലെന്നും പറയുന്നു.

- ഗുണ്ടർട്ട് ഇതിനെ 'അരയുകാരം' അഥവാ 'ഉകാരക്കുറുക്കം' എന്നും വിവൃതമായ ഉകാരത്തെ 'മുറ്റുകാരം' എന്നും വിളിക്കുന്നു. 'സകലസ്വരങ്ങളിലും ലഘുവായിട്ടുള്ളത്' എന്നാണ് ഗുണ്ടർട്ട് ഇതിനെ വിശേഷിപ്പിക്കുന്നത്. [24]

- തമിഴിലും 'കുറ്റിയൽ ഉകരം' എന്നുതന്നെയാണ് സംജ്ഞ.

- കേരളപാണിനി കൊടുക്കുന്ന 'നാടുവിട്ടു നടന്നിട്ടു കാടുപുക്കുവസിച്ചിതു'എന്ന ഉദാഹരണത്തിലെ എല്ലാപദങ്ങളും ഒറ്റയ്ക്കെടു

ത്താൽ സംവൃതാന്തമായാണ് ഉച്ചരിക്കുന്നതെങ്കിലും ഒന്നിച്ചു നിൽക്കുമ്പോൾ എഴുത്തിലും ഉച്ചാരണത്തിലും വിവൃതംതന്നെ. ചുരുക്കത്തിൽ, പദം തനിച്ചുനിൽക്കുമ്പോൾ മാത്രമേ ഈ ഉച്ചാര ണഛായയുള്ളൂ.

- ശേഷഗിരിപ്രഭുവും ഇതിനെ ഉകാരത്തിന്റെ വകഭേദമായിത്തന്നെ ഗണിച്ചിരിക്കുന്നു. പദാന്ത ഉകാരം രണ്ടുവിധമെന്ന് പറയുന്നു: വിവൃതം - സംവൃതം.

- ലീലാതിലകകാരനും ഇതിനെ ഉകാരത്തിന്റെ സംവൃതരൂപമായി നിർദ്ദേശിക്കുന്നു. വരക് + ഇല്ല = വരകില്ല, അത് + ഇല്ല = അതില്ല എന്നിങ്ങനെ സംവൃതോകാരത്തിന്റെ നിത്യലോപത്തെ വിശദീകരിക്കുന്നു. [25]

### (3) സമാനാക്ഷരങ്ങളും സന്ധ്യക്ഷരങ്ങളും

അ, ഇ, ഉ, എ, ഒ എന്നീ അഞ്ചുസ്വരങ്ങളെ മലയാളത്തിൽ സ്വതന്ത്രപദവി നൽകേണ്ട സ്വനിമങ്ങളായി മൂസ്സത് കണക്കാക്കുന്നു. ചുണ്ട്, നാവ് എന്നിവയുടെ സ്പർശസ്വഭാവം, സ്പർശസ്ഥാനം എന്നിവയ്ക്കനുസൃതമായി അവയെ ആധുനിക ഭാഷാശാസ്ത്രദൃഷ്ട്യാ വിഭജിക്കുന്നു.

| | അഗ്രസ്വരം<br>അവർത്തുളിതം | കേന്ദ്രസ്വരം | പശ്ചസ്വരം<br>വർത്തുളിതം |
|---|---|---|---|
| ഉച്ചം | ഇ, ഈ | | ഉ, ഊ |
| മദ്ധ്യം | എ, ഏ | | ഒ, ഓ |
| നിമ്നം | | അ, ആ | |

(1984: 18)

കേരളപാണിനി സന്ധ്യക്ഷരങ്ങളായി പരിഗണിക്കുന്ന ഐ, ഔ എന്നിവയെ 'അക്ഷരകേന്ദ്രം' എന്ന സങ്കല്പനവുമായി ബന്ധപ്പെടുത്തിയാണ് മൂസ്സത് അവതരിപ്പിക്കുന്നത്. ''അക്ഷരകേന്ദ്രത്തെ ഒരു സ്വരമെന്നോ ഒരു സ്വരവും പിന്തുടരുന്ന ഒരർദ്ധസ്വരവുമെന്നോ നിർവ്വചിക്കാം''(1984: 18) എന്ന ഗ്ലീയേഴ്സൺ-ന്റെ നിർവ്വചനത്തെ അടിപ്പടവായെടുത്ത് (Gleason - *An Introduction to Descriptive Linguistics*)[26] ഐ, ഔ എന്നിവ ആ വിഭാഗത്തിൽ വരുന്നതായി മൂസ്സത് പ്രസ്താവിക്കുന്നു.

'അയ്, അവ്, അഹ്' എന്നിവയെ മലയാളഭാഷയിലെ അക്ഷരകേന്ദ്രങ്ങ ളായി അദ്ദേഹം പരിഗണിക്കുന്നു. കായ്, തീയ്, പൂവ്, നാവ് (അയ്-അവ്); സംസ്കൃതതൽസമങ്ങളിൽ വിസർഗ്ഗം വരുന്നിടത്ത് 'ഹ'കാരം നൽകി സ്വീകരിക്കു ന്നവ (അഹ്) എന്നീ ഉദാഹരണങ്ങളും നൽകുന്നു. അതിന്റെ അടിസ്ഥാനത്തിൽ 'കൈ-കയ്' എന്നിവയ്ക്ക് ഭേദമില്ലെന്നു വരുന്നു. അതിനാൽ അ + ഇ = ഐ, അ + ഉ = ഔ എന്നീ സന്ധ്യക്ഷരസങ്കൽപനങ്ങൾ ആവശ്യമില്ലെന്നും 'അ + യ് = ഐ, അ + വ് = ഔ' എന്നിവയാണ് സംഗതമായതെന്നും അദ്ദേഹം സമർത്ഥിക്കുന്നു. [27]

### (4) മറ്റു വർണ്ണങ്ങളുടെ ധ്വനിമൂല്യം

സി.എൽ. ആന്റണി ചർച്ച ചെയ്യുന്ന മറ്റുചില വർണങ്ങളെ മൂസ്സത് ധ്വനിമൂ ല്യനിർണ്ണയനം നടത്തിയിട്ടുള്ളതെങ്ങനെയെന്നു നോക്കാം.

ള, ഴ → മൂർദ്ധന്യങ്ങൾ ; ല, റ, ഩ → വർത്സ്യങ്ങൾ; ര → ദന്ത്യവർത്സ്യം എന്നി ങ്ങനെ സ്പർശസ്ഥാനത്തിനനുസരിച്ചും ള, ല → പാർശ്വികം [28] ; റ, ര → ഉൽക്ഷിപ്തം [29] ; ഴ → പ്രവാഹി [30]; ഩ→അനുനാസികം എന്ന രീതിയിൽ സ്പർശ സ്വഭാവത്തെ മുൻനിർത്തിയും വർഗ്ഗീകരിച്ചിരിക്കുന്നു (1984:16-17).

മൂസ്സത് തന്റെ വർണ്ണനിർണ്ണയനത്തിന് അവലംബമാക്കുന്നത് ആധു നികഭാഷാശാസ്ത്രവീക്ഷണങ്ങളാണെന്നു പറയാം. പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിലുമായി വികസിച്ചുവന്ന ആധുനികഭാഷാശാസ്ത്രത്തിന്റെയും വിശേഷിച്ച് സ്വന-സ്വനിമവിചാരത്തിന്റെയും വെളിച്ചമാണ് ഈ പരിണാമത്തിന് സഹായകമായത്.

### 2.1.3.2. കൈരളീശബ്ദാനുശാസനം - സുകുമാരപിള്ള (1980)

വർണ്ണവിചാരം, വർണ്ണങ്ങൾ : വിതരണവും വികാരവും എന്നീ അധ്യായങ്ങ ളിലായി വർണ്ണങ്ങളെ സംബന്ധിച്ച സൂക്ഷ്മപഠനങ്ങൾ നിർവ്വഹിച്ചിട്ടുള്ള ഗ്രന്ഥ മാണ് *കൈരളീശബ്ദാനുശാസനം*. ശബ്ദോല്പാദനത്തിൽ മുഖ്യസ്പർശനോപക രണമായി പ്രവർത്തിക്കുന്ന നാവ് സ്പർശിക്കുന്ന സ്ഥാനത്തിനനുസരിച്ച് വ്യത്യസ്ത വർണ്ണങ്ങൾ ഉണ്ടാകുന്നു. സ്വരോച്ചാരണത്തിൽ സ്പർശം ഇല്ലെങ്കിലും ചില പ്രത്യേകസ്ഥാനങ്ങളോട് അവയ്ക്ക് ബന്ധമുണ്ടെന്നാണ് സുകുമാരപിള്ള യുടെ നിരീക്ഷണം. വായുടെ മേൽത്തട്ടിന്റെ വിവിധ ഭാഗങ്ങളായ കണ്ഠം, താലു, മൂർദ്ധാവ്, വർത്സം (ഇതിനെ സംസ്കൃതവ്യാകരണം പരിഗണിക്കുന്നില്ല) എന്നി വയും മേൽവരിപ്പല്ലും ചുണ്ടുകളും മറ്റുമാണ് സ്പർശസ്ഥാനങ്ങളെന്നും ആ ഭാഗ ങ്ങളിൽ മുഖ്യസ്പർശനോപകരണമായ നാവ് തൊടുന്നതിനനുസരിച്ചുള്ള വർണ്ണ വികാരങ്ങളും വിവരിക്കുന്നു.

കേരളപാണിനീയഭാഷ്യകാരൻ ചർച്ചയ്ക്കെടുക്കുന്ന ഏതാനും വർണ്ണങ്ങളെ സുകുമാരപിള്ളയുടെ ചിന്തകളുമായി ചേർത്തുവായിക്കാവുന്നതാണ്. കണ്ഠംമുതൽ ഓഷ്ഠംവരെയായി ഉച്ചാരണസ്ഥാനങ്ങളെ നിർണ്ണയിക്കുന്ന ഭാരതീയവർണമാലവ്യവസ്ഥയെ നിരാകരിക്കുന്നതിനൊപ്പം വായുടെ മുൻഭാഗത്തു നിന്ന് പിറകിലോട്ട് വർണ്ണങ്ങളുടെ ക്രമം നിജപ്പെടുത്തിയിരിക്കുന്നു.

ഇ, ഈ, എ, ഏ, അ, ആ, ഒ, ഓ, ഉ, ഊ, ഉ് → 11 സ്വരങ്ങൾ

പ - മ, ത-ന, റ-ന, ട-ണ, ക-ങ → 12 വർഗ്യങ്ങൾ

ല, ള - പാർശ്വികങ്ങൾ (2)

ര - ഉൽക്ഷിപ്തം (1)

വ, യ, ഴ - പ്രവാഹികൾ (3)

} 18

(സുകുമാരപിള്ള, 1980: 28-30)

ഇത്തരത്തിൽ പതിനൊന്നുസ്വരങ്ങളും പതിനെട്ടു വ്യഞ്ജനങ്ങളും ഉൾപ്പെടെ തനി മലയാളവർണങ്ങൾ ഇരുപത്തൊമ്പതായി സുകുമാരപിള്ള വ്യവസ്ഥചെയ്യുന്നു.[31] എന്നാൽ 'കൈരളീവർണ്ണമാല' എന്ന ഭാഗത്ത് സംസ്കൃത-മലയാളങ്ങളിൽ കാണുന്ന സാമാന്യവർണ്ണങ്ങളെക്കൂടി പരിഗണിച്ചുകൊണ്ടാണ് അദ്ദേഹം വർണ്ണമാലയുടെ പട്ടിക നൽകുന്നത്. മേല്പറഞ്ഞ 'തനിമലയാളവർണ്ണങ്ങ'ൾക്കൊപ്പം സ്വരങ്ങളുടെ കൂടെ ഋ, അതിന്റെ ദീർഘം, സന്ധിസ്വരങ്ങളായ ഐ, ഔ എന്നിവയെയും വ്യഞ്ജനങ്ങളിൽ അതിഖരമൃദുഘോഷങ്ങളെയും (ഫ, ബ, ഭ; ഥ, ദ, ധ; ഠ, ഡ, ഢ; ഛ, ജ, ഝ; ഖ, ഗ, ഘ) സംഘർഷികളെയും (സ, ഷ, ശ, ഹ) ചേർത്ത് ആകെ അമ്പത്തിരണ്ട് വർണ്ണങ്ങളെ 'കൈരളീവർണമാല'യിൽ അദ്ദേഹം ഉൾപ്പെടുത്തുന്നു. [32]

**1. അകാരം**

ജിഹ്വാമൂലം കണ്ഠത്തെ സ്പർശിക്കുമ്പോഴുണ്ടാകുന്ന വർണ്ണമായി അകാരം വരുന്നതിനാൽ 'കണ്ഠ്യ'മായി അതിനെ പരിഗണിക്കുന്നു. തട + ഉന്നു = തടയുന്നു/തടവുന്നു-എന്നിങ്ങനെ സ്വരം പരമാകുമ്പോൾ വിസന്ധി പരിഹരിക്കാനായി യകാരവകാരങ്ങളെ സ്വീകരിക്കുന്ന അകാരങ്ങൾ വ്യത്യസ്തരീതിയിലാണ് പെരുമാറുന്നത്. അതിനാൽ ഗുണ്ടർട്ട് അവയെ ശുദ്ധം-താലവ്യം എന്നു വിഭജിച്ചു. ഇത്തരത്തിൽ സന്ധിയിലെ സ്വഭാവസവിശേഷതയ്ക്കൊത്ത് ഗുണ്ടർട്ട് വിധിക്കുന്ന അകാരവിഭജനവും സംസ്കൃതവൈയാകരണന്മാരെ അനുകരിച്ചുള്ള കണ്ഠ്യമെന്ന മൂല്യനിർണ്ണയനവും *കേരളപാണിനീയ*ത്തിലെ അകാരമൂല്യനിർണ്ണയത്തെ സങ്കീർണമാക്കിയെന്നാണ് സുകുമാരപിള്ള നിരീക്ഷിക്കുന്നത്.[33] തന്നെയുമല്ല ഓഷ്ഠ്യസ്വരങ്ങൾക്കുശേഷമേ വകാരാഗമം ഭാഷയിലുള്ളൂ എന്നു പ്രസ്താവിക്കുന്ന

ഏ. ആറിന് അകാരത്തിനുശേഷവും വകാരാഗമം വരുന്ന സന്ദർഭങ്ങൾ സൂചിപ്പിക്കേണ്ടിവന്നപ്പോൾ അകാരത്തെ ഓഷ്ഠ്യമെന്ന് നിർണ്ണയിക്കേണ്ടതായി വന്നെന്നും സുകുമാരപിള്ള പറയുന്നു. സന്ധിപ്രകരണത്തിൽ ആഗമസന്ധിയിലെ ആദ്യകാരികയ്ക്ക് നൽകുന്ന വിശദീകരണങ്ങളിൽ 'ഓഷ്ഠ്യങ്ങളായ അ, ആ' എന്നിവയ്ക്ക് സന്ധിയിൽ വകാരാഗമം വരുന്ന ഉദാഹരണങ്ങൾ {തട + ഉന്നു = തടവുന്നു (ഓഷ്ഠ്യ അകാരം), കര + ഉള്ള = കരയുള്ള (താലവ്യ അകാരം), ചാ + ഉന്നു = ചാവുന്നു (ഓഷ്ഠ്യ ആകാരം), പോരാ + ഇത് = പോരായിത് (താലവ്യ അകാരം) } കേരളപാണിനി നൽകുന്നുണ്ട്.[34] സംസ്കൃതവ്യാകരണരീതിപ്രകാരം കണ്ഠ്യമായ അകാരം, വിസന്ധിപരിഹാരത്തിനായി ശുദ്ധം-താലവ്യം-ഓഷ്ഠ്യം എന്നരീതിയിൽ അകാരമൂല്യനിർണ്ണയനത്തിൽ ചില പിശകുകൾ ഏ. ആറിന് സംഭവിച്ചിട്ടുണ്ടെന്ന് സുകുമാരപിള്ള അഭിപ്രായപ്പെടുന്നു. "ചുരുക്കത്തിൽ പ്രൊ(ഫ). സി. എൽ. ആന്റണി ചൂണ്ടിക്കാണിക്കുമ്പോലെ രണ്ടുതരം പെരുമാറ്റമാണു പ്രശ്നമെങ്കിലും അകാരത്തിന്റെ വിവരണം നാലുതരത്തിലായി'' (1980 : 108) കേരളപാണിനീയഭാഷ്യകാരന്റെ നിഗമനവും അതോടൊപ്പം സുകുമാരപ്പിള്ള ചേർത്തുവെയ്ക്കുന്നുണ്ട്.

വാസ്തവത്തിൽ അകാരത്തിന് ഒരു സ്വഭാവവിശേഷവും ഇല്ലെന്നും പൂർവ്വ തമിഴ്-മലയാളദശയിലെ ഐകാരം(അയ്) കുറുകിയുണ്ടായ പ്രകൃത്യന്താകാരമാണ് അതെന്നും സുകുമാരപിള്ള വീക്ഷിക്കുന്നു.[35] പദാന്തയകാരം(അയ്) ലോപിക്കുകയും സ്വരം ചേരുമ്പോൾ യകാരമായി തെളിയുകയും ചെയ്യുന്നു. അല്ലാതെ യകാരവകാരാഗമം നടക്കുന്നില്ലെന്നും അകാരം അക്കാര്യത്തിൽ ഉദാസീനമാണെന്നും പറയുന്നു. ആധുനികഭാഷാശാസ്ത്രപഠനങ്ങളിൽ അകാരത്തെ വിവൃതസ്വരമായാണ് പരിഗണിക്കുന്നതെന്നും വിവരിക്കുന്നു.

**2. സംവൃതോകാരം**

സംവൃതോകാരത്തെകുറിച്ചുള്ള പൂർവ്വധാരണകളെ സംഗ്രഹിക്കുകയും അതിന്റെ സാംഗത്യം പരിശോധിക്കുകയുമാണ് സുകുമാരപിള്ള ചെയ്യുന്നത്.

| | | |
|---|---|---|
| തൊൽക്കാപ്പിയർ | : | കുറ്റിയലുകരം ഉദാ പാട്, പോത് |
| ലീലാതിലകകാരൻ | : | അർധമാത്രികം |
| ഗുണ്ടർട്ട് | : | അരയുകാരം |
| കേരളപാണിനി | : | സംവൃതോകാരം |
| എൽ. വി. ആർ. | : | കേന്ദ്രസ്വരം [36] (തമിഴിലെ കുറ്റിയലുകരത്തിന്റെ പിൻഗാമിയാണെന്നു പറയുന്നു) |
| കാൽഡ്വെൽ | : | പ്രതിജ്ഞാപകസ്വരം (പദാന്തവ്യഞ്ജനാസഹമായ ദ്രാവിഡഭാഷകളിൽ ഉച്ചാരണക്ഷമതയ്ക്കുവേണ്ടി നിൽക്കുന്ന സ്വരവിശേഷമായതിനാൽ) |

(1980 : 98-99)

മേൽപ്പറഞ്ഞ ആചാര്യന്മാരെല്ലാവരും ഈ സ്വരവിശേഷത്തെ ഉകാരവുമായാണ് ബന്ധപ്പെടുത്തിയിരിക്കുന്നതെന്നും മറ്റുസ്വരങ്ങളോട് എന്തെങ്കിലും ബന്ധമുണ്ടോ യെന്നു പരിശോധിക്കേണ്ടതാണെന്നും പറയുന്നു. അപൂർവ്വമായി അകാരത്തിനും (പിലാ - പിലാവ് - പ്ലാവ്, കനാ - കനവ് - കിനാവ് - ക്നാവ്) അതിലേറെ ഇകാ രത്തിനും (കിളിർത്തു-ക്ള്ർത്തു, പകിട - പക്ട, ഉണ്ണി + നീലി = ഉണ്ണുനീലി, ചിരി + തേവി = ചിരുതേവി) കൂടുതലായി ഉകാരത്തിനും (കുടുങ്ങി - കുട്ങ്ങി, പതുങ്ങി - പത്ങ്ങി, ഉരുൾ-ഉര്ൾ) പകരം കേന്ദ്രസ്വരം നിൽക്കുമെന്നാണ് സുകുമാരപിള്ള സമർത്ഥിക്കുന്നത്. [37]

ഈ സ്വരവിശേഷണത്തിന് അർത്ഥവ്യാവർത്തനശേഷിയുണ്ടെന്ന് കാണി ക്കുന്ന *കേരളപാണിനീയ*ത്തിലെ രണ്ടു സന്ദർഭങ്ങളെ പുനഃപരിശോധിക്കുന്നു.

(i) ഭൂതകാലക്രിയ, മുൻവിനയെച്ചം എന്നിവയെ വ്യാവർത്തിപ്പിക്കാൻ ഉകാര ത്തിന്റെ സ്വരഭേദത്തിനു കഴിയും: കണ്ടു - കണ്ട്

കേരളപാണിനിയുടെ ഈ നിരീക്ഷണം സങ്കൽപനം മാത്രമാണെന്നും വാമൊഴിയിൽ ഉകാരാന്തം കേൾക്കാറില്ലെന്നും വിമർശിക്കുന്നു ('നീ കണ്ടോ?' എന്ന ചോദ്യത്തിന് 'ഞാൻ കണ്ട്' എന്ന ഉത്തരം - അദ്ദേഹത്തിന്റെ ഉദാഹരണമി താണ്) തന്നെയുമല്ല 'വന്നു കണ്ടു -കണ്ടുവന്നു' എന്ന ജോഡിയിൽ ക്രിയാരൂപങ്ങ ളുടെ സ്ഥാനഭേദമാണ് വിനയെച്ച-പൂർണക്രിയകളെ നിർണയിക്കുന്നതെന്നും വിധിക്കുന്നു. ഇകാരാന്തഭൂത ക്രിയാരൂപങ്ങളിൽ (എണ്ണി, നീങ്ങി.....) ഇത്തരം വിവേചനം സാദ്ധ്യമല്ലെന്നും അങ്ങനെ നോക്കുമ്പോൾ ഭൂതകാലക്രിയ- മുൻവിന യെച്ചം എന്നിവയെ നിശ്ചയിക്കാൻ ഉകാരത്തിന്റെ സ്വരഭേദത്തിനു കഴിയുമെന്ന കേരളപാണിനിയുടെ ഉപാധി അപൂർണ്ണമാണെന്നും കൽപിക്കുന്നു.

(ii) വേലു-വേല് എന്നീ ഉദാഹരണങ്ങളിൽ സംജ്ഞാനാമങ്ങൾക്കും സാമാന്യ നാമങ്ങൾക്കും തമ്മിൽ ഭേദം കുറിക്കാൻ കേന്ദ്രസ്വരം പ്രയോജനപ്പെടുന്നു.

ആദ്യകാലങ്ങളിൽ പ്രാകൃതം പോലുള്ള ഭാഷകളിൽനിന്നുള്ള ഭാഷാന്തര സംജ്ഞാസംക്രമണമായാണ് സുകുമാരപിള്ള ഇതിനെ കാണുന്നത്. പ്രാകൃതാദി ഭാഷകളിലെ സംജ്ഞാനാമങ്ങളെ ഇത്തരത്തിൽ ഊകാരാന്തമാക്കൽ (രാമ - രാമൂ, രാജാ - രാജൂ.......) ദ്രാവിഡഭാഷകളിലും പിൽക്കാലത്ത് വ്യാപകമായെന്നും (പൊ ന്നമ്മ - പൊന്നു, കുഞ്ചുണ്ണി - കുഞ്ചു.....) നിരീക്ഷിക്കുന്നു. പ്രഭവം എന്തായാലും മാനകമലയാളഭാഷയിൽ 'ഉണ്ടു - ഉണ്ട്' എന്നീ ക്രിയാരൂപങ്ങളും 'വേലു - വേല്' എന്നീ നാമങ്ങളും അർത്ഥഭേദങ്ങളോടെ നിലവിലിരിക്കുന്നതിനാൽ ''മലയാള ത്തിലെ സ്വനിമപദവിയുള്ള ഒരു സ്വരം തന്നെ ആയിരിക്കട്ടെ കേന്ദ്രസ്വരം'' എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു (1980 : 101-103).

മീത്തൽ[38] ചേർത്ത ഉകാരചിഹ്നത്തെ കേന്ദ്രസ്വരത്തിനു അനുയോജ്യമായ ചിഹ്നമായി സുകുമാരപിള്ള നിശ്ചിക്കുന്നു. അതിന്റെ ഉച്ചാരണസ്ഥാനത്തെയും നിജപ്പെടുത്തുന്നു : ''ഉ് - വായിലെ തിരശ്ചീനമേഖലയിൽ കേന്ദ്രപശ്ചഭാഗങ്ങൾക്കിടയിലും ലംബമേഖലയിൽ സംവൃതാർധവിവൃതസ്ഥിതികൾക്കിടയിലും ഉൽപന്നമാകുന്ന കേന്ദ്രസ്വരം. ദീർഘോച്ചാരണം ഉണ്ടെങ്കിലും ഭിന്നസ്വനിമമല്ല'' (1980 : 108).

### 3. ഐകാരവും ഔകാരവും

'സന്ധിസ്വരങ്ങൾ' എന്ന പദവി നൽകി വൈയാകരണന്മാർ ചർച്ചചെയ്യുന്ന വയാണിത്. ഇവയെപറ്റിയുള്ള മറ്റു വൈയാകരണന്മാരുടെ അഭിപ്രായങ്ങളെ സുകുമാരപിള്ള ക്രോഡീകരിക്കുന്നു.

- **എൽ. വി. ആർ.**

''അയ്, ആയ്, എയ് എന്നീ മൂന്നിനും സന്ധിസ്വരോച്ചാരണമുണ്ടെന്നാണ് എൽ.വി.രാമസ്വാമിഅയ്യരുടെ പക്ഷം (*A Primer of Malayalam Phonology*) 'ആയ്' എന്നതിനെപ്പറ്റി വിശേഷപരാമർശമില്ലെങ്കിൽക്കൂടി 'എയ്' എന്നതിന് മലയാളാക്ഷരമാലയിൽ സ്ഥാനം ലഭിച്ചിട്ടില്ലല്ലോ എന്ന് അദ്ദേഹം എടുത്തുപറയുന്നു. ഔകാരത്തെ തുലോം വിഗണിച്ചിരിക്കുകയുമാണ് അദ്ദേഹം''(1980 : 92)

- **ഡോ. വി. ആർ. പ്രബോധചന്ദ്രൻ**

''എയ്, ഒയ് എന്നു രണ്ടുച്ചാരണങ്ങൾ സംഭാഷണഭാഷയിൽ ഉണ്ടെന്നു പ്രസ്താവിക്കുന്നുണ്ടെങ്കിലും 'ഐ, ഔ' എന്നു രണ്ടെണ്ണത്തെ മാത്രമേ സ്വരമെന്ന പേരിൽ വിവേചിക്കുന്നുള്ളൂ. രണ്ടിനെയും അവരോഹിസന്ധിസ്വരങ്ങൾ (falling diphthongs ) എന്നു തിട്ടപ്പെടുത്തുന്നുമുണ്ട്.''(1980 : 92)

- **പ്രൊഫ. സി. എൽ. ആന്റണി**

''ഐ, ഔ എന്നിവയെ സംയുക്തസ്വരങ്ങളായും വിഭജിക്കുന്നതാവും പ്രയോഗസിദ്ധവും ശാസ്ത്രസമ്മതവുമായ അഭിപ്രായമെന്ന് പ്രൊ(ഫ). സി. എൽ. ആന്റണി ഖണ്ഡിതമായി വിധി എഴുതുന്നു.''(1980 : 92)

- **തൊൽക്കാപ്പിയർ**

''തൊൽക്കാപ്പിയത്തിൽ ഐ, ഔ എന്നീ രണ്ടും ദീർഘസ്വരങ്ങളുടെ പട്ടികയിൽ വന്നിട്ടുണ്ട്.'' (1980 : 92).

ഐകാരത്തിന്റെ സ്വരപദവി കൃത്രിമമാണെന്നാണ് സുകുമാരപിള്ള യുടെ പക്ഷം. ഒരു സന്ധിസ്വരം (അ+ഇ) എന്നതിനേക്കാൾ സ്വരവ്യഞ്ജനയോഗ മെന്ന (അയ്/എയ്) ലക്ഷണമാണ് അതിനിണങ്ങുന്നതെന്നും ആഗമികമായി അതിനു സ്വരമൂല്യം അനുവദിക്കാനില്ലെന്നും പറയുന്നു. ലിപിമാലയിലൂടെ കടന്നു കയറി വ്യാകരണകാര്യങ്ങളിൽ ഇടംപിടിച്ച ഒരിനമായി ഐകാരത്തെ കാണുന്ന ടി. പി. മീനാക്ഷി സുന്ദരന്റെ (*Foreign Models in Tamil Grammar*) അഭിപ്രായത്തെ സുകുമാരപിള്ള അംഗീകരിക്കുന്നു. [39]

''തലയ് ആയാലും തലൈയ് ആയാലും ഉച്ചാരണം ഫലത്തിൽ ഒന്നുതന്നെ. സംസ്കൃതത്തിൽനിന്ന് സ്വരചിഹ്നങ്ങൾ കടമെടുത്തപ്പോൾ എഴുത്തറിയാവുന്നവർ സമാനധ്വനിയുള്ള '-അയ്, -എയ്' എന്നീ രണ്ടിനും പകരം 'ഐ'എന്ന് ഒരു സ്വര ചിഹ്നം ഏർപ്പെടുത്തി'' (1980 : 95) എന്നാണ് സുകുമാരപിള്ള അനുമാനിക്കുന്നത്.

**ഔകാരം**

'അ+വ്വ് = ഔ' എന്നാണ് ഔകാരത്തിന്റെ ഘടനയെന്ന് സുകുമാരപിള്ള പ്രസ്താവിക്കുന്നു. കൃത്രിമസ്വരങ്ങളായി കണക്കാക്കപ്പെടുന്ന ഐ-ഔകാരങ്ങളെ മാത്തനും ഗുണ്ടർട്ടും ഒഴിവാക്കിയതായി അദ്ദേഹം സൂചിപ്പിക്കുകയും ചെയ്യുന്നു.[40]

**ഋകാരവും ഌകാരവും**

സംസ്കൃതത്തിൽപോലും വളരെ വിരളമായി കാണുന്നതാണ് ഌകാരം. സംസ്കൃതപ്രേരണകൊണ്ട് ഉച്ചാരണത്തിലും ലിപിവിന്യാസത്തിലും ഋകാരം ശുദ്ധ മലയാളപദങ്ങളിൽ ഉറച്ചുപോയി. ഭാഷയുടെ ആഗമികപഠനത്തിൽ ഋകാരവും ഌകാരവും വേണ്ട എന്നാണ് സുകുമാരപിള്ളയുടെ അഭിപ്രായം.[41] ഋകാരത്തിന്റെ സ്വരത്വം മലയാളഭാഷയെ സംബന്ധിച്ചിടത്തോളം ഗണ്യമല്ലെന്നും അഭിപ്രായപ്പെടു ന്നു. ''സൂക്ഷ്മമായി പരിശോധിക്കുമ്പോൾ ഋകാരം എന്നത് രേഫവും മധ്യമോന്നതസ്വരവും ചേർന്ന അക്ഷരവും, ഌകാരമാകട്ടെ ലകാരവും അതു പോലെ മധ്യമോന്നതസ്വരവും ചേർന്ന മറ്റൊരക്ഷരവും മാത്രമാണ്'' (1980: 86) എന്ന സി. എൽ. ആന്റണിയുടെ അഭിപ്രായത്തെ എടുത്തുകാട്ടി അതിനോടു യോജിക്കുകയും ചെയ്യുന്നു.

**5. ലകാരളകാരങ്ങൾ**

ഇവയെ 'പാർശ്വികങ്ങൾ' (laterals) എന്ന വിഭാഗത്തിലാണ് ആധുനികഭാ ഷാശാസ്ത്രകാരന്മാർ ഉച്ചാരണപരമായി ഉൾക്കൊള്ളിക്കുന്നതെന്ന് സുകുമാര പിള്ള പറയുന്നു. 'മേൽവരിയിലെ പല്ലിനു സമീപം' എന്നാണ് തൊൽക്കാപ്പിയർ

ലകാരത്തിന്റെ ഉച്ചാരണസ്ഥാനത്തെ തിട്ടപ്പെടുത്തുന്നത്. എൽ. വി. ആർ., സി. എൽ. ആന്റണി, പ്രബോധചന്ദ്രൻ എന്നിവരുടെ അഭിപ്രായങ്ങളെ ക്രോഡീകരിക്കുന്നു.

എൽ. വി. ആർ. → വർത്സ്യപാർശ്വികം

സി. എൽ. ആന്റണി → ശ്വാസിയായ വർത്സ്യപാർശ്വികം

ഡോ. പ്രബോധചന്ദ്രൻ → അതിശ്രവ്യമായ പ്രവാഹിയും അസംഘർഷിയും ദ്വിപാർശ്വികവും

കെ. സുകുമാരപിള്ള → വിശദാംശങ്ങൾ ഉപേക്ഷിച്ചാൽ ഘോഷിയായ വർത്സ്യപാർശ്വികം (1980 : 118).

സംസ്കൃതവ്യാകരണപ്രകാരം ലകാരത്തിന് ദന്ത്യമൂല്യം നൽകുന്ന ദ്രാവിഡപണ്ഡിതന്മാരെ സുകുമാരപിള്ള നിരാകരിക്കുന്നു. ലകാരത്തിന് ദന്ത്യമൂല്യവും ളകാരത്തിന് ആദ്യം മൂർദ്ധന്യമൂല്യവും പിന്നീട് വർത്സ്യമൂല്യവും നൽകുന്ന കേരളപാണിനിയുടെ മൂല്യനിർണയനത്തെ വിമർശിക്കുന്ന സി. എൽ. ആന്റണിയുടെ അഭിപ്രായത്തോട് സുകുമാരപിള്ള യോജിക്കുന്നു.

**ളകാരം**

| | | |
|---|---|---|
| തൊൽകാപ്പിയർ | - | ലകാരത്തിന്റേതിൽനിന്നു വ്യത്യസ്തമായ ഉച്ചാരണസ്ഥാനം കൽപിക്കുന്നില്ല. |
| കേരളപാണിനി | - | സൂക്ഷ്മമായി മൂർദ്ധന്യമൂല്യവും സന്ധിവികാരങ്ങളിൽ വർത്സ്യമായി വരുമെന്നും പറയുന്നു |
| എൽ. വി. ആർ. | - | മൂർദ്ധന്യമൂല്യം |
| ആധുനികധ്വനിശാസ്ത്ര നിരീക്ഷണം | - | മൂർദ്ധന്യപാർശ്വികം. |

വിശദാംശങ്ങളിൽ ലകാരത്തിന്റെ വിശേഷങ്ങളെല്ലാം (ഘോഷി, അതിശ്രവ്യപ്രവാഹി, അസംഘർഷി, ദ്വിപാർശ്വികം എന്നിവ) ളകാരത്തിനും ചേരുമെന്നും അതിസൂക്ഷ്മവിശദാംശങ്ങൾ ഒഴിവാക്കിയാൽ 'മൂർദ്ധന്യപാർശ്വികം' എന്നതിനെ വ്യവഹരിച്ചാൽ വ്യാകരണപരമായ ആവശ്യങ്ങൾക്ക് മതിയാകും എന്നുമാണ് സുകുമാരപിള്ള അഭിപ്രായപ്പെടുന്നത്.[43]

**6. രകാരവും റകാരവും**

ഉത്ക്ഷിപ്തവർണങ്ങൾ (taped) എന്ന വിഭാഗത്തിലാണ് രകാരറകാരങ്ങളെ ആധുനികർ നിരീക്ഷിക്കുന്നതെന്ന് സുകുമാരപിള്ള പറയുന്നു.

**(i) രകാരം:** സംസ്കൃതവ്യാകരണത്തിൽ 'രേഫ'മെന്നു വിളിക്കപ്പെടുന്ന രകാരത്തിന് അവർ മൂർദ്ധന്യമൂല്യം നൽകുന്നു. എന്നാൽ മലയാളത്തിൽ അതിന് ഭിന്നമൂല്യങ്ങളുള്ള പെരുമാറ്റമാണെന്ന് സുകുമാരപിള്ള നിരീക്ഷിക്കുന്നുണ്ട്. ഒപ്പം ഈ വർണ്ണത്തിന്റെ ധ്വനിഭേദത്തെ സംബന്ധിച്ചുള്ള ഇതര വൈയാകരണന്മാരുടെ ചിന്തകളും ക്രോഡീകരിച്ചിരിക്കുന്നു.

എൽ. വി. ആർ. – വർത്സ്യമൂല്യം നൽകുന്നു. ദന്ത്യോത്തരമോ വർത്സ്യപൂർവ്വമോ ആണ് ഉച്ചാരണസ്ഥാനമെന്ന് സൂക്ഷ്മവിശദാംശങ്ങളോടെ അഭിപ്രായപ്പെടുന്നു. (*A Brief Account of Malayalam Phonetics*).

ഡോ. വി. ആർ. പ്രബോധചന്ദ്രൻ – പ്രയോഗതലത്തിൽ രകാരം ഘോഷിയും താലവ്യവത്കൃതമല്ലാത്ത ദന്ത്യവർത്സ്യോത്ക്ഷിപ്തവർണ്ണം ആണെന്നും നിരീക്ഷിക്കുന്നു.

കാമിൽ സ്വെലബിൽ – അല്പമായ സ്ഫുരിതത്വവും ഈ വർണ്ണത്തിനുണ്ടെന്നു പറയുന്നു. (*Comparative Dravidian Phonology*)

തൊൽകാപ്പിയർ – ജിഹ്വാഗ്രം വളച്ച് വായുടെ മേൽത്തട്ടിൽ തൊടുമ്പോൾ രകാരം ജനിക്കും.

സുകുമാരപിള്ള ഈ വർണ്ണത്തെ 'ദന്ത്യവർത്സ്യം' എന്നാണ് വിളിക്കുന്നത്.[44]

**(ii) റകാരം**

സംസ്കൃതവ്യാകരണം-സ്വതന്ത്രസ്വനിമമായി റകാരത്തെ ഗണിക്കുന്നില്ല. സോപാധികപരിവർത്തമുള്ള ഒരു ഉപസ്വനമെന്നു നിരീക്ഷിക്കുന്നു.

മലയാളവൈയാകരണന്മാർ – പൊതുവെ മൂർദ്ധന്യമായി കാണുന്നു.

എൽ. വി. ആർ. – റകാരത്തിന്റെ സ്ഫുരിതാധിക്യത്തെ നിരീക്ഷിച്ചു.

സി. എൽ. ആന്റണി – വർത്സ്യമൂല്യം നൽകുന്നു.

തൊൽക്കാപ്പിയർ – വർത്സ്യമൂല്യം

ഡോ. പ്രബോധചന്ദ്രൻ- റകാരം ഘോഷിയും അതാലവ്യവത്കൃതവമായ വർത്സ്യോൽക്ഷിപ്തവർണ്ണവുമാണ്.

സുകുമാരപിള്ള ഈ വർണ്ണത്തെ ജിഹ്വാഗ്രവർത്സ്യഖരത്തിന്റെ ഉപസ്വനമായി കണക്കാക്കുകയും 'വർത്സ്യോൽക്ഷിപ്തസ്ഫുരിതം' എന്നു ധ്വനിമൂല്യം കല്പിക്കുകയും ചെയ്യുന്നു. [45]

**7. ഴകാരം**

മലയാളഭാഷയിലെ യ, വ, ഴ എന്നീ വർണങ്ങളെ ആധുനികഭാഷാശാസ്ത്രം പ്രവാഹികൾ (continuents) എന്നാണ് വ്യവഹരിക്കുന്നത്. പ്രസ്തുത വർണ്ണത്തിന്റെ ഉച്ചാരണമൂല്യത്തെ സംബന്ധിച്ചുള്ള വിവിധ നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നതിനൊപ്പം സ്വാഭിപ്രായങ്ങളും അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു.

ലീലാതിലകം – പുരുഷൻ - പുരുഴൻ, വിഷം - വിഴം എന്നിങ്ങനെ സാധാരണ ഉപയോഗിക്കാറുള്ളതുകൊണ്ട് ലീലാതിലകകാരൻ ഴകാരത്തെ ഷകാരത്തിന്റെ അപഭ്രംശമായി ഭ്രമിച്ചതാണെന്ന് സുകുമാരപിള്ള അഭിപ്രായപ്പെടുന്നു.

തൊൽകാപ്പിയർ - ഴകാരത്തെ രകാരത്തെപ്പോലെ വിവരിക്കുന്നു. കൃത്യമായ ഉച്ചാരണസ്ഥാനം കൽപ്പിക്കുന്നില്ല.

ഗുണ്ടർട്ട് - 'മൂർദ്ധന്യതാലവ്യ'മായി കരുതുന്നു.

എൽ. വി. ആർ. - ഴകാരത്തിന് ആദ്യം മൂർധന്യസംഘർഷിമൂല്യവും പിന്നീട് മൂർദ്ധന്യപ്രവാഹിമൂല്യവും നൽകുന്നു.

കാമിൽ സ്വെലബിൽ : എൽ. വി. ആർ. ഴകാരത്തിനു ആദ്യമായി നിർദ്ദേശിച്ച 'മൂർദ്ധന്യസംഘർഷി' എന്ന മൂല്യത്തെ ഭാഗികമായി അംഗീകരിക്കുന്നു.

ഡോ. പ്രബോധചന്ദ്രൻ : 'മൂർദ്ധന്യപ്രവാഹി' എന്ന് കൽപിക്കുന്നു.

സുകുമാരപിള്ള: മൂർദ്ധന്യവർഗ്യങ്ങളും മൂർദ്ധന്യപാർശ്വികവും നിർവ്വഹിക്കുന്നതോതിൽ സവർണ്ണനത്തെ സഹായിക്കാൻ ഴകാരത്തിന് കരുത്തില്ലെന്നാണ് അദ്ദേഹം നിരീക്ഷിക്കുന്നത്. വിട്+തു= വിട്ടു, കൺ+തു= കണ്ടു എന്നിവയിൽ മൂർദ്ധന്യവർണങ്ങൾ സവർണനത്തിന് വിധേയമാകുന്നു. എന്നാൽ ഴകാരം ചില സന്ധി സന്ദർഭങ്ങളിൽ സവർണനപ്രക്രിയയിൽ നിഷ്ക്രിയമാണെന്നും (ഖരത്തിനു പൂർവ്വമായി വരുമ്പോൾ →താഴ് + ത്ത് = താഴ്ത്ത്) വൈകല്പികമായി ചിലയിടങ്ങളിൽ സവർണനത്തിനു വിധേയമാകുമെന്നും (അനുനാസികത്തെ സവർണ്ണീകരിക്കുമ്പോൾ → താഴ്+ന്നു= താഴ്ന്നു = താണു) മറ്റു ചില അവസരങ്ങളിൽ ആദേശിക്ക

പ്പെടുമെന്നും (കാൺ+ച = കാഴ്ച) സുകുമാരപിള്ള ഉദാഹരണസഹിതം വിശദീകരിക്കുന്നു. അതിനാൽ ഴകാരം ശുദ്ധമായ മൂർദ്ധന്യമാണോ, താലവ്യച്ചുവ കലർന്നതാണോ എന്നുള്ള സന്ദേഹങ്ങൾ അദ്ദേഹം മുന്നോട്ടുവെയ്ക്കുന്നു. ഉപരിചിന്തകൾക്ക് വിഷയമാകുന്ന ഇത്തരം ആലോചനകൾ വെളിവാകുന്നതുവരെ ഴകാരത്തെ 'മൂർദ്ധന്യപ്രവാഹി' എന്നുതന്നെ വ്യവഹരിക്കാമെന്ന് നിർദ്ദേശിക്കുന്നു. [46]

2.1.3.3. **മലയാളവ്യാകരണസമീക്ഷ - കെ. എം. പ്രഭാകരവാര്യർ**

മലയാളത്തിലെ അടിസ്ഥാനവർണങ്ങളുടെ എണ്ണമെത്രയെന്ന ചോദ്യത്തിന് പലതരം അഭിപ്രായങ്ങൾ വന്നിട്ടുള്ളതിനാൽ അതിനെക്കുറിച്ചുള്ള വീണ്ടുവിചാരങ്ങൾ നടത്തണമെന്നാണ് പ്രഭാകരവാര്യരുടെ അഭിപ്രായം. അം, ക്ഷ (സംയുക്തവർണങ്ങൾ); ൡകാരദീർഘം ഌകാരഹ്രസ്വദീർഘങ്ങൾ (സമകാലികഭാഷയിൽ ഉപയോഗമില്ലാത്തവ); വിസർഗ്ഗം (ദുക്ഖം, അന്തപ്പുരം എന്നിങ്ങനെ ഉച്ചാരണത്തിൽ പരവർണ്ണഖരമാകുന്നു) എന്നിവ വർണ്ണമാലയിൽ ചേർക്കേണ്ടതില്ലെന്നു പ്രസ്താവിക്കുന്നു. ഇതരസ്വരങ്ങളെപോലെ വിതരണസ്വഭാവം ഇല്ലെന്നു വ്യക്തമാക്കിക്കൊണ്ടുതന്നെ സംവൃത-ഉകാരത്തെ വർണ്ണമാലയിൽ ഉൾപ്പെടുത്തുന്നതിനൊപ്പം 'ആണ്, ഉണ്ട്, കണ്ട്' എന്നിങ്ങനെ എഴുത്തിൽ ഉകാരചിഹ്നം വേണ്ടെന്നുവെയ്ക്കുക, ഉച്ചാരണപരമായി സംയുക്തസ്വരങ്ങളാണെങ്കിലും പ്രയോഗത്തിൽ ഒറ്റസ്വരങ്ങളെപോലെ പെരുമാറുന്ന 'ഐ-ഔ'എന്നിവയെയും വർണ്ണമാലയിൽ ചേർക്കുക, സ്പഷ്ടമായ ഉച്ചാരണഭേദവും അർത്ഥവ്യാവർത്തനശേഷിയുമുള്ള വർത്സ്യഖരാനുനാസികങ്ങളെ വർണ്ണമാലയിൽ ചേർക്കുക-ഇത്തരം പുതിയ നിർദ്ദേശങ്ങളാണ് അദ്ദേഹം മുന്നോട്ടുവെയ്ക്കുന്നത്.[48]

ഏതാനും ചില വർണങ്ങളുടെ ധ്വനിമൂല്യനിർണയനം നടത്തുന്നതിനൊപ്പം അതേക്കുറിച്ചുള്ള പൂർവ്വധാരണകളെ ക്രോഡീകരിക്കുകയും ചെയ്യുന്നു.

**1. സംവൃത - ഉകാരം**

തൊല്കാപ്പിയം:- സംവൃത-ഉകാരം(കുറ്റിയലുകരം) ആശ്രിതസ്വരമാണ്. ഇത് സന്ധിയിൽ ലോപിക്കുന്നു. ഈ സ്വരത്തിന് മാത്ര കുറവാണ്.

ലീലാതിലകം:- ഈ സ്വരത്തിന് അർധമാത്രയേ നൽകുന്നുള്ളൂ. സ്വരം പരമായാൽ പദാന്തത്തിലെ സംവൃത-ഉകാരം സന്ധിയിൽ നിത്യമായി ലോപിക്കും.

ഗുണ്ടർട്ട്:- അരയുകാരം എന്ന് വിളിക്കുന്നു. മറ്റ് സ്വരത്തെക്കാൾ ലഘുവാണെന്ന് കരുതുന്നു.

മാത്തൻ: അർധാച്ച് എന്നുള്ള സംജ്ഞ നൽകുന്നു. ഉകാരത്തോട് ബന്ധിപ്പിക്കാതെ സ്വതന്ത്രമായി പരിഗണിക്കുന്നു.

കേരളപാണിനി:- സംവൃത-ഉകാരം എന്നു വിളിക്കുന്നു. 'ഹ്രസ്വമായ ഉകാരത്തിനു പുറമെ ഹ്രസ്വതരമായ ഒരു ഉകാരം ഉണ്ട്' എന്ന രീതിയിൽ സംവൃത-ഉകാരത്തിന്റെ സ്ഥാനം നിർണ്ണയിക്കുന്നു. മറ്റുചില നിരീക്ഷണങ്ങളും നടത്തുന്നു.

→ മറ്റു ഹ്രസ്വസ്വരങ്ങളെപോലെ ഇതിനും ഒരു മാത്രയാണ്.

→ വിവൃത - സംവൃത ഉകാരങ്ങൾ അർത്ഥഭേദത്തിന് കാരണമാകുന്നു.

ഉദാ: വേലു - വേല്, ചങ്കു - ചങ്ക്

→ വ്യാകരണപ്രാധാന്യവും ഇതിനുണ്ട്. ഉകാരാന്തങ്ങളായ ഭൂതകാലക്രിയകളുടെ വിനയെച്ചം സംവൃത-ഉകാരാന്തമാണ്.

→ ചില്ലുകളല്ലാത്ത പദാന്തവ്യഞ്ജനങ്ങളെ ഉച്ചാരണക്ഷമമാക്കാൻ ഈ സ്വരം ചേർക്കുന്നു.

ഈ സ്വരത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞെങ്കിലും അടിസ്ഥാനവർണമാലയിൽ ഇതിനെ കേരളപാണിനി ഉൾപ്പെടുത്തുന്നില്ല. 'അതിനെ സ്വരമായിട്ടേ വകവെക്കേണ്ട' എന്ന് സന്ധിവികാരങ്ങളുടെ ഭാഗത്ത് നിർദ്ദേശിക്കുകയും ചെയ്യുന്നു.

ശേഷഗിരിപ്രഭു:- ഇതിനെ ഉച്ചാരണഭേദമായി കാണുന്നുണ്ടെങ്കിലും സവിശേഷതകൾ വിശദീകരിക്കുന്നില്ല.

ആറ്റൂർ കൃഷ്ണപ്പിഷാരടി:- *ഭാഷാസാഹിത്യചരിത്ര*ത്തിൽ ഈ സ്വരം 'സംവൃത-അകാര'മെന്നു പറയുന്നു.

എൽ. വി. ആർ:- ഈ സ്വരത്തിന് സ്വതന്ത്രപദവി സംശയാതീതമായി ചൂണ്ടിക്കാട്ടി. അകാര ഉകാരങ്ങളോട് സ്വനപരമായി ബന്ധമില്ലാത്ത സ്വതന്ത്രസ്വരമായി കാണുന്നു. (*A Brief Account of Malayalam Phonetics*)

കെ. സുകുമാരപിള്ള:- 'കുട്ങ്ങി, പത്ങ്ങി, ഉര്ൾ' എന്നിങ്ങനെ പദമധ്യത്തിൽ ഈ സ്വരത്തിന് ഉച്ചാരണമുണ്ടെന്ന് വിധിക്കുന്നു. എന്നാൽ സംവൃത-ഉകാരത്തേക്കാൾ ഉച്ചസ്ഥാനത്തുള്ള സ്വരമാണതെന്നും തമിഴിലെ കുറ്റിയലുകാരോച്ചാരണവുമായാണ് അതിന് സാമ്യമെന്നും പ്രഭാകരവാര്യർ വിമർശിക്കുന്നു. വൈയാകരണദൃഷ്ടിയിൽ സംവൃത-ഉകാരത്തിന് സ്വനിമപദവി നൽകാൻ സാധ്യമല്ലെന്ന് ഒരിടത്തും മലയാളത്തിലെ സ്വനിമപദവിയുള്ള ഒരു സ്വരം ആയിരിക്കട്ടെ കേന്ദ്രസ്വരം എന്ന് മറ്റൊരിടത്തും സുകുമാരപിള്ള പ്രസ്താവിച്ചിരിക്കുന്നതിലെ വ്യക്തതക്കുറവും പ്രഭാകരവാര്യർ വിമർശനവിധേയമാക്കുന്നു.

എൻ. എൻ. മൂസ്സത്:-  ഇതിനെ അടിസ്ഥാനവർണ്ണമായി കാണുന്നില്ല. മുൻകാലധാരണകളെ വിശദമായി പ്രതിപാദിച്ചതിനുശേഷം സ്വാഭിപ്രായങ്ങൾ അവതരിപ്പിക്കുന്നു.

→ ഈ സ്വരം സ്വനവിജ്ഞാനപരമായി (ഉച്ചാരണപരമായി) വ്യതിരിക്തധ്വനിയാണ്: ഉകാരവുമായി ബന്ധമൊന്നുമില്ല (ആഗമികമായി ഉകാരത്തോട് ബന്ധമുള്ളതാണ് എന്ന കാര്യം ശരിയാണ്).

→ ഇ, എ, എന്നീ മുൻസ്വരങ്ങൾക്കും ഉ-ഒ എന്നീ പിൻസ്വരങ്ങൾക്കും ഇടയിലാണ് ഈ സ്വരത്തിന്റെ ഉച്ചാരണസ്ഥാനം. അതുകൊണ്ട് ഈ സ്വരത്തെ കേന്ദ്രസ്വരം എന്ന് വിളിക്കുന്നു.

മലയാളത്തിലെ കേന്ദ്രസ്വരത്തിന്റെ സവിശേഷതകളും വിവരിക്കുന്നു:

ഉച്ചാരണപരമായി സ്വതന്ത്രമാണ്.

വ്യഞ്ജനങ്ങളുടെ ഉച്ചാരണക്ഷമതയ്ക്കുവേണ്ടി ചേർക്കുന്നതാണ് ഈ സ്വരമെന്ന അഭിപ്രായം ശരിയല്ലെന്ന് പ്രഭാകരവാര്യർ പറയുന്നു. 'കാട്, ആണ്, ഉണ്ട്' എന്നിവയിൽ ഉച്ചാരണപരം മാത്രമായി കേന്ദ്രസ്വരം നിൽക്കവെ മിച്ചമുള്ള രൂപത്തിന് അർത്ഥം കല്പിക്കാനാവില്ലെന്നും ഉദാഹരിക്കുന്നു.

ഉകാര-അകാരങ്ങളുമായി കേന്ദ്രസ്വരത്തിന് അർത്ഥവ്യാവർത്തനശേഷിയുണ്ട്. → ഉണ്ടു - ഉണ്ട - ഉണ്ട്

ഉകാരാന്ത ഭൂതകാലക്രിയാരൂപങ്ങളിൽ പൂർണ്ണാപൂർണ്ണക്രിയകളുടെ വ്യവച്ഛേദനത്തിന് ഈ സ്വരം ഉതകുന്നു.

നിയോജകപ്രകാരത്തിലും പ്രയോഗഭേദത്തിന് കാരണമാകുന്നു. നടക്ക് (ബഹുമാനം ഉദ്ദേശിക്കാതെ), നടക്കു (ബഹുമാനം ഉദ്ദേശിച്ച്)

കേന്ദ്രസ്വരത്തെ അടിസ്ഥാനവർണ്ണമാലയിൽ ഉൾപ്പെടുത്തണമെന്നാണ് പ്രഭാകരവാര്യരുടെ പക്ഷം. ചന്ദ്രക്കലകൊണ്ട് സൂചിപ്പിക്കുന്നതാണ് ഉചിതമെന്നും പ്രസ്താവിക്കുന്നു.[49]

**2. വർത്സ്യവർഗ്ഗം**

വ്യഞ്ജനവർഗങ്ങളിൽ ആറാമത്തെതായി കേരളപാണിനി വർത്സ്യവർഗ്ഗത്തെ കാണുന്നു ('റ്റ' വർഗ്ഗം എന്നദ്ദേഹം പറയുന്നു). 'റ്റ'വർഗ്ഗത്തിൽ ഖരം - അനുനാസികം എന്നിവ മാത്രമെ ഉള്ളൂവെന്നും പറയുന്നു. വർത്സം എന്നാൽ ഊന്

എന്നാണ് പ്രഭാകരവാര്യർ നിർദ്ദേശിക്കുന്നത്. ഊനിൽ നാവിൻതുമ്പ് സ്പർശിച്ചു ണ്ടാകുന്ന വർണങ്ങളാണ് വർത്സ്യങ്ങൾ എന്ന് ഉച്ചാരണസ്ഥാനം നിജപ്പെടുത്തു കയും ചെയ്യുന്നു.

ലീലാതിലകം - സംസ്കൃതത്തിലില്ലാത്തതും കേരളഭാഷയിലുള്ളതുമായ ഏഴ് അക്ഷരങ്ങളെ (എ, ഒ, ന്റ, റ്റ, ററ, ഴ, ന) പറയുന്നിടത്ത് വർത്സ്യഖരാനുനാസിക ങ്ങളെ സൂചിപ്പിക്കുന്നു.

ഗുണ്ടർട്ട് - റ്റ, ഩ (വർത്സ്യങ്ങൾ) എന്നിവയെ അടിസ്ഥാനവർണ്ണങ്ങളായി കാണു ന്നു.

മാത്തൻ - മൗണ്യാക്ഷരങ്ങൾ എന്നാണ് ഇവയെ വിളിക്കുന്നത്. അടിസ്ഥാവർണ്ണ ങ്ങളായി അംഗീകരിക്കുന്നു.

കേരളപാണിനി - കേരളപാണിനീയപീഠികയിൽ വർത്സ്യവർഗ്ഗത്തെക്കുറിച്ച് ദീർഘ വിവരണങ്ങൾ നൽകുന്നുണ്ടെങ്കിലും സംസ്കൃതപാരമ്പര്യത്തിന്റെ സ്വാധീന ത്താൽ അവയെ അക്ഷരമാലയിൽ ഉൾപ്പെടുത്തുന്നില്ല. തിന്നു - തീറ്റുന്നു, മാറുന്നു - മാറ്റുന്നു - ആദ്യത്തേതിൽ വർത്സ്യമായ അനുനാസികം ഖരമാക്കുന്നു. രണ്ടാമ ത്തേതിൽ അന്ത്യവർണ്ണം (മാറ് -) ഇരട്ടിച്ച് മാറ്റുന്നു എന്നാകുന്നു. ഇത്തരത്തിൽ വർത്സ്യ-ഖരം, റകാരം എന്നിവയുടെ ഇരട്ടിപ്പുകൾക്കുള്ള ഉച്ചാരണസാമ്യത്തെക്കു റിച്ചും വിശദീകരിക്കുന്നു. വർത്സ്യവർഗ്ഗത്തെക്കുറിച്ചുള്ള കേരളപാണിനീയനിരീക്ഷ ണങ്ങളെ പിൽക്കാലവൈയാകരണന്മാർ അംഗീകരിക്കുന്നില്ലെന്ന് പ്രഭാകരവാ ര്യർ പറയുന്നു. അവ സംഗ്രഹിക്കുന്നു:

ശേഷഗിരിപ്രഭു - വർത്സ്യാനുനാസികത്തെ അടിസ്ഥാനവർണ്ണമാലയിൽ ഉൾപ്പെടു ത്തി അതിനെ ദന്ത്യമായാണ് അദ്ദേഹം കാണുന്നത്. 'റ്റ'-യെ റകാരത്തിന്റെ ഇരട്ടി പ്പായാണ് കരുതുന്നത്.

ജോൺ കുന്നപ്പള്ളി - വർത്സ്യാനുനാസികത്തെ വർണ്ണമാലയിൽ ഉൾക്കൊള്ളി ക്കുന്നു. ഖരത്തെ ഒഴിവാക്കുന്നു.

സുകുമാരപിള്ള - വർത്സ്യഖരത്തെ വർണ്ണങ്ങളിലൊന്നായി കാണുന്നു. വർത്സ്യാ നുനാസികത്തിന് അല്പം ശങ്കയോടെ വർണ്ണപദവി നൽകിയിരിക്കുന്നു.

ഇ. വി. എൻ. നമ്പൂതിരി - ഒരേ വർണ്ണത്തിന്റെ ഉച്ചാരണഭേദങ്ങളായി റകാരറ്റകാര ങ്ങളെ കാണുന്നു. ഇരട്ടിക്കുമ്പോഴും അനുനാസികത്തിനപ്പുറം നിൽക്കുമ്പോഴും 'റ്റ'കാരധ്വനി; മറ്റുള്ളിടങ്ങളിൽ 'റ'കാര ധ്വനി. വർത്സ്യനകാരത്തെ അടിസ്ഥാന വർണ്ണമായി അംഗീകരിക്കുന്നില്ല.

വൈയാകരണന്മാരുടെ ഇത്തരം വിശദീകരണങ്ങളേക്കാൾ ഭാഷാപ്രയോക്താവിന്റെ അവബോധമാണ് പ്രധാനമെന്ന് പ്രഭാകരവാര്യർ അഭിപ്രായപ്പെടുന്നു. കാറ് – കാറ്റ് ഇവയിലെ രണ്ടാം വ്യഞ്ജനവും നാവ് – പനി ഇവയിലെ അനുനാസികങ്ങളും വ്യതിരിക്തധ്വനികളാണെന്നു മനസ്സിലാക്കാനുള്ള ബോധം മലയാളിക്കുള്ളതിനാൽ അവ 'വ്യത്യസ്തമലയാളവർണ്ണങ്ങൾ' തന്നെയാണെന്നും അതിനെ വിശദീകരിച്ച് വ്യക്തമാക്കുകയാണ് വൈയാകരണന്റെ ധർമ്മമെന്നും പ്രഭാകരവാര്യർ നിർദ്ദേശിക്കുന്നു. [50]

### 3. ദന്ത്യവർത്സ്യാനുനാസികങ്ങൾ

മലയാളത്തിൽ ഇവയ്ക്ക് വ്യത്യസ്ത ലിപികളില്ലെങ്കിലും 'നനയുക' എന്നതിലെ ആദ്യാനുനാസികം ദന്ത്യവും രണ്ടാമത്തേത് വർത്സ്യവുമാണെന്ന് ഉച്ചാരണത്താൽ മനസ്സിലാവുന്നു. എന്നാൽ തമിഴിൽ ഇവയ്ക്ക് വ്യത്യസ്തലിപികളുണ്ട്. എന്നാൽ ഉച്ചാരണത്തിൽ ദന്ത്യാനുനാസികം സവർഗ്ഗവ്യഞ്ജനത്തോട് ചേരുമ്പോൾ മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളൂ എന്നതിനാൽ തമിഴിൽ ഇവയെ രണ്ടു വ്യത്യസ്തവർണങ്ങളായി കരുതേണ്ടതില്ലെന്നാണ് പ്രഭാകരവാര്യർ അഭിപ്രായപ്പെടുന്നത്. ലീലാതിലകകാരൻ ഉൾപ്പെടെയുള്ള ഭാഷാപണ്ഡിതന്മാർ ഇവയെ വ്യവച്ഛേദിക്കുകയും അർത്ഥവ്യാവർത്തകധർമ്മത്തെക്കുറിച്ച് വിശദീകരിക്കുകയും ചെയ്യുന്നുണ്ട്. അതിനെ അംഗീകരിക്കാത്തവരുമുണ്ട്. സാഹചര്യോച്ചാരണഭേദങ്ങൾ മാത്രമായതിനാൽ വർത്സ്യവർഗം എന്നൊരു വർണവിഭാഗമേ ആവശ്യമില്ലെന്ന് സി. വി. വാസുദേവഭട്ടതിരിയും ഈ അനുനാസികങ്ങളെ ഒരേ ലിപികൊണ്ട് സൂചിപ്പിക്കുന്നതിൽ കുഴപ്പമില്ലെന്നും വർഗാക്ഷരങ്ങൾ അഞ്ചും അനുനാസികങ്ങൾ ആറും എന്നത് അനുചിതമാണെന്നും ഇരട്ടിപ്പിലുള്ള ഈ അനുനാസികദ്വയത്തിന്റെ വ്യത്യയസ്വഭാവം പദഘടനയുടെ വ്യത്യാസംകൊണ്ടാണെന്നും വിവരിച്ചതിനു ശേഷം ഇവയെ അടിസ്ഥാനവർണമാലയിൽ ചേർക്കേണ്ടതില്ലെന്ന് ഇ. വി. എൻ. നമ്പൂതിരിയും നിർദ്ദേശിക്കുന്നു. എന്നാൽ ഏതു സാഹചര്യത്തിലായാലും അർത്ഥവ്യാവർത്തകത്വം പ്രദർശിപ്പിക്കുന്നവയെ അടിസ്ഥാനവർണങ്ങളായി പരിഗണിക്കണമെന്നാണ് ഇ. വി. എൻ. – ന്റെ അഭിപ്രായത്തെ നിരാകരിച്ച് എൻ. ആർ. ഗോപിനാഥപിള്ള പ്രസ്താവിക്കുന്നത്.

ഇരട്ടിക്കുമ്പോൾ (എന്നാൽ, നിന്നാൽ, നടന്ന്) വ്യാവർത്തകധർമ്മം ഉള്ളതിനാലും ഉച്ചാരണഭേദം മലയാളികളുടെ ഭാഷാബോധത്തിൽ പ്രകടമായതിനാലും ഈ രണ്ടനുനാസികങ്ങളെ അടിസ്ഥാനവർണ്ണമാലയിൽ വ്യതിരിക്തധ്വനികളായിത്തന്നെ പരിഗണിക്കണമെന്നും ലിപിയിൽ ഇവയെ വ്യവച്ഛേദിച്ചുകാണിക്കുന്നത് ഭാഷാവ്യവസ്ഥീകരണത്തിന് സഹായകമാകുമെന്നും പ്രഭാകരവാര്യർ നിർദ്ദേശിക്കുന്നു.[51]

### 4. മറ്റു ചില ധ്വനികളുടെ മൂല്യനിർണ്ണയനം

കേരളപാണിനീയഭാഷ്യകാരൻ 'വർണ്ണമാല'യിൽ ചർച്ചചെയ്യുന്ന ചില ധ്വനികളെ പ്രഭാകരവാര്യർ അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെയെന്നാണ് പരിശോധിക്കുന്നത്. അതിൽത്തന്നെ യ, ര, ല, ള, റ, ഴ; ഐ-ഔ, അകാരം എന്നീവർണ്ണങ്ങളെ വിശദീകരിക്കുന്നത് എപ്രകാരമാണെന്നു ചിന്തിക്കാം.

യ, ര, ല, ള, വ, റ, ഴ, ഹ: ഇവയെ നാദികളായാണ് പരിഗണിക്കുന്നത്. നാവുകൊണ്ട് കണ്ഠരന്ധ്രത്തെ അടക്കുകയും തുറക്കുകയും ചെയ്യുന്നതാണ് ശ്വാസി-നാദിഭേദങ്ങൾക്ക് നിദാനമെന്നാണ് കേരളപാണിനിയുടെ പക്ഷം. എന്നാൽ നാവുകൊണ്ട് കണ്ഠരന്ധ്രത്തെ അടയ്ക്കാനും തുറക്കാനുമാവില്ലെന്ന് വാര്യർ പറയുന്നു. 'ധ്വനിതന്തുക്കൾ ഇളകിയുണ്ടാകുന്ന ധ്വനിയാണ് നാദം' എന്ന ശേഷഗിരിപ്രഭുവിന്റെ അഭിപ്രായത്തോട് യോജിക്കുന്നു. കണ്ഠരന്ധ്രത്തിലെ നാദതന്തുക്കളിലൂടെ തിക്കിത്തിരക്കി വായു പുറത്തുപോകുമ്പോൾ (തസനം ഉളവാക്കുന്ന ധ്വനികൾ ഉണ്ടാകുന്നു. അതാണ് നാദികൾ. (2007: 37). 'സന്ധി' എന്ന അധ്യായത്തിലെ വിവരണങ്ങളിൽ ''യഥാർത്ഥത്തിൽ ലകാരം വർത്സ്യവും ചകാരം മൂർദ്ധന്യവുമാണ്'' (2007 : 49) എന്നദ്ദേഹം പറയുന്നു.

### 5. ഐ-ഔ

വർണ്ണോല്പത്തിയുടെ കാരണങ്ങളിലൊന്നായി 'സംസർഗം' എന്നതിനെ കേരളപാണിനി കാണുന്നു. ഒരു ധ്വനിയിൽ മറ്റൊരു ധ്വനി വേർതിരിച്ചറിയാനാവാത്ത മട്ടിൽ ചേരുന്നതിനെയാണ് അദ്ദേഹം സംസർഗ്ഗം എന്നു വ്യവഹരിക്കുന്നത്. അല്പപ്രാണമഹാപ്രാണങ്ങളുടെ ഉച്ചാരണവൃത്തിയെ നിർണയിക്കുന്നത് സംസർഗമാണെന്നും പറയുന്നു. എന്നാൽ രണ്ടു വ്യതിരിക്തവർണങ്ങളുടെ സംയോഗത്താൽ പുതിയൊരു അടിസ്ഥാനവർണ്ണം ഉണ്ടാകുന്നില്ലെന്നാണ് പ്രഭാകരവാര്യരുടെ പക്ഷം. അ+ഇ = എ; അ + ഉ = ഒ എന്നിങ്ങനെ സംസർഗഫലമായുണ്ടാകുന്ന സംയുക്തസ്വരങ്ങളാണ് എകാരഒകാരങ്ങൾ എന്നുള്ള കേരളപാണിനിയുടെ നിരീക്ഷണങ്ങളെ നിരാകരിച്ച് എകാരഒകാരങ്ങൾ സംയുക്തസ്വരങ്ങളല്ല, മൂലസ്വരങ്ങളാണെന്നും അ + ഇ = ഐ, അ + ഉ = ഔ എന്നിങ്ങനെ ഐകാര ഔകാരങ്ങളാണ് സംയുക്തസ്വരങ്ങളെന്നും പ്രഭാകരവാര്യർ പ്രസ്താവിക്കുന്നു. [52]

### 6. അകാരം

അക്ഷരമാലാവിവരണത്തിൽ അകാരത്തെ കണ്ഠ്യമെന്നും വർണവികാരചർച്ചയിൽ അകാരത്തിന് ശുദ്ധം, താലവ്യം, ഓഷ്ഠ്യം എന്നിങ്ങനെ മൂന്ന് ധ്വനിമൂല്യങ്ങളുമാണ് കേരളപാണിനി നൽകുന്നത്. അതിന്റെ ആവശ്യമുണ്ടോയെന്നാണ് പ്രഭാകരവാര്യർ പരിശോധിക്കുന്നത്.

(i) വെറും ഉച്ചാരണഭേദങ്ങളെ അകാരത്തിന്റെ ധ്വനിഭേദങ്ങളായി കരുതുന്നതിന് അടിസ്ഥാനമൊന്നുമില്ല. അതിന് വ്യാകരണപരമായ പ്രാധാന്യവുമില്ല.

(ii) അകാരത്തിന് കണ്ഠസ്ഥാനം കല്പിച്ചത് സംസ്കൃതരീതി ഓർമ്മിച്ചായിരിക്കണം. താലവ്യത്വവും ഓഷ്ഠ്യത്വവും ഇല്ലാത്ത അകാരം 'ശുദ്ധം' എന്നു പറഞ്ഞത് ഗുണ്ടർട്ടിനെ അനുകരിച്ചായിരിക്കണം. ഈ ശുദ്ധമായ അകാരത്തിന്റെ ധ്വനിമൂല്യം എന്താണെന്ന് കേരളപാണിനി വ്യക്തമാക്കുന്നുമില്ല.

(iii) തട + ഉന്നു = തടയുന്നു, തട + ഉന്നു = തടവുന്നു എന്ന വ്യത്യാസം താലവ്യ-ഓഷ്ഠ്യ അകാരങ്ങൾ മൂലമല്ല, രണ്ടാമത്തേതിൽ 'തടവ്' എന്നാണ് പ്രകൃതി; ഭൂതകാലരൂപം 'തടവി' എന്നാണല്ലോ.

(iv) മലയാളത്തിലെ അകാരത്തിന് സാഹചര്യബദ്ധമായ രണ്ട് ധ്വനിഭേദങ്ങളുണ്ട്. പദാന്ത-അകാരത്തിന്റെ ഉച്ചാരണം മുൻസ്ഥാനത്തും അല്ലാത്തതിന്റേത് കേന്ദ്രസ്ഥാനത്തുമാണ്. തല എന്നതിലെ ആദ്യസ്വരം കേന്ദ്രസ്വരവും അന്ത്യസ്വരം മുൻസ്വരവുമാണ്. വ്യാകരണപരമായി ഈ വ്യത്യാസം ഭിന്നരൂപങ്ങൾക്ക് കാരണമാവുന്നില്ല.

(v) പദാന്ത-അകാരത്തിന്റെ മുൻസ്ഥാനോച്ചാരണം (താലവ്യത്വം) പ്രത്യയാദി (ഇരട്ടിച്ച) കകാരത്തിലേക്കുകൂടി വ്യാപിക്കുന്നു. ഉദ്ദേശികാവിഭക്തിക്ക് താലവ്യത്വം വരുന്നത് അതുകൊണ്ടാണ്. ഇകാരഎകാരങ്ങൾക്കുശേഷവും ഈ സ്വഭാവം വരും.

(vi) യകാരത്തിലവസാനിക്കുന്ന ക്രിയാപ്രകൃതികളുടെ കാരിതരൂപങ്ങളിലും ഈ പ്രക്രിയ നടക്കുന്നുണ്ട്: മറയ്ക്കുക, തേയ്ക്കുക.

(vii) ഇരട്ടിച്ച കകാരം പ്രകൃതിയുടെ ഭാഗമാണെങ്കിൽ അകാരത്തിനുശേഷം താലവ്യീകരണം സംഭവിക്കുന്നില്ല; നടക്ക്, കിടക്ക്, മറക്ക്. പരപദാദി കകാരത്തിലും ഈ ധ്വനിവ്യാപനം നടക്കുന്നില്ല: കായ്ക്കറി, പായ്ക്കപ്പൽ, മഴക്കാലം, വാഴക്കുല (2007: 39-41).

#### 2.1.3.4. ധ്വനിമൂല്യനിർണ്ണയനം – ആധുനികവ്യാകരണസിദ്ധാന്തങ്ങൾ

കേരളപാണിനീയാനന്തരമുള്ള വ്യാകരണഗ്രന്ഥങ്ങളെ മുൻനിർത്തി വ്യാകരണസിദ്ധാന്തങ്ങളെ രൂപവൽകരിക്കുന്ന പഠനമാണ് ഡോ. എൻ. കെ. മേരി നിർവ്വഹിച്ചിട്ടുള്ളത്. *മലയാളവ്യാകരണസിദ്ധാന്തങ്ങൾ : കേരളപാണിനീയത്തിനുശേഷം*

എന്ന അവരുടെ കൃതിയിൽ[53] 'ധ്വനിതലത്തിലെയും വർണ്ണതലത്തിലെയും പുതിയ സമീപനങ്ങൾ 'എന്ന ഭാഗത്ത് മലയാളഭാഷയിലെ വർണ്ണങ്ങളെ സംബന്ധിച്ച് (പ്രധാനമായും അകാരം, സംവൃതോകാരം, വർത്സ്യവർഗം എന്നിവ) ഇതഃപര്യന്തമുണ്ടായിട്ടുള്ള ഒട്ടുമിക്ക പഠനങ്ങളെയും ക്രോഡീകരിച്ചിട്ടുണ്ട്. അവയ്ക്കൊപ്പം സി. എൽ. ആന്റണിയുടെ നിരീക്ഷണങ്ങളെയും ചേർത്ത്വെച്ച് പഠിച്ച് നിഗമനങ്ങൾ നടത്തുകയാണ് ഈ ഖണ്ഡത്തിൽ ചെയ്യുന്നത്. കൂടാതെ സി. എൽ. ആന്റണി ഉച്ചാരണമൂല്യം ആരായുന്ന മറ്റു വർണ്ണങ്ങളെ സംബന്ധിച്ച് ഇതരവൈയാകരണന്മാർ നടത്തുന്ന നിരീക്ഷണങ്ങളെയും സംഗ്രഹിക്കാൻ ശ്രമിക്കുന്നുണ്ട്. സ്വര-വ്യഞ്ജന വർഗ്ഗീകരണം, അകാരത്തിന്റെ ധ്വനിമൂല്യം, സംവൃതോകാരത്തിന്റെ വർണ്ണപദവി, വർത്സ്യവർഗ്ഗത്തിന്റെ സ്വഭാവം, മലയാളത്തിലെ വർണ്ണസംഖ്യ എന്നീ കാര്യങ്ങളാണ് ചർച്ചചെയ്തിട്ടുള്ളത്. അത്തരം വിശദീകരണങ്ങളെ ക്രോഡീകരിക്കാം.

**വർണ്ണവർഗ്ഗീകരണം**

സംസ്കൃതരീതിയനുസരിച്ചാണ് കേരളപാണിനി വർണ്ണവിഭജനം നടത്തിയിട്ടുള്ളത്. വർണ്ണങ്ങൾക്ക് പലമാതിരി ശ്രുതിഭേദങ്ങൾ വരുന്നതിനുള്ള കാരണങ്ങളെ 6 ആയി അദ്ദേഹം വിവരിക്കുന്നു - അനുപ്രദാനം, കരണവിഭ്രമം, സംസർഗ്ഗം, മാർഗ്ഗഭേദം, സ്ഥാനഭേദം, പരിമാണം എന്നിവയാണവ. എന്നാൽ ആധുനികഭാഷാശാസ്ത്രം സ്വര-വ്യഞ്ജനവർഗ്ഗീകരണം നടത്തുന്നത് മറ്റുചില സംവിധാനങ്ങളോടെയാണ്. ഉച്ചാരണസമയത്ത് നാവിനുണ്ടാകുന്ന ഉയർച്ചതാഴ്ച്ചകൾ (ഉച്ചസ്വരം - മധ്യസംവരം-പിൻസ്വരം), സ്വരോച്ചാരണത്തിൽ നാവിന്റെ ഏതുസ്ഥാനം ഏറ്റവും ഉയർന്നിരിക്കുന്നു (മുൻ-കേന്ദ്ര-പിൻസ്വരങ്ങൾ), ചുണ്ടുകളുടെ വർത്തുളത (വർത്തുളം-അവർത്തുളം) എന്നിവയുടെ അടിസ്ഥാനത്തിലാണ് സ്വരവർഗീകരണം നടത്തുന്നതെങ്കിൽ ഉച്ചാരണരീതി, ഉച്ചാരണസ്ഥാനം എന്നിവയെ ആധാരമാക്കിയാണ് വ്യഞ്ജനങ്ങളെ തരംതിരിക്കുന്നത്. എൻ. എൻ. മൂസ്സത്, ഇ. വി. എൻ. നമ്പൂതിരി, വി. ആർ. പ്രബോധചന്ദ്രൻ എന്നിവർ ആധുനികരീതിയിൽ സ്വരങ്ങളെ വർഗീകരിച്ചവരാണ്.

**I അകാരം - ആധുനികരീതിയിലുള്ള ധ്വനിനിർണ്ണയനം**

അകാരത്തിന് കേരളപാണിനി കണ്ഠ്യ-താലവ്യ-ഓഷ്ഠ്യമൂല്യങ്ങളാണ് നൽകിയിട്ടുള്ളത്. കേരളപാണിനീയാനന്തരം അകാരത്തെ രണ്ടുതരത്തിൽ വർഗീകരിച്ചുള്ള പഠനങ്ങളാണ് പൊതുവെ നടന്നിട്ടുള്ളത് (i) പരമ്പരാഗതരീതി (ii) ആധുനികഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലുള്ള രീതി.

**ശേഷഗിരിപ്രഭു :** *വ്യാകരണമിത്ര*ത്തിൽ പരമ്പരാഗതരീതിയെ പിന്തുടർന്ന് അകാരത്തിന് കണ്ഠ്യ-താലവ്യ-ഓഷ്ഠ്യമൂല്യങ്ങൾ നൽകുന്നു. *കേരളപാണിനീയ*ത്തെ അനുകരിക്കുന്നുവെന്നു പറയാം.

**സി. എൽ. ആന്റണി :** *കേരളപാണിനീയഭാഷ്യ*ത്തിൽ കേരളപാണിനിയുടെ അകാരമൂല്യനിർണ്ണയനത്തെ വിമർശിക്കുന്നുണ്ടെങ്കിലും സ്വന്തമായ നിഗമനം അവതരിപ്പിക്കുന്നില്ല.

**എൻ. എൻ. മൂസ്സത് :** മലയാളത്തിലെ അകാരത്തിനു ഭൂരിപക്ഷം സ്വനികസാഹചര്യങ്ങളിലും താലവ്യസ്വഭാവമാണെന്ന് *വ്യാകരണവിവേക*ത്തിൽ പ്രസ്താവിക്കുന്നു. നാസിക്യരഞ്ജനം പോലെയുള്ള ഒരു ധ്വനിനയമാണ് താലവ്യരഞ്ജനമെന്നു പറയുന്നു. ചരിത്രപരവും ക്രമികവുമായ ഒരു മാറ്റമായി അകാരത്തിന്റെ താലവ്യത്വത്തെ കാണുന്നു.

**ഗോദവർമ്മ :** വാഴ, പന എന്നിങ്ങനെയുള്ള അകാരാന്തപദങ്ങൾ യഥാർത്ഥത്തിൽ യകാരഘടിതമാണെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ഒരു കാലത്ത് പ്രകൃതികൾതന്നെ താലവ്യാന്തങ്ങളായിരുന്നു. മൂലദ്രാവിഡഭാഷയിൽ യകാരാന്തമായിരുന്ന പ്രകൃതി തമിഴിൽ വാഴൈ, പനൈ എന്നും കന്നടത്തിൽ വാഴെ, പനെ എന്നും ആയി. മലയാളത്തിലും തെലുങ്കിലും അന്ത്യയകാരം ലോപിച്ച് അകാരാന്തങ്ങളാവുകയും ചെയ്തു.

**ആറ്റൂർ:** *ഭാഷാസാഹിത്യചരിത്ര*ത്തിൽ അകാരോച്ചാരണത്തെക്കുറിച്ച് വിവരിക്കുന്നു. അകാരം ഉച്ചരിക്കുമ്പോൾ ഇകാരം, യകാരം, ചവർഗ്ഗാക്ഷരങ്ങൾ എന്നീ താലവ്യങ്ങളെപോലെ താലുവിൽ യാതൊരു പ്രയത്നവും വരുന്നില്ലെന്നും കണ്ഠത്തിലാണ് പ്രയത്നം വരുന്നതെന്നും അദ്ദേഹം നിരീക്ഷിക്കുന്നു.

**സി. വി. വാസുദേവഭട്ടതിരി :** *ഭാഷാശാസ്ത്രം* എന്ന കൃതിയിൽ ദ്രാവിഡത്തിലെ ഐകാരാന്ത ധാതുക്കളെക്കുറിച്ച് സൂക്ഷ്മവിശകലനം നടത്തുന്നു. 'അലൈ, തടൈ' എന്നീ ഐകാരാന്തധാതുക്കൾ സംസ്കൃതപ്രേരണയാൽ വന്നതാണെന്നും അലയ്, തടയ് എന്നാണ് എഴുതേണ്ടതെന്നും പറയുന്നു. തടയ്+ഉക = തടവുക/തടയുക എന്നാണ് വരുന്നതെന്നും ഈ സന്ദർഭങ്ങളിലൊന്നും യകാരവകാരങ്ങൾ ആഗമിക്കുന്നില്ലെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. അതിനാൽ അകാരത്തിന് താലവ്യോഷ്ഠ്യഭേദമില്ലെന്നും കണ്ഠ്യമൂല്യമാണെന്നും പറയുന്നു.

**ജോൺ കുന്നപ്പള്ളി :** പൂർവ്വവൈയാകരണന്മാരുടെ ധാരണകളെ ആധാരമാക്കി അകാരം കണ്ഠ്യമാണെന്നു നിരീക്ഷിക്കുന്നു. അകാരം താലവ്യമെങ്കിൽ യകാരവും ഓഷ്ഠ്യമെങ്കിൽ വകാരവും ആഗമിക്കും, യകാരവകാരങ്ങൾ ആഗമിക്കുന്നി

ടത്ത് 'അ' വർണ്ണം താലവ്യമോ ഓഷ്ഠ്യമോ ആകും എന്നെല്ലാം പറയുന്നതിൽ പരസ്പരാശ്രയദോഷമുണ്ടെന്ന് 'ശബ്ദസൗഭാഗ'ത്തിൽ അദ്ദേഹം ചൂണ്ടിക്കാട്ടുന്നുണ്ട്.

**കെ. സുകുമാരപിള്ള :** പ്രാക്തന തമിഴ്-മലയാളദശയിലെ ഐകാരം (അയ്) എന്ന തിലെ യകാരം ലോപിക്കുകയും സ്വരം ചേരുമ്പോൾ തെളിഞ്ഞുവരികയും ചെയ്യുന്നു. അല്ലാതെ യകാരവകാരങ്ങൾ ആഗമിക്കുന്നില്ലെന്നും അകാരം അക്കാര്യത്തിൽ ഉദാസീനമാണെന്നും പറയുന്നു. ആധുനികചിന്തയുടെ അടിസ്ഥാനത്തിൽ അകാരത്തെ വിവൃതസ്വരമായി അദ്ദേഹം പരിഗണിക്കുന്നു.

**ടി. ബി. വേണുഗോപാലപ്പണിക്കർ :** അകാരത്തിന് താലവ്യം, ഓഷ്ഠ്യം എന്ന കേരളപാണിനിയുടെ വിഭജനം അംഗീകരിക്കുന്നു.

**എൻ. ആർ. ഗോപിനാഥപിള്ള:** അകാരത്തിന് താലവ്യം, ഓഷ്ഠ്യം എന്ന വിഭജനമില്ലെന്നും യകാരവകാരങ്ങൾ പ്രകൃത്യംശമാണെന്നും അഭിപ്രായപ്പെടുന്നു

(മേരി, 2015 : **353 –358).**

**II. സംവൃതോകാരം**

ഗുണ്ടർട്ട്, മാത്തൻ എന്നിവർ യഥാക്രമം 'അരയുകാരം'.'അർധാച്ച്' എന്നൊക്കെ വിളിച്ച സ്വരത്തെ കേരളപാണിനി 'സംവൃതോകാരം' എന്നാണ് വിശേഷിപ്പിക്കുന്നത്. ഈ വർണ്ണത്തിന്റെ ധ്വനിമൂല്യനിർണ്ണയനത്തെ സംബന്ധിച്ച് ഭാഷാപണ്ഡിതന്മാർക്കിടയിൽ വിവിധ അഭിപ്രായങ്ങളാണുള്ളത്. ഇത് സ്വതന്ത്രസ്വരമാണോ, ഉച്ചാരണവിശേഷം മാത്രമാണോ എന്നിങ്ങനെ നിരീക്ഷണഭേദങ്ങൾ അവർക്കിടയിലുണ്ട്. ഇതിനെ ഒരു സ്വതന്ത്രസ്വരമായാണ് സി. എൽ. ആന്റണി കരുതുന്നത്. ധ്വനിവിജ്ഞാനീയത്തെ ആസ്പദമാക്കുമ്പോൾ ഈ സ്വരം അകാര-ഉകാരങ്ങളോട് ബന്ധപ്പെട്ട ഒന്നല്ലെന്നാണ് അദ്ദേഹം പ്രസ്താവിക്കുന്നത്. ഉച്ചാരണക്രമമനുസരിച്ച് മധ്യമസ്വരങ്ങളുടെ ഗണത്തിലാണ് ഈ സ്വരം വരുന്നതെന്നും 'മധ്യമോന്നതസ്വരം, മധ്യമാന്തരിതസ്വരം' എന്നിങ്ങനെ രണ്ടു ഭിന്നധ്വനിമൂല്യങ്ങളോടെയുള്ള ഉച്ചാരണം അതിനുണ്ടെന്നും ആന്റണി അഭിപ്രായപ്പെടുന്നുണ്ട്. കേരളപാണിനീയാനന്തരചിന്തകളിൽ പ്രസ്തുത വർണ്ണത്തിന്റെ ഉച്ചരിതമൂല്യം അടയാളപ്പെടുത്തിയിട്ടുള്ളത് എങ്ങനെയെന്നു കേരളപാണിനീയഭാഷ്യകാരന്റെ നിരീക്ഷണങ്ങളോട് ചേർത്തുവെച്ചു നോക്കാം. –

| വൈയാകരണൻ | അഭിപ്രായം | കൃതി/ലേഖനം |
|---|---|---|
| ശേഷഗിരിപ്രഭു | പദാന്തഉകാരം രണ്ടുവിധം - വിവൃതം, സംവൃതം | വ്യാകരണമിത്രം |
| എൽ.വി.ആർ. | മിശ്രസ്വരം, അകാര-ഉകാരഭിന്നമായ ധ്വനിമൂല്യം | മലയാളം ഫൊണ റ്റിക്സ് |
| പി. കെ. നാരായ ണപിള്ള | സ്വതന്ത്രസ്വരം | ലഘുവ്യാകരണം |
| ആറ്റൂർ | സംവൃതഅകാരം | ഭാഷാസാഹിത്യച രിത്രം |
| വി. സുകുമാരൻ | പ്രസ്തുത വർണ്ണത്തിന് 'ചന്ദ്രക്കല' എന്ന സംജ്ഞ നൽകുന്നു. ഉന്നതിയിൽ വ്യത്യാസമുള്ള നടുസ്വരങ്ങളിലൊ ന്നായി കാണുന്നു. | 'ചന്ദ്രക്കലയുടെ വൃത്തിപരമായ ഭാവങ്ങൾ' (ലേഖ നം) |
| പ്രഭാകരവാര്യർ | ഈ സ്വരത്തിന് ഉകാരവുമായ ബന്ധമി ല്ല. സ്വതന്ത്രസ്വരങ്ങളിൽ വരുന്നു. | ശൈലീശില്പം |
| കെ. സുകുമാര പിള്ള | സ്വനിമപദവിയുള്ള സ്വതന്ത്രസ്വരമായി കാണുന്നു | കൈരളീശബ്ദാനു ശാസനം |
| ഇ. വി. എൻ. | ഈ മധ്യമസ്വരത്തെ ഒരു വർണ്ണമായി അംഗീകരിക്കുന്നില്ല. സ്വരമല്ല; സ്വരലാ ഞ്ഛനമാത്രമായി കാണുന്നു. | 'വർണ്ണമാല' (ലേഖ നം) |
| എൻ. എൻ. മൂസ്സത് | സ്വതന്ത്രസ്വരമല്ല ; ഉകാരത്തിന്റെ ഉച്ചാര ണഭേദം മാത്രമാണ് | 'മലയാളത്തിന്റെ വർണ്ണമാല' (ലേഖ നം) |
| വേണുഗോപാല പ്പണിക്കർ | സ്വതന്ത്രവർണ്ണമല്ല | 'കേരളപാണിനീ യവും മലയാള ത്തിന്റെ അക്ഷരമാ ലയും' (ലേഖനം) |
| വി. ആർ. പ്രബോ ധചന്ദ്രൻ | 'മധ്യകേന്ദ്രസ്വര'മെന്ന സംജ്ഞയ്ക്കു പകരം 'കേന്ദ്രസ്വരം' എന്ന് വിളിക്കുന്നു. | 'മലയാളത്തിലെ സ്വനസഞ്ചയം' (ലേഖനം) |

(മേരി, 2015 : **364 –368**).

സി. എൽ. ആൻണി പ്രസ്തുതവർണ്ണത്തിന്റെ സ്വതന്ത്രപദവി, ഉച്ചാരണമുറയനുസരിച്ചുള്ള മധ്യമത്വം എന്നിവയിലാണ് പ്രധാനമായും ഊന്നുന്നത്. എൽ.വി. ആർ, പി. കെ. നാരായണപിള്ള, കെ. എം. പ്രഭാകരവാര്യർ, സുകുമാരപിള്ള എന്നിവർ സി. എൽ. ആന്റണിയെപ്പോലെ സ്വതന്ത്രധ്വനിമൂല്യമാണ് ഈ വർണ്ണത്തിന് നൽകിയിട്ടുള്ളത്. അകാരമായോ ഉകാരമായോ ബന്ധപ്പെട്ട ഒന്നല്ല ഇതിന്റെ ഉച്ചാര

ണമൂല്യമെന്ന് സി. എൽ. ആന്റണി പ്രസ്താവിക്കുന്നു. എന്നാൽ സംവൃത-അകാര മെന്ന് ആറ്റൂരും ഉകാരത്തിന്റെ സംവൃത-വിവൃതഭേദമായി ശേഷഗിരിപ്രഭുവും ഈ വർണ്ണത്തെ പഠിക്കുന്നു. മൂസ്സതും വേണുഗോപാലപ്പണിക്കരും സ്വതന്ത്രപദവി ഇതിന് നൽകുന്നില്ല. നവീനഭാഷാശാസ്ത്രസങ്കല്പപ്രകാരം ഈ വർണ്ണത്തെ മധ്യ മസ്വരമാണെന്ന് ശക്തമായി വാദിക്കുന്നവർ എൽ. വി. ആർ. (Centralised Sound), ഇ. വി. എൻ. (മധ്യമസ്വരം), വി. ആർ. പ്രബോധചന്ദ്രൻ (മധ്യകേന്ദ്രസ്വരം), വി. സുകുമാരൻ (നടുസ്വരം) എന്നിവരാണ്.

## III. വർത്സ്യവർഗം

മലയാളത്തിലെ വർത്സ്യവർഗത്തെ ആദ്യമായി കണ്ടെത്തിയത് താനാ ണെന്ന് കേരളപാണിനി വാദിക്കുന്നു. സംസ്കൃതാദികളിൽ കാണാത്ത വർത്സ്യ മെന്ന ഒരു വർഗം തമിഴ് - മലയാളങ്ങളിലെ അക്ഷരമാലയിൽ ഉണ്ടെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. ആറാമതൊരു വർഗത്തിന്റെ ഖരാനുനാസികങ്ങളാണ് തമിഴ്-മല യാളങ്ങളിലെ 'ṟ,ഩ'എന്നിവ. ഖരാനുനാസികങ്ങൾ മാത്രമുള്ള തമിഴിൽ അതൊരു പൂർണ്ണവർഗ്ഗമാണെന്ന് ഏ. ആർ. വിശദീകരിക്കുന്നു. എന്നാൽ കാൾഡ്വെല്ലിന് താൻ കണ്ടെത്തിയ വർത്സ്യഖരത്തെ കണ്ടെത്താനാവുന്നില്ലെന്ന് ഏ. ആർ. അത്ഭുതപ്പെടുന്നുണ്ട്. എന്നാൽ വർത്സ്യവർഗ്ഗത്തെ ആദ്യമായി അവതരി പ്പിച്ചത് ഗുണ്ടർട്ടാണെന്ന് സി. എൽ. ആന്റണി സമർത്ഥിക്കുന്നു. വർത്സ്യ-ദന്ത്യ അനുനാസികങ്ങളെ (ഩ-ന) ഗുണ്ടർട്ട് തന്റെ നിഘണ്ടുവിൽ ('True Dental n' (4th varga) എന്നും Dento-Gingival (6th varga) എന്നും) രേഖപ്പെടുത്തിയിട്ടുള്ളത് അതിന് തെളി വായി അദ്ദേഹം കാണുന്നു. ഈ വർണ്ണങ്ങളെ പിൽക്കാലപഠനങ്ങളിൽ വിവരിക്കു ന്നതെങ്ങനെയെന്ന് നോക്കാം.

**ശേഷഗിരിപ്രഭു** : റകാര ഇരട്ടിപ്പാണ് റ്റകാരമെന്ന് പറയുന്നു. ഇത് ഉച്ചാരണ ത്തിൽ റകാരഭിന്നമാണ്. 'ന-ഩ' എന്നിവയെ യഥാക്രമം ദന്ത്യനകാരം - ദന്ത്യാഗ്ര ഩകാരം എന്നും വിളിക്കുന്നു.

**വി. സുകുമാരൻ :** ṟകാരത്തെ സ്വതന്ത്രസ്വനിമമായി കാണുന്നു. ഇരട്ടിച്ചുവരു മ്പോൾ മാത്രമെ ദന്ത്യവർത്സ്യാനുനാസികങ്ങൾ തമ്മിൽ വൈരുദ്ധ്യമുള്ളൂ എന്ന് നിരീക്ഷിക്കുന്നു.

**കെ. സുകുമാരപ്പിള്ള**: കൊട്ട് – കൊത്ത് - കൊറ്റ് എന്നിങ്ങനെ അല്പതമജോഡി കളിൽ അർത്ഥഭേദം സൂചിപ്പിക്കാൻ കഴിയുന്നതിനാൽ വർത്സ്യഖരം സ്വനിമപരമാ ണെന്ന് പറയുന്നു. ദന്ത്യ-വർത്സ്യാനുനാസികങ്ങൾക്ക് ഭിന്നമായ ഉച്ചാരണവും ലിപിയും ഉള്ളതിനാൽ അവയെ പ്രത്യേകവർണ്ണങ്ങളായി കാണണം.

**സി. വി. വാസുദേവഭട്ടതിരി:** റകാരത്തിന്റെ ഇരട്ടിപ്പായി റ്റകാരത്തെ പറയുന്നു. ദന്ത്യ-വർത്സ്യാനുനാസികങ്ങളെ ധ്വനിഭേദങ്ങളായി ഗണിക്കണമെന്നും അതിനാൽ അവയ്ക്ക് ലിപിഭേദത്തിന്റെ ആവശ്യമില്ലെന്നും വാദിക്കുന്നു.

**ഇ.വി.എൻ.നമ്പൂതിരി :** ഒരേ വർണ്ണത്തിന്റെ ഉച്ചാരണഭേദങ്ങളായാണ് ഺകാരധ്വനി, റകാരധ്വനി എന്നിവയെ ഇ. വി. എൻ. പരിഗണിക്കുന്നത്. ഈ ഉച്ചാരണഭേദങ്ങൾ അഭിന്നങ്ങളായതിനാൽ അവയിലൊന്നിനെമാത്രം വർണമാലയിൽ അംഗീകരിച്ചാൽ മതിയെന്നും വിധിക്കുന്നു. നകാര-ഩകാരങ്ങളുടെ വ്യത്യയസ്വഭാവം പല സാഹചര്യങ്ങളിലും അദ്ദേഹം കണ്ടെത്തുന്നുണ്ട് (ഉദാ: നോവൽ - ഩോവൽ, തിന്ന് - തിഩ്ഩ്). എങ്കിലും അതിനെ ആറാമതൊരു അനുനാസികമാക്കുന്നതിനോട് യോജിക്കുന്നില്ല.

**കെ. എം. പ്രഭാകരവാര്യർ**

റകാരഭിന്നമായാണ് വർത്സ്യഖരത്തെ കാണുന്നത്. ദന്ത്യ-വർത്സ്യാനുനാസികങ്ങളെ അടിസ്ഥാനവർണ്ണമാലയിൽ വ്യതിരിക്തധ്വനികളായിത്തന്നെ പരിഗണിക്കണമെന്ന് അഭിപ്രായപ്പെടുന്നു.

**മാരാര് :** തവർഗ-ടവർഗങ്ങളുച്ചരിക്കുമ്പോൾ നാവ് സ്പർശിക്കുന്ന സ്ഥാനങ്ങളുടെ മധ്യത്തിൽവെച്ച് തടഞ്ഞുവിടുന്ന ഒരു വർഗമാണ് വർത്സ്യവർഗം. അവയിൽ 'ന, റ്റ, ന്റ' എന്നു രണ്ടുമൂന്നക്ഷരങ്ങളേ ഇപ്പോൾ ഉപയോഗിക്കുന്നുള്ളൂവെന്ന് സൂചിപ്പിക്കുന്നു.

**ജോൺകുന്നപ്പള്ളി:** കകാരം മുതൽ മകാരം വരെയുള്ള ഇരുപത്തിയഞ്ചു വർണങ്ങൾ സ്പർശങ്ങൾ ആകുന്നു. ഺ, ഩ എന്നിവയെയും സ്പർശങ്ങളോടു ചേർക്കുന്നു.

**ടി. ബി. വേണുഗോപാലപ്പണിക്കർ :** റകാരം, വർത്സ്യഖരം എന്നിവ ചരിത്രപരമായും പ്രക്രിയാപരമായും അഭേദമാണെന്ന് വീക്ഷിക്കുന്നു.

**എൻ. ആർ. ഗോപിനാഥപിള്ള:** ദന്ത്യവർത്സ്യാനുനാസികങ്ങൾ മലയാളത്തിൽ ഭിന്നസ്വനിമങ്ങളാണെന്ന പക്ഷമാണ് പിള്ളയ്ക്കുള്ളത്.

(മേരി, 2015 : 377-379)

## IV. ഋകാരഌകാരങ്ങൾ

സംസ്കൃതാക്ഷരമാലയിലുള്ള ഈ വർണ്ണങ്ങൾ ഉപയോഗിച്ചുള്ള തത്സമപദങ്ങൾ മലയാളത്തിൽ ഉള്ളതിനാൽ കേരളപാണിനി ഇവയെ മലയാളസ്വരങ്ങളിൽ ഉൾപ്പെടുത്തിയതിൽ തെറ്റൊന്നുമില്ലെന്ന പക്ഷമാണ് സി. എൽ. ആന്റണിയ്ക്കുള്ള

ത്. സംസ്കൃതത്തിലെ രേഫ-ലകാരങ്ങളിൽ സ്വരനിലയമവലംബിച്ചു രൂപപ്പെട്ട താണ് ഋ-ഌകാരങ്ങളെന്ന് ഏ. ആറും ആറ്റൂരും കരുതുന്നു. എന്നാൽ ഈ വർണ്ണങ്ങൾ ചേർന്നുവരുന്ന ക്ര, പ്ര, മ്ര, ക്രു, പ്രു, ക്രി, പ്രി, ക്രേ, പ്രേ, പൃ, മൃ, ക്ഌ (ക ചിഹ്നത്തിനു കീഴെയാണ് ഌ ചിഹ്നം കാണിക്കേണ്ടത്) എന്നീ സംയുക്തവ്യ ഞ്ജനങ്ങളിലെല്ലാം ഒരു മധ്യമോന്നതസ്വരം ചേർന്നിട്ടുള്ളതായി സൂക്ഷ്മനിരീക്ഷ ണങ്ങളോടെ സി. എൽ. ആന്റണി കണ്ടെത്തുന്നു. അദ്ദേഹത്തിന്റെ നിരീക്ഷ ണത്തെ താഴെ കാണുന്ന രീതിയിൽ ചുരുക്കിയെഴുതാം.

ഋകാരം = രേഫം + മധ്യമോന്നതസ്വരം (ര് + ഉ്)

ഌകാരം = ലകാരം + മധ്യമോന്നതസ്വരം (ല് + ഉ്)

(ആന്റണി, 2005 : 13)

ഈ 'മധ്യമസ്വര'ത്തെ മനസ്സിലാക്കാൻ പൂർവ്വവൈയാകരണന്മാർക്ക് കഴിയാ ത്തതുകൊണ്ടാണ് സംവൃതോകാരത്തിന്റെ മൂല്യനിർണയനത്തിലും പിഴവ് സംഭവി ച്ചതെന്ന് വീക്ഷിക്കുന്നു. ഋകാരഌകാരങ്ങളെ ഒറ്റവർണ്ണങ്ങളായ സ്വരങ്ങളായി ഗണിച്ചതിനാലാണ് സ്വരങ്ങൾക്കില്ലാത്ത സ്പൃഷ്ടസ്വഭാവം കേരളപാണിനി അവ യിൽ ആരോപിക്കാൻ ഇടവന്നതെന്നും നിരീക്ഷിക്കുന്നു. ഈ വർണ്ണങ്ങളെ സംബ ന്ധിച്ചുള്ള മറ്റു വൈയാകരണന്മാരുടെ ചിന്തകൾ സംഗ്രഹിക്കാം:

**കെ. സുകുമാരപിള്ള :-** ഭാഷയുടെ ആഗമികപഠനത്തിൽ ഈ വർണ്ണങ്ങൾ ആവ ശ്യമില്ലെന്നു പറയുന്നു. ''സൂക്ഷ്മമായി പരിശോധിക്കുമ്പോൾ ഋകാരം എന്നത് രേഫവും മധ്യമോന്നതസ്വരവും ചേർന്ന അക്ഷരവും ഌകാരമാവട്ടെ ലകാരവും അതുപോലെ മധ്യമോന്നതസ്വരവും ചേർന്ന മറ്റൊരക്ഷരവും മാത്രമാണ്'' എന്ന സി. എൽ. ആന്റണിയുടെ അഭിപ്രായത്തെ അംഗീകരിക്കുന്നു.

**സി. വി. വാസുദേവഭട്ടതിരി** : 'ഌ' എന്ന വർണ്ണത്തെ ഭട്ടതിരി അക്ഷരമാലയിൽ ഉൾപ്പെടുത്തുന്നില്ല. ഈ വർണ്ണത്തിന്റെ പ്രസക്തി മലയാളത്തിൽ നഷ്ടപ്പെട്ടു. 'ക്ഌപ്തം' എന്ന ഒറ്റവാക്കിൽ മാത്രമെ അതിന് മലയാളത്തിൽ പ്രയോഗമുള്ളൂ. എന്നാൽ ഇപ്പോൾ അത് 'ക്ലിപ്തം' എന്നാണ് എഴുതുന്നത്. അതിനാൽ വർണ്ണമാ ലയിൽ അതിനെ ഒഴിവാക്കാമെന്നാണ് *അഭിനവമലയാളവ്യാകരണ*ത്തിൽ അഭിപ്രാ യപ്പെടുന്നത്.

**ഗോപിക്കുട്ടൻ :** *മലയാളവ്യാകരണ*ത്തിൽ 'ഌ' എന്ന വർണത്തെ സംബന്ധിച്ച് ഗോപിക്കുട്ടൻ പറയുന്ന അഭിപ്രായങ്ങളും സി. വി. വാസുദേവഭട്ടതിരിയുടെ നിർദ്ദേ ശങ്ങളോട് സമാനമാണ്. നമ്മുടെ അക്ഷരമാലയിൽ 'ഌ' എന്ന ലിപി ഉണ്ടെങ്കിലും

അതിന്റെ ഉച്ചാരണം 'റ്' എന്നാണെന്നും സ്വരങ്ങളിൽ 'ഌ, ഞ' എന്നിവ ഇപ്പോൾ പ്രയോഗത്തിലില്ലെന്നും പ്രസ്താവിക്കുന്നു.

**വി. സുകുമാരൻ :** ഋകാരത്തെയും സംവൃതോകാരത്തെയും ഭാഷാശാസ്ത്രസിദ്ധാന്തത്തിന്റെ നൂതനസങ്കല്പങ്ങളുപയോഗിച്ച് പഠിക്കാൻ ശ്രമിച്ച വൈയാകരണനാണ് വി. സുകുമാരൻ. 'മലയാളത്തിലെ സ്വനിമങ്ങളും അക്ഷരങ്ങളും', 'ചന്ദ്രക്കലയുടെ വൃത്തിപരമായ ഭാവങ്ങൾ' എന്നീ ലേഖനങ്ങളിലൂടെ അദ്ദേഹം പ്രസ്തുത വർണ്ണങ്ങളെ സംബന്ധിച്ച് ചർച്ചചെയ്യുന്നു. 'ഋ' എന്നത് ശരിയായ സ്വരമല്ല; അർദ്ധസ്വരമെന്നോ അർദ്ധവ്യഞ്ജനമെന്നോ വിളിക്കാവുന്നതാണ്. അതിനെ കേന്ദ്രവർണ്ണമായാണ് (ഉച്ചകേന്ദ്രം) സുകുമാരൻ പരിഗണിക്കുന്നത്. 'ഋ'-വിലുള്ള സ്വരഘടകത്തെ ' ' എന്ന ചിഹ്നംകൊണ്ട് ലേഖകൻ സൂചിപ്പിക്കുന്നു.

'ഋ' = ർ + എന്നതിലെ സ്വരഘടകവും സംവൃതോകാരവും ഒരേ സ്വനിമത്തിന്റെ വൈകൃതസ്വനങ്ങളാണെന്ന് സമർത്ഥിക്കുന്നു: "ഉന്നതിയിൽ വ്യത്യാസമുള്ള രണ്ടു നടുസ്വരങ്ങൾ മലയാളത്തിലുണ്ടെന്നും അവയിൽ കൂടുതൽ ഉച്ചമായത് (ർ)-നുശേഷം പദമദ്ധ്യത്തിലും കൂടുതൽ നീചമായതു പദാന്തങ്ങളിലും സംഭവിക്കുന്നെന്നും വരുന്നു. ഈ രണ്ടു സ്വരങ്ങൾ പൂരകവിതരണത്തിൽ സംഭവിക്കുന്നതിനാൽ ഭാഷാസ്വരങ്ങളെ സംഘടിപ്പിക്കുമ്പോൾ ഇവ രണ്ടിനുംകൂടി ഒരു ധ്വനിമൂലകംകൊണ്ടു തൃപ്തിപ്പെടേണ്ടിയിരിക്കുന്നു. പരമ്പരയായി 'ഋ'വിനെ ഒരു ധ്വനിമൂലകമായി കണക്കാക്കുന്നതു സ്വീകാര്യമാണെങ്കിൽ (്) ഋ-വിന്റെ ഒരു വൈകൃതധ്വനിയാവും.

(മേരി, 2015 : 89)

**പ്രഭാകരവാര്യർ:** ഋകാരദീർഘം, ഌകാരഹ്രസ്വദീർഘങ്ങൾ എന്നിവ ആവശ്യമില്ലെന്ന പക്ഷമാണ് പ്രഭാകരവാര്യരുടേത്. സമകാലികഭാഷയിൽ അവ ഉപയോഗിക്കുന്നില്ലെന്ന് *മലയാളവ്യാകരണസമീക്ഷ*യിലെ 'വർണ്ണങ്ങൾ' എന്ന അധ്യായത്തിൽ സൂചിപ്പിക്കുന്നു. [55]

**ഇ.വി.എൻ.നമ്പൂതിരി:** ഋകാരദീർഘം ഉപയോഗിച്ചുള്ള പദങ്ങൾ മലയാളത്തിലില്ല. 'ക്ലപ്തം' എന്ന പദത്തിലൊഴികെ 'ഌ' എന്ന വർണ്ണം കാണുന്നില്ല. അതിനാകട്ടെ 'ക്ലിപ്തം' എന്നെഴുതാനുള്ള അംഗീകാരവും ലഭിച്ചിട്ടുണ്ട്. അതിനാൽ ഋകാരദീർഘം, ഌ, ൡ എന്നിവയൊന്നും വർണ്ണമാലയിൽ ആവശ്യമില്ലെന്ന് 'വർണ്ണമാല' എന്ന ലേഖനത്തിൽ പ്രസ്താവിക്കുന്നു. [56]

സി. എൽ. ആന്റണിയുടെ നിരീക്ഷണങ്ങളോട് ചേർന്നുപോകുന്നവരാണ് സുകുമാരപിള്ളയും വി. സുകുമാരനും. സുകുമാരപിള്ള ആന്റണിയുടെ വാദത്തെ അംഗീകരിക്കുന്നു. സുകുമാരന്റെ പഠനങ്ങളാകട്ടെ ആന്റണിയുടെ അഭിപ്രായങ്ങ

ളോട് ഫലത്തിൽ സമാനമായിത്തീരുന്നു. ഋകാരത്തിൽ രേഫത്തിനൊപ്പം ചേരുന്നു വെന്ന് കേരളപാണിനീയഭാഷ്യകാരൻ പ്രസ്താവിക്കുന്ന 'മധ്യമോന്നതസ്വര'വും ഋകാരത്തിലെ സ്വരഘടകമെന്ന് ( ) സുകുമാരൻ നിർദ്ദേശിക്കുന്ന 'ഉച്ചമായ നടു സ്വര'വും ഒന്നാണെന്നു കാണാവുന്നതാണ്. നമ്മുടെ അക്ഷമാലയിൽ ലിപിയുള്ള ഋകാരത്തിന് 'റ്' എന്ന ഉച്ചാരണമൂല്യമാണുള്ളത് എന്ന ഗോപിക്കുട്ടന്റെ അഭിപ്രാ യവും ശ്രദ്ധേയമാണ്. മറ്റു വൈയാകരണന്മാരാകട്ടെ ഈ വർണ്ണങ്ങളുടെ ധ്വനി മൂല്യം നിർണ്ണയിക്കാനൊന്നും ഉദ്യമിക്കുന്നില്ല. ഒപ്പംതന്നെ അവയെ വർണമാല യിൽ ഒഴിവാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

## V. സമാനാക്ഷരങ്ങളും സന്ധ്യക്ഷരങ്ങളും

മലയാളസ്വരങ്ങളെ രണ്ടായിട്ടാണ് ഏ. ആർ വിഭജിക്കുന്നത്. മറ്റു സ്വരങ്ങളു മായി കലരാത്തവയെ 'സമാനാക്ഷരങ്ങൾ' (അ, ഇ, ഉ, ഋ, ഌ, അവയുടെ ദീർഘ ങ്ങൾ) എന്നും ഒരു ധ്വനിയിൽ മറ്റൊന്ന് അരഞ്ഞുചേർന്ന രീതിയിലുള്ള സംസർഗ്ഗ പ്രവർത്തനത്താൽ രൂപംകൊണ്ട 'സന്ധ്യക്ഷരങ്ങൾ' (എ, ഏ, ഒ, ഓ, ഐ, ഔ) എന്നും കേരളപാണിനി അവയെ സംജ്ഞീകരിക്കുന്നു. എന്നാൽ ആധുനികഭാ ഷാശാസ്ത്രമനുസരിച്ച് എകാര-ഒകാരങ്ങൾ കേവലസ്വരങ്ങളാണെന്ന് സി.എൽ. ആന്റണി അഭിപ്രായപ്പെടുന്നു. 'എ, ഏ, ഒ, ഓ' എന്നിവ കേവലസ്വരങ്ങളായും 'ഐ, ഔ' എന്നിവ സംയുക്തസ്വരങ്ങളായും വിഭജിക്കുന്നതാണ് മലയാളഭാഷാരീ തിയനുസരിച്ച് അഭികാമ്യമെന്നു വാദിക്കുന്നതിനൊപ്പം എകാര-ഒകാരങ്ങളുടെ ധ്വനി നിർണ്ണയവും നടത്തുന്നു. സാങ്കേതികസംജ്ഞകളനുസരിച്ച് എകാരം 'അഗ്രാന്തരിതസ്വര'വും (Front Mid Vowel) ഒകാരം 'മൂലാന്തരിതസ്വര'വും (Back Mid Vowel) ആണെന്ന് അഭിപ്രായപ്പെടുന്നു. [57] മറ്റുള്ളവരുടെ അഭിപ്രായങ്ങളും ക്രോഡീകരിക്കാം.

**കെ. സുകുമാരപിള്ള:** ഐകാരത്തിന്റെ സ്വരപദവി കൃത്രിമമാണെന്ന് പറയുന്നു. ഒരു സന്ധിസ്വരമെന്നതിനെക്കാൾ 'സ്വരവ്യഞ്ജനയോഗം' (അയ്) എന്ന ലക്ഷണ മാണ് അതിന്റെ സ്വരൂപത്തിനും വ്യവഹാരത്തിനും കൂടുതൽ യോജിക്കുന്നതെന്ന് വാദിക്കുന്നു. ഔകാരവും ഇതുപോലെതന്നെയെന്ന് പ്രസ്താവിക്കുന്നു. [58]

**സി. വി. വാസുദേവഭട്ടതിരി** : ഭട്ടതിരിയുടെ വീക്ഷണത്തിൽ ലിപിസംഖ്യയും വർണ്ണസംഖ്യയും തുല്യമാകണമെന്നില്ല എന്ന അഭിപ്രായമാണുള്ളത്. ഐ, ഔ എന്നീ ലിപികൾ 'അയ്', 'അവ്' എന്ന ഇരട്ടവർണ്ണങ്ങളെയാണ് യഥാക്രമം പ്രതിനി ധാനം ചെയ്യുന്നത് എന്നതിനാൽ അവയെ വർണ്ണമാലയിൽനിന്നും വിട്ടുകളയുക യാണ് ഭട്ടതിരി ചെയ്തിരിക്കുന്നത്.

**എൻ. എൻ. മൂസ്സത്:** കേരളപാണിനിയുടെ സന്ധ്യക്ഷരത്തെ 'അക്ഷരകേന്ദ്രം' ആയാണ് മൂസ്സത് പരിഗണിക്കുന്നത്. ഒന്നിലധികം ഘടകങ്ങളടങ്ങിയ സ്വനിമസംഘാതമാണ് അക്ഷരകേന്ദ്രം. ഈ ആധുനികഭാഷാശാസ്ത്രസങ്കല്പനത്തെക്കുറിച്ച് *എ ബ്രീഫ് അക്കൗണ്ട് ഓഫ് മലയാളം ഫൊണറ്റിക്സ്* എന്ന ഗ്രന്ഥത്തിൽ എൽ. വി. ആർ. പ്രതിപാദിക്കുന്നുണ്ട്. ഒരു സ്വരവും അതിനെ പിന്തുടർന്നു വരുന്ന ഒരു അർദ്ധസ്വരവുമാണ് അക്ഷരകേന്ദ്രമെന്ന് മൂസ്സതും നിർവചിക്കുന്നു. അയ്, അവ്, അഹ് എന്നിവയെ മലയാളത്തിലെ അക്ഷരകേന്ദ്രങ്ങളായി പരിഗണിക്കുകയും സന്ധ്യക്ഷരങ്ങളെന്ന സങ്കല്പം ഉപേക്ഷിക്കുകയും ചെയ്തിരിക്കുന്നു. [59]

**കെ. എം. പ്രഭാകരവാര്യർ :** 'മലയാളവ്യാകരണസമീക്ഷ'യിൽ എകാരഒകാരങ്ങളെ മൂലസ്വരങ്ങൾ എന്നും 'ഐ, ഔ' എന്നിവയെ സംയുക്തസ്വരങ്ങളെന്നുമാണ് വിഭജിക്കുന്നത്.[60] എകാരഒകാരങ്ങൾ സംയുക്തസ്വരങ്ങളാണെന്നും സംസർഗ്ഗത്താൽ ഉണ്ടാകുന്നവയാണെന്നുമുള്ള കേരളപാണിനീയചിന്തയെ നിഷേധിക്കുന്നു. ഐകാരഔകാരങ്ങൾ സംയുക്തസ്വരങ്ങളാണെങ്കിലും പ്രയോഗത്തിൽ അവ ഒറ്റസ്വര ത്തെപോലെ ആകയാൽ വർണ്ണമാലയിൽ ഉൾപ്പെടുത്തണമെന്നാണ് ഈ വൈയാകരണന്റെ പക്ഷം.

**ഇ. വി. എൻ. നമ്പൂതിരി :**'വർണ്ണമാല' എന്ന ലേഖനത്തിൽ 'ഐ'കാരത്തെപ്പറ്റിയുള്ള സൂക്ഷ്മനിരീക്ഷണം രേഖപ്പെടുത്തിയിട്ടുണ്ട്. മയിൽ (പക്ഷി), മൈൽ (ദൂരം) എന്നീ ഉദാഹരണപദങ്ങളിൽ 'അയ്, ഐ' എന്നിവ യഥാക്രമം വ്യത്യയം പ്രകടമാക്കുന്നതുകൊണ്ട് 'ഐ'കാരത്തെ വർണ്ണമാലയിൽ ഉൾപ്പെടുത്തണമെന്നാണ് ഇ. വി. എൻ. അഭിപ്രായപ്പെടുന്നത്.[61]

ഏ. ആറിന്റെ 'സന്ധ്യക്ഷര'ങ്ങളെന്ന വിഭാഗത്തെപ്പറ്റിയാണ് വൈയാകരണന്മാർക്കിടയിൽ പ്രായേണ എതിരഭിപ്രായങ്ങളുള്ളത്. ആ വകുപ്പിൽ ഉൾപ്പെടുത്തി കേരളപാണിനി ചർച്ചചെയ്യുന്ന എകാര-ഒകാരങ്ങളെ കേവലസ്വരങ്ങളെന്ന് ആന്റണിയും മൂലസ്വരങ്ങൾ എന്ന് പ്രഭാകരവാര്യരും വിളിക്കുന്നു. ഐകാരഔകാരങ്ങളെ വർണ്ണമാലയിൽ പരിഗണിക്കണോ എന്ന ഭാഷാചിന്തകരുടെ ആലോചനയും എടുത്തുപറയേണ്ടതാണ്. 'അയ്, അവ്' എന്ന ഇരട്ടവർണ്ണങ്ങളെ പ്രതിനിധീകരിക്കുന്നതിനാൽ അവയെ 'സ്വരവ്യഞ്ജനയോഗ'മെന്ന് സുകുമാരപിള്ളയും 'അക്ഷരകേന്ദ്ര'മെന്ന് മൂസ്സതും വിളിക്കുന്നു.

'ഐ, ഔ' എന്നിവയ്ക്കു പകരം വെയ്ക്കാവുന്നതാണ് 'അയ്, അവ്' എന്നിവ എന്ന കാരണത്താൽ ഐകാരഔകാരങ്ങളെ വാസുദേവഭട്ടതിരി ഒഴിവാക്കുന്നു. എന്നാൽ അയ്, ഐ എന്നിവ വ്യത്യയജോഡികളാണെന്നതിനാൽ ഐകാരത്തെ വർണ്ണമാലയിൽ ചേർക്കണമെന്ന് ഇ. വി. എൻ. വാദിക്കുന്നു.

## VI. രേഫ റകാര ഴകാരങ്ങൾ

ഈ വർണ്ണങ്ങളെ സംബന്ധിച്ചുള്ള പൂർവ്വധാരണകൾ മനസ്സിലാക്കുന്നതിനായി ഏ. ആർ, ഗുണ്ടർട്ട്, ആറ്റൂർ, എൽ. വി. ആർ., കാമിൽ സ്വെലബിൽ എന്നിവരുടെ അഭിപ്രായങ്ങളെയാണ് സി. എൽ. ആന്റണി ക്രോഡീകരിക്കുന്നത്. അവ പരിശോധിക്കാം:-

**ഏ. ആർ. :** രവർഗമെന്ന വിഭാഗത്തിൽ വരുന്ന ര, റ, ഴ എന്നീ മധ്യമങ്ങൾ മൂർദ്ധന്യവർണ്ണങ്ങളാണ്. എന്നാൽ ഇവ ഉച്ചരിക്കുമ്പോൾ നാവ് സ്പർശിക്കുന്ന സ്ഥാനം, ഉച്ചാരണരീതി എന്നിവയിൽ വ്യത്യാസമുണ്ട് എന്ന നിരീക്ഷണം നടത്തുന്നു. സ്വന്തമായ ആ നിരീക്ഷണത്തെ പിന്തുടർന്നുപോയിരുന്നെങ്കിൽ രേഫം മൂർദ്ധന്യമല്ലെന്ന് ഏ. ആറിന് കണ്ടെത്താൻ കഴിയുമായിരുന്നെന്ന് സി. എൽ. ആന്റണി അഭിപ്രായപ്പെടുന്നു.

**ഗുണ്ടർട്ട് :** പ്രസ്തുതവർണ്ണങ്ങളുടെ ഭിന്നധ്വനിമൂല്യങ്ങൾ (രേഫം - താലവ്യം, റകാരം - മൂർദ്ധന്യം, ഴകാരം - മൂർദ്ധന്യതാലവ്യം) കണ്ടെത്താൻ തന്റെ നിഘണ്ടുവിൽ ശ്രമിക്കുന്നുണ്ട്. എന്നാൽ ആ മൂല്യനിർണ്ണയനം വിജയപ്രദമായില്ലെന്ന് സി. എൽ. ആന്റണി വിലയിരുത്തുന്നു.

**ആറ്റൂർ :** രകാരറകാരങ്ങൾക്ക് യഥാക്രമം വർത്സ്യ-മൂർദ്ധന്യ ഉച്ചാരണം നൽകുന്നു. റകാരത്തിന്റെ ഭിന്നധ്വനികളെ ഏതാനും ഉദാഹരണങ്ങളോടെ വ്യക്തമാക്കുന്നു. ഴകാരത്തിന്റെ ധ്വനിമൂല്യം കുറിക്കുന്നില്ലെങ്കിലും അത് ളകാരത്തിന്റെ വികാരമാണെന്നും ളകാരത്തെ മയപ്പെടുത്തി ഉച്ചരിക്കുന്നതാണെന്നും പ്രസ്താവിക്കുന്നു.

**എൽ. വി. ആർ:** രേഫം-വർത്സ്യമൂല്യം (*Malayalam Phonetics*), റകാരം-മൂർദ്ധന്യ വകുപ്പിലെ സ്ഫുരിതാധിക്യമുള്ള വർണ്ണം (*Malayalam Phonology*), ഴകാരം-മൂർദ്ധന്യപ്രവാഹി (*Malayalam Phonology*), മൂർദ്ധന്യമാത്ര (*Malayalam Phonetics*), മൂർദ്ധന്യസംഘർഷി (*Oriental Research Magazine*) എന്നിങ്ങനെ വിവരിക്കുന്നു.

**കാമിൽ സ്വെലബിൽ :** *Comparative Dravidian Phonology* എന്ന കൃതിയിൽ രേഫത്തിന് ലഘുസ്ഫുരിതമൂല്യം നൽകുന്നു. തമിഴ്-മലയാളങ്ങളിലെ റകാരഴകാരങ്ങൾക്ക് മൂർദ്ധന്യമൂല്യം കൽപിക്കുന്നതിനൊപ്പം ഴകാരത്തിന് സംഘർഷി (Fricative) യുടെ ഉപമൂല്യം സൂക്ഷ്മമായി നൽകുകയും ചെയ്യുന്നു.

മേൽപറഞ്ഞ പൂർവ്വധാരണകളുടെ വെളിച്ചത്തിലാണ് സി. എൽ. ആന്റണി രേഫ-റകാര-ഴകാരങ്ങളുടെ ധ്വനിമൂല്യനിർണ്ണയനം നടത്തുന്നത്. രേഫത്തെ വർത്സ്യമായും ഴകാരത്തെ മൂർദ്ധന്യമായും കരുതുന്ന ഭാഷാശാസ്ത്രജ്ഞന്മാരുടെ

നിലപാടിനെയാണ് സി. എൽ. ആന്റണിയും അംഗീകരിക്കുന്നത്. എൽ. വി. ആർ. തന്റെ മൂന്നു കൃതികളിലായി ഴകാരത്തിന്റെ സൂക്ഷ്മധ്വനിഭേദങ്ങൾ അവതരിപ്പിക്കുന്നുണ്ടെങ്കിലും 'മൂർദ്ധന്യപ്രവാഹി' (continuant) എന്നതിനോടാണ് ആന്റണിയ്ക്ക് പ്രതിപത്തി. എന്നാൽ റകാരം മൂർദ്ധന്യവർണ്ണമാണെന്നുള്ള പൂർവ്വധാരണകളെ നിരാകരിക്കുന്നു. ഭാഷയുടെ പ്രയോഗതലത്തിൽ റകാരം മൂർദ്ധന്യമാണെന്നു കാണിക്കുന്ന തെളിവുകൾ കണ്ടെത്താനാകുന്നില്ല എന്നാണ് അദ്ദേഹത്തിന്റെ പക്ഷം. പ്രയോഗങ്ങളെ അടിസ്ഥാനമാക്കിയാവണം പ്രമാണരൂപീകരണം എന്ന ആധുനികഭാഷാശാസ്ത്രതത്ത്വം അംഗീകരിക്കുന്നതിനൊപ്പം സംഭാഷണങ്ങളിലും സന്ധികാര്യങ്ങളിലും റകാരം വർത്സ്യമാകുന്ന ഉദാഹരണങ്ങളാണ് ഉള്ളതെന്നും സമർത്ഥിക്കുന്നു (പെറ്+തു=പെറ്റു, ആറ്+ഇൽ=ആറ്റിൽ). 'വർത്സ്യപരസ്ഥാനീയമായസ്ഫുരിത' (Post Alveolar Trill)മെന്ന ധ്വനിമൂല്യമാണ് പ്രയോഗത്തിൽ ഉടനീളം റകാരത്തിന് ഉള്ളതെന്ന് സി. എൽ. ആന്റണി വീക്ഷിക്കുന്നു. രേഫറകാരഴകാരങ്ങളെ സംബന്ധിച്ചുള്ള മറ്റു ഭാഷാചിന്തകളും പരിശോധിക്കുന്നത് ഉചിതമാണ്.

**ജോൺ കുന്നപ്പള്ളി:-** ധ്വനിമൂല്യനിർണ്ണയനത്തിൽ കേരളപാണിനീയഭിന്നമായ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. രേഫറകാരങ്ങൾക്ക് വർത്സ്യമൂല്യം കൽപിക്കുന്നു.

**ശേഷഗിരിപ്രഭു** : കേരളപാണിനിയുടെ ഊഷ്മാക്കൾ (ശ,ഷ,സ), മധ്യമങ്ങൾ (യ, ര,ല,വ) എന്നീ വിഭാഗങ്ങളെ മൊത്തത്തിൽ 'ഘർഷകങ്ങൾ' (Fricatives) എന്നു വിളിക്കുന്നു.

**കെ. സുകുമാരപിള്ള**: *കൈരളീശബ്ദാനുശാസന*ത്തിൽ രകാരത്തിനു 'ദന്ത്യവർത്സ്യം' എന്ന ധ്വനിമൂല്യമാണ് നൽകിയിട്ടുള്ളത്. വർത്സ്യഖരത്തിന്റെ ഉപസ്വനമായി റകാരത്തെ കാണുന്നു. റകാരത്തിന് 'വർത്സ്യോൽക്ഷിപ്തസ്ഫുരിതം' എന്ന ധ്വനിമൂല്യം നൽകിയിട്ടുണ്ട്. നവീനഭാഷാശാസ്ത്രപ്രകാരം മധ്യമങ്ങളെ പാർശ്വികം (ല,ള), ഉത്ക്ഷിപ്തം (ര,റ), പ്രവാഹികൾ (വ,യ ഴ) എന്നിങ്ങനെ സുകുമാരപിള്ള വിഭജിച്ചിരിക്കുന്നു. രേഫറകാരഴകാരങ്ങളുടെ മൂല്യത്തെക്കുറിച്ച് മറ്റു പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ സുകുമാരപിള്ള സമാഹരിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു:-

**(i) രേഫം**

| | |
|---|---|
| സംസ്കൃതവ്യാകരണം | – മൂർദ്ധന്യം |
| ഏ.ആർ | - സംസ്കൃതരീതി അതേപടി സ്വീകരിക്കുന്നു. |

| | | |
|---|---|---|
| എൽ. വി. ആർ. | - | വർത്സ്യമൂല്യം |
| വി. ആർ. പ്രബോധചന്ദ്രൻ | - | ഘോഷിയും താലവ്യവൽകൃതം അല്ലാത്തതുമായ ദന്ത്യവർത്സ്യോൽക്ഷിപ്തവർണം |
| സി. എൽ. ആന്റണി | - | വർത്സ്യപൂർവ്വലഘുസ്ഫുരിതം |

**(ii) റകാരം**

| | | |
|---|---|---|
| സംസ്കൃതവ്യാകരണം | – | സോപാധികപരിവർത്തനമുള്ള ഒരുപസ്വനം |
| ഏ. ആർ. | - | മൂർദ്ധന്യം |
| എൽ. വി. ആർ. | - | സ്ഫുരിതാധിക്യംകൂടി നൽകി |
| സി. എൽ. ആന്റണി | - | വർത്സ്യപരസ്ഥാനീയമായ സ്ഫുരിതം |
| തൊൽക്കാപ്പിയർ | - | ” |
| വി. ആർ. പ്രബോധചന്ദ്രൻ | - | ഘോഷിയും അതാലവ്യവൽകൃതവുമായ വർത്സ്യോൽക്ഷിപ്തവർണ്ണം |

**(iii) ഴകാരം**

| | | |
|---|---|---|
| ഗുണ്ടർട്ട് | - | മൂർദ്ധന്യതാലവ്യം |
| എൽ. വി. ആർ. | - | മൂർദ്ധന്യസംഘർഷി, മൂർദ്ധന്യപ്രവാഹി |
| വി. ആർ. പ്രബോധചന്ദ്രൻ | - | മൂർദ്ധന്യപ്രവാഹി |
| സി. എൽ. ആന്റണി | - | മൂർദ്ധന്യപ്രവാഹി |

**ഇ. വി. എൻ. നമ്പൂതിരി**: 'വർണ്ണമാല' എന്ന ലേഖനത്തിൽ രേഫ-റകാര-ഴകാരങ്ങളെ ഉച്ചാരണരീതിയുടെ അടിസ്ഥാനത്തിൽ വർഗ്ഗീകരിച്ചിരിക്കുന്നു. റകാരം ഉച്ചരിക്കുമ്പോൾ നാവിന്റെ അറ്റം വർത്സത്തിൽ തുടരെത്തുടരെ തൊട്ട് വായുപ്രവാഹം തടസ്സപ്പെടുത്തുകയും ഉടനുടൻ പിൻവലിച്ചു ആ തടസ്സം നീക്കുകയും ചെയ്യുന്നു. ഈ രീതിയിൽ ഉച്ചരിക്കുന്നതിനാൽ ഈ ധ്വനിക്ക് 'കമ്പിതം' എന്നു പറയുന്നു. ഉച്ചാരണത്തിൽ നാവിന്റെ അറ്റം തൊട്ടുരുമ്മുന്ന രേഫത്തിന്റെ ധ്വനിക്ക് 'ഉൽക്ഷിപ്തധ്വനി' എന്നാണ് ഇ. വി. എൻ. പേരു നൽകുന്നത്. ഴകാരത്തിന് മൂർദ്ധന്യമൂല്യം നൽകിയിരിക്കുന്നു.

**ടി. ബി. വേണുഗോപാലപ്പണിക്കർ:** 'കേരളപാണിനീയവും മലയാളത്തിന്റെ അക്ഷരമാലയും' എന്ന ലേഖനത്തിൽ വിവിധ വർണ്ണങ്ങളുടെ ധ്വനിമൂല്യനിർണ്ണ യനം നടത്തുന്നുണ്ട്. രേഫറകാരങ്ങളുടെ ഉച്ചാരണമൂല്യത്തെ സംബന്ധിച്ച് എൽ. വി. ആർ. ഉന്നയിച്ചിട്ടുള്ള അഭിപ്രായത്തെ വേണുഗോപാലപ്പണിക്കരും അംഗീകരി ക്കുന്നു. രേഫ-റകാരങ്ങൾ മലയാളത്തിൽ വർത്സ്യംതന്നെയാണ്. രേഫത്തിൽ താലവ്യരഞ്ജനവും റകാരത്തിൽ ഹനുമൂലരഞ്ജനവും ഉണ്ടെന്നതാണു സ്ഫുരി താധിക്യത്തേക്കാൾ സ്ഫുടമായ വ്യാവർത്തകഹേതു എന്നാണ് എൽ. വി. ആ റിന്റെ നിരീക്ഷണം.

## VII. ലകാരളകാരങ്ങൾ

ഏ. ആറിന്റെ ലകാര മൂല്യനിർണ്ണയനത്തിന്റെ പോരായ്മകൾ സി. എൽ. ആന്റണി നിരീക്ഷിക്കുന്നുണ്ട്. സംസ്കൃതവൈയാകരണന്മാരെ അനുകരിച്ച് ലകാ രത്തിന് അതിനില്ലാത്ത ദന്ത്യമൂല്യം കേരളപാണിനി നൽകിയിരിക്കുന്നു. ലകാരം ഉച്ചരിക്കുമ്പോൾ ജിഹ്വാഗ്രം സ്പർശിക്കുന്ന സ്ഥാനം സൂക്ഷ്മമായി പരിശോധിച്ചി ട്ടില്ല. അകൽ + തുന്നു = അകറ്റുന്നു, വിൽ + തു = വിറ്റു, നെല് + മണി = നെന്മണി എന്നീ ഉദാഹരണങ്ങളിൽ ഏ. ആർ. തന്നെ കണ്ടുപിടിച്ചെന്ന് പറയുന്ന 'ഺ, ഩ' എന്നീ വ്യഞ്ജനങ്ങൾ വർത്സ്യങ്ങളായിട്ടും ആദേശസന്ധിയിലെ സവർണ്ണനപ്രക്രിയയെ മനസ്സിലാക്കിയിട്ടും മലയാളത്തിലെ ലകാരത്തിന് വർത്സ്യമൂല്യം നൽകാൻ ഏ. ആ റിന് സാധിക്കുന്നില്ല എന്ന ആരോപണമാണ് സി. എൽ. ആന്റണി ഉന്നയിക്കുന്നത്. ലകാരത്തിനു ദന്ത്യമൂല്യമുണ്ടെന്നു തെറ്റിദ്ധരിച്ചതിനാലാണ് ആദേശസന്ധിയിൽ ഇല്ലാത്ത വിനാമം,ഉന്നാമം എന്നീ അബദ്ധപ്രക്രിയകളെ ഏ. ആറിനു സ ങ്കല്പിക്കേണ്ടി വന്നത്. ആ വിനാമപ്രക്രിയയെ പ്രീണിപ്പിക്കാനാണ് മൂർദ്ധന്യ മെന്ന് ശരിയായി വിലയിരുത്തിയ ളകാരത്തെ വർത്സ്യമാണെന്ന് പിന്നീട് പറയേ ണ്ടിവന്നതെന്നും കേരളപാണിനീയഭാഷ്യകാരൻ വിമർശിക്കുന്നു. എൽ. വി. ആർ. ഉൾപ്പെടെയുള്ള ആധുനികഭാഷാശാസ്ത്രജ്ഞർ ലകാരളകാരങ്ങൾക്ക് യഥാക്രമം വർത്സ്യ-മൂർദ്ധന്യമൂല്യങ്ങളാണ് നൽകിയിട്ടുള്ളത്. വർത്സ്യത്തിന്റെയും മൂർദ്ധന്യ ത്തിന്റെയും ഇടയിൽ സൂക്ഷ്മഭേദങ്ങളോടെ ഉച്ചാരണസ്ഥാനങ്ങൾ വരുന്നതിനാ ലാണ് 'ര, റ, ഴ, ല, ള' എന്നീ മലയാളമധ്യമങ്ങളുടെ മൂല്യനിർണ്ണയനത്തിൽ കുഴപ്പ ങ്ങൾ സംഭവിച്ചിരിക്കുന്നതെന്നും അത്തരം സൂക്ഷ്മഭേദോച്ചാരണങ്ങളെ ധ്വനിവി ജ്ഞാനീയത്തിന്റെ നവീനോപകരണങ്ങളുടെ സഹായത്തോടെ മാത്രമേ വിലയിരു ത്താനാകൂ എന്നും സി.എൽ.ആന്റണി നിർദ്ദേശിക്കുന്നു. 'ശ്വാസിയായ വർത്സ്യ പാർശ്വികം, മൂർദ്ധന്യപാർശ്വികം' എന്നീ ധ്വനിമൂല്യങ്ങളാണ് സി. എൽ. ആന്റണി ലകാരളകാരങ്ങൾക്ക് നൽകുന്നത്. ലകാരളകാരങ്ങളുടെ ധ്വനിമൂല്യങ്ങളെസംബ ന്ധിച്ച് കെ. സുകുമാരപിള്ള, വി. സുകുമാരൻ, ടി. ബി. വേണുഗോപാലപ്പണിക്കർ,

വി. ആർ. പ്രബോധചന്ദ്രൻ എന്നിവർ ആധുനികധ്വനിശാസ്ത്രപ്രകാരമുള്ള അഭിപ്രായങ്ങളാണ് പുലർത്തുന്നത്.

| **വൈയാകരണൻ** | **കൃതി/ലേഖനം** | **ലകാരളകാരമൂല്യം** |
|---|---|---|
| സംസ്കൃതവ്യാകരണം | | ലകാരം ദന്ത്യം |
| തൊൽകാപ്പിയർ | തൊൽക്കാപ്പിയം | മേൽവരിപല്ലിനുസമീപം ലകാരത്തിന്റെ ഉച്ചാരണസ്ഥാനം ളകാരത്തിനും അത് നൽകുന്നു. |
| കേരളപാണിനി | കേരളപാണിനീയം | ല-ദന്ത്യം, ള-ആദ്യം മൂർദ്ധന്യം പിന്നീട് വർത്സ്യം |
| എൽ. വി. ആർ. | Malayalam Phonetics, Malayalam phonology | ല-വർത്സ്യപാർശ്വികം<br>ള - മൂർദ്ധന്യം |
| പ്രബോധചന്ദ്രൻ | മലയാളത്തിലെ സ്വനസഞ്ചയം (ലേഖനം) | ല-വർത്സ്യപാർശ്വികം<br>ള - മൂർദ്ധന്യപാർശ്വികം |
| വേണുഗോപാലപ്പണിക്കർ | കേരളപാണിനീയവും മലയാളത്തിന്റെ അക്ഷരമാലയും (ലേഖനം) | ല- താലവ്യരഞ്ജനം<br>ള - ഹനുമൂലിയരഞ്ജനം |
| ഇ.വി.എൻ.നമ്പൂതിരി | വർണ്ണമാല (ലേഖനം) | ല-വർത്സ്യപാർശ്വികം<br>ള - മൂർദ്ധന്യപാർശ്വികം |

### 2.2. ഭാഷാസന്ധികൾ

വർണ്ണവിചാരത്തിന്റെ തുടർച്ചയാണ് സന്ധിവിചാരത്തിൽ കാണാൻ കഴിയുക. രൂപിമങ്ങളുടെ ചേർച്ചയിൽ വർണ്ണങ്ങൾക്കു സംഭവിക്കുന്ന പരിണാമമാണ് സന്ധിക്കു വിഷയമാകുന്നത്.

*കേരളപാണിനീയ*ത്തിലെ സന്ധിവിചാരത്തെ പൂർവ്വികരുടെയും സമകാലികരുടെയും നിരീക്ഷണങ്ങളുമായി ബന്ധപ്പെടുത്തിയും, സ്വന്തമായ നിരീക്ഷണങ്ങൾ അവതരിപ്പിച്ചും വിമർശിക്കുകയാണ് സി. എൽ. ആന്റണി ചെയ്തിരിക്കുന്നത്. *കേരളപാണിനീയ*ത്തിലെ സന്ധിപ്രകരണചർച്ചയിലെ കുറവുകൾ പരിഹരിക്കുന്നതിനൊപ്പം മലയാളത്തിലെ സന്ധികളെക്കുറിച്ചുള്ള സമഗ്രമായ ഒരു പര്യാലോചന

നടത്തേണ്ടതിന്റെ ആവശ്യകതയും മുന്നോട്ടുവെച്ചുകൊണ്ടാണ് സി. എൽ. ആന്റണിയുടെ സന്ധിവിചാരം തുടങ്ങുന്നത്.

കേരളപാണിനി സന്ധികാര്യങ്ങളെപ്പറ്റി സവിസ്തരം പ്രതിപാദിക്കുന്നുണ്ടെങ്കിലും എവിടെയൊക്കെയാണ് സന്ധിചെയ്യേണ്ടതെന്ന് സാമാന്യമായിട്ടെങ്കിലും പരാമർശിക്കാതെ പോയെന്നാണ് ആന്റണിയുടെ പ്രാഥമികമായ വിമർശനം. 'പദങ്ങളെ സംഹിതയും സന്ധിയും കണക്കറ്റു ചേർത്ത്' വികലമാക്കുന്ന പ്രവണതയില്ലാതാക്കാൻ സന്ധിവിഷയകമായ ചില സാമാന്യനിയമങ്ങൾ ആവിഷ്കരിക്കണമെന്നാണ് അദ്ദേഹത്തിന്റെ നിലപാട്. ശേഷഗിരിപ്രഭുവിന്റെ *വ്യാകരണമിത്രം*, കുട്ടികൃഷ്ണമാരാരുടെ *ഇങ്ങുനിന്നങ്ങോളം*, *മലയാളശൈലി* എന്നീ ഗ്രന്ഥങ്ങളിൽ പരാമർശിക്കുന്ന സന്ധിപ്രയോഗത്തിന്റെ ക്രമ-നിയമങ്ങളെ ലേഖകൻ പ്രത്യേകം പ്രതിപാദിക്കുന്നതു കാണാം.

പൂർവ്വികരുടെ സമീപനങ്ങളെ ഗ്രഹിച്ചും തന്റേതായൊരു വീക്ഷണം സ്വരൂപിച്ചുമാണ് *കേരളപാണിനീയ*ത്തിലെ സന്ധിവിചാരം ചിട്ടപ്പെടുത്തിയിട്ടുള്ളത്. ആ നിലയ്ക്ക് സന്ധികളെ നിയമവൽക്കരിക്കാനുള്ള ശ്രമങ്ങൾ കേരളപാണിനിക്കു മുൻപുള്ള വൈയാകരണന്മാർ എപ്രകാരമാണ് നടത്തിയിട്ടുള്ളതെന്നു ചിന്തിക്കുന്നത് ഉചിതമായിരിക്കും. ലീലാതിലകകാരനും, റവ. ജോർജ്ജ് മാത്തനും, ഗുണ്ടർട്ടുമൊക്കെ അത്തരം ഉദ്യമങ്ങൾ നടത്തിയവരാണ്.

### 2.2.1. **ലീലാതിലകത്തിലെ സന്ധിവിചാരം**

*ലീലാതിലക*ത്തിന്റെ മൂന്നാംശില്പത്തിലാണ് സന്ധിപ്രകരണചർച്ച കാണുന്നത്. സ്വരസന്ധി, സ്വര-വ്യഞ്ജനസന്ധി, വ്യഞ്ജനസന്ധി എന്നിവയെക്കുറിച്ചുള്ള വിവരണങ്ങളും ഉദാഹരണങ്ങളുമാണ് ഈ ശില്പത്തിന്റെ പ്രധാന ആലോചന എങ്കിലും അതിലൂടെ സന്ധിവിഷയകമായുള്ള നിയമവൽക്കരണം നടത്താനാണ് ലീലാതിലകകാരൻ ശ്രമിക്കുന്നത്.

- **ഭാഷാസന്ധികളുടെ നിയമവൽക്കരണം**

  മണിപ്രവാളഭാഷയുടെ ലക്ഷണഗ്രന്ഥമാണ് ഈ കൃതി എങ്കിലും സന്ധിപ്രകരണത്തിൽ താൻ ചർച്ചയ്ക്കെടുക്കുന്നത് സംസ്കൃതസന്ധിയെക്കുറിച്ചല്ല, മറിച്ച് ഭാഷാസന്ധിയെപ്പറ്റിയാണെന്ന് ലീലാതിലകകാരൻ ആദ്യമെ പറഞ്ഞുവെയ്ക്കുന്നുണ്ട്.

  ''സന്ധിരയം ഭാഷാസംബന്ധീ ന സംസ്കൃതാദേ: സിദ്ധത്വാദപ്രകൃതത്വാച്ച.'' (ഭാഷാസന്ധിയെപ്പറ്റിയാണ് പറയാൻ പോകുന്നത്. സംസ്കൃതത്തിന്റെയും മറ്റും അല്ല. അതെല്ലാം സിദ്ധവും അപ്രകൃതവുമാണ്). [62] സംസ്കൃത - പ്രാകൃത - തമിഴ് സന്ധിനിയമങ്ങളിൽനിന്ന് മലനാട്ടുതമിഴിനെ (അല്ലെങ്കിൽ

കേരളഭാഷയെ) വ്യാവർത്തിപ്പിക്കുന്ന രൂപങ്ങൾ ഏതാണെന്നും അവയെ സാത്മീകരിക്കുന്ന അംശങ്ങളേതൊക്കെയെന്നും *ലീലാതിലക*ത്തിൽ നിരീക്ഷിക്കുന്നു.

- 'ആനൈ' എന്ന് കേരളഭാഷയിൽ ഉപയോഗിക്കുന്ന രൂപം പാണ്ഡ്യഭാഷാസാമീപ്യത്താൽ വന്നുചേർന്നതാണ്.
- **വിസന്ധി പരിഹരിക്കൽ**
  രണ്ട് അകാരങ്ങളുടെ ഇടയിൽ യകാരാഗമം വരുന്ന ഭാഷാനയത്തിന് പ്രാകൃത ഭാഷയിൽ 'സോ അം' എന്നെഴുതിയാലും യകാരച്ഛായയോടുകൂടി 'സോയം' എന്നുച്ചരിക്കുന്നതിനോടും സംസ്കൃതത്തിൽ 'ദധി+അന്നം' = ദധ്യന്നം എന്ന് യകാരദേശം വരുന്നതിനോടും സാദൃശ്യപ്പെടുത്തുന്നു.
- ഇതരഭാഷകളുടെ സന്ധികാര്യങ്ങളുടെ താരതമ്യത്തിലൂടെ ഒരുകാലത്ത് അവ രണ്ടിലും പ്രയോഗത്തിലുണ്ടായിരിക്കുകയും പിന്നീട് പ്രചാരലുപ്തമാവുകയും ചെയ്ത ചില ശബ്ദങ്ങളെ തിരിച്ചറിയാൻ ശ്രമിക്കുന്നു.
  അവ്, ഇവ്, ഉവ്, തെവ് എന്നീ ബഹ്വർത്ഥമായ ശബ്ദങ്ങളിൽ 'ഉവ്' തമിഴിനും മലനാട്ടുതമിഴിനും (കേരളഭാഷ) പൊതുവെ ഉള്ളതല്ലെന്ന് ആചാര്യൻ വിവരിക്കുന്നത് മേൽപറഞ്ഞതിന് ഉദാഹരണമാണ്. തന്നെയുമല്ല കേരളഭാഷയെ പാണ്ഡ്യഭാഷയിൽനിന്ന് വ്യത്യാസപ്പെടുത്തുന്ന ഇത്തരം വകാരാന്തശബ്ദങ്ങൾ വേറെ അനേകമുണ്ടെന്നുള്ള തുടരന്വേഷണസാദ്ധ്യതകളും മുന്നോട്ടുവെയ്ക്കുന്നു.
- സ്വരവ്യഞ്ജനസന്ധികളെവിശദീകരിക്കുന്ന സന്ദർഭത്തിൽ ''ഹലിന വിശേഷഃ'' (സൂത്രം 43) എന്നു പറഞ്ഞുവെയ്ക്കുന്നു.

സന്ധിയിൽ പദങ്ങളെ കൂട്ടിച്ചേർക്കുന്ന പ്രവർത്തനമാണല്ലോ നടക്കുന്നത്. ഭാഷാസന്ധികളെക്കുറിച്ചാണ് താൻ പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നത് എന്ന കാര്യം ലീലാതിലകകാരൻ മുൻപെ സൂചിപ്പിക്കുന്നുമുണ്ട്. അതിനാൽതന്നെ ശുദ്ധഭാഷാപദങ്ങളുടെ യോജ്യതയാണ് ഭാഷാസന്ധിയിൽ നടക്കുന്നതെന്നു നിസംശയം പറയാം. ശുദ്ധഭാഷാപദങ്ങളെയും അല്ലാത്തവയെയും വ്യവച്ഛേദിച്ചറിയാനുള്ള ഒരു ഉപായവും അദ്ദേഹം വിധിക്കുന്നു.

സ്വരാന്തം + വ്യഞ്ജനാദി → സ്വരവ്യഞ്ജനസന്ധി

ഇതാണല്ലോ സ്വരവ്യഞ്ജനസന്ധിയുടെ സാമാന്യരൂപം. ഇതിൽ ഉത്തരപദത്തിന്റെ ആദ്യത്തിൽ വരേണ്ട വ്യഞ്ജനങ്ങൾ ഏതെന്നും അല്ലാത്തവ ഏതെന്നും നിർണയിക്കുകയാണ് അതിനുള്ള മാർഗ്ഗം.

| പദാദിയിൽ വരാത്തവ – 9 | പദാദിയിൽ വരുന്നവ – 9 |
|---|---|
| ങ | ക |
| ട | ച |
| ണ | ഞ |
| ര | ത |
| ല | ന |
| ഴ | പ |
| ള | മ |
| റ | യ |
| ന | വ |

രായരൻ, ലാക്ക് എന്നീ പദങ്ങൾ സംസ്കൃതഭ്രംശങ്ങളാണെന്നും ശുദ്ധമായ ഭാഷയല്ലെന്നും വിശദീകരിക്കുന്നു (സൂത്രം 43 കാണുക). തുടർന്ന് അദ്ദേഹം ഭാഷയ്ക്ക് ഒരു വ്യവസ്ഥ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പറയുന്നു. അത്തരം നിരീക്ഷണങ്ങളെ താഴെ ക്രോഡീകരിക്കുന്നു.

(i) ഭാഷയ്ക്ക് ഒരു വ്യവസ്ഥ ആവശ്യമാണ്

(ii) ഭാഷതോന്നിയപോലെ പ്രയോഗിക്കരുത്

'ആന' എന്നതിനു പകരം 'ഊന' എന്നു പറഞ്ഞാൽ പോരെന്ന് ആചാര്യൻ ഉദാഹരണം നൽകുന്നു.

(iii) അർത്ഥഗ്രഹണത്തിന്റെ അഭാവത്തിൽ ഭാഷ വികലമായിത്തീരുന്നു.

'വരുത്തി' 'ഒരുത്തി' എന്നൊക്ക പറയേണ്ടിടത്ത് 'രുത്തി' എന്നു പറഞ്ഞാൽ അർത്ഥം സ്പഷ്ടമാകില്ലെന്നു കൂട്ടിച്ചേർക്കുകയും ചെയ്യുന്നു അദ്ദേഹം. (സൂത്രം 43-ന്റെ വിശദീകരണം).

- സന്ധിശില്പത്തിലെ അവസാനസൂത്രത്തിലൂടെ ഭാഷാപ്രയോഗസാദ്ധ്യതകളുടെ അടിസ്ഥാനത്തിലുള്ള വ്യാകരണനിയമവൽക്കരണമാണ് നടത്തേണ്ടതെന്ന് ആചാര്യൻ ഓർമ്മിപ്പിക്കുന്നു. സന്ധിവിഷയകമായി താൻ അതുവരെ പരാമർശിച്ചതിനുശേഷമുള്ളവയൊക്കെ പ്രയോഗത്താൽ മനസ്സിലാക്കണമെന്നാണ് അദ്ദേഹത്തിന്റെ പക്ഷം ("ശേഷം പ്രയോഗാൽ ജ്ഞേയം" (സൂത്രം 65)).
- ഭാഷയും സംസ്കൃതവും കൂടിച്ചേർന്ന് സന്ധിയുണ്ടാകുന്നതിനെ സംബന്ധിച്ചും *ലീലാതിലകം* നിയമവൽക്കരണം നടത്തുന്നുണ്ട്. അത്തരം സന്ദർഭങ്ങളിൽ സംസ്കൃതം ഭാഷീകരിച്ചിട്ടുള്ളതിനാൽ ഭാഷയിലെ സന്ധിനിയമങ്ങൾ തന്നെ വരുന്നതാണ് അഭികാമ്യമെന്ന് ആചാര്യൻ വിധിക്കുന്നു.

*ലീലാതിലക*ത്തിലെ മൂന്നാംശില്പമായ സന്ധിപ്രകരണത്തിൽ കേവലമായ സന്ധിചർച്ചയല്ല നടക്കുന്നത്. മണിപ്രവാളഭാഷ, സംസ്കൃതം, തമിഴ് എന്നീ ഭാഷകളുമായി കണ്ണിചേർന്നുനിൽക്കുമ്പോഴും കേരളഭാഷയ്ക്ക് അതിന്റേതായ അനന്യമായ ഭാഷീകൃതനിയമങ്ങളും വിഭിന്ന പ്രയാഗസാദ്ധ്യതകളുമുണ്ടെന്നുള്ള വീക്ഷണമാണ് *ലീലാതിലക*ത്തിന്റെ മൂന്നാംശില്പമായ സന്ധിപ്രകരണത്തിലൂടെ വെളിവാകുന്നത്.

2.2.2. **മലയാഴ്മയുടെ വ്യാകരണം – ജോർജ്ജ് മാത്തൻ**

പദങ്ങളുടെ യോജ്യതയെ അല്ലെങ്കിൽ സന്ധിയെക്കുറിച്ചുള്ള മാത്തന്റെ നിരീക്ഷണങ്ങളും ഭാഷാപ്രയോഗത്തെ പരിഗണിച്ചുകൊണ്ടുള്ളതാണ്. സന്ധി നിർവചനം, അതിന്റെ തരംതിരിവുകൾ, ശബ്ദ (പദ)ചേർച്ചയുടെ രണ്ടുരീതികൾ-അതിന്റെ ന്യൂനതകൾ ഇവയൊക്കെ പരിശോധിച്ചുകൊണ്ട് സ്വതസിദ്ധമായ ചില നിരീക്ഷണങ്ങളിൽ അദ്ദേഹം എത്തിച്ചേരുന്നതും കാണാം.

**സന്ധി-നിർവ്വചനം**

''സന്ധിയിൽ അക്ഷരങ്ങളും മൊഴികളും തമ്മിൽച്ചേരുമ്പോൾ ഉണ്ടാകുന്ന ഭേദങ്ങളെ കുറിച്ചുപറയുന്നു'' (ജോർജ്ജ് മാത്തൻ, 2000 : 20).

അക്ഷരങ്ങൾക്ക് ഉണ്ടാകുന്ന ഭേദങ്ങളനുസരിച്ച് 4 തരത്തിൽ അവയെ വർഗ്ഗീകരിക്കുന്നു.

1. ഏറ്റം (ദ്വിത്വമുൾപ്പെടെയുള്ള ആഗമം)
2. കുറെച്ചിൽ (ലോപം)
3. തിരിച്ചിൽ (ആദേശം)
4. ചുരുക്കം (സങ്കോചം) [63]

സന്ധിപ്രവർത്തനത്തിൽ ശബ്ദങ്ങൾ തമ്മിൽ ചേരുന്നതിന്റെ അടിസ്ഥാനത്തിൽ പൊതുവെ രണ്ടു രീതികളായി ലോകഭാഷകളുൾപ്പെടെയുള്ളവയെ മാത്തൻ നോക്കിക്കാണുന്നുണ്ട്. അവ താഴെ ചേർക്കുന്നു.

1. മൊഴികളുടെ അക്ഷരങ്ങൾക്കു ഭേദം വരുത്താതെ ഉച്ചാരണത്തിൽ ശബ്ദചേർച്ചയ്ക്കു വേണ്ടുന്ന ഭേദങ്ങളെ വരുത്തുന്ന രീതിയാണ് ആദ്യത്തേത്.

ഉദാ: ഇംഗ്ലീഷ് മുതലായ യൂറോപ്പ് ഭാഷകൾ

2. എഴുത്ത് ഉച്ചാരണത്തിനനുസൃതമായി വരേണ്ട ഭാഷകളിൽ അക്ഷരങ്ങളുടെ കൂടെ ആവശ്യമുള്ള മാറ്റങ്ങളെ വരുത്തുന്നതാണ് രണ്ടാമത്തെ രീതി.

ഉദാ: ''സംസ്കൃതം, മലയാഴ്മ മുതലായിട്ടു ഇന്ദ്യായിൽ നടപ്പുള്ള ഭാഷകൾ'' എന്ന് മാത്തൻ. [64]

ഇതിൽ രണ്ടാമത്തെ വിഭാഗത്തിൽ ഉൾപ്പെട്ട മലയാഴ്മയെപ്പറ്റിപറഞ്ഞ സവിശേഷതകൾ നന്നൂൽകാരൻ തമിഴ്ഭാഷയുടെ സന്ധിവികാരങ്ങളെക്കുറിച്ച് പറഞ്ഞതുമായി ചേർത്തുവായിക്കാവുന്നതാണ്. ''അക്ഷരവ്യത്യാസമുണ്ടെങ്കിലും

അർത്ഥവ്യത്യാസമില്ലാത്ത പദങ്ങളെയും പ്രയോഗത്തിൽ രൂപം മാറിവരുന്നവയെയും യോജിക്കുന്നവണ്ണം ചേർക്കുന്നത് പണ്ഡിതന്മാരുടെ പ്രയോഗരീതിയനുസരിച്ചാണ്'' (നന്നൂൽസൂത്രം 239). അതായത് അക്ഷരഭേദം വരുത്തിക്കൊണ്ട് ശബ്ദചേർച്ച ചെയ്യുക എന്ന ജോർജ്ജ് മാത്തന്റെ നിരീക്ഷണവും നന്നൂൽകാരന്റെ മേൽപറഞ്ഞ പ്രസ്താവനയും തമിഴ്-മലയാളങ്ങളുൾപ്പെടുന്ന ദ്രാവിഡഭാഷാഗോത്രത്തിന്റെ സന്ധിവികാരങ്ങളുടെ സവിശേഷതയെയാണ് അനാവരണം ചെയ്യുന്നത്.

ശബ്ദചേർച്ചചെയ്ത് സന്ധികൾ പ്രയോഗിക്കുന്ന ഇത്തരം രണ്ടുവഴികൾക്കും അതിന്റേതായ പരിമിതികൾ ജോർജ്ജ് മാത്തൻ കണ്ടെത്തുന്നുണ്ട്. ഉച്ചാരണവും എഴുത്തും തമ്മിലുള്ള സംബന്ധത്തിനു ഭംഗം വരുത്തുന്നതിനാൽ വായന പ്രയാസമായിത്തീരുന്നുവെന്നതാണ് അദ്യരീതിയുടെ ന്യൂനത. അക്ഷരങ്ങളിൽ മാറ്റം വരുത്തുന്നതിനാൽ അർത്ഥത്തിനു തെളിവുകേട് വരുന്നുവെന്ന പരിമിതിയാണ് രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ട ഭാഷകളുടെ സന്ധിവികാരങ്ങളിൽ ജോർജ്ജ് മാത്തൻ ആരോപിക്കുന്നത്. സന്ധിയുടെ പ്രമാണങ്ങളെ തീർത്തും നിരാകരിച്ചെഴുതിയ ചില പുസ്തകങ്ങളിൽ വളരെയധികം ദുശ്ശബ്ദങ്ങളും തെളിവുകേടും കടന്നുവരികയും വായനക്കാരന് മറ്റുള്ളവരെ കേൾപ്പിക്കാനായി സന്ധി ഒപ്പിച്ചു വായിക്കേണ്ടിവരുന്നതായ ബുദ്ധിമുട്ടും ജോർജ്ജ് മാത്തൻ വിശദീകരിക്കുന്നുണ്ട്. അപ്രകാരം സന്ധി ഒപ്പിച്ചു വായിക്കാത്തപക്ഷം വായിക്കുന്നവ ചെവിക്കിമ്പമില്ലാതെയും അർത്ഥഗ്രഹണത്തിനു പ്രയാസമായും അനുഭവപ്പെടുന്നതിനൊപ്പം ചില സന്ദർഭങ്ങളിൽ 'പൊരുൾ പിണങ്ങിത്തിരിയുന്നതിനും' ഇടവരുന്നുവെന്നും മാത്തൻ സൂചിപ്പിക്കുന്നു.

സന്ധിപ്രമാണങ്ങളെ അവഗണിച്ച് എഴുതുന്ന പക്ഷം വായനക്കാരന് സന്ധി ഒപ്പിച്ച് വായിക്കേണ്ടിവരുന്നതും അഥവാ സന്ധിവികാരങ്ങളൊപ്പിച്ച് വായിച്ചില്ലെങ്കിൽ കേൾവിക്കാരന് അർത്ഥം മനസ്സിലാക്കാനുള്ള പ്രശ്നങ്ങളുമാണ് മാത്തൻ വിവരിക്കുന്നതെന്ന് കാണാം. ഇതേ ആശയങ്ങൾതന്നെയാണ് 'കേരളപാണിനീയ ഭാഷ്യ'ത്തിന്റെ രണ്ടാം അധ്യായമായ 'ഭാഷാസന്ധികൾ' എന്നതിന്റെ വിശദീകരണത്തിൽ സി. എൽ. ആന്റണി ഉദ്ധരിക്കുന്ന മാരാർ നിരീക്ഷണങ്ങളിലും കാണാൻ കഴിയുന്നത്. ''കുട്ടികൃഷ്ണമാരാർ അഭിപ്രായപ്പെടുന്നതുപോലെ സംഭാഷണരീതിയോട് ഒത്തുപോകണം എഴുത്തും'' (ആന്റണി, 200 : 24). മാരാരുടെ *ഇങ്ങുനിന്നങ്ങോളം, മലയാളശൈലി* എന്നീ കൃതികളിലെ സന്ധിചർച്ചകളെ വിശകലനംചെയ്തു സി. എൽ. ആന്റണി എത്തിച്ചേരുന്ന ആശയങ്ങളുടെ രത്നച്ചുരുക്കമാണ് മേൽപ്പറഞ്ഞത്. ''പുസ്തകക്കാരന്റെ മുറ താൻ പ്രയോഗിക്കുന്ന ഭാഷയുടെ സ്വഭാവത്തെ അനുസരിച്ചു എഴുതുകയാകുന്നു'' (ജോർജ്ജ് മാത്തൻ, 2000: 21) ''ചില പുസ്തകങ്ങളിൽ സന്ധിയുടെ പ്രമാണങ്ങളെ മിക്കവാറും തള്ളി എഴുതിയിരിക്കുന്നതിനാലേ വളരെ ദുശ്ശബ്ദ

ങ്ങൾക്കും തെളിവുകേടിന്നും ഇടവന്നിരിക്കയാൽ വായനക്കാരൻ മറ്റുള്ളവരെ കേൾപ്പിക്കുന്നതിനായിട്ടു വായിക്കുമ്പോൾ സന്ധി ഒപ്പിച്ചു വായിച്ചുകൊള്ളണം. അല്ലാഞ്ഞാൽ അവൻ വായിക്കുന്നതു ചെവിക്കിൻപമില്ലാതെയും അർത്ഥമറിയുന്നതിന്നു പ്രയാസമായും തീരുന്നതുമല്ലാതെ ചിലപ്പോൾ പൊരുൾ പിണങ്ങിത്തിരിയുന്നതിന്നും കൂടെ ഇടവരുന്നതുമാകുന്നു'' (2000 : 21).

പദങ്ങളുടെ സന്ധിചെയ്യൽ - അതിനനുസരിച്ചുള്ള എഴുത്തും ഉച്ചാരണവും - മാത്തന്റെ വിശാലമായ ഇത്തരം ആശയങ്ങൾതന്നെയാണ് മാരാരുടെ 'സംഭാഷണരീതിക്കൊത്ത എഴുത്ത്' എന്നതിലും ദൃശ്യമാകുന്നത്. സന്ധിവികാരങ്ങളുടെ ക്രമത്തെ നിയമവൽക്കരിക്കാനും നിയമങ്ങൾക്കപ്പുറമുള്ള പ്രയോഗവൈവിധ്യങ്ങളെ ഉൾക്കൊള്ളാനുമുള്ള ആഴമേറിയ ഉൾക്കാഴ്ച *ലീലാതിലകം*തൊട്ടുള്ള പ്രാചീനവ്യാകരണകൃതികൾ മുന്നോട്ടുവെയ്ക്കുന്നുണ്ട്. സന്ധികാര്യങ്ങളെപ്പറ്റി കേരളപാണിനിക്ക് സവിസ്തരം പ്രതിപാദിക്കാനാവുന്നുണ്ടെങ്കിലും പദങ്ങൾ സംഹിതയും സന്ധിയും ചേർത്ത് ഭാഷയുടെ പ്രായോഗികതലത്തിൽ ഉപയോഗിക്കുന്നതിനെക്കുറിച്ച് സാമാന്യമായിട്ടെങ്കിലും നിർദ്ദേശിക്കാൻ *കേരളപാണിനീയ*ത്തിനു കഴിയാതെപോയതിനു കാരണവും മറ്റൊന്നല്ല. 'ശേഷം പ്രയോഗാൽ ജ്ഞേയ'മെന്ന *ലീലാതിലക*ത്തിലെ പരാമർശവും, ഭാഷാപ്രയോഗവൈവിധ്യങ്ങളെ മൊത്തത്തിൽ പരിഗണിക്കുന്ന തമിഴ്ശൈലിയിൽ സംസ്കൃതാധിപത്യത്തിന്റെ സ്വാധീനത്താൽ സന്ധിവികാരങ്ങളിൽ നിയമനിർമ്മാണംനടന്ന് ഭാഷാപ്രയോഗസാദ്ധ്യതയെ പരിമിതമാക്കിയതിനെക്കുറിച്ചുള്ള *തൊൽക്കാപ്പിയ*ത്തിലെയും *നന്നൂലി*ലെയും പരാമർശങ്ങളും, റവ. ജോർജ്ജ് മാത്തന്റെ നിരീക്ഷണങ്ങളും ചേർത്തുവെച്ചുനോക്കിയാൽ കേരളപാണിനിക്ക് സന്ധിവിവരണത്തിൽ സംഭവിച്ച പ്രധാനപ്രശ്നം സംസ്കൃതാനുകരണദോഷമാണെന്നു തെളിയുന്നു. സന്ധിവികാരങ്ങളെ കേവലം നിയമവൽക്കരണം നടത്തുകയും പ്രായോഗികഭാഷാസാഹചര്യങ്ങളിൽ അവയുടെ അനന്തമായ തുറവികളെ ഇല്ലാതാക്കുകയും ചെയ്യുന്ന സംസ്കൃതശൈലിയെ പിൻതുടർന്നതിനാലാവണം കേരളപാണിനിക്ക് ഭാഷ്യകാരൻ ഉന്നയിക്കുന്ന സന്ധിസംബന്ധമായ ഭാഷാപ്രശ്നങ്ങളെ അഭിമുഖീകരിക്കാനാവാതെ പോയത്.

ഒരു ഭാഷയുടെ സന്ധിവികാരങ്ങൾ ചർച്ചചെയ്ത് വ്യാകരണനിയമങ്ങൾ ചമയ്ക്കുന്നതിന് ഏറ്റവും ഉത്തമമായ വഴി ഏതെന്ന് റവ. മാത്തൻ നിർദ്ദേശിക്കുന്നത് ഇപ്രകാരമാണ്:

''...... എന്നാൽ കവിതക്കാരു വരുത്തുന്ന മാറ്റങ്ങൾ എല്ലാന്തന്നേ പ്രമാണിക്കേണമെന്നല്ല പറയുന്നതു. അവർ ഭാഷയുടെ സ്വഭാവത്തിനു വിരോധമായിട്ടും ശബ്ദരാഗത്തിന്നു ആവശ്യമില്ലാതെയും ഉള്ള പല മാറ്റങ്ങളെയും വരുത്തുന്നുണ്ട്. മറ്റെല്ലാ കാര്യങ്ങളിൽ എന്നപോലെ ഇതിലും ഒരു നടുവഴിയുണ്ടു. സംസാരഭാഷയിൽ വരുത്തുന്ന മാറ്റങ്ങളിൽ കൌശലമുണ്ടെന്നു എങ്കിലും

ആയതിൽനിന്ന തെളിവുകേടുവരുമെന്നു എങ്കിലും സംശയിക്കുന്നതിന്നു ഇട യില്ലാത്തതാകയാൽ അങ്ങനെയുള്ളവയെ കൈക്കൊള്ളുവാനുള്ളതാകുന്നു'' (2000 : 21).

നിരന്തരം പരിഷ്കാരങ്ങൾക്ക് വിധേയമായി സ്വാഭാവികഭാഷയോട് വിരുദ്ധ മായി നിൽക്കുന്ന കൃത്രിമസാഹിത്യഭാഷയ്ക്കും നിയമങ്ങളുടെയും ചട്ടങ്ങളു ടെയും അകമ്പടിയില്ലാതെ ഏതുതരത്തിലും പ്രയോഗിക്കാവുന്ന സാധാരണ സംസാരഭാഷയ്ക്കും ഇടയിലുള്ള ഒരു ഭാഷാതലമുണ്ട്. അതിനാണ് വ്യാകര ണനിയമങ്ങളുടെ അടിസ്ഥാനത്തിൽ സന്ധിക്രമങ്ങൾ നിശ്ചയിക്കേണ്ടതെന്ന പക്ഷമാണ് ജോർജ്ജ് മാത്തനുള്ളത്. പദ്യത്തിൽ മാറിവരുന്നവയും പണ്ടെ യുള്ള പ്രയോഗംമൂലം മാറിവരുന്നവയും - മുൻകൂട്ടി നിശ്ചയിക്കപ്പെട്ട സന്ധിനി യമങ്ങളിൽനിന്ന് വ്യത്യസ്തമായ ഈ രണ്ട് തലങ്ങളെക്കൂടി പരിഗണിച്ച് സന്ധിനിയമങ്ങൾ ചമയ്ക്കണമെന്നു പറയുന്ന തൊൽക്കാപ്പിയസൂത്രത്തോട് അദ്ദേഹത്തിന്റെ ആശയത്തെ കണ്ണിചേർക്കാവുന്നതാണ്. സാഹിത്യഭാഷയും, വ്യവഹാരഭാഷയും സന്ധിക്രമത്തിൽ ഒരുപോലെ പരിഗണിക്കപ്പെടുന്ന ഒരു ഭാഷാനിയമവൽക്കരണത്തിന്റെ ചരിത്രമാണ് മലയാളം-തമിഴ് ഉൾപ്പെടുന്ന ഭാഷകൾക്കുള്ളത്.

**സന്ധി-എവിടെയൊക്കെയാകാം, ആകാതിരിക്കാം**

'ഭാഷാസന്ധികൾ' എന്ന അധ്യായത്തിന്റെ ആമുഖത്തിൽ സി. എൽ. ആന്റണി ഉന്നയിക്കുന്ന ചോദ്യങ്ങളാണ് മേൽപ്രസ്താവിച്ചത്. കേരളപാണിനീ യത്തിൽ സന്ധിപ്രകരണത്തിന്റെ ക്രമങ്ങളെ യഥോചിതം ചർച്ചചെയ്തിട്ടി ല്ലെന്ന് അദ്ദേഹം തുടർന്നു വിമർശിക്കുന്നു. എന്നാൽ അത്തരമൊരു പ്രയോഗ ക്രമത്തെക്കുറിച്ച് മാരാര് നടത്തുന്ന അഭിപ്രായങ്ങളും ലേഖകൻ സ്വന്തമായി നടത്തുന്ന ചില വിശകലനങ്ങളും ഈ ഭാഗത്ത് കാണാം.

- ''രണ്ടോ കവിഞ്ഞത് മൂന്നോ പദങ്ങളിലധികം സന്ധിക്കുന്നതു നന്നല്ല'' - ഇങ്ങുനിന്നങ്ങോളം (മാരാര്).
- ''അപ്രധാനസ്ഥാനങ്ങളിൽ സംഹിതയും സന്ധിയും ചെയ്തും പ്രധാനസ്ഥാന ങ്ങളിൽ വേർതിരിച്ചുമാണ് മലയാളികൾ സംസാരിക്കാറ്, എഴുതേണ്ടതു മറിച്ച ല്ലതാനും'' - മലയാളശൈലി (മാരാര്)

  മാരാരുടെ നിരീക്ഷണങ്ങളെ പിന്തുടർന്ന് സി. എൽ. ആന്റണി സൂചിപ്പിക്കുന്ന സന്ധിക്രമം താഴെ ചേർക്കുന്നു.
- ''തന്മൂലം വർണ്ണവികാരങ്ങൾക്കൂടാതെ പദങ്ങൾ ചേർത്തു പറയുന്ന സംഹി തയും (ഉദാ: പനനാര്) വർണവികാരങ്ങളോടു കൂടിയ സന്ധിയും (ഉദാ:പന

യോല) കൂടുതൽ പദങ്ങളിൽ പ്രയോഗിക്കുന്നത് തികച്ചും കൃത്രിമ മായിരിക്കും'' (ആന്റണി, 2005 : 24).

മാരാരും, സി. എൽ. ആന്റണിയും മുന്നോട്ടുവെയ്ക്കുന്ന സന്ധിപ്രക്രിയയുടെ ക്രമനിയമങ്ങളെ *മലയാഴ്മയുടെ വ്യാകരണ*ത്തിൽനിന്നും വായിച്ചെടുക്കാൻ സാധിക്കും.

- ''ഠരം ഭേദങ്ങൾ ആവശ്യംപോലെ വരുത്താതെ അക്ഷരങ്ങളും പദങ്ങളും തമ്മിൽച്ചേർത്താൽ യോജിക്കുന്നതല്ലായ്കകൊണ്ടു....'' (ജോർജ്ജ് മാത്തൻ, 2000 : 20). അതിനാൽത്തന്നെ യോജ്യത എന്ന അർത്ഥത്തിൽ താൻ 'സന്ധി' എന്ന് അധ്യായത്തിന് നാമകരണം ചെയ്തെന്ന് മാത്തൻ പറയുന്നു. പദങ്ങളെ ഭേദങ്ങളോടെ യോജിപ്പിക്കുന്നതാണ് സന്ധി എന്ന മാത്തന്റെ നിരീക്ഷണത്തെ പിൻപറ്റുന്നതാണ്, 'പദങ്ങൾ വർണ്ണവികാരങ്ങളോടുകൂടി ചേർത്തുപറയുന്ന താണ് സന്ധി' എന്ന സി. എൽ. ആന്റണിയുടെ നിരീക്ഷണം (ആന്റണി, 2005 : 24).

- മുമ്പു സൂചിപ്പിച്ച മാരാരുടെ സന്ധിക്രമങ്ങളെപ്പറ്റിയുള്ള അഭിപ്രായങ്ങൾ പൂർവ്വവൈയാകരണനായ ജോർജ്ജ് മാത്തന്റെ ദൃഷ്ടിയിൽ കാര്യകാരണബ ന്ധത്തോടെ വികസിക്കുന്നതു കാണാം. രണ്ടോ മൂന്നോ പദങ്ങളിലധികം സന്ധിചെയ്യുന്നതു നന്നല്ല എന്നു മാരാർ പറയുന്നു. അതിനുള്ള കാരണമെ ന്താണെന്ന് മാത്തന്റെ വാക്കുകളിലൂടെ ഉത്തരം കണ്ടെത്താനാവും.

  ''സന്ധിപ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയേ കഴിയൂ എന്നുള്ളതു, ഒന്നിച്ചു ചേർക്കുന്ന മൊഴികൾ അർത്ഥംകൊണ്ടു അടുത്ത സംബന്ധമായിരിക്കയാൽ രണ്ടിന്റെയും ഇടയിൽ നിറുത്തിന്നു പാങ്ങില്ലാത്തപ്പോൾ ആകുന്നു; ദൃ-ന്തം; 'അതു ചാമ അരി അല്ല' എന്നതിന്നു 'അതു ചാമയരിയല്ല' എന്നു വേണം'' (ജോർജ്ജ് മാത്തൻ, 2000 : 22).

  അതായത് അർത്ഥംകൊണ്ട് വളരെ അടുത്തബന്ധം പുലർത്തുന്ന പദങ്ങ ളിൽ സന്ധിവികാരങ്ങൾ വരുത്തി അവയെ ചേർത്തു പ്രയോഗിക്കണമെന്ന് യുക്തിസഹമായി മാത്തൻ വിശദീകരിക്കുന്നുവെന്നാണ് മനസ്സിലാക്കേണ്ടത്. *മലയാഴ്മയുടെ വ്യാകരണ*ത്തിൽ സന്ധിക്രമങ്ങളെക്കുറിച്ചുള്ള ധാരാളം നിർദ്ദേ ശങ്ങൾ തുടർന്നും അദ്ദേഹം മുന്നോട്ടുവെയ്ക്കുന്നുണ്ട്.

- പദങ്ങൾ തമ്മിൽ ചേരുമ്പോൾ നിർത്തൽ അനിവാര്യമാണ് എന്നിടത്ത് സന്ധി പ്രയോഗിക്കരുതെന്നാണ് മാത്തന്റെ നിലപാട്.

  ദൃ-ന്തം; ദൈവം നല്ലവനാകുന്നു; എന്നാൽ അവൻ നീതിമാനുമാകുന്നു ഇതിൽ 'എന്നാൽ' എന്നുള്ളതിനുപകരം 'യെന്നാൽ' എന്ന് എഴുതരുതെന്ന് ജോർജ്ജ് മാത്തൻ സൂചിപ്പിക്കുന്നു.

- ദീർഘസ്വരങ്ങളുടെ പിന്നാലെ അവയുടെ ദീർഘതകൊണ്ടു അല്പം നിറുത്തൽ വരുന്നതിനാൽ സന്ധി ചേർക്കാതെയും പ്രയോഗിക്കാറുണ്ട്. ഉദാ:- 'തീയെടുക്കരുതു' എന്നതിന് 'തീ എടുക്കരുതു' എന്നു എഴുതുമെന്ന് ജോർജ്ജ് മാത്തൻ അഭിപ്രായപ്പെടുന്നു.
- ഹ്രസ്വങ്ങളെ ദീർഘങ്ങളാക്കി ഉച്ചരിച്ച് സന്ധിവികാരങ്ങൾ കൂടാതെ പറയുന്ന ഒരു രീതിയുമുണ്ട്. ദൃ-ന്തം; 'അവൻ നല്ലവൻ ആകകൊണ്ടു ക്ഷമിക്കും' എന്നും 'അവൻ നല്ലവനാകകൊണ്ടു ക്ഷമിക്കും' എന്നും രണ്ടു വിധത്തിലും എഴുതാം.[65]

സന്ധിക്രമങ്ങളെപ്പറ്റി മാരാരും കേരളപാണിനിയും കേരളപാണിനീയഭാഷ്യകാരനുമൊക്കെ രൂപപ്പെടുത്തുന്ന ആശയാവലികളുടെ ആദിരൂപങ്ങൾ ലീലാതിലകകാരനിലും മാത്തനിലും ഒക്കെ ദർശിക്കാമെന്നാണ് ഇതുവരെ വിവരിച്ചതിന്റെ രത്നച്ചുരുക്കം.

സി. എൽ. ആന്റണി ഈ അധ്യായത്തിന് നിർദ്ദേശിച്ചിരിക്കുന്ന 'ഭാഷാസന്ധികൾ' എന്ന തലക്കെട്ട് ലീലാതിലകചർച്ചകളിൽ യുക്തിസഹമായി ആചാര്യൻ മനസ്സിലാക്കുന്നുണ്ടെന്ന് കാണാം. സംസ്കൃതസ്വാധീനമുള്ള മണിപ്രവാളഭാഷയും തമിഴ്ഭാഷയുമൊന്നുമല്ല; ഭാഷാസന്ധികളെക്കുറിച്ചുള്ള ചർച്ചയാണ് തന്റെ പഠനത്തിന് വിഷയീഭവിക്കുന്നതെന്ന ഉത്തമബോദ്ധ്യം *ലീലാതിലക* കർത്താവിനുണ്ട്. അതിനാൽത്തന്നെ സന്ധിക്രമങ്ങളെക്കുറിച്ചുള്ള ചർച്ച മാരാരിൽനിന്ന് തുടങ്ങുന്ന സി. എൽ. ആന്റണിയുടെ പഠനത്തിന് ഒരു നോട്ടപ്പിശകുണ്ടെന്നു നിസ്സംശയം പറയാം. സന്ധിചർച്ചയിൽ സംസ്കൃതനിയമത്തെ മാതൃകയാക്കണമെന്ന വ്യാകരണമിത്രകാരന്റെ അഭിപ്രായത്തെ സി. എൽ. ആന്റണി പുരസ്കരിക്കുന്നതിലും ന്യൂനതയുണ്ട്. പദങ്ങൾ തമ്മിൽ സന്ധിചെയ്യുന്നതിലെ കൃത്രിമപ്രവണതയെ നിയന്ത്രിക്കാനായി സന്ധിവിഷയകമായ സാമാന്യനിയമങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ടെന്നും അതിനു സഹായകമെന്നോണമാണ് ശേഷഗിരിപ്രഭുവിന്റെ നിരീക്ഷണങ്ങളെ കാണേണ്ടതെന്നുമാണ് സി. എൽ. ആന്റണിയുടെ പക്ഷം.

''പദത്തിലും സമാസത്തിലും സന്ധിചെയ്തേ കഴിയൂ. വാക്യത്തിൽ വിവക്ഷപോലെ ആകുന്നു എന്ന സംസ്കൃതനിയമത്തെ ഭാഷയിലും ആദരിക്കുന്നത് ഉത്തമം'' (ശേഷഗിരിപ്രഭു, 1989 : 77).

ഭാഷാസന്ധികളെ സംബന്ധിക്കുന്ന പൂർവ്വവൈയാകരണന്മാരുടെ യുക്തിസഹമായ നിയമങ്ങൾ നിലനിൽക്കെ സംസ്കൃതശൈലിയെ പിന്തുടരുന്ന വ്യാകരണമിത്രകാരന്റെ രീതിയെ ഭാഷ്യകാരൻ ആശ്രയിക്കുന്നതിൽ യുക്തിരാഹിത്യമുണ്ട്.

2.2.3. **കേരളപാണിനീയത്തിലെ സന്ധികാരികകളും പരിമിതികളും - സി. എൽ. ആന്റണിയുടെ വിമർശനം**

ഭാഷാസന്ധികളുടെ ക്രമങ്ങൾ, സന്ധി ആവശ്യമായി വരുന്നതും അല്ലാത്തതുമായ സന്ദർഭങ്ങൾ, ഭാഷയുടെ പ്രയോഗതലത്തിൽ സന്ധിവിഷയങ്ങളെ നോക്കിക്കാണേണ്ട രീതികൾ - എന്നിവ സംബന്ധിച്ച് പൂർവ്വവ്യാകരണകൃതികളിലെ ചിന്തകളുടെ സഹായത്താൽ ഉത്തരം കണ്ടെത്തുകയാണ് ഇതുവരെ പ്രബന്ധത്തിൽ ചെയ്തത്. *കേരളപാണിനീയ*ത്തിലെ സന്ധിചർച്ചകളിലെ ഏതാനും കാരികകളെ സി. എൽ. ആന്റണി പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്നത് എങ്ങനെയൊക്കെയാണെന്ന് തുടർന്ന് നോക്കാം.

**ലോപസന്ധി**

**കേരളപാണിനീയകാരിക - 2**

> ''ചെയ്തു ചെയ്യുന്നു എന്നുള്ളൊ-
> രാഖ്യാതാന്ത്യമുകാരവും
> ലോപിക്കും സദൃശംപോലെ
> സംവൃതോപജ്ഞമാകയാൽ''

ഈ കാരികയെ മുൻനിർത്തിയുള്ള ഏ. ആറിന്റ വിശദീകരണം:
''ചെയ്തു ചെയ്യുന്നു മുതലായ കൃതികളുടെ അവസാനത്തിലുള്ള ഉകാരവും സ്വരം പരമായി വരുമ്പോൾ ലോപിക്കും''

''ഖിലധാതുരൂപങ്ങളോ പുരുഷപ്രത്യയങ്ങളോ പരമാകുമ്പോൾ ഈ ലോപം നിത്യമായിട്ടു'' വരുന്നു.

കേരളപാണിനീയകാരിക 2-നെ മുൻനിർത്തി രണ്ടു വിമർശനങ്ങളാണ് സി. എൽ. ആന്റണി അവതരിപ്പിക്കുന്നത്.

ഒന്നാമത്തെ വിമർശനം തുടർന്നു സംഗ്രഹിക്കുന്നു:

''പക്ഷെ, ഖിലധാതുരൂപങ്ങൾ പരമാകുമ്പോൾ ഉകാരലോപം നിത്യമാമെന്നു പറഞ്ഞുകൂടാ. എൻ, അൽ എന്നീ ഖിലധാതുക്കളുടെ ''എങ്കിൽ, എന്ന്, അല്ലോ'' എന്നീ രൂപങ്ങൾ പരമായാൽ ഉകാരലോപം വികല്പമായിട്ടാണു വരിക.

ഉദാ: പോകുന്നു + എങ്കിൽ - പോകുന്നുവെങ്കിൽ; പോകുന്നെങ്കിൽ
കണ്ടു + എന്ന് - കണ്ടുവെന്ന്, കണ്ടെന്ന്
പറഞ്ഞു + അല്ലോ - പറഞ്ഞുവല്ലോ, പറഞ്ഞല്ലോ'' (ആന്റണി, 2005: 24 - 25)

*മലയാഴ്മയുടെ വ്യാകരണ*ത്തിൽ സി. എൽ. ആന്റണി പരാമർശിക്കുന്ന മുൻപറഞ്ഞ ആശയത്തെ മറ്റൊരുരീതിയിലാണ് മാത്തൻ വിശദീകരിക്കുന്നത്. അജന്തവും അജാദിയും (പൂർവ്വപദാന്തസ്വരം + ഉത്തരപദാദിസ്വരം) തമ്മിൽ സംബന്ധിക്കുമ്പോഴുള്ള സന്ധിവികാരങ്ങളെ വിവരിക്കുന്ന ഭാഗത്താണത്.

''ഒ, ഉ എന്നവയുടെയും അവയുടെ ദീർഘങ്ങളാകുന്ന ഓ, ഊ, ഔ എന്നവയുടെയും പിന്നാലെ യാതൊരു അച്ചെങ്കിലും വന്നാൽ ഇടയിൽ യകാരമോ

വകാരമോ വരും. ഹ്രസ്വസ്വരം ചിലപ്പോൾ മാഞ്ഞുപോകയുമുണ്ടു'' (ജോർജ്ജ് മാത്തൻ, 2000 : 22-23).

| | |
|---|---|
| ദൃ-ന്തം; കൊ + എന്നക്ഷരം | = കൊയന്നക്ഷരം |
| | = കൊവെന്നക്ഷരം |
| പോ + അങ്ങോട്ട = പോയങ്ങോട്ട | = പോവങ്ങോട്ട |
| വരുന്നു + എല്ലൊ = വരുന്നുവെല്ലൊ | = വരുന്നെല്ലൊ |
| വന്നു + എങ്കിൽ = വന്നുയെങ്കിൽ | = വന്നുവെങ്കിൽ |
| | = വന്നെങ്കിൽ |
| തിരു + എഴുത്ത = തിരുയെഴുത്ത | = തിരുവെഴുത്ത |

മാത്തന്റെ ഉദാഹരണങ്ങൾ പരിശോധിച്ചാൽ മനസ്സിലാവുന്ന ആശയങ്ങളെ ക്രോഡീകരിക്കാം.

- ഉകാരത്തിൽ അവസാനിക്കുന്ന ക്രിയാപദങ്ങളോട് എന്ന്, എങ്കിൽ, അല്ലോ (എല്ലോ) എന്നീ ഖിലധാതുക്കൾ ചേരുമ്പോൾ മാത്രം നടക്കുന്ന ഒരു സന്ധിവികാരമായല്ല മാത്തൻ മേൽപ്പറഞ്ഞ ആശയത്തെ കാണുന്നത്.
- മറ്റുചില സ്വരാന്തങ്ങളായ ക്രിയാപദങ്ങളിലും ഇത്തരം ലോപസന്ധി പ്രവർത്തനവും യകാര-വകാര ആഗമവും ദൃശ്യമാണ്.
- ഏ.ആർ നിർദ്ദേശിക്കുന്നതും സി. എൽ. ആന്റണി പിന്താങ്ങുന്നതുമായ മേൽപ്പറഞ്ഞ മൂന്ന് ഖിലധാതുരൂപങ്ങൾ പരമായാൽ മാത്രമല്ല സ്വരാന്തലോപം നടക്കുന്നത്.
- ''ഹ്രസ്വസ്വരം ചിലപ്പോൾ മാഞ്ഞുപോകയുമുണ്ടു'' എന്ന് മാത്തൻ അഭിപ്രായപ്പെടുന്നത് അദ്ദേഹം നൽകുന്ന ഉദാഹരണങ്ങളിൽ പൂർവ്വസ്വരാന്തമായ ഉകാരത്തിനു മാത്രമെ സ്വീകാര്യമാകുന്നുള്ളൂ. അതും ഉകാരലോപം വികല്പമായിട്ടാണ് നടക്കുന്നത് എന്ന് സൂചിപ്പിക്കാനാണ് 'ചിലപ്പോൾ മാഞ്ഞുപോകയുണ്ടു' എന്ന് പ്രത്യേകം എടുത്തുപറഞ്ഞിരിക്കുന്നത്.

  *മലയാളഭാഷാവ്യാകരണ*ത്തിൽ ഗുണ്ടർട്ട് രേഖപ്പെടുത്തുന്ന ആശയത്തിനും മാത്തന്റെ അഭിപ്രായങ്ങളോട് സാമ്യമുണ്ട്. അവ താഴെ സൂചിപ്പിക്കുന്നു: സംസ്കൃതത്തിൽ ഉള്ളതുപോലെ മലയാളത്തിൽ സംഹിതാക്രമം കാണുന്നില്ല എന്ന ആശയമാണ് സന്ധികളെക്കുറിച്ച് ആദ്യമായി മുന്നോട്ടുവെയ്ക്കുന്നത്.

- രണ്ടു പദങ്ങളിലെ സ്വരങ്ങൾതമ്മിൽ സന്ധിയിൽ കൂടിച്ചേരുമ്പോൾ സംസ്കൃതസന്ധിയിൽ കാണുന്നപോലെ മഹാ + ഈശ്വരൻ = മഹേശ്വരൻ, സൂര്യ + ഉദയം = സൂര്യോദയം (ഗുണ്ടർട്ട്, 2014 : 50) എന്നിങ്ങനെ സ്വരയോഗം ഉണ്ടാകയില്ല എന്നുമാണ് ഗുണ്ടർട്ട് പ്രസ്താവിക്കുന്നത്. തന്നെയുമല്ല ഒന്നുകിൽ പദാ

ന്തമായ സ്വരം ലയിച്ചുപോകും അല്ലെങ്കിൽ യ-വ എന്ന വ്യഞ്ജനങ്ങളിൽ ഒന്നു സ്വരങ്ങളുടെ നടുവിൽ നിൽക്കേണ്ടതായും വരുന്നു.

ഗുണ്ടർട്ടിന്റെ നിരീക്ഷണത്തിൽ മാത്തന്റെ പോലെയുള്ളത്ര തെളിച്ചം ഇല്ലെങ്കിലും ഒന്ന് തീർച്ചപ്പെടുത്താം. പദങ്ങളുടെ സ്വരലോപവും യ, വ വ്യഞ്ജനങ്ങളുടെ ഇടനിൽക്കലും ഖിലധാതുക്കളുടെമാത്രം പ്രത്യേകതയായി പരിമിതപ്പെടുത്തുന്നില്ല ഇരുകൂട്ടരും എന്നതാണത്.

*കൈരളീശബ്ദാനുശാസന*ത്തിലെ സന്ധിചർച്ചകളിൽ കെ. സുകുമാരപിള്ള കേരളപാണിനിയുടെ ഖിലധാതുരൂപങ്ങളെക്കുറിച്ചുള്ള സന്ധികാര്യത്തെയും അതിനെപ്പറ്റിയുള്ള സി.എൽ.ആന്റണിയുടെ ചിന്തകളെയും വിമർശനവിധേയമാക്കുന്നതു കാണാം. ''ഖിലധാതുരൂപങ്ങളോ പുരുഷപ്രത്യയങ്ങളോ പരമാകുമ്പോൾ ഈ ലോപം നിത്യമായിട്ടും നിപാതങ്ങൾ പരങ്ങളായാൽ വികല്പമായിട്ടും ആണ് വരുന്നത്'' (രാജരാജവർമ്മ, 2015 : 131)

എന്ന് രണ്ടാം കാരികയുടെ വിശദീകരണത്തിൽ കേരളപാണിനി പറയുന്നതിനെ എങ്കിൽ, എന്ന്, അല്ലോ എന്നീ ഖിലധാതുരൂപങ്ങൾ പരമായാൽ പോകുന്നെങ്കിൽ, പോകുന്നുവെങ്കിൽ എന്നിങ്ങനെ വികല്പമായിട്ടു വരുമെന്നാണ് സി. എൽ. ആന്റണി വിമർശിക്കുന്നത്.

''സാഹിത്യകൃതികളിലും സാഹിത്യപ്രയോഗത്തെ അനുകരിക്കുന്ന കൃത്രിമഭാഷണശൈലിയിലുമല്ലാതെ 'കണ്ടുവെന്ന്, കണ്ടുവോ, വന്നുവെങ്കിൽ' എന്നിങ്ങനെ ബദ്ധപ്പെട്ടുച്ചരിക്കാൻ മലയാളികൾ സാഹസപ്പെടുമോ എന്നു സംശയമാണ്....''

''ഊന്നലുള്ള പദത്തിനുശേഷം വ്യവധാനം ഇല്ലാത്തിടത്തു സംഹിതയും ലോപവും. യഥാക്രമം 'കണ്ടു എന്ന് പറഞ്ഞു', 'കണ്ടെന്ന് പറഞ്ഞു' എന്നിവ ഉദാഹരിക്കാം'' (സുകുമാരപ്പിള്ള, 1980 : 171) എന്നിങ്ങനെയുള്ള വിമർശനങ്ങൾ സുകുമാരപ്പിള്ളയും അവതരിപ്പിക്കുന്നുണ്ട്.

കാരിക 2-നെ സംബന്ധിച്ചുള്ള സി. എൽ. ആന്റണിയുടെ രണ്ടാമത്തെ വിമർശനം താഴെ വിവരിക്കുന്നു:

എങ്കിൽ, എന്ന്, അല്ലോ എന്നീ ഖിലധാതുരൂപങ്ങൾ 'വേണ്ടാ' എന്നതിനു പരമായി വന്നാൽ പദാന്തമായ ആകാരം ലോപിക്കുമെന്നു ഉദാഹരണസഹിതം അദ്ദേഹം പറയുന്നു.

ഉദാ: വേണ്ടാ + എങ്കിൽ = വേണ്ടെങ്കിൽ

വേണ്ടാ + എന്ന് = വേണ്ടെന്ന്

വേണ്ടാ + അല്ലോ = വേണ്ടല്ലോ (ആന്റണി, 2005 : 25).

*മലയാളഭാഷാവ്യാകരണ*ത്തിൽ ഗുണ്ടർട്ടിന്റെ ഒരു നിരീക്ഷണം ഇതിനോട് ചേർത്തുവായിക്കാവുന്നതാണ്.

''ആകാരത്തിനു വകാരംതന്നെ പുരാണ തുണ.......അന്യഥാവാക്കി, വൃഥാവാക്കി എങ്കിലും യകാരം അധികം അതിക്രമിച്ചിരിക്കുന്നു. ദിവായെന്നും നിശാ

യെന്നും ദിവാവിങ്കൽ എന്നുണ്ടുതാനും..... വേണ്ടാ എന്നതു കുറുകിപോയിട്ടും ഉണ്ട്. വേണ്ടല്ലൊ''. (ഗുണ്ടർട്ട്, 2014 : 51). ആകാരത്തിന്റെ കുറുക്കം എന്ന് ഗുണ്ടർട്ട് അവസാനം ഉദാഹരിക്കുന്നത് ആകാരലോപംതന്നെയാണ്.

'വേണ്ടാന്ന് പറഞ്ഞാൽ വേണ്ട' എന്നൊക്കെ സംഭാഷണഭാഷയിൽ നമ്മൾ ഉപയോഗിക്കാറുണ്ട്. പ്രയോഗസാദ്ധ്യതകളെക്കൂടി ഉൾപ്പെടുത്തി സന്ധിനിർണ്ണയനം ചെയ്യേണ്ടിവരുമ്പോൾ മേൽപ്പറഞ്ഞ നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതാണെന്നു കാണാം.

**കേരളപാണിനീയകാരിക - 3**

''അല്ല - ഇല്ലയ്ക്കന്ത്യലോപ

മായി - പോയിക്കുമൊത്തപോൽ''

ഈ കാരികയുടെ വിശദീകരണത്തിൽ പേരെച്ചങ്ങളുടെ അവസാനത്തിലുള്ള അകാരം ലോപിച്ച് 'പൂണുന്നിക്കൃതി' എന്നും മറ്റും പ്രയോഗിക്കുന്നത് ശരിയല്ലെന്ന് കേരളപാണിനി പ്രസ്താവിക്കുന്നു.

**സി. എൽ. ആന്റണിയുടെ വിമർശനം :**

''പേരെച്ചങ്ങളുടെ അവസാനത്തിലുള്ള അകാരം ലോപിക്കുന്ന പ്രക്രിയ മലയാളത്തിന് അപരിചിതമല്ല.

ഉദാ: പെറ്റ + അമ്മ = പെറ്റമ്മ

വെണ്ണകട്ട + ഉണ്ണി = വെണ്ണകട്ടുണ്ണി

വിൽമുറിഞ്ഞ + ഒച്ച = വിൽമുറിഞ്ഞൊച്ച'' (2005: 25)

ഗുണ്ടർട്ടിന്റെ *മലയാളഭാഷാവ്യാകരണ*ത്തിൽ സ്വരസന്ധിയെക്കുറിച്ചുള്ള പൊതുനിയമങ്ങൾ പറയുന്നിടത്ത് പരാമർശിക്കുന്ന രണ്ട് ഉദാഹരണങ്ങളാണ് സി. എൽ. ആന്റണി നൽകുന്നവയിൽ അവസാനത്തെ രണ്ടും. പാട്ടിൽ അകാരം പലതും ലയിച്ചുപോകുമെന്നാണ് ഗുണ്ടർട്ട് നിരീക്ഷിക്കുന്നത്. ഉദാഹരണമായി അ-ഉ=വെണ്ണകട്ടുണ്ണി, അ-ഒ = വിൽമുറിഞ്ഞൊച്ച എന്നിവ കൊടുത്തിരിക്കുന്നു. വെണ്ണകട്ട, വിൽമുറിഞ്ഞ എന്നിവയെ പേരെച്ചമായി കണ്ടുകൊണ്ടുള്ള നിയമവൽക്കരണമാണ് സി. എൽ. ആന്റണി നടത്തുന്നത്. അത്തരം സൂക്ഷ്മാംശങ്ങളിലേക്ക് ഗുണ്ടർട്ട് പോകുന്നില്ല.

കെ. വി. രാമചന്ദ്രപൈയുടെ *വ്യാകരണപഠനങ്ങൾ* എന്ന കൃതിയിൽ ലോപസന്ധികളെകുറിച്ച് വിശദീകരിക്കുന്നിടത്ത് ഇതേപ്പറ്റി പറയുന്നുണ്ട്. പേരെച്ചത്തിന്റെ അവസാനത്തിലുള്ള അകാരം ചിലപ്പോൾ ലോപിക്കാറുണ്ടെന്നുതന്നെയാണ് സി. എൽ. ആന്റണിയെപ്പോലെ രാമചന്ദ്രപൈ പറയുന്നത്.

വിൽമുറിഞ്ഞ + ഒച്ച = വിൽമുറിഞ്ഞൊച്ച (മേരി, 2015 : 189).

ഗുണ്ടർട്ടും, ഭാഷ്യകാരനും സൂചിപ്പിക്കുന്ന ഈ ഉദാഹരണമാണ് രാമചന്ദ്രപൈയും നൽകുന്നത്. അകാരം ലോപിച്ച് 'പൂണുന്നിക്കൃതി' എന്നും മറ്റും പ്രയോഗിക്കുന്നതു ശരിയല്ലെന്നും അത്തരം സന്ദർഭങ്ങളിൽ 'പൂണുന്നൊരിക്കൃതി' എന്നാണ് പ്രയോഗിക്കേണ്ടതെന്നുമാണ് ഏ. ആർ നിർദ്ദേശിക്കുന്നത്.

എന്നാൽ ആ പ്രയോഗത്തിലും അകാരം ലോപിച്ചിട്ടുണ്ടെന്ന് രാമചന്ദ്രപൈ ചൂണ്ടിക്കാണിച്ചിരിക്കുന്നു. പൂണുന്ന + ഒരു = പൂണുന്നൊരു (2015 : 189) എന്ന് സന്ധിചെയ്ത് സമർത്ഥിക്കുകയും ചെയ്യുന്നു.

**കേരളപാണിനീയകാരിക - 6**

''ആട്ടെ, അതെ, ഉടെ, ഊടെ
ഇവയന്ത്യം കളഞ്ഞുമാം
ഹ്രസ്വം നീട്ടാം ബലത്തിന്നായ്
തള്ളാം പ്രാധാന്യഹാനിയിൽ''

നിയോജകപ്രകാരമായ അട്ടെ, മറുവിനയെച്ചമായ 'ആതെ', സംബന്ധികാപ്രത്യയമായ ഉടെ, ഗതിയായ 'ഊടെ' ഇവയുടെ അന്ത്യമായ എകാരം സ്വരം പരമാകുമ്പോൾ വികല്പേന ലോപിക്കുമെന്നാണ് ഏ. ആറിന്റെ വിശദീകരണം.

**സി. എൽ. ആന്റണിയുടെ വിമർശനം**

എകാരം നിത്യമായി ലോപിക്കുന്ന സന്ദർഭമാണ് ഭാഷ്യകാരൻ ഉദാഹരിക്കുന്നത്. ''എന്നാൽ, 'അവിടെ' എന്നതിലെ അന്ത്യമായ എകാരം അതേപദം പരമായി വന്നാൽ നിത്യമായിത്തന്നെ ലോപിക്കും. അവിടെ + അവിടെ = അവിടവിടെ'' (ആന്റണി, 2005 : 25).

ഏ. ആറിന്റെ നിരീക്ഷണങ്ങളോട് സാമ്യമുള്ള ഒന്ന് ഗുണ്ടർട്ട് മലയാളഭാഷാ വ്യാകരണത്തിൽ വിവരിക്കുന്നുണ്ട്. ''ഏകാരം പലതിന്നും പാട്ടിലും നാട്ടിലും ലോപം വരും. കുറയാതെയിരുന്നു - കുറയാതിരുന്നു (കൃ. ഗാ) കാണട്ടെല്ലാവരും (കേ. രാ), പിമ്പടക്കാം (വ്യ. മാ)'' (ഗുണ്ടർട്ട്, 2014 : 51).

ഏ. ആർ. പറയുന്നതിൽ അട്ടെ, ആതെ എന്നിവമാത്രം വരുന്ന സന്ദർഭങ്ങളാണ് ഗുണ്ടർട്ട് പരാമർശിക്കുന്നുള്ളൂ. അവയിലും രണ്ടു വൈയാകരണൻമാരും തമ്മിൽ സൂക്ഷ്മഭേദമുള്ള നിരീക്ഷണങ്ങളാണ് അവതരിപ്പിക്കുന്നതെന്നു കാണാം.

''പോട്ടെ + അവൻ = പോട്ടവൻ, പോട്ടെയവൻ'' (രാജരാജവർമ്മ, 2015 : 132)

ഏ. ആറിന്റെ ഉദാഹരണത്തിൽ പൂർവ്വപദത്തിന്റെ അന്ത്യത്തിലെ എകാരലോപമാണ് ചർച്ചയ്ക്കെടുക്കുന്നത്.

''കാണട്ടെ+എല്ലാവരും = കാണട്ടെല്ലാവരും'' എന്നതാണ് ഗുണ്ടർട്ടിന്റെ ദൃഷ്ടാന്തം (ഗുണ്ടർട്ട്, 2014: 51) ഇതിൽ പൂർവ്വപദാന്തത്തിലെ എകാരമാണോ ഉത്തരപദാദിയിലെ എകാരമാണോ ലോപിക്കുന്നതെന്ന് വ്യക്തമായി പറയുന്നില്ല.

പോടാ, വാടാ, അവിടവിടെ എന്നിങ്ങനെ മറ്റുചില സന്ദർഭങ്ങളിൽ എകാരം ലോപിക്കുന്നതിനെ സംബന്ധിച്ച് ആധുനികവൈയാകരണന്മാർ അഭിപ്രായപ്പെടുന്നുണ്ട്. പോ + എടാ = പോടാ, വാ + എടാ = വാടാ, അവിടെ + അവിടെ = അവിടവിടെ എന്നിങ്ങനെ അവയെ സന്ധിചെയ്തു നോക്കുകയാണെങ്കിൽ ആദ്യ രണ്ട് ഉദാഹരണങ്ങളിലും എകാരം ഉത്തരപദാദിയിലാണ് വരുന്നതെന്നു

കാണാം. അതായത് പൂർവപദാന്തമായ എകാരത്തെപോലെതന്നെ ഉത്തരപദാദിയിലെ എകാരവും ലോപിക്കുന്നുവെന്നു സാരം. എകാരം നിത്യമായി ലോപിക്കുന്ന സന്ദർഭം ഉദാഹരിക്കാൻ സി.എൽ.ആന്റണി ശ്രമിക്കുമ്പോഴും പൂർവപദത്തിന്റെ ലോപത്തെ മാത്രം നോക്കിക്കാണുന്ന ഏ. ആറിന്റെ പരിമിതിയെ മറികടക്കാൻ സി. എൽ. ആന്റണിക്ക് കഴിയുന്നില്ല. ആ അർത്ഥത്തിൽ ഗുണ്ടർട്ടിന്റെ വീക്ഷണം കുറച്ചുകൂടി വിശാലമായതാണെന്നു പറയാം. എകാരം വികല്പേന ലോപിക്കുന്ന സന്ദർഭങ്ങളെ നിത്യമായി ലോപിക്കുന്നവയ്ക്ക് അപവാദമെന്ന നിലയിലാകണം കേരളപാണിനി 6-ാം കാരികയിൽ പറയാൻ ശ്രമിച്ചത്. അങ്ങനെയെങ്കിൽ എകാരം നിത്യമായി ലോപിക്കുന്ന ഒരുദാഹരണത്തെ കൂട്ടുപിടിച്ച് ഏ. ആറിനെ വിമർശിക്കാൻ സി. എൽ. ആന്റണി ശ്രമിക്കുന്നതിൽ യുക്തിരാഹിത്യമുണ്ട്.

സി. വി. വാസുദേവഭട്ടതിരിയുടെ 'അഭിനവമലയാളവ്യാകരണ'ത്തിൽ ഉത്തരപദാദിയിൽ എകാരലോപം വരുന്ന ഉദാഹരണങ്ങൾ നൽകുന്നുണ്ട്. പദാന്തദീർഘത്തിനുശേഷം വരുന്ന അകാരഎകാരങ്ങൾ ലോപിക്കുന്നുവെന്നാണ് അദ്ദേഹം സമർത്ഥിക്കുന്നത്. പോ + എടാ = പോടാ, വാ + എടീ = വാടീ (മേരി, 2015 : 94) എന്നീ ഉദാഹരണങ്ങൾ നൽകുന്നു.

ഇ. വി. എൻ. നമ്പൂതിരി ഇവയെ സന്ധിനിയമമായിട്ടല്ല കാണുന്നത്. വർണ്ണപരിണാമമെന്നാണ് അദ്ദേഹം ഇതിനെ വിശേഷിപ്പിക്കുന്നത്. വാ+എടാ=വാടാ, കണ്ടോ+എടീ = കണ്ടോടീ, വരൂ+എന്ന = വരൂന്ന, അതേ+എങ്കിൽ=അതേങ്കി എന്നിവയിലൊക്കെ നടക്കുന്നത് ഉത്തരപദാദിസ്വരത്തിന്റെയോ, പൂർവപദാന്ത്യവ്യഞ്ജനത്തിന്റെയോ ലോപമാണെന്ന ചില വൈയാകരണന്മാരുടെ അഭിപ്രായങ്ങളും സംഗതമല്ലെന്നാണ് ഇ. വി. എൻ. പ്രസ്താവിക്കുന്നത്. അവയെയും വർണ്ണപരിണാമങ്ങളായി കണക്കാക്കണമെന്നാണ് അദ്ദേഹത്തിന്റെ പക്ഷം.

ആട്ടെ, ആതെ, അവിടെ എന്നിവയിലെല്ലാം കേരളപാണിനി വിവരിക്കുന്ന എകാരലോപം 'ഉം' പരമാകുമ്പോൾ കാണുന്നില്ലെന്ന് കെ.വി.രാമചന്ദ്രപൈ 'വ്യാകരണപഠനങ്ങൾ' എന്ന കൃതിയിൽ 'ക്ഷണിക്കാതെയും, അവിടെയും' (മേരി, 2015 : 189) എന്നീ ഉദാഹരണങ്ങളോടെ സമർത്ഥിക്കുന്നു.

കേരളപാണിനി 6-ാം കാരികയുടെ വിശദീകരണത്തിൽ സൂചിപ്പിക്കുന്ന മറ്റു ചില ആശയങ്ങളും സി. എൽ. ആന്റണി വിമർശനവിധേയമാക്കുന്നുണ്ട്.

''ഉടയ ചുരുങ്ങി ഉടെ ആയതിനുമേൽ എകാരവും കൂടി ലോപിക്കുമ്പോൾ മൂലശബ്ദത്തിന് വളരെ വൈരൂപ്യം വന്നുപോകുന്നു. 'ഉടേ' എന്നു ദീർഘം ചെയ്യുന്നതിനും ന്യായം പോരാ'' (രാജരാജവർമ്മ, 2015 : 133). എന്ന വിവരണത്തിലെ ''ഉടേ എന്നു ദീർഘം ചെയ്യുന്നതിനും ന്യായംപോരാ'' എന്ന കേരളപാണിനിയുടെ പ്രസ്താവത്തെ ചിലർ തെറ്റിദ്ധരിച്ചിട്ടുണ്ടെന്നാണ് സി. എൽ. ആന്റണി പറഞ്ഞുവെയ്ക്കുന്നത്. അക്കൂട്ടർ ഉം എന്ന നിപാതവും, ക്ക്, ക്കാൾ, ത് മുതലായ പ്രത്യയങ്ങളും 'ഉടെ' പ്രത്യയവുമായി സന്ധിചെയ്യുമ്പോൾ 'ഉടേ'

എന്നു ദീർഘം ചെയ്യുന്നതു ശരിയല്ലെന്നു കരുതിയിരിക്കുന്നു. അതിനെ സാധൂകരിക്കാൻ കേരളപാണിനിയുടെ ആശയത്തെ അവർ കൂട്ടുപിടിക്കുകയും ചെയ്യുന്നു. വിഭക്ത്യന്തപദത്തോടുകൂടി സ്വരാദിയായ മറ്റൊരു പദം സമാസിക്കുമ്പോൾ ഉടേ, ന്റേ എന്നു ദീർഘിപ്പിക്കാതെ ശാമിയുടെ + അച്ഛൻ = ശാമിയുടച്ഛൻ, ശാമിടെയച്ഛൻ; എന്റെ + അച്ഛൻ = എന്റച്ഛൻ എന്നിങ്ങനെ ഹ്രസ്വമായി പ്രയോഗിച്ചാൽ മതിയെന്നാണ് കേരളപാണിനി അർത്ഥമാക്കിയതെന്നും സി. എൽ. ആന്റണി നിരീക്ഷിക്കുന്നു (ആന്റണി, 2005 : 26).

ഏ. ആറിന്റെ പ്രസ്താവത്തെ തെറ്റിദ്ധരിച്ച ചിലർ ഉം, ക്ക്, ക്കാൾ, ത് എന്നീ പ്രത്യയങ്ങൾ 'ഉടെ' എന്ന സംബന്ധികാപ്രത്യയവുമായി സന്ധിചേർത്ത് വികലമായി പ്രയോഗിക്കുന്നതിനെക്കുറിച്ച് വിവരിക്കുന്ന സി. എൽ. ആന്റണി അത്തരം ഉദാഹരണങ്ങൾ എടുത്തു കാണിക്കുന്നില്ല. 'ഉടെ' എന്ന സംബന്ധികാപ്രത്യയത്തിന്റെകൂടെ 'ക്കാൾ' എന്ന താരതമ്യവാചി സന്ധിചേരുന്നത് നമ്മുടെ ഭാഷയിൽ കാണുന്നില്ല. താരതമ്യവാചികളെക്കുറിച്ച് വിവരിക്കുന്ന സന്ദർഭത്തിൽ ഗുണ്ടർട്ട് അവയെ വിവിധ വിഭക്ത്യർത്ഥങ്ങളുമായി കണ്ണിചേർക്കുന്നു. അവ താഴെ ചേർക്കുന്നു:-

- ''മലയായ്മയിൽ അതിന്നു ഇൽ സപ്തമി പ്രധാനം'' ഉദാ: തന്നിൽ എളിയതു (ഗുണ്ടർട്ട്, 2014: 160)
- ''By Dative ചതുർത്ഥിയാലും വരും'' ഉദാ: യശസ്സുകൾക്ക് എല്ലാം യശസ്സിതായതും (2014: 161).
- ''By instrumental തൃതീയയാലും വിഭാഗാർത്ഥം കൊണ്ടത്രെ

ഉദാ: കാര്യാകാര്യവും അവരാൽ നിണക്കേറു'' (2014: 161) ഇത്തരത്തിൽ ആധാരിക, ഉദ്ദേശിക, പ്രായോജിക എന്നീ വിഭക്ത്യർത്ഥങ്ങളോടെ വരുന്ന താരതമ്യവാചികൾ കൂടാതെ കാൾ, കായിൽ, കാളിൽ, കാട്ടിലും, കാട്ടിൽ, കാണെ എന്നീ താരതമ്യവാചകങ്ങളെ പ്രതിഗ്രാഹികയ്ക്കൊപ്പം സന്ധിചെയ്യുന്ന ഉദാഹരണങ്ങളും ഗുണ്ടർട്ട് സൂക്ഷ്മമായി പരിശോധിക്കുന്നു.

ഇതിനെക്കാൾ ദുഃഖം ഇനിയില്ല (കേ. രാ)
ഇന്ദ്രാദിയെക്കാൾ മനോഹരൻ (നള.)
കാറ്റിനെക്കാൾ വേഗം ഓടും (ചാണ.) (2014: 160)

എന്നിങ്ങനെ 'ക്കാൾ' താരതമ്യവാചിയെ കാണിക്കുന്ന ഉദാഹരണങ്ങൾ നൽകുന്നു. മേൽവിവരിച്ചവയിലൊന്നും സംബന്ധികാപ്രത്യയവുമായി സന്ധിചെയ്യുന്ന തരത്തിൽ 'ക്കാൾ' വരുന്നതായി കാണുന്നില്ല. അങ്ങനെയെങ്കിൽ *കേരളപാണിനീയ*ത്തിലെ പ്രസ്താവത്തെ തെറ്റിദ്ധരിച്ച് ചിലർ വികലപ്രയോഗങ്ങൾ നടത്തുന്നുവെന്നതിന് സി. എൽ. ആന്റണി പറയുന്ന വ്യാകരണസന്ദർഭങ്ങളിൽ നോട്ടപ്പിശക് വന്നിട്ടുണ്ടെന്നു പറയാം. തന്നെയുമല്ല തുടർന്ന് ഏ. ആറിനെ വിമർശിക്കുന്ന ഭാഗങ്ങളിൽ 'ക്കാൾ' എന്നത് പ്രതിഗ്രാഹിക

യ്ക്കൊപ്പം സന്ധിചെയ്യുന്ന ഉദാഹരണങ്ങളാണ് സി.എൽ. ആന്റണി നൽകുന്ന തെന്നും കാണാം.

ഉദാ: അവരെ + ക്കാൾ = അവരെക്കാൾ, അവരേക്കാൾ (ആന്റണി, 2005: 26)

കേരളീയരുടെ സംഭാഷണരീതിയുടെ പ്രത്യേകതയായാണ് ഇത്തരം ദീർഘീകരണങ്ങളെ സി. എൽ. ആന്റണി വിലയിരുത്തുന്നത്.

''കേരളീയരുടെ സംഭാഷണരീതി ശ്രദ്ധിച്ചാലും താലവ്യവർണങ്ങൾക്കു പിന്നിൽ ഉം എന്ന നിപാതമോ പ്രത്യയങ്ങളോ വന്നാൽ ഉപാന്ത്യാക്ഷരത്തെ ദീർഘമാക്കുന്ന ഒരു സവിശേഷത (ഉദാ: അവനെ+ഉം=അവനേയും; സീതയെ+ക്കാൾ =സീതയേക്കാൾ) പ്രകടമായിട്ടുണ്ടെന്നു കാണാം. അതുകൊണ്ടുതന്നെയാണ് സംയോജികാപ്രത്യയത്തിന്റെ 'ഒടു'എന്ന പ്രാഗ്രൂപും 'ഓടു'എന്നായിത്തീർന്നതും'' (2005: 26). [68]

എന്റേത്, എന്റേവൾ, എന്റേവൻ എന്നിങ്ങനെയുള്ള ദീർഘരൂപങ്ങളെ ഏ. ആർ 70-ാം കാരികയിൽ ഉദാഹരിച്ചിട്ടുള്ളതും ഇതിനു തെളിവാണെന്ന് ഭാഷ്യ കാരൻ വിലയിരുത്തുന്നു.

അവനെ + ഉം = അവനെയും, അവനേയും

സീതയുടെ + ഉം = സീതയുടെയും, സീതയുടേയും

എന്റെ + ഉം = എന്റെയും, എന്റേയും

അതിലെ + ക്ക് = അതിലെക്ക്, അതിലേക്ക്

അവരെ + ക്കാൾ = അവരെക്കാൾ, അവരേക്കാൾ

എന്റെ + ത് = എന്റെത്, എന്റേത് (2005: 26)

എന്നീ ഉദാഹരണങ്ങളുടെ വെളിച്ചത്തിൽ സി. എൽ. ആന്റണി കേരളപാണിനീയപ്രസ്താവത്തെ തിരുത്തുകയും സ്വാഭിപ്രായം രൂപീകരിക്കുകയും ചെയ്യുന്നു. ''പ്രതിഗ്രാഹികാപ്രത്യയമായ 'എ', സംബന്ധികാപ്രത്യയങ്ങളായ 'ഉടെ', 'ന്റെ' എന്നിവയ്ക്കു പരമായി ഉം എന്ന സ്വരാദിനിപാതവും ക്ക്, ക്കാൾ, ത് മുതലായ പ്രത്യയങ്ങളും വരുമ്പോൾ യാഗമത്തിനു പുറമേ പൂർവപദാന്ത്യ മായ എകാരം വൈകല്പികമായി ദീർഘമാകുന്നുണ്ടെന്നാണ് പറയേണ്ടത്'' (2005: 26).

*കേരളപാണിനീയ*ത്തിന് മുമ്പുള്ള വ്യാകരണകൃതികളെ ഈ സന്ദർഭത്തിൽ ചേർത്തുവെച്ചുനോക്കാവുന്നതാണ്. പൂർണ്ണമായും സാഹിത്യകൃതികളിലെ ഉദാഹരണങ്ങൾ വെച്ചുകൊണ്ട് രചന നിർവ്വഹിച്ചിരിക്കുന്ന ഗുണ്ടർട്ടിന്റെ *മലയാളഭാഷാവ്യാകരണം* ഇത്തരം പ്രത്യയങ്ങൾ സന്ധിചെയ്യുമ്പോഴുണ്ടാകുന്ന വർണ്ണവികാരങ്ങളെ അടയാളപ്പെടുത്തിയിട്ടുള്ളത് പരിശോധിക്കാം:-

താരതമ്യവാചകങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നിടത്ത് 'കാൾ' സന്ധിചെയ്യുമ്പോൾ പ്രതിഗ്രാഹികാപ്രത്യയമായ 'എ' വൈകല്പികമായി വരുന്ന ഉദാഹരണങ്ങൾ കാണാം.

(i) ശിക്ഷാരക്ഷ മുന്നി*ലേക്കാളും* നടക്കെണം (വേ. ച)

(ii) മുമ്പിലേ*ത്തേക്കായിൽ* ശക്തൻ (കേ. ഉ)

(iii) ഇതി*നെക്കാൾ* വേഗം ഓടും (ചാണ.)

(iv) മുക്തി*യെക്കാളും* മുഖ്യമായതുഭക്തി (വില്വ.) (ഗുണ്ടർട്ട്, 2014 : 160)

സാഹിത്യകൃതികളിൽതന്നെ ഇത്തരത്തിൽ എകാരം ഹ്രസ്വ - ദീർഘഭേദങ്ങളോടെ വരുന്നതു കാണാം.

ഉം, ക്ക്, ത് എന്നിവ വരുന്ന ഉദാഹരണങ്ങളെയും പരിശോധിക്കാം.

- മ്ലേച്ഛ*ന്റെയും* അമാത്യ*ന്റെയും* കൂടിക്കാഴ്ച (ചാണ.)
- താപസന്മാരു*ടെയും* വാഹിനിമാരു*ടെയും* മഹാത്മവംശത്തി*ന്റെയും* ഉത്ഭവസ്ഥാനം (മ.ഭാ)
- നാഥ*ന്റെയും* ജനക*ന്റെയും* ജനനീ*ടെയും* ചേഷ്ട (വേ. ച) (2014 : 163)

ന്റെ, ഉടെ എന്നിവയ്ക്കുശേഷം 'ഉം' എന്ന സമുച്ചയനിപാതം വരുമ്പോൾ എകാരം ഹ്രസ്വമായി വരുന്ന ഉദാഹരണങ്ങളാണ് ഗുണ്ടർട്ട് നൽകുന്നത്.

**'ക്ക്' വരുന്ന ഉദാഹരണങ്ങൾ**

- കോട്ടെക്കു ചെന്നു (നള.)
- തലെക്കു തലകൊണ്ടടിക്ക (മ:ഭാ)
- ഇരിക്കാം 22 നാളേക്കു (മ.ഭാ)

2014: 153

- സർക്കാരിലേക്ക് ഒഴിഞ്ഞുകൊടുത്തു (ചാണ)
- തേരിലേക്കധികനായ്വന്നു യുധിഷ്ഠിരൻ (മ. ഭാ)
- വംശത്തിലേക്ക് ആപത്തു വരും (മ. ഭാ)

2014 : 170

പ്രതിഗ്രാഹികാപ്രത്യയമായ 'എ' യ്ക്കൊപ്പം 'ഉം' വരുമ്പോഴുള്ള ഉദാഹരണങ്ങൾ:-

- നാരിമാ*രെയും* നൃപന്മാ*രെയും* സർപ്പ*ത്തെയും* സ്വാദ്ധ്യായ*ത്തേയും* ജീവിതകാല*ത്തേയും* വിശ്വാസം ഉണ്ടാക വേണ്ടാ (ഭാര.) (2014 : 228)

ഈ ഉദാഹരണത്തിൽ എകാരം ഹ്രസ്വ-ദീർഘങ്ങളോടെ സമുച്ചയനിപാതത്തിനു മുൻപിൽ വരുന്നത് കാണാം.

**സംബന്ധികാപ്രത്യയങ്ങൾക്കൊപ്പം 'ത്' വരുന്നവ:**

- ഷഷ്ഠി ചതുർത്ഥി തദ്ധിതങ്ങൾക്ക് ഉദാഹരണങ്ങൾ നൽകുന്നിടത്ത്
  നമ്മുടേതു (ഉടയതു), അവന്റേതു, എല്ലാറ്റിന്റേതു (ത. സ) (2014 : 82)
- ഷഷ്ഠിവിഭക്തിയുടെ വിവരണത്തിൽ ഒരുഭാഗത്ത് ഗുണ്ടർട്ട് തന്റെ നിരീക്ഷണം അവതരിപ്പിക്കുമ്പോൾ ''ഇതിനെക്കാൾ, 'എന്റെതു, നമ്മുടെത്' എന്നു മുത

ലായ പ്രഥമാപ്രയോഗം അധികം നല്ലതു'' (2014 :162) എന്നു പറയുന്നു. ഇതിൽ 'ക്കാൾ' എന്നതിനുമുൻപും 'ത്' എന്നതിനുമുൻപും സന്ധിയിൽ ഹ്രസ്വഎ കാരം ചേർത്ത് എഴുതിയിരിക്കുന്നതായി കാണാം.

അതായത് സാഹിത്യഭാഷയിൽ ദീർഘഎകാരവും ഗുണ്ടർട്ട് സ്വാഭിപ്രായം വിവരിക്കുന്നിടത്ത് ഹ്രസ്വഎകാരവും വരുന്നുവെന്ന് സാരം. 'തേരിതു ഭഗവാന്റെ ആകുന്നു' എന്നുള്ള മഹാഭാരതത്തിലെ ഉദാഹരണവാക്യത്തിന്റെ അർത്ഥം ഗുണ്ടർട്ടുതന്നെ വിശദീകരിച്ചെഴുതുന്നിടത്തും അദ്ദേഹം ഹ്രസ്വഎകാരമാണ് ഉപയോഗിച്ചുകാണുന്നത്. ''തേരിതു ഭഗവാന്റെ ആകുന്നു (മ. ഭാ. = ഭഗവാന്റെ താകുന്നു എന്നത്രെ സാധു)'' (2014 : 162).

സമാനസന്ദർഭങ്ങൾ *മലയാഴ്മയുടെ വ്യാകരണ*ത്തിൽ പരിശോധിക്കാം:

- ''....... തികവി*നെയും* നിറെവി*നെയും* പടുതിഭേദം പോലെ കുറിക്കുന്നതുമാകുന്നു'' (ജോർജ്ജ് മാത്തൻ, 2000 : 140)
- ''മനുഷ്യൻ ദൈവ*ത്തെക്കാൾ* നീതിമാനായിരിക്കുമോ'' (2000 : 145)
- ''സലോമോൻ സൊക്രാത്തീസി*നെക്കാൾ* അധികം ജ്ഞാനിയായിരുന്നു'' (2000 : 149)
- ''ആ പുസ്തകം നി*ന്റേതല്ല*, എ*ന്റേതാ*കുന്നു'' (2000 : 64)
  നിന്റേത്, എന്റേത് എന്നിവയിൽ ദീർഘ എകാരമാണ് മാത്തൻ നൽകുന്നത്.
- സാപ്തമ്യചതുർത്ഥിയുടെ വിശദീകരണത്തിൽ കാണുന്ന ദൃഷ്ടാന്തങ്ങൾ

→ ''നാലി*ലേക്കു* നല്ലതു''

→ ''മനുഷ്യരി*ലേക്കു* വിദ്വാൻ''

→ ''പള്ളിയി*ലേക്കു* പോയി'' (2000 : 65)

- സാപ്തമ്യചതുർത്ഥി എന്താണെന്നുള്ള നിർവ്വചനം നൽകുന്നിടത്തുള്ള ഉദാഹരണങ്ങൾ
- സപ്തമിയുടെ രൂപത്തോടു ചതുർത്ഥിയുടെ രൂപമാകുന്ന 'ക്കു' എന്നതു 'എ' എന്നയിടസംബന്ധത്തോടുകൂടെ ചില അർത്ഥങ്ങൾ സാധിക്കുന്നതിന്നു ചേരും. അതിന്നു സാപ്തമ്യചതുർത്ഥി എന്നു നാമം ആയിരിക്കുന്നു; ദൃ-ന്തം; കോഴിക്കോ*ട്ടേക്കു*, അടുക്ക*ലേക്കു*, വശ*ത്തേക്കു*, നാലി*ലേക്കു*, എങ്ക*ലേക്കു*'' (2000 : 56).

**പീറ്റിന്റെ വ്യാകരണത്തിലെ ഉദാഹരണങ്ങൾ**

- ''രാജാവിന്റെ അടുക്ക*ലേക്കും* ദിവാനിജിയുടെ അടുക്ക*ലേക്കും* ചെല്ലേണമെന്ന അവൻ അവരോട കല്പിച്ചു'' (പീറ്റ്, 2018 : 134)
- ''അവൻ ശിവന്റെ അടുക്ക*ലേക്ക* മൂന്നാളുകളെ പറഞ്ഞയച്ചു'' 2018 : 134).

- ''ശത്രുക്കളിൽനിന്ന അവ*നെയും* അവന്റെ കുതിരക*ളെയും* അവന്റെ രഥങ്ങ*ളെയും* അവർ രക്ഷിച്ചു'' (2018 : 119)
- ''അവന്റെ കണ്ണ ചെമ്പരത്തി പൂവി*നെക്കാൾ* ചുവന്നിരിക്കുന്നു'' (2018 : 175)
- ''വിഷ്ണു സകലലോകങ്ങ*ളുടെയും* നാരായവേരാകുന്നു'' (2018 :174)
- ''ആ ആന ഇതി*നെക്കാൾ* ചെറിയതാകുന്നു'' (2018 : 171)
- 'Possessive pronouns' നെക്കുറിച്ച് വിശദീകരിക്കുന്നിടത്ത്

  എന്റേത, Mine

  അവന്റേത, His

  നിങ്ങളുടേത, Your's (2018 : 50)

  എന്നിങ്ങനെയുള്ള സർവ്വനാമങ്ങളെ സൂചിപ്പിക്കുന്നു. അവയിലൊക്കെയും ദീർഘമായ എകാരമാണ് 'ത്' പ്രത്യയത്തിനുമുൻപിൽ വരുന്നത്.

**കോളിൻസിന്റെ മലയാളം വ്യാകരണം**

- ''ഇത ഉള്ളതി*ലേക്ക* നല്ലത'' (2018 : 106)
- ''മതില--*ി<u>ലേക്ക</u>*

  --*ിങ്ക<u>ലേക്ക</u>*'' (2018 : 65)
- ''എല്ലാവരുടെയും - എല്ലാറ്റിന്റെയും'' (2018 :. 76)
- ''ലക്ഷ്മണ*നെക്കാൾ* നിനക്ക ഏറും ഭക്തി'' (2018 : 110)
- ''തന്റെ വായി*നെയും* തന്റെ നാവി*നെയും* കാക്കുന്നവൻ'' (2018 : 131)

  കേരളപാണിനിയുടെ ആറാംകാരികയുടെ വിശദീകരണത്തിന്റെ ഭാഗമായുള്ള വിവരണങ്ങളിൽ വന്ന പിശകുകൾ പരിഹരിക്കാനും സ്വതസിദ്ധമായൊരു നിഗമനം അവതരിപ്പിക്കാനുമാണ് സി. എൽ. ആന്റണി ശ്രമിച്ചത്. എകാരം മലയാളികളുടെ സംഭാഷണരീതിയിൽ ഹ്രസ്വദീർഘഭേദങ്ങളോടെ വരുന്ന സന്ദർഭങ്ങൾ ഉദാഹരണസഹിതം അവതരിപ്പിക്കാനും ഭാഷ്യകാരൻ ശ്രമിക്കുന്നു. കേരളപാണിനീയത്തിനു മുൻപുള്ള വ്യാകരണകൃതികളിലും ഇത്തരം സാഹചര്യങ്ങളെ അടയാളപ്പെടുത്തിയതായി മുകളിൽ വിശദീകരിച്ചു. പക്ഷേ അവയിൽ അൽപ്പമെങ്കിലും വ്യതിരിക്തത പുലർത്തുന്ന നിരീക്ഷണങ്ങൾ ഗുണ്ടർട്ടിലാണെന്നു പറയേണ്ടിവരും. സംഭാഷണഭാഷയിൽ മാത്രമല്ല സാഹിത്യകൃതികളിലും എകാരം വൈകല്പികമായി വരുന്ന ദൃഷ്ടാന്തങ്ങളുണ്ടെന്ന് അദ്ദേഹം കാണിച്ചുതരുന്നു. സി. എൽ. ആന്റണി നിയമവൽക്കരണം നടത്തുന്നതിൽ 'ഉം' എന്ന സമുച്ചയനിപാതത്തെ മാത്രമെ കേരളപാണിനിയെപോലെ സൂചിപ്പിക്കുന്നുള്ളൂ. 'ഓ' എന്ന വികല്പനിപാതവും എകാരത്തെ ഹ്രസ്വ-ദീർഘഭേദ

ങ്ങളോടെ സന്ധിചെയ്യുന്നത് ഭാഷയിൽ പ്രകടമായി കാണാം. അതിനൊരുദാഹരണമായി മാത്തന്റെ കൃതിയിലെ ഒരു വാക്യം ഉദ്ധരിക്കാവുന്നതാണ് - ''പറയുന്നവന്റെയോ കേൾക്കുന്നവന്റെയോ മനോഭാവത്തിന്നു വിരൊധമായിരുന്നു''(ജോർജ്ജ് മാത്തൻ, 2000 : 155) 'പറയുന്നവന്റേയോ കേൾക്കുന്നവന്റെയോ' എന്നിങ്ങനെ സംസാരഭാഷയിൽ ഹ്രസ്വദീർഘവ്യത്യാസങ്ങളോടെ നമ്മൾ ഉപയോഗിക്കാറുള്ളത് ഇതിന് തെളിവാണ്. ആധുനികവ്യാകരണകർത്താക്കളിലൊരാളായ കെ. വി. രാമചന്ദ്രപൈയുടെ *വ്യാകരണപഠനങ്ങൾ* എന്ന കൃതിയിൽ ലോപസന്ധിയെ വിവരിക്കുന്നിടത്തും മാത്തന്റെ നിരീക്ഷണത്തോട് സാമ്യമുള്ള ഒരു ആശയം കാണാം.

'ഒ' പരമായാൽ സംബന്ധികാപ്രത്യത്തിന്റെ എകാരം ലോപിക്കുന്നില്ല. ഉദാ: എന്റെയോ'' (മേരി, 2015 : 189).

**ആഗമസന്ധി**

*കേരളപാണിനീയ*ത്തിലെ ആഗമസന്ധിയെക്കുറിച്ചു വിവരിക്കുന്ന കാരികകളിൽ ഏതാനും ചിലതിനെ പുനഃപരിശോധിക്കുകയും വിമർശിക്കുകയുമാണ്. *കേരളപാണിനീയഭാഷ്യ*ത്തിലെ ഈ ഖണ്ഡത്തിൽ സി. എൽ. ആന്റണി ചെയ്യുന്നത് കാരിക 7-നെയാണ് ആദ്യമായി അദ്ദേഹം പരിശോധിക്കുന്നത്.

**കേരളപാണിനീയകാരിക - 7**

''വർജ്ജിപ്പൂസ്വരസംയോഗം
യവചേർത്തുയഥാവലേ;
പൂർവം താലവ്യമാണെങ്കിൽ
യകാരമതിലേയ്ക്കണം
പൂർവമോഷ്ഠ്യസ്വരം വന്നാൽ
വകാരം ചേർത്തുകൊള്ളുക''

താലവ്യ-ഓഷ്ഠ്യസ്വരങ്ങളെ ഏ. ആർ തരംതിരിക്കുകയും ചെയ്യുന്നു.

താലവ്യസ്വരങ്ങൾ :- അ, ആ, ഇ, ഈ, എ, ഏ, ഐ

ഓഷ്ഠ്യസ്വരങ്ങൾ :- അ, ആ, ഉ, ഊ, ഒ, ഓ, ഔ

കാരികയിൽ വിവരിച്ച കാര്യങ്ങളെ സൂചിപ്പിക്കുന്ന കേരളപാണിനിയുടെ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| താലവ്യങ്ങൾക്ക് | ഓഷ്ഠ്യങ്ങൾക്ക് |
|---|---|
| ഉദാ: കര + ഉള്ള = കരയുള്ള | തട + ഉന്നു = തടവുന്നു |
| പോരാ + ഇത് = പോരായിത് | ചാ + ഉന്നു = ചാവുന്നു |
| വഴി + ആകും = വഴിയാകും | തിരു + ഓണം = തിരുവോണം |
| തീ + ആട്ട് = തീയാട്ട് | പൂ + അമ്പ് = പൂവമ്പ് |
| തന്ന + അവൻ = തന്നെയവൻ | പോ + ഉന്നു = പോവുന്നു |
| കൈ + ഉണ്ട് = കൈയുണ്ട് | |
| ചേർന്നേ + ഉള്ളു = ചേർന്നേയുള്ളു | (രാജരാജവർമ്മ, 2015 – 133, 134) |

**സി.എൽ.ആന്റണിയുടെ വിമർശനം**

ആഗമസന്ധിയിൽ സ്വരസംയോഗം വർജ്ജിക്കാനായി യകാരവും വകാരവും സന്ധിയിൽ വരുന്ന പ്രവർത്തനത്തിന് കേരളപാണിനി അടിസ്ഥാനമായി എടുക്കുന്നത് പൂർവസ്വരത്തിന്റെ താലവ്യ-ഓഷ്ഠ്യസ്വഭാവങ്ങളെയാണ്. ഉത്തര സ്വരത്തിന്റെ പ്രത്യേകതകളാലും യവാഗമം നടക്കാറുണ്ടെന്നാണ് സി. എൽ. ആന്റണി പ്രസ്താവിക്കുന്നത്. അദ്ദേഹം ഉദാഹരണങ്ങൾ നൽകി വിശദീകരിക്കുന്നു.

1. ആ + ഉന്നു = ആവുന്നു
   ആ + എ = ആയി
2. പോ + ഉന്നു = പോവുന്നു
   പോ + ഇ = പോയി
3. പല + ഉരു = പലവുരു
   പല + ഇനം = പലയിനം
4. ഓരോ + ഇതളും = ഓരോയിതളും (ആന്റണി, 2005: 27)

ഇവയിൽ പൂർവ്വോത്തരപദങ്ങളുടെ സ്വരസംയോഗം എന്താണെന്നും തദനുസൃതമായി ആഗമിക്കുന്നത് യവ-കളിൽ ഏതെന്നും പട്ടികപ്പെടുത്തി നോക്കാം.

| നമ്പർ | പൂർവസ്വരം | ഉത്തരസ്വരം | ആഗമിക്കുന്നത് |
|---|---|---|---|
| 1 | A.ആ<br>B.ആ | ഉ<br>ഇ | വ<br>യ |
| 2 | A. ഓ<br>B. ഓ | ഉ<br>ഇ | വ<br>യ |
| 3 | A. അ<br>B. അ | ഉ<br>ഇ | വ<br>യ |
| 4 | ഓ | ഇ | യ |

അ, ആ, ഓ എന്നീ പൂർവസ്വരങ്ങൾക്കൊപ്പം ഉ, ഇ എന്നീ ഉത്തരസ്വരങ്ങൾ സന്ധിചെയ്യുമ്പോൾ സ്വരസംയോഗം ഇല്ലാതാവുകയും യഥാക്രമം വ, യ എന്നിവ ആഗമിക്കുന്നതാണ് സി. എൽ. ആന്റണി ഉദാഹരണത്തിൽ പറയുന്നത്. ആഗമസന്ധിയിൽ യകാരവകാരങ്ങൾ വന്നുചേരുന്നത് മിക്കവാറും പൂർവസ്വരത്തിന്റെ സവിശേഷതകൊണ്ടാണെങ്കിലും ഉത്തരസ്വരത്തിന്റെ അതിപ്രസരത്താലും പരസവർണനം നടന്ന് സ്വരയോഗം വർജ്ജിക്കപ്പെടാറുണ്ടെന്ന നിഗമനത്തിലാണ് അദ്ദേഹം എത്തിച്ചേരുന്നത്.

കേരളപാണിനിയുടെയും കേരളപാണിനീയഭാഷ്യകാരന്റെയും അഭിപ്രായങ്ങളെ ചേർത്തുവെച്ചുനോക്കുമ്പോൾ പല പരിമിതികളും കാണാനാവും. ഏ. ആർ സ്വരങ്ങളെ താലവ്യ ഓഷ്ഠ്യങ്ങളായി തരംതിരിക്കുന്നതിൽ തന്നെ പിശക് കടന്നുകൂടിയിട്ടുണ്ട്. അ, ആ എന്നീ സ്വരങ്ങൾ താലവ്യത്തിലും ഓഷ്ഠ്യത്തിലും ഒരേപോലെ വരുന്നവയാണ്. അങ്ങനെയെങ്കിൽ അത്തരം ഉദാഹരണങ്ങളിൽ യവാഗമം വിധിക്കുന്നത് ഉത്തരസ്വരത്തിന്റെ പ്രേരണയാലല്ലേ എന്ന സംശയത്തിനിടവരുന്നു. സി. എൽ. ആന്റണിയുടെ ഉദാഹരണങ്ങളിൽ ചില പ്രത്യേക സ്വരങ്ങളുടെ യോഗം മാത്രമേ അദ്ദേഹം ആലോചനയ്ക്കെടുക്കുന്നുള്ളൂ. അതിന് അപ്പുറമുള്ള സാദ്ധ്യതകളെ പരിശോധിക്കുന്നില്ലെന്നു പറയാം. പൂർവ്വവൈയാകരണന്മാരുടെ അഭിപ്രായങ്ങളെ ഈ അവസരത്തിൽ പരിശോധിക്കാവുന്നതാണ്. ഭാഷ്യകാരന്റെ ചിന്തകളുടെ പൂർവരൂപങ്ങളെ മാത്തനിലും ഗുണ്ടർട്ടിലും ചട്ടമ്പിസ്വാമികളിലും കണ്ടെടുക്കാവുന്നതാണ്.

**ജോർജ്ജ് മാത്തന്റെ നിരീക്ഷണം**

'അജന്തവും അജാദിയും തമ്മിൽ സംബന്ധിക്കുമ്പോൾ ഉള്ള മാറ്റങ്ങൾ' എന്നാണ് മാത്തന്റെ നിരീക്ഷണം. അദ്ദേഹത്തിന്റെ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു:

| | | | | | | |
|---|---|---|---|---|---|---|
| 1. | കൊ + എന്നക്ഷരം | = | കൊയന്നക്ഷരം | = | കൊവെന്നക്ഷരം |
| 2. | പോ + അങ്ങോട്ട | = | പോയങ്ങോട്ട | = | പോവങ്ങോട്ട |
| 3. | വരുന്നു + എല്ലോ | = | വരുന്നുവെല്ലോ | = | വരുന്നെല്ലോ |
| 4. | വന്നു + എങ്കിൽ | = | വന്നുയെങ്കിൽ | = | വന്നുവെങ്കിൽ |
| | | | | = | വന്നെങ്കിൽ |
| 5. | തിരു + എഴത്ത | = | തിരുയെഴുത്ത | = | തിരുവെഴുത്ത |
| 6. | നടന്ന + ആൾ | = | നടന്നയാൾ | = | നടന്നാൾ |
| 7. | വരുന്ന + | = | വരുന്ന | = | വരുന്നിടം |

| | | | | | | |
|---|---|---|---|---|---|---|
| | ഇടം | | | യിടം | | |
| 8. | വല്ലാത്ത എലി | + | = | വല്ലാത്ത യെലി | = | വല്ലാത്തെലി |
| 9. | ഇല്ലാത്ത ഉപ്പ | + | = | ഇല്ലാത്ത യുപ്പ | = | ഇല്ലാത്തുപ്പ |
| 10. | വരിക ഇല്ല | + | = | വരിക യില്ല | = | വരികേല്ല |
| 11. | നടക്ക ഇല്ലാഞ്ഞു | + | = | നടക്കയി ല്ലാഞ്ഞു | = | നടക്കേല്ലാഞ്ഞു |
| 12. | പഠിക്കുന്നു + ഉണ്ട | | = | പഠിക്കു ന്നുണ്ട | | |
| 13. | വരുന്നു ഇല്ലാഞ്ഞു | + | = | വരുന്നി ല്ലാഞ്ഞു | | |

(ജോർജ്ജ് മാത്തൻ, 2000 : 23)

ഈ ഉദാഹരണങ്ങളെ പൂർവ്വോത്തരസ്വരങ്ങളുടെയും യകാരവകാരങ്ങളുടെ ആഗമത്തിന്റെയും അടിസ്ഥാനത്തിൽ പട്ടികപ്പെടുത്താം.

| നമ്പർ | പൂർവ്വസ്വരം | ഉത്തരസ്വരം | ആഗമിക്കുന്നത് |
|---|---|---|---|
| 1 | ഒ | എ | വ |
| 2 | ഓ | അ | യ, വ |
| 3 | ഉ | എ | വ |
| 4 | ഉ | എ | യ, വ |
| 5 | ഉ | എ | യ, വ |
| 6 | അ | ആ | യ |
| 7 | അ | ഇ | യ |
| 8 | അ | എ | യ |
| 9 | അ | ഉ | യ |
| 10 | അ | ഇ | യ |
| 11 | അ | ഇ | യ |
| 12 | ഉ | ഉ | യവാഗമമില്ല |
| 13 | ഉ | ഉ | യവാഗമമില്ല |

മേൽ സൂചിപ്പിച്ച പട്ടികയിൽ നിന്ന് അനുമാനിക്കാവുന്ന വസ്തുതകൾ

→ പൂർവ്വോത്തരപദങ്ങളുടെ സ്വരസംയോഗം നടന്ന് യവാഗമം നടക്കുന്നതിന് ക്രമികമായ ഒരു വ്യവസ്ഥ കാണുന്നില്ല

→ സ്വരസംയോഗം നടന്ന് യവാഗമം നടക്കാത്തതായ സന്ദർഭങ്ങളും ഉണ്ട്

→ വരികേല്ലാ, നടക്കേല്ലാഞ്ഞു, നടന്നാൾ.... ഇത്തരത്തിലുള്ള സംഭാഷണരൂപങ്ങളിൽ ഇത്തരം വ്യാകരണനിയമങ്ങൾ പ്രവർത്തിക്കുന്നില്ല

യവാഗമത്തിന്റെ അവ്യവസ്ഥയെക്കുറിച്ച് ജോർജ്ജ് മാത്തൻ നടത്തുന്ന പ്രസ്താവനയും ഇതിനെ ശരിവെയ്ക്കുന്നതാണ്.

''ഒ, ഉ എന്നവയുടെയും അവയുടെ ദീർഘങ്ങളാകുന്ന ഓ, ഊ, ഔ എന്നവയുടെയും പിന്നാലെ യാതൊരു അച്ചെങ്കിലും വന്നാൽ ഇടയിൽ യകാരമോ വകാരമോ വരും. ഹ്രസ്വസ്വരം ചിലപ്പോൾ മാഞ്ഞുപോകയുമുണ്ട്'' (ജോർജ്ജ് മാത്തൻ, 2000: 22-23). ജോർജ്ജ് മാത്തന്റെ അഭിപ്രായത്തിൽ സ്വരസംയോഗം വർജ്ജിക്കപ്പെടുന്നതായുള്ള സൂചനയോ യകാരവകാരാഗമത്തെക്കുറിച്ചുള്ള ക്രമവ്യവസ്ഥയോ കാണുന്നില്ലെന്നു പറയാം.

അർദ്ധാച്ചിന്റെ പിന്നാലെ സ്വരം വരുന്ന സന്ദർഭത്തെക്കുറിച്ചും മാത്തൻ വിശദീകരിക്കുന്നുണ്ട്. അത്തരം അവസ്ഥയിൽ അർദ്ധാച്ച് ഇല്ലാതായി പോകുന്നുവെന്നാണ് മാത്തന്റെ പക്ഷം

ഉദാ: കാട്ടു + ആന = കാട്ടാന

തോക്കു + എടുത്ത = തോക്കെടുത്ത

ആയുസ്സു + അറുതി = ആയുസ്സറുതി (2000 : 23)

**ഗുണ്ടർട്ടിന്റെ നിരീക്ഷണം**

മലയാളഭാഷയിൽ സ്വരസംയോഗത്തിന് ഒരു നിയമക്രമമില്ല എന്നാണ് സ്വരസന്ധിയെക്കുറിച്ചുള്ള വിവരണത്തിന്റെ ആരംഭത്തിൽ ഗുണ്ടർട്ട് പ്രസ്താവിക്കുന്നത്. രണ്ടു പദങ്ങളിലെ സ്വരങ്ങൾ തമ്മിൽ കൂട്ടിചേരുമ്പോൾ സ്വരസംയോഗം നടക്കുന്നില്ലെന്നും തുടർന്നുപറയുന്നു. കേരളപാണിനിയുടെ 'വർജ്ജിപ്പൂസ്വരസംയോഗം' എന്ന ആശയത്തിനു സമാനമാണിതെന്നുകാണാം. ഒന്നുകിൽ പദാന്തമായ സ്വരം ലയിച്ചുപോകാം അല്ലെങ്കിൽ യ, വ എന്നിവയിലൊന്ന് സ്വരങ്ങളുടെ മദ്ധ്യത്തിൽ വരാം എന്നാണ് ഗുണ്ടർട്ട് അഭിപ്രായപ്പെടുന്നത്.

കേരളപാണിനി ചെയ്യുന്നതുപോലെ പൂർവ്വസ്വരത്തെ അടിസ്ഥാനമാക്കിത്തന്നെയാണ് ഗുണ്ടർട്ടും യവാഗമങ്ങൾ വിധിക്കുന്നത്. അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളെ ചുവടെ തരംതിരിച്ചു പരിശോധിക്കാം.

| പൂർവ്വസ്വരം | ആഗമിക്കുന്നത് | ഉദാഹരണം |
|---|---|---|
| അ | വ | അ + ഇടം = അവിടം<br>പല + ഉരു = പലവുരു<br>പല + ആണ്ടും = പല വാണ്ടും |
| താലവ്യാകാരം | യ | തല + ഉം = തലയും<br>ചെയ്ക = ഇല്ല = ചെയ്ക യില്ല |
| ഇ, ഈ, എ, ഏ, ഐ എന്നീ താലവ്യസ്വര ങ്ങൾ | യ | വഴി + അരികെ = വഴിയ രികെ<br>നോക്കിയില്ല<br>ചൊല്ലീല്ലയോ |
| അരയുകാരം | യവാഗരമില്ല. അതിന് സ്വരം പരമായാൽ നിലനിൽപ്പില്ല | എനിക്ക് + ഇല്ല = എനി ക്കില്ല<br>കണ്ട് + എടുത്തു = കണ്ടെ ടുത്തു |
| നിറയുകാരം തുടങ്ങിയ ഓഷ്ഠ്യസ്വര ങ്ങൾ | A. 'വ'ആഗമിക്കുന്നത്<br><br>B.രണ്ടുരീതിയിൽ നട ക്കുന്നവ | തെരുവും, പൂവും, ഗോമാ യുവും, തിരുവെഴുത്തു<br><br>അതുവും - അതും, വരു ന്നുവെങ്കിൽ - വരുന്നെ ങ്കിൽ, കണ്ടുവെന്നു - കണ്ടെന്നു |
| സ്വര ത്തിൻമുൻപി ലുള്ള ഋകാരം | വ | വിധാതൃവും |
| ഓ | A.ഓഷ്ഠ്യത്വം നിമിത്തം വകാരം തുണവരുന്നു<br>B.യകാരവും വരാ റുണ്ട് | ഗോവും<br><br>ഉണ്ടോയെന്ന്, അയ്യോ യെന്നു |
| ആ | A.വ<br><br><br><br>B. വ | പിതാ + ഉം = പിതാവും<br>അന്യഥാ + ആക്കി = അന്യ ഥാവാക്കി<br>വൃഥാ + ആക്കി = വൃഥാ വാക്കി<br>ദിവായെന്നും നിശാ യെന്നും<br>('ദിവാവിങ്കൽ' എന്നുകൂടി യുണ്ടെന്ന് ഗുണ്ടർട്ട് പറയു ന്നു)<br>ഭക്ത്യായവൻ<br>വരായല്ലൊ<br>ഒല്ലായിതു |

ഗുണ്ടർട്ടിന്റെ നിരീക്ഷണങ്ങളിൽനിന്ന് എത്തിച്ചേരാവുന്ന നിഗമനങ്ങൾ:

- അകാരത്തിന് ശുദ്ധം, താലവ്യം എന്നീ വിഭാഗങ്ങളെ കൽപ്പിക്കുകയും അവ സ്വരസന്ധിയിൽ യഥാക്രമം വ, യ എന്നിവയുടെ തുണയോടെ വരുമെന്നു പ്രസ്താവിക്കുകയും ചെയ്യുന്നു
- ആകാരത്തിന് ശുദ്ധ-താലവ്യഭേദം കൽപിക്കുന്നേയില്ല. വകാരമോ യകാരമോ അതിന് സഹകാരിയായി വരുന്നതായും പറയുന്നു
- അകാരം സ്വരസന്ധിയിൽ ഓഷ്ഠ്യമായിവരുന്ന ഉദാഹരണങ്ങൾ കേരളപാണിനീയത്തിലെപ്പോലെ നൽകുന്നില്ല. അകാരം ഓഷ്ഠ്യങ്ങളോടു സംബന്ധിച്ചുവരുമ്പോൾ ഒകാരം ആശ്രയിച്ചുള്ള സ്വരം കേൾക്കാമെന്നേ ഗുണ്ടർട്ട് സൂചിപ്പിക്കുന്നുള്ളൂ. ബഹു-ബൊഹു, ഓളം-ഓളൊം എന്നിങ്ങനെയുള്ള കേവലം ശ്രവണാസ്പദശബ്ദങ്ങളെ മാത്രമെ അദ്ദേഹം ഉദാഹരിക്കുന്നുള്ളൂ. അതിനാൽത്തന്നെ വളരെയൊന്നും പ്രസക്തിയില്ലാത്ത ഓഷ്ഠ്യാകാരത്തെക്കുറിച്ചൊന്നും സ്വരസന്ധിവിഭാഗത്തിൽ ചർച്ചയ്ക്കെടുക്കിന്നില്ലെന്നു പറയാം. കേരളപാണിനീയത്തിലും ഗുണ്ടർട്ടിന്റെ അഭിപ്രായങ്ങളുടെ തുടർച്ച കാണുന്നു. ''താലവ്യമായിട്ടു ദുഷിക്കുന്നതുപോലെ അകാരം ഓഷ്ഠ്യമായിട്ടും ദുഷിക്കാറുണ്ട്; എന്നാൽ അത് അപൂർവ്വവും വ്യാകരണത്തെ സ്പർശിക്കാത്ത ഒരു ഉച്ചാരണവൈകല്യം മാത്രവും ആകുന്നു. ഓഷ്ഠ്യമായ അകാരം ഒകാരച്ഛായയിൽ ഇരിക്കും. പ്രായേണ ഇത് ഓഷ്ഠ്യവർണ്ണ സംസർഗ്ഗത്തിലും അനുസ്വാരം എന്നു പറയുന്ന മകാരത്തിനു മുൻപും ആണ് കാണുന്നത്. ഇടവം-ഇടവൊം, കുംഭം-കുംഭൊം, കഫം- കഫൊം, നമ്മൾ-നുമ്മൾ, നാം-നോം'' (ഗുണ്ടർട്ട്, 2014 : 116). 'അപൂർവ്വവും വ്യാകരണത്തെ സ്പർശിക്കാത്ത ഉച്ചാരണവൈകല്യവു'മാണെന്നിരിക്കെ 'ഓഷ്ഠ്യഅകാരം' എന്ന വിഭാഗത്തെ ആഗമസന്ധിയിൽ വ്യാകരണനിയമമായി ഏ.ആർ വിധിക്കുന്നതിൽ ഔചിത്യക്കുറവുണ്ടെന്നു പറയാം. ആ വിഭാഗത്തിൽ നൽകിയിരിക്കുന്ന 'തട + ഉന്നു = തടവുന്നു' എന്ന ഉദാഹരണത്തിന് അദ്ദേഹം ഓഷ്ഠ്യാകാരങ്ങളെ വിവരിക്കുന്നിടത്ത് പറയുന്ന ഉദാഹരണങ്ങളുമായി യാതൊരു സാദൃശ്യവുമില്ലെന്നു കാണാം. കെ. സുകുമാരപിള്ളയുടെ *കൈരളീശബ്ദാനുശാസനം* സി. എൽ. ആന്റണിയുടെ അഭിപ്രായത്തെ നിരാകരിക്കുന്നതായി കാണാം: ''ആഗമസന്ധിയിൽ പൂർവ്വസ്വരത്തെ ആശ്രയിച്ചാണ് ഭൂരിപക്ഷം യകാരവകാരങ്ങൾ വരുന്നതെങ്കിലും ഉത്തരസ്വരത്തിന്റെ അതിപ്രസരംകൊണ്ടും പരസവർണ്ണനരീത്യാ സ്വരയോഗം വർജ്ജിക്കപ്പെടുന്നു'' (ആന്റണി, 2005 : 27) എന്ന ഭാഷ്യകാരന്റെ പ്രസ്താവനയെ പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്നു. ആവുന്നു-ആയി, പോവുന്നു-പോയി എന്ന ആന്റണിയുടെ ഉദാഹരണങ്ങളെ മുൻനിർത്തി അവയുടെ ധാതുരൂപത്തെക്കുറിച്ച് വിവരിക്കുന്നു.

| | | |
|---|---|---|
| ഉദാഹരണം | ആവുന്നു-ആയി | പോവുന്നു-പോയി |
| മൂലസ്വരൂപം | ആവ്-ആക് | പോവ്-പോക് |
| ഭൂതകാലരൂപം | ആകി | പോകി |
| ഭൂതകാലരൂപത്തിന്റെ രൂപാന്തരം | ആയി | പോയി |
| പേരെച്ചരൂപങ്ങൾ | ആകിന-ആയിന | പോകിന-പോയിന |

(സുകുമാരപ്പിള്ള, 1980 : 179)

ഇത്തരത്തിൽ മൂലധാതുസ്വരൂപത്തെ നിർണ്ണയിക്കുകയും യവാഗമങ്ങൾ സംഭവിക്കുന്നത് ഉത്തരസ്വരത്തിന്റെ താലവ്യ-ഓഷ്ഠ്യ സ്വഭാവത്തിന്റെ അടിസ്ഥാനത്തിലും മറിച്ച് അതിന്റെ രൂപംതന്നെ യകാരവകാരസഹിതങ്ങളാണെന്നും സുകുമാരപ്പിള്ള തിരുത്തുന്നു. തന്നെയുമല്ല, കകാരത്തിനു യകാരവകാരാദേശം സാധാരണ സംഭവിക്കുന്ന ഒരു കാര്യമാണെന്നും അഭിപ്രായപ്പെടുന്നു. തേകി-തേവി, തൂകി-തൂവി എന്നിങ്ങനെ ദൃഷ്ടാന്തീകരിക്കുന്നു. പൂർവ്വോത്തരസ്വരങ്ങളെ ഒട്ടും പരിഗണിക്കാത്ത ഇത്തരം രൂപങ്ങളിൽ ആഗമമല്ല ആദേശമാണ് നടക്കുന്നതെന്നു പറഞ്ഞു വെയ്ക്കുന്നു.

സി. വി. വാസുദേവഭട്ടതിരിയുടെ *അഭിനവമലയാളവ്യാകരണ*ത്തിലും മൂലധാതുരൂപങ്ങളെ കണ്ടെത്തി യവാഗമങ്ങളെ നിരാകരിക്കുന്ന ഒരു ഉദാഹരണമുണ്ട്. മറക്കുന്നു-മറയ്ക്കുന്നു എന്നിവയുടെ അർത്ഥഭേദത്തിനു കാരണമായി ഏ. ആർ അകാരത്തിന്റെ താലവ്യോഷ്ഠ്യഭേദമാണെന്നു പറഞ്ഞുവെയ്ക്കുന്നതിനെ നിരാകരിക്കുകയാണ് ഭട്ടതിരി. 'മറയുക' എന്ന ക്രിയയുടെ ധാതു യകാരാന്തമാണെന്നും അതിന്റെ പ്രയോജകരൂപമാണ് 'മറയ്ക്കുന്നു' എന്നത്. അതുപോലെ 'മറയ്ക്കുക' എന്ന ക്രിയയുടെ ധാതു കകാരാന്തമാണ്. ഇത്തരത്തിൽ ധാതുവിലുള്ള വ്യത്യസ്തതയാണ് മറയ്ക്കുക-മറക്കുക എന്നിവയുടെ അർത്ഥഭേദത്തെ തീരുമാനിക്കുന്നത് എന്നാണ് സി. വി. വാസുദേവഭട്ടതിരി അഭിപ്രായപ്പെടുന്നത്. കെ. സുകുമാരപ്പിള്ളയുടെ നിരീക്ഷണങ്ങൾക്കൊപ്പം ചേർത്തുവെയ്ക്കാവുന്ന വസ്തുതകളാണിവ.

ഗുണ്ടർട്ടിന്റെ *മലയാളഭാഷാവ്യാകരണ*ത്തിൽ ഭൂതകാലക്രിയാരൂപങ്ങളെ വിവരിക്കുന്നിടത്ത് ഇകാരസഹിതമായ ഉദാഹരണങ്ങളെ നൽകുന്നുണ്ട്. 'ആകു' എന്ന ധാതുവിന്റെ ഭൂതകാലരൂപമായി ആകി, ആയി എന്നിവ രണ്ടും കാണിക്കുന്നു. രാമചരിതത്തിൽനിന്നും ഉദ്ധരിച്ചിട്ടുള്ള ദൃഷ്ടാന്തങ്ങളാണവ. തുടർന്ന് 'തേകു-തേവു' എന്നീ ക്രിയാധാതുക്കളുടെ ഇകാരസഹിതമായ ഭൂതകാലരൂപങ്ങളെ നൽകുമ്പോൾ തേകി-തേവി എന്നിവ ഉദാഹരിക്കുന്നു. പേരെച്ചങ്ങളെ വിശദീകരിക്കുന്ന ഭാഗത്തും ഗുണ്ടർട്ടിന്റെ നിരീക്ഷണങ്ങൾ സുകുമാരപ്പിള്ളയുടേതുമായി ചേർന്നുപോകുന്നുണ്ട്. വർത്തമാനഭൂതങ്ങളാൽ (adjective

present and past participles) ഉണ്ടാകുന്ന പേരെച്ചങ്ങളുടെ ഉദാഹരണങ്ങളിൽ ആയ, ആകിയ, ആകിന, ആയിന, ആന എന്നിവയാണ് ഗുണ്ടർട്ട് നൽകുന്നത്. ആകിന-ആയിന എന്നീ രണ്ടു പേരെച്ചരൂപങ്ങളെ സുകുമാരപ്പിള്ള കണ്ടെത്തുന്നു. ആയതിനാൽ കേരളപാണിനീയഭാഷ്യകാരനെ വിമർശിക്കാൻ സുകുമാരപ്പിള്ള നടത്തുന്ന ക്രിയാധാതുവിന്റെ മൂലസ്വരൂപങ്ങളുടെ നിർണ്ണയനരീതി ഏറെക്കുറെ സംഗതമാണെന്ന് കാണാം.

*കേരളപാണിനീയം-ചില അനുബന്ധചിന്തകൾ* എന്ന കൃതിയിൽ പി. മീരാക്കുട്ടി യവാഗമങ്ങൾ പൂർവ്വവർണ്ണത്തെ നോക്കിത്തന്നെയാണ് വിലയിരുത്തുന്നത്. സ്വരസന്ധിയിൽ പൂർവ്വവർണ്ണം ഓഷ്ഠ്യമാണെങ്കിൽ വകാരാഗമമാണെന്ന കേരളപാണിനിയുടെ നിരീക്ഷണത്തെ തിരുത്തുന്നു. പ്ലേറ്റോയുടെ, ഉണ്ടോയെന്ന് എന്നിവയിൽ യകാരമാണ് ആഗമിക്കുന്നതെന്ന് ഉദാഹരിക്കുന്നു.

കേരളപാണിനി താലവ്യത്വവും ഓഷ്ഠ്യത്വവും ഒരേപോലെ കല്പിക്കുന്ന അകാരത്തെക്കുറിച്ച് കുറച്ചുകൂടി വിശദമായി *വ്യാകരണവിവേക*ത്തിൽ എൻ. എൻ. മൂസ്സത് ചർച്ചചെയ്യുന്നു. സ്വരങ്ങൾക്ക് ഇത്തരം വിഭാഗങ്ങൾ കൽപ്പിക്കുന്നത് ആധുനിക ഭാഷാശാസ്ത്രദൃഷ്ട്യാ വികലമാണെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. നാസിക്യരഞ്ജനം പോലെ താലവ്യരഞ്ജനവും മലയാളത്തിൽ ധാരാളമാണെന്നും ഉദാഹരണസഹിതം സമർത്ഥിക്കുന്നു. ഓഷ്ഠ്യസ്വരമായ 'ഒ' എന്നതിന്റെ കാര്യത്തിൽപോലും ഈ താലവ്യത്വം മലയാളത്തിൽ കാണുന്നുണ്ടെന്നാണ് ഉദാഹരണങ്ങളിലൂടെ അദ്ദേഹം വിവരിക്കുന്നത്.

റേഡിയോ + ക്ക് = റേഡിയോയ്ക്ക്, യു. എൻ. ഒ. + ഇൽ = യു.എൻ.ഒയിൽ

ഉണ്ടോ + എന്ന് = ഉണ്ടോയെന്ന്

ഇത്തരത്തിൽ 'താലവ്യരഞ്ജനം' എന്ന ധ്വനിനയം മലയാളത്തിൽ സർവ്വസാധാരണമായി *വ്യാകരണവിവേക*ത്തിൽ അവതരിപ്പിക്കുന്നു. ഏ.ആറിന്റെ താലവ്യോഷ്ഠ്യവർഗ്ഗീകരണത്തെയും സി.എൽ.ആന്റണിയുടെ ഉത്തരപദത്തിന്റെ അതിപ്രസരത്താൽ സ്വരസംവരണം സംഭവിക്കുന്നതിനെക്കുറിച്ചുള്ള വിശദീകരണങ്ങളെയും മറികടന്നുള്ള ചിന്തകളാണ് മൂസ്സതിന്റേതെന്നു പറയാം.

ഇ. വി. എൻ. നമ്പൂതിരിയുടെ 'സന്ധി' എന്ന ലേഖനത്തിലും (*മലയാളവ്യാകരണപഠനങ്ങൾ* - എഡി. ഡോ. രാധാകൃഷ്ണൻ മല്ലശ്ശേരി) സി. എൽ. ആന്റണിയുടെ അഭിപ്രായങ്ങളോടുള്ള വിമർശനങ്ങൾ ഉണ്ട്. ആഗമസന്ധിയിൽ യവാഗമം നടക്കുന്നത് ഉത്തരപദത്തിന്റെ സ്വഭാവവിശേഷംകൊണ്ടാണെന്ന സി. എൽ. ആന്റണിയുടെയും ശേഷഗിരിപ്രഭുവിന്റെയും അഭിപ്രായത്തോട് ഇ. വി. എൻ. യോജിക്കുന്നില്ല. മറ്റൊരു വർണ്ണപരിണാമനയത്തിലൂടെയാണ് അദ്ദേഹം തന്റെ നിരീക്ഷണം അവതരിപ്പിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ആ + ഉന്നു = ആവുന്നു, പോ + ഉന്നു = പോവുന്നു, പോ + ഇ = പോയി

| | |
|---|---|
| ക്രിയകൾ | ആവുന്നു, പോവുന്നു |
| ക്രിയാധാതുക്കൾ | ആക്, പോക് (ആകുന്നു, പോകുന്നു) |
| വർണ്ണപരിണാമം വഴി വകാരാ ദേശം വന്ന രൂപങ്ങൾ | ആവുന്നു, പോവുന്നു |

(മേരി, 2015 : 228)

ആകുന്നു, പോകുന്നു എന്നിവയ്ക്ക് കകാരസഹിതമായ ധാതുരൂപങ്ങളെ നിർദ്ദേശിക്കുകയും (ആക്, പോക്) വർണ്ണപരിണാമം വഴി അവ ആവുന്നു, പോവുന്നു എന്നിങ്ങനെ വകാരാദേശം സംഭവിച്ച രൂപങ്ങളാവുന്നതായും ഇ. വി. എൻ വിവരിക്കുന്നുവെന്നുസാരം. കെ. സുകുമാരപിള്ളയുടെ ധാതുനിർണ്ണ യനവിവരണവുമായി ഒത്തുപോകുന്ന ആശയങ്ങളാണ് ഇ. വി. എൻ.നമ്പൂതി രിയും അവതരിപ്പിക്കുന്നതെന്നു പറയാം. ഒകാരത്തിനുശേഷം യകാരാഗമം വരുന്നതായുള്ള സന്ധിസ്വഭാവത്തെക്കുറിച്ചും ഇ. വി. എൻ. പരാമർശിക്കുന്നു ണ്ട്. പ്ലേറ്റോയുടെ, ചാക്കോയുടെ, റേഡിയോയിൽ എന്നീ ഉദാഹരണങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഒകാരത്തിന്റെ താലവ്യത്വത്തെ സംബന്ധിച്ച് എൻ. എൻ. മൂസ്സത് പറയുന്ന ആശയങ്ങളോട് ഒത്തുപോകുന്ന സന്ധികാര്യമാണിത്. മാത്രമല്ല, സന്ധിപ്രവർത്തനത്തിൽ അർത്ഥതലത്തിന്റെ പ്രാധ്യാന്യവും ഇ. വി. എൻ. വിലയിരുത്തുന്നുണ്ട്: തല + അൻ = തലവൻ (= നേതാവ്), തല + അൻ = തലയൻ (= തലയുള്ളവൻ) (2015 : 226)

ഇതിൽ രണ്ടിലും പൂർവ്വോത്തരപദങ്ങൾ ഒരേ രൂപത്തിലാണ് കാണുന്നത്. അവ സന്ധിചെയ്തുണ്ടാകുന്നത് വിവിധ അർത്ഥങ്ങളുള്ള രണ്ട് പദങ്ങളാ ണെന്ന് ഇ. വി. എൻ. ഉദാഹരിക്കുന്നു. ഇത്തരത്തിൽ സ്വരങ്ങളുടെ താലവ്യ-ഓഷ്ഠ്യ സ്വഭാവങ്ങളെയും പൂർവ്വോത്തരപദങ്ങളുടെ അതിപ്രസരത്തിന്റെയും ഒക്കെ അടിസ്ഥാനത്തിൽ യവാഗമം നടന്ന് സ്വരസംവരണം സംഭവിക്കുന്ന ഒന്നായി ആഗമസന്ധിയെ വിധിക്കുന്ന പൂർവ്വധാരണകളെ മറികടക്കാൻ ആധു നികവൈയാകരണന്മാർക്ക് സാധിക്കുന്നുണ്ടെന്നു കാണാം. 'അകാരവും കേരള പാണിനീയവും' എന്ന ലേഖനത്തിൽ എൻ. ആർ. ഗോപിനാഥപിള്ള അകാര ത്തിന്റെ താലവ്യ-ഓഷ്ഠ്യ ധ്വനിഭേദങ്ങളെ നിരാകരിക്കുന്നു. ആഗമസന്ധിയിൽ അകാരത്തിന്റെ താലവ്യോഷ്ഠ്യവിഭജനത്തെ നിർണ്ണയിക്കുന്ന യവാ ഗമപ്രവർത്തനം സംഗതമല്ലെന്നും അവ പ്രകൃത്യംശങ്ങളാണെന്നും അദ്ദേഹം നിരീക്ഷിക്കുന്നു.

അകാരത്തിന്റെ താലവ്യ-ഓഷ്ഠ്യ സ്വഭാവങ്ങളെ നിരാകരിക്കുന്ന മറ്റൊരു വൈയാകരണനാണ് ഡോ. കെ. എം. പ്രഭാകരവാര്യർ. *മലയാളവ്യാക രണസമീക്ഷ* യിലെ ഒരു ഉദാഹരണം പരിശോധിക്കാം.

തട + ഉന്നു = തടയുന്നു, തട + ഉന്നു = തടവുന്നു (പ്രഭാകരവാര്യർ, 2007: 46)

ഇവയിൽ യവാഗമം സംഭവിക്കുന്നത് താലവ്യ-ഓഷ്ഠ്യ അകാരങ്ങൾ മൂലമല്ലെന്നും രണ്ടാമത്തെ ഉദാഹരണത്തിൽ പ്രകൃത്യംശമായി 'വ' നിലനിൽക്കുന്നുണ്ടെന്നും (തടവ്) അഭിപ്രായപ്പെടുന്നു. മാത്രമല്ല സി. എൽ. ആന്റണി ഉത്തരപദത്തിന്റെ അതിപ്രസരത്താൽ ആഗമസന്ധിയിൽ യവാഗമം വരുന്നതിനെ സൂചിപ്പിക്കാനായി നൽകുന്ന ഒരു ഉദാഹരണത്തെയും പ്രഭാകരവാര്യർ ഇഴകീറി പരിശോധിക്കുന്നുണ്ട്.

'ഓരോ + ഇതളും = ഓരോയിതളും'

ഈ ഉദാഹരണത്തിൽ യകാരം ആഗമമായി വരുന്നത് ഉത്തരപദാദിയിലെ ഇകാരത്തിന്റെ സ്വാധീനമാണെന്ന് സി. എൽ. ആന്റണി പ്രസ്താവിക്കുന്നു. ഇതിനെക്കുറിച്ചുള്ള പ്രഭാകരവാര്യരുടെ അഭിപ്രായങ്ങളെ ക്രോഡീകരിക്കാം: ''ഓരോയിതൾ' എന്ന രൂപത്തിന്റെ കഥ മറ്റൊന്നാണ്. മലയാളത്തിൽ ഒ(ാ)കാരാന്തപദങ്ങൾ ഇല്ല. സംജ്ഞാനാമങ്ങൾ, പരകീയപദങ്ങൾ എന്നിവ മാത്രമേ ഒ(ാ)കാരത്തിൽ അവസാനിക്കൂ. 'ഓരോ' എന്നത് വിരളമായ രൂപമാണ്. 'ഓരോ' എന്ന രൂപത്തിലെ 'ഒ' പ്രകൃതിസ്വരമല്ല; അത് വിഭാജകാർത്ഥത്തിലുള്ള വിശേഷണപ്രത്യയമാണെന്നു പറയാം. ഒ(ാ)വിൽ അവസാനിക്കുന്ന സംജ്ഞാനാമങ്ങളും പരകീയപദങ്ങളും മലയാളത്തിൽ പ്രയോഗത്തിലുണ്ടെന്ന് പറഞ്ഞല്ലോ. അവ സന്ധിയിൽ രണ്ടുവിധത്തിൽ പെരുമാറുന്നതായി കാണാം. ദക്ഷിണകേരളഭാഷയിൽ ഓ-യ്ക്കുശേഷം യകാരവും ഉത്തരകേരള ഭാഷയിൽ അതേ സാഹചര്യത്തിൽ വകാരവും ആഗമമായി വരുന്നതുകാണാം. പ്ലേറ്റോയുടെ-പ്ലേറ്റോവിന്റെ, ചാക്കോയുടെ-ചാക്കോവിന്റെ, ഫോട്ടോയുടെ-ഫോട്ടോവിന്റെ .....''(2007 : 47).

'ഓരോ' എന്നതിന്റെ വിശേഷണസ്വഭാവത്തെക്കുറിച്ച് വിവിധ വൈയാകരണന്മാർക്കുള്ള അഭിപ്രായങ്ങൾ പരിശോധിക്കാം. സംഖ്യാവിശേഷണരൂപത്തിലുള്ള ഒന്നായി 'ഒര' എന്ന രൂപത്തെയും അതിന്റെ വിവിധ രൂപാന്തരങ്ങളായി ഒരൊന്ന, ഓരൊരു എന്നിവയെ റോബർട്ട് ഡ്രമ്മണ്ട് അവതരിപ്പിക്കുന്നു. സംഖ്യാവാചകവിശേഷണമായാണ് പീറ്റും 'ഓരോരൊ' എന്നതിനെ കാണുന്നത്. വിവിധ വിശേഷണരൂപങ്ങളെ വർഗ്ഗീകരിക്കുന്നതിൽ ഒന്നായി 'Distributive Adjectives' (വിഭാജകവിശേഷണങ്ങൾ) എന്നതിനെക്കുറിച്ച് കോളിൻസും വിവരിക്കുന്നുണ്ട്. ഓരോരോ, എല്ലാം എന്നിവ അതിന്റെ ഉദാഹരണങ്ങളായി നൽകുകയും ചെയ്യുന്നു. 'ഒരു' എന്നത് സംഖ്യയായും പ്രതിസംഖ്യയായും ചോദ്യപ്രതിസംജ്ഞയായും ഒക്കെ വരുന്നതായി ഗുണ്ടർട്ടും സൂചിപ്പിക്കുന്നു.

സി. എൽ. ആന്റണിയുടെ 'ഓരോയിതളും' എന്ന ഉദാഹരണത്തെ ഖണ്ഡിച്ചുകൊണ്ട് പ്രഭാകരവാര്യർ അവതരിപ്പിക്കുന്ന 'ഓരോ' എന്ന രൂപത്തിന്റെ വിവരണം സാധൂകരിക്കുന്ന വസ്തുതകളാണ് മുൻകാല വൈയാകരണന്മാരുടെ കൃതികളിൽ കാണുന്നതെന്നു പറയാം.

എൻ. രാജേന്ദ്രന്റെ ഗവേഷണപ്രബന്ധമായ 'സന്ധിപഠനം മലയാളവ്യാകരണത്തിൽ'[67] എന്ന പഠനത്തിൽ ആഗമസന്ധിയിൽ യവാഗമങ്ങൾ നടക്കുന്നതിനെക്കുറിച്ച് രണ്ട് അഭിപ്രായങ്ങളാണുള്ളത്.

(i) യകാരവകാരങ്ങൾ ധാത്വന്തങ്ങളാണ്.

(ii) ധാത്വന്തങ്ങളല്ലാത്ത യവാഗമങ്ങൾ പൂർവ്വാപരസ്വരങ്ങളെ ഒരേപോലെ ആശ്രയിച്ചാണ് സംഭവിക്കുന്നത് (മേരി, 2015 : 275).

*ഭാഷാനിരീക്ഷണം* എന്ന പുസ്തകത്തിലെ 'താലവ്യവും ഓഷ്ഠ്യവും' എന്ന അധ്യായത്തിൽ എൻ. ആർ. ഗോപിനാഥപിള്ള അകാരത്തിന്റെ താലവ്യ-ഓഷ്ഠ്യ ധ്വനിമൂല്യങ്ങളെ നിരാകരിക്കുന്നു. ആഗമസന്ധിയിൽ പൂർവ്വസ്വരത്തിന്റെ താലവ്യോഷ്ഠ്യസ്വഭാവമാണ് യവാഗമത്തിനു കാരണമാകുന്നതെന്ന പൂർവധാരണയെ തിരുത്തുകയും യകാരവകാരങ്ങൾ പ്രകൃത്യംശമാണെന്ന് സ്ഥാപിക്കുകയും ചെയ്യുന്നു. 'തട+ഉന്നു' എന്നതിൽനിന്നും ഭിന്നാർത്ഥങ്ങളായ തടയുന്നു, തടവുന്നു എന്നിവ നിഷ്പാദിപ്പിക്കുക സാധ്യമല്ലെന്നും ഏ.ആർ. നൽകുന്ന ആ ഉദാഹരണം വികലമാണെന്നും അഭിപ്രായപ്പെടുന്നു. തടയ്, തടവ് എന്നീ ഭിന്നപ്രകൃതികളോട് സ്വരം ചേർന്നാണ് തടയുന്നു, തടവുന്നു എന്നീ രൂപങ്ങൾ ഉണ്ടായതെന്നും നായ്+ഇൽ=നായിൽ, നാവ്+ഇൽ=നാവിൽ എന്നിങ്ങനെയുള്ള സന്ധിപ്രവർത്തനമായി ഇതിനു സാമ്യമുണ്ടെന്നും ലേഖകൻ സമർത്ഥിക്കുന്നു. കേരളപാണിനിയോ, കേരളപാണിനീയഭാഷ്യകാരനോ ഊന്നുന്നപോലെ പൂർവ്വോത്തരപദങ്ങളുടെ സ്വഭാവസവിശേഷതയായിട്ടല്ല ഈ ലേഖകൻ യവാഗമത്തെ കാണുന്നതെന്നു പറയാം. ഉത്തരപദത്തിന്റെ അതിപ്രസരത്താൽ ആഗമസന്ധിയിൽ യവാഗമം നടന്ന് സ്വരസംവരണം നടക്കുന്ന പ്രവർത്തനത്തെ സി. എൽ. ആന്റണി നിർദ്ദേശിക്കുന്നുണ്ടങ്കിലും അതിൽ പോരായ്മകൾ ഒരുപാട് കടന്നുകൂടിയിട്ടുണ്ടെന്ന് പിൽക്കാലത്തുണ്ടായ ഈ പഠനങ്ങൾ തെളിയിക്കുന്നു. യകാരവകാരങ്ങൾ പ്രകൃത്യംശങ്ങളാണെന്നാണ് ഭൂരിപക്ഷം വിമർകരുടെയും അഭിപ്രായം. പ്രാദേശികഭേദങ്ങളും യവാഗമത്തിനു കാരണമായി മറ്റൊരുകൂട്ടർ പറയുന്നു. 'പല+ഉരു=പലവുരു' എന്ന ഉദാഹരണത്തിന്റെ അടിസ്ഥാനത്തിൽ 'പല' എന്ന പ്രകൃതിയോടുകൂടി ഉകാരസ്വരം വരുമ്പോൾ വകാരാഗമമാണ് അദ്ദേഹം വിധിക്കുന്നത്. 'ഉ' എന്ന ഉത്തരസ്വരത്തിന്റെ സ്വഭാവവിശേഷമായി ആന്റണി അതിനെ കാണുന്നു. എന്നാൽ, പല+ഉല=പലയുല, പല+ഉറി=പലയുറി എന്നിങ്ങനെ യകാരാഗമം വരുന്ന ഉദാഹരണങ്ങളും പിൽക്കാല വൈയാകരണർ ഉന്നയിക്കുന്നു (മേരി, 2017 : 360). 'ആ+ഉന്നു=ആവുന്നു' എന്ന സി. എൽ. ആന്റണിയുടെ ഉദാഹരണത്തെ ആ+ഉന്നു=ആവുന്നു, ആകുന്നു, ആയുന്നു എന്നിങ്ങനെ യ, വ, ക എന്നിവ ഒരേപോലെ ആഗമിക്കുന്ന ഒരു ഉദാഹരണം നൽകി എൻ. കെ. മേരിയുടെ കൃതിയിൽ പ്രതിരോധിക്കുന്നു. സമീപവർണ്ണങ്ങളും സ്വനസന്ദർഭങ്ങളും ഒരേ

പോലെ ആയിരുന്നിട്ടും യ, വ, ക എന്നിവ ഒരേ സന്ധിപ്രവർത്തനത്തിൽ വരുന്നുവെന്നാണ് അവർ സമർത്ഥിക്കുന്നത്. താലവ്യം, ഓഷ്ഠ്യം, ശുദ്ധം എന്നിങ്ങനെയുള്ള സ്വരവർഗ്ഗീകരണമാനദണ്ഡങ്ങളുടെ അസാംഗത്യം ചിലർ ഉന്നയിക്കുന്നതായും കാണാം. ആധുനികഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലാണ് അവർ സ്വരവർഗ്ഗീകരണം നടത്തുന്നത്.

**മുതുക്കൻ-ചെറുക്കൻ**

*കേരളപാണിനീയ*ത്തിലെ 7-ാം കാരികയുടെ അവസാനത്തിൽ പറയുന്ന 'പൂർവ്വമോഷ്ഠ്യസ്വരം വന്നാൽ, വകാരം ചേർത്തുകൊള്ളുക' എന്നതിനെ സാമാന്യവിധിയായി സ്വീകരിക്കാമെങ്കിലും പൂർവ്വസ്വരം ഓഷ്ഠ്യമായാൽ അകാരവും ആഗമിക്കാറുണ്ടെന്ന് സി. എൽ. ആന്റണി തിരുത്തുന്നു. മുതു+അൻ= മുതുക്കൻ, ചെറു+അൻ = ചെറുക്കൻ എന്നീ ഉദാഹരണങ്ങളും അദ്ദേഹം നൽകുന്നു. ഭാഷ്യകാരന്റെ ഈ നിരീക്ഷണത്തെ വിമർശനാത്മകമായി പലരും നോക്കിക്കാണുന്നുണ്ട്. അവ പരിശോധിക്കാം.

- കെ. സുകുമാരപ്പിള്ള

  മുതു+കയ്യൻ=മുതുക്കയ്യൻ=മുതുക്കൻ എന്നൊരു സന്ധിപ്രവർത്തനമാണ് സുകുമാരപ്പിള്ള വിധിക്കുന്നത്. നിസ്സാരനായ മനുഷ്യൻ, പണിയെടുക്കുന്നവൻ എന്നീ അർത്ഥങ്ങൾ ദ്രാവിഡഭാഷകളിലും പ്രാദേശികഭേദങ്ങളിലും 'കയ്യൻ' എന്ന പദത്തിനുണ്ടെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. മുതു + കയ്യൻ = മുതുക്കയ്യൻ = മുതുക്കൻ, ചെറു+കയ്യൻ=ചെറുക്കയ്യൻ=ചെറുക്കൻ (സുകുമാരപ്പിള്ള, 1980 : 81-82). ഈ പദങ്ങളുടെ നിഷ്പത്തി ഇത്തരത്തിൽ രൂപപ്പെടുത്തുകയും ലളിതമായി പ്രയോഗിക്കുന്ന മലയാളഭാഷയിൽ 'ക്ക്' പോലെയുള്ള കഠിവർണങ്ങൾ വെറുതെയങ്ങനെ ആഗമിക്കില്ലെന്ന് തിരുത്തുകയും ചെയ്യുന്നു.

- കെ. വി. രാമചന്ദ്രപൈ

  സി. എൽ. ആന്റണി പ്രസ്താവിക്കുന്ന 'ക്ക' ആഗമത്തെ രാമചന്ദ്രപൈ അംഗീകരിക്കുന്നില്ല. -ക്കൻ, -കൻ എന്നൊക്കെയുള്ള തദ്ധിതപ്രത്യയങ്ങളുടെ സ്വാധീനമായിട്ടാണ് അദ്ദേഹം മുതുക്കൻ, ചെറുക്കൻ എന്നിവയെ വിലയിരുത്തുന്നത്. മിടുക്കൻ, കഴുകൻ, വൻപൻ, നെടുംകൻ എന്നീ രൂപങ്ങളിലെല്ലാം 'ക്ക' ആഗമമായി വരുന്നുവെന്ന് തീർച്ചപ്പെടുത്താനാവില്ലെന്നും വിടുതൽ, കെടുതൽ മുതലായവയിൽ തകാരം ആഗമിക്കുന്നുവെന്ന് വിധിക്കാനാവില്ലെന്നും രാമചന്ദ്രപൈ അഭിപ്രായപ്പെടുന്നു.[68]

- കെ. എം. പ്രഭാകരവാര്യർ

  കെ. സുകുമാരപ്പിള്ളയുടെ ആശയത്തോട് സാമ്യമുള്ളതാണ് പ്രഭാകരവാര്യരുടെ നിരീക്ഷണങ്ങളെന്നു കാണാം. ''ഓഷ്ഠ്യസ്വരത്തിനുശേഷം 'ക്ക' കാരം ആഗമിക്കുന്നു എന്ന ആന്റണിയുടെ നിരീക്ഷണം വേറൊരു തരത്തിൽ വിശദീകരിക്കാൻ കഴിയും. മുതു, ചെറു എന്നിവയോട് 'ചെയ്യുക' എന്ന സാമാ

ന്യാർത്ഥമുള്ള (൦) 'കയ്' എന്ന നാമപ്രകൃതികളാണ് അവ എന്നു പറയാവുന്ന താണ് (പൂർവ്വദ്രാവിഡത്തിലെ 'കെയ്' ആണ് തമിഴ്-മലയാളങ്ങളിൽ 'ചെയ്' ആകുന്നത്). അങ്ങനെ മുതുക്കയ്യൻ, ചെറുക്കയ്യൻ എന്നിവ മുതുക്കനും ചെറു ക്കനും ആയതാകും. ഈ കാര്യം സുകുമാരപ്പിള്ള സൂചിപ്പിച്ചിട്ടുണ്ട്'' (പ്രഭാകര വാര്യർ, 2007 : 47).

- എൻ. ആർ. ഗോപിനാഥപിള്ള

ഭാഷാപോഷിണിയിൽ (ജൂൺ-ജൂലൈ 1990) പ്രസിദ്ധീകരിക്കപ്പെട്ട 'മുതുക്കൻ, ചെറുക്കൻ' എന്ന ലേഖനത്തിൽ, മുതുക്കൻ, ചെറുക്കൻ എന്നിവയിൽ 'ക്ക്' ആഗമിക്കുന്നുവെന്ന സി. എൽ. ആന്റണിയുടെ വാദത്തെ ഗോപിനാഥപിള്ള നിരാകരിക്കുന്നു. ''മലയാളത്തിൽ അപ്പോൾ - ക്ക് എന്നൊരു കൃത്പ്രത്യയമു ണ്ട്. ആ പ്രത്യയത്തിൽ അവസാനിക്കുന്ന നിരവധി രൂപങ്ങളുമുണ്ട്. മുതുക്ക്, ചെറുക്ക് എന്നിവ അവയിൽ ഉൾപ്പെടുന്നു. ചെറുക്ക് എന്നതിനു 'ചിറുക്ക്' എന്നാണു തമിഴ്രൂപം. ആകൃതിയിലോ വലിപ്പത്തിലോ ചെറുതാകുക എന്നർത്ഥം. ഇതിനോടു സംബന്ധമാണു ചിറുക്കൻ, ചിറുക്കി എന്നിവ. മലയാ ളത്തിൽ ചെറുക്കൻ, ചെറുക്കി ഇന്ന് ഏതാണ്ടു ഖിലമായിക്കഴിഞ്ഞു. ഖിലം എന്നാൽ അപ്രയുക്തം. മുതുക്ക് എന്നാൽ പഴയത്, പ്രായമായത് എന്നർത്ഥം. ഇറച്ചി 'മുതുക്കാ'ണ് എന്നു നാട്ടുഭാഷയിൽ പറയാറുണ്ടല്ലോ... മുതുക്ക്, ചെറുക്ക് എന്നിവ ഭാഷയിൽ സ്വാഭാവികമാണെങ്കിൽ അവയോട് 'അൻ' പ്രത്യയം ചേർന്ന രൂപങ്ങളാണു മുതുക്കൻ, ചെറുക്കൻ എന്നിവ'' (ശ്രീനാഥൻ, സൈതലവി, 2017: 1081-1082).

മുതുക്കൻ, ചെറുക്കൻ എന്നീ പദങ്ങളിൽ 'ക്ക്' ആഗമമായി വരുന്നുവെന്ന സി. എൽ. ആന്റണിയുടെ വാദത്തെ നിരാകരിക്കുന്ന ആശയങ്ങളാണ് മേൽ സൂചിപ്പിച്ചത്. അവയുടെ സാംഗത്യം പരിശോധിക്കുന്നത് ഉചിതമായിരിക്കും. 'കയ്യൻ' എന്ന പദത്തിന് ശബ്ദതാരാവലി നൽകുന്ന അർത്ഥങ്ങൾ - ജോലി ക്കാരൻ, ദുഷ്ടൻ, കള്ളൻ, അധമൻ, നീചൻ, പരോപദ്രവി എന്നൊക്കെയാണ്. പ്രഭാകരവാര്യർ സൂചിപ്പിക്കുന്ന 'നിസ്സാരനായവൻ', 'പണിയെടുക്കുന്നവൻ' എന്നീ അർത്ഥങ്ങളെയും മേൽപ്പറഞ്ഞ പദങ്ങളുടെ ആശയത്തോട് ചേർത്തു വെക്കാവുന്നതാണ്. 'മുതു' എന്ന ധാതുവിന് *ശബ്ദതാരാവലി* നൽകുന്ന അർത്ഥങ്ങളും പരിശോധിക്കാം. വയസ്സുചെന്ന, മൂത്ത, വിളഞ്ഞ എന്നിവയാണ വ. ഈ മൂന്നു പദങ്ങൾക്കൊപ്പവും 'കയ്യൻ' ചേരുമ്പോൾ സുമാരപ്പിള്ള ഉന്നയി ക്കുന്ന നിഷ്പത്തിക്ക് സാധൂകരണം കൈവരുന്നു. 'മുതുനെല്ലിക്ക ആദ്യം കയ്ക്കും, പിന്നെ മധുരിക്കും' 'മുതുക്കന് ചോറും മുറത്തിനു ചാണകവും' (ശ്രീകണ്ഠേശ്വരം, 2017 : 1433) ''വഞ്ചിത്തഭ്രാന്തെഴുമരയരാം നാവികക്കയ്യരേ നീ'' (2017 : 485) മുതു, മുതുക്കൻ, കയ്യർ എന്നീ പദങ്ങളുടെ അർത്ഥഗ്രഹണ

ത്തിനുതകുന്ന ഇത്തരം പഴമൊഴികൾ നിഘണ്ടുകാരൻ നൽകുന്നതും മേൽപ റഞ്ഞ ആശയങ്ങളുമായി കണ്ണിച്ചേർക്കാവുന്നതാണ്.

**കേരളപാണിനീയകാരിക - 8**

''ശ്രുതിമാധുര്യാർത്ഥമായും

ംഗമം ചിലെടങ്ങളിൽ''

എന്ന 8-ാം കാരികാഖണ്ഡത്തെയാണ് സി. എൽ. ആന്റണി തുടർന്ന് പരിശോധിക്കുന്നത്.

**ഏ. ആറിന്റെ വിശദീകരണം**

അനുനാസികപ്രിയന്മാരായ മലയാളികൾ ചിലസ്ഥലങ്ങളിൽ കർണ്ണസുഖത്തിനുവേണ്ടി ംകാരം ആഗമമായി ചേർത്തുപ്രയോഗിക്കാറുണ്ട്. കരിമ്പുലി, പുളിങ്കുരു എന്നിവ അതിനുദാഹരണമാണ്.

കരി + പുലി → കരിം + പുലി → കരിമ് + പുലി = കരിമ്പുലി

പുളി + കുരു → പുളിം + കുരു → പുളിങ് + കുരു = പുളിങ്കുരു

(രാജരാജവർമ്മ, 2015 : 134)

ഇത്തരമൊരു നിഷ്പാദനമാണ് കേരളപാണിനി നടത്തുന്നത്. കരിമ്പുലി, പുളിങ്കുരു എന്നീ പദങ്ങളിലൊക്കെ ംകാരം ചേർന്നിരിക്കുന്നു, ആ ംകാരം അതിനു പിന്നാലെ വരുന്ന വർണ്ണവുമായി സമീകരണം നടക്കുന്നു. ഇത്തരമൊരു വിശദീകരണമാണ് ഏ. ആർ. നൽകുന്നത്. മാത്രമല്ല, കർണ്ണസുഖത്തിനു ചേർക്കുന്ന ംകാരവും അതിനാദേശമായി വരുന്ന അനുനാസികങ്ങളും അർത്ഥപ്രധാനങ്ങളല്ലെന്നും ഉച്ചാരണപരങ്ങൾ മാത്രമാണെന്നും കേരളപാണിനി കൂട്ടിച്ചേർക്കുന്നു.

**സി. എൽ. ആന്റണിയുടെ വിമർശനം**

ആർത്ഥികപ്രാധാന്യമോ പ്രത്യയപദവിയോ ഇല്ലെന്നിരിക്കെ ംകാരവും അതിനാദേശങ്ങളായ അനുനാസികങ്ങളും ആഗമിക്കുന്നുവെന്നു പറയുന്നതിലെ യുക്തിരാഹിത്യമാണ് സി. എൽ. ആന്റണി ഉന്നയിക്കുന്നത്. അനുനാസികാഗമം നടന്നുവെന്ന് ഒട്ടും വളച്ചുകെട്ടാതെ പറഞ്ഞാൽ മതിയെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ''കരിമ്പുലി, പുളിങ്കുരു മുതലായ ചില സമസ്തപദങ്ങൾക്കിടയിൽ വരുന്ന അനുനാസികത്തെ വ്യക്തമായി വിവരിക്കാൻ കേരളപാണിനിക്കു കഴിയുന്നില്ല. സൂക്ഷ്മമായി പരിശോധിക്കുമ്പോൾ ഉത്തരപദാദിഖരത്തിന് അനുരൂപമായി പരസവർണ്ണനരീതിയിൽ ഒരു അനുനാസികാഗമമാണ് ഇവിടെ സംഭവിക്കുന്നതെന്നു കാണാം. ആദേശസന്ധിക്ക് ഇവിടെ പ്രസക്തിയില്ല'' (ആന്റണി, 2005 : 28).

കാൾഡ്വൽ നിർദ്ദേശിക്കുന്ന 'ഇൻ' എന്ന ഇടനില കരി, പുളി എന്നീ സ്വരാന്തശബ്ദങ്ങൾക്ക് ശേഷം വരാൻ സാദ്ധ്യതയില്ലെന്ന് കേരളപാണിനി വിചാരിച്ചിരിക്കാമെന്നും അതിനാൽ 'ഇൻ' എന്നതിലെ പൂർവ്വസ്വരം കളഞ്ഞ് ഩാഗമവും അതിന് അനുനാസികാദേശങ്ങളും അദ്ദേഹം വിധിച്ചെന്നുമാണ് സി. എൽ. ആന്റണി പ്രസ്താവിക്കുന്നത്. കേരളപാണിനീയകാരിക 54-ൽ 'കുഞ്ഞുങ്ങൾ' എന്ന ഉദാഹരണത്തിൽ 'ഇൻ' എന്നതിനെപ്പോലെ 'ഉൻ' എന്നൊരു അംഗപ്രത്യയത്തെക്കുറിച്ച് കേരളപാണിനി സങ്കല്പിക്കുന്നതും കേരളപാണിനീയഭാഷ്യകാരൻ ചൂണ്ടിക്കാണിക്കുന്നു. ഇത്തരത്തിൽ അവ്യവസ്ഥയോടെയുള്ള സന്ധിവികാരചർച്ചയാണ് കേരളപാണിനി നടത്തുന്നതെന്നും കരിമ്പുലി, പുളിങ്കുരു എന്നീ സമസ്തപദങ്ങളിലെ അനുനാസികത്തെ സൂക്ഷ്മമായി വിവരിക്കാൻ അദ്ദേഹത്തിനു കഴിയുന്നില്ലെന്നും സി. എൽ. ആന്റണി വിമർശിക്കുന്നു. ലീലാതിലകകാരന്റെ നിർദ്ദേശങ്ങളോടാണ് അദ്ദേഹത്തിന് പ്രതിപത്തിയെന്നു തുടർന്നുകാണാം.

''ക്വചിദദാദിദൂർഭ്യഃ പരസ്യപഞ്ചമഃ'' എന്ന ലീലാതിലകസൂത്രപ്രകാരം (സൂത്രം 48) അ, ആ, ഇ, ഉ ഇവയ്ക്കുശേഷം കചതപങ്ങൾ വന്നാൽ ഇടയിൽ അവയുടെ അനുനാസികങ്ങൾ ആഗമമായി വരുമെന്നാണ് ആചാര്യൻ നിർദ്ദേശിക്കുന്നത്. ഩാഗമവും അതിനാദേശമായി അനുനാസികങ്ങളും വരുന്നതായല്ല മറിച്ച്, അനുനാസികാഗമം നേരെ സംഭവിക്കുന്നതായാണ് ലീലാതിലകകാരൻ പറയുന്നതെന്നും കേരളപാണിനിയെപ്പോലെ അദ്ദേഹവും അനുനാസികത്തെ ഉച്ചാരണപ്രധാനമായിട്ടാണു കാണുന്നതെന്നും സി. എൽ. ആന്റണി നിരീക്ഷിക്കുന്നു. 'ഇൻ' എന്ന ഇടനിലയുമായി ബന്ധപ്പെടുത്താതെ അനുനാസികാഗമത്തെ വിവരിക്കുന്ന ലീലാതിലകമതത്തെ സി. എൽ. ആന്റണി അംഗീകരിക്കുന്നതായും തുടർന്നുകാണാം. ചുരുക്കത്തിൽ, അനുനാസികത്തെ ലീലാതിലകകാരൻ കൽപ്പിക്കുന്നപോലെ ഉച്ചാരണപ്രധാനമായി മാത്രം കേരളപാണിനിയും ഭാഷ്യകാരനും കാണുന്നുവെന്നു സാരം. എന്നാൽ ഩാഗമവും തദനുസൃതമായിവരുന്ന അനുനാസികങ്ങളും ഏ. ആർ. വിധിക്കുന്നുണ്ടെങ്കിലും അനുനാസികങ്ങൾ നേരിട്ട് വരുന്നതായിട്ടാണ് ലീലാതിലകപക്ഷത്തെ മുൻനിർത്തി സി. എൽ. ആന്റണി കല്പിക്കുന്നത്.

**മറ്റു ചില ശ്രദ്ധേയമായ നിരീക്ഷണങ്ങൾ**

- **എൻ. എൻ. മൂസ്സത്**

*വ്യാകരണവിവേക*ത്തിൽ 'നാസികൃരഞ്ജനം' എന്ന ധ്വനിനയത്തെക്കുറിച്ചുള്ള ചർച്ചയിലാണ് *കേരളപാണിനീയ*ത്തിലെ പ്രസ്തുതകാരികയെക്കുറിച്ച് മൂസ്സത് വിശദീകരിക്കുന്നത്. നാസികൃരഞ്ജനത്തിന് മലയാളത്തിൽ കാണുന്ന പ്രബലമായ തെളിവായി കരിമ്പുലി, പുളിങ്കറി എന്നീ ശബ്ദങ്ങളെ അദ്ദേഹം കാണുന്നു. ഈ ശബ്ദങ്ങളിൽ ങകാരം ഉൾച്ചേർന്നിരിക്കുന്നുവെന്നും അതിനു പരമായി വരുന്ന വർണ്ണവുമായി സമീകരണം നടന്ന് അനുനാസികങ്ങളാവുന്നു എന്നുള്ള കേരളപാണിനീയപക്ഷത്തെ മൂസ്സത് നിരാകരിക്കുന്നു. സി. എൽ. ആന്റണി അഭിപ്രായപ്പെടുന്നതുപോലെ പരവർണ്ണത്തിന്റെ സജാതീയാനുനാസികം ഇടയിൽ വന്നുചേരുന്നുവെന്ന് കരുതുന്നതാണ് ഉചിതമെന്ന് മൂസ്സതും അംഗീകരിക്കുന്നു.

ലീലാതിലകസൂത്രം 48 തന്നെയാണ് ഭാഷ്യകാരനെപോലെ മൂസ്സതും അടിസ്ഥാനമാക്കിയെടുക്കുന്നത്. കലങ്കൊമ്പ്, പനങ്കുല, വഴുതനങ്ങാ എന്നീ പദങ്ങളിൽ സംബന്ധികാർത്ഥത്തെ സൂചിപ്പിക്കുന്ന 'അൻ' എന്ന അംഗപ്രത്യയം ചേർന്നിട്ടുണ്ടെന്ന കേരളപാണിനീയ (കാരിക 69) പക്ഷത്തെ മൂസ്സത് നിരാകരിക്കുന്നു. കരിമ്പുലി, പുളിങ്കറി എന്നിവയിലെപ്പോലെ ശ്രുതിസുഖാർത്ഥം അനുനാസികം ചേർത്തിരിക്കുന്നുവെന്നു കരുതുന്നതാണ് കൂടുതൽ യുക്തമെന്നും മുളങ്കമ്പ്, വടക്കുന്നാഥൻ, പൂന്തിങ്കൾ, തെക്കുംഭാഗം എന്നിവയിലെല്ലാം ഇതേമട്ടിൽ അനുനാസികം ചേരുകയാണ് ചെയ്തിട്ടുള്ളതെന്നും മൂസ്സത് അഭിപ്രായപ്പെടുന്നു. ഇത്തരം സമസ്തപദങ്ങളിൽ സംബന്ധികാർത്ഥത്തെ വെളിപ്പെടുത്താനുള്ള പ്രത്യയങ്ങളൊന്നും ആവശ്യമില്ലെന്നാണ് തുടർന്നുപറയുന്നത്. കാൾഡ്വെല്ലിന്റെ ഇടനിലസങ്കല്പങ്ങളെക്കാൾ അനുനാസികാഗമം നേരിട്ടു സംഭവിക്കുന്നുവെന്ന ലീലാതിലകത്തിലെ വീക്ഷണത്തോടാണ് സി. എൽ. ആന്റണിയെപ്പോലെ മൂസ്സതിനും പഥ്യമെന്നുകാണാം. ഈ തരത്തിലുള്ള സമസ്തപദങ്ങളിൽ അനുനാസികാഗമത്തെ കേവലം ഉച്ചാരണപരമായിത്തന്നെയാണ് മൂസ്സതും കാണുന്നത്. ആർത്ഥികമായി അവയ്ക്ക് പ്രാധാന്യമില്ലെന്നു കാണിക്കാനായി പുളിങ്കറി (അനുനാസികസഹിതമായ രൂപം), പുളിക്കറി (അനുനാസികരഹിതരൂപം) ഇവ ഒരുപോലെ പ്രയോഗിക്കാമെന്ന തൊൽക്കാപ്പിയസൂത്രത്തെ ആധാരമാക്കി ഉദാഹരിക്കുന്നു.

- **പി. രാമൻ**

'ങാഗമം ശ്രുതിമാധുര്യത്തിനോ?' എന്ന തലക്കെട്ടോടെ ഭാഷാസാഹിതിയിൽ (ജനുവരി-മാർച്ച് 1988) പ്രസിദ്ധീകരിച്ച ലേഖനത്തിൽ കേരളപാണിനിയുടെയും പൂർവ്വസൂരികളുടെയും അഭിപ്രായത്തെ തിരുത്തുകയാണ് പി. രാമൻ ചെയ്യുന്നത്. കരിമ്പുലി, പുളിങ്കുരു, മാങ്കൊമ്പ് എന്നിങ്ങനെ ലീലാതിലകവും

*കേരളപാണിനീയ*വും നൽകുന്ന സമസ്തപദങ്ങളിൽ അനുനാസികാഗമം നടക്കുന്നത് കേവലം ശ്രുതിസുഖത്തിനുവേണ്ടിയല്ല എന്നും അർത്ഥത്തെ പ്രകാശിപ്പിക്കാനാണെന്നും ലേഖകൻ അഭിപ്രായപ്പെടുന്നു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ പരിശോധിക്കാം.

- ഇൻ (കുന്നിൻമകൾ), അം (ആലംപൂ), അൻ (പനൻകുല) എന്നിവയ്ക്ക് സംബന്ധികയുടെയും നാമവിശേഷണത്തിന്റെയും അർത്ഥമുണ്ട്
- ഇൻ, അൻ എന്നിവയിലെ അനുനാസികം അനുസ്വാരമായി മാറുന്നത് സാധാരണമാണ്

  ഉദാ: കുരിശ് + ഇൻ + മൂട് = കുരിശുമ്മൂട്

  പന + അൻ + പാല = പനയമ്പാല
- പെരിയ, നെടിയ എന്നീ അകാരാന്തവിശേഷണരൂപങ്ങളുടെ രൂപാന്തരങ്ങളാണ് പെരും + തച്ചൻ, നെടും + പുര ഇവയിൽ കാണുന്ന പെരും, നെടും തുടങ്ങിയവ.
- പുളിങ്കുരു, മലഞ്ചോല എന്നിവയിൽ അനുനാസികാഗമമല്ല നടക്കുന്നത്. ഇവയിലെ ഇൻ, അൻ എന്നിങ്ങനെയുള്ള സംബന്ധികാർത്ഥദായകമായ ഇടനിലകൾക്ക് രണ്ട് ആദേശം സംഭവിക്കുന്ന പ്രവർത്തനമാണ് ഇത്തരം പദങ്ങളിലുള്ളതെന്ന് ലേഖകൻ പ്രസ്താവിക്കുന്നു.

  ഉദാഹരണങ്ങൾ പരിശോധിക്കാം

I. പുളിൻ (ഇൻ) + കുരു

↓

പുളിം (അനുസ്വാരം) + കുരു

('ഇൻ' ഇടനിലയ്ക്ക് 'അനുസ്വാരം' ആദേശം വരുന്നു)

↓

പുളിങ് (അനുനാസികം) + കുരു

↓

പുളിങ്കുരു

(അനുസ്വാരത്തിനു പരമായ 'ക' വർഗ്ഗത്തിന്റെ അനുനാസികം ആദേശം വരുന്നു)

II. മലൻ (അൻ) + ചോല

↓

മലം (അനുസ്വാരം) + ചോല

('അൻ' ഇടനിലയ്ക്ക് അനുസ്വാരം ആദേശം വരുന്നു)

↓

മലഞ്(അനുനാസികം) + ചോല

↓

മലഞ്ചോല

(അനുസ്വാരത്തിനു പരമായ 'ച' വർഗ്ഗത്തിന്റെ അനുനാസികം ആദേശമായി വരുന്നു)

അൻ, ഇൻ എന്നീ പ്രത്യയങ്ങളുടെ മറ്റൊരു രൂപാന്തരമായ അനുസ്വാരം പരപദാദിയിലെ ഖരത്തോട് ചേരുമ്പോൾ അനുനാസികമായി മാറുന്ന ഒരു രീതിയാണ് ലേഖകൻ ഈ രണ്ട് ഉദാഹരണങ്ങളിലൂടെ പറയുന്നത്.

അനുനാസികങ്ങൾ ആദേശമായി വരുന്ന മറ്റൊരു സന്ദർഭംകൂടി അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്.

പെരുന്തച്ചൻ - പെരും + തച്ചൻ, കരിമ്പുലി - കരിം + പുലി

ഇവയിലെ 'പെരും', 'കരിം' എന്നിവ വിശേഷണങ്ങളാണെന്നും അവയിലെ അനുസ്വാരങ്ങൾക്ക് അനുനാസികം ആദേശമായി വരുന്നതാണെന്നും വിവരിക്കുന്നു (മേരി, 2015 : 312-313).

പി. രാമന്റെ ആശയങ്ങൾ കാൾഡ്വെലിന്റെ നിരീക്ഷണങ്ങളുടെ അടിത്തറയിൽ നിന്നും ഉരുവപ്പെട്ടതാണെന്ന് വ്യക്തമാണ്. 'സംബന്ധികാപ്രത്യയം 'ഇൻ' - അതിന്റെ രൂപാന്തരങ്ങളും' എന്ന ഖണ്ഡത്തിൽ (ദ്രാവിഡഭാഷാവ്യാകരണം) കാൾഡ്വെൽ ചർച്ച ചെയ്യുന്ന കാര്യങ്ങളെ ഈ അവസരത്തിൽ പരിശോധിക്കുന്നത് ഉചിതമാകും.

- **കാൾഡ്വലിന്റെ നിരീക്ഷണങ്ങൾ**

'''ഇൻ'ശബ്ദത്തോട് സാദൃശ്യമുള്ള മറ്റൊരുശബ്ദമുണ്ട് 'അം'.അതിനു സമാനമായി 'അൻ' എന്നുമുണ്ട്. തമിഴിൽ ഈ ശബ്ദത്തെ രണ്ടാവശ്യങ്ങൾക്കും നാമവിശേഷണമായും സംബന്ധികാപ്രത്യയമായും ഇടയ്ക്കു പ്രയോഗിക്കാറുണ്ട്. 'ഇൻ' പോലെ നാമത്തോടും നപുംസകപ്രത്യയത്തോടും അതിനെ തൊടുക്കാറുണ്ട്. ആലംപൂ (ആല്-അം-പൂ) ആലിന്റെ പൂ എന്നർത്ഥം - ഈ ഉദാഹരണത്തിൽ നാമവിശേഷണത്തിന്റെയും സംബന്ധികയുടെയും വിവക്ഷ 'അം' പ്രത്യയത്തിനുണ്ട്. രണ്ടർത്ഥവും പരസ്പരം ലയിച്ചാണു കിടക്കുന്നത്. ആറ്റങ്കരെയ് (ആറ്റിൻകര എന്നർത്ഥം; 'ആറു' വിഭക്തി ചേരുമ്പോൾ 'ആറ്റ്' എന്നായിമാറുന്നു) മറ്റൊരുദാഹരണം. ഈ നാമവിശേഷണരചനാംഗം മലയാളത്തിൽ സുലഭമായി ഉപയോഗിച്ചു വരുന്നു. ഉദാ: മലംപുലി, മലയെ സംബന്ധിച്ച പുലി, മലയിലുള്ള പുലി എന്നെല്ലാം അർത്ഥം. 'അമ്മി'ലെ അന്ത്യമകാരം പരപദത്തിലെ ഏതു വർണ്ണത്തോടു ചേരുന്നുവോ അതിന്റെ അനുനാസികമായി മാറും. ദന്ത്യത്തോടു ചേരുമ്പോൾ മകാരം നകാരമാവും. ഉദാ: പനൻ-ദോപ്പു (പനംതോപ്പ്, പനെയ് + അം + തോപ്പ്)

''അം, അൻ എന്നിവ രണ്ടും ഉല്പത്തിയിൽ ഒന്നെന്നു ഞാൻ വിശ്വസിക്കുന്നു; അതുപോലെതന്നെ 'ഇൻ' ശബ്ദവും 'ഇം' ശബ്ദവും ഒന്നാണ്'' (കാൾഡ്വൽ അ, 2014 :366).

ഇൻ, അൻ, അം എന്നിവയ്ക്കുശേഷം വരുന്ന വർഗ്ഗാക്ഷരങ്ങൾക്ക് തദനുസൃതമായ അനുനാസികം വരുന്നതായാണ് കാൾഡ്വൽ നിരീക്ഷിക്കുന്നത്. സംബന്ധികാവിഭക്തിയുടെ രൂപത്തിൽ വരുന്ന ഇത്തരം ഇടനിലകൾക്ക് വിശേ

ഷണാർത്ഥമുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. കാൾഡ്വെല്ലിന്റെ ആശയങ്ങൾ അദ്ദേഹത്തിനു മുൻപെതന്നെ ഗുണ്ടർട്ടിന്റെ വ്യാകരണത്തിൽ ചിതറിക്കിടക്കുന്നതായി കാണാവുന്നതാണ് വ്യഞ്ജനസന്ധി, സമാസരൂപം, നാമവിശേഷണധാതുക്കൾ എന്നീ ഖണ്ഡങ്ങളിലായി *മലയാളഭാഷാവ്യാകരണ*ത്തിൽ മേൽപ്പറഞ്ഞ ചർച്ചയുടെ ആദിരൂപങ്ങൾ ദർശിക്കാം.

- **ഗുണ്ടർട്ടിന്റെ നിരീക്ഷണങ്ങൾ**

ഗുണ്ടർട്ട് ഷഷ്ഠീവിഭക്തിയെ (സംബന്ധികയെ) ഒരു വിഭക്തിയായി പരിഗണിക്കുന്നില്ല. 'സമാസരൂപ'മെന്നാണ് അതിനെ വിളിക്കുന്നത്. ''ശുദ്ധമലയായ്മയിൽ ഷഷ്ഠി ഒരു ക്രിയാപദത്തെയും ആശ്രയിച്ചുനില്ക്കുന്നതല്ല'' (ഗുണ്ടർട്ട്, 2014 : 161-162) എന്ന കാരണത്താലാണ് ഷഷ്ഠി വിഭക്തിരൂപമാകാത്തതെന്നാണ് ഗുണ്ടർട്ട് പ്രസ്താവിക്കുന്നത്. ഇത്തരം സമാസവിഭക്തികളുടെ പ്രത്യേകതകൾ വിവരിക്കുന്ന ഭാഗത്ത് കാൾഡ്വലും ആധുനികവൈയാകരണന്മാരും പറയുന്ന ആശയങ്ങളുടെ പൂർവ്വമാതൃകകൾ ദർശിക്കാം. ഇൻ, അൻ, അം, മ് എന്നിങ്ങനെയുള്ള ഇടനിലകൾ ഈ സമാസരൂപങ്ങളിൽ എപ്രകാരം കാണപ്പെടുന്നുവെന്നു കാണിക്കുന്ന ഉദാഹരണങ്ങൾ ഗുണ്ടർട്ട് പട്ടികപ്പെടുത്തുന്നുണ്ട്.

"The first noun rejecting final അ and ഉ and affixing അൻ, അം, മ് അകാരാന്തങ്ങൾക്കും ഉകാരാന്തങ്ങൾക്കും മറ്റും സമാസവിഭക്തിയിങ്കൽ അൻ, അം, മ് എന്നവ വരും.

1. മുള്ളൻചേന, തെക്കൻകാറ്റ്, വടക്കൻപെരുമാൾ, പൊന്നെഴുത്തൻചേല, പരുക്കൻമുണ്ട്, വേരൻപിലാവ്

2. കലങ്കൊമ്പ്, കാളങ്കൊമ്പ്, ഏഴിലമ്പാല, മലമ്പുലി, മലഞ്ചുള്ളി, മലങ്കര, പുഴങ്കര, പനങ്കുല

3. പുളിഞ്ചാറ്, ചീങ്കണ്ണൻ, പൂങ്കോഴി (പൂവങ്കോഴി), പൂന്തേൻ, ചിങ്ങൻവാഴ, വിശേഷാൽ ചുണ്ടങ്ങ, ചുരങ്ങ, മാങ്ങ, വഴുതിനിങ്ങ തുടങ്ങിയ കായ്കളുടെ പേരുകളിൽ......'' (2014 : 76)

'ഇൻ' ഇടനിലവരുന്ന ഉദാഹരണങ്ങളും തുടർന്ന് വിവരിക്കുന്നുണ്ട്: ''ആലിൻ + ചുവട്ടിൽ = ആലിൻഞ്ചുവട്ടിൽ, ആലിൻ + കീഴ് = ആലിൻങ്കീഴ്,

'ഇൻ - തെക്കൻദിക്ക് (ര, ച), കിഴക്കിൻപുറം (-ക്കുമ്പുറം), ഉഴുന്നുംമണി, കടുകിന്മണി, പൊന്നിൻതളിക, ആട്ടുമ്പാൽ (വൈ.ശാ.) ഇത്യാദി''

(2014 : 76)

ഗുണ്ടർട്ടിന്റെ വിശദീകരണങ്ങളിൽ ഇൻ, അൻ, അം, മ് എന്നീ ഇടനിലക ളുടെ സ്വാധീനവും അവയ്ക്ക് ആദേശമായി വരുന്ന അനുനാസികങ്ങളെയും വ്യക്തമാക്കുന്നുണ്ട്. ശ്രുതിസുഖാർത്ഥം അനുനാസികങ്ങൾ വരുന്നപോലെ യല്ല അദ്ദേഹം വിവക്ഷിക്കുന്നതെന്നു സാരം. മേൽപ്പറഞ്ഞ ഇടപ്രത്യയങ്ങളെ ആദേശിച്ച് അനുനാസികങ്ങൾ വരുന്നുവെന്ന് പ്രത്യക്ഷമായി പറയുന്നില്ലെ ങ്കിലും അനുനാസികങ്ങളുടെ ആഗമം ഉദാഹരണങ്ങളിൽ തെളിഞ്ഞുകാണാം. അവയെ സൂക്ഷ്മമായി ഇഴപിരിച്ചെടുത്തു പരിശോധിക്കാം.

I. മലമ്പുലി →മല(അ) + പുലി
↓
മലം + പുലി
(അം)
↓
മലമ് + പുലി
↓
മലമ്പുലി

(മലം + പുലി എന്ന ഘട്ടത്തിന്: സമാസവിഭക്തിയിൽ അകാരാന്തത്തിന് 'അം' വരുന്നു)

(മലമ് + പുലി → മലമ്പുലി എന്ന ഘട്ടത്തിന്: അനുനാസികത്തിന് അനുനാസികം ആദേശം വരുന്നു)

II. കിഴക്കിൻപുറം→കിഴക്ക് + ഇൻ + പുറം
↓
കിഴക്ക് + ഉം + പുറം
↓
കിഴക്കും (മ്) + പുറം
↓
കിഴക്കുമ്പുറം

(2014 : 76)

സ്വരാന്തങ്ങൾക്കുശേഷം വരുന്ന വർഗ്ഗാക്ഷരങ്ങൾക്ക് അനുസൃതമായ അനുനാ സികാദേശത്തെക്കുറിച്ച് ഗുണ്ടർട്ടിന് വ്യക്തമായ ബോധ്യമുണ്ടായിരുന്നുവെന്ന് മേൽപ്പരിശോധിച്ച സന്ധികാര്യങ്ങളിൽനിന്ന് വ്യക്തമാവുന്നു.

- **ചട്ടമ്പിസ്വാമികൾ**

*നന്നൂൽ, തൊൽക്കാപ്പിയം* എന്നിവയെ അധികരിച്ച് ഈ വിഷയത്തെ സമീ പിക്കുകയാണ് *ആദിഭാഷ*യിൽ ചട്ടമ്പിസ്വാമികൾ ചെയ്യുന്നത്. പൂർവ്വപദാന്ത ത്തിൽ വരുന്ന സ്വരങ്ങളിൽ അനുസ്വാരം, അർധമകാരം എന്നീ ഇടനിലക ളോടെ വരുന്ന ഉദാഹരണങ്ങളാണ് പൂർവ്വവ്യാകരണകൃതികളിൽനിന്നും അദ്ദേഹം ഉദാഹരിക്കുന്നത് ഇൻ, അൻ എന്നീ ഇടനിലകളെക്കുറിച്ചുള്ള ആലോചനകളിലേക്ക് അദ്ദേഹം പോകുന്നില്ല.

''അമ്മിൻ ഇറുതി കചതക്കാലൈ തൻ മെയ്തിരുന്തു-

ഞഞന ആകും (സൂ.130)''

എന്ന തൊൽക്കാപ്പിയസൂത്രപ്രകാരം 'അം' എന്നതിന്റെ അന്തത്തിലുള്ള അർദ്ധ മകാരം കചതങ്ങൾ പരം വരുമ്പോൾ ഞഞനങ്ങളായ് മാറും എന്നാണ് പറയ യുന്നത്.

പുളിയം + കോട് = പുളിയങ്കോട്, പുളിയം + ചേതിൾ = പുളിയഞ്ചേതിൾ
പുളിയം + തോൽ = പുളിയന്തോൾ (മഹേശ്വരൻനായർ, 2016 :846)

തമിഴിൽ അനുസ്വാരത്തിനു പരമായി വരുന്ന ഖരങ്ങൾക്ക് സന്ധിയിൽ സജാതീയാനുനാസികങ്ങൾ വന്നുചേരുന്നുവെന്ന നന്നൂൽസൂത്രത്തെയും (സൂത്രം 219) ചട്ടമ്പിസ്വാമികൾ ഉദ്ധരിക്കുന്നുണ്ട്. നാം + കടിയം = നാങ്കടിയം, മരം + തോൽ = മരന്തോൽ, നാം + പെരിയം = നാമ്പെരിയം, മരം + ചേതിൽ = മരഞ്ചേതിൽ, നാം + ടാകിനി = നാണ്ടാകിനി എന്നിങ്ങനെ നന്നൂൽകാരന്റെ ഉദാഹരണങ്ങളും സൂചിപ്പിക്കുന്നു (2016 : 846).

വരും + തോറും = വരുന്തോറും [(അം) + ത]→ (ന + ത)

പെരും + കോയിലം = പെരുങ്കോയിലകം [(അം) + ക]→ (ങ് + ക)

എന്നീ ഉദാഹരണങ്ങളിൽ ഗുണ്ടർട്ട് ആശ്രയിക്കുന്നതും നന്നൂൽ - തൊൽക്കാപ്പിയ സൂത്രങ്ങളുടെയാണെന്നു പറയാം (ഗുണ്ടർട്ട്, 2014 : 52).

കേരളപാണിനിയും ഭാഷ്യകാരനും അവകാശപ്പെടുന്നതുപോലെ ശ്രുതി മാധുര്യത്തെമാത്രം ലക്ഷ്യമാക്കിയുള്ള അനുനാസികാഗമമല്ല സന്ധിപ്രവർത്ത നങ്ങളിൽ നടക്കുന്നത്. പൂർവ്വപദത്തിലെ സ്വരങ്ങൾക്ക് പരമായി വരുന്ന വർഗാ ക്ഷരങ്ങൾക്ക് പകരമായി അനുനാസികാഗമത്തെ ലഘൂകരിച്ചുകാണുന്ന ലീലാ തിലക പക്ഷത്തെക്കാൾ അനുസ്വാരം, അർദ്ധമകാരം എന്നിവയ്ക്കനുസൃത മായി അനുനാസികാഗമത്തെ വിധിക്കുന്ന നന്നൂൽ-തൊൽക്കാപ്പിയവിചിന്തന ങ്ങളാണ് കൂടുതൽ യുക്തിസഹമെന്നു പറയാം. കാൾഡ്വലും ചട്ടമ്പിസ്വാമി കളും മേൽപറഞ്ഞ പി. രാമനുമൊക്കെ അത്തരം രീതിയാണ് പിന്തുടരുന്നതും.

സി. എൽ. ആന്റണി നിരീക്ഷിക്കുന്ന മറ്റൊരു കാര്യത്തെക്കുറിച്ചും എടുത്തു പറയേണ്ടിയിരിക്കുന്നു. അ, ആ, ഇ, ഊ എന്നീ സ്വരങ്ങൾക്ക് പരമായി കചതപ ങ്ങൾ വന്നാൽ അനുനാസികാഗമം *ലീലാതിലകം* നിർദ്ദേശിക്കുന്നു. എന്നാൽ ഉകാരത്തിനു പരമായി അനുനാസികാഗമം ആചാര്യൻ വിധിച്ചിട്ടില്ല. അതിന്റെ സാംഗത്യമാണ് സി. എൽ. ആന്റണി ഉദാഹരണങ്ങളിലൂടെ പരിശോധിക്കുന്ന ത്. അവ പട്ടികപ്പെടുത്താം:

| അനുനാസികാഗമം നടക്കാത്തവ | ഉത്തരപദാദിദ്വിത്വം | അനുനാസികം വരുന്നവ |
|---|---|---|
| ചെറുപയറ് | പുഴുക്കേട് | പെരുന്തച്ചൻ |
| ചെറുകിഴങ്ങ് | പുതുക്കലം | പെരുമ്പട |
| മറുകര | മുഴുക്കുപ്പായം | പെരുങ്കടൽ |
| മറുപുറം | നടുക്കടൽ | നെടുങ്കണ്ണ് |
| മറുചെവി | | നെടുമ്പുര |
| പടുകിണർ | | കുറുങ്കാട് |
| പടുതിരി | | |
| മുതുചൊല്ല് | | |

(ആന്റണി, 2005 : 29)

*മലയാളഭാഷാവ്യാകരണ*ത്തിൽ ഗുണ്ടർട്ട് ഉകാരത്തിനുശേഷം അനുനാസികാഗമം വരുന്നതും വരാത്തതും ഉത്തരപദാദിദ്വിത്വം വരുന്നതുമൊക്കെ പലതരം ഭാഗങ്ങളിലായി ചർച്ചചെയ്യുന്നുണ്ട്. വ്യഞ്ജനസന്ധി, നാമവിശേഷണധാതുക്കൾ എന്നിവയെ വിവരിക്കുന്നിടത്ത് സി. എൽ. ആന്റണിയുടെ നിരീക്ഷണത്തിന്റെ ആദ്യസ്ഫുരണങ്ങളുണ്ട്. ഉകാരത്തിന്റെ ഏതേത് സവിശേഷതയാണ് ഇതിനു കാരണമാകുന്നതെന്ന ചോദ്യത്തിനും ഗുണ്ടർട്ട് ഉത്തരം നൽകുന്നുണ്ട്. നിറയുകാരത്തിനുശേഷം സന്ധിയിൽ ദ്വിത്വം വരുമെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. പുതുച്ചൊൽ, പതുപ്പത്ത്, ചെറുപ്പിള്ളർ, മുഴുഞ്ഞായം, തൃത്താലി എന്നീ ഉദാഹരണങ്ങളാണ് അതിനു നൽകുന്നത്. മറുകര, ചെറുപൂള എന്നിങ്ങനെ നിറയുകാരത്തിനുശേഷം ഇരട്ടിപ്പുവരാത്ത അപവാദങ്ങളും ഗുണ്ടർട്ട് നൽകുന്നുണ്ട്. അരയുകാരത്തിനുശേഷം ഇരട്ടിപ്പുവരാത്ത അപവാദങ്ങളും ഗുണ്ടർട്ട് നൽകുന്നുണ്ട്. അരയുകാരത്തിനുശേഷം വളരെ ദുർല്ലഭമായി ദ്വിത്വം കാണുന്നുവെന്നും പറയുന്നു. മുത്തുക്കുല, മുത്തുക്കുട എന്നിവ ഉദാഹരണം. നാമവിശേഷണധാതുക്കളോട് നാമങ്ങൾ സമാസിക്കുമ്പോൾ വരുന്ന മാറ്റങ്ങളെ വിവരിക്കുന്നിടത്ത് ''സമാസത്തിൽ പലതിന്നും വിശേഷാൽ ഖരം പരമാകുമ്പോൾ 'മ്' കൂടെ വരും'' (ഗുണ്ടർട്ട്, 2014 : 78) എന്നൊരു നിയമം അദ്ദേഹം രേഖപ്പെടുത്തിക്കാണുന്നു. 'മ്' എന്നാൽ അനുനാസികം വന്നുചേരുന്നുവെന്നർത്ഥം.

''പെരു - പെരിങ്കായം, പെരുന്തല, പെരിമ്പറ

കുറു - കുറുങ്കാട്, കുറുമ്പന

നിടു - നിടുങ്കാലം, നിടുമ്പുര

നറു - നറുന്തേൻ, നറുമ്പാൽ

| | | |
|---|---|---|
| വെറു | - | വെറുങ്കാൽ, വെറുഞ്ചോറ്, വെറുമ്പാട്ടം |
| കടു, കൊടു | - | കടുമ്പകൽ, കൊടുങ്കാറ്റ് |
| അരു, പരു | - | പരുമ്പുടവ, അരുങ്കള്ളൻ'' (2014 : 78) |

ഗുണ്ടർട്ട് പരാമർശിക്കുന്ന നാമവിശേഷണധാതുക്കളിൽ ഉകാരത്തിൽ അവസാനിക്കുന്നവയെ മാത്രമെ മേൽപരാമർശിച്ചിട്ടുള്ളൂ. ഉകാരത്തിനുശേഷം അനുനാസികാഗമം വരുന്നതിനെക്കുറിച്ചുള്ള സൂചന ലീലാതിലകാചാര്യൻ വിധിക്കാത്തതിനെ സംബന്ധിച്ച് വിശദീകരിക്കുമ്പോൾ സി. എൽ. ആന്റണി ഗുണ്ടർട്ടിന്റെ സമീപനങ്ങളോട് ചേർന്നുപോകുന്ന അഭിപ്രായങ്ങളാണ് സ്വീകരിക്കുന്നത്. ഗുണ്ടർട്ടാണ് അദ്ദേഹത്തിന് ഈ സന്ദർഭത്തിൽ വഴികാട്ടിയത് എന്നു കരുതാം.

**കേരളപാണിനീയകാരിക - 11**

''ദീർഘത്തിന്നവസാനത്തിൽ

ബാഹുല്യേന യവാഗമം (കാരിക 11)''

ആ, ഈ, ഊ, ഏ, ഐ, ഓ എന്നീ ദീർഘസ്വരങ്ങൾക്കുശേഷം യുക്തിയനുസരിച്ച് യകാരവകാരാഗമം വരുമെന്നാണ് കേരളപാണിനി ഈ കാരികയിൽ പറയുന്നത്. കാ=കായ്, പാ = പായ്, നാ = നാവ്, രാ = രാവ് എന്നീ ഉദാഹരണങ്ങളും അദ്ദേഹം നൽകുന്നു. തമിഴ്, തെലുങ്ക്, കന്നടം, തുളു എന്നീ ഇതരദ്രാവിഡഭാഷകളിൽ യകാരം പ്രകൃതിഗതമായി കാണുന്നതിനാൽ അത് അന്താഗമമല്ലെന്ന് സി. എൽ. ആന്റണി തിരുത്തുന്നു. ഈ കാരികയുടെ വിവരണത്തിൽ കേരളപാണിനി നൽകുന്ന 'കൈ=കൈയ്' എന്ന ഉദാഹരണത്തെയും സി. എൽ. ആന്റണി പുനഃപരിശോധിക്കുന്നു. ഇതിലും യകാരാഗമം നടക്കുന്നില്ലെന്നും 'കയ്' എന്ന മൂലദ്രാവിഡരൂപത്തിൽനിന്നും നിഷ്പന്നമായ ഒരു ലിഖിതരൂപമാണ് 'കൈ' എന്നും ആഗമികമായി നോക്കിയാൽ ആ പദം ഐകാരാന്തമല്ലെന്നും യകാരാന്തമാണെന്നും സമർത്ഥിക്കുന്നു. മൂലഭാഷയിലെ യകാരാന്തശബ്ദങ്ങളായ കയ്, തയ് എന്നിവ ചെന്തമിഴിൽ ഐകാരാന്തരൂപം പ്രാപിക്കുന്നതിനെക്കുറിച്ചുള്ള ആറ്റൂർ കൃഷ്ണപിഷാരടിയുടെ നിരീക്ഷണവും തന്ത, തള്ള എന്നിവ യകാരാന്തപദങ്ങളാണെന്ന ഡോ. ഗോദവർമ്മയുടെ *കേരളഭാഷാവിജ്ഞാനീയ*ത്തിലെ അഭിപ്രായങ്ങളും സാധൂകരണത്തിനായി സി. എൽ. ആന്റണി ഉപയോഗപ്പെടുത്തുന്നു.

സി. എൽ. ആന്റണിയുടെ ആദ്യനിരീക്ഷണം പരിശോധിക്കാം. ദീർഘസ്വരങ്ങൾക്കുശേഷം യവാഗമം നടക്കുന്നില്ലെന്നും അവ പ്രകൃതിഗതമാണെന്നുമുള്ളതാണത്. *മലയാളഭാഷാവ്യാകരണ*ത്തിൽ ഗുണ്ടർട്ട് രേഖപ്പെടുത്തുന്നു. ''അർദ്ധയകാരം(യ്) എഴുതാത്തതിനാൽ, ചില സംശയങ്ങൾ ജനിക്കുന്നു. നാ എന്നതു ചിലർ ആകാരാന്തം എന്നു ചൊല്ലുന്നു. അങ്ങിനെ അല്ല - നായി,

നായ്ക്കൾ, എന്നു പറയേണ്ടത്; അത് ഉച്ചാരണത്തിലും എഴുത്തിലും പല പ്പോഴും ലോപിച്ചു പോകുന്നു. പാമരം-പായ്മരം; വാവിട്ടു-വായ്പ്പിട്ടു, തേങ്ങാ യി-തേങ്ങാ-തേങ്ങ....'' (ഗുണ്ടർട്ട്, 2014 : 47)

'നാവ്-നായ്'എന്നിവയുടെ ഉല്പത്തിപരമായ വിചിന്തനം ഡോ.കാൾഡ്വലും നടത്തുന്നുണ്ട്. ''നക്കു (നക്കുക) എന്നതിൽ നിന്ന് നാക്ക് (ഇതിന്റെ പഴയരൂപ മായ ന(നാവ്) എന്നതിൽനിന്ന് നക്കുന്ന സ്വഭാവത്തോടുകൂടിയ 'നായ്' ഉണ്ടാ യതാവാം)'' (കാൾഡ്വൽ അ, 2014 : 236).

'കായ്' എന്ന ധാതുപ്രകൃതിയെക്കുറിച്ചുള്ള അഭിപ്രായമിങ്ങനെയാണ്: ''കകാരം ചകാരമാകുന്ന നിയമത്തെപ്പറ്റി മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഉദാ: കായ്ക്കു (തിളപ്പിക്കുക) (കായ് എന്ന് ധാതുപ്രകൃതി, ചൂടാകുക എന്നർത്ഥം). ഈ ശബ്ദത്തെ കായ്ച്ചു എന്നെഴുതുകയും ഉച്ചരിക്കുകയും ചെയ്യുന്നു'' (2014 : 242).

ദ്രാവിഡഭാഷകളിലൊന്നായ ഗോണ്ടുഭാഷയിൽ ബഹുവചനരൂപം ഉണ്ടാ കുന്ന പ്രവർത്തനം വിവരിക്കുന്നിടത്ത് ഇപ്രകാരം രേഖപ്പെടുത്തുന്നു. ''ഗോണ്ടു ഭാഷയിൽ കകാരം (ക്) മാത്രം ചേർത്താണ് ബഹുവചനം ഉണ്ടാക്കുന്നത്. ഉദാ: 'നായ' (ഒരു നായ്), നായ്ക് (നായ്ക്കൾ); തമിഴ് ഉച്ചാരണം-നായ്ഗൾ'' (2014 : 303).

പായ്, നായ്, കായ്, നാവ് എന്നിവയിലെ യ, വ എന്നിവ അന്താഗമമ ല്ലെന്നും പ്രകൃതിഗതങ്ങളാണെന്നും സമർത്ഥിക്കുന്ന വിവരണങ്ങളും ഉദാഹര ണങ്ങളുമാണ് മുൻകാലവൈയാകരണന്മാർ നൽകുന്നത്. സി. എൽ. ആന്റണിയുടെ വാദത്തെ സാധൂകരിക്കുന്നവയാണ് ആ വിശദാംശങ്ങളെന്നു കാണാം.

കേരളപാണിനീയഭാഷ്യകാരന്റെ 'കയ്' എന്ന മൂലദ്രാവിഡരൂപത്തെക്കുറി ച്ചുള്ള പ്രസ്താവനയും പരിശോധിക്കാം. സംസ്കൃതത്തിലെയും തമിഴിലെയും പ്രാഥമിക പ്രാധാന്യമുള്ള അറുപതു പദങ്ങൾ താരതമ്യപ്പെടുത്തുന്ന ഒരു പട്ടി കയിൽ കാൾഡ്വൽ 'ഹസ്ത, കര' എന്നിങ്ങനെയുള്ള പദങ്ങൾക്ക് സമാനമായി തമിഴിൽ 'കയ്' എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. (2014: 51)

ദ്രാവിഡധാതുക്കളുടെ വർഗ്ഗീകരണം നടത്തുന്ന ഭാഗത്ത് അദ്ദേഹം പറ യുന്നു: ''ഒരു പക്ഷേ 'ശെയ്' (ചെയ്യുക, കന്നടം ഗേയു) എന്നതിൽനിന്ന് 'കെയ്' (കൈ, കയ്യ്) വന്നിരിക്കാം. കൃഞ്ധാതുവിൽനിന്ന് സംസ്കൃതത്തിൽ കൈക്ക് കരശബ്ദമുണ്ടായതുമായി ഇതിനെ താരതമ്യപ്പെടുത്തുക. തെലുങ്കിൽ ചെയ്യുക എന്ന അർത്ഥത്തിലുള്ള 'ചേ' (കെയ് എന്നും രൂപമുണ്ട്) എന്നതിൽ നിന്ന് കൈയ്ക്കു 'ചേ' എന്ന രൂപം തന്നെ ഉണ്ടായതും ശ്രദ്ധിക്കുക'' (2014 : 236).

തമിഴിൽ നാമങ്ങളോടും സർവ്വനാമങ്ങളോടും സംബന്ധികയുടെ സഹായകപ്രത്യയമായ 'ഉഡെയ' ചേർക്കുന്നതിന് ഉദാഹരണം നൽകുന്നിട

ത്തും 'കെയ്' എന്ന രൂപമാണ് കാൽഡ്വൽ നൽകുന്നത്. എന്നുഡെയ കെയ് (എന്നുടൈയ കൈ, എന്റെ കൈ) എന്നാണത്. 'ചെയ്യുക' എന്ന അർത്ഥത്തി ലുള്ള 'കെയ്' എന്ന രൂപം 'കൈയ്/കൈ' എന്നൊക്കെയായി മാറിയെന്നും കാൾഡ്വൽ വിവരിക്കുന്നു. ''*കെയ്* എന്ന രൂപം സ്വാഭാവികമായും *കൈയ്* എന്നുമാറി. വർത്തമാനകന്നടത്തിലും ഇതുപോലെ ഒരു ഉദാഹരണം കാണാൻ കഴിയും. ആ ഭാഷയിലെ പ്രാചീനരൂപമായ 'ഗെയ്-ദു' എന്നത് 'ഗൈയ് -ദു'എന്നു മാറി-ചെയ്തിട്ട് എന്നർത്ഥം. ഈ പദങ്ങൾ ഔത്പത്തികമായി ഒന്നു തന്നെ എന്നതിന് സംശയമില്ലെങ്കിലും 'ചെയ്യുക' എന്നും 'കൈ' എന്നും ഉള്ള അർത്ഥങ്ങളിൽ ഏതാണ് ആദ്യത്തേതെന്നു പറയുക വിഷമമാണ്. 'കൈ' എന്നതിന് ആദ്യമേ ഒരു പദം വേണ്ടിയിരുന്നിരിക്കണമല്ലോ. അപ്പോൾ 'ചെയ്യുക' എന്ന അർത്ഥത്തിലുള്ള പദം ഉണ്ടായത്, കൈ ഉപയോഗിക്കുക എന്നതിൽ നിന്നായിരിക്കാമെന്ന് ഊഹിക്കാം'' (കാൾഡ്വൽ ആ, 2014 :315) അതായത്, 'ചെയ്യുക' എന്ന ക്രിയാർത്ഥത്തിലുള്ള 'കെയ്' ധാതുവിൽ നിന്നാണ് 'കൈയ്' എന്നതിനെ താരതമ്യവ്യാകരണകാരൻ നിഷ്പാദിപ്പിക്കുന്ന ത്. 'ചെയ്യുക' എന്ന അർത്ഥത്തിൽ ദ്രാവിഡഭാഷകളിൽ വരുന്ന പദങ്ങളെ അദ്ദേഹം പട്ടികപ്പെടുത്തുന്നതും കാണാം.

| | | |
|---|---|---|
| കൂർഗ് | - | കെയ് |
| തുദ | - | കൈയ് |
| കോത | - | കേത |
| ഗോണ്ട് | - | കീ |
| കന്നടം | - | (പ്രാചീനം) ഗെയ് |
| | | (ആധുനികം) ഗേയ് |
| തെലുങ്ക് | - | ചേയ് |
| മലയാളം | - | ചെയ് |
| തമിഴ് | - | ശെയ് (2014 : 315) |

ആഗമികമായി 'കൈ' എന്ന ഐകാരാന്തപദം യകാരാന്തസഹിതമായ 'കെയ്' ധാതുവിൽനിന്ന് രൂപപ്പെട്ടതാണെന്ന് കാൾഡ്വലിന്റെ വിവരണങ്ങ ളിൽനിന്ന് വ്യക്തമാകുന്നു. മൂലദ്രാവിഡഭാഷാരൂപങ്ങളെ താരതമ്യംചെയ്ത് നിഗമനം നടത്തിയതിൽനിന്ന് സി.എൽ.ആന്റണിയുടെ വീക്ഷണത്തിൽ കാൾഡ്വലിന്റെ വിശദീകരണങ്ങൾ കൂടുതൽ തെളിച്ചം നൽകുന്നു.

**കേരളപാണിനീയകാരിക - 12**

''പ്രത്യയാദിക്കകാരത്തിൻ
മുമ്പും താലവ്യയാഗമം'' (കാരിക 12)

എന്ന കാരികയിലാണ് സി. എൽ. ആന്റണി അടുത്തതായി ഊന്നുന്നത്. ഏതൊരു താലവ്യസ്വരത്തിനും പരമായി പ്രത്യയാദിയായ ഇരട്ടിച്ച കകാരം

വന്നാൽ സന്ധിയിൽ യകാരാഗമം നിത്യമായി വരുന്നുവെന്ന് ഏ. ആർ പ്രസ്താവിക്കുന്നു. എന്നാൽ ഇകാരത്തെപോലെയുള്ള പ്രത്യക്ഷതാലവ്യസ്വര ങ്ങൾക്കു പിന്നാലെ വരുന്ന പ്രത്യയാദിക്കകാരത്തിന് യാഗമം ഒഴിവാക്കുന്ന താണ് നല്ലതെന്ന് ചിരിക്കുന്നു (ചിരി + ക്കുന്നു), ഹരിക്കുന്നു (ഹരി + ക്കുന്നു) എന്നീ ഉദാഹരണങ്ങളോടെ സി. എൽ. ആന്റണി വിവരിക്കുന്നു. കരിക്ക്, കരിയ്ക്ക് എന്നിങ്ങനെയുള്ള ചില സന്ദർഭങ്ങളിലെ അർത്ഥവ്യക്തതയ്ക്ക് യകാരം അനിവാര്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു (ആന്റണി, 2005 : 30).

സി. വി. വാസുദേവഭട്ടതിരിയുടെ *അഭിനവമലയാളവ്യാകരണ*ത്തിൽ കാരിക 12-നെക്കുറിച്ചുള്ള വിശദീകരണത്തിൽ കേരളപാണിനിയുടെ യാഗമനിയമം അനാവശ്യമായ ഒന്നായി വിലയിരുത്തുന്നുണ്ട്. തലയ്ക്ക്, തലയ്ക്കൽ എന്നിവ യിൽ യകാരം പ്രകൃത്യംശമാണെന്നിരിക്കെ കാരിക12-ലെ വ്യാകരണനിയമം അസാധുവാണെന്നാണ് ഭട്ടതിരിയുടെ പക്ഷം (മേരി, 2015 : 95).

എൻ. കെ. മേരിയുടെ വിവരണങ്ങളും ഇതോടൊപ്പം ചേർന്നുപോകുന്നതാ ണ്. ഉദ്ദേശികാപ്രത്യയത്തിന്റെ പ്രയോഗത്തിൽ താലവ്യത്വത്തോടെ 'യ്ക്ക്' എന്നും കണ്ഠ്യത്വത്തോടെ 'ക്ക്' എന്നും മാറിവരുന്നതിനാൽ അതിന്റെ ഉച്ചാര ണത്തിന് ഒരു നിയമവൽക്കരണം സാദ്ധ്യമല്ലെന്നാണ് അവരുടെ അഭിപ്രായം. ''താലവ്യീകരിച്ച കകാരമാണ് ഉദ്ദേശികാപ്രത്യയമെന്നും ഒരഭിപ്രായമുണ്ട്. ഈ അഭിപ്രായവും ശാസ്ത്രീയമല്ല. കാരണം, ദേശഭേദമനുസരിച്ച് കണ്ഠ്യകകാ രവും ഉദ്ദേശികാപ്രത്യയത്തിന്റെ പ്രയോഗത്തിൽ കാണാം. മധ്യകേരളത്തിൽ അമ്മയ്ക്ക്, സീതയ്ക്ക് എന്നൊക്കെ താലവ്യകകാരത്തെ ഉച്ചരിക്കുമ്പോൾ തിരുവിതാംകൂറിൽ അമ്മ-ക്ക്, സീത-ക്ക് എന്നിങ്ങനെ കകാരത്തെ കണ്ഠ്യ മായി ആണ് ഉച്ചരിക്കുന്നത്. മുക്കുവരുടെ ഭാഷയിലും ഈ കണ്ഠ്യകകാരം ഉച്ചരിച്ചു കേൾക്കാറുണ്ട്. കൊച്ചിയിലും മലബാറിലും അമ്മെ-ക്ക്, സീതെ-ക്ക് എന്നിങ്ങനെയാണ് ഉച്ചരിക്കുന്നത്. അതെല്ലാം ദേശഭേദത്തിനനുസരിച്ചുള്ള ചിരപരിചിതമായ ഉച്ചാരണവഴക്കമാണ്'' (2015 : 362) ഉച്ചാരണഭേദങ്ങളുടെ അടിസ്ഥാനത്തിലുള്ള പരിശോധനയാണ് എൻ. കെ. മേരി നടത്തുന്നതെന്നു പറയാം.

ലിഖിതഭാഷയിൽനിന്നുള്ള ഉദാഹരണങ്ങൾ എടുത്ത് രചിച്ചിരിക്കുന്ന ഗുണ്ടർട്ടിന്റെ *മലയാളഭാഷാവ്യാകരണ*ത്തിൽ ചതുർത്ഥി(ഉദ്ദേശിക) വിഭക്തി യുടെ പ്രത്യയം ചേരുന്നിടത്ത് 'ക്ക്' എന്ന് യകാരരഹിതമായാണ് ഭൂരിഭാഗം സ്ഥലങ്ങളിലും കാണുന്നത്. സപ്തമി (Locative; ആധാരിക) വിഭക്തിപ്രത്യയ ങ്ങളിലൊന്നായ 'കൽ'ചേരുമ്പോഴും യാഗമം നടക്കാതെയുള്ള ഉദാഹരണങ്ങ ളാണ് കാണാൻ സാധിക്കുന്നത്. ഉച്ചാരണപരമായി മാത്രം യവാഗമത്തെ വിധി

ക്കുന്ന ഗുണ്ടർട്ടിന്റെ സമീപനത്തോട് എൻ. കെ. മേരിയുടെ വിവരണം പൊരുത്തപ്പെടുന്നുണ്ട്.

**ദ്വിത്വസന്ധി**

ദ്വിത്വസന്ധിയെക്കുറിച്ചുള്ള കേരളപാണിനീയകാരികകളിൽ ഏതാനും ചില തിനെക്കുറിച്ചുള്ള വിമർശനങ്ങളും കൂട്ടിച്ചേർക്കലുകളുമാണ് ഈ ഭാഗത്ത് സി. എൽ. ആന്റണി നടത്തുന്നത്.

**കേരളപാണിനീയകാരിക – 13**

> ''വിശേഷണവിശേഷ്യങ്ങൾ
> പൂർവ്വോത്തരപദങ്ങളായ്
> സമാസിച്ചാലിരട്ടിപ്പൂ
> ദൃഢം പരപദാദിഗം''

പൂർവ്വപദം വിശേഷണവും ഉത്തരപദം വിശേഷ്യവുമായി വരുന്ന സമാസങ്ങളിൽ (തൽപുരുഷൻ, ബഹുവ്രീഹി) പരപദത്തിന്റെ ആദിയിലുള്ള ദൃഢവ്യഞ്ജനങ്ങൾ ഇരട്ടിക്കുമെന്നാണ് ഏ.ആർ ഈ കാരികകൊണ്ട് അർത്ഥമാക്കുന്നത്. എന്നാൽ ഈ നിയമത്തിന് ഇത്തരം സമാസങ്ങളിൽത്തന്നെ അപവാദങ്ങളുണ്ടെന്ന് ഉദാഹരണസഹിതം സി.എൽ.ആന്റണി സമർത്ഥിക്കുന്നു. പുരപണി, മുലകുടി, മറുകര, ചെറുചീര, അറുകൊല എന്നിവയിൽ ഉത്തരപദങ്ങളുടെ ആദിയിലെ ദൃഢാക്ഷരങ്ങൾ ഇരട്ടിക്കുന്നില്ലെന്നു കാണാം.

പൂർവ്വവൈയാകരണന്മാരുടെ നിരീക്ഷണങ്ങളിൽ മേൽപറഞ്ഞ ആശയങ്ങൾ ഏതൊക്കെ വിധത്തിൽ ആവിഷ്കൃതമാകുന്നുവെന്നു പരിശോധിക്കാം.

അജന്തവും (സ്വരാന്തം) ഹലാദിയും (വ്യഞ്ജനാദി) തമ്മിൽ ചേരുമ്പോഴുള്ള സന്ധികളെ വിവരിക്കുന്ന ഭാഗത്ത് ജോർജ്ജ് മാത്തൻ നടത്തുന്ന അഭിപ്രായമിതാണ്: ''ഇരട്ടിക്കുന്ന പടുതികൾ എല്ലാംതന്നെ സൂത്രങ്ങളെക്കൊണ്ടു നിശ്ചയിക്കാകുന്നതല്ല; എങ്കിലും ഇരട്ടിക്ക നടപ്പായിരിക്കുന്ന മൊഴികളിൽ ഒറ്റയായി എഴുതുന്നതും ചൊല്ലുന്നതും അനക്ഷരവും അവശബ്ദവും ആകുന്നു; എന്നു തന്നെയല്ല, ചിലപ്പോൾ വളരെ അർത്ഥഭേദത്തിന്നും കൂടെ ഇടവരുന്നതാകുന്നു. ദൃ- ന്തം; തടി പലക മുതലായവ എന്ന മൊഴികളിൽ തടിയും പലകയും വെവ്വേറെ വസ്തുക്കൾ എന്ന അർത്ഥം വരുന്നു. എന്നാൽ തടിപ്പലക മുതലായവ എന്നു പറയുന്നതിൽ തടിപ്പലക ഒരു മൊഴിയായി ഒരു വസ്തുവിന്റെ പേരായിരിക്കുന്നു. പിന്നയും ന്യായകാരൻ എന്നതിന്നു ജഡ്ജി എന്ന അർത്ഥമാകുന്നു. ന്യായക്കാരൻ; എന്നു പറയുന്നതിന്ന മര്യാദയുള്ളവൻ എന്നു പൊരുൾ വരുന്നു. ആകയാൽ പിന്നാലെ വരുന്ന ഹല്ലിരട്ടിക്കുന്നതു തള്ളേണ്ടുന്നതു എങ്കിലും തള്ളാകുന്നതു എങ്കിലും അല്ല; ഇരട്ടിക്കുന്ന ഹല്ലുകൾ പ്രത്യേകം ക, ച, ത, പ എന്ന ഖരങ്ങളാകുന്നു'' (ജോർജ്ജ് മാത്തൻ, 2000 : 25).

“സമാസനാമങ്ങളെ ഉണ്ടാക്കുന്നതിൽ മേൽപ്പറഞ്ഞ ഹല്ലുകൾ പ്രത്യേകം ക, ച, ത, പ എന്ന ഖരങ്ങൾ ഇരട്ടിക്കും; ദൃ-ന്തം; തീ + കല്ലു = തീക്കല്ലു, തൂമ്പാ + കൈ = തൂമ്പാക്കൈ, കള്ളി + പശു = കള്ളിപ്പശു, കാര്യ + ഗുണം = കാര്യഗ്ഗുണം” (2000 : 26) ജോർജ്ജ് മാത്തന്റെ വിവരണത്തിൽ വിശേഷണവിശേഷ്യങ്ങളോടെ വരുന്ന സമാസനാമങ്ങളിൽ ഉത്തരപദാദിഖരങ്ങൾ ഇരട്ടിക്കുമെന്നാണ് കാണാൻ കഴിയുന്നത്. എന്നാൽ, ഇത്തരം നിയമങ്ങൾക്ക് അപവാദങ്ങളായി വരുന്ന ഉദാഹരണങ്ങളും വിശദാംശങ്ങളോടെ അദ്ദേഹം അവതരിപ്പിക്കുന്നു. “സ്വരങ്ങൾ, ര, ല, ള, ഴ എന്നിവയ്ക്കു പിന്നാലെ വരുന്ന പരപദാദിയിലെ ക, ച, ത, പ എന്നിവ ഇരട്ടിക്കുമെന്നതിന് ഉദാഹരണമായി കര + പറമ്പു = കരപ്പറമ്പു, തീ + കല്ലു = തീക്കല്ലു, മര + ചെരിപ്പു = മരച്ചെരിപ്പു, പോർ + കളം = പോർക്കളം, ആൾ + കുരുതി = ആൾക്കുരുതി, കീഴു + കണക്കു = കീഴ്കണക്കു” (2000: 70) എന്നിവ മറ്റൊരു ഭാഗത്തും വിശദീകരിക്കുന്നു അതിനെത്തുടർന്ന് ഹല്ലിരട്ടിക്കാത്ത സാഹചര്യമേതൊക്കെയാണെന്നും ജോർജ്ജ് മാത്തൻ വിവരിക്കുന്നുണ്ട്: “സംസ്കൃതസന്ധിപ്രകാരം അച്ചിന്റെ പിന്നാലെ ഹല്ലിരട്ടിക്കയില്ല. ദൃ-ന്തം; മനുഷ്യപുത്രൻ രാജകാര്യം ആ ഭാഷയിലെ സമാസനാമങ്ങൾ മലയാഴ്മയിൽ അനവധിയായിട്ടു നടപ്പുള്ളതാകകൊണ്ടു പലപദങ്ങളിലും മലയാഴ്മമുറെക്കു ഹല്ലിരട്ടിക്കയൊ സംസ്കൃത രീതിപ്രകാരം ഒറ്റയായിട്ടു വെച്ചേക്കയോ ഏതുവെണ്ടു എന്നു സംശയിക്കുന്നതിന്നിടയുണ്ടു. എന്നാൽ, സമാസത്തിലെ മൂലപദങ്ങൾ എല്ലാം സംസ്കൃതമായിരുന്നാൽ ആ ഭാഷയുടെ സന്ധിപ്രകാരം ഹല്ലിരട്ടിക്കാതെയിരിക്കയാകുന്നു അധികം നടപ്പു എങ്കിലും സംസാരത്തിൽ അധികം വരുന്ന ചിലവാക്കുകളിൽ മലയാഴ്മരീതിപ്രകാരം ഇരട്ടിക്കുന്നുണ്ടു: ദൃ-ന്തം: ‘കാര്യക്കാരൻ: ഭിക്ഷക്കാരൻ’. സൂക്ഷ്മം വിചാരിക്കുംപോൾ ഇരട്ടിക്കാത്തവ ശുദ്ധസംസ്കൃത സമാസങ്ങളും ഇരട്ടിക്കുന്നവ സംസ്കൃത മൂലപദങ്ങളെക്കൊണ്ടുണ്ടാകുന്ന മലയാഴ്മസമാസങ്ങളും ആകുന്നു” (2000: 70-71). ഹല്ലിരട്ടിക്കാത്ത സംസ്കൃതസമാസങ്ങൾക്കുള്ള ഭാഷയിലെ ഉദാഹരണങ്ങളായി മറ്റൊരു ഭാഗത്ത് നൽകുന്ന ഉദാഹരണങ്ങൾ ദൈവ + കാര്യം = ദൈവകാര്യം; രാജ + പുത്രൻ = രാജപുത്രൻ എന്നിവയാണ് (2000 : 26). ചുരുക്കത്തിൽ, സമാസങ്ങളിൽ ദൃഢവ്യഞ്ജനങ്ങൾ ഇരട്ടിക്കുമെന്ന വ്യാകരണനിയമത്തിന് അപവാദങ്ങളുണ്ടെന്ന പക്ഷക്കാരനാണ് ജോർജ്ജ് മാത്തനെന്നു പറയാം. ഭാഷയിലെ സംസ്കൃതസമസ്തപദങ്ങൾക്കു മാത്രമാണ് ഹല്ലിരട്ടിക്കാത്തതായ പ്രത്യേകത അദ്ദേഹം നൽകുന്നുള്ളൂ. എന്നാൽ, സി. എൽ. ആന്റണിയുടെ ഉദാഹരണങ്ങളിൽ ശുദ്ധമലയാളപദങ്ങൾ പൂർവ്വോത്തരങ്ങളായി വരുന്നതാണ് കാണാൻ സാധിക്കുക.

ജോർജ്ജ് മാത്തൻ ഭാഷയിലെ സംസ്കൃതസമാസങ്ങൾക്കുള്ള പ്രത്യേകതയായി പറയുന്ന കാര്യങ്ങൾ കാൾഡ്വലിന്റെ ശ്രദ്ധയിൽ വന്നിട്ടുള്ളതായി *താരത*

*മൃവ്യാകരണ*ത്തിൽ കാണാം. ആ നിരീക്ഷണങ്ങൾ ക്രോഡീകരിക്കാം ''ദ്വന്ദ്വസമാസത്തിലെ ഉത്തരപദാദിയായ ഖരം മൃദുവാകുമെന്ന നിയമം എല്ലാ ദ്രാവിഡ ഭാഷകളിലും ഒരുപോലെതന്നെ; പക്ഷേ വിഭക്തിബന്ധംകൊണ്ടു വിഗ്രഹിക്കാവുന്ന പൂർവോത്തരപദങ്ങളെ സംബന്ധിച്ച് തെലുങ്കുഭാഷ തമിഴിൽനിന്നു വ്യത്യസ്തമായ ഒരു നയമാണ് സ്വീകരിക്കുന്നത്.. . . തെലുങ്കിലെ നിയമം ഇങ്ങനെയാണ്. ദ്രുതവർഗത്തിൽപ്പെട്ട പദങ്ങൾ, നടുവിനയെച്ചം ഉൾപ്പെട്ടവ, പൂർവപദങ്ങളായിരിക്കെ ഖരാദിയായ ഏതുത്തരപദം വന്നാലും ആ ഖരം മൃദുവിനു തുല്യമാകും. . . . തമിഴിൽ തൽപുരുഷസമാസത്തിലെ ഉത്തരപദാദിയായ ഖരം നിത്യമായി ഇരട്ടിക്കുന്നു. കന്നടത്തിലാകട്ടെ ആ ഭാഷയ്ക്ക് ശ്രുതിസുഖകാര്യത്തിൽ തെലുങ്കിലും തമിഴിനും ഉള്ളപോലെ അത്ര വലിയ നിർബന്ധമൊന്നുമില്ലെങ്കിലും, ഉത്തരപദാദിയിലെ ഖരം, തൽപുരുഷസമാസത്തിലും മൃദുവാക്കിയേ ഉച്ചരിക്കൂ. ഉദാ: ഹുലി തൊഗലു (പുലിത്തോൽ) എന്നത് കന്നടത്തിൽ എഴുതുന്നതും ഉച്ചരിക്കുന്നതും ഹുലിദൊഗലു എന്നാണ്. തമിഴിൽ ഇത്തരം സമാസങ്ങളിൽ നിർബന്ധമായും ഉത്തരപദാദിയായ ഖരം ഖരമായിത്തന്നെനിന്ന് ഇരട്ടിക്കും. കന്നടത്തിലെ ഇതേ പദത്തിനു സമാനമായ തമിഴ്വാക്ക് പുലിതോല് അല്ല, പുലിത്തോലാണ്. ഈ ഖരാദേശവും ഇരട്ടിപ്പും? പൂർവപദത്തിന്റെ പ്രാധാന്യം ഉത്തരപദത്തിലേക്കു സംക്രമിപ്പിക്കാനാണ്''. (കാൾഡ്വൽ, താരതമ്യവ്യാകരണം ഒന്നാംഭാഗം, 2014 : 198-199).

'വിഭക്തിബന്ധംകൊണ്ടു വിഗ്രഹിക്കാവുന്ന പൂർവോത്തരപദങ്ങൾ' എന്ന സവിശേഷതയുള്ള തൽപുരുഷസമാസത്തിൽ ഉത്തരപദാദിഖരങ്ങൾ വരുന്നത് തമിഴ്ഭാഷയിലാണ്. സംസ്കൃതാക്ഷരമാല അംഗീകരിക്കുന്ന തെലുങ്ക് കന്നടങ്ങളിൽ ഖരത്തെ മൃദുവാക്കി പ്രത്യേകം ലിപികൊണ്ട് പ്രതിനിധാനം ചെയ്യാനാവുന്നതിനാൽ ഈ നിയമം പാലിക്കപ്പെടുന്നില്ലെന്നാണ് കാൾഡ്വൽ വിശദീകരിക്കുന്നത്. സംസ്കൃതാക്ഷരമാല അംഗീകരിക്കുന്ന മലയാളഭാഷയിലും കാൾഡ്വൽ അനുശാസിക്കുന്ന ആ നയം പ്രാവർത്തികമാകുമെന്ന് സാരം. മാത്തന്റെ 'മലയാഴ്മയിലെ സംസ്കൃതസന്ധി'യെക്കുറിച്ചുള്ള വിവരണങ്ങളോട് ഒത്തുപോകുന്ന ആശയങ്ങളാണ് കാൾഡ്വലിന്റേതെന്ന് പറയാം. ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിൽ നാമത്തെത്തന്നെ നാമവിശേഷണമായി ഉപയോഗിക്കുന്നു. എന്നാൽ ദ്രാവിഡഭാഷകളിൽ വിശേഷണനാമങ്ങൾക്ക് പൊതുവെ രൂപവികാരമൊന്നും വരുന്നില്ലെങ്കിലും അവ വിശേഷണത്തോടു ചേരുമ്പോൾ അപ്രധാനമായ ചില ശ്രുതിസുഖാർഥപ്രക്രിയ നടക്കുന്നുണ്ടെന്ന് കാൾഡ്വൽ പറയുന്നു. പലതരത്തിൽ നടക്കുന്ന അത്തരം പ്രക്രിയകളിലൊന്നായി പറയുന്ന കാര്യമിതാണ്. ''വിശേഷ്യപദത്തിന്റെ ആദ്യക്ഷരം മൃദുവാകുക, ഖരമാകുക അഥവാ ഇരട്ടിക്കുക'' (കാൾഡ്വൽ അ, 2014 : 387) സ്വരാക്ഷരങ്ങൾക്ക് പരമായിവരുന്ന കചതപങ്ങൾക്ക് അതിനനുസൃതമായ അനുനാസികങ്ങൾ (മൃദുക്കൾ) ആഗമമായി വരുന്ന ലീലാതിലകനിയമമാണ് 'വിശേഷ്യ

പദത്തിന്റെ ആദ്യക്ഷരം മൃദുവാകു'ന്നതുകൊണ്ട് കാൾഡ്വലും അർത്ഥമാക്കുന്നത്. ഉത്തരപദാദിയിലെ ഖരങ്ങൾ ഇരട്ടിക്കുന്നത് ദ്രാവിഡഭാഷകളിൽ സംസ്കൃതാക്ഷരമാലയെ സ്വാംശീകരിച്ചവയിൽ മാത്രമാണെന്ന അഭിപ്രായമാണ് അദ്ദേഹത്തിനുള്ളത്.

ഇത്തരം സമാസങ്ങളിൽ ഉത്തരപദം ക്രിയാനാമമായി (കൃതികൃത്ത്) വരുന്ന സന്ദർഭങ്ങളിൽ ദിത്വം നടക്കുന്നില്ലെന്ന് ആധുനികവൈയാകരണനായ സി. കെ.ചന്ദ്രശേഖരൻനായർ *അടിസ്ഥാനവ്യാകരണ*(ഉത്തരഭാഗം)ത്തിൽ രേഖപ്പെടുത്തുന്നു. പുര+പണി=പുരപണി എന്ന ഉദാഹരണവും നൽകുന്നു. പ്രസ്തുത ഉദാഹരണം സി. എൽ. ആന്റണി സൂചിപ്പിച്ചതുതന്നെയാണെന്നത് ശ്രദ്ധേയമാണ്. എങ്കിലും വിശദാംശങ്ങളിൽ വ്യത്യാസമുണ്ടുതാനും. ഉത്തരപദം കൃത്താണെങ്കിൽ ദ്വിത്വമില്ലെന്ന് കെ. വി. രാമചന്ദ്രപൈ *വ്യാകരണപഠനങ്ങളി*ൽ പറയുന്നു.

ഉദാ: താലികെട്ട്, കഞ്ഞികുടി (മേരി, 2015 : 193).

പൂർവ്വോത്തരപദങ്ങൾ വിശേഷണവിശേഷ്യമായി വരുമ്പോൾ ഉത്തരപദാദി ദ്വിത്വം നടക്കുമെന്നുള്ള ഏ. ആറിന്റെ നിരീക്ഷണത്തെ ഖണ്ഡിച്ചുകൊണ്ട് ഉത്തരപദാദിദ്വിത്വം സംഭവിക്കാത്ത സന്ദർഭങ്ങളെ പരിശോധിക്കുകയാണ് സി. എൽ. ആന്റണി ചെയ്തത്. അങ്ങനെയുള്ള മറ്റൊരു സന്ദർഭം പൂർവ്വപദം അനുനാസികത്തിലോ സംവൃതോകാരത്തിലോ അവസാനിക്കുമ്പോഴാണെന്ന് സി. എൽ. ആന്റണി ഉദാഹരണങ്ങളോടെ സമർത്ഥിക്കുന്നു.

ഉദാ: മൺകലം; കൺപീലി, മാൻകൂട്ടം; തേൻതുള്ളി, കുളംതോണ്ടി; വളംകോരി, നേരുകെട് ; കണ്ണുകടി (ആന്റണി, 2005 : 31)

വളം + കട = വളക്കട, വളം + ചാക്ക് = വളച്ചാക്ക് എന്നിങ്ങനെ അനുനാസികാന്തമായ പൂർവപദങ്ങളുടെ പരമായ ദൃഢങ്ങൾ ഇരട്ടിക്കുന്നുവെന്ന് പറഞ്ഞ് *കൈരളീശബ്ദാനുശാസന*ത്തിൽ കെ. സുകുമാരപ്പിള്ള സി. എൽ. ആന്റണിയുടെ നിരീക്ഷണത്തെ എതിർക്കുന്നു.

സംവൃതോകാരാന്തമായ പൂർവ്വപദത്തിന്റെ പരമായുള്ള ഉത്തരപദം സമാസങ്ങളിൽ ഇരട്ടിക്കുന്നില്ലെന്ന സി. എൽ. ആന്റണിയുടെ പ്രസ്താവത്തിന് കാര്യകാരണങ്ങളോടെയുള്ള ഒരു മറുപടിയായി സി. കെ. ചന്ദ്രശേഖരൻനായരുടെ *അടിസ്ഥാനവ്യാകരണ*ത്തിലെ വിവരണങ്ങളെ കാണാം. പൂർവ്വപദാന്തത്തിലുള്ളത് സംവൃതം ഉറപ്പിച്ചുണ്ടായ വിവൃതോകാരമാവുമ്പോൾ സമാസദ്വിത്വം വരുന്നില്ലയെന്ന വിശദീകരണമാണത്. 'നേര് + കേട് = നേരുകേട്' (മേരി, 2015 : 112) എന്ന ഉദാഹരണമാണ് അദ്ദേഹം നൽകിയിരിക്കുന്നത്. കേന്ദ്രസ്വരം പൂർവ്വമായാൽ ഇരട്ടിപ്പില്ലെന്ന് സുകുമാരപ്പിള്ളയും അഭിപ്രായപ്പെടുന്നു. ഉദാ: നേരുകേട്, കണ്ണുകടി. പൂർവ്വപദം സംവൃതാന്തമാണെങ്കിൽ ദ്വിത്വം വേണ്ട എന്ന് സി. വി. വാസുദേവഭട്ടതിരി *അഭിനവമലയാളവ്യാകരണ*ത്തിൽ പറയുന്നു. ഉദാ: ചെമ്പ് + കമ്പി = ചെമ്പുകമ്പി (2015 : 95). സി. എൽ. ആന്റണിയുടെ

അഭിപ്രായത്തെ ശരിവെയ്ക്കുന്ന നിരീക്ഷണമാണ് കെ. വി. രാമചന്ദ്രപൈയുടേതും. പൂർവപദം അനുനാസികാന്തമോ സംവൃതാന്തമോ ആയാൽ പരവ്യഞ്ജനം ഇരട്ടിക്കാറില്ലെന്നാണ് രാമചന്ദ്രപൈയും ഉദാഹരിക്കുന്നത്.

| പരം അനുനാസികാന്തം | പരം സംവൃതാന്തം |
|---|---|
| കൺപോള, മൺചട്ടി | ഉപ്പ് + ചാക്ക് = ഉപ്പുചാക്ക്<br>മഞ്ഞ് + തൊപ്പി = മഞ്ഞുതൊപ്പി |

(2015: 192)

ഈ നിയമത്തിന് അപവാദമായ സന്ദർഭങ്ങളും രാമചന്ദ്രപൈ പറയുന്നുണ്ട്. മുത്ത് + ചിപ്പി = മുത്തുച്ചിപ്പി, മുത്ത് + കുട = മുത്തുക്കുട. പൂർവ്വപദം അനുസ്വാരാന്തമാണെങ്കിൽ ഉത്തരപദത്തിൽ ദ്വിത്വം വരുമെന്ന് 'മാനം + കേട് = മാനക്കേട്' എന്ന ഉദാഹരണത്തിലൂടെ അദ്ദേഹം വിവരിക്കുന്നു. അനുസ്വാരാന്തത്തിനുശേഷം ഉത്തരപദാദിയിൽ ദ്വിത്വം വരുന്നില്ലെന്ന് സമർത്ഥിക്കാൻ സി. എൽ. ആന്റണി ഉദാഹരിക്കുന്ന കുളംതോണ്ടി, വളംകോരി എന്നിവയെ നിരാകരിക്കുന്നു രാമചന്ദ്രപൈയുടെ പ്രസ്താവന. സുകുമാരപ്പിള്ളയുടെ നിരീക്ഷണങ്ങളോട് ചേർന്നുപോകുന്നു പൈയുടെതെന്നു പറയാം (2015 : 193).

ആധുനികവൈയാകരണനായ പി. മീരാക്കുട്ടിയും ദ്വിത്വസന്ധിയിലെ നിയമവൽക്കരണത്തെ *കേരളപാണിനീയം - ചില അനുബന്ധചിന്തകൾ* എന്ന കൃതിയിൽ പുന:പരിശോധിക്കുന്നത് കാണാം. ഇരു + പുറം = ഇരുപുറം, ചായ + കുടി = ചായകുടി എന്നീ സമസ്തപദങ്ങളിൽ ഉത്തപദാദിദ്വിത്വം സംഭവിക്കുന്നില്ലെന്നു കാണിച്ച് കേരളപാണിനിയുടെ വ്യാകരണനിയമത്തെ ഖണ്ഡിക്കുന്നു. പരപദാദിയിലെ ശിഥിലവർണ്ണങ്ങൾ ഇരട്ടിക്കുന്ന സന്ദർഭങ്ങളുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. പു + നെല്ല് = പുന്നെല്ല് എന്ന ഉദാഹരണം അതിനു നൽകുന്നു (2015 : 202).

സി. എൽ. ആന്റണിയുടെ മറ്റൊരു നിരീക്ഷണം ഇപ്രകാരമാണ്. പൂർവ്വപദാന്തവ്യഞ്ജനം ടകാരമോ, റകാരമോ ആണെങ്കിൽ സമാസത്തിൽ ഉത്തരപദാദിദൃഢത്തിനുപകരം പൂർവ്വപദാന്തവ്യഞ്ജനംതന്നെയാണ് ഇരട്ടിക്കുന്നത്. *വ്യാകരണപഠനങ്ങൾ* എന്ന കൃതിയിൽ കെ. വി. രാമചന്ദ്രപൈ സമാനനിരീക്ഷണം നടത്തുന്നു. ട്, റ് എന്നിവയിലവസാനിക്കുന്ന സമാസപൂർവ്വപദങ്ങളുടെ ടകാരറകാരങ്ങൾ സമാസങ്ങളിൽ ഇരട്ടിക്കുമെന്നു പ്രസ്താവിച്ച് കാട്ടാന, വീട്ടുകാര്യം, ആറ്റുവഞ്ചി എന്നീ ഉദാഹരണങ്ങൾ നൽകുന്നു. 'ഗുരുതയും ലഘുതയും' എന്ന പ്രബന്ധത്തിൽ വി. ആർ. പ്രബോധചന്ദ്രൻനായരും വിശേഷണവിശേഷ്യങ്ങൾ പൂർവ്വോത്തരപദങ്ങളായി വരുന്ന സമാസങ്ങളിലെ ദ്വിത്വത്തെക്കുറിച്ച് മറ്റുചില ശ്രദ്ധേയനിരീക്ഷണങ്ങൾ നടത്തുന്നുണ്ട്. പേരെച്ചം

പൂർവപദമായി വരുമ്പോൾ ഇത്തരം സമസ്തപദങ്ങൾക്കു സംഭവിക്കുന്ന രണ്ടു തരം സ്വഭാവവിശേഷതകൾ അദ്ദേഹം കണ്ടെത്തുന്നു.

പേരെച്ചമല്ലാത്ത 'വന്നപയ്യൻ, താഴുന്ന തല' എന്നീ ഉദാഹരണങ്ങളിൽ നാമപദങ്ങളുടെ ആദിയിലുള്ള സ്ഫോടധ്വനി ഹ്രസ്വവും മൃദുലവും ഏറെക്കുറെ നാദിയിലുമായതിനാൽ ആ സവിശഷതയെ പ്രബോധചന്ദ്രൻ 'ലഘുത' എന്ന് കണക്കാക്കുന്നു. എന്നാൽ ചീത്തപൂച്ച, 'ആനത്തല' എന്നിവയിൽ നാമപദാദിയിലെ സ്ഫോടനധ്വനി ദീർഘവും ദൃഢവും ശ്വാസിയുമായതിനാൽ ആ സവിശേഷതയെ 'ഗുരുത' എന്നും വിളിക്കുന്നു. പേരെച്ചരൂപത്തിൽ അല്ലെങ്കിൽ നാമവിശേഷണങ്ങളും നാമങ്ങളും എന്ന രീതിയിൽ വരുന്ന സമസ്തപദങ്ങളിൽ ഉത്തരപദത്തിലെ വിശേഷ്യം/ദൃഢവ്യഞ്ജനം/നാമം-ഇരട്ടിപ്പുവരുന്നതായാണ് ഇദ്ദേഹത്തിന്റെ ഉദാഹരണങ്ങളിൽ കാണുന്നത്. ഉത്തരപദാദിദ്വിത്വം വരുന്ന ഒരു പ്രത്യേക സാഹചര്യമായി ഇതിനെ വിലയിരുത്താം. വിനയെച്ചം + പൂർണ്ണക്രിയ എന്ന രൂപത്തിൽവരുന്ന പദസംഹിതകളിലും ഇത്തരം 'ഗുരുത' എന്ന പ്രത്യേകത പ്രാവർത്തികമാകുന്നതായി പ്രബോധനചന്ദ്രൻ പറയുന്നു. 'ഓടി + പോയി = ഓടിപ്പോയി' - ഈ ഉദാഹരണത്തിലും ഉത്തരപദത്തിന് ഇരട്ടിപ്പുവന്നതായി കാണാം. ട്, റ് എന്നീ വർണ്ണങ്ങളിലവസാനിക്കുന്ന നാമപ്രകൃതികളുടെ സമാസങ്ങളിൽ ഇത്തരത്തിൽ 'ഗുരുത' കടന്നുവരുന്നുണ്ട്. വീട് + ഇൽ = വീട്ടിൽ, വീട് + അമ്മ = വീട്ടമ്മ, ആറ് + ഇൽ = ആറ്റിൽ - ഇത്തരത്തിൽ ടകാരറകാരങ്ങളുടെ ഇരട്ടിപ്പു കാണിക്കുന്ന ഉദാഹരണങ്ങളും നൽകുന്നു (2015 : 174-176). പൂർവ്വപദാന്തവ്യഞ്ജനം റകാരടകാരങ്ങളാണെങ്കിൽ പൂർവ്വപദാന്തവ്യഞ്ജനം ഇരട്ടിക്കുമെന്നുതന്നെയാണ് ഇ. വി. എൻ. നമ്പൂതിരി 'സന്ധി' എന്ന പ്രബന്ധത്തിൽ പറയുന്നത്. നാട് + കാര്യം = നാട്ടുകാര്യം, ആട് + ഇറച്ചി = ആട്ടിറച്ചി, ചിറ് + ഓളം = ചിറ്റോളം എന്നീ ഉദാഹരണങ്ങൾ നൽകുന്നു (2015: 229).

**കേരളപാണിനീയകാരിക - 15**

ഈ കാരിക പ്രകാരം മുൻ-തൻ വിനയെച്ചങ്ങൾക്കു പിൻവരുന്ന ദൃഢങ്ങൾ സമാസമില്ലാത്തിടത്തും ഇരട്ടിക്കുമെന്നാണ് വിധിക്കുന്നത്. എന്നാൽ മുൻവിനയെച്ചങ്ങളിൽതന്നെ ഇകാരാന്തങ്ങളായവയ്ക്കുമാത്രമെ പരപദാദിദൃഢത്തിന് ഇരട്ടിപ്പ് നിത്യമായി വരികയുള്ളൂവെന്ന് സി. എൽ. ആന്റണി തിരുത്തുന്നു. ചാടി + പുറപ്പെട്ടു = ചാടിപ്പുറപ്പെട്ടു, പോയി + പറഞ്ഞു = പോയിപ്പറഞ്ഞു എന്നീ ഉദാഹരണങ്ങൾ നൽകുകയും ചെയ്തിരിക്കുന്നു. സംവൃതോകാരാന്തമായ മുൻവിനയെച്ചത്തിനു പരമായിവരുന്ന ദൃഢങ്ങൾ ഇരട്ടിക്കില്ലെന്നും അവിടെ സന്ധിയിൽ സംവൃതത്തിനുപകരം വിവൃതം വരുമെന്നുമാണ് കേരളപാണിനീയഭാഷ്യകാരന്റെ പക്ഷം. വന്ന് + പറഞ്ഞു = വന്നുപറഞ്ഞു, ചെന്ന് + കണ്ടു = ചെന്നുകണ്ടു എന്നിവയാണ് അതിനുള്ള ഉദാഹരണങ്ങളായി പറയുന്നത് (ആന്റണി, 2005 : 31).

ഇകാരാന്തമുൻവിനയെച്ചങ്ങൾക്കു പരമായുള്ള ദൃഢവ്യഞ്ജനങ്ങൾ നിത്യമായി ഇരട്ടിക്കുമെന്ന സി. എൽ. ആന്റണിയുടെ അഭിപ്രായത്തെ തിരുത്തുന്ന ഒരു ആശയം സി. കെ. ചന്ദ്രശേഖരൻനായരുടെ *അടിസ്ഥാനവ്യാകരണം - ഉത്തരഭാഗ*ത്തിലുണ്ട്. വന്ന് + കണ്ടു = വന്നുകണ്ടു, കേട്ട് + പഠിച്ചു = കേട്ടുപഠിച്ചു (മേരി, 2015 : 112) എന്നിങ്ങനെ ഉകാരാന്തമുൻവിനയെച്ചത്തിനു പിൻവരുന്ന ദൃഢാക്ഷരം ഇരട്ടിക്കുന്നില്ലെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു.

'ലഘുതയും ഗുരുതയും' എന്ന പ്രബന്ധത്തിൽ വി. ആർ. പ്രബോധചന്ദ്രൻ നായർ 'ഗുരുത' എന്നതിന് ഉദാഹരണമായി നൽകുന്ന 'ഓടി + പോയി = ഓടിപ്പോയി' എന്നതിൽ ഇകാരാന്തമുൻവിനയെച്ചത്തിനുശേഷം വരുന്ന ദൃഢവ്യഞ്ജനം ഇരട്ടിക്കുന്നത് കാണാം (2015 : 175).

*കേരളപാണിനീയം-ചില അനുബന്ധചിന്തകൾ* എന്ന കൃതിയിൽ പി. മീരാക്കുട്ടിയും ഇതേക്കുറിച്ച് പ്രതിപാദിക്കുന്നു. ഇകാരാന്തമുൻവിനയെച്ചങ്ങളുടെ പിന്നാലെവരുന്ന ദൃഢവ്യഞ്ജനമല്ലാതെ എല്ലാ മുൻവിനയെച്ചങ്ങളുടെയും ഉത്തരപദാദിദൃഢം ഇരട്ടിക്കുകയില്ലെന്ന് അദ്ദേഹം പറയുന്നു. വന്നു + പറഞ്ഞു, ചെന്നു + കണ്ടു = ചെന്നുകണ്ടു എന്നീ ഉദാഹരണങ്ങളും നൽകുന്നു (2015 : 203).

**കേരളപാണിനീയകാരിക - 18**

ഈ കാരികയെ സംബന്ധിച്ച പുനഃപരിശോധനയാണ് സി. എൽ. ആന്റണി തുടർന്ന് നടത്തുന്നത്.

''ഏകമാത്രപ്രകൃത്യന്തേ
നാസോസ്ഥം യളലങ്ങളും
ഇരട്ടിച്ചിട്ടുതാൻ നില്ക്കും
പദമില്ലൊറ്റമാത്രയിൽ''

ഏകമാത്രപ്രകൃതികളുടെ അവസാനത്തിൽ വരുന്ന അനുനാസികങ്ങൾ ഇരട്ടിച്ചു നിൽക്കുമെന്ന് തങ്+ഇ=തങ്ങി, പൊങ്+ഇ=പൊങ്ങി, നെഞ്+ഉ് = നെഞ്ഞ് എന്നീ ഉദാഹരണങ്ങളോടെ കേരളപാണിനി സമർത്ഥിക്കുന്നു. അനുനാസികാതിപ്രസരത്തെകുറിച്ചുള്ള വിവരണങ്ങളിൽ 'നെഞ്ച്' എന്നതിന്റെ അനുനാസികാതിപ്രസരം വന്ന രൂപമാണ് 'നെഞ്ഞ്' എന്നു പ്രസ്താവിക്കുകയും ഈ നയമനുസരിച്ച് ങ്ക-ങ്ങയായി മാറുമെന്നും ഏ. ആർ. അഭിപ്രായപ്പെടുന്നു. അങ്ങനെയെങ്കിൽ നെഞ്ച് 'നെഞ്ഞ്' ആയി മാറുന്നത് ആദേശമാണെന്നും ദ്വിത്വമല്ലെന്നും സി. എൽ. ആന്റണി പ്രസ്താവിക്കുന്നു. അനുനാസികാതിപ്രസരനയമനുസരിച്ചുതന്നെയാണ് പൊങ്കി - പൊങ്ങി, തങ്കി - തങ്ങി എന്നാവുന്നതും. 'അനുനാസികാതിപ്രസരം' എന്ന ഭാഗത്ത് ഒരുതരത്തിൽ വിവരിക്കുന്ന ആശയങ്ങൾ 'സന്ധിപ്രകരണ'ത്തിൽ മറ്റൊരുവിധത്തിൽ വിശദീകരിക്കുന്നതിലെ അനൗചിത്യത്തെ സി. എൽ. ആന്റണി പ്രശ്നവൽക്കരിക്കുന്നു.

ആദേശസന്ധിനിയമങ്ങളുടെ ഭാഗമായി 'അനുനാസികാദേശനിയമങ്ങൾ' വിവരിക്കുന്നിടത്താണ് മേൽപറഞ്ഞ ആശയങ്ങളെ സുകുമാരപിള്ള *കൈരളീശബ്ദാനുശാസന*ത്തിൽ ചർച്ചചെയ്യുന്നത്; ദ്വിത്വസന്ധിയുടെ ഭാഗമായിട്ടല്ല. അനുനാസികാദേശം വന്നതും വരാത്തതുമായ രൂപങ്ങൾ ഭാഷയിലുള്ളതായി അദ്ദേഹം സൂചിപ്പിക്കുന്നു. കുഞ്ചൻ - കുഞ്ഞൻ, നെഞ്ച് – നെഞ്ഞ് (സുകുമാരപ്പിള്ള, 1980: 199) എന്നിവയാണവ. പദാന്തസന്ധിയിൽ അനുനാസികാദേശം നിത്യമല്ലെന്ന് അഭിപ്രായപ്പെടുന്നു. മാങ്ങ, കുളങ്ങര (അനുനാസികാദേശം വന്ന രൂപങ്ങൾ) കൊടുഞ്ചതി, വലങ്കൈ, ചെന്താമര (അനുനാസികാദേശമില്ലാത്തവ) എന്നിവ ഉദാഹരിക്കുന്നു (1980: 199).

**ആദേശസന്ധി**

**കേരളപാണിനീയകാരിക - 20**

> ''തവർഗ്ഗത്തിന്നടുത്തുള്ള
> ടവർഗ്ഗേണ സവർണ്ണനം
> ചവർഗ്ഗത്തോടുമവ്വണ്ണം
> ഺവർഗ്ഗത്തോടുമങ്ങനെ''

ആദേശസന്ധിയുടെ ഭാഗമായുള്ള സവർണ്ണനപ്രക്രിയയെയും അതിനെ സംബന്ധിച്ചുള്ള *കേരളപാണിനീയ*ത്തിലെ 20-ാം കാരികയേയും വിശദാംശങ്ങളെയും സി. എൽ. ആന്റണി പുനഃപരിശോധിക്കുന്നു. വിൺ+തലം=വിണ്ടലം, വലഞ്ച് + തു = വലഞ്ചു(വലഞ്ഞു) എന്നൊക്കെയുള്ള കേരളപാണിനിയുടെ ഉദാഹരണങ്ങളിൽ പൂർവ്വസവർണ്ണനത്താൽ വരുന്ന സന്ധിവികാരങ്ങളെ മാത്രമേ പ്രതിപാദിക്കുന്നുള്ളൂവെന്നും പരസവർണ്ണനവും, ആദേശരഹിതമായ സന്ധിപ്രവർത്തനങ്ങളും വിവരിക്കുന്നില്ലെന്നും വിമർശിക്കുന്നു. വെൺതിങ്കൾ, മൺതരി, വെൺതഴ എന്നിങ്ങനെ ആദേശംവരാത്ത രൂപങ്ങൾ ആധുനികമലയാളത്തിൽ സുലഭമാണെന്നും പറയുന്നു. പരസവർണ്ണനത്തിന് ഉദാഹരണങ്ങളും നൽകുന്നു.

കോൺ + കണ്ണ് = കോങ് + കണ്ണ് = കോങ്കണ്ണ്

പെൺ + കൾ = പെങ് + കൾ = പെങ്ങൾ

വെൺ + ചാമരം = വെഞ് + ചാമരം = വെഞ്ചാമരം (ആന്റണി, 2005 : 33)

*മലയാളഭാഷാവ്യാകരണ*ത്തിൽ വ്യഞ്ജനസന്ധികളെക്കുറിച്ചുള്ള വിവരണത്തിൽ ഗുണ്ടർട്ട് നൽകുന്ന ഉദാഹരണങ്ങളിലും പരസവർണ്ണനത്തിന്റെ ഫലമായി നടക്കുന്ന സന്ധിപ്രവർത്തനങ്ങളെ കണ്ടെത്താം.

ൺ + ച = മഞ്ചിറ, ൻ + ക = ആലിങ്കീഴ്, ൻ + ച = അവഞ്ചൊന്ന, ആലിഞ്ചുവട്ടിൽ, പൊഞ്ചരടു, ൻ + പ = എമ്പോറ്റി

പൂർവസവർണ്ണനത്തിനും ഉദാഹരണങ്ങളുണ്ട്

ൺ + ത = വിണ്ടലം, ൺ + ദ = എണ്ഡിശ (ഗുണ്ടർട്ട്, 2014 : 51)

**കേരളപാണിനീയകാരിക - 21**

*കേരളപാണിനീയ*ത്തിലെ 21-ാം കാരികയും സി. എൽ. ആന്റണി പ്രശ്ന വൽക്കരിക്കുന്നുണ്ട്.

''ലകാരം വർത്സ്യമായ്ത്തീരും

തവർഗ്ഗം പരമാവുകിൽ

ളകാരമെങ്കിൽ മൂർദ്ധന്യം

വിനാമക്രിയയാണിത്''

ഈ കാരികയിൽ ലകാരത്തെ ദന്ത്യമായും ളകാരത്തെ വർത്സ്യവുമായാണ് കേരളപാണിനി പരിഗണിക്കുന്നത്. എന്നാൽ വർണ്ണങ്ങളെ വിവരിക്കുന്ന ഭാഗത്ത് (കേരളപാണിനീയപീഠിക: ഖണ്ഡം 30) ളകാരത്തെ മൂർദ്ധന്യമായാണ് കണക്കാക്കുന്നത്. സന്ധിവികാരങ്ങളിൽ ല, ള എന്നിവയ്ക്ക് ഒരുതരം വിനാമ പ്രക്രിയ നടക്കുന്നുവെന്നാണ് കേരളപാണിനിയുടെ അഭിപ്രായം. ദന്ത്യ-മൂർദ്ധ ന്യങ്ങളായ ഉച്ചാരണങ്ങളുടെ ഒരു സ്ഥാനംതാഴൽ നടന്ന് അവ വർത്സ്യഉച്ചാര ണങ്ങളായി മാറുന്നുവെന്നാണ് അദ്ദേഹം വിവരിക്കുന്നത്. എന്നാൽ വിനാമ-ഉ ന്നാമ പ്രക്രിയകളൊന്നും ഇത്തരം സന്ധിപ്രവർത്തനങ്ങളിൽ നടക്കുന്നി ല്ലെന്നും സവർണനത്തിന്റെ ഫലമായുള്ള സന്ധികാര്യങ്ങളാണ് അതെന്നും സി. എൽ. ആന്റണി സമർത്ഥിക്കുന്നു. കേരളപാണിനി നിരീക്ഷിക്കുന്നതു പോലെ ലകാരത്തിന്റെ ധ്വനിമൂല്യം ദന്ത്യമല്ലെന്നും അത് വർത്സ്യമാണെന്നും തിരുത്തുന്നു. വർത്സ്യമധ്യമമായ ലകാരം ഖരം പരമാകുമ്പോൾ സവർണനം നടന്ന് വർത്സ്യഖരമായ ഺകാരമായി മാറുകയാണ് സന്ധിയിൽ നടക്കുന്ന തെന്നും സി. എൽ. ആന്റണി തിരുത്തുന്നു.

വില് + തു = വിഺ് + തു = വിറ്റു,

അകല് + തുന്നു = അകഺ് + തുന്നു = അകറ്റുന്നു

(ആന്റണി, 2005 : 34)

ഗുണ്ടർട്ടിന്റെ നിരീക്ഷണങ്ങളും ഇതിനൊപ്പം ചേർത്തു പരിശോധിക്കാം. മേൽ + തരം = മേറ്ററം, പൊൽ + തുടി = പൊറ്റുടി എന്നീ ഉദാഹരണങ്ങൾ നൽകുന്ന തിനൊപ്പം മേത്തരം, പൊൽത്തുടി എന്നിങ്ങനെ ഇന്നത്തെ ഭാഷയിൽ അവ മാറിവരുന്നതായും ഗുണ്ടർട്ട് സൂചിപ്പിക്കുന്നു (ഗുണ്ടർട്ട്, 2014 : 52).

മൂർദ്ധന്യമധ്യമമായ ളകാരം അതേവർഗ്ഗത്തിൽ ഉൾപ്പെടുന്ന ടകാരമായി മാറുന്നതായും സി. എൽ. ആന്റണി പ്രസ്താവിക്കുന്നു.

വേൾ + തു = വേട് + തു = വേട്ടു, കേൾ + തു = കേട് + തു = കേട്ടു

(ആന്റണി, 2005 : 34).

എന്നിങ്ങനെയുള്ള ഉദാഹരണങ്ങളിൽ വിനാമക്രിയ നടന്നിട്ടാണ് ളകാരം മൂർദ്ധന്യമായ ടകാരമാകുന്നതെന്ന കേരളപാണിനീയപക്ഷത്തെ എതിർക്കു

കയും ള-ടകൾ മൂർദ്ധന്യമെന്ന ഒറ്റവകുപ്പിലാണ് വരുന്നതെന്നും സി. എൽ. ആന്റണി സമർത്ഥിക്കുന്നു.

ലകാരളകാരങ്ങൾക്കു പരമായി അനുനാസികമോ പ്രത്യയതകാരമോ വന്നാൽ അവയ്ക്ക് വിനാമപ്രക്രിയ നടന്നാണ് ലകാരം ‘ഺ-ഩ’ എന്നിവയിലൊന്നും, ളകാരം ട-ണകളിലൊന്നുമായി മാറുന്നതെന്നും ഉദാഹരണസഹിതം കേരളപാണിനി അവതരിപ്പിച്ചിട്ടുള്ളതിനെയും സി. എൽ. ആന്റണി വിമർശിക്കുന്നുണ്ട്. ല, ത, ന - ദന്ത്യം; ള, ഺ,ഩ-വർത്സ്യം; ര, ട, ണ - മൂർദ്ധന്യം എന്നിങ്ങനെയുള്ള ഏ. ആറിന്റെ വർഗ്ഗീകരണം തെറ്റാണെന്നും വർത്സ്യമായ ലകാരം സ്വവർഗ്ഗാനുനാസികമായ ഩ കാരമായും മൂർദ്ധന്യമായ ളകാരം ണകാരമായും മാറുമെന്നാണ് സി. എൽ. ആന്റണിയുടെ വിശദീകരണം. നെല് + മണി = നെഩ് + മണി = നെന്മണി, ഉൾ + മ = ഉണ് + മ = ഉണ്മ. ല, റ്റ, ന് ര, റ എന്നിവ വർത്സ്യവർഗമായും (മൌണ്യാക്ഷരങ്ങൾ) ട, ഠ, ഡ, ഢ, ണ, ഷ, ഴ, ള ഇവയെ മൂർദ്ധന്യങ്ങളായും കണക്കാക്കുന്ന ജോർജ്ജ് മാത്തനും സി. എൽ. ആന്റണിയുടെ നിരീക്ഷണങ്ങളുടെ സാധുതയെ ശരിവെയ്ക്കുന്ന മുൻമാതൃകയായി വർത്തിക്കുന്നു. ‘എഩ്ഺ°,നിന്ഺ°’ എന്നീ ശബ്ദങ്ങളുടെ വികസിതരൂപങ്ങളാണ് ‘എന്നു, നിന്നു’ എന്നിവയെന്ന് കേരളപാണിനി കാരിക 20-ന്റെ വിശദീകരണത്തിൽ പറയുന്നുണ്ട്. ‘ഩ്ഺ’ എന്ന വർത്സ്യത്തിൽനിന്ന് ‘ന്ന’ എന്ന ദന്ത്യം രൂപമെടുക്കുക അസാദ്ധ്യമാണെന്നാണ് സി. എൽ. ആന്റണിയുടെ പക്ഷം. ‘എൻ + തു = എൻറു’ എന്നാകുമെന്ന് പൂർവ്വസവർണ്ണനത്തെ കൂട്ടുപിടിച്ചാണ് കേരളപാണിനി കരുതുന്നതെന്നും എന്നാൽ ‘എന് + തു’ എന്നിങ്ങനെ ദന്ത്യമായ നകാരമാണ് തമിഴിൽ ‘എഩ്ഺ° എന്ന വർത്സ്യനകാരരൂപവും ‘എന്നു’ എന്ന മലയാള രൂപവും ഉണ്ടാകുന്നതിന് ആധാരമാകുന്നതെന്ന് സി. എൽ. ആന്റണി വിചാരിക്കുന്നു. ‘എന് + തു’ എന്നതിൽ പരസവർണ്ണനത്താലാണ് ദന്ത്യനകാരം വരുന്നതെന്നും നിരീക്ഷിക്കുന്നു. ‘എന്തു’ എന്ന പ്രാഗ്‌രൂപത്തിൽനിന്നു വികസിച്ച ശബ്ദങ്ങളാണ് ‘എഩ്ഺ°, എന്നു’ എന്നും കൂട്ടിച്ചേർക്കുന്നു. ‘മലയാഴ്മയുടെ വ്യാകരണ’ത്തിൽ ഇപ്രകാരമൊരു ആശയം റവ. ജോർജ്ജ് മാത്തൻ അവതരിപ്പിക്കുന്നു.

‘‘ഉത്ഭവം നോക്കുമ്പോൾ ‘ന്ന’ എന്നതു തമിഴിലെ ‘ന്ത, ന്റ’ എന്നവയുടെ മാറ്റമാകുന്നു: ദൃ--ന്തം; ‘വന്ത, പന്റി’ എന്നിവയിൽ നിന്നാകുന്നു ‘വന്ന, പന്നി’ എന്നവ വരുന്നതു’’. (ജോർജ്ജ് മാത്തൻ, 2000 : 19).

‘‘സമാസപദങ്ങളിൽ അനുനാസികത്തിനു മുൻപ ല, ള എന്നവ ന, ണ എന്നവയായിട്ടു തിരിയുന്നു: ദൃ-ന്തം; നൽ + മ = നന്മ; വെൾ + മ =വെണ്മ; നൽ + നിലം = നന്നിലം; കൽ + മദം = കന്മദം’’ (2000 : 29). ജോർജ്ജ് മാത്തന്റെ വീക്ഷണത്തിൽ ല, ന എന്നിവയും ള, ണ എന്നിവയും യഥാക്രമം വർത്സ്യ-മൂർദ്ധന്യങ്ങളാണ്.

പ്രത്യയതകാരം പരമായിവരുമ്പോൾ ദന്ത്യമായ ലകാരത്തിന് റ്റകാരം (വർത്സ്യം) ആദേശമായി വരുന്ന ഉദാഹരണമായാണ് 'വില് + തു = വിḷ + തു = വിറ്റു' 'അകല് + തുന്നു - അകറ്റുന്നു' എന്നിവ കേരളപാണിനി നൽകുന്നത്. ലകാരത്തിന് വിനാമം സംഭവിക്കുന്നതായും അദ്ദേഹം സൂചിപ്പിക്കുന്നു. ഇതിന് അപവാദമയി മറ്റു ചില ഉദാഹരണങ്ങൾ സി.എൽ.ആന്റണി സൂചിപ്പിക്കുന്നു.

ചൊൽ + തു = ചൊṉ + തു = ചൊന് + തു = ചൊന്നു

കൊൽ + തു = കൊന്നു, നിൽ + തു = നിന്നു (ആന്റണി, 2005 : 34).

എന്നിങ്ങനെ ലകാര(ൽ)ത്തിനുശേഷം തകാരം വരുമ്പോൾ ലകാരത്തിന്റെ സ്വവർഗാനുനാസികമായ ṉകാരം വരുന്നതായി കാണിക്കുന്നു.

മുരൾ + തു = മുരണ്ടു (മുരൺ + തു), കൊൾ + തു = കൊണ്ടു (2005 : 34).

എന്നിവയിൽ ളകാര(ൾ)ത്തിനു പരമായി തകാരം വരുമ്പോൾ സ്വവർഗാനു നാസികമായ ണകാരം ആദേശിക്കുന്നതായി പറയുന്നു. വർത്സ്യṉകാരം പരസ വർണനത്താൽ ദന്ത്യനകാരമാവുകയും തുടർന്ന് അനുനാസികാതിപ്രസരംവഴി 'ന്ന'യായും മാറുന്നുവെന്നും ചൊṉ + തു, കൊṉ + തു എന്നീ പ്രാഗ്രൂപ ങ്ങളിൽനിന്നുമാണ് തമിഴിലെ ചൊന്റാൻ, കൊൻറാൻ എന്നീ രൂപങ്ങളുണ്ടാകു ന്നതെന്നും സി. എൽ. ആന്റണി അഭിപ്രായപ്പെടുന്നു. പദാന്ത്യലകാരത്തിനും ളകാരത്തിനും പരമായി തകാരം വരുമ്പോൾ ഏ. ആർ. പറയുന്ന റ്റകാരാദേ ശവും സി. എൽ. ആന്റണി പറയുന്ന ന്റ, ണ്ട, ട്ട എന്നിവയുടെ ആദേശവും *ദ്രാവിഡഭാഷാവ്യാകരണ*ത്തിൽ കാൾഡ്വൽ മറ്റൊരുരീതിയിൽ സൂചിപ്പിക്കുന്നു ണ്ട്. തമിഴ്ഭാഷയിൽ ഭൂതകാലരൂപങ്ങളുണ്ടാക്കുവാൻ ദ(ത)കാരമോ ളകാരമോ പ്രത്യയമായി ചേർക്കുമ്പോൾ ശ്രുതിസുഖാർത്ഥമായി സന്ധിയിൽവരുന്ന വികാരങ്ങളെക്കുറിച്ചു വിവരിക്കുന്നിടത്ത് കാൾഡ്വൽ പറയുന്ന ആശയങ്ങളാ ണിത്: ''പദാന്ത്യലകാരത്തോട് ഭൂതത്തിന്റെ ദകാരം ചേർന്നാൽ 'ൻറ' എന്നാകും (ന്ദ). 'പോല്' എന്നതിൽനിന്ന് 'പോല്തു' എന്നല്ല 'പോൻറു' എന്നാണ് ഉണ്ടാകുന്നത്. ചിലപ്പോൾ ഇതേ സാഹചര്യം 'റ്റ'ക്ക് ജന്മം നൽകും. ഉദാ: 'കല്' (അഭ്യസിക്കുക) എന്നതിൽനിന്നുള്ള വിനയെച്ചം 'കല്തു' എന്നല്ല, 'കറ്റു' എന്നാണ്. ('കലിദു' എന്നു കന്നടത്തിൽ). ഇതുപോലെ ളകാരത്തിൽ നിന്ന് 'ണ്ട'യും 'ട്ട'യും ഉണ്ടാകുന്നു. ഉദാ: മാള് (ൾ) - മരിക്കുക, മാണ്ടു - മരി ച്ചിട്ട്; 'കേൾ' - കേൾക്കുക, 'കേട്ടു' - കേട്ടിട്ട് ... ചില ക്രിയകളിൽ ദ(ത) കാരം മാറ്റമില്ലാതെ നിൽക്കുന്നു. മറ്റു ചിലതിൽ അതിന് മൂർധന്യാദേശം വന്നിരിക്കും. ഉദാഹരണം: ഉഴുതു (ദു); കണ്ടു (ഡു) (കാൾഡ്വൽ താരതമ്യവ്യാകരണം രണ്ടാംഭാഗം 2014 : 225).

ല, ള എന്നിവയ്ക്കുശേഷം പ്രത്യയതകാരം, അനുനാസികം എന്നിവ വന്നാൽ വിനാമപ്രക്രിയ നടന്ന് ലകാരം ḷ-ṉ കളിലൊന്നായും ളകാരം ട-ണ കളിലൊന്നായും (കീഴ്സ്ഥാനങ്ങളിലെ വർണ്ണങ്ങളാകുന്നു) മാറുന്നുവെന്നാണ് കേരളപാണിനി പരാമർശിക്കുന്നത്. എന്നാൽ ളകാരത്തിനു പരമായി ഏതു

വ്യഞ്ജനം വന്നാലും ളകാരം സ്വവർഗത്തിലെ (മൂർദ്ധന്യം) അനുനാസികമായിട്ടു മാറുമെന്നാണ് സി. എൽ. ആന്റണി തിരുത്തുന്നത്:

ഉദാ: വെൾ + കാരം = വെൺകാരം

വെൾ + ചാമരം = വെൺചാമരം = (വെഞ്ചാമരം)

വെൾ + തിങ്കൾ = വെൺതിങ്കൾ

വെൾ + നിലാവ് = വെൺനിലാവ് = (വെണ്ണിലാവ്)

വെൾ + മ = വെണ്മ (ആന്റണി, 2005 : 35).

ൾ+ മ, ന = ഉണ്മോഹം – ഉണ്നാടി – എണ്മണി (ഗുണ്ടർട്ട്, 2014: 52).

ൺ + ച = മഞ്ചിറ (2014: 51)

എന്നിങ്ങനെയുള്ള *മലയാളഭാഷാവ്യാകരണ*ത്തിലെ ഉദാഹരണങ്ങളും ഇത് ശരിവെയ്ക്കുന്നു. എന്നാൽ മറ്റൊരു അപവാദവും ഗുണ്ടർട്ട് നൽകുന്ന ഉദാഹരണങ്ങളിൽനിന്നും കണ്ടെത്താം 'ൾ + ത = ട' എന്നൊരു സന്ധിവികാരത്തെക്കുറിച്ച് അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്.

അയ്യനടികൾ + തിരുവടി = അയ്യനടികടിരുവടി

ദിചക + തോറും = ദിചകടോറും (2014 : 51 – 52)

ചകാരത്തിനു പരമായി വ്യഞ്ജനം വരുമ്പോൾ സന്ധിയിൽ അനുനാസികം മാത്രമേ ആദേശമായി വരികയുള്ളൂവെന്ന സി. എൽ. ആന്റണിയുടെ അഭിപ്രായത്തെ നിരാകരിക്കുന്ന ഉദാഹരണങ്ങളാണ് മേൽപ്പറഞ്ഞവ. മുൾക്കിരീടം, മുകൾനില, വാൾമുന എന്നീ സമസ്തപദങ്ങളിലൊന്നും സി. എൽ. ആന്റണി പറയുന്ന നിയമം പ്രവർത്തിക്കുന്നതായി കാണുന്നില്ല.

'നിൽ' ധാതുവിന്റെ പ്രയോജകരൂപത്തിൽ ലകാരത്തിനു റകാരം ആദേശം വരുമെന്നാണ് സി. എൽ. ആന്റണിയുടെ മറ്റൊരു നിരീക്ഷണം. 'നില് + തുന്നു = നിർത്തുന്നു' എന്ന ഉദാഹരണവും നൽകുന്നു. ല, റ, റ്റ എന്നിവയെ വർത്സ്യമായാണ് അദ്ദേഹം പരിഗണിക്കുന്നത്. എന്നാൽ മറ്റനേകം ക്രിയാധാതുക്കളുടെ പ്രയോജകരൂപത്തിലും ഇത്തരമൊരു സവിശേഷത കാണാനാവും.

അകല് + തുന്നു = അകറ്റുന്നു.

വർത്സ്യധ്വനിമൂല്യമുള്ള റകാരം, മൂർദ്ധന്യമായ ഴകാരം എന്നിവയ്ക്ക് പരമായി തകാരം വരുമ്പോൾ യഥാക്രമം ഺകാരം, ണകാരം എന്നിവ സന്ധിയിൽ ആദേശമായി വരുമെന്ന് സി. എൽ. ആന്റണി പ്രസ്താവിക്കുന്നു.

1. പെറ് + തു = പെ഻തു = പെറ്റു

മാറ് + തുന്നു = മാ഻ + തുന്നു = മാറ്റുന്നു

2. ആഴ് + തു = ആൺ + തു = ആണ്ടു

നൂഴ് + തു = നൂൺ + തു = നൂണ്ടു

എന്നീ ഉദാഹരണങ്ങളും നൽകുന്നു (ആന്റണി, 2005 : 35).

ഗുണ്ടർട്ടിന്റെ 'മലയാളഭാഷാവ്യാകരണ'ത്തിലെ വ്യഞ്ജനസന്ധികളെകുറിച്ചുള്ള ഉദാഹരണത്തിൽ ഴകാരത്തിനുശേഷം നകാരം വരുമ്പോൾ

ണകാരം ആദേശമായി വരുന്നതിനെ കാണിക്കുന്നുണ്ട്. വാഴ് + നാൾ = വാഴുനാൾ, വാഴ്നാൾ, വാണാൾ എന്നീ രൂപാന്തരങ്ങൾ അദ്ദേഹം നൽകുന്നു (ഗുണ്ടർട്ട്, 2014 : 52).

ഇതുവരെ പരാമർശിച്ച ആദേശസന്ധിനിയമങ്ങളെ നന്നൂൽസൂത്രങ്ങളെ ആധാരമാക്കി *ആദിഭാഷ*യിൽ ചട്ടമ്പിസ്വാമികൾ വിവരിക്കുന്നതിനെ ഒന്നു സംഗ്രഹിക്കാം.

- ലകാരളകാരങ്ങൾക്കു പരമായി ഖരങ്ങൾ വന്നാൽ റകാരടകാരങ്ങളായിട്ടും അനുനാസികമാണെങ്കിൽ നകാരണകാരങ്ങളായും മാറും.
  ഉദാ: കൽ + കുറിതു = കർകുറിതു, മുൾ + കുറിതു = മുട്കുറിതു
- ലകാരളകാരങ്ങൾക്കു തകാരം പരമാകുമ്പോൾ 'ആയ്തം' എന്ന എഴുത്തായി മാറും.
  ഉദാ: കൽ + തീതു = ക റ്റീതു, മുൾ + തീതു = മു ട്ടീതു
- തനിക്കുറലിനോടു കലരാത്ത ലകാരളകാരങ്ങളുടെ പിൻപിൽ വരുന്ന തകാര നകാരങ്ങളുടെ സന്നികർഷത്തിൽ ലകാരളകാരങ്ങൾ ലോപിക്കും.
  ഉദാ: തോന്റൽ + തിയൻ = തോന്റതിയൻ, വേൾ + തിയൻ = വേടിയൻ
  വേൾ + നല്ലൻ = വേണല്ലൻ

ഇത്തരത്തിലുള്ള സന്ധികൾ സംസ്കൃതത്തിലില്ലെന്നും ചട്ടമ്പിസ്വാമികൾ പ്രസ്താവിക്കുന്നു. (മഹേശ്വരൻനായർ, 2016 : 847)

**കേരളപാണിനീയകാരിക - 23**

''ഖരത്തിൻ മുമ്പു ലാദേശം
മുൻ പിൻ പൊന്നെന്ന ഩാവിന്''

മുൻ, പിൻ, പൊൻ എന്നീ പ്രകൃതികളിലെ അന്ത്യഩകാരം ഖരം പരമായി വരുമ്പോൾ ലകാരമായി മാറുമെന്ന് ഉദാഹരണസഹിതം കേരളപാണിനി പ്രസ്താവിക്കുന്നു. തിരുമുൻ + കാഴ്ച = തിരുമുൽക്കാഴ്ച, പൊൻ + കുടം = പൊൽകുടം എന്നിവിൽ 'ഉന്നാമം' എന്ന സന്ധിവികാരമാണ് നടക്കുന്നതെന്ന് വിവരിക്കുന്നു. ഒരു വർണ്ണത്തിന് സ്ഥാനം താഴുന്നതിനനുസരിച്ച് വർണ്ണപരിണാമം നടക്കുന്നതുപോലെ 'ഉന്നാമ'ത്തിൽ സ്ഥാനം ഉയരലാണ് സംഭവിക്കുന്നത്. വർത്സ്യമായ ഩകാരത്തിന് ഉച്ചാരണസ്ഥാനത്തിൽ വരുന്ന ഉയർച്ചയാണ് ദന്ത്യമായ ലകാരമായി അത് സന്ധിയിൽ ആദേശംചെയ്യാൻ കാരണമെന്നാണ് കേരളപാണിനിയുടെ നിരീക്ഷണം. എന്നാൽ ലകാരത്തെ ദന്ത്യമായി പരിഗണിച്ചതിനെയും അതിനെ ആധാരമാക്കിയുള്ള ഉന്നാമപ്രവർത്തനത്തെയും സി. എൽ. ആന്റണി നിരാകരിക്കുന്നു. വർത്സ്യാനുനാസികം വർത്സ്യമധ്യമമാകുന്ന (ഩ→ല) സന്ധിവികാരമാണ് യഥാർത്ഥത്തിൽ ഇത്തരം സന്ദർഭങ്ങളിൽ സംഭവിക്കുന്നതെന്നാണ് ആന്റണിയുടെ അഭിപ്രായം. അല്ലാതെ വർത്സ്യം ദന്ത്യമാ

കുന്ന വർഗ്ഗമാറ്റമൊന്നും നടക്കുന്നില്ലെന്നും പറയുന്നു. മുൻ, പിൻ, പൊൻ എന്നിവയിലെ അന്ത്യകാരം ഖരം പരമാകുമ്പോൾ ലകാരമാകുന്നത് നിത്യമല്ലെന്നും അദ്ദേഹം ഉദാഹരണങ്ങൾ സഹിതം വിവരിക്കുന്നു.

ഉദാ: 1. മുല്പാട്– മുല്പുക്ക്, മുൻപട - മുൻപല്ല്

2. പില്ക്കാലം – പില്പാട്, പിൻകാല് - പിൻതുണ

3. പൊൽക്കുടം – പൊൽത്താർ, പൊൻകാരം - പൊൻപണി

(ആന്റണി, 2005 : 36)

ഗുണ്ടർട്ടിന്റെ *മലയാളഭാഷാവ്യാകരണ*ത്തിൽ ഇത്തരം ആശയങ്ങളെ വിവരിക്കുന്നതും പരിശോധിക്കാം

മുൻ + കാഴ്ച = മുല്ക്കാഴ്ച, പൊൻ + കലം = പൊല്ക്കലം

പൊൻ + ചോറു = പൊൽച്ചോറു, പൊൻ + ചരടു = പൊഞ്ചരടു

മുൻ + പുക്കു = മുല്പുക്കു, തിരുമുൻ + പാട് = തിരുമുല്പാടു

പിൻ + പാടു = പില്പാടു (ഗുണ്ടർട്ട്, 2014 : 51)

മുൻ, പിൻ, പൊൻ എന്നിവയ്ക്കുശേഷം ഖരം വരുമ്പോൾ ലകാരം നിത്യമായി വരുന്നതായാണ് ഗുണ്ടർട്ട് നിർദ്ദേശിക്കുന്നത്.

**കേരളപാണിനീയകാരിക - (25a-2)**

''സമുച്ചയനിപാതത്തിൽ
ചേരുന്നേരം വകാരമാം
ഭാവിപ്രത്യയമാവിന്നും
വകാരം പ്രത്യയേപരേ''

''സമുച്ചയനിപാതമായ 'ഉം' അനുസ്വാരത്തിനു പരമായി വരുമ്പോൾ അനുസ്വാരം വകാരമായി മാറുമെന്നത് മലയാളത്തിന്റെ ഒരു സവിശേഷതയായി കേരളപാണിനി പ്രസ്താവിക്കുന്നു. എന്നാൽ അനുസ്വാരം വകാരമാവുന്ന പ്രക്രിയ തമിഴിലുണ്ടെന്നും തമിഴ്-മലയാളങ്ങൾ ഒന്നായിരുന്ന പൂർവ്വദശയോളം പ്രാചീനത അതിനുണ്ടെന്നും സി. എൽ. ആന്റണി തിരുത്തുന്നു.

കുറ്റം + ആളി = കുറ്റവാളി, കലം + അറൈ = കലവറൈ

മണം + ആളൻ = മണവാളൻ, പുണ്യം + ആളൻ = പുണ്യവാളൻ

നിലം + അറൈ = നിലവറൈ (ആന്റണി, 2005 : 36)

അനുസ്വാരം വകാരമാവുന്നതിന് തമിഴിലുള്ള ഉദാഹരണങ്ങളെ സി. എൽ. ആന്റണി ഇത്തരത്തിൽ വിവരിക്കുന്നു.

*മലയാഴ്മയുടെ വ്യാകരണ*ത്തിൽ മാത്തൻ സമാനാശയങ്ങൾ അവതരിപ്പിച്ചിരിക്കുന്നു. ''ഒരു നാമം 'അം' എന്നതിൽ അവസാനിക്കയും 'ഉം' എന്നത് പിന്നാലെ ചേരുകയും ചെയ്താൽ മകാരം വകാരമായിട്ടു തീരും: ദൃ-ന്തം; സുഖം+ഉം = സുഖമും = സുഖവും''. (ജോർജ്ജ് മാത്തൻ, 2000 : 27). വ്യഞ്ജന സന്ധികളെക്കുറിച്ചുള്ള വിവരണത്തിൽ ഗുണ്ടർട്ടും ഇപ്രകാരമുള്ള സന്ധിവി

കാരങ്ങളെ ഉദാഹരണങ്ങളോടെ വിവരിക്കുന്നുണ്ട്. "*അം* എന്ന പദാന്തം 'ഉം' എന്നതിൽ മുമ്പിൽ 'അവ' ആകും. പാപം -പാപവും; ഓട്ടം ഒഴുക്കം = ഓട്ട വൊഴുക്കവും; വസ്ത്രവെല്ലാം" (ഗുണ്ടർട്ട്, 2014 : 52).

**ലീലാതിലകത്തിലെ ആദേശസന്ധി നിയമങ്ങൾ**

*ലീലാതിലകം* മൂന്നാംശില്പത്തിലാണ് സന്ധികാര്യങ്ങളുടെ ചർച്ചയുള്ളത്. ആദേശസന്ധിനിയമങ്ങളെ ചുരുക്കിപ്പറയാം:

- "ണസ്തസ്യ ടഃ" (സൂത്രം 50)

  ണകാരത്തിനുപരമായ തകാരത്തിന് ടകാരാദേശം വരുന്നു.

  ഉദാ: മൺ = തീതു = മണ്ടീതു, കൺ + തീതു = കണ്ടീതു

- "നോ ണഃ" (സൂത്രം 51)

  ണകാരത്തിനു പരമായ നകാരത്തിനു ണകാരമാദേശം ഉണ്ടാകുന്നു.

  ഉദാ: മുൺ + നൻറു = മുണ്ണൻറ്

- "ളോ നേ'' (സൂത്രം 52)

  ളകാരത്തിനു ശേഷം വരുന്ന നകാരത്തിനു ണകാരാദേശം സംഭവിക്കുന്നു.

  ഉദാ: മുൾ + നൻറു = മുൺനൻറു

  ളകാരത്തിനു പരമായുള്ള മകാരത്തിന് വികല്പേന ണകാരാദേശം വരു മെന്നും ലീലാതിലകകാരൻ പറയുന്നു

  ഉദാ: വാൾ + മേൽ = വാണ്മേൽ, തോൾ + മേൽ = തോണ്മേൽ

- "മസ്യ യഥായോഗം കാദിഷു പഞ്ചമഃ" (സൂത്രം 53)

  മകാരത്തിനു പരമായി കാദികൾ (ക, ച, ത, പ) വന്നാൽ അവയുടെ പഞ്ചമം (അനുനാസികം) യഥാക്രമം വരുമെന്നാണ് ആചാര്യൻ പറയുന്നത്.

  ഉദാ: മരമ് + കുറുതു = മരങ്കുറുതു: മരഞ്ചെറുതു;

  മരന്തോറും, മരംയാതൊൻറു, മരം വലിതു

- "നേ ന" (സൂത്രം 54)

  മകാരത്തിനു നകാരം പരമായാൽ നകാരമാദേശം

  ഉദാ: മരമ് + നൻറു = മരന്നൻറു

- "ലളയോഃ കചപേഷു റഃ" (സൂത്രം 62)

  ല, ള എന്നിവയ്ക്കുശേഷം കചപങ്ങൾ വന്നാൽ റകാരം ആദേശമായി വരുന്നു

  ഉദാ: കൽ + കുളം = കർകുളം = കർക്കുളം

  പൊൻ + കണ്ണാടി = പൊർക്കണ്ണാടി

  പൊൻ + പന = പൊർപ്പന

കൽ + പടി = കർപ്പടി

യ, ര, ല, ഴ, ള എന്നിവയ്ക്കു പരമായിവരുന്ന കാദികൾക്കു ദ്വിത്വംവരുമെന്ന് *ലീലാതിലകം* 56-ാം സൂത്രത്തിൽ പറയുന്നതിനാൽ 'ർ'നുശേഷം ഇരട്ടിപ്പു വരുന്നതാണ് മേൽപറഞ്ഞ ഉദാഹരണങ്ങളിൽ കാണുന്നത്. റകാരം(ർ) ലകാര ച്ഛായയോടെ(ൽ) ഉച്ചരിക്കുന്നത് കേരളഭാഷയ്ക്ക് അനുയോജ്യമല്ലെന്നും ലീലാ തിലകകാരൻ വിവരിക്കുന്നു.

- "തേഃസ്യ ച" (സൂത്രം 63)

ലണങ്ങൾക്കു തകാരം പരമായാൽ ആ 'ത'കാരം 'റ'കാരമായിമാറുന്നു. തകാര ത്തിനു മാത്രമല്ല പൂർവ്വങ്ങളായ 'ലണ'കൾക്കും റകാരം ആദേശംവരുമെന്ന് സൂത്രത്തിലെ 'ച' എന്ന പ്രയോഗം സൂചിപ്പിക്കുന്നു.

ഉദാ: കൽ + തളം = കറ്റളം, പൊൻ + താമര = പൊറ്റാമര

കോൽ + തേൻ = കോറ്റേൻ

- "ലോണഃ പഞ്ചമേഷു" (സൂത്രം 64)

ലകാരത്തിന് ഞനമങ്ങൾ പരങ്ങളായാൽ ലകാരം ണകാരമായിത്തീരുന്നു.

ഉദാ: കൽ + ഞെറി = കൻഞെറി, വിൽ + നീളം = വിന്നീളം

നെൽ + മുള = നെന്മുള

**ആദേശസന്ധി – ആധുനികവൈയാകരണന്മാരുടെ വീക്ഷണങ്ങൾ**

- *വ്യാകരണമിത്രം* - ശേഷഗിരിപ്രഭു

ആദേശം മൂന്നുവിധത്തിൽ വരുമെന്നാണ് ശേഷഗിരിപ്രഭുവിന്റെ നിരക്ഷണം. (i) പരസവർണ്ണാദേശം (ii) പൂർണ്ണസവർണ്ണാദേശം (iii) ഉഭയാദേശം (ശേഷഗി രിപ്രഭു, 1989 : 84-85)

സ്വരസന്ധിയിൽ വരുന്നത്, വ്യഞ്ജനസന്ധിയിൽ വരുന്നത് എന്ന രീതിയിൽ ആദേശസന്ധിയെ തരംതിരിക്കുന്നു.

**സ്വരസന്ധിയുടെ ഭാഗമായുള്ള ആദേശസന്ധികൾ**

- അയ, അവ എന്ന പദാംശങ്ങൾക്ക് ഏ, ഓ എന്നിവ ആദേശം വരും. ഉദാ: കുറ യ-കുറേ, അവൻ-ഓൻ, വാനവർ-വാനോർ
- ചിലപ്പോൾ അയ, അവ എന്നിവ ഐ, ഔ ആയും മാറും. തയിർ - തൈർ, കവുങ്ങ് - കൌങ്ങ്
- ആ, ഈ, ഊ, ഏ, ഐ, ഓ എന്നിവ വർണ്ണലോപത്താലുണ്ടാകുന്ന ദീർഘ ങ്ങൾ ആകുന്നു.

  ആ - അവൻ - ആൻ, കഴൽ - കാല്, പകുതി - പാതി

ഈ - ഇഴുക്ക് - ഈക്ക്

ഊ - ചാരുപടി - ചാരൂടി

ഏ - ചകാരി - ചേരി

അയ് - അയ്യൻ - ഐയ്യൻ

ഓ - അവർ - ഓർ (ശേഷഗിരിപ്രഭു, 1989 : 81)

വ്യഞ്ജനസന്ധിയുടെ ഉൾപ്പിരിവായ വ്യഞ്ജനാദേശസന്ധികൾ

a. പരസവർണ്ണാദേശം

- 'ൻ, മ' ഇവയുടെ പിന്നിൽ വ്യഞ്ജനം വന്നാൽ ഇവയ്ക്കു പരസവർണ്ണം ആദേശമായി വരും.

  ഉദാ: നകാരം : അവൻ + ചൊന്നാൻ = അവഞ്ചൊന്നാൻ,

  എൻ + പോറ്റി = എമ്പോറ്റി

  മകാരം: കൊടും + കാറ്റു = കൊടുങ്കാറ്റു

  കടും + ചോര = കടുഞ്ചോര (1989 : 84)

- മുൻ, പൊൻ, പിൻ എന്നിവയുടെ അന്ത്യനകാരത്തിന്റെ പിന്നിൽ ഖരം വന്നാൽ നകാരത്തിനു ലകാരം ചിലപ്പോൾ ആദേശമായി വരും.

  ഉദാ: മുൻ + കാഴ്ച = മുല്ക്കാഴ്ച

  പൊൻ + താർ = പൊല്ത്താർ

  പിൻ + പാട് = പില്പാട് (1989 : 84)

- ലണകൾക്ക് 'ക, ച, പ' എന്ന ഖരങ്ങൾ പരമായാൽ *ലീലാതിലകം* വിധിക്കുന്ന റകാരം ഇപ്പോൾ ഇല്ല. അന്നും നടപ്പിൽ വന്ന ലകാരം ഗ്രന്ഥകാരന് അസ്വീകാര്യമായിരുന്നു.

  ഉദാ : കൽ + കുളം = കർക്കുളം, കല്ക്കുളം

  പൊൺകണ്ണാടി – പൊർക്കണ്ണാടി - പൊല്ക്കണ്ണാടി

  കൽ + ചിറ = കർച്ചിറ = കല്ചിറ

  പൊൺ + ചില = പൊർച്ചില, പൊൻചില - പൊഞ്ചില (1989 : 84)

- ലണകൾക്കു തകാരം പരമായാൽ ലീലാതിലകം രണ്ടിന്നും ഏകദേശമായി വിധിക്കുന്ന റ്റകാരം ഇപ്പോൾ ക്രിയാരൂപങ്ങളിൽ ശേഷിച്ചിട്ടുണ്ട്.

  ഉദാ: കൽ + തലം = കറ്റളം = കല്ത്തളം

  പൊൻ + താർ = പൊറ്റാർ = പൊല്ത്താർ

  അകല് + ത്തുന്നു = അകറ്റുന്നു

  വില് + തു = വിറ്റു

  ഏൽ + തു = ഏറ്റു (1989 : 84)

- ലകാരത്തിന്റെ പിന്നിൽ ഖരം വന്നാൽ ലകാരം ലോപിച്ചു പരസവർണ്ണം വികല്പമായും വരും.
  ഉദാ: തുന്നൽ + പണി = തുന്നപ്പണി, തുന്നൽപ്പണി
  മേൽ + തരം = മേത്തരം, മേല്ത്തരം (1989 : 85)
- ണകാരത്തിനു ചകാരം പരമായാൽ അതിന്നു ഞകാരം ആദേശം വരും.
  ഉദാ: വെൺചമരി - വെഞ്ചമരി, മൺചിറ - മഞ്ചിറ (1989 : 85)

b. പൂർവ്വസവർണ്ണാദേശം

- മൂർദ്ധന്യങ്ങൾക്കു പിന്നിൽ തവർഗ്ഗം വന്നാൽ തവർഗ്ഗത്തിനു പൂർവ്വസവർണ്ണം ആദേശമായി വരും
  ഉദാ : ഇട് + തു = ഇട് + ടു = ഇട്ടു
  ഉൺ + തു = ഉണ്ടു
  വേൾ + തു = വേട്ടു
  ഉരുൾ + തുന്നു = ഉരുട്ടുന്നു
  വെൾ + മ = വെൺമ (1989 : 85)

c. ഉഭയാദേശം

- പരസവർണ്ണാദേശവും പൂർവ്വസവർണ്ണാദേശവും ഒരു പദത്തിൽത്തന്നെ പ്രവർത്തിച്ചുകാണും. അതിന്ന് 'ഉഭയാദേശം' എന്നു പറയുന്നു.

അന്ത്യമകാരത്തിനു ങകാരത്തിന്റെ പിന്നിലെ

ഉദാ : മരം + കൾ ———— മരങ്+കൾ ———— മരങ്ങൾ

പരസവർണ്ണാദേശം കകാരത്തിന് പൂർവ്വസവർണ്ണാദേശം

കുളം + കര = കുളങ് + ങര = കുളങ്ങര (1989 : 85)

- ളകാരഴകാരങ്ങൾക്കു നകാരം പരമായാൽ നകാരം ണകാരമായി രണ്ടിന്നും സവർണ്ണം വരും. ഒരു ണകാരം ലോപിക്കുകയും ചെയ്യും
  ഉദാ: വാഴ് + നാൾ = വാൾ + ണാൾ = വാൺ + നാൾ = വാണാൾ
  നീൾ + നാൾ = നീണാൾ (1989 : 85)

**ആദേശസന്ധി - കെ. സുമാരപിള്ള**

ആദേശസന്ധിയിലെ നിയമങ്ങളെ വർത്സ്യാദേശം, മൂർദ്ധന്യാദേശം, താലവ്യാദേശം, അനുനാസികാദേശം എന്നീ ഉപശീർഷകങ്ങളോടെയാണ് സുകുമാരപിള്ള അവതരിപ്പിക്കുന്നത്. കേരളപാണിനിയുടെ വിനാമക്രിയ (വർണ്ണത്തിന്റെ സ്ഥാനം താഴൽ) എന്ന സങ്കല്പം അസംഗതമാണെന്നും ലകാരത്തിനു ദന്ത്യ

മൂല്യം നൽകിയതുകൊണ്ടു സംഭവിച്ച തെറ്റാണതെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.

**a. വർത്സ്യാദേശനിയമങ്ങൾ**

പദമധ്യത്തിൽ ആദേശം നിത്യമാണെന്നു പറയുന്നു.

ഉദാ: 1. റ് + ത = റ്റ; പെറ് + തു = പെറ്റു

2. ല് + ത =റ്റ; വില് + തു = വിറ്റു

അകല് + ത് = അകറ്റ്

3. ൻ + ത = ന്റ; എൻ + ത് = എന്റ്

4. ല് + ന് (ത) = ന്റ(ന്ന); നൽ + നൂൽ = നന്നൂൽ

ചെല് + തു = ചെന്റു, ചെന്നു

5. ല് + അനുനാസികം = ൻ + അനുനാസികം

നല് + മ = നന്മ

6. ൻ + ട = ന്റ; രാമൻ + ടെ = രാമന്റെ

(സുകുമാരപ്പിള്ള,1980 : 194-195)

വർത്സ്യാദേശനിയമങ്ങൾ ആധുനികമലയാളഭാഷയിൽ ഉപയോഗിക്കുന്നില്ലെന്നാണ് സുകുമാരപ്പിള്ള നിരീക്ഷിക്കുന്നത്. കൽ+താളം = 'കറ്റാളം' എന്നായിരുന്നു മുമ്പുണ്ടായിരുന്നതെങ്കിൽ ആ സന്ധിപ്രക്രിയ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കാണുക: പുൽത്തകിടി, കാവൽമാടം, ആൽമരം എന്നിവയും വർത്സ്യാദേശരഹിതമായ രൂപങ്ങളാണ്.

**b. മൂർദ്ധന്യാദേശനിയമങ്ങൾ**

പദമധ്യത്തിൽ ആദേശം നിത്യമായി വരുന്നു

1. ട് + ത = ട്ട, വിട് + തു = വിട്ടു
2. ള് +ത = ട്ട, കേൾ + തു = കേട്ടു
3. ൺ + തു = ണ്ടു; കൺ + തു = കണ്ടു
4. ള് + അനുനാസികം = ണ് + അനുനാസികം
   വെള് + മുകിൽ = വെൺമുകിൽ

ണ് + ന = ണ്ണ; കൺ + നീർ = കണ്ണീർ (1980 : 196)

പദാന്തസന്ധിയിൽ ആദേശം വൈകല്പികമാണ്

വിൺ + തലം = വിണ്ടലം , തൺ + താർ = തണ്ടാർ (1980 : 196)

പഴയമലയാളത്തിൽ ഇത്തരം രൂപങ്ങളുണ്ടെങ്കിലും ആധുനികമലയാളത്തിൽ മൂർദ്ധ്യാദേശം വരാതെയും ഈ പദങ്ങളെ ഉപയോഗിക്കാറുണ്ട്. ഉദാ: വെൺതിങ്കൾ, മൺതരി. മൂർദ്ധന്യപ്രവാഹിയായ ഴകാരം പദമധ്യസന്ധിയിലും പദാന്തസിന്ധി യിലും വരുന്നു.

വീഴ് + തു = വീണ്ണു > വീണു
കേഴ് + (ന്) തു = കേണു
} പദമധ്യസന്ധി

പാഴ് + നിലം = പാണിലം
വാഴ് + നാൾ = വാണ്ണാൾ > വാണാൽ
} പദാന്തസന്ധി

(1980 : 196)

ഈ ഉദാഹരണങ്ങളിൽനിന്നു വ്യത്യസ്തമായി ആധുനികമലയാളത്തിൽ ഴകാര ത്തിന് ആദേശമില്ലാത്ത രൂപങ്ങളും കാണുന്നു. ഉദാ: ആഴ്ന്നു, കമിഴ്ന്നു, താഴ്മ, വീഴ്ത്തുക

## C. താലവ്യാദേശ നിയമങ്ങൾ

പ്രകൃത്യന്തത്തിൽ ചകാരഞകാരങ്ങൾക്ക് നിലനിൽപ്പില്ല. എന്നാൽ യകാരത്തിനു നിൽക്കാൻ കഴിയുമെന്നും അഥവാ യകാരം ലോപിക്കുകയാണെങ്കിൽ പരമായ തകാരത്തിന് ഇരട്ടിച്ച ചകാരവും, നകാരത്തിന് ഇരട്ടിച്ച ഞകാരവും ആദേശമായി വരുമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.

ഉദാ: വയ് + തു = വച്ചു, അയ് + നൂറ് = അഞ്ഞൂറ് (1980 : 197)

### അനുനാസികാദേശനിയമങ്ങൾ

- അനുനാസികാദേശം വന്നതും വരാത്തതുമായ രൂപങ്ങൾ ഭാഷയിലുണ്ട്. ഉദാ: കുഞ്ചൻ, കുഞ്ഞൻ; നെഞ്ച്, നെഞ്ഞ്

- പദാന്തസന്ധിയിൽ അനുനാസികാദേശം വൈകല്പികമാണ്. മാങ്ങ, കുളങ്ങര തുടങ്ങിയ രൂപങ്ങളോടൊപ്പം വലങ്കൈ, ചെന്താമര എന്നിങ്ങനെ അനുനാസികാദേശരഹിതമായ രൂപങ്ങളും കാണാം.
- ധാതുപ്രകൃതികളിലെ അനുനാസികാദേശം
  തോന്റുക - തോന്നുക, തങ്കുക - തങ്ങുക
- ചില സംയോഗങ്ങളിൽ അനുനാസികാദേശം ഇല്ല. ഉദാ: കൂമ്പുക, വെമ്പുക
- പ്രകൃതിപ്രത്യയങ്ങൾ തമ്മിൽചേരുമ്പോൾ അനുനാസികാദേശം പ്രബലമാണ്. ഉദാ: ചെന്റു - ചെന്നു, പറഞ്ചു - പറഞ്ഞു

(സുകുമാരപിള്ള, 1980: 194-204)

*കേരളപാണിനീയ*ത്തിലെ 'ആദേശസന്ധി' എന്ന ഭാഗത്തുള്ള ആദ്യകാരിക (കാരിക20) യുടെ വിവരണത്തിന്റെ അവസാനത്തിൽ "എന്ഺു, നിന്ഺു ഈ വക ശബ്ദങ്ങൾ 'എന്നു', 'നിന്നു' എന്ന രൂപത്തിൽ ആക്കിയത് പിന്നീടാണ്" എന്നുള്ള കേരളപാണിനിയുടെ പ്രസ്താവനയുണ്ട്. എന്നാൽ ഇതിനെ ഖണ്ഡിച്ചുകൊണ്ട് സി. എൽ. ആന്റണി *കേരളപാണിനീയഭാഷ്യ*ത്തിൽ മറ്റു ചില ആശയങ്ങൾ അവതരിപ്പിക്കുന്നു : "എന്ഺ്, നിന്ഺ് എന്നീ ശബ്ദങ്ങളാണ് പില്ക്കാലത്ത് എന്നു, നിന്നു എന്ന വിധത്തിൽ വികസിച്ചതെന്ന് കേരളപാണിനി ഈ കാരികയുടെ (കാരിക 20) വിവരണത്തിൽ പ്രസ്താവിക്കുന്നു. വർത്സ്യമായ ന്ഺ യിൽനിന്ന് ദന്ത്യമായ 'ന്ന' രൂപമെടുക്ക സാദ്ധ്യമല്ല. മാത്രമല്ല, എൻ+തു എന്നതു 'എന്റു' എന്നാകുമെന്നു കരുതുന്നത് പൂർവസവർണ്ണനനയത്തിന്റെ പ്രവർത്തനം സങ്കൽപിച്ചുകൊണ്ടാണ്. എന്നാൽ കോങ്കണ്ണ്, പെങ്ങൾ, വെഞ്ചാമരം എന്നീ രൂപങ്ങളിൽ കാണുന്നവിധം പരസവർണ്ണനം വന്നാൽ എന് + തു എന്നിങ്ങനെ ദന്ത്യനകാരമാണ് വരിക. സംഭവിച്ചിട്ടുള്ളത് അങ്ങനെയാണുതാനും. തന്മൂലം, 'എന്ഺ്' എന്ന തമിഴുരൂപവും 'എന്നു' എന്ന മലയാളരൂപവും 'എന്തു' എന്നൊരു പ്രാഗ്‌രൂപത്തിൽനിന്നു വികസിച്ചുവെന്നു കരുതുന്നതായിരിക്കും ശാസ്ത്രസമ്മതം" (ആന്റണി, 2005: 33). സി. എൽ. ആന്റണിയുടെ അഭിപ്രായങ്ങളെ സുകുമാരപ്പിള്ള പുനഃപരിശോധിക്കുന്നുണ്ട്.

- 'വില് + തു = വിറ്റു, അകല് + ത്ത് – അകറ്റ്' (കാരിക 22-ന്റെ വിശദീകരണം) എന്നീ ഉദാഹരണങ്ങളിൽ ലകാരത്തിന് വിനാമം നടന്നാണ് വർത്സ്യാദേശം വന്നതെന്ന് ഏ. ആർ. പ്രസ്താവിച്ചിട്ടുണ്ട്. ലകാരത്തിന് ദന്ത്യമൂല്യമാണെന്ന് തെറ്റിദ്ധരിച്ചുകൊണ്ടാണ് കേരളപാണിനിക്ക് അബദ്ധംപിണഞ്ഞതെന്ന

ആന്റണിയുടെ നിരീക്ഷണത്തെ സുകുമാരപിള്ള അംഗീകരിക്കുന്നുണ്ട്. തന്നെ യുമല്ല ലകാരം വർത്സ്യമാണെന്ന് ഉറപ്പിച്ചു പറയുകയും ചെയ്യുന്നു.

- 'എന്തു' എന്നൊരു പ്രാഗ്‌രൂപത്തിന്റെ വികസിതരൂപങ്ങളാണ് 'എന്റു' (തമിഴ്), 'എന്നു' (മലയാളം) എന്നുള്ള ആന്റണിയുടെ അഭിപ്രായത്തെ ഖണ്ഡിക്കുന്നു. അനുനാസികാതിപ്രസരം എന്ന ഭാഷാനയത്തിന്റെ സംഭാവനകളിൽ ഒന്നാണ് 'വർത്സ്യനകാരം + ത്' എന്നത് 'ദന്ത്യം' (ന്ന്) ആകുന്ന പരിണാമമെന്ന് നിസ്സം ശയം പറയുന്നു. വർത്സ്യാനുനാസികത്തിനുമാത്രം പരസവർണനം കൽപി ക്കുന്ന സമ്പ്രദായം ശാസ്ത്രസമ്മതമല്ലെന്നും വാദിക്കുന്നുണ്ട്.[69]

- പരസവർണനരീതിയിലും മലയാളത്തിൽ ആദേശസന്ധി സംഭവിക്കാറു ണ്ടെന്നാണ് സി.എൽ.ആന്റണിയുടെ പക്ഷം. -കൾ പ്രത്യയത്തിന് മുമ്പിരി ക്കുന്ന മകാരനകാരങ്ങൾക്ക് കേരളപാണിനിയും കകാരചകാരങ്ങൾക്ക് മുമ്പിരി ക്കുന്ന ണകാരത്തിന് ആന്റണിയും പരസവർണനം വിധിക്കുന്നുണ്ടെങ്കിലും രണ്ടുപേരുടെയും വിവരണങ്ങൾ പൂർണമല്ലെന്ന് സുകുമാരപിള്ള ആരോപിക്കു ന്നു. [70]

- മുൻ, പിൻ, പൊൻ എന്നിവയിലെ പ്രകൃത്യന്തനകാരത്തിന് ലകാരാദേശം നിത്യമല്ലെന്ന് കേരളപാണിനീയഭാഷ്യകാരൻ ഉദാഹരണസഹിതം ഏ. ആറിന്റെ അഭിപ്രായത്തെ ഖണ്ഡിക്കുന്നുണ്ട്. സുകുമാരപിള്ളയും അത്തര മൊരു ലകാരാദേശം സാർവ്വത്രികമല്ലെന്ന് അഭിപ്രായപ്പെടുന്നുണ്ട്. [71]

**ക്രോഡീകരണം**

മലയാളഭാഷയിലെ വർണങ്ങളെയും അവയുടെ ധ്വനിമൂല്യങ്ങളെയും സംബന്ധിച്ചുള്ള ധാരണകൾ പൂർവ്വവൈയാകരണരുടെ ആലോചനകളിൽത്തന്നെ രൂപപ്പെട്ടിട്ടുള്ളതാണ്. കേരളഭാഷയുടെ തനതായ അക്ഷരങ്ങളെ വ്യാവർത്തിപ്പി ക്കുന്ന ലീലാതിലകകാരനും, സംസ്കൃതപദങ്ങളെയും ദ്രാവിഡേതര (Un-Dravidian) പദങ്ങളെയും നമ്മുടെ ഭാഷയിലൂടെ എഴുതുന്നതിന് സംസ്കൃത വർണ്ണവ്യവസ്ഥ സ്വീകരിക്കേണ്ടിവന്നതിന്റെ സംക്ഷിപ്തവിശദീകരണം നൽകുന്ന കോളിൻസും, 37 മലയാളവ്യഞ്ജനങ്ങളിൽ 34 എണ്ണവും സംസ്കൃതരീതിയനുസ രിച്ചുള്ളവയാണെന്നും മലയാളഭാഷയുടെ സ്വന്തമെന്നു പറയാവുന്നവ അതിൽ ള, റ, ഴ എന്നിവയാണെന്നും വിശദീകരിക്കുന്ന ജോസഫ് പീറ്റും, സംസ്കൃതാക്ഷര ങ്ങളെ ഒഴിവാക്കിക്കൊണ്ട് മലയാളത്തിന് നവീനമായൊരു അക്ഷരമാല രൂപീകരി ക്കുന്ന ജോർജ്ജ് മാത്തനും തങ്ങളുടെ വ്യാകരണചർച്ചകളിൽ വർണ്ണസംബന്ധി യായ വീക്ഷണങ്ങൾ അവതരിപ്പിച്ചവരാണ്. സി. എൽ. ആന്റണി കേരളപാണിനി

യിൽ ആരോപിക്കുന്ന സംസ്കൃതാനുകരണദോഷം മേൽപ്പറഞ്ഞ പൂർവ്വികരുടെ ആശയാവിഷ്ക്കാരങ്ങളിൽ തുലോം കുറവാണെന്നു കാണാം.

മലയാളഭാഷയുടെ തനതായ വർണ്ണങ്ങളെ വ്യവച്ഛേദിച്ചറിയാനുള്ള അന്വേഷണങ്ങളും പൂർവ്വദശയിൽതന്നെ ആരംഭിക്കുന്നുണ്ട്. തത്സമ-തത്ഭവപദങ്ങളും, പരകീയപദങ്ങളും നമ്മുടെ ഭാഷയുടെ വർണ്ണവ്യവസ്ഥയ്ക്കനുസൃതമായി എഴുതാൻ പാകത്തിൽ അക്ഷരമാലാക്രമം പരിവർത്തനവിധേയമാകുന്നതിന്റെ തെളിവുകളും പ്രസ്തുത വൈയാകരണന്മാരുടെ കൃതികളിൽ കാണാം. ആ അർത്ഥത്തിൽ വർണം, അക്ഷരമാല എന്നിവയെ വേണ്ടരീതിയിൽ ഉൾക്കൊള്ളാൻ അവർക്കു സാധിച്ചു. സി. എൽ. ആന്റണിയും അത്തരം സൂക്ഷ്മതകൾ ഗ്രഹിച്ചിട്ടുണ്ടെന്നു മനസ്സിലാക്കാം. കേരളപാണിനി അക്ഷരം, വർണം എന്നീ പദങ്ങളെ വിവേചനരഹിതമായി പല സന്ദർഭങ്ങളിലും പ്രയോഗിക്കുന്നുണ്ട്. എന്നാൽ ഒരു ഭാഷയുടെ പൊതുവായ വർണ്ണവ്യവസ്ഥയും ധ്വനിഭേദങ്ങളും അടിസ്ഥാനമാക്കിക്കൊണ്ട് അക്ഷരമാലാവ്യവസ്ഥ രൂപീകൃതമാകുമെന്ന പൂർവ്വവൈയാകരണചിന്തകളുടെ തുടർച്ചകളിലാണ് സി. എൽ. ആന്റണി കണ്ണിചേരുന്നതെന്നു പറയാം.

വർണ്ണങ്ങളുടെ ധ്വനിമൂല്യനിർണയനത്തിന് ആധുനികഭാഷാശാസ്ത്രത്തിന്റെയും നവീനോപകരണങ്ങളുടെയും അനിവാര്യതയിലാണ് അദ്ദേഹം ഊന്നുന്നത്. മുൻഗാമികളായ വൈയാകരണന്മാരുടെ ധ്വനിമൂല്യപരിശോധനാസംബന്ധിയായ ഉദ്യമങ്ങളെ അംഗീകരിക്കുന്നതിനൊപ്പം ഉപകരണാസ്പദമായ ധ്വനിവിജ്ഞാനീയത്തിന്റെ സാധ്യത പ്രധാനമാണെന്ന് അദ്ദേഹം കരുതുന്നു. മുൻവിധികളെ മാറ്റിനിർത്തി ഭാഷണശീലങ്ങളെ നിരീക്ഷിച്ചറിയുന്നതുവഴി ധ്വനിഭേദങ്ങളെ സൂക്ഷ്മമായി മനസ്സിലാക്കാനാവുമെന്ന നിരീക്ഷണവും അദ്ദേഹം അവതരിപ്പിക്കുന്നു.

വർണ്ണങ്ങളുടെ ചേർച്ചയുടെ അടിസ്ഥാനത്തിൽ ഭാഷയിൽ സംഭവിക്കുന്ന സന്ധിപ്രവർത്തനങ്ങളെ സംബന്ധിച്ചും സ്വകീയമായ നിരീക്ഷണങ്ങൾ സി. എൽ. ആന്റണി മുന്നോട്ടുവെയ്ക്കുന്നുണ്ട്. സന്ധി എവിടെയൊക്കെയാകാം എന്നുള്ളതിനെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ *കേരളപാണിനീയ*ത്തിൽ കാണുന്നില്ല എന്ന പരിമിതിയെ സംബന്ധിച്ചാണ് അതിലൊന്ന്. ശേഷഗിരിപ്രഭു, മാരാർ എന്നീ ആധുനികരുടെ സന്ധിപ്രയോഗനിയമങ്ങളെയാണ് ആന്റണി പിൻപറ്റുന്നത്. എന്നാൽ ലീലാതിലകകാരൻ, ജോർജ്ജ് മാത്തൻ എന്നിവരുടെ നിരീക്ഷണങ്ങളെ അദ്ദേഹം വേണ്ട മട്ടിൽ പരിഗണിക്കാൻ ശ്രമിക്കുന്നില്ല. ഒരു ഭാഷയുടെ അടിസ്ഥാന ഏകകമായി വർണ്ണവും ലിപിവ്യവസ്ഥയായ അക്ഷരമാലയും തമ്മിലുള്ള അടിസ്ഥാനവ്യത്യാസങ്ങൾ സൂക്ഷ്മമായി മനസ്സിലാക്കിയിട്ടും കേരളപാണിനി ഈ സംവർഗ്ഗങ്ങളെ കൃത്യതയില്ലാതെ പ്രയോഗിക്കുന്നതിനെ സംബന്ധിച്ച് ആന്റണി കാര്യമായ വിമർശനം ഉന്നയിച്ചിട്ടില്ല. കേരളപാണിനീയത്തിൽ 'അക്ഷരമാല'

എന്ന വിഭാഗത്തിൽ ചർച്ച ചെയ്യുന്ന കാര്യങ്ങളെ 'വർണമാല' എന്നുള്ള ശീർഷകം നൽകി വിമർശനാത്മകമായി പരിശോധിക്കുന്നതിനുള്ള യുക്തികളെ വിവരിക്കേണ്ടത് വളരെ അനിവാര്യമായിരുന്നു.

നാട്ടുഭാഷാപാതിരിയായ ജോർജ്ജ് മാത്തന്റെ വ്യാകരണം തന്റെ വ്യാകരണരചനയ്ക്ക് വളരെയൊന്നും സഹായകമായിട്ടില്ല എന്ന പ്രസ്താവന കേരളപാണിനി നടത്തുന്നുണ്ട്. കേരളപാണിനീയഭാഷ്യകാരനും മാത്തനെന്ന സ്വഭാഷാപഠിതാവിന്റെ ആലോചനകളിലൂടെ കടന്നു പോകുന്നില്ല. അകാരത്തിന്റെയും വർത്സ്യവർഗത്തിന്റെയും വിശദീകരണങ്ങളുടെയൊക്കെ അവസാനവാക്കായി ഗുണ്ടർട്ടിന്റെ നിഗമനങ്ങളെ പ്രതിഷ്ഠിക്കാനാണ് ആന്റണി ശ്രമിക്കുന്നത്. ജോർജ്ജ് മാത്തന്റെ മൗണ്യാക്ഷങ്ങൾ, അർദ്ധാച്ച് എന്നീ കല്പനകൾക്കു പിന്നിലെ വസ്തുനിഷ്ഠത ആധുനികഭാഷാശാസ്ത്രതത്വങ്ങളോട് കിടപിടിക്കുന്നതാണ്. രേഫലകാരങ്ങളോട് മധ്യമസ്വരം (central vowel) ചേർന്നാണ് ഋഌകാരങ്ങൾ ഉണ്ടായിരിക്കുന്നതെന്നും ഈ മധ്യമസ്വരത്തെക്കുറിച്ചുള്ള അജ്ഞതയാണ് സംവൃതോകാരത്തിന്റെ ഉച്ചാരണമൂല്യം നിജപ്പെടുത്തുന്നതിൽ പൂർവ്വപഠിതാക്കൾക്ക് പിഴവുകൾ വരുത്താൻ ഇടവരുത്തിയതെന്നും ആന്റണി വിധിയെഴുതുന്നുണ്ട്. എന്നാൽ, ജോർജ്ജ് മാത്തന് ആ അജ്ഞത ഒട്ടും ഉണ്ടായിരുന്നില്ലെന്ന് അദ്ദേഹത്തിന്റെ ഋകാരഌകാരവിശദീകരണങ്ങളിൽനിന്നും വ്യക്തമാണ്. അക്കാര്യം സി. എൽ. ആന്റണി ശ്രദ്ധിച്ചതായി കാണുന്നില്ല. 'അർദ്ധാച്ചിന്റെ ശബ്ദത്തോട് അടുത്ത ഒരു ശബ്ദം' ര, ല എന്നിവയോട് ചേരുമ്പോഴാണ് ഋ, ഌ എന്നിവയും അവയുടെ ദീർഘങ്ങളും ഉണ്ടാകുന്നതെന്ന് അദ്ദേഹം കൃത്യതയോടെ കണ്ടെത്തിയിട്ടുണ്ട്. മാത്രമല്ല, മധ്യമസ്വരത്തിന്റെ ഉച്ചാരണമൂല്യം അകാരഎകാരങ്ങൾക്ക് മധ്യേ ആണെന്നും ആ സ്വഭാഷാപഠിതാവ് വർഷങ്ങൾക്കുമുന്നേ മനസ്സിലാക്കുന്നു. ലകാരളകാരങ്ങൾ യഥാക്രമം വർത്സ്യം, മൂർദ്ധന്യം എന്നിങ്ങനെയാണെന്നാണ് ഇന്നു ഭാഷാശാസ്ത്രജ്ഞർക്കുള്ള അഭിപ്രായമെന്ന് എൽ. വി. ആറിന്റെ നിരീക്ഷണങ്ങളെ ഉദ്ധരിച്ച് സി. എൽ. ആന്റണി സമർത്ഥിക്കുന്നു. എന്നാൽ അത്തരം ധ്വനിമൂല്യങ്ങൾ മലയാഴ്മയിലെ ലകാരളകാരങ്ങൾക്ക് ജോർജ്ജ് മാത്തൻ സൂക്ഷ്മഭേദങ്ങളോടെ കല്പിക്കുന്നുണ്ട്. എകാരഒകാരങ്ങൾക്ക് ഹ്രസ്വദീർഘഭേദം മലയാളഭാഷയിൽ ആവശ്യമായതിനാൽ അവയ്ക്ക് വെവ്വേറെ ലിപികൾ വേണമെന്നും എന്നാൽ സംസ്കൃതത്തിൽ അതിന്റെ ആവശ്യമില്ലെന്നും ജോർജ്ജ് മാത്തൻ വ്യക്തമാക്കുന്നു. ഐ, ഔ എന്നിവയെ ദ്വിത്വസ്വരങ്ങളായും നിർദ്ദേശിക്കുന്നു. നവീനഭാഷാശാസ്ത്രപഠനങ്ങളെ കൂട്ടുപിടിച്ചുകൊണ്ട് 'എ, ഏ, ഒ, ഓ' എന്നിവയെ കേവലസ്വരങ്ങളെന്നും 'ഐ,ഔ' എന്നിവയെ സംയുക്തസ്വരങ്ങളെന്നും ശാസ്ത്രീയതയോടെ വിഭജിക്കാമെന്ന് ആന്റണി പറയുന്നു. *മലയാഴ്മയുടെ വ്യാകരണ*കാരന് ഈ വിധ

ത്തിലുള്ള ധാരണകൾ വളരെ കാലങ്ങൾക്കു മുമ്പുതന്നെ അവതരിപ്പിക്കാൻ കഴിയുന്നുണ്ട്. സംസ്കൃതാനുകരണദോഷം *കേരളപാണിനീയ*ത്തിന്റെ പൊതുവായ ഒരു പരിമിതിയായിരിക്കെ അതിനു മുൻപെത്തന്നെ ആ വിധത്തിലുള്ള സമീപനങ്ങളെ ആശ്രയിക്കാതെ മലയാളഭാഷയ്ക്കനുഗുണമായി വിരചിതമായ ജോർജ്ജ് മാത്തന്റെ വ്യാകരണകൃതി പരിശോധിക്കാതെപോയത് ആന്റണിയുടെ വീക്ഷണങ്ങളെ സങ്കുചിതമാക്കിയിരിക്കുന്നു.

സംസ്കൃതത്തിന്റെ രീതി പിന്തുടർന്ന് അകാരത്തിന് കണ്ഠ്യമൂല്യവും സന്ധിപ്രവർത്തനത്തിന്റെ ഭാഗമായി ശുദ്ധം, ഓഷ്ഠ്യം, താലവ്യം എന്നീ മൂല്യങ്ങളുമാണ് കേരളപാണിനി നൽകിയിരിക്കുന്നത്. താലവ്യ-ഓഷ്ഠ്യഅകാരങ്ങൾക്കു സന്ധിയിൽ യഥാക്രമം യ, വ എന്നിവ വരുമെന്ന ഏ. ആറിന്റെ അഭിപ്രായത്തെ ഉചിതമായ വിധത്തിൽ ആന്റണി പുന:പരിശോധിക്കുന്നില്ല. യ, വ എന്നിവ പ്രകൃതിഗതമാണെന്നും അകാരത്തിന്റെ ഓഷ്ഠ്യത്വമോ താലവ്യത്വമോ ഒന്നും അല്ല യവാഗമം നിർണ്ണയിക്കുന്നതെന്നും സുകുമാരപിള്ള, പ്രഭാകരവാര്യർ, വാസുദേവഭട്ടതിരി, ജോൺ കുന്നപ്പള്ളി എന്നിവർ സമർത്ഥിക്കുന്നുണ്ട്. മാത്രമല്ല, അകാരത്തിന്റെ ധ്വനിമൂല്യത്തെക്കുറിച്ച് സ്വഗതമായ ഒരു നിരീക്ഷണവും ആന്റണി പുലർത്തുന്നില്ല. അകാരത്തിന് നാലു വ്യത്യസ്ത മൂല്യങ്ങൾ കല്പിച്ചിരിക്കുന്നതിൽ കേരളപാണിനിക്ക് സംഭവിച്ചിട്ടുള്ള പാളിച്ചകൾ സംസ്കൃതാനുകരണദോഷത്തിന്റെയും ഗുണ്ടർട്ടിന്റെ നിഗമനങ്ങളെയും ആശ്രയിച്ചതുകൊണ്ട് സംഭവിച്ചതാണെന്നും ആന്റണി അനുമാനിക്കുന്നു. ഓഷ്ഠ്യാകാരം ശുദ്ധമാണെന്ന നിയമവൽക്കരണം ഗുണ്ടർട്ട് നടത്തുന്നുവെന്നും അതിനെ പിന്തുടർന്നാണ് അകാരത്തിന് ഏ. ആർ. ഓഷ്ഠ്യത്വം കല്പിച്ചിരിക്കുന്നതെന്നുമുള്ള അദ്ദേഹത്തിന്റെ വാദത്തെ പിൽക്കാലത്ത് ടി. ബി. വേണുഗോപാലപ്പണിക്കർ [72] നിരാകരിച്ചിട്ടുള്ളത് ഈ സന്ദർഭത്തിൽ ഓർക്കാവുന്നതാണ്.

സംവൃതോകാരത്തിന്റെ സവിശേഷസ്വഭാവങ്ങളായി അതിന്റെ സ്വതന്ത്രപ്രയോഗത്തെയും മധ്യമസ്വരമെന്ന ഉച്ചാരണമൂല്യത്തെയുമാണ് സി. എൽ. ആന്റണി പ്രധാനമായും അവതരിപ്പിക്കുന്നത്. എന്നാൽ താൻ ഊന്നുന്ന ഈ അംശങ്ങളുടെ പ്രയോഗസാദ്ധ്യത അദ്ദേഹം ആരായുന്നില്ല. സംവൃതോകാരത്തിന്റെ സ്വതന്ത്രപദവിയെ നിരവധി ഭാഷാപ്രയോഗസാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാണ് മൂസ്സത്, പ്രഭാകരവാര്യർ, സുകുമാരപിള്ള തുടങ്ങിയ ആധുനികർ നിഗമനങ്ങളിലെത്തിയിരിക്കുന്നത്. ഉച്ചാരണപരമായി മാത്രം വ്യതിരിക്തത പുലർത്തുന്നതിനാൽ ഇതിന്റെ സ്വതന്ത്രപദവിയെ നിഷേധിക്കുന്ന മൂസ്സതും അർത്ഥവ്യാവർത്തനശേഷി, പൂർണ്ണാപൂർണ്ണക്രിയകളുടെ വ്യവച്ഛേദനം സാദ്ധ്യമാക്കൽ, പ്രകാരങ്ങളിൽ പ്രയോഗഭേദം വരുത്താനുള്ള കഴിവ് എന്നിവയെ പുരസ്കരിച്ച് സ്വതന്ത്രസ്വരമായി ഗണിക്കാമെന്നു പറയുന്ന പ്രഭാകരവാര്യരും കൂടുതലായി ഉകാരത്തോടും പിന്നീട്

ഇകാരത്തോടും കുറഞ്ഞ അളവിൽ അകാരത്തോടും ഈ സ്വരത്തിന് ബന്ധമുണ്ടെന്ന് നിരീക്ഷിച്ചുകൊണ്ട് മറ്റുസ്വരങ്ങളുമായുള്ള തുലനാത്മകപഠനം നടത്തുന്ന സുകുമാരപിള്ളയും പദമധ്യത്തിൽ സംവൃത-ഉകാരത്തേക്കാൾ ഉച്ചസ്ഥാനമുള്ള സ്വരമാണ് അതെന്നുമുള്ള പ്രഭാകരവാര്യരുടെ പക്ഷവും സംവൃതോകാരത്തെ സംബന്ധിച്ചുള്ള തുടർ കാഴ്ച്ചപ്പാടുകളാണ്. ഈ സ്വരം ഉകാരഭിന്നമായ ഒന്നാണോ, പുതിയ സ്വരമാണോ, മറ്റൊന്നിന്റെ വകഭേദമാണോ ഇങ്ങനെയൊന്നും കേരളപാണിനി ചിന്തിക്കുന്നില്ല എന്ന് അത്ഭുതപ്പെടുന്ന സി. എൽ. ആന്റണിയും തന്റെ നിഗമനങ്ങളെ ഭാഷാപ്രയോഗങ്ങൾക്കനുസൃതമായി ക്രോഡീകരിക്കുന്നില്ല.

ഇരട്ടവർണ്ണങ്ങളെ പ്രതിനിധീകരിക്കുന്ന 'ഐ, ഔ' എന്നിവയെ സംയുക്ത സ്വരങ്ങളെന്നും എ, ഒ, അവയുടെ ദീർഘങ്ങൾ തുടങ്ങിയവയെ കേവലസ്വരങ്ങളെന്നുമാണ് സി. എൽ. ആന്റണി കരുതുന്നത്. സംസർഗം എന്ന ഭാഷാപ്രക്രിയയെ കൂട്ടുപിടിച്ചുകൊണ്ടാണ് എകാര-ഒകാരങ്ങളുടെ രൂപീകരണപ്രക്രിയയെ, കേരളപാണിനി വിശദമാക്കുന്നത്. അതനുസരിച്ച് 'അ+ഇ=എ, അ+ഉ=ഒ' എന്നിങ്ങനെ വരുമെന്നാണ് അദ്ദേഹത്തിന്റെ യുക്തി. എന്നാൽ 'അ+ഇ=ഐ' എന്നുള്ള നന്നൂൽസൂത്രത്തെ മനസ്സിലാക്കിയാവണം 'അ+ഇ=എ' എന്നുള്ള സംസ്കൃത സിദ്ധാന്തത്തെ ഏ. ആർ പിന്നീട് തിരസ്കരിച്ചതെന്നാണ് ആന്റണിയുടെ നിഗമനം. എന്നാൽ, സംസർഗ്ഗം എന്ന ഭാഷാവൃത്തിയെ സംബന്ധിച്ച് സൂക്ഷ്മവിശകലനമാണ് പ്രഭാകരവാര്യർ ചെയ്തിട്ടുള്ളത്. അല്പപ്രാണ-മഹാപ്രാണങ്ങളുടെ ഉച്ചാരണവൃത്തിയെ നിർണ്ണയിക്കുന്നതാണ് സംസർഗ്ഗപ്രവർത്തനം. അതൊരിക്കലും ഒരു അടിസ്ഥാനവർണ്ണത്തിന്റെ രൂപീകരണത്തിൽ പങ്കുവഹിക്കുന്നില്ലെന്ന വസ്തുതയാണ് അത്. ഐ, ഔ എന്നിവയെ സന്ധിസ്വരങ്ങൾ എന്നതിനെക്കാൾ 'സ്വരവ്യഞ്ജനയോഗം' എന്നു വിളിക്കുന്നതിലെ കൃത്യത വിവരിക്കുന്ന സുകുമാരപ്പിള്ളയും സ്വനിമസംഘാതമെന്ന നിലയിൽ ഐ, ഔ എന്നിവ അക്ഷരകേന്ദ്രമാണെന്നുമുള്ള എൽ. വി. ആറിന്റെ പക്ഷത്തെ അംഗീകരിക്കുന്ന മൂസ്സതും അയ്, അവ് എന്നിവയെ യഥാക്രമം പ്രതിനിധാനം ചെയ്യുന്നതിനാൽ ഐകാരഔകാരങ്ങളെ വർണ്ണമാലയിൽനിന്നും ഒഴിവാക്കണമെന്നു നിർദ്ദേശിക്കുന്ന വാസുദേവഭട്ടതിരിയും സി. എൽ. ആന്റണിയുടെ വീക്ഷണങ്ങളിൽനിന്നും വ്യത്യസ്തരായി ചിന്തിച്ചവരാണ്. വർത്സ്യവർഗത്തെ ആദ്യമായി നിരീക്ഷണം ചെയ്ത് അവതരിപ്പിച്ചത് ഗുണ്ടർട്ടാണെന്ന സി. എൽ. ആന്റണിയുടെ വാദവും അടിസ്ഥാനരഹിതമാണ്. ജോർജ്ജ് മാത്തന്റെയും വിദേശമിഷണറിമാരുടെയും ആലോചനകളിൽ ഈ വർണ്ണങ്ങൾ പരാമൃഷ്ടമാകുന്നുണ്ട്.

'ഭാഷാസന്ധികൾ' എന്ന ഖണ്ഡത്തിൽ ആന്റണി വിമർശനവിധേയമാക്കുന്നത് കൃതികളുടെ അവസാനത്തിലുള്ള ഉകാരം, 'വേണ്ടാ' എന്നതിന്റെ അന്തത്തി

ലുള്ള ആകാരം, പേരെച്ചങ്ങളുടെ അവസാനത്തിലുള്ള അകാരം, പദാന്ത എകാരം എന്നിവയുടെ ലോപത്തെ സംബന്ധിച്ച് കേരളപാണിനി നടത്തിയിട്ടുള്ള നിരീക്ഷണങ്ങളെയാണ്. ഉകാരാന്തകൃതികൾക്ക് പരമായി ഖിലധാതുക്കൾ വന്നാൽ ഉകാരലോപം നിത്യമെന്ന് ഏ. ആറും വികല്പമെന്ന് ആന്റണിയും കല്പിക്കുന്നു. എന്നാൽ മാത്തനും ഗുണ്ടർട്ടുമൊന്നും ഈ വിഷയത്തെ ഖിലധാതുക്കളുടെ മാത്രം പ്രത്യേകതയായി ചുരുക്കുന്നില്ല. മാത്രമല്ല, ആന്റണി നിർദ്ദേശിക്കുന്ന 'കണ്ടുവെന്ന്, കണ്ടുവോ, വന്നുവെങ്കിൽ' എന്നീ രൂപങ്ങളൊന്നും മലയാളികൾ സാധാരണ സംഭാഷണത്തിൽ ഉപയോഗിക്കുന്നില്ലെന്ന് ആധുനികനായ സുകുമാരപ്പിള്ളയും സമർത്ഥിക്കുന്നു. പേരെച്ചങ്ങളുടെ അവസാനത്തിലുള്ള അകാരത്തിന് ലോപം സംഭവിക്കുന്ന രീതിയിലുള്ള വികലമായ ഭാഷാപ്രയോഗങ്ങൾ മലയാളത്തിന്റെ രീതിയ്ക്ക് പരിചിതമല്ലെന്നുള്ള ഏ.ആറിന്റെ വാദത്തെ ആന്റണി നിരാകരിക്കുന്നു. അങ്ങനെയുള്ള സാഹചര്യങ്ങൾ മലയാളത്തിന് അപരിചിതമല്ലെന്ന് അദ്ദേഹം വാദിക്കുന്നുണ്ട്. പൂർവ്വികനായ ഗുണ്ടർട്ടിന്റെയും ആധുനികനായ രാമചന്ദ്രപൈയുടെയും നിരീക്ഷണങ്ങളാണ് ആന്റണിയുടെ നിരീക്ഷണങ്ങളുമായി ഏറെ പൊരുത്തം കാണിക്കുന്നത്.

കേരളപാണിനീയത്തിലെ ആഗമസന്ധിയെ സംബന്ധിച്ചുള്ള സി. എൽ. ആന്റണിയുടെ പ്രധാന വിമർശനങ്ങളും അതിനോടു കണ്ണിചേരുന്നതും അല്ലാത്തതുമായ നിരീക്ഷണങ്ങളും ഈ അധ്യായത്തിന്റെ ഭാഗമായി പരിശോധിച്ചിരുന്നു. പൂർവ്വസ്വരം താലവ്യമോ ഓഷ്ഠ്യമോ എന്നതിനെ ആശ്രയിച്ചാണ് സന്ധിയിൽ യവാഗമം നടക്കുന്നതെന്ന് കാരിക 7 ൽ പ്രതിപാദിച്ചിരിക്കുന്നു. ഉത്തരസ്വരത്തിന്റെ പ്രേരണകൊണ്ടും ഇത് സംഭവിക്കാമെന്ന് ആന്റണി ഉദാഹരണങ്ങളാൽ തിരുത്തുന്നു. ആധുനികപഠിതാക്കളിൽ സുകുമാരപ്പിള്ള, മൂസ്സത്, ഇ. വി. എൻ. നമ്പൂതിരി, പ്രഭാകരവാര്യർ എന്നിവരൊന്നും ആന്റണിയുടെ നിരീക്ഷണങ്ങളോട് ചേർന്നുപോകുന്ന രീതിയിലല്ല തങ്ങളുടെ വീക്ഷണങ്ങൾ കരുപ്പിടിപ്പിച്ചിട്ടുള്ളത്. ആവുന്നു - ആയി, പോവുന്നു - പോയി എന്നുള്ള ആന്റണിയുടെ ഉദാഹരണങ്ങളെത്തന്നെ എടുത്തുപയോഗിച്ച് ആവ് - ആക്, പോവ് - പോക് എന്നിങ്ങനെ മൂലധാതുസ്വരൂപങ്ങളെ നിർണ്ണയിക്കുകയും അവിടെയൊക്കെ യവാഗമം നടക്കുന്നത് കേരളപാണിനീയഭാഷ്യകാരൻ കരുതുന്നതുപോലെ ഉത്തരസ്വരത്തിന്റെ താലവ്യ-ഓഷ്ഠ്യഭേദത്തിന്റെ അടിസ്ഥാനത്തിലല്ലെന്നും തിരുത്തുകയാണ് സുകുമാരപിള്ള ചെയ്യുന്നത്. മൂലരൂപംതന്നെ യകാരവകാരസഹിതമാണെന്നും സമർത്ഥിച്ചിരിക്കുന്നു. വാസുദേവഭട്ടതിരിയും ഇത്തരത്തിൽ മൂലധാതുരൂപത്തെ കണ്ടെത്തി യവാഗമത്തെ നിരാകരിക്കുന്നു. ഓഷ്ഠ്യസ്വരമായ ഒകാരത്തിനുപോലും താലവ്യരഞ്ജകമായ ഉച്ചാരണം നമ്മുടെ ഭാഷയിലുണ്ടെന്നും അങ്ങനെയുള്ള അനവധി ധ്വനിപരിവർത്തനങ്ങൾ നിലവിലിരിക്കെ സ്വരങ്ങൾക്ക് താലവ്യോഷ്ഠ്യാദികൾ കല്പിക്കുന്നത് ആധുനികഭാഷാശാസ്ത്രമനുസരിച്ച് വികലമാണെന്നും മൂസ്സത് അഭിപ്രായ

പ്പെടുന്നു. ഉത്തരപദത്തിന്റെ സ്വഭാവവിശേഷത്താൽ യവാഗമം നടക്കുമെന്നുള്ള ആന്റണിയുടെയും ശേഷഗിരിപ്രഭുവിന്റെയും നിഗമനങ്ങളെ ഇ. വി. എൻ. അംഗീകരിക്കുന്നില്ല. സുകുമാരപ്പിള്ളയെപോലെ മൂലധാതുവിന്റെ പ്രത്യേകതകളെ ആധാരമാക്കിയുള്ള അപഗ്രഥനമാണ് ഇ. വി. എന്നും നടത്തുന്നത്. പൂർവ്വവർണ്ണത്തെ അടിസ്ഥാനമാക്കുന്ന കേരളപാണിനീയചിന്തയെ പിന്തുടർന്നാണ് മീരാക്കുട്ടി യവാഗമങ്ങൾ വിധിക്കുന്നത്. ഗുണ്ടർട്ടും പൂർവ്വസ്വരത്തെയാണ് പരിഗണിച്ചിട്ടുള്ളത്. എന്നാൽ പൂർവ്വം - ഉത്തരം, ഓഷ്ഠ്യം-താലവ്യം എന്നീ വേർതിരിവുകളൊന്നും ജോർജ്ജ് മാത്തന് വിഷയമാകുന്നില്ല. യകാരവകാരങ്ങൾ ധാത്വന്തങ്ങളാണെന്ന് എൻ. രാജേന്ദ്രനും, അവ പ്രകൃത്യംശങ്ങളാണെന്ന് എൻ. ആർ. ഗോപിനാഥപിള്ളയും സ്ഥാപിച്ചിരിക്കുന്നു. ചുരുക്കത്തിൽ പൂർവോത്തരപദങ്ങളുടെ താലവ്യ-ഓഷ്ഠ്യഭേദങ്ങൾ പ്രമാണിച്ച് യവാഗമം സംഭവിക്കുന്നുവെന്നുള്ള കേരളപാണിനിയുടെയും കേരളപാണിനീയഭാഷ്യകാരന്റെയും ആലോചനകൾ ആധുനികപഠിതാക്കളിൽ ഭൂരിപക്ഷവും വിമർശനവിധേയമാക്കുന്നതായി കാണാം.

'പൂർവമോഷ്ഠ്യസ്വരം വന്നാൽ, വകാരം ചേർത്തുകൊള്ളുക' - കാരിക7 ന്റെ അവസാനത്തിൽ വരുന്ന ഏ. ആറിന്റെ ഈ അഭിപ്രായത്തെ വിമർശിച്ചുകൊണ്ട് അത്തരം സന്ദർഭങ്ങളിൽ അകാരാഗമവും വിധിക്കുകയാണ് ആന്റണി ചെയ്യുന്നത്. മുതു + അൻ = മുതുക്കൻ, ചെറു + അൻ = ചെറുക്കൻ എന്നീ ഉദാഹരണങ്ങളും നൽകിയിട്ടുണ്ട്. ആന്റണിയുടെ ഈ ഉദാഹരണങ്ങളെ മുൻനിർത്തിയാണ് നിരവധി വിമർശനങ്ങൾ പിൽക്കാലത്തുണ്ടായത്. കയ്യൻ (ചെയ്യുന്നവൻ എന്നർത്ഥം), കെയ് (ചെയ്യുക എന്നർത്ഥം) എന്നിവ മുതു, ചെറു എന്നിവയോട് ചേർന്നാണ് മുതുക്കയ്യൻ, ചെറുക്കയ്യൻ എന്നും പിന്നീട് മുതുക്കൻ, ചെറുക്കൻ എന്നും ആയിത്തീരുന്നതെന്ന് സുകുമാരപ്പിള്ളയും പ്രഭാകരവാര്യരും കല്പിക്കുന്നു. - ക്കൻ, - കൻ എന്നീ തദ്ധിതപ്രത്യയങ്ങളുടെ സ്വാധീനത്താൽ രൂപീകൃതമായ പദങ്ങളായി ഇവയെ രാമചന്ദ്രപൈ കാണുന്നു. - ക്ക് എന്നുള്ള കൃത്പ്രത്യയങ്ങൾ ചേർന്ന മുതുക്ക്, ചെറുക്ക് എന്നിവയിൽനിന്നാണ് മേൽ പ്രസ്താവിച്ച പദങ്ങളെ എൻ. ആർ. ഗോപിനാഥപിള്ള നിഷ്പാദിപ്പിക്കുന്നത്. യുക്തിസഹമായ പദനിരുക്തിയുടെ അഭാവത്താൽ ആന്റണിയുടെ ഉദാഹരണങ്ങളെ പിൽക്കാലവൈയാകരണന്മാർ വിമർശനവിധേയമാക്കുന്നു.

ദീർഘസ്വരങ്ങൾക്കുശേഷം യവാഗമം നടക്കുമെന്ന (കാ - കായ്, പാ-പായ്, നാ-നാവ്, രാ-രാവ്) കേരളപാണിനിയുടെ അഭിപ്രായത്തെ (കാരിക 11) സി.എൽ. ആന്റണി സ്വീകരിക്കുന്നില്ല. യവകൾ പ്രകൃതിഗതമാണെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ഗുണ്ടർട്ടിന്റെ വിവരണങ്ങളിലും യവാഗമമായിട്ടല്ല ഇതിനെ കാണുന്നത്. പ്രകൃതിയുടെ ഭാഗമായിട്ടുള്ള അർദ്ധയകാരം (യ്) എഴുതുമ്പോൾ സൂചിപ്പിക്കാത്തതിനാൽ സംശയങ്ങൾ ഉണ്ടാകാമെന്നാണ് 'മലയാളഭാഷാവ്യാക

രണ്'ത്തിൽ പ്രസ്താവിക്കുന്നത്. കാൾഡ്വലിന്റെ ചിന്തകളിലും യവകൾ അന്താഗ മങ്ങളല്ല; പ്രകൃതിഗതമാണ്. ഇവിടെ പൂർവ്വികരുടെ ധാരണകൾ ആന്റണിയുടെ വാദത്തെ സാധൂകരിക്കുന്നതാണെന്നു പറയാം.

താലവ്യസ്വരത്തിനുപരമായി പ്രത്യയാദിയായ ഇരട്ടിച്ച കകാരം വന്നാൽ സന്ധിയിൽ യകാരാഗമം നിത്യമാണെന്ന കാരിക-12 ലെ നിയമവൽക്കര ണത്തെ പൂർണമായും ആന്റണി അംഗീകരിക്കുന്നില്ലെന്നു പറയാം. പ്രത്യക്ഷതാല വ്യസ്വരമായ ഇകാരത്തിനുശേഷം വരുന്ന പ്രത്യയാദിക്കകാരത്തിന് യാഗമം ഒഴിവാ ക്കുന്നതാണ് ഉചിതമെന്ന് ആന്റണി പ്രസ്താവിക്കുന്നു. എന്നാൽ ചില സ്ഥലങ്ങ ളിൽ അർത്ഥവ്യക്തതയ്ക്ക് (കരിക്ക് - കരിയ്ക്ക്) ഇത് അനിവാര്യമാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. തലയ്ക്ക്, തലയ്ക്കൽ എന്നിവയിൽ യകാരം പ്രകൃത്യാംശമാ ണെന്നിരിക്കെ വ്യാകരണനിയമം അസാധുവാണെന്ന് വാസുദേവഭട്ടതിരിയും ദേശ ഭേദമനുസരിച്ച് മാറിവരുന്നതിനാൽ നിയമവൽക്കരണം അസാദ്ധ്യമാണെന്ന് എൻ. കെ. മേരിയും സിദ്ധാന്തിക്കുന്നു. ഉദ്ദേശികയുടെ 'ക്ക്' ആധാരികയുടെ 'കൽ' എന്നിവ സന്ധി ചെയ്യുന്നിടത്ത് യാഗമം നടക്കാതെയുള്ള ഉദാഹരണങ്ങൾ ഗുണ്ടർട്ടും നൽകിയിരിക്കുന്നു. ആന്റണിയുടെ വിമർശനങ്ങൾ മറ്റു വൈയാകരണ ന്മാരുടേതുമായി ചേർന്നുപോകുന്നുണ്ടെങ്കിലും പറയുന്ന വസ്തുതയെ കാര്യകാര ണസഹിതമായി ഖണ്ഡിതമായി അവതരിപ്പിക്കാൻ ഈ ഭാഗത്ത് അദ്ദേഹത്തിന് സാധിക്കുന്നില്ല. പ്രകൃതിഗതമായ യകാരവകാരസങ്കൽപം അദ്ദേഹത്തിന്റെ പരിഗ ണന അല്ലാത്തതാണ് ഇങ്ങനെയൊരു ന്യൂനതയ്ക്കു കാരണം. ദ്വിത്വസന്ധിയെക്കു റിച്ചുള്ള 13-ാം കേരളപാണിനീയകാരികയെ സംബന്ധിച്ചാണ് വളരെയധികം വിമർശനങ്ങൾ ആന്റണി നടത്തുന്നത്. പൂർവ്വോത്തരപദങ്ങൾ വിശേഷണവിശേ ഷ്യമായിവരുമ്പോൾ പരപദാദിയിലെ ദൃഢവ്യഞ്ജനം ഇരട്ടിക്കുമെന്നാണ് ഏ. ആറിന്റെ അഭിപ്രായം. എന്നാൽ ആ നിയമത്തിന് അപവാദങ്ങളുണ്ടെന്ന് ഉദാഹര ണങ്ങളോടെ ആന്റണി തിരുത്തുന്നു. മാത്തന്റെയും കാൾഡ്വലിന്റെയും പൂർവ്വധാര ണകളിൽ പരപദാദിവ്യഞ്ജനം ഇരട്ടിക്കാത്തതും, ഇരട്ടിക്കുന്നതുമായ സന്ദർഭ ങ്ങളെ സുദീർഘമായി വിവരിക്കുന്നുണ്ട്. ഉത്തരപദം കൃതികൃത്താണെങ്കിൽ ദ്വിത്വം വരുന്നില്ലെന്ന് ആധുനികരായ ചന്ദ്രശേഖരൻനായരും രാമചന്ദ്രപൈയും അഭിപ്രായപ്പെടുന്നു. കേരളപാണിനി പ്രസ്താവിക്കുന്നതുപോലെ പരപദാദിയിലെ ദൃഢവ്യഞ്ജനങ്ങൾ മാത്രമല്ല, ശിഥിലവർണങ്ങളും ഇരട്ടിക്കുമെന്ന് മീരാക്കുട്ടി ഉദാ ഹരണസഹിതം തിരുത്തുന്നുണ്ട്. പൂർവ്വപദം അനുനാസികത്തിലോ സംവൃത ത്തിലോ അവസാനിക്കുമ്പോൾ ഉത്തരപദാദിദ്വിത്വം നടക്കില്ലെന്ന ആന്റണിയുടെ വാദത്തെ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരുമുണ്ട്. അനുനാസികാന്ത ങ്ങളായ പൂർവപദങ്ങളുടെ പരമായ ദൃഢങ്ങൾ ഇരട്ടിക്കുമെന്നു വിശദീകരിച്ച് സുകുമാരപ്പിള്ള ആന്റണിയുടെ നിരീക്ഷണത്തെ എതിർക്കുന്നുണ്ടെങ്കിലും കേന്ദ്ര സ്വരം (സംവൃതസ്വരം) പൂർവ്വമാകുമ്പോൾ പരപദാദി ഇരട്ടിപ്പില്ലെന്ന ആന്റണി

യുടെ അഭിപ്രായത്തെ അംഗീകരിക്കുന്നുണ്ട്. വാസുദേവഭട്ടതിരിയും രാമചന്ദ്ര പൈയും ആന്റണിയുടെ കാഴ്ച്ചപ്പാടുകളോട് ഇണങ്ങുന്നവരാണ്. സംവൃതോകാരാന്തമായ പൂർവ്വപദത്തിന്റെ പരമായുള്ള പദം ഇരട്ടിക്കുന്നില്ല എന്ന ആന്റണിയുടെ പ്രസ്താവനയ്ക്ക് കാര്യകാരണങ്ങൾ കാണാൻ സാധിക്കുന്നത് ചന്ദ്രശേഖരൻനായരുടെ വിശദീകരണങ്ങളിലാണ്. പൂർവ്വപദാന്തത്തിലുള്ളത് സംവൃതം ഉറപ്പിച്ചുണ്ടായ വിവൃതമാകുമ്പോൾ സമാസദ്വിത്വം വരുന്നില്ലെന്ന വസ്തുതയാണത്. പൂർവ്വപദാന്തവ്യഞ്ജനം ടകാരറകാരങ്ങളായാൽ സമാസത്തിൽ ഉത്തരപദാദി ദൃഢത്തിനു പകരം പൂർവ്വപദാന്തവ്യഞ്ജനംതന്നെയാണ് ഇരട്ടിക്കുന്നതെന്നുള്ള ആന്റണിയുടെ നിരീക്ഷണത്തോട് സമാനമായ വിശദീകരണങ്ങളാണ് പ്രബോധചന്ദ്രൻനായരും ഇ.വി.എൻ നമ്പൂതിരിയും അവതരിപ്പിക്കുന്നത്. ചുരുക്കത്തിൽ വിശേഷണവിശേഷ്യങ്ങൾ പൂർവ്വോത്തരപദങ്ങളായി വരുന്ന സന്ദർഭത്തിൽ ഉത്തരപദാദിദ്വിത്വം നടക്കുന്നു എന്ന കേരളപാണിനീയപക്ഷത്തെ ഉദാഹരണസഹിതം സി. എൽ. ആന്റണി തിരുത്തുന്നു. കാരിക 13 ന് അപവാദങ്ങളുണ്ടെന്ന കാഴ്ച്ചപ്പാടുകളാണ് പൂർവ്വാപരവൈയാകരണന്മാരിൽ മിക്കവരും നടത്തിയിട്ടുള്ളത്.

കാരിക 18-ൽ ഏകമാത്രപ്രകൃതികളുടെ അവസാനത്തിലുള്ള അനുനാസികങ്ങൾ ഇരട്ടിക്കുമെന്ന (തങ് - തങ്ങി, പൊങ് - പൊങ്ങി, നെഞ് - നെഞ്ഞ്) വിശദീകരണം ഏ. ആർ നൽകുന്നുണ്ട്. 'നെഞ്ച്' എന്നതിന് അനുനാസികാതിപ്രസരം നടന്നാണ് 'നെഞ്ഞ് ഉണ്ടായതെന്ന് മറ്റൊരിടത്ത് കേരളപാണിനി വിശദീകരിക്കുന്നതിനാൽ 'നെഞ്ച്' 'നെഞ്ഞ്' ആവുന്നത് ദ്വിത്വമല്ലെന്നും ആദേശമാണെന്നും ആന്റണി പ്രസ്താവിക്കുന്നു. ഏ. ആറിന്റെ വിശദീകരണങ്ങളിലെ അനൗചിത്യത്തിലേക്കാണ് കേരളപാണിനീയഭാഷ്യകാരൻ സൂക്ഷ്മമായി വിരൽചൂണ്ടുന്നത്. 'അനുനാസികാദേശനിയമങ്ങൾ' വിവരിക്കുന്നിടത്ത് 'നെഞ്ച്-നെഞ്ഞ്, കുഞ്ചൻ-കുഞ്ഞൻ' എന്നീ രൂപാന്തരങ്ങളെ സുകുമാരപ്പിള്ള വിശദീകരിച്ചിട്ടുള്ളത് ഇവിടെ പ്രത്യേകം പരാമർശിക്കേണ്ടിയിരിക്കുന്നു.

കേരളപാണിനീയത്തിലെ ആദേശസന്ധികളെ സംബന്ധിച്ചുള്ള കാരികകളെ മുൻനിർത്തി ആന്റണി നടത്തുന്ന പ്രധാന ആരോപണങ്ങളിലൊന്ന് പരസവർണ്ണനവും അദേശരഹിതമായ സന്ധിപ്രവർത്തനങ്ങളും ഏ.ആർ. വിവരിക്കുന്നില്ല എന്നതാണ്. പൂർവ്വവൈയാകരണനായ ഗുണ്ടർട്ടിന്റെ കൃതിയിൽ പൂർവ്വസവർണനത്തിനൊപ്പം പരസവർണ്ണനവും ചർച്ചാവിഷയമാകുന്നുണ്ട്. മുൻധാരണകൾ വ്യക്തമായി മനസ്സിലാക്കാൻ കേരളപാണിനി ശ്രമിച്ചിട്ടില്ലെന്നു ഇതിലൂടെ വ്യക്തമാകുന്നു. ആദേശസന്ധി കാരിക-21 നെ സംബന്ധിച്ചുള്ള ആന്റണിയുടെ പ്രധാന ആരോപണം ചെന്നെത്തുന്നത് കേരളപാണിനിയുടെ വിനാമ-ഉന്നാമങ്ങളിലാണ്. *കേരളപാണിനീയഭാഷ്യ*ത്തിലെ 'വർണ്ണമാല' എന്ന അധ്യായത്തിൽ ഇതേ

ആശയം ലകാരളകാരങ്ങളുടെ ധ്വനിമൂല്യനിർണ്ണയത്തിന്റെ ഭാഗമായി ആന്റണി വിശദീകരിക്കുന്നുണ്ട്. ആ വർണ്ണങ്ങളുടെ തെറ്റായ മൂല്യനിർണ്ണയനംകൊണ്ടാണ് ആദേശസന്ധിയിൽ വിനാമ-ഉന്നാമ പ്രവർത്തനങ്ങളെന്ന തെറ്റായ ഭാഷാനയത്തെ കേരളപാണിനിക്ക് അവതരിപ്പിക്കേണ്ടിവന്നതെന്ന് ആന്റണി നിരീക്ഷിക്കുന്നു. നാട്ടുഭാഷാപാതിരിയായ ജോർജ്ജ് മാത്തന്റെ കൃത്യമായ ലകാരളകാരമൂല്യനിർണ്ണയനവും അതിനെ ആശ്രയിച്ചു വിവരിച്ചിട്ടുള്ള ആദേശസന്ധിയ്ക്കു സമാനമായ സന്ധികളെ സംബന്ധിച്ചുള്ള ഉദാഹരണങ്ങളും കേരളപാണിനി ഒഴിവാക്കിയിരിക്കുന്നു. സി. എൽ. ആന്റണിയും ജോർജ്ജ് മാത്തന്റെ കൃതികളെ പൂർവ്വപഠനമെന്ന നിലയിൽ പ്രയോജനപ്പെടുത്താതെ പോയി.

**അടിക്കുറിപ്പുകൾ**

1. *വിജ്ഞാനകൈരളി*, വാല്യം 3, നമ്പർ 6, 1971 നവംബർ.

2. ''ഭാഷയുടെ സ്വനവ്യവസ്ഥയിൽ അർത്ഥപരമായ വ്യത്യയം സൂചിപ്പിക്കാൻ കഴിവാർന്ന ഏറ്റവും ചെറിയ ഏകകമാണ് സ്വനിമം (phoneme)'' - *ഭാഷാശാസ്ത്രപരിചയം*, ഡോ. വി. ആർ. പ്രബോധചന്ദ്രൻനായർ, 2016 : 38

3. ഒരു ഭാഷയിൽനിന്ന് വേർതിരിച്ചെടുത്ത് കാണിക്കാൻ കഴിയുന്ന ശബ്ദമാത്രകളെ 'വ്യതിരിക്തസ്വനങ്ങൾ' എന്നു നാമകരണം ചെയ്തിരിക്കുന്നു. വ്യതിരിക്തസ്വനങ്ങളിൽ അലിഞ്ഞു ചേർന്നിരിക്കുന്നതും വേർതിരിച്ചെടുത്തുകാണിക്കാൻ കഴിയാത്തവയുമായ ധ്വനിവിശേഷങ്ങളെയാണ് 'ലീനധ്വനികൾ' െന്നു പറയുന്നത്. ഇവയെ 'അധിഖണ്ഡസവിശേഷതകൾ' (പിരിച്ച് സ്വതന്ത്രമായി എടുത്തു കാണിക്കാൻ കഴിയാത്ത ശാബ്ദികസ്വഭാങ്ങൾ) എന്നും 'ഉപരിധ്വനികൾ' എന്നും നിർദ്ദേശിച്ചു വരാറുണ്ട്. *ആധുനികഭാഷാശാസ്ത്രം*, കെ. എം. പ്രഭാകരവാര്യർ, ശാന്താ അഗസ്റ്റിൻ, 2019 : 51.

4. *ലീലാതിലക*ത്തിന്റെ രണ്ടാം ശില്പത്തിലാണ് അധികാക്ഷരനിരൂപണം വരുന്നത്.

5. കോളിൻസിന്റെ *മലയാളം വ്യാകരണം* 1861 ലാണ് പ്രസിദ്ധീകരിക്കപ്പെട്ടത്. മാർച്ച് 2018 ലെ പരിഷ്കരിച്ച പതിപ്പാണ് ഈ പ്രബന്ധരചനയ്ക്ക് അവലംബമാക്കിയിരിക്കുന്നത്.

6. ജോസഫ് പീറ്റിന്റെ *മലയാളം വ്യാകരണം* 1860 ലാണ് പ്രസിദ്ധീകരിച്ചത്. നവംബർ 2018 ലെ പരിഷ്കരിച്ച പതിപ്പാണ് പ്രബന്ധരചനയ്ക്ക് ഉപയോഗിച്ചിരിക്കുന്നത്.

7. കേരളപാണിനീയപീഠിക - ഖണ്ഡം 30 (3)

8. കാൾഡ്വലിന്റെ '*താരതമ്യവ്യാകരണ*'ത്തിന്റെ ഒന്നാം ഭാഗത്തിലെ 'ഭാഗം - I ധ്വനികൾ (വർണ്ണങ്ങൾ)' എന്ന അധ്യായമാണിത്.

9. സ്പഷ്ടീകരണോകാരത്തെ ഒരു രേഖകൊണ്ട് മാറ്റിക്കാണിക്കണമെന്നാണ് കാൾഡ്വലിന്റെ പക്ഷം (- ഉ). *ദ്രാവിഡഭാഷാവ്യാകരണം* (പരി: എസ്. കെ. നായർ), 2014 : 160.

10. ''സംസ്കൃതത്തിൽ 'എ'കാര 'ഒ'കാരങ്ങൾക്ക് ഹ്രസ്വമേ ഇല്ല. സംസ്കൃതത്തെപ്പോലെ സുസൂക്ഷ്മമായി വർണ്ണവിശകലനം നടത്തിയിട്ടുള്ള ഒരു ഭാഷയിൽ ഈ ഹ്രസ്വസ്വരങ്ങൾ (എ, ഒ) തീരെ ഇല്ലാതായിപ്പോയത് കേവലം യാദൃശ്ചികമാവാൻ വഴിയില്ല.'' *ദ്രാവിഡഭാഷാവ്യാകരണം* (പരി: എസ്. കെ. നായർ), 2014 : 160.

11. *ദ്രാവിഡഭാഷാവ്യാകരണം* - പരി: എസ്. കെ. നായർ, 2014ഃ 161.

12. അതേ പുസ്തകം - പു. 161.

13. അതേ പുസ്തകം - 'മധ്യമവർഗം (അർധസ്വരങ്ങൾ)' എന്ന ഭാഗം - പു. 176 –172.

14. '*ചട്ടമ്പിസ്വാമികൾ ജീവിതവും കൃതികളും*' എന്ന പേരിൽ സമ്പാദനവും പഠനവും നിർവ്വഹിച്ചിരിക്കുന്നത് - ഡോ. കെ. മഹേശ്വരൻനായരാണ്. ചട്ടമ്പിസ്വാമികളുടെ ജീവിതം, ചട്ടമ്പിസ്വാമികളുടെ കൃതികൾ എന്നിങ്ങനെ രണ്ടു ഭാഗങ്ങളായാണ്. പുസ്തകം തയ്യാറാക്കിയിരിക്കുന്നത്. *ആദിഭാഷ*

എന്ന കൃതിയെ സംബന്ധിച്ചുള്ള പ്രബന്ധത്തിലെ വസ്തുതകൾക്ക് ഈ പുസ്തകമാണ് അവലംബം.

15. *കേരളപാണിനീയഭാഷ്യം*, 2005 : ഖണ്ഡിക 1.2 – 1.3, പു. 8-9.

16. അതേ പുസ്തകം, ഖണ്ഡിക 1.4 – 1.8, പു. 10-12.

17. അതേ പുസ്തകം, ഖണ്ഡിക 1.9 – 1.11, പു. 12-13.

18. അതേ പുസ്തകം, ഖണ്ഡിക 1.12 – 1.15, പു. 14-15.

19. അതേ പുസ്തകം, ഖണ്ഡിക 1.16 – 1.18, പു. 15-17.

20. അതേ പുസ്തകം, ഖണ്ഡിക 1.12 – 1.15, പു. 14-15.

21. അതേ പുസ്തകം, ഖണ്ഡിക 1.25 – 1.29, പു. 20-22

22. *വ്യാകരണവിവേകം*, 1984 : 27

23. അതേ പുസ്തകം, 1984 : 32

24. *വ്യാകരണവിവേകം*, 1984 : 45-47

25. *മലയാളഭാഷാവ്യാകരണം*, 2014 : 41, ഖണ്ഡം 17

26. ഹെൻട്രി അലൻ ഗ്ലിയേഴ്സൺ

His text 'Introduction to Descriptive Linguistics' (1961) was described in the journal Language as a suitable update to Leonard Bloomfield's well-known text book 'Language'.( വിക്കിപീഡിയ)

27. *വ്യാകരണവിവേകം*, 1984 : 18-19

28. "ചില സ്വനങ്ങളുടെ ഉച്ചാരണത്തിൽ വായു പുറത്തു പോകുന്നത് ചലകരണത്തിന്റെ മധ്യഭാഗം ഉച്ചാരണസ്ഥാനത്ത് സ്പർശിക്കുമ്പോൾ അതിന്റെ ഇരുവകങ്ങളിലും കൂടിയാണ്. ഇങ്ങനെ പാർശ്വഗാമിയായ വായുവിനാൽ ഉച്ചരിക്കപ്പെടുന്ന സ്വനങ്ങളാണ് പാർശ്വികങ്ങൾ" – *ആധുനികഭാഷാശാസ്ത്രം,* കെ. എം. പ്രഭാകരവാര്യർ, ശാന്താ അഗസ്റ്റിൻ – 2019 : 36-37.

29. "ചലകരണം ഉച്ചാരണസ്ഥാനത്തെ സ്പർശിക്കുമ്പോൾ ആ അവയവത്തിന് വളരെ വേഗത്തിൽ ത്രാസമുണ്ടാക്കിക്കൊണ്ട് ഉച്ചരിക്കപ്പെടുന്ന സ്വനമാണ് കമ്പിതം (ത്രാസം)."

"കമ്പിതസ്വനങ്ങളിൽ നടക്കാറുള്ളതുപോലെ ചില കരണങ്ങളുടെ ഉച്ചാരണസ്ഥാനവുമായുള്ള സ്പർശനം ഞൊടിയിടയിൽ നടക്കുകയും കമ്പിതസ്വനങ്ങളിൽ നടക്കുന്ന പല ത്രാസങ്ങൾക്കുപകരം ദ്രുതമായുള്ള ഒരു സ്പർശനം മാത്രം നടക്കുകയും ചെയ്യുമ്പോഴാണ് ദ്രുതസ്പർശസ്വനം (ഉൽക്ഷിപ്തം) ഉച്ചരിക്കപ്പെടുന്നത്." – *ആധുനികഭാഷാശാസ്ത്രം* – കെ. എം. പ്രഭാകരവാര്യർ, ശാന്താ അഗസ്റ്റിൻ, 2019 : 37.

30. In phonetics, a continuant is a speech sound produced without a complete closure in the oral cavity - വിക്കിപീഡിയ

31. *കൈരളീശബ്ദാനുശാസനം*, 1980 : 123.

32. അതേ പുസ്തകം, 1980 : 124.

33. അതേ പുസ്തകം, 1980 : 107-108

34. *കേരളപാണിനീയം* കാരിക 7 ന്റെ വിശദീകരണത്തിൽ നൽകുന്ന ഉദാഹരണങ്ങളാണിത്.

35. *കൈരളീശബ്ദാനുശാസനം*, 1980 : 108.

36. ''ജിഹ്വാതലത്തിന്റെയും ജിഹ്വാമൂലത്തിന്റെയും മധ്യം കഠിനതാലുവിന്റെയും മൃദുതാലുവിന്റെയും മധ്യഭാഗത്തേക്കുള്ള വിവിധ ഉയരങ്ങളിൽ ക്രമീകരിച്ച് ഉച്ചരിക്കപ്പെടുന്ന സ്വരങ്ങളെ 'കേന്ദ്രസ്വങ്ങൾ' എന്ന് പറയാം.''

    – *ആധുനികഭാഷാശാസ്ത്രം,* കെ. എം. പ്രഭാകരവാര്യർ & ശാന്താ അഗസ്റ്റിൻ, 2019 : 39

37. *കൈരളീശബ്ദാനുശാസനം*, 1980 ഛ 100 – 101.

38. മീത്തൽ അഥവാ ചന്ദ്രക്കല മലയാളത്തിലെ ഒരു ലിപിചിഹ്നമാണ്. സംവൃതോകാരത്തെ സൂചിപ്പിക്കുന്നതിന് ഉപയോഗിക്കുന്നു. 1847 നോടടുത്ത് ഗുണ്ടർട്ട് രൂപപ്പെടുത്തിയെടുത്തതാണ് ഈ ചിഹ്നം.

39. *കൈരളീശബ്ദാനുശാസനം*, 1980 : 97.

40. അതേ പുസ്തകം, 1980 : 97

41. അതേ പുസ്തകം, 1980 : 86

42. *കേരളപാണിനീയഭാഷ്യം*, 2005 : 13, ഖണ്ഡിക 1.11

43. *കൈരളീശബ്ദാനുശാസനം*, 1980 : 118–119

44. അതേ പുസ്തകം, 1980 : 119–120

45. അതേ പുസ്തകം, 1980 : 120–121

46. അതേ പുസ്തകം, 1980 : 122–123

47. *മലയാളവ്യാകരണസമീക്ഷ,* 2007 : 28

48. അതേ പുസ്തകം, 2007 : 28

49. അതേ പുസ്തകം, 2007 : 29–32

50. അതേ പുസ്തകം, 2007 : 32 34

51. അതേ പുസ്തകം, 2007 : 34 35

55. *മലയാളവ്യാകരണസമീക്ഷ,* 2007 : 27–45.

56. നമ്പൂതിരി, ഇ.വി.എൻ. 'വർണ്ണമാല' ഭാഷാസാഹിതി 27, 1983 ജൂലൈ – സെപ്തംബർ, ലക്കം 3, പുസ്തകം 7, പു. 105–132.

57. *കേരളപാണിനീയഭാഷ്യം*, 2005 : 15.

58. *കൈരളീശബ്ദാനുശാസനം*, 1980

59. *വ്യാകരണവിവേകം*, 1984 : 18–19

60. *മലയാളവ്യാകരണസമീക്ഷ,* 2007 : 38

61. നമ്പൂതിരി, ഇ.വി. എൻ, 'വർണ്ണമാല', ഭാഷാസാഹിതി, 27, 1983 ജൂലൈ – സെപ്തംബർ, പുസ്തകം 7, ലക്കം 3, പു. 105–132.

62. *ലീലാതിലകം* (ഒന്നുമുതൽ മൂന്നുവരെ ശില്പങ്ങൾ) ഇളംകുളം – 2011 : 93.

63. 'സന്ധി' എന്ന അധ്യായത്തിൽ മാത്തൻ ഈ നാലു വിഭാഗങ്ങളെ വിശദീകരിക്കുന്നു (മലയാഴ്മയുടെ വ്യാകരണം, 2000, 28).

64. *മലയാഴ്മയുടെ വ്യാകരണം*, 2000 : 21.

65. അതേ പുസ്തകം, 2000 : 44.

66. തമിഴ് - മലയാളങ്ങളിലെ സംയോജികാവിഭക്തിപ്രത്യയങ്ങൾ 'ഒഡു' അഥവാ 'ഓഡു' (ഒടു, ഓടു) ആണ് (ഊന്നിപ്പറയുമ്പോൾ 'ഓഡേ' - 'ഓടോ' എന്നും) - (*ദ്രാവിഡഭാഷാവ്യാകരണം*, ഒന്നാംഭാഗം, റവ. റോബർട്ട് കാൾഡ്‌വെൽ, ജൂൺ 2014, പു: 346).

67. ഗവേഷണപ്രബന്ധം - അപ്രകാശിതം, കേരള സർവ്വകലാശാല, തിരുവനന്തപുരം.

68. *മലയാളവ്യാകരണസിദ്ധാന്തങ്ങൾ*, 2015, 191.

69. *കൈരളീശബ്ദാനുശാസനം*, 1980 : 202.

70. അതേ പുസ്തകം, 1980 : 203

71. അതേ പുസ്തകം, 1980 : 203

72. വേണുഗോപാലപ്പണിക്കർ, ടി. ബി., 'കേരളപാണിനീയഭാഷ്യവിമർശനം', *വ്യാകരണപഠനങ്ങൾ* (മലയാളവിമർശം 14) 1996.

## ഭാഗം 3

# പദതലം

ഭാഷയിലെ അർത്ഥയുക്തമായ ആശയം ഉൾക്കൊള്ളുന്ന ഒരു ഏകകത്തെയാണ് പദം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. എല്ലാ ഭാഷകൾക്കും പൊതുവായി സർവ്വസമ്മതമായി നിൽക്കുന്ന തരത്തിലുള്ള പദവർഗ്ഗീകരണം സാധ്യമല്ല. മലയാളത്തിൽ വാചകം, ദ്യോതകം എന്നിങ്ങനെ മുഖ്യമായി രണ്ടായിട്ടാണ് പദത്തെ വിഭജിക്കുന്നത്. വാചകത്തെ നാമം, ക്രിയ, വിശേഷണം എന്നും ദ്യോതകത്തെ ഗതി, ഘടകം, വ്യാക്ഷേപകം എന്നും തിരിച്ചിരിക്കുന്നു. തമിഴിലെ പദവിഭാഗങ്ങൾ മുഖ്യമായും നാല് തരത്തിലാണുള്ളത് - നാമം (പെയർ), ക്രിയ (വിനൈ), വിശേഷണം (ഉരി), ദ്യോതകം (ഇടൈ) എന്നിവയാണ് പദ (ചൊൽ) വിഭാഗങ്ങൾ. സംസ്കൃതപാരമ്പര്യം പരശോധിച്ചാൽ യാസ്കന്റെ നിരുക്തത്തിൽ നാമം, ആഖ്യാതം, ഉപസർഗ്ഗം, നിപാതം എന്നീ നാലു പദവിഭാഗങ്ങളെ കുറിച്ചു വിവരിക്കുന്നു. ഇംഗ്ലീഷ് വ്യാകരണ പാരമ്പര്യത്തിൽ എട്ട് പദവിഭാഗങ്ങളാണുള്ളത് - നാമം (noun), ക്രിയ (verb), നാമവിശേഷണം (adjective), ക്രിയാവിശേഷണം (Adverb), ഗതി (preposition), സർവ്വനാമം (pronoun), ഘടകം (conjunction), വ്യാക്ഷേപകം (Interjection) എന്നിവയാണവ.

### പദാംഗങ്ങൾ

നാമം, ക്രിയ, ഭേദകം എന്നീ വിഭജനങ്ങളാണ് കേരളപാണിനി പദങ്ങൾക്ക് കൽപിക്കുന്നത്. ഈ മൂന്ന് വ്യാകരണസംവർഗ്ഗങ്ങളെ പുരസ്കരിച്ചുകൊണ്ട് കേരളപാണിനീയഭാഷ്യത്തിൽ നടത്തിയിട്ടുള്ള ചർച്ചകളെയാണ് 'പദാംഗങ്ങൾ' എന്ന പ്രബന്ധഖണ്ഡത്തിൽ പഠിക്കാനെടുത്തിരിക്കുന്നത്.

'പദം' എന്ന വിശേഷണത്തിന് അർഹതയുള്ള വിഭാഗങ്ങൾ ഏതൊക്കെയാണെന്നുള്ള അന്വേഷണമാണ് 'പദവിഭാഗങ്ങൾ' എന്ന അധ്യായത്തിൽ സി. എൽ. ആന്റണി ആലോചനയ്ക്കെടുക്കുന്നത്. കേരളപാണിനി ഭേദകങ്ങൾ എന്ന വകുപ്പിൽ കൈകാര്യം ചെയ്യുന്ന 'നാമവിശേഷണങ്ങൾ', 'ക്രിയാവിശേഷണങ്ങൾ' എന്നിവ *കേരളപാണിനീയഭാഷ്യ*ത്തിലെ രണ്ട് അധ്യായങ്ങളിൽ അതേ തലക്കെട്ടോടെ പഠനവിഷയങ്ങളാകുന്നു. 'ക്രിയ'യുടെ വകഭേദമായി കാണാവുന്ന

'കേവലം-കർത്തൃജകർമകം-പ്രയോജകം' എന്നിവ *കേരളപാണിനീയഭാഷ്യ*ത്തിന്റെ ഏഴാം അധ്യായത്തിൽ വിമർശനവിധേയമാകുന്നു. ഇതു കണക്കിലെടുത്താണ് ഈ പ്രബന്ധഭാഗത്തിന് 'പദാംഗങ്ങൾ' എന്ന തലക്കെട്ട് നൽകിയിരിക്കുന്നത്.

**3.1.പദവിഭാഗങ്ങൾ**

*കേരളപാണിനീയഭാഷ്യ*ത്തിലെ മൂന്നാം അധ്യായത്തിലാണ് പദവിഭാഗങ്ങളെ സംബന്ധിച്ച ചർച്ചയുള്ളത്. *കേരളപാണിനീയ*ത്തിലെ പദവിഭാഗങ്ങളുടെ നിർണ്ണയനത്തിൽ വന്നുചേർന്ന വീക്ഷണവൈകല്യങ്ങളെ ചൂണ്ടിക്കാണിക്കുന്നതിനൊപ്പം സ്വതന്ത്രപ്രയോഗാർഹതയുള്ള പദങ്ങളെ സ്വാഭിപ്രായങ്ങളോടെ ഇനം തിരിക്കുകയും ചെയ്തിരിക്കുന്നു. കേരളപാണിനീയത്തിലെ ശബ്ദ-പദ-നിർവ്വചനങ്ങളെ പരിശോധിക്കുകയും അതിൽ വന്നുചേർന്ന പാളിച്ചകളാൽ പദവിഭാഗപരികൽപനയിൽ വന്ന തെറ്റുകൾ ചൂണ്ടികാണിക്കാനും സി. എൽ. ആന്റണി ശ്രമിക്കുന്നുണ്ട്.

''ഒരർത്ഥത്തെ കുറിക്കുന്നതിനായി വർണ്ണങ്ങളെ കൂട്ടിച്ചേർത്തുണ്ടാക്കുന്ന അക്ഷക്കൂട്ടമാണ് ശബ്ദം'' എന്നു നിർവ്വചിക്കുകയും ആ ശബ്ദത്തെ 'പ്രകൃതി' എന്നു നാമകരണം ചെയ്യുകയുമാണ് ഏ. ആർ. ചെയ്തിരിക്കുന്നത് (ആന്റണി, 2005 : 37). കാരിക 27-ൽ ശബ്ദവും പദവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും വിശദീകരിക്കുന്നു.

''പദമെന്നാൽ പ്രയോഗിപ്പാൻ

സജ്ജമായുള്ള ശബ്ദമാം.'' [1]

എന്നതിന്റെ വിവരണമായി വിഭക്തിയോഗാദിസംസ്കാരം ചെയ്തോ അല്ലാതെയോ പ്രയോഗത്തിനു തയ്യാറുള്ള ശബ്ദമാണ് 'പദം' എന്ന് വ്യവഹരിക്കുന്നു.

''നാമാദിയാം വിഭാഗത്തി-

നെല്ലാമർത്ഥം നിയാമകം'' [2]

എന്ന് കാരിക 33-ൽ പറയുന്നതനുസരിച്ച് നാമം, കൃതി, ഭേദകം എന്നീ പദവിഭാഗങ്ങളെ തരംതിരിക്കുന്നത് അർത്ഥത്തെ ആസ്പദമാക്കിയാണെന്ന് കാണാം. ചുരുക്കത്തിൽ ഏ. ആറിന്റെ വീക്ഷണത്തിൽ പദത്തെ നിർണ്ണയിക്കുന്നത് അതിന്റെ 'അർത്ഥം', 'സ്വതന്ത്രപ്രയോഗശേഷി' എന്നീ രണ്ടു കാര്യങ്ങളാണെന്നു പറയാം. ഇതിനെ പുനരാലോചനയ്ക്ക് വിധേയമാക്കുകയാണ് *കേരളപാണിനീയഭാഷ്യ*ത്തിലെ പദവിഭാഗങ്ങൾ എന്ന ലേഖനത്തിൽ ചെയ്യുന്നത്.

കേരളപാണിനിയുടെ പദവിഭാഗവർഗ്ഗീകരണത്തിന് ആധാരമായി വർത്തിക്കുന്നത് അർത്ഥമാണ്. രൂപത്തെയും രൂപത്തിനു പ്രത്യേകത വരുത്തുന്ന പ്രത്യയങ്ങളെയും അവഗണിച്ചതിനാൽ പദവർഗ്ഗീകരണത്തിൽ ധാരാളം പാകപ്പിഴകൾ ഏ. ആറിനു സംഭവിച്ചിട്ടുണ്ട്. രൂപപരമായി സ്വതന്ത്രപ്രയോഗാർഹതയില്ലാത്ത ചെറു, പെരു (കേവലപ്രകൃതികൾ); സമർത്ഥൻ, മിടുക്കൻ (നാമപദങ്ങൾ); കറുത്ത, വെളുത്ത (ക്രിയാബദ്ധമായ പേരെച്ചങ്ങൾ) എന്നിവയെ ആർത്ഥികമായി ഭേദകമാണെന്ന് കേരളപാണിനി കരുതി. അർത്ഥനിയാമകമാനദണ്ഡമാണ് താൻ സ്വീകരിക്കുന്നതെന്നു പറയുന്നുണ്ടെങ്കിലും ചിലയിടത്ത് രൂപത്തെമാത്രം അവലംബമാക്കി അദ്ദേഹം പദവിഭാഗങ്ങളെ കല്പ്പിക്കുന്നുണ്ട്. ക്രിയകളുടെ അവാന്തരവിഭാഗമായ കാരിതം - അകാരിതം എന്നിവയിൽ ('കു' എന്ന ഇടനിലയുള്ളത് കാരിതം ഇല്ലാത്തത് അകാരിതം) രൂപനിഷ്ഠമായാണ് കേരളപാണിനി പദവിഭാഗം നടത്തുന്നത്. ഇതു പരിഗണിച്ച്, നാമാദിയായ പദങ്ങളെ വകതിരിക്കുന്നതിൽ നിയാമകമായിരിക്കുന്നത് അർത്ഥമാണെന്നു പ്രസ്താവിച്ചുവെങ്കിലും (കാരിക 33) അർത്ഥാധിഷ്ഠിതമായി മാത്രം പദങ്ങളെ തരംതിരിക്കുന്നതിൽ കേരളപാണിനി പരാജയപ്പെടുന്നുവെന്നാണ് സി. എൽ. ആന്റണി പറഞ്ഞുവെയ്ക്കുന്നത്.[3]

ഭാഷാശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ രണ്ടു തരത്തിലുള്ള പദനിർണ്ണയനരീതിയാണുള്ളതെന്ന് ആന്റണി ചൂണ്ടിക്കാട്ടുന്നു.[4]

(i) വിവരണാത്മകഭാഷാശാസ്ത്രജ്ഞരുടെ നിലപാട്

- ഭാഷ ഒരു രൂപം മാത്രമാണ്.
- രൂപത്തെ ആസ്പദമാക്കിയുള്ള പഠനം മാത്രമാണ് ഭാഷാപഠനം
- അർത്ഥം ഭാഷാശാസ്ത്രത്തിന്റെ പരിധിയിൽപ്പെടുന്നില്ല.

(ii) ആധുനികഭാഷാശാസ്ത്രജ്ഞരുടെ നിലപാട്

സമകാലികാവസ്ഥയിൽ ഭാഷാപഠനത്തിൽ അർത്ഥത്തിനുള്ള സ്ഥാനം അംഗീകരിക്കുന്നു. റോബർട് എ. ഹാളിന്റെ അഭിപ്രായം കേരളപാണിനീയഭാഷ്യകാരൻ ഉദ്ധരിക്കുന്നു: "We should not base our descriptions and comparisons of the 'inner form' of languages either on meaning or on form alone, but on both starting from formal characteristics and then proceeding to the semantic features which are symbolised thereby. If we base our discussion on meaning alone, we are likely to bring together structurally disparate phenomena" (Robert. A. Hall, *Introductory Linguistics*, p.129) (ആന്റണി 2005 : 39).

ആധുനികഭാഷാപഠിതാക്കളുടെ ഈ നിലപാടാണ് സി. എൽ. ആന്റണി സ്വീകരിക്കുന്നത്. പദവിഭജനത്തിൽ രൂപത്തെയും അർത്ഥത്തെയും ഒരേപോലെ ആധാരമാക്കണമെന്ന് അദ്ദേഹം ഉദാഹരണങ്ങളോടെ സമർത്ഥിക്കുന്നു. 'രാമൻ രാവണനെ കൊന്നു' എന്ന വാക്യത്തിൽ കർത്താവ് രാമൻ, കർമ്മം രാവണൻ എന്നു മനസ്സിലാവുന്നത് പ്രത്യയസഹിതമായ വ്യാകരണരൂപം കൊണ്ടാണ്.

'രാവണനെ' - പ്രതിഗ്രാഹികാപ്രത്യയം ('എ') കർമ്മാർത്ഥം നൽകുന്നു.

'രാമൻ' - കർത്തൃകാരകനായ നിർദ്ദേശികക്ക് പ്രത്യയമില്ലെങ്കിലും പ്രയോഗ വിശേഷത്താൽ കർത്താവിന്റെ അർത്ഥം കൈവരുന്നു. [5]

കേരളപാണിനിയുടെ പദവിഭാഗനിർണ്ണയനരീതിയിൽനിന്നും വ്യത്യസ്ത മായ സമീപനമാണ് സി. എൽ. ആന്റണി സ്വീകരിച്ചിരിക്കുന്നത്. അർത്ഥത്തെയും രൂപത്തെയും ഒരേപോലെ നിയാമകങ്ങളാക്കിക്കൊണ്ട് മലയാളത്തിലെ പദവിഭാഗ ങ്ങളെ നവീനരീതിയിൽ അദ്ദേഹം തരംതിരിക്കുന്നു. നാമം, സർവനാമം, നാമവി ശേഷണം, ക്രിയ, ക്രിയാവിശേഷണം, വ്യാക്ഷേപകം എന്നീ ആറ് വിഭാഗങ്ങളാണ് സി. എൽ. ആന്റണിയുടെ അഭിപ്രായത്തിൽ മലയാളഭാഷയിലെ സ്വതന്ത്രപ്രയോ ഗാർഹമായ പദങ്ങളായി വരുന്നത്.[6] ഓരോന്നിനെയും അദ്ദേഹം വിശദമായി അപ ഗ്രഥിക്കുന്നു. അവ താഴെ പരിശോധിക്കാം:

**(1) നാമം :** സാധാരണമായി വ്യക്തി, സ്ഥലം, വസ്തു എന്നിവയുടെ പേരായി ട്ടാണ് ഇംഗ്ലീഷ്വ്യാകരണകൃതികളിൽ നാമത്തെ നിർവ്വചിക്കുന്നത്. എന്നാൽ കേര ളപാണിനീയകാരിക 29 പ്രകാരമുള്ള 'ഏതെങ്കിലും ഒരു ദ്രവ്യത്തിന്റെ വാചകമായ ശബ്ദം നാമം'[7] എന്നുള്ള സാമാന്യനിർവ്വചനം കുറെക്കൂടി സങ്കുചിതമായിപ്പോകു ന്നു. തന്നെയുമല്ല ഇംഗ്ലീഷിലെപോലെ നാമത്തിന് അവാന്തരവിഭാഗങ്ങളെ തിരി ക്കുന്നതുകൊണ്ട് മലയാളത്തിന് വലിയ പ്രയോജനവുമില്ല. സംജ്ഞാനാമങ്ങൾ വലിയ അക്ഷരംകൊണ്ട് തുടങ്ങുക, ഉത്തമ-മധ്യമ-പുരുഷസർവനാമങ്ങളിൽ പ്രഥ മപുരുഷനിൽനിന്നും ഭിന്നമായ ക്രിയാരൂപങ്ങൾ സ്വീകരിക്കുക എന്നിങ്ങനെയുള്ള പ്രത്യേകതകൾ ഇംഗ്ലീഷിനുള്ളതുപോലെ മലയാളത്തിന് വ്യാകരണപരമായ അനി വാര്യതയല്ല. മലയാളത്തിൽ 'ക്രിയാനാമം' എന്ന ഉപവിഭാഗത്തിനുമാത്രമെ പ്രത്യേ ക പ്രത്യയവും വ്യാകരണരൂപവും ഉള്ളൂവെന്നും അതിനാൽ നമ്മുടെ ഭാഷയിൽ നാമങ്ങൾക്ക് അവാന്തരവിഭാഗങ്ങൾ നൽകുന്നതിൽ അർത്ഥമില്ലെന്നും ആന്റണി സമർത്ഥിക്കുന്നു.[8]

**(2) സർവ്വനാമം :** മലയാളത്തിൽ 'അവൻ,അവൾ,അത്' എന്നിങ്ങനെ പ്രഥമപു രുഷസർവ്വനാമത്തിന് ലിംഗഭേദവും, പ്രത്യയങ്ങളും, പ്രത്യേകരൂപവും ഉള്ള തിനാൽ അതിനെ പദവിഭാഗമായി കണക്കാക്കുന്നു.

**(3) നാമവിശേഷണം :** ഗുണവാചകമായ പദത്തെ കേരളപാണിനി 'ഭേദകം' എന്നാണ് വിളിക്കുന്നത്. നാമ-ക്രിയാ-വിശേഷണങ്ങളെ അതിൽ ഒതുക്കിയിരിക്കുന്നു. ശുദ്ധം, സാർവനാമികം, സാംഖ്യം, വിഭാവകം, പാരിമാണികം, നാമാംഗജം എന്നിങ്ങനെയുള്ള കേരളപാണിനിയുടെ ഭേദകവിഭാഗങ്ങളിൽ[9] മൂന്നെണ്ണത്തെ മാത്രമെ സി. എൽ. ആന്റണി അംഗീകരിക്കുന്നുള്ളൂ. അർത്ഥത്തെയും രൂപത്തെയും അവലംബമാക്കി സ്വതന്ത്രപ്രയോഗാർഹങ്ങളായ നാമവിശേഷണങ്ങളായി ശുദ്ധം, വിവേചകം, സാംഖ്യം എന്നിവയെ കേരളപാണിനീയഭാഷ്യകാരൻ ചൂണ്ടിക്കാട്ടുന്നു.[10]

**(4) ക്രിയ :** ഏതെങ്കിലും പ്രവൃത്തി ചെയ്യുക എന്ന അർത്ഥം വരുന്ന പദങ്ങളാണ് ക്രിയകൾ. അർത്ഥത്തെ പുരസ്കരിച്ച് അകർമ്മകം - സകർമ്മകം; കേവലം - കർത്തൃജകർമ്മകം - പ്രയോജകം ; ചേതനകർത്തൃകം - അചേതനകർത്തൃകം എന്നിങ്ങനെയും രൂപത്തെ ആധാരമാക്കി കാരിതം - അകാരിതം എന്നും വിഭജിക്കാം. 'കർത്തൃജകർമ്മകം' എന്ന നവീനമായ ആശയം സി. എൽ. ആന്റണി അവതരിപ്പിക്കുന്നു. കർത്താവ് കർമ്മമാകുന്ന പ്രക്രിയയായി ഈ സംജ്ഞയെ വിലയിരുത്തുന്നു. 'രാമൻ ഓടുന്നു - കൃഷ്ണൻ രാമനെ ഓടിക്കുന്നു' ഈ ഉദാഹരണത്തിൽ ആദ്യവാക്യത്തിൽ 'രാമൻ' കർത്താവും രണ്ടാമത്തേതിൽ കർമ്മവുമാകുന്നു. കൂടാതെ പൂർണ്ണക്രിയ - അപൂർണ്ണക്രിയ, പേരെച്ചം - വിനയെച്ചം എന്നിവയ്ക്ക് പ്രത്യേക അർത്ഥവും വ്യാകരണരൂപവും ഉള്ളതിനാൽ സ്വീകാര്യങ്ങളായ ഉപവിഭാഗങ്ങളായും കാണുന്നു.

**(5) ക്രിയാവിശേഷണം :** യഥാർത്ഥ ക്രിയാവിശേഷണങ്ങളെക്കുറിച്ച് കേരളപാണിനിയ്ക്ക് പ്രസ്താവിക്കാനായിട്ടില്ലെന്നാണ് സി. എൽ. ആന്റണിയുടെ വിമർശനം. [11] വിനയെച്ചത്തെ ഭേദകങ്ങളായി ഉപയോഗിക്കുന്നതിനുള്ള ഉദാഹരണങ്ങൾ നൽകി അത് ക്രിയയിൽ അന്വയിക്കുന്നതാകയാൽ അതിനെ ക്രിയാവിശേഷണമെന്ന് നാമകരണം ചെയ്യുകയുമാണ് കേരളപാണിനി ചെയ്തിട്ടുള്ളത്. പ്രത്യേക വ്യാകരണരൂപങ്ങളോടുകൂടിയുള്ള യഥാർത്ഥ ക്രിയാവിശേഷണങ്ങളെ 'ക്രിയാവിശേഷണങ്ങൾ' എന്ന അധ്യായത്തിൽ[12] സി. എൽ. ആന്റണി ചർച്ചചെയ്യുന്നുണ്ട്.

**(6) വ്യാക്ഷേപകം :** മറ്റേതൊരു പദത്തോടും ചേരാതെ സ്വതന്ത്രമായ വാക്യാർത്ഥത്തെ ദ്യോതിപ്പിക്കുന്ന 'ഉവ്വ്, അയ്യോ' എന്നിവയെയും പദവിഭാഗമായി പരിഗണിക്കുന്നു.

മേൽപറഞ്ഞ ആറ് വിഭാഗങ്ങളെ സ്വതന്ത്രപ്രയോഗാർഹതയുള്ള പദങ്ങളായി സി. എൽ. ആന്റണി അംഗീകരിക്കുന്നു. തുടർന്ന് അദ്ദേഹം പദവിഭാഗങ്ങളിലുൾപ്പെടുത്തി കേരളപാണിനി ചർച്ചചെയ്യുന്ന ദ്യോതകങ്ങളെ സി. എൽ. ആന്റണി പുന:പരിശോധനയ്ക്ക് വിധേയമാക്കുന്നു. 'സംബന്ധത്തെ സ്ഫുരിപ്പി

ക്കും, പദം ദ്യോതകമെന്നത്' എന്നാണ് ഏ. ആറിന്റെ ദ്യോതകനിർവ്വചനം.[13] അതിന്റെ അവാന്തരവിഭാഗങ്ങളെ രണ്ടു സമീപനരീതികളിലാണ് *കേരളപാണിനീയ* ത്തിൽ അവതരിപ്പിച്ചിട്ടുള്ളത്.[14]

(i) ആഗമരീതി അവലംബമാക്കിയുള്ള വർഗ്ഗീകരണം: ചരിത്രപരം, കാലക്രമികം (Diachronic) എന്നൊക്കെ ഇതിനെ വിവരിക്കാം. 'നിപാതം-അവ്യയം' എന്ന വിഭജനത്തിന്റെ മാനദണ്ഡമിതാണ്.

(ii) വ്യാപാരത്തെ ആധാരമാക്കിയുള്ള വർഗ്ഗീകരണം: ഏകകാലികമായ (Synchronic) സമീപനമാണത്. അതിന്റെ അടിസ്ഥാനത്തിൽ ദ്യോതകങ്ങളെ 'ഗതി, ഘടകം, വ്യാക്ഷേപകം' എന്നിങ്ങനെ മൂന്നായി തരംതിരിക്കാം.

ഇത്തരത്തിൽ രണ്ടു വിഭജനരീതികൾ ഒരു വ്യാകരണഗ്രന്ഥത്തിൽ വന്നു ചേരുന്നത് നിഷ്കൃഷ്ടമായ സമീപനമല്ലെന്നാണ് സി. എൽ. ആന്റണിയുടെ വിമർശനം. അതിനു കാരണമായി വർത്തിച്ചത് പൂർവ്വവൈയാകരണന്മാരും വ്യാകരണഗ്രന്ഥങ്ങളുമാണെന്ന് അദ്ദേഹം വിലയിരുത്തുന്നു.

നിപാതം - അവ്യയം (ഗുണ്ടർട്ട്‌വ്യാകരണത്തിന്റെ പ്രേരണയാലുള്ള വിഭജനം)

ഗതി - ഘടകം - വ്യാക്ഷേപകം (ഇംഗ്ലീഷ് വ്യാകരണസംജ്ഞകളുടെ സ്വാധീനം)[15].

മലയാളഭാഷയുടെ പദവിഭാഗങ്ങളെ പൊതുവെ നാമം, ക്രിയ, എണ്ണവും ഗുണവും കുറിക്കുന്ന വിശേഷങ്ങൾ (ഉരിച്ചൊല്ലുകൾ), അവ്യയങ്ങൾ എന്നിങ്ങനെയാണ് ഗുണ്ടർട്ട് വിഭജിക്കുന്നത്. നാമം-ക്രിയ എന്നിവയുടെ വിശേഷണങ്ങൾക്കു പ്രത്യേകം രൂപമില്ലെന്നും വിശേഷണാർത്ഥം കുറിക്കാൻ അവ മലയാളഭാഷയിൽ സ്വീകരിക്കുന്ന ഉപാധികളേതെന്നും അദ്ദേഹം അന്വേഷിക്കുന്നു. അവയ്ക്കുപുറമെ 'അവ്യയം' എന്ന വിഭാഗത്തിൽ ക്രിയാവിശേഷണം, ഗതി, ഘടകം, വ്യാക്ഷേപകം എന്നിവയെ ഉൾപ്പെടുത്തിയിരിക്കുന്നു. 'അവ്യയം' എന്നതിനെ വിശദീകരിക്കാൻ ലോക്കിന്റെ[16] നിർവ്വചനമാണ് സ്വീകരിച്ചിട്ടുള്ളത്. "A particle is an indeclinable word, as the Article, Adverb, Preposition, Conjunction or Interjection" (2005 : 42).

അവ്യയവിഭാഗങ്ങളെക്കുറിച്ചുള്ള 3 തരം വിഭജനമാണ് ഗുണ്ടർട്ട് നടത്തിയിരിക്കുന്നതെന്ന് സി. എൽ. ആന്റണി പ്രസ്താവിക്കുന്നു. 'ക്രിയോത്ഭവങ്ങൾ, നാമോത്ഭവങ്ങൾ, നല്ല അവ്യയങ്ങൾ' എന്നിവയാണവ. എന്നാൽ ഇവയ്ക്കു പുറമെ 'വ്യാക്ഷേപക'ങ്ങളെക്കൂടി ഉൾക്കൊള്ളിച്ച് 'അനുകരണശബ്ദങ്ങൾ' എന്നൊരു വിഭാഗത്തെപറ്റി ഗുണ്ടർട്ട് ചർച്ചചെയ്യുന്നുണ്ട്. ചുരുക്കത്തിൽ നാലുതരത്തിൽപ്പെട്ട അവ്യയവിഭാഗങ്ങളെ *മലയാളഭാഷാവ്യാകരണത്തിൽ* കാണാം:-

Four kinds of Particles[17] മലയാള അവ്യയങ്ങൾ 4 തരമെന്ന് പറയുന്നു.

I. Particles derived from Verbs (ക്രിയോത്ഭവങ്ങൾ)

- Adverbial Past Participles - മുൻവിനയെച്ചങ്ങൾ

എന്ന് → തെറ്റെന്ന്, പെട്ടെന്ന്; ഇട്ട് → ആയിട്ട്; പെട്ടു, പട്ടു→മേല്പട്ട്, പിറകോട്ട്

- Infinitives - നടുവിനയെച്ചങ്ങൾ : അതിൽ പലതിനും 'ഏ' പ്രത്യയം വരുമെന്നു പറയുന്നു. ചിക്കനെ, മുറുക്കനെ, കടുക്കനെ . . .
- Conditional – like particles - സംഭാവന എന്നു തോന്നുന്നത്. കാൾ, കാണിൽ, കായിൽ എന്നതാണ് പ്രത്യയങ്ങളെന്ന് പറയുന്നു. ഉദാ : ഒന്നുകിൽ
- Verbal Nouns used as Particles - ക്രിയാനാമങ്ങളും അവ്യയങ്ങളായി നടക്കും. അടുക്കൽ (അടുക്കെ), നിച്ചെൽ, മീത്തൽ, മുന്നൽ, ഭാവി രൂപങ്ങളായി തോറും, പോലും എന്നിവയെയും ഉദാഹരിക്കുന്നു.

II. Particles derived from Nouns (നാമോത്ഭവങ്ങൾ)

- Nominative നാമോത്ഭവങ്ങളിൽ മിക്കതും പ്രഥമകളാണ്. ഓളം, ഓടം (അത്രോടം), ഉടൻ (ഉടനെ). 'ഏ' ചേർത്ത് അവ്യയാർത്ഥത്തിന് ഉറപ്പ് നൽകുന്നു - മീതെ, ഊടെ, പിന്നെ, പിമ്പെ - മുന്നെ, മുന്നമെ, മുമ്പെ.

- Locative സപ്തമികൾ പലതും അവ്യയങ്ങളാകുന്നു. ദൂരത്ത് - അകത്ത് - പുറത്ത് - കീഴിൽ.

- Instrumental തൃതീയകൾ - മുന്നാലെ, മുമ്പിനാൽ.

- Dative ചതുർത്ഥികൾ വിശേഷാൽ കാലവാചികൾ അത്രെ. ഉച്ചയ്ക്ക്, പാതിരായ്ക്ക്, വരെക്ക്.

III Particles proper നല്ല അവ്യയങ്ങൾ

- Malayalam നല്ല അവ്യയങ്ങൾ ആയവ. ഓ, ഏ, ഈ, (അല്ലീ), ആ (-അതാ) - എനി, ഇനി, ഇന്നി, ഇന്നം.

- സംസ്കൃതത്തിലുള്ളവ :- പുനഃ, പുനർ-അപി, ച, ഏവം-അഥവാ-ആശു - ഇഹ മുതലായവ.

  Sanskrit prefixes : മലയായ്മയിൽ പ്രയോഗമുള്ള സംസ്കൃത ഉപസർഗ്ഗ ങ്ങൾ. പ്രതി-ദിവസംപ്രതി, അതി-അതിയോളം, അതിയായി, ഉപരി-ഉപരി നിറഞ്ഞു, ദു - ദുർ → ദുർന്നടപ്പു

  Compounds of an adverbial character അവ്യയീഭാവങ്ങളാകുന്ന സമാസ ങ്ങൾ പാട്ടിൽ നടക്കുന്നു. ശങ്കാവിഹീനം വന്നു, സകോപം അടുത്തു, സസ മ്മദം

IV Expressives (Interjections) അനുകരണശബ്ദങ്ങൾ Expressing

അനുകരണശബ്ദങ്ങൾ ധാരാളമുണ്ടെന്നും അവയിൽ ഏതാനും ചിലതിനെ മാത്രമെ താൻ വിവരിക്കുന്നുള്ളൂവെന്നുമാണ് ഗുണ്ടർട്ട് ആദ്യമെ പറഞ്ഞുവെയ്ക്കു ന്നത്.

- Calling ഹേ - ഹാ - ഇതാ, ഇതോ - അതാ
- Astonishment and Joy ആശ്ചര്യക്കുറിപ്പ് : ശിവ ശിവ - ഹരാഹര - ചിത്രം - ശില്പം, ഹന്ത - ഹാ - ആ :- അപ്പാ.
- Pain and Grief വേദനക്കുറിപ്പാവിത് - ഹാ - അയ്യോ, അയ്യയ്യോ.
- Contempt ധിക്കാരക്കുറിപ്പ് - ചി, ചീ, ശി
- Assent and Doubt സമ്മതക്കുറിപ്പ് - ഓം, ഉവ്വ് - ഓഹോ.
- Imitation of sound (Imitatives) ഒലിക്കുറിപ്പുകൾ തന്നെ ഓരോ ശബ്ദങ്ങളെ അനുകരിക്കുന്നു - കൂ (കൂവിടുക), കള കള എന്നു മുഴു ങ്ങി, പട പട എന്നു വീണു . . . (ഗുണ്ടർട്ട്, 2014: 115-117)

ഗുണ്ടർട്ടിന്റെ വിവരണങ്ങളിൽ ജാത്യാ ദ്യോതകങ്ങളായ അവ്യയങ്ങളായി അദ്ദേഹം കരുതുന്നത് മൂന്നാമത്തെ വിഭാഗമായ 'നല്ല അവ്യയങ്ങൾ' എന്നാ ണെന്നും ആ നിരീക്ഷണത്തിൽ പ്രേരിതനായാണ് ഏ.ആർ 'നല്ല അവ്യയ'ങ്ങളെ (ജാത്യാ ദ്യോതകം) നിപാതം എന്നും മറ്റുള്ളവയെ 'അവ്യയം' എന്നും നാമക രണം ചെയ്തതെന്നുമാണ് സി. എൽ. ആന്റണി സമർത്ഥിക്കുന്നത്.[18]

*കേരളപാണിനീയ*ത്തിലെ 'നിപാതാവ്യയാധികാര'ത്തിൽ ഏ. ആർ. നടത്തുന്ന വിശദാംശങ്ങൾ അദ്ദേഹം മുമ്പെ പറഞ്ഞുവെച്ച ആശയങ്ങൾക്ക് വിരുദ്ധമാണെന്ന് സി. എൽ. ആന്റണി അഭിപ്രായപ്പെടുന്നു. നിപാതങ്ങൾ എണ്ണത്തിൽ വളരെ ചുരുങ്ങുമെന്നും അതിൽ പ്രധാനപ്പെട്ടവ 'ഉം, ഓ, ഏ, ആ, ആൻ, ഈ എന്നിവയാണെന്നും പറഞ്ഞതിനുശേഷം ഇവയിൽ 'ആ, ഈ, ഉം' എന്നിവ ചുട്ടെഴുത്തുകളിൽനിന്നു ജനിച്ചവയും 'ആൻ' ആയിൽ (ആകിൽ) എന്ന പഴയ പാക്ഷികവിനയെച്ചത്തിന്റെ വികൃതരൂപമാണെന്നും കേരളപാണിനി പ്രസ്താവിക്കുന്നു. നിപാതങ്ങൾ ജാത്യാ ദ്യോതകമാണെന്നുള്ള അദ്ദേഹത്തിന്റെ മുൻധാരണകളെ അസാധുവാക്കുന്ന വിശദീകരണങ്ങളാണ് നിപാതാവ്യയത്തിൽ ഉള്ളതെന്ന് സി. എൽ. ആന്റണി വിലയിരുത്തുന്നു. കേരളപാണിനിയുടെ ചില വിരുദ്ധചിന്തകളെക്കൂടി ഈ ഭാഗത്ത് അവതരിപ്പിക്കുന്നു:

- 'ഉം' ചുട്ടെഴുത്തിൽനിന്ന് ജാതമായെന്ന് നിപാതാവ്യയാധികാരത്തിൽ പറയുന്നു.

ആദിയിൽ വാചകമായിരുന്ന ഏതെങ്കിലും ഒരു പദം ഭ്രംശിച്ചുണ്ടായതാണ് 'ഉം' എന്നൂഹിപ്പാൻ ഒരു യുക്തിയും കാണുന്നില്ലെന്ന് ശബ്ദവിഭാഗം എന്ന പ്രകരണത്തിൽ വിവരിക്കുന്നു. (കേ. പാ., കാരിക 31.1).

- 'ആവുക' എന്ന സമ്പത്തിക്രിയ[19]യുടെ വിനയെച്ചരൂപം 'ആയിട്ട്' എന്ന് അവ്യയമായി വരും (കേ. പാ., കാരിക 167).

  'ആയിട്ട്' എന്ന നിപാതത്തിന്റെ യോഗം പിൻവിനയെച്ചത്തെ ഒന്നു തേച്ചുമിനുക്കിയാലെന്നപോലെ പ്രകാശിപ്പിക്കും. (കേ. പാ., കാരിക 153 ന്റെ വിവരണം) (2005 : 43).

  ഇത്തരത്തിൽ ഒരേ രൂപത്തെത്തന്നെ അവ്യയമായും നിപാതമായും കേരളപാണിനി തെറ്റിദ്ധരിക്കുന്ന സന്ദർഭങ്ങളാണ് സി. എൽ. ആന്റണി പരാമർശിക്കുന്നത് ഒപ്പംതന്നെ ദ്യോതകവർഗ്ഗീകരണത്തിൽ ഏ. ആറിനു വന്നുചേർന്ന പരിമിതികൾക്കുള്ള കാരണങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നു:-

  (1) ആഗമികവും വിവരണാത്മകവുമായ വ്യാകരണപദ്ധതികൾ കൂട്ടിക്കലർത്തി വ്യാകരണഗ്രന്ഥം രചിച്ചു.

  (2) ഭാഷാവസ്തുതകളെ സ്വന്തമായി വിശകലനംചെയ്തു വർഗ്ഗീകരിക്കാനൊരുങ്ങാതെ മറ്റുള്ളവരുടെ അഭിപ്രായങ്ങൾ കർത്തൃനിഷ്ഠമായി പരിഷ്കരിക്കുക മാത്രം ചെയ്യാനും മുതിർന്നു.

  (3) ഇംഗ്ലീഷ്വ്യാകരണത്തിലെ പദവിഭാഗസംജ്ഞകളായ preposition, conjunction, interjection എന്നിവയ്ക്ക് സമാന്തരങ്ങളായി അതേ അച്ചിൽ മലയാളത്തിലും ചില പദവിഭാഗങ്ങൾ വാർത്തെടുത്ത് ഉദാ

ഹരിക്കാൻ ശ്രമിച്ചതിന്റെ ഫലമായി വന്നുകൂടിയ ഗതികേടാണ് ഗതി (Post-position), ഘടകം, വ്യാക്ഷേപകം എന്നിവ [21]

കേരളപാണിനിയുടെ ദ്യോതകങ്ങളിൽ സ്വതന്ത്രപ്രയോഗാർഹതയുള്ള പദ വിഭാഗങ്ങൾ ഏതെല്ലാമെന്ന് പരിശോധിച്ച് നിഗമനങ്ങളിലെത്താനും സി. എൽ. ആന്റണി ശ്രമിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളും വിശദീകരണങ്ങളും ചുവടെ സംഗ്രഹിക്കുന്നു.

- വ്യാക്ഷേപകം: സ്വതന്ത്രമായി വാക്യാർത്ഥത്തെ ദ്യോതിപ്പിക്കുന്നവയാണിവ. അതിനാൽ പദങ്ങളായി അംഗീകരിക്കുന്നു. ഉദാ : ഉവ്വ്, അയ്യോ
- ഗതി : വിഭക്തികളെ വിളക്കുന്ന ഉപാധിയായ ഗതികളെ (കൊണ്ട്, നിന്ന്, വെച്ച്, ഊടെ) മലയാളത്തിലെ സ്വതന്ത്രപ്രയോഗാർത്ഥങ്ങളായ പദങ്ങളായി സി.എൽ.ആന്റണി അംഗീകരിക്കുന്നില്ല. ഗതിചേർന്ന വിഭക്ത്യന്തത്തിന് മിശ്രവിഭക്തിയെന്ന് *കേരളപാണിനീയ*കാരിക63-ൽ പറയുന്നതിനനുസരിച്ച് വിഭക്തിയായി പരിഗണിക്കേണ്ട ഗതികൾക്ക് പദപദവി നൽകേണ്ടതില്ലെന്നും അങ്ങനെയെങ്കിൽ 'എ,ഓട്,ന്റെ' എന്നീ വിഭക്തിപ്രത്യയങ്ങളെയും പദങ്ങളായി കരുതേണ്ടതല്ലേയെന്നും അദ്ദഹം വിമർശിക്കുന്നു. ഇംഗ്ലീഷിലെ സ്വതന്ത്രപ്രയോഗക്ഷമതയുള്ള 'On,in,with' എന്നീ Preposition - കൾക്ക് സമാനമായി മലയാളത്തിൽ ചില രൂപങ്ങൾ കണ്ടെത്താൻ ശ്രമിച്ചതിന്റെ ഗതികേടായി ഇതിനെ വിലയിരുത്തുന്നു.[22]
- ഘടകം : 'ഉം,ഓ' എന്നീ ഘടകപ്രത്യയങ്ങളെ പദവിഭാഗങ്ങളായി കാണുന്ന കേരളപാണിനിയുടെ സങ്കൽപത്തെ നിരാകരിക്കുന്നു. രാമനും കൃഷ്ണനും (ഉം), രാമനോ കൃഷ്ണനോ (ഓ), വന്നുവോ (ഓ) - എന്നീ ഉദാഹരണങ്ങളിൽ ഘടകപ്രത്യയങ്ങൾക്ക് പദത്വം ഇല്ലെന്നും 'സമുച്ചയം, വികല്പം, ചോദ്യം' എന്നീ അർത്ഥങ്ങളെയാണ് അവ യഥാക്രമം പ്രദാനം ചെയ്യുന്നതെന്നും പറയുന്നു.[23]

ഇത്തരം രൂപങ്ങൾ മലയാളഭാഷയിൽ കേവലം പ്രത്യയങ്ങളാണ്. പദങ്ങളെയും വാക്യങ്ങളെയും സംയോജിപ്പിക്കുന്ന പ്രത്യയം എന്നതിൽ കവിഞ്ഞൊരു സ്ഥാനവും സമുച്ചയത്തിനില്ല. ഇവ പദങ്ങളോ ആധുനിക സംജ്ഞപ്രകാരമുള്ള 'സ്വതന്ത്രരൂപിമ'(Free Morpheme)[24]ങ്ങളോ അല്ല. കേവലം പ്രത്യയതുല്യങ്ങളായ 'ബദ്ധരൂപിമ'(Bound Morpheme)[25]ങ്ങളാണ്. ഇംഗ്ലീഷിലെപോലെ സ്വതന്ത്രപ്രയോഗാർഹതയുള്ള 'Conjunction'(സമുച്ചയം) എന്നതിനോട് ഇവയെ സാദൃശ്യപ്പെടുത്താനാവില്ലെന്നും പറയുന്നു. ഇത്തരം ആശയങ്ങൾ കേരളപാണിനി ഒടുവിൽ മനസ്സിലാക്കുന്നുണ്ടെന്ന് അദ്ദേഹത്തിന്റെ ചില പ്രസ്താവനകളെ മുൻനിർത്തി സി.എൽ.ആന്റണി വിശദീകരിക്കുന്നു.ഗ്രന്ഥാരംഭത്തിൽ പദവിഭാഗമെന്നു കരുതി

ചർച്ച ചെയ്ത് 'നിപാത'ത്തിന് നിരുക്തദൃഷ്ട്യാ പദപദവി നൽകേണ്ടതില്ലെന്നും തനിയെനിന്ന് അർത്ഥത്തെ പ്രദാനംചെയ്യാൻ കഴിയാത്ത അവയെ പ്രത്യയമായി കരുതിയാൽ മതിയെന്നുമുള്ള 'ശബ്ദോല്പത്തി' ഭാഗത്തെ (*കേരളപാണിനീയം*) ഏ. ആറിന്റെ പ്രസ്താവനയാണ് കേരളപാണിനീയഭാഷ്യകാരൻ ഇതിനു തെളിവായി നിരത്തുന്നത്. എന്നാൽ ഗ്രന്ഥാരംഭത്തിൽത്തന്നെ നിരുക്തപരമായി പരിശോധിച്ചിട്ടാണ് അവ്യുല്പന്നങ്ങളായ ദ്യോതകങ്ങളെ നിപാതമെന്നൊരു വിഭാഗത്തിൽ ഏ. ആർ. ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് സി. എൽ. ആന്റണി സൂക്ഷ്മമായി അപഗ്രഥിച്ചു വിമർശിക്കുന്നു.[26] ഒപ്പംതന്നെ തന്റെ ചർച്ചകളുടെ സംഗ്രഹമായി മലയാളത്തിലെ പദങ്ങളെ ആറായി വർഗീകരിക്കുന്നു.

1. നാമം 2. സർവ്വനാമം 3. നാമവിശേഷണം 4. ക്രിയ
5. ക്രിയാവിശേഷണം 6. വ്യാക്ഷേപകം (2005: 45).

കേരളപാണിനിയുടെ പദവിഭാഗകല്പനയെ വിമർശിച്ചുകൊണ്ട് അതിനെ പൂരിപ്പിക്കാനാണ് ആന്റണി ഫലത്തിൽ ശ്രമിച്ചിട്ടുള്ളത്.

### 3. 1.2.**പദവർഗ്ഗീകരണം - പൂർവ്വമാതൃകകൾ**

#### 3.1.2.1. **ജോസഫ് പീറ്റ്**

*A Grammar of the Malayalim Language* എന്ന കൃതിയുടെ രണ്ടാം ഖണ്ഡമായ 'Etymology'-യിൽ ഭാഷണത്തിന്റെ ഘടകങ്ങളെ (parts of the speech) കുറിച്ച് വിവരിക്കുന്നിടത്ത് മലയാളഭാഷയിലെ പദങ്ങളെ വർഗ്ഗീകരിക്കുന്നു. "All the words, in the Malayalim Language, are divided into six principal parts : vis. Particles, Nouns, Pronouns, Verbs, Adjectives and Adverbs. The Preposition or rather Postposition, Conjunction and Interjection are included in the Particle. There is no article" (പീറ്റ്, 2018 : 20). Article (വിവേചകഭേദകം) മലയാളഭാഷയിലില്ലെന്നു പറയുന്നുണ്ടെങ്കിലും അതിനോട് സമാനമായ ചില പ്രയോഗങ്ങൾ നിലനിൽക്കുന്നുണ്ടെന്നും പീറ്റ് നിരീക്ഷിച്ചിരുന്നു. ഇംഗ്ലീഷ് ഭാഷയിലെ "Indefinite Article' വിഭാഗത്തിൽ ഉൾപ്പെടുന്ന "a, an" എന്നിവയുമായി മലയാളഭാഷയിലെ 'ഒരു' എന്ന പ്രയോഗത്തിന് സാമ്യമുണ്ടെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. ഉദാ: 'ഒരു ആൾ അവിടെ ഉണ്ട്', "a person is there'. തന്നെയുമല്ല 'definite article' ആയ "the' എന്നതിനെ സൂചിപ്പിക്കാൻ 'demonstrative pronous' ആയുള്ള 'ആ, ഠരം' എന്നിവയെ മലയാളികൾ ഉപയോഗിക്കാറുണ്ടെന്നും പീറ്റ് അഭിപ്രായപ്പെടുന്നു.[27] പാശ്ചാത്യമായ വ്യാകണാവബോധമാണ് പീറ്റിന്റെ നിരീക്ഷണങ്ങൾക്ക് അടിസ്ഥാനമാകുന്നതെന്നു പറയാം.

#### 3.1.2.2. **റിച്ചാർഡ് കോളിൻസ്**

മലയാളത്തിൽ എട്ടുതരം പദങ്ങളുണ്ടെന്നാണ് കോളിൻസിന്റെ വ്യാകരണ ത്തിൽ പ്രതിപാദിച്ചിട്ടുള്ളത്.

"Malayalim words may be divided into eight classes, which are called, PARTS OF SPEECH – They are: 1.Noun; 2. Adjective; 3. Pronoun; 4. Verb; 5. Adverb; 6. Postposition; 7. Conjunction; 8. Interjection" (കോളിൻസ്, 2018 : 55).

ഈ വിവരണത്തിന്റെ അടിക്കുറിപ്പിൽ മലയാളഭാഷയുടെ സമകാലികാവസ്ഥ കണ ക്കിലെടുക്കുമ്പോൾ ആ ഭാഷയിലെ പദങ്ങളെ മേല്പറഞ്ഞ രീതിയിൽ 8 ആയി തരംതിരിക്കുന്നതാണ് ഉചിതമെന്ന് പ്രസ്താവിക്കുന്നു. "The Language originally consists simply of nouns (including pronouns) and verbs, with a few particles . . . But the division above is thought necessary for analysing the language in its present state" (2018 : 55)

'Post positions'-ക്കുറിച്ചും വ്യക്തമായ വിവരണം കോളിൻസ് നടത്തുന്നു ണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഈ വിഭാഗത്തിൽ വരുന്ന പദങ്ങൾ ഒന്നു കിൽ നാമമോ അല്ലെങ്കിൽ നാമസംബന്ധിജാതമായ രൂപങ്ങളോ ആണ്. ഓരോ വിഭക്തിയോടും ചേരുന്ന ഇത്തരം രൂപങ്ങളെ വിവരിക്കുന്നിടത്ത് കോളിൻസ് തന്റെ ആശയങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്.

- വിഭക്തി : Nominative case

Post-positional words: വരെ, ഓളം, തൊട്ട, നിമിത്തം, പ്രകാരം, മുതൽ,

നിമിത്തം, പ്രകാരം, മുതൽ, മൂലം → നാമങ്ങൾ

തൊട്ട → Participle

വരെ → Post positional form വര ഓളം → ഓളം was in all probability originally a noun (2018 : 101)

- വിഭക്തി → Possessive Case

Post – positional words : അടുക്കൽ, മേൽ, നേരെ, അരികെ, പിന്നാ ലെ, പക്കൽ, പറ്റിൽ, ശേഷം, പ്രകാരം.

രണ്ടു നാമങ്ങളുടെ കൂടിച്ചേരലായ ഷഷ്ഠീവിഭക്തിയിൽ (സംബന്ധിക) ആദ്യപദത്തിനൊപ്പം പ്രത്യയം ചേരുന്നു. "If two nouns come together, the latter of

which is the property of the former, the former is put in the possessive case : as അവന്റെ വിട : ദൈവത്തിന്റെ രാജ്യം" (2018 : 101).

ഇതിനൊപ്പം ഉപയോഗിക്കുന്ന post positional പദങ്ങളെക്കുറിച്ച് അദ്ദേഹം വിവരിക്കുന്നു. 'The reason why the possessive case is used with these words is plain, when we consider that they are either nouns, or of nounal origin." (2018 : 102).

- വിഭക്തി : Objective Case

"The object of a sentence is put in the objective case: as, ഞാൻ അവനെ കണ്ടു" (2018 : 103).

"The following post-positional words take the objective case ; പോലെ, കൊണ്ട, പറ്റി, കുറിച്ച" (2018 : 104) ഇതിൽ 'പോലെ' എന്നതൊഴിച്ചുള്ളവയെല്ലാം 'active participles' ആണെന്ന് കോളിൻസ് പറയുന്നു. അതായത് അവയ്ക്കെല്ലാം ക്രിയാസ്വഭാവമാണെന്നർത്ഥം.

'Post positions' എന്ന ഖണ്ഡത്തിൽ Nominative case, Possessive case, Dative case എന്നിവയ്ക്കൊപ്പമെല്ലാം ഉപയോഗിക്കുന്ന post-positions ഏതെല്ലാമെന്ന് ഇനം തിരിച്ച് അദ്ദേഹം പറയുന്നുണ്ട്.

Nominative Case : ഓളം, തോറും, വരെ, ഒഴികെ (2018 : 121)

Possessive Case : പിന്നാലെ, പിന്നിൽ, പിമ്പെ, പിമ്പിൽ, പുറകെ, പുറകിൽ, മുമ്പെ, മുമ്പിൽ, മുമ്പാകെ, മേൽ, മേലെ, കീഴെ, കീഴിൽ, അടുക്കൽ, അരികെ, അരികിൽ, അരികത്ത് (2018 : 121-122).

Dative case ലും possessise case ലും വരുന്നവ :

നേരെ, മീതെ, താഴെ, നടുവെ, മധ്യെ, സമീപെ, ചുറ്റും (2018 : 122).

Objective case : കാൾ, കാട്ടിൽ, പോലെ (2018 : 122).

Conjunctive case : കൂടെ (allied to കൂടം, and കൂട്ടം, an assemblage), together with (2018 : 122).

""It will be observed, that the originals of most of the above post-positions are nouns" (2018:123) എന്നാണ് കോളിൻസിന്റെ അഭിപ്രായം. തന്നെയുമല്ല post-positions എന്ന് വിളിക്കാനാവില്ലെങ്കിലും അത്തരം ധർമ്മം നിർവ്വഹിക്കുന്ന പദങ്ങ ളെക്കുറിച്ചും വിശദീകരിക്കുന്നുണ്ട്. അവയെ post-positional words എന്ന ശീർഷ കത്തിൽ കാണാം:

“There are many nouns, and participles, which are used postpositionally; as, for instance, മുതൽ, ശേഷം, മൂലം, കൊണ്ട, കുറിച്ച . . . . These words, in parsing, may be said to be used postpositionally; but should not be called postpositions. Their real nature should be strictly kept in mind. In many cases, they will exhibit instances of the use of the nominative absolute." (2018 : 123).

### 3.1.2.3. റോബർട്ട് ഡ്രമ്മണ്ട്

Noun, Pronoun, Verb, Participle എന്നീ ഭാഷണഘടകങ്ങളെ കൂടാതെ മറ്റു ചിലതിനെയും ഡ്രമ്മണ്ട് പരിഗണിക്കുന്നു. അവ താഴെ ചേർക്കുന്നു:

""Prepositions, the rules for forming the different cases of the noun, adverbs, interjections and conjunctions, from the combination of all which the structure of language is raised and fixed" (ഡ്രമ്മണ്ട്, 2019: 65).

വിഭക്തികളെ പരിഷ്കരിക്കുന്ന പദങ്ങൾക്ക് ഇംഗ്ലീഷിലെപോലെ 'prepositions' എന്നാണ് സംജ്ഞ ചെയ്തിരിക്കുന്നത്. എന്നാൽ അവ മലയാള ഭാഷയിൽ "post-positions' ആയിട്ടാണ് സ്ഥാനംകൊണ്ട് നിലകൊള്ളുന്നതെന്നും ഡ്രമ്മണ്ട് മനസ്സിലാക്കുന്നു. “In the Malabar language these parts of speech are always placed after the noun; their more appropriate appellation would therefore be post-positions" (2019 : 67).

ഓരോ വിഭക്തിക്കൊപ്പവും ഉപയോഗിക്കുന്ന preposition കളെ വിവരിക്കു ന്നു.

Genitive Case

→ അരികെ (near) or അരിയത്തെ

ഉദാ : പൊഴേടെ അരിയത്തെ (near the river),

പള്ളിക്ക അരികെ (Dative case ലും 'അരികെ' വരുന്നു)

→ അങ്ങെ (beyond), ഇങ്ങെ (on this side)

ഉദാ: പൊഴേടെ അങ്ങെകരെ, പൊഴെക്ക ഇങ്ങെകരെ

→ അങ്ങപുറം, ഇങ്ങപുറം

ഉദാ : ഞാൻ ഇങ്ങെപ്പുറത്ത അവൻ അങ്ങെപുറത്തായിരുന്നു.

→ എതിരെ – നെരെ (opposite), ഉദാ : പള്ളിയുടെ നെരെ

→ മെൽ, മെലെ, മീതെ (over, upon, above),
ഉദാ : എറെൻറ മെൽ, ഇതിറെൻറ മീതെ

→ മുന്നെ, മുന്നിൽ, മുൻപെ (before in presence of)

ഉദാ : എറെൻറ മുമ്പിൽ, തറെൻറ മുൻഭാഗെ

→ പുറകെ, പിറകെ (Behind), ഉദാ : എറെൻറ പിറകെ

→ മുഖത്തെ (in presence of), ഉദാ : എറെൻറ മുഖത്ത തല്ലി

→ വക്കൽ (to, at), ഉദാ : അവറെൻറ വക്കൽ (at him, to him)

→ വഴി, വഴിയായി, വഴിയായിട്ട, വഴിയെ (According to),

ഉദാ : ന്യായത്തുംവഴി

→ പിൻമ്പെ (after) ഉദാ: സുഖത്തിറെൻറ പിമ്പെ ദു:ഖം

→ പുറത്ത (Upon) ഉദാ : എറെൻറ പുറത്തവീണു

→ കീൾ, കീഴു (beneath), താഴെ-താഴത്ത (under)

ഉദാ : സമുദ്രത്തിറെൻറ താഴെ മണൽ

→ ശെഷം (after) ഉദാ : അതിറെൻറ ശെഷം

→ ചുറ്റും (about) ഉദാ : ഭൂമിയുടെ ചുറ്റും കടൽ (2019 : 67-68).

Dative Case

ഒത്തവണ്ണം, ഒത്തപൊലെ (According to), വെണ്ടി, വെണ്ടിട്ട (because of)

പകരം or പകരമായി (instead of), തക്ക or തക്കത (suitable to)

കിഴക്ക - കിഴക്കൊട്ട, തെക്ക - തെക്കൊട്ട, വടക്ക - വടക്കൊട്ട, പടിഞ്ഞാറെ അകത്ത or അകം (within)

ഉദാ : ഇനിക്ക വെണ്ടീട്ട വടക്കൊട്ട താൻ ചെയ്ത ഉപകാരത്തിന പകരമായി ഞാനും തെക്കൊട്ട പൊയാറെ താൻ പറെഞ്ഞ ആ കാര്യത്തിന തക്ക ഉപദെശങ്ങളെ എടുത്തപ്പൊൾ രണ്ടമാസത്തിനകത്ത ഒത്തവണ്ണം കാര്യം സാധിക്കയും ചെയ്തു. (2019 : 70).

Accusative Case

ഇതാ (Behold) – എന്നെ ഇതാ (behold here I am)

കുറിച്ചത, കുറിച്ചു, കുറിച്ചിട്ട (because of)

കാൾ, കാളും, കായിൽ; കായിലും, കാട്ടിലും (upon), കൊണ്ട (with or by) (2019 : 71)

Vocative Case : ഈ വിഭക്തിക്കൊപ്പം ചേർക്കുന്ന preposition-കളെ യഥാർത്ഥത്തിൽ 'interjections' എന്നാണ് വിളിക്കേണ്ടതെന്ന് ഡ്രമ്മണ്ട് അഭിപ്രായപ്പെടുന്നു.[28] 'എടൊ, എടി, എടാ, അയ്യോ, ഹെ' എന്നിവയെ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നു.

ഉദാ: എടൊ O Sir !, എടാ നി O You !, എടി (to a female)

അയ്യോ Oh ! expressive of pain or grief - അയ്യോ പാവിയെ !

ഹെ O ! as, ഹെ തമ്പുരാനെ O God ! (2019: 71)

Ablative Case : പിന്നെ (after), നിന്ന (from), ഒളം (as far as)

ഉദാ : വന്നതിൽപിന്നെ (after became)

വീട്ടിൽ ഒളം (as far as the house)

അവനൊളം ദുഷ്ടൻ ആരും ഇല്ല (no one is so wicked as he) (2019: 72)

വിദേശമിഷണറിമാരുടെ വ്യാകരണകൃതികളിൽ പൊതുവെ 'Parts of speech' þ ഭാഷണത്തിന്റെ ഘടകങ്ങളെന്ന നിലയിലാണ് പദവിഭാഗങ്ങളെ നിർണ്ണയിക്കുന്നത്. ഇംഗ്ലീഷ്ഭാഷാവ്യാകരണത്തിന്റെ ചട്ടക്കൂടിലാണ് അവർ പൊതുവെ പദവിഭജനം നടത്തിയിട്ടുള്ളത്. നാമം,ക്രിയ,സർവ്വനാമം,വിശേഷണങ്ങൾ എന്നിവയെ ഭാഷണഘടകങ്ങളിൽ പ്രധാനമായും പുര-പരപ്രത്യയങ്ങൾ, ദ്യോതകം, വ്യാക്ഷേപകം എന്നിവയെ മലയാളഭാഷയുടെ സമകാലികാവസ്ഥയിൽ അനിവാര്യമായ പദാംഗങ്ങളായും അവർ കാണുന്നു. post-positionsþകളെക്കുറിച്ചും സുദീർഘമായ വിവരണങ്ങൾ ഈ കൃതികളിലുണ്ട്. വിഭക്തികളെ വിളക്കുന്ന അവയുടെ സ്വഭാവസവിശേഷതകൾ, ആംഗലേയഭാഷയിലെ prepostionþകളോട് സ്ഥാനപദവിയാൽ വ്യത്യസ്തമാകുന്ന അവയുടെ പ്രത്യേകതകൾ, post-positions ഉം post positionally ഉപയോഗിക്കുന്ന പദങ്ങളും തമ്മിലുള്ള വൈജാത്യം എന്നീ കാര്യങ്ങളെല്ലാം അവരുടെ വ്യാകരണചിന്തകൾക്ക് വിഷയമാകുന്നുണ്ട്.

### 3.1.2.4. ജോർജ്ജ് മാത്തൻ

*മലയാഴ്മയുടെവ്യാകരണ*ത്തിന്റെ രണ്ടാംകാണ്ഡം 'പദലക്ഷണം' എന്നാണ് അറിയപ്പെടുന്നത്. മൊഴികളുടെ തരഭേദങ്ങൾ, രൂപഭേദങ്ങൾ, അവയ്ക്കുള്ള വിശേഷങ്ങൾ എന്നിവയെക്കുറിച്ചാണ് ഇതിൽ ചർച്ചചെയ്യുന്നതെന്ന് മാത്തൻ അഭിപ്രായപ്പെടുന്നു(ജോർജ്ജ് മാത്തൻ,2000:31). പക്ഷികൾ മുതലായവയുടെ ശബ്ദങ്ങളെ രുതശബ്ദമെന്നും മനുഷ്യരുടേത് ഗദശബ്ദമെന്നുമാണ് അദ്ദേഹത്തിന്റെ വിഭജനം. അതിന്റെ അടിസ്ഥാനത്തിലുംകൂടിയാണ് അദ്ദേഹം പദനിർവ്വചനം നടത്തിയിട്ടുള്ളത്.

പദനിർവചനം : ''പദമെന്നതു ഗദശബ്ദങ്ങളാൽ ഉണ്ടാകുന്നതും പുറമെ കാണുന്ന വസ്തുക്കളെക്കുറിച്ചു നമ്മുടെ ഉള്ളിൽത്തൊന്നുന്ന രൂപങ്ങളുടെ അടയാളങ്ങളും ആകുന്നു . . . . എന്നാൽ മനസ്സിലെ രൂപവും പുറമേയുള്ള ശബ്ദവും തമ്മിൽ സ്വഭാവേന യാതൊരു സംബന്ധവുമില്ല. . . . വെള്ളം എന്നു നാം പറയുന്ന വസ്തുവിനെ തീ എന്നു പറയുകയും മറിച്ചു തീ എന്നതിന്നു വെള്ളം എന്നു അർത്ഥം വരികയും ആകാം'' (2000 : 32).

മലയാഴ്മയിൽ മൂന്നുവക പദങ്ങളുണ്ടെന്ന് ജോർജ്ജ് മാത്തൻ നിർദ്ദേശിക്കുന്നു. 1. നാമം 2. വചനം 3. അവ്യയം (2000 : 33)

പദവിഭാഗങ്ങളെ സംബന്ധിച്ചും അവയുടെ എണ്ണത്തെക്കുറിച്ചും 'വ്യാകരണക്കാരുടെ ഇടയിൽ തർക്കമു'ണ്ടെന്നും എന്നാൽ പദങ്ങളെ മുറപോലെ തരം തിരിക്കുന്നതിലല്ല; അവയുടെ ലക്ഷണങ്ങളെ തെറ്റുകൂടാതെ കാണിക്കുന്നതാണ് വ്യാകരണത്തിന്റെതാണ് പ്രധാനധർമ്മമെന്നും അദ്ദേഹം നിരീക്ഷിക്കുന്നു[29]. എങ്കിലും സൂക്ഷ്മമായി നോക്കുമ്പോൾ മേൽപറഞ്ഞ മൂന്നുതരം പദങ്ങളാണ് ഭാഷയിൽ സാമാന്യമായി ഉള്ളതെന്നു പറയുന്നു. ഒരു വസ്തുവിനെ, മറ്റൊന്നിൽനിന്ന് വ്യത്യസ്തപ്പെടുത്തുന്നത് അവയുടെ പേരായിരിക്കുന്ന 'നാമം'കൊണ്ടാണ്. വസ്തുക്കൾക്ക് ഓരോരോ ലക്ഷണങ്ങളും വികാരങ്ങളും ഉണ്ടെന്നും ആ ലക്ഷണങ്ങളും വസ്തുക്കളും തമ്മിലുള്ള സംബന്ധത്തെ കാണിക്കുന്നതിനുവേണ്ടിയുള്ള മൊഴികളെ 'വചനങ്ങൾ'[30] എന്നദ്ദേഹം വിളിക്കുന്നു. വാചകത്തിന്റെ എളുപ്പത്തിന്നും അലങ്കാരത്തിന്നുമായിട്ടു ഉണ്ടാക്കപ്പെട്ടതും നിനവുകളെ അറിയിക്കുന്നതിനും വേണ്ടിയുള്ള മൊഴികളെ 'അവ്യയം'[31] എന്ന ഇനത്തിൽ മാത്തൻ ഉൾപ്പെടുത്തുന്നു.

നാമം : 'വസ്തുക്കളുടെ പേരു പറയുന്ന പദ'മെന്നാണ് നാമത്തെ മാത്തൻ നിർവചിക്കുന്നത്. ദൃഷ്ടാന്തം : തൊമ്മൻ, മനുഷ്യൻ, വീടു, ചീനം, ഞാൻ, അവൻ, പലർ (2000 : 34)

**I.** നാമങ്ങൾ മൂന്നുതരം :-

1. **ഏകനാമങ്ങൾ** - ഒറ്റ വസ്തുക്കളുടെയും ആളുകളുടെയും സ്ഥലങ്ങളുടെയും പേരാണിത്. ദൃ — ന്തം : യൊഹന്നാൻ, മങ്ങലപുരം.

2. **വർഗ്ഗനാമങ്ങൾ** — വസ്തുക്കളുടെ പൊതുലക്ഷണങ്ങളെ കാണിക്കുന്നു. ദൃ - ന്തം: മനുഷ്യൻ, നിറം, രാജ്യം.

3. **സർവ്വനാമങ്ങൾ** - ഞാൻ, നീ, അവൻ, പലർ (2000 : 35)

**II.** ഉത്ഭവത്തെ ആധാരമാക്കിയുള്ള നാമവിഭജനരീതികൂടി ജോർജ്ജ് മാത്തൻ നൽകുന്നു:-

1. **രൂഢിനാമങ്ങൾ** — വസ്തുക്കളുടെ ഗുണത്തെക്കാണിക്കാതെ അവെക്കു അടയാളമായി വീണിരിക്കുന്ന നാമമാണിത്. നെല്ലു, കല്ലു, പുല്ലു, മരം എന്ന വസ്തുക്കൾക്കു ഠരം പേരുകൾ വരുന്നതിന്നു അപ്രകാരം നിർമ്മിച്ചു പേരിട്ടു എന്നല്ലാതെ യാതൊരു കാരണവും പറയുന്നതിന്നു ഇല്ലായ്ക കൊണ്ടു അവ 'രൂഢിനാമങ്ങൾ' എന്നറിയപ്പെടുന്നു.

2. **ബന്ധനാമങ്ങൾ** : വസ്തുക്കൾക്കു ചില കാരണങ്ങളാൽ ഉണ്ടാകുന്ന നാമങ്ങളാണിത്. മാങ്ങാ, തേങ്ങാ, എഴുത്താണി എന്നവെക്കു ആ പേരു വീണി

രിക്കുന്നതിന്നു ചില ബന്ധങ്ങൾ ഉള്ളതിനാൽ അവയെ ബന്ധനാമങ്ങളായി പരിഗണിക്കുന്നു. ഇത് രണ്ട് തരമുണ്ട് :

(i) **ഗുണിനാമങ്ങൾ** : വസ്തുക്കളെക്കുറിച്ചു നമ്മുടെ മനസ്സിൽ ഉള്ള സാധാരണ രൂപത്തെക്കാണിക്കാതെ അവയുടെ ചില ഗുണത്തെക്കാണിക്കുന്നു. ദൃ-ന്തം : കള്ളൻ, കള്ളി, ചുമടു, വരുന്നവൻ, പോയവൾ.

(ii) **ഗുണനാമങ്ങൾ** : ഗുണനാമങ്ങൾ ഗുണികളിൽനിന്നു വേറുപട്ടു താനേയിരിക്കുന്ന പ്രകാരത്തിൽ വിചാരിക്കപ്പെടുമ്പോൾ ഗുണങ്ങൾക്കു ഉണ്ടാകുന്ന പേരാകുന്നു. ദൃ-ന്തം; ശുദ്ധത, ശത്രുത, കഠിനം, ഗമനം, ചാട്ടം, ഓട്ടം (2000 : 36-37).

നാമങ്ങളെ ഉത്ഭവത്തിന്റെ അടിസ്ഥാനത്തിൽ മൂന്നായി തരംതിരിച്ചുകൊണ്ടുള്ള മറ്റൊരു വിഭജനവും മാത്തൻ നടത്തുന്നുണ്ട്. മൂലനാമങ്ങൾ, തദ്ധിതനാമങ്ങൾ, സമാസനാമങ്ങൾ എന്നിങ്ങനെ മൂന്ന് അവാന്തരവിഭാഗങ്ങളാണ് അതുവഴി സംജാതമായിട്ടുള്ളത്.

**മൂലനാമങ്ങൾ :** മറ്റു പദങ്ങളിൽനിന്നു വരാത്ത രൂഢിനാമങ്ങളാണിവ. ദൃ-ന്തം; മാവു, പ്ലാവു, പൂച്ച, പുലി, ആൺ, പെൺ, പുരുഷൻ, സ്ത്രീ.

**തദ്ധിതനാമങ്ങൾ :** മറ്റു നാമങ്ങളിൽ നിന്നു വരുന്ന ബന്ധനാമങ്ങളാണിവ. ദൃ-ന്തം; തല-തലവൻ; ധനം - ധാന്യം.

**സമാസനാമങ്ങൾ :** രണ്ടോ അതിലധികമോ പദങ്ങൾ കൂടി ഉണ്ടാകുന്ന നാമങ്ങളാണിത്. ഇത് 3 തരത്തിലുണ്ട്. തൽപുരുഷസമാസം, ദ്വന്ദ്വസമാസം, ഉപസർഗ്ഗസമാസം എന്നിവയാണവ.

**തല്പുരുഷ സമാസം :** രണ്ടു നാമങ്ങൾ കൂടി സന്ധി മുറെക്കു ഒന്നിക്കുമ്പോൾ അത് ഒരു തല്പുരുഷസമാസമായിത്തീരും. കൂടി ഒന്നിക്കുന്ന നാമങ്ങളിൽ ഒടുക്കും നിൽക്കുന്നതിന്നു 'ആധാര'മെന്നും മുൻപിൽ നിൽക്കുന്നതിന്നു 'ആധേയ' മെന്നും പേരായിരിക്കുന്നു: ദൃ - ന്തം : കൺ + പോള = കൺപോള; കടുവാ + നാക്കു = കടുവാനാക്കു ; ആറ്റു + വെള്ളം = ആറ്റുവെള്ളം ; തീ + കനൽ = തീക്കനൽ

**ദ്വന്ദ്വസമാസങ്ങൾ :** തമ്മിൽ സംബന്ധമില്ലാത്ത രണ്ടോ അതിലധികമോ നാമങ്ങൾക്കു വചനത്തോടു സമാനസംബന്ധം വരുമ്പോൾ ആ വക നാമങ്ങളെ 'ഉം' എന്ന അവ്യയംകൊണ്ടു ചേർക്കുന്നതിന്നു പകരം അവയെ ഒന്നിച്ചു ഒരു

സമാസ നാമം ആക്കുന്നു. ദൃ - ന്തം ; രാമലക്ഷ്മണന്മാർ (രാമനും ലക്ഷ്മണനും), വേദശാസ്ത്രങ്ങളിൽ (വേദത്തിലും ശാസ്ത്രത്തിലും); കൈകാലു (കയ്യും കാലും).

**ഉപസർഗ്ഗസമാസങ്ങൾ :** ചില ശബ്ദങ്ങൾ തനിച്ചർത്ഥം ഇല്ലാതെയും മറ്റു പദങ്ങളോടു കൂടി മാത്രമായി വരുന്നു. അവയാണ് ഉപസർഗ്ഗങ്ങൾ: ദൃ-ന്തം; നീതി - അനീതി; ഗുണം - ദുർഗ്ഗുണം. നിരവധി ഉപസർഗ്ഗങ്ങളും അവയുടെ അർത്ഥവും അവ ചേർന്നു വരുന്ന മൊഴികളും മാത്തൻ ഉദാഹരിക്കുന്നുണ്ട്.

| ഉപസർഗ്ഗം | പൊരുൾ | മൊഴികൾ |
|---|---|---|
| അ | ഇല്ലായ്മ | നിത്യം - അനിത്യം<br>വിശ്വാസം - അവിശ്വാസം |
| അതി | അധികം | മാനുഷൻ - അതിമാനുഷൻ |
| അധി | മേൽസ്ഥാനം - അപ്പുറം | അധിപതി, അധികാരം |
| അഭി | എതിർസ്ഥാനം, മുൻപാകെ | അഭിലാഷം, അഭിമുഖം, അഭിമാനം |
| കു | ചീത്ത | കുയുക്തി, കുചോദ്യം |
| പര | മറ്റു | പരാക്രമം, പരസ്ത്രീ |
| പ്രതി | പകരം, വിരോധം | പ്രതിധ്വനി, പ്രതിവാദി |
| ഗം | കൂടെ, തികവു | സംയോഗം, സംഭാഷണം |
| ഗു | നല്ല | സുകൃതം, സുബുദ്ധി |
| ഗ | അടുപ്പം | സകലം, സഫലം |
| ഗ്വ | സ്വന്തം | സ്വഭാവം, സ്വരൂപം |
| തൽ | അതു, അതിന്റെ | തല്ക്കാലം, തൽസമയം |
| യഥാ | അതാതിനുള്ള | യഥാക്രമം, യഥാഭാവം |

(2000: 66-75)

നാമങ്ങളെ ഏകനാമങ്ങൾ, വർഗ്ഗനാമങ്ങൾ, സർവ്വനാമങ്ങൾ എന്നിങ്ങനെ വിഭജിക്കുന്ന മാത്തൻ 'സർവ്വനാമങ്ങ'ളെ വീണ്ടും അഞ്ചായി വർഗ്ഗീകരിക്കുന്നു.

**സർവ്വനാമങ്ങൾ - നിർവചനം**

''എല്ലാ വസ്തുക്കളും ഒരുപോലെ ചില പടുതിയിൽ വരുന്നതാക കൊണ്ടു ആ പടുതികളെക്കാണിക്കുന്നതിന്നു എല്ലാത്തര നാമങ്ങളോടും ചേരുന്ന ചില നാമങ്ങൾ ഉണ്ടു. അവെക്കു സർവനാമങ്ങൾ എന്നു പേർ: ദൃ – ന്തം; ഞാൻ, നീ, അവൻ, താൻ, ആർ, എന്തു, എല്ലാം, മൂന്നു'' (2000 : 75).

അവ അഞ്ചുതരത്തിലുണ്ടെന്ന് മാത്തൻ വിവരിക്കുന്നു.

**(i) പുരുഷാർത്ഥസർവ്വനാമങ്ങൾ**

ലിംഗഭേദം,സംഖ്യാഭേദം,വിഭക്തിഭേദം എന്നിവയെ പ്രകടമാക്കുന്നവിധത്തിൽ രൂപഭേദങ്ങളോടുകൂടി 'ഞാൻ,നീ,അവൻ,താൻ' എന്നിവ പ്രയോഗിക്കുന്നു. അവയെ പുരുഷാർത്ഥസർവ്വനാമങ്ങളെന്നു വിളിക്കുന്നു.

**'ഞാൻ' എന്നതിന്റെ രൂപഭേദങ്ങൾ :** എൻ, എന്നെ, എന്നോടു, ഇനിക്കു, എന്നാൽ, എന്നിൽ, എന്നേ, 'ഞാൻ' എന്നതിന്റെ ബഹുസംഖ്യാരൂപങ്ങൾ - ഞങ്ങൾ, എങ്ങൾ, നാം, നമ്മൾ.

**'നീ' എന്നതിന്റെ രൂപഭേദങ്ങൾ :** നിന്നെ, നിന്നോടു, നിനക്കു, ബഹുസംഖ്യാരൂപം - നിങ്ങൾ

**'അവൻ' എന്നതിന്റെ രൂപഭേദങ്ങൾ**

ലിംഗഭേദങ്ങൾ - അവൾ, അതു

സംഖ്യാഭേദങ്ങൾ - അവർ, അവ

ബഹുമാനാർത്ഥരൂപം - അവർകൾ (ഉദാ : ദിവാൻജിസ്വാമി അവർകൾ)

'താൻ' എന്നതിന്റെ രൂപഭേദങ്ങൾ

തന്നെ, തന്നോടു, തനിക്കു, ബഹുസംഖ്യാരൂപം - തങ്ങൾ (2000 : 75-78)

**(ii) നിശ്ചയകരസർവ്വനാമങ്ങൾ :** പറച്ചിലിന്റെ കാര്യം ഇന്നതെന്നു ചൂണ്ടിക്കാണിക്കുന്നവയാണ് നിശ്ചയകര സർവ്വനാമങ്ങൾ. 'ആയ്‌വ,അവൻ,ഇവൻ,മറ്റവൻ, ഇന്നവൻ' എന്നിവയും അവയുടെ രൂപഭേദങ്ങളും ഇതിനുദാഹരണമായി മാത്തൻ വിവരിക്കുന്നു.

ഉദാ : 'ഞാൻ അവനെ ഇവന്റെ അടുക്കൽക്കൊണ്ടുവന്ന മറ്റവന്റെ സംഗതിയെക്കുറിച്ചു പറഞ്ഞു,' 'അവൻ ഇന്നവനെന്നു ഞാൻ അറിഞ്ഞില്ല', 'അതിന്നതെന്നു അവൻ പറകയില്ല', 'ഇന്നയിന്ന കാര്യങ്ങൾ'

അവൻ, ഇവൻ എന്നിവയുടെ ആദ്യാക്ഷരങ്ങളായ അ, ഇ എന്നിവയും അവയുടെ സമാനദീർഘങ്ങളായ ആ, ഠരം എന്നിവയും ആധേയങ്ങളായിട്ടു നാമങ്ങളുടെ മുൻപിൽ വരുമെന്ന് ഉദാഹരണങ്ങളോടെ മാത്തൻ വ്യക്തമാക്കുന്നു :

ഉദാ :- ആ സംഗതി, ഇക്കള്ളനോടു പറയരുതു, ൦രം ആൾ ആ ദോഷം ചെയ്തു (2000 : 78-79).

(iii) **പൃഛ്ഛകങ്ങൾ :** നാമാർത്ഥത്തെ സംബന്ധിച്ചു ചോദ്യം ചോദിക്കുന്നതിനു പ്രയോഗിക്കുന്നവയാണിവ. 'ആയ്വ, യാവൻ, യാവൾ, യാതു, യാവർ, യാവ, ഏവൻ, ഏവൾ, ഏതു, ഏവർ, ഏവ, ആർ, എന്തു' എന്നിവ ഇതിൽ വരുന്നു.

ഉദാ: ഏവനോടാകുന്നു നീ പറഞ്ഞതു, ൦രം പുസ്തകങ്ങളിൽ നിനക്കു ഏതു വേണം, നീ പറയുന്നതു എന്തു (എന്തു സംഗതി) (2000 : 79-80).

(iv) **സർവ്വാർത്ഥങ്ങൾ :** "സർവ്വാർത്ഥസർവ്വനാമങ്ങൾ തങ്ങൾ അടയാളപ്പെടുത്തുന്ന പൊരുൾ പ്രത്യേകം ഇന്നതെന്നു നിശ്ചയിക്കാതെ അടെച്ചു എങ്കിലും അംശമായിട്ടു എങ്കിലും സർവ്വത്തോടും ചേരുന്നതായിട്ടു കാണിക്കുന്നവയാകുന്നു. അവ സംഖ്യയിൽ വളരെ ഉണ്ടു. അവയിൽ പ്രധാനമായിട്ടുള്ളവ ഒരുത്തൻ, ചിലവൻ, പലവൻ, എല്ലാവൻ, സകലർ, ആസകലർ, സർവ്വർ എന്നിവയും പൃച്ഛകങ്ങളോടും മറ്റും 'ഉം' എന്ന അവ്യയം ചെരുന്നതിനാൽ ഉണ്ടാകുന്നു. ആരും, ഏവനും, ഒരുത്തനും, എന്തും, ഏതും എന്നവയുമാകുന്നു." (2000 : 80).

**(v)സംഖ്യനാമങ്ങൾ:** വസ്തുക്കളുടെ എണ്ണത്തെക്കാണിക്കുന്ന സർവ്വനാമമാണിത്.

**നാമങ്ങൾ - മൂന്നു സ്ഥാനം**

1. **ആത്മസ്ഥാനം :-** സംസ്കൃതത്തിൽ ഇതിനെ 'ഉത്തമപുരുഷൻ' എന്നു പറയുന്നു. ഉദാ : ഞാൻ, ഞങ്ങൾ, നാം, നമ്മൾ

2. **അഭിസ്ഥാനം :-** ഇവയെ 'മദ്ധ്യമപുരുഷൻ' എന്ന് സംസ്കൃതത്തിൽ പറയുന്നു. ഉദാ: നീ, നിങ്ങൾ

3. **പരസ്ഥാനം :** 'പ്രഥമപുരുഷൻ' എന്ന് സംസ്കൃതത്തിൽ വ്യവഹരിക്കുന്നു.

   ഉദാ : ഏകനാമങ്ങൾ , വർഗ്ഗനാമങ്ങൾ, സർവനാമങ്ങൾ

ചുരുക്കത്തിൽ മാത്തന്റെ നാമവർഗ്ഗീകരണം താഴെ കാണുന്നവിധം സംഗ്രഹിക്കാം:




നാമങ്ങളുടെ ഉത്ഭവത്തെ പുരസ്കരിച്ചുള്ള രണ്ടുതരം വിഭജ നങ്ങളെ ചുവടെ സംഗ്രഹിക്കാം:-






**വചനം :** 'ക്രിയ' എന്നതിനെയാണ് 'വചനം' എന്ന പദംകൊണ്ട് മാത്തൻ വിഭാവനം ചെയ്യുന്നത്. ''വചനം എന്നതു വസ്തുക്കളും, അവയുടെ ഗുണങ്ങളും തമ്മിലുള്ള സംബന്ധത്തെ കാലഭേദം മുതലായ സംഗതികളോടുകൂടെ കാണിക്കുന്നതാകുന്നു'' (2000 : 89).

'രാജാവു എഴുതി' എന്ന ഉദാഹരണവാക്യമാണ് അദ്ദേഹം നൽകുന്നത്. ഇതിൽ 'എഴുതുക' എന്നൊരു ക്രിയ രാജാവിനോട് സംബന്ധിക്കുന്നുവെന്നും ആ സംബന്ധം കഴിഞ്ഞ കാലത്തിൽ ആയിരുന്നു എന്നും ('എഴുതി' - Past Tense) വ്യക്തമാകുന്നുവെന്ന് സമർത്ഥിക്കുന്നു. എന്നാൽ ക്രിയാധാതുവിന് പ്രത്യേകവിശേഷമൊന്നുമില്ലെന്ന് പ്രസ്താവിക്കുന്നു: ''വചനത്തിന്റെ ധാതുവായതു വചനിപ്പു, ഭാവം, അവസ്ഥ, കാലം മുതലായ വിശേഷങ്ങളെ കൂടാതെ വാച്യത്തിന്റെ തനതു ഗുണത്തെ മാത്രം കാണിക്കുന്ന പ്രകൃതിരൂപമാകുന്നു.'' (2000 : 91).

- ഉത്ഭവത്തിന്റെ അടിസ്ഥാനത്തിൽ വചനത്തെ അദ്ദേഹം രണ്ടായി തരംതിരിക്കുന്നു.

(i) മൂല (primitive) വചനങ്ങൾ

''മൂലധാതുക്കളിൽനിന്നു ശിഖരിക്കുന്നവയാകുന്നു : ദൃ-ന്തം; വാ-വരിക, നട-നടക്കുക'' (2000 : 92).

(ii) തദ്ധിതവചനങ്ങൾ : ''മൂലധാതുക്കളിൽനിന്നു എങ്കിലും നാമങ്ങളിൽനിന്നു എങ്കിലും ഉണ്ടാകുന്ന ധാതുക്കളുടെ ശിഖരിപ്പുകൾ ആകുന്നു : ദൃ-ന്തം; നട-നടത്തു-നടത്തുക, അകലു-അകറ്റു-അകറ്റുക, ആടു-ആട്ടു-ആട്ടുക, കോപം-കോപി-കോപിക്കുക, ഭാരം-ഭരി-ഭരിക്കുക'' (2000: 92).

- സ്വഭാവത്തെ അടിസ്ഥാനമാക്കിയും മാത്തൻ വചനത്തെ വർഗ്ഗീകരിക്കുന്നുണ്ട്:-




(2000: 94)

നാമങ്ങളും വചനങ്ങളും തമ്മിലുള്ള സംബന്ധത്തെകുറിക്കുന്ന രൂപഭേദമില്ലാത്ത പദത്തെയാണ് ജോർജ്ജ് മാത്തൻ അവ്യയം എന്ന് കണക്കാക്കുന്നത്.




ഉദാ: അകമേ, അകത്തു, വേഗത്തിൽ, മുതൽക്കു

ഉദാ: നിന്നു, കുറിച്ചു,എങ്കിൽ എന്നാൽ, ആകെ, കൂടെ

### 3.1.3. പദവിഭാഗങ്ങൾ : ആധുനികവീക്ഷണങ്ങൾ

പദവിഭാഗനിർണ്ണയനത്തിന് രൂപപരമായ സ്വാതന്ത്ര്യത്തെ നിയാമകമാക്കുന്ന പൗരസ്ത്യരീതിയും അർത്ഥത്തെമാത്രം മാനദണ്ഡമാക്കുന്ന പാശ്ചാത്യരീതിയും നിലനിൽക്കുന്നുണ്ട്. എന്നാൽ ആധുനികഭാഷാശാസ്ത്രജ്ഞൻമാർ ഇവയ്ക്ക് രണ്ടിനും തുല്യപ്രാധാന്യം നൽകിക്കൊണ്ടാണ് പദവിഭാഗങ്ങളെ കൽപിക്കുന്നത്. അതിനെ പിന്തുടരുന്ന ഒരു പദവർഗ്ഗീകരണരീതിയാണ് സി. എൽ. ആന്റണി സ്വീകരിച്ചിട്ടുള്ളത്. *കേരളപാണിനീയഭാഷ്യ*ത്തിലെ 'പദവിഭാഗങ്ങൾ' എന്ന അധ്യായത്തിന്റെ[32] ചർച്ചകളുടെ അവസാനത്തിൽ മലയാളഭാഷയിലെ പദങ്ങളെ ആറ് വിഭാഗങ്ങളായി അദ്ദേഹം വീക്ഷിക്കുന്നു.[33] ആധുനികവൈയാകരണന്മാരുടെ പദവർഗ്ഗീകരണപ്രക്രിയകളെയും *കേരളപാണിനീയ*ത്തിലെ പദവിഭാഗകല്പനയെയും വിമർശനവിധേയമാക്കുന്ന സി. എൽ. ആന്റണി മലയാളത്തിലെ മറ്റ് വ്യാകരണകൃതികളെ ചേർത്തുകാണാനൊന്നും മെനക്കെട്ടിട്ടില്ല. പൂർവ്വവ്യാകരണമാതൃകകളുടെ പ്രഭാവം കേരളപാണിനീയത്തിലെ പദവിഭാഗത്തിലുണ്ടെന്നു കാണുമ്പോഴും അതിന്റെയൊക്കെ വിശദമായ പരിശോധന നടത്താത്തത് പഠനപരിധിവെച്ചതുകൊണ്ടാണെന്നു കരുതാനേ നിർവ്വാഹമുള്ളു. പിൽക്കാലത്തുണ്ടായ കൃതികളിൽ സി.

എൽ. ആന്റണിയുടെ ഇടപെടലിനെ എങ്ങനെയാണ് വീക്ഷിച്ചതെന്നു നോക്കുന്നത് ഈ സന്ദർഭത്തിൽ അനുയോജ്യമായിരിക്കും.

### 3.1.3.1. കെ. സുകുമാരപിള്ളയുടെ *കൈരളീശബ്ദാനുശാസനം*

*കൈരളീശബ്ദാനുശാസനം* എന്ന വ്യാകരണകൃതിയിലും 'പദവിഭാഗങ്ങൾ മലയാളത്തിൽ' എന്ന ലേഖനത്തിലും മലയാളത്തിലെ പദവിഭാഗങ്ങളെക്കുറിച്ചും രൂപത്തിലും പെരുമാറ്റത്തിലും അവയ്ക്കുള്ള വൈവിധ്യങ്ങളെക്കുറിച്ചും സുകുമാര പിള്ള അന്വേഷിക്കുന്നുണ്ട്. പദവിഭജനത്തിൽ രൂപം, അർത്ഥം എന്നിവയ്ക്ക് തുല്യപ്രാധാന്യം നൽകുന്ന ആധുനികപക്ഷത്തെ സ്വാഗതം ചെയ്തിരിക്കുന്നു. ''ഈ അടിസ്ഥാനത്തിൽ മലയാളത്തിലെ പദവിഭാഗങ്ങളെ വകതിരിച്ചു പഠിക്കാൻ ആദ്യമായി മുന്നോട്ടുവന്ന പണ്ഡിതൻ പ്രൊ. സി. എൽ. ആന്റണിയാണെന്നു തോന്നുന്നു'' ( ശ്രീനാഥൻ, സെയ്തലവി , 2017: 429) എന്ന് 'പദവിഭാഗങ്ങൾ മല യാളത്തിൽ എന്ന ലേഖനത്തിൽ പ്രസ്താവിക്കുന്നു. പദവിഭാഗങ്ങളെ ആറായി നിജപ്പെടുത്തുന്ന സി.എൽ. ആന്റണിയുടെ ആലോചനകളെ പുനരവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.

**നാമം :-** 'രൂപവും അർത്ഥവും ഒരുമിച്ചു കണക്കിലെടുക്കുമ്പോൾ നാമ ത്തിനു രണ്ടേ രണ്ടുവിഭാഗം മതി : വ്യുൽപത്തി പറയാവുന്നവ വ്യുൽപന്നനാമ ങ്ങൾ (ഉദാ : തലവൻ), അല്ലാത്തവ അവ്യുൽപന്ന നാമങ്ങൾ (ഉദാ : തല)'' (2017:430) എന്നിങ്ങനെ രണ്ട് ഇനങ്ങളായാണ് നാമത്തെ കാണുന്നത്.

**സർവ്വനാമം:-** ചുട്ടെഴുത്തുകളിൽനിന്നുണ്ടാകുന്ന സർവനാമങ്ങളെ വ്യുൽപന്നനാമങ്ങളുടെ ഗണത്തിലാണ് സുകുമാരപിള്ള ഉൾപ്പെടുത്തുന്നത്. രൂപനി ഷ്പത്തിയിൽ നാമങ്ങളെപ്പോലെയാണ് സർവനാമങ്ങളും പെരുമാറുന്നതെന്ന പ്രത്യേകത അദ്ദേഹം മനസ്സിലാക്കുന്നുണ്ട്. വിഭക്ത്യാദ്യുപാധികൾ സ്വീകരിക്കുന്ന തിനാൽ സർവനാമങ്ങളും നാമങ്ങൾ തന്നെയാണെന്നും നാമങ്ങൾക്കു പകരം നിൽക്കാൻ കഴിയുന്ന വിധത്തിൽ അർത്ഥവൈചിത്ര്യം ഉള്ളതിനാൽ നാമത്തിന്റെ ഉപവിഭാഗമായി അവയെ കരുതണമെന്നുമുള്ള കാമിൽ സ്വെലബിളിന്റെ അഭിപ്രാ യത്തെ അംഗീകരിക്കുന്നു.[34]

**നാമവിശേഷണം :-** സി. എൽ. ആന്റണി നിർദ്ദേശിക്കുന്നതുപോലെ യഥാർത്ഥ നാമവിശേഷണങ്ങൾ മലയാളത്തിലില്ല എന്ന പക്ഷക്കാരനാണ് സുകു മാരപിള്ള. പതിനേഴ് യഥാർത്ഥനാമവിശേഷണങ്ങളെ 'ശുദ്ധം, വിവേചകം, സാംഖ്യം' എന്നീ മൂന്നു വകുപ്പുകളായാണ് സി.എൽ.ആന്റണി വർഗീകരിക്കുന്നത്. ശുദ്ധഭേദകപ്രകൃതികളോട് നാമവിശേഷണപ്രത്യയമായ 'അ' ചേർന്നുണ്ടാകുന്ന രൂപങ്ങളാണ് 'ശുദ്ധനാമവിശേഷണങ്ങ'ളെന്നാണ് അദ്ദേഹം ഉദ്ദേശിക്കുന്നത്. എന്നാൽ ''അർത്ഥത്തിലും രൂപത്തിലും ഈ 'ശുദ്ധനാമവിശേഷണങ്ങൾക്ക്' പേരെ

ച്ചത്തിൽനിന്ന് ഭിന്നമായ വ്യക്തിത്വമൊന്നും കാണുന്നില്ല. രൂപരചനയിലും അങ്ങ നെതന്നെ: 'വന്നവൻ, വന്നവൾ, വന്നത്; വലിയവൻ, വലിയവൾ, വലിയത് = വലിത്, വലുത്'. പിന്നെ എന്താണ് വിശേഷം?''(2017:433) അതിനാൽതന്നെ സി. എൽ. ആന്റണിയുടെ 'ശുദ്ധനാമവിശേഷണ'ത്തെ സുകുമാരപിള്ള നിരാകരിക്കുന്നു.

'സാർവ്വനാമികവിശേഷണം' അല്ലെങ്കിൽ 'വിവേചകം' എന്ന സംജ്ഞ നൽകിക്കൊണ്ട് മറ്റൊരുതരം നാമവിശേഷണത്തെയും സി. എൽ. ആന്റണി അവത രിപ്പിക്കുന്നുണ്ട്. 'ആ, ഈ' എന്നിവയാണവ. 'ആ പുതിയ വീട്,' 'പുതിയ ആ വീട്' എന്നു മാറ്റിയാലും അർത്ഥഭേദം സംഭവിക്കുന്നില്ല എന്നും അതിനുകാരണം 'ആ' സ്വതന്ത്രരൂപവും പദത്വവും ഉള്ള യഥാർത്ഥനാമവിശേഷണം ആയതിനാലാ ണെന്നുമാണ് സി. എൽ. ആന്റണി സ്ഥാപിക്കുന്നത്. എന്നാൽ ചുട്ടെഴുത്ത് ബദ്ധ പ്രകൃതിയാണെന്നും ഒരിക്കലും സ്വതന്ത്രപദത്വം ഇല്ലാത്തവയാണെന്നും നിരീക്ഷി ച്ചുകൊണ്ട് അന്റണിയെ സുകുമാരപിള്ള വിമർശിക്കുന്നു.[35]

സി.എൽ.ആന്റണിയുടെ 'സാംഖ്യനാമവിശേഷണ'ത്തിൽ ഉദാഹരിക്കുന്ന 'ഒരു' എന്ന രൂപത്തെയും സുകുമാരപിള്ള ചർച്ചയ്ക്കെടുക്കുന്നുണ്ട്. ഡോ.കെ. രാഘവൻപിള്ളയുടെ 'മലയാളത്തിലെ നാമവിശേഷണങ്ങൾ'[36], 'ഒരു കാര്യവും കൂടി'[37] എന്നീ ലേഖനങ്ങളിൽനിന്നും ആശയസ്വീകരണം നടത്തിയിരിക്കുന്നു. സി. എൽ. ആന്റണി 'ഒരു'വിന് പദത്വം നൽകുമ്പോൾ രാഘവൻപിള്ള അതിനെ ബദ്ധ പ്രകൃതിയായാണ് കാണുന്നത്. രചനയിൽ ചുട്ടെഴുത്തുകളെക്കാൾ ബദ്ധമാണ് 'ഒരു' എന്ന് സുകുമാരപിള്ളയും നിരീക്ഷിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായ ങ്ങളെ താഴെ വിശദമാക്കാം:-

''മലയാളത്തിൽ യഥാർത്ഥ നാമവിശേഷണങ്ങൾ ഉണ്ടെന്നത് വെറും സങ്കൽപമാണ്. വിശേഷണത്തിന്റെ അർത്ഥമുണ്ടെങ്കിലും പ്രത്യേകമായ രൂപമില്ല എന്നതുതന്നെ കാരണം . . . . ഇംഗ്ലീഷിലും മറ്റും വിശേഷണംതന്നെ കർത്താ വായും കർമ്മമായും ക്രിയാപൂരകമായുമൊക്കെ പ്രവർത്തിക്കുന്നുണ്ടല്ലോ. മലയാ ളത്തിലെ ഒരു 'നാമവിശേഷണ'ത്തിനും ഈ സിദ്ധിയില്ല. ആകയാൽ അതിന്റെ നാമരൂപംതന്നെ സൃഷ്ടിക്കേണ്ടിവരുന്നു: 'വലിയവൻ വാഴും, നല്ലതു കൊള്ളു ക, പുസ്തകം നല്ലതാണ്' . . . . . . താരതമ്യം കുറിക്കാൻ ഉതകുന്ന വ്യാകരണരൂ പവും യഥാർത്ഥനാമവിശേഷണങ്ങൾക്കുണ്ട് : 'ലഘു - ലഘുതരം - ലഘുതമം'. അതും മലയാളത്തിൽ ഉണ്ടെന്നു പറയപ്പെടുന്ന നാമവിശേഷണങ്ങൾക്ക് ഇല്ലല്ലോ.''[38]

**ക്രിയ :-** പ്രായേണ മതഭേദമില്ലാത്ത പദവിഭാഗമാണ് ക്രിയ എന്ന് സുകുമാ രപിള്ള നിരീക്ഷിക്കുന്നു.

**ക്രിയാവിശേഷണം** :- മുപ്പതെണ്ണത്തിൽ കുറയാത്ത യഥാർത്ഥ ക്രിയാവിശേഷണങ്ങൾ മലയാളത്തിലുണ്ടെന്നാണ് സി. എൽ. ആന്റണിയുടെ പക്ഷം.[39] സുകുമാരപിള്ള ഇത് നിരാകരിക്കുന്നു. മലയാളത്തിൽ യഥാർത്ഥക്രിയാവിശേഷണങ്ങളില്ലെന്ന് സമർത്ഥിക്കുന്നു. ''ധാതുക്കളോട് '-എ, -അവെ' എന്നീ പ്രത്യയങ്ങൾ ചേർന്ന് വിനയെച്ചരൂപങ്ങൾ ഉണ്ടാകും. കൂടാതെ, 'അങ്ങനെ, ഓട്, ഈട്, എന്ന്' തുടങ്ങിയ വ്യുൽപന്നപ്രത്യയങ്ങളോ പദങ്ങളോ ചേർന്ന് മറ്റു കുറെ രൂപങ്ങളുമുണ്ടാകും. ഇവയ്ക്കെല്ലാം ക്രിയയെ വിശേഷിപ്പിക്കാൻ കഴിവുണ്ട്; പ്രകാരാർത്ഥത്തിലും ആധാരാർത്ഥത്തിലും മറ്റും. അല്ലാതെ വ്യുൽപത്തികൊണ്ട് 'യഥാർത്ഥ ക്രിയാവിശേഷണങ്ങൾ' മലയാളത്തിൽ ഇല്ല.''(2017: 439)

**വ്യാക്ഷേപകം:** ദ്യോതകത്തിന്റെ വകഭേദമായാണ് ഏ. ആർ .ഇതിനെ പരിഗണിക്കുന്നത്. മറ്റൊരു പദത്തോടും ചേരാതെ സ്വതന്ത്രമായി വാക്യാർത്ഥത്തെ ദ്യോതിപ്പിക്കുന്നതാണ് വ്യാക്ഷേപകം എന്നാണ് കേരളപാണിനീയനിർവചനം. സി.എൽ. ആന്റണിയാകട്ടെ ഇതിനെ പദവിഭാഗമായി ഉൾക്കൊള്ളിക്കുന്നു. സുകുമാരപിള്ളയുടെ വാക്കുകൾ സംഗ്രഹിക്കാം. ''വാക്യത്തിലെ ഇതരപദങ്ങളോട് വ്യാകരണപരമായി അവയ്ക്കു ബന്ധമൊന്നുമില്ല, സന്ദർഭംകൊണ്ടു വാക്യാർത്ഥം ദ്യോതിപ്പിക്കാൻ കഴിയുമെന്നുമാത്രം. ആകയാൽ വ്യാക്ഷേപകത്തെ ഒരു വ്യാകരണകോടി (Grammatical category) എന്നു ഗണിക്കേണ്ടതില്ല. അർത്ഥം മുൻനിർത്തിയാണെങ്കിൽ വാക്യരചനയ്ക്ക് അതീതമായ മേഖലയിലാണ് അതിനു സ്ഥാനവും'' (സുകുമാരപിള്ള, 2017 : 439-440)

#### 3.1.3.2. കെ. എം. പ്രഭാകരവാര്യർ

മലയാളവ്യാകരണകൃതികളിലെ പദവിഭാഗനിർണ്ണയനത്തിലെ പൊരുത്തക്കേടുകളാണ് *മലയാളവ്യാകരണസമീക്ഷ*യിലെ 'പദവർഗം' എന്ന അധ്യായത്തിൽ അദ്യമെത്തന്നെ പ്രതിപാദിക്കുന്നത്. പദങ്ങളെ 'നാമം, ക്രിയ, അവ്യയം' എന്നു വിഭജിക്കുന്നത് ഗുണ്ടർട്ട്, മാത്തൻ, കോവുണ്ണി നെടുങ്ങാടി എന്നിവരാണ്. അതിൽ 'സമാസം' എന്നതിനെ പാച്ചുമൂത്തതും പരിഗണിക്കുന്നു. ഈ നാലുവിഭാഗങ്ങളെ കൂടാതെ ഭേദകം, വ്യുൽപന്നരൂപം എന്നിവചേർത്ത് ആറ് പദവർഗങ്ങളെ ശേഷഗിരിപ്രഭു നിർണ്ണയിക്കുന്നു. 'നാമം,ക്രിയ,ഭേദകം' എന്ന തരത്തിലാണ് ഏ. ആറിന്റെ വിശദീകരണം നടക്കുന്നത്. തന്റെ പദവിഭജനത്തിന് അടിസ്ഥാനം അർത്ഥമാണെന്ന് കേരളപാണിനി അഭിപ്രായപ്പെടുന്നു.[40] എന്നാൽ അർത്ഥാടിസ്ഥാനത്തിലുള്ള പദവർഗനിർണയനം അസാധ്യമാണെന്ന് പ്രഭാകരവാര്യർ ഉദാഹരണങ്ങളോടെ സമർത്ഥിക്കുന്നു. ''അർത്ഥം മാത്രം നോക്കിയാൽ ചുവപ്പ്, നീളം, ചെറുപ്പം, ശക്തി എന്നിവ ഗുണസൂചകങ്ങളാകയാൽ ഭേദകങ്ങൾ ആണെന്നും ഓട്ടം, കൊയ്ത്ത്, കാഴ്ച എന്നിവ വ്യാപാരസൂചകങ്ങളാകയാൽ ക്രിയകൾ

ആണെന്നും സങ്കൽപിക്കേണ്ടിവരും. എന്നാൽ, ഇവയുടെയെല്ലാം വ്യാകരണധർമം നാമത്തിന്റേതാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല.'' (പ്രഭാകരവാര്യർ, 2007: 53).

പദങ്ങളെ വർഗീകരിക്കുന്നതിന് ആധാരമായി സ്വീകരിക്കേണ്ട മാനദണ്ഡങ്ങളെ അദ്ദേഹം വിശദമാക്കുന്നു. പദത്തിന്റെ പല തരത്തിലുള്ള രൂപഘടനകൾ, അതിന് വാക്യത്തിലുള്ള പ്രയോഗസാധ്യതകൾ എന്നിവയാണവ. വാക്യത്തെ ഒരു ഘടനയായും പദങ്ങളെ അതിലെ ഘടകങ്ങളായും കണ്ടുകൊണ്ട് വാക്യത്തിലെ ഘടകങ്ങളുടെ അന്യോന്യബന്ധവും ഘടകങ്ങൾക്കുള്ള രൂപസവിശേഷതകളും അടിസ്ഥാനപ്രമാണങ്ങളാക്കി അവയുടെ ഘടകപദവി നിർണ്ണയിക്കണമെന്നാണ് പ്രഭാകരവാര്യരുടെ പക്ഷം. നാമം, ക്രിയ, ഭേദകം എന്നിവയിലെ പദവർഗത്തിനോരോന്നിനും ഘടനാസ്വഭാവം, പ്രയോഗരീതി എന്നിവയെ മുൻനിർത്തി അവാന്തരവിഭാഗങ്ങൾ കൽപിക്കണമെന്നും അത്തരത്തിലുള്ള പദവർഗീകരണം മലയാളത്തിൽ ആരും നടത്തിയിട്ടില്ലെന്നും നിരീക്ഷിക്കുന്നു. നാമം, ക്രിയ, ഭേദകം എന്നിവയിലെ പദവർഗങ്ങളായ നാമവിശേഷണം, ക്രിയാവിശേഷണം, ഗതി, സമാസം എന്നിവയുടെ പദത്വനിർണയനമാണ് പ്രഭാകരവാര്യർ ചെയ്തിരിക്കുന്നത്.

**നാമവിശേഷണം :-** ശുദ്ധ(സ്വതന്ത്ര) നാമവിശേഷണങ്ങൾ മലയാളത്തിൽ ഉണ്ടോ എന്ന ചർച്ച പൂർവ്വവൈയാകരണന്മാരുടെ കാലം മുതൽക്കേ ഉണ്ട്. ദ്രാവിഡഭാഷകളിൽ അങ്ങനെ ഒന്നില്ലെന്നും ആ അർത്ഥത്തിൽ പ്രയോഗിച്ചുവരുന്നവ നാമം, ക്രിയ എന്നിവയുടെ വ്യുൽപന്നരൂപങ്ങളാണെന്നും കാൾഡ്വൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.[41] പൂർവ്വികരിൽ കോവുണ്ണിനെടുങ്ങാടി ഒഴിച്ചുള്ളവർ നാമം, ക്രിയ എന്നിവയിൽ ഉൾപ്പെടാത്ത രൂപങ്ങളെ 'അവ്യയ'ങ്ങളായി കരുതി. തുടർന്നുവരുന്ന കേരളപാണിനി 'നാമം, ക്രിയ ഭേദകം' എന്ന് കൽപിക്കുന്നു. ഏ.ആറിന്റെ പദനിർണ്ണയത്തിന്റെ പരിമിതികളായി പ്രഭാകരവാര്യർ നിരീക്ഷിക്കുന്ന വസ്തുതകളെ നോക്കാം: (i) ഭേദകത്തിന്റെ 3 ഉപവിഭാഗങ്ങളെ (നാമ-ക്രിയാ-ഭേദക-വിശേഷണങ്ങൾ) യുക്തിഭദ്രമായി ഏ.ആർ വ്യാഖ്യാനിക്കുന്നില്ല (ii) സ്വതന്ത്ര-ആശ്രിതരൂപങ്ങളെ വേർതിരിച്ച് കാണിക്കുന്നില്ല. (iii) ശുദ്ധരൂപം, വ്യുൽപന്നരൂപം എന്നിവയെക്കുറിച്ച് ചിന്തിച്ചില്ല. (2007 : 54).

നാമവിശേഷണത്തെ പ്രത്യേകപദവർഗമായി അംഗീകരിച്ചവരും അല്ലാത്തവരും ആരൊക്കെയെന്നും തങ്ങളുടെ യുക്തികളെ അവർ സ്ഥാപിക്കുന്നതെങ്ങനെയെന്നും അദ്ദേഹം സംഗ്രഹിച്ചിരിക്കുന്നു : കെ. രാഘവൻപിള്ള, സി.വി.വാസുദേവ ഭട്ടതിരി, കെ. സുകുമാരപിള്ള എന്നിവർ അംഗീകരിക്കുന്നവരാണ്. അവരുടെ യുക്തികളെന്തെന്ന് *മലയാളവ്യാകരണസമീക്ഷ*യിൽ വിലയിരുത്തുന്നു:-

''(i) നാമവിശേഷണധർമം പ്രദർശിപ്പിക്കുന്ന എല്ലാ രൂപങ്ങളും ഒന്നുകിൽ സ്വതന്ത്രപ്രയോഗാർഹത ഇല്ലാത്തവയാണ്; അല്ലെങ്കിൽ വ്യുൽപന്നരൂപങ്ങളാണ് (ii)

പേരെച്ചങ്ങൾക്ക് ക്രിയാധർമമാണ് ഉള്ളത്; വാക്യത്തിൽ നാമത്തോട് ഘടനാബന്ധം കാണിക്കുന്നു എന്നതുകൊണ്ട് അവയെ വിശേഷണമായി കരുതിക്കൂടാ (iii) 'നല്ല' എന്നത് 'നല്ലൂ' എന്ന അവധാരകഭാവിരൂപത്തിൽനിന്ന് നിഷ്പാദിപ്പിക്കാവുന്നതാണ് (iv) ചെറിയ, പെരിയ മുതലായവ (ചെറുകി) - ചെറുകി - ചെറുവിയ, (പെരുകി) - പെരുകിയ - പെരുവിയ എന്നിവയ്ക്ക് ഹ്രസ്വം സംഭവിച്ചവയാണ് (v) 'ഒരു' പേരെച്ചത്തിന്റെ രൂപാന്തരംമാത്രമാണ് (vi) 'ആ, ഈ' എന്നിവയ്ക്കും 'ശുദ്ധം' എന്ന് കേരളപാണിനി പേരിട്ട 'നൽ, ചെം' തുടങ്ങിയവയ്ക്കും സ്വതന്ത്രപ്രയോഗാർഹതയില്ല; ആക്കട്ടിൽ, ഈപ്പുതിയ എന്നും നന്മുത്ത്, ചെമ്പരുത്തി എന്നും ഈ രൂപങ്ങൾ സമാസത്തിലേ വരൂ'' (2007 : 55-56).

നാമവിശേഷണങ്ങളെ പ്രത്യേക പദവർഗമായി പരിഗണിക്കുന്ന സി.എൽ. ആന്റണി, എൻ. എൻ. മൂസ്സത് തുടങ്ങിയവർ പദവിഭജനത്തിൽ അർത്ഥത്തെയല്ല വാക്യത്തിലെ പെരുമാറ്റരീതിയെ അടിസ്ഥാനപ്രമാണമാക്കണമെന്ന് വാദിക്കുന്നവരാണ്. ശുദ്ധം,വിവേചകം,സാംഖ്യം എന്നീ വിഭാഗങ്ങളിലായി പതിനേഴ് യഥാർത്ഥ നാമവിശേഷണങ്ങളുണ്ടെന്ന് സി. എൽ. ആന്റണിയും[42] രൂപവിഷയകവും വിന്യാസപരവുമായ മാനദണ്ഡങ്ങളെ ആധാരമാക്കി മലയാളത്തിൽ പതിനാറ് ശുദ്ധനാമവിശേഷണങ്ങൾ ഉണ്ടെന്ന് മൂസ്സതും[43] സ്ഥാപിക്കുന്നു. മലയാളത്തിൽ നാമവിശേഷണം എന്ന പദവർഗത്തെ അംഗീകരിക്കണമെന്ന വാദത്തിനാണ് യുക്തിഭദ്രതയുള്ളതെന്ന വീക്ഷണമാണ് പ്രഭാകരവാര്യർക്കുള്ളത്.

**ക്രിയാവിശേഷണം**: നാമവിശേഷണത്തെപോലെ ക്രിയാവിശേഷണത്തെയും ആധുനികമലയാളത്തിൽ പ്രത്യേക പദവർഗമായി ഗണിക്കണമെന്ന് പ്രഭാകരവാര്യർ അഭിപ്രായപ്പെടുന്നുണ്ട്.[44] നമ്മുടെ വ്യാകരണഗ്രന്ഥങ്ങളിലൊന്നും ഇതിനെക്കുറിച്ച് വിശദമായ ചർച്ചകളില്ലെന്നും ഭേദകവിഭാഗമായി ക്രിയാവിശേഷണത്തെ കാണുന്ന ഏ. ആർ അതിനെ വിശകലനവിധേയമാക്കുന്നില്ലെന്നും നിരീക്ഷിക്കുന്നതിനൊപ്പം കാൾഡ്വെൽ, ഗുണ്ടർട്ട്, സി. എൽ. ആന്റണി, കെ. സുകുമാരപിള്ള എന്നിവരുടെ പരാമർശങ്ങളെ ക്രോഡീകരിക്കുകയും ചെയ്യുന്നു. വ്യുൽപത്തികൊണ്ട് യഥാർത്ഥ ക്രിയാവിശേഷണങ്ങൾ മലയാളത്തിലില്ല എന്ന സുകുമാരപിള്ളയുടെ വീക്ഷണത്തേക്കാൾ അവയെ പ്രത്യേക പദവർഗങ്ങളായി പരിഗണിക്കണമെന്ന സി.എൽ.ആന്റണിയുടെ കാഴ്ചപ്പാടുകളോടാണ് പ്രഭാകരവാര്യർക്ക് ആഭിമുഖ്യമുള്ളത്. കേരളപാണിനീയഭാഷ്യകാരൻ ക്രിയാവിശേഷണപ്രത്യയങ്ങളായി കരുതുന്ന 'എ, അനെ' എന്നിവയ്ക്കുപുറമെ 'ഇൽ' എന്നൊരു പ്രത്യയവും (ഉദാ : വേഗത്തിൽ,മൊത്തത്തിൽ,നീളത്തിൽ) പ്രഭാകരവാര്യർ ഉദാഹരണസഹിതം പ്രസ്താവിക്കുന്നുണ്ട്. ക്രിയാവിശേഷണങ്ങളുടെ അനവധി സവിശേഷതകൾ അദ്ദേഹം വിശദമാക്കുന്നുണ്ട്. അവയെ താഴെ സംഗ്രഹിക്കാം:-

- ഉറക്കെ, പതുക്കെ, തീരെ, തനിച്ച്, എതിരെ എന്നിങ്ങനെ വിശേഷണാർത്ഥം മാത്രമുള്ളതും ക്രിയകളിൽനിന്ന് വ്യുൽപത്തി സാദ്ധ്യമല്ലാത്തതുമായ നിരവധി പദങ്ങളുണ്ട്.
- ക്രിയാവിശേഷണങ്ങളെ പ്രയോഗവ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ ഉപവിഭാഗങ്ങളായി തരംതിരിച്ചുള്ള പഠനങ്ങൾ ആവശ്യമാണ്.
- (i) കുറെ നടന്നു - കുറെ ആളുകൾ (ii) വളരെ ക്ഷീണിച്ചു വളരെ കാര്യങ്ങൾ - വളരെ അധികം സംസാരിച്ചു. ഇത്തരം ഉദാഹരണങ്ങളിലെ 'കുറെ, വളരെ' എന്നിവ നാമ-ക്രിയാ-വിശേഷണ-വിശേഷണങ്ങളാണോ എന്നു നിർണ്ണയിക്കപ്പെടുന്നത് പ്രയോഗസ്വഭാവത്തിനനുസരിച്ചാണ്. 'തീവ്രവാചികൾ, ആധിക്യവാചികൾ' എന്ന സംജ്ഞ നൽകി അവയെ ഭേദകങ്ങളുടെ ഉപവിഭാഗങ്ങളായി കരുതാമെന്നാണ് പ്രഭാകരവാര്യരുടെ പക്ഷം.
- ഒരു വാക്യത്തിൽ ക്രിയയെ വിശേഷിപ്പിക്കുന്ന പദങ്ങൾ എന്നതിലുപരി വാക്യാർത്ഥത്തെ മുഴുവനായി വിശേഷിപ്പിക്കുന്ന പ്രയോഗങ്ങളുണ്ടെന്നും അദ്ദേഹം മനസ്സിലാക്കുന്നുണ്ട്. അവയെ 'വാക്യവിശേഷണങ്ങൾ' എന്ന് നാമകരണവും ചെയ്തിരിക്കുന്നു (2007 : 57-58).

**ഗതി**:- നാമവും ക്രിയയുമല്ലാത്ത ഭാഷാമൂലകങ്ങളെ 'അവ്യയ'മെന്നൊരു വിഭാഗത്തിലാണ് പൂർവ്വവ്യാകരണഗ്രന്ഥങ്ങൾ അടയാളപ്പെടുത്തുന്നത്. അവ്യയങ്ങളുടെ വ്യത്യസ്തരൂപങ്ങളിലൊന്നായി 'ഗതി'കളെ കേരളപാണിനി നിർവചിച്ചിരിക്കുന്നു. അവയുടെ പദത്വനിർണ്ണയനത്തെ സംബന്ധിച്ചും സവിശേഷസ്വഭാവങ്ങളെക്കുറിച്ചും പ്രഭാകരവാര്യർ നടത്തുന്ന സുദീർഘമായ വിശദീകരണങ്ങളുടെ രത്നച്ചുരുക്കമാണ് ചുവടെ നൽകുന്നത്:-

- ഇവ ക്രിയകളുടെയോ നാമങ്ങളുടെയോ രൂപഭേദങ്ങളാണ്.
- പ്രയോഗത്തിൽ ക്രിയാധർമവും നാമധർമവും നഷ്ടപ്പെടുന്നു.
- പ്രത്യയങ്ങളോളം പരാശ്രിതത്വം ഇല്ലാത്തവയും പദങ്ങളോളം സ്വതന്ത്രപ്രയോഗാർഹത ഇല്ലാത്തവയുമാണ്.
- നാമങ്ങളോടോ ക്രിയകളോടോ ചേർന്ന് ചില സവിശേഷാർത്ഥങ്ങൾ ദ്യോതിപ്പിക്കുന്നു.
- പ്രത്യയങ്ങൾക്കുള്ളത്ര ഘടനാബന്ധം ഇല്ല.
- ഇവ കാരകബന്ധം പ്രകടിപ്പിക്കുന്നു, വിഭക്തിപ്രത്യയങ്ങൾക്കുപകരമായി വരുന്നു എന്നിങ്ങനെയുള്ള രാധാകൃഷ്ണൻ മല്ലിശ്ശേരിയുടെ നിരീക്ഷണങ്ങൾ തെറ്റാണെന്ന അഭിപ്രായമാണ് പ്രഭാകരവാര്യർക്കുള്ളത്.
- ഓരോ ഗതിയുടെയും സാഹചര്യാർത്ഥവും പ്രയോഗസ്വഭാവവും വിശദീകരിക്കുമ്പോഴേ ഇവയെക്കുറിച്ചുള്ള പഠനം പൂർണ്ണമാകുന്നുള്ളൂ[45].

**സമാസം :-** 'പദവർഗം' എന്ന 'മലയാളവ്യാകരണസമീക്ഷ'യിലെ അധ്യായത്തിൽ പ്രതിപാദിക്കപ്പെടുന്ന മറ്റൊരു ആശയമാണ് 'സമാസം'. ഇതിനെക്കുറിച്ചുള്ള പൂർവ്വധാരണകളെ ക്രോഡീകരിച്ചുകൊണ്ട് സ്വഗതമായ നിരീക്ഷണത്തിൽ ലേഖകൻ എത്തിച്ചേരുന്നു. 'ഒന്നിലധികം പദങ്ങൾചേർത്ത് ഒറ്റപ്പദമെന്നനിലയിൽ പ്രയോഗിക്കുന്നത് എന്ന സാമാന്യാർത്ഥ''മാണ് അദ്ദേഹം നൽകിയിരിക്കുന്നത് (2007: 61).

### 3.1.3.3. കെ.പി.നാരായണപിഷാരോടി

'കേരളപാണിനീയഭാഷ്യം' എന്ന ലേഖനത്തിൽ (സാഹിത്യലോകം) സി. എൽ. ആന്റണിയുടെ *കേരളപാണിനീയഭാഷ്യം* എന്ന കൃതിയിലെ 'പദവിഭാഗങ്ങൾ' എന്ന അധ്യായത്തെ അപഗ്രഥിച്ചു പഠിക്കുന്നുണ്ട്. സർവ്വനാമത്തിന് സ്വതന്ത്രപദത്വം നൽകുന്നതിനെ വിമർശിക്കുന്നു. നാമങ്ങളിലെന്നപോലെ വിഭക്തിപ്രത്യയങ്ങൾ ചേരുന്നതിനാൽ സർവ്വനാമങ്ങളും നാമങ്ങൾ തന്നെയാണെന്നും 'സർവ്വനാമം' എന്ന സംജ്ഞതന്നെ നാമത്വം പ്രകടമാക്കുന്നുണ്ടെന്നും നാരായണപിഷാരോടി അഭിപ്രായപ്പെടുന്നു. സർവ്വനാമങ്ങളെ നാമത്തിന്റെ ഉപവിഭാഗമായി ഗണിക്കുന്ന ഏ. ആർ.പക്ഷത്തെ അംഗീകരിക്കുന്നുണ്ടെങ്കിലും *കേരളപാണിനീയ*ത്തിലെ അർത്ഥനിയാമകമായുള്ള നാമവർഗീകരണം ഭാഷാവ്യാകരണത്തിൽ തീരെ നിഷ്പ്രയോജനമാണെന്നുള്ള എതിർവാദം അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്. കേരളപാണിനിയുടെ അവ്യയവിഭാഗങ്ങളിൽ വ്യാക്ഷേപകത്തെ മാത്രമാണ് സി.എൽ.ആന്റണി പദമായി പരിഗണിക്കുന്നത്. ഗതി,ഘടകം എന്നിവയെ വിഭക്തി പ്രത്യയങ്ങളെപോലെയുള്ള പ്രത്യയങ്ങളായി സി.എൽ.ആന്റണി കരുതുന്നത് ഒട്ടും സംഗതമല്ലെന്നാണ് പിഷാരോടിയുടെ നിരീക്ഷണം. പ്രകൃതിയിൽനിന്നും പിരിച്ച് ഉപയോഗിക്കുവാൻ സാദ്ധ്യമല്ലാത്തവയാണ് പ്രത്യയങ്ങൾ. എന്നാൽ 'എന്നെയും നിന്നെയും കൊണ്ട്' എന്നതിൽ 'കൊണ്ട്' എന്ന ഗതിയെ പിരിച്ചുപയോഗിക്കാനാവുന്നുണ്ടെന്ന് ഉദാഹരണസഹിതം സമർത്ഥിക്കുന്നു. തന്നെയുമല്ല ഏതു പ്രത്യയങ്ങൾക്കും പ്രകൃതിവ്യവസ്ഥ എന്നൊന്നുണ്ട് എന്ന വസ്തുത കേരളപാണിനീയഭാഷ്യകാരൻ വിസ്മരിച്ചുപോയതിനാലാണ് പ്രകൃതി നിർണ്ണയിക്കാൻ സാദ്ധ്യമല്ലാത്ത 'ഉം, ഓ' എന്നീ സമുച്ചയവികല്പങ്ങളെ പ്രത്യയങ്ങളായി കണക്കാക്കാൻ ഇടവന്നതെന്നും സൂചിപ്പിക്കുന്നു. ഗതി, ഘടകം എന്നിവയെ കുറെക്കൂടി സൂക്ഷ്മമായ പുനർവിചാരണയ്ക്ക് വിധേയമാക്കേണ്ടതായിരുന്നു എന്ന വിമർശനമാണ് സി.എൽ.ആന്റണിയ്ക്കെതിരെ ഉന്നയിക്കുന്നത്. അവ്യയവിഭാഗങ്ങളിലൊന്നായ 'കേവലം' എന്ന വിഭാഗത്തെ ആന്റണി പഠനവിഷയമാക്കുന്നില്ല, ഇന്ന് ഭാഷയിൽ പ്രചാരത്തിലുള്ള എല്ലാ വാക്കുകളും ആന്റണിയുടെ ആറ് പദവിഭാഗങ്ങളിൽ ഒതുങ്ങുന്നില്ല, അവ്യയമെന്നൊരു പദവിഭാഗത്തെ സ്വീകരിക്കാതെ പറ്റില്ല എന്നൊക്കെയുള്ള നിഗമനങ്ങളിലാണ് പിഷാരോടി ചെന്നെത്തുന്നത്[46].

### 3.1.3.4. ഡോ. ഇ.വി.എൻ.നമ്പൂതിരി

'കേരളപാണിനീയത്തിലെ ത്രിദോഷങ്ങൾ' (ഭാഷാസാഹിതി) എന്ന ലേഖനത്തിൽ *കേരളപാണിനീയ*ത്തിൽ പൊതുവായി കാണുന്ന ദോഷങ്ങളിൽ ചിലതിനെ ചൂണ്ടിക്കാണിക്കുന്നുണ്ട്. ശബ്ദം, പദം എന്നിവയെ കേരളപാണിനി അശ്രദ്ധമായി പ്രയോഗിക്കുന്നുണ്ട് എന്നൊരു നിരീക്ഷണം ഇ.വി.എൻ. നടത്തുന്നുണ്ട്. അത് സി. എൽ.ആന്റണിയെപോലെയുള്ള ഭാഷാചിന്തകരിൽപോലും തെറ്റിദ്ധാരണ ഉണ്ടാക്കിയിട്ടുണ്ടെന്നാണ് ലേഖകൻ അഭിപ്രായപ്പെടുന്നത് :

''ശബ്ദ-പദഭേദം തീരെ വകവയ്ക്കാതെയാണ് കേരളപാണിനി ഈ സംജ്ഞകൾ ഉപയോഗിച്ചുകാണുന്നത്. ഇതുമൂലം കേരളപാണിനിയുടെ 'ശബ്ദവിഭാഗ'ത്തെ 'പദവിഭാഗ'മായി പ്രൊഫസർ സി. എൽ. ആന്റണിയെപ്പോലുള്ളവരും തെറ്റിദ്ധരിച്ചതായി കാണുന്നു'' (2017:1042).

ശബ്ദം,പദം എന്നിവയെ ഇടകലർത്തി പ്രയോഗിക്കുന്ന കേരളപാണിനിയുടെ തെറ്റായ രീതിയെ മനസ്സിലാക്കാനാവാതെ പോയതിനാൽ സി.എൽ.ആന്റണിക്കും അപാകതകൾ ഉണ്ടായിട്ടുണ്ടെന്നും വിലയിരുത്തുന്നു: ''ഇതിലും അത്ഭുതകരമാണ് മലയാളത്തിലെ ഉം, ഓ, തുടങ്ങിയ ഘടകപ്രത്യയങ്ങളെ പദങ്ങളായി അദ്ദേഹം സങ്കൽപിച്ച കാര്യം (*കേരളപാണിനീയഭാഷ്യം*) എന്ന് പ്രൊ.ആന്റണി പറഞ്ഞത് ഈ തെറ്റിദ്ധാരണമൂലമാണ്.വാസ്തവത്തിൽ കേരളപാണിനി നാമം, കൃതി, ഭേദകം, ഗതി, ഘടകം, വ്യാക്ഷേപം എന്നിങ്ങനെ ആറായി തിരിച്ചിരിക്കുന്നത് പദങ്ങളെയല്ല, ശബ്ദങ്ങളെയാണ്. വ്യാകരണത്തിൽ പദവിഭാഗവും ശബ്ദവിഭാഗവും ആവശ്യമാണ്.പദങ്ങളുടെ രൂപാവലി വിവരിക്കുന്നതിന് ശബ്ദവിഭാഗം വേണം. വാക്യഘടന വിവരിക്കുന്നതിന് പദവിഭാഗവും ആവശ്യമാണ്. രണ്ടും കൂട്ടിക്കലർത്തിയതുകൊണ്ട് കേരളപാണിനിക്ക് ചില അബദ്ധങ്ങളും പറ്റിയിട്ടുണ്ട് എന്നും പറയേണ്ടിയിരിക്കുന്നു'' (2017: 1043).

### 3.1.3.5. സി. വി. വാസുദേവഭട്ടതിരി

*അഭിനവമലയാളവ്യാകരണ*ത്തിൽ പദനിർണയനത്തിന്റെ മാനദണ്ഡത്തെയും പദവിഭാഗങ്ങളെയും ഭട്ടതിരി വിവരിക്കുന്നുണ്ട്.വാക്യത്തിലെ പെരുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ പദങ്ങളെ സ്വതന്ത്രം, അസ്വതന്ത്രം എന്ന് രണ്ടായി തിരിക്കുന്നു. സ്വതന്ത്രത്തെ 'സർവ്വനാമം, നാമം, കൃതി' എന്നിങ്ങനെ മൂന്നായി വർഗീകരിക്കുന്നു. നാമവും കൃതിയും തന്നെയാണ് ഭേദകങ്ങളായി വരുന്നത് എന്നതിനാൽ ഭേദകങ്ങളെ നാമകൃതികളിൽനിന്നു വ്യത്യസ്തമായി അദ്ദേഹം പരിഗണിക്കുന്നില്ല. *കേരളപാണിനീയ*ത്തിൽ സർവ്വനാമങ്ങളായി കരുതിയിരിക്കുന്ന ചില രൂപങ്ങളെ (ഒരു, ഇന്ന, ചില, പല ഒക്കെ . . . ) സാർവ്വനാമികവിശേഷണങ്ങളായിട്ടാണ് ഭട്ടതിരി കൽപിക്കുന്നത്. നാമവിശേഷണം എന്നൊരു സ്വതന്ത്രപദവിഭാഗം മലയാളത്തിലില്ല എന്നാണ് അദ്ദേഹത്തിന്റെ മറ്റൊരു വാദം. നാമം, സർവ്വനാമം, കൃതി എന്നി

വയുമായി ബന്ധപ്പെട്ടതോ അല്ലെങ്കിൽ അവയിൽനിന്ന് ജനിച്ചതുമാണ് നാമവിശേഷണമെന്ന് വാദിക്കുന്നു (വാസുദേവഭട്ടതിരി, 1980 : 100).

### 3.1.3.6. എൻ. എൻ. മൂസ്സത്

*വ്യാകരണവിവേക*ത്തിലെ 'നാമവിശേഷണങ്ങൾ' എന്ന അധ്യായത്തിൽ പദങ്ങളെയും പദവിഭാഗങ്ങളെയും നിർണ്ണയിക്കുന്നതിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങളെക്കുറിച്ചും മലയാളത്തിലെ നാമവിശേഷണങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിൽ 'ഭേദകം' എന്ന ഭാഷാഘടകത്തിന് എത്രമാത്രം പ്രാധാന്യമുണ്ട് എന്നതിനെപ്പറ്റിയും മൂസ്സത് പുന:പരിശോധന നടത്തുന്നുണ്ട്. മലയാളത്തിൽ ശരിയായ നാമവിശേഷണങ്ങളില്ലെന്ന വാദമുന്നയിച്ചവർ കാൾഡ്വൽ, ഗുണ്ടർട്ട്, ഷൂൾബ്ലോക്ക്[47]എന്നിവരാണ്'. ആന്ദ്രനോവാകട്ടെ പൂർവ്വദ്രാവിഡത്തിൽ നാമവിശേഷണങ്ങളില്ലെന്നും ആധുനികദശയിൽ അവ കാണുന്നുണ്ടെന്നും അഭിപ്രായപ്പെടുന്നു. പൂർവ്വികരുടെ ചിന്താമണ്ഡലങ്ങളെ സംഗ്രഹിക്കുന്നതിനൊപ്പം ഭേദകം എന്ന പദവിഭാഗകല്പനയുടെ പ്രസക്തി ആരായുകയും ചെയ്യുന്നു. ''പദവ്യാകരണപക്ഷത്തിലും വാക്യവിന്യാസപക്ഷത്തിലുമുള്ള സവിശേഷതകളെ സമന്വയിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു അന്വേഷണമാർഗ്ഗം ഉപയോഗപ്പെടുത്തിയാലേ പദങ്ങളെയും പദവിഭാഗങ്ങളെയും കണ്ടെത്താൻ കഴിയൂ'' (മൂസ്സത്, 1984: 121) എന്ന നിർദ്ദേശമാണ് മൂസ്സത് മുന്നോട്ടുവെയ്ക്കുന്നത്. വാക്യത്തിലെ സ്വതന്ത്രപ്രയോഗാർഹത്വം പൊതുലക്ഷണമായി കരുതിക്കൊണ്ട് മലയാളത്തിലെ നാമവിശേഷണങ്ങളുടെ ഏതാനും സവിശേഷതകളെ ആസ്പദമാക്കി പതിനാറ് പദങ്ങൾക്ക് നാമവിശേഷണപദവി നൽകുകയാണ് ഈ വൈയാകരണൻ ചെയ്തിട്ടുള്ളത്.

സി. എൽ. ആന്റണി വിശദീകരിക്കുന്ന 'സ്വതന്ത്രപ്രയോഗാർഹതയുള്ള നാമവിശേഷണങ്ങൾ' എന്ന സങ്കൽപത്തിലെ ചില അപര്യാപ്തതകൾ മൂസ്സത് ചൂണ്ടിക്കാട്ടുന്നുണ്ട്. പേരെച്ചപ്രത്യയമായ 'അ' ചേർന്നുണ്ടാകുന്ന നാമവിശേഷണരൂപങ്ങൾക്കുദാഹരണമായി ചീത്ത, മൂത്ത, പെരുത്ത, നല്ല, ചെറിയ, വലിയ, പെരിയ, തീയ എന്നിവയെ സി. എൽ. ആന്റണി ഉദാഹരിക്കുന്നു. എന്നാൽ വാസ്തവത്തിൽ ഇവ രണ്ടു വകുപ്പിൽപ്പെട്ട ശബ്ദങ്ങളാണെന്ന് മൂസ്സത് വാദിക്കുന്നു. 'ചീത്ത, മൂത്ത, പെരുത്ത' എന്നിവ കാലവിവക്ഷ നഷ്ടപ്പെട്ട പേരെച്ചങ്ങളും (ചീർത്തു, മൂത്തു, പെരുത്തു എന്നീ ഭൂതകാലങ്ങളിൽ നിന്നുള്ള പേരെച്ചങ്ങൾ) മറ്റുള്ളവ കാലവിവക്ഷയില്ലാത്ത ശബ്ദങ്ങളുമാണ് (1984 : 116). ഇത്തരത്തിൽ *കേരളപാണിനീയഭാഷ്യ*ത്തിലെ 'പദവിഭാഗങ്ങൾ', 'നാമവിശേഷണങ്ങൾ' എന്നീ അധ്യായങ്ങളെ മുൻ നിർത്തി ചില വിമർശനങ്ങൾ നടത്തുന്നു.

### 3.1.3.7. കെ. ശ്രീകുമാരി

*മലയാളത്തിലെ നാമവർഗ്ഗം* എന്ന കൃതിയിൽ നാമം, നാമവിഭാഗങ്ങൾ, പൂർവ്വധാരണകൾ എന്നിവയെല്ലാം പരിശോധിച്ച് അവയുടെ പോരായ്മകളെ വിശദമാക്കുകയും സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നു. ആറു ഭാഗങ്ങളായാണ് ഈ കൃതിയെ വിഭജിച്ചിട്ടുള്ളത്. അവസാന അധ്യായത്തിൽ നിഗമനങ്ങൾ ക്രോഡീകരിച്ചിരിക്കുന്നു. അവയിലെ ചില പ്രധാന ആശയങ്ങൾ പരിശോധിക്കുന്നത് ഉചിതമാണ്:-

- ❖ മലയാളവ്യാകരണങ്ങളിലെ പദവർഗ്ഗീകരണത്തിൽ ഐകരൂപ്യമില്ല.
- ❖ അർത്ഥത്തെ ആസ്പദമാക്കിയുള്ള പദനിർവ്വചനങ്ങൾ അശാസ്ത്രീയമായിരിക്കും.
- ❖ നാമങ്ങളെ തനിനാമങ്ങൾ, വ്യുൽപന്നനാമങ്ങൾ എന്നും തനിനാമങ്ങളെ സാമാന്യനാമം, സർവ്വനാമം, സംജ്ഞാനാമം, ചോദ്യവാചി എന്നും ഉപവിഭാഗങ്ങളായി വേർതിരിച്ചു കാണിക്കാം.
- ❖ കോശാർത്ഥപ്രസക്തിയില്ലാത്തതിനാൽ സംജ്ഞാനാമങ്ങൾ ഭാഷയുടെ പദശേഖരത്തിൽ ഉൾപ്പെടുകയില്ല.
- ❖ ചോദ്യവാചികളെ (ആര്, എന്ത്, ഏത് . . . . ) സർവ്വനാമത്തിന്റെ ഉപവിഭാഗമായി കരുതുന്നത് ശരിയല്ല.
- ❖ പദങ്ങളുടെയും പ്രത്യയങ്ങളുടെയും സ്വഭാവങ്ങൾ പ്രദർശിപ്പിക്കുന്ന ഗതികൾ ഭാഷാഘടനയിലെ 'മങ്ങലുള്ള മേഖല'യിൽ പ്രത്യക്ഷപ്പെടുന്നു. (ശ്രീകുമാരി ; 2003 : 134-136).

### 3.1.3.8. ആർ. അശ്വതി

'മലയാളത്തിലെ നാമവിശേഷണങ്ങൾ' എന്ന ഗവേഷണപ്രബന്ധത്തിന്റെ ഭാഗമായി നാമവിശേഷണങ്ങളുടെ പദവിഭാഗനിർണയനത്തെ സംബന്ധിച്ചുള്ള അന്വേഷണങ്ങൾ ആർ.അശ്വതി നടത്തുന്നുണ്ട്. അവയെ വ്യാകരണപൂർത്തിയുള്ള ഒരു പദസംവർഗ്ഗമായി ഗവേഷക അംഗീകരിക്കുന്നില്ല. രൂപം, അർത്ഥം എന്നിവയെ ആധാരമാക്കി ഒരു പ്രത്യേക പദസംവർഗ്ഗമെന്ന സ്ഥാനം നാമവിശേഷണങ്ങൾക്ക് നൽകാനാവില്ലെന്നും വാക്യത്തിന്റെ അർത്ഥം നിർമ്മിക്കുന്ന പല ഘടകങ്ങളിൽ ഒന്ന് എന്ന പദവി നൽകിയാൽ മതിയെന്നും നിർദ്ദേശിക്കുന്നു (മേരി, 2015 : 277).

**3.1.4.പദവിഭാഗങ്ങൾ - മറ്റു നിരീക്ഷണങ്ങൾ**

കെ. എം. പ്രഭാകരവാര്യരുടെ 'കേരളപാണിനിയുടെ വ്യാകരണസങ്കല്പം', ഇ. വി. എൻ.നമ്പൂതിരിയുടെ 'കേരളപാണിനീയം: മലയാളത്തിലെ അക്ഷരഘടനയും പദവിഭാഗകല്പനയും,' മൂസ്സതിന്റെ 'വിശേഷണം, അവ്യയം എന്നീ വ്യാകരണികസംവർഗ്ഗങ്ങളെപ്പറ്റി' എന്നീ ലേഖനങ്ങളിലെ പദനിർണ്ണയനസംബന്ധമായ ആശയാവലികളെയും പരിശോധിക്കേണ്ടതുണ്ട്.

അർത്ഥത്തെ അടിസ്ഥാനമാക്കി നടത്തിയ പദവർഗ്ഗീകരണം കുറ്റമറ്റതല്ലെന്ന സി. എൽ. ആന്റണിയുടെ ചിന്തകൾക്ക് അവരിലൊക്കെ തുടർച്ചയുണ്ടെന്നു കാണാം. *കേരളപാണിനീയ*ത്തിൽ അർത്ഥത്തെ അടിസ്ഥാനമാക്കി നടത്തിയ പദവർഗ്ഗീകരണം ദുർബ്ബലവും അശാസ്ത്രീയവുമാണെന്ന് പ്രഭാകരവാര്യർ കരുതുന്നു. *കേരളപാണിനീയ*ത്തിലെ പദവിഭജനം അർത്ഥനിയാമകമാണെന്ന ധാരണയെ ഇ. വി. എൻ. നമ്പൂതിരിയും തിരുത്തുന്നു. എന്നാൽ, ആധുനികഭാഷാശാസ്ത്രചിന്തകൾക്ക് ഇണങ്ങുന്ന രീതിയിൽ വാക്യഘടനയിലെ പ്രയോഗത്തെ അടിസ്ഥാനമാക്കിയാണ് കേരളപാണിനി പദവിഭജനം നടത്തിയിരിക്കുന്നതെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. വിശേഷണം, അവ്യയം എന്ന പദവർഗ്ഗങ്ങളുടെ പ്രാധാന്യത്തെ വിലയിരുത്തിക്കൊണ്ടുള്ള പദവിഭജനമാണ് മൂസ്സത് നിർവ്വഹിച്ചിരിക്കുന്നത്. വിശേഷണത്തെ ഒരു വ്യാകരണസംവർഗ്ഗമായി അദ്ദേഹം കരുതുന്നില്ല. രൂപം, അർത്ഥം എന്നിവയുടെ കാര്യത്തിൽ പരിവർത്തനവിധേയമായിക്കൊണ്ടിരിക്കുകയാണ് ശബ്ദങ്ങൾ എന്നതിനാൽ താൽക്കാലികമായി വ്യാകരണസംവർഗ്ഗങ്ങൾ തിരിക്കുന്നതിലർത്ഥമില്ലെന്നും അഭിപ്രായപ്പെടുന്നു. നാമ-ക്രിയ-വിശേഷണങ്ങളെ വ്യാകരണസംവർഗ്ഗമായി മൂസ്സത് പരിഗണിക്കുന്നില്ല. അതേസമയം ലിംഗവചനവിഭക്തികൾ നിമിത്തം രൂപമാറ്റത്തിനു വിധേയമാകാത്ത 'അവ്യയ'ത്തെ പദവിഭാഗങ്ങളിലൊന്നായി അംഗീകരിക്കുകയും 'നാമം, കൃതി, അവ്യയം' എന്ന പദവിഭജനം നടത്തുകയും ചെയ്തിരിക്കുന്നു.

**3.2.നാമവിശേഷണങ്ങൾ**

മലയാളത്തിലും മറ്റു ദ്രാവിഡഭാഷകളിലും യഥാർത്ഥ നാമവിശേഷണങ്ങളുണ്ടോ എന്ന പരിശോധനയാണ് നാമവിശേഷണങ്ങൾ എന്ന അധ്യായത്തിൽ സി. എൽ. ആന്റണി നടത്തുന്നത്. പൂർവ്വികരായ വ്യാകരണകാരന്മാരുടെ നിരീക്ഷണങ്ങളെയും കണക്കിലെടുത്തുള്ള ഉപരിവിചാരമാണ് അദ്ദേഹം നടത്തുന്നത്. ദ്രാവിഡഭാഷകളിൽ യഥാർത്ഥ നാമവിശേഷണങ്ങളില്ലെന്ന കാൾഡ്വെല്ലിന്റെ അഭിപ്രായവും മലയാളഭാഷയിൽ ഗുണവചനങ്ങൾ ഇല്ല എന്ന ഗുണ്ടർട്ടിന്റെ നിഗമനവും നിലനിൽക്കുന്നുണ്ടെങ്കിലും കോവുണ്ണി നെടുങ്ങാടി (*കേരളകൗമുദി*), ഏ. ആർ. രാജരാജവർമ്മ (*കേരളപാണിനീയം*), ശേഷഗിരിപ്രഭു (*വ്യാകരണമിത്രം*) എന്നിവർ

മലയാളത്തിൽ നാമവിശേഷണങ്ങളുണ്ടെന്ന് പ്രസ്താവിക്കുന്നു. *കേരളപാണിനീയ ത്തി*ലെ ശബ്ദവിഭാഗം, ഭേദകാധികാരം എന്നീ ഭാഗങ്ങളിലായി നാമവിശേഷണ ങ്ങൾക്ക് 7 ഉൾപ്പിരിവുകളാണ് കേരളപാണിനി നിർദ്ദേശിച്ചിട്ടുള്ളത്. വിഭക്ത്യാഭാ സത്തെ നാമവിശേഷണവിഭാഗമായി ശേഷഗിരിപ്രഭു കാണുന്നില്ലെങ്കിലും 'സപ്ത മ്യാഭാസം' എന്നു വിളിക്കപ്പെടുന്ന അവ നാമവിശേഷണമായി വരുമെന്ന് അദ്ദേഹം വിലയിരുത്തുന്നു. നാമവിശേഷണങ്ങൾ ഉണ്ടെന്നും ഇല്ലെന്നും വാദിക്കുന്നവരുടെ ഈ പക്ഷാന്തരത്തിനു കാരണം അവരുടെ പദനിർവ്വചനങ്ങളിലും പദവിഭജന ത്തിലും നടന്നിട്ടുള്ള വീക്ഷണവ്യത്യാസമായി സി. എൽ. ആന്റണി വിലയിരു ത്തുന്നു.

കേരളപാണിനിയുടെ പദവിഭാഗനിർണ്ണയനം അർത്ഥനിഷ്ഠവും കാൾഡ്വെൽ - ഗുണ്ടർട്ട് എന്നിവരുടേത് രൂപാധിഷ്ഠിതവുമാണെന്ന് സി. എൽ. ആന്റണി വിശദീകരിക്കുന്നു. 'കേമൻ' എന്നൊരു ഉദാഹരണപദമാണ് അദ്ദേഹം നൽകുന്നത്. കേമൻ ('അൻ' ലിംഗപ്രത്യയം) കേമന്മാർ ('മാർ' വചനപ്രത്യയം) കേമനെ, കേമനോട് (എ, ഓട് എന്നീ വിഭക്തിപ്രത്യയങ്ങൾ) - ഇങ്ങനെ ലിംഗ വചനവിഭക്തിപ്രത്യയങ്ങൾ സ്വീകരിക്കാൻ കഴിവുള്ള പദവിഭാഗമായി 'നാമ' ത്തെയും ഓടുന്നു-ഓടി-ഓടും (ഇന്നു, ഇ, ഉം) എന്നീ പ്രത്യയങ്ങൾ സ്വീകരി ക്കുന്ന പദങ്ങളെ രൂപത്തെ ആധാരമാക്കി മറ്റൊരു പദവിഭാഗത്തിലും ഉൾപ്പെടുത്തു കയാവും ഗുണ്ടർട്ടും കാൾഡ്വലും ചെയ്തതെന്നും, 'നാഴിയരി' എന്നതിൽ 'നാഴി' രൂപപരമായി നാമമാണെങ്കിലും അർത്ഥത്തെ ആസ്പദമാക്കി പാരിമാണികഭേദക മായി കേരളപാണിനി കണക്കാക്കുന്നുവെന്നും സി. എൽ. ആന്റണി അനുമാനിക്കു ന്നു.[48] പ്രത്യയസഹിതമായോ അല്ലാതെയോ പ്രയോഗസജ്ജമായ ശബ്ദ ങ്ങളെ പദം എന്ന് വ്യവഹരിക്കുന്നതിനാൽ സ്വതന്ത്രപ്രയോഗാർഹമല്ലെങ്കിലും കേവലപ്രകൃതികളായ ചെറു, പെരു എന്നിവയെ കേരളപാണിനി പദങ്ങളായി ഗണിച്ച് ഭേദകവിഭാഗത്തിൽ ഉൾപ്പെടുത്തി. ഗുണ്ടർട്ടാകട്ടെ അവയെ ക്രിയാസ്വരൂപം നഷ്ടപ്പെട്ടുപോയ ഗുണവചനമായും കണക്കാക്കി.

പദവിഭാഗങ്ങളുടെ വർഗ്ഗീകരണത്തിലെ ഇത്തരം അഭിപ്രായഭേദങ്ങളെ ദൂരി കരിക്കാനായി സി. എൽ. ആന്റണി നിർദ്ദേശിക്കുന്ന പ്രഥമകാര്യം 'പദം' എന്ന തിനെ നിർവ്വചിക്കലാണ്. ആധുനികഭാഷാശാസ്ത്രജ്ഞരുടെ കാഴ്ച്ചപ്പാടുകളാണ് അതിന് ആധാരമായെടുക്കുന്നത്. "A word is the result of the association of a given meaning with a given combination of sounds, capable of a given grammatical use"[49] എന്ന എം. മീലറ്റിന്റെ[50] പദനിർവ്വചനവും അതിനെ അംഗീകരി ക്കുന്ന വാന്ദ്രേ[51]യുടെ നിലപാടും കണക്കിലെടുത്ത് പദവിഭാഗനിർണ്ണയനത്തിന് വ്യാകരണപരമായൊരു പ്രത്യേകരൂപവും അർത്ഥവും അനിവാര്യമാണെന്ന് സി. എൽ. ആന്റണി സിദ്ധാന്തിക്കുന്നു. ഒപ്പംതന്നെ അതിന്റെ അടിസ്ഥാനത്തിൽ കേരള

പാണിനിയുടെ ഭേദകവിഭാഗങ്ങളെ സൂക്ഷ്മമായി വിശകലനംചെയ്ത് മലയാളഭാഷയിൽ യഥാർത്ഥ നാമവിശേഷണങ്ങളുണ്ടോയെന്നു പരിശോധിക്കുകയും ചെയ്യുന്നു.

### 3.2.1.നാമവിശേഷണപരികല്പന: വ്യത്യസ്തവീക്ഷണങ്ങൾ

മലയാളത്തിലെ നാമവിശേഷണങ്ങളെ സംബന്ധിച്ച പര്യാലോചനകളുടെ വഴി തേടിപ്പോകുമ്പോൾ *ആദിഭാഷ*യുടെ കർത്താവായ ചട്ടമ്പിസ്വാമികളിലൂടെ തമിഴ് പാരമ്പര്യവുമായുള്ള താരതമ്യപഠനങ്ങളിലേക്കുവരെ ചെന്നെത്താൻ കഴിയുന്നുണ്ട്. മിഷനറിവ്യാകരണങ്ങളിലും ഈ വിഷയം ചർച്ചയിൽ വരുന്നുണ്ടെന്നും കാണാം.

#### 3.2.1.1.തമിഴ് വഴി-ചട്ടമ്പിസ്വാമികൾ-ആദിഭാഷ

തൊൽക്കാപ്പിയം - നന്നൂൽസൂത്രങ്ങളെ ആധാരമാക്കി പദം, പ്രത്യയങ്ങൾ എന്നിവയെ സ്വാമികൾ നിർണ്ണയിക്കുന്നു. ''പദങ്ങളെന്നാൽ അർത്ഥത്തെ ബോധിപ്പിക്കുന്ന ശബ്ദങ്ങൾ എന്നു ഭാവം'' (മഹേശ്വരൻനായർ, 2016 : 854) തമിഴിൽ പകുപദം, പകാപ്പദം എന്നീ വിഭാഗങ്ങളുണ്ടെന്നും അതിൽ പ്രത്യയയോജനയ്ക്കു മുൻപെതന്നെ പ്രയോഗാർഹമായി നിൽക്കുന്ന പദങ്ങളെ പകാപ്പദമെന്നും പ്രത്യയസഹിതമായവയെ പകുപദമെന്നും ആ ഭാഷയിൽ വ്യവഹിക്കുന്നു. *നന്നൂലി*ലെ ചൊല്ലതികാരം 259-ൽ മൊഴി അല്ലെങ്കിൽ പദം എന്നതിനെ അർത്ഥത്തെ വിവരിച്ചു കാണിക്കുന്ന ഒന്നായി വ്യവച്ഛേദിക്കുന്നുണ്ട്. സംസ്കൃതത്തിലും തമിഴിലും പ്രത്യയങ്ങൾക്കുള്ള സ്ഥാനത്തെ ചട്ടമ്പിസ്വാമികൾ വിലയിരുത്തുന്നു: ''സംസ്കൃതത്തിൽ പ്രത്യയങ്ങൾ സ്വതന്ത്രമായ ഒരു വിഭാഗമായിരിക്കുന്നു. തമിഴിൽ പ്രത്യയസ്ഥാനത്തു നിൽക്കുന്ന വികുതികൾ ഇങ്ങനെയൊരു പ്രത്യേകവിഭാഗമായിരിക്കുന്നില്ല. അവ ഇടച്ചൊ ല്ലെന്ന പദവിഭാഗത്തിൽ ഒരംശം മാത്രമായിരിക്കുന്നു'' (2016 : 860). സംസ്കൃതത്തിൽ വ്യാകരണത്തിന് അനുഗുണമായ പദങ്ങൾക്കുമാത്രമെ പ്രയോഗപര്യാപ്തതയുള്ളൂവെങ്കിൽ തമിഴിൽ ഇലക്കണത്തിനു ചേരാത്ത പദങ്ങളും സാധാരണയായി പ്രയോഗത്തിലുണ്ട്. *നന്നൂലി*ലെ മറ്റൊരു ആശയവും ചട്ടമ്പിസ്വാമികൾ സൂചിപ്പിക്കുന്നു. നിലം, നീർ, കാറ്റ് മുതലായ അനേകം നാമപദങ്ങൾ സംസ്കൃതത്തിലെപോലെ ധാതുജങ്ങളല്ലെന്നും വിഭക്തിപ്രത്യയയോജനയില്ലാതെതന്നെ പ്രയോഗസജ്ജമാണവയെന്നും ഉദാഹരിക്കുന്നതിനൊപ്പം തമിഴ്ഭാഷയുടെ നാമവിശേഷണം, ക്രിയാവിശേഷണം എന്നിവയ്ക്ക് സ്വതന്ത്രമായൊരു നിലനിൽപ്പ് തമിഴിൽ ഇല്ലെന്നും തുടർന്നുപറയുന്നു. ''സുന്ദരനായ പുരുഷൻ, മരമാകിയകലം ഇവിടെ 'ആകിയ'എന്ന അടയാളം സുന്ദരൻ, മനുഷ്യൻ ഈ രണ്ടു വാക്കുകളുടെ രണ്ട് അർത്ഥങ്ങളേയും ഒരർത്ഥമായി കാണിക്കുന്നു. മരമാകിയ കലം എന്നതും ഈ വിധം തന്നെ. ഇപ്പറഞ്ഞ പ്രകാരം നാമവിശേഷണം, ക്രിയാവിശേ

ഷണം ഇവയും ഇടച്ചൊല്ലു തുടങ്ങിയവയും വിശേഷണമായിനിന്ന് വിശേഷ്യവസ്തുവോ അഭിന്നമായിരിക്കയാൽ നാമവിഭാഗത്തിൽ ചേരാൻ തക്കവയായിരിക്കുന്നു''.(2016 : 866) തമിഴിൽ പ്രത്യയങ്ങളായി ചേർക്കുന്നവയാണ് ഇടചൊല്ലുകളും, ഇടനിലൈ, ചാരിയൈ എന്നീ ശബ്ദങ്ങളും.

'ആദിഭാഷ'യിലെ ഈ വിവരണങ്ങളിൽനിന്നും സ്പഷ്ടമാകുന്ന ആശയങ്ങൾ താഴെ ക്രോഡീകരിക്കുന്നു.

- പൂർവ്വതമിഴ്വൈയാകരണന്മാർ മൊഴികളെ (പദങ്ങളെ) പ്രത്യയസഹിതമായും അല്ലാതെയും പ്രയോഗസജ്ജമായിട്ടുള്ള ശബ്ദങ്ങളായി കണക്കാക്കുന്നു.

- നാമവിശേഷണം, ക്രിയാവിശേഷണം എന്നീ ശബ്ദങ്ങൾക്ക് നാമം, ക്രിയ എന്നീ പരികല്പനകളിൽനിന്ന് വ്യത്യാസമൊന്നുമില്ലെന്നും 'ആകിയ' (മരമാകിയകലം), 'ആയ' (സുന്ദരനായ, പുരുഷൻ) എന്നീ ഇടച്ചൊല്ലുകൾ വിശേഷണ-വിശേഷ്യങ്ങളെ അഭിന്നമാണെന്നു കാണിക്കുന്നവയാണെന്നും വിവരിക്കുന്നു.

- സംസ്കൃതപണ്ഡിതനായ തൊൽക്കാപ്പിയർ മൊഴികളുടെ പ്രധാനവിഭാഗങ്ങളായി നാമം, ക്രിയ എന്നിവയെയും പഴയ തമിഴ് ഇലക്കണരീതിയനുസരിച്ച് ഇടച്ചൊൽ, ഉരിച്ചൊൽ[52] എന്നീ രണ്ടു അപ്രധാനവിഭാഗങ്ങളെയും കൽപ്പിക്കുന്നു.

- തമിഴിൽ പദങ്ങളോട് പ്രത്യയങ്ങൾ ചേരുമ്പോഴുണ്ടാകുന്ന രൂപവൈവിധ്യങ്ങളേക്കാൾ അതുവഴിയുണ്ടാകുന്ന പുതിയ പദത്തിന്റെ ആകെയുള്ള അർത്ഥതലത്തിനാണ് പ്രാധാന്യമുള്ളത്. തന്നെയുമല്ല തമിഴിന്റെ ശബ്ദവർഗ്ഗീകരണം അർത്ഥത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതുമാണ്.

''തമിഴിലെ പ്രാചീനപണ്ഡിതന്മാർ യഥാർത്ഥനാമവിശേഷണങ്ങൾ ആ ഭാഷയിലുള്ളതായി കരുതിയിരുന്നില്ല'' (ആന്റണി, 2005 : 98) എന്ന സി. എൽ. ആന്റണിയുടെ അഭിപ്രായത്തിനു നിരക്കുന്നതാണ് ചട്ടമ്പിസ്വാമികളുടെ നിരീക്ഷണങ്ങൾ. നാമവിശേഷണങ്ങൾ, ക്രിയാവിശേഷണങ്ങൾ എന്നിവയെ നാമം-ക്രിയ എന്നീ വിഭാഗങ്ങളുടെ ഭാഗമായിത്തന്നെയാണ് പൂർവാചാര്യന്മാർ കാണുന്നതെന്ന് *ആദിഭാഷ*യിലെ വിവരണങ്ങളിലുണ്ട്.

#### 3.2.1.2. ജോസഫ് പീറ്റിന്റെ വീക്ഷണം

ലിംഗം, സംഖ്യ, വിഭക്തി എന്നിവയ്ക്കനുസരിച്ച് മാറ്റം വരാതെ നിലകൊള്ളുന്നവയാണ് നാമവിശേഷണങ്ങൾ എന്നൊരു നിരീക്ഷണം പീറ്റ് മുന്നോട്ടുവെയ്ക്കുന്നുണ്ട് : "Adjectives in this language are not varied on account of gender, number, or case; and with a few exceptions, are placed before the words which they qualify; as ദുഷ്ടഭൃത്യൻ Wicked servant, വലിയ ആന Great Elephant, ചെറിയ പാത്രം Small Vessel" (ജോസഫ് പീറ്റ്, 2018 : 91).

നാമവിശേഷണങ്ങളുടെ രൂപീകരണപ്രക്രിയ വിവരിക്കുന്നിടത്ത് പദത്വമുള്ള ഏതാനും നാമവിശേഷണങ്ങളെയും അദ്ദേഹം സൂചിപ്പിക്കുന്നു. "Besides words that are naturally adjectives; as \Ã, Good; ]e, many; .........." (2018: 92)

#### 3.2.1.3. കോളിൻസിന്റെ നിരീക്ഷണങ്ങൾ

പദവിഭാഗങ്ങളെ എട്ട് തരത്തിലാണ് കോളിൻസ് വർഗീകരിക്കുന്നത്. അവയെ ഭാഷണത്തിനുതകുന്ന വിഭാഗങ്ങളെന്നാണ് അദ്ദേഹം വിളിക്കുന്നത്. (Parts of speech) 1. Noun, 2. Adjective, 3. Pronoun, 4. Verb, 5. Adverb, 6. Post position, 7. Conjunction, 8. Interjection (റിച്ചാർഡ് കോളിൻസ്, 2018 : 55)

മലയാളഭാഷയിൽ യഥാർത്ഥത്തിൽ നാമങ്ങളും ക്രിയകളും ഏതാനും അവ്യയരൂപങ്ങളും മാത്രമെ പദവിഭാഗങ്ങളിൽ ഉൾപ്പെടുന്നുള്ളൂവെങ്കിലും ഭാഷാപ്രയോഗങ്ങളുടെ നവീനഘട്ടത്തിൽ മേൽപറഞ്ഞരീതിയിലുള്ള നിർണ്ണയനമാണ് അഭികാമ്യമെന്ന് കോളിൻസ് അഭിപ്രായപ്പെടുന്നു : "The language originally consists simply of nouns (including pronouns) and verbs, with a few particles (such as the emphatic F, the sign of the dative case, and the signs of the past tenses & C.) But the division above is thought necessary for analysing the language in its present state" (2018 : 55)

നാമവിശേഷണങ്ങളുടെ അഞ്ചുതരം ഉൾപ്പിരിവുകളാണ് കോളിൻസ് നൽകുന്നത്.

1. Demonstrative Adjectives, which point out the nouns to which they belong; they are ഠരം and ആ.

2. Distributive Adjectives, such as ഓരോരോ, എല്ലാം.

3. Numeral Adjectives, as ഒരു, രണ്ട, മൂന്ന.& C. which are called cardinal numeral adjectives; and ഒന്നാം, രണ്ടാം, മൂന്നാം & C, which are called ordinal numeral adjectives.

4. Indefinite Numeral Adjectives, as ഒക്ക, വല്ല, ചില, മറ്റ & C.

5. There are also the Interrogative adjectives ഏത, എത്ര, and the compound interrogative adjective എന്തൊരു (2018 : 57)

നാമങ്ങളുടെ സവിശേഷസ്വഭാവവ്യാപ്തിയെ പരിമിതപ്പെടുത്തുന്ന ഏതാനും വിശേഷണങ്ങളെയാണ് കോളിൻസ് മേൽപറഞ്ഞ വിഭാഗങ്ങളിൽ ഉദാഹരിക്കുന്നതെന്ന് അദ്ദേഹത്തിന്റെ വാക്കുകളിൽനിന്ന് വ്യക്തം. "Adjectives either 'qualify nouns, or limit them as to the extent of their signification" (2018 : 56) നാമത്തെ വിശേഷിപ്പിക്കുന്നവ, നാമസവിശേഷതകളെ ന്യൂനീകരിക്കുന്നവ എന്ന തരത്തിലുള്ള രണ്ട് വിഭാഗങ്ങളാണ് കോളിൻസ് മുന്നോട്ടുവെയ്ക്കുന്നത്. അതിൽ ആദ്യവകുപ്പിലുള്ള നാമവിശേഷണങ്ങൾക്ക് ഉദാഹരണങ്ങൾ: 'വലിയ' → ഒരു വലിയ ആന, 'ദുഷ്ട' → ഠരം ദുഷ്ട ഭൃത്യൻ

'സന്തോഷമുള്ള' → സന്തോഷമുള്ള വർത്തമാനം (2018 : 56) രണ്ടാമത്തെ വകുപ്പിൽ ഉൾപ്പെടുന്ന അഞ്ച് വിഭാഗങ്ങളെയാണ് മുൻപെ സൂചിപ്പിക്കുന്നത്.

### 3.2.1.3. കേരളപാണിനിയുടെ ഭേദകവിഭാഗങ്ങളും ഭാഷ്യകാരന്റെ വിമർശനവും

*കേരളപാണിനീയ*ത്തിലെ ഭേദകവിഭാഗങ്ങളുടെ നിർണ്ണയനം നടന്നിട്ടുള്ളത് അർത്ഥത്തെ അവലംബമാക്കിയാണ്. സ്വതന്ത്രരൂപത്തോടുകൂടി പ്രയോഗസജ്ജമായ പദങ്ങളായി നിലനിൽക്കാൻ കഴിയുന്നുണ്ടോ എന്നുള്ള അന്വേഷണത്തിന്റെ അഭാവമാണ് ഏ. ആറിന്റെ ചിന്തകളുടെ പരിമിതിയായി സി. എൽ. ആന്റണി വിലയിരുത്തുന്നത്. ഭേദകങ്ങളുടെ ഉൾപ്പിരിവുകളായി ഏ. ആർ. കല്പിക്കുന്ന ഏഴുവിഭാഗങ്ങളെ ഓരോന്നിനേയും യഥാർത്ഥനാമവിശേഷണങ്ങളാണോ എന്ന് സൂക്ഷ്മമായി അദ്ദേഹം പരിശോധിക്കുന്നു.

1. **ശുദ്ധം :** വാക്യത്തിന്നകത്ത് ഒരു നാമത്തോടുചേർന്ന് സമാസരൂപത്തിൽ മാത്രം നിൽക്കാൻ കഴിയുന്ന ചെറു, പെരു, നൽ, ചെം എന്നീ കേവലപ്രകൃതികൾക്ക് വിശേഷണാർത്ഥമുണ്ടെങ്കിലും സ്വതന്ത്രമായ വ്യാകരണരൂപമില്ലാത്തതിനാൽ ഭേദകപദവിക്ക് അർഹമല്ലെന്ന് സി.എൽ. ആന്റണി വിധിക്കുന്നു.[53]

**2. വിഭാവകം :** വിഭാവകഭേദകങ്ങൾക്ക് ഉദാഹരണങ്ങളായി ഏ.ആർ നൽകുന്ന സമർത്ഥനായ, കേമമായ എന്നീ പദങ്ങൾക്ക് സ്വതന്ത്രമായ വ്യാകരണരൂപമില്ലെന്നും നാമത്തിൽനിന്നും കൃതിജമായ പേരെച്ചത്തിൽനിന്നും ഭിന്നമായ രൂപമില്ലെന്നും പറയുന്നു.

സമർത്ഥൻ (നാമം) } + 'ആയ' (പേരെച്ചം) = സമർത്ഥനായ

= കേമമായ[54]

കേമം (നാമം)

**3. വിഭക്ത്യാഭാസം :** കാട്ടിലെ, വെള്ളത്തിലെ എന്നീ വിഭക്ത്യാഭാസരൂപങ്ങൾക്ക് വിശേഷണാർത്ഥമുള്ളതിനാൽ അവയെ നാമവിശേഷണങ്ങളായി ഏ.ആർ വിലയിരുത്തുന്നു. എന്നാൽ 'രാമന്റെ പുസ്തകം' എന്നതിൽ 'രാമന്റെ' എന്ന പദത്തിന് വിശേഷണസ്വഭാവമുള്ളതിനാൽ നാമവിശേഷണമായി കേരളപാണിനി കരുതേണ്ടതായിരുന്നില്ലേയെന്ന ചോദ്യമാണ് സി.എൽ. ഉന്നയിക്കുന്നത്.

കാട് (നാമം) = കാട്ടിലെ

+ 'ഇലെ' (പ്രത്യയം) = വെള്ളത്തിലെ

വെള്ളം (നാമം)

'ഇലെ' - അതെന്തു പ്രത്യയമായാലും കാട്ടിലെ, വെള്ളത്തിലെ എന്നീ പദങ്ങൾക്ക് നാമത്തിൽനിന്നും ഭിന്നമായ വ്യാകരണരൂപമില്ലെന്നും ലേഖകൻ പറയുന്നു.[55]

**4. പാരിമാണികം**

❖ **'നാഴിയരി', 'രണ്ടുതുടം'** - 'നാഴി', 'രണ്ടു' എന്നിവയ്ക്ക് നാമത്തിൽ നിന്നും ഭിന്നമായ രൂപമില്ല. പരപദത്തിന്റെ സംസർഗ്ഗത്താൽ വിശേഷണപദവി ലഭിക്കുന്നുവെന്നേയുള്ളൂ. അർത്ഥത്തെ നിയാമകമാക്കിയ കേരളപാണിനിയുടെ ഭേദകനിർണ്ണയനം വികലമായി ഗണിക്കുന്നു.

❖ **'എത്ര', 'ഇത്ര', 'അത്ര'** - ഇവയ്ക്ക് സ്വതന്ത്രമായ വ്യാകരണരൂപവും അർത്ഥവും ഉണ്ടെങ്കിലും നിഷ്പത്തിപരമായുള്ള സംശയങ്ങൾ നിലനിൽക്കുന്നതിനാൽ തന്റെ ആലോചനയ്ക്കെടുക്കുന്നില്ലെന്ന് സി. എൽ. ആന്റണി പ്രസ്താവിക്കുന്നു[56].

❖ **'കുറെ', 'വളരെ'** - പാരിമാണികഭേദകമായി ഏ. ആർ. കൽപിക്കുന്ന മറ്റൊരു വിഭാഗമാണിത്. നടുവിയെച്ചരൂപത്തോടുകൂടി 'എ' (ക്രിയാവിശേഷണപ്രത്യയം) പ്രത്യയം ചേർന്ന ഇത്തരം ക്രിയാവിശേഷണരൂപങ്ങൾക്ക് നാമവിശേഷ

ണാർത്ഥം വന്നുചേർന്നതാണെന്നും അവയെ യഥാർത്ഥനാമവിശേഷണങ്ങളായി കരുതാനാവില്ലെന്നും സമർത്ഥിക്കുന്നു.

5. **സാർവനാമികം :** സാർവ്വനാമികഭേദകങ്ങളായി കേരളപാണിനി കണക്കാക്കുന്ന 'അ, ഇ' എന്നിവയും വിശേഷണാർത്ഥമുണ്ടെങ്കിലും സ്വതന്ത്രവ്യാകരണരൂപമില്ലാത്തവയും സമസ്തപദങ്ങളിൽ (അവിടം, അയാൾ, ഇവിടം, ഇയാൾ) മാത്രം കാണുന്നവയുമാണ്. എന്ത്, ഏത് എന്നീ രൂപങ്ങളും ഭേദകങ്ങളല്ലെന്നും 'തു' പ്രത്യയം ചേർന്ന രൂപങ്ങളാണെന്നും സി. എൽ. ആന്റണി അഭിപ്രായപ്പെടുന്നു[57].

കേരളപാണിനി ചർച്ചയ്ക്കെടുക്കാത്ത മറ്റുരണ്ടു യഥാർത്ഥഭേദകങ്ങളെകുറിച്ച് സി. എൽ. ആന്റണി ഈ ഭാഗത്ത് സൂചിപ്പിക്കുന്നുണ്ട്. 'ആ മനുഷ്യൻ', 'ഈ മനുഷ്യൻ' എന്നിവയിലെ 'ആ, ഈ' എന്നിവയാണത്. ഇവയ്ക്ക് സ്വതന്ത്ര വ്യാകരണരൂപവും സ്വതന്ത്ര വിശേഷണാർത്ഥവും ഉണ്ടെന്നും അദ്ദേഹം വിലയിരുത്തുന്നു. മലയാളവാക്യങ്ങൾക്കുള്ളിൽ ശബ്ദങ്ങൾക്ക് മേൽപറഞ്ഞതരത്തിലുള്ള സ്വതന്ത്രത പരിശോധിക്കാൻ ഒരു നവീനപദ്ധതിയും ആവിഷ്കരിക്കുന്നു. 'ആ പുതിയ വീട്' എന്നതിൽ പദങ്ങളുടെ സ്ഥാനം മാറ്റിക്കൊണ്ട് 'പുതിയ ആ വീട്' എന്നാക്കിയാലും അർത്ഥഭേദമോ അന്വയക്ലേശമോ വരാത്തതിനാൽ ആ വാക്യങ്ങളിൽ 'ആ, ഈ'എന്നിവയ്ക്ക് സ്വതന്ത്രതയുണ്ടെന്നാണ് അദ്ദേഹം തന്റെ പരിശോധനാപദ്ധതിയാൽ നിരീക്ഷിക്കുന്നത്. ഈ പദ്ധതി ഇംഗ്ലീഷ് പോലെയുള്ള മറ്റു ഭാഷകൾക്ക് ഇണങ്ങുന്നതല്ലെന്നും പ്രസ്താവിക്കുന്നു. യഥാർത്ഥനാമവിശേഷണങ്ങളിൽ ഉൾപ്പെടുത്തി ചർച്ച ചെയ്യുന്ന 'ആ, ഈ' എന്നിവയെ സർവനാമങ്ങളോടു ബന്ധപ്പെടുത്തുന്ന സാർവനാമികഭേദകങ്ങളെന്നതിനെക്കാൾ 'വിവേചകഭേദകം' എന്ന പുതിയ സംജ്ഞ നൽകി വ്യവഹരിക്കണമെന്നും അദ്ദേഹം സൂചിപ്പിക്കുന്നു[58].

6. **നാമാംഗജം :** കെട്ടിയ, വെളുത്ത, കറുത്ത എന്നീ പേരെച്ചങ്ങളെയാണ് ഈ വിഭാഗത്തിലുൾപ്പെടുന്ന ഭേദകങ്ങളായി ഏ.ആർ പറയുന്നത്. എന്നാൽ സി. എൽ. ആന്റണി ഇത്തരം ഭേദകവിഭാഗങ്ങളെ യഥാർത്ഥനാമവിശേഷണങ്ങളായി അംഗീകരിക്കുന്നില്ല. ''പൂർണക്രിയയോട് പെരെച്ചപ്രത്യയമായ 'അ' ചേർന്നുണ്ടായ കൃതിബദ്ധങ്ങളായ പദങ്ങളാണ് പേരെച്ചങ്ങൾ'' എന്നാണ് അദ്ദേഹത്തിന്റെ നിരീക്ഷണം. 'വരുന്ന കുട്ടി, വന്ന കുട്ടി, വരും കുട്ടി' എന്നിവയിൽ 'വരുന്ന, വന്ന, വരും' എന്നിവ കാലവാചികളുടെ അർത്ഥം പ്രകടമാക്കുന്ന പേരെച്ചങ്ങളാണെന്നും ആയതിനാൽ വിശേഷണസ്വഭാവമുണ്ടെങ്കിലും കൃതികളുടെ സ്വഭാവത്തിൽനിന്നു ഒട്ടും ഭിന്നമല്ലാത്ത അവയെ യഥാർത്ഥ നാമവിശേഷണങ്ങളായി ഗണിക്കാനാവില്ലെന്നുമാണ് ആന്റണിയുടെ പക്ഷം. യഥാർത്ഥനാമവിശേഷണങ്ങൾ കാലവാചികളായല്ല ഗുണവാചികളായിട്ടായിരിക്കും കാണപ്പെടുന്നതെന്നും നിരീക്ഷിക്കുന്നു[59].

നാമാംഗജഭേദകത്തിനു ഉദാഹരണങ്ങളായി നിർദ്ദേശിക്കുന്ന രൂപങ്ങളിൽ മിക്കവയും യഥാർത്ഥ നാമവിശേഷണങ്ങളല്ലെങ്കിലും (കെട്ടിയ, ഓടിയ, ചാടിയ)

'ചെറിയ, വലിയ' എന്നീ *കേരളപാണിനീയ* ഉദാഹരണങ്ങൾ യാഥാർത്ഥ നാമവിശേഷണങ്ങളുടെ സ്വഭാവം പ്രകടമാക്കുന്നുണ്ടെന്നാണ് സി. എൽ. ആന്റണിയുടെ നിലപാട്. ഇത്തരത്തിൽ ശുദ്ധനാമവിശേഷണങ്ങളെയും അല്ലാത്തവയെയും ഒരുമിച്ചൊരു വിഭാഗത്തിൽ ഉൾപ്പെടുത്തി ചർച്ചചെയ്യുന്നുവെന്നുള്ള പരിമിതി കാൽഡ്വലിനും സംഭവിച്ചിട്ടുണ്ടെന്നും അതിനുള്ള പ്രധാനകാരണം 'അ' പ്രത്യയം എന്തിനോടു ചേരുന്നുവെന്ന് സൂക്ഷ്മമായി മനസ്സിലാക്കാത്തതിനാലാണെന്നും പറയുന്നു.

നാമാംഗജഭേദകത്തിൽ ചർച്ച ചെയ്യുന്ന 'അ' പ്രത്യയത്തെ കന്നടത്തിലെ സംബന്ധികാവിഭക്തിപ്രത്യയമായ 'അ'യോട് കാൾഡ്വൽ ബന്ധിപ്പിച്ചു. ഗുണ്ടർട്ടും കേരളപാണിനിയും ഈ പ്രത്യയത്തെ ചുട്ടെഴുത്തിന്റെ പ്രകൃതിയായുള്ള വിശേഷണാർത്ഥസഹിതമായ ഒന്നായി തീർത്തുപറഞ്ഞിരിക്കുന്നു. ചുട്ടെഴുത്തിനുള്ള സ്വാഭാവികമായ വിശേഷണാർത്ഥം സംബന്ധികാപ്രത്യയമായി വരുന്ന 'അ' യ്ക്ക് ഇല്ലെന്ന് പ്രതിപാദിച്ച് കേരളപാണിനി കാൾഡ്വലിനെ വിമർശിക്കുകയും ചെയ്യുന്നു. തമിഴ്വൈയാകരണന്മാർ നിർദ്ദേശിക്കുന്നപോലെ ദ്രാവിഡത്തിൽ നാമം, കൃതി എന്നിവയുടെ പ്രകൃതികൾ മാത്രമെ ഉള്ളൂ എന്ന് തെറ്റിദ്ധരിച്ചതിനാൽ കാൾഡ്വലിന് ശുദ്ധനാമവിശേഷണങ്ങളുടെ രൂപങ്ങളെ വ്യവച്ഛേദിച്ചറിയാനായില്ല എന്നാണ് സി. എൽ. ആന്റണിയുടെ നിരീക്ഷണം[60]. ദ്രാവിഡഭാഷകളിൽ നാമം, കൃതി എന്നിവയ്ക്കു പുറമെ 'ചെറു, വൽ, പെരു, പുതു, പഴ, കൊടു' തുടങ്ങിയ യഥാർത്ഥഗുണപ്രകൃതികളുമുണ്ടെന്നും അവയോട് 'അ' പ്രത്യയം ചേർന്നാണ് 'ചെറിയ, വലിയ' എന്നീ യഥാർത്ഥ നാമവിശേഷണങ്ങൾ രൂപപ്പെടുന്നതെന്നും ലേഖകൻ വിവരിക്കുന്നു. ഇത്തരം ആശയങ്ങൾ കേരളപാണിനി ഏറെക്കുറെ മനസ്സിലാക്കുന്നുണ്ടെങ്കിലും പദവിഭജനത്തിൽ അർത്ഥത്തെമാത്രം നിയാമകമാക്കുന്നതിനാൽ അദ്ദേഹത്തിന് യഥാർത്ഥ നാമവിശേഷണങ്ങളെ കണ്ടെത്താനായില്ലെന്നും പറയുന്നു.

### 3.2.1.4. കേരളപാണിനീയഭാഷ്യകാരന്റെ നാമവിശേഷണനിർണയന ചർച്ച

മലയാളഭാഷയിലെ യഥാർത്ഥ നാമവിശേഷണങ്ങളുടെ നിഷ്പത്തിക്രമങ്ങളും സവിശേഷതകളും എന്തൊക്കെയാണെന്ന് സി. എൽ. ആന്റണി വിശദീകരിക്കുന്നു.

**യഥാർത്ഥ നാമവിശേഷണങ്ങൾ**

'ശുദ്ധം, വിവേചകം, സാംഖ്യം' എന്നീ മൂന്ന് വിഭാഗങ്ങളിലായി പതിനേഴ് യഥാർത്ഥ നാമവിശേഷണങ്ങളെയാണ് സി. എൽ. ആന്റണി കണ്ടെത്തുന്നത്.

I ശുദ്ധം - 14

പെരിയ, പുതിയ, പഴയ, കുറിയ, ചെറിയ, വലിയ, കൊടിയ, എളിയ, നേരിയ, നെടിയ, ഇളയ, നല്ല, മറ്റെ, പിറ്റെ

II  വിവേചകം 2 –  ആ, ഈ

III  സാംഖ്യം 1 –  ഒരു

**സവിശേഷതകൾ**

- ❖ ഇവയ്ക്കും കൃതിജങ്ങളായ പേരെച്ചങ്ങൾക്കും 'അ' പ്രത്യയസഹിതമായ രൂപസമാനതയുണ്ടെങ്കിലും നിഷ്പത്തിയിൽ ബന്ധമില്ല.

- ❖ 'അ' പ്രത്യത്തിന്റെ ധ്വനിവികാരമായ 'എ' പ്രത്യയമാണ് 'മറ്റെ, പിറ്റെ' എന്നിവയിൽ കാണുന്നത്.

- ❖ പെരു, പുതു, പഴ, കുറു, ചെറു, വലു (വൽ), കൊടു, എൾ, നേർ, നെടു, ഇള, നൽ, മറു, പിൻ (പിറ്) എന്നീ ഭേദകപ്രകൃതികളോട് 'അ' എന്ന വിശേഷണാർത്ഥപ്രത്യയം ചേർന്നാണ് മേൽസൂചിപ്പിച്ച പതിനാല് 'ശുദ്ധ'നാമവിശേഷണങ്ങൾ യഥാക്രമം രൂപപ്പെടുന്നത്.

- ❖ ദ്രാവിഡഭാഷകളിൽ കാണപ്പെടുന്ന ഉകാര-ഇകാരവിനിമയം (ഒരുക്കാൽ = ഒരിക്കൽ, പെരുക്കാൽ = പെരിക്കാൽ), യാഗമം എന്നിവ മൂലമാണ് ഈ രൂപങ്ങൾ ഉണ്ടാവുന്നത്.

- ❖ ഇവയ്ക്ക് കാലവാചിത്വമില്ല

- ❖ ഗുണവാചികൾ മാത്രമാണവ

- ❖ 'പെരിയ, പുതിയ പഴയ, കുറിയ' എന്നീ നാലു ഭേദകപ്രകൃതികളോട് കകാരം ഇടനിലയായി വന്ന് കൃതിരൂപങ്ങൾ ഉണ്ടാകാറുണ്ട്.

ഉദാ: പെരുകിയ, പെരുകുന്ന, പെരുകും

പുതുകുന്ന, പു( യഥാർത്ഥ പേരെച്ചരൂപങ്ങൾ

പഴകുന്ന, പഴകിയ

- ❖ 'മുതു, നറു' എന്ന രണ്ടു ഭേദകപ്രകൃതികളെയും ഈ ഭാഗത്ത് ലേഖകൻ ചർച്ചയ്ക്കെടുക്കുന്നുണ്ട്. എന്നാൽ ഇവ യഥാർത്ഥ നാമവിശേഷണപ്രത്യയമായ 'അ' ചേർന്നവയല്ല. 'അ' പ്രത്യയസഹിതമായ കൃതിജങ്ങളായ പേരെച്ചങ്ങളുമല്ല. സമാസരൂപങ്ങളിൽ മാത്രം കാണുന്നതിനാൽ ഇവയ്ക്ക് സ്വതന്ത്രപദത്വം ഇല്ലെന്നും നിരീക്ഷിക്കുന്നു[61].

❖ ലേഖകൻ മുൻപു സൂചിപ്പിച്ച പതിനാല് ശബ്ദങ്ങൾക്കും സ്വതന്ത്രമായ വ്യാകരണരൂപവും സ്വതന്ത്രമായ വിശേഷണാർത്ഥവും ഉണ്ടെന്ന് പ്രസ്താവിക്കുകയും അവ യഥാർത്ഥ നാമവിശേഷണങ്ങളാണെന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്നു. വിവേചകഭേദകങ്ങൾ യഥാർത്ഥ നാമവിശേഷണങ്ങളാണോയെന്നു പരിശോധിക്കാൻ അവലംബിക്കുന്ന ഒരു രീതി തന്നെ സി. എൽ.ആന്റണി ശുദ്ധ നാമവിശേഷണങ്ങളുടെ തെരഞ്ഞെടുപ്പിനും സ്വീകരിക്കുന്നു. 'ആ വലിയ പുര' എന്നത് 'വലിയ ആ പുര' എന്നാകുമ്പോൾ നാമവിശേഷണവും വിശേഷ്യവും വേറിട്ടുനിൽക്കാനുള്ള കെൽപ്പുള്ളതിനാൽ അവ വാക്യത്തിനകത്ത് സ്വതന്ത്രപ്രയോഗാർഹങ്ങളാണെന്നും പ്രത്യേക വ്യാകരണരൂപവും ഗുണവാചിയായ അർത്ഥവുമുള്ള ആ പദങ്ങളെ ശുദ്ധ നാമവിശേഷണങ്ങളായി കരുതാമെന്നുമാണ് അദ്ദേഹം നിർദ്ദേശിക്കുന്നത്[62].

❖ **സാംഖ്യം :** സാംഖ്യഭേദകങ്ങളിൽ 'ഒരു' എന്നതിനെ മാത്രമെ യഥാർത്ഥ നാമവിശേഷണമായി സി. എൽ. ആന്റണി പരിഗണിക്കുന്നത്. 'ഇരു, മു, നാൽ, അയ്' എന്നീ സാംഖ്യപ്രകൃതികൾ സമാസരൂപത്തിൽ മാത്രം കാണപ്പെടുന്നതുകൊണ്ട് അവയ്ക്ക് സ്വതന്ത്രമായ വ്യാകരണരൂപമില്ലെന്നും പദങ്ങളായി കരുതാനാവില്ലെന്നും പറയുന്നു. 'രണ്ട്, മൂന്ന്' എന്നിവയ്ക്ക് ചില സന്ദർഭങ്ങളിൽ വിശേഷണാർത്ഥം വരുമെങ്കിലും രൂപപരമായി അവ നാമങ്ങളിൽനിന്നും വ്യത്യസ്തമല്ലാത്തതിനാൽ അവയെയും യഥാർത്ഥ നാമവിശേഷണങ്ങളായി ഗണിക്കുന്നില്ല. 'ഒരു' എന്ന സാംഖ്യഭേദകത്തിന്റെ അനന്യതയും അദ്ദേഹം വിവരിക്കുന്നു. മറ്റു സംഖ്യാശബ്ദങ്ങളെയൊക്കെ മാറ്റി നിർത്തി 'ഒരു'വിനെ മാത്രം 'സാംഖ്യവിശേഷണ'മെന്ന് കേരളപാണിനി സൂചിപ്പിക്കുന്നതും തന്റെ നിഗമനത്തെ സാധൂകരിക്കുവെന്നാണ് ആന്റണിയുടെ അഭിപ്രായം. വാക്യങ്ങൾക്കുള്ളിൽ സമാനപദങ്ങളെ സ്ഥാനമാറ്റം നടത്തി സ്വതന്ത്രപ്രയോഗാർഹത പരിശോധിക്കുന്നതായുള്ള രീതിതന്നെയാണ് ഈ സന്ദർഭത്തിലും അദ്ദേഹം അവലംബിക്കുന്നത്. 'വലിയ ഒരു പുര' എന്നത് 'ഒരു വലിയ പുര' എന്നാകുമ്പോൾ അർത്ഥക്ലിഷ്ടത ഇല്ലെന്നും 'ഒരു, വലിയ' എന്നിവ സമസ്തപദഘടകങ്ങളല്ലാത്തതിനാൽ അവയെ സ്ഥാനമാറ്റം ചെയ്തും പ്രയോഗിക്കാൻ സാധിക്കുന്നുവെന്നും സമർത്ഥിക്കുന്നു. സ്വതന്ത്രപ്രയോഗാർഹതയുള്ളതിനാൽ ഇവയെ യഥാർത്ഥ നാമവിശേഷണങ്ങളിൽ ഉൾപ്പെടുത്തുന്നു.[63]

❖ **ലുപ്തപ്രചാരങ്ങളായ യഥാർത്ഥ നാമവിശേഷണങ്ങൾ**

അരിയ, ഉടയ, ഇനിയ, തൂയ (രാമചരിത കാലത്തുള്ളവ) എന്നിവയെ പ്രയോഗലുപ്തമായ നാമവിശേഷണങ്ങളായി കേരളപാണിനീയഭാഷ്യകാരൻ നിരീ

ക്ഷിക്കുന്നു. തനിനാമങ്ങളോട് 'അ' പ്രത്യയം ചേർത്ത് 'തിറവിയ, വളവിയ' എന്നീ വിശേഷണങ്ങൾ രാമചരിതത്തിൽ പ്രയോഗിച്ചിട്ടുണ്ടെന്നും സി. എൽ. ആന്റണി നിരീക്ഷിക്കുന്നു[64]. 'അ' പ്രത്യയം പൂർണക്രിയകളോടും ഭേദകപ്രകൃതികളോടും മാത്രമേ ചേരുകയുള്ളൂവെന്ന നിയമത്തിൽനിന്ന് വ്യത്യസ്തമായിട്ടാണ് അദ്ദേഹം ഇതിനെ കാണുന്നത്. എന്നാൽ ശുദ്ധഭേദകപ്രകൃതികളോടുകൂടി 'അ' പ്രത്യയം ചേർന്നുണ്ടാകുന്ന നാമവിശേഷണങ്ങൾ മാത്രമെ യഥാർത്ഥനാമവിശേഷണങ്ങളാവുകയുള്ളൂവെന്നും സ്വതന്ത്ര വ്യാകരണരൂപവും സ്വതന്ത്രമായ വിശേഷണാർത്ഥവും അവയ്ക്ക് പദമെന്ന സ്ഥാനം നൽകുന്നുവെന്നും പ്രസ്താവിക്കുന്നു.

ദ്രാവിഡഭാഷകളിൽ യഥാർത്ഥനാമവിശേഷണങ്ങളുണ്ടെന്ന് കേരളപാണിനിയെപോലെ മറ്റു ദ്രാവിഡ വൈയാകരണന്മാരും കരുതിയിട്ടുണ്ട്. കന്നട വൈയാകരണന്മാർ ആ ഭാഷയിൽ മുപ്പത്തിമൂന്ന് ശുദ്ധനാമവിശേഷണങ്ങളെ തിരിച്ചറിഞ്ഞതായി ഷൂൾബ്ലോക്ക് രേഖപ്പെടുത്തിയെന്നും സി. എൽ. ആന്റണി പറയുന്നു[65]. താൻ നിർദ്ദേശിച്ച 17 യഥാർത്ഥ നാമവിശേഷണങ്ങളെ കൂടാതെ മറ്റ് അനവധി നാമവിശേഷണങ്ങളും ഉണ്ടാകാമെന്ന് അദ്ദേഹം കരുതുന്നു.

### 3.2.2.നാമവിശേഷണം : ആധുനികരുടെ വീക്ഷണങ്ങൾ

#### 3.2.2.1.ശേഷഗിരിപ്രഭു

*വ്യാകരണമിത്ര*ത്തിലെ 'ഭേദകാധികാര'ത്തിൽ വിശേഷണം എന്നതിന്റെ നിർവ്വചനം: ''വസ്തുക്കൾ തമ്മിലുള്ള ഭേദത്തെ (വിശേഷത്തെ) കാണിക്കുന്ന പദം ഭേദകം അല്ലെങ്കിൽ വിശേഷണം'' (ശേഷഗിരിപ്രഭു, 1989 : 209). ''നാമം, ക്രിയ, വിശേഷണം എന്നിവയുടെ പ്രകൃതികളോടു പ്രത്യയങ്ങൾ കൂടിയുണ്ടാകുന്ന രൂപങ്ങളെ വിവരിക്കുന്നതു പദകാണ്ഡം'' (1989 : 92) ആ അർത്ഥത്തിൽ ശേഷഗിരിപ്രഭു ഭേദകങ്ങൾക്കും പദവിഭാഗപദവി നൽകുന്നുണ്ടെന്ന് പറയാം. പ്രകൃതിയോട് പ്രത്യയങ്ങൾ ചേർന്നുള്ള രൂപാധിഷ്ഠിതമായ പദനിർണ്ണയനമാണ് അദ്ദേഹം നടത്തിയിട്ടുള്ളത്. നാമവിശേഷണങ്ങളെ വിവരിക്കുന്ന ഭാഗത്ത് ആദ്യമെ നടത്തുന്ന ഒരു വിഭജനം 'പൂർവ്വവിശേഷണം - ഉത്തരവിശേഷണം' എന്നതാണ്. നല്ല കുട്ടി → പൂർവ്വവിശേഷണം, കുട്ടി നല്ലവൻ → ഉത്തരവിശേഷണം, സുന്ദരി സ്ത്രീ → പൂർവ്വവിശേഷണം, സ്ത്രീ സുന്ദരി → ഉത്തരവിശേഷണം എന്നീ ഉദാഹരണങ്ങളും നൽകുന്നു[67].

*കേരളപാണിനീയ*ത്തിലെ ഭേദകവിഭാഗങ്ങളോടൊത്തു വരുന്ന മറ്റൊരു പ്രധാന വിഭജനവും *വ്യാകരണമിത്ര*ത്തിലുണ്ട്. വിശേഷണങ്ങൾ ആറുവിധമെന്ന് സൂചിപ്പിക്കുന്നു:-

1. **ധാതുജം** - നാമത്തെ വിശേഷിക്കുന്ന ധാതുക്കൾ

ഉദാ: അണിമിഴി, മൂടുപടം, കുറുകാൽ, ചെറുകൈ.....

2. **സാർവ്വനാമികം -** സർവ്വനാമങ്ങൾ, ചുട്ടെഴുത്തുകൾ, ചോദ്യെഴുത്തുകൾ എന്നിവ പൂർവ്വപദമായി സമാസത്തിൽ വരുന്നത്.

ഉദാ: മാമകം, താവകീയം, പരകീയം, സ്വകീയം........

3. **സംഖ്യാവാചകം -** സംഖ്യകൾ, സംഖ്യാതദ്ധിതങ്ങൾ, അനിർദിഷ്ടസംഖ്യകൾ എന്നിവ

ഉദാ: രണ്ടു പുത്രന്മാർ, അഷ്ടഗന്ധം, നവഗ്രഹങ്ങൾ, പെരുത്ത, മിക്കവാറും, അനവധി.......

4. **പാരിമാണികം –**ഓരോന്നായി എണ്ണാനാവാത്ത ദ്രവ്യത്തിന്റെ അളവിനെ കുറിക്കുന്നത്.

ഉദാ: ഇത്രനെയ്യ്, ഏറെക്കാലം, ചെറിയസംഖ്യ.........

5. **ഗുണവചനം -** ഗുണങ്ങളെപ്പറയുന്ന വിശേഷണങ്ങളാണിവ.

ഉദാ: വെളുത്ത, വെള്ള, കറുത്ത, നീണ്ട......

6. **കൃതിജം** - വിശേഷണങ്ങളായി വരുന്ന അപൂർണ്ണക്രിയകളാണിത്.

ഉദാ: ധനശീലയാം അവൾ

ഗൗരവമേറിയ കാര്യം (1989 : 211-214)

ശതൃ, ശാനച്, ക്വസു എന്നിങ്ങനെയുള്ള സംസ്കൃതകൃത്തുക്കളും ബഹുവ്രീഹി, കർമ്മധാരയൻ, തൽപുരുഷൻ എന്നീ സമാസങ്ങളും നാമവിശേഷണങ്ങളാണെന്നാണ് ശേഷഗിരിപ്രഭുവിന്റെ പക്ഷം.

വിശേഷണങ്ങളെ അവയുടെ പ്രയോജനം അടിസ്ഥാനമാക്കിയും മൂന്നുവിധത്തിൽ അദ്ദേഹം വിഭജിക്കുന്നു:-

1. വ്യാവർത്തകം - വസ്തുവിവേചനത്തിന്നുതകുന്നത്
2. വിധേയം - ആഖ്യാതമായി വരുന്ന വിശേഷണം
3. ഹേതുഗർഭം - കാര്യകാരണഭാവം സൂചിപ്പിക്കുന്നവ (1989: 210)

റവ.ജോർജ് മാത്തന്റെ *മലയാഴ്മയുടെ വ്യാകരണ*ത്തിൽ നാമവിശേഷണങ്ങളെ പ്രയോഗത്തിന്റെ അടിസ്ഥാനത്തിൽ മൂന്നായി തിരിക്കുന്നു - ആവശ്യവിശേഷണം, അലങ്കാരവിശേഷണം, കാരണവിശേഷണം എന്നിങ്ങനെയാണവ. അതിൽ കാരണവിശേഷണത്തെ ശേഷഗിരിപ്രഭുവിന്റെ ഹേതുഗർഭവിശേഷണത്തോട് ബന്ധിപ്പിക്കാവുന്നതാണ്. മാത്തന്റെ ഉദാഹരണം താഴെ ചേർക്കുന്നു: ''മുക്തിയെത്തരുന്നവൻ ഭക്തിയെയും തരും'' (ജോർജ് മാത്തൻ, 2000 : 122) - ഇതിൽ വിശേഷ്യത്തെകുറിച്ചു പറഞ്ഞിരിക്കുന്ന കാര്യത്തിന്റെ കാരണമായാണ് വിശേഷണം വരുന്നതെന്നാണ് ജോർജ് മാത്തന്റെ അഭിപ്രായം.

**3.2.2.2.കെ. രാഘവൻപിള്ള :**

'പാരമ്പര്യം മലയാളവ്യാകരണരചനയിൽ' എന്ന ലേഖനത്തിലെ (മലയാള വിമർശം-1, 1984, ലക്കം-1) 'കേരളപാണിനീയം ഭേദകചർച്ചയുടെ പാഠം' എന്ന ഭാഗത്ത് നാമവിശേഷണങ്ങളുടെ ധാതുക്കൾ, പദത്വപദവി എന്നിവയൊക്കെ രാഘവൻപിള്ള ചർച്ചയ്ക്കെടുക്കുന്നുണ്ട്. ഒരു സംഭാഷണത്തിൽ ഒറ്റപ്പദമായി നിൽക്കാൻ കഴിയുന്ന ഒറ്റ നാമവിശേഷണവുമില്ലെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. 14-ാം ശതകത്തിലെ *ലീലാതിലക*ത്തിൽ ആചാര്യൻ ഇതേക്കുറിച്ച് ഒന്നും പ്രസ്താവിച്ചിട്ടില്ലെന്നും താൻ കൈകാര്യം ചെയ്തുപഠിക്കാൻ ഉദ്ദേശിക്കുന്ന മണിപ്രവാളത്തിന്റെ തനതുഭാഷാവ്യാകരണത്തിൽ വിശേഷണപദമില്ലെന്ന് ലീലാതിലകകാരൻ വ്യക്തമായി മനസ്സിലാക്കിയെന്നും രാഘവൻപിള്ള നിരീക്ഷിക്കുന്നു[68]. കേരളപാണിനിയുടെ ഭേദകചർച്ചയിൽ സംസ്കൃത-ഇംഗ്ലീഷ് വ്യാകരണസ്വാധീനത ഇടകലർന്നുവരുന്നതാണ് കാണുന്നത്.

വിശേഷണസ്വഭാവമുള്ള ഘടനകൾ മലയാളത്തിലുണ്ടെങ്കിലും പദത്വം കൽപ്പിക്കാവുന്ന വിശേഷണപദങ്ങൾ ഇല്ലെന്നാണ് ലേഖകന്റെ നിലപാട്. ലീലാതിലകകാരനും പിന്നീടുവന്ന കാൽഡ്വലുമൊക്കെ ഇത്തരത്തിൽ ചിന്തിച്ചവരാണ്. കോവുണ്ണി നെടുങ്ങാടി വിശേഷണങ്ങളെ അംഗീകരിക്കുന്നു. ജോർജ് മാത്തൻ പ്രത്യേകവിഭാഗമായി വിശേഷണം ചർച്ച ചെയ്യുന്നില്ല. ഗുണ്ടർട്ടും ഇതേകുറിച്ച് അധികം വിവരിക്കുന്നില്ല. നാമവിശേഷണധാതുക്കളെ വിവരിക്കുന്നിടത്ത് ഗുണ്ടർട്ട് പറയുന്ന ആശയങ്ങളോട് ചില വിമർശനങ്ങളും ഈ ലേഖനത്തിലുണ്ട്. 'ക്രിയാഭാവം മാഞ്ഞു മറഞ്ഞുപോയി ഗുണവചനം പോലെ നടപ്പുള്ള'വയാണ് നാമവിശേഷണ ധാതുക്കളെന്നതിന് ഗുണ്ടർട്ട് നൽകുന്ന 'നൽ'തുടങ്ങിയ ധാതുക്കൾ യഥാർത്ഥത്തിൽ ക്രിയാധാതുക്കളല്ലെന്നും 'നല്ലുക' എന്നൊരു ക്രിയയില്ലെന്നും പ്രസ്താവിക്കുന്നു.

ഗുണ്ടർട്ട്, ഏ. ആർ. എന്നിവർ പേരെച്ചങ്ങളെ നാമവിശേഷണങ്ങളായി കരുതുന്നതിൽ വികലതയുണ്ടെന്നു കാണിക്കുന്നതിന് ചില യുക്തികളും നിരത്തുന്നു. പേരെച്ചങ്ങളിൽ ക്രിയാംശം ഏറെ പ്രസക്തമാണെന്നും അവ യഥാർത്ഥ

ത്തിൽ പൂർണ്ണപദങ്ങളല്ലെന്നുമാണ് രാഘവൻപിള്ളയുടെ അഭിപ്രായം[69]. 'നല്ല കുട്ടി' എന്നതിലെ 'നല്ല'യും 'കുട്ടി നല്ലവൻ' എന്നതിലെ 'നല്ലവ'നേയും ഒരു പോലെ നാമവിശേഷണങ്ങളായി കരുതുന്ന ശേഷഗിരിപ്രഭുവിന്റെ നിലപാടിനെയും എതിർക്കുന്നു.

പദനിർവ്വചനത്തിന്റെ അടിസ്ഥാനം 'ഏകാന്തപ്രയോഗസാധുത്വം' ആണെങ്കിൽ പദത്വം കൽപ്പിക്കാവുന്ന നാമവിശേഷണങ്ങൾ മലയാളത്തിലില്ലെന്നും അഭിപ്രായപ്പെടുന്നു[70]. ഭേദകചർച്ചയിൽ മൂന്നുതരം നിലപാടുകൾ വൈയാകരണന്മാർക്കുണ്ടെന്ന് വിവരിക്കുന്നു.

(i) ഭേദകങ്ങൾ ഇല്ലെന്നു കരുതുന്ന ലീലാതിലകകാരൻ, കാൾഡ്വെൽ, മാത്തൻ, ഗുണ്ടർട്ട്.

(ii) ഭേദകങ്ങളെ അംഗീകരിക്കുന്ന കേരളപാണിനി.

(iii) സംസ്കൃതഭാഗത്ത് ഭേദകങ്ങൾ കൊടുക്കുകയും മലയാളഭാഗത്ത് ഭേദകധർമ്മം നിർവഹിക്കുന്ന വാചകഘടനകളും ഉണ്ടെന്നു പ്രസ്താവിക്കുകയും ചെയ്യുന്ന കോവുണ്ണിനെടുങ്ങാടി.

**3.2.2.3.ജോൺ കുന്നപ്പള്ളി :**

*കേരളപാണിനീയ*ത്തെ ആധാരമാക്കിയുള്ള ഭേദകവിഭജനരീതിതന്നെയാണ് *ശബ്ദസൗഭഗ*ത്തിൽ ജോൺ കുന്നപ്പള്ളിയും അനുവർത്തിക്കുന്നത്. ''ഒന്നിന്റെ സ്വഭാവത്തെ എടുത്തുകാണിക്കുകയോ അർത്ഥത്തെ പരിമിതപ്പെടുത്തുകയോ ചെയ്യാൻ ചേർക്കുന്ന ശബ്ദത്തിനു വിശേഷണം എന്നു പറയുന്നു'' (ജോൺകുന്നപ്പള്ളി, 1976 : 138) "Adjectives either qualify nouns or limit them"( എന്ന കോളിൻസിന്റെ അഭിപ്രായത്തോട് സാമ്യമുള്ള നിരീക്ഷണമാണ് ഇതെന്നു പറയാം. മലയാളഭാഷയിൽ സ്വതന്ത്രവ്യാകരണരൂപവും അർത്ഥവുമുള്ള നാമവിശേഷണങ്ങൾ കുറവാണെങ്കിലും നാമത്തിന്റെ വിശേഷണമായി പ്രയോഗിക്കുന്ന ശബ്ദങ്ങളും നാമവിശേഷണസ്വഭാവമുള്ള സംസ്കൃത തത്സമരൂപങ്ങളും അനവധിയുണ്ടെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്.

- ഭാഷാരൂപങ്ങളിൽ ഉൾപ്പെടുന്ന നാമവിശേഷണം

| | | | |
|---|---|---|---|
| (ക) | പേരെച്ചം | (ഘ) | സർവ്വനാമപ്രകൃതികൾ |
| (ഖ) | വിഭക്ത്യാഭാസം | (ങ) | ബഹുവ്രീഹിസമാസം |
| (ഗ) | തദ്ധിതം | (ച) | നാമങ്ങൾ തന്നെ |

- **നാമവിശേഷണങ്ങൾ തത്സമങ്ങളിൽ**

| | |
|---|---|
| (ക) വിഭാവകഭേദകങ്ങൾ | (ഛ) തോലനതദ്ധിതങ്ങൾ |
| (ഖ) കാരകനാമങ്ങൾ | (ജ) പൂരണിതദ്ധിതാന്തങ്ങൾ |
| (ഗ) നിഷ്ഠാപ്രത്യയാന്തങ്ങൾ | (ഝ) സാർവ്വനാമിക വിശേഷണങ്ങൾ |
| (ഘ) കൃത്യാപ്രത്യയങ്ങൾ | (ഞ) സമാസങ്ങളിൽ |
| (ങ) വിശേഷ്യതദ്ധിതങ്ങൾ | (ട) കർമ്മധാരയനിൽ |
| (ച) തദ്വിത്തദ്ധിതങ്ങൾ | (ഠ) ദ്വിഗു |

(1976 : 138145)

**3.2.2.4.സി. വി. വാസുദേവഭട്ടതിരി :**

*കേരളപാണിനീയത്തിലൂടെ, അഭിനവമലയാളവ്യാകരണം* എന്നീ കൃതികളിൽ നാമവിശേഷണങ്ങളുടെ സവിശേഷതകളെ സി. വി. വാസുദേവഭട്ടതിരി സൂക്ഷ്മവിശകലനം നടത്തുന്നു. വാക്യത്തിനുള്ളിൽ ഒരു പദത്തിന്റെ പെരുമാറ്റത്തിനനുസരിച്ച് 'സ്വതന്ത്ര-അസ്വതന്ത്രപദങ്ങൾ' എന്ന വിഭജനം *അഭിനവമലയാളവ്യാകരണ*ത്തിൽ വിവരിക്കുന്നുണ്ട്. *കേരളപാണിനീയ*ത്തെ പിൻപറ്റുമ്പോഴും സ്വാഭിപ്രായങ്ങൾ അവതരിപ്പിക്കാനും ശ്രമിക്കുന്നതു കാണാം.




നാമം, കൃതി എന്നിവതന്നെയാണ് ഭേദകങ്ങളായി വരുന്നത് എന്നതിനാൽ ഭേദകങ്ങളെ നാമകൃതികളിൽനിന്ന് വ്യത്യസ്തമായി അദ്ദേഹം പരിഗണിക്കുന്നില്ല. ഭേദകങ്ങളുടെ ഏഴുതരം ഉൾപ്പിരിവുകളാണ് നൽകുന്നത്.

(i) നിർദ്ദേശകം - ആ, ഈ

(ii) സാംഖ്യം - ഒരു, രണ്ട്, മൂന്ന്, ചില, പല

(iii) പാരിമാണികം - കുറച്ച്, വളരെ, ഏറെ

(iv) വിഭാവകം - നല്ല, പഴയ

(v) സംബന്ധസൂചകം - എന്റെ, രാമന്റെ, കാട്ടിലെ

(vi) ക്രിയാസൂചകം - ഓടുന്ന

(i) അനിശ്ചയാർത്ഥകം - ഏതോ, വല്ല

(വാസുദേവഭട്ടതിരി, 1980 : 218–223)

സ്വതന്ത്രപ്രയോഗാർഹതയുള്ള നാമവിശേഷണങ്ങൾ മലയാളത്തിൽ ഇല്ല എന്നാണ് വാസുദേവഭട്ടതിരി നിരീക്ഷിക്കുന്നത്. നാമങ്ങൾ, സർവ്വനാമപ്രകൃതികൾ, ശുദ്ധധാതുക്കൾ, ക്രിയാരൂപങ്ങൾ എന്നിവയൊക്കെ നാം നാമവിശേഷണങ്ങളായി കൽപിക്കുകയാണെന്നും സമർത്ഥിക്കുന്നു.

നാമവിശേഷണങ്ങളുടെ സവിശേഷതകളെ സംബന്ധിച്ചുള്ള സി. എൽ. ആന്റണിയുടെ അഭിപ്രായങ്ങളെ *കേരളപാണിനീയത്തിലൂടെ* എന്ന കൃതിയിൽ സൂക്ഷ്മമായി പരിശോധിക്കുന്നു. കേരളപാണിനീയഭാഷ്യകാരൻ പട്ടികപ്പെടുത്തുന്ന നാമവിശേഷണങ്ങളിൽ പലതിനും സ്വതന്ത്രമായ വ്യാകരണരൂപവും വിശേഷണാർത്ഥവും ഇല്ലെന്നാണ് വാസുദേവഭട്ടതിരി സമർത്ഥിക്കുന്നത്. ''നല്ലൂ എന്ന അവധാരകഭാവിരൂപത്തിൽ[72] നിന്ന് 'നല്'കൃതി പ്രകൃതിയാണെന്നു വരുന്നു; 'ഒര്' സംഖ്യാനാമപ്രകൃതിയാണെങ്കിൽ, 'ഒരു'' ഭേദകപ്രകൃതിയല്ലെന്നു വ്യക്തമല്ലേ; 'ആ, ഈ' എന്നിവ സർവ്വനാമപ്രകൃതിയിൽനിന്നു ജനിച്ചതാണ്, ഭേദകപ്രകൃതിയല്ല; ചുരുക്കത്തിൽ ഭേദകപ്രകൃതിയെന്നൊന്നു മലയാളത്തിലില്ല; എന്നാൽ നാമപ്രകൃതിയും കൃതിപ്രകൃതിയും അവയിൽനിന്നു ജനിച്ച രൂപങ്ങളും നാമവിശേഷണങ്ങളായും ക്രിയാവിശേഷണങ്ങളായും പ്രയോഗിക്കുന്നുണ്ട് എന്നു പറയുകയാണു ചേർന്നത്.'' (വാസുദേവഭട്ടതിരി, 1972 : 192)

**3.2.2.5.എൻ. എൻ. മൂസ്സത് :**

*വ്യാകരണവിവേക*ത്തിലെ 'നാമവിശേഷണങ്ങൾ' എന്ന അധ്യായത്തിലും 'വിശേഷണം, അവ്യയം എന്നീ വ്യാകരണികസംവർഗങ്ങളെപ്പറ്റി' എന്ന *ഭാഷാസാഹിതി*യിലെ ലേഖനത്തിലും നാമവിശേഷണങ്ങളെക്കുറിച്ചുള്ള പൂർവ്വവൈയാകരണന്മാരുടെ അഭിപ്രായങ്ങളെ ഇഴകീറി പരിശോധിക്കുകയും സ്വാഭിപ്രായം രൂപീകരിക്കുകയും ചെയ്യുന്നു.

കാൾഡ്വൽ, ഗുണ്ടർട്ട്, ഷൂൾബ്ളോക് എന്നീ വിദേശീയ പണ്ഡിതരെല്ലാം 'ഭേദകം' എന്നൊരു വ്യാകരണികസംവർഗ്ഗം ദ്രാവിഡത്തിലില്ലെന്നു വാദിക്കുന്നവരാണ്. അവരുടെ വാദമുഖങ്ങൾ മൂസ്സത് രേഖപ്പെടുത്തുന്നു:-

**(i) കാൾഡ്വൽ - താരതമ്യവ്യാകരണം**

"ദ്രാവിഡത്തിലെ നാമവിശേഷണങ്ങൾ ഗുണവാചികളോ സംബന്ധവാചികളോ ആയ നാമങ്ങൾ മാത്രമാണ്. അവയെ വിശേഷ്യങ്ങളായ നാമങ്ങളോടു ചേർത്ത് രൂപഭേദമൊന്നും കൂടാതെ പ്രയോഗിക്കുന്നതുവഴി മാത്രമാണ് അവയ്ക്കു വിശേഷണപദവി ലഭിക്കുന്നത്." (മൂസ്സത്, 1984 : 101)

**(ii) ഷൂൾ ബ്ളോക് –** *The Gramatical Structure of Dravidian Languages*[73]

ഷൂൾ ബ്ളോക് "ദ്രാവിഡത്തിൽ ശരിയായ നാമവിശേഷണങ്ങളില്ല. മറ്റു നാമങ്ങളോടുചേർത്ത് ലിംഗവിഭക്തികളിൽ പൊരുത്തം വരുത്തി പ്രയോഗിക്കുന്ന നാമങ്ങൾ തന്നെയാണ് ദ്രാവിഡത്തിലെ ഭേദകങ്ങൾ" (1984 : 102).

**(iii) ആന്ദ്രനോവ് -** *Dravidian Languages*[74]

മേൽപറഞ്ഞ രണ്ടു വൈയാകരണന്മാരിൽനിന്ന് വ്യത്യസ്തമായ ആശയമാണ് ആന്ദ്രനോവ് അവതരിപ്പിക്കുന്നതെന്ന് മൂസ്സത് അഭിപ്രായപ്പെടുന്നു. "പണ്ട് ദ്രാവിഡങ്ങളിൽ നാമവിശേഷണങ്ങളില്ലായിരുന്നുവെങ്കിലും ആധുനികദശയിൽ മിക്ക ദ്രാവിഡഭാഷകളിലും നാമവിശേഷണം ഒരു പ്രത്യേക പദവിഭാഗമാണെന്നു തന്നെയാണ് അദ്ദേഹത്തിന്റെ പക്ഷം. മൂലദ്രാവിഡത്തിൽ വിശേഷണവിശേഷ്യങ്ങൾ തമ്മിൽ ഭേദമില്ലായിരുന്നുവെന്നും നാമമെന്ന വിഭാഗത്തിൽത്തന്നെ രണ്ടും ഉൾച്ചേർന്നിരിക്കുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു." (1984 : 102)

ദ്രാവിഡത്തിൽ നാമവിശേഷണങ്ങളില്ലെന്ന ഷൂൾബ്ളോക്കിന്റെ അഭിപ്രായത്തെ റ്റി. ബറോ, ആൽഫ്രഡ് മാസ്റ്റർ എന്നിവർ എതിർക്കുന്നതായും മൂസ്സത് സൂചിപ്പിക്കുന്നു[75].

പ്രാചീന തമിഴ്വൈയാകരണന്മാർ ഭേദകമെന്നൊരു വിഭാഗത്തെ അംഗീകരിക്കുന്നില്ലെന്നും പെയർ (നാമം), വിനൈ (ക്രിയ), ഇടൈ (നിപാതം), ഉരി (ധാതു) എന്നീ നാലുതരം പദവിഭാഗങ്ങളെ മാത്രമെ അവർ പരാമർശിക്കുന്നുള്ളൂവെന്നും മൂസ്സത് വിവരിക്കുന്നു. നാമവിശേഷണങ്ങൾക്ക് 'പെയർ അടൈ' എന്ന പേരുകൊടുത്ത് ആധുനിക തമിഴ്വ്യാകരണങ്ങളിൽ വ്യവഹിക്കുന്നതായും അദ്ദേഹം രേഖപ്പെടുത്തുന്നു. തെലുഗു, കന്നട എന്നിവയിൽ ഗുണവാചകം, വിശേഷണം എന്നീ സംജ്ഞകളാണ് ഭേദകവിഭാഗത്തിന് നൽകിയിട്ടുള്ളതെന്നും പറയുന്നു.

കേരളപാണിനിയുടെ ഭേദകവിഭാഗങ്ങൾക്ക് പദവിഭാഗകല്പന എത്രത്തോളം അനുയോജ്യമാണെന്നും പരിശോധിക്കുന്നു. സി. എൽ. ആന്റണിയുടെ 'നാമവിശേഷണ'ങ്ങളെക്കുറിച്ചുള്ള ആശയങ്ങളെ പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്നു: ''നേരിയ, നല്ല എന്നിങ്ങനെ 'ശുദ്ധം' എന്ന ഇനത്തിൽപ്പെടുത്താവുന്ന വേറെയും ശബ്ദങ്ങളുണ്ട്. അതുപോലെ 'മറ്റെ, പിറ്റെ' എന്നീ ശബ്ദങ്ങളിലെ 'എ' നിപാതസ്വരമാണെന്നു വിചാരിക്കണം. മറ്റവൻ, മറ്റവൾ തുടങ്ങിയവയിൽ കാണുന്നതുപോലെ 'മറ്റ'എന്നതാവണം ശരിയായ രൂപം. 'പിറ്റെ'എന്നതിനു വാക്യത്തിൽ സ്വതന്ത്രപ്രയോഗാർഹത അവകാശപ്പെടാമോ എന്നും സംശയമുണ്ട്. 'മറ്റേ നാലു പേർ' എന്നതുപോലെ 'പിറ്റെ നല്ല ദിവസം' എന്നു പ്രയോഗിക്കാമോ? ആ, ഈ എന്ന ചുട്ടെഴുത്തുകൾക്ക് വാക്യത്തിൽ സ്വാതന്ത്ര്യമുണ്ടെങ്കിലും അവയെ പദങ്ങളായി കണക്കാക്കുന്നതിലും അനവധാനതയുണ്ട്. അവ, യഥാക്രമം പരോക്ഷവാചിയും സന്നിഹിതവാചിയുമായ പ്രകൃതികൾ മാത്രമല്ലേ?'' (1984 : 107).

'ചീത്ത' എന്ന രൂപത്തിന്റെ പദവിഭാഗനിർണ്ണയനത്തെക്കുറിച്ചുള്ള ഡോ.കെ. രാഘവൻപിള്ളയുടെ ലേഖനവും (*മാതൃഭൂമി ആഴ്ച്ചപതിപ്പ്* 1955 ആഗസ്റ്റ് 23) അതിനോടുള്ള സി. എൽ. ആന്റണിയുടെ വിമർശനവും (*ഭാഷാപഠനങ്ങൾ*) എന്ന കൃതിയിലെ ലേഖനം) താരതമ്യപ്പെടുത്തി പഠിക്കുകയും തന്റെ നിഗമനങ്ങൾ സംഗ്രഹിക്കുകയും ചെയ്യുന്ന ഒരു ഭാഗം മൂസ്സത് ഇതേ ലേഖനത്തിൽ അവതരിപ്പിക്കുന്നു. 'നാമവിശേഷണാർത്ഥമുള്ള നാമം', നാമവിശേഷണം എന്നിങ്ങനെ യഥാക്രമം രാഘവൻപിള്ളയും, സി. എൽ. ആന്റണിയും 'ചീത്ത' എന്നതിനെ വ്യവഹരിക്കുന്നു വിഭക്തിപ്രത്യയം, ബഹുവചനപ്രത്യയം, സമുച്ചയനിപാതം എന്നിവയെ സ്വീകരിക്കാനുള്ള കഴിവുള്ളതിനാൽ 'ചീത്ത' എന്ന ശബ്ദം നാമമാണെന്ന് രാഘവൻപിള്ള ചൂണ്ടിക്കാട്ടുന്നു. ഇത്തരം പദങ്ങൾക്ക് സമാസരൂപത്തിൽ ഇരട്ടിപ്പു കാണപ്പെടുമെന്ന സവിശേഷതയും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. പിള്ളയുടെ ഈ നിരീക്ഷണത്തെ ഖണ്ഡിച്ചുകൊണ്ട് പുറത്തറ, കോട്ടപ്പടി എന്നിവയിൽ 'ത, പ' എന്നിവ ഇരട്ടിക്കുന്നുണ്ടെങ്കിലും പുറപണി, ചവിട്ടുപടി എന്നിവയിലെ 'പ' ഇരട്ടിക്കുന്നില്ലെന്നും സി. എൽ. ആന്റണി വാദിക്കുന്നു. അതിനുള്ള എതിർവാദമുഖങ്ങൾ മൂസ്സത് നിരത്തുന്നു. ''ഉത്തരപദം കൃത്താകുന്ന സന്ദർഭങ്ങളിൽ ഉത്തരപദത്തിന്റെ ആദ്യവർണ്ണം പ്രായേണ ഇരട്ടിക്കാറില്ല (വേലകളി, പന്തകളി, ഗതികേട്, പന്തികേട്, പെൺകൊട, ഊരുതെണ്ടി, വേലികെട്ട്.....)''എന്നും ''സംവൃതാന്തങ്ങളായ പദങ്ങൾ പൂർവ്വപദമായി വരുമ്പോഴും പ്രായേണ ദ്വിത്വം സംഭവിക്കാറില്ല (പട്ടുചേല, കെട്ടുതാലി, ചൂട്ടുകറ്റ.....)'' എന്നും (1984 : 116) മൂസ്സത് അഭിപ്രായപ്പെടുന്നു.

പേരെച്ചങ്ങൾക്ക് കാലവിവക്ഷാസൂചനയുള്ള പ്രത്യയങ്ങളുണ്ടാകുമെന്ന ആശയം പല വൈയാകരണന്മാരും അവതരിപ്പിച്ചിട്ടുണ്ട്. ഭൂതകാല നാമാധേയ

ങ്ങളെ ലോപിച്ചെടുത്തവയാണ് ഭേദകങ്ങളെന്നും അവയ്ക്ക് ഭൂതാർത്ഥവിവക്ഷ ഇല്ലെന്നും മാത്തൻ അഭിപ്രായപ്പെടുന്നു[76].

**3.2.2.6. കെ. എം. പ്രഭാകരവാര്യർ :**

നാമം, കൃതി എന്നിവയെയാണ് മുൻകാല വൈയാകരണന്മാർ മുഖ്യ പദവിഭാഗങ്ങളായി ചർച്ചചെയ്തത്. ബാക്കിയുള്ള പദരൂപങ്ങളെയെല്ലാം 'അവ്യയം'എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി. എന്നാൽ കേരളപാണിനി 'ഭേദകം' എന്നൊരു പദവർഗത്തെ മുഖ്യപദവിഭാഗങ്ങളിലൊന്നായി അംഗീകരിക്കുക മാത്രമല്ല അതിന് നാമ-ക്രിയാ-ഭേദകവിശേഷണങ്ങൾ എന്നുള്ള ഉപവിഭാഗങ്ങളെ കൽപ്പിക്കുകയും ചെയ്തു. ഒരു പദത്തിന് വാക്യത്തിനകത്ത് വിശേഷണധർമ്മം പ്രകടിപ്പിക്കാനാവുമെങ്കിൽ അതിനെ വിശേഷണപദമായി ഗണിക്കണം എന്ന ഉൾക്കാഴ്ച്ചയൊക്കെ ഉണ്ടായിട്ടും വ്യാഖ്യാനവിവരണങ്ങളുടെ അഭാവത്തിൽ *കേരള പാണിനീയ*ത്തിലെ ഭേദകചർച്ച കെട്ടുറപ്പില്ലാതെ പോയി എന്ന നിലപാടാണ് പ്രഭാകരവാര്യരുടേത്.[77]

ഭേദകങ്ങളെ വിശകലനം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ അദ്ദേഹം വിവരിക്കുന്നു:

"(i) പദവർഗീകരണത്തിൽ അർത്ഥമല്ല, രൂപഭേദങ്ങളും പ്രയോഗസ്വഭാവങ്ങളുമാണ് നിയാമകമായി സ്വീകരിക്കേണ്ടത് (ii) പ്രാചീനപദങ്ങളോട് ബന്ധിപ്പിക്കാമെങ്കിലും നിലവിലുള്ള പദങ്ങളിൽനിന്ന് വ്യുത്പാദിപ്പിക്കാൻ കഴിയാത്തവയെ സ്വതന്ത്രപദരൂപങ്ങളായിത്തന്നെ പരിഗണിക്കണം. (iii) നാമങ്ങളിൽനിന്ന് രൂപഭേദം, പ്രത്യയ-ധാതുപ്രയോഗങ്ങൾ എന്നിവയിലൂടെ നിഷ്പാദിപ്പിക്കാവുന്നവയെ (നാമധാതുക്കൾ) ക്രിയകളായും നാമങ്ങളിൽനിന്നും ഭേദകങ്ങളിൽനിന്നും വ്യുത്പാദിപ്പിക്കുന്നവയെയും (തദ്ധിതങ്ങൾ) ക്രിയകളിൽനിന്ന് പ്രത്യയയോഗത്താൽ വ്യുത്പാദിപ്പിക്കാവുന്നവയെയും (കൃതികൃത്തുക്കൾ, കാരകകൃത്തുക്കൾ) നാമങ്ങളായും അല്ലേ വ്യാകരണത്തിൽ നിർദേശിക്കേണ്ടത്? അതുപോലെ വിശേഷണധർമ്മം ഉള്ള വ്യുത്പന്നരൂപങ്ങളെയും ഭേദകമായി വേർതിരിച്ചു കാണിക്കണം. (iv) വ്യാകരണധർമ്മം അനുസരിച്ച് പദവർഗീകരണം നടത്തുമ്പോൾ സ്വതന്ത്രപ്രകൃതി, വ്യുത്പന്നപ്രകൃതി എന്നിവയെ വ്യവച്ഛേദിച്ച് കാണിക്കണമെന്നേയുള്ളൂ. ഈ ആലോചന ശരിയാണെങ്കിൽ, മലയാളത്തിൽ നാമവിശേഷണം, ക്രിയാവിശേഷണം, വിശേഷണവിശേഷണം (?) എന്ന വർഗീകരണം അംഗീകരിക്കുക തന്നെ വേണം." (പ്രഭാകരവാര്യർ, 2007 : 55).

നാമവിശേഷണത്തെ പ്രത്യേക പദവർഗമായി അംഗീകരിക്കാത്തവരിൽ കെ. രാഘവൻപിള്ള, സി. വി. വാസുദേവഭട്ടതിരി, കെ. സുകുമാരപ്പിള്ള എന്നിവരുടെ ആശയങ്ങളെ പ്രഭാകരവാര്യർ ക്രോഡീകരിക്കുന്നു[78]:

മിക്ക നാമവിശേഷണരൂപങ്ങളും സ്വതന്ത്രപ്രയോഗാർഹതയില്ലാത്തവയോ വ്യുത്പന്നരൂപങ്ങളോ ആണ്. പേരെച്ചങ്ങൾക്ക് ക്രിയാധർമ്മുള്ളതിനാൽ അവ നാമവിശേഷണങ്ങളല്ല. 'നല്ലൂ' എന്ന അവധാരകഭാവിരൂപത്തിൽനിന്നും രൂപപ്പെടുന്നതാണ് 'നല്ല'. ചെറുകി - ചെറുകിയ-ചെറുവിയ, പെരുകി - പെരുകിയ-പെരുവിയ എന്നിവയ്ക്കു സംഭവിച്ച ഹ്രസ്വമാണ് 'ചെറിയ, പെരിയ' എന്നിവ. പേരെച്ചത്തിന്റെ രൂപാന്തരമാണ് 'ഒരു'. 'ആ, ഈ, നൽ, ചെം' എന്നിവ സമാസത്തിലേ വരൂ എന്നതിനാൽ (ആക്കട്ടിൽ, ഈപ്പുതിയ, നന്മുത്ത്, ചെമ്പരുത്തി) സ്വതന്ത്രപ്രയോഗാർഹതയില്ലാത്തവയാണ്.

നാമവിശേഷണങ്ങളുടെ പ്രത്യേക പദപദവിയെ അംഗീകരിക്കുന്ന സി. എൽ. ആന്റണി, എൻ. എൻ. മൂസ്സത് എന്നിവരുടെ നിഗമനങ്ങളും പ്രഭാകരവാര്യർ പരിശോധിക്കുന്നുണ്ട്. പദനിർണ്ണയനത്തിന്റെ അടിസ്ഥാനം അർത്ഥമല്ലെന്നും വാക്യത്തിലെ പെരുമാറ്റരീതിയാണെന്നുമാണ് അവരുടെ പക്ഷം. നല്ല, ചെറിയ, വലിയ എന്നിവയ്ക്ക് സമാന്തരമായ ക്രിയകൾ ആധുനികഭാഷയിൽ ഇല്ലാത്തതിനാൽ അവയെ പേരെച്ചങ്ങളായി ഗണിക്കാനാവില്ല. സ്വതന്ത്രപ്രയോഗാർഹമായ സംഖ്യാവിശേഷണമാണ് 'ഒരു'.

സി. എൽ. ആന്റണിയുടെ പതിനേഴ് യഥാർത്ഥ നാമവിശേഷണങ്ങളിൽ 'മറ്റെ, പിറ്റെ, ആ, ഈ, ഒരു' എന്നിവ മൂസ്സത് അംഗീകരിക്കുന്നില്ല. 'വല്ല, ഇന്ന, ചില, പല' എന്നീ നാമവിശേഷണങ്ങളെ സി. എൽ. ആന്റണിയിൽനിന്നും വ്യത്യസ്തമായി മൂസ്സത് കണക്കാക്കുന്നതായും കാണാമെന്ന് പ്രഭാകരവാര്യർ പ്രസ്താവിക്കുന്നു. മലയാളത്തിൽ നാമവിശേഷണം എന്ന പദവിഭാഗത്തെ അംഗീകരിക്കണമെന്ന വാദത്തിനാണ് യുക്തിഭദ്രതയുള്ളതെന്ന് പ്രഭാകരവാര്യർ ഉറപ്പിച്ചു പറയുന്നു.

### 3.2.3.നാമവിശേഷണം - ആധുനികവീക്ഷണങ്ങൾ

നാമവിശേഷണങ്ങൾക്ക് പദത്വം നൽകി ചർച്ചചെയ്യുക എന്നതിൽനിന്ന് വ്യത്യസ്തമായി വാക്യാർത്ഥത്തെ ഉരുവപ്പെടുത്തുന്ന ഘടകങ്ങളിൽ മുഖ്യമായ ഒന്ന് എന്ന രീതിയിൽ പഠിക്കുന്ന പ്രബന്ധമാണ് ആർ. അശ്വതിയുടെ 'മലയാളത്തിലെ നാമവിശേഷണങ്ങൾ'. വാക്യതലത്തിനു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഘടനാപരമായ അപഗ്രഥനമായി ഡോ. എൻ. കെ. മേരി ഈ പഠനത്തെ വിലയിരുത്തുന്നു[79]. പഠിതാവിന്റെ നിഗമനങ്ങളെ ചുരുക്കി സംഗ്രഹിക്കാം:-

- നാമവിശേഷണങ്ങൾ വ്യാകരണപൂർത്തിയുള്ള ഒരു പദസംവർഗ്ഗമല്ല.

- രൂപത്തെയും അർത്ഥത്തെയും ആധാരമാക്കി പദവിഭാഗപദവി അവയ്ക്ക് കൽപിക്കാനാവില്ല.

- ഭാഷയുടെ അർത്ഥപൂർണ്ണമായ അടിസ്ഥാനഘടകം വാക്യമാണെന്ന ആധുനികവീക്ഷണത്തിനനുസരിച്ച് നാമവിശേഷണങ്ങളെ പഠിക്കേണ്ടതാണ്.

- നാമം, ക്രിയ എന്നിവ വിശേഷണമായി പെരുമാറുന്നതിനാൽ അവയുടെ വ്യാകരണപൂർത്തി അന്വേഷണാസ്പദമാണ്.

- വാക്യത്തിൽ എവിടെ വേണമെങ്കിലും വിശേഷണത്തിന് പ്രയോഗസാദ്ധ്യതയുണ്ട്.

- ധാതുരൂപങ്ങളെ നാമധാതുക്കൾ, ക്രിയാധാതുക്കൾ, വിശേഷണധാതുക്കൾ എന്നിവയിലേതെന്ന് വ്യാവർത്തിപ്പിക്കുക ശ്രമകരമാണ്.

- ഒരു വാക്യത്തിലെ എല്ലാ രൂപങ്ങൾക്കും പദസംവർഗ്ഗപദവി നൽകേണ്ടതില്ല.

- ജീവൽഭാഷയായ മലയാളത്തിൽ ഒരു വ്യാകരണനിയമത്തിനുതന്നെ അനവധി അപവാദങ്ങൾ വരാം. സമ്പർക്കഭാഷയായ ഇംഗ്ലീഷിന്റെ നാമവിശേഷണരീതികളും സ്വാധീനിക്കാം.

- ഇത്തരം കാരണങ്ങളാൽ നാമവിശേഷണങ്ങളുടെ പദസംവർഗ്ഗപദവി വിലയിരുത്തുന്നതിനെക്കാൾ വാക്യാർത്ഥത്തെ നിർമ്മിക്കുന്നതിൽ അതിനുള്ള പ്രാധാന്യത്തെകുറിച്ച് ആലോചിക്കുന്നതാണ് അഭികാമ്യമെന്ന് പഠിതാവ് പ്രസ്താവിക്കുന്നു[80].

### 3.3. ക്രിയാവിശേഷണങ്ങൾ

കേരളപാണിനിയും പൂർവ്വവൈയാകരണന്മാരും ക്രിയാവിശേഷണങ്ങളെകുറിച്ചു നടത്തുന്ന ചർച്ചകളെ പുനഃപരിശോധിക്കുകയും അതിന്റെ അപര്യാപ്തതകളെ പരിഹരിച്ചു സ്വന്തം നിരീക്ഷണങ്ങളെ അവതരിപ്പിക്കുകയും ചെയ്യുന്ന ഭാഗമാണ് *കേരളപാണിനീയഭാഷ്യ*ത്തിലെ ഈ അധ്യായം. ഒരു സവിശേഷരൂപവും അർത്ഥവും പ്രദാനം ചെയ്യുന്നവ എന്ന നിലയിൽ ക്രിയാവിശേഷണങ്ങളെ ആധുനികഭാഷാശാസ്ത്രദൃഷ്ട്യാ പ്രത്യേക പദസംവർഗ്ഗമായി കാണുകയും അവയുടെ സ്വഭാവസവിശേഷതകൾ ഇവയോടു ചേരുന്ന പ്രത്യയങ്ങൾ എന്നിവ നിർണ്ണിയിക്കുകയുമാണ് സി. എൽ. ആന്റണി ചെയ്യുന്നത്. കാൾഡ്വെൽ, ഗുണ്ടർട്ട്, കേരളപാ

ണിനി എന്നിവരുടെ വിശദീകരണങ്ങളിൽ കാണുന്ന പിശകുകൾ കേരളപാണി നീയഭാഷ്യകാരൻ വിവരിക്കുന്നുണ്ട്. അവയെ ഒന്നു ക്രോഡീകരിക്കാം

**3.3.1. ഡോ. കാൾഡ്വെൽ**

→ ക്രിയയെ വിശേഷിപ്പിക്കുന്ന പദങ്ങളെ പ്രസ്താവിക്കുന്നുണ്ടെങ്കിലും ക്രിയാ വിശേഷണങ്ങളെ ഒരു സവിശേഷപദവിഭാഗമായി കാണുന്നില്ല.

→ ദ്രാവിഡഭാഷകളിലെ ക്രിയാവിശേഷണങ്ങളിൽ അധികവും നപുംസകക്രി യകളുടെ പിൻവിനയെച്ചരൂപങ്ങളാണെന്ന് അഭിപ്രായപ്പെടുന്നു.

**3.3.2. ഡോ. ഗുണ്ടർട്ട്**

→ 'അവ്യയം' എന്നൊരു വിഭാഗത്തെ കൽപ്പിക്കുകയും അതിന്റെ ഉപവിഭാഗ ങ്ങളായി ക്രിയോത്ഭവങ്ങൾ, നാമോത്ഭവങ്ങൾ, നല്ല അവ്യയങ്ങൾ എന്നീ ഇനങ്ങളിൽ ഉൾപ്പെടുത്തി ഗതി, ഘടകം, വ്യാക്ഷേപകം, ക്രിയാവിശേഷണ എന്നിവയെ തരംതിരിക്കുകയും ചെയ്യുന്നു. എങ്കിലും ക്രിയാവിശേഷ ണത്തെ ഒരു പ്രത്യേക ശബ്ദവിഭാഗമായി കണക്കാക്കുന്നില്ല.

→ ക്രിയാവിശേഷണങ്ങളിൽ ഭൂരിഭാഗവും വിനയെച്ചങ്ങളാണെന്നാണ് അദ്ദേഹ ത്തിന്റെ അഭിപ്രായം.

മലയാളത്തിൽ സ്വതന്ത്രപ്രയോഗാർഹതയും പ്രത്യേക രൂപവുമുള്ള ക്രിയാ വിശേഷണങ്ങളില്ലെന്നും തമിഴ്-മലയാളങ്ങളിൽ കാണുന്ന ക്രിയാവിശേഷണങ്ങൾ വിനയെച്ചങ്ങളാണെന്നും കാൾഡ്വെല്ലും ഗുണ്ടർട്ടും അഭിപ്രായപ്പെടുന്നതായി സി. എൽ. ആന്റണി സംഗ്രഹിക്കുന്നു[81].

**3.3.3. കേരളപാണിനി**

→ ശബ്ദവിഭാഗത്തിൽ ഭേദകങ്ങളുടെ ഉൾപ്പിരിവുകളിലൊന്നായി ക്രിയാവിശേ ഷണത്തെ കാണുന്നു.

→ അവയ്ക്ക് സ്വതന്ത്രമായ പ്രത്യയമോ രൂപമോ ഉണ്ടോ എന്ന് അന്വേഷിക്കു ന്നില്ല.

→ സ്വതന്ത്രരൂപത്തിലുള്ള ക്രിയാവിശേഷണങ്ങളെ കണ്ടെത്തുന്നില്ല; ക്രിയക ളിൽനിന്നു രൂപപ്പെടുന്നവയെക്കുറിച്ച് മാത്രമെ പ്രതിപാദിക്കുന്നുള്ളൂ.

→ പദവിഭജനത്തിൽ അർത്ഥം മാത്രമെ കേരളപാണിനി മാനദണ്ഡമാക്കുന്നുള്ളൂ. പ്രത്യേക പ്രത്യയവും രൂപവുമില്ലാത്ത ക്രിയാവിശേഷണത്തെ ശബ്ദ വിഭാഗത്തിൽ ഉൾപ്പെടുത്തിയതിനുള്ള സാധൂകരണമായി അതിനെ കാണുന്നതിനോട് സി. എൽ. ആന്റണി വിയോജിക്കുന്നു[82].

ക്രിയോത്ഭവങ്ങളായ ക്രിയാവിശേഷണങ്ങളെക്കുറിച്ചുള്ള കേരളപാണിനിയുടെ വിശദീകരണങ്ങളും ക്രിയാവിശേഷണങ്ങൾ വിനയെച്ചജാതമാണെന്നുള്ള കാൽഡ്വെൽ-ഗുണ്ടർട്ട് അഭിപ്രായങ്ങളും അസംഗതമെന്ന് സി. എൽ. ആന്റണി വിധിക്കുന്നു[83]. സവിശേഷപ്രത്യയരൂപങ്ങളോടുകൂടിയതും ക്രിയകളെ വിശേഷിപ്പിക്കാൻ കഴിവുള്ളതുമായ സ്വതന്ത്രരൂപങ്ങളെയാണ് അദ്ദേഹം തന്റെ ആലോചനയ്ക്കെടുക്കുന്നത്.

ക്രിയാപ്രകൃതികളിൽനിന്നും രൂപംകൊള്ളുന്നവയാണെങ്കിലും ക്രിയാർത്ഥം നഷ്ടപ്പെട്ട് വിശേഷണാർത്ഥത്തിൽ മാത്രം പ്രയോഗിക്കുന്ന ചില രൂപങ്ങളാണ് മലയാളത്തിലെ ക്രിയാവിശേഷണമെന്ന വകുപ്പിൽ ഉൾപ്പെടുന്നതെന്ന് സി. എൽ. നിർവ്വചിക്കുന്നു. 'കുട്ടി ഉടൻ വഴങ്ങി', 'അവൻ മെല്ലെ നടന്നു' എന്നീ ഉദാഹരണങ്ങളിൽ 'ഉടൻ' എന്നത് 'വഴങ്ങുക' എന്ന ക്രിയയെയും 'മെല്ലെ' എന്നത് 'നടന്നു' എന്ന ക്രിയയെയും വിശേഷിപ്പിക്കുന്ന പദങ്ങളാണ്. 'മെല്ലെ' എന്നത് 'മെൽ' ധാതുവിന്റെ നടുവിനയെച്ചരൂപമാണെന്നാണ് കേരളപാണിനി പറയുന്നത്. 'രാമചരിത'ത്തിൽ 'മെൽകുക' എന്ന ക്രിയാപദത്തെ ഉപയോഗിക്കുന്നുണ്ടെങ്കിലും 'മെല്ലെ നടന്നു' എന്നതിലെ 'മെല്ലെ' എന്ന പദത്തിന് ക്രിയാസ്വഭാവം ഒട്ടുംതന്നെയില്ലെന്ന് ഭാഷ്യകാരൻ വിലയിരുത്തുന്നു. ചുരുക്കത്തിൽ ക്രിയാനിഷ്പന്നങ്ങളും അല്ലാത്തതുമായ രൂപങ്ങൾ ക്രിയാവിശേഷണങ്ങളായി വരാമെങ്കിലും അവയുടെ ക്രിയാസ്വഭാവം പൂർണ്ണമായും നഷ്ടപ്പെട്ടിരിക്കുമെന്നു സി. എൽ. ആന്റണി പ്രസ്താവിക്കുന്നു[84].

ക്രിയാവിശേഷണങ്ങളുടെ സാമാന്യസവിശേഷതകളെ വ്യക്തമാക്കുന്നതിനൊപ്പം അവയുടെ പ്രത്യയങ്ങളെ കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഇനം തിരിക്കുകയും ചെയ്യുന്നു. 'എ', 'അനെ' എന്ന രണ്ടു പ്രത്യയങ്ങളാണ് മലയാളഭാഷയിലെ ക്രിയാവിശേഷണങ്ങൾക്ക് സ്വതന്ത്രരൂപം നൽകുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. സ്വതന്ത്രപ്രയോഗാർഹങ്ങളായി മുപ്പതിൽ കുറയാത്ത ക്രിയാവിശേഷണങ്ങൾ മലയാളത്തിലുണ്ടെന്നും പറയുന്നു. അവ താഴെ കുറിക്കുന്നു:-

I കൃതിപ്രകൃതിജാതങ്ങളാണെങ്കിലും വാക്യത്തിൽ ക്രിയാർത്ഥം പ്രകടിപ്പിക്കാതെ വിശേഷണാർത്ഥം മാത്രമുള്ളവ - 16 എണ്ണം.

അടുക്കെ, കുറെ, കൂടെ, ആകെ, ഉയരെ, ഒഴികെ, ഏറെ, ഒക്കെ, താഴെ, തുടരെ, തിരിയെ, പരക്കെ, മെല്ലെ, വരെ, വളരെ, പറ്റെ[85]

II കീഴ്, ചെം, നേർ, പോൽ, പിൻ, മേൽ, മുൻ, എതിർ എന്നീ വിശേഷണപ്രകൃതികളിൽനിന്നു രൂപപ്പെട്ടവ - 8 എണ്ണം

കീഴെ, ചെമ്മെ, നേരെ, പോലെ, പിന്നെ, മേലെ, മുന്നെ, എതിരെ[86]

III അരിക്, അവിടം, ഇവിടം, എവിടം, ഇടയ്ക്കിട, പുറം എന്നീ പദങ്ങൾക്കൊപ്പം 'എ' പ്രത്യയം ചേർന്നുണ്ടാകുന്നവ - 6 എണ്ണം.

അരികെ, അവിടെ, ഇവിടെ, എവിടെ, ഇടയ്ക്കിടെ, പുറമെ[87]

IV 'അനെ' പ്രത്യയയോഗത്താൽ രൂപംകൊണ്ടവ - പൊടുന്നനെ, കുത്തനെ, ചിക്കനെ, വിലങ്ങനെ[88]

### 3.3.2. പൂർവ്വനിരീക്ഷണങ്ങൾ

സി. എൽ. ആന്റണിയുടെ ക്രിയാവിശേഷണവിശകലനത്തെ പൂർവ്വവൈയാകരണന്മാരുടെ നിരീക്ഷണങ്ങളോട് ചേർത്തുകാണുന്നത് ഉചിതമാണ്.

#### 3.3.2.1. റോബർട്ട് ഡ്രമ്മണ്ട് :

*ഗ്രാമർ ഒഫ് ദ മലബാർ ലാംഗ്വേജിന്റെ* 11-ാം അധ്യായത്തിൽ (of the other parts of speech) ക്രിയാവിശേഷണങ്ങളുടെ സാമാന്യസ്വഭാവങ്ങളും അവയുടെ വിഭജനവും ഉൾക്കൊള്ളുന്ന ഒരു ഭാഗമുണ്ട്. Interrogative Adverbs, Adverbs derived from nouns, Adverbs of place, Adverbs of Time, Adverbs of Mode എന്നീ വിഭാഗങ്ങളെ ഇനം തിരിച്ച് അദ്ദേഹം വിശദീകരിക്കുന്നു. സി. എൽ. ആന്റണി പരാമർശിക്കുന്ന സ്വതന്ത്രപ്രയോഗാർഹതയുള്ള ക്രിയാവിശേഷണങ്ങളെ ഡ്രമ്മണ്ട് ക്രമപ്പെടുത്തുന്നത് എങ്ങനെയാണെന്ന് താഴെ ചേർക്കുന്നു.

| | |
|---|---|
| Adverbs of place: | എവിടെ where<br>ഇവിടെ here<br>അവിടെ there<br>മെൽ, or മെലെ, and മിതെ above<br>അടുക്കെ, അരികെ near (ഡ്രമ്മണ്ട്, 2019 : 74-75) |

| | |
|---|---|
| Adverbs of Time: | മുന്നെ, മുമ്പെ at first പിന്നെ, പിമ്പെ afterwards മെല്ലെ, മെല്ലെ by degrees, slowly മുറുക്ക, മുറുക്കനെ, തെരുതെരെ, തെരുക്കനെ, വെഗം, ശീഘ്രം, ക്ഷണമായി quickly, in haste speedily, instantly കടുക്കനെ, പൊടുക്കനെ, പെട്ടനെ Unexpectedly, suddenly (2019 : 76-77) |
| Adverbs of Mode: | കൂടെ (കൂടവെ In poetry) together<br>കൊറെ<br>എറെ more, much<br>ഒളിപാലെ obscurely (2019 : 77-78) |

സ്വതന്ത്രപ്രയോഗാർഹതയില്ലാത്ത ചില ക്രിയാവിശേഷണരൂപങ്ങളും സി. എൽ. ആന്റണി വിവരിക്കുന്നുണ്ട്. 'പെട്ട്, എന്ന്, ഈട്' എന്നീ ഗതികൾ ചേർന്നുവരുന്ന അത്തരം രൂപങ്ങളെ അദ്ദേഹം പദവിഭാഗത്തിൽ ഉൾപ്പെടുത്തുന്നില്ല.

പെട്ട് - മേല്പെട്ട്, കീഴ്പ്പെട്ട്

എന്ന് - പെട്ടെന്ന്, തെറ്റെന്ന്, ചിക്കെന്ന്

ഈട് - പിന്നീട് (ആന്റണി, 2005 : 115)

എന്നിങ്ങനെയുള്ള ഉദാഹരണങ്ങളാണ് നൽകുന്നത്. ക്രിയാവിശേഷണാർത്ഥമുണ്ടെങ്കിലും വിനയെച്ചഭിന്നമായ രൂപമില്ലാത്തതിനാൽ ക്രിയാവിശേഷണമെന്ന പദവിഭാഗത്തിൽ അവയെ അദ്ദേഹം പരിഗണിക്കുന്നില്ല. ഡ്രമ്മണ്ടിന്റെ വിവരണങ്ങളിൽ ഇത്തരം രൂപങ്ങളെ ക്രിയാവിശേഷണങ്ങളായി കരുതുകയാണ് ചെയ്യുന്നത്.

മെൽപ്പട്ട, മെൽപ്പൊട്ട Upwards

കീഴപ്പട്ടീ, കഴപ്പൊട്ട് downwards

ഇവിനെന്ന hence

അവിടെന്ന thence

എവിടെന്ന whence

അവിടെന്ന thence (2019 : 74-75)

### 3.3.2.2. കോളിൻസിന്റെ മലയാളം വ്യാകരണം :

നാമങ്ങൾ, വിശേഷണപ്രകൃതികൾ എന്നിവയോട് 'എ' പ്രത്യയം ചേർന്ന് ക്രിയാവിശേഷണങ്ങൾ രൂപംകൊള്ളുന്ന രീതിയിൽ മലയാളഭാഷ വികസിച്ചുവെന്നാണ് സി. എൽ. ആന്റണിയുടെ അഭിപ്രായം[89]. 'എ' പ്രത്യയം ചേർന്ന തൻവിനയെച്ച രൂപീകരണത്തിൽനിന്ന് വ്യതിരിക്തമായി അദ്ദേഹം മേൽപറഞ്ഞ ആശയത്തെ കാണുന്നു. post positions നെ കുറിച്ചുള്ള വിവരണങ്ങളിൽ കോളിൻസ് പട്ടികപ്പെടുത്തുന്നവ മിക്കതും സി. എൽ. ആന്റണി സ്വതന്ത്ര ക്രിയാവിശേഷണങ്ങളായി സൂചിപ്പിച്ചവയാണ്. അത്തരം ക്രിയാവിശേഷണങ്ങളുടെ ധാതുരൂപങ്ങളെ കോളിൻസും സി. എൽ. ആന്റണിയും സമാനമായി മനസ്സിലാക്കുന്നതായും കാണാം. കോളിൻസിന്റെ വിവരണങ്ങൾ താഴെ ചേർക്കുന്നു:-

| | | |
|---|---|---|
| പിന്നാലെ | - | {from പിൻ (the behind)} after, behind |
| പിമ്പെ | - | {from പിമ്പ (the behind)} after, behind |
| പുറകെ | - | {from പുറം, the back} after, behind |
| മുമ്പെ | - | {from മുൻ, the before} before |
| മേലെ | - | {from മേൽ, the above} over, above |
| കീഴെ | - | {from കീഴ, the under} under, below |
| അരികെ | - | {root apparently അരികെ or അരികം, a nearness} |
| നേരെ | - | {from നേർ, straightness} directly |
| മീതെ | - | {root മീത } on, over |
| താഴെ | - | {root താഴ, below, down} below, under |
| പോലെ | - | {from പോൽ, likelihood} like as |

(കോളിൻസ്, 2018 : 121-122)

സി. എൽ. ആന്റണി സ്വതന്ത്രപ്രയോഗാർഹമായ ക്രിയാവിശേഷണങ്ങളായി കണക്കാക്കുന്നതിൽ ഏതാനും ചിലതിന്റെ ധാതുരൂപങ്ങളും അവയുടെ അർത്ഥവും കോളിൻസ് മുമ്പുതന്നെ കണ്ടെത്തുന്നുവെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. ധാതുരൂപങ്ങളുടെ അർത്ഥതലങ്ങളെ അടയാളപ്പെടുത്തുന്നുവെന്നതാണ് കോളിൻസിന്റെ ചിന്തകളുടെ അനന്യതയായി മാറുന്നത്. തന്നെയുമല്ല 'എ' പ്രത്യ

യസഹിതമായി മലയാളഭാഷയിൽ കാണപ്പെടുന്ന പദാംഗങ്ങളേതൊക്കെയെന്നും വിശദീകരിക്കുന്നു.

"It will be observed, that the originals of most of the above post-positions are nouns: and that the formative particle is, in nearly all cases, s. We find s also as an affix in the possessive, objective, and vocative cases of nouns, in many adverbs, and in adjectives formed from the oblique cases of nouns" (2018 : 123).

ക്രിയാവിശേഷണത്തിന് നിർവചനം നൽകുന്നതിനൊപ്പം അതിന് ഉപവിഭാഗങ്ങളെ കൽപ്പിക്കുകയും ചെയ്യുന്നുണ്ട് : "An adverb is a word added to verbs, adjectives and other adverbs, to express some particular, generally as to time, place, or manner".

1. Adverbs of time are, ഇപ്പൊൾ, അപ്പൊൾ, ഇനി, എപ്പോഴും & C.
2. Adverbs of place, ഇവിടെ, അവിടെ, ദൂരെ & C.
3. Adverbs of Manner, ഇങ്ങിനെ, നല്ലപൊലെ, ഉറക്കെ & C.

(2018 : 58-59)

### 3.3.2.3. ജോസഫ് പീറ്റിന്റെ മലയാളം വ്യാകരണം

*എ ഗ്രാമർ ഒഫ് ദി മലയാളിം ലാംഗേജി*ലെ ക്രിയാവിശേഷണങ്ങളെ കുറിച്ചുള്ള ചർച്ചകളിലും സി. എൽ. ആന്റണിയുടെ നിരീക്ഷണങ്ങളുടെ പൂർവ്വമാതൃകകൾ കാണാം. ക്രിയാവിശേഷണങ്ങളുടെ സ്വതന്ത്രപ്രയോഗാർഹമായ രൂപങ്ങൾക്കൊപ്പം ചേർക്കുന്ന 'എ', 'അനെ' എന്നീ പ്രത്യയങ്ങളും അല്ലാത്തവയ്ക്കൊപ്പം ചേർക്കുന്ന 'പെട്ട്', 'എന്ന്', 'ഈട്' എന്നീ പ്രത്യയങ്ങളും ഉൾക്കൊള്ളുന്ന രണ്ടു വിഭാഗങ്ങളെയാണ് കേരളപാണിനീയഭാഷ്യകാരൻ അവതരിപ്പിക്കുന്നത്. ഇത്തരം പ്രത്യയസഹിതമായ ക്രിയാവിശേഷണങ്ങൾ പീറ്റിന്റെ വിവരണങ്ങളിലുണ്ട്. മുമ്പെ Before, പിന്നെ s, Afterward ഇവിടെ Here, അവിടെ There, എവിടെ Where ('എ' പ്രത്യയസഹിതം) മേല്പട്ട upwards, കഴ്പോട്ട Downwards ('പെട്ട്' പ്രത്യയം) പെട്ടെന്ന, കടുക്കനെ suddenly ('എന്ന്', 'അനെ' എന്നീ പ്രത്യയങ്ങളുള്ളത്) (പീറ്റ്, 2018 : 98-99).

ഡ്രമ്മണ്ട്, കോളിൻസ്, പീറ്റ് എന്നിവരുടെ ക്രിയാവിശേഷണങ്ങളെകുറിച്ചുള്ള വിവരണങ്ങളാണ് ഇതുവരെ നോക്കിയത്. ക്രിയാവിശേഷണങ്ങളുടെ വളരെ വിപുലമായ പട്ടികപ്പെടുത്തൽ ഇത്തരം വൈയാകരണന്മാർ നടത്തുന്നുണ്ട്.

എങ്കിലും സി. എൽ. ആന്റണി ചർച്ചചെയ്യുന്ന ക്രിയാവിശേഷണങ്ങളെമാത്രം അവയിൽനിന്ന് അടർത്തിയെടുത്ത് കാണിക്കുകയാണ് ഇവിടെ ചെയ്തിട്ടുള്ളത്.

ക്രിയാവിശേഷണങ്ങളുടെ പ്രത്യേകരൂപം, അർത്ഥം എന്നിവയെ കണക്കാക്കിയുള്ള വിശദീകരണങ്ങൾ പ്രകടമായ രീതിയിൽ പൂർവ്വവൈയാകരണന്മാർ നടത്തുന്നില്ലെന്നു പറയാം. അവയുടെ സ്വതന്ത്രപ്രയോഗാർഹതയിലാണ് സി. എൽ. ആന്റണി ഊന്നുന്നത്.

### 3.3.3. ക്രിയാവിശേഷണം-പില്ക്കാലവിചിന്തനങ്ങൾ

കെ. സുകുമാരപിള്ളയുടെയും കെ. എം. പ്രഭാകരവാര്യരുടെയും മറ്റും നിരീക്ഷണങ്ങളെയാണ് ഇവിടെ പ്രത്യേകമായെടുത്തു പരിശോധിക്കുന്നത്.

#### 3.3.3.1. കെ. സുകുമാരപിള്ള:

ക്രിയാവിശേഷണങ്ങൾ വിനയെച്ചങ്ങളിൽനിന്നും ഭിന്നമല്ലെന്ന പൂർവധാരണയെ സി. എൽ. ആന്റണി തിരുത്തുന്നു. സ്വതന്ത്രപ്രയോഗാർഹതയുള്ള ക്രിയാവിശേഷണങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നവീന അന്വേഷണങ്ങളെ സുകുമാരപിള്ള സ്വാഗതം ചെയ്യുന്നു. എങ്കിലും ആന്റണിയുടെ നിരീക്ഷണങ്ങളുടെ ന്യൂനതകൾ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

- ❖ സി. എൽ. ആന്റണി ക്രിയാവിശേഷണങ്ങളുടെ പ്രത്യയമായി കണക്കാക്കുന്ന - എ, - അനെ എന്നീ പ്രത്യയങ്ങൾക്ക് വിനയെച്ചബാഹ്യമായ സ്വതന്ത്രരൂപമില്ലെന്നു വിവരിക്കുന്നു.

‘എൻ’ ധാതു

↓

‘എന’ (പഴയതമിഴിലെ വിനയെച്ചരൂപം)

↓

‘എനെ’

↓

‘അനെ’ (*കേരളപാണിനീയം*, കാരിക167-വൃത്തി).

-‘എ’ വെറും പ്രത്യയവും - ‘അനെ’, കേരളപാണിനി ചൂണ്ടിക്കാട്ടുന്ന -‘അവെ’ എന്നീ പ്രത്യയങ്ങൾ വ്യുൽപന്നപ്രത്യയങ്ങളുമാണെന്ന് സുകുമാരപിള്ള സമർത്ഥിക്കുന്നു. ഏതാനും ഉദാഹരണങ്ങളും നൽകുന്നു.

മെല് + 'അ' (തമിഴിലും പഴയ മലയാളത്തിലും കാണുന്ന പ്രത്യയം)

↓

മെല്ല

↓

മെല്ലെ ('അ' പ്രത്യയത്തിന്റെ പരിണാമമായി 'എ' പ്രത്യയം വരുന്നു.) (കെ. സുകുമാരപിള്ള, 1980 : 228).

❖ കൃതിപ്രകൃതിജാതങ്ങളാണെങ്കിലും ക്രിയാർത്ഥം ദ്യോതിപ്പിക്കാതെ വിശേഷണാർത്ഥം മാത്രം പ്രകടിപ്പിക്കുന്ന 16 യഥാർത്ഥ ക്രിയാവിശേഷണങ്ങളെ- അടുക്കെ, കുറെ, കൂടെ, ആകെ, ഉയരെ, ഒഴികെ, ഏറെ, ഒക്കെ, താഴെ, തുടരെ, തിരിയെ, പരക്കെ, മെല്ലെ, വരെ, വളരെ, പറ്റെ- സി.എൽ.ആന്റണി സൂചിപ്പിക്കുന്നുണ്ട്[90]. എന്നാൽ മേൽപറഞ്ഞ രൂപങ്ങൾക്ക് ക്രിയാർത്ഥം നഷ്ടപ്പെടുന്നില്ലെന്ന് സുകുമാരപിള്ള ഉദാഹരണസഹിതം വിമർശിക്കുന്നു.

'അടുക്കെ വന്നു' → 'അടുക്കുംവണ്ണം വന്നു'

വെള്ളം പറ്റെത്താണു → 'വെള്ളം (തറയിൽ) പറ്റത്തക്കവണ്ണം താണു' (1980 : 228).

ഇത്തരത്തിൽ 'അടുക്കെ', 'പറ്റെ' എന്നിവ വാക്യത്തിൽ വരുമ്പോൾ വന്നു, താണു എന്നീ ക്രിയാപദങ്ങളെ പോലെതന്നെ ക്രിയാസ്വഭാവം പ്രകടിപ്പിക്കുന്നതായും അദ്ദേഹം നിരീക്ഷിക്കുന്നു.

❖ കീഴ്, ചെം, നേർ, പോൽ, പിൻ, മേൽ, മുൻ, എതിർ എന്നീ വിശേഷണപ്രകൃതികളിൽനിന്നും രൂപപ്പെടുന്ന ക്രിയാവിശേഷണങ്ങളെക്കുറിച്ച് സി. എൽ. ആന്റണി വിശദീകരിക്കുന്നുണ്ട്[91]. എന്നാൽ അവയെല്ലാം തന്നെ ഭേദകപ്രകൃതികളല്ലെന്നാണ് സുകുമാരപിള്ളയുടെ അഭിപ്രായം. ചെമ്-, പോല്- എന്നിവ ഖിലധാതുക്കളാണെന്നും വിനയെച്ചപ്രത്യയം സ്വീകരിച്ച് ചെമ്മേ, പോലേ എന്നീ രൂപങ്ങളായി മാറുമെന്നും മറ്റുള്ളവയെല്ലാം മുന്നിൽ, പിന്നിൽ, കീഴിൽ എന്നിങ്ങനെയുള്ള നാമപ്രകൃതിരൂപങ്ങളാണെന്നും അദ്ദേഹം പ്രസ്താവിക്കുന്നു[92].

❖ 'അനെ' പ്രത്യയയോഗത്താൽ മലയാളത്തിൽ കുറെ ക്രിയാവിശേഷണങ്ങൾ ഉണ്ടാകുന്നു (ചിക്കനെ, കുത്തനെ, വിലങ്ങനെ എന്നിവ) വെന്ന സി. എൽ. ആന്റണിയുടെ വാദത്തെ സുകുമാരപിള്ള നിരാകരിക്കുന്നു. ചിക്കെന്ന്,

പെട്ടെന്ന് എന്നിവയ്ക്ക് സമാനമാണ് ആ രൂപങ്ങളെന്നും ഒരു വ്യാകരണരൂ പത്തിന്റെ പദവി അവ അർഹിക്കുന്നില്ലെന്നും വിമർശിക്കുന്നു[93].

❖ മേല്പെട്ട്, കീഴ്പ്പെട്ട് എന്നിങ്ങനെ 'പെട്ട്' എന്ന ഗതിചേർന്ന രൂപങ്ങളെയും സി.എൽ.ആന്റണി ക്രിയാവിശേഷണങ്ങളായി പരിഗണിക്കുന്നുണ്ട്. കീഴ് + പെട്ടു → കീഴ്പ്പെട്ട് → കീഴ്പ്പോട്ട് → കീഴോട്ട് എന്നിങ്ങനെ 'പെട്ടു'- എന്ന മുൻവിനയെച്ചത്തിന്റെ ലുപ്തരൂപമായ 'ഓട്ട്' എടുത്ത് ഉദാഹരിച്ചിട്ടാണ് സുകുമാരപിള്ള വിമർശിക്കുന്നത്. കീഴോട്ട്, മേലോട്ട് എന്നിവയും ആ അർത്ഥത്തിൽ ക്രിയാവിശേഷണങ്ങളാവില്ലേ എന്ന മറുചോദ്യവും അദ്ദേഹം ഉന്നയിക്കുന്നു[94].

ധാതുക്കളോട് - എ, - അവെ എന്നീ പ്രത്യയങ്ങൾ ചേർന്ന് വിനയെച്ചരൂപ ങ്ങളും - എന്ന്, അനെ, - ഓട്ട്, - ഏ എന്നീ വ്യുൽപന്നപ്രത്യയങ്ങൾ ചേർന്ന് മറ്റു ചില രൂപങ്ങളും ഉണ്ടാകുന്നുവെന്നും അവയ്ക്ക് ക്രിയയെ വിശേഷിപ്പിക്കാൻ കഴി വുണ്ടെങ്കിലും ഔൽപത്തികമായി യഥാർത്ഥ ക്രിയാവിശേഷണങ്ങൾ മലയാളഭാഷ യിലില്ലെന്നും സുകുമാരപിള്ള ഉപസംഹരിക്കുന്നു[95]. ചുരുക്കത്തിൽ സി. എൽ. ആന്റണിയുടെ ക്രിയാർത്ഥശൂന്യമായ ക്രിയാവിശേഷണം എന്ന ആശയം സൂക്ഷ്മ മായി പരിശോധിച്ച് അതിന്റെ ന്യൂനതകൾ സവിസ്തരം പ്രതിപാദിക്കുകയാണ് സുകുമാരപിള്ള ചെയ്യുന്നത്.

**3.3.3.2. കെ. എം. പ്രഭാകരവാര്യർ :**

സ്വതന്ത്രപ്രയോഗാർഹങ്ങളായ ഒട്ടനവധി (മുപ്പതിൽ കുറയാതെ) ക്രിയാവി ശേഷണങ്ങൾ മലയാളത്തിൽ പ്രയോഗിച്ചുവരുന്നതിനാൽ അവയെ ഒരു പ്രത്യേക പദവർഗമായി പരിഗണിക്കണമെന്ന സി. എൽ. ആന്റണിയുടെ വാദത്തെ കെ. എം. പ്രഭാകരവാര്യർ പൂർണ്ണമായും തള്ളിക്കളയുന്നില്ല. ക്രിയകളിൽനിന്നും വ്യുൽപാദിപ്പിക്കാനാവില്ലെങ്കിലും വിശേഷണാർത്ഥം നൽകുന്ന കുറെ പദങ്ങൾ - ഉറക്കെ, പതുക്കെ, തീരെ, നേരെ, കുറുകെ, തനിയെ, തനിച്ച്, എതിരെ - ഭാഷയി ലുള്ളതിനാൽ സി .എൽ. ആന്റണിയുടെ നിരീക്ഷണം ഖണ്ഡനാർഹമല്ലെന്നാണ് അദ്ദേഹത്തിന്റെ പക്ഷം[96]. ഉദാഹരണങ്ങളിലൂടെ സ്വാഭിപ്രായങ്ങൾ രൂപീകരിക്കു കയും ചെയ്യുന്നു.

(i) കുറെ നടന്നു; കുറെ ആളുകൾ

(ii) വളരെ ക്ഷീണിച്ചു; വളരെ കാര്യങ്ങൾ; വളരെ അധികം സംസാരിച്ചു ഇവ യിൽ 'കുറെ', 'വളരെ' എന്നിവ നാമ-ക്രിയാ-വിശേഷണവിശേഷണങ്ങളിൽ ഏതാണെന്നു നിശ്ചയിക്കുന്നത് അവയുടെ പ്രയോഗരീതിയാണെന്നും അത് കണക്കിലെടുത്ത് തീവ്രവാചികൾ, ആധിക്യവാചികൾ എന്നുള്ള ഉപവിഭാഗ

ങ്ങളായി അവയെ തരംതിരിച്ച് ഭേദകങ്ങളുടെ ഉൾപ്പിരിവായി കരുതാമെന്നു മാണ് പ്രഭാകരവാര്യരുടെ അഭിപ്രായം. അദ്ദേഹം അവതരിപ്പിക്കുന്ന മറ്റൊരു ആശയം കൂടിയുണ്ട്. 'വാക്യവിശേഷണങ്ങൾ' എന്നൊരു വിഭാഗത്തെകുറി ച്ചാണത്.

- *ചുരുക്കത്തിൽ,* ഈ തീരുമാനം പല പ്രത്യാഘാതങ്ങളും ഉണ്ടാക്കും
- *അവസാനമായി,* താൽക്കാലികമായെങ്കിലും ഈ പ്രശ്നം പരിഹരിക്കാമോ എന്ന് ചിന്തിച്ചുനോക്കാം.
- *വാസ്തവത്തിൽ,* ഈ വാദത്തിന്റെ അടിസ്ഥാനം തന്നെ സംശയാസ്പദമാണ്.[97]

എന്നീ ഉദാഹരണവാക്യങ്ങളിൽ 'ചുരുക്കത്തിൽ', 'അവസാനമായി', 'വാസ്തവത്തിൽ' എന്നീ പദങ്ങൾ ക്രിയകളെ മാത്രമല്ല വാക്യത്തെ മുഴുവനായി വിശേഷിപ്പിക്കുന്നുവെന്നും ഇത്തരം പ്രയോഗങ്ങളെ 'വാക്യവിശേഷണങ്ങൾ' എന്ന രീതിയിൽ വർഗ്ഗീകരിക്കാമെന്നുമാണ് പ്രഭാകരവാര്യരുടെ നിരീക്ഷണം[98].

തീവ്രവാചി, ആധിക്യവാചി എന്നീ രീതിയിൽ ക്രിയാവിശേഷണങ്ങളെ തരംതിരിക്കുന്നതിനെക്കുറിച്ചുള്ള പ്രഭാകരവാര്യരുടെ നിരീക്ഷണങ്ങളുടെ പൂർവ്വധാരണകൾ ഡ്രമ്മണ്ടിന്റെ *ഗ്രാമർ ഒഫ് ദ മലബാർ ലാംഗേജിൽ* കാണുന്നുണ്ട്. മലബാർ ഭാഷയിൽ ഉത്തമവാചികളുടെ (Superlative degree) പ്രയോഗത്തിൽ അപൂർണ്ണതയുണ്ടെന്നും അവ പരിഹരിക്കുന്നത് ഏതാനും ക്രിയാവിശേഷണങ്ങളുടെ ഊന്നിപ്പറച്ചിലുകളിലുള്ള ഭേദങ്ങൾ കൊണ്ടാണെന്നും ഡ്രമ്മണ്ട് പറഞ്ഞുവെയ്ക്കുന്നുണ്ട്. "The Malabar Idiom is also defective in the superlative degree properly so called, but supplies the want by certain adverbs, which signify very, or much എത്രയും, പെരിക, or വളരെ, and sometimes, for greater emphasis, they double the said adverbs, as നന്ന good, എത്രയും നന്ന the best, വലിയ ക്ലേശം great distress, എത്രയും വലിയ ക്ലേശം the greatest affliction, ബഹുമാനപ്പെട്ട illustrious, എത്രയും ബഹുമാനപ്പെട്ട most noble, or illustrious. This mode of expression is common in other orient languages, particularly the Hebrew, as in the Evangelist എത്രയും വലിയ സന്തൊഷമായി സന്തൊഷിച്ചു they rejoiced with exceeding great joy" (ഡ്രമ്മണ്ട്, 2019 : 27).

ക്രിയാവിശേഷണങ്ങളെ ഉത്തമവാചികളുടെ പ്രയോഗങ്ങൾക്കുപകരമായി മലയാളഭാഷയിൽ ഉപയോഗിക്കുന്നുണ്ടെന്നും ആ അവസരങ്ങളിൽ അവ പ്രയോഗ

ഭേദങ്ങളോടെ വരുന്നുവെന്നും ഡ്രമ്മണ്ട് മനസ്സിലാക്കുന്നു. കെ. എം. പ്രഭാകരവാര്യർ, നിർദ്ദേശിക്കുന്ന തീവ്ര-ആധിക്യവാചികളായ 'കുറെ', 'വളരെ', 'വളരെ അധികം' മുതലായവയ്ക്ക് ഭാഷയിലെ ഉത്തമവാചി (Superlative degree) പ്രയോഗങ്ങളുമായിട്ടാണ് ബന്ധം കാണുന്നത്. അത്തരമൊരു അർത്ഥത്തെ വെളിപ്പെടുത്തുന്ന ഏതാനും ക്രിയാവിശേഷണങ്ങളെക്കുറിച്ച് ജോസഫ് പീറ്റും വിവരിക്കുന്നുണ്ട്. ഡ്രമ്മണ്ട് ഉത്തമവാചികളിൽ മാത്രമായും പീറ്റ് താരതമ്യവാചികളിലും കൂടി ഇത്തരം ക്രിയാവിശേഷണങ്ങളുടെ പ്രയോഗം ഭാഷയിൽ കണ്ടെത്തുന്നു. Sometimes the comparative is formed by means of adverbs, or the particle ഓളം, affixed to the nominative or dative case of a noun, as ഇത ചെയ്യുന്നതിന്ന *ഏറ്റം എളുപ്പമുള്ളതാകുന്നു.* It is easier to do this ഇവന്ന *മറ്റവനോളം ശക്തിയില്ല.* He hath less strength than the other" (പീറ്റ്, 2018 : 94-95).

"The Superlative is formed by the help of certain adverbs joined to words expressive of character, quality, dimensions, and C: as, അവൻ ഏറ്റവും നന്നായുള്ള സ്ഥലത്ത പാർക്കുന്നു.

He dwells in the best place.

രാജാവ അവന്ന പ്രധാന വസ്ത്രം കൊടുത്തു.

The King gave him the best, lit. The chief garment

അവൻ അവരിൽ ഏറ്റവും അല്പനായി വിചാരിക്കപ്പെട്ടിരിക്കുന്നു.

He is the least esteemed among them.

അത വൃക്ഷങ്ങളിൽ ഏറ്റവും വലിയതാകുന്നു.

It is the greatest among trees." (2018 : 95)

**3.3.3.3. ജോൺ കുന്നപ്പള്ളി :**

വിനയെച്ചത്തെത്തന്നെ ഭേദകമായിട്ടുപയോഗിക്കുന്നതാണ് ക്രിയാംഗജം എന്ന *കേരളപാണിനീയ*നിരീക്ഷണത്തിൽനിന്നും വ്യത്യസ്തമായി വിശാലമായ ഒരു വീക്ഷണമാണ് *ശബ്ദസൗഭഗ*ത്തിൽ ജോൺ കുന്നപ്പള്ളി നടത്തുന്നത്. ''വിനയെച്ചങ്ങൾ, ക്രിയയുടെ കാലം, സ്ഥലം, പ്രകാരം, പരിണാമം, പൗർവ്വാപര്യം, താരതമ്യം, സാദൃശ്യം, സംഖ്യ, ഗുണം, ആവർത്തനം എന്നിവയിലാണ് ഭാഷയിൽ

പ്രയോഗിക്കുന്ന ക്രിയാവിശേഷണങ്ങൾ എന്നാണ് ഗ്രന്ഥകാരന്റെ അഭിപ്രായം'' എന്ന് ഡോ. എൻ. കെ. മേരി വിലയിരുത്തുന്നു (2015 : 46).

**3.3.3.4. സി. വി. വാസുദേവഭട്ടതിരി :**

*മലയാളവ്യാകരണം പ്രയോഗത്തിൽ* എന്ന കൃതിയിൽ ഭാഷയിലെ വാക്യ വൈവിധ്യങ്ങളെ സംബന്ധിച്ചുള്ള പരാമർശങ്ങൾ ഏറെയുണ്ട്. അദ്ദേഹം നൽകുന്ന ഉദാഹരണങ്ങളിൽ ക്രിയാവിശേഷണങ്ങളെ നിർണ്ണയിക്കുന്ന ചില ഉപാധികളെ മുന്നോട്ടുവെയ്ക്കുന്നുണ്ട്. പദങ്ങൾക്കു വിഭിന്നസന്ദർഭങ്ങളിൽ വ്യത്യസ്തമായ ധർമ്മമായിരിക്കുമെന്നും അക്കാര്യം ശ്രദ്ധാപൂർവ്വം മനസ്സിലാക്കിവേണം അവയെ ഏതു വിഭാഗത്തിൽപ്പെടുന്നു എന്നു നിർണ്ണയിക്കാനെന്നും വാസുദേവഭട്ടതിരി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എൻ. കെ. മേരി ഇക്കാര്യം സംഗ്രഹിച്ചിരിക്കുന്നത് കാണുക: ''ഞാൻ രോഗത്താൽ കഷ്ടപ്പെട്ടു, രാവണൻ ബ്രഹ്മാസ്ത്രത്താൽ കൊല്ലപ്പെട്ടു'' ഇവ രൂപത്തിൽ ഒരുപോലെയെങ്കിലും 'കഷ്ട'ശബ്ദം ക്രിയയല്ല; 'പെട്ടു' എന്ന ക്രിയയുടെ വിശേഷണമാണ്. 'കൊല്ലപ്പെട്ടു' എന്നതിലെ 'കൊല്ല' ക്രിയയുമാണ്. എന്നാൽ 'കൊല്ലത്തക്ക, കൊല്ലാൻ' ഇവ തുല്യാർത്ഥകമാണ്. ഇതിലെ 'കൊല്ല' 'കൊല്ലാൻ' ഈ രണ്ടുപദങ്ങളും 'തക്ക'പദത്തിന്റെ വിശേഷണമാണ്. ഇപ്രകാരം ഓരോ വാക്യത്തിലും പദങ്ങൾക്കു വിഭിന്ന സന്ദർഭങ്ങളിൽ വ്യത്യസ്ത ധർമ്മമായി രിക്കുമെന്നും അതിനനുസരിച്ചുവേണം അവ ഏതു വിഭാഗത്തിൽപ്പെടുന്നു എന്നു നിശ്ചയിക്കാൻ എന്നും അദ്ദേഹം സമർത്ഥിച്ചിരിക്കുന്നു'' (മേരി,2015 : 222).

**3.3.3.5. എൻ. എൻ. മൂസ്സത് :**

'വിശേഷണം, അവ്യയം എന്നീ വ്യാകരണികസംവർഗ്ഗങ്ങളെപ്പറ്റി' എന്ന ലേഖനത്തിൽ ഭേദകങ്ങളെക്കുറിച്ചുള്ള സ്വാഭിപ്രായങ്ങൾ പങ്കുവെയ്ക്കുന്നു. ഒപ്പം തന്നെ പൂർവ്വധാരണകളെ സംഗ്രഹിച്ചിരിക്കുന്നു. ദ്രാവിഡഭാഷയിൽ ഭേദകം എന്നൊരു വ്യാകരണസംവർഗ്ഗമില്ലെന്നുള്ള അഭിപ്രായക്കാരാണ് കാൾഡ്വൽ, ഗുണ്ടർട്ട്, ഷൂൾ ബ്ലോക് എന്നിവർ. ഭേദകം എന്ന വിഭാഗത്തെ പ്രാചീന തമിഴ് വൈയാകരണന്മാരും അംഗീകരിച്ചിട്ടില്ല. മൂസ്സതും 'വിശേഷണം' എന്നതിനെ ഒരു വ്യാകരണസംവർഗ്ഗമായി കണക്കാക്കുന്നില്ല. അതിനുള്ള കാരണങ്ങൾ വിവരിക്കു ന്നു.

നാമം. കൃതി, ഭേദകം എന്നിങ്ങനെ വ്യത്യസ്ത തരംതിരിവുകൾ പൂർവ്വദ്രാ വിഡത്തിൽ ഇല്ലായിരുന്നെന്നും ഈ ധർമ്മങ്ങൾ നിർവഹിച്ചിരുന്നത് ഒരേ ശബ്ദ ങ്ങൾ ആയിരുന്നുവെന്നുമുള്ള ആന്ദ്രനോവിന്റെ അഭിപ്രായമാണ് മൂസ്സത് മുന്നോട്ടു വെയ്ക്കുന്നത്. മാത്രമല്ല ശബ്ദങ്ങൾ രൂപം, അർത്ഥം എന്നിവയുടെ അടിസ്ഥാന ത്തിൽ നിരന്തരം പരിവർത്തനം ചെയ്തുകൊണ്ടിരിക്കുന്നു. ഒരു കാലത്ത് ഏകമാ ത്രകമായിരുന്ന ദ്രാവിഡധാതുക്കൾ പിന്നീട് അർത്ഥസൂചനയുടെ നേർത്ത കണ

ങ്ങൾചേർന്ന് ബഹുമാത്രകങ്ങളാവുന്നു. കാൾഡ്വൽ ഇതിനെ 'Particles of Specialisation' എന്നു വിളിക്കുന്നതായി മൂസ്സത് സൂചിപ്പിക്കുന്നു. അടിസ്ഥാന ധാതുക്കളെന്ന് ഇന്നു നാം കരുതുന്ന ശബ്ദങ്ങൾ വിദൂരഭൂതകാലത്തിൽ ഒരു പൊതുധാതുവിൽനിന്ന് ഉരുത്തിരിഞ്ഞവയാണെന്നാണ് മൂസ്സതിന്റെ പക്ഷം. അതിനാൽ നിരന്തരം പരിണാമവിധേയമാകുന്ന വ്യാകരണികസംവർഗ്ഗങ്ങളെ ഭാഷയിൽ കണ്ടെത്തുക പ്രയാസമാണെന്നും ഇന്നത്തെ നിലയിലുള്ള നാമ-ക്രിയാവിശേഷണങ്ങളെ ഒരു വ്യാകരണികസംവർഗ്ഗമായി കരുതാനാവില്ലെന്നും സമർത്ഥിക്കുന്നു.[99]

മൗലികമായി ആന്ദ്രനോവും മൂസ്സതുമൊക്കെ മുന്നോട്ടുവെയ്ക്കുന്ന ആലോചനകൾക്ക് പ്രാധാന്യമുണ്ട്. ചരിത്രപരമായ ഒരു വീക്ഷണത്തിലാണ് അത് ഉരുത്തിരിയുന്നതെന്ന് ശ്രദ്ധിച്ചാൽ മനസ്സിലാക്കാം. എന്നാൽ, സമകാലികവും ഘടനാപരവുമായ ഒരു പ്രായോഗികഭാഷാസമീപനത്തിൽ വിശേഷണങ്ങളെ വ്യാകരണചർച്ചയിൽനിന്നു പുറന്തള്ളുക പ്രയാസമാണ്. വാക്യരചനയിൽ അവ വഹിക്കുന്ന ആർത്ഥികധർമ്മം, സന്ദിഗ്ധമെങ്കിലും രൂപപരമായ വിശേഷം എന്നിവ പരിഗണിക്കുമ്പോൾ വേറിട്ടുനിർത്തി പഠിക്കേണ്ട സംവർഗ്ഗങ്ങളായി അവയെ കാണേണ്ടിവരുന്നുണ്ട്. സി. എൽ. ആന്റണിയെപ്പോലുള്ളവരിലൂടെ ഈ ദിശയിൽ വികസിച്ചുവന്ന ചർച്ചകളുടെ പ്രസക്തിയെ ആ നിലയിൽ മനസ്സിലാക്കേണ്ടതുണ്ട്.

## 3.4. ക്രിയകളുടെ അവാന്തരവിഭാഗങ്ങൾ

*കേരളപാണിനീയ*ത്തിലെ 'ധാത്വധികാരം, ശബ്ദവിഭാഗങ്ങൾ' എന്നീ ഭാഗങ്ങളിലായി ഏ. ആർ. അവതരിപ്പിക്കുന്ന ക്രിയാവിഭജനം പല പൊരുത്തക്കേടുകളും പ്രകടിപ്പിക്കുന്നതാണ്. അതിന്റെ ഹേതുക്കളെന്തെന്നു കണ്ടെത്തി പരിഹരിക്കുവാനുള്ള ശ്രമം സി. എൽ. ആന്റണി നടത്തിയിട്ടുണ്ട്. അതിൽ അന്തർഭവിച്ചിട്ടുള്ള പൊരുത്തക്കേടുകൾക്കുള്ള കാരണങ്ങൾ കാൽഡ്വലിന്റെയും ഗുണ്ടർട്ടിന്റെയും വ്യത്യസ്തധാരണകളെ പിഞ്ചെന്നു കണ്ടെത്തുവാനാണ് അദ്ദേഹം മുഖ്യമായി ശ്രമിച്ചിട്ടുള്ളത്. സി. എൽ. ആന്റണി കേവലം - കർത്തൃജകർമ്മകം[100] - പ്രയോജകം എന്ന ഖണ്ഡം സംവിധാനം ചെയ്തിരിക്കുന്നത് അതിനുവേണ്ടിയാണ്. 'കർത്തൃജകർമ്മകം' എന്നത് അവിടെ അദ്ദേഹം അവതരിപ്പിച്ച പുതിയൊരു പരികല്പനയാണ്.

### 3.4.1. കേവലം - കർത്തൃജകർമ്മകം - പ്രയോജകം

പ്രകൃതി, സ്വഭാവം, കാലം, പ്രകാരം, പ്രയോഗം തുടങ്ങിയ ഉപാധികളെ അടിസ്ഥാനമാക്കി ക്രിയകളുടെ അവാന്തരവർഗ്ഗങ്ങളെ നിർണ്ണയിക്കുകയാണ് *കേരളപാണിനീയ*ത്തിൽ ചെയ്തിട്ടുള്ളത്. അക്കൂട്ടത്തിൽ പ്രകൃതിഭേദത്താൽ ഉളവാകുന്ന കേവലപ്രയോജകങ്ങളെയും (കേരളപാണിനി അർത്ഥാടിസ്ഥാനത്താൽ

വർഗ്ഗീകരിച്ചിരിക്കാമെന്ന് സി. എൽ. ആന്റണിയുടെ പക്ഷം) അർത്ഥഭേദത്താലു ണ്ടാകുന്നവയെന്ന് കരുതാവുന്ന സകർമ്മകം-അകർമ്മകം എന്ന ഗണത്തെയും സൂക്ഷ്മവിശകലനത്തിനു വിധേയമാക്കി കൂടുതൽ തെളിച്ചമുണ്ടാക്കാനാണ് സി. എൽ. ആന്റണി ശ്രമിച്ചിരിക്കുന്നത്.

### 3.4.1.1. സകർമ്മകം-അകർമ്മകം

*കേരളപാണിനീയ*ത്തിലെ ശബ്ദവിഭാഗത്തിൽ പ്രധാനമായും വിവരിക്കുന്ന സകർമക - അകർമ്മകക്രിയകളുടെ നിർവചനങ്ങളും 'കർമ്മയോഗം'[101] എന്ന സിദ്ധാന്തത്തിലെ പൊരുത്തക്കേടുകളും സകർമ്മകങ്ങളെ അചേതനപ്രയോജകങ്ങ ളാക്കുന്നതിനു നിരത്തുന്ന യുക്തികളും പുന:പരിശോധനയ്ക്കെടുക്കുകയാണ് ലേഖകൻ മുഖ്യമായി ചെയ്യുന്നത്.

കേരളപാണിനി അർത്ഥം പുരസ്കരിച്ചാണ് സകർമ്മകങ്ങളെയും അകർമ്മ കങ്ങളെയും തരംതിരിക്കുന്നത്. അകർമക്രിയകളിൽ ക്രിയയുടെ അർത്ഥം കർത്താവിൽത്തന്നെ നിലകൊള്ളുകയാണ് ചെയ്യുന്നത്. സകർമ്മക്രിയകളിലാകട്ടെ അത് കർമത്തിലേക്ക് സംക്രമിക്കുന്നു. ഇങ്ങനെ കർമ്മത്തിലേക്ക് സംക്രമിച്ച് അകർമകം സകർമ്മകം ആകുമ്പോൾ ഖരാദേശവും ഇരട്ടിപ്പും അവിടെ സംഭവി ക്കുന്നു.

ഉദാ : ഇളകുക - ഇളക്കുക, പൊങ്ങുക - പൊക്കുക

(അകർമകം) (സകർമകം) (അകർമകം) (സകർമകം)[102]

ധാത്വധികാരത്തിലെ 'കർമ്മയോഗം' എന്ന ഉപാധിയെ പ്രതിപാദിക്കുന്നി ടത്തും സകർമകം - അകർമകം എന്നീ ക്രിയാരൂപങ്ങൾ കേവല-പ്രയോജകങ്ങ ളിൽനിന്ന് വ്യാവർത്തിക്കപ്പെടുന്നതെങ്ങനെയെന്ന് ഏ. ആർ. വിശദീകരിക്കുന്നുണ്ട്. 'കാറ്റ് മരം ഇളക്കുന്നു,' 'രാജാവ് മന്ത്രിയെക്കൊണ്ട് രാജ്യം ഭരിപ്പിക്കുന്നു' എന്നീ ഉദാഹരണങ്ങളാണ് കേരളപാണിനി സ്വാഭിപ്രായസാധൂകരണത്തിന് ഉപയുക്തമാ ക്കുന്നത്. 'ഭരിപ്പിക്ക' ശരിയായ പ്രയോജകക്രിയയും 'ഇളക്കുക' അതുപോലെയ ല്ലെന്നും പ്രസ്താവിക്കുന്നു. പ്രയോജകനായ കാറ്റ് മരം ഇളക്കുകയോ അതിൻ പ്രകാരം പ്രയോജ്യനായ മരം ഇളകുകയോ ചെയ്യുന്നതൊന്നും ഒന്നാമത്തെ ഉദാഹ രണത്തിൽ തെളിഞ്ഞുകിട്ടുന്നില്ല എന്നതിനാൽ 'ഇളക്കുക' എന്നതിനെ 'സകർമ്മക ക്രിയ' എന്നു പറഞ്ഞാൽ മതിയാകുമെന്നാണ് ഏ. ആറിന്റെ നിലപാട്. ഇത്തരം സന്ദർഭങ്ങളിൽ കേവലം - പ്രയോജകം എന്ന് വർഗീകരിക്കുന്നതിനേക്കാൾ ഉചിത മാകുന്നത് സകർമ്മകം - അകർമ്മകം എന്ന വിഭജനമാണ്. ഈ വിധത്തിലുള്ള 'കർമയോഗ' സങ്കേതത്തിന്റെ ലക്ഷണങ്ങളായി 'ക്കു' അംഗപ്രത്യയവും ഭൂതതുകാ രത്തിന് ഇരട്ടിപ്പും കേരളപാണിനി കല്പിക്കുന്നുണ്ടെങ്കിലും ആ പ്രത്യയങ്ങൾ അകർമ്മകധാതുക്കളിലും കാണുന്നുണ്ടെന്ന (ഉദാ : വിറയ്ക്കുന്നു, വിയർക്കുന്നു)

കാരണത്താൽ സകർമ്മകത്തിന് ഒരു പ്രത്യേക പ്രത്യയം മലയാളത്തിലില്ല എന്ന നിഗമനത്തിലേക്കെത്തുന്നു. 'ഇളക്കുക' എന്ന ക്രിയ സകർമ്മകമാണെന്നു സമർത്ഥിക്കാൻ ഏ. ആർ. നിരത്തുന്ന 'ഖരാദേശവും ഇരട്ടിപ്പും' (ദ്വിത്വഖരാദേശനയം) മറന്നുപോയതുപോലെയാണ് സകർമ്മകത്തിന് പ്രത്യേക ലക്ഷണമില്ലെന്ന അദ്ദേഹത്തിന്റെ പ്രസ്താവനയെ സി. എൽ. ആന്റണി വിലയിരുത്തുന്നത്.[103]

### 3.4.1.2. കാരിതം - അകാരിതം :

ദ്വിത്വഖരാദേശങ്ങളാൽ അകർമ്മകം സകർമ്മകമാകുമ്പോൾ രൂപപ്പെടുന്ന 'ഇളക്കുക, പൊക്കുക' എന്നീ ക്രിയകളിൽ കാണുന്ന 'ക്ക' ഒരു ഭാഗത്തും വിറയ്ക്കുക, തണുക്കുക, കുളിക്കുക, ചിരിക്കുക എന്നീ സകർമ്മകാർത്ഥരഹിതമായ ധാതുക്കളിലെ 'ക്ക' മറുഭാഗത്തും നിലകൊണ്ട് കേരളപാണിനിയുടെ വ്യാകരണചിന്തയെ വളരെയധികം അലട്ടിയിട്ടുണ്ടെന്നും അതിനെ പരിഹരിക്കാനായിട്ടാണ് കാരിതം - അകാരിതം എന്നൊരു വിഭാഗത്തെ അദ്ദേഹം അവതരിപ്പിച്ചതെന്നും സി .എൽ. ആന്റണി നിരീക്ഷിക്കുന്നു. സകർമ്മകക്രിയകളിലെ 'ക്ക'യെ ഉപേക്ഷിച്ച് 'കുളിക്കുക, ചിരിക്കുക' എന്നീ ക്രിയകളിലെ 'ക്ക'കാരത്തിന് മുൻതൂക്കം നൽകിയാണ് കാരിതം-അകാരിതം എന്ന വർഗ്ഗീകരണം ഏ. ആർ. നടത്തുന്നത്. ഒപ്പം തന്നെ സകർമ്മകത്തെ പ്രയോജകത്തിൽ ഒതുക്കുകയും ചെയ്യുന്നു. പ്രയോജകത്തിന് ചേതനം-അചേതനം എന്ന ഇനങ്ങൾ തിട്ടപ്പെടുത്തുകയും അതിൽ അചേതനപ്രയോജകത്തിൽ സകർമ്മകത്തെ ഒതുക്കുകയുമാണ് ഉണ്ടായിരിക്കുന്നത്. സകർമ്മകം-അകർമ്മകം എന്ന സംജ്ഞകളും അവയ്ക്കുള്ള ഉദാഹരണങ്ങളും നിർവചനങ്ങളും നൽകി അകർമ്മകത്തെ സകർമ്മകമാക്കാനുള്ള ദ്വിത്വഖരാദേശനയമെന്ന ഉപാധി കല്പിച്ചശേഷം സകർമ്മകത്തെ അചേതനപ്രയോജകമെന്നു കൽപിച്ചതിൽ ഒരു വ്യാകരണഗ്രന്ഥം പാലിക്കേണ്ട പൂർവ്വാപരബന്ധം കാണുന്നില്ലെന്ന ആരോപണമാണ് കേരളപാണിനീയഭാഷ്യകാരൻ മുന്നോട്ടുവെയ്ക്കുന്നത്.

### 3.4.1.3. സകർമ്മകം - പ്രയോജകം : പൊരുത്തക്കേടിന്റെ കാരണങ്ങൾ

മേൽവിവരിച്ച വ്യാകരണികപ്രശ്നങ്ങൾ *കേരളപാണിനീയ*ത്തിൽ വന്നുചേർന്നതിനുള്ള കാരണങ്ങളെ സി. എൽ. ആന്റണി ക്രോഡീകരിക്കുന്നുണ്ട്. കാൾഡ്വെല്ലിന്റെ *താരതമ്യവ്യാകരണ*ത്തെ അടിസ്ഥാനമാക്കിയാണ് ഏ. ആർ. അകർമകത്തെ സകർമ്മകമാക്കാനുള്ള ഉപാധികൾ - കാരിതീകരണം, ഖരാദേശദ്വിത്വം, 'ത്തു' പ്രത്യയയോഗം - തീരുമാനിക്കുന്നത്. എന്നാൽ ഈ പ്രത്യയങ്ങളെ 'ഹേതുക്രിയകൾ' (കേരളപാണിനിയുടെ പ്രയോജകക്രിയകൾ) ഉണ്ടാക്കാനുള്ള മാർഗ്ഗങ്ങളായിട്ടാണ് ഗുണ്ടർട്ട് തന്റെ വ്യാകരണകൃതിയിൽ നിർദ്ദേശിക്കുന്നത്. കാൾഡ്വെൽ സകർമ്മകങ്ങളായി പരിഗണിച്ചിട്ടുള്ള പെരുക്കുക, ചേർക്കുക, താഴ്ത്തുക, വാട്ടുക, മാറ്റുക എന്നീ ക്രിയാരൂപങ്ങൾക്ക് ഗുണ്ടർട്ട് നിർദ്ദേശിക്കുന്ന

'പ്രേരണാർത്ഥത്തോടുകൂടിയ ഹേതുക്രിയകളു'മായി സമാനത തോന്നിയിട്ടാകാം അകർമകസകർമ്മകവിഭാഗങ്ങളെ ഉപേക്ഷിച്ച് സകർമ്മകത്തെ പ്രയോജകമായി കേരളപാണിനി ഗണിച്ചതെന്ന് സി. എൽ. ആന്റണി അനുമാനിക്കുന്നു. 'കാറ്റ് മരം ഇളക്കുന്നു' എന്ന ഉദാഹരണത്തിൽ 'ഇളക്കുക' എന്നതിന് പ്രേരണാർത്ഥം ഇല്ലെന്ന് ഏ. ആർ. വിശദീകരണങ്ങളോടെ സമർത്ഥിക്കുന്നുണ്ട്. സകർമ്മകാർത്ഥം കല്പിച്ച 'ഇളക്കുക' എന്ന ക്രിയാരൂപത്തെ ഗുണ്ടർട്ടിന്റെ ഹേതുക്രിയയുമായി ബന്ധിപ്പിക്കാനാണ് 'ഇളക്കുന്നു, തേയ്ക്കുന്നു' എന്നീ ക്രിയകളെ 'അചേതനപ്രയോജകം' എന്ന് ഏ. ആർ വ്യവഹരിച്ചത്. ഇതിനെക്കുറിച്ച് സി. എൽ. ആന്റണി എഴുതുന്നു: ''ഡോ. കാൾഡ്‌വെല്ലിന്റെ സകർമ്മകത്തെ ഡോ. ഗുണ്ടർട്ടിന്റെ ഹേതുക്രിയയ്ക്ക് അചേതനമെന്നൊരു വിഭാഗമുണ്ടാക്കി അതിൽ ഒതുക്കിയെന്നർത്ഥം. അങ്ങനെ സകർമ്മകം അചേതനപ്രയോജകമായി തരംമാറി'' (ആന്റണി, 2005 :86). തന്നെയുമല്ല, 'ചേതനധർമ്മമാണ് പ്രയോജകവ്യാപാരം' എന്ന് ഒരിടത്ത് പ്രസ്താവിക്കുകയും മറ്റൊരിടത്ത് പ്രയോജകത്തിന് 'അചേതനത്വം' കൽപിക്കുകയും ചെയ്യുന്നതിലെ അസ്വാരസ്യവും തുറന്നുപറയുന്നുണ്ട്. ക്രിയാവിഭജനത്തിൽ 'അർത്ഥമല്ല; രൂപമാണ് പ്രമാണം' എന്ന് നിർദ്ദേശിച്ച് കാരിതാകാരിതങ്ങളെന്ന ക്രിയാരൂപങ്ങളെ അവതരിപ്പിക്കുന്നുണ്ടെങ്കിലും സകർമ്മകത്തെ അചേതനപ്രയോജകമെന്നു കല്പിക്കുന്നത് അർത്ഥത്തെ ആധാരമാക്കിയാണെന്ന മറ്റൊരു ആശയക്കുഴപ്പവും ആന്റണി എടുത്തുകാണിക്കുന്നുണ്ട്. ക്രിയാവർഗ്ഗീകരണത്തിൽ അർത്ഥത്തെ നിയാമകമാക്കാൻ *വ്യാകരണമിത്ര*ത്തിൽ ശേഷഗിരിപ്രഭു ശ്രമിക്കുന്നുണ്ടെങ്കിലും പൂർവ്വവൈയാകരണന്മാരുടെ നിഗമനങ്ങളിൽനിന്ന് മുന്നോട്ടുപോകാൻ അദ്ദേഹത്തിനും സാധിക്കുന്നില്ലെന്നും *കേരളപാണിനീയ*ത്തിലെ സാങ്കേതികവ്യാകരണസംജ്ഞകൾക്ക് പകരം പുതിയ പേരുകൾ നിർദ്ദേശിക്കുന്ന *വ്യാകരണമിത്ര*വും താൻ ഉന്നയിക്കുന്ന പ്രശ്നങ്ങളെ കൃത്യമായി അഭിസംബോധന ചെയ്യുന്നില്ലെന്നും അദ്ദേഹം വിശദീകരിക്കുന്നു.

#### 3.4.1.4. കർമ്മകാരകം - കർത്തൃകാരകം :

സകർമ്മകം, പ്രയോജകം എന്നീ ക്രിയാവിഭാഗങ്ങളെ സംബന്ധിച്ചു നിലനിൽക്കുന്ന ഭാഷാപ്രശ്നങ്ങളെ പരിഹരിക്കാനുള്ള ഒരു ശ്രമവും ഈ ലേഖനത്തിന്റെ ഭാഗമായി നടത്തുന്നുണ്ട്. കാൾഡ്‌വെൽ, ഗുണ്ടർട്ട്, ഏ. ആർ., ശേഷഗിരിപ്രഭു എന്നിവരുടെ ദൃഷ്ടിയിൽപ്പെട്ടിട്ടുള്ള നാല് പ്രത്യയങ്ങളെയാണ് സി. എൽ. ആന്റണി പരിഗണിച്ചിരിക്കുന്നത്. 'ക്ക്, ത്ത്, ഇക്ക്, പ്പി' എന്നിവയിൽ 'ക്ക്, ത്ത്' എന്നിവ അകർമ്മകം സകർമ്മകമാക്കാനുള്ള പ്രത്യയങ്ങളും 'ഇക്ക്, പ്പി' പ്രയോജകങ്ങളുണ്ടാക്കുന്ന പ്രത്യയങ്ങളുമെന്നാണ് കാൾഡ്‌വെൽ അഭിപ്രായപ്പെടുന്നത്. ഈ നാലിനെയും പ്രയോജകപ്രത്യയങ്ങളായാണ് ഗുണ്ടർട്ടും ഏ. ആറും കരുതുന്നത്. കാൾഡ്വല്ലിനെയും ഗുണ്ടർട്ടിനെയും ഒരേപോലെ പിന്തുടരാൻ ശ്രമിച്ചതാണ്

ക്രിയാവർഗ്ഗീകരണത്തിൽ കേരളപാണിനിക്ക് തെറ്റുണ്ടാകാൻ കാരണമെന്ന് സി. എൽ. ആന്റണി വിലയിരുത്തുന്നു. ഉടയുന്നു - ഉടയ്ക്കുന്നു, താഴുന്നു - താഴ്ത്തുന്നു - കർമ്മത്തെ ആസ്പദമാക്കിയാണ് ഡോ. കാൾഡ്വെൽ ഇത്തരം ക്രിയാവിഭജനങ്ങൾ നടത്തിയിരിക്കുന്നത്. അതിനാലാണ് 'ക്ക്, ത്ത്' എന്നിവ കർമ്മ രഹിതവാക്യത്തെ സകർമ്മകമാക്കുമെന്ന് അദ്ദേഹം വിശദീകരിക്കുന്നത്. എന്നാൽ ഗുണ്ടർട്ട് ഇത്തരം ക്രിയകളെ മനസ്സിലാക്കുന്നത് ആ വാക്യത്തിൽ കർത്താവ് ചെലുത്തുന്ന പ്രേരണയെ അടിസ്ഥാനമാക്കിയാണ്. ആ വ്യതിരിക്തതയെ വ്യക്ത മാക്കാൻ കാൾഡ്വെൽ-ഗുണ്ടർട്ട് എന്നിവരുടെ അർത്ഥനിഷ്ഠമായ ക്രിയാവിഭജന ങ്ങളെ സി. എൽ. ആന്റണി യഥാക്രമം 'കർമ്മകാരകം'. 'കർത്തൃകാരകം' എന്ന് വിലയിരുത്തുന്നു. 'ഓടിക്കുന്നു, കുളിപ്പിക്കുന്നു' എന്നീ ക്രിയകളിൽ കാണുന്ന 'ഇക്ക്, പ്പി' പ്രത്യയങ്ങളെ മേല്പ്പറഞ്ഞ വൈയാകരണന്മാരൊക്കെത്തന്നെ കർമ്മത്തെ ആശ്രയിക്കാതെ കർത്തൃപ്രേരണയെ അവലംബമാക്കിയാണ് സ്വീകരി ച്ചിട്ടുള്ളതെന്നും സി. എൽ. ആന്റണി വ്യക്തമാക്കുന്നു.

### 3.4.1.5. പ്രയോജനകർത്താവ് - പ്രയോജ്യകർത്താവ് :

പ്രേരണാർത്ഥം സംഭവിക്കുന്ന ക്രിയകളിൽ രണ്ട് കർത്താക്കൾ വരുന്ന ഉദാ ഹരണങ്ങളെ വിശദീകരിക്കുന്നിടത്താണ് ഈ രണ്ട് സംജ്ഞകൾ ഏ. ആർ. സൂചി പ്പിക്കുന്നത്. 'രാജാവ് മന്ത്രിയെക്കൊണ്ടു രാജ്യം ഭരിപ്പിക്കുന്നു' എന്നിടത്ത് രാജാ വിനെപ്പോലെ കർത്താവിനെ ക്രിയയിൽ പ്രവർത്തിപ്പിക്കുന്നവൻ പ്രയോജ കകർത്താവെന്നും മന്ത്രിയെപ്പോലെ യഥാർത്ഥത്തിൽ ആ ക്രിയ ചെയ്യുന്നവൻ പ്രയോജ്യകർത്താവെന്നും ഏ. ആർ. വിധിക്കുന്നു. എന്നാൽ, 'കാറ്റ് മരം ഇള ക്കുന്നു' എന്ന വാക്യത്തിൽ പ്രയോജകക്രിയയിൽ കാണുന്ന പ്രേരണാർത്ഥവും രണ്ടുകർത്താക്കളും കാണുന്നില്ലെന്നു പറഞ്ഞാണ് 'ഇളക്കുന്നു' എന്നതിലെ 'ക്ക്' പ്രത്യയത്തെ അകർമ്മകം സകർമ്മകമാക്കുന്ന പ്രത്യയമായി അദ്ദേഹം കാണുന്നത്. എന്നാൽ തുടർന്നുള്ള വിവരണങ്ങളിൽ സകർമ്മകങ്ങൾക്ക് ദുർബ്ബലമായ ഒരുതരം പ്രേരണ കണ്ടെത്തുകയും പ്രേരണാർത്ഥത്തിന്റെ ഏറ്റക്കുറവനുസരിച്ച് *ക്ക്-ത്ത്-ഇ -പ്പി* എന്നീ പ്രത്യയങ്ങളെ പ്രയോജകങ്ങളായി കല്പിക്കുകയും ചെയ്തിരിക്കുന്നു. 'കാറ്റ് മരം ഇളക്കുന്നു' എന്നീ ഉദാഹരണങ്ങളിൽ പ്രേരണാർത്ഥം ഇല്ലെന്നു പറയു കയും അതേസമയം 'ക്ക്' ചേർന്ന സകർമ്മകങ്ങളിൽ പ്രേരണയുടെ ദുർബ്ബലമായ അർത്ഥമുണ്ടെന്ന് ഏ. ആർ. വിവരിക്കുകയും ചെയ്യുന്നതിലെ അനൗചിത്യവും കാര ണങ്ങളുമാണ് സി. എൽ. ആന്റണി തുടർന്ന് വിമർശനവിധേയമാക്കുന്നത്.

### 3.4.1.6. വ്യാകരണികകർമ്മവും വ്യാകരണകർത്താവും :

ഏ. ആറിന്റെ 'പ്രയോജകകർത്താവ് - പ്രയോജ്യകർത്താവ്' എന്ന സങ്കൽപ ത്തിൽ വന്നുചേർന്ന പോരായ്മകളെ സി. എൽ. ആന്റണി മനസ്സിലാക്കുന്നുണ്ട്.

'കുതിരക്കാരൻ കുതിരയെ ഓടിക്കുന്നു' എന്ന വാക്യത്തിൽ ഏ. ആറിന്റെ പക്ഷമനുസരിച്ച് കുതിരക്കാരൻ, കുതിര എന്നിവ ക്രമത്തിൽ പ്രയോജക-പ്രയോജ്യ കർത്താക്കളാണ്. യഥാർത്ഥത്തിൽ ക്രിയ ചെയ്യുന്നത് ഇവിടെ കുതിരയാണ്. എന്നാൽ 'ഓടിക്കുന്നു' എന്ന ക്രിയയുടെ കർമ്മസ്ഥാനത്താണ് 'കുതിര' പ്രസ്തുതവാക്യത്തിൽ വരുന്നത്. ഇത്തരം കർമങ്ങളെയാണ് 'വ്യാകരണികകർമ്മം' (Grammatical object) എന്നു വിവക്ഷിക്കുന്നത്. ഇങ്ങനെ സാക്ഷാൽകർത്താവ് കർമ്മമാകുന്ന അവസരത്തിൽ വാക്യഘടനയനുസരിച്ച് അതിനെ കർമ്മമായിത്തന്നെ പരിഗണിക്കണമെന്ന വ്യകാരണതത്ത്വം ചിന്തിക്കാതെയാണ് സകർമ്മകമെന്ന് തോന്നിയ 'ഇളക്കുന്നു' എന്ന ക്രിയയെ പിന്നീട് അല്പ പ്രേരണാർത്ഥസഹിതമായ അചേതനപ്രയോജകമായി കേരളപാണിനി മാറ്റിപറഞ്ഞതെന്നാണ് സി. എൽ. ആന്റണിയുടെ വീക്ഷണം. യഥാർത്ഥ കർത്താവ് കർമ്മമാകുന്ന മലയാളത്തിലെ പ്രയോഗവിശേഷത്തോട് സമാന്തരമായി കാണുന്ന ഒന്നാണ് ആര്യഭാഷകളിലെ 'കർമ്മണിപ്രയോഗം' (passive voice). 'Ravana was killed by Rama' എന്ന വാക്യത്തിൽ ക്രിയചെയ്യുന്ന യഥാർത്ഥകർത്താവ് 'രാമൻ' ആണെങ്കിലും വാക്യഘടനയനുസരിച്ചുള്ള കർത്താവ് 'രാവണൻ' ആയിമാറുന്നു. അതായത് കർത്തരിപ്രയോഗത്തിലെ യഥാർത്ഥകർമ്മമായ 'രാവണൻ' കർമ്മണിപ്രയോഗത്തിൽ കർത്താവായി വരുന്നു. ഇങ്ങനെ കർമ്മണിപ്രയോഗത്തിലെ കർത്താവിനെ 'വ്യാകരണകർത്താവ്' (Grammatical subject) എന്നു പറയുന്നു.

### 3.4.1.7. കർത്തൃജകർമ്മകം :

കർമത്തെ കർത്താവാക്കുന്ന കർമ്മണിപ്രയോഗമാണ് ആര്യഭാഷകളിൽ പ്രയോഗവ്യാപ്തിയോടെ കാണുന്നതെങ്കിൽ കർത്താവിനെ കർമ്മമാക്കലാണ് മിക്ക ദ്രാവിഡഭാഷകളിലും സമാന്തരമായി നിലനിൽക്കുന്നതെന്നാണ് സി. എൽ. ആന്റണിയുടെ അഭിപ്രായം. കർത്തൃരഹിതവാക്യങ്ങളെ രൂപീകരിക്കുകയാണ് കർമ്മണിപ്രയോഗങ്ങൾവഴി ആര്യാദിഭാഷകൾ ചെയ്യുന്നത്. ആ സന്ദർഭങ്ങളിൽ മലയാളമുൾപ്പെടെയുള്ള ദ്രാവിഡഭാഷകൾ കർത്താവിനെ കർമ്മമാക്കുകയാണ് ചെയ്യുന്നത്. ഉദാ: കള്ളനെ ഒടിച്ചു, ജനങ്ങളെ ഇളക്കിവിടുന്നു. ഈ പ്രക്രിയാവിശേഷത്തെയാണ് 'കർത്തൃജകർമ്മകം' എന്നതുകൊണ്ട് സി. എൽ. ആന്റണി അർത്ഥമാക്കുന്നത്. കർത്താവ് കർമ്മമാകുന്നതാണ് ഈ പ്രക്രിയയെന്നിരിക്കെ അകർമ്മകത്തെ സകർമ്മകമാക്കുന്ന പ്രക്രിയയെന്ന് ഇതിനെ വ്യവഹിക്കുന്ന കാൾഡ്വലിന്റെ പക്ഷത്തെയും വ്യാകരണികർമ്മമായിട്ടല്ലാതെ സാക്ഷാൽ പ്രയോജ്യകർത്താവായി ഈ പ്രയോഗത്തെ പരിഗണിക്കാനാവാത്തതുകൊണ്ട് കേരളപാണിനിയുടെ അതിവ്യാപ്തിയുള്ള പ്രയോജകം എന്ന വിഭജനവും സി. എൽ. ആന്റണിക്ക് സ്വീകാര്യമല്ല.

**3.4.1. 8. കേവലം – കർത്തൃജകർമകം – പ്രയോജകം :**

കർത്താവ് കർമ്മമാകുന്ന വ്യാകരണ പ്രക്രിയയെ 'കർത്തൃജകർമ്മകം' എന്ന് സംജ്ഞനൽകി അതിന്റെ പ്രയോഗവൈപുല്യങ്ങളെ സി. എൽ. ആന്റണി വിശദമാക്കുന്നു. പൂർവ്വികരുടെ അർത്ഥാടിസ്ഥാനത്തിലുള്ള ക്രിയാവർഗ്ഗീകരണ ങ്ങൾക്ക് അപര്യാപ്തത ഉണ്ടെന്നു നിരീക്ഷിക്കുകയും മലയാളത്തിലെ ക്രിയാരൂപ ങ്ങളെ അർത്ഥനിഷ്ഠമായി കർത്താവിനു വരുന്ന മാറ്റത്തെയും കർത്താവു ചെലു ത്തുന്ന പ്രേരണയെയും ആസ്പദമാക്കി വിഭജിക്കുകയും ചെയ്യുന്നുണ്ട്. (1) കേവ ലക്രിയ (2) കർത്തൃജകർമ്മകക്രിയ (3) പ്രയോജകക്രിയ. പ്രാഥമികരൂപത്തി ലുള്ള കേവലക്രിയയ്ക്ക് പ്രത്യയമില്ല. മലയാളത്തിലെ ക്രിയകളെ അർത്ഥത്തെ അടിസ്ഥാനമാക്കി കർത്താവിന്റെ ചേതനത്വത്തെ മുൻനിർത്തി 'അചേതന കർത്തൃകം'–'ചേതനകർത്തൃകം' എന്നും അർത്ഥം നോക്കാതെ രൂപംമാത്രം പ്രമാ ണിച്ച് 'കാരിതം – അകാരിതം എന്നും വിഭജിക്കാമെന്നാണ് ലേഖകന്റെ പക്ഷം. അചേതനങ്ങളായ നാമങ്ങൾ കർത്താവായി വരുന്ന ക്രിയകളെ 'അചേതനകർത്തൃ കക്രിയ' കളെന്നും (ഉദാ : വെള്ളം നിറയുന്നു, നിലം നനയുന്നു) കർത്താവിനു ചേതനത്വമുണ്ടെങ്കിൽ 'ചേതനകർത്തൃകക്രിയ'കളെന്നും (ഉദാ: ഇളകുന്നു, കലങ്ങു ന്നു, താഴുന്നു) പറയുന്നു. കാരിതം – അകാരിതം, ചേതനം – അചേതനം എന്നീ ക്രിയാരൂപങ്ങൾ കർത്തൃജകർമ്മകവും പ്രയോജകവുമാക്കാൻ ചില പ്രത്യേക പ്രത്യയങ്ങൾ അവയ്ക്കൊപ്പം ചേർക്കുന്നു. അത്തരം പ്രത്യയങ്ങളെ സി. എൽ. ആന്റണി കണ്ടെത്തി അവതരിപ്പിക്കുന്നു:-

I. കാരിതക്രിയകളെ കർത്തൃജകർമ്മകവും പ്രയോജകവുമാക്കുന്ന പ്രക്രിയകൾ

കാരിതക്രിയകളിൽ ഭൂരിഭാഗവും ചേതനകർത്തൃകങ്ങളാണെങ്കിലും കടക്കു ന്നു, കിടക്കുന്നു, നടക്കുന്നു, നിരക്കുന്നു, ഇരിക്കുന്നു, നിൽക്കുന്നു എന്നീ അപൂർവം അചേതനകർത്തൃകക്രിയകളുമുണ്ട്.

- കാരിതങ്ങളായ അചേതനകർത്തൃകക്രിയകളെ 'ത്ത്' പ്രത്യയം ചേർത്ത് കർത്തൃജകർമ്മകരൂപങ്ങളാക്കാം. അവയോട് വീണ്ടും 'ഇക്ക്' ചേർത്ത് പ്രയോജകങ്ങളുമാക്കാം.

| | |
|---|---|
| ഉദാ : കടക്കുന്നു (കാരിതം/അചേതന കർത്തൃകം ) | പരക്കുന്നു (കാരിതം/അചേതന കർത്തൃകം) |
| കടത്തുന്നു (കർത്തൃജകർമ്മകം) | പരത്തുന്നു (കർത്തൃജകർമ്മകം) |
| കടത്തിക്കുന്നു (പ്രയോജകം) | പരത്തിക്കുന്നു (പ്രയോജകം) |

- കാരിതവിഭാഗത്തിലുൾപ്പെട്ട മറ്റെല്ലാ ക്രിയകളും കർത്തൃജകർമ്മകവും പ്രയോജകവുമാകുമ്പോൾ 'പ്പി' പ്രത്യയസഹിതങ്ങളാകുന്നു.
  ഉദാ : കുട്ടി കളിക്കുന്നു (കേവലം), അമ്മ കുട്ടിയെ കളിപ്പിക്കുന്നു (കർത്തൃജകർമ്മകം), അച്ഛൻ അമ്മയെക്കൊണ്ടു കുട്ടിയെ കളിപ്പിക്കുന്നു (പ്രയോജകം)

- കാരിതവിഭാഗത്തിൽപ്പെട്ട സകർമകക്രിയകളുടെ കർമ്മം ചേതനമാണെങ്കിൽ അവയ്ക്ക് കർത്തൃജകർമ്മകരൂപം വരുന്നില്ല.
  ഉദാ : കൃഷ്ണൻ വേലക്കാരനെ വിളിക്കുന്നു (കേവലം), രാമൻ കൃഷ്ണനെക്കൊണ്ട് വേലക്കാരനെ വിളിപ്പിക്കുന്നു (പ്രയോജകം)

II. അകാരിതക്രിയകളെ കർത്തൃജകർമ്മകവും പ്രയോജകവുമാക്കുന്ന പ്രക്രിയകൾ

- 'കരയുന്നു, അറിയുന്നു, ഓടുന്നു, എഴുതുന്നു' എന്നീ ചേതനകർത്തൃകങ്ങളായ അകാരിതക്രിയകളെ കർത്തൃജകർമ്മകമാക്കാൻ 'ഇക്ക്' പ്രയോജകമാക്കാൻ 'പ്പി' എന്നീ പ്രത്യയങ്ങൾ ചേർക്കുന്നു.

കരയുന്നു (കേവലം)-കരയിക്കുന്നു (കർത്തൃജകർമ്മകം)-കരയിപ്പിക്കുന്നു (പ്രയോജകം)
അറിയുന്നു(കേവലം)-അറിയിക്കുന്നു (കർത്തൃജകർമ്മകം)-അറിയിപ്പിക്കുന്നു(പ്രയോജകം)
ഓടുന്നു (കേവലം)-ഓടിക്കുന്നു (കർത്തൃജകർമ്മകം)-ഓടിപ്പിക്കുന്നു (പ്രയോജകം)
എഴുതുന്നു(കേവലം)-എഴുതിക്കുന്നു (കർത്തൃജകർമകം)-എഴുതിപ്പിക്കുന്നു(പ്രയോജകം)

- 'ഇടുക, തൊടുക' എന്നിവയിലെ ഉകാരം ലോപിക്കാതെതന്നെ മേൽപറഞ്ഞ പ്രത്യയങ്ങൾ ചേരുന്നു.
  ഉദാ : വിടുന്നു - വിടുവിക്കുന്നു - വിടുവിപ്പിക്കുന്നു.

- അകാരിതവിഭാഗത്തിലെ അചേതനകർതൃകക്രിയകളിൽ ക്ക് പ്രത്യയം ചേർത്ത് കർതൃജകർമ്മകവും പ്പി പ്രത്യയം ചേർത്ത് പ്രയോജകവുമാക്കുന്നു. ഉദാ: മായുന്നു - മായ്ക്കുന്നു - മായ്പ്പിക്കുന്നു.

- അകാരിതവിഭാഗത്തിലെ അചേതനകർതൃകക്രിയകൾ വ്യഞ്ജനാന്തങ്ങളായാൽ കർതൃജകർമ്മകത്തിന് ത്ത് പ്രത്യയവും പ്രയോജകത്തിന് ഇക്ക് പ്രത്യയവും ചേർക്കുന്നു. ഉദാ: ഇളക് + ത്ത് = ഇളക്ക് - ഇളക്കുന്നു, ഇളക്കിക്കുന്നു (ആന്റണി, 2005: 93-95).

**3.4.2.പൂർവ്വവൈയാകരണന്മാരുടെ ആശയങ്ങൾ**

*കേരളപാണിനീയ*ത്തിലെ ക്രിയാവിഭാഗത്തിൽ പ്രകടമാകുന്ന കാലുഷ്യങ്ങൾക്കു കാരണം തേടുമ്പോൾ സി. എൽ. ആന്റണി ഗുണ്ടർട്ടിന്റെയും കാൽഡ്വലിന്റെയും പ്രേരണകളിലേക്ക് എത്തിച്ചേരുന്നുണ്ട്. ഇതര വ്യാകരണകാരന്മാരുടെ

നിരീക്ഷണങ്ങളിലേക്കുകൂടി സഞ്ചരിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്. മലയാളത്തിലെ ക്രിയകളുടെ പെരുമാറ്റം എളുപ്പം മനസ്സിലാക്കാവുന്നതല്ലെന്നും ഈ പ്രശ്നത്തെ അഭിമുഖീകരിക്കുന്നതുവഴി സംജാതമാകുന്ന വിഷമതകളാണ് കേരള പാണിനിയും സി. എൽ. ആന്റണിയും ഉൾപ്പെടെയുള്ള വ്യാകരണചിന്തകരുടെ വിശകലനങ്ങളിൽ നാം കാണുന്നതെന്ന വസ്തുത വെളിപ്പെടുത്താൻ ഈ പരിശോധന സഹായിക്കാതിരിക്കില്ല.

### 3.4.2.1. റോബർട്ട് ഡ്രമ്മണ്ട് :

കേവലക്രിയകൾ പ്രയോജകമാകുന്ന വ്യാപാരങ്ങൾ ഡ്രമ്മണ്ട് നിരീക്ഷിക്കുന്നുണ്ട്. എന്നാൽ സി. എൽ. ആന്റണി മുന്നോട്ടുവെയ്ക്കുന്ന 'കർത്തൃജകർമകം' (കർത്താവ് കർമമാകുന്നത്) ഈ പൂർവ്വവൈയാകരണന്റെ നിരീക്ഷണങ്ങളിൽ വ്യക്തമല്ല. ഇത്തരം ക്രിയകൾ നടക്കുമ്പോൾ സംഭവിക്കുന്ന കർത്തൃവ്യാപാരങ്ങളെ വിശദമാക്കുന്നില്ലെങ്കിലും ഇതിനെ സഹായിക്കുന്ന പ്രത്യയങ്ങളെ ഉദാഹരണങ്ങളോടെ അവതരിപ്പിക്കാനുള്ള ശ്രമം *ഗ്രാമർ ഒഫ് ദ മലബാർ ലാംഗ്വേജിൽ* ഉണ്ട്. 'Lecture sixth' ൽ 'Causal or Effective Verbs' എന്ന ഖണ്ഡത്തിൽ ഡ്രമ്മണ്ടിന്റെ അഭിപ്രായങ്ങൾ കാണാം. തന്റെ ഭാഷയിൽ രണ്ടു ക്രിയാരൂപങ്ങളാൽ ആവിഷ്കരിക്കപ്പെടുന്ന പ്രയോജകക്രിയാരൂപീകരണം മലയാളത്തിൽ ഒറ്റപ്പദത്താൽ നടത്താൻ കഴിയുമെന്ന നിരീക്ഷണമാണ് ആദ്യമായി ഡ്രമ്മണ്ട് നടത്തുന്നത്. ""What we express in two verbs, the Malabars do by a single word, which may be termed a causal or effective verb. Thus to make to come, to cause to do, to make to love, are in Malabars single expressions" (ഡ്രമ്മണ്ട്, 2019 : 51).

പ്രയോജകക്രിയയുടെ പ്രത്യയങ്ങൾ *പ്പി,ത്തു,ക്കുന്നു,യി,ത്തുന്നു, ്ക്കുന്നു, റ്റുന്നു* എന്നിവയാണെന്ന് ഡ്രമ്മണ്ട് അഭിപ്രായപ്പെടുന്നു. ഇവയ്ക്കോരോന്നിനും നൽകുന്ന ഏതാനും ഉദാഹരണങ്ങളെ താഴെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| പ്രവൃത്തിക്കുന്നു | - | പ്രവൃത്തിപ്പിക്കുന്നു | - | 'പ്പി' |
| ഇരിക്കുന്നു | - | ഇരുത്തുന്നു | - | 'ത്തു' |
| ആകുന്നു | - | ആക്കുന്നു | - | ഇരട്ടിച്ച കകാരം |
| മുങ്ങുന്നു | - | മുക്കുന്നു | - | 'ങ്ങുന്നു' 'ക്കുന്നു' ആകുന്നു |
| ചെയ്യുന്നു | - | ചെയ്യിക്കുന്നു | - | 'യി' (ഇ) |
| വളരുന്നു | - | വളർത്തുന്നു | - | 'ത്തുന്നു' |

| | | | | |
|---|---|---|---|---|
| തീരുന്നു | - | തീർക്കുന്നു | - | 'ക്കുന്നു' |
| ആറുന്നു | - | ആറ്റുന്നു | - | 'റു' എന്നതിന് 'റ്റുന്നു' |
| ഉണ്ണുന്നു | - | ഊട്ടുന്നു | - | 'ണ്ണ' 'ട്ട' ആകുന്നു |
| വീഴുന്നു | - | വീഴ്ത്തുന്നു | - | 'ഴ' യ്ക്ക് ശേഷം 'ത്ത' |
| താഴുന്നു | - | താഴ്ത്തുന്നു | - | 'ഴ' യ്ക്ക് ശേഷം 'ത്ത' |
| വാടുന്നു | - | വാട്ടുന്നു | - | 'ട്ട' വരുന്നു |
| ഉരുളുന്നു | - | ഉരുട്ടുന്നു | - | 'ട്ട' വരുന്നു (2019 : 51-53). |

കേവലക്രിയയിലെ കർത്താവ് കർമ്മമായി വരുന്ന 'കർത്തൃജകർമ്മകക്രിയ' എന്ന ആശയം ഉൾക്കൊള്ളുന്നില്ലെങ്കിലും അവയെ പ്രയോജകങ്ങളെന്നു മനസ്സിലാക്കുകയാണ് ഡ്രമ്മണ്ട് ചെയ്തിട്ടുള്ളത്. സി. എൽ. ആന്റണി കാരിതം-അകാരിതം എന്ന വിവരണങ്ങളിൽ നൽകിയിട്ടുള്ള *'ക്ക്,ത്ത്,പ്പി'* എന്നീ പ്രത്യയങ്ങളൊക്കെത്തന്നെ ഡ്രമ്മണ്ട് തന്റെ ഉദാഹരണങ്ങളുടെ വിശദീകരണങ്ങളിൽ ഉപയുക്തമാക്കാൻ ശ്രമിക്കുന്നുണ്ട്. പ്രയോജകക്രിയകളുടെ രൂപീകരണത്തിന് സഹായകമായ 'പ്പിക്കുന്നു or യിക്കുന്നു' എന്നിവയുടെ ചെറിയൊരു വിവരണവും ഡ്രമ്മണ്ട് നൽകുന്നുണ്ട്. ആ ഭാഗത്ത് സി. എൽ. ആന്റണി ഉദാഹരണങ്ങളോടെ കാണിച്ചു തരുന്ന കേവലം-കർത്തൃജകർമകം-പ്രയോജകം എന്നിവയ്ക്ക് സമാനമായി കാണാവുന്ന ചില മാതൃകകളുമുണ്ട്.

"There are also a few active verbs which are made effective in 'പ്പിക്കുന്നു' or യിക്കുന്നു' (2019 : 53) അദ്ദേഹത്തിന്റെ ഉദാഹരണങ്ങളെ കേരളപാണിനീയഭാഷ്യകാരന്റെ ഭാഷയിൽ എഴുതി നോക്കാം:-

1. തീർക്കുന്നു to finish, തീർപ്പിക്കുന്നു to make to finish (2019 : 53)

   തീരുന്നു (കേവലം)

   തീർക്കുന്നു (കർത്തൃജകർമകം)

   തീർപ്പിക്കുന്നു (പ്രയോജകം)

2. ഏറ്റുന്നു to raise up, ഏറ്റിക്കുന്നു to make to raise (2019 : 53)

   ഏറുന്നു (കേവലം)

ഏറ്റുന്നു (കർത്തൃജകർമകം)

ഏറ്റിക്കുന്നു (പ്രയോജകം)

ചില 'Active verbs' നെ (സകർമകാർത്ഥമുള്ള ക്രിയ അല്ലെങ്കിൽ കർത്തരിക്രിയ) പ്രയോജകമാക്കുന്നു ഡ്രമ്മണ്ടിന്റെ ഇത്തരം ഉദാഹരണങ്ങൾ സി. എൽ. ആന്റണി യുടെ ആശയാവലികളുടെ മുൻധാരണകളാണെന്നു പറയാം.

### 3.4.2.2. റിച്ചാർഡ് കോളിൻസ് :

കോളിൻസിന്റെ വ്യാകരണത്തിൽ 'FORMATION OF CAUSAL VERBS' എന്ന ഭാഗ ത്തുള്ള നിരീക്ഷണങ്ങൾ കേരളപാണിനീയഭാഷ്യകാരന്റെ കർത്തൃജകർമകം - പ്രയോജകം എന്ന ഭാഷാപ്രക്രിയകളോട് കണ്ണിചേരുന്നുണ്ട്. കേവലം - കർത്തൃജ കർമകം - പ്രയോജകം എന്നിവയെ യഥാക്രമം 'a neuter – an active – a causal' എന്നാണ് കോളിൻസ് വിളിക്കുന്നത്.

"Causal verbs are formed, properly, from actives alone. They always imply a subordinate agent; thus നടക്കുന്നു is, to walk; നടത്തുന്നു to lead; നടത്തിക്കുന്നു to cause the action of leading to be effected by a second party. Here we have a neuter, an active, and a causal of the same root" (കോളിൻസ്, 2018: 94-95).

പ്രയോജകക്രിയയുടെ കർത്താവിനെ 'Sleeping agent' എന്നാണ് കോളിൻസ് വിശേഷിപ്പിക്കുന്നത്. 'വ്യാകരണികകർമം' (Grammatical object) എന്ന ആശയത്തെ അവതരിപ്പിക്കുമ്പോൾ സി. എൽ. ആന്റണി പറയുന്ന വസ്തുതകളെ ഇതിനോട് ചേർത്തു വായിക്കാം. 'കുതിരക്കാരൻ കുതിരയെ ഓടിക്കുന്നു' എന്ന വാക്യത്തിൽ സാക്ഷാൽ കർത്താവായി വരുന്ന 'കുതിര' എന്നത് വ്യാകരണപരമായി 'കർമ്മം' മാത്രമാണ്. ''തന്മൂലം വ്യാകരണപരമായി 'കുതിരയെ' എന്ന പദത്തിൽ ഏതെ ങ്കിലും വിധത്തിലുള്ള കർത്തൃത്വം' കാണുന്നത് അസംഗതമാണ്. വാക്യഘടനയ നുസരിച്ച് സാക്ഷാൽ കർത്താവ് കർമ്മമായാൽ, കർമ്മമായിത്തന്നെ അതിനെ പരി ഗണിക്കണമെന്നർത്ഥം'' (ആന്റണി, 2005 : 90). പ്രയോജകക്രിയാർത്ഥമുള്ള വാക്യ ത്തിൽ സാക്ഷാൽ കർത്താവിന്റെ ആ സ്ഥാനനഷ്ടത്തെ കുറിക്കുന്നതാവണം കോളിൻസിന്റെ 'sleeping agent' എന്ന പ്രയോഗമെന്നു മനസ്സിലാക്കാവുന്നതാണ്. Active verb നെ causal verb ആക്കുമ്പോൾ 'പ്പി, ി' എന്നീ പ്രത്യയങ്ങൾ അവ യ്ക്കൊപ്പം ചേർക്കുന്നുവെന്ന് 'ചെയ്യുന്നു, ചെയ്യിക്കുന്നു, ചെയ്യിപ്പിക്കുന്നു' എന്നി ങ്ങനെയുള്ള ഉദാഹരണങ്ങൾവഴി സമർത്ഥിക്കുന്നു.

**3.4.2.3. ജോസഫ് പീറ്റ് :**

പീറ്റിന്റെ *A Grammar of the Malayalim Language* ലും പ്രയോജകക്രിയക ളുടെ രൂപവിൽക്കരണത്തിനു സഹായകമായ പ്രത്യയങ്ങളെക്കുറിച്ചുള്ള വിവ രണങ്ങളും നിരവധി ഉദാഹരണങ്ങളും ഉണ്ട്. പീറ്റിന്റെ നിരീക്ഷണങ്ങളിലും '*ഇക്ക്, പ്പി, റ്റ, ട്ട, ക്കു*' എന്നീ പ്രയോജകപ്രത്യയങ്ങൾ ദൃശ്യമാകുന്നുണ്ട്. സ്നേഹിപ്പിക്കു ന്നു, ആക്കുന്നു, പറയിക്കുന്നു, തീറ്റുന്നു, വാട്ടുന്നു എന്നിങ്ങനെ നിരവധി ഉദാഹര ണങ്ങൾ പീറ്റ് നിരത്തുന്നുണ്ട്. സി. എൽ. ആന്റണി മുന്നോട്ടുവെയ്ക്കുന്ന കേവലം-കർത്തൃജകർമകം-പ്രയോജകം എന്ന ആശയത്തെ മറ്റൊരു തരത്തിലാണ് ഈ പൂർവ്വവൈയാകരണൻ പഠിച്ചിട്ടുള്ളത്. കർത്താവ് കർമ്മമാകുന്ന പ്രവർത്തനം എന്നതിനേക്കൾ അകർമ്മകക്രിയയുടെ പ്രയോജകരൂപാന്തരമായ സകർമ്മകക്രിയ യുടെ രണ്ടു വകഭേദങ്ങൾ എന്നി നിലയിലാണ് പീറ്റിന്റെ വിശദീകരണങ്ങൾ നട ക്കുന്നത് :

""Transitive verbs, in the above examples, are considered as the causals of their corresponding Intransitives because many verbs have but two forms : where there are three, the rules for the formation of the causals, will show how they are made, so that no mistake can occur; thus in the example നടത്തുന്നു, to conduct; the third rule reaches that verbs ending in ത്തുന്നു, drop ഉന്നു, and take ഇക്കുന്നു, for the causal as നടത്തിക്കുന്നു, to cause to conduct (പീറ്റ്, 2018 : 78).

അകർമ്മകക്രിയയുടെ പ്രയോജകരൂപാന്തരമായാണ് സകർമ്മകക്രിയയെ പീറ്റ് മനസ്സിലാക്കുന്നത്. ചില അകർമ്മകക്രിയകൾക്ക് രണ്ട് പ്രയോജകക്രിയാരൂപ ങ്ങളുണ്ടെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. 'നടക്കുന്നു - നടത്തുന്നു - നടത്തി ക്കുന്നു' എന്നിങ്ങനെയുള്ള ക്രിയകളിലെ കർത്തൃവ്യാപാരത്തെക്കുറിച്ച് വിശദീകരി ക്കുന്നില്ലെങ്കിലും കർമ്മത്തിന്റെ പ്രേരണാർത്ഥതലങ്ങളെ പീറ്റ് ആലോചനയ്ക്കെടു ക്കുന്നതായി കാണാം.

**3.4.2.4. റവ. ജോർജ് മാത്തൻ :**

കേവലം - കർത്തൃജകർമ്മകം - പ്രയോജകം എന്നതുകൊണ്ട് സി. എൽ. ആന്റണി വ്യക്തമാക്കുന്ന കാര്യങ്ങൾ അതേപടി ചർച്ചചെയ്തു പോകുന്ന ഒരു പൂർവ്വവ്യാകരണമാണ് മാത്തന്റെ *മലയാഴ്മയുടെ വ്യാകരണം* എന്നു പറയാം. കർത്താവ് കർമമാകുന്ന വ്യാകരണപ്രക്രിയയുടെ വിശദീകരണങ്ങളുടെ ഉത്തമമാ തൃകയായി ഈ കൃതിയിലെ 'കാരണിക്രിയ, തദ്ധിതക്രിയ' എന്നിവയെ മനസ്സിലാ ക്കാം. മൂലക്രിയയിലെ കർത്താവ് കർമ്മമായി ഭവിക്കുകയാണ് തദ്ധിതക്രിയയിൽ നടക്കുന്നതെന്നും എന്നാൽ കാരണിക്രിയയിൽ മൂലത്തിലെ കർത്താവുതന്നെ

ക്രിയയുടെ തുണക്കാരണമാവുന്നുണ്ടെന്നും മാത്തൻ ഉദാഹരണങ്ങളോടെ വിശദമാക്കുന്നു:-

''അരയൻ മുങ്ങുന്നു എന്നു പറയുന്നതു മുങ്ങുക അരയൻ ചെയ്യുംപോൾ ആകുന്നു. 'അരയൻ മുക്കുന്നു' എന്നു പറയുന്നതു അരയൻ മറ്റൊരു വസ്തുവിനെ മുങ്ങുവാൻ ഇടവരുത്തുംപോൾ ആകുന്നു. 'അരയൻ മുങ്ങിക്കുന്നു' എന്നു പറയുന്നതു അരയൻ മറ്റൊരുത്തനെ പറഞ്ഞു മനസ്സുവരിത്തീട്ടു ആയവൻ മുങ്ങുംപോൾ ആകുന്നു.'' (ജോർജ്ജ് മാത്തൻ, 2000 : 97-98) മാത്തന്റെ 'തദ്ധിതക്രിയ' തന്നെയാണ് സി. എൽ. ആന്റണി അവതരിപ്പിക്കുന്ന 'കർത്തൃജകർമ്മകം' എന്ന് നിസ്സംശയം കാണാവുന്നതാണ്. *കേരളപാണിനീയഭാഷ്യ*ത്തിലെ 'കേവലം-കർത്തൃജകർമ്മകം - പ്രയോജകം' എന്നിവയ്ക്ക് സമാനമായി മാത്തന്റെ വീക്ഷണത്തിൽ 'മൂലക്രിയ - തദ്ധിതക്രിയ - കാരണിക്രിയ എന്നിങ്ങനെ യഥാക്രമം വരുന്നു.

**3.4.3. ആധുനികവീക്ഷണങ്ങൾ :**

അകർമ്മകം - സകർമ്മകം, കേവലം - പ്രയോജകം, കർത്തൃജകർമ്മകം എന്നീ ആശയങ്ങളെ രൂപപ്പെടുത്തുന്ന ചില മുൻധാരണകളെ പൂർവ്വവ്യാകരണകൃതികളിൽനിന്നും കണ്ടെടുക്കാനുള്ള ശ്രമമാണ് ഇതുവരെ ചെയ്തത്. ആധുനിക നിരീക്ഷണങ്ങളെക്കൂടി പരിശോധിക്കുന്നത് ഈ വിഷയത്തെ സംബന്ധിച്ചുള്ള സമഗ്രതയ്ക്ക് ആവശ്യമാണ്. സി. എൽ. ആന്റണിയുടെ അഭിപ്രായങ്ങളെ വിമർശനവിധേയമാക്കുന്ന ഇതരപഠനങ്ങളും അക്കൂട്ടത്തിൽ വരുന്നതാണ്.

മലയാളത്തിലെ ക്രിയകളെ അർത്ഥം പ്രമാണിച്ച് അകർമ്മകം-സകർമ്മകം എന്നും പ്രകൃതി പ്രമാണിച്ച് കേവലം - പ്രയോജകം എന്നും കേരളപാണിനി തരംതിരിക്കുന്നു. ഇതിൽ സകർമ്മകം - പ്രയോജകം എന്നിവയെ മുൻനിർത്തിയാണ് ആധുനികവൈയാകരണന്മാർ മുഖ്യമായും പഠിക്കാൻ ശ്രമിച്ചിട്ടുള്ളത്. അർത്ഥനിഷ്ഠമായി ക്രിയകളെ നോക്കിക്കാണുന്ന പഠനങ്ങളാണ് അവർ നടത്തുന്നതെങ്കിലും അതിൽ രൂപപരതയെ പരോക്ഷമായി ആശ്രയിക്കേണ്ടിവരുന്നുവെന്ന പ്രശ്നം നിലനിൽക്കുന്നുണ്ട്.

**3.4.3.1. ശേഷഗിരിപ്രഭു :**

*വ്യാകരണമിത്ര*ത്തിൽ ഹേതുക്രിയകൾ, പ്രാപ്തകർമ്മകക്രിയകൾ എന്നീ സംജ്ഞകളോടെയാണ് മേൽവിവരിച്ച വസ്തുതകളെ അവതരിപ്പിച്ചിട്ടുള്ളത്. പ്രഭുവിന്റെ ഉദാഹരണങ്ങൾ പരിശോധിക്കാം.

'കുട്ടി പാൽ കുടിക്കുന്നു' (കുട്ടി-സ്വതന്ത്രകർത്താവ്) 'അമ്മ കുട്ടിയെ പാൽകുടിപ്പിക്കുന്നു' (കുട്ടി - പരതന്ത്രൻ) ''കുടിപ്പിയ്ക്കുന്നു എന്ന ക്രിയയ്ക്കുള്ള രണ്ടു കർത്താക്കളിൽ അമ്മയെ *പ്രയോജകകർത്താവ്* എന്നും കുട്ടിയെ *പ്രയോജ്യ കർത്താവ്* എന്നും പറയും. കർത്താക്കൾ തമ്മിലുള്ള ഭേദംനിമിത്തം 'കുടിക്ക' എന്നതിനെ കേവലപ്രകൃതിയെന്നും കുടിപ്പിക്ക എന്നതിനെ പ്രയോജകപ്രകൃതി യെന്നും പറയും.'' (ശേഷഗിരിപ്രഭു, 1989: 127).

പ്രയോജകപ്രകൃതിയിലെ രണ്ടു കർത്താക്കളുടെ വ്യാപാരവും തുടർന്ന് വിവരിക്കുന്നു: ''ഒരു വ്യാപാരം ചെയ്യുന്ന രണ്ടു കർത്താക്കളിൽ ഒരുവൻ മറ്റേവന് അനുകൂലമായി പ്രവർത്തിക്കുന്നു എന്നു തോന്നിപ്പിക്കുന്ന ക്രിയയെ പ്രയോജക ക്രിയയെന്നും ഹേതുക്രിയയെന്നും പറയും' (1989 : 127).

അകർമകത്തെ സകർമ്മകമാക്കുമ്പോൾ നടക്കുന്ന ക്രിയാവ്യാപാരത്തെ അദ്ദേഹം 'പ്രാപ്തകർമകക്രിയകൾ' എന്ന് വ്യവഹരിക്കുന്നു. ''അകർമ്മകക്രിയക ളിൽനിന്നും ജനിക്കുന്ന സകർമകക്രിയകൾക്കു രണ്ടു കർത്താക്കൾ ഇല്ലെങ്കിൽ അവ ഹേതുക്രിയകൾ ആകയില്ല. ഇവയെ 'പ്രാപ്തകർമ്മകക്രിയകൾ' എന്നു പറയും'' (1989 : 128) 'വളയുക - വളയ്ക്ക, മുങ്ങുക - മുക്കുക, താഴുക - താഴ്ത്തു ക, ഉടയുക - ഉടയ്ക്ക' എന്നീ ഉദാഹരണങ്ങൾ നൽകിയിരിക്കുന്നു. പ്രാപ്തകർമ്മ കങ്ങളിൽനിന്നും ഹേതുക്രിയകൾ ഉൽഭവിക്കുമെന്നാണ് അദ്ദേഹത്തിന്റെ മറ്റൊരു നിരീക്ഷണം. അടയു - അടെക്ക - അടെപ്പിക്ക, അറുക - അറുക്ക - അറപ്പിക്ക, ആടുക - ആട്ടുക - ആട്ടിക്ക (1989 : 131) എന്നീ ഉദാഹരണങ്ങൾ ഈ ഭാഗത്തുണ്ട്. ചുരുക്കത്തിൽ സി. എൽ. ആന്റണിയുടെ 'കേവലം - കർത്തൃജകർമ്മകം - പ്രയോ ജകം' എന്നതുതന്നെയാണ് ശേഷഗിരിപ്രഭുവിന്റെ 'കേവലപ്രകൃതി - ഹേതുക്രിയ - പ്രാപ്തകർമ്മകക്രിയ എന്നു പറയാം.

**3.4.3.2. കുട്ടികൃഷ്ണമാരാര് :**

സി. എൽ. ആന്റണിയുടെ 'കർത്തൃജകർമ്മകം', കേരളപാണിനിയുടെ 'കർമ്മയോഗം' (പിന്നീട് 'അചേതനപ്രയോജകം') എന്നിവയ്ക്ക് സമാന മായിവരുന്ന ഒരാശയമാണ് മാരാരുടെ 'സംക്രാമിതക്രിയ'. *ഭാഷാപരിചയ*ത്തിന്റെ രണ്ടാം ഭാഗമായ (രണ്ടാംപുസ്തകം) 'പ്രകൃതിപ്രത്യയപരിചയ'ത്തിൽ സംക്രാ മിതക്രിയയും പ്രയോജകക്രിയയും എന്തൊക്കെയാണെന്ന് അദ്ദേഹം വിവരിക്കു ന്നു. ക്രിയയുടെ പരസംക്രാന്തിയെക്കുറിച്ചുള്ള കേരളപാണിനീയചിന്തകളെ ആധാരമാക്കിയാണ് 'സംക്രാമിതക്രിയ' എന്ന് സംജ്ഞചെയ്തിരിക്കുന്നതെന്നും അകർമ്മകത്തെ സകർമ്മകമാക്കുന്ന പ്രക്രിയയാണതെന്നും വ്യക്തമാക്കുന്നു (മേ രി, 2015 : 41).

**3.4.3.3. കെ. സുകുമാരപ്പിള്ള :**

ക്രിയാവിഭജനങ്ങളിലെ കാലുഷ്യങ്ങളും അതിർത്തിനിർണ്ണയനങ്ങളും പൂർവ്വികരുടെ ധാരണാതെറ്റുകളും *കൈരളീശബ്ദാനുശാസന*ത്തിൽ വിമർശനവിധേയമാകുന്നുണ്ട്. അകർമ്മകം-സകർമ്മകം, സി. എൽ. ആന്റണിയുടെ 'കർത്തൃജകർമ്മകം' എന്നിവയെ സംബന്ധിച്ചുള്ള സുകുമാരപിള്ളയുടെ എതിർവാദങ്ങൾ ശ്രദ്ധേയമാണ്. ഓരോ ധാതുവും ജന്മനാ അകർമ്മകമോ സകർമ്മകമോ ആണ്. സകർമ്മകാകർമ്മകഭേദം രൂപംകൊണ്ടല്ല അർത്ഥംകൊണ്ടാണ് സിദ്ധമാകുന്നതെന്നും അദ്ദേഹം നിരീക്ഷിക്കുന്നു. തന്നെയുമല്ല അകർമ്മകത്തെ സകർമ്മമാക്കുക താത്ത്വികമായിപ്പറഞ്ഞാൽ സാദ്ധ്യമല്ലെന്നും അങ്ങനെ ശ്രമിക്കുന്ന കാൾഡ്വലിനെപോലുള്ളവരുടെ നിർദ്ദേശങ്ങളെ എതിർക്കുകയും ചെയ്യുന്നു. വര്-, ഉറങ്ങ് - എന്നീ ക്രിയാധാതുക്കളെയാണ് സുകുമാരപിള്ള ഉദാഹരിക്കുന്നത്. 'വരുന്നു, ഉറങ്ങുന്നു' എന്നീ അകർമ്മകക്രിയകളിലായാലും 'വരുത്തുന്നു, ഉറക്കുന്നു' എന്നീ സകർമ്മകങ്ങളിലായാലും ക്രിയ ചെയ്യുന്നത് അതതിന്റെ കർത്താവു തന്നെയാണ്. കർമ്മത്തിന് പ്രത്യേക വ്യാപാരങ്ങളില്ലെന്നിരിക്കെ അകർമ്മകത്തെ സകർമ്മകമാക്കുന്നതിലെ യുക്തിരാഹിത്യമാണ് സുകുമാരപിള്ള ഉന്നയിക്കുന്നത്. ഒരു വാക്യത്തിൽ സകർമ്മകക്രിയയുടെ കർത്താവിനെ കർമ്മത്തിന്റെ രൂപത്തിൽ പ്രയോഗിക്കാൻ കഴിയുന്നുണ്ടെങ്കിലും അത് യഥാർത്ഥകർമ്മമല്ല. അതിനെ സി. എൽ. ആന്റണി പറയുന്നതുപോലെ വ്യാകരണികകർമ്മമായി തന്നെയാണ് ഈ വൈയാകരണനും കാണുന്നത്.

എന്നാൽ സി. എൽ. ആന്റണിയുടെ 'കർത്തൃജകർമ്മകം,' പ്രയോജകം, ശേഷഗിരിപ്രഭുവിന്റെ 'പ്രാപ്തകർമ്മകം' എന്നു തുടങ്ങി മലയാളവ്യാകരണചിന്തകളിലെ ക്രിയാരൂപങ്ങളുടെ സംജ്ഞാനിർണ്ണയനങ്ങൾ പാഴ്വേലയാണെന്ന പക്ഷമാണ് സുകുമാരപ്പിള്ളയ്ക്കുള്ളത്. കേവലക്രിയയുടെ കർത്താവിനെ കർമ്മമാക്കുന്ന ക്രിയാരൂപം കർത്തൃജകർമ്മകവും കരണം (ഉപകരണം) ആക്കുന്ന ക്രിയാരൂപം പ്രയോജകവുമാണെന്ന സി. എൽ. ആന്റണിയുടെ പഠനം പ്രത്യേക അർത്ഥവും വ്യാകരണരൂപവും കണക്കിലെടുത്ത് നടത്തുന്ന സമീപനരീതി സ്വീകരിക്കുന്നുണ്ടെന്നുള്ളത് ശ്രദ്ധേയമാണെങ്കിലും ഇന്ന ക്രിയാരൂപത്തിന് ഇന്ന പ്രത്യയം എന്നു വിധിച്ചിട്ടുള്ളതിൽ പിശകുകൾ സംഭവിച്ചിട്ടുണ്ടെന്ന് സുകുമാരപ്പിള്ള ഉദാഹരണങ്ങളോടെ സമർത്ഥിക്കുന്നു. 'ത്ത്, ഇക്ക, ക്ക്, പ്പി' എന്നിവയാണ് കർത്തൃജകർമ്മകത്തിന്റെ പ്രത്യയങ്ങൾ (ഉദാ : നടത്തുക, മേയ്ക്കുക, പായിക്കുക, കേൾപ്പിക്കുക). പ്രയോജകരൂപം രചിക്കാനുപയോഗിക്കുന്നത് 'ഇക്ക്,- പ്പി' പ്രത്യയങ്ങളാണെങ്കിലും 'വരുത്തിക്കുക' എന്നതിൽ - 'ഇക്ക്' എന്നത് 'ത്ത്' എന്നതിനു മേലെയാണ് വരുന്നത്. സ്വതന്ത്രപ്രത്യയങ്ങൾ ഇത്തരം രൂപങ്ങളിൽ കാണാതി

രിക്കെ ഇന്ന രൂപത്തിന് ഇന്ന പ്രത്യയമെന്ന ആന്റണിയുടെ സിദ്ധാന്തവൽക്കരണത്തിന് പ്രസക്തിയില്ലെന്ന് സമർത്ഥിക്കുന്നു.

*കൈരളീശബ്ദാനുശാസന*ത്തിലെ മറ്റൊരു ഉദാഹരണം പരിശോധിക്കാം. 'കുട്ടി പടം കാണുന്നു - അമ്മ കുട്ടിയെ പടം കാട്ടുന്നു - കാണിക്കുന്നു.' ഇതിൽ ക്രിയാരൂപങ്ങൾക്ക് വ്യത്യാസം വരുന്നുണ്ടെങ്കിലും കാരകബന്ധത്തിന് യാതൊരു മാറ്റവും സംഭവിക്കാത്തതിനാൽ 'കാട്ടുന്നു' കർത്തൃജകർമ്മകവും 'കാണിക്കുന്നു' പ്രയോജകവുമാണെന്ന സി. എൽ. ആന്റണിയുടെ സങ്കല്പം തികച്ചും നിരാസ്പദമാണെന്ന് സുകുമാരപ്പിള്ള വിധിക്കുന്നു.

ക്രിയകളെ ചേതനം, അചേതനം എന്ന രീതിയിൽ വർഗീകരിക്കാൻ സാദ്ധ്യമല്ലെന്നും പ്രസ്താവിക്കുന്നുണ്ട്. 'മാങ്ങ എറിഞ്ഞു വീഴ്ത്തി, ബാലിയെ എയ്തു വീഴ്ത്തി'. ഇതിൽ 'മാങ്ങ, ബാലി' എന്നിവ യഥാക്രമം അചേതന - ചേതന കർത്തൃകങ്ങളാണ്. എന്നാൽ 'വീഴ്ത്തി' എന്ന ക്രിയ രണ്ടു വാക്യത്തിലും രൂപപരമായും ആർത്ഥികമായും സമാനമാണ്. 'ഉറങ്ങുക - കലങ്ങുക' എന്നൊരു ഉദാഹരണമാണ് മറ്റൊന്ന്. ചേതനധർമ്മമായ 'ഉറങ്ങുക' എന്നത് അചേതനധർമ്മമായ 'കലങ്ങുക' എന്നതിനോട് രൂപത്തിൽ സമാനമാകുന്നു. സചേതന-അചേതന കർത്തൃത്വങ്ങളിലെ ഇത്തരം അവ്യവസ്ഥകൾ നിലനിൽക്കുന്നതിനാൽ ക്രിയകളെ അതിന്റെ അടിസ്ഥാനത്തിൽ വർഗ്ഗീകരിക്കാൻ സാദ്ധ്യമല്ലെന്ന് സുകുമാരപിള്ള അഭിപ്രായപ്പെടുന്നു.

അകർമ്മകക്രിയയെ സകർമ്മകമാക്കുമ്പോൾ ലഭിക്കുന്ന ക്രിയാരൂപത്തെ 'പ്രാപ്തകർമ്മകം' എന്നു വിളിക്കാമെന്ന ശേഷഗിരിപ്രഭുവിന്റെ നിരീക്ഷണങ്ങൾ അതിനെ അടിസ്ഥാനമാക്കി സി. എൽ. ആന്റണി അവതരിപ്പിക്കുന്ന 'കർത്തൃജ കർമ്മകം' എന്ന ആശയങ്ങൾ (സുകുമാരപ്പിള്ളയുടെ അഭിപ്രായം) എന്നീ കണ്ടുപിടുത്തങ്ങളൊന്നും വ്യാകരണചർച്ചയിൽ പ്രയോജനപ്പെടുന്നില്ല എന്ന നിലപാടാണ് സുകുമാരപ്പിള്ളയ്ക്കുള്ളത്. അദ്ദേഹത്തിന്റെ ക്രിയാവിഭജനവും നിരീക്ഷണങ്ങളും പരിശോധിക്കാം.

- ധാതുവിന്റെ മൂലരൂപം കേവലം. വ്യുൽപ്പന്നരൂപം പ്രയോജകം.

- പ്രേരണ മേൽക്കുമേൽ വരുമ്പോൾ, ആധുനികഭാഷാശാസ്ത്രപ്രകാരം ഒന്നാം പ്രയോജകം, രണ്ടാം പ്രയോജകം, മൂന്നാം പ്രയോജകം എന്നു വ്യവഹരിക്കാം. അല്ലാതെ ഓരോ ക്രിയാരൂപത്തിനും വെവ്വേറെ പേരിടുന്നത് പാഴ്വേലയാണ്.

* പ്രേരണാർത്ഥംകൂടി ഉൾക്കൊള്ളുന്ന ധാതു പ്രയോജകപ്രകൃതി അല്ലാത്ത് കേവലപ്രകൃതി (സുകുമാരപ്പിള്ള, 1980 : 259).

**3.4.3.4. ജോൺ കുന്നപ്പള്ളി :**

*ശബ്ദസൗഭഗ*ത്തിൽ ക്രിയാവിഭജനം നടത്തുകയും അവ ഉദാഹരണസഹിതം അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്. അകർമ്മകം, സകർമ്മകം, ദ്വികർമ്മകം, കേവലം, പ്രയോജകം, പ്രയോജകത്തിനു കേവലപ്രയോജകം - ദ്വിഗുണപ്രയോജകം എന്നിങ്ങനെ വിഭാഗങ്ങളാണ് കുന്നപ്പള്ളി നിരീക്ഷിക്കുന്നത്. 'ഉറങ്ങുന്നു-തിന്നുന്നു' എന്നീ ഉദാഹരണങ്ങൾ അകർമ്മകസകർമ്മകങ്ങൾക്ക് നൽകുന്നു. രണ്ടു വിഷയമുള്ള ക്രിയയെ 'ദ്വികർമ്മക'മെന്നും (ഉദാ : വേടൻ മാനിനെ അമ്പെയ്യുന്നു) പരപ്രേരണയില്ലാതെ സംഭവിക്കുന്ന ക്രിയയെ 'കേവല'മെന്നും (ഉദാ : ശിഷ്യൻ പഠിക്കുന്നു) പരപ്രേരണയോടുകൂടി നടക്കുന്നതിനെ 'പ്രയോജകം' എന്നും (ഉദാ : ഗുരു ശിഷ്യനെ പഠിപ്പിക്കുന്നു) നിർവ്വചിച്ചിരിക്കുന്നു. പ്രയോജകത്തിന്റെ രണ്ടു അവാന്തരവിഭാഗങ്ങളിൽ ആദ്യത്തേത് ഒരു പ്രയോജ്യകർത്താവു മാത്രമുള്ള 'കേവലപ്രയോജക'വും (ഉദാ: ഭൃത്യൻ കുട്ടികളെ സിനിമ കാണിക്കുന്നു) രണ്ടു പ്രയോജ്യകർത്താവുള്ള 'ദ്വിഗുണപ്രയോജക'വുമാണ് (ഉദാ : ഗൃഹനാഥൻ ഭൃത്യനെക്കൊണ്ടു കുട്ടികളെ സിനിമ കാണിപ്പിക്കുന്നു) (ജോൺകുന്നപ്പള്ളി, 1976 : 219–233)

**3.4.3.5. കെ. എസ്. നാരായണപ്പിള്ള :**

*ആധുനികമലയാളവ്യാകരണം* എന്ന കൃതിയിൽ സകർമ്മകം-അകർമ്മകം, കേവലം-പ്രയോജകം എന്നീ ക്രിയാവിഭാഗങ്ങളെ സംബന്ധിച്ചുള്ള ചില വസ്തുതകൾ മുന്നോട്ടുവെയ്ക്കുന്നു. ഇവയിൽ സകർമ്മകാകർമ്മകങ്ങൾ അർത്ഥഭേദത്തിന്റെ അടിസ്ഥാനത്തിലാണ് നിലകൊള്ളുന്നതെന്ന് നാരായണപിള്ള സമർത്ഥിക്കുന്നു. അവയ്ക്ക് രൂപഭേദമില്ലെന്നാണ് അദ്ദേഹം അർത്ഥമാക്കുന്നത്. എന്നാൽ കേവലപ്രയോജകങ്ങൾക്ക് രൂപഭേദമുണ്ട്. ഇ, പ്പി, ത്തു പ്രത്യയങ്ങൾ ചേർക്കൽ, കാരിതീകരണം, ഖരാദേശം, ഇരട്ടിപ്പ്, 'ഉവി' ചേർക്കൽ എന്നീ കാര്യങ്ങളാണ് പ്രയോജകരൂപീകരണത്തെ സാദ്ധ്യമാക്കുന്നത് (നാരായണപിള്ള, 1995 : 118-123).

**3.4.3.6. എ. പി. ആൻഡ്രൂസുകുട്ടി :**

ഒരു വാക്യത്തിൽ ക്രിയകൾ പെരുമാറുന്ന രീതിയെ അടിസ്ഥാനമാക്കിയാണ് സകർമ്മകം, അകർമ്മകം, പ്രയോജകം എന്നീ വിഭജനം നടത്തേണ്ടതെന്ന ആശയമാണ് 'അകർമ്മകവും സകർമ്മകവും മലയാളത്തിൽ' എന്ന ലേഖനത്തിൽ ആൻഡ്രൂസുകുട്ടി വ്യക്തമാക്കുന്നത്. ചോംസ്കിയുടെ രചനാന്തരണവ്യാകരണ

ത്തിന്റെ അടിസ്ഥാനത്തിൽ മലയാളവാക്യരചനയിൽ ക്രിയകൾക്കുണ്ടാകുന്ന മാറ്റങ്ങളെ വിശദമാക്കുകയാണ് ലേഖകൻ ചെയ്തിട്ടുള്ളത്. ആർത്ഥികമായി പ്രേരകവൽക്കരണപ്രക്രിയയാണ് സകർമ്മകവൽക്കരണം എന്നതിനാൽ അതിനെ കർമ്മയോഗം എന്ന പേര് അദ്ദേഹം നൽകിയിരിക്കുന്നു. ഈ വ്യാകരണപ്രക്രിയയെ മൂന്ന് ഘട്ടങ്ങളായി വിവരിക്കുന്നു.

ഉദാ : രാമൻ മരത്തിൽനിന്ന് ഇറങ്ങുന്നു (അകർമകം)

ഒന്നാംഘട്ടം:- (ഇറങ്ങുന്നു) → ഇറക്കുന്നു (സകർമ്മകവൽക്കരണം)

രണ്ടാംഘട്ടം:- ഇറക്കുന്നു → ഇറക്കിക്കുന്നു പ്രേരകം 1

മൂന്നാംഘട്ടം:- ഇറക്കിക്കുന്നു → ഇറക്കിപ്പിക്കുന്നു പ്രേരകം 2 (1981 : 30-31)

**3.4.3.7. ഇ. വി. എൻ. നമ്പൂതിരി :**

*കേരളഭാഷാവ്യാകരണം* എന്ന കൃതിയിലും 'പ്രയോജകക്രിയ' എന്ന ലേഖനത്തിലുമായി മലയാളത്തിലെ ക്രിയാരൂപങ്ങളെ സംബന്ധിച്ചുള്ള വേറിട്ട നിഗമനങ്ങൾ ഇ. വി. എൻ. അവതരിപ്പിക്കുന്നു. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ സകർമ്മകത്വം ആവർത്തിക്കുന്നതാണ് പ്രയോജകം (''സകർമ്മകമിരട്ടിച്ചാലതുതന്നേ പ്രയോജകം'' (ഇ. വി. എൻ., 2005 : 110) *കേരളപാണിനീയ*ത്തിലെ ക്രിയാവിഭജനങ്ങളിലും പ്രത്യയനിർണയനങ്ങളിലും ക്ലിഷ്ടത ഉള്ളതിനാൽ ആ രീതി ഇ. വി. എൻ. അംഗീകരിക്കുന്നില്ല. പ്രയോജകത്തിൽ പ്രത്യേകം പ്രത്യയം ആവശ്യമില്ലെന്നും സകർമ്മകത്തിന്റെ പ്രത്യയം ആവർത്തിച്ചാൽ അത് പ്രയോജകമാകുമെന്നുമുള്ള കാഴ്ച്ചപ്പാടാണ് ലേഖകൻ സ്വീകരിച്ചിട്ടുള്ളത്.

ഉദാ : അരയുക (അകർമ്മകം)

അരയ്ക്കുക (കാരിതീകരണത്താൽ സകർമ്മകം)

അരപ്പിക്കുക (കാരിതക്രിയകൾക്ക് 'പ്പി' സകർമ്മകപ്രത്യയം)

അരപ്പിപ്പിക്കുക (സകർമ്മകത്വം ആവർത്തനം) (2005 : 110-111)

മേൽപറഞ്ഞ ഉദാഹരണത്തിലെപോലെ സകർമ്മകത്വം എത്രതവണ ആവർത്തിക്കാമെന്നതിന് നിയമമില്ലെന്നു അഭിപ്രായപ്പെടുന്നു.

'പ്രയോജകക്രിയ' എന്ന ലേഖനത്തിൽ സകർമ്മകത്തിനും പ്രയോജകത്തിനും ഒരേ പ്രത്യയംതന്നെ ഉപയോഗിക്കുന്നുവെന്ന വിമർശനം ഏ. ആർ., സി.

എൽ. ആന്റണി എന്നിവർക്കെതിരെ ഉന്നയിക്കുന്നു. സകർമ്മകത്തിനു പകരം അചേതനപ്രയോജകം എന്ന പേർ കേരളപാണിനി സ്വീകരിച്ചിരിക്കുന്നത് ഉചിതമ ല്ലെന്ന പക്ഷമാണ് ഇ. വി. എന്നുള്ളത്. പ്രയോജ്യൻ അചേതനമാകുമ്പോൾ അവനെ പ്രയോജകൻ പ്രേരിപ്പിക്കുന്നതെങ്ങനെയെന്ന ചോദ്യം കേരളപാണിനി തന്നെ ഉന്നയിക്കുന്നുണ്ട്. അചേതനപ്രയോജകം എന്ന സംജ്ഞയേക്കാൾ യുക്ത മാവുന്നത് കർമ്മയോഗംതന്നെയാണെന്ന് ലേഖകൻ അഭിപ്രായപ്പെടുന്നു. ഈ പ്രശ്നത്തെ പരിഹരിക്കുന്നതിനുള്ള ഉപാധിയെന്ന നിലയിലാണ് കർത്തൃജ കർമ്മക'ത്തെ സി. എൽ. ആന്റണി അവതരിപ്പിക്കുന്നത്. അതിനെതിരെയും വിമർശനങ്ങൾ ഈ ലേഖനത്തിലുണ്ട്.

- കർമ്മത്തെ കർത്താവാക്കുന്ന കർമ്മണിപ്രയോഗം ആര്യാദിഭാഷകളിലുണ്ട്. അതിനു സമാനമായാണ് ദ്രാവിഡഭാഷകളിലെ കർത്താവിനെ കർമ്മമാ ക്കുന്ന ഭാഷാപ്രക്രിയയെ സി. എൽ. ആന്റണി സാമ്യപ്പെടുത്തുന്നത്. കള്ളനെ ഓടിച്ചു, ജനങ്ങളെ ഇളക്കിവിടുന്നു എന്നീ ഉദാഹരണങ്ങളാണ് അദ്ദേഹം നൽകുന്നത്. എന്നാൽ ഇത്തരം വാക്യങ്ങളിൽ കർത്താവ് കർമ്മ മാകുകയല്ല മറിച്ച് 'കർത്തൃലോപം' ആണ് സംഭവിക്കുന്നതെന്ന് ഇ. വി. എൻ. തിരുത്തുന്നു.

- കർത്തൃരഹിതവാക്യപ്രയോഗങ്ങൾ ഇല്ലാത്തതുകൊണ്ടാണ് ആര്യാദിഭാഷ കൾക്ക് കർമ്മത്തെ കർത്താവാക്കേണ്ടി വരുന്നത്. എന്നാൽ മലയാളത്തി ലാകട്ടെ കർത്താവിനെ ഉപേക്ഷിക്കുമ്പോൾ മറ്റൊരു മാറ്റവും വരുത്തേണ്ട ആവശ്യമില്ല. കർത്തൃരഹിതവാക്യങ്ങൾ യാതൊരു മാറ്റവും കൂടാതെ നമ്മുടെ ഭാഷയിൽ സാദ്ധ്യമാണെന്നിരിക്കെ സി. എൽ. ആന്റണി നിർദ്ദേശി ക്കുന്നപോലെ കർത്താവിനെ കർമ്മമാക്കുന്നതിലെ അനൗചിത്യമാണ് ഇ. വി. എൻ. വിമർശനവിധേയമാക്കുന്നത്.

- കർത്താവിനെ കർമ്മമാക്കുമ്പോൾ (സി. എൽ. ആന്റണിയുടെ 'കർത്തൃജ കർമകം) യഥാർത്ഥത്തിൽ 'കർത്താവ്' അനുക്തമാകുന്നില്ലെന്നും വേഷം മാറി കർമ്മരൂപത്തിൽ പ്രത്യക്ഷപ്പെടുക മാത്രമല്ലേ ചെയ്യുന്നതെന്നും ഇ. വി. എൻ മറ്റൊരു ആരോപണവും ഉന്നയിക്കുന്നു.

- 'കള്ളനെ ഓടിച്ചു' എന്നതിൽ കർത്താവ് ഇല്ലെന്നു വിചാരിച്ച് 'കർത്തൃജ കർമകം' എന്നു വിളിച്ചെന്നിരിക്കട്ടെ. എന്നാൽ 'രാമൻ വടി ഒടിക്കുന്നു' എന്നതിൽ കർത്താവ് ഉള്ളതുകൊണ്ട് കർത്തൃജകർമകം എന്നു പറയാൻ കഴിയുമോ എന്ന ചോദ്യമാണ് ഇ. വി. എൻ. ഉന്നയിക്കുന്നത്. കർത്തൃജ

കർമ്മകം എന്ന സി. എൽ. ആന്റണിയുടെ നിരീക്ഷണത്തെ വിമർശിക്കുന്ന വസ്തുതയാണിത്.

- കർത്തൃജകർമ്മകത്തിനും പ്രയോജകത്തിനും 'പ്പി', 'ഇക്ക്' എന്നീ പ്രത്യയങ്ങൾ കേരളപാണിനീയഭാഷ്യകാരൻ ഒരേപോലെ ഉപയോഗിക്കുന്നുണ്ട്. 'പ്രേരണാർത്ഥമുള്ള പ്രയോജകക്രിയ പ്രത്യേകം പ്രത്യയങ്ങളുണ്ടെന്ന്' തന്റെ തന്നെ പ്രസ്താവനയെ സി. എൽ. ആന്റണി ഇവിടെ നിരാകരിച്ചിരിക്കുന്നുവെന്നാണ് ഇ. വി. എൻ. വീക്ഷിക്കുന്നത്.

- ചുരുക്കത്തിൽ 'കർത്തൃജകർമ്മകം' എന്ന ഉപാധി സ്വീകരിക്കുന്നതുകൊണ്ട് പ്രയോജകക്രിയയുടെ രൂപനിഷ്പത്തി സുഗമമായി കണ്ടെത്താൻ സാദ്ധ്യമല്ലെന്നാണ് ഇ. വി. എൻ. സമർത്ഥിക്കുന്നത് (ശ്രീനാഥൻ, സെയ്തലവി, 2017 : 612-628)

**3.4.3.8. പി. ടി. അബ്രഹാം :** 'മലയാളത്തിലെ പ്രയോജകങ്ങൾ' എന്ന ലേഖനത്തിൽ സി. എൽ. ആന്റണിയുടെ നിരീക്ഷണങ്ങളെ പി. ടി. അബ്രഹാം ഖണ്ഡിക്കുന്നു. മലയാളത്തിലെ ക്രിയാരൂപങ്ങളെ സംബന്ധിച്ചുള്ള കാൾഡ്വെൽ, ഗുണ്ടർട്ട്, കേരളപാണിനി, ശേഷഗിരിപ്രഭു എന്നിവരുടെ വിവരണങ്ങളിൽ അപര്യാപ്തതയുണ്ടെന്ന് സ്ഥാപിക്കുകയും ക്രിയകളെ സംബന്ധിച്ച സങ്കീർണതയുള്ള ഭാഷാപ്രശ്നങ്ങൾക്ക് പരിഹാരം കാണാനെന്നോണം കേവലം - കർത്തൃജകർമ്മകം - പ്രയോജകം എന്നീ ക്രിയാരൂപങ്ങളെ അവതരിപ്പിക്കുകയുമാണ് സി. എൽ. ആന്റണി ചെയ്തിട്ടുള്ളത്. എന്നാൽ ആ ശ്രമം വിജയിച്ചിട്ടില്ല എന്ന അഭിപ്രായമാണ് അബ്രഹാമിനുള്ളത്. മറ്റൊരു വർഗ്ഗീകരണമാണ് അദ്ദേഹം മുന്നോട്ടുവെയ്ക്കുന്നത്. 'കേവലം - ഏകവ്യാപാരപ്രയോജകം - ദ്വിവ്യാപാരപ്രയോജകം' എന്നതാണത്.

എല്ലാ പ്രയോജകവാക്യങ്ങളും സകർമ്മകങ്ങളായിരിക്കും, എന്നാൽ എല്ലാ സകർമ്മകങ്ങളും പ്രയോജകങ്ങളാവില്ല, അകർമ്മകങ്ങൾ പ്രയോജകമാവുന്ന പ്രക്രിയയിൽ സകർമ്മകവൽക്കരണവും സംഭവിക്കുന്നു, ആ പ്രക്രിയയെ 'പ്രയോജകീകരണം' എന്നു പറയാം. ഇത്തരം ആശയങ്ങൾ രേഖപ്പെടുത്തുന്നതിനൊപ്പം പ്രയോജകങ്ങളും സകർമ്മകങ്ങളും തമ്മിലുള്ള അവിഭേദ്യബന്ധം ശ്രദ്ധിക്കാതെപോയതിനാലാണ് പൂർവ്വവൈയാകരണന്മാരുടെ ക്രിയാവർഗ്ഗീകരണങ്ങളിൽ തെറ്റുകൾ സംഭവിച്ചിരിക്കുന്നതെന്നും ആരോപിക്കുന്നു. അതേ തെറ്റുതന്നെയാണ് സി. എൽ. ആന്റണിയ്ക്കും സംഭവിച്ചിട്ടുള്ളതെന്നും നിരീക്ഷിക്കുന്നു (2017 : 629-637).

**3.4.3.9. വി. കെ. ഹരിഹരനുണ്ണിത്താൻ :**

'കർത്തൃജകർമ്മകം : ഒരു ത്രിശങ്കു' എന്ന ലേഖനത്തിൽ കേരളപാണിനീയ ഭാഷ്യകാരന്റെ 'കേവലം - കർത്തൃജകർമ്മകം - പ്രയോജകം' എന്നീ നൂതന പരികല്പനകളെ നിഷ്കൃഷ്ടമായ പരിശോധനയ്ക്ക് വിധേയമാക്കുകയാണ് ഹരിഹരനുണ്ണിത്താൻ ചെയ്തിരിക്കുന്നത്. സി. എൽ. ആന്റണിയുടെ 'കർത്തൃജകർമ്മക'ത്തെ വിമർശിച്ചുകൊണ്ട് ലേഖകൻ ഉന്നയിക്കുന്ന വാദമുഖങ്ങൾ പരിശോധിക്കാം:

- 'കർത്താവിൽനിന്ന് ജനിക്കുന്ന കർമ്മം' എന്ന അർത്ഥമാണ് കർത്തൃജകർമ്മകത്തിനുള്ളത്. എന്നാൽ സി. എൽ. ആന്റണി നൽകുന്ന ഉദാഹരണവാക്യങ്ങളും വിശദാംശങ്ങളും പരിശോധിച്ചാൽ അവിടെയൊക്കെ കർത്താവ് കർമ്മമാകുന്നതേയുള്ളു. കർമ്മത്തിനു ജന്മമരുളുന്നില്ലെന്നു കാണാം. അതിനാൽ കേവലകർത്താവ് കർമ്മമാകുന്ന പ്രക്രിയയ്ക്ക് 'കർത്തൃകർമ്മകം' എന്നു സംജ്ഞയാകും ഉചിതമെന്ന് ലേഖകൻ പ്രസ്താവിക്കുന്നു.

- കർത്തൃജകർമ്മകത്തിന്റെ രണ്ടു സവിശേഷതകൾ സി. എൽ. ആന്റണി എടുത്തു പറയുന്നുണ്ട്. (i) ദ്രാവിഡഭാഷകളിലും അതിനോടു ബന്ധമുള്ള ടർക്കിഷ് ഭാഷകളിലുമേ 'കർത്തൃജകർമ്മകം' കാണുന്നുള്ളൂ; ആര്യഭാഷകളിൽ ഇല്ല. (ii) 'കർത്തൃജകർമ്മകം' ദ്രാവിഡഭാഷകളിൽ സുലഭമല്ലാത്ത കർമണിപ്രയോഗത്തിന്റെ കുറവ് നികത്തുന്നു.

  എന്നാൽ കർത്താവ് കർമ്മമാകുന്ന ഭാഷാവ്യാപാരങ്ങളെ ഹിന്ദി, സംസ്കൃതം, ഇംഗ്ലീഷ് എന്നീ ഭാഷകളിലെ ഉദാഹരണങ്ങളുടെ സഹായത്തോടെ അവതരിപ്പിച്ചുകൊണ്ട് മേൽപ്പറഞ്ഞ നിരീക്ഷണങ്ങളെ ഹരിഹരനുണ്ണിത്താൻ ഖണ്ഡിക്കുന്നു. അദ്ദേഹം നൽകുന്ന ഉദാഹരണങ്ങളിൽ ചിലത് താഴെ കൊടുക്കുന്നു:-

(i) ഹിന്ദി - ക്രിയാരൂപം 'ഗിർനാ' (അകർമകം)

- പത്താ ഗിരാ (ഇലകൊഴിഞ്ഞു)
- രാം നേ പത്താ ഗിരായാ (രാമൻ ഇലകൊഴിച്ചു)
- ഗോപാൽ നേ രാം സേ പത്താ ഗിർവായാ (ഗോപാലൻ രാമനെക്കൊണ്ട് ഇല കൊഴിയിച്ചു)

(ii) സംസ്കൃതം – ക്രിയാരൂപം 'ഗമ്' (അകർമകം)

- രാമോ ഗച്ഛതി (രാമൻ പോകുന്നു)
- കൃഷ്ണ : രാമം ഗമയതി (കൃഷ്ണൻ രാമനെ പോക്കുന്നു)
- ഹരി : കൃഷ്ണേന രാമം ഗമയതി (ഹരി കൃഷ്ണനെക്കൊണ്ട് രാമനെ പോക്കിക്കുന്നു)

(iii) ഇംഗ്ലീഷ് – ക്രിയാരൂപം 'Run' (അകർമകം)

- The horse runs (കുതിര ഓടുന്നു)
- Rama runs the horse (രാമൻ കുതിരയെ ഓടിക്കുന്നു)

- കർത്തൃരഹിതവാക്യങ്ങൾ നിർമ്മിക്കുക എന്ന പ്രയോജനമുള്ള കർമ്മണി പ്രയോഗത്തിനു ബദലല്ല സി. എൽ. ആന്റണിയുടെ 'കർത്തൃജകർമ്മകം' എന്ന വാദവും ഈ ലേഖകനുണ്ട്' കർത്തൃജകർമ്മകവാക്യങ്ങളുടെ ആകാംക്ഷ പൂർത്തിയാകുവാൻ കർത്താവിനെ വാച്യമായി നിർദ്ദേശിക്കേണ്ടത് അനിവാര്യമാണ്. 'കള്ളനെ ഓടിച്ചു, ജനങ്ങളെ ഇളക്കിവിടുന്നു' എന്നിങ്ങനെയുള്ള സി. എൽ. ആന്റണിയുടെ ഉദാഹരണങ്ങളിൽ കർത്താവിനെ സംബന്ധിച്ച ആകാംക്ഷ പൂർത്തിയാകുന്നില്ലെന്നും സമർത്ഥിച്ചിരിക്കുന്നു.

- കർത്താവിനെ അപേക്ഷിച്ച് കർമ്മത്തിന് പ്രാധാന്യം കൊടുക്കേണ്ടതാണ് കർമണിപ്രയോഗം. 'കർത്തൃജകർമ്മകം' ആ ലക്ഷ്യം നിറവേറ്റുന്നില്ലെന്നും വീക്ഷിക്കുന്നു.

- സി. എൽ. ആന്റണി 'വ്യാകരണികകർമ്മം' വിശദമാക്കുന്ന 'രാമൻ കുതിരയെ ഓടിക്കുന്നു' എന്ന ഉദാഹരണവാക്യത്തെ സംബന്ധിച്ചാണ് ഹരിഹരനുണ്ണിത്താൻ മറ്റൊരു വിമർശനം ഉന്നയിക്കുന്നത്. 'കർത്തൃജകർമ്മകത്തെ വ്യാകരണികകർമ്മമായേ പരിഗണിക്കാനാവൂ' എന്ന കേരളപാണിനീയഭാഷ്യകാരന്റെ അഭിപ്രായത്തെയാണ് ആലോചനയ്ക്കെടുക്കുന്നത്. ''രാമൻ കുതിരയെ ഓടിക്കുന്നു എന്ന വാക്യത്തിൽ രാമൻ ചെയ്യുന്ന വ്യാപാരമാണ് വിവക്ഷിതം; അല്ലാതെ കുതിര ചെയ്യുന്നതോ കുതിരക്കു സംഭവിക്കുന്നതോ ആയ വ്യാപാരമല്ല. രാമൻ ചെയ്യുന്ന വ്യാപാരത്തിന്റെ ഫലം കുതിരയിലേക്കു സംക്രാന്തമാവുകയാണ്''.

'മന്ത്രി രാജ്യം ഭരിക്കുന്നു' എന്ന വാക്യത്തിൽ 'രാജ്യം' വ്യാകരണികകർമ്മം ആണ് എന്നു പറയാറില്ല. അതേപോലെതന്നെയാണ് കർത്തൃജകർമ്മ കത്തെ വ്യാകരണികകർമ്മം ആയി കണക്കാക്കരുതെന്ന് ഹരിഹരനുണ്ണി ത്താൻ പ്രസ്താവിക്കുന്നത്. അതുകൊണ്ടുതന്നെ 'കർത്തൃജകർമ്മക'ത്തെ സകർമ്മകത്തിൽ അന്തർഭവിപ്പിക്കാമെന്നും അദ്ദേഹം പറയുന്നു.

- ചേതനകർത്തൃകം - അചേതനകർത്തൃകം എന്ന വിഭജനംതന്നെ അസംഗ തമാണെന്ന് ഹരിഹരനുണ്ണിത്താൻ വീക്ഷിക്കുന്നു. അചേതനകർത്തൃകക്രി യകൾക്കുദാഹരണമായി സി. എൽ. ആന്റണി നൽകുന്ന 'നിറയുക', 'നന യുക' എന്നിവ ചേതനകർത്തൃകങ്ങളുമാണെന്ന് 'സഭയിൽ ആളുകൾ നിറ ഞ്ഞു, രാമൻ മഴ നനഞ്ഞു' എന്നീ ഉദാഹരണങ്ങളിലൂടെ ലേഖകൻ സമർത്ഥിക്കുന്നു. ഇങ്ങനെ അവ്യവസ്ഥ നിലനിൽക്കുന്ന ഒരു ആശയത്തെ പ്രൊഫ.ആന്റണി കർമ്മത്തിന്റെ മണ്ഡലത്തിലേക്കും വലിച്ചിഴയ്ക്കുന്ന തിനെ അദ്ദേഹം നിരാകരിക്കുന്നു. ക്രിയകൾ ചേതനകർമ്മമാണെങ്കിൽ അവയ്ക്ക് 'കർത്തൃജകർമ്മകം' ഇല്ലെന്ന ആന്റണിയുടെ നിരീക്ഷണത്തെ 'മന്ത്രി രാജ്യം ഭരിക്കുന്നു' എന്നതിലെ കർമ്മമായ 'രാജ്യം' അചേതനമാ യിട്ടും അതിലെ ക്രിയയ്ക്ക് 'കർത്തൃജകർമ്മകം' ഇല്ലെന്നുള്ള മറുവാദ ത്താൽ വിമർശിക്കുന്നു (2017: 638-649).

**3.4.3.9. എം. ലീലാവതി :**

'അകർമ്മകസകർമ്മകങ്ങളും കേവലപ്രയോജകങ്ങളും' എന്ന ലേഖന ത്തിൽ ചില പുതിയ ക്രിയാവർഗീകരണമാനദണ്ഡങ്ങൾ നടത്തുന്നുണ്ട്. ക്രിയ കളെ അകർമ്മകം, സകർമ്മകം, ദ്വികർമ്മകം, പ്രയോജകം, ദ്വിഗുണപ്രയോജകം എന്നിങ്ങനെ അഞ്ചായി വേർതിരിച്ചാൽ അവയെ സംബന്ധിച്ചുള്ള സങ്കീർണതകൾ ഒഴിവാക്കാമെന്നാണ് ലീലാവതിയുടെ പക്ഷം. കർത്തൃവ്യാപാരത്തെ ആധാരമാ ക്കിക്കൊണ്ടുള്ള ജഡകർത്തൃകം, ചേതനകർത്തൃകം എന്ന വിഭജനങ്ങളെയും ഒഴി വാക്കുന്നതാണ് ഉചിതമെന്ന് നിർദ്ദേശിക്കുന്നു. മലയാളഭാഷയിലെ ക്രിയക ളിൽനിന്ന് കർത്തൃവാചികളായ പുരുഷപ്രത്യയങ്ങളെ വേണ്ടെന്നു വെയ്ക്കുന്ന ഒരു ഭാഷാപരിവർത്തനഘട്ടത്തിൽ ക്രിയകളെ കർത്താവിനനുസരിച്ച് വർഗ്ഗീകരിക്കുന്ന തിലെ അനൗചിത്യമാണ് ലേഖിക എടുത്തുപറയാൻ ശ്രമിക്കുന്നത്. മറയുക, വള യുക, കെട്ടുക, ഉയരുക എന്നീ ഒരുപാട് ഉദാഹരണങ്ങളെ മുൻനിറുത്തി ഒരേ ക്രിയ ഒരേ അർത്ഥത്തിൽ ജഡകർത്തൃകവും ചേതനകർത്തൃകവുമാകാറുണ്ടെന്നും അതി നാൽ ജഡകർത്തൃകം, ചേതനകർത്തൃകം എന്ന വിഭജനംതന്നെ അസാധുവാ ണെന്നും സമർത്ഥിക്കുന്നു. അകർമ്മകത്തെ സകർമ്മകമാക്കാനും ഏകകർമ്മ കത്തെ ദ്വികർമ്മകമാക്കാനും കേവലത്തെ പ്രയോജകമാക്കാനുമുള്ള രൂപവികാര ങ്ങളേതൊക്കെയെന്ന് ലീലാവതി ചൂണ്ടിക്കാട്ടുന്നുണ്ട്:-

**(1) അകർമ്മകത്തെ സകർമ്മകമാക്കാൻ**

കാരിതീകരണം, 'ത്തു' പ്രത്യയയോഗം, ഖരാദേശദ്വിത്വങ്ങൾ

ഉദാ : നിറയുക - നിറക്കുക, നടക്കുക - നടത്തുക

**(2) ഏകകർമ്മകത്തെ ദ്വികർമ്മകമാക്കാൻ**

'ത്തു' പ്രത്യയയോഗം, ഖരാദേശദ്വിത്വങ്ങൾ

ഉദാ: കടക്കുക - കടത്തുക, കേറുക - കേറ്റുക, തിന്നുക - തീറ്റുക

**(3) കേവലത്തെ പ്രയോജകമാക്കാൻ**

അകാരിതത്തിൽ 'ഇക്കു' ചേർക്കൽ, കേവലക്രിയയിൽ 'ഇക്കു' ഉള്ളപ്പോൾ 'പ്പി' പ്രത്യയയോഗം, ദ്വിഗുണപ്രയോജകത്തിനും 'പ്പി' പ്രത്യയയോഗം വരുക - വരുത്തിക്കുക, ജീവിക്കുക - ജീവിപ്പിക്കുക, ചേരുക - ചേർത്തിപ്പിക്കുക എന്നിങ്ങനെ ഈ ലേഖനത്തിൽ ലീലാവതി നൽകുന്ന ഉദാഹരണങ്ങളെ മുൻനിർത്തി തന്നെ മേൽപറഞ്ഞതിനെ വ്യക്തമാക്കാവുന്നതാണ് (2017 : 603-611).

**3.4.3.10. കെ. പി. നാരായണപിഷാരടി :**

'കേരളപാണിനീയഭാഷ്യം' എന്ന പേരിലെഴുതിയ ലേഖനത്തിൽ കെ.പി.നാരായണപിഷാരോടി അതേപേരിൽ വന്നിട്ടുള്ള സി. എൽ. ആന്റണിയുടെ കൃതിയെപഠിക്കാനാണ് ശ്രമിച്ചിട്ടുള്ളത്. ഈ കൃതിയിലെ പതിനൊന്ന് അദ്ധ്യായങ്ങളെക്കുറിച്ചും ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നുണ്ട്. ഇവിടെ പഠനവസ്തുവായെടുത്തിട്ടുള്ള 'കർത്തൃജകർമ്മകം' എന്ന ആശയത്തെ നാരായണപിഷാരോടി പുനഃരാലോചനയ്ക്കെടുക്കുന്നത് എപ്രകാരമാണെന്നു പരിശോധിക്കാം.

- സി.എൽ.ആന്റണി നിർദ്ദേശിക്കുന്ന 'കർത്തൃജകർമ്മകക്രിയ' എന്നൊന്ന് ഉണ്ടെങ്കിൽ 'കർത്തൃജകരണ'വും സ്വീകരിക്കേണ്ടതല്ലേ എന്ന വാദമാണ് ആദ്യമായി ഉന്നയിക്കുന്നത്.

കുട്ടി സത്യം പറയുന്നു (കേവലം)

അമ്മ കുട്ടിയെ സത്യം പറയിക്കുന്നു (കർത്തൃജകർമകം)

അച്ഛൻ അമ്മയെക്കൊണ്ടു കുട്ടിയെ സത്യം പറയിപ്പിക്കുന്നു (കർത്തൃജകരണം). രണ്ടാംവാക്യത്തിലെ കർത്താവായ 'അമ്മ'യിൽനിന്ന് ജനിച്ച കരണമായാണ് മൂന്നാം വാക്യത്തിലെ 'അമ്മയെക്കൊണ്ട്' എന്നതിനെ ലേഖകൻ കാണുന്നത്.

- ധാതുപ്രകൃതി കേവലം, പ്രയോജകം എന്നിങ്ങനെ രണ്ടുവിധത്തിലു ണ്ടെന്നു പറയുന്ന കേരളപാണിനി 'കർമ്മയോഗം' എന്നൊരു പ്രകൃതി കൂടി കല്പിക്കുന്നുണ്ട്. എന്നാൽ ആ സങ്കല്പത്തിനും പലതരം ദുർഘടങ്ങൾ ഉണ്ടെന്നുകണ്ട് അതിനെ തള്ളിക്കളയുകയാണ് ചെയ്യുന്നത്. അതിനെ അൽപം മാറ്റിവരുത്തി 'കർത്തൃജകർമ്മകം' എന്നപേരിൽ സ്വീകരിക്കുക യാണ് സി. എൽ. ആന്റണി ചെയ്തിരിക്കുന്നത്. എന്നാൽ പൂർവ്വവൈയാക രണന്മാരുടെ നിരീക്ഷണങ്ങളും നിരവധി ഉദാഹരണങ്ങളും ഉപയോഗിച്ച് വിശദമാക്കാൻ ശ്രമിക്കുന്ന 'കർത്തൃജകർമ്മകം' എന്ന ഉപാധിയെ കേരള പാണിനിയുടെ 'പ്രയോജക'ത്തിൽനിന്ന് വേർതിരിച്ചെടുക്കാൻ സാദ്ധ്യമല്ല. ഈ ന്യൂനത പിഷാരോടി എടുത്തുകാട്ടുന്നു.

- 'കർത്തൃജകർമ്മക'ത്തിന്റെ ലക്ഷണങ്ങൾ, പ്രത്യയങ്ങൾ എന്നിവയെ സംബ ന്ധിച്ച് സി. എൽ. ആന്റണിയുടെ ഉദാഹരണങ്ങളിൽ കാണുന്ന അവ്യവസ്ഥ യെയും നാരായണപിഷാരോടി വിമർശനവിധേയമാക്കുന്നുണ്ട്.

| കേവലം | കർത്തൃജകർമകം | പ്രയോജകം |
|---|---|---|
| കുട്ടി കരയുന്നു | അമ്മ കുട്ടിയെ കരയി ക്കുന്നു | അച്ഛൻ അമ്മയെക്കൊണ്ടു കുട്ടിയെ കരയിപ്പിക്കുന്നു |
| കുട്ടി കളിക്കുന്നു | അമ്മ കുട്ടിയെ കളിപ്പി ക്കുന്നു | അച്ഛൻ അമ്മയെക്കൊണ്ട് കുട്ടിയെ കളിപ്പിക്കുന്നു. |
| വെള്ളം പരക്കുന്നു | വേലക്കാരൻ വെള്ളം പര ത്തുന്നു | കർഷകൻ വേലക്കാരനെ ക്കൊണ്ട് വെള്ളം പരത്തി ക്കുന്നു |

മേൽ സൂചിപ്പിച്ച ഉദാഹരണങ്ങളിൽ 'കളിപ്പിക്കുന്നു' എന്ന കർത്തൃജ കർമ്മകക്രിയയും 'കരയിപ്പിക്കുന്നു' എന്ന പ്രയോജകക്രിയയും തമ്മിൽ ഭേദമില്ല. 'വെള്ളം പരക്കുന്നു' എന്ന കേവലവാക്യത്തിന്റെ കർത്തൃജകർമ്മകത്തിനും പ്രയോജകത്തിനും 'പ്പി' പ്രത്യയം കാണുന്നുണ്ട്. 'കുട്ടി കരയുന്നു' എന്ന കേവലപ്രകൃതിയുടെ ഉദാഹരണത്തിൽ പ്രയോജകത്തിനുമാത്രം 'പ്പി' കാണുന്നു. ഇങ്ങനെ അനിയതത്വം നിലനിൽക്കുന്ന സാഹചര്യത്തിൽ കർത്തൃജകർമ്മകത്തിന് ലക്ഷണം പറയാൻ എങ്ങനെ സാധിക്കുമെന്നും പിഷാരോടി സംശയമുന്നയിക്കു ന്നു.

- 'വെള്ളം പരക്കുന്നു' എന്ന വാക്യത്തിൽ കർത്താവ് 'വെള്ളം' ആണെന്ന് സി. എൽ. ആന്റണി അംഗീകരിക്കുന്നു. വെള്ളം സ്വയം ഒന്നും ചെയ്യുന്നി

ല്ലെങ്കിലും സാങ്കേതികാർത്ഥത്തിൽ വെള്ളത്തിന് കർത്തൃത്വം കൽപിക്കുകയാണ് ഇവിടെ ചെയ്തിട്ടുള്ളത്. ആ രീതിയിൽ വേലക്കാരനിൽ പ്രയോജകത്വം കല്പിക്കാവുന്നതാണ്. ഇതേ ആശയത്തെ കൂട്ടുപിടിച്ച് 'മരം ഇളകുന്നു' എന്നതിൽ 'മര'ത്തിന് കർത്തൃത്വവും 'കാറ്റ് മരം ഇളക്കുന്നു' എന്നതിലെ കാറ്റിന് പ്രയോജകകർത്തൃത്വവും നൽകാവുന്നതാണെന്ന് നാരായണപിഷാരോടി സമർത്ഥിച്ചിരിക്കുന്നു.

- ചുരുക്കത്തിൽ കേരളപാണിനിയുടെ പ്രയോജകപ്രകൃതിയിൽനിന്ന് കർത്തൃജകർമ്മകം എന്നൊരു പുതിയ പ്രകൃതികൂടി വേർതിരിച്ചെടുക്കാനുള്ള സി. എൽ. ആന്റണിയുടെ ശ്രമം വിജയപ്രദമായില്ലെന്ന നിഗമനത്തിലാണ് ലേഖകൻ ചെന്നെത്തുന്നത് (2017 : 1048-1050).

**3.4.3.11. എൻ. എൻ. മൂസ്സത് :**

*വ്യാകരണവിവേകം* എന്ന കൃതിയിലെ 'സകർമ്മകവും പ്രയോജകവും' എന്ന അദ്ധ്യായത്തിൽ പൂർവ്വപണ്ഡിതന്മാരുടെ ക്രിയാവർഗ്ഗീകരണങ്ങളിലെ പോരായ്മകൾ മൂസ്സത് രേഖപ്പെടുത്തുന്നുണ്ട്. സകർമ്മക-അകർമ്മകഭേദവും കേവല-പ്രയോജകഭേദവും പ്രാമാണികന്മാരായ ഭാഷാപഠിതാക്കൾ സവിസ്തരമായി ചർച്ച ചെയ്യുന്നുണ്ടെങ്കിലും അത്തരം ക്രിയാരൂപങ്ങളുടെ അതിർത്തിരേഖ നിർണ്ണയിക്കുന്നതിൽ ഏകാഭിപ്രായമല്ല അവർക്കുള്ളത്. ഇത്തരം വിഭജനങ്ങൾക്ക് ചേതനകർത്തൃകം-അചേതനകർത്തൃകം എന്ന തരംതിരിവ് സ്വീകരിക്കുന്നതിലും ബുദ്ധിമുട്ടുണ്ടെന്ന് മൂസ്സത് അഭിപ്രായപ്പെടുന്നു 'കാണുന്നു, കേൾക്കുന്നു, അടിക്കുന്നു' എന്നീ ക്രിയകൾ ചേതനകർത്തൃകങ്ങളാണെന്നു പറയാമെങ്കിലും ലാക്ഷണികമായി അചേതനകർത്തൃകപ്രയോഗമായും അവ വരാം. ഉദാ: 'കാറ്റ് അടിക്കുന്നു'. വ്യത്യസ്താർത്ഥകധാതുക്കളുടെ 'സമസ്വനത' (Homophony) യും ക്രിയാവിഭജനങ്ങളിലെ അതിർത്തിരേഖാനിർണ്ണയനത്തെ ബാധിക്കുന്ന ഒരു ഘടകമാണെന്ന് ലേഖകൻ വീക്ഷിക്കുന്നു. അതിനുദാഹരണമായി 'തൂക്കുക' എന്ന ക്രിയയ്ക്ക് 'അടിച്ചുവാരുക, ഉരസുക' എന്നീ അർത്ഥങ്ങൾക്കു പുറമെ, 'ഭാരം നിർണ്ണയിക്കുക' എന്നൊരു അർത്ഥവുമുണ്ടെന്ന് പറയുന്നു. രൂപതലത്തിലും ഒരു സാർവ്വത്രികത ഇത്തരം ക്രിയാരൂപങ്ങൾക്ക് കാണുന്നില്ല.

ക്രിയകളെ അർത്ഥം, രൂപം എന്നിവയുടെ അടിസ്ഥാനത്തിൽ മൂസ്സത് വർഗ്ഗീകരിക്കുന്നതെങ്ങനെയെന്നു താഴെ ചേർക്കുന്നു.

**I. അർത്ഥാടിസ്ഥാനത്തിലുള്ള വർഗ്ഗീകരണം**

(1) അകർമ്മകം - കർമ്മാപേക്ഷയില്ലാത്ത ക്രിയകൾ

ഉദാ : ഉറങ്ങുക, നടക്കുക

(2) സകർമ്മകം - ധാത്വർത്ഥംകൊണ്ടുതന്നെ കർമ്മാപേക്ഷയുള്ള ക്രിയകൾ

ഉദാ : കുടിക്കുക, എടുക്കുക

(3) പ്രാപ്തകർമ്മകം - അകർമ്മകങ്ങളിൽനിന്ന് ജനിച്ച സകർമ്മകക്രിയകൾ

ഉദാ : മറിക്കുക, മുക്കുക

(4) പ്രയോജകം - ചേതനകർത്തൃകധാതുക്കളുടെ ദ്വികർത്തൃകപ്രയോഗം

ഉദാ : കാണിക്കുക, ഉറക്കുക, തീറ്റുക, മുക്കിക്കുക

**II. രൂപത്തെ അടിസ്ഥാനമാക്കിയുള്ള വർഗ്ഗീകരണം**

(1) ബലക്രിയ (കാരിതം) : നടക്കുക, എടുക്കുക

(2) അബലക്രിയ (അകാരിതം) : എഴുതുക, ഉറങ്ങുക

(മൂസ്സത്,1984 : 163-164)

സി. എൽ. ആന്റണിയുടെ 'കർത്തൃജകർമ്മക' സിദ്ധാന്തത്തെ നിരാകരിക്കുന്നു. കേരളപാണിനിയുടെ പ്രയോജകത്തിൽ ഒരു വിഭാഗത്തിനു 'കർത്തൃജ കർമ്മക' മെന്ന പേരു നൽകി വേർപെടുത്തുന്നതുകൊണ്ട് പ്രത്യേക പ്രയോജനമില്ലെന്ന ഇ. വി. എൻ. നമ്പൂതിരിയുടെ പ്രസ്താവനയെ അംഗീകരിക്കുന്നു (1984 : 150–167).

**3.4.3.12. കെ. എം. പ്രഭാകരവാര്യർ :**

*മലയാളവ്യാകരണസമീക്ഷ*യിൽ മലയാളത്തിലെ ക്രിയകളുടെ വിഭജനത്തിലെ സങ്കീർണതകളെ വിവരിക്കുന്ന ഭാഗമാണ് 'സകർമ്മകവും പ്രയോജകവും' എന്നത്. അകർമ്മകങ്ങളെ സകർമങ്ങളാക്കാനുള്ള പ്രത്യയങ്ങൾ, അങ്ങനെ നടക്കുമ്പോൾ സംഭവിക്കുന്ന പ്രയോജകവൽക്കരണം, ചേതന-അചേതനപ്രയോജകങ്ങൾ അർത്ഥപരമായും രൂപപരമായും പ്രയോജകരൂപവൽക്കരണം നടത്തുമ്പോഴുള്ള സങ്കീർണ്ണതകൾ ഇത്തരം കാര്യങ്ങളെ ചർച്ചയ്ക്കെടുക്കുകയും അതിനുവേണ്ടി സി. എൽ. ആന്റണി, ഇ. വി. എൻ, മൂസ്സത്, പി. ടി. അബ്രഹാം, ആൻഡ്രൂസുകുട്ടി എന്നിവരുടെ നിരീക്ഷണങ്ങളെ ഒരുമിച്ചുചേർത്ത് ക്രോഡീകരിക്കുകയുമാണ് പ്രഭാകരവാര്യർ ചെയ്തിരിക്കുന്നത്.

സി. എൽ. ആന്റണിയുടെ കേവലം - കർത്തൃജകർമ്മകം - പ്രയോജകം എന്ന ക്രിയാവിഭജനം കർത്താവിനു വരുന്ന മാറ്റത്തെയും കർത്താവ് ചെലുത്തുന്ന

പ്രേരണയെയും ആസ്പദമാക്കിയാണെന്ന് പ്രഭാകരവാര്യർ നിരീക്ഷിക്കുന്നു. പ്രേരണയില്ലാത്തത് കേവലം. അത് അകർമ്മകമോ സകർമ്മകമോ ആകാം. അതിന് പ്രത്യയവുമില്ല. സ്പഷ്ടമായും പ്രേരണാർത്ഥമുള്ളതാണ് പ്രയോജകം. സി. എൽ. ആന്റണി നിർദ്ദേശിക്കുന്ന പ്രത്യയങ്ങൾ താഴെ ചേർക്കുന്നു:-

| | **കാരിതം** | **അകാരിതം** |
|---|---|---|
| കർത്തൃജകർമ്മകം | പ്പി (ചേതനത്തിനും അചേതനത്തിനും) | 'ഇക്ക്' (ചേതനകർത്തൃകം)<br>'ക്ക്, ത്ത്' (അചേതന കർത്തൃകം) |
| പ്രയോജകം | പ്പി (ചേതനം)<br>ഇക്ക് (അചേതനം) | പ്പി (ചേതനം)<br>പ്പി, ഇക്ക് (അചേതനം) |

(ആന്റണി, 2005: 97).

ഇ. വി. എൻ. നമ്പൂതിരിയുടെ അഭിപ്രായത്തിൽ പ്രയോജകക്രിയകളുടെ രൂപനിഷ്പത്തിയെ സംബന്ധിച്ചുള്ള പ്രശ്നങ്ങളുടെ അടിസ്ഥാനമാകുന്നത് പ്രയോജകക്രിയകൾക്ക് പ്രത്യേക പ്രത്യയങ്ങളുണ്ടെന്ന തെറ്റായ ധാരണയാണ്. കാരിതീകരണം, ഖരാദേശാദ്വിത്വം, ഇ-പ്പി-ത്തു പ്രത്യയയോഗം എന്നീ അഞ്ചും സകർമ്മകവൽക്കരണത്തിനും പ്രയോജകവൽക്കരണത്തിനും ഉപയോഗിക്കാമെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. സകർമ്മകപ്രയോജകങ്ങളെ സന്ദേഹമുക്തമായി വിശദീകരിക്കാൻ എ. ആറിനും സി. എൽ. ആന്റണിക്കും കഴിഞ്ഞിട്ടില്ലെന്നും പ്രസ്താവിക്കുന്നു.

ആൻഡ്രൂസുകുട്ടിയുടെ വീക്ഷണത്തിൽ സകർമ്മകവൽക്കരണം ആർത്ഥികമായി പ്രേരണവൽക്കരണപ്രക്രിയതന്നെയാണ്. ഈ പ്രക്രിയയ്ക്ക് 3 ഘട്ടങ്ങൾ അദ്ദേഹം നിർദ്ദേശിക്കുന്നു (1) സകർമ്മകവൽക്കരണം (ഇറക്കുന്നു) (2) പ്രേരകം 1 (ഇറക്കിക്കുന്നു) (3) പ്രേരകം 2 (ഇറക്കിപ്പിക്കുന്നു).

മൂസ്സത് ക്രിയകളെ അർത്ഥാടിസ്ഥാനത്തിൽ നാലായി വർഗ്ഗീകരിക്കുന്നു. (i) അകർമ്മകം (ഉറങ്ങുക), (ii) സകർമ്മകം (കുടിക്കുക), (iii) പ്രാപ്തകർമ്മകം (ഇളക്കുക), (iv) പ്രയോജകം (മുക്കിക്കുക)

അബ്രഹാം ക്രിയകളെ മൂന്നായി തരംതിരിക്കുന്നു.

(i) അകർമ്മകം (മുങ്ങുക, ആടുക)

ഏകവ്യാപാരപ്രയോജകം (മുക്കുക, മുങ്ങിക്കുക)

(ii) ആഗിരണസകർമ്മകം (കാണുക)

ഏകവ്യാപാരപ്രയോജകം (കാട്ടുക, കാണിക്കുക)

(iii) അനാഗിരണസകർമ്മകം (മൂടുക)

ഏകവ്യാപാരപ്രയോജകം (മൂട്ടുക, മൂടിക്കുക, മൂടിപ്പിക്കുക)

ദ്വിവ്യാപാരപ്രയോജകം ( - )

(പ്രഭാകരവാര്യർ, 2007 : 102-103)

**ക്രോഡീകരണം**

കേരളപാണിനിയുടെ പദനിർണയനം അർത്ഥത്തെയും സ്വതന്ത്രപ്രയോഗ ശേഷിയെയും അടിസ്ഥാനമാക്കിയുള്ളതാണ്. അർത്ഥത്തെ അവലംബിക്കാതെ രൂപത്തെ മാത്രം നോക്കിയുള്ള പദത്വകല്പനയും *കേരളപാണിനീയ*ത്തിലുള്ള തായി ആന്റണി നിരീക്ഷിക്കുന്നു. അർത്ഥത്തെയും രൂപത്തെയും ഒരേപോലെ പദ മാനദണ്ഡത്തിന് പരിഗണിക്കാത്തതുകൊണ്ടാണ് ഏ. ആറിന്റെ പദവിഭാഗചിന്ത കൾക്ക് മതിയായ ഉൾക്കാഴ്ച്ച ഇല്ലാതായതെന്ന് കേരളപാണിനീയഭാഷ്യകാരൻ വിലയിരുത്തുന്നു. അർത്ഥം, രൂപം എന്നിവയെ ഒരേസമയം കണക്കിലെടുത്ത് മല യാളഭാഷയിൽ സ്വതന്ത്രപ്രയോഗാർഹങ്ങളായ പദങ്ങളെ 'ആറ്' തരത്തിൽ വർഗീ കരിച്ചിരിക്കുന്നു. നാമം, സർവ്വനാമം, നാമവിശേഷണം, ക്രിയ, ക്രിയാവിശേഷണം, വ്യാക്ഷേപകം. പാശ്ചാത്യവ്യാകരണത്തിലെ വർഗ്ഗീകരണങ്ങൾ ഉൾക്കൊള്ളുന്ന മിഷണറിവ്യാകരണകൃതികൾ പദത്തെ ഭാഷണഘടകങ്ങളെന്ന (Parts of Speech) മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നിർവചിക്കുന്നത്. നാമം, ക്രിയ, വിശേ ഷണങ്ങൾ, സർവ്വനാമങ്ങൾ എന്നിവ പ്രധാനമായും പുര-പരപ്രത്യയങ്ങൾ, വ്യാക്ഷേപകം എന്നിവയെ ഭാഷയുടെ സമകാലികാവസ്ഥയിലുള്ള പ്രയോഗങ്ങളെ സാദ്ധ്യമാക്കുന്ന പദഘടകങ്ങളായും അവർ മനസ്സിലാക്കുന്നു. 'ത്രിപദങ്ങൾ' എന്ന പൊതുവായ ഒരു പദമാനദണ്ഡം സ്വീകരിക്കുന്നുണ്ടെങ്കിലും വാക്യരചന യിൽ (Syntax) അനിവാര്യമായ പദാംഗങ്ങളെ സുദീർഘമായി ഗുണ്ടർട്ടും വിശദമാ ക്കുന്നുണ്ട്. പദങ്ങളുടെ എണ്ണത്തെ സംബന്ധിച്ച് വ്യാകരണക്കാരുടെ ഇടയിൽ തർക്കമുണ്ടെന്ന് ജോർജ്ജ് മാത്തൻ പ്രസ്താവിക്കുന്നുണ്ട്. അവയുടെ എണ്ണത്തി ലല്ല ലക്ഷണങ്ങളെ തെറ്റുകൂടാതെ പ്രതിപാദിക്കുന്നതിലാണ് കാര്യമെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. ചുരുക്കത്തിൽ മേൽപ്രസ്താവിച്ച പൂർവ്വവൈയാകരണന്മാ രൊക്കെ പദങ്ങളെ ഭാഷണോപാധികളെന്ന രീതിയിലാണ് നോക്കിക്കാണുന്നത്. ആധുനികഭാഷാശാസ്ത്രത്തെ അനുഗമിച്ചുകൊണ്ട് സി. എൽ. ആന്റണി നടത്തിയി ട്ടുള്ള പദവിഭാഗനിർണ്ണയവും പിൽക്കാലവൈയാകരണന്മാരുടെ ഇതേ സംബ ന്ധിച്ച ആലോചനകളും ഈ അധ്യായത്തിൽ വിശകലനം ചെയ്തിരിക്കുന്നു. മല യാളത്തിലെ പദവിഭാഗങ്ങളെ വകതിരിച്ചു പഠിക്കാൻ, ആദ്യമായി മുന്നോട്ടുവന്ന പണ്ഡിതൻ സി. എൽ. ആന്റണിയാണെന്ന് സുകുമാരപ്പിള്ള പ്രസ്താവിക്കുന്നുണ്ടെ

ങ്കിലും ഏതാനും വിമർശനങ്ങൾ അദ്ദേഹം ഉന്നയിക്കുന്നുണ്ട്. യഥാർത്ഥ നാമവിശേഷണങ്ങൾ മലയാളത്തിൽ ഇല്ല എന്നുള്ള ആന്റണിയുടെ അഭിപ്രായത്തെ അംഗീകരിക്കുന്നതിനൊപ്പം പേരെച്ചഭിന്നമായ വ്യക്തിത്വം ഇല്ലാത്തതിനാൽ അദ്ദേഹത്തിന്റെ 'ശുദ്ധ' നാമവിശേഷണം സ്വീകാര്യമല്ലെന്ന് സുകുമാരപ്പിള്ള വിമർശിക്കുന്നു. സ്വതന്ത്രരൂപവും പദത്വവും നൽകിക്കൊണ്ട് കേരളപാണിനീയഭാഷ്യകാരൻ ചർച്ച ചെയ്യുന്ന 'ആ' എന്നത് ബദ്ധപ്രകൃതിയായ ചുട്ടെഴുത്താണെന്നും സ്വതന്ത്രപദത്വം ഇല്ലാത്തതാണെന്നും സുകുമാരപിള്ള ആരോപിക്കുന്നുണ്ട്. 'സംഖ്യാനാമവിശേഷണ'ങ്ങൾ എന്ന രീതിയിൽ ആന്റണി സ്വതന്ത്രപദത്വം കൽപിക്കുന്ന 'ഒരു' ബദ്ധപ്രകൃതിയാണെന്ന് കെ. രാഘവൻപിള്ളയും ചുട്ടെഴുത്തുകളേക്കാൾ ബദ്ധമാണെന്ന് സുകുമാരപിള്ളയും തിരുത്തുന്നു. മുപ്പതിൽ കുറയാത്ത യഥാർത്ഥക്രിയാവിശേഷങ്ങൾ മലയാളത്തിലുണ്ടെന്നുള്ള *കേരളപാണിനീയഭാഷ്യ*ത്തിലെ വാദത്തെ 'വ്യുൽപത്തികൊണ്ട് യഥാർത്ഥ ക്രിയാവിശേഷണങ്ങൾ മലയാളത്തിൽ ഇല്ല' എന്നുള്ള മറുവാദംകൊണ്ട് ഖണ്ഡിക്കുന്നു. വ്യാക്ഷേപകത്തെ ദ്യോതകത്തിന്റെ വകഭേദമായി ഏ. ആറും സ്വതന്ത്രപദമായി ആന്റണിയും കരുതുന്നുണ്ടെങ്കിലും ഇതരപദങ്ങളോട് വ്യാകരണപരമായ ബന്ധം പുലർത്താത്തതിനാൽ വ്യാകരണസംവർഗമായി പരിഗണിക്കേണ്ടതില്ലെന്നാണ് സുകുമാരപിള്ളയുടെ പക്ഷം.

കേരളപാണിനിയുടെ അർത്ഥനിയാമകമായ പദനിർണ്ണയനമെന്ന സങ്കല്പം അസാധ്യമാണെന്ന പക്ഷമാണ് പ്രഭാകരവാര്യർക്കുള്ളത്. ഓരോ പദവും പ്രദർശിപ്പിക്കുന്ന വ്യാകരണധർമ്മത്തിന്റെ അടിസ്ഥാനമാണ് പ്രധാനം. വാക്യത്തെ ഒരു ഘടനയായും പദങ്ങളെ അതിലെ ഘടകങ്ങളായും കണ്ടുകൊണ്ട് വാക്യത്തിലെ ഘടകങ്ങളുടെ അന്യോന്യബന്ധവും രൂപസവിശേഷതകളും അടിസ്ഥാനപ്രമാണങ്ങളാക്കി അവയുടെ ഘടകപദവി നിർണ്ണയിക്കണമെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്. വാക്യത്തിലെ പെരുമാറ്റരീതി, രൂപവിഷയകവും വിന്യാസപരവുമായ മാനദണ്ഡങ്ങൾ എന്നിവയാണ് ആന്റണിയും മൂസ്സതും യഥാക്രമം നാമവിശേഷണത്തിന്റെ പദത്വത്തെ നിജപ്പെടുത്തുന്നതിന് നിയാമകങ്ങളാക്കിയിരിക്കുന്നത്. ആ വീക്ഷണത്തെ പ്രഭാകരവാര്യർ അംഗീകരിക്കുന്നുണ്ട്. വ്യുൽപ്പത്തികൊണ്ട് യഥാർത്ഥ ക്രിയാവിശേഷണങ്ങൾ മലയാളത്തിലില്ല എന്ന സുകുമാരപിള്ളയുടെ നിരീക്ഷണത്തെക്കാൾ അവയെ പ്രത്യേക പദവർഗ്ഗമായി അംഗീകരിക്കുന്ന ആന്റണിയുടെ പക്ഷത്തോടാണ് പ്രഭാകരവാര്യർക്ക് ആഭിമുഖ്യമുള്ളത്. അദ്ദേഹത്തിന്റെ 'എ, അനെ' എന്നീ രണ്ട് ക്രിയാവിശേഷണപ്രത്യയങ്ങൾ കൂടാതെ 'ഇൽ' എന്ന മറ്റൊന്നു കൂടിയുണ്ടെന്ന് പ്രഭാകരവാര്യർ ഉദാഹരണങ്ങളുടെ സഹായത്താൽ സമർത്ഥിക്കുന്നു. 'സമാസം' എന്നത് നിരവധി പദങ്ങൾ ചേർന്ന് ഒറ്റപ്പദമാകുന്നതി

നാൽ അതിനെ ഒരു പദവർഗ്ഗമായി കാണുകയും ചെയ്തിരിക്കുന്നു. 'ഗതി' കളെ പദങ്ങളോളം സ്വതന്ത്രപ്രയോഗമില്ലാത്തവയും പ്രത്യയങ്ങളോളം പരാശ്രിതത്വം ഇല്ലാത്തതുമായ ഒരു വ്യാകരണസംവർഗമായി നിരീക്ഷണം ചെയ്തിരിക്കുന്നു. സി. എൽ. ആന്റണി പദനിർണ്ണയനത്തിൽ അർത്ഥത്തെയും രൂപത്തെയും സ്വീകരിക്കുമ്പോൾ അവയ്ക്കൊപ്പം വാക്യത്തിലെ ഘടകങ്ങളെന്ന നിലയിലുള്ള പദങ്ങളുടെ പ്രയോഗസാധ്യതകളെയും ഘടനാസ്വഭാവങ്ങളെയുംകൂടി കണക്കിലെടുക്കണമെന്ന പക്ഷമാണ് പ്രഭാകരവാര്യർ അവതരിപ്പിക്കുന്നതെന്നു കാണാം.

'കേരളപാണിനീയഭാഷ്യം' എന്ന പേരിലുള്ള ലേഖനത്തിൽ കെ. പി. നാരായണപിഷാരോടിയും പദനിർണയനത്തിന്റെ മാനദണ്ഡങ്ങൾ സ്വാഭിപ്രായങ്ങളോടെ വിവരിക്കുന്നുണ്ട്. ഒപ്പംതന്നെ സി. എൽ. ആന്റണിയുടെ 'പദവിഭാഗങ്ങ'ളെ സംബന്ധിച്ചുള്ള ആലോചനകളെ പുനഃപരിശോധിക്കുകയും ചെയ്യുനനു. സർവ്വനാമങ്ങളെ നാമങ്ങളുടെ ഉപവിഭാഗമായി കാണുന്ന കേരളപാണിനീയപക്ഷത്തെ അംഗീകരിക്കുന്നുണ്ടെങ്കിലും അർത്ഥനിയാമകമായുള്ള ഏ.ആറിന്റെ പദവിഭജനത്തെ നിരാകരിക്കുന്നു. 'സർവ്വനാമം' എന്ന സംജ്ഞതന്നെ 'നാമത്വം' പ്രകടമാക്കുന്നുണ്ട്. അതിനൊപ്പം പ്രത്യയങ്ങൾ നാമങ്ങളിലെപോലെ ചേരുന്നുണ്ട്. എന്നതിനാൽ അതിനെ ഒരു പ്രത്യേക പദവിഭാഗമായി കാണുന്ന ആന്റണിയുടെ പക്ഷത്തെ എതിർക്കുന്നു. കേരളപാണിനിയുടെ 'അവ്യയ' വിഭാഗങ്ങളിൽ വ്യാക്ഷേപകത്തെമാത്രം പദമായി ഗണിക്കുന്നു, വിഭക്തിപ്രത്യയങ്ങളെപോലെയുള്ള പ്രത്യയങ്ങളായി ഗതി-ഘടകം എന്നിവയെ കാണുന്നു, ഇന്ന് ഭാഷയിൽ നിലവിലുള്ള എല്ലാ വാക്കുകളും ഉള്ളടങ്ങാത്ത പദവിഭാഗനിർണ്ണയനം നടത്തിയിരിക്കുന്നു, ഗതി-ഘടകം എന്നിവയെ സൂക്ഷ്മപരിശോധനയ്ക്ക് വിഷയമാക്കുന്നില്ല. ഇത്തരത്തിലുള്ള ധാരാളം പരിമിതികൾ ആന്റണിയുടെ പഠനത്തിനുണ്ടെന്ന് പ്രതിപാദിക്കുന്നുണ്ട്.

ശബ്ദം - പദം എന്നിവയെ ഇടകലർത്തി ഉപയോഗിക്കുകയാണ് കേരളപാണിനി ചെയ്തത്. ആ തെറ്റായ രീതിയെ മനസ്സിലാക്കാതെ പോയതിനാൽ സി. എൽ. ആന്റണിയുടെ വിശദീകരണങ്ങളിൽ അപാകതകൾ സംഭവിച്ചുവെന്നുള്ള വസ്തുതയാണ് ഇ. വി. എൻ. നമ്പൂതിരി പ്രത്യേകം പരാമർശിച്ചിട്ടുള്ളത്. വാക്യത്തിലെ പെരുമാറ്റരീതികളുടെ അടിസ്ഥാനത്തിലാണ് സി. വി. വാസുദേവഭട്ടതിരി പദങ്ങളെ നിർണയിക്കുന്നത്. നാമവിശേഷണത്തെ സ്വതന്ത്രപദവിഭാഗമായി ഗണിക്കുന്നില്ല. സർവ്വനാമത്തെ സ്വതന്ത്രപദവിഭാഗമായി കരുതുന്നുണ്ട്. നാമം, കൃതി എന്നിവയിൽനിന്ന് വരുന്നതിനാൽ ഭേദകങ്ങൾ പ്രത്യേക വിഭാഗമല്ലെന്ന് അദ്ദേഹം പറയുന്നു. സി. എൽ. ആന്റണിയുടെ 'സ്വതന്ത്രപ്രയോഗാർഹതയുള്ള നാമവിശേഷണങ്ങൾ' എന്ന സങ്കല്പത്തിലെ അപര്യാപ്തതകളാണ് എൻ. എൻ. മൂസ്സത്

ആരോപിച്ചിട്ടുള്ളത്. ആന്റണി പരാമർശിക്കുന്ന പേരെച്ചപ്രത്യയമായ 'അ' ചേർന്നുണ്ടാകുന്ന നാമവിശേഷണങ്ങൾ യഥാർത്ഥത്തിൽ രണ്ടു വകുപ്പിൽ വരുന്ന ശബ്ദങ്ങളാണെന്ന് മൂസ്സത് വാദിക്കുന്നു. കാലവിവക്ഷ നഷ്ടപ്പെട്ട പേരെച്ചങ്ങളും കാലവിവക്ഷയില്ലാത്ത ശബ്ദങ്ങളും ആയി അവയെ വിഭജിച്ചിരിക്കുന്നു.

മലയാളവ്യാകരണങ്ങളിലെ പദവർഗ്ഗീകരണത്തിൽ ഐകരൂപ്യമില്ലെന്ന പക്ഷമാണ് കെ. ശ്രീകുമാരിക്കുള്ളത്. അർത്ഥത്തെ ആസ്പദമാക്കിയുള്ള പദ നിർണ്ണയനം അശാസ്ത്രീയമാണെന്നും പ്രതിപാദിക്കുന്നു. രൂപം, അർത്ഥം എന്നി വയെ ആധാരമാക്കുമ്പോൾ പ്രത്യേക പദസംവർഗ്ഗമെന്ന സ്ഥാനം നാമവിശേഷണ ങ്ങൾക്കില്ലെങ്കിലും വാക്യാർത്ഥം സാദ്ധ്യമാക്കുന്ന അനേക ഘടകങ്ങളിലൊന്ന് എന്ന പദവി അവയ്ക്ക് നൽകുകയാണ് ആധുനികപഠിതാവായ ആർ. അശ്വതി ചെയ്തിരിക്കുന്നത്.

അർത്ഥത്തെ ആധാരമാക്കിയുള്ള പദവിഭജനത്തിന്റെ പ്രശ്നങ്ങളാണ് ആന്റണി കേരളപാണിനിയിൽ ആരോപിക്കുന്നത്. അതിനെ പരിഹരിക്കാൻ രൂപ ത്തെയും അർത്ഥത്തെയും ഒരേപോലെ മാനദണ്ഡമാക്കുന്ന ആധുനികഭാഷാശാ സ്ത്രവീക്ഷണമാണ് അദ്ദേഹം തന്റെ പദവർഗ്ഗീകരണത്തിന് അടിസ്ഥാനമാക്കുന്ന ത്. എന്നാൽ പിൽക്കാല വൈയാകരണന്മാർ വാക്യാർത്ഥത്തെ പ്രകടമാക്കുന്ന ഘടകങ്ങളെന്ന നിലയിൽ ഭാഷാപ്രയോഗത്തിന്റെ സാദ്ധ്യതകളെ പൂർണ്ണമായും ഉൾക്കൊള്ളുന്ന പദനിർണ്ണയനമാണ് അനിവാര്യമെന്നു പറയുന്നു. ആ രീതിയി ലുള്ള സൂക്ഷ്മവിശകലനത്തിന്റെ അഭാവമാണ് ആന്റണിയുടെ പദവർഗ്ഗീകരണത്തി ലുള്ളത്. വാക്യതലത്തിലുള്ള പദവിന്യാസക്രമത്തിന്റെ ആവശ്യകതയെക്കൂടി പരി ഗണിച്ചിരുന്നെങ്കിൽ അദ്ദേഹത്തിന്റെ 'അവ്യയ' പഠനങ്ങൾക്ക് കൂടുതൽ തെളിച്ചം കിട്ടുമായിരുന്നു. ഗുണ്ടർട്ടിന്റെയും മാത്തന്റെയുമൊക്കെ മുൻമാതൃകകളുടെ ശരി യായ വീക്ഷണവും ഈ അംശങ്ങളിൽ ആന്റണിയിൽ വർത്തിക്കുന്നില്ലെന്നു കാണാം.

'കേവലം-കർത്തൃജകർമ്മകം - പ്രയോജകം' എന്നുള്ള ആന്റണിയുടെ പഠ നത്തെ ആധാരമാക്കി പൂർവ്വധാരണകളെയും പിൽക്കാല വൈയാകരണനിരീക്ഷ ണങ്ങളെയും വ്യവച്ഛേദിച്ചു പഠിച്ചതിൽനിന്നും ചില നിരീക്ഷണങ്ങൾ പ്രബന്ധ ത്തിന്റെ ഭാഗമായി ഉരുത്തിരിയുന്നുണ്ട്. സകർമകം - അകർമകം, കേവലം - പ്രയോജകം എന്നിങ്ങനെയുള്ള കേരളപാണിനിയുടെ ക്രിയാവിഭജനത്തിലെ സങ്കീർണതകളെ തിരിച്ചറിയുന്നതിനൊപ്പം അവയെ ദൂരീകരിക്കാൻ ചില പുതിയ സങ്കേതങ്ങൾ കണ്ടെത്തുകയുമാണ് ആന്റണി ചെയ്തിരിക്കുന്നത്. ആധുനികവൈ യാകരണന്മാരുടെ തുടർപഠനങ്ങളിൽ *കേരളപാണിനീയഭാഷ്യ*ത്തിലെ വിശദാം ശങ്ങളും വിമർശനവിധേയമാകുന്നുണ്ട്.

അർത്ഥനിയാമകമായിട്ടാണ് ഏ. ആർ. ക്രിയകളെ സകർമകം - അകർമകം എന്നു വിഭജിച്ചിട്ടുള്ളത്. കാരിതീകരണവും -ത്തു പ്രത്യയയോഗവും സകർമ്മക ക്രിയയുടെ ലക്ഷണങ്ങളായി അദ്ദേഹം കരുതുന്നു. എന്നാൽ അകർമ്മകക്രിയ കൾക്കും ഇതേ ലക്ഷണങ്ങൾ കാണുന്നതിനാൽ 'കർമ്മയോഗം' എന്ന ഉപാധി കൽപിക്കുന്നതിൽ ദുർഘടങ്ങൾ വന്നുചേരുമെന്നു മനസ്സിലാക്കുന്നു. അതിനാൽ സകർമകത്തെ പ്രയോജകക്രിയയെന്ന വകുപ്പിൽ പ്രതിഷ്ഠിച്ചു. അകർമ്മകം സകർമ്മകമാകാനുള്ള ലക്ഷണങ്ങളൊക്കെത്തന്നെ കേവലം പ്രയോജകമാകു മ്പോഴും കാണുന്നുവെന്ന് തിരിച്ചറിഞ്ഞ് ചേതനപ്രയോജകം - അചേതനപ്രയോ ജകം എന്ന വർഗീകരണം പ്രയോജകക്രിയയ്ക്ക് നൽകുകയാണ് ഏ. ആർ ചെയ്ത ത്. അതിന്റെ ഫലമായി സകർമകരൂപം തന്നെ അചേതനപ്രയോജകമായി മാറി. ഇത്തരത്തിൽ സങ്കീർണ്ണവും കൃത്യതയുമില്ലാത്ത ക്രിയാവർഗീകരണത്തെ പരിഹരി ക്കാനായി 'കർത്തൃജകർമ്മകം' എന്നൊരു ഉപാധിയെയാണ് ആന്റണി സ്വീകരിക്കു ന്നത്. കർത്താവ് കർമ്മമാകുന്ന പ്രക്രിയയെന്നാണ് ഇതുകൊണ്ട് അർത്ഥമാക്കുന്ന ത്. കർത്താവ് ചെലുത്തുന്ന പ്രേരണ, കർത്താവ് കർമമാകുമ്പോഴുള്ള മാറ്റങ്ങൾ എന്നിവ മാനദണ്ഡമാക്കി അർത്ഥം പ്രമാണിച്ച് കേവലം-കർത്തൃജകർമകം - പ്രയോജകം എന്നുള്ള ക്രിയാവിഭജനരീതിയാണ് ആന്റണി കൈക്കൊള്ളുന്നത്. സകർമകം, പ്രയോജകം എന്നിവയെ സംബന്ധിച്ച് പൂർവ്വപഠിതാക്കൾ ഉദാഹരണ സഹിതം തങ്ങളുടെ കൃതികളിൽ വിവരിക്കുന്നുണ്ട്. അകർമ്മകത്തെ സകർമ്മക മാക്കാനുള്ള ഉപാധികൾ വിധിക്കുന്ന താരതമ്യവ്യാകരണകാരനെയും എന്നാൽ അവയെ 'ഹേതുക്രിയകൾ' (പ്രയോജകക്രിയ) ഉണ്ടാക്കാനുള്ള മാർഗ്ഗങ്ങളായി വിലയിരുത്തുന്ന ഗുണ്ടർട്ടിനെയും ഒരേസമയം പിന്തുടർന്നത് കേരളപാണിനിയുടെ നിരീക്ഷങ്ങളെ വികലമാക്കിയെന്ന പക്ഷമാണ് ആന്റണിയ്ക്കുള്ളത്. Active Verb നെ Causal or Effective verb ആക്കാനുള്ള പ്രത്യയങ്ങളെ നിർദ്ദേശിക്കുന്ന ഡ്രമ്മണ്ടും 'A Neuter - An Active - A Causal' എന്നിങ്ങനെ ക്രിയാവിഭജനം നട ത്തുന്ന കോളിൻസും സകർമ്മകക്രിയയെ അകർമ്മക്രിയയുടെ പ്രയോജകരൂപാന്ത രമായി കാണുന്ന പീറ്റും മുൻധാരണകൾ അവതരിപ്പിച്ചവരാണ്. 'അരയൻ മുങ്ങുന്നു - അരയൻ മുക്കുന്നു - അരയൻ മുങ്ങിക്കുന്നു' എന്നിവ യഥാക്രമം 'മൂല ക്രിയ - തദ്ധിതക്രിയ - കാരണിക്രിയ' എന്ന് മാത്തൻ വർഗ്ഗീകരിക്കുന്നു. ആന്റണി യുടെ കേവലം - കർത്തൃജകർമ്മകം - പ്രയോജകം എന്നീ ആശയാവലികളുടെ വേരുകൾ പൂർവ്വവൈയാകരണന്മാരുടെ ആലോചനകളിലാണ് കാണുന്നത്.

അകർമ്മകം സകർമ്മകമാകുന്ന പ്രക്രിയയെ 'സംക്രാമിതക്രിയ' എന്നാണ് മാരാര് വ്യവഹരിക്കുന്നത്. കേരളപാണിനിയുടെ 'കർമ്മയോഗം', ആന്റണിയുടെ

'കർത്ത്യജകർമ്മകം' എന്നിവയോട് സമാനമായ വസ്തുതയാണത്. കേരളപാണിനീയഭാഷ്യകാരന്റെ കേവലം - കർത്ത്യജകർമ്മകം - പ്രയോജകം എന്നതുതന്നെയാണ് ശേഷഗിരിപ്രഭുവിന്റെ കേവലപ്രകൃതി - ഹേതുക്രിയ - പ്രാപ്തകർമ്മകക്രിയ എന്നുള്ള വർഗ്ഗീകരണം. ആന്റണിയുടെ അഭിപ്രായങ്ങളോട് വിയോജിക്കുന്ന ആശയങ്ങളും ചില ആധുനികപഠിതാക്കൾ മുന്നോട്ടുവെയ്ക്കുന്നുണ്ട്. കെ. സുകുമാരപിള്ള, വി. കെ. ഹരിഹരനുണ്ണിത്താൻ, ഇ. വി. എൻ. നമ്പൂതിരി, പി. ടി. അബ്രഹാം എന്നിവരൊക്കെ ആന്റണിയുടെ കർത്ത്യജകർമ്മകം' എന്ന ആശയത്തെ വിമർശനവിധേയമാക്കുന്നുണ്ട്. പ്രത്യേക അർത്ഥവും വ്യാകരണരൂപവും കണക്കിലെടുത്തുകൊണ്ടുള്ള കേരളപാണിനീയഭാഷ്യകാരന്റെ സമീപനരീതി അംഗീകരിക്കുന്നുണ്ടെങ്കിലും പ്രത്യയനിർണ്ണയനത്തിൽ പാളിച്ചകൾ സംഭവിച്ചതായി എടുത്തുകാട്ടുന്നു. ''അമ്മ കുട്ടിയെ പടം കാട്ടുന്നു - കാണിക്കുന്നു' എന്നതിൽ കാട്ടുന്നു-കാണിക്കുന്നു എന്നീ ക്രിയാരൂപങ്ങൾക്ക് വ്യത്യാസം വരുന്നുണ്ടെങ്കിലും കാരകബന്ധത്തിന് മാറ്റം വരാത്തതിനാൽ അവ യഥാക്രമം കർത്ത്യജകർമ്മകം, പ്രയോജകം എന്ന് വേർതിരിക്കുന്ന ആന്റണിയുടെ സങ്കൽപം നിരാസ്പദമാണെന്ന് തിരുത്തുന്നു. ശേഷഗിരിപ്രഭുവിന്റെ 'പ്രാപ്തകർമ്മകം' ആന്റണിയുടെ 'കർത്ത്യജകർമകം' എന്നീ കണ്ടുപിടുത്തങ്ങളൊന്നും വ്യാകരണചർച്ചയിൽ പ്രയോജനപ്പെടുന്നില്ലെന്ന നിലപാടും സുകുമാരപിള്ളയ്ക്കുണ്ട്. ക്രിയാധാതുവിന്റെ മൂലരൂപം കേവലമെന്നും പ്രേരണാർത്ഥംകൂടി ഉൾക്കൊള്ളുന്ന വ്യുല്പന്നരൂപം പ്രയോജകമെന്നും കൈരളീശബ്ദാനുശാസനകാരൻ വിഭജിക്കുന്നു. ഈ പ്രേരണ ഒന്നിനുമേൽ ഒന്നായി സംഭവിക്കുമ്പോൾ ഒന്നാം പ്രയോജകം, രണ്ടാം പ്രയോജകം, മൂന്നാം പ്രയോജകം എന്ന് വിവരിക്കുന്നതാണ് സംഗതമെന്ന് അഭിപ്രായപ്പെടുന്നു. തന്നെയുമല്ല ഓരോ ക്രിയാരൂപത്തിനും വെവ്വേറെ പേരിടുന്നത് പാഴ്വേലയാണെന്നും പ്രസ്താവിക്കുന്നുണ്ട്.

പ്രയോജകവും സകർമകവും തമ്മിലുള്ള പരസ്പരബന്ധം ശ്രദ്ധിക്കാത്തതിനാൽ ക്രിയാവർഗീകരണങ്ങളിൽ പൂർവവൈയാകരണന്മാർക്കു സംഭവിച്ച തെറ്റുകൾ ആന്റണിയ്ക്കും സംഭവിച്ചതായി പി. ടി. അബ്രഹാം വിലയിരുത്തുന്നു. ദ്രാവിഡഭാഷകളിൽ കർത്താവിനെ കർമ്മമാക്കുന്ന ഭാഷാപ്രക്രിയയെ ആര്യാദി ഭാഷകളിലെ കർമ്മണിപ്രയോഗ(കർമത്തെ കർത്താവാക്കുക)ത്തോടാണ് ആന്റണി സാദൃശ്യപ്പെടുത്തുന്നത്. എന്നാൽ അത്തരം വാക്യങ്ങളിൽ കർത്താവ് കർമ്മമാകുകയല്ല 'കർത്തൃലോപ'മാണ് സംഭവിക്കുന്നതെന്ന് ഇ. വി. എൻ ആന്റണിയുടെ വാദത്തെ തിരുത്തിക്കൊണ്ട് അഭിപ്രായപ്പെടുന്നു. കർത്തൃഹരിതവാക്യങ്ങൾ യാതൊരു മാറ്റത്തിനും വിധേയമാകാതെ നമ്മുടെ ഭാഷയിൽ സാദ്ധ്യമാകുന്നതിനാൽ കർത്താവിനെ കർമമാക്കുന്നതിനെ സംബന്ധിച്ചുള്ള ആന്റണിയുടെ നിർദ്ദേശവും ഇ.വി. എൻ. നിരാകരിക്കുന്നു. 'പ്രേരണാർത്ഥമുള്ള പ്രയോജകക്രിയകൾക്ക് പ്രത്യേകം

പ്രത്യയങ്ങളുണ്ടെന്ന്' തന്റെ തന്നെ പ്രസ്താവനയെ തള്ളിക്കൊണ്ടാണ് കർത്തൃജ കർമകത്തിനും പ്രയോജകത്തിനും 'പ്പി, ഇക്ക്' എന്നീ പ്രത്യയങ്ങൾ കേരളപാണി നീയഭാഷ്യകാരൻ ഉപയോഗിച്ചിരിക്കുന്നതെന്നും വിമർശിക്കുന്നു. പ്രയോജകക്രിയ യുടെ രൂപനിഷ്പത്തി സുഗമമായി കണ്ടെത്താൻ ആന്റണിയുടെ 'കർത്തൃജ കർമകം' എന്ന ഉപാധി അനുയോജ്യമല്ലെന്നാണ് ഇ. വി. എൻ. നിരീക്ഷിക്കുന്നത്.

'കർത്തൃജകർമ്മകം' എന്നതിനേക്കാൾ 'കർത്തൃകർമ്മകം' എന്ന സംജ്ഞ യാണ് കൂടുതൽ ഉചിതമെന്ന് ഹരിഹരനുണ്ണിത്താൻ നിർദ്ദേശിക്കുന്നു. ആന്റണി യുടെ ഉദാഹരണവാക്യങ്ങളിൽ കർത്താവ് കർമമാകുന്ന പ്രവർത്തനമേ നടക്കുന്നു ള്ളൂ. കർമ്മത്തിന് ജന്മമരുളുന്നില്ല എന്നതിനാലാണ് അത്തരമൊരു പേര് അദ്ദേഹം സ്വീകരിച്ചത്. കർമ്മണിപ്രയോഗമെന്ന ഭാഷാവ്യാപാരത്തിന്റെ കുറവ് ദ്രാവിഡഭാ ഷകൾ പരിഹരിക്കുന്നത് 'കർത്തൃജകർമ്മകം' എന്ന പ്രത്യേകതകൊണ്ടാണെന്നും കർത്താവ് കർമ്മമാകുന്ന ഭാഷാപ്രയോഗങ്ങൾ ആര്യഭാഷകളിൽ ഇല്ലെന്നും ആന്റണി സമർത്ഥിച്ചിട്ടുണ്ട്. എന്നാൽ സംസ്കൃതം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷ കളിൽ കർത്താവ് കർമ്മമാകുന്ന നിരവധി സന്ദർഭങ്ങൾ ഉണ്ടെന്ന് ഉദാഹരണസ ഹിതം ഹരിഹരനുണ്ണിത്താൻ വിശദീകരിക്കുന്നു. കർത്തൃരഹിതവാക്യങ്ങൾ നിർമ്മിക്കുക എന്ന ലക്ഷ്യമാണ് കർമ്മണിപ്രയോഗത്തിനുള്ളത്. എന്നാൽ കർത്താവിന്റെ ആകാംക്ഷ അനിവാര്യമായി വരുന്നവയാണ് കർത്തൃജകർമ്മകവാ ക്യങ്ങൾ. കർത്തൃജകർമ്മകത്തെ വ്യാകരണികകർമ്മമായി കാണുന്ന ആന്റണി യുടെ നിർദ്ദേശത്തെയും അംഗീകരിക്കുന്നില്ല. അതിനെ സകർമ്മകത്തിൽ അന്തർഭ വിപ്പിക്കാമെന്ന് നിർദ്ദേശിക്കുന്നു. ചേതനകർത്തൃകം - അചേതനകർത്തൃകം എന്ന വിഭജനം തന്നെ അസംഗതമാണെന്ന പക്ഷമാണ് ഹരിഹരനുണ്ണിത്താനുള്ള ത്.

സി. എൽ. ആന്റണിയുടെ 'കർത്തൃജകർമ്മകം' എന്നൊരു ഭാഷാപ്രവർത്ത നമുണ്ടെങ്കിൽ 'കർത്തൃജകരണം' എന്ന മറ്റൊരു സങ്കല്പത്തെയും സ്വീകരിക്കേ ണ്ടതല്ലേ എന്ന വാദമാണ് നാരായണപിഷാരോടി ഉന്നയിക്കുന്നത്. 'കർത്തൃജ കർമ്മകം' എന്ന സിദ്ധാന്തത്തെ കേരളപാണിനിയുടെ 'പ്രയോജക'ത്തിൽനിന്ന് വേർതിരിച്ചെടുക്കാൻ സാദ്ധ്യമല്ലെന്നുള്ള നിരീക്ഷണവും അവതരിപ്പിക്കുന്നു. തന്റെ ആശയങ്ങൾ സമർത്ഥിക്കാനായി ആന്റണി ഉപയുക്തമാക്കുന്ന ഉദാഹരങ്ങ ളിൽ കർത്തൃജകർമ്മകത്തിന്റെ ലക്ഷണങ്ങളെയും പ്രത്യയങ്ങളെയും സംബന്ധിച്ച് ചില അവ്യവസ്ഥകൾ നിലനിൽക്കുന്നുവെന്ന് ആരോപിക്കുന്നു. കേരളപാണിനി യുടെ പ്രയോജകത്തിൽ ഒരു വിഭാഗത്തിന് 'കർത്തൃജകർമ്മക' മെന്നൊരു പേരു നൽകി ആന്റണി നടത്തുന്ന വിശദീകരണങ്ങൾക്കൊണ്ട് പ്രത്യേക പ്രയോജനമ

ില്ലെന്ന ഇ. വി. എൻ. നമ്പൂതിരിയുടെ പ്രസ്താവനയെ മൂസ്സതും അംഗീകരിക്കുന്നു.

'കർത്തൃജകർമ്മക'ത്തിനെതിരെ വിമർശനങ്ങൾ ഉന്നയിക്കുന്നതിനൊപ്പം ചില പുതിയ നിർദ്ദേശങ്ങളും പഠനങ്ങളും അതിനൊപ്പം അവതരിപ്പിക്കാനും ആധുനികനിരീക്ഷകർക്കു സാധിക്കുന്നുണ്ട്. അവ പ്രഭാകരവാര്യർ ക്രോഡീകരിക്കുകയും ചെയ്യുന്നു. സകർമ്മകവൽക്കരണം ആർത്ഥികമായി പ്രേരണവൽക്കരണപ്രക്രിയയാണെന്നും ആ പ്രവർത്തനത്തിന് സകർമ്മകവൽക്കരണം (ഇറക്കുന്നു), പ്രേരകം 1 (ഇറക്കിക്കുന്നു), പ്രേരകം 2 (ഇറക്കിപ്പിക്കുന്നു) എന്നീ മൂന്നു ഘട്ടങ്ങളുണ്ടെന്നും ആൻഡ്രൂസുകുട്ടി അഭിപ്രായപ്പെടുന്നുണ്ട്. ക്രിയകളെ അകർമ്മകം, സകർമകം, ദ്വികർമ്മകം, പ്രയോജകം, ദ്വിഗുണപ്രയോജകം എന്നിങ്ങനെ അഞ്ചായി വിഭജിച്ചാൽ അവയെ സംബന്ധിച്ച സങ്കീർണ്ണതകൾ ഒഴിവാക്കാമെന്നാണ് ലീലാവതിയുടെ പക്ഷം. മലയാളഭാഷയിലെ ക്രിയകളിൽനിന്ന് കർത്തൃവാചികളായ പുരുഷപ്രത്യയങ്ങളെ ഒഴിവാക്കിവരുന്ന ഒരു ഭാഷാപരിണാമഘട്ടത്തിൽ ക്രിയകളെ കർത്താവനുസരിച്ച് വർഗ്ഗീകരിക്കുന്ന അനൗചിത്യത്തെയും ലേഖിക പ്രത്യേകം പരാമർശിക്കുന്നുണ്ട്. 'കേവലം-ഏകവ്യാപാരപ്രയോജകം - ദ്വിവ്യാപാരപ്രയോജകം' എന്ന വർഗ്ഗീകരണമാണ് സി. എൽ. ആന്റണിയുടെ 'കേവലം-കർത്തൃജകർമ്മകം - പ്രയോജകം' എന്നതിനു ബദലായി പി. ടി. അബ്രഹാം അവതരിപ്പിക്കുന്നത്. കേരളപാണിനീയഭാഷ്യകാരന്റെ ക്രിയാവിഭജനത്തിന് അടിസ്ഥാനമാകുന്നത് കർത്തൃവ്യാപാരമാണെന്ന് പ്രഭാകരവാര്യർ അഭിപ്രായപ്പെടുന്നു.

ചുരുക്കത്തിൽ 'കർത്തൃജകർമ്മക'മെന്ന ആന്റണിയുടെ നൂതനഭാഷാസങ്കേതത്തിന് ഏതാനും പോരായ്മകളുണ്ടെന്നാണ് ആധുനികനിരീക്ഷണങ്ങൾ ചൂണ്ടിക്കാട്ടുന്നത്. കേരളപാണിനിയുടെ പ്രയോജകക്രിയയിൽനിന്ന് വ്യാവർത്തിപ്പിക്കാൻ സാദ്ധ്യമല്ലെന്ന വിമർശനമാണ് കർത്തൃജകർമ്മകത്തിനെതിരെ ഉയർന്നുവന്ന അരോപണങ്ങളിൽ മുഖ്യമായത്. കർമ്മണിപ്രയോഗത്തിന് പകരം വെയ്ക്കാനുള്ള ഭാഷാപ്രവർത്തനമെന്ന ആന്റണിയുടെ വാദത്തെയും മറുവാദത്താൽ ഖണ്ഡിക്കുന്നവരുണ്ട്. കർത്താവ് കർമ്മമാകുന്ന പ്രവർത്തനമെന്ന നിലയിൽ അവതരിപ്പിക്കുന്ന 'കർത്തൃജകർമ്മക'ത്തിൽ 'കർത്തൃലോപ'മാണ് സംഭവിക്കുന്നതെന്ന ഒരു വീക്ഷണവും കർമ്മത്തെ ജനിപ്പിക്കാത്തതിനാൽ 'കർത്തൃകർമ്മകം' എന്ന സംജ്ഞയാണ് ഉചിതമെന്ന മറ്റൊരു കാഴ്ച്ചപ്പാടും ഉയർന്നുവന്നിട്ടുണ്ട്. ആന്റണിയുടെ ക്രിയാവർഗ്ഗീകരണത്തിന്റെ ന്യൂനതകൾ മനസ്സിലാക്കുന്നതിനൊപ്പം മലയാളഭാഷയിലെ ക്രിയാവിഭജനത്തിലെ പോരായ്മകൾ നോക്കിക്കാണാനും അതിനെ തിരുത്തുന്ന രീതിയിൽ നൂതനപരികല്പനകൾ അവതരിപ്പിക്കാനും ആധുനികവൈയാകരണന്മാരിൽ ചിലർ ശ്രമിച്ചിട്ടുള്ളതായി കാണുന്നു.

കേരളപാണിനി പദവിഭാഗങ്ങളിലൊന്നായി പരിഗണിക്കുന്ന 'ക്രിയാ' വിശേഷണങ്ങളെക്കുറിച്ച് സി. എൽ. ആന്റണി നടത്തുന്ന ചർച്ചകൾ *കേരളപാണിനീയഭാഷ്യ*ത്തിലുണ്ട്. അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളെ മുൻപിൻപഠിതാക്കളുടെ അഭിപ്രായങ്ങളുമായി ചേർത്തുവച്ചു അപഗ്രഥിക്കാനും ഈ അധ്യായത്തിന്റെ ഭാഗമായി ശ്രമിക്കുന്നുണ്ട്. ക്രിയാവിശേഷണങ്ങൾ വിനയെച്ചജാതമാണെന്ന അഭിപ്രായമാണ് പൊതുവെ ഗുണ്ടർട്ടും കാൾഡ്വലും പുലർത്തുന്നത്. ക്രിയാജാതങ്ങളാണ് ക്രിയാവിശേഷണങ്ങളെന്ന് ഏ. ആറും കരുതുന്നു. എന്നാൽ ക്രിയാർത്ഥം നഷ്ടപ്പെട്ട് സ്വതന്ത്രപ്രയോഗാർഹങ്ങളായാണ് വാക്യത്തിൽ അവ കാണുന്നതെന്ന് ആന്റണി അഭിപ്രായപ്പെടുന്നുണ്ട്. 'എ, അനെ, എന്നീ പ്രത്യയങ്ങളാണ് അവയ്ക്ക് സ്വതന്ത്രരൂപം നൽകുന്നതെന്നും അവ വിനയെച്ചഭിന്നമല്ലെന്നുള്ള പൂർവ്വധാരണയെ തിരുത്തുകയും ചെയ്തിരിക്കുന്നു. ക്രിയാവിശേഷണത്തിന്റെ അർത്ഥവും സ്വന്തമായ രൂപവുമുള്ള, സ്വതന്ത്രപ്രയോഗാർഹങ്ങളായ യഥാർത്ഥ ക്രിയാവിശേഷണങ്ങൾ ചുരുങ്ങിയത് മുപ്പതെണ്ണത്തിൽ കുറയാതെ ഇന്നത്തെ മലയാളത്തിൽ പ്രയോഗിച്ചു പോരുന്നുണ്ടെന്ന് കേരളപാണിനീയഭാഷ്യകാരൻ കണ്ടെത്തുന്നു. ക്രിയാവിശേഷണങ്ങളുടെ പ്രത്യേകരൂപം, അർത്ഥം, സ്വതന്ത്രപ്രയോഗാർഹത എന്നിവയൊന്നും ആലോചനയ്ക്കെടുക്കുന്നില്ലെങ്കിലും ആന്റണിയുടെ 'എ, അനെ' പ്രത്യയങ്ങൾ ചേർന്ന സവിശേഷരൂപങ്ങളെ ഡ്രമ്മണ്ട്, പീറ്റ്, കോളിൻസ് തുടങ്ങിയ പൂർവ്വികർ പ്രതിപാദിക്കുന്നുണ്ട്.

ആധുനികവൈയാകരണന്മാരിൽ സുകുമാരപ്പിള്ളയുടെയും പ്രഭാകരവാര്യരുടെയും നിരീക്ഷണങ്ങൾ സി. എൽ. ആന്റണിയുടെ കാഴ്ച്ചപ്പാടുകളോടുള്ള ഇടർച്ചകളും വിമർശങ്ങളും പ്രകടമാക്കുന്നതിനൊപ്പം ക്രിയാവിശേഷണങ്ങൾക്ക് ഭാഷയിലുള്ള പ്രയോഗസാദ്ധ്യതകളെകൂടി അവതരിപ്പിക്കുന്നുണ്ട്. ' സ്വതന്ത്രപ്രയോഗാർഹതയുള്ള ക്രിയാവിശേഷണങ്ങൾ' എന്ന ആന്റണിയുടെ നവീന അന്വേഷണത്തെ സ്വാഗതം ചെയ്യുന്നുണ്ടെങ്കിലും 'ക്രിയാർത്ഥശൂന്യമായ ക്രിയാവിശേഷണം' എന്ന അദ്ദേഹത്തിന്റെ വാദത്തെ നിരാസ്പദമായാണ് സുകുമാരപിള്ള കാണുന്നത്. ക്രിയാവിശേഷണങ്ങളുടെ സ്വതന്ത്രപ്രയോഗാർഹത നിർണ്ണയിക്കുന്ന പ്രത്യയങ്ങളെന്ന് ആന്റണി കരുതുന്ന 'എ, അനെ' എന്നിവയ്ക്ക് വിനയെച്ചബാഹ്യമായ സ്വതന്ത്രരൂപമില്ലെന്ന് വാദിക്കുന്നു. വിശേഷണപ്രകൃതികളിൽനിന്നും രൂപപ്പെടുന്നുവെന്ന് പ്രസ്താവിച്ച് ആന്റണി നൽകുന്ന ക്രിയാവിശേഷണങ്ങളിൽ പലതും ഭേദകപ്രകൃതികളല്ലെന്ന് വിമർശിക്കുന്നു. ചിക്കനെ, കുത്തനെ എന്നീ 'അനെ' പ്രത്യയസഹിതമായ രൂപങ്ങൾ ചിക്കെന്ന്, പെട്ടെന്ന് എന്നിവയ്ക്ക് സമാനമായതിനാൽ 'അനെ' ചേർന്ന ക്രിയാവിശേഷണങ്ങൾ ഒരു വ്യാകരണരൂപത്തിന്റെ പദവി

അർഹിക്കുന്നില്ലെന്നും സുകുമാരപ്പിള്ള അഭിപ്രായപ്പെടുന്നുണ്ട്. ഔൽപത്തിക മായി യഥാർത്ഥ ക്രിയാവിശേഷണങ്ങൾ മലയാളത്തിൽ ഇല്ല എന്ന പക്ഷക്കാര നാണ് സുകുമാരപിള്ള. സ്വതന്ത്രപ്രയോഗാർഹങ്ങളെന്ന രീതിയിൽ അനവധി ക്രിയാവിശേഷണങ്ങൾ ഭാഷയിൽ ഉള്ളതിനാൽ ക്രിയാവിശേഷണങ്ങളെ ഒരു പ്രത്യേക പദവിഭാഗമായി പരിഗണിക്കണമെന്ന സി. എൽ. ആന്റണിയുടെ വാദം ഖണ്ഡനാർഹമല്ലെന്ന് പ്രഭാകരവാര്യർ നിരീക്ഷിക്കുന്നു. കൂടാതെ വാക്യത്തെ മുഴു വനായി വിശേഷിപ്പിക്കുന്നവ എന്ന രീതിയിൽ 'വാക്യവിശേഷണങ്ങൾ' എന്നൊരു നവീന സങ്കൽപനവും അദ്ദേഹം നടത്തുന്നുണ്ട്. കുറെ, വളരെ, വളരെ അധികം എന്നീ ക്രിയാവിശേഷണങ്ങൾക്ക് തീവ്ര - ആധിക്യവാചികളെന്ന നിലയിലുള്ള മാനദണ്ഡവും മലയാളവ്യാകരണസമീക്ഷകൻ നൽകുന്നുണ്ട്.

ക്രിയാവിശേഷണങ്ങളെ സംബന്ധിച്ചുള്ള മറ്റു ചില ആധുനികപഠനങ്ങളും പ്രസക്തമാകുന്നു. അവ വിനയെച്ചത്തെതന്നെ ഭേദകമായിട്ടുപയോഗി ക്കുന്നതാണെന്നുള്ള കേരളപാണിനീയനിരീക്ഷണത്തിൽനിന്നും വ്യത്യസ്തമായി ക്രിയയുടെ കാലം, പ്രമാണം, പ്രകാരം, സ്ഥലം, പൗർവ്വാപര്യം എന്നിങ്ങനെ ഒട്ടന വധി ഘടകങ്ങളും ക്രിയാവിശേഷണങ്ങളെ നിർണ്ണയിക്കുമെന്നാണ് ജോൺ കുന്ന പ്പള്ളിയുടെ അഭിപ്രായം. ഓരോ വാക്യത്തിലും പദങ്ങൾക്കു വിഭിന്ന സന്ദർഭ ങ്ങളിൽ വ്യത്യസ്ത ധർമ്മമായിരിക്കും. വിശേഷണമെന്നു തോന്നിപ്പിക്കുന്ന ഒരു പദം തന്നെ ചിലപ്പോൾ വെറും ക്രിയമാത്രമായി മാറാറുണ്ട്. അതിനാൽ അത്തര മൊരു അതിർത്തിനിർണയനവും ക്രിയാവിശേഷണങ്ങളെ സംബന്ധിച്ച ആലോച നകളിൽ പ്രധാനമാണെന്ന് വാസുദേവഭട്ടതിരി നിരീക്ഷിക്കുന്നു. അടിസ്ഥാനധാ തുക്കളെന്ന് നാം കരുതുന്ന ശബ്ങ്ങൾ ആദിമകാലത്ത് ഒരു പൊതുധാതു വിൽനിന്ന് രൂപംകൊണ്ടവയും നിരന്തരം പരിണാമവിധേയമാകുന്നതുമാണ്. ഇത്തരം വ്യാകരണസംവർഗ്ഗങ്ങളെ ഭാഷയിൽ കണ്ടെത്തുക പ്രയാസമായതിനാൽ നാമ-ക്രിയാവിശേഷണങ്ങളെ പ്രത്യേകവിഭാഗമായി മൂസ്സത് പരിഗണിക്കുന്നില്ല. തന്നെയുമല്ല ഭേദകം എന്നുള്ള വിഭാഗത്തെ അംഗീകരിക്കാത്ത പ്രാചീനത മിഴ്വൈയാകരണന്മാർ, കാൾഡ്വൽ, ഗുണ്ടർട്ട്, ഷൂൾബ്ലോക് എന്നിവരുടെ വീക്ഷണ ങ്ങളും മൂസ്സത് പ്രധാനമായി കാണുന്നു. നാമം, കൃതി, ഭേദകം എന്നീ തരംതിരിവു കൾ പൂർവദ്രാവിഡത്തിൽ ഇല്ലെന്ന് വാദിക്കുന്ന ആന്ദ്രനോവും മൂസ്സതിന് പൂർവ്വധാ രണയായി വർത്തിക്കുന്നു.

ആധുനികപഠനങ്ങളും പൂർവ്വികരുടെ ധാരണകളും ചേർത്തുവെച്ചു പരി ശോധിക്കുമ്പോൾ സി. എൽ. ആന്റണി പറയുന്നതുപോലെ സ്വതന്ത്രപ്രയോഗാർഹ മായ ക്രിയാവിശേഷണങ്ങൾ നമ്മുടെ ഭാഷയിൽ നന്നെ കുറവാണെന്നു പറയാം. എന്നാൽ കേരളപാണിനീയഭാഷ്യകാരന്റെ അഭിപ്രായങ്ങൾ പൂർണ്ണമായും ഖണ്ഡ നാർഹമല്ലെന്നാണ് പ്രഭാകരവാര്യരുടെ വാദം. മാത്രമല്ല ഒരു വാക്യത്തെ മുഴുവ

നായി വിശേഷിപ്പിക്കുന്ന 'വാക്യവിശേഷണങ്ങൾ' എന്നൊരു ഘടകത്തെയും മലയാളവ്യാകരണസമീക്ഷയിൽ പ്രതിപാദിക്കുന്നുണ്ട്.

*കേരളപാണിനീയഭാഷ്യ*ത്തിലെ 'നാമവിശേഷണങ്ങൾ' എന്ന അധ്യായത്തെയും 'പദാംഗങ്ങൾ' എന്ന പ്രബന്ധഖണ്ഡത്തിൽ പഠനാർഹമാക്കുന്നുണ്ട്. നാമവിശേഷണങ്ങൾ ഭാഷയിൽ ഉണ്ടെന്നും (ഏ. ആർ, ശേഷഗിരിപ്രഭു, കോവുണ്ണി നെടുങ്ങാടി) ഇല്ലെന്നും (ഗുണ്ടർട്ട്, കാൾഡ്വൽ) വാദിക്കുന്നവരുടെ പക്ഷാന്തരത്തിനു കാരണമാകുന്നത് പദനിർവ്വചനങ്ങളിൽ നടന്നിട്ടുള്ള വീക്ഷണവ്യത്യാസമാണെന്ന് ആന്റണി നിരീക്ഷിക്കുന്നു. അർത്ഥം, രൂപം എന്നീ മാനദണ്ഡങ്ങളിലൊന്നിനെ മാത്രം ഈ രണ്ടു പക്ഷക്കാർ ആശ്രയിക്കുന്നു. എന്നാൽ അർത്ഥത്തെയും രൂപത്തെയും ഒരേപോലെ പദവിഭജനത്തിന് ആശ്രയിക്കണമെന്ന ആധുനികഭാഷാശാസ്ത്രചിന്തയോടാണ് ആന്റണിക്ക് ആഭിമുഖ്യം. ഭാഷാപ്രയോഗങ്ങളുടെ സമകാലികാവസ്ഥയിൽ നാമവിശേഷണങ്ങളെക്കൂടി പരിഗണിക്കണമെന്ന പക്ഷമാണ് പൊതുവെ മിഷണറിവ്യാകരണങ്ങൾ പുലർത്തുന്നത്. വിശേഷണാർത്ഥമുണ്ടെങ്കിലും സ്വതന്ത്രമായ രൂപത്തിന്റെ അഭാവത്തിൽ കേരളപാണിനിയുടെ നാമവിശേഷണങ്ങൾ യഥാർത്ഥ ഭേദകങ്ങളാവുന്നില്ലെന്ന് ആന്റണി സമർത്ഥിക്കുന്നു. നാമത്തിൽനിന്ന് ഭിന്നമായ രൂപമില്ല, നാമാംഗജഭേദകങ്ങൾക്ക് നൽകിയിരിക്കുന്ന ഉദാഹരണങ്ങളിൽ പലതും കാലവാചികളായതിനാൽ വിശേഷണസ്വഭാവമില്ല എന്നീ ആരോപണങ്ങളാണ് ആന്റണി കേരളപാണിനിയുടെ നാമവിശേഷണചർച്ചയ്ക്കെതിരെ പ്രധാനമായി ഉന്നയിക്കുന്നത്. തമിഴ്വൈയാകരണന്മാർ നിർദ്ദേശിച്ചതുപോലെ ദ്രാവിഡത്തിൽ നാമം, കൃതി എന്നിവയുടെ പ്രകൃതികൾ മാത്രമേ ഉള്ളൂ എന്ന് തെറ്റിദ്ധരിച്ചതിനാൽ ശുദ്ധനാമവിശേഷണരൂപങ്ങളെ കാൽഡ്വലിനും വ്യവഛേദിച്ചറിയാനായില്ല. ശുദ്ധം, വിവേചകം, സാംഖ്യം എന്നീ മൂന്നു വിഭാഗങ്ങളിലായി പതിനേഴ് യഥാർത്ഥ നാമവിശേഷണങ്ങളെയാണ് ആന്റണി കണ്ടെത്തിയിട്ടുള്ളത്. എന്നാൽ ആന്റണിയുടെ നാമവിശേഷണങ്ങളിൽ പലതിനും സ്വതന്ത്രമായ വ്യാകരണരൂപവും വിശേഷണാർത്ഥവും ഇല്ലെന്നുള്ള പക്ഷക്കാരാണ് വാസുദേവഭട്ടതിരിയും മൂസ്സതും. 'നല്ല, ഒരു, ആ, ഈ' എന്നിവയെ ഭട്ടതിരിയും, 'മറ്റെ, പിറ്റെ, ആ, ഈ' എന്നിവയെ മൂസ്സതും അംഗീകരിക്കുന്നില്ല. സ്വതന്ത്രപ്രയോഗാർഹതയുള്ള നാമവിശേഷണങ്ങൾ മലയാളത്തിൽ ഇല്ലെന്ന് വാസുദേവഭട്ടതിരി ഖണ്ഡിതമായി പറയുന്നു. ദ്രാവിഡഭാഷാപണ്ഡിതരുടെ അഭിപ്രായങ്ങളെ ക്രോഡീകരിക്കുന്നതാണ് മൂസ്സതിന്റെ പഠനങ്ങൾ. കാൾഡ്വൽ, ഗുണ്ടർട്ട്, ഷൂൾബ്ലോക് എന്നിവർ 'ഭേദകം' എന്ന വകുപ്പിനെ അംഗീകരിക്കാത്തവരാണ്. ആന്ദ്രനോവാകട്ടെ ആധുനികദശയിൽ അതിനെ പ്രത്യേക പദസംവർഗ്ഗമായി കാണണമെന്ന പക്ഷക്കാരനാണ്.

നാമവിശേഷണത്തെ പ്രത്യേക പദവർഗമായി കരുതുന്നവരും അല്ലാത്തവരുമായ മലയാളവൈയാകരണന്മാരുടെ നിരീക്ഷണഭേദങ്ങളെ പ്രഭാകരവാര്യർ ആരായുന്നുണ്ട്. കെ. രാഘവൻപിള്ള, സി. വി. വാസുദേവഭട്ടതിരി, കെ. സുകുമാരപിള്ള എന്നിവർ ആദ്യവകുപ്പിലും, സി. എൽ. ആന്റണി, മൂസ്സത് തുടങ്ങിയവർ രണ്ടാമത്തെ വകുപ്പിലും വരുന്നവരാണ്. കൂടാതെ ഭേദകങ്ങളുടെ സവിശേഷതകളെ ഇഴകീറി പരിശോധിച്ച് മലയാളത്തിൽ നാമവിശേഷണം, ക്രിയാവിശേഷണം, വിശേഷണവിശേഷണം എന്ന വർഗീകരണം അംഗീകരിക്കുകതന്നെവേണം എന്ന നിഗമനത്തിലാണ് പ്രഭാകരവാര്യർ എത്തിച്ചേരുന്നത്. വാക്യാർത്ഥത്തെ പൂർത്തീകരിക്കുന്ന ഘടകങ്ങളിൽ മുഖ്യമായ ഒന്ന് എന്ന രീതിയിൽ നാമവിശേഷണങ്ങളെ പഠിക്കുന്ന ആർ. അശ്വതിയുടെ വീക്ഷണം വളരെയേറെ പ്രസക്തമാണ്. അർത്ഥത്തെയും രൂപത്തെയും ആസ്പദമാക്കിയുള്ള പദനിർണ്ണയനത്തേക്കാൾ നാമവിശേഷണങ്ങളെ വാക്യാർത്ഥനിർമ്മാണത്തിന്റെ അവശ്യഘടകമായാണ് കാണേണ്ടതെന്ന് അശ്വതി സമർത്ഥിക്കുന്നു. മിഷണറിവ്യാകരണങ്ങൾ, ജോർജ്ജ് മാത്തൻ, ആന്ദ്രനോവ് എന്നീ പൂർവ്വികപഠനങ്ങളിലൊക്കെ ഇതേ ആശയത്തിന്റ അനുരണനങ്ങൾ കാണാനാവും. അർത്ഥത്തെയും രൂപത്തെയും പുരസ്കരിച്ചുകൊണ്ടുള്ള ആന്റണിയുടെ നാമവിശേഷണപഠനം പരിമിതിയുള്ളതാണെന്നു പറയാം. പൊതുവെ വാക്യതലത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള വിശദീകരണങ്ങൾ കേരളപാണിനീയഭാഷ്യത്തിൽ കുറവാണ്. അതിനാൽ വാക്യപ്രയോഗരീതിയുടെ സമകാലികാവസ്ഥയിൽ അനിവാര്യമായ ഇത്തരം വ്യാകരണസംവർഗ്ഗങ്ങളെ അർത്ഥ-രൂപ-തലങ്ങൾക്കപ്പുറത്തേക്ക് കൊണ്ടുപോകാൻ കേരളപാണിനീയഭാഷ്യകാരന് സാധിക്കുന്നില്ല.

## അടിക്കുറിപ്പുകൾ

1. *കേരളപാണിനീയം,2015:48*
2. *കേരളപാണിനീയം,2015:152*
3. *കേരളപാണിനീയഭാഷ്യം*, ഖണ്ഡിക 3.2
4. അതേ പുസ്തകം , ഖണ്ഡിക 3.3
5. ''ഖണ്ഡിക 3.3
6. അതേ പുസ്തകം , ഖണ്ഡിക 3.4
7. കാരിക 29 വിശദവിവരങ്ങൾ
8. *കേരളപാണിനീയഭാഷ്യം*, ഖണ്ഡിക 3.4 (1)
9. *കേരളപാണിനീയഭാഷ്യം*, ഭേദകവിഭജനം-3
10. *കേരളപാണിനീയഭാഷ്യം*, ഖണ്ഡിക 3.4 (3)
11. അതേ പുസ്തകം , ഖണ്ഡിക 3.4 (5)
12. *കേരളപാണിനീയഭാഷ്യ*ത്തിലെ 9-ാം അദ്ധ്യായമാണ് 'ക്രിയാവിശേഷങ്ങൾ', എന്നുള്ളത്.
13. *കേരളപാണിനീയ*കാരിക 28 കാണുക
14. *കേരളപാണിനീയഭാഷ്യം*, ഖണ്ഡിക 3.5
15. അതേ പുസ്തകം, ഖണ്ഡിക 3.6
16. സി. എൽ. ആന്റണിയുടെ പരാമർശത്തിൽ വരുന്ന ഈ ഭാഷാശാസ്ത്രജ്ഞനെ സംബന്ധിച്ച് വിശദവിവരങ്ങൾ ലഭിച്ചിട്ടില്ല.
17. *മലയാളഭാഷാവ്യാകരണം*, ഖണ്ഡം 322
18. *കേരളപാണിനീയഭാഷ്യം*, ഖണ്ഡിക 3.6
19. സമ്പത്ത്ക്രിയ - ഒന്ന് ഒരു വിധമായി ചമയുന്നു എന്നു കാണിക്കുന്നു. ആവുക ധാതു. പറ്റുവിനകളിലിവ മിക്കതും അവ്യായങ്ങളാണ്. ആയ, ആകുന്നു, ആകും, ആം, ആയി, ആയിട്ട്, ആകെ, ആകിൽ, ആയാൽ - *ഏ. ആർ. നിഘണ്ടു*, പു. 145, (തയ്യാറാക്കിയത് : പ്രൊഫ. എം. ശ്രീനാഥൻ, തുഞ്ചത്തെഴുത്തച്ഛൻ, മലയാള സർവ്വകലാശാലാ പ്രസിദ്ധീകരണം, മാർച്ച് 2015).
20. *കേരളപാണിനീയഭാഷ്യം*, ഖണ്ഡിക 3.6
21. അതേ പുസ്തകം, ഖണ്ഡിക 3.6
22. അതേ പുസ്തകം, ഖണ്ഡിക 3.7
23. അതേ പുസ്തകം, ഖണ്ഡിക 3.8
24. സ്വതന്ത്രരൂപിമം (free morpheme)
25. ബദ്ധരൂപിമം (Bond morhome)
26. *കേരളപാണിനീയഭാഷ്യം*, ഖണ്ഡിക 3.8
27. ജോസഫ് പീറ്ററിന്റെ *മലയാളവ്യാകരണം*, 2018 : 20.
28. *ഗ്രാമർ ഓഫ് ദ മലബാർ ലാംഗ്വേജ്* - റോബർട്ട് ഡ്രമണ്ട്, 2019 : 71
29. *മലയാഴ്മയുടെ വ്യാകരണം* - റവ. ജോർജ് മാത്തൻ- 2000: 33, ഖണ്ഡം 96.
30. അതേ പുസ്തകം, പുറം 34, ഖണ്ഡം 96
31. അതേ പുസ്തകം, പുറം 34, ഖണ്ഡം 96
32. *കേരളപാണിനീയഭാഷ്യ*ത്തിലെ 3-ാം അദ്ധ്യായമാണ്.
33. സി. എൽ. ആന്റണിയുടെ പദവർഗ്ഗീകരണം - 6 തരം - നാമം, സർവനാമം, നാമവിശേഷണം, ക്രിയ, ക്രിയാവിശേഷണം, വ്യാക്ഷേപകം, *കേരളപാണിനീയഭാഷ്യം,* ഖണ്ഡിക 3.9
34. *കേരളപാണിനീയവിജ്ഞാനം II*, പു. 430.
35. അതേ പുസ്തകം, പു. 433-434.
36. ദേശബന്ധു വാരിക (11-12-1960)

37. ദേശബന്ധു വാരിക (3-1-1961)
38. *കേരളപാണിനീയവിജ്ഞാനം II*, പു. 436.
39. *കേരളപാണിനീയഭാഷ്യ*ത്തിലെ 'ക്രിയാവിശേഷണങ്ങൾ' എന്ന അദ്ധ്യായത്തിൽ സി. എൽ. ആന്റണി നടത്തുന്ന നിരീക്ഷണമാണിത്.
40. 'നാമാദിയാം വിഭാഗത്തിനെല്ലാമർത്ഥം നിയാമകം' എന്ന *കേരളപാണിനീയ* കാരിക.33
41. *മലയാളവ്യാകരണസമീക്ഷ,* 2007, ഖണ്ഡം 4.2
42. (i) ശുദ്ധം - പെരിയ, പുതിയ, പഴയ, കുറിയ, ചെറിയ, വലിയ, കൊടിയ, എളിയ, നേരിയ, നെടിയ, ഇളയ, നല്ല, മറ്റെ, പിറ്റെ - 14 എണ്ണം.

    (ii) വിവേചകം - ആ, ഈ - 2 എണ്ണം

    (iii) സാംഖ്യം - ഒരു - 1
43. നല്ല, പുതിയ, പഴയ, ചെറിയ, വലിയ, ഇളയ, എളിയ, പെരിയ, കുറിയ, നെടിയ, കൊടിയ, നേരിയ, വല്ല, ഇന്ന, ചില,പല - 'വ്യാകരണവിവേക'ത്തിൽ എൻ. എൻ. മൂസ്സത് 16 ശുദ്ധനാമവിശേഷണങ്ങളെക്കുറിച്ച് വിവരിക്കുന്നു.
44. *മലയാളവ്യാകരണസമീക്ഷ,* 2007, ഖണ്ഡം 4.3.
45. അതേ പുസ്തകം, 2007, പു. 59-60.
46. *കേരളപാണിനീയവിജ്ഞാനം II*, 2017 : 1053 - 1054.
47. ഷൂൾബ്ലോക്ക് - ദ്രാവിഡഭാഷാവ്യാകരണഘടനയെക്കുറിച്ച് പഠനങ്ങൾ നടത്തിയ ഫ്രഞ്ച് പണ്ഡിതൻ.
48. *കേരളപാണിനീയഭാഷ്യം*, 2007, ഖണ്ഡിക 8.8 - (4) പാരിമാണികം.
49. *കേരളപാണിനീയഭാഷ്യം*, 2005 : 101.
50. ആന്റോയിൻ മീലറ്റ് - ഫ്രഞ്ച് ഭാഷാശാസ്ത്രജ്ഞൻ.
51. വാന്ദ്രേ - ഫ്രഞ്ച് ഭാഷാശാസ്ത്രജ്ഞൻ.
52. ചട്ടമ്പിസ്വാമികളുടെ *ആദിഭാഷ*യിലെ നാലാം ഭാഗമായ 'പദവ്യവസ്ഥാനിരൂപണം' എന്നതിൽ ചർച്ച ചെയ്യുന്ന ആശയങ്ങളാണിത്.
53. *കേരളപാണിനീയഭാഷ്യം*, ഖണ്ഡിക 8.8 (1) ശുദ്ധം
54. അതേ പുസ്തകം, ഖണ്ഡിക 8.8 (2) വിഭാവകം
55. അതേ പുസ്തകം, ഖണ്ഡിക 8.8 (3) വിഭക്ത്യാഭാസം
56. അതേ പുസ്തകം, ഖണ്ഡിക 8.8 (4) പാരിമാണികം
57. അതേ പുസ്തകം, ഖണ്ഡിക 8.8 (5) സാർവനാമികം
58. അതേ പുസ്തകം, ഖണ്ഡിക 8.8 (6) നാമാംഗജം
59. അതേ പുസ്തകം, ഖണ്ഡിക 8.10
60. അതേ പുസ്തകം, ഖണ്ഡിക 8.11
61. അതേ പുസ്തകം, ഖണ്ഡിക 8.13
62. അതേ പുസ്തകം, ഖണ്ഡിക 8.11
63. അതേ പുസ്തകം, ഖണ്ഡിക 8.11
64. അതേ പുസ്തകം, ഖണ്ഡിക 8.12
65. അതേ പുസ്തകം, ഖണ്ഡിക 8.14
66. അതേ പുസ്തകം, ഖണ്ഡിക 8.15
67. *വ്യാകരണമിത്രം*
68. 'പാരമ്പര്യം മലയാളവ്യാകരണരചനയിൽ' എന്ന കെ. രാഘവൻപിള്ളയുടെ ലേഖനം, *കേരളപാണിനീയവിജ്ഞാനം II,* 2017 : 928.
69. അതേ ലേഖനം, *കേരളപാണിനീയവിജ്ഞാനം II*, 2017, 930.
70. അതേ ലേഖനം, *കേരളപാണിനീയവിജ്ഞാനം II*, 2017, 930.

71. അതേ ലേഖനം, *കേരളപാണിനീയവിജ്ഞാനം II*, 2017, 931.

72. 'അവധാരകഭാവി - നാമം, കൃതി, ഭേദകം എന്നിങ്ങനെയുള്ള വിഭജനം അതാത് പദങ്ങളുടെ അർത്ഥാടിസ്ഥാനത്തിലുള്ളതാണ്. കൊണ്ട്, നിന്ന് മുതലായവ ചേർത്ത് പുതിയ അർത്ഥം ഉണ്ടാക്കാം. ഭാഷയിൽ അർത്ഥം മാറുന്നതിനനുസരിച്ച് രൂപവും മാറും. സംസ്കൃതത്തിൽ വിഭക്തിപ്രത്യയ ങ്ങളിലൂടെ സ്പഷ്ടമാകുന്ന അർത്ഥം ഭാഷയിൽ പ്രത്യയങ്ങൾ, ഗതികൾ (അവ്യയം), സമാസം ഇത്യാദിയിലൂടെയാണ് പ്രകാശിതമാകുന്നത്. അർത്ഥ ത്തിന്റെ ദാർഢ്യത്തിനും ബലത്തിനും വേണ്ടി സ്വരത്തെ നീട്ടി ഉച്ചരിക്കും. ദ്രാവിഡഭാഷകളിൽ ഭാവിക്ക് ശീലം, ഉപദേശം, തത്ത്വകഥനം തുടങ്ങിയ അർത്ഥങ്ങളുമുണ്ട്. 'ഉം', 'ഉ' എന്നീ രണ്ടു ഭാവികളിലെ പ്രത്യയങ്ങൾക്കും അർത്ഥത്തിൽ ഭേദമുണ്ട്. സകർമ്മക - അകർമ്മക വേർതിരിവിന് അർത്ഥം പ്രധാനമായും ധാതുവിന്റെ സ്വത്താർത്ഥത്തിൽ ചില വിശേഷാർത്ഥങ്ങളെ ചേർക്കുകയാ് ഭേദകാനു പ്രയോഗം ചെയ്യുന്നത്. 'അല്ല' 'ഇല്ല' അർത്ഥം ഒന്നാണെങ്കിലും പ്രയോഗഭേദമുണ്ട്. വചനം നോക്കുന്നത് നാമത്തിന്റെ അർത്ഥം നോക്കിയിട്ടാണ്. ഒരേ ധാതുവിൽതന്നെ പ്രത്യയങ്ങളുടെ വ്യത്യാസം അർത്ഥമാറ്റം ഉണ്ടാക്കുന്നു.''
- പ്രൊഫ. എം. ശ്രീനാഥൻ, *ഏ.ആർ. നിഘണ്ടു*, 2015 : 58-59.

73. ഷൂൾ ബ്ലോഖ് - *The Grammatical Structure of Dravidian Languag*es.

74. ആന്ദ്രനോവ് - *Dravidian Lang*uages

75. *വ്യാകരണവിവേകം*, 1984 : 102

76. *മലയാഴ്മയുടെ വ്യാകരണം*, ഖണ്ഡിക 382.

77. *മലയാളവ്യാകരണസമീക്ഷ,* 2007 : 55

78. അതേ പുസ്തകം, 2007 : 55.

79. *മലയാളവ്യാകരണസിദ്ധാന്തങ്ങൾ*, 2015 : 276

80. അതേ പുസ്തകം, 2015 : 277-279.

81. *കേരളപാണിനീയഭാഷ്യം*, ഖണ്ഡിക 9.1

82. അതേ പുസ്തകം, ഖണ്ഡിക 9.2

83. അതേ പുസ്തകം, ഖണ്ഡിക 9.3

84. അതേ പുസ്തകം, ഖണ്ഡിക 9.4

85. അതേ പുസ്തകം, ഖണ്ഡിക 9.4

86. അതേ പുസ്തകം, ഖണ്ഡിക 9.8

87. അതേ പുസ്തകം, ഖണ്ഡിക 9.8

88. അതേ പുസ്തകം, ഖണ്ഡിക 9.9

89. *കേരളപാണിനീയഭാഷ്യം*, ഖണ്ഡിക 9.8

90. അതേ പുസ്തകം, ഖണ്ഡിക 9.4

91. അതേ പുസ്തകം, ഖണ്ഡിക 9.8

*92. കൈരളീശബ്ദാനുശാസനം*

93. അതേ പുസ്തകം

94. അതേ പുസ്തകം

95. അതേ പുസ്തകം

96. *മലയാളവ്യാകരണസമീക്ഷ,* 2007 : 57

97. അതേ പുസ്തകം, 2007 : 58

98. വാക്യവിശേഷണങ്ങൾ

99. *കേരളപാണിനീയവിജ്ഞാനം 2*, പു. 762-767

100. '*കേരളപാണിനീയഭാഷ്യ*ത്തിലെ ഏഴാം അധ്യായത്തിലാണ് 'കർത്തൃജ കർമ്മകം' എന്നുള്ള പരികല്പന സി. എൽ. ആന്റണി അവതരിപ്പിക്കുന്നത്.

101. കർമ്മയോഗം - ധാതുക്കളുടെ രൂപഭേദം നിർണ്ണയിക്കുന്നതിൽ സകർമ്മകാ കർമ്മകഭേദത്തെക്കൂടി ഒരു ഉപാധിയായി ഗണിക്കും. ഈ ഉപാധിയെ യാണ് 'കർമ്മയോഗം' എന്നു പറയുന്നത്. കാരിതീകരണം, ഖരാദേജത്തോ ടുകൂടിയോ തനിയെയോ അന്ത്യദിത്വം, 'ത്തു' പ്രത്യയയോഗം എന്നിങ്ങനെ മൂന്നു മാർഗ്ഗങ്ങളാണ് ഉപയോഗിക്കുന്നത്. സ്വരാദിപ്രത്യയങ്ങൾക്ക് 'ക്ക്', അംഗപ്രത്യയവും ഭൂതതുകാരത്തിന് ഇരട്ടിയും കർമ്മയോഗത്തിന്റെ ലക്ഷ ണങ്ങളാണ്. ധാതുക്കളിൽ 'ക്കു'വും തുകാര ദ്വിത്വവുമുള്ള രൂപം സർമ്മ കം, മറ്റേത് അകർമ്മകം.

102. *കേരളപാണിനീയം* 'ധാത്വധികാരം - കാലം' എന്ന ഭാഗത്തുള്ള ഉദാഹരണ ങ്ങൾ.

103. *കേരളപാണിനീയഭാഷ്യം*, ഖണ്ഡിക 7.4 - 7.5

## ഭാഗം 4

# പദഘടനാപ്രക്രിയാനയങ്ങൾ

*കേരളപാണിനീയ*ത്തിലെ സന്ധിപ്രകരണത്തിൽ ശബ്ദവിഭാഗങ്ങളെ സംബന്ധിച്ചുള്ള വിശദീകരണങ്ങളിൽ മലയാളത്തിലെ പദവിഭാഗനിർണ്ണയനം കേരളപാണിനി നടത്തിയിരിക്കുന്നു. എന്നാൽ ഒരു പദം രൂപീകൃതമായിവരുന്നതിനെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ ആലോചനകളാണ് ധാത്വധികാരത്തിലെ 108-ാം കാരികയിലുള്ളത്. മലയാളഭാഷയുടെ പദനിഷ്പത്തി പ്രവർത്തനങ്ങൾക്ക് ഉപയുക്തമായി വർത്തിക്കുന്ന രണ്ടു പ്രധാന നയങ്ങളാണ് അനുനാസികസംസർഗ്ഗവും ഖരാദേശദ്വിത്വവും. ഭേദകങ്ങളെയും കൃതികളെയും നാമമാക്കാൻ ഉപയോഗിക്കുന്ന നയമാണ് അനുനാസികസംസർഗ്ഗം. ഒന്ന്, കുന്ന് എന്നീ പദങ്ങളുടെ രൂപീകരണത്തെക്കുറിച്ച് വിശദീകരിക്കുമ്പോഴാണ് ഈ നയത്തിന്റെ പ്രവർത്തനം കേരളപാണിനി ഉദാഹരിക്കുന്നത്. ഖരാദേശദ്വിത്വമാകട്ടെ നാമങ്ങളിൽനിന്ന് ഭേദകങ്ങൾ ഉണ്ടാക്കാനാണ് സഹായിക്കുന്നത്. ''ടാവും റാവുമിരട്ടിപ്പൂ നാമാന്തത്തിൽ യഥോചിതം'' എന്ന ലീലാതിലകസൂത്ര(സൂത്രം 58)ത്തിന്റെ യുക്തിയെക്കുറിച്ചാണ് ഖരാദേശനയംകൊണ്ട് താൻ വ്യക്തമാക്കിയതെന്ന് കേരളപാണിനി 108-ാം കാരികയുടെ വിശദീകരണത്തിൽ നാട്ടുകാര്യം, ആറ്റുവെള്ളം, ആയിരത്താണ്ട് എന്നീ ഉദാഹരണങ്ങളോടെ സമർത്ഥിക്കുന്നുണ്ട്.

മലയാളത്തിലെ പദഘടനാപ്രക്രിയയെ സംബന്ധിക്കുന്ന പല ഭാഷാനയങ്ങളും കേരളപാണിനി ആവിഷ്കരിച്ചു വിവരിച്ചുദാഹരിക്കുന്നുണ്ടെന്ന് സി.എൽ.ആന്റണി *കേരളപാണിനീയഭാഷ്യ*ത്തിൽ നിരീക്ഷിക്കുന്നുണ്ട്. അക്കൂട്ടത്തിൽ പ്രാധാന്യമർഹിക്കുന്നവയാണ് അനുനാസികസംസർഗവും ദ്വിത്വഖരാദേശനയങ്ങളും. അവ രണ്ടും അതേ സംജ്ഞകൾ ഉപയോഗിച്ച് അടുത്തടുത്ത രണ്ട് അധ്യായങ്ങളിലായി *കേരളപാണിനീയഭാഷ്യ*ത്തിൽ പഠനാർഹമാക്കുന്നുണ്ട്. മേൽപറഞ്ഞ രണ്ടു നയങ്ങളെയും കൂട്ടുപിടിച്ച് മലയാളത്തിലെ സംഖ്യാനാമങ്ങളുടെ നിഷ്പത്തിചർച്ച കേരളപാണിനി നിർവ്വഹിക്കുന്നതായി കാണാം. അതിന്റെ സാധുതയാണ് ആന്റണി 'സാംഖ്യനാമങ്ങൾ' എന്ന അധ്യായത്തിൽ പരിശോധിക്കുന്നത്. അതുകൊണ്ട് 'പദഘടനാപ്രക്രിയാനയങ്ങൾ' എന്ന പ്രബന്ധഖണ്ഡത്തിൽ *കേരളപാണിനീയഭാഷ്യ*ത്തിലെ 'അനുനാസികസംസർഗം', 'ദ്വിത്വഖരാദേശനയങ്ങൾ', 'സാംഖ്യനാമങ്ങൾ' എന്നീ അധ്യായങ്ങളെ[1] ഒരുമിച്ചെടുത്താണ് അപഗ്രഥിച്ചിട്ടുള്ളത്.

പദതലം എന്ന ഭാഗത്തിന്റെ ഉത്തരഖണ്ഡമാണിത്. അനുനാസിക സംസർഗം, ദ്വിത്വഖരാദേശനയങ്ങൾ, സാംഖ്യനാമങ്ങൾ എന്നിങ്ങനെയുള്ള *കേരള പാണിനീയഭാഷ്യ*ത്തിലെ അദ്ധ്യായങ്ങളെയാണ് ഇവിടെ ചർച്ചയ്ക്കെടുക്കുന്നത്. സംഖ്യാനാമങ്ങൾ രൂപപ്പെടുന്നതിന് മറ്റു രണ്ടു നയങ്ങൾ (അനുനാസികസം സർഗം, ദ്വിത്വഖരാദേശം) എങ്ങനെ സഹായകമാവുന്നുവെന്ന് പര്യാലോചിക്കുന്നു.

### 4.1. അനുനാസികസംസർഗം

*കേരളപാണിനീയഭാഷ്യ*ത്തിലെ അഞ്ചാം അദ്ധ്യായത്തിലാണ് 'അനുനാ സികസംസർഗനയ'ത്തെക്കുറിച്ചുള്ള പുനഃരാലോചനകൾ സി. എൽ. ആന്റണി നട ത്തുന്നത്. കാൾഡ്വലും കേരളപാണിനിയും ഒന്ന്, മൂന്ന്, കുന്ന്, കന്ന് എന്നിവയ്ക്ക് വ്യാകരണികമായി നിഷ്പത്തി കണ്ടെത്താൻ ശ്രമിക്കുന്നു. എന്നാൽ വ്യാക രണപ്രധാനമല്ലാത്ത കേവലം ഉച്ചാരണപരമായ ഒരു കാര്യമായിട്ടേ സി. എൽ. ആന്റണി ഇത്തരം പദങ്ങളെ കാണുന്നുള്ളൂ. കാൾഡ്വലിന്റെയും കേരളപാണിനിയു ടെയും നിഷ്പാദനക്രമം സി. എൽ. ആന്റണി വിവരിക്കുന്നു.

ഒരു, കുറു, കരു, മൂരു (പ്രകൃതികൾ)

↓ (അനുനാസികസംസർഗനയത്താൽ)

ഒൻരു, കുൻരു, കൻരു, മൂൻരു (തമിഴ് രൂപങ്ങൾ)

↓ (അനുനാസികാതിപ്രസരത്താൽ)

ഒന്ന്, കുന്ന്, കന്ന്, മൂന്ന് (മലയാളത്തിലെ സമാനപദങ്ങൾ )[2]

'അനുനാസികസംസർഗം' എന്ന അധ്യായത്തിൽ സി.എൽ.ആന്റണി ചർച്ച യ്ക്കെടുക്കുന്ന ആശയങ്ങളെ സംഗ്രഹിക്കാം. അനുനാസികാതിപ്രസരം, അനുനാ സികസംസർഗം എന്നീ നയങ്ങളെ വ്യവച്ഛേദിക്കുന്നു.

**അനുനാസികസംസർഗനയം (Nasalisation) :** "അനുനാസികമില്ലാത്ത പ്രകൃ തിയിലോ പദത്തിലോ ഒരു അനുനാസികവർണത്തിനു പ്രവേശനം നല്കുക" (ആന്റണി, 2005 : ഖണ്ഡം 5.2)

**അനുനാസികാതിപ്രസരം** (Nasal Assimilation) **:** "പദങ്ങളിലുള്ള ഒരനുനാസികം അതിന്റെ പാർശ്വത്തിലുള്ള മറ്റൊരു വർണത്തിന്റെമേൽ സ്വാധീനം ചെലുത്തി അതിനെയും അനുനാസികമാക്കിത്തീർക്കുന്ന പ്രക്രിയ" (2005 : 5.2).

ഈ പ്രക്രിയകൾ തമ്മിൽ വ്യത്യാസമുണ്ടെങ്കിലും അവ സമാനമാണെന്ന് ചില ഭാഷാപണ്ഡിതർ തെറ്റിദ്ധരിച്ചിട്ടുണ്ട്. എന്നാൽ അനുനാസികസംസർഗനയത്തിന്റെ ഉപജ്ഞാതാവ്, പരിഷ്കർത്താവ് എന്നിങ്ങനെ സി. എൽ. ആന്റണി യഥാക്രമം കരുതുന്ന കാൾഡ്വൽ, കേരളപാണിനി എന്നിവർക്ക് ഈ നയങ്ങൾ രണ്ടും രണ്ടാണെന്ന് വളരെ വ്യക്തമായി മനസ്സിലായിട്ടുണ്ട്. ആ പൂർവ്വവൈയാകരണന്മാരെ അത്തരത്തിൽ വിശേഷിപ്പിക്കാനുള്ള കാരണങ്ങളും ഈ നയത്തെക്കുറിച്ചുള്ള അവരുടെ അഭിപ്രായങ്ങളും സി.എൽ.ആന്റണി സംഗ്രഹിക്കുന്നു.

**1. ഡോ. കാൾഡ്വൽ**

- അനുനാസികമില്ലാത്തിടത്ത് ഒരു അനുനാസികവർണ്ണം ചേർത്തുച്ചരിക്കാനുള്ള പ്രവണത ദ്രാവിഡഗോത്രത്തിൽ തമിഴ്-മലയാളശാഖയെപ്പോലെ മറ്റൊരു ശാഖയിലും ഇല്ല.
- വ്യാകരണപരം, കേവലം ഉച്ചാരണപരം എന്നിങ്ങനെ രണ്ടുവിധത്തിൽ തമിഴിൽ അനുനാസികസംസർഗം നടക്കുന്നു
- ഇൻഡോ-യൂറോപ്യൻഭാഷകളിൽ അനുനാസികസംസർഗം ഉച്ചാരണപരം മാത്രമാണ്.

**2. കേരളപാണിനി**

- 'അനുനാസികസംസർഗം സ്വാർത്ഥവിശ്രാന്തിസൂചകം' എന്ന കാരികാഖണ്ഡം നൽകി പരിഷ്കരിക്കുന്നു.
- തമിഴ്-മലയാളങ്ങളിൽ ഭേദകങ്ങളെയും കൃതികളെയും നാമമാക്കാനായി ഈ നയം പ്രയോഗിക്കുന്നു.
- ഒരു-ഒൻരു, കുറു-കുൻറു എന്നീ രണ്ടു ഉദാഹരണങ്ങൾ മാത്രം നൽകുന്നു (2005 : ഖണ്ഡം 5.3).

'ന്റെ' പ്രത്യയത്തിന്റെ ആഗമത്തെ വിവരിക്കുന്നിടത്തും മേൽപ്പറഞ്ഞ രണ്ടു ഉദാഹരണങ്ങളാണ് നൽകുന്നത്. തമിഴ്-മലയാളങ്ങളിൽ ഉച്ചാരണപരമായ അനുനാസികസംസർഗനയത്തിന് ധാരാളം ഉദാഹരണങ്ങൾ നിലനിൽക്കെ രണ്ടു മൂന്നു പദങ്ങളെ ഉപജീവിച്ചുകൊണ്ട് വ്യാകരണപ്രധാനമായ അനുനാസികസംസർഗത്താൽ ചില പദനിഷ്പത്തികൾ ചെയ്തിട്ടുള്ളത് തികച്ചും പുനഃപരിശോധനാർഹമാണെന്ന വിമർശനമാണ് സി. എൽ. ആന്റണി മുന്നോട്ടുവെയ്ക്കുന്നത്. വിരളമായ ഉദാഹരണങ്ങളുടെ പിൻബലത്തോടെ നിലനിൽക്കുന്ന വ്യാകരണപരമായ അനുനാസികസംസർഗനയത്തിന്റെ സഹായത്താൽ കാൾഡ്വലും കേരളപാണി

നിയും ഉൽപത്തിക്രമം വിശദീകരിക്കുന്ന 'ഒന്ന്, കുന്ന്, കന്ന്, മൂന്ന്, വർത്തമാനപ്രത്യയം ഉന്നു' എന്നിവയെ സൂക്ഷ്മനിരീക്ഷണങ്ങളോടെ വിമർശിക്കുന്നു.

**ഒന്ന്**

- കാൾഡ്വലിന്റെ നിഷ്പാദനം

'ഒരു' (ദ്രാവിഡപ്രകൃതി) ——അനുനാസികസംസർഗം——> ഒൻരു ——> ഒൻറു (തമിഴ്)[3]

- കേരളപാണിനിയുടെ നിഷ്പാദനം

'ഒൻറു (തമിഴ് രൂപം)

↓ അനുനാസികസംസർഗം

ഒൻദ്റു (തമിഴിലെ സാധാരണക്കാരുടെ ഉച്ചാരണം)

↓

ഒന്ന് (ദന്ത്യമായ 'ന്ന'യോടുകൂടിയ മലയാള ഉച്ചാരണം)[4]

കാൾഡ്വലിന്റെയും കേരളപാണിനിയുടെയും നിഷ്പാദനക്രമത്തെ സി.എൽ. ആന്റണി നിരാകരിക്കുന്നതിനൊപ്പം മറ്റൊരു നിഷ്പാദനരീതി അവലംബിക്കുകയും ചെയ്യുന്നു.

ഒര് (ഭേദകപ്രകൃതി) + 'തു' പ്രത്യയം

↓ പരസവർണനം

ഒന്തു

↓ മലയാളത്തിലെ അനുനാസികാതിപ്രസരത്താൽ[5]

ഒന്ന്

'ഒന്തു' രൂപത്തിന് മലയാളത്തിൽ അനുനാസികാതിപ്രസരംനടന്ന് 'ഒന്ന്' എന്നും തമിഴിൽ 'ഒൻറു' എന്ന മറ്റൊരു പരിണതരൂപവും രൂപപ്പെട്ടുവെന്നാണ് കേരളപാണിനീയഭാഷ്യകാരന്റെ നിലപാട്. കാൾഡ്വലും ഏ.ആറും വിവരിക്കുന്ന പോലെ 'ഒരു' എന്നതിന്റെ അനുനാസികസംസർഗം സംഭവിച്ച രൂപമല്ല 'ഒൻറു' എന്നും തിരുത്തുന്നു. 'ഒന്തു' എന്നതിലെ പദമധ്യനകാരത്തിന് തമിഴ്ശാഖയിൽ വർത്സ്യമായി ഉച്ചാരണഭേദം ഉണ്ടാവുകയും പിന്നീട് പരസവർണ്ണനത്താൽ 'ഒൻറു' എന്നായിത്തീരുകയും ചെയ്യുന്നു. വ്യാകരണപ്രധാനമായ അനുനാസികസംസർഗമല്ല ഇവിടെ നടക്കുന്നതെന്നും കേവലം ഉച്ചാരണപരമായ സവിശേഷതയാ

ണെന്നും സി. എൽ. ആന്റണി സമർത്ഥിക്കുന്നു. തന്നെയുമല്ല ഒന്ന്, രണ്ട്, മൂന്ന്, അഞ്ച്, എട്ട് എന്നീ സംഖ്യാനാമങ്ങൾ അതാതിന്റെ പ്രകൃതികളോട് 'തു' പ്രത്യയം ചേർത്ത് സമാനരൂപങ്ങളിൽ ദക്ഷിണദ്രാവിഡശാഖയിൽ കാണുന്നുവെന്നും അദ്ദേഹം നിരീക്ഷിക്കുന്നു.[6]

**കുന്ന്** : വ്യാകരണപ്രധാനമായ അനുനാസികസംസർഗത്താൽ രൂപംകൊണ്ടിട്ടുള്ള പദമായിട്ടാണ് 'കുന്ന്' എന്നതിനെ കാൾഡ്വലും കേരളപാണിനിയും കാണുന്നതെന്നും എന്നാൽ അതൊരു ഉച്ചാരണവിശേഷം മാത്രമാണെന്നും സി.എൽ.ആന്റണി വിലയിരുത്തുന്നു. മൂവരുടെയും നിഷ്പത്തിക്രമം ചുവടെ ചേർക്കുന്നു.

- **കാൾഡ്വൽ, ഏ. ആർ.**

കുറു ⟶ കുൻറു ⟶ കുന്ന്[7]

(അനുനാസികസംസർഗം) (അനുനാസികാതിപ്രസരം)

'കുറു' എന്ന ഭേദകപ്രകൃതി വ്യാകരണപ്രധാനമായ അനുനാസികസംസർഗത്താൽ സ്വാർത്ഥവിശ്രാന്തനാമമായ 'കുൻറു' ആവുകയും തുടർന്ന് അനുനാസികാതിപ്രസരംനടന്ന് 'കുന്ന്' രൂപംകൊള്ളുകയും ചെയ്യുന്നുവെന്നാണ് കാൾഡ്വലും ഏ. ആറും അഭിപ്രായപ്പെടുന്നത്. കുറുമല, കുൻറുമല എന്നീ പദങ്ങൾ 'കുന്ന്' എന്ന അർത്ഥത്തിൽ തമിഴ്-മലയാളത്തിൽ പ്രയോഗത്തിലില്ലെന്നും 'ഉയരം കുറഞ്ഞ മല' എന്ന രൂഢാർത്ഥം 'കുൻറു' എന്നതിന് കേരളപാണിനി കൽപിക്കുന്നതിൽ തെറ്റുപറ്റിയിട്ടുണ്ടെന്നും സി. എൽ. ആന്റണി വിമർശിക്കുന്നു. 'ഉയരം കുറഞ്ഞ' എന്തിനെയും പ്രതിനിധീകരിക്കുന്ന 'കുൻറു' എന്നതിന് 'ഉയരം കുറഞ്ഞ മല' അല്ലെങ്കിൽ 'കുന്ന്' എന്ന അർത്ഥം കൽപിക്കുന്നത് അദ്ദേഹം അംഗീകരിക്കുന്നില്ല. മറിച്ച് മറ്റൊരു നിഷ്പാദനമാണ് നടത്തുന്നത്.

- **സി. എൽ. ആന്റണി**

മലയാളം: കുന് ('ഉയരുക' എന്നർത്ഥമുള്ള ധാതു) + 'തു' പ്രത്യയം

↓

കുന്തു (കുന്തു)

↓ പരസവർണനവും അനുനാസികാതിപ്രസരവും നടക്കുന്നു.

കുന്ന്

തമിഴ് : കുന് + തു

↓

കുന്തു

↓ പദമധ്യനകാരം വർത്സ്യമാവുന്നു. പൂർവ സവർണനം നടക്കുന്നു

കുൻറു[8]

'ഉയരം കുറഞ്ഞ മല' എന്ന രൂഢാർത്ഥം നൽകിക്കൊണ്ട് 'കുറു' എന്ന ഭേദകപ്രകൃതിയിൽനിന്നും 'കുന്ന്' എന്ന പദത്തിന്റെ ഉല്പത്തി വിവരിക്കുന്ന കേരളപാണിനിയുടെ നിരീക്ഷണത്തെ നിരാകരിക്കുകയും 'കുന്' എന്ന ധാതുവിനോട് 'തു' പ്രത്യയം ചേരുമ്പോഴുള്ള സവർണ്ണന-അനുനാസികാതിപ്രസര-നയങ്ങളാൽ രൂപം കൊള്ളുന്നതാണ് 'കുന്ന്' എന്ന് സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. കന്നടത്തിലെ 'കുന്ദു' എന്ന രൂപത്തെ ഇതിനൊപ്പം ചേർത്തുവെയ്ക്കുകയും 'കുന്തു' എന്നതാണ് തമിഴിലെ 'കുൻറു' രൂപത്തിന് മൂലമായി വർത്തിക്കുന്നതെന്ന് പ്രസ്താവിക്കുകയും ചെയ്യുന്നു.[9] (2005 : 5.6)

**കന്ന്** : വ്യാകരണപ്രധാനമായ അനുനാസികസംസർഗംമൂലം രൂപംകൊള്ളുന്ന പദങ്ങളിലൊന്നായി കാൾഡ്വൽ ഇതിനെ കരുതുന്നു. അദ്ദേഹത്തിന്റെ നിഷ്പത്തിക്രമം താഴെ ചേർക്കുന്നു.

കര് (ധാതു) ——————→ കൻറു[10]

തമിഴിലെ വ്യാകരണപരമായ അനുനാസികസംസർഗം

കന്നടത്തിലെ 'കരു' മലയാളത്തിലെ 'കറ്റക്കിടാവ്' എന്നിവ കണക്കിലെടുത്താൽ മൂലരൂപം 'കര്' തന്നെയാണെങ്കിലും കന്നടത്തിലെ 'കരു' എന്നതിനു പുറമെയുള്ള 'കന്ദു' എന്ന രൂപത്തെയാണ് സി. എൽ. ആന്റണി പരിഗണിക്കുന്നത്.

കര് (ധാതു) + 'തു' പ്രത്യയം

↓ പരസവർണനം

കന്തു

↙ (പദമധ്യവർത്സ്യനകാരത്തിന്റെ പ്രേരണ) ↘ (അനുനാസികാതിപ്രസരം)

കൻറു (തമിഴ്‌രൂപം) കന്ന് (മലയാള രൂപം)[11]

ഇത്തരത്തിൽ 'കന്തു' എന്ന പൂർവരൂപത്തിൽനിന്നും വികാസംപ്രാപിച്ചവയാണ് തമിഴിലെ 'കൻറു' വും മലയാളത്തിലെ 'കന്നും' എന്ന് അദ്ദേഹം വിലയിരുത്തുന്നു.

**മൂന്ന്** : 'ഒന്ന്, കുന്ന്, കന്ന്' എന്നീ പദങ്ങളുടെ നിഷ്പത്തിയിൽ വ്യാകരണപ്രധാനമായ അനുനാസികസംസർഗനയം പ്രവർത്തിക്കുന്നുവെന്നാണ് കാൾഡ്വലും കേരളപാണിനിയും അഭിപ്രായപ്പെടുന്നത്. എന്നാൽ 'മൂന്ന്' വർത്തമാനകാലപ്രത്യയമായ 'ഉന്നു' എന്നിവയുടെ നിഷ്പത്തിയിൽ കേവലം ഉച്ചാരണപരമായ അനുനാസികസംസർഗമാണ് അടിസ്ഥാനമാക്കുന്നതെന്ന് അവർ നിരീക്ഷിക്കുന്നു. ഉച്ചാരണപ്രധാനമായ അനുനാസികസംസർഗനയത്തിന്റെ വർണ്ണവികാരങ്ങളെ വിശദമാക്കുന്നതിൽ ഈ പൂർവ്വഗാമികൾക്ക് പാകപ്പിഴകൾ വന്നിട്ടുണ്ടെന്നാണ് ആന്റണിയുടെ നിരീക്ഷണം. 'മൂന്ന്', 'ഉന്നു' പ്രത്യയം എന്നിവയുടെ നിഷ്പത്തിക്രമത്തെ പൂർവ്വധാരണയിൽനിന്നും വ്യത്യസ്തമായി അദ്ദേഹം നോക്കിക്കാണുന്നു. ഈ സംഖ്യാനാമത്തിന്റെ മൂലദ്രാവിഡപ്രകൃതി കന്നടരൂപമായ 'മൂരു' ആണെന്ന് കാൾഡ്വൽ അഭിപ്രായപ്പെടുന്നു. അദ്ദേഹത്തിന്റെ നിഷ്പാദനക്രമം താഴെ ചേർക്കുന്നു.

മൂരു (മൂലദ്രാവിഡപ്രകൃതി - കന്നടരൂപം)

↓ (ഉച്ചാരണപരമായ അനുനാസികസംസർഗം)

മൂൻരു (തമിഴ് രൂപം)[12]

'മൂന്ന്' എന്ന മലയാളരൂപത്തിന്റെ മൂലമായി വർത്തിക്കുന്നത് 'മൂൻറു' എന്ന തമിഴ്‌രൂപമാണെന്ന് കേരളപാണിനിയും അഭിപ്രായപ്പെടുന്നു.

'ഒര്, ഇര്' എന്നീ പ്രകൃതികളോട് സമാനമായി വരുന്നരീതിയിൽ മൂന്നിന്റെ മൂലപ്രകൃതിയിൽ രേഫാന്തമാകുമെന്ന് അനുമാനിച്ച് 'മുര്' എന്ന പ്രകൃതിയാണ് കാൾഡ്വൽ വിധിക്കുന്നത്. പ്രകൃതികളിലേക്കാൾ പ്രത്യയബന്ധന പ്രക്രിയയിലാണ് സാധാരണമട്ടിൽ സാദൃശ്യം കാണുന്നത് എന്നുള്ള സാമാന്യഭാഷാതത്ത്വം കാൾഡ്വൽ മറന്നുപോയെന്നാണ് ആന്റണിയുടെ വിമർശനം. മൂലദ്രാവിഡഭാഷാസവിശേഷതകളെ മനസ്സിലാക്കുന്നതിന് തമിഴ്, കന്നടം പോലെയുള്ള വികസിതഭാഷകളെ കാൾഡ്വൽ ആശ്രയിക്കുന്നതും ഒരു പരിമിതിയായി കേരളപാണിനീയഭാഷ്യകാരൻ നിരീക്ഷിക്കുന്നു. 'മുര്' പ്രകൃതിയിലെ മധ്യഗതമായ ഉകാരത്തെ

ദീർഘീകരിച്ച് ‘മൂരു’ എന്നു നാമമാക്കി ആ രൂപം കന്നടം നിലനിർത്തിപ്പോരു ന്നുവെന്ന കാൾഡ്വലിന്റെ നിഗമനത്തെയും അദ്ദേഹം നിരാകരിക്കുന്നു. കാൾഡ്വൽ സങ്കൽപിക്കുന്ന ‘മുര്’ ആണ് പ്രകൃതിയെങ്കിൽ ‘മുവ്വഞ്ച്, മുവ്വേഴ്, മുവ്വായിരം’ എന്നിവയെല്ലാം ‘മൂരഞ്ച്, മൂരേഴ്, മൂവായിരം’ എന്നൊക്കെ വരേണ്ടതായിരുന്നു വെന്നും അങ്ങനെയൊന്നും തമിഴ്-മലയാളങ്ങളിൽ കാണുന്നില്ലെന്നും നിരീക്ഷി ക്കുന്നു.[13]

ഒന്, രണ്ട്, മൂന്ന് എന്നീ സംഖ്യാനാമങ്ങൾക്ക് കാൾഡ്വൽ രൂപസിദ്ധി നട ത്തുന്ന രീതി താഴെ പറയാം.

- ‘ഒര്’ ⟶ ‘ഒൻറു’
  വ്യാകരണപരമായ അനുനാസികസംസർഗം

- ‘ഇര്’ + ‘തു’ പ്രത്യയം = ഇരണ്ട്
- ‘മുര്’ ⟶ ‘മൂരു’[14]
  പ്രകൃതിമധ്യസ്വരം ദീർഘീകരിക്കുന്നു

മൂന്നു സംഖ്യാനാമങ്ങൾക്ക് മൂന്നുവിധത്തിൽ നിഷ്പത്തിക്രമം നടത്തുന്ന കാൾഡ്വലിന്റെ വിശദീകരണങ്ങളോട് വിയോജിച്ചുകൊണ്ട് സ്വാഭിപ്രായങ്ങൾ അവ തരിപ്പിക്കുകയാണ് സി. എൽ. ആന്റണി ചെയ്യുന്നത്. അദ്ദേഹത്തിന്റെ വീക്ഷണ ങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

മൂന്ന് എന്ന സംഖ്യാനാമത്തിന്റെ മൂലപ്രകൃതി ‘മൂ’ എന്ന് അനുമാനിക്കുന്നു.

- ‘മൂ’ + ‘തു’ പ്രത്യയം = ‘മൂതു’ (തുദഭാഷാരൂപം)
- ‘മൂതു’ ⟶ ‘മൂരു’ (കന്നടരൂപം) - തകാരവും ദകാരവും രേഫമാകുന്ന വർണവികാരം കന്നടത്തിലുണ്ട്.[15]

മലയാളത്തിലെ *മൂന്ന്*, തമിഴിലെ *മൂൻറ്* ഇവയുടെ പൂർവ്വരൂപം *മൂതു* ആണെന്നാണ് സി. എൽ. ആന്റണി അഭിപ്രായപ്പെടുന്നത്.

മൂത് ⟶ മൂന്ത്
ഉച്ചാരണപരമായ അനുനാസികസംസർഗം

മൂന്തു ⟶ മൂന്നു (മലയാളരൂപം)
അനുനാസികാതിപ്രസരം

പദമധ്യനകാരത്തിന്റെ വർത്സീകരണം
മൂന്തു ⟶ മൂൻറ്[16]
പൂർവ്വസവർണ്ണനം

മൂലദ്രാവിഡത്തിൽനിന്നും കന്നടം പിരിഞ്ഞുപോയതിനുശേഷം തമിഴ്-മലയാളങ്ങൾക്ക് സമാനമായ ഒരു പൂർവദശ ഉണ്ടായിരുന്നുവെന്നതിന്റെ തെളിവായിട്ടാണ് 'മൂന്തു'വിൽനിന്നും മലയാളത്തിലെ *മൂന്നും* തമിഴിലെ *മൂൻറും* വികസിച്ചതിനെ സി. എൽ. ആന്റണി പരിഗണിക്കുന്നത്.

**വർത്തമാനകാലപ്രത്യയം - 'ഉന്നു' :**

വർത്തമാനകാലക്രിയാരൂപങ്ങളിലെ 'ഉന്നു' പ്രത്യയത്തിന്റെ ആഗമത്തെക്കുറിച്ചുള്ള പൂർവധാരണകളെ പുനഃപരിശോധിക്കുന്ന *കേരളപാണിനീയ ഭാഷ്യ*ത്തിലെ ഭാഗമാണിത്. 'ഉന്നു' രൂപത്തിന്റെ നിഷ്പാദനത്തിന് സ്വയമൊരു രീതിയാണ് കേരളപാണിനി കൈക്കൊണ്ടത്. എന്നാൽ സ്വഗതമായ നിഷ്പത്തിയ്ക്കു ശ്രമിക്കാതെ ഗുണ്ടർട്ടിന്റെയും ഗ്രാലിന്റെയും പൂർവധാരണകളെ അതേപടി സ്വീകരിക്കുകയാണ് കാൾഡ്വൽ ചെയ്യുന്നത്.[17] 'പോകിറാൻ, പോകിൻറാൻ' എന്നിവയിൽ കാണുന്നപോലെ വർത്തമാനകാലക്രിയാരൂപത്തിന് തമിഴിൽ 'കിറു, കിൻറു' എന്നിങ്ങനെ രണ്ടു രൂപങ്ങളും 'പോകുത്, വേകുത്' എന്നിവയെപ്പോലെ 'കിറു'വില്ലാത്ത രൂപങ്ങളും നിലനിൽക്കുന്നതായി കാൾഡ്വൽ രേഖപ്പെടുത്തിയിരിക്കുന്നു. അപ്രകാരമൊക്കെ വ്യവച്ഛേദിച്ചു മനസ്സിലാക്കുന്ന കാൾഡ്വൽ 'ഉന്നു' പ്രത്യയത്തിന്റെ നിഷ്പാദനത്തിന് സ്വയം ശ്രമിക്കാതെ 'കിൻറു' പ്രത്യയത്തിന് പ്രാചീനത്വം കൽപിക്കുന്ന ഗുണ്ടർട്ടിനെയും ഗ്രാലിനെയും അനുഗമിക്കുന്നതായി സി.എൽ.ആന്റണി വിലയിരുത്തുന്നു. എന്നാൽ കേരളപാണിനി 'കിറു' രൂപത്തിന് പ്രാചീനത്വം കല്പിക്കുകയും അതിന് അനുനാസികസംസർഗം നടന്ന് 'കിന്റു' ആയെന്നുമാണ് അഭിപ്രായപ്പെടുന്നത്. പൂർവ്വവൈയാകരണന്മാരുടെ ഈ ആശയങ്ങളെ മുൻനിർത്തി മലയാളത്തിലെ 'ഉന്നു' പ്രത്യയം തമിഴിലെ 'ഇൻറു'വിൽനിന്ന് ഉൽപന്നമായി എന്ന നിഗമനത്തിലാണ് അവർ എത്തിച്ചേർന്നതെന്ന് സി. എൽ. ആന്റണി നിരീക്ഷിക്കുന്നു. എന്നാൽ ആ നിഗമനത്തെയും മുൻധാരണകളെയും മാറ്റിവെച്ചുകൊണ്ട് മറ്റൊരു വഴിക്ക് തന്റെ ആലോചനകളെ കൊണ്ടുപോകാനാണ് ശ്രമിക്കുന്നത് എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു.

ദക്ഷിണദ്രാവിഡശാഖയിലെ തമിഴ്, മലയാളം, തെലുങ്ക്, കന്നടം എന്നീ ഭാഷകളിൽ ക്രിയകളുടെ രൂപീകരണത്തിൽ വിനയെച്ചവും ആഖ്യാതവും തമ്മിൽ ബന്ധമുണ്ടെന്ന കാൾഡ്വലിന്റെയും കേരളപാണിനിയുടെയും അഭിപ്രായവും അതിന്റെ വിശദീകരണങ്ങളും അടിപ്പടവായെടുത്ത് വർത്തമാനകാലക്രിയാപ്രത്യയമായ 'ഉന്നു'വിന്റെ നിഷ്പത്തി സ്വന്തമായി വികസിപ്പിച്ചിരിക്കുന്നു. തെലുങ്ക്-കന്നട

ങ്ങളിൽ വർത്തമാന-ഭൂതകാലക്രിയാരൂപങ്ങൾ രൂപം കൊള്ളുന്നത് വിനയെച്ചങ്ങ ളിൽനിന്നാണെന്ന കേളപാണിനിയുടെ അഭിപ്രായവും തമിഴ്-മലയാളങ്ങളിൽ വർത്തമാനകാലക്രിയാരൂപത്തെ ഉരുവപ്പെടുത്തുന്ന വിനയെച്ചരൂപമില്ലെന്നുള്ള കാൾഡ്വലിന്റെയും ഏ. ആറിന്റെയും വിശദീകരണങ്ങളും സി. എൽ. ആന്റണി പരി ശോധിക്കുന്നു. ഒപ്പം തന്നെ തമിഴ്-മലയാളങ്ങളുടെ പൂർവ്വദശയിൽ ഒരു വർത്തമാ നകാലവിനയെച്ചം ഉണ്ടായിരുന്നിരിക്കണമെന്ന കാൾഡ്വലിന്റെ സൂക്ഷ്മപ്രസ്താവ നയെ പ്രത്യേകം പരാമർശിക്കുന്നു. തമിഴ്-മലയാളങ്ങളിൽ വർത്തമാനകാലാഖ്യാ തത്തെ നിർമ്മിച്ചെടുത്ത വർത്തമാനകാലവിനയെച്ചം ഈ ഭാഷകൾ ഇരുകൈവഴി കളായി പിരിയുന്നതിനുമുമ്പുള്ള പ്രാഗ്രൂപത്തിൽതന്നെ തിരോധാനം ചെയ്തിട്ടു ണ്ടാകുമെന്നാണ് അദ്ദേഹത്തിന്റെ അനുമാനം.

**'ഉന്നു' പ്രത്യയം: സി.എൽ.ആന്റണിയുടെ നിഷ്പാദനരീതി**

കന്നടം, തെലുങ്ക് എന്നിവയിലെ വർത്തമാനകാലവിനയെച്ചപ്രത്യയം 'ഉത്' ആണെന്ന് 'ബാലുത – living, ചെയ് - ചേസ്തു' എന്നിങ്ങനെ ആ ഭാഷകളിലെ ഉദാഹരണങ്ങളെ യഥാക്രമം അവതരിപ്പിച്ചുകൊണ്ട് സ്ഥാപിക്കുന്നു. ഒന്ന്, മൂന്ന്, കുന്ന് മുതലായവയുടെ നിഷ്പാദനത്തിൽ പ്രവർത്തിച്ച വ്യാകരണപ്രധാനമല്ലാത്ത അനുനാസികസംസർഗമെന്ന നയം തന്നെയാണ് കന്നടം-തെലുങ്കിലെ 'ഉതു' തമിഴ് -മലയാളങ്ങളിൽ 'ഉന്തു' ആവുമ്പോഴും നടന്നിട്ടുള്ളത്. 'കാൺ+ഉതു - കാണുതു - കാണുന്തു' (2005 : ഖണ്ഡം 5.15) എന്ന ഉദാഹരണമാണ് സി.എൽ.ആന്റണി നൽകു ന്നത്.

- 'കാണുന്തു' ——(അനുനാസികാതിപ്രസരം)——> 'കാണുന്നു' (മലയാളം)
- 'കാണുന്തു' ——(പദമധ്യത്തിലെ ദന്ത്യനകാരം വർത്സ്യനകാരമാവുന്നു / പൂർവസവർണനം നടക്കുന്നു)——> 'കാണുൻറു' (തമിഴ്)
- 'കാണുൻറു' ——(വർത്സ്യത്തിനുമുമ്പുള്ള ഉകാരം ഇകാരമാവുന്നു / അസവർണനനയം)——> 'കാണിൻറു' (തമിഴ്)[18]

തമിഴ്-മലയാളങ്ങളിൽ വർത്സ്യപൂർവമായ ഉകാരം ഇകാരമാവുന്ന പ്രവണ തയാൽ 'ഉൻറു' ക്രമേണ ഇൻറു' (മുറ്റം-മിറ്റം, കരുന്തല-കരിന്തല എന്നീ ഉദാഹര ണങ്ങൾ നൽകിയിരിക്കുന്നു) (2005 : 62). ആകുന്നു. ഇളകിൻറു, അടുക്കിൻറു, ഉരുകിൻറു, പോകിൻറു, വേകിൻറു എന്നീ ക്രിയാധാതുക്കളിലെ 'കിൻറുരൂപം'

സാഹിത്യത്തമിഴിൽ സാധാരണമായിത്തീരാനുള്ള കാരണത്തെ ജെസ്പേർസന്റെ മിഥ്യാപഗ്രഥനനയം (Matanalysis) വെച്ചാണ് സി. എൽ. ആന്റണി വിലയിരുത്തുന്നത്. ആ നയപ്രകാരം 'കിന്റു' സാക്ഷാൽപ്രത്യയമാണെന്ന ഭ്രമത്തിനു വിധേയമായിട്ടാണ് അത് സാഹിത്യത്തമിഴിൽ സാധാരണീകൃതമാകുന്നത്.[19]

കാൾഡ്വൽ, ഗുണ്ടർട്ട്, ഗ്രാൽ, കേരളപാണിനി എന്നീ പൂർവ്വഗാമികളുടെ വർത്തമാനകാലപ്രത്യയ(ഉന്നു)നിഷ്പത്തിക്രമത്തെ നിരാകരിക്കുന്നതിനൊപ്പം തമിഴ്-മലയാളങ്ങളിലെ 'ഉന്നു'വിന്റെ ആഗമപഠനത്തിൽ വ്യാകരണപ്രധാനമല്ലാത്ത അനുനാസികസംസർഗത്തിന്റെ പ്രേരണ മാത്രമാണുള്ളതെന്നും ആയതിനാൽ 'അനുനാസികസംസർഗം, സ്വാർത്ഥവിശ്രാന്തിസൂചകം' എന്ന കേരളപാണിനീയ കാരികാഖണ്ഡം തിരസ്കരിക്കേണ്ടതാണെന്നും സി.എൽ.ആന്റണി സമർത്ഥിക്കുന്നു.

**സി. എൽ. ആൻണിയുടെ വാദമുഖങ്ങൾ:**

'അനുനാസികസംസർഗം' എന്ന അധ്യായത്തിൽ സി. എൽ. ആന്റണി മുന്നോട്ടു വെയ്ക്കുന്ന ഏതാനും വാദമുഖങ്ങളെ ക്രോഡീകരിക്കാം.

- അനുനാസികാതിപ്രസരവും അനുനാസികസംസർഗവും രണ്ടും രണ്ടാണ്.
- അനുനാസികസംസർഗനയത്തിന്റെ ഉപജ്ഞാതാവ്-പരിഷ്കർത്താവ് എന്നിവർ യഥാക്രമം കാൾഡ്വൽ, കേരളപാണിനി എന്നിവരാണ്.
- 'ഒരു, കുറു, കരു, മൂരു' എന്നീ ദ്രാവിഡപ്രകൃതികൾ അനുനാസികസംസർഗം എന്ന വ്യാകരണനയത്തിനുവിധേയമായി 'ഒന്ന്, കുന്ന്, കന്ന്, മൂന്ന്' എന്ന് മലയാളത്തിലും 'ഒൻരു, കുൻരു, കൻരു, മൂൻരു' എന്ന് തമിഴിലും രൂപംകൊണ്ടുവെന്ന കാൾഡ്വൽ, ഏ. ആർ. എന്നിവരുടെ അഭിപ്രായങ്ങളെ വിമർശിക്കുന്നതിനൊപ്പം വ്യാകരണപ്രധാനമല്ലാത്തതും കേവലം ഉച്ചാരണപരവുമായ അനുനാസികസംസർഗമാണ് തമിഴ്-മലയാളങ്ങളിൽ കാണുന്നതെന്ന വാദഗതി ഉന്നയിക്കുകയും ചെയ്യുന്നു.
- ദക്ഷിണദ്രാവിഡശാഖയിൽനിന്നും കന്നടം വേർപ്പെട്ടു പോയതിനുശേഷം തമിഴിനും മലയാളത്തിനും സമാനമായ ഒരു പൂർവ്വഘട്ടം ഉണ്ടായിരുന്നു. ആ പൂർവ്വഭാഷയിൽനിന്നാണ് മലയാളത്തിലും തമിഴിലും ഇത്തരം രൂപങ്ങൾ സ്വതന്ത്രമായി രൂപം കൊണ്ടിരിക്കുന്നത്.
- 'മലയാളം തമിഴിന്റെ പുത്രിയാണ്', 'മലയാളത്തിന്റെ ഉൽപത്തിസ്ഥാനം തമിഴാണ്' എന്നീ ഭാഷോല്പത്തിസിദ്ധാന്തങ്ങളെ കൂട്ടുപിടിച്ചുകൊണ്ട് മേൽപ്ര

സ്താവിച്ച പദങ്ങൾ അവയുടെ തമിഴ്രൂപങ്ങളിൽനിന്നാണ് മലയാളത്തിൽ ഉടൽപൂണ്ടതെന്ന് അഭിപ്രായപ്പെടുന്നവരുണ്ടെന്നും അത്തരം വാദഗതികൾ ദുർബലമാണെന്നും സി. എൽ. ആന്റണി വിശദീകരിക്കുന്നു.

**4.1.2. അനുനാസികസംസർഗം : മറ്റ് വ്യാകരണകാരന്മാരുടെ ദൃഷ്ടിയിൽ**

വ്യാകരണപ്രധാനമല്ലാത്ത അനുനാസികസംസർഗം സംഭവിച്ച് രൂപപ്പെട്ട പദങ്ങളെന്ന നിലയിൽ സി. എൽ. ആന്റണി ചർച്ചചെയ്യുന്ന ഇനങ്ങളെ മറ്റു വൈയാകരണന്മാർ വിശദീകരിക്കുന്നതെങ്ങനെയെന്ന് പരിശോധിക്കാം.

**4.1.2.1. കെ. സുകുമാരപിള്ള**

*കൈരളീശബ്ദാനുശാസന*ത്തിലെ 'പ്രാതിപദികം' എന്ന അധ്യായത്തിൽ[20] (1980 : 311-399) സംഖ്യാനാമങ്ങളുടെ രൂപനിഷ്പത്തിയെക്കുറിച്ച് വിവരിക്കുന്ന ഭാഗത്ത് അനുനാസികസംസർഗനയത്തിന്റെ വിവിധ ആശയങ്ങളെ സ്വാഭിപ്രായത്തോടെ നോക്കിക്കാണുന്നു. ഒപ്പംതന്നെ സി. എൽ. ആന്റണിയുടെ സംഖ്യാനിഷ്പത്തികളിലെ അപാകതകൾ ചൂണ്ടിക്കാട്ടുന്നു.

നപുംസകപ്രത്യയമായ 'തു' തന്നെയാണ് നാമരൂപസൃഷ്ടിക്കും ചേർക്കുന്ന 'തു' പ്രത്യയമെന്നാണ് സുകുമാരപിള്ള നിരീക്ഷിക്കുന്നത്. എ-എത്, ഏത്, എന്ത് എന്നിങ്ങനെ സർവനാമങ്ങളിൽ അനുനാസികം വരുന്നതിനാൽ സംഖ്യാപ്രകൃതികളിൽ 'തു' പ്രത്യയം അനുനാസികമായിരിക്കുന്നതിൽ അത്ഭുതമില്ലെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. എന്നാൽ ഈ അനുനാസികത്തിന്റെ കാര്യത്തിൽ മതഭേദം നിലനിൽക്കുന്നുണ്ട്.'സ്വാർത്ഥവിശ്രാന്തിസൂചക'മായാണ് അനുനാസികസംസർഗം ഉണ്ടാവുന്നതെന്ന് കാൾഡ്വലും അദ്ദേഹത്തെ അനുഗമിച്ച് കേരളപാണിനിയും പറയുമ്പോൾ അത് വ്യാകരണപരമേയല്ലെന്നും ഉച്ചാരണസംബന്ധം മാത്രമാണെന്നും സി. എൽ. ആന്റണി പ്രസ്താവിക്കുന്നു.[21]

'ഒര്' (ഭേദകപ്രകൃതി) + 'തു'പ്രത്യയം

↓

ഒര്+തു

↓ പരസവർണനത്താൽ രേഫം അനുനാസികമാകമാവുന്നു

ഒന്തു

എന്നുള്ള 'ഒന്നി'ന്റെ നിഷ്പാദനവും 'മൂ' എന്ന പ്രകൃതിയിൽനിന്നും 'മൂന്ന്' രൂപപ്പെടുന്നുവെന്ന നിഷ്പത്തിയും വിവരിക്കുമ്പോൾ 'മൂന്ന്' എന്നതിലെ അനുനാസി

കാഗമത്തിന്റെ ഉപപത്തി കേരളപാണിനീയഭാഷ്യകാരന് പറയാനാവുന്നില്ലെന്നാണ് സുകുമാരപിള്ളയുടെ കണ്ടെത്തൽ. തന്നെയുമല്ല സി. എൽ. ആന്റണിയുടെ വിവരണങ്ങളെ മുൻനിർത്തി കേവലം ഉച്ചാരണപരമായ അനുനാസികസംസർഗത്താൽ ഇത്തരം രൂപങ്ങളുടെ നിഷ്പാദനം നടത്താനാകുമോയെന്ന സംശയവും ഉന്നയിക്കുന്നു.[22]

'ധാതു'എന്ന അധ്യായത്തിൽ വർത്തമാനകാലപ്രത്യയമായ 'ഉന്നു'വിനെക്കുറിച്ചും സുകുമാരപിള്ള വിശദീകരിക്കുന്നു. മറ്റു വൈയാകരണന്മാരുടെ വർത്തമാനകാല പ്രത്യയനിഷ്പത്തികളെ ക്രോഡീകരിക്കുകയും ചെയ്തിട്ടുണ്ട്. 'കാലപ്രത്യയങ്ങളുടെ കൂട്ടത്തിൽ പുത്തൻകൂറ്റുകാരനാണ് വർത്തമാനപ്രത്യയം. അതുകൊണ്ടു തന്നെ 'ഉന്നു' എന്ന ഒരേയൊരു പ്രത്യയം സർവത്ര കടന്നുവരുന്നു" (കെ. സുകുമാരപ്പിള്ള,1980 : 295) എന്നാണ് അദ്ദേഹത്തിന്റെ നിരീക്ഷണം. കാൾഡ്വൽ, എൽ. വി. ആർ, ഷൂളേ ബ്ലോഖ്, ആന്ദ്രൊനോവ്, പി. എസ്. സുബ്രഹ്മണ്യം, സി. എൽ. ആന്റണി എന്നിവരുടെ വിവരണങ്ങളെ പരിശോധിക്കുകയും അതിൽനിന്നും സ്വീകാര്യമായ ഒന്നിനെ വിധിക്കുകയും ചെയ്യുന്നു.

**4.1.2.2. കെ.എം.പ്രഭാകരവാര്യർ :**

അനുനാസികസംസർഗം,ദിത്വഖരാദേശനയങ്ങൾ എന്നീ വിഷയങ്ങളെ അധികരിച്ച് കേരളപാണിനി വിവരിക്കുന്ന ആശയങ്ങളെയും അവയെ ഖണ്ഡിച്ചുകൊണ്ട് സി. എൽ. ആന്റണി മുന്നോട്ടുവെയ്ക്കുന്ന അഭിപ്രായങ്ങളെയും *മലയാള വ്യാകരണസമീക്ഷ*യിൽ വിമർശനാത്മകമായി അവതരിപ്പിച്ചിട്ടുണ്ട്. അനുനാസികസംസർഗം നടക്കുന്ന ഭേദകപ്രകൃതി നാമമായി മാറുമ്പോൾ അതിന് പരാശ്രയത്വം ഇല്ല എന്നാണ് കേരളപാണിനി വിധിക്കുന്നത്. ഈ 'ആശ്രയത്വം' എന്ന ആശയം ഘടനാപരമാണോ അർത്ഥപരമാണോ എന്നു വിവരിക്കുന്നതിൽ കേരളപാണിനി ശ്രദ്ധചെലുത്തിയിട്ടില്ലെന്നും കേവലം ഒന്നോ രണ്ടോ ഉദാഹരണങ്ങളെ ഉപജീവിച്ചു നടത്തുന്ന അനുനാസികസംസർഗനയം മലയാളത്തെ സംബന്ധിച്ചിടത്തോളം തീരെ വ്യാപ്തിയില്ലാത്തതാണെന്നും പ്രഭാകരവാര്യർ വിശദീകരിക്കുന്നു. 'ഒരു'എന്ന ഭേദകപ്രകൃതിയിൽ അനുനാസികസംസർഗത്താൽ 'ഒൻരു'വെന്നും അനുനാസികാതിപ്രസരത്താൽ 'ഒന്ന്' എന്നാവുകയും ചെയ്യുന്നുവെന്നാണ് ഏ. ആർ. വിവരിക്കുന്നത്. എന്നാൽ അനുനാസികസംസർഗം എന്ന നയമല്ല അവിടെ പ്രവർത്തിക്കുന്നത്; 'ഒര്' പ്രകൃതിയിൽ 'തു' പ്രത്യയം ചേരുമ്പോൾ പരസവർണനവും അനുനാസികാതിപ്രസരവും നടന്ന് 'ഒന്ന്' എന്നാകുന്നുവെന്നാണ് സി. എൽ. ആന്റണിയുടെ പക്ഷം. 'ഒര്'+'തു' പരസവർണ്ണനത്താൽ 'ഒന്തു' ആവുകയില്ലെന്ന വിമർശനമാണ് പ്രഭാകരവാര്യർ ഉന്നയിക്കുന്നത്. കൂടാതെ ചുരുക്കം ചില പദങ്ങ

ളിൽ കാണുന്ന ഒരു സ്വഭാവമായ അനുനാസികസംസർഗത്തെ സാമാന്യമായി അവതരിപ്പിക്കുന്നത് യുക്തിഭദ്രമല്ലെന്നും അദ്ദേഹം പ്രസ്താവിക്കുന്നു.[23]

#### 4.1.2.3. കെ. പി. നാരായണപിഷാരോടി

'മലയാളം അക്ഷരമാല'[24] എന്ന ലേഖനത്തിൽ 'ഒന്ന്, കുന്ന്' എന്നീ രൂപങ്ങളിൽ കാണുന്ന ഇരട്ടിച്ച നകാരത്തെകുറിച്ച് ഏതാനും ആശയങ്ങൾ അവതരിപ്പിക്കുന്നുണ്ട്. സി. എൽ. ആന്റണിയുടെ നിരീക്ഷണങ്ങളോട് സമാനതപുലർത്തുന്ന വിശദീകരണങ്ങളും അതിൽ ഉൾപ്പെടുന്നു. ഈ പദങ്ങളെക്കുറിച്ചുള്ള കേരളപാണിനീയ നിരീക്ഷണങ്ങളെ വിമർശനരീത്യാ നോക്കിക്കാണുകയും ചെയ്യുന്നു. തമിഴിലെ സാധാരണക്കാരുടെ വിലക്ഷണമായ ഉച്ചാരണസമ്പ്രദായങ്ങളിൽനിന്നുമാണ് 'ഒൻറു, കുൻറു' എന്നിവ മലയാളത്തിൽ 'ഒന്ന്, കുന്ന്' എന്നിങ്ങനെ ദന്ത്യനകാരങ്ങളാവുന്നതെന്നാണ് ഏ. ആറിന്റെ വിശദീകരണം. തമിഴിൽ 'ന്റ' കാണുന്നിടത്തെല്ലാം മലയാളത്തിൽ 'ന്ന'യാണ് കാണുന്നത്. 'ന്ത' 'ഇരട്ടിച്ച വർത്സ്യനകാര' (ഩ)മാവുന്നതുപോലെ 'ന്റ'യും അനുനാസികാതിപ്രസരംനടന്ന് ഇരട്ടിപ്പുള്ള വർത്സ്യനകാരമാവേണ്ടതാണ്. എന്നാൽ അങ്ങനെ സംഭവിക്കാത്തതിനു കാരണം 'ഒൻദു, കുൻദു' എന്നിങ്ങനെ 'ദ'കാര പ്രാധാന്യമുള്ള രൂപങ്ങൾ സിദ്ധിച്ചുവെന്നതാണ്. ഇവയിലെ 'ഩ'കാരവും 'ദ'കാരവും ഭിന്നവർഗ്ഗങ്ങളായതിനാൽ സവർണനം നടന്ന് അനുനാസികാതിപ്രസരത്താൽ 'കുന്ദ്, ഒന്ദ്' എന്നിവ 'കുന്ന്, ഒന്ന്' എന്നൊക്കെയാക്കി മാറിയെന്നുമാണ് ഏ. ആറിന്റെ നിഷ്പത്തിക്രമം. കേരളപാണിനിയുടെ വിശദീകരണക്രമങ്ങളിൽ പരിമിതികളുണ്ടെന്നാണ് നാരായണപിഷാരോടിയുടെ അഭിപ്രായം. അദ്ദേഹത്തിന്റെ വാദമുഖങ്ങൾ പരിശോധിക്കാം.

"ഈ സമാധാനത്തിൽ ബുദ്ധിചാതുര്യം തെളിയുന്നുണ്ടെങ്കിലും വാസ്തവം ഇതൊക്കെത്തന്നെയാണോ എന്ന കാര്യത്തിൽ സംശയം തോന്നുന്നു. സാധാരണക്കാർ 'ഒൻദ്റു' 'കുൻദ്റു' എന്നൊക്കെത്തന്നെയാണോ ഉച്ചരിക്കാറ്. അങ്ങിനെയാണെങ്കിൽ ഇടയിൽ ഒരു 'ദ'കാരം വരാനുള്ള യുക്തിയെന്ത്. 'റ'കാരം മലയാളിയ്ക്കു രസിക്കാതിരിക്കാൻ കാരണമെന്ത്. ഇങ്ങനെ പല ചോദ്യങ്ങളും ഇവിടെ ഉത്ഭവിക്കുന്നു. കർണ്ണാടകത്തിൽ 'ഒന്തു' എന്നാണ് 'ഒന്ന്' എന്നതിനുള്ള വാക്ക്. അതിന് അനുനാസികാതിപ്രസരം വന്നാൽ നമ്മുടെ ഒന്നുണ്ടാവും. 'കുറുകിയ മലയാണ് കുന്ന്' എന്ന നിരുക്തത്തെ അവലംബിച്ച് കുറുധാതുവിൽ സ്വാർത്ഥവിശ്രാന്തിസൂചനത്തിനായി അനുനാസികസംവർഗ്ഗം ചെയ്തപ്പോൾ 'കുൻറു' ഉണ്ടായതെന്നാണ് കേരളപാണിനി പറയുന്നത്. കുന്നിന്റെ നിർവ്വചനം ഇതുതന്നെയാണോ

എന്നും ആലോചിക്കേണ്ടതാണ്. സംസ്കൃതത്തിലെ ഗുഞ്ജാശബ്ദം കുന്നായതു പോലെ കുഞ്ജാശബ്ദത്തിൽ നിന്നായിരിക്കുമോ കുന്നിന്റെ ഉത്ഭവം എന്നും ചിന്തിക്കേണ്ടതുണ്ട്. കുഞ്ജശബ്ദത്തിനു ലതാഗൃഹം എന്നാണ് അർത്ഥം. ലതാ ഗൃഹങ്ങളുള്ള സ്ഥലം എന്ന അർത്ഥത്തിലായിരിക്കുമോ കുന്ന് എന്ന ശബ്ദ ത്തിന്റെ പ്രയോഗം ആരംഭിച്ചത്. ഏതായാലും തമിഴിലെ 'ന്റ'യിൽനിന്ന് നേരെ ജനി ച്ചതാവില്ല മലയാളത്തിലെ 'ന്ന' എന്നു എനിക്കുതോന്നുന്നു". (2017: 177).

ചുരുക്കത്തിൽ കേരളപാണിനിയുടെ അനുനാസികസംസർഗമെന്ന നയത്തെ നാരായണപിഷാരോടി അംഗീകരിക്കുന്നില്ലെന്നു കാണാം. 'ഒന്ന്, കുന്ന്' എന്നീ പദങ്ങളുടെ നിഷ്പത്തിക്ക് നിദാനമാകുന്ന ധാതുക്കളെ നിർണ്ണയിക്കുന്ന തിലും സ്വഗതമായ യുക്തികൾ അദ്ദേഹത്തിനുണ്ട്. കന്നടത്തിലെ 'ഒന്തു'വിന് അനുനാസികാതിപ്രസരംനടന്ന് 'ഒന്നാ'കുമെന്ന നിരീക്ഷണം സി. എൽ. ആന്റണി യുടെ ആശയത്തോട് ചേർത്തുവെയ്ക്കാവുന്നതാണ്. 'ഒര്+തു' പരസവർണ്ണനം നടന്ന് 'ഒന്തു' ആവുകയും പിന്നീട് അനുനാസികാതിപ്രസരത്താൽ 'ഒന്ന്' എന്നാ യിത്തീരുകയും ചെയ്യുന്നു. 'ഒൻറു'വിന്റെ നിഷ്പാദനത്തിൽ കന്നടരൂപമായ 'ഒന്തു'വിനെ അവഗണിച്ചതിനാൽ കാൾഡ്വലിന് അബദ്ധംപിണഞ്ഞു എന്നൊക്കെ യുള്ള ആന്റണിയുടെ നിരീക്ഷണങ്ങൾ നാരായണപിഷാരോടിയുടെ അഭിപ്രായങ്ങ ളോട് സമാനത പുലർത്തുന്നു.

**4.1.2.4. വി. ഐ. സുബ്രഹ്മണ്യം :** 'മലയാളത്തിലെ അനുനാസികാതിപ്രസരവി ധികൾ' എന്ന ലേഖനത്തിൽ 'ന്റ-ന്ന' വിനിമയങ്ങളെക്കുറിച്ചുള്ള വിശദീകരണങ്ങ ളിൽ 'മൂന്ന്' എന്നതിന്റെ നിഷ്പത്തിഘട്ടങ്ങളെ സൂചിപ്പിക്കുന്നുണ്ട്: "ന്റ > ന്ന' ആകുന്നതിന് പൂർവ്വമലയാളത്തിൽ 'ന്ത' എന്നൊരു നിർമ്മാണഘട്ടത്തെ നാം നിർമ്മിച്ചിട്ടുണ്ട്. പൂർവ്വമലയാളത്തിലും പൂർവ്വത്തമിഴിലും 'ന്റ'യെ സൂക്ഷിച്ചുവെ ക്കാൻ 'വർത്സ്യ നു +ത' എന്ന ഒരു ഘട്ടം നിർമ്മിക്കേണ്ടത് ആവശ്യമാണ്. തമി ഴിൽ മുൻസവർണ്ണനംമൂലം ഈ പൂർവ്വകൂട്ടക്ഷരത്തിൽനിന്ന് എല്ലാ 'ന്റ'കളും രൂപ പ്പെട്ടിട്ടുണ്ട്. മലയാളത്തിൽ വർത്സ്യനകാരവും വർത്സ്യതകാരവും ചേർന്ന് 'ന്ന'യും 'ന്റ'യും രൂപപ്പെടുന്നു. ഉദാ: മൂന്റ് > മൂന്ന് (2017 : 151) സി. എൽ. ആന്റണി സങ്കല്പി ക്കുന്ന 'മൂന്ത്' എന്ന രൂപവും അതിൽനിന്നു തമിഴ്-മലയാളങ്ങളിൽ യഥാക്രമം ഉരു ത്തിരിയുന്ന 'ന്റ', ന്ന' ചേർന്ന മൂന്റ്, 'മൂന്ന് എന്നീ സംഖ്യാനാമങ്ങളുടെ വിവരണ

ങ്ങളും കേരളപാണിനീയഭാഷ്യത്തിലുണ്ട്. സുബ്രഹ്മണ്യത്തിന്റെ ആലോചനകളോട് കണ്ണിചേർക്കാവുന്ന നിരീക്ഷണങ്ങളാണവ.

അനുനാസികസംസർഗനയത്തിന്റെ സ്വാധീനഫലമായി ഭാഷയിലുണ്ടായ രൂപങ്ങളായി കേരളപാണിനി കണക്കാക്കുന്ന 'ഒന്ന്, മൂന്ന്, കുന്ന്, കന്ന്' എന്നിവ മറ്റു ചില വൈയാകരണന്മാരുടെ ദൃഷ്ടിയിൽ അങ്ങനെയല്ലെന്നാണ് കാണാൻ സാധിക്കുന്നത്. വ്യാകരണപ്രധാനമായ അനുനാസികസംസർഗം എന്ന കേരളപാണിനീയസങ്കൽപത്തെ നിരാകരിക്കുന്ന സി. എൽ. ആന്റണിയും അദ്ദേഹത്തിന്റെ വാദമുഖങ്ങളെ ഖണ്ഡിക്കുന്ന *കൈരളീശബ്ദാനുശാസന*കാരനും അതിനോടു യോജിക്കുന്ന നാരായണപിഷാരോടിയും അവരുടെ വ്യത്യസ്ത നിലപാടുകളും ഒക്കെ മുൻവിവരണങ്ങളിൽനിന്നും വ്യക്തമാണ്. അനുനാസികസംസർഗനയത്തിന്റെ പ്രവർത്തനത്താൽ മലയാളത്തിൽ വികസിച്ചുവന്ന വർത്തമാനകാലപ്രത്യയമായി 'ഉന്നു'വിനെ കേരളപാണിനി സങ്കല്പിക്കുന്നു. എന്നാൽ ആ പ്രത്യയത്തിന്റെ രൂപീകരണത്തെക്കുറിച്ച് വൈവിധ്യമുള്ള സിദ്ധാന്തങ്ങളാണ് മിക്ക വൈയാകരണന്മാരും ഉന്നയിക്കുന്നത്. അവരുടെ ആശയങ്ങളെ ഒന്നാകെ ക്രോഡീകരിച്ച് അവ സി. എൽ. ആന്റണിയുടെ അഭിപ്രായങ്ങളോട് ചേർത്തുവെച്ച് പരിശോധിക്കുകയാണ് അടുത്ത ഭാഗങ്ങളിൽ ചെയ്യുന്നത്.

### 4.1.3. വർത്തമാനകാലപ്രത്യയം 'ഉന്നു'വിന്റെ നിഷ്പത്തി – വിഭിന്ന അഭിപ്രായങ്ങൾ

അനുനാസികസംസർഗനയത്തിന്റെ ഫലമായി രൂപംകൊണ്ടിട്ടുള്ള ഒന്ന്, മൂന്ന് എന്നീ സംഖ്യാനാമങ്ങളും 'കുന്ന്, കന്ന്' എന്നീ പദങ്ങളും ചർച്ചചെയ്യുന്നതിനൊപ്പം തന്നെ ഒരു സവിശേഷപ്രത്യയത്തിന്റെ രൂപനിഷ്പത്തിയും കേരളപാണിനി നടത്തുന്നുണ്ട്. വർത്തമാനകാലക്രിയകളിൽ സർവ്വസാധാരണമായി കാണുന്ന 'ഉന്നു' പ്രത്യയത്തെ സംബന്ധിച്ചതാണത്. സി. എൽ. ആന്റണിയുടെ വീക്ഷണത്തിൽ കാൾഡ്വെൽ, ഏ.ആർ.ഗുണ്ടർട്ട്, ഗ്രാൽ എന്നീ ഭാഷാപണ്ഡിതന്മാരുടെ വർത്തമാനകാലപ്രത്യയനിഷ്പത്തിയുടെ അടിസ്ഥാനമായി വർത്തിക്കുന്നത് തമിഴിലെ 'ഇൻറു'വിൽനിന്നും മലയാളത്തിലെ 'ഉന്നു' രൂപപ്പെട്ടുവെന്ന നിഗമനമാണ്. ആ മുൻവിധിയെ മാറ്റിവെച്ചുകൊണ്ട് മറ്റൊരു വഴിക്ക് ആലോചിക്കാനാണ് താൻ ശ്രമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞുവെയ്ക്കുന്നു. അനുനാസികസംസർഗനയത്തിന്റെ പ്രവർത്തനത്താൽ ഉണ്ടാകുന്ന ഭാഷാരൂപങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി കേരളപാണിനി ചർച്ചചെയ്യുന്ന 'ഉന്നു' പ്രത്യയത്തെയും അതിന്റെ രൂപസിദ്ധിയെയും കുറിച്ച് വിവിധ വൈയാകരണന്മാർ പലതരം നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. വർത്തമാനകാലപ്രത്യയത്തെ സംബന്ധി

ച്ചുള്ള പക്ഷാന്തരങ്ങളെ കെ. സുകുമാരപിള്ളയും കെ. എം. പ്രഭാകരവാര്യരും യഥാക്രമം *കൈരളീശബ്ദാനുശാസനം, മലയാളവ്യാകരണസമീക്ഷ* എന്നിങ്ങനെയുള്ള അവരുടെ കൃതികളിൽ ക്രോഡീകരിക്കുന്നുണ്ട്. കേരളപാണിനിയ്ക്കു മുൻപും പിൻപും വരുന്ന വൈയാകരണന്മാരുടെ ആലോചനകളെ താഴെ സംഗ്രഹിക്കാം. *കൈരളീശബ്ദാനുശാസന*ത്തിലെ അഞ്ചാംഅധ്യായമായ 'ധാതു'വിൽ 'കാലം' എന്ന ഭാഗത്ത് 'ഭൂതകാലം' ഭൂതേതരരൂപങ്ങൾ എന്ന വിഭജനമുണ്ട്[25]. ഭൂതേതരരൂപങ്ങളിലാണ് 'വർത്തമാനഭാവികാല'ങ്ങളെ സുകുമാരപിള്ള ഉൾപ്പെടുത്തുന്നത്. പ്രാചീനദശയിൽ ഭൂതേതരരൂപങ്ങൾക്ക് വർത്തമാനഭാവിഭേദം ഉണ്ടായിരുന്നില്ലെന്നും എന്നാൽ ഇന്ന് ദക്ഷിണദ്രാവിഡഭാഷകളിലാകെ അത് വികസിച്ചുവെന്നും അദ്ദേഹം നിരീക്ഷിക്കുന്നു. മലയാളത്തിൽ വർത്തമാനവും ഭാവിയും വെവ്വേറെ പ്രത്യയങ്ങളോടുകൂടി തീർത്തും വ്യതിരിക്തങ്ങളായിരിക്കുന്നു. ഭാവിരൂപപ്രത്യയത്തെക്കാൾ 'പുത്തൻ കൂറ്റു'കാരനായി വർത്തമാനകാലപ്രത്യയത്തെ[26] അദ്ദേഹം കണക്കാക്കുന്നു.

കാൾഡ്വൽ, എൽ. വി. രാമസ്വാമിഅയ്യർ, ഷൂളേ ബ്ളോക്, എം. എസ്. ആന്ദ്രൊനോവ്, പി. എസ്. സുബ്രഹ്മണ്യം, സി. എൽ. ആന്റണി എന്നിവരുടെ വർത്തമാനകാലപ്രത്യയവ്യുൽപത്തികളാണ് സുകുമാരപിള്ള സംക്ഷേപിച്ചിരിക്കുന്നത്.

കെ. എം. പ്രഭാകരവാര്യരുടെ *മലയാളവ്യാകരണസമീക്ഷ*യിൽ മേൽപ്രസ്താവിച്ചവരുടെ നിരീക്ഷണങ്ങൾക്കൊപ്പം കേരളപാണിനി, എം. ലീലാവതി, വി. ഐ. സുബ്രഹ്മണ്യം എന്നിവരുടെ വിശദീകരണങ്ങളും നൽകുന്നുണ്ട്. ഒപ്പംതന്നെ സ്വകീയമായ നിർദ്ദേശങ്ങളും വർത്തമാന-ഭാവികാലങ്ങളുടെ പ്രയോഗവൈപുല്യവും പ്രഭാകരവാര്യർ നിർദ്ദേശിക്കുന്നു. 'ഉന്നു'വിന്റെ പരിണാമചരിത്രം സംബന്ധിച്ച പക്ഷാന്തരങ്ങൾ തുടർന്നു താഴെ സംഗ്രഹിക്കുന്നു.

#### 4.1.3.1. കാൾഡ്വൽ

*ദ്രാവിഡഭാഷകളുടെ താരതമ്യവ്യാകരണം* എന്ന കൃതിയിൽ 'ഉന്നു'വിന്റെ രൂപീകരണഘട്ടങ്ങളെ അദ്ദേഹം വിവരിക്കുന്നു. തമിഴ്-മലയാളങ്ങളിൽ വർത്തമാനകാലപ്രത്യയം ഒന്നു തന്നെയാണെന്ന് നിസംശയം പറയുന്നു. തമിഴിൽ 'കിന്റു' 'കിറു' എന്നിങ്ങനെ രണ്ടു വർത്തമാനകാലരൂപങ്ങളുള്ളതിൽ 'കിന്റു'വാണ് പ്രാചീനമായിട്ടുള്ളത്. 'കിന്റു' അനുനാസികത്യാഗംമൂലം 'കിറു' ആയിത്തീരുന്നു. തമിഴിലെ 'വരുകിറാൻ' തുടങ്ങിയ ക്രിയാരൂപങ്ങൾ ഇതിനുദാഹരണമാണ്. 'ഇന്റു' (ഇന്നു) വിനോട് ഭാവ്യർത്ഥസൂചകമായ കകാരം ചേർന്നാണ് 'കിന്റു' എന്ന രൂപം

ഉണ്ടാകുന്നത്. മലയാളത്തിലെ 'ഉന്നു'വിന്റെ ഉപപത്തിയും 'കിന്റു'വിൽ നിന്നാണ്. കാൾഡ്വലിന്റെ ആ വിശദീകരണങ്ങളെ പ്രഭാകരവാര്യർ രേഖപ്പെടുത്തിയിട്ടുള്ളത് ചുവടെ ചേർക്കുന്നു.

കിന്റു (കകാരലോപം)

↓

ഇന്റു (അനുനാസികാതിപ്രസരം)

↓

ഇന്നു (ഇത് പഴയ മലയാളരൂപമാണ്. ഇ-ഉ പരിണാമം)

↓

ഉന്നു (മലയാളവ്യാകരണസമീക്ഷ, 2007: 89)

#### 4.1.3.2. ഏ. ആർ. രാജരാജവർമ്മ

കാൾഡ്വലിന്റെ നിരീക്ഷണങ്ങളോടുള്ള വിമർശനങ്ങൾ ഉന്നയിക്കുന്നതിനൊപ്പം സ്വാഭിപ്രായങ്ങൾ അവതരിപ്പിക്കാനാണ് കേരളപാണിനി ശ്രമിക്കുന്നത്. ദ്രാവിഡഭാഷകളിൽ അനുനാസികസംസർഗമല്ലാതെ അനുനാസികത്യാഗം ('കിന്റു' 'കിറു'വാകുന്നത്) സാധാരണമല്ലെന്നും ഭാവിപ്രത്യയത്തിന് ('ക്') ശേഷം വർത്തമാനകാലത്തെ സൂചിപ്പിക്കുന്ന ഒരു അനുപ്രയോഗം ('ഇന്റു') ചേരുന്നതിൽ യുക്തിരാഹിത്യമുണ്ടെന്നുമാണ് ഏ. ആറിന്റെ കാഴ്ചപ്പാട്. അദ്ദേഹത്തിന്റെ നിഷ്പത്തിക്രമത്തെ പ്രഭാകരവാര്യർ സംഗ്രഹിച്ചിട്ടുള്ളത് നോക്കാം.

ഇറ ('കാലത്തിന്റെ പോക്ക്' എന്നർത്ഥമുള്ള പൂർവരൂപം

↓ (അനുനാസിക സംസർഗത്താൽ)

ഇന്റ

↓ അനുനാസികാതിപ്രസരത്താൽ

ഇന്ന

↓ (അവധാരികഭാവിപ്രത്യയം 'ഉ' ചേരുന്നു

ഇന്നു

↓ (സ്വരമാറ്റം നടക്കുന്നു

ഉന്നു (2007 : 90)

#### 4.1.3.3. ഷൂളേ ബ്ളോഖ് (Jule Bloch)

'Grammatical Structure of the Dravidian Languages' എന്ന അദ്ദേഹത്തിന്റെ കൃതിയിലെ വർത്തമാനകാലപ്രത്യയനിഷ്പത്തിയാണ് സുകുമാരപിള്ള 'കൈരളീ ശബ്ദാനുശാസന'ത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. 'ആവുക എന്നർത്ഥമുള്ള 'കിറ്' എന്ന സഹായക്രിയയാണ് 'കിൻറു' ആയിത്തീർന്നത് എന്നത്രേ ഷൂളേബ്ളോഖിന്റെ പക്ഷം' (സുകുമാരപിള്ള, 1980 : 296)

#### 4.1.3.4. എം. എസ്. ആന്ദ്രൊനോവ്

ആന്ദ്രൊനോവിന്റെ അഭിപ്രായങ്ങൾ സംഗ്രഹിക്കുന്നതിനൊപ്പം അതിനോടുള്ള തന്റെ നിലപാടുകൾ രേഖപ്പെടുത്താനും സുകുമാരപിള്ള ശ്രമിക്കുന്നുണ്ട്.

'Hints Regarding the origin of the present tense suffix kiur in Tamil' എന്ന കൃതിയിൽ ആന്ദ്രൊനോവ് 'കിന്റു' പ്രത്യയത്തെ നിഷ്പാദിപ്പിച്ചിട്ടുള്ളതിനെ സുകുമാരപിള്ള രേഖപ്പെടുത്തുന്നു.

''പക്ഷേ 'കില്' ധാതുവിന്റെ ഭൂതരൂപം 'കിറ്റു' ആകാനേ തരമുള്ളൂ എന്ന് ദ്രാവിഡനിരുക്തനിഘണ്ടു ചൂണ്ടിക്കാട്ടുന്നു. സഹായക്രിയകൾ ധാതുവിനോടല്ല, കൃദന്തരൂപത്തോടാണു ചേരുന്നത് എന്ന വിശേഷവും അവഗണിക്കാൻ പാടില്ല. ഏതായാലും ഭാവിപ്രത്യയാംശമെന്നു കരുതപ്പെടുന്ന 'ക്/ക്ക്' പ്രത്യയങ്ങളും 'ഇല്' ധാതുവിന്റെ ഭൂതരൂപമായ കിന്റുവും ചേർത്താണ് ആന്ദ്രൊനോവ് - കിന്റു പ്രത്യയം സൃഷ്ടിച്ചിരിക്കുന്നത്'' (1980 : 296).

#### 4.1.3.5. എൽ. വി. രാമസ്വാമിഅയ്യർ

കെ.സുമാരപിള്ള, കെ.എം.പ്രഭാകരവാര്യർ എന്നിവരുടെ കൃതികളിൽ എൽ. വി.ആറിന്റെ വർത്തമാനകാലപ്രത്യയനിഷ്പത്തിയ സംബന്ധിച്ച ആശയങ്ങളുണ്ട്. *Morphology of the old Tamil verb* എന്ന കൃതിയിൽ എൽ. വി. ആർ. കണ്ടെത്തുന്ന ആശയങ്ങളെ *കൈരളീശബ്ദാനുശാസന*ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് പരിശോധിക്കാം.

'എൽ.വി.ആർ മറ്റൊരു വഴിക്കു ചിന്തിച്ചു. 'ആക്-' 'പോക്-' എന്നിവയിൽ ഭൂതപ്രത്യയം ചേർന്ന് 'ആകിന്റു' 'പോകിന്റു' എന്നീ രൂപങ്ങളുണ്ടായി. അവയുടെ ഘടകങ്ങളെ തെറ്റായി പിരിച്ചാൽ 'ആ+കിൻറു' 'പോ+കിൻറു' എന്നു കിട്ടും. തുടക്കത്തിൽ പ്രഥമപുരുഷൈകവചനഭൂതരൂപമായിരുന്ന അതിന്റെ ഉല്പത്തി കാലക്രമത്തിൽ വിസ്മരിക്കപ്പെടുകയും ക്രമേണ പുരുഷപ്രത്യയങ്ങൾ കൈക്കൊണ്ട്

വർത്തമാനകാലരൂപങ്ങളുടെ ഒരു ഗണത്തിനു ജന്മം നൽകുകയും ഉണ്ടായത്രേ' (1980 : 296).

*Evolution of Malayalam Morphology* – യിൽ എൽ. വി. ആർ. വർത്തമാന കാലപ്രത്യയരൂപീകരണം അവതരിപ്പിച്ചിരിക്കുന്നതിലെ സവിശേഷപരാമർശങ്ങ ളാണ് കെ. എം. പ്രഭാകരവാര്യർ *മലയാളവ്യാകരണസമീക്ഷ*യിൽ അവതരിപ്പിക്കു ന്നത്.

'എൽ. വി. രാമസ്വാമിഅയ്യർ (*എവലൂഷൻ ഓഫ് മലയാളം മോർഫോളജി*) സാമാന്യമായി കാൾഡ്വല്ലിന്റെ നിഷ്പത്തിക്രമം അംഗീകരിക്കുന്നുണ്ടെങ്കിലും വിശ ദാംശത്തിൽ സ്വന്തമായ പരിണാമചരിത്രം നിർദ്ദേശിക്കുന്നുണ്ട്. അതിങ്ങനെയാണ്: പ്രാചീനത്തമിഴിൽ 'കിന്റു' ഭൂതകാലരൂപമായിരുന്നു. മധ്യകാലത്തമിഴിലാണ് വർത്തമാനകാലാർത്ഥത്തിൽ പ്രയോഗിക്കാൻ തുടങ്ങിയത്. കേരളക്കരയിൽനിന്ന് ലഭിച്ച ശിലാരേഖകളിൽ 'ഇന്റ്' വർത്തമാനപ്രത്യയമായി ഉപയോഗിച്ചു കാണുന്നു. ചെയ്യിന്റ, അരുളിന്റ, കൊല്ലിന്റവൻ ഇത്യാദി. അനുനാസികാതിപ്രസരം 'ഇന്റ്'- നെ 'ഇന്നു'-വും ഇകാരത്തിന്റെ ഉച്ചാരണദൗർബല്യം 'ഇ'- യെ 'ഉ'- ഉം ആക്കുന്നു. 'ഇ – ഉ' വിനിമയം മലയാളത്തിൽ കാണുന്നുണ്ട്. പൊന്നിൻകുടം – പൊന്നുംകുടം. വാതില്ക്കൽ - വാതുക്കൽ. അങ്ങനെ 'ഇന്റു - ഇന്നു - ഉന്നു' (പ്രഭാകരവാര്യർ, 2007 : 90).

ടി. ബി .വേണുഗോപാലപ്പണിക്കൽ വിവർത്തനം ചെയ്ത എൽ. വി. ആറിന്റെ 'കേരളപാണിനീയക്കുറിപ്പുകൾ' എന്ന ലേഖനത്തിൽ[27] വർത്തമാനകാല പ്രത്യയത്തിന്റെ രൂപീകരണത്തെപ്പറ്റിയുള്ള കേരളപാണിനിയുടെ വിവരണങ്ങളും അതിനോടുള്ള തന്റെ പ്രതികരണങ്ങളും എൽ.വി.ആർ അക്കമിട്ടു നിരത്തുന്നു.

''കിറ്/കിന്റ് എന്ന വർത്തമാന പ്രത്യയത്തെപ്പറ്റി കേരളപാണിനി ഇങ്ങനെ പറയുന്നു.

a. 'കിന്റു'വിലും പഴയത്-'കിറു'വാണ്. അനുനാസികസംസർഗം 'കിൻറു' വിനെ ജനിപ്പിച്ചു. അനുനാസികസംസർഗനയത്തിന്റെ ഉപജ്ഞാതാവ് കാൾഡ്വെല്ലാണ്.

b. 'കിറു', - 'ക് + ഇറു' ആണ്. ഇറു ഇറ 'കടന്നുപോകുക' എന്ന ധാതുവിൽ നിന്നാണ്.

c. 'ഇറ'യുടെ അന്ത്യാകാരം ലോപിച്ച് - 'ഉ' ചേർന്നാണ് ക്-ഇറു-ഉണ്ടായത്.

ഈ വീക്ഷണത്തെപ്പറ്റി താഴെപറയുന്ന അഭിപ്രായങ്ങൾ പറയാനുണ്ട്.

(i) ‘കിറു’ ആണ് ‘കിൻറു’വിലും പഴയതെന്നു സങ്കല്പിക്കാൻ ന്യായമൊന്നുമില്ല. പഴയ ഇടത്തമിഴ്കൃതികളിൽ ‘കിൻറു’ മാത്രമേ കാണുന്നുള്ളൂ. 11-ാം നൂറ്റാണ്ടിലെ വീരചോഴിയത്തിലാണ് ‘കിറു’ എന്ന രൂപം ആദ്യമായി പരാമർശിക്കപ്പെടുന്നത്. ആ പ്രത്യയരൂപം ഉണ്ടായിരുന്നത് ഇടത്തമിഴ്വാമൊഴികളിലാണ്.

(ii) എല്ലാവശവും പരിഗണിച്ചാൽ ‘കിൻറു’ ഉണ്ടായിവന്നത് സ്വതേ ഭൂതാർത്ഥമുള്ള ‘ആകിൻറ’ പോകിൻറ്’ ഇവ ചില പഴന്തമിഴ്കൃതികളിൽ (കാലത്തൊകൈ 5, 27: പരിപാടൽ - 78; ഐങ്കുറു നൂറു 24) വർത്തമാനാർത്ഥകമായി പ്രയോഗിച്ചതിൽ നിന്നു വേർതിരിഞ്ഞു വന്നതാണ് എന്നു കരുതണം. പിന്നെ പുരുഷപ്രത്യയം ചേർന്ന് ഈ രൂപങ്ങൾ ഇടത്തമിഴിൽ പ്രചാരമായതോടെ വർത്തമാനപ്രത്യയമായി രൂപപ്പെട്ടതാണ്.

(iii) വിവർത്തനപ്രത്യയം ‘-ക്’ ഇടനില ‘-ഇൻ’ (ആകിനേൻ, ആകിനായ്, ആകിനാൻ, ആകിന്റ് എന്നതിൽ ‘-ഇൻ’ ‘ഉണ്ട്’, നപുംസകപ്രത്യയം ‘-തു’ എന്ന് മൂന്നു ഖണ്ഡമായി ‘-കിന്റ്’ പിരിക്കാം. ‘ൻ + തു’ സന്ധി ചെയ്തുണ്ടായ ‘-ൻറു’ വിൽ -റു’ വർത്സ്യസ്പർശമാണെങ്കിലും ക്രമേണ സ്ഫുരിതമായിത്തീർന്നു.

(iv) മലയാളത്തിലെ ‘-ഇൻറു’/-ഉന്നു’ എന്ന വർത്തമാനകാലപ്രത്യയത്തിന്റെ അന്ത്യത്തിൽ പുരുഷപ്രത്യയം ചേരാതെ നിൽക്കുമ്പോഴുള്ള ‘ഉ’ അവധാരകഭാവിപ്രത്യയമാണെന്നു വിശദീകരിക്കാനുള്ള ശ്രമം പരിശോധനയിൽ നിലനിൽക്കയില്ല’ (ശ്രീനാഥൻ, സെയ്തലവി 2017: 6465)

#### 4.1.3.6. പി. എസ്. സുബ്രഹ്മണ്യം

‘Dravidian Verb Morphology’ യിൽ വർത്തമാനകാലപ്രത്യയത്തിന്റെ ഉൽപത്തിയെ സംബന്ധിച്ചുള്ള തന്റെ വാദങ്ങൾ അദ്ദേഹം അവതരിപ്പിക്കുന്നു. നിഷേധാനുപ്രയോഗമായ ‘ഇല്ല്’ എന്നതിന്റെ ധാതു ‘ഇൽ’ തനിയെ നിൽക്കുമ്പോൾ നിഷേധാർത്ഥം അടങ്ങിയിട്ടില്ലെന്നും അതിൽനിന്നാണ് ‘കിൻറു’ നിഷ്പന്നമാകുന്നതെന്നുമാണ് പി. എസ്. സുബ്രഹ്മണ്യത്തിന്റെ അഭിപ്രായം. ദ്രാവിഡഭാഷകളിൽ ഇന്നു പയോഗിക്കുന്ന വർത്തമാനകാലപ്രത്യയങ്ങൾ ഭാവികാലപ്രത്യയത്തിൽ നിന്ന് പരിണമിച്ചതാണെന്നും വർത്തമാനകാലരൂപീകരണത്തിൽ ദ്രാവിഡഭാഷകൾക്ക് സാധർമ്മ്യമില്ലെന്നും പറയുന്നു. ഭൂതം, ഭൂതേതരം എന്നതരത്തിലുള്ള കാലവിഭജന

രീതിയെ പൂർവ്വദ്രാവിഡത്തിലുണ്ടാകാൻ സാദ്ധ്യതയുള്ളൂവെന്നും വ്യക്തമാക്കുന്നു. ഇദ്ദേഹത്തിന്റ നിരീക്ഷണങ്ങളെ പൂർണ്ണമായി മനസ്സിലാക്കാൻ സുകുമാരപിള്ളയുടെയും, പ്രഭാകരവാര്യരുടെയും വിവരണങ്ങൾ സഹായകമാണ്. അവ താഴെ ചേർക്കുന്നു.

*കൈരളീശബ്ദാനുശാസന*ത്തിലെ വിവരണങ്ങൾ പരിശോധിക്കാം. "നിഷേധാനുപ്രയോഗമായ 'ഇല്ല'യുടെ 'ഇല്-' ധാതുവിൽ നിഷേധാർത്ഥം അടങ്ങിയിട്ടുണ്ടോ? ഇല്ലായ്ക, ഇല്ലാതെ തുടങ്ങിയ രൂപങ്ങളിലെല്ലാം നിയമേന നിഷേധപ്രത്യയം ചേർന്നു കാണുകയാൽ ധാതുവിനു ജന്മനാ നിഷേധാർത്ഥം ഇല്ലെന്നു വരുന്നു. ആകയാൽ സുബ്രഹ്മണ്യത്തിന്റെ ദൃഷ്ടിയിൽ '-ക്/ക്ക്'+ഇല്-' (ഭൂതകാലരൂപത്തിൽ) അത്രേ - 'കിന്റു' (സുകുമാരപിള്ള, 1980 : 296).

*മലയാളവ്യാകരണസമീക്ഷ*യിലെ നിരീക്ഷണം: "കിന്റു'-വിൽ നിന്നുതന്നെയാണ് മലയാളത്തിലെ 'ഉന്നു-'വിനെയും നിഷ്പാദിപ്പിക്കേണ്ടത്. എന്നാൽ 'കിൻറു'വിന്റെ പൂർവരൂപം 'ഇൽ' ആയിരിക്കണം. അതിന് ഉണ്ട് എന്ന അർത്ഥം കൽപിക്കാം. 'ഇല്ല' എന്നത് ധാതുവിന്റെ നിഷേധരൂപമാണ്. 'കിൻറു' വിലെ 'ക്' അംഗപ്രത്യയമാണ്. അങ്ങനെ, 'ക്' + 'ഇൻറു' ('ഇൽ' ധാതുവിന്റെ ഭൂതകാലരൂപം) '-കിൻറു' മലയാളത്തിലെ 'ഉന്നു' 'കിൻറു-'വിനോട് ഔൽപത്തികമായി ബന്ധപ്പെട്ടിരിക്കുന്നു''. (പ്രഭാകരവാര്യർ, 2007 : 90)

#### 4.1.3.7. എം. ലീലാവതി

'മലയാളത്തിലെ വർത്തമാനകാലപ്രത്യയത്തിന്റെ നിഷ്പത്തി' എന്ന ലേഖനത്തിൽ[28] കേരളപാണിനിയുടെ അഭിപ്രായങ്ങളെ വിമർശിച്ചുകൊണ്ട് 'വർത്തമാനകാലപ്രത്യയ'ത്തെ ആധാരമാക്കിയുള്ള നവീനാശയങ്ങൾ എം. ലീലാവതി അവതരിപ്പിക്കുന്നു. എൽ.വി.ആർ, കെ.എൻ.എഴുത്തച്ഛൻ, ശിവരാജപിള്ള, സി.എൽ. ആന്റണി എന്നീ വൈയാകരണന്മാരുടെ അഭിപ്രായങ്ങളെ ക്രോഡീകരിച്ചിട്ടുണ്ട്. ഡോ. എൻ. കെ. മേരിയുടെ *മലയാളവ്യാകരണസിദ്ധാന്തങ്ങൾ* എന്ന കൃതിയിൽ ഈ ലേഖനത്തിലെ ആശയങ്ങളെ അവതരിപ്പിച്ചിരിക്കുന്നത് നോക്കാം.

'ഉന്നു'വിന്റെ നിഷ്പത്തിയെക്കുറിച്ചുള്ള വിഭിന്നാഭിപ്രായങ്ങൾ

(ക) 'ഇന്ന്' (ഈ ദിവസം) എന്ന നാമത്തിൽനിന്ന് 'ഉന്നു' ഉണ്ടായി (യൂറോപ്യൻ വൈയാകരണന്മാർ)

(ഖ) ഭൂതകാലപ്രത്യയത്തിൽ നിന്നുണ്ടായ വികാസമാണ് വർത്തമാനകാലപ്രത്യയം (എൽ.വി.ആർ, കെ.എൻ.എഴുത്തച്ഛൻ)

(ഗ) 'ഉന്തു' എന്ന രൂപത്തിൽനിന്ന് അനുനാസികാതിപ്രസരത്തിന്റെ പ്രവർത്തനംകൊണ്ട് 'ഉന്നു' ഉണ്ടായി (ശിവരാജപിള്ള, സി.എൽ.ആന്റണി) (മേരി, 2015 : 298)

കേരളപാണിനിയുടെ വർത്തമാനകാലപ്രത്യയനിഷ്പാദനത്തെ എം.ലീലാവതി നിരാകരിക്കുന്നു. 'കാലത്തിന്റെ പോക്ക്' എന്ന അർത്ഥം വരുന്ന 'ഇറ' ധാതുവിനെയാണ് 'ഉന്നു' പ്രത്യയത്തിന്റെ നിഷ്പത്തിയുടെ അടിസ്ഥാനമായി ഏ.ആർ കണക്കാക്കുന്നത്.

ഇറ

↓ അനുനാസികസംസർഗം

ഇന്റെ

↓ അനുനാസികാതിപ്രസരം

ഇന്ന

↓ അവധാരകഭാവിപ്രത്യയം ഉ ചേരുന്നു

ഇന്നു —സ്വരമാറ്റം നട→ ഉന്നു (2015 : 298)

ഏ.ആറിന്റെ ഈ സിദ്ധാന്തവൽക്കരണത്തെ മറികടന്ന് വ്യത്യസ്തമായ ചില നിരീക്ഷണങ്ങളാണ് അവർ രേഖപ്പെടുത്തുന്നത്.

'ഈ സിദ്ധാന്തത്തിന് എതിരായി 'ഇറ' എന്ന ധാതുവിനു വർത്തമാനാർത്ഥം കുറിക്കാൻ വിശേഷശക്തിയില്ല എന്നും ഇമ്മാതിരി ധാതുക്കളെ അനുപ്രയോഗം ചെയ്ത് പ്രത്യയമുണ്ടാക്കുന്ന രീതി അത്യസാധാരണമാണ് എന്നും പ്രസ്താവിച്ച് ലീലാവതി ഇതിൽ നിന്നെല്ലാം വ്യത്യസ്തമായ നിഗമനം അവതരിപ്പിച്ചിരിക്കുന്നു' (2015, 298).

കെ. എം. പ്രഭാകരവാര്യർ *മലയാളവ്യാകരണസമീക്ഷ*യിൽ ലീലാവതിയുടെ വർത്തമാനകാലപ്രത്യയനിഷ്പന്നഘട്ടങ്ങളെ സംഗ്രഹിക്കുന്നതിങ്ങനെയാണ്. "മലയാളത്തിൽ 'ഉന്നു' വിന് പുറമെ 'ഉണ്ണു' എന്നൊരു വർത്തമാനകാലപ്രത്യയമുണ്ട്. സാഹിത്യഭാഷയിൽ ഈ 'ണ്ണു' 'ആണ്ണു' എന്ന സംയോജകക്രിയയിലേ കാണുന്നുള്ളൂ. എന്നാൽ സംസാരഭാഷയിൽ ഈ പ്രത്യയം സർവസാധാരണമാണ്: 'നടക്കുണ്ണു, വരുണ്ണു'. ഈ 'ഉണ്ണ' രൂപം ഉന്നുവിന്റെ പരിണതരൂപമാണെന്ന് പറയുകവയ്യ. ദന്ത്യം, മൂർധന്യമാവുന്നത് സാധാരണമല്ല. രണ്ടിന്റെയും മൂലരൂപം

'കിന്റു' തന്നെ. എന്നാൽ പരിണാമചരിത്രം ഭിന്നമാണ്. ആകിന്റു - ആകുന്റു – ആകുന്നു; ആകിന്റു – ആക്ന്റു - ആക്ണു; പിൻസ്വരം ദന്ത്യരൂപത്തിന്റെയും കേന്ദ്രസ്വരം മൂർധന്യരൂപത്തിന്റെയും നിഷ്പത്തിപ്രക്രിയയ്ക്ക് പ്രേരകങ്ങളായി എന്നാണ് ലീലാവതി ചൂണ്ടിക്കാണിക്കുന്നത്" (പ്രഭാകരവാര്യർ, 2007 : 91).

*മലയാളവ്യാകരണസിദ്ധാന്തങ്ങൾ* എന്ന കൃതിയിൽ ലീലാവതിയുടെ ആശയങ്ങളെ ഡോ. എൻ. കെ. മേരി സംഗ്രഹിക്കുന്നു: "മലയാളത്തിൽ 'ഉന്നു'വിനു പുറമെ 'ഇണു' അഥവാ 'ഉണു' (ചെയ്യിണു, വരുണു) എന്നു മറ്റൊരു വർത്തമാന കാലപ്രത്യയം കൂടി ഉണ്ട്; അത് സംസാരഭാഷയിൽ സർവ്വസാധാരണമാണെന്നും പ്രാചീനകാലം മുതൽ അതിന്റെ പ്രയോഗമുണ്ടായിരുന്നു എന്ന് ആട്ടപ്രകാരങ്ങളും മറ്റും തെളിവുകൾ നൽകുന്നുണ്ടെന്നും ലീലാവതി പ്രസ്താവിച്ചിരിക്കുന്നു. കൂടാതെ മാനകഭാഷയിൽ ഉറച്ചുകഴിഞ്ഞ 'ആണ്' എന്ന രൂപത്തെക്കുറിച്ചും, അതിന്റെ പൂർവ്വരൂപം 'ആകുന്നു' ആകാം എന്നതിനെക്കുറിച്ചും പരാമർശിച്ചിരിക്കുന്നു. ഇവയുടെയെല്ലാം മൂലരൂപം 'കിന്റു' ആണെന്നാണ് അവരുടെ അഭിപ്രായം. 'ആകിന്റു' എന്ന വർത്സ്യരൂപം മൂർദ്ധന്യാദേശം വഴി 'ആകിണ്ണു' (ആകിണു - ആകുന്നു) എന്നും ദന്ത്യാദേശം വഴി 'ആകിന്നു' (ആകുന്നു) എന്നും മാറി. വർത്സ്യത്തിനു മൂർദ്ധന്യാദേശവും ദന്ത്യാദേശവും വരാറുണ്ട് എന്നതിന് 'കന്റ് - കണ്ണ് – കന്ന്' എന്നും ദന്ത്യാദേശം വരുന്നതിന് 'എന്റാൻ-എന്നാൻ' എന്നും ഉദാഹരണം ചൂണ്ടിക്കാട്ടി കേരളപാണിനിയുടെ നിഗമനത്തെ തീർത്തും നിരാകരിച്ചിരിക്കുന്നു (മേരി, 2015 :298-299).

#### 4.1.3.8. വി. ഐ. സുബ്രഹ്മണ്യം

മലയാളത്തിലെ വർത്തമാനകാലപ്രത്യയമായ 'ഉന്നു'വിന്റെ പൂർവരൂപമായി 'ഉറ്റ്' നെ അദ്ദേഹം പരിഗണിക്കുന്നു.

ഉറ്റ് ⟶ ഉത്ത് ⟶ ഉൻതു ⟶ ഉന്നു

എന്നിങ്ങനെയാണ് പരിണാമപ്രക്രിയയുടെ ഘട്ടങ്ങളെന്നും സങ്കൽപ്പിച്ചിരിക്കുന്നു (കെ.എം.പ്രഭാകരവാര്യർ, 2007 : 91).

#### 4.1.3.9. എൻ. കുമാരസ്വാമിരാജ

'മലയാളത്തിലെ ഇരട്ടിച്ച നകാരം' എന്ന ലേഖനത്തിലാണ് കുമാരസ്വാമി രാജ തന്റെ പരിണാമഘട്ടങ്ങൾ പ്രസ്താവിക്കുന്നത്. അതേകുറിച്ച് പ്രഭാകരവാര്യരുടെ വിശദീകരണങ്ങൾ ഇപ്രകാരമാണ് : "കിന്റു തന്നെ പൂർവരൂപം. പരിണാമം

ഇങ്ങനെയാണ്. (i) കകാരലോപം (ശിഥിലോച്ചാരണം മൂലം) -കിന്റു-ഇന്റു; (ii) ഇന്റു - ഇന്തു (ന്റു-ന്തു പരിണാമം മറ്റു ദ്രാവിഡഭാഷകളിലും ഉണ്ട്: ഒന്റു - കർണാടകത്തിൽ ഒന്തു); (iii) ഉന്തു - ഉന്നു'' (2007 : 91).

'കേരളപാണിനീയഭാഷ്യ'കാരന്റെ വർത്തമാനകാലപ്രത്യയരൂപീകരണ ഘട്ടങ്ങളെ ഇതരവൈയാകരണന്മാരുടേതിനോട് താരതമ്യപ്പെടുത്തി പരിശോധിക്കുന്നത് അനിവാര്യമാണ്. ഏ.ആറിന്റെ അനുനാസികസംസർഗനയത്തെ ഉച്ചാരണപരമായ ഒരു സവിശേഷതയായി അംഗീകരിക്കുന്നു. അതിനെ പൂർണ്ണമായും 'കേരളപാണിനീയഭാഷ്യ'ത്തിൽ നിരാകരിക്കുന്നില്ലെന്നു സാരം. ഭൂത-ഭാവികാല പ്രത്യയങ്ങളിൽ നിന്നുമാണ് വർത്തമാനകാലപ്രത്യയം രൂപംകൊണ്ടിട്ടുള്ളതെന്ന ബഹുഭൂരിപക്ഷത്തിന്റെയും അഭിപ്രായങ്ങളിൽനിന്നും വ്യത്യസ്തമായി തമിഴ്-മലയാളങ്ങൾ വേർപിരിയുന്നതിനുമുമ്പുള്ള സമാനഘട്ടത്തിൽ നിലവിലുണ്ടായിരുന്ന വർത്തമാനകാലവിനയെച്ചരൂപത്തിൽനിന്നുമാണ് വർത്തമാനകാലപ്രത്യയം ഉണ്ടായതെന്ന് സ്ഥാപിച്ചിരിക്കുന്നു. ഭൂരിഭാഗം വ്യാകരണകർത്താക്കളും 'കിൻറു' എന്നുള്ള ഭൂതകാലരൂപത്തിൽനിന്നുമാണ് 'ഉന്നു' എന്ന വർത്തമാനകാലപ്രത്യയത്തെ രൂപികരിച്ചിരിക്കുന്നത്. വർത്തമാനകാലപ്രത്യയത്തിന്റെ രൂപീകരണം വാമൊഴിപേച്ചുകളിലൂടെ ഉണ്ടായിവന്ന സവിശേഷതയായി സുകുമാരപിള്ളയും, എം.ലീലാവതിയും നിർണ്ണയിക്കുന്നതുകാണാം. ഇടത്തമിഴ്വാമൊഴികളിൽ നിന്നുള്ള 'കിറു' സംസാരഭാഷയിൽ പ്രയോഗിക്കുന്ന 'ഉണു' എന്നിങ്ങനെയുള്ള അവയുടെ പ്രസ്താവനകൾ അതിനു തെളിവാണ്. ഇത്തരത്തിൽ ഉച്ചാരണപരമായി മാത്രമുള്ള ഒരു പ്രത്യയരൂപീകരണമായിട്ടാണ് സി.എൽ.ആന്റണിയും 'ഉന്നു' വിനെ മനസ്സിലാക്കുന്നത്. ഈ പ്രത്യയത്തിന്റെ നിഷ്പത്തി പൂർവ്വാഗാമികളുടേതിൽനിന്ന് വ്യത്യസ്തമായി ആവിഷ്കരിക്കാൻ അദ്ദേഹത്തിനു സാധിക്കുന്നുണ്ട്. കന്നട-തെലുങ്ക് ഭാഷകളിലെ വർത്തമാനകാലവിനയെച്ചരൂപങ്ങളിൽ കാണുന്ന 'ഉതു' പ്രത്യയത്തെയാണ് അദ്ദേഹം 'ഉന്നു'വിന്റെ പൂർവരൂപമായി ഗണിക്കുന്നത്. സങ്കീർണതകൾ ഒഴിവാക്കിക്കൊണ്ടുള്ള ഒരു നിഷ്പാദനമാണ് വിവരണങ്ങളിൽ കാണുന്നത്. 'കേരളപാണിനീയഭാഷ്യ'ത്തിലെ ഈ ഉൽപത്തിക്രമത്തെക്കുറിച്ച് പ്രഭാകരവാര്യരുടെ നിരീക്ഷണം പരിശോധിക്കാം.

"മേൽപറഞ്ഞവയിൽ ഏറ്റവും ലളിതമായ നിഷ്പത്തിക്രമം ആന്റണി നിർദ്ദേശിച്ചതാണെങ്കിലും മലയാളത്തിലെ പ്രാചീനരേഖകളിലെ വർത്തമാനകാലരൂപങ്ങൾ ആ നിരീക്ഷണവുമായി പൊരുത്തപ്പെടുന്നില്ല. പ്രാചീനരേഖകളിൽ

'ഇന്റു/ഇന്നു' വർത്തമാനകാലപ്രത്യയമായി പ്രത്യക്ഷപ്പെടുന്നതുകൊണ്ട് 'കിന്റു' എന്നായിരിക്കണം പൂർവരൂപം' (പ്രഭാകരവാര്യർ, 2007: 91).

പൂർവ്വവൈയാകരണന്മാരുടെ ചർച്ചകളിൽ വർത്തമാനകാലപ്രത്യയത്തിന്റെ പൂർവ്വരൂപം 'കിൻറു' എന്നതാണ്. ആ ധാരണകളെയെല്ലാം തിരുത്തിക്കൊണ്ടാണ് താൻ മറ്റൊരു നിഷ്പാദനക്രമത്തിനു ശ്രമിക്കുന്നതെന്നും സി.എൽ.ആന്റണി പ്രസ്താവിക്കുന്നുണ്ട്. എന്നാൽ മതിയായ തെളിവുകളുടെയും ഉദാഹരണങ്ങളുടെയും അഭാവത്തിൽ അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾക്ക് പരിമിതികളുണ്ടെന്ന് ബോദ്ധ്യമാവുന്നു.

### 4.2. ദ്വിത്വഖരാദേശനയങ്ങൾ

മലയാളത്തിലെ പദഘടനാപ്രക്രിയയെ സംബന്ധിക്കുന്ന രണ്ട് പ്രധാനനയങ്ങളായി ഏ.ആർ. ആവിഷ്കരിക്കുന്ന 'അനുനാസികസംസർഗ'വും, 'ദ്വിത്വഖരാദേശ'വും അവയുടെ ഭാഷാപ്രയോഗസാദ്ധ്യതകളും പുനഃരാലോചനകൾക്ക് വിധേയമാക്കുന്നതാണ് *കേരളപാണിനീയഭാഷ്യ*ത്തിലെ അഞ്ചും ആറും അദ്ധ്യായങ്ങൾ. അഞ്ചാംഅധ്യായത്തിൽ അനുനാസികസംസർഗനയം അവതരിപ്പിക്കാൻ *കേരളപാണിനീയ*ത്തിൽപരിമിതമായ ഉദാഹരണങ്ങളെ അവലംബമാക്കി എ. ആർ. നടത്തിയിട്ടുള്ള നിഷ്പത്തിക്രമങ്ങളെ വിമർശിക്കുന്നതിനൊപ്പം സ്വാഭിപ്രായപ്രകടനങ്ങൾ നടത്താനും സി. എൽ. ആന്റണി ശ്രമിക്കുന്നുണ്ട്.

''അനുനാസികസംസർഗം

സ്വാർഥവിശ്രാന്തിസൂചകം

ഖരാദേശമിരട്ടിപ്പും

പരസംക്രാന്തിചിഹ്നമാം'' എന്ന 108-ാം *കേരളപാണിനീയ*കാരികയിൽ മേല്പറഞ്ഞ രണ്ടു നയങ്ങളെ സംഗ്രഹിച്ചിരിക്കുന്നു. പരസംക്രാന്തിചിഹ്നമായി കേരളപാണിനി കണക്കാക്കുന്ന ഖരാദേശമിരട്ടിപ്പുകളുടെ സാധുത പരിശോധിക്കുകയാണ് ഈ അധ്യായത്തിൽ സി. എൽ. ആന്റണി ചെയ്യുന്നത്. അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ ക്രോഡീകരിക്കാം.

#### 4.2.1. ഖരാദേശമിരട്ടിപ്പുകൾ : 'കേരളപാണിനീയഭാഷ്യ'ത്തിലെ വീക്ഷണങ്ങൾ

ഭേദകങ്ങളെയും കൃതികളെയും നാമമാക്കാനുപകരിക്കുന്നതാണ് അനുനാസികസംസർഗനയമെങ്കിൽ നാമങ്ങളിൽനിന്നു ഭേദകങ്ങളെ രൂപീകരിക്കുന്നതാണ് ദ്വിത്വഖരാദേശനയങ്ങൾ എന്ന് കേരളപാണിനി അഭിപ്രായപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ ശരിക്കും മനസ്സിലാക്കിയിട്ടുവേണം അവ

യെക്കുറിച്ചുള്ള ഉപരിചിന്ത നടത്താനെന്നാണ് സി. എൽ. ആന്റണി ആദ്യമെ പറഞ്ഞുവെയ്ക്കുന്നത്. ഈ നയങ്ങളുടെ ആവിഷ്കർത്താവ് വാസ്തവത്തിൽ ഡോ. കാൾഡ്വെൽ ആണ്. *താരതമ്യവ്യാകരണ*ത്തിലെ വിശദാംശങ്ങളെ അനുഗമിച്ച് 'ഖരാദേശമിരട്ടിപ്പും പരസംക്രാന്തിചിഹ്നമാം''എന്നൊരു കാരികാഖണ്ഡം കേരളപാണിനീയത്തിൽ ചേർത്ത് ഒരു വിവരണം നൽകുകയാണ് ഏ.ആർ ചെയ്തിട്ടുള്ളത്. ദ്വിത്വഖരാദേശങ്ങളാൽ ഒരു ശബ്ദത്തിൽനിന്നും മറ്റൊരു ശബ്ദത്തിലേക്കുള്ള അർത്ഥസംക്രമണത്തെ ഉദാഹരണസഹിതം കാൾഡ്വെൽ കുറിച്ചിട്ടുള്ളത് സി. എൽ. ആന്റണി എടുത്തുകാണിക്കുന്നുണ്ട്.

''This doubling of the final consonants of such nouns (കാടു – കാട്ടു ; ആറ് – ആറ്റു) is to be regarded, I think, as a sign of the transition of the meaning of the first noun of the succeeding one, just as, when intransitive or neuter verbs ending in 'du' or 'ru' (ടകാരറകാരങ്ങൾ) acquire by doubling their consonants a transitive signification." (റഫറൻസ്)

ഈ ഭാഷാനിരീക്ഷണം *താരതമ്യവ്യാകരണ*ത്തിന്റെ പല സ്ഥലത്തും കാൽഡ്വെൽ ആവർത്തിക്കുന്നുണ്ട്. ആ സന്ദർഭങ്ങളെ സി. എൽ. ആന്റണി രേഖപ്പെടുത്തിയിട്ടുണ്ട്.

(1) പ്രകൃതികൾ (roots) എന്ന വിഭാഗത്തിൽ പ്രകൃത്യന്തവ്യഞ്ജനം ഇരട്ടിക്കുന്നതിനെക്കുറിച്ചു പ്രസ്താവിക്കുന്നിടത്ത്.

(2) നാമവിശേഷണങ്ങളുടെ നിഷ്പാദനക്രമം വിശദീകരിക്കുന്ന സന്ദർഭത്തിൽ.

(3) അകർമകക്രിയകളെ സകർമകമാക്കുന്നതിനു ചെയ്യാറുള്ള പ്രക്രിയകളെ വിവരിക്കുന്നു ഭാഗത്ത്.

കാൾഡ്വെൽ ഏറെ പ്രിയത്തോടെ ചർച്ചചെയ്യുന്ന ഈ നയത്തെ ഏ. ആർ. അനുവർത്തിക്കുകയും നിരവധി നിദർശനങ്ങളോടെ അവതരിപ്പിക്കുകയും ചെയ്യുന്നു. ശബ്ദാന്തവർണ്ണം ഇരട്ടിക്കുകയോ അത് അനുനാസികമായിരുന്നാൽ ഖരാദേശം ചെയ്ത് ഇരട്ടിക്കുകയോ ചെയ്യുന്ന ദ്വിത്വഖരാദേശപ്രവർത്തനത്താൽ പ്രസ്തുതശബ്ദത്തിന്റെ അർത്ഥം സ്വാർത്ഥപര്യാപ്തമാകാതെ മറ്റൊരു ശബ്ദത്തിലേക്കു സംക്രമണംചെയ്ത് വ്യാപിക്കുമെന്നും അതിനാൽ നാമങ്ങളെ ഭേദകങ്ങളാക്കാൻ ദ്വിത്വഖരാദേശനയം ഉപകരിക്കുമെന്നാണ് കേരളപാണിനിയുടെ പക്ഷം. നാട് – നാട്ടുകാര്യം (നാട്ടു), ആറ് – ആറ്റുവെള്ളം (ആറ്റു), ആണ്ട് – ആട്ടവെലി (ആട്ട), ചെമ്പ് – ചെപ്പുകുടം (ചെപ്പു) എന്നിങ്ങനെ നാമം വിശേഷണമായി മാറുന്ന ഉദാഹരണങ്ങളും ഇളകുക – ഇളക്കുക, പൊങ്ങുക – പൊക്കുക, കാണുക –

കാട്ടുക എന്ന തരത്തിൽ അകർമ്മകം സകർമ്മകമാകുകയോ സകർമ്മകം ദ്വികർമ്മ കമാകുകയോ ചെയ്യുന്ന തരത്തിലുള്ള ഉദാഹരണങ്ങളാണ് *കേരളപാണിനീയ*ത്തി ലുള്ളത്. അർത്ഥവിഷയകമായി ഓരോ തരത്തിലുള്ള പരസംക്രമണം മേൽപ്രസ്താവിച്ച ഉദാഹരണങ്ങളിലുണ്ടെന്ന് ഏ. ആർ. സമർത്ഥിക്കുന്നു.

ഈ നയം *കേരളപാണിനീയ*ത്തിൽ ആവർത്തിച്ചുപയോഗിക്കുന്ന സന്ദർഭ ങ്ങളെ സി. എൽ. ആന്റണി കണ്ടെത്തി അവതരിപ്പിക്കുന്നു :-

(1) കാരിക 47 – 'അം' പ്രത്യയത്തിന്റെ ആഗമം വിവരിക്കുന്നിടത്ത് – ''ഖരാദേ ശമിരട്ടിപ്പും, കൊണ്ടുകാര്യം ഫലിച്ചുപോം'' എന്നു പ്രസ്താവിച്ച് 'അന്' എന്ന സാങ്കൽപികപ്രകൃതിയിലെ നകാരത്തെ ഖരാദേശംവഴി തകാര മായും പിന്നീട് ദ്വിത്വംവഴി ത്തകാരമായും മാറ്റി 'അത്ത്' എന്നാക്കി കാര്യം കാണാമെന്ന് ഏ.ആർ. കരുതുന്നു.

(2) കാരിക 74 – കാട് - കാട്ടു, ചെമ്പ് - ചെപ്പു എന്നിങ്ങനെയുള്ള അംഗസം സ്കാരത്താൽ ഒരു നാമം മറ്റൊരു നാമത്തിന്റെയോ കൃതിയുടെയോ വിശേ ഷണമായിത്തീരുന്നുവെന്ന് ഈ കാരികയിൽ പറഞ്ഞുവെയ്ക്കുന്നു.

(3) കാരിക 124 – 'ക്രിയാരൂപങ്ങളെ പരാമർശിക്കുന്ന ഘട്ടം.' കേവലധാതു വിനെ പ്രയോജകമാക്കാൻ ''ഖരാദേശമിരട്ടിപ്പും വ്യഞ്ജനാന്തജഢത്തിന്'' എന്ന കാരികാഖണ്ഡം പ്രസ്താവിക്കുകയും മൂടുന്നു - മൂട്ടുന്നു, പൊങ്ങുന്നു - പൊക്കുന്നു എന്നീ ഉദാഹരണങ്ങൾ നൽകുകയും ചെയ്തിരി ക്കുന്നു,

(4) 'കേരളപാണിനീയം പീഠികയിൽ വർത്സ്യവർഗസ്ഥാപനത്തിനു ശ്രമിക്കുന്ന ഘട്ട'ത്തിൽ ''ധാത്വന്താനുനാസികത്തെ സ്വർഗഖരമാക്കി ഇരട്ടിച്ചാൽ കേവലപ്രകൃതി പ്രയോജകപ്രകൃതിയായിവരും'' എന്നു നിയമവൽക്കരണം നടത്തുകയും മുങ്ങുന്നു - മുക്കുന്നു, കാണുന്നു - കാട്ടുന്നു എന്നീ ഉദാഹര ണങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നു.

നാമം, കൃതി, ഭേദകം എന്നീ ശബ്ദവിഭാഗങ്ങളെ ഒന്നാകെ സ്പർശിക്കുന്ന വ്യവഹാരവ്യാപ്തി ഏ.ആർ ഈ നയത്തിനു കൽപിച്ചിട്ടുള്ളത് ഡോ. കാൾഡ്വെ ല്ലിനെ അനുകരിച്ചിട്ടാണെന്ന് സി. എൽ. ആന്റണി പ്രസ്താവിക്കുന്നു. അനുനാസി കത്തിനു നിരുപാധികമായി ഏതു സന്ദർഭത്തിലും ഖരാദേശവും ദ്വിത്വവും വരത്ത ക്കവിധം ഈ നയം അത്രത്തോളം നിത്യവും പ്രയോഗസമർത്ഥവും അർത്ഥബദ്ധ വുമാണെന്ന് ഡോ.കാൾഡ്വെലും ഏ.ആറും കരുതുന്നതിലെ യുക്തികളെ വസ്തു നിഷ്ഠമായ സൂക്ഷ്മപഠനത്തിലൂടെ പരിശോധിക്കുകയാണ് കേരളപാണി നീയഭാഷ്യത്തിൽ ചെയ്തിരിക്കുന്നത്.

നാട്ടുകാര്യം, കാട്ടുകിളി (പൂർവ്വപദാന്തടകാരത്തിനു ദ്വിതം വന്നിട്ടുള്ള സമസ്തപദങ്ങൾ) ചെമ്പ് - ചെപ്പേട്, ആണ്ട് - ആട്ടപ്പിറന്നാൾ (അനുനാസികത്തിനു ഖരാദേശം നടന്നിട്ടുള്ള രൂപങ്ങൾ) ഈ സമസ്തപദങ്ങളിൽ നാട്ടു, കാട്ടു, ചെപ്പു, ആട്ട എന്നീ പൂർവ്വപദങ്ങൾക്ക് വിശേഷണാർത്ഥം നേടിക്കൊടുക്കുന്നത് ദ്വിത്വഖരാദേശങ്ങളാണോ അതോ സമാസത്തിലെ പൂർവ്വപദപദവിയാണോ എന്ന പ്രശ്നമാണ് സി. എൽ. ആന്റണി ഉന്നയിക്കുന്ന ചോദ്യങ്ങളിലൊന്ന്. ഈ നയത്തെക്കുറിച്ച് വിവരിക്കുന്ന ഘട്ടത്തിൽ സ്വതസിദ്ധമായ വൈയാകരണദൃഷ്ടിയും ശാസ്ത്രീയബോധവും പുലർത്താൻ കേരളപാണിനിക്കു കഴിയുന്നില്ലെന്നും കാൾഡ്വെൽ മുന്നോട്ടുവെയ്ക്കുന്ന ആശയങ്ങൾക്കപ്പുറത്ത് പോകാൻ സാധിക്കാത്തതാകാം ആ പരിമിതിക്ക് കാരണമെന്നും സി. എൽ. ആന്റണി അനുമാനിക്കുന്നു.

### 4.2.1.1. 'ശബ്ദാന്തവർണം' – കേരളപാണിനിയുടെ നോട്ടപ്പിശക്

*കേരളപാണിനീയ*ത്തിലെ 108-ാം കാരികയുടെ വിവരണങ്ങളിൽ ദ്വിത്വഖരാദേശങ്ങൾ ഒരു ശബ്ദത്തിൽ എപ്രകാരം പ്രവർത്തിക്കുന്നുവെന്ന് പറയുന്നുണ്ട് :

''ശബ്ദാന്തത്തിലെ വർണത്തെ ഇരട്ടിക്കയും അത് അനുനാസികമായിരുന്നാൽ ഖരാദേശംചെയ്ത് ഇരട്ടിക്കയും ചെയ്യുന്നത് ആ ശബ്ദത്തിന്റെ അർത്ഥം സ്വാർത്ഥപര്യാപ്തമാകാതെ മറ്റൊരു ശബ്ദത്തിലേക്കു വ്യാപിക്കുന്നു എന്നു സൂചിപ്പിക്കും'' - ഇതിൽ 'ശബ്ദാന്തവർണം' വ്യഞ്ജനമാണോ സ്വരമാണോ എന്ന് വിവക്ഷിതമാകുന്നില്ലെന്നാണ് സി. എൽ. ആന്റണിയുടെ മറ്റൊരു ആരോപണം. ഇളകുക - ഇളക്കുക, പൊങ്ങുക - പൊക്കുക, കാണുക - കാട്ടുക എന്നീ ഉദാഹരണങ്ങളിലെ ഇളക്, പൊങ്ങ്, കാൺ എന്നിവയിലെപ്പോലെ ശബ്ദാന്തവ്യഞ്ജനമെന്നാണോ അതോ ആണ്ട് - ആട്ടവെലി, ചെമ്പ് - ചെപ്പുകുടം എന്നീ ഉദാഹരണങ്ങളിലെ ആണ്ട്, ചെമ്പ് എന്നിങ്ങനെയുള്ള സംവൃതോകാരാന്തങ്ങളാണെന്നാണോ എന്നൊക്കെയുള്ള ചോദ്യങ്ങളാണ് സി. എൽ. ആന്റണി ഉന്നയിക്കുന്നത്. ആണ്ട്, ചെമ്പ് എന്നിവയ്ക്ക് ഖരാദേശദ്വിത്വത്താൽ ഭേദകാർത്ഥം വരുമെന്നാണ് കേരളപാണിനി പറഞ്ഞിട്ടുള്ളത്. ഈ പദങ്ങളുടെ അന്ത്യത്തിലെ സംവൃതോകാരം മാറ്റി തൊട്ടുമുൻപുള്ള ണ്ട, മ്പ എന്നിവയിൽ ഖരാദേശവും ദ്വിത്വവും കൂടി ഒരുമിച്ചു പ്രവർത്തിക്കുന്നത് അസാദ്ധ്യമാണ്. ണ്ട, മ്പ എന്നീ സംയുക്തവ്യഞ്ജനങ്ങളിൽ ആദ്യത്തെ ണ്, മ് എന്നീ അനുനാസികങ്ങൾക്കു ഖരാദേശം നടന്നാൽതന്നെ പരസ്ഥാനത്തുള്ള 'ട-പ' കളോട് ചേർന്ന് 'ട്ട, പ്പ' എന്ന കൂട്ടക്ഷരങ്ങൾ ലഭിക്കുന്നു. അതിനാൽ അവിടെ ദ്വിത്വനയത്തിന് പ്രസക്തിയില്ലാതാവുന്നു. കൂട്ടക്ഷരത്തിൽ രണ്ടാമതായി വരുന്ന ടകാരപകാരങ്ങളുടെ ദ്വിത്വമാണ് ഏ.ആർ വിവക്ഷിച്ചതെങ്കിൽ പൂർവാനുനാസികലോപമാണ് അവിടെ സംഭവിക്കുക. കേരളപാണിനിയുടെ 'ശബ്ദാന്തവർണ'ത്തിന്റെ വിവക്ഷാരാഹിത്യത്തെക്കുറിച്ച് സി. എൽ. ആന്റണി ഇത്തരത്തിലുള്ള വിമർശനങ്ങൾ ചൂണ്ടിക്കാട്ടുന്നു.

ഇളകുക - ഇളക്കുക, പൊങ്ങുക - പൊക്കുക, കാണുക - കാട്ടുക എന്നീ ഉദാഹരണങ്ങളെയും കേരളപാണിനീയഭാഷ്യകാരൻ ആലോചനയ്ക്കെടുക്കുന്നു. കാരിക 108 ൽ 'ഇളക്കുക, പൊക്കുക' എന്നീ രൂപങ്ങളെ സകർമകങ്ങളായും 'കാട്ടുക' എന്നതിനെ ദ്വികർമകവുമായിട്ടാണ് ഏ. ആർ ചിത്രീകരിക്കുന്നത്. *കേരള പാണിനീയം* പീഠികയിൽ 'അംഗഭംഗം' എന്ന ഖണ്ഡികയിൽ വർത്സ്യവർഗ്ഗസ്ഥാപ നത്തിനു ശ്രമിക്കുന്ന ഘട്ടത്തിലും കാരിക124ലും ഇത്തരം ക്രിയാരൂപങ്ങളെ പ്രയോജകക്രിയകളായും ഗണിക്കുന്നു. സകർമകം, പ്രയോജകം എന്നീ ക്രിയാരൂ പങ്ങളെക്കുറിച്ച് കേരളപാണിനിക്ക് ആശയക്കുഴപ്പം വന്നതായി സി. എൽ. ആന്റണി വീക്ഷിക്കുന്നു. ധാതുക്കളെ 'സകർമ്മകാകർമകങ്ങൾ' എന്നു വിഭജി ക്കാതെ 'കാരിതാകാരിതങ്ങൾ' എന്നു വേർതിരിക്കുകയും സകർമ്മകങ്ങളെ പ്രയോജകമായി കാണുകയും ചെയ്യുന്ന ഏ.ആർ 108-ാംകാരികയിൽ ''ഖരാദേശമി രട്ടിപ്പും പരസംക്രാന്തിചിഹ്നമാം'' എന്നതിന് ഉദാഹരണം നൽകിയപ്പോൾ സകർമ്മ ക-ദ്വികർമ്മകക്രിയകൾ ഉയർന്നുവന്നു. ഇതിനു കാരണം ഡോ. കാൾഡ്വലിന്റെ സകർമ്മക - അകർമ്മകവിഭജനമാണെന്നും ഇത്തരം പ്രശ്നം ചർച്ചചെയ്യുമ്പോൾ ഈ വക ഉദാഹരണങ്ങളെ കാൾഡ്വെൽ സകർമ്മകങ്ങളായാണ് വർഗ്ഗീകരിച്ചിരിക്കു ന്നതെന്നും സി. എൽ. ആന്റണി വ്യക്തമാക്കുന്നു[29].

ഇളകുക, പൊങ്ങുക, കാട്ടുക എന്നിവയിൽനിന്ന് ദ്വിത്വഖരാദേശനയങ്ങ ളുടെ പ്രവർത്തനംകൊണ്ടാണോ ഇളക്കുക, പൊക്കുക, കാട്ടുക എന്നിവ രൂപം കൊണ്ടിട്ടുള്ളത് എന്ന അന്വേഷണമാണ് സി. എൽ. ആന്റണി അടുത്തതായി ചെയ്യുന്നത്. കാൾഡ്വലും ഏ.ആറും ആ നയത്തിന്റെ പ്രവർത്തനം അംഗീകരിക്കു ന്നവരാണ്. അകർമ്മകക്രിയയെ സകർമ്മകമാക്കുന്നതിന് കാൾഡ്വെൽ നിർദ്ദേശി ക്കുന്ന പ്രക്രിയകളെ ഏ. ആർ. *കേരളപാണിനീയം* 126-ാം കാരികാവിവരണത്തിൽ സംഗ്രഹിച്ചിരിക്കുന്നു.

1. കാരിതീകരണം (ഉദാ : മായുക - മായ്ക്കുക)
2. ഖരാദേശത്തോടുകൂടിയോ തനിയെയോ അന്ത്യദ്വിത്വം (ഉദാ : കാണുക - കാട്ടുക, ഇളകുക - ഇളക്കുക)
3. ത്തു പ്രത്യയയോഗം (ഉദാ : താഴുക - താഴ്ത്തുക)

എന്നാൽ ഒന്നും മൂന്നും പ്രക്രിയകൾ മാത്രമേ യഥാർത്ഥത്തിൽ നടക്കുന്നുള്ളൂവെ ന്നാണ് ആന്റണിയുടെ പക്ഷം. 'ത്തു' ഇതിനു വേണ്ടിയുള്ള ഒരു പ്രത്യയമാണെന്ന റിഞ്ഞിട്ടും അതിന്റെ വികാരഭേദങ്ങളെയാണ് ദ്വിത്വഖരാദേശനയങ്ങൾമൂലം രൂപം കൊള്ളുന്ന ക്രിയാരൂപങ്ങളായി ഏ. ആർ. തെറ്റിദ്ധരിക്കുന്നത്. കാൾഡ്വൽ അവത രിപ്പിച്ച ദ്വിത്വഖരാദേശനയങ്ങളോടുള്ള അമിതമായ പ്രതിപത്തി ഏ. ആറിന്റെ

വീക്ഷണവികലതയ്ക്ക് കാരണമായി കേരളപാണിനീയഭാഷ്യകാരൻ വിലയിരുത്തുന്നു.

### 4.2.1.2. 'ത്തു' പ്രത്യയത്തിന്റെ വികാരങ്ങൾ : സി. എൽ. ആന്റണിയുടെ നിരീക്ഷണങ്ങൾ

ദ്വിതിഖരാദേശനയങ്ങളുടെ വിവരണങ്ങളിൽ കേരളപാണിനിക്കു സംഭവിക്കുന്ന മറ്റൊരു ആശയക്കുഴപ്പത്തെക്കുറിച്ചാണ് ഈ ഭാഗത്ത് സി.എൽ.ആന്റണി നിരീക്ഷിക്കുന്നത്. മധ്യമാക്ഷരങ്ങളായ ര, ല, ള, ഴ, ഓഷ്ഠ്യമായ അകാരം എന്നിവയിൽ അവസാനിക്കുന്ന ധാതുക്കളിൽ ദ്വിത്വഖരാദേശങ്ങൾ ചെയ്യാൻ സൗകര്യക്കുറവുള്ളതിനാൽ 'ത്തു' പ്രത്യയയോഗവും അതിന്റെ വികാരഭേദങ്ങളുമെന്ന് കേരളപാണിനീയത്തിലെ 125-ാം കാരികയിൽ ഉദാഹരണസഹിതം ഏ.ആർ പ്രസ്താവിക്കുന്നുണ്ട്. ആ ഉദാഹരണങ്ങളിൽ 'ത്തു' വിനു വരുന്ന മാറ്റങ്ങളെ കേരളപാണിനീയഭാഷ്യത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് നോക്കാം.

(i) പകരുന്നു - പകർത്തുന്നു, വീഴുന്നു - വീഴ്ത്തുന്നു

രേഫഴകാരാന്തധാതുക്കളിൽ 'ത്തു' സ്വന്തം രൂപം നിലനിർത്തുന്നു.

(ii) അകലുന്നു - അകറ്റുന്നു, നീളുന്നു - നീട്ടുന്നു

ലകാരളകാരാന്തധാതുക്കളിൽ സന്ധിക്രമമനുസരിച്ച് യഥാക്രമം 'റ്റ, ട്ട' എന്നായി മാറുന്നു.

(iii) നടക്കുന്നു - നടത്തുന്നു

കാരിതക്രിയകളിൽ 'ക്ക' ലോപിച്ചിട്ട് 'ത്ത' നിലനിൽക്കുന്നു.

ഏ.ആറിന്റെ ഈ ആശയങ്ങളോടുള്ള സി.എൽ.ആന്റണിയുടെ വിയോജിപ്പുകൾ താഴെ പറയുന്നു:

- ദ്വിത്വഖരാദേശനയങ്ങളെ പ്രധാന പ്രക്രിയയും അതിനു സാദ്ധ്യതയില്ലാത്തിടത്ത് 'ത്തു' പ്രത്യയയോഗവും വിധിക്കുന്നതിലെ യുക്തിരാഹിത്യം.
- ഏ.ആർ ദ്വിത്വഖരാദേശനയങ്ങൾ പ്രവർത്തിക്കുന്നുവെന്നു പറയുന്ന സന്ദർഭങ്ങളിലെല്ലാം നടക്കുന്നത് 'ത്തു' പ്രത്യയയോഗമാണ്.
- കാൾഡ്വെൽ അവതരിപ്പിച്ച പ്രസ്തുതനയങ്ങളെ ആഴത്തിൽ പരിശോധിക്കാതെ അതേപടി ഏ.ആർ സ്വീകരിച്ചിരിക്കുന്നതിലെ പൊരുത്തക്കേടുകൾ.
- മധ്യമാന്തങ്ങളിലെന്നപോലെ വ്യഞ്ജനാന്തധാതുക്കളിലും 'ത്തു' പ്രത്യയയോഗമാണ് നടക്കുന്നതെന്ന് ഏ.ആറിന് മനസ്സിലായിരുന്നെങ്കിൽ ക്രിയക

ളുടെ കാര്യത്തിലെങ്കിലും ദ്വിത്വഖരാദേശനയങ്ങൾ പ്രവർത്തിക്കുന്നുവെന്ന് അദ്ദേഹം രേഖപ്പെടുത്തുമായിരുന്നില്ല[30].

കാരിക99-ൽ "തു പ്രത്യയതകാരം കകാരറകാരടകാരങ്ങളിൽ ലയിച്ചിട്ട് അതുകൾ ഇരട്ടിച്ചതിന്റെ ഫലം ചെയ്യും" എന്നു പുക് + തു = പുക്കു, പെറ് + തു = പെറ്റു, ഇട് + തു = ഇട്ടു എന്നീ ഉദാഹരണങ്ങളോടെ സമർത്ഥിക്കുന്ന കേരളപാണിനി ഇളക് + ത്തുന്നു = ഇളക്കുന്നു, മാറ് + ത്തുന്നു = മാറ്റുന്നു, ആട് + ത്തുന്നു = ആട്ടുന്നു എന്നിവയിൽ സമാനമായ സന്ധികാര്യം കാണാതെ പോയി. തന്നെയുമല്ല ഇവയിൽ ദ്വിത്വനയംമൂലം 'ക, റ, ട' എന്നിവ ഇരട്ടിച്ചാണ് വരുന്നതെന്നും വിധിക്കുന്നു.

അനുനാസികാന്തധാതുക്കളിലും ഈ 'ത്തു' പ്രത്യയയോഗം സംഭവിക്കുന്നുണ്ടെന്ന് സി. എൽ. ആന്റണി വിശദാംശങ്ങളോടെ സമർത്ഥിക്കുന്നു. പൊങ്ങ് + ത്തുന്നു = പൊക്കുന്നു, കാൺ + ത്തുന്നു = കാട്ടുന്നു, തിൻ + ത്തുന്നു = തീറ്റുന്നു എന്നീ ഉദാഹരണങ്ങൾ നൽകുന്നു. ഇതിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിവരണമിതാണ് :

"അനുനാസികത്തിനു പരമായ ഖരത്തിന്റെ അതിപ്രസരംമൂലം 'സമീകരണ' (Equalisation) മെന്ന പരസവർണനത്തിനു വിധേയമായി ആ അനുനാസികം സ്വവർഗഖരമായി മാറുകയും അങ്ങനെ വന്ന 'ട് + ത്ത്' പിന്നീട് പൂർവസവർണനം കൊണ്ട് 'ട്ട്' ആയി മാറുകയും ചെയ്യുകയാണിവിടെ. എൺ + തു = എട്ട് ആകുന്ന പ്രക്രിയ മാത്രമാണിത്. ഈ പ്രക്രിയ അനുനാസികാന്തങ്ങളായ മുകളിൽപ്പറഞ്ഞ ധാതുക്കളിൽ സംഭവിക്കുന്നുണ്ട്. ഇവിടെ അനുനാസികത്തിനു ഖരാദേശവും ആ ഖരത്തിനു ദ്വിത്വവും തന്നെയാണ് വരുന്നതെങ്കിലും അങ്ങനെ വരുന്നത് അർത്ഥസംക്രാന്തിക്കുവേണ്ടി അനുനാസികത്തെ ഒരു വ്യാകരണപ്രക്രിയയെന്ന നിലയിൽ ഖരാദേശദ്വിത്വങ്ങൾക്ക് വിധേയമാക്കിയതുകൊണ്ടല്ല പ്രത്യുത, ത്ത്, പ്രത്യയയോഗംകൊണ്ടു വന്നുകൂടുന്ന അർത്ഥബദ്ധമല്ലാത്ത വർണവികാരങ്ങൾകൊണ്ടു മാത്രമാണെന്നു ചുരുക്കം."

ദ്വിത്വഖരാദേശനയങ്ങളുടെ പ്രവർത്തനത്താൽ അകർമ്മകം സകർമ്മകമോ ദ്വികർമ്മകമോ ആകുമ്പോൾ അതിലെല്ലാം അർത്ഥവിഷയകമായി ഓരോ തരത്തിലുള്ള അർത്ഥ സംക്രമണം ഉണ്ടെന്നുള്ള *കേരളപാണിനീയ*ത്തിലെ 108-ാം കാരികയുടെ വിശദീകരണത്തെയാണ് സി. എൽ. ആന്റണി വിമർശിക്കുന്നത്. ഏ.ആറിന്റെ ആ അഭിപ്രായത്തിൽ കാമ്പില്ലെന്നും 'ത്തു' പ്രത്യയയോഗംകൊണ്ടുളവാകുന്ന അർത്ഥവിശേഷം മാത്രമാണതെന്നും അദ്ദേഹം തിരുത്തുന്നു.

**4.2.1.3. നാമങ്ങളിൽനിന്നുള്ള ഭേദകങ്ങൾ**

*കേരളപാണിനീയ*ത്തിലെ 108-ാം കാരികയുടെ വിശദീകരണങ്ങളിൽ "ദ്വിത്വഖരാദേശങ്ങൾ നാമങ്ങളിൽനിന്ന് ഭേദകങ്ങളുണ്ടാക്കാൻ കൊള്ളാം" എന്നൊരു പ്രസ്താവന ഏ.ആർ രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ സാധുതയും സി. എൽ.

ആന്റണി പരിശോധിക്കുന്നു. ഖരാദേശദ്വിത്വവിധിയുടെ പ്രയോഗവ്യാപ്തിയെക്കുറിച്ചാണ് അന്വേഷിക്കുന്നത്. ആദ്യമായി 'ഖരാദേശ'വും തുടർന്ന് 'ദ്വിത്വനയ'വും പുനഃപരിശോധനയ്ക്ക് വിഷയമാക്കുന്നു. നാമങ്ങളിൽ നിന്നുള്ള ഭേദകരൂപീകരണത്തിന് രണ്ട് മാനദണ്ഡങ്ങളാണ് ഏ.ആർ പ്രധാനമായും മുന്നോട്ടുവെയ്ക്കുന്നത്.

(i) ഖരാദേശം (ii) ദ്വിത്വനയം

**4.2.1.3.1. ഖരാദേശം :**

ശബ്ദാന്തവർണം അനുനാസികമായിരുന്നാൽ ഖരാദേശം ചെയ്ത് ഇരട്ടിക്കുകയാണെങ്കിൽ നാമത്തെ ഭേദകമാക്കാമെന്ന് കേരളപാണിനി അഭിപ്രായപ്പെടുന്നു. അതിന്റെ സാധുതയാണ് സി. എൽ. ആന്റണി ആദ്യമെത്തന്നെ ആലോചിക്കുന്നത്. കുരങ്ങ് + അരചൻ = കുരക്കരചൻ, നഞ്ച് + എലി = നച്ചെലി, ആണ്ട് + പിറന്നാൾ = ആട്ടപ്പിറന്നാൾ, കുരുന്ന് + ഓല = കുരുത്തോല, ചെമ്പ് + കുടം = ചെപ്പുകുടം എന്നിങ്ങനെ 'ക, ച, ട, ത, പ' എന്നീ വ്യഞ്ജനവർഗ്ഗങ്ങളിൽനിന്ന് ഏതാനും ഉദാഹരണങ്ങളെ എടുത്തുകാട്ടാമെങ്കിലും ഇതിനു പ്രയോഗവ്യാപ്തി കുറവാണെന്ന് സി.എൽ.ആന്റണി മറ്റനേകം ഉദാഹരണങ്ങളാൽ സമർത്ഥിക്കുന്നു. മേൽപ്രസ്താവിച്ചവയിൽത്തന്നെ ഖരാദേശത്തിനു വിധേയമാകാതെ നിൽക്കുന്ന ചില അപവാദങ്ങളാണ് അദ്ദേഹം ക്രമത്തിൽ രേഖപ്പെടുത്തുന്നത്. അവ താഴെ പട്ടികപ്പെടുത്താം:-

| | | സാധുത | അപവാദങ്ങൾ |
|---|---|---|---|
| 1 | കവർഗാനുനാസികം | കുരങ്ങ്+അരചൻ = കുരക്കരചൻ | കിടങ്ങ്, ചുണങ്ങ്, കിഴങ്ങ്, ചിരങ്ങ്, കവുങ്ങ്, അരങ്ങ്, വിലങ്ങ് |
| 2 | ചവർഗാനുനാസികം | നഞ്ച്+എലി = നച്ചെലി | അഞ്ച്, പിഞ്ച്, നെഞ്ച്, കൊഞ്ച് |
| 3 | ടവർഗാനുനാസികം | ആണ്ട്+പിറന്നാൾ ആട്ടപ്പിറന്നാൾ | പണ്ട്, തണ്ട്, തുണ്ട്, ചെണ്ട്, പാണ്ട്, മുണ്ട്, ചുണ്ട്, കുണ്ട്, വണ്ട് |
| 4 | തവർഗാനുനാസികം | കുരുന്ന് + ഓല = കുരുത്തോല | ഓന്ത്, പന്ത്, മന്ത്, ചാന്ത് |
| 5 | പവർഗാനുനാസികം | ചെമ്പ് + കുടം = ചെപ്പുകുടം | ചേമ്പ്, തുമ്പ്, താമ്പ്, നാമ്പ്, പാമ്പ്, വീമ്പ്, അമ്പ്, കമ്പ്, കാമ്പ്, ഉടുമ്പ്, തുരുമ്പ്, പറമ്പ്, എറുമ്പ്, കൂമ്പ്, ഞരമ്പ്, വരമ്പ്, ചുണ്ണാമ്പ് |

(ആന്റണി, 2005 : 71)

കേരളപാണിനി പരിമിതമായ ഉദാഹരണങ്ങളെ മാത്രം ആധാരമാക്കി വിധിച്ചിട്ടുള്ള ഖരാദേശം എന്ന പ്രവർത്തനത്തെപ്പറ്റി സി. എൽ. ആന്റണിയുടെ വിമർശനങ്ങൾ ഇങ്ങനെയാണ്: "ഇതെല്ലാം കണക്കിലെടുക്കുമ്പോൾ എല്ലാ വർഗ്ഗങ്ങളിലും കൂടി സംഭവിച്ചിട്ടുള്ള മൂന്നു നാല് ഉദാഹരണങ്ങളെ ആധാരമാക്കിയും മറിച്ചുള്ള അനേകമനേകം ഉദാഹരണങ്ങളെ പരിഗണിക്കാതെയും ചെയ്തിട്ടുള്ള 'ക്ഷിപ്രസാധാരണീകരണം' മാത്രമാണ് നാമം ഭേദകമാക്കുന്ന ഖരാദേശം എന്നു പറയേണ്ടിവരുന്നു. അപവാദങ്ങളെ ഉത്സർഗവിധികളാക്കുന്ന അനവധാനതയാണു നാമിവിടെ കാണുക" (2005 : 71).

ശുദ്ധമായ അനുനാസികത്തിൽ അവസാനിക്കുന്ന നാമങ്ങൾ ദ്വിത്വഖരാദേശ ങ്ങൾകൊണ്ട് ഭേദകങ്ങളാകുന്നുണ്ടോ എന്ന മറ്റൊരു ചോദ്യവും കേരളപാണിനീയ ഭാഷ്യകാരൻ അനുബന്ധമായി ഉന്നയിക്കുന്നുണ്ട്. 'ങ്, ഞ്, ന്' തുടങ്ങിയ അനു നാസികങ്ങളിലവസാനിക്കുന്ന നാമങ്ങൾ മലയാളത്തിലില്ല. അങ്ങനെയുള്ള നാമ ങ്ങൾ ലീലാതിലകകാലത്തുപോലും ഉണ്ടായിരുന്നില്ലെന്നും (ലീലാതിലകശിൽപം 3, സൂത്രം 49) സി. എൽ. ആന്റണി പ്രസ്താവിക്കുന്നു. തുടർന്ന് നിരവധി ഉദാഹര ണങ്ങളിലൂടെ തന്റെ നിലപാടുകൾ വ്യക്തമാക്കുന്നു. അവ ചുരുക്കി സംഗ്ര ഹിക്കാം:

മലയാളത്തിൽ 'ണ, മ, ം' എന്നീ അനുനാസികങ്ങളിൽ അവസാനിക്കുന്ന നാമങ്ങൾ ധാരാളമുണ്ട്. ആൺ, പെൺ, ഊൺ, തൂൺ, മൺ, വിൺ, ഞാൺ, കൂൺ, കോൺ, ചാൺ എന്നിവയിലെ ണകാരത്തെ ഖരാദേശദ്വിത്വത്താൽ 'ട്ട' കാര മാക്കി ആട്ട, പെട്ട, ഊട്ട, തൂട്ട, മട്ട എന്നീ രൂപങ്ങളുണ്ടാക്കിയാൽ അവ ഭേദകങ്ങളാ വുന്നില്ലെന്നു മാത്രമല്ല അവയ്ക്ക് പ്രകൃത്യർത്ഥങ്ങളുമായി യാതൊരു തരത്തി ലുള്ള ബന്ധവും ഉണ്ടാകുന്നില്ല. അനുസ്വാരാന്തനാമരൂപങ്ങളിൽനിന്നു ഭേദകം ഉണ്ടാകുന്നുവെന്നതിന് ഏ. ആർ. നൽകുന്ന 'ആയിരം+ആണ്ട്=ആയിരത്താണ്ട് എന്ന ഉദാഹരണവും അപവാദങ്ങളിൽ നിന്ന് മുക്തമല്ല. മരം+കലം=മരപ്പക്കലമോ, വളം+കുഴി=വളപ്പക്കുഴിയോ ആകുന്നില്ല. ഇത്തരം ആലോചനകളൊന്നും കൂടാതെ യാണ് ചെപ്പുകുടം, ആട്ടപ്പിറന്നാൾ എന്നിവ മാത്രം മനസ്സിൽവെച്ച് കാൾഡ് വെല്ലിനെ അനുഗമിച്ച് ഖരാദേശദ്വിത്വനയങ്ങളെ ഏ. ആർ. തട്ടിക്കൂട്ടിയത് എന്നും സി.എൽ.ആന്റണി വിമർശിക്കുന്നു[31].

#### 4.2.1.3.2. ദ്വിത്വനയം

നാമത്തിലെ ശബ്ദാന്തവർണം അനുനാസികമായാലുള്ള ഭേദകരൂപീകര ണത്തെക്കുറിച്ചുള്ള കേരളപാണിനീയവിവരണങ്ങളെ പുന:പരിശോധിച്ചതിനു ശേഷം ശബ്ദാന്തത്തിലെ അനുനാസികമല്ലാത്ത വർണത്തിന്റെ ദ്വിത്വത്താൽ നാമം ഭേദകമാകും എന്നുള്ള ഏ. ആർ. ന്റെ പ്രസ്താവനയെ തുടർചിന്തകൾക്ക് വിധേയ മാക്കുന്നു. ലീലാതിലകകാരന്റെ അഭിപ്രായങ്ങളുമായി ചേർത്തുവെച്ചാണ് സി. എൽ. ആന്റണി തന്റെ ആശയാവിഷ്ക്കാരങ്ങൾ നടത്തുന്നത്. *ലീലാതിലക*ത്തിലെ ശിൽപം 3-ലെ 43-ാം സൂത്രത്തിന്റെ വിശദീകരണമാണ് ഉദ്ധരിച്ചിട്ടുള്ളത്. മലയാള ത്തിൽ 'ണ, മ, ം' എന്ന അനുനാസികങ്ങൾക്കു പുറമെ 'യ, ര, ല, വ, ഴ, ള' എന്ന ആറു മധ്യമങ്ങളേ പദാന്തത്തിൽ വരികയുള്ളൂ എന്നാണ് ആചാര്യൻ അവിടെ പറ ഞ്ഞിട്ടുള്ളത്. എന്നാൽ ദ്വിത്വനയത്തെ വിവരിക്കുന്നിടത്ത് മേല്പറഞ്ഞ മധ്യമ വർണങ്ങളിൽ അവസാനിക്കുന്ന നാമങ്ങളൊന്നും കേരളപാണിനി ഉദാഹരിക്കുന്നി ല്ല. തന്നെയുമല്ല വായ്+തല = വായ്ത്തല, തേർ+പട = തേർപ്പട, വാൽ+തുമ്പ് = വാൽത്തുമ്പ്, പാഴ്+ചെളി = പാഴ്ച്ചെളി, വാൾ+കൂട്ടം = വാൾക്കൂട്ടം (2005 : 72)

എന്നീ ഉദാഹരണങ്ങളിലൊന്നും പൂർവ്വപദാന്തവ്യജ്ഞനമല്ല ഉത്തരപദാദിവ്യഞ്ജനമാണ് ഇരട്ടിക്കുന്നതെന്നും സി. എൽ. ആന്റണി നിരീക്ഷിക്കുന്നു. മധ്യമങ്ങളല്ലാതെ മറ്റു വ്യഞ്ജനങ്ങളിൽ അവസാനിക്കുന്ന നാമപദങ്ങൾ ഭാഷയിൽ ഇല്ലെന്ന് *ലീലാതിലകം* വിധിക്കുന്നുണ്ട്. മധ്യമങ്ങളല്ലാത്ത മറ്റേതു വ്യഞ്ജനങ്ങളാണ് നാമാന്തത്തിൽ വരുന്നതെന്ന് കേരളപാണിനി വ്യവച്ഛേദിച്ചു പറയുന്നുമില്ല. എന്നാൽ കാരിക 58 നെ ആസ്പദമാക്കി മധ്യമേതരവ്യഞ്ജനങ്ങളായ രണ്ടു വർണങ്ങളുടെ ഇരട്ടിപ്പിനെക്കുറിച്ച് ഏ. ആർ. പ്രസ്താവിച്ചിട്ടുള്ളതായി കാണുന്നു. ''ടാവും റാവുമിരട്ടിപ്പൂ നാമാന്തത്തിൽ യഥോചിതം''(കാരിക 58) സ്വാർത്ഥത്തെ മറ്റൊരു പദത്തിലേക്കു സംക്രമിപ്പിക്കുമെന്നാണ് ഈ വിധിയുടെ യുക്തിയെന്ന് പ്രസ്താവിക്കുകയും നാട്ടുകാര്യം, ആറ്റുവെള്ളം എന്നീ ഉദാഹരണങ്ങൾ നൽകുകയും ചെയ്യുന്നു. അതിൽനിന്നും നാട്, ആറ് എന്നീ നാമങ്ങൾ ടകാരറകാരാന്തങ്ങളാണെന്ന് ഏ.ആർ ധരിച്ചിരിക്കുന്നതായും കേരളപാണിനീയഭാഷ്യകാരൻ വിലയിരുത്തുന്നു. ഈ ചിന്തയിൽനിന്നും അല്പം വ്യത്യസ്തമായിട്ടാണ് *ലീലാതിലക*ത്തിലെ സമാനമായ സൂത്രാർത്ഥം കാണുന്നത്.

''റുടോർ ദ്വിത്വം ച'' (*ലീലാതിലകം*, ശില്പം 3, സൂത്രം 42). ഈ സൂത്രപ്രകാരം 'റു, ടു' ഇവയുടെ ഉകാരങ്ങൾ സ്വരം പരമാകുമ്പോൾ ലോപിക്കുമെന്നാണ് നിയമം. ''നണയോ : കചഞപമയവേഷു ന വികൃതി :'' (*ലീലാതിലകം* ശിൽപം 3, സൂത്രം 49) എന്ന സൂത്രത്തിന്റെ വൃത്തിയിൽ 'വാറു, കൈറു, മാറു' ഇത്യാദികൾ സംവൃതോകാരാന്തങ്ങളാണെന്നും സ്പഷ്ടമാക്കുന്നുണ്ട്. ഈ വക പദങ്ങൾ വ്യഞ്ജനാന്തങ്ങളായി വരുന്നില്ലെന്നാണ് ഇതിൽനിന്ന് മനസ്സിലാക്കേണ്ടതെന്ന് സി. എൽ. ആന്റണി സമർത്ഥിക്കുന്നു[32]. *ലീലാതിലക*ത്തിലെ ആശയങ്ങളെ കുറച്ചുകൂടി വ്യക്തമാക്കാൻ 'ആർ, ആറ് എന്നീ പദങ്ങളെ അദ്ദേഹം ഉദാഹരിക്കുന്നു. 'ആർ' എന്നത് ചോദ്യസർവ്വനാമവും 'ആറ്' എന്നത് 'പുഴ, ആറ് എന്ന സംഖ്യാനാമം' എന്നീ അർത്ഥങ്ങളും ഉൾക്കൊള്ളുന്നു. 'ആറ് കാട്, നാട്' എന്നിവയും സംവൃതോകാരാന്തങ്ങളായി കണക്കാക്കണമെന്നും നിർദ്ദേശിക്കുന്നു. ചുരുക്കത്തിൽ 'നാട്, ആറ്' എന്നീ നാമങ്ങൾ ടകാരറകാരാന്തങ്ങളാണെന്നു ഏ ആർ. കരുതുന്നതിൽ തെററുണ്ടെന്നും 'ആറ്, കാട്, നാട്' എന്നിവയം സംവൃതോകാരാന്തങ്ങളായി കണക്കാക്കുന്ന *ലീലാതിലക*മതമാണ് ശരിയെന്നും സി. എൽ. ആന്റണി തിരുത്തുന്നു. അനുനാസികമല്ലാത്ത ശബ്ദാന്തവർണം ഇരട്ടിക്കുമെന്ന് ഏ. ആർ. വിധിക്കാനുള്ള കാരണത്തെയും *കേരളപാണിനീയഭാഷ്യ*ത്തിൽ വിശദീകരിക്കുന്നു:

''ഇളകുക - ഇളക്കുക, ആടുക - ആട്ടുക എന്നിങ്ങനെ ക്രിയാരൂപങ്ങളിൽ കകാരം തുടങ്ങിയ ഖരങ്ങൾ ഇരട്ടിക്കുന്നുവെന്നു ഭ്രമിച്ചുപോയതാണ്. ചുരുക്കത്തിൽ ചില ക്രിയാരൂപങ്ങളുടെ നിഷ്പത്തി തെറ്റിദ്ധരിച്ച് അത്തരം ക്രിയാരൂപങ്ങൾക്കുവേണ്ടി നിർമ്മിച്ച ഒരു നയമാണത്. അതിന്റെ സാർവത്രികതയെ പൊക്കി

ക്കാണിക്കാൻവേണ്ടി, വേണ്ടപോലെ പരിശോധിക്കാതെ, നാമരൂപങ്ങളെക്കൂടി അതിൽ ഉൾപ്പെടുത്താൻ അദ്ദേഹം ശ്രമിച്ചുവെന്നേയുള്ളൂ'' (2005 : 73).

#### 4.2.1.4. ഒരു രൂപം – വ്യത്യസ്ത ആശയങ്ങൾ

കേരളപാണിനീയകാരിക 108 ഉം 74 ഉം ചേർത്തുവെച്ച് ടകാരറകാരങ്ങളുടെ ഇരട്ടിപ്പിനെക്കുറിച്ച് ഏതാനും വിമർശനങ്ങളും സി. എൽ. ആന്റണി നടത്തുന്നു. അനുനാസികസംസർഗം, ദ്വിത്വഖരാദേശം എന്നിവയെകുറിച്ചുള്ള 108-ാം കാരിക യുടെ വിശദീകരണങ്ങളിൽ 'നാട്ടുകാര്യം, ആറ്റുവെള്ളം' എന്നീ സമാസരൂപങ്ങൾ ദ്വിത്വഖരാദേശനയമനുസരിച്ചാണ് രൂപംകൊള്ളുന്നതെന്ന് പറയുന്നുണ്ട്. ഒപ്പം തന്നെ 74-ാം കാരികയിൽ 'കാട്ടാന, ആയിരത്താണ്ട്, ചെപ്പുകുടം' എന്നിവയിലെ 'കാട്ട്, ആയിരത്ത്, ചെപ്പ്' ഇത്യാദി നാമരൂപങ്ങളെ വിഭക്ത്യാഭാസരൂപങ്ങളായും ഭേദകങ്ങളായും കണക്കാക്കുന്നു.

65-ാം കാരികയിൽ ഖിലം, ലുപ്തം, ഇരട്ടിപ്പ് എന്നീ മൂന്നുതരത്തിലുള്ള വിഭ ക്ത്യാഭാസപ്രവർത്തനങ്ങളെക്കുറിച്ചും സൂചിപ്പിക്കുന്നു. വിഭക്തിപ്രത്യയം ലോപി ച്ചാലും അതിന്റെ അർത്ഥം അംഗംകൊണ്ടു വ്യക്തമാകുന്ന 'ലുപ്തം' എന്ന വിഭാഗ ത്തിലാണ് 'കാട്ട്' മുതലായവ ഉൾപ്പെടുന്നത് 'കാട്ടിലെ ആന' എന്നതിന്റെ ആധാരി കാവിഭക്ത്യാഭാസരൂപമായി 'കാട്ടാന' വരുന്നുവെന്നു സാരം. ഒരിടത്ത് വിഭക്തി പ്രത്യയപ്രക്രിയകൊണ്ട് വിശേഷാർത്ഥം ലഭിക്കുന്നുവെന്നും മറ്റൊരിടത്ത് ദ്വിത്വഖ രാദേശങ്ങളാൽ അർത്ഥസംക്രാന്തിയുണ്ടാകുന്നുവെന്നും കേരളപാണിനി പറയു ന്നു. രണ്ട് വ്യത്യസ്ത ആശയങ്ങളെ സംബന്ധിച്ചുള്ള വിവരണങ്ങളാണെങ്കിലും അവസാനം രൂപം സമാനമായിത്തീരുന്നുവെന്ന് സി.എൽ.ആന്റണി നിരീക്ഷിക്കു ന്നു[33].

#### 4.2.1.5. ടകാരറകാരങ്ങളുടെ ഇരട്ടിപ്പ് – നിത്യമോ?

നാമാന്തത്തിലെ ടകാരറകാരങ്ങൾക്ക് ഇരട്ടിപ്പു വരുമെന്നുള്ള ഏ.ആറിന്റെ പ്രസ്താവനയെ ആധാരമാക്കി അത്തരം ഇരട്ടിപ്പ് നിത്യമാണോ എന്ന് സി.എൽ ആന്റണി പരിശോധിക്കുന്നു. ടകാരം ഇരട്ടിക്കുന്ന നാമങ്ങളായി തോട്, ആട്, ചുമട് എന്നിവയും ടകാരം സമസ്തപദത്തിൽ ഇരട്ടിക്കാത്തവയായി കരട്, കേട്, ചൂട്, അകിട് എന്നീ ഉദാഹരണങ്ങളും ആന്റണി നൽകുന്നു. ടകാര കാരങ്ങൾ ഇര ട്ടിച്ചാലേ ഭേദകാർത്ഥം കിട്ടുകയുള്ളൂവെന്ന ഏ.ആറിന്റെ വീക്ഷണത്തെയും എതിർക്കുന്നു.'കരടുകുറിപ്പ്' എന്ന ഉദാഹരണമാണ് എടുത്തുകാണിക്കുന്നത്. ഇതിൽ ടകാരം ഇരട്ടിക്കാതെതന്നെ വിശേഷണാർത്ഥം കൈവരുന്നത് എങ്ങനെ യെന്നും സമസ്തപദത്തിലെ പൂർവപദമെന്ന പദവികൊണ്ടാണോ അങ്ങനെ വരു ന്നത് എന്നൊക്കെയുള്ള ധാരാളം വിമർശനചിന്തകൾ കേരളപാണിനിക്കെതിരെ ഉന്നയിക്കുന്നു. 'മാർത്തട്ട്, കയർത്തുണ്ട്' എന്നീ ഉദാഹരണങ്ങളിൽ റകാരാന്തനാമ

ങ്ങളായ 'മാർ, കയർ' എന്നിവയിൽ റകാരദ്വിത്വമില്ലാതെ തന്നെ ഭേദകാർത്ഥം കൈവരുന്നതായി സൂചിപ്പിക്കുന്നതിനൊപ്പം റകാരടകാര ഇരട്ടിപ്പില്ലാതെതന്നെ വിശേഷണാർത്ഥം കിട്ടുന്ന ഉദാഹരണങ്ങൾ അനവധിയുണ്ടെന്നും പറഞ്ഞു വെയ്ക്കുന്നു[34].

#### 4.2.1.6. സമാസത്തിലെ ഭേദകപ്രകൃതിയും ദ്വിത്വനയവും

സമാസരൂപങ്ങളിൽ കേവലം ഭേദകപ്രകൃതികൾക്കുപോലും ദ്വിത്വം വരുന്നു ണ്ടെന്നുള്ള വസ്തുതയാണ് സി.എൽ.ആന്റണിയുടെ മറ്റൊരു ശ്രദ്ധേയ നിരീക്ഷ ണം.

നടു + പന്തി = നടുപ്പന്തി (ഉത്തരപദാദിവ്യഞ്ജനം ഇരട്ടിക്കുന്നു),

നടു + ഉച്ച = നട്ടുച്ച (പൂർവപദാന്തവ്യഞ്ജനം ഇരട്ടിക്കുന്നു)

എന്നീ ഉദാഹരണങ്ങൾ നൽകുന്നു. പ്രകൃത്യാതന്നെ വിശേഷണമായ 'നടു'വിന് വിശേഷണാർത്ഥം കിട്ടാൻ ഇരട്ടിപ്പുകളുടെ ആവശ്യമെന്താണെന്നുള്ള ചോദ്യമാണ് അദ്ദേഹം ഉന്നയിക്കുന്നത്. കൂടുതൽ ഉദാഹരണങ്ങൾ നിരത്തി തന്റെ ആശയത്തെ സമർത്ഥിച്ചിരിക്കുന്നു. നെടുനീളം, നെടുംപാച്ചൽ, നെട്ടോട്ടം എന്നിങ്ങനെയാണവ. ഇതിൽ 'നെടുംപാച്ചലി'ൽ ഒരനുനാസികം ആഗമിച്ചിരിക്കുന്നത് അർത്ഥത്തിനുവേ ണ്ടിയല്ലെന്നും ഉച്ചാരണസുഖത്തിനുവേണ്ടിയാണെന്നും പ്രസ്താവിക്കുന്നു. അനു നാസികപ്രിയന്മാരായ മലയാളികൾ ചില സ്ഥലങ്ങളിൽ കർണസുഖത്തിനുവേണ്ടി ംകാരം ആഗമമായി ചേർക്കാറുണ്ടെന്ന് കേരളപാണിനീയകാരിക 8-ൽ പറഞ്ഞിട്ടു ള്ളതിനെ തന്റെ ആശയസമർത്ഥനത്തിന് സി.എൽ.ആന്റണി ഉപയോഗിക്കുന്നു. ഭേദകപ്രകൃതികളായ 'കടു, പുതു, മുതു' എന്നിവ സമാസരൂപങ്ങളായി വരുന്ന ഉദാഹരണങ്ങളും നൽകുന്നു. കടുനിണം, കടുംചോര, കട്ടുറുമ്പ് - പ്രകൃത്യാ വിശേഷണമായ 'കടു'വിന് വിശേഷണാർത്ഥം ലഭിക്കാൻ 'കട്ട' എന്ന ഇരട്ടിപ്പ് ഇത്തരം സമാസങ്ങളിൽ വേണ്ടിവരുന്നില്ല. 'പുതു' എന്ന വിശേഷണവും പുതുമ ണം, പുതുക്കലം, പുത്തരി എന്നീ വിവിധരൂപങ്ങൾ സ്വീകരിക്കുന്നതു വിശേഷ ണാർത്ഥത്തിനുവേണ്ടിയല്ല. 'മുതുകിഴവൻ' എന്നതിലെ ഭേദകപ്രകൃതിയായ 'മുതു' വിന്റെ അന്ത്യതകാരം 'മുത്തച്ഛനി'ൽ എത്തുമ്പോൾ ഇരട്ടിക്കുന്നതും വിശേ ഷണാർത്ഥം ലഭിക്കാനല്ല. സമാസത്തിൽ ഭേദകപ്രകൃതികൾക്കു ദ്വിത്വംവരുന്നത് ഉച്ചാരണപ്രധാനമായ പല വർണ്ണവികാരങ്ങളും സംഭവിക്കുന്നതുകൊണ്ടാണെന്നും ദ്വിത്വഖരാദേശനയങ്ങളുമായി അതിനു ബന്ധമില്ലെന്നും സി. എൽ. ആന്റണി ഇത്ത രത്തിലുള്ള ഉദാഹരണങ്ങളിലൂടെ അനുമാനിക്കുന്നു[35].

സമാസത്തിലെ പൂർവ്വപദങ്ങൾക്ക് വിശേഷണാർത്ഥം സിദ്ധിക്കുന്ന വിവിധ മാതൃകകൾ അദ്ദേഹം അവതരിപ്പിക്കുന്നു:

1. കാട് - കാട്ടുകിളി
നൂറ് - നൂറ്റുകുടം } പൂർവപദാന്തവ്യഞ്ജനത്തിനു ദ്വിത്വം

2. കുളി - കുളിപ്പുര - ഉത്തരപദാദിവ്യഞ്ജനത്തിനു ദ്വിത്വം

3. പന - പനങ്കുല - അനുനാസികാഗമം

4. ചെമ്പ് - ചെപ്പുകുടം - ഖരാദേശം

5. പെരു - പേരാൽ - ആദിസ്വരദീർഘം

6 ഉപ്പു + തെളി - ഉപ്പുതെളി - സംവൃതോകാരലോപം

7. പൊൻ + കുടം - പൊൻകുടം - കേവലസംഹിത (2005 : 75)

മേൽപറഞ്ഞവയിലൊക്കെ പൂർവപദത്തിനു വിശേഷണാർത്ഥം വന്നുചേരുന്നത് സമസ്തപദത്തിന്റെ പൂർവപദമെന്ന പദവികൊണ്ടു മാത്രമാണെന്ന് അദ്ദേഹം വിധിക്കുന്നു.

#### 4.2.1.7. ഖരാദേശദ്വിത്വവും നാമങ്ങളുടെ ഭേദകപരിണാമവും

ദ്വിത്വഖരാദേശനയംകൊണ്ട് നാമങ്ങൾ യഥാർത്ഥത്തിൽ ഭേദകപ്രകൃതികളായി പരിണമിക്കുന്നുണ്ടോ എന്നുള്ള അന്വേഷണമാണ് സി.എൽ.ആന്റണി അടുത്തതായി ചെയ്യുന്നത്. അങ്ങനെ സംഭവിക്കുന്നില്ലെന്ന നിഗമനത്തിലാണ് അദ്ദേഹം എത്തിച്ചേരുന്നത്. നാമം, കൃതി എന്നിവയെപ്പോലെ സ്വതന്ത്രപ്രയോഗയോഗ്യങ്ങളല്ലാത്തതിനാൽ അവ യഥാർത്ഥത്തിൽ ഭേദകങ്ങളല്ലെന്നാണ് വിശദീകരിക്കുന്നത്. 'കാട്ടുകോഴി'യിലെ 'കാട്ട്' എന്ന രൂപത്തിന് സമാസത്തിൽ മാത്രമാണ് അർത്ഥം കൈവരുന്നത്. ആറ്റ്, വീട്ട്, ചോറ്റ്, മാട്ട്, ഓട്ട് എന്നിവ സ്വതന്ത്രപ്രയോഗാർഹങ്ങളായ ഭേദകങ്ങളല്ലെന്നും വിഭക്ത്യാഭാസസഹിതങ്ങളായ നാമങ്ങൾ മാത്രമാണെന്നും വ്യവഹരിക്കുന്നു. ഇത്തരം രൂപങ്ങൾക്ക് വിശേഷണാർത്ഥം സിദ്ധിക്കുന്നത് സമാസത്തിലെ പൂർവപദം എന്ന സ്ഥാനം കൊണ്ടുമാത്രമാണ്. രണ്ടു പദങ്ങൾ സമാസിക്കുമ്പോൾ ചില വർണവികാരങ്ങളും വർണാഗമങ്ങളും സംഭവിക്കുന്നത് ഉച്ചാരണസൗകര്യത്തിനുവേണ്ടിയാണെന്നും അർത്ഥത്തിനുവേണ്ടിയല്ലെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു[36].

#### 4.2.1.8. കാൾഡ്വലിന്റെ ദ്വിത്വഖരാദേശവും ഗുണ്ടർട്ടിന്റെ ആധാരികാവിഭക്തിയും

നിരാസ്പദമായ ഒരു നയമായിട്ടാണ് സി.എൽ.ആന്റണി ദ്വിത്വഖരാദേശനയത്തെ കണക്കാക്കുന്നത്. അതിപ്രധാനമായമയമെന്ന രീതിയിൽ അതിനെ അവ

തരിപ്പിച്ചവർ അവതാരകനായ ഡോ. കാൾഡ്വലും അനുവാദകനായ കേരളപാണി നിയുമാണ്. അവരുടെ നോട്ടപ്പിശകിനെ വിമർശിക്കുന്നതിനൊപ്പം ഇതേ ആശയാവലികളെ വ്യത്യസ്തരീതിയിൽ നോക്കിക്കാണുന്ന ഗുണ്ടർട്ടിന്റെ ചിന്തകളെ അംഗീകരിക്കാനും സി.എൽ.ആന്റണി തയ്യാറാവുന്നുണ്ട്. ഈ മൂന്നു വൈയാകരണന്മാരുടെയും ചിന്തകളെ സംഗ്രഹിച്ച് സി.എൽ.ആന്റണി മുന്നോട്ടുവെയ്ക്കുന്ന നിഗമനങ്ങളെ കണ്ടെത്താൻ ശ്രമിക്കാം.

കാൾഡ്വലിന്റെ ദ്വിത്വഖരാദേശനയങ്ങൾ ഗുണ്ടർട്ടിനെ ആകർഷിക്കുന്നില്ല. 'കാട്ട്, ആറ്റ്' എന്നിവയെ ആധാരികാവിഭക്തിയുടെ ഗണത്തിലാണ് അദ്ദേഹം ഉൾപ്പെടുത്തുന്നത്. ദ്വിത്വഖരാദേശനയങ്ങൾ വിശദീകരിക്കുന്നിടത്ത് ഗുണ്ടർട്ടിന്റെ ഈ വിധത്തിലുള്ള വീക്ഷണങ്ങളെക്കുറിച്ച് കാൾഡ്വൽ 'താരതമ്യവ്യാകരണ'ത്തിൽ പ്രസ്താവിച്ചിട്ടുണ്ടെന്ന് ആന്റണി ചൂണ്ടിക്കാട്ടുന്നു. "This inflexion (കാടു-കാട്ടു, ആറ്-ആറ്റു) like all others, is supposed by Dr. Gundert to have been originally a locative. I am doubtful of the propriety of this theory in this instance and prefer the following explanation" (2005 : 76).

ഗുണ്ടർട്ടിന്റെ 'ആധാരികാവിഭക്തി'രൂപങ്ങളെന്ന ആശയത്തെ അൽപം സംശയത്തോടെ നോക്കിക്കാണുകയാണ് കാൾഡ്വൽ ചെയ്തിട്ടുള്ളത്. തുടർന്ന് ദ്വിത്വഖരാദേശനയങ്ങൾ അവതരിപ്പിക്കുന്നു. ഗുണ്ടർട്ടിന്റെ വ്യാകരണത്തിൽ ഒരിടത്തും ഈ നയങ്ങളെപ്പറ്റി പരാമർശിച്ചിട്ടില്ലെന്ന് സി. എൽ. ആന്റണി ഉറപ്പിച്ചുപറയുന്നു. ഗുണ്ടർട്ടിന്റെ 'മലയാളഭാഷാവ്യാകരണ'ത്തിലെ ഏതാനും ഖണ്ഡികകളെ അടിസ്ഥാനമാക്കി നിഗമനങ്ങൾ നടത്തുന്നു. 'വളവിഭക്തികൾ' (oblique cases) അല്ലെങ്കിൽ 'വിഭക്ത്യാംഗങ്ങൾ' എന്നിവ ചില നാമങ്ങളിൽ പ്രഥമയോട് ഓരോ പ്രത്യയങ്ങളെ വെറുതെ ചേർക്കുമ്പോൾ ഉണ്ടാകുന്നതാണെന്ന് 107-ാം ഖണ്ഡികയിൽ ഗുണ്ടർട്ട് പറഞ്ഞിട്ടുണ്ട്. അതിനുള്ള ഉദാഹരണങ്ങളുടെ കൂട്ടത്തിൽ 'വീടു - വീട്ടു' എന്ന് നൽകുകയും ചെയ്തു. 166-ാം ഖണ്ഡികയിൽ ഈ വളവിഭക്തിയുടെ ആദേശരൂപംതന്നെ സമാസരൂപത്തിൽ വരുന്നതിനെക്കുറിച്ച് പ്രസ്താവിക്കുന്നു. 'ആറ്റുവെള്ളം, ചെപ്പേട്, ആട്ടക്കണി' എന്നീ ഉദാഹരണങ്ങൾ കൊടുത്തിരിക്കുന്നു. ഇത്തരം വിവരണങ്ങളിലൂടെ ഗുണ്ടർട്ട് പറയാൻ ശ്രമിക്കുന്ന ആശയങ്ങളെ സി.എൽ.ആന്റണി വിശദമാക്കുന്നു; "ഇവയിൽനിന്ന് ഡോ. ഗുണ്ടർട്ട് അഭിപ്രായപ്പെടുന്നത് ചില നാമങ്ങളോട് വെറുതെ ചേർക്കുന്ന പ്രത്യയങ്ങൾമൂലം ഉണ്ടാകുന്ന വളവിഭക്തിരൂപങ്ങളാണ് 'വീട്ട്, ആറ്റ്' എന്നിവ(ഖണ്ഡിക 107)യെന്നും ആ വളവിഭക്തിരൂപങ്ങൾക്ക് സമാസത്തിൽ വരുന്ന ആദേശരൂപങ്ങളാണ് വിശേഷണത്തിന്റെ അർത്ഥം നൽകുന്നതെന്നും (ഖണ്ഡിക 166) ആണല്ലോ" (2005 : 76).

*മലയാളഭാഷാവ്യാകരണ*ത്തിലെ ഖണ്ഡിക 297-304 വരെയുള്ള 'ഹേതുക്രിയകൾ' എന്ന ഭാഗത്തെയും സി. എൽ. ആന്റണി ആലോചനയ്ക്കെടുക്കുന്നുണ്ട്. പ്രയോജകക്രിയകളുടെ (ഹേതുക്രിയകൾ) കാര്യത്തിലും കാരിതീകരണംപോലെ 'ത്തു' പ്രത്യയയോഗത്താൽ പ്രയോജകാർത്ഥം വന്നുചേരുമെന്നാണ് ഗുണ്ടർട്ട് വിശദമാക്കുന്നത്. 'വീഴ്, വീഴ്ത്തു' എന്നീ ധാതുരൂപങ്ങളിൽ 'ത്തു' പ്രത്യയയോഗമുണ്ടെന്ന് കേരളപാണിനിയും മനസ്സിലാക്കുന്നുണ്ടെന്ന് കേരളപാണിനീയഭാഷ്യകാരൻ തിരിച്ചറിയുന്നു. ഗുണ്ടർട്ടിന്റെ ആശയത്തെ അതേപടി മനസ്സിലാക്കുമ്പോഴും 'കാൺ, ഊൺ, തീൻ' എന്നീ ധാതുക്കൾ ഖരാദേശദ്വിത്വത്താലാണ് കാട്ടുന്നു, ഊട്ടുന്നു, തീറ്റുന്നു എന്നീ പ്രയോജകക്രിയകളാകുന്നതെന്നാണ് ഏ.ആറിന്റെ വിശദീകരണം. ഗുണ്ടർട്ടാകട്ടെ ആവക ക്രിയകൾ 'ട്ത്തു, റ്ത്തു' എന്നിവയുടെ സംയോഗത്താൽ ഉണ്ടായവയാണെന്ന് ഖണ്ഡിക 299 ൽ വ്യക്തമാക്കുന്നു. ദ്വിത്വഖരാദേശനയത്തിന്റെ പ്രവർത്തനത്തേക്കാൾ സാധുവായത് ഗുണ്ടർട്ടിന്റെ നിരീക്ഷണങ്ങളാണെന്നറിഞ്ഞിട്ടും കേരളപാണിനി അതിൽനിന്ന് വ്യതിചലിച്ചതിനെ വിമർശിച്ചുകൊണ്ട് സി. എൽ. ആന്റണി പറയുന്നു: "അദ്ദേഹത്തിന്റെ (ഗുണ്ടർട്ടിന്റെ) വ്യാകരണത്തിൽനിന്ന് മർമ്മസ്പർശികളായ ചില സൂചനകൾ കിട്ടിയിട്ടുപോലും കേരളപാണിനി ഡോ. കാൾഡ്വലിന്റെ നയങ്ങളെ പരിശോധിക്കാൻ സന്നദ്ധനാകാതെ അവയ്ക്കു ഭാഷയിൽ പ്രമാണങ്ങളുണ്ടാക്കാൻ പോയതിലാണത്ഭുതം" (2005 : 77).

### 4.2.1.9. ദ്വിത്വഖരാദേശം – മിഷണറിവ്യാകരണങ്ങളിലെ പരാമർശങ്ങൾ

കാൾഡ്വലിന്റെയും കേരളപാണിനിയുടെയും ഖരാദേശദ്വിത്വങ്ങളുടെ വിശദമായ വിവരണങ്ങളും അതിനോടുള്ള ഡോ. ഗുണ്ടർട്ടിന്റെ വിയോജിപ്പുകളും സി. എൽ. ആന്റണിയുടെ വിവരണങ്ങളിലൂടെ മനസ്സിലാക്കാൻ സാധിച്ചു. മറ്റു മിഷണറിവ്യാകരണകൃതികളിൽ ഈ ആശയത്തെ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെയെന്ന് പരിശോധിച്ചുനോക്കാം. റോബർട്ട് ഡ്രമ്മണ്ട്, ജോസഫ് പീറ്റ്, റിച്ചാർഡ് കോളിൻസ്, റവ. ജോർജ്മാത്തൻ എന്നിങ്ങനെ വിദേശീയരും സ്വദേശീയരുമായ മിഷണറിമാരുടെ ചിന്തകളെ താഴെ ക്രോഡീകരിക്കുന്നു.

#### 4.2.1.9.1. റോബർട്ട് ഡ്രമ്മണ്ട് :

നാമങ്ങളുടെ വിഭക്തിരൂപഭേദനിർവ്വചനങ്ങളെ വിവരിക്കുന്ന അധ്യായത്തിൽ ടകാരറകാരങ്ങളുടെ ഇരട്ടിപ്പിനെക്കുറിച്ച് ഡ്രമ്മണ്ട് സൂചിപ്പിക്കുന്നുണ്ട്. വളവിഭക്തികളിൽ (oblique cases–വിഭക്ത്യാംഗങ്ങൾ) ഉദാഹരണങ്ങളെ കാണിക്കുമ്പോൾ ടകാരത്തിനു ഇരട്ടിപ്പുവരുന്ന 'വീടു-വീട്ടു' എന്ന് ഗുണ്ടർട്ട് രേഖപ്പെടുത്തുന്നു. അതിനോട് സമാനമായ ആശയമാണ് ഡ്രമ്മണ്ട് നടത്തുന്നത്.

"To the same form of declension are referred all nouns ending in 's' or 'o', with this

partial difference that, in the oblique case, they double this letter in the singular into 'ട്ടി' or 'റ്റി' except in the vocative" (ഡ്രമ്മണ്ട്, 2019 : 16).

വളവിഭക്തികളുടെ ഏകവചനരൂപങ്ങളിൽ ഇത്തരം ഇരട്ടിപ്പുകൾ വരുമെന്നാണ് സൂക്ഷ്മമായി നിരീക്ഷണം നടത്തിക്കൊണ്ട് ഡ്രമ്മണ്ട് പറയുന്നത്. അദ്ദേഹത്തിന്റെ ഉദാഹരണങ്ങളെ നോക്കാം. "For instance 'വീട' a house, makes in the genitive വീട്ടിറെൻറ, and not വീടിറെൻറ, ആറ; a River is not written ആറിറെൻറ in the genitive, but ആറ്റിറെൻറ (2019 : 16).

'Lecture Second' – ൽ മലബാർഭാഷയിലെ നാമവിശേഷണരൂപീകരണത്തിനായുള്ള വിവിധ ഉപാധികളെ വിവരിക്കുന്ന കൂട്ടത്തിൽ ഡ്രമ്മണ്ട് നടത്തുന്ന ഒരു പരാമർശം പ്രധാനമാണ്. : "But if this sort of adjectives be formed from nouns in 's' or 'റ' , the first is changed into 'ട്ടു' and 'റ' into 'റ്റു'; as, from 'വീട' a house 'വീട്ടുകാ്യ്യം' house affairs. But this mode should be rarely used." (2019 : 25). നാമാന്തങ്ങളിലെ ടകാരറകാരങ്ങളുടെ ഇരട്ടിപ്പുകൊണ്ട് നാമം ഭേദകാർത്ഥം കൈവരിക്കുമെന്നാണ് അദ്ദേഹം അർത്ഥമാക്കുന്നത്.

**4.2.1.9.2. റിച്ചാർഡ് കോളിൻസ് :**

സകർമ്മക-അകർമ്മകക്രിയകളുടെ രൂപീകരണത്തെക്കുറിച്ചുള്ള വിവരണങ്ങളിലും, പ്രയോജകക്രിയകളുടെ വിവരണങ്ങളിലും ഇരട്ടിപ്പ്, 'ത്തു' പ്രത്യയയോഗം എന്നിവ പ്രതിപാദിച്ചിരിക്കുന്നു. അകർമ്മകത്തെ സകർമ്മകമാക്കാൻ നിർദ്ദേശിക്കുന്ന മാർഗ്ഗങ്ങളിൽ കോളിൻസ് പ്രധാനമായും മൂന്ന് കാര്യങ്ങളിലൂന്നുന്നു.

(1) Active or Transitive, 'സകർമ്മക'ക്രിയാരൂപീകരണത്തിന് ക്രിയാനാമത്തോട് 'ക്കു' എന്നും അതിനോട് 'ഉന്നു' വെന്നും ചേർക്കുന്നു. Neuter or Intransitive; 'അകർമ്മക' ക്രിയകളിൽ 'ഉന്നു' ചേർന്നുവരുന്നു.

ഉദാ : തിരിയുന്നു (Intransitive) ആകുന്നു (അകർമ്മകം)

തിരിക്കുന്നു (transitive) ആക്കുന്നു (സകർമ്മകം)

(2) അകർമ്മകത്തെ സകർമ്മകമാക്കാനുള്ള മറ്റൊരു ഉപാധി 'ത്ത' ചേർക്കുന്നതാണെന്ന് പറയുന്നു. കോളിൻസിന്റെ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു:

ഉദാ : ഇരിക്കുന്നു (അകർമ്മകം), ഇരുത്തുന്നു (സകർമ്മകം), നടക്കുന്നു (അകർമ്മകം), നടത്തുന്നു (സകർമ്മകം), ഉണരുന്നു (അകർമ്മകം), ഉണർത്തുന്നു (സകർമ്മകം)

(3) അകർമ്മകക്രിയാധാതുവിന്റെ പ്രകൃത്യാലുള്ള വർണ്ണത്തെ ഇരട്ടിച്ചാലും സകർമ്മകരൂപം ലഭിക്കുമെന്ന് പ്രസ്താവിക്കുന്നു. "The Transitive verb is also formed by doubling the characteristic letter of the intransitive"

ഉദാ : മാറുന്നു (അകർമ്മകം) - മാറ്റുന്നു (സകർമ്മകം)

കൂടുന്നു ( അകർമ്മകം) - കൂട്ടുന്നു (സകർമ്മകം) (കോളിൻസ്, 2018 : 94)

മേൽപറഞ്ഞ വിവരണങ്ങൾക്കുശേഷം പ്രയോജകക്രിയകളുടെ ['ഹേതുക്രിയ'യുടെ/Causal verbs] രൂപീകരണത്തെക്കുറിച്ചും പ്രതിപാദിക്കുന്നു. സകർമ്മകക്രിയകളിൽനിന്നാണ് പ്രയോജകക്രിയകൾ രൂപംകൊള്ളുന്നതെന്ന് നിരീക്ഷിക്കുന്നു. "Causal verbs are formed, properly, from active alone." അദ്ദേഹത്തിന്റെ ഉദാഹരണം; നടക്കുന്നു - to walk, നടത്തുന്നു - to lead, നടത്തിക്കുന്നു-to cause the action (2018: 94). കേരളപാണിനിയുടെ വിവരണങ്ങളിലെ ഒരു പോരായ്മയായി സി. എൽ. ആന്റണി ഉന്നയിക്കുന്ന ഒരു ചോദ്യത്തിനുള്ള ഉത്തരമാണ് കോളിൻസിലൂടെ വ്യക്തമാകുന്നത്. 108-ാംകാരികയിൽ സകർമ്മകങ്ങളും ദ്വികർമ്മകങ്ങളുമായി ഏ. ആർ. ഉദാഹരിക്കുന്ന ക്രിയാരൂപങ്ങൾ 124-ാം കാരികയിൽ പ്രയോജകക്രിയകളായി അദ്ദേഹം അവതരിപ്പിക്കുന്നു. സകർമ്മകം, പ്രയോജകം എന്ന ക്രിയാരൂപങ്ങളുടെ കാര്യത്തിൽ കേരളപാണിനിക്ക് ആശയക്കുഴപ്പം വന്നുകാണുന്നുവെന്നാണ് സി. എൽ. ആന്റണിയുടെ വിമർശനം. എന്നാൽ കോളിൻസിന്റെ വീക്ഷണത്തിൽ സകർമകക്രിയകളിൽനിന്നാണ് പ്രയോജകക്രിയകൾ രൂപം കൊള്ളുന്നുവെന്നാണ് കോളിൻസിന്റെ വീക്ഷണം[37].

ഭൂതകാലക്രിയാരൂപങ്ങളിലെ 'ത്തു'പ്രത്യയയോഗം തന്നെയാണ് അകർമകം സകർമകമാവുമ്പോഴും സംഭവിക്കുന്നതെന്ന് കേരളപാണിനി മനസ്സിലാക്കാതെപോയെന്ന ആരോപണം സി. എൽ. ആന്റണി മുന്നോട്ടുവെയ്ക്കുന്നുണ്ട്. കാരിക 99 -ൽ ഭൂതകാലക്രിയാരൂപങ്ങളെ വിശദീകരിക്കുന്നിടത്ത് പുക്+തുഴ = പുക്കു, പെറ്+തു - പെറ്റു, ഇട്+തു = ഇട്ടു എന്നീ ഉദാഹരണങ്ങൾ നൽകുകയും 'തു പ്രത്യയതകാരം കകാരറകാരടകാരങ്ങളിൽ ലയിച്ചിട്ട് അതുകൾ ഇരട്ടിച്ചതിന്റെ ഫലം ചെയ്യും' എന്നു പറയുന്നു. എന്നാൽ ഇളക്+ത്തുന്നു = ഇളക്കുന്നു, മാറ്+ത്തുന്നു = മാറ്റുന്നു, ആട്+ത്തുന്നു = ആട്ടുന്നു എന്നിവയിലൊന്നും സമാനസന്ധികാര്യം കാണാനില്ലെന്നാണ് സി. എൽ. ആന്റണിയുടെ വിമർശനം[38]. എന്നാൽ കോളിൻസ്

ഈ വസ്തുത യഥാർത്ഥത്തിൽ മനസ്സിലാക്കിയിട്ടുണ്ടെന്നു പറയാം. 'ഇരുത്തുന്നു, നടത്തുന്നു, ഉണർത്തുന്നു' എന്നീ സകർമ്മകക്രിയകളിലെ 'ത്ത' പ്രത്യയത്തിന്റെ രൂപീകരണം ഭൂതകാലക്രിയകളിലും സമാനമായ രീതിയിലാണെന്ന് അദ്ദേഹം രേഖപ്പെടുത്തുന്നു[39].

"This 'ത്ത' has apparently the same origin as the 'ത' or 'ത്ത' of the past tense ........................ In Canarese 'ത' is used in the same way, both in the formation of past tenses, and transitive verbs. In Tamil, as in Malayalim 'ത്ത' is often thus used" (2018 : 94).

നാമവിശേഷണങ്ങളുടെ പ്രത്യേകതകളെക്കുറിച്ചുള്ള പരാമർശങ്ങളിൽ റകാരടകാരങ്ങളുടെ ഇരട്ടിപ്പിനെ ഉദാഹരണങ്ങ when used adjectively, double the final letter; as ളോടെ കാണിച്ചു തരുന്നു: "Those that end in 'റ' or 'ട', കാട്ടദിക്ക; ആറ്റവെള്ളം" (2018 : 108) 'കാട്', 'ആറ്' എന്നീ നാമങ്ങളെ നാമവിശേഷണങ്ങളാ ക്കുമ്പോൾ അവയുടെ അന്ത്യവർണ്ണങ്ങൾക്ക് ദ്വിത്വം സംഭവിക്കുന്നുവെന്നാണ് അദ്ദേഹം വിവരിക്കുന്നത്.

**4.2.1.9.3. ജോസഫ് പീറ്റ് :**

'A Grammar of the Malaylim Languge' എന്ന കൃതിയിൽ മേൽപറഞ്ഞവരുടെ ആശ യങ്ങളോട് ചേർന്നുപോകുന്ന വസ്തുതകൾ പീറ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. അകർമ കത്തെ സകർമകമാക്കുമ്പോഴും കേവലക്രിയയെ പ്രയോജകമാക്കുമ്പോഴും 'ത്ത്' പ്രത്യയയോഗം നടക്കുന്നുവെന്ന് അദ്ദേഹം ഉദാഹരിക്കുന്നു. ഈ പ്രവർത്തന ത്തിന്റെ ഫലമായി വർണ്ണങ്ങളിൽ സംഭവിക്കുന്ന വികാരങ്ങളെയും പീറ്റ് വിശദീക രിക്കുന്നു. 'Formation of causal verbs' എന്ന ഭാഗത്തുള്ള ഏതാനും വിവരണ ങ്ങൾ ഉദ്ധരിക്കാം : "If the termination 'ഉന്നു ' be preceded by 'ട', that letter is doubled or 'ഇക്കുന്നു' added to it. If by 'ള', the '' is changed into 'ട്ട'. If by 'ണ', ' ണ ' is changed into 'ട്ട', or 'ണിക്ക'. If by ണ്ണ, these letters are changed into 'ട്ട' and the preceding vowel made long; as; " (2018: 80) തുടർന്ന് നിരവധി ഉദാഹരണങ്ങ ളാൽ പ്രയോജകക്രിയയിലെ വർണ്ണവികാരങ്ങളെ അവതരിപ്പിക്കുന്നു.

ഉദാ: വാടുന്നു - വാട്ടുന്നു (ട → ട്ട)

കൂടുന്നു - കൂട്ടുന്നു (ട → ട്ട)

ഇരുളുന്നു - ഇരുട്ടുന്നു (ള → ട്ട)

ഉരുളുന്നു - ഉരുട്ടുന്നു (ള → ട്ട)

കാണുന്നു - കാട്ടുന്നു (ണ → ട്ട)

ഉണ്ണുന്നു - ഊട്ടുന്നു (ണ്ണ →ട്ട) (2018 : 80)

'പെടുന്നു' എന്നത് അന്ത്യത്തിൽ വരുന്ന ക്രിയകളുടെ പ്രയോജകരൂപങ്ങളുണ്ടാക്കാൻ 'ടു' 'ന്നു' എന്നിവയ്ക്കിടയിൽ 'ത്തു' ചേർത്താൽ മതിയെന്ന് വിധിക്കുന്നു. ഉദാ : ഭയപ്പെടുന്നു - ഭയപ്പെടുത്തുന്നു (2018 : 80).

അതുപോലെ ഴകാരാന്തങ്ങളായ ക്രിയാധാതുക്കൾ 'ഉന്നു' ചേർന്നുവരുമ്പോൾ അതിന്റെ പ്രയോജകക്രിയാരൂപത്തെ ഉണ്ടാക്കാൻ 'ത'കാരം 'ഴ' കാരത്തിന് താഴെ എഴുതണമെന്ന് പീറ്റ് നിർദ്ദേശിക്കുന്നു.

ഉദാ : താഴുന്നു - താഴ്ത്തുന്നു, വീഴുന്നു - വീഴ്ത്തുന്നു (2018 : 80)

അകലുന്നു - അകറ്റുന്നു എന്നിങ്ങനെ അപവാദങ്ങളും കാണാമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

'Formation of Adjectives' എന്ന ഭാഗത്ത് റകാരടകാരാന്തങ്ങളായ ചില നാമങ്ങൾ സമസ്തപദങ്ങളിൽ നാമവിശേഷണങ്ങളായി വരുമ്പോൾ അവയിലെ ടകാര റകാരങ്ങൾ ഇരട്ടിക്കുമെന്നാണ് പീറ്റ് നിദർശനങ്ങളോടെ കാണിച്ചുതരുന്നത്.

ഉദാ: ചേറ- ചേറ്റ കുഴി, ആറ-ആറ്റ വെള്ളം, വീട-വീട്ട കാര്യം, കാട-കാട്ട ദിക്ക (2018, 93)

**4.2.1.9.4. റവ. ജോർജ് മാത്തൻ :** വിദേശമിഷണറിമാരുടെ വീക്ഷണങ്ങളെ പരിശോധിക്കുന്നതിനൊപ്പം നാട്ടുപാതിരിയായ മാത്തന്റെ അഭിപ്രായങ്ങളും ആലോചനയ്ക്കെടുക്കാം. ദ്വിത്വഖരാദേശങ്ങളെ സംബന്ധിച്ച് *മലയാഴ്മയുടെ വ്യാകരണ*ത്തിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങളെ ക്രോഡീകരിക്കാം.

വിഭക്തിരൂപങ്ങളിൽ സംബോധനയൊഴികെ ഉള്ളവയിൽ 'മ, ട, റ' എന്നിവയുടെ ഇരട്ടിപ്പു കാണുമെന്ന് പ്രതിപാദിക്കുന്നു : ''നാമത്തിന്റെ അന്തത്തിലെ 'മ, ട, റ' എന്നക്ഷരങ്ങൾ സംബോധനയിൽ ഒഴികെ മുറെക്കു 'ത്ത, ട്ട,ററ' എന്നവയായിട്ടു വിരൂപപ്പട്ടതിന്റെ ശേഷമേ വിഭക്തിരൂപങ്ങൾ ചേരു. ദൃ - ന്തം; മരം - മരത്തെ - മരത്തിനു - കാടു - കാട്ടാൽ - ആറു - ആറ്റിന്റെ - ആറ്റാൽ'' (ജോർജ് മാത്തൻ, 2000 : 53).

ഒപ്പംതന്നെ ടകാരറകാരങ്ങൾ ഇരട്ടിക്കാത്ത സന്ദർഭങ്ങളും മാത്തൻ കണ്ടെത്തുന്നുണ്ട്. ''ചില നാമങ്ങളുടെ വിഭക്തികളിൽ 'ട, റ' എന്നിവയിരട്ടിക്കയെന്നു വന്നാൽ സ്വരൂപത്തിൽ ഇരട്ട അക്ഷരമുള്ള മറ്റു പദങ്ങളുമായിട്ടു പിണങ്ങിപ്പോകുന്നതിനിടയുള്ളതാകയാൽ അങ്ങനെ വരുന്ന പടുതിയിൽ ഇരട്ടിക്കാതിരിക്കതന്നെ യുക്തമാകുന്നു.'' (2000 : 53). നിരവധി ഉദാഹരണങ്ങൾകൊണ്ട് തന്റെ ആശയത്തെ സമർത്ഥിക്കുന്നു.

ഉദാ : (1) **സ്വരൂപം : 'നീരു'**

- വെള്ളം എന്നു അർത്ഥം വരുമ്പോൾ വിരൂപത്തിൽ റകാരം റ്റകാരമാകുന്നു. ദൃ-ന്തം; 'നീറ്റിൽ മുഴുകിയ കാള'
- 'നീർ' എന്നതിനു വീക്ക രോഗമെന്നർത്ഥം വരുമ്പോൾ രകാരത്തിന് മാറ്റമില്ലെന്ന് മാത്തൻ വിധിക്കുന്നു. ദൃ - ന്തം ; 'നീരിന്നു വിരേചന ഉത്തമം'

**2. സ്വരൂപം : 'ആറു'**

- അഞ്ചിന്നു മേലത്തെ എണ്ണമെന്നു അർത്ഥം വരുമ്പോൾ റകാരം ഇരട്ടിക്കുന്നില്ല (ആറ്)
- നദിയെന്ന അർത്ഥമാകുമ്പോൾ ഇരട്ടിക്കുന്നു; ദൃ-ന്തം; 'ആറ്റിന്നക്കരപ്പോയാൽ ചക്രമാറിന്നും മീൻ വാങ്ങിക്കാം'. (2000 : 53)

'സമാസനാമങ്ങൾ' എന്ന ഖണ്ഡത്തിലുൾപ്പെടുത്തി 'തല്പുരുഷസമാസ'ങ്ങളെ വിവരിക്കുമ്പോൾ പൂർവപദത്തിന്റെ അന്ത്യത്തിലെ ടകാരറകാരങ്ങൾ ഇരട്ടിക്കുമെന്ന് സൂചിപ്പിക്കുന്നു : ''മുൻപിലത്തെ മൊഴിയുടെ അന്ത്യത്തിൽ അർദ്ധാച്ചോടുകൂടി വരുന്ന 'ട, റ' എന്നവ സമാസത്തിൽ 'ട്ട, റ്റ' എന്നവയായിട്ടു മുറെക്കുതിരിയും. ദൃ-ന്തം; 'വീടു - വീട്ടുകാരൻ : ആറു - ആറ്റുവെള്ളം''. (2000 : 71) 'മുൻപിലത്തെ നാമം' എന്നതിന് 'ആധേയം' എന്നാണ് അദ്ദേഹത്തിന്റെ സംജ്ഞ. ''രണ്ടുനാമങ്ങൾ കൂടി സന്ധി മുറെക്കു ഒന്നിക്കുമ്പോൾ അതു ഒരു തല്പുരുഷസമാസമായിത്തീരും. കൂടി ഒന്നിക്കുന്ന നാമങ്ങളിൽ ഒടുക്കം നിൽക്കുന്നതിന്നു 'ആധാര'മെന്നും മുൻപിൽ നിൽക്കുന്നതിനു 'ആധേയ'മെന്നും പേരായിരിക്കുന്നു: ദൃ-ന്തം; കൺ+പോള=കൺപോള ; കടുവാ+നാക്കു=കടുവാനാക്കു; ആറ്റു+വെള്ളം=ആറ്റുവെള്ളം; തീ+കനൽ=തീക്കനൽ'' (2000 : 70).

രണ്ടാം അദ്ധ്യായത്തിൽ 'വചന'(verb)ങ്ങളെ കുറിച്ചുള്ള വിവരണങ്ങളിൽ 'ത്തു' പ്രത്യയയോഗത്താൽ ക്രിയാധാതുവിൽനിന്നും മറ്റു ചില രൂപങ്ങൾ ഉണ്ടാകുമെന്നുള്ള പരാമർശമുണ്ട് : ''അ, ട, ര, ഴ എന്നവയിൽ അവസാനിക്കുന്ന ധാതു

ക്കളിൽ പലതിനോടും 'ത്തു' എന്നതു ചേർന്നു മറ്റു ധാതുക്കൾ ഉണ്ടാകും. ദൃ - ന്തം; 'നട-നടത്തു - നടത്തുക; കെടു - കെടുത്തു - കെടുത്തുക' ; ചോരു - ചോർത്തു - ചോർത്തുക; താഴു - താഴ്ത്തു - താഴ്ത്തുക അങ്ങനെ തന്നെ 'ഇരി - ഇരിത്തു - ഇരുത്തുക ; ചെല്ലു – - ചെലുത്തു - ചെലുത്തുക; നില്ലു –- നിറുത്തു - നിറുത്തുക, വാ - വരുത്തു - വരുത്തുക' '' (2000 : 93).

ക്രിയാധാതുവിന്റെ അന്തത്തിലുള്ള വ്യഞ്ജനം അതിന്റെ വർഗ്ഗത്തിലെ ഖരത്തിന്റെ ഇരട്ടിപ്പായി മാറുന്ന തരത്തിലുള്ള ക്രിയകളെ പ്രതിപാദിക്കുന്നു : ''മേൽപ്പറഞ്ഞവയിൽ ഉൾപ്പെടാത്തതും വാച്യനാമം 'ക' എന്നതിൽ വരുന്നതുമായ വചനങ്ങൾക്കു ധാതുവിന്റെ അന്തത്തിൽ വരുന്ന ഹല്ലു തന്റെ വർഗ്ഗത്തിലെ ഇരട്ട ഖരമായിട്ടു തിരിയുന്നതിനാൽ ചില തദ്ധിതവചനങ്ങൾ ഉണ്ടാകും. വിപരപ്പടുത്തണമെങ്കിൽ 'ക, ങ്ങ' എന്നവ 'ക്ക' എന്നാകും; ദൃ -ന്തം; 'പഴകു - പഴക്കു - പഴക്കുക; മുങ്ങു - മുക്കു - മുക്കുക' പൊങ്ങു - പൊക്കു - പൊക്കുക 'യ' എന്നതു 'ച്ച' എന്നു ആകും. ദൃ-ന്തം; കായു - കാച്ചു - കാച്ചുക, 'ട, ണ, ണ്ണ, ള' എന്നവ 'ട്ട' എന്നു തിരിയും : ദൃ-ന്തം; 'ആടു - ആട്ടു - ആട്ടുക; കാണു - കാട്ടു - കാട്ടുക; ഉണ്ണു - ഊട്ടു - ഊട്ടുക; ചുരുളു - ചുരുട്ടു - ചുരുട്ടുക; 'റ, ല, ന്നു' എന്നവ 'റ്റ' എന്നതായിട്ടു തിരിയും : ദൃ-ന്തം; 'മാറു - മാറ്റു - മാറ്റുക; അകലു - അകറ്റു - അകറ്റുക ; തിന്നു - തീറ്റു - തീറ്റുക' (2000 : 93).

മാത്തന്റെ 'മൂലവചനങ്ങൾ, തദ്ധിതവചനങ്ങൾ' എന്നുള്ള വിഭജനം ക്രിയകളുടെ രൂപീകരണങ്ങളെ സംബന്ധിച്ചുള്ള നവീന ആശയങ്ങളാണ് മുന്നോട്ടുവയ്ക്കുന്നത്. ''ആകയാൽ മൂലവചനം അകർമ്മകക്രിയയായിരുന്നാൽ തദ്ധിതം സകർമ്മകമായിട്ടും അതു സകർമ്മകമായിരുന്നാൽ ഇതു ദ്വികർമ്മകമായിട്ടും തീരുന്നു; ദൃ -ന്തം; വെള്ളം പൊങ്ങി; അവൻ അതിനെ പൊക്കി; രാജാവു അവനെ ഏറ്റു; ഇവനെ രാജാവിനെ ഏല്പിക്കരുതു'' (2000 : 93-94).

ഇത്തരം ഉദ്ധരണികളിൽനിന്നും മനസ്സിലാക്കാവുന്ന കാര്യങ്ങളെ ഒന്നു ക്രോഡീകരിക്കാം:-

- മാത്തൻ 'ത്തു' ചേർത്തു പറയുന്ന ക്രിയാരൂപങ്ങൾ പ്രയോജകക്രിയകളാണെന്നു കാണാം.
- ഖരാദേശവും ദ്വിത്വവും വരുന്ന ഉദാഹരണങ്ങളും അദ്ദേഹം നൽകുന്നു.
- സകർമ്മകം, അകർമ്മകം, ദ്വികർമ്മകം എന്നീ ആശയങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണ അദ്ദേഹം പുലർത്തുന്നു.

- മറ്റു മിഷണറിവ്യാകരണകർത്താക്കളിൽനിന്നു വ്യത്യസ്തമായി അകർമ്മ കത്തെ സകർമ്മകമാക്കുമ്പോൾ ക്രിയാധാതുവിന്റെ അന്തത്തിൽ വരുന്ന വ്യഞ്ജനത്തിനു സമാനവർഗ്ഗത്തിലുള്ള ഖരം ദ്വിത്വരൂപത്തിൽ ആദേശിക്കു മെന്ന് വ്യക്തമായി പ്രതിപാദിക്കാൻ മാത്തന് സാധിക്കുന്നു.

- സ്വരൂപവിഭക്തിരൂപത്തിന്റെ അന്തത്തിൽ വരുന്ന വർണങ്ങളിൽ ഇരട്ടിപ്പുവരു മ്പോൾ അവ വിരൂപപ്പെടുകയും പലതരത്തിലുള്ള വിഭക്തിഭേദങ്ങൾക്ക് കാര ണമാവുകയും ചെയ്യുന്നു.

- ഇങ്ങനെ വിരൂപപ്പെട്ട വിഭക്തിരൂപങ്ങളാണ് മാത്തൻ സമാസനാമങ്ങളിൽ 'ആധേയ'ങ്ങളായി അല്ലെങ്കിൽ വിശേഷണങ്ങളായി ഉദാഹരിക്കുന്നത്. വളവി ഭക്തിയുടെ ആദേശരൂപങ്ങൾ സമാസത്തിൽ വരുമ്പോൾ അവയ്ക്ക് വിശേഷ ണത്തിന്റെ അർത്ഥം കൈവരുമെന്നുള്ള ഗുണ്ടർട്ടിന്റെ ആലോചനകളുടെ മുന്നോടിയായി മാത്തന്റെ നിരീക്ഷണങ്ങളെ ഗണിക്കാവുന്നതാണ്.

- 'വചനീയനാമങ്ങൾ' എന്ന ഭാഗത്ത് ഖരാദേശദ്വിത്വങ്ങളെ വിവരിക്കുന്നുണ്ട്. വചനത്തിൽനിന്നു വരുന്ന നാമങ്ങളായിട്ടാണ് ഇവയെ അദ്ദേഹം അവതരിപ്പി ക്കുന്നത്. ''ധാതുവിന്റെ അന്തത്തിൽ അർദ്ധാച്ചോടുകൂടി വരുന്ന ഹല്ലിനു പകരം വർഗ്ഗത്തിലേ ഖരം ഇരട്ടിച്ചു വരുന്നതിനാൽ ചില നാമങ്ങൾ ഉണ്ടാകും : ദൃ - ന്തം; പോകുക - പോക്കു, ഉണ്ണുക - ഊട്ടു, എഴുതുക - എഴുത്തു, ഇരി ളുക - ഇരിട്ടു, ഓടുക - ഓട്ടം, ചാടുക - ചാട്ടം, മാറുക - മാറ്റം, പഴകുക - പഴക്കം, അനങ്ങുക - അനക്കം, പൊങ്ങുക - പൊക്കം, നീങ്ങുക - നീക്കം'' (2000 :127). വചനത്തിൽ നിന്നും വചനീയനാമങ്ങളെ രൂപീകരിക്കുമ്പോൾ ഖരാദേശദ്വിത്വവും 'അം' പ്രത്യയയോഗവും മാത്തൻ വിധിക്കുന്നതു കാണാം.

**4.2.1.10. ദ്വിത്വഖരാദേശനയങ്ങൾ : ആധുനികനിരീക്ഷണങ്ങൾ**

ദ്വിത്വഖരാദേശനയങ്ങളുടെ ഉപജ്ഞാതാവ്, അനുവാദകൻ എന്നിങ്ങനെ യഥാക്രമം അറിയപ്പെടുന്നവരായ കാൾഡ്വൽ, കേരളപാണിനി എന്നിവരുടെ ആലോചനകളെ വിമർശനവിധേയമാക്കുകയാണ് സി. എൽ. ആന്റണി 'ദ്വിത്വഖരാ ദേശനയങ്ങൾ' എന്ന *കേരളപാണിനീയഭാഷ്യ*ത്തിലെ ലേഖനത്തിൽ ചെയ്ത്. ഈ ലേഖനം വിജ്ഞാനകൈരളിയിലാണ് ആദ്യമായി അദ്ദേഹം പ്രസിദ്ധീകരിച്ചിരി ക്കുന്നത് (വിജ്ഞാനകൈരളി, 1971, വാല്യം 2, ലക്കം 9). 'കേരളപാണിനിയുടെ ദ്വിത്വഖരാദേശനയങ്ങൾ' എന്ന തലക്കെട്ടിലുള്ള ആ ലേഖനത്തെ മുൻനിർത്തി പുന:രാലോചനകൾ നടത്തുന്ന മറ്റൊരു ലേഖനമാണ്
ഡോ. എം. ലീലാവതിയുടെ 'ദ്വിത്വഖരാദേശനയങ്ങളെപ്പറ്റി' (വിജ്ഞാനകൈരളി, 1971, ജൂലൈ, പുസ്തകം 3, ലക്കം 2) എന്നുള്ളത്.

#### 4.2.1.10.1. 'ദ്വിത്വഖരാദേശനയങ്ങളെപ്പറ്റി' - എം. ലീലാവതി

ദ്വിത്വഖരാദേശനയങ്ങൾ അർത്ഥപരസംക്രമണത്തിന് ഉതകുമെന്നുള്ള കേരളപാണിനീയവീക്ഷണത്തെ സി. എൽ. ആന്റണി അംഗീകരിക്കുന്നില്ല. കേരളപാണിനിയുടെ മിഥ്യാവാദത്തെ തകർക്കുന്നതിൽ ആന്റണി വിജയിച്ചിരിക്കുന്നുവെന്നാണ് ലീലാവതി തന്റെ ലേഖനത്തിലൂടെ വിശദമാക്കുന്നത്. ഖരാദേശം, ഇരട്ടിപ്പ് എന്നീ സന്ധിപ്രക്രിയകളെപ്പറ്റി *തൊൽകാപ്പിയം, നന്നൂൽ* മുതലായ വ്യകരണഗ്രന്ഥങ്ങളിൽ പരാമർശിച്ചിട്ടുള്ള വസ്തുതകളെ പരിശോധിക്കുകയും അത്തരം സന്ധികാര്യങ്ങൾ വർണപരം മാത്രമാണ്; അർത്ഥപരമല്ലെന്ന് ലേഖിക സമർത്ഥിക്കുന്നു. തമിഴിലെ ഖരാദേശമെന്ന വർണവികാരത്തിന് അർത്ഥവുമായി നിയതബന്ധമില്ലെന്ന് അഭിപ്രായപ്പെടുന്നു. അകർമകത്തെ സകർമകമാക്കുമ്പോഴും കേവലത്തെ പ്രയോജകമാക്കുമ്പോഴും ഉപയോഗിക്കുന്ന 'കാരിതീകരണം' (അകർമകത്തെ സകർമകമാക്കൽ; മായുന്നു-മായ്ക്കുന്നു), 'ഇ' പ്രത്യയയോഗം (ചെയ്യുന്നു - ചെയ്യിക്കുന്നു), 'ത്തു' പ്രത്യയയോഗം (താഴുന്നു-താഴ്ത്തുന്നു) 'പ്പി' പ്രത്യയയോഗവും (പഠിക്കുന്നു - പഠിപ്പിക്കുന്നു) എന്നിവയിലൊക്കെ അർത്ഥപരസംക്രമണമുണ്ടെന്ന ഏ.ആറിന്റെ വാദത്തെയാണ് സി. എൽ. ആന്റണിയുടെ വാദമുഖങ്ങളുടെ അടിസ്ഥാനത്തിൽ ലീലാവതി തിരുത്തുന്നത്. രാമൻ ഉണ്ടാലും കൃഷ്ണൻ രാമനെ ഊട്ടിയാലും വിശപ്പുമാറുന്നത് രാമനുതന്നെയാണ്. ആയതിനാൽ ഖരാദേശം, ദ്വിത്വം എന്നിവയാൽ അർത്ഥപരസംക്രമണം സംഭവിക്കുന്നു എന്ന ഏ.ആറിന്റെ മിഥ്യാവാദത്തെ ലീലാവതി നിരാകരിക്കുന്നു[40].

#### 4.2.1.10.2. വ്യാകരണവിവേകം – എൻ.എൻ.മൂസ്സത്

*കേരളപാണിനീയ*ത്തിൽ ദ്വിത്വഖരാദേശനയങ്ങളുടെ പ്രയോഗക്ഷമത പ്രകടമാകുന്ന നിരവധി സന്ദർഭങ്ങൾ ഏ. ആർ. പ്രതിപാദിക്കുന്നുണ്ട്. അതിലൊന്ന് 'അത്ത്' എന്ന ഇടനിലയുടെ രൂപീകരണവും അതിനു സഹായകമായി ഏ.ആർ നിർദ്ദേശിക്കുന്ന ഖരാദേശവും ദ്വിത്വവും. ആ നീരീക്ഷണത്തെ മൂസ്സത് എതിർക്കുന്നു: ''*അ* പ്രത്യയത്തിന്റെ പ്രാഗ്രൂപം *അൻ* എന്നായിരുന്നുവെന്നും ഇതിലെ 'ൻ' ദന്ത്യമായ 'ന'യുടെ ചില്ലാണെന്നും അതിന് ഖരാദേശവും ദ്വിത്വവും വന്നാണ് 'അത്ത്' ഉണ്ടാകുന്നതെന്നുമാണ്, ചുരുക്കത്തിൽ, കേരളപാണിനിയുടെ സിദ്ധാന്തം. ഇത് വളരെ വളഞ്ഞ ഒരു വഴിയാണെന്നു പറയേണ്ടതില്ല. 'വരത്തില്ല, കൊടുക്കത്തില്ല, പോകത്തില്ല' തുടങ്ങിയ വായ്മൊഴിരൂപങ്ങളിലും പരിയത്ത്, ഒക്കത്ത്, മഴയത്ത് തുടങ്ങിയ പ്രയോഗങ്ങളിലുമൊന്നും എന്തായാലും 'അം'-ന് പ്രസക്തിയില്ലാത്തതുകൊണ്ട് 'അത്ത്' ഒരു സ്വതന്ത്രമായ ഇടനിലയാണെന്നു കണക്കാക്കുന്നതായിരിക്കും കൂടുതൽ യുക്തം'' (മൂസ്സത്, 1984 : 74).

#### 4.2.1.10.3. ''ആധാരികാപ്രത്യയങ്ങൾ' (ലേഖനം)[41] - സി. വി. വാസുദേവഭട്ടതിരി

ആധാരികാർത്ഥത്തിൽവരുന്ന 'അത്ത്' പ്രത്യയത്തെയും അതിന്റെ നിഷ്പാദനത്തെയും കേരളപാണിനി പ്രതിപാദിക്കുന്നു. 'അൻ' പ്രത്യയം 'അത്ത്' ആകണമെങ്കിൽ ഖരാദേശദ്വിത്വനയങ്ങൾ ഒരുമിച്ച് നടക്കണമെന്ന് അദ്ദേഹം വാദിക്കുന്നു. കേരളപാണിനിയുടെ ഈ പ്രസ്താവനയെ ഖണ്ഡിക്കാൻ സി.എൽ.ആന്റണിയുടെ നിരീക്ഷണങ്ങളെയാണ് സി.വി.വാസുദേവഭട്ടതിരി ഉപയുക്തമാക്കുന്നത്. ഖരാദേശവും ദ്വിത്വവും ഒരുമിച്ച് ഒരിടത്തും പ്രവർത്തിക്കുകയില്ലെന്ന കേരളപാണിനീയഭാഷ്യകാരന്റെ പക്ഷത്തെയാണ് ഭട്ടതിരി മുറുകെപിടിക്കുന്നത്. 'കാണുക-കാട്ടുക' എന്നുള്ള ഏ.ആറിന്റെ ഉദാഹരണത്തിൽ ഖരാദേശദ്വിത്വങ്ങളുള്ളതായി തോന്നാമെങ്കിലും 'കാൺ+ത്തുക = കാട്ടുക' എന്നിങ്ങനെ സവർണ്ണനനയം മാത്രമാണ് അവിടെ പ്രവർത്തിക്കുന്നതെന്ന് ലേഖകൻ വിശദമാക്കുന്നു[42].

'കേരളപാണിനിയും സമകാലികവൈയാകരണൻമാരും' എന്ന സി.വി.വാസുദേവഭട്ടതിരിയുടെ മറ്റൊരു ലേഖനത്തിൽ[43] 'അനുനാസികസംസർഗ്ഗം സ്വാർത്ഥവിശ്രാന്തിസൂചകം; ഖരാദേശമിരട്ടിപ്പും പരസംക്രാന്തിചിഹ്നമാം' എന്ന തെറ്റായ സിദ്ധാന്തം കാൾഡ്വെൽ അവതരിപ്പിച്ചത് സ്വന്തം എന്ന മട്ടിൽ വ്യാഖ്യാനിക്കുന്ന കേരളപാണിനിയെ വിമർശിക്കുന്നതാണ്. അതിന്റെ പരിഹാസ്യതയെ സി. എൽ. ആന്റണി *കേരളപാണിനീയഭാഷ്യ*ത്തിൽ എടുത്തുകാട്ടുന്നതായും ഭട്ടതിരി സൂചിപ്പിക്കുന്നു.

#### 4.2.1.10.4. 'കേരളപാണിനീയഭാഷ്യം' - കെ. പി. നാരായണപിഷാരോടി

'കേരളപാണിനീയഭാഷ്യം' എന്ന പേരിൽ പിഷാരോടി എഴുതിയിട്ടുള്ള ലേഖനത്തിൽ[44] അനുനാസികസംസർഗ്ഗം, ദ്വിത്വഖരാദേശം എന്നീ നയങ്ങളെ സംബന്ധിച്ച് സി. എൽ. ആന്റണി നടത്തുന്ന സമർത്ഥനത്തെ ശരിവെയ്ക്കുന്നുണ്ട്. ഈ രണ്ടു നയങ്ങളും ഭാഷയിൽ നിലവിലുണ്ടെങ്കിലും അവ യഥാക്രമം സ്വാർത്ഥവിശ്രാന്തി, പരസംക്രാന്തി എന്നിവയെ സൂചിപ്പിക്കുന്നില്ലെന്നാണ് ആന്റണിയുടെ അഭിപ്രായം. പിഷാരോടി അതിനെ അംഗീകരിക്കുന്നു.

### 4.3.സംഖ്യാനാമങ്ങൾ

*കേരളപാണിനീയ*ത്തിലെ 'ഭേദകാധികാര'ത്തിൽ ചർച്ച ചെയ്യുന്ന സംഖ്യാനാമനിഷ്പത്തിയെ പുനരാലോചനയ്ക്ക് വിധേയമാക്കുന്ന അധ്യായമാണ് *കേരളപാണിനീയഭാഷ്യ*ത്തിലെ 'സംഖ്യാനാമങ്ങൾ' എന്നുള്ളത്. സംഖ്യാനാമങ്ങളുടെ പ്രകൃതികളൊക്കെ നാമരൂപങ്ങളാണെന്നുള്ള തമിഴ്രീതിയും അവ ഭേദകപ്രകൃതികളാണെന്നുള്ള കാൾഡ്വലിന്റെ പക്ഷവും നിലനിൽക്കെ കാൾഡ്വെ

ലിന്റെ പാത പിന്തുടരുകയാണ് കേരളപാണിനി ചെയ്തിട്ടുള്ളത്. കേരളപാണിനി യുടെയും മറ്റു വൈയാകരണരുടെയും വിവരണങ്ങൾ പരിശോധിക്കാം:-

തമിഴ്‌വൈയാകരണന്മാരുടെ ഭേദകസങ്കല്പത്തെയാണ് കേരളപാണിനി ആദ്യമായി വിശകലനം ചെയ്യുന്നത്. "തമിഴ് വൈയാകരണന്മാർ ഭേദകത്തെ പ്രത്യേകം ഒരിനമായി ഗണിക്കുന്നില്ല. അവരുടെ മതത്തിൽ ഭേദകങ്ങൾ ഗുണവാചകങ്ങളായ നാമങ്ങളാണ് 'ചെമ്മ, ചെറുമ' എന്നു ഗുണവാചക നാമമായിട്ടല്ലാതെ ചെസ ചെറു എന്നു കേവലഗുണിവാചകമായിട്ടു പദങ്ങളില്ലെന്നാണ് അവരുടെ വാദം. 'ചെങ്കനൽ, ചെറുപയറ് എന്നിത്യാദി പ്രയോഗങ്ങളിൽ ചെമ്മ, ചെറുമ എന്നിവകളിലെ 'മ' എന്ന അംശം ലോപിച്ചിരിക്കുന്നു എന്ന് അവർ കല്പിക്കുന്നു." (രാജരാജവർമ്മ, 2015 : 315)

### 4.3.1. ജോർജ്ജ് മാത്തന്റെ അഭിപ്രായങ്ങൾ

ജോർജ്ജ് മാത്തന്റെ ചിന്തകളിലും ഇത്തരത്തിലുള്ള തമിഴ്പാരമ്പര്യത്തിന്റെ സമാനത ദർശിക്കാം. നാമങ്ങളുടെ തരംതിരിവുകളെ ചർച്ച ചെയ്യുന്നിടത്താണ് ഗുണി-ഗുണനാമങ്ങളെ അദ്ദേഹം വിവരിക്കുന്നത്.




"ഗുണങ്ങൾക്കു ഗുണിയിൽ സംബന്ധിച്ചല്ലാതെ തനിച്ചിരിപ്പാൻ കഴിയുന്നതല്ലയെങ്കിലും അവ തനിച്ചിരിക്കുന്ന പ്രകാരത്തിൽ മനസ്സുകൊണ്ടു വിചാരിപ്പാൻ കഴിയുന്നതാകുന്നു. ഇങ്ങനെ മനസ്സിന്റെ നിരൂപണങ്ങൾ മാത്രമായിരിക്കുന്നവെക്കു സാക്ഷാൽ ഇരിപ്പുള്ള വസ്തുക്കളെപ്പോലെ നാമങ്ങൾ വീണിരിക്കുന്നു" (ജോർജ്ജ് മാത്തൻ, 2000: 37)

| | |
|---|---|
| ഗുണം, Abstract Noun,<br>ഗുണി, Concrete Noun | { 'നീതിമാൻ നീതി ചെയ്യും' എന്നതിൽ നീതി ഗുണനാമവും 'നീതിമാൻ' ഗുണിനാമവും |

ആശ്രിതരൂപമായ ഭേദകത്തിന് അല്ലെങ്കിൽ ഗുണനാമങ്ങൾക്ക് നാമരൂപപദവിയാണ് തമിഴ്പാരമ്പര്യം നൽകുന്നത്. അത്തരമൊരു പക്ഷക്കാരനാണ് മാത്തനും എന്നു

കാണാം. സർവ്വനാമങ്ങളുടെ ഒരു വിഭാഗമായി സംഖ്യാനാമങ്ങളെ അദ്ദേഹം കാണുന്നു.

''സംഖ്യാനാമങ്ങൾ ആധേയമായിട്ടും പ്രയോഗിക്കപ്പെടും. ദൃ-ന്തം: ഒരു മനുഷ്യൻ ; രണ്ടാളുകൾ ; നാലു പശുക്കൾ; സമാസനാമത്തിൽ ആധേയമാകുന്നതിനു ഒരു, ഇരു, മൂം, നൽ, അൻ, അറു, എഴു, എൺ എന്നിങ്ങനെ ചിലതു ചുരുങ്ങു. ദൃ-ന്തം, ഒരു വശം, ഇരുനൂറു, മുമ്മൂർത്തി, നാല്ക്കാലി, നാന്മാകാണി, അൻപതു, അറുന്തറു, എഴുപതു, എണ്പതു''. (2000 : 84-85) മാത്തൻ പ്രസ്താവിക്കുന്ന സമാസനാമങ്ങൾ എന്നതിൽ ആധേയമായി നിൽക്കുന്ന സംഖ്യാനാമങ്ങളുടെ ചുരുക്കരൂപമാണുള്ളത്. അതായത് വിശേഷണാർത്ഥമുള്ള ഭേദകസ്വഭാവത്തോടുകൂടിയ നാമരൂപമായി സംഖ്യാനാമധാതുക്കളെ അദ്ദേഹം കണക്കാക്കുന്നുവെന്നുസാരം.

സംഖ്യാനാമങ്ങളെ സംബന്ധിച്ചുള്ള കേരളപാണിനിയുടെയും കാൾഡ്വലിന്റെയും നിരീക്ഷണങ്ങളെ സി. എൽ. ആന്റണി പരാമർശിക്കുന്നു. ഇരുവരുടെയും പൂർവ്വധാരണകളെ അൽപ്പം വിശദമായി പരിശോധിക്കാം:-

### 4.3.2. കേരളപാണിനി :

*കേരളപാണിനീയ*ത്തിലെ ഭേദകാധികാരം കാരിക 165 ൽ സംഖ്യാഭേദകങ്ങളെ വിവരിക്കുന്നു.

''സാംഖ്യം മുറയ്ക്കൊരിരുമു-

നാലൈയറെഴുവെൺപതു''

ഒരു, ഇരു, മു, നാൽ, ഐ, അറു, എഴു, എൺ, പതു എന്നിവയാണവ. ഇത്തരം സംഖ്യാഭേദകങ്ങൾ സംഖ്യാനാമങ്ങളായി മാറുന്നതിന് കാരണമാകുന്ന പ്രക്രിയകളെ ഏ. ആർ പ്രസ്താവിക്കുന്നു.

''സ്വാർത്ഥവിശ്രാന്തിസൂചകമായ അനുനാസികസംസർഗ്ഗം; കു, ടു, തു, റു എന്ന വിവർത്തകപ്രത്യയങ്ങൾ; അന്ത്യദ്വിത്വം ഈ വക പ്രക്രിയകൾകൊണ്ട് ഈ സംഖ്യാഭേദകങ്ങൾ സംഖ്യാനാമങ്ങളായിത്തീരുന്നു. ഉദാ:

| | |
|---|---|
| ഒരു: ഒൻരു = ഒന്റു = ഒന്ന് | അനുനാസികസംസർഗ്ഗം |
| ഇരു: ഇര് + അൺ + തു = ഇരുണ്ടു = രണ്ട് | ടി തു പ്രത്യയവും |
| മൂ: മൂരു = മൂറു = മൂന്റു = മൂന്ന് | ടി റു പ്രത്യയവും |
| നാൽ: നാൽ + കു (ലകാരത്തിന് അനുനാസികം) = നാങ്കു | കു പ്രത്യയവും |

| | |
|---|---|
| ഐ: ഐന്തു = ഐഞ്ചു = അഞ്ച് | അനുനാസികവും തു പ്രത്യയവും |
| അറു : ആറു | ദീർഘം |
| എഴ് : ഏഴ് | ടി |
| എൺ: എട്ട് | ദ്വിത്വഖരാദേശങ്ങളും ടു പ്രത്യയവും |
| പതു: പത്ത് | ദ്വിത്വം |

(2015 : 318)

'ഒൻപത്' എന്ന സംഖ്യാനാമത്തിന്റെ നിഷ്പത്തി താഴെകാണുന്നവിധത്തിൽ പ്രസ്താവിക്കുന്നു:

" 'തൊണ്ണൂറ്', 'തൊള്ളായിരം' രണ്ടിന്റെയും ഛായ നോക്കുമ്പോൾ ഒൻപതു 'തൊൺപത്' ആയിരിക്കണമെന്നു തെളിയുന്നു; തെലുങ്കിൽ 'തൊമ്മിദി' എന്നു തകാരം കാണുന്നുമുണ്ട്. 'തൊൾ'എന്ന പ്രകൃതിക്ക് 'മുൻ' എന്നാണർത്ഥം. അപ്പോൾ പത്തിനു മുൻപിലത്തേതു = തൊൺപതു (=ഒൻപത്) എന്നർത്ഥവും യോജിക്കുന്നുണ്ട്". (2015 : 319)

**4.3.3. ഡോ. കാൾഡ്വൽ :** ദ്രാവിഡ സംഖ്യാവാചികളുടെ മൗലികരൂപങ്ങളായി സംഖ്യാനാമവിശേഷണങ്ങളെ കാൾഡ്വൽ കണക്കാക്കുന്നു. സംഖ്യാനാമപ്രകൃതി കളുടെ ധാതുക്കളാണ് സംഖ്യാവിശേഷണങ്ങളെന്നും പറയുന്നു. അദ്ദേഹം നൽകുന്ന ഒരു ഉദാഹരണം ഇത് കുറച്ചുകൂടി വ്യക്തമാക്കുന്നു: "സംഖ്യകളുടെ സാമാന്യനാമങ്ങൾ ഉണ്ടാക്കുവാൻ സംഖ്യാവിശേഷണരൂപമാണ് പ്രയോഗിക്കാറ്. ഉദാഹരണം: തമിഴിൽ ഇരുവർ (ഇരു - (വ്)-അർ) രണ്ടുപേർ എന്നർത്ഥം. ഇരണ്ഡു എന്ന നാമരൂപമല്ല ഇതിനടിസ്ഥാനം; ഇരു എന്ന നാമവിശേഷണരൂപ മാണ്". (കാൾഡ്വൽ അ, 2014 : 2). ദ്രാവിഡഭാഷാഗോത്രത്തിലെ സംഖ്യാനാമ ങ്ങളെ അദ്ദേഹം ഔൽപത്തികമായി സവിസ്തരം വിശദീകരിക്കുന്നു.

**- ഒന്ന് - :** ദ്രാവിഡഭാഷകളിലെ 'ഒന്ന്' എന്ന സംഖ്യയ്ക്ക് രണ്ടു സംഖ്യാനാമപ്ര കൃതികളെ കാൾഡ്വൽ കല്പിക്കുന്നു.




**'ഒരു' :** ധാതു : 'ഒർ'

'ഒരു' എന്ന സംഖ്യാവിശേഷണം ഒന്റു, ഒന്ദ്രു, ഒന്ദു, ഒണ്ണു, ഒന്ന് എന്നിങ്ങനെ മാറി മാറി വന്നിരിക്കുകയാണെന്നാണ് കാൾഡ്വലിന്റെ പക്ഷം. 'ഒരു' എന്നതിലെ രേഫം തമിഴിൽ ആദ്യകാലത്ത് 'റ'കാരം ആയിരുന്നെന്നും ഒറ്റ്റെയ്/ഒറ്റെയ് എന്നീ ഉച്ചാരണങ്ങൾ 'ഒന്റു' ആയെന്നും പറയുന്നു. 'റ' കാരത്തെ ശ്രുതിസുഖദമാക്കി 'ന്ദ്ര' ചേർത്ത് ഒന്ദ്രു, ഒന്ദു, ഒന്ന് എന്നീ സംഖ്യാനാമരൂപങ്ങൾ ഉണ്ടാകുന്നു. തമിഴിലെ വർത്തമാനകാലപ്രത്യയമായ 'കിറു' കാവ്യഭാഷയിൽ 'കിന്റു'എന്നും സംഭാഷണത്തിൽ 'കിന്ദുരു' എന്നും ആയെന്നും മലയാളത്തിൽ അതിനെ 'കുന്നു', 'ഉന്നു'എന്നിങ്ങനെ മയപ്പെടുത്തി ഉച്ചരിക്കുന്നുണ്ടെന്നും മേൽപ്പറഞ്ഞതിന് സാധൂകരണമായി അദ്ദേഹം രേഖപ്പെടുത്തുന്നു. വ്യാകരണശുദ്ധമായ തമിഴിൽ ഒന്റു (ഉച്ചാരണം - ഒന്ദ്രു, ഒന്ദു), നാടൻ തമിഴിൽ 'ഒണ്ണു', തെലുങ്കിൽ 'ഒണ്ഡു', മലയാളത്തിൽ ഒന്ന്, കന്നടത്തിലും കൂർഗിലും 'ഒന്ദു', തുളു-ഒൻജി, ഗോന്ദി-ഉന്ദി, തുദ-ഒദ്ള് എന്നിങ്ങനെയാണ് 'ഒരു' എന്ന സംഖ്യാവിശേഷണം പൊതുവായുള്ള ദ്രാവിഡഭാഷകളിൽ കാണുന്ന സംഖ്യാനാമങ്ങൾ എന്ന് പ്രസ്താവിക്കുന്നു.

'ഒരു' (ഒറ്റ്റെയ്/ഒറ്റെയ്)

↓ (പ്രാചീനരൂപം 'റ'കാരസഹിതം)

ഒന്റു

↓ ('റ'കാരത്തെ ശ്രുതിസുഖദമാക്കുന്നു)

ഒന്ദ്രു/ ഒന്ദു

↓ (മലയാളത്തിൽ കുറച്ചുകൂടി മയപ്പെടുത്തുന്നു)

ഒന്ന്

**രണ്ട് :** എല്ലാ ദ്രാവിഡഭാഷകളിലും 'ഇർ' എന്ന പൊതുവായ സംഖ്യാവിശേഷണരൂപത്തിൽനിന്നുമാണ് 'രണ്ട്' എന്ന സംഖ്യാനാമത്തെകുറിക്കുന്ന പദങ്ങൾ രൂപപ്പെട്ടിട്ടുള്ളത്. അതിൽത്തന്നെ പ്രാചീനപദമായി കന്നടത്തിലെ 'എരഡു'വിനെയും (അതിപ്രാചീനരൂപം 'ഇരഡു' ആണെന്നും കാൾഡ്വെൽ പറയുന്നു) നിരീക്ഷിക്കുന്നു. തമിഴ്-ഇരണ്ഡു, തെലുങ്ക് - രെണ്ഡു, തുളു - രഡ്ഡ്, മലയാളത്തിൽ രെണ്ഡു (രണ്ട്), പഴയമലയാളത്തിൽ തമിഴിലെ പോലെ ഇരണ്ഡു, കൂർഗ്, ദണ്ഡു, ഗോന്ദ് - രെന്ദ് അഥവാ രനു എന്നിങ്ങനെയാണ്.

'ഇരണ്ഡു' ശബ്ദത്തിലെ 'ഇ'കാരലോപത്തെക്കുറിച്ചും കാൾഡ്വൽ സ്വാഭിപ്രായം കുറിക്കുന്നുണ്ട്. '''ഇരണ്ഡു' ശബ്ദത്തിലെ 'ഇ'കാരം ശ്രുതിസുഖത്തിനു വേണ്ടിയാണെന്ന സങ്കല്പം തെലുങ്ക്, മലയാളം തുടങ്ങി അനേകം ഭാഷകളിൽ ആ അക്ഷരം ആകെ അപ്രത്യക്ഷമാകുന്നുവെന്ന വസ്തുതകൊണ്ട് യാഥാർഥ്യമാ

ണെന്നു തോന്നാം. ഏതായാലും എല്ലാ ദ്രാവിഡഭാഷകളിലും കാണുന്ന സംഖ്യാ വിശേഷണശബ്ദമായ 'ഇരു' അഥവാ 'ഇര്' എല്ലാ സംയുക്തസംഖ്യകളിലും (ഇരുപത്, ഇരുന്നൂറ് എന്നിങ്ങനെ) കാണുന്നതുകൊണ്ട് തമിഴ്-കന്നട സംഖ്യാനാമങ്ങളായ 'ഇരുഡു'വിലെ 'ഇ'കാരം കേവലം ശ്രുതിസുഖത്തിനുവേണ്ടിയുള്ളതല്ലെന്നും ധാതുവിന്റെ ഒരു അനിവാര്യഘടകം ആണെന്നും ഉറപ്പിക്കാം'' (2014 : 13).

'ഇരണ്ഡു' ശബ്ദത്തിലെ 'ണ'കാരസഹിതമായ അനുനാസികത്തെക്കുറിച്ചും കാൾഡ്വൽ വിശദീകരിക്കുന്നുണ്ട്. 'ഡ'കാരം ശ്രുതിസുഖത്തിനായി 'ണ്ഡ' ആയിരിക്കുന്നതാണത്. തമിഴിൽ 'ഇരണ്ഡു' ശബ്ദത്തിന്റെ നാമവിശേഷണരൂപം 'ഇരട്ടു'എന്നുള്ള അനുനാസികരഹിതമായ രൂപമാണ്. അതിന് കന്നടത്തിലെ 'ഇരഡു' എന്നതിനോട് സാദൃശ്യവുമുണ്ട്. അതിനാൽ ദ്രാവിഡഭാഷകളിൽ 'രണ്ട്' എന്ന സംഖ്യാനാമത്തെ പ്രതിനിധീകരിച്ചിരുന്ന പൂർവ്വരൂപത്തിന് അനുനാസിക രഹിതമായ സ്വഭാവമായിരുന്നിരിക്കാമെന്ന് കാൾഡ്വൽ അനുമാനിക്കുന്നു. 'ഇരണ്ഡു'വിലെ 'ഡ'കാരത്തിനു മുൻപിൽ 'ണ'കാരം ശ്രുതിസുഖത്തിനു വന്നു ചേരുന്നതും ചില നിയമങ്ങൾക്കനുസരിച്ചാണെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. 'ഡു'കാരത്തിലവസാനിക്കുന്ന ശബ്ദങ്ങൾ ഉച്ചരിക്കുമ്പോൾ ഒരുതരം അവ്യക്താനുനാസികധ്വനി തെലുങ്കുവിലും തമിഴിലും വരിക സാധാരണമാണെന്ന ഉച്ചാരണ സ്വഭാവമാണത്. ആഡു, ഈഡു, യാഡു എന്നിവയുടെ ശ്രുതിസുഖരൂപങ്ങളായാണ് തമിഴിൽ ആണ്ഡു, ഈണ്ഡു, യാണ്ഡു എന്നിവ യഥാക്രമം വരുന്നതെന്ന് മേൽപറഞ്ഞതിനെ ഉദാഹരണസഹിതം സമർത്ഥിക്കുന്നു. രണ്ടിനെ പ്രതിനിധാനം ചെയ്യുന്ന തമിഴ്ശബ്ദം മൗലികമായി അനുനാസികരഹിതമായ 'ഇരഡു'തന്നെയായിരിക്കുമെന്ന നിഗമനത്തിലാണ് ഇത്തരം വിവരണങ്ങളുടെ അടിസ്ഥാനത്തിൽ കാൾഡ്വൽ എത്തിച്ചേരുന്നത്.

'ഇര്' ധാതുവിന്റെ വ്യുൽപത്തിയെക്കുറിച്ചും അദ്ദേഹം ആലോചിക്കുന്നുണ്ട്. ഇരുൾ, ഇരാ (രാത്രി) എന്നിവയുടെ ധാതുവിനോട് 'ഇര്' ധാതുവിനെ കണ്ണി ചേർക്കുന്ന ഗുണ്ടർട്ടിന്റെ നിരീക്ഷണത്തെ കാൾഡ്വൽ അംഗീകരിക്കുന്നില്ല. പിളർക്കുക, കീറുക എന്നീ അർത്ഥങ്ങളോടെവരുന്ന 'ഈര്' ധാതുവിൽനിന്നുമാകാം ഇര്, ഈര് എന്നിവയ്ക്ക് 'രണ്ട്' എന്ന അർത്ഥം കിട്ടിയതെന്നും അദ്ദേഹം കരുതുന്നു.

**മൂന്ന് :** ദ്രാവിഡഭാഷകളിൽ 'മൂന്ന്' എന്ന സംഖ്യാനാമത്തെ കുറിക്കുന്ന ശബ്ദങ്ങൾ : കന്നടം - മൂരു, തെലുങ്ക് - മൂഡു, തമിഴ് - മൂന്റു (മുന്ദ്രു, മൂന്ദു, മൂണു എന്നിങ്ങനെ ഉച്ചാരണം), കൂർഗ് - മുഴു, മലയാളം - മൂന്ന്, തുളു - മൂജി, ഗോന്ദ് - മൂന്ദ്, തുദ - മൂദ് എന്നിവയാണ്. ഈ സംഖ്യാനാമത്തിന്റെ വിശേഷണരൂപം 'മൂ' അഥവാ 'മു' എന്നാണെന്ന് മൂന്നുപേർ, മുപ്പത്, മുന്നൂറ് എന്നീ സമസ്തപദങ്ങളുടെ അടിസ്ഥാനത്തിൽ കാൾഡ്വൽ സമർത്ഥിക്കുന്നു. 'മൂരു' എന്ന കന്നട സംഖ്യാനാമ

മാണ് ഏറ്റവും പ്രാചീനം. തമിഴിൽ 'ഒരു''ഒന്റു' വാകുന്നപോലെ 'മൂരു' 'മൂന്ററു' (മൂന്ദ്രു) ആയെന്നാണ് കാൾഡ്വലിന്റെ അഭിപ്രായം. 'മൂന്ദ്രു'വിൽനിന്നും 'മൂരു' ഉണ്ടായെന്ന ഗുണ്ടർട്ട്പക്ഷത്തെ കാൾഡ്വൽ നിരാകരിക്കുന്നു. കന്നടത്തിലും തെലുങ്കിലുമുള്ള ഇർ-നൂറ് 'ഇന്നൂറാ'കുന്നതുപോലെ 'മുർ-നൂറ്' 'മുന്നൂറാ'യെന്നും അതിനാൽ 'മു' അല്ല 'മുർ' ആണ് ഈ സംഖ്യാനാമത്തിന്റെ മൂലധാതുരൂപമെന്നും അദ്ദേഹം വിധിക്കുന്നു. വ്യഞ്ജസഹിതമായി നിന്നിരുന്ന 'ഉകാര'ത്തിൽനിന്നും വ്യഞ്ജനം നഷ്ടപ്പെടുകയും അതിനെ പരിഹരിക്കാൻ 'മു', 'മൂ' ആയെന്നും കാൾഡ്വൽ പ്രസ്താവിക്കുന്നു.

**നാല് :** ഇതിനെ കുറിക്കുന്ന സംഖ്യാനാമങ്ങൾ

കന്നടം - നാല്കു; കൂർഗ് - നാല്; തെലുങ്ക് - താലുഗു; മലയാളം - നാല്, നാങ്ഗു (നാങ്ക്); തമിഴ് - നാല്, നാങ്കു; തുദ – നാങ്ക് ഇവയുടെ ധാതു അഥവാ വിശേഷണരൂപം 'നാല്' അഥവാ 'നല്' ആണ്. സമസ്തപദങ്ങളിൽ 'നാല്' ചില പരിണാമങ്ങൾക്കു വിധേയമാകുന്നതായി കാൾഡ്വൽ അഭിപ്രായപ്പെടുന്നു. തമിഴ് - നാർപദു (നാല്പത്), കന്നടത്തിൽ - നാലത്ത്, മലയാളത്തിൽ - നാല്പദു (നാല്പത്), തെലുങ്ക് - നലുമൈ തെലുങ്കിൽ ഹ്രസ്വമായി വരുന്ന ഉച്ചാരണത്തെ പ്പറ്റി അദ്ദേഹം സൂചിപ്പിക്കുന്നു. നാല് 'അല്ലെങ്കിൽ 'നല്' എന്ന ധാതുവിൽ നിന്നും 'കു' അഥവാ, 'ഗു' പ്രത്യയം ചേർത്ത് ഈ സംഖ്യയുടെ നാമരൂപം നിർമ്മിച്ചിരിക്കു ന്നുവെന്നും ദ്രാവിഡഭാഷകളുടെ പൊതുവായ ഒരു സ്വഭാവമാണ് ഈ 'കു' (ഗു) പ്രത്യയമെന്നും അദ്ദേഹം പ്രസ്താവിക്കുന്നു.

**അഞ്ച് :** ഈ സംഖ്യാനാമത്തിന്റെ നാമവിശേഷണരൂപം മിക്ക ദ്രാവിഡഭാഷക ളിലും 'എയ്' (അയ്) ആണെന്ന് കാൾഡ്വൽ നിരീക്ഷിക്കുന്നു. കന്നടം - എയ്ദു (അയ്ദു), തെലുങ്ക് - എയ്ദു, തമിഴിൽ സാധാരണ 'എയ്ന്ദു' - വ്യവഹാരഭാഷ യിൽ അഞ്ജു, കൂർഗ് - അഞ്ചി, മലയാളം - അഞ്ജു, തുളു - എയിന്, തുദ- ഉത്ഷ് അഥവാ ഊജ് എന്നിങ്ങനെയാണ് ഈ സംഖ്യാനാമത്തിന്റെ വ്യത്യസ്തരൂപ ങ്ങൾ. സംസ്കൃതത്തിലെ 'പഞ്ച'ശബ്ദത്തോട് തമിഴ്-മലയാളങ്ങളിലെ 'അഞ്ചി'നു പ്രകടസാദൃശ്യമുണ്ടെന്നു തോന്നുമെങ്കിലും അത് വളരെ ഉപരിപ്ലവമായ ഒരു സമാ നത മാത്രമാണെന്നും അദ്ദേഹം പറയുന്നു. മലയാളത്തിലെ 'ഒന്നിനും' ഇംഗ്ലീ ഷിലെ 'One' നും തമ്മിലുള്ള നിസ്സാരസാദൃശ്യം പോലെയാണ് കാൾഡ്വൽ അതിനെ കാണുന്നത്.

'എയ്' എന്ന സംഖ്യാനാമവിശേഷണധാതുവിൽ നിന്നും 'അഞ്ച്' എന്ന സംഖ്യാനാമം ഉരുവപ്പെടുന്ന ഘട്ടങ്ങളെ അദ്ദേഹത്തിന്റെ വിവരണങ്ങളിൽനിന്നും ക്രോഡീകരിക്കാവുന്നതാണ്.

| | |
|---|---|
| 'എയ്' → | എയ്ദു (ഐദു) |

**ഘട്ടം (i)**

'ഇരു' ധാതുവിനോട് ചേരുന്ന 'ഡു' പ്രത്യയത്തിന്റെ സാധാരണ രൂപമായ 'ഇരു' ധാതുവിനോട് ചേരുന്ന 'ഡു' പ്രത്യയത്തിന്റെ സാധാരണ രൂപമായ 'ദു'കാരം 'എയ്' എന്നതിനോടു ചേരുന്നു. ദ്രാവിഡഭാഷകളിൽ പ്രത്യേകിച്ചും തമിഴിൽ ഉപയോഗിക്കുന്ന നപുംസക നാമനിർമ്മായി പ്രത്യയമാണ് 'ദു'കാരമെന്നു കാൾഡ്വൽ നിരീക്ഷിക്കുന്നു.

**ഘട്ടം ii**

| |
|---|
| ഐദു/എയ്ദു → ഐന്ദു/എയ്ന്ദു |

'ഇരഡു' 'ഇരണ്ഡു' ആകുമ്പോൾ ശ്രുതിസുഖാർത്ഥം അനുനാസികം ചേർക്കുന്നപോലെ ഒരു ഘട്ടമായി ഇതിനെ കാൾഡ്വൽ കാണുന്നു. സ്വരത്തിനു ശേഷം ശ്രുതിസുഖത്തിനുവേണ്ടി അനുനാസികം ചേർക്കുക എന്നൊരു നിയമം തമിഴിലുണ്ടെന്നും പറയുന്നു. കന്നടത്തിലെ ഭൂതകാല പ്രത്യയമായ 'എദു' തമിഴിൽ 'ന്ദു' ആകുന്നത് അങ്ങനെയാണെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു.

**ഘട്ടം iii**

| |
|---|
| ഐന്ദു/എയ്ന്ദു → എയ്ഞ്ജു (ഐഞ്ജൂ/അഞ്ജൂ |

തമിഴിലെ ഉച്ചാരണഭാഷയിൽ ഐച്ഛികമായി വരുന്ന പരിണാമരൂപങ്ങളാണിത്. തമിഴ് വ്യവഹാരഭാഷയിൽ 'ന്ദ'യ്ക്കു മുൻപുവരുന്ന ഐകാര ഇകാരങ്ങൾ 'ഞ്ജ' ആകുമെന്ന നിയമവും ഈ ഘട്ടത്തിൽ പ്രവർത്തിച്ചിരിക്കുന്നതായും അദ്ദേഹം പറയുന്നു.

**ഘട്ടം iv**

| |
|---|
| ഐന്ദു → ഐഞ്ജു → അഞ്ജൂ |

ഐകാരം അകാരമായി മാറുന്നു.

മലയാളഭാഷയിൽ ഇത്തരം പരിണാമങ്ങൾ സാർവ്വത്രികമായി സംഭവിക്കുന്നതായി അദ്ദേഹം വിവരിക്കുന്നു. തമിഴിലെ 'പറെയ്ന്തു' എന്നത് മലയാളത്തിൽ 'പറഞ്ഞു' എന്നാകുമ്പോൾ പ്രധാനമായും രണ്ടുതരം പരിവർത്തനങ്ങളാണ് നടക്കുന്നത്.

1. ഐകാരം അകാരമാവുന്നു.
2. 'ന്ദ' 'ഞ്ഞ' ആയിത്തീരുന്നു (ഐന്തു – അഞ്ചു) തന്നെയുമല്ല 'ന്ദ' 'ഞ്ഞ' എന്ന് ആവാത്തിടത്ത് 'ന്ന' ആയി മാറുമെന്നും കാൾഡ്വൽ നിരീക്ഷിക്കുന്നു.

ഉദാ: 'നടന്ദു' (തമിഴ്) → 'നടന്നു' (മലയാളം)

**ആറ് :** ദ്രാവിഡഭാഷകളിലൊന്നിലും ആറ് എന്ന സംഖ്യയുടെ നപുംസകനാമരൂപത്തിനും നാമവിശേഷണരൂപത്തിനും തമ്മിൽ കാര്യമായ വ്യത്യാസങ്ങളില്ലെന്നാണ് കാൾഡ്വൽ വിലയിരുത്തുന്നത് തമിഴ്, തെലുങ്ക്, കന്നടം, മലയാളം - 'ആറ്', തുദ - 'ആർ', ഗോന്ദ് - 'സാ രൂൻ', തുളു - 'ആജി' എന്നിങ്ങനെയാണ് 'ആറ്' എന്നതിനെ കുറിക്കുന്ന സംഖ്യാനാമരൂപങ്ങൾ. ഈ സംഖ്യയുടെ നാമരൂപവും നാമവിശേഷണരൂപവും തമ്മിൽ ധാത്വന്തർഭൂതമായ സ്വരമാത്രയുടെ കാര്യത്തിൽ മാത്രമെ വ്യത്യാസപ്പെടുന്നുള്ളൂ. സമസ്തരൂപങ്ങളിൽ 'ആറു' എന്നത് നാമവിശേഷണമായി വരുമ്പോൾ ദീർഘം കുറുകി 'അറു' എന്ന് ഹ്രസ്വമായി മാറുന്നു. ഇതിനെ സാധൂകരിക്കുന്ന നിരവധി ഉദാഹരണങ്ങളും കാൾഡ്വൽ നൽകുന്നു. ഉദാ: അറുബദു (അറുപത്). കന്നടത്തിലെ അരവത്തു, തുളുവിലെ അജിപ, തെലുങ്കിലെ അറുവൈ എന്നീ പദങ്ങളിൽ 'അ'കാരം ഹ്രസ്വമാണ്. പക്ഷേ 'ആറുനൂറു' (കന്നടം), ആജിനൂദു (തുളു), ആർനൂരു (തെലുങ്ക്) എന്നീ ഉയർന്ന സംഖ്യകളിൽ അകാരം ദീർഘിച്ചാണ് പ്രത്യക്ഷമാവുന്നത്. നാമരൂപത്തേക്കാൾ മൗലികത അവകാശപ്പെടാനുള്ളത് നാമവിശേഷണരൂപത്തിനാണെന്നും അതിനാൽ ധാതുപ്രകൃതിയുടെ പൂർവ്വരൂപമായി 'അറു' എന്ന ഹ്രസ്വ അകാരരൂപത്തെ കാൾഡ്വൽ അംഗീകരിക്കുകയും ചെയ്യുന്നു. സംഖ്യാനാമരൂപങ്ങൾ ഉണ്ടാക്കുന്നതിന് രണ്ട്, അഞ്ച്, ഒന്ന് എന്നിവ നുപംസകപ്രത്യയമായ 'ദു'കാരത്തെ സ്വീകരിക്കുന്നു (രണ്ടു, ഐന്തു, ഒന്ദു എന്നിങ്ങനെ) 'നാല്' എന്ന സംഖ്യ ഹു കാരപ്രത്യയത്തെ കൈകക്കൊള്ളുന്നു. എന്നാൽ ആറ്, ഏഴ് എന്നിവ പ്രത്യയസ്വീകരണത്താലല്ല അന്തർലീനസ്വരത്തിന്റെ ദീർഘീകരണത്താലാണ് സംഖ്യാനാമരൂപങ്ങളെ ഉണ്ടാക്കുന്നത് എന്നു കാൾഡ്വൽ നിരീക്ഷിക്കുന്നു.

**ഏഴ് :** ധാതുപ്രകൃതിയുടെ അന്തർലീനസ്വരത്തിന്റെ ദീർഘീകരണം കൊണ്ടാണ് ആറ്, ഏഴ് എന്നീ സംഖ്യാനാമങ്ങൾ ഉണ്ടാകുന്നത് എന്ന് കാൾഡ്വൽ 'ആറ്' എന്ന സംഖ്യയുടെ നിഷ്പത്തിവിവരണങ്ങൾക്കിടയിൽ പറഞ്ഞുപോകുന്നുണ്ട്. 'ഏഴ്' എന്ന സംഖ്യാരൂപത്തെ സൂചിപ്പിക്കുന്ന ദ്രാവിഡഭാഷകളിലെ പദങ്ങളെ അദ്ദേഹം വിവരിക്കുന്നു: 'ഏഴു' (തമിഴ്-മലയാളം), 'ഏളു' (കന്നടം), 'ഏള്' (തുളു), 'ഏഡു' (തെലുങ്ക്) - തമിഴിലെ 'ഴ'കാരമാണ് തെലുങ്ക് - കന്നടങ്ങളിൽ യഥാക്രമം ഡകാര-ഇകാരങ്ങളായി വരുന്നതെന്ന് കാൾഡ്വൽ സൂചിപ്പിക്കുന്നു. ഴ, ഡ, ഒ ഇവയിൽ ഏതിനാണ് മൗലികത എന്ന കാര്യത്തിനും അദ്ദേഹം ഉത്തരം തേടുന്നുണ്ട്. ഴകാരം ഇകാരഡകാരങ്ങളായി പരിണിക്കുന്നതാണ് കൂടുതൽ സ്വാഭാവികതയുള്ള ഭാഷാസ്വഭാവമെന്നാണ് കാൾഡ്വലിന്റെ പക്ഷം. അതിനാൽ തമിഴിലെ 'ഴ' എന്നതിനാണ് കൂടുതൽ മൗലികത എന്ന് വിധിക്കുന്നു. ഒരേ മൗലികധ്വനിയുടെ ഭിന്നലിപിയിലുള്ള ആവിഷ്കാരങ്ങളാണ് ഴ, ഇ, ഡ എന്ന നിഗമനത്തിലാണ് കാൾഡ്വൽ എത്തിച്ചേരുന്നത്.

**എട്ട് :** ഈ സംഖ്യയെ കുറിക്കാനായി ദ്രാവിഡഭാഷകളിൽ ഉപയോഗിക്കുന്ന ശബ്ദങ്ങൾ : 'എട്ടു'-തമിഴ്/മലയാളം, 'എണ്ടു'- കന്നട, 'എനിമിദി' അഥവാ, 'എൻമിദി' - തെലുങ്ക്, 'എണ്മ'-തുളു, 'അനുമാർ' അഥവാ 'അർമുർ', 'എട്ട്' - തുദ, 'എർമദി'-മാദി എന്നിവയാണെന്ന് കാൾഡ്വൽ പട്ടികപ്പെടുത്തുന്നു. ഇതിന്റെ വിശേഷണരൂപം 'എൺ' ആണെന്നു പറയുന്നു. 'എൺ' ധാതുവിന്റെ വിശേഷണസ്വഭാവം ക്രിയകളിൽ കാണാമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. ''എട്ട് എന്ന സംഖ്യയുടെ സംയുക്തരൂപങ്ങളിലെല്ലാം ഈ 'എൺ' ശബ്ദമാണ് ഉപയോഗിക്കുന്നത്. ഉദാ: എൺബദു (എൺപത്), എൺനൂറു (എണ്ണൂറ്). എൺ-കണൻ (എട്ടു കണ്ണുള്ളവൻ, ബ്രഹ്മാവ്) തുടങ്ങിയ മറ്റു സമസ്തപദങ്ങളിലും ഈ ധാതുരൂപം കാണുക. ഇതേ ശബ്ദം തന്നെ ക്രിയാവിശേഷണമായിട്ടും പ്രയോഗിക്കും. ഉദാ: എൺ ഏഴ്, എട്ടു തവണ ഏഴ്''. (2014 : 29)

''ഈ സംഖ്യയുടെ നപുംസകനാമരൂപം 'എൺ' ധാതുവിൽനിന്ന് നിഷ്പന്നമായതാണെന്നും, കന്നടത്തിൽ കാണുന്ന 'എൺടു' പ്രാക്തനരൂപം നിലനിർത്തുന്നുവെന്നും മനസ്സിലാക്കാം. 'ഡു' അഥവാ 'ദു' എന്ന നപുംസകപ്രത്യയത്തിന്റെ വികാരമായ 'ടു'കാരം ധാതുവിനോട് നേരിട്ടുചേർത്താണ് 'എൺടു'ഉണ്ടായത്. 'എരഡു', 'ഐന്ദു' എന്നീ രൂപങ്ങളെപ്പറ്റി മുൻപു പറഞ്ഞിട്ടുണ്ടല്ലോ, തമിഴിലെ 'എട്ടു' ശബ്ദം ഈ 'എൺടു'വിന്റെ രൂപാന്തരമാണ്'' (2014 : 31).

'എൺ' എന്നത് ഒരു പ്രാചീന ദ്രാവിഡപദമാണ്. എണ്ണുക അഥവാ എണ്ണം എന്നാണ് അതിന് അർത്ഥം. ക്രിയയായും നാമമായും അത് ഉപയോഗിക്കാമെന്നു സാരം. ക്രിയയെന്ന നിലയ്ക്ക് തമിഴിൽ 'എൺ' (താണഭാഷയിൽ എണ്ണു) എന്നും തെലുങ്കിൽ 'എന്നു' എന്നും കന്നടത്തിൽ 'എൺസു' എന്നും ആണ് രൂപം. തമിഴിൽ ഇതിനുപറ്റിയ മറ്റൊരുദാഹരണമുണ്ട്. എൺശു(ചു) വഡി (എഞ്ചുവടി) എന്ന പദം നോക്കുക. കണക്കുപുസ്തകം എന്നർഥം. 'എണ്ണ'ത്തിന്റെ പുസ്തകം എന്ന് അക്ഷരാർഥം'' (2014 : 33)

കാൾഡ്വലിന്റെ നിഷ്പത്തിക്രമം ഒന്നുകൂടി ക്രോഡീകരിച്ചാൽ;

'എൺ' (ധാതു) + 'ടു'കാരം ('ഡു'/'ദു' എന്ന നപുംസകപ്രത്യയത്തിന്റെ വികാരം

↓

എൺടു

↓

'എട്ട്' ('എൺടു'വിന്റെ തമിഴിലെ രൂപാന്തരം)

എരഡു, ഐന്ദു എന്നീ രൂപങ്ങളിൽ തമിഴ്ഭാഷാരീതി അനുസരിച്ച് അനുനാസികാതിപ്രസരം നടന്നതായി കാണാം. എന്നാൽ 'എൺ' ധാതു 'എട്ട്' ആയി തമിഴിൽ പരിണമിക്കുമ്പോൾ അനുനാസികപ്രസരം നടന്നിട്ടില്ല. അതിനുള്ള സാധൂകരണമായി ''പലപ്പോഴും എൺടു പോലെയുള്ള ശബ്ദങ്ങളിൽ തമിഴ് അനുനാസികപ്രസരം ചെയ്തില്ലെന്നു വരാം'' (2014 : 31) എന്ന് കാൾഡ്വൽ അഭിപ്രായപ്പെടുന്നു.

**ഒൻപത് :** നാമം, നാമവിശേഷണം എന്നീ ഭേദമില്ലാതെ എല്ലാ ദ്രാവിഡഭാഷകളിലും 'ഒൻപതി'നെ കുറിക്കുവാൻ ഒരു സമസ്തപദമുണ്ടായിരിക്കുമെന്നാണ് കാൾഡ്വെൽ പറയുന്നത്, 'പത്തി'നോട് സാമ്യമുള്ളതോ അതിന്റെ തൽഭവമോ ആയ ഒരു പദമായിരിക്കും 'ഒൻപതിനെ സൂചിപ്പിക്കുന്ന സമസ്തപദത്തിന്റെ ഉത്തരപദമായിരിക്കുകയെന്നും നിരീക്ഷിക്കുന്നു. 'ഒൻപതി'ന്റെ ദ്രാവിഡഭാഷാസംഖ്യാനാമങ്ങൾ: ഒൻബദു - തമിഴ്, ഒൻബാൻ - തമിഴ് കാവ്യഭാഷ- ഇതിലെ 'പാൻ'ശബ്ദം 'പത്തി'നെ കുറിക്കുന്നു. ഒമ്ബദു-മലയാളം, ഒമ്ഭത്തു-കന്നടം, ഒയിമ്ബദു - കൂർഗ്, തൊമ്മിദി - തെലുങ്ക്, ഒർമ്ബ-തുളു, ഒൻപഥ്-തുദ, ഒർമ്പതു-കോത, ഇവയിലൊക്കെ പരപദം 'പത്തി'നെ സ്പഷ്ടീകരിക്കുന്നു. അതിനാൽതന്നെ 'ഒൻപതി'ന്റെ പൂർവപദത്തെ സംബന്ധിച്ച ആലോചനയാണ് കാൾഡ്വൽ നടത്തുന്നത്. മേൽ പ്രസ്താവിച്ച സംഖ്യാനാമങ്ങളുടെ പൂർവ്വപദാംശത്തിൽ 'ഒന്ന്' എന്ന സംഖ്യാനാമത്തിന്റെ ധാതുവായ 'ഒർ' കാണുന്നതിനാൽ 'പത്തിൽനിന്ന് ഒന്ന് കുറഞ്ഞത്' എന്ന വാച്യാർത്ഥം 'ഒൻപതി'ന് കൈവരുമെന്നാണ് കാൾഡ്വലിന്റെ പക്ഷം. 'പതിനൊന്ദ്രു'എന്ന തമിഴ്ശബ്ദത്തിന് പത്തും ഒന്നും ചേർന്നത് എന്ന അർത്ഥം ഉള്ളതിനാൽ 'ഒൻബദു' എന്നതിന് 'പത്തിൽ നിന്ന് ഒന്ന് കുറവ്' എന്ന അർത്ഥമാണെന്നും കൂട്ടിച്ചേർക്കുന്നു.

'ഒന്നി'നെ സൂചിപ്പിക്കാൻ 'ഒൻ' എന്ന ധാതു എവിടെയും പ്രയോഗിക്കുന്നില്ല. ഒര്, ഒറ് എന്നിങ്ങനെയാണ് സാധാരണ പ്രയോഗങ്ങൾ, തെലുങ്കിലെ 'തൊമ്മിദി' എന്നതിലെ ആദ്യം നിൽക്കുന്നത് 'ത'കാരമാണ്. അതിനാൽ തമിഴിലെ 'ഒൻ' എന്നത് മൗലികമായി 'തൊൻ 'ആവാനാണ് സാദ്ധ്യത. കന്നടത്തിലെ 'ഒമ്', 'തൊമ്' ആണെന്നും അദ്ദേഹം വിവക്ഷിക്കുന്നു. തന്നെയുമല്ല ഉയർന്ന സംഖ്യകളെ കുറിക്കുന്നിടത്ത് 'ഒൻ' എന്നതിനുപകരം തൊൻ, തൊൾ എന്നൊക്കെയാണ് തമിഴിൽ കാണുന്നത്; തൊണ്ണൂറ്, തൊള്ളായിരം എന്നിങ്ങനെ. തൊമ്ബെയ്/ തൊമ്ബദി - തൊണ്ണൂറ് - തെലുങ്ക്, തൊമ്മന്നൂറ് (തൊള്ളായിരം) - തെലുങ്ക്, തൊമ്ബത്തു - തൊണ്ണൂറ് - കന്നടം എന്നീ ഉദാഹരണങ്ങളും അദ്ദേഹം സാധുകരണത്തിനായി നൽകുന്നു. തമിഴിലെ 'തൊൾ' എന്നതിനോട് 'ദു' പ്രത്യയം ചേർത്ത് ഉണ്ടാവുന്ന ''തൊണ്ഡു' എന്നതിന് 'മുമ്പു' എന്നാണർത്ഥം. അതുപോലെ തെലുങ്കിലെ തൊ'ല്' ശബ്ദത്തിന് ആദിയിലുള്ളത്, പഴയത് എന്നീ അർത്ഥങ്ങളും ഉണ്ട്. അത്തരത്തിൽ നോക്കിയാൽ തെലുങ്കിലെ തൊമ്മിദിക്ക് പത്തിന് മുൻപുള്ളത്, തമിഴ്-മലയാളങ്ങളിലെ തൊണ്ണൂറിന് നൂറിന് മുൻപുള്ളത്; തൊള്ളായിരത്തിന് ആയിര

ത്തിന് മുൻപുള്ളത് എന്നൊക്കെ അർത്ഥം ലഭിക്കുമെന്നും കാൾഡ്വൽ അഭിപ്രായപ്പെടുന്നു. 'തൊൾ' ധാതുവിന്റെ ആർത്ഥികതലത്തെക്കുറിച്ചുള്ള വിശദീകരണം പരിശോധിക്കാം:-

''തമിഴ്-മലയാളങ്ങളിൽ ഒൻപത് എന്ന സംയുക്തപദം തൊണ്ണൂറ്, തൊള്ളായിരം എന്നീ സംഖ്യാനാമങ്ങളിൽനിന്ന് തീരെ അപ്രത്യക്ഷമായിരിക്കുന്നു. മറ്റുഭാഷകളിൽ എന്നപോലെ നൂറിനും ആയിരത്തിനും മുന്നിൽ 'തൊൾ' ചേർത്ത് യഥാക്രമം തൊണ്ണൂറും തൊള്ളായിരവും ഉണ്ടാക്കിയിരിക്കുന്നത് നോക്കുക. ഈ ഉദാഹരണങ്ങളിൽ നിന്ന് 'തൊൾ' ശബ്ദം 'മുൻപുള്ളത്' എന്ന അർത്ഥത്തിലാണ് പ്രയോഗിച്ചിട്ടുള്ളതെന്നും ഒൻപത് എന്ന അർത്ഥത്തിലല്ലെന്നും മനസ്സിലാക്കാം. തമിഴ്-മലയാളങ്ങളിൽ തൊണ്ണൂറിനും തൊള്ളായിരത്തിനും ഉള്ള ശബ്ദങ്ങൾ രൂപപ്പെട്ട സമ്പ്രദായത്തിൽ തന്നെ, ഇതേ ഉപപദം ചേർത്ത തമിഴ്-കന്നടങ്ങളിലെ ഒൻപതിനുള്ള പദം ഉണ്ടാക്കമെന്ന് സ്വാഭാവികമായും നമുക്ക് പ്രതീക്ഷിക്കാം''. (2014 : 37-38)

ചുരുക്കത്തിൽ മുൻപുള്ളത് എന്ന അർത്ഥത്തിലുള്ള തൊൾ, തൊമ്, തൊല് എന്നീ ധാതുക്കളിൽ തകാരം തേഞ്ഞാണ് ദ്രാവിഡഭാഷകളിലെ 'ഒൻപതി'നെ കുറിക്കുന്ന സംഖ്യാനാമങ്ങൾ ഉണ്ടായതെന്ന് കാൾഡ്വൽ അഭ്യൂഹിക്കുന്നു. തന്നെയുമല്ല 'ഒൻപത്'-ൽ നിന്ന് 'തൊൾ' എന്ന ഉപപദം നിഷ്പാദിപ്പിക്കുന്ന നന്നൂൽ വിവരണങ്ങളെ എതിർക്കുകയും ചെയ്യുന്നു.



''തമിഴ്നാട്ടിലെ പ്രാചീനവൈയാകരണന്മാർക്ക് ഏതിൽനിന്നും എന്തും ഉണ്ടാക്കുക എന്ന പദ്ധതി തീരെ ജ്ഞാതമല്ലായിരുന്നു'' (2014 : 38) എന്നാണ് ഇതിനെ വിമർശിച്ചുകൊണ്ട് കാൾഡ്വൽ പറയുന്നത്.

**പത്ത് :** എല്ലാ ദ്രാവിഡഭാഷകളിലും 'പത്ത്'-നെ സൂചിപ്പിക്കുന്ന സംഖ്യാനാമങ്ങൾ ഏറെക്കുറെ സമാനമാണെന്നാണ് കാൾഡ്വൽ നിരീക്ഷിക്കുന്നത്. തമിഴ്-പത്ത്, തെലുങ്ക് - പദി, ആധുനിക കന്നടം - ഹത്തു, പഴയ കന്നടം - പത്തു, തുളു-പത്ത്, തുദ-പത്തു, ഗോന്ദ് - പുദ്ഥ് എന്നിങ്ങനെയാണവ. ദ്രാവിഡത്തിലെ പത്തിനെ സംസ്കൃതത്തിലെ പംക്തി ശബ്ദത്തിൽനിന്ന് വ്യുൽപാദിപ്പിക്കുന്ന ഗുണ്ടർട്ടിന്റെ നിരീക്ഷണങ്ങളെ കാൾഡ്വൽ എതിർക്കുന്നു.

### 4.3.4. ഗുണ്ടർട്ടിന്റെ നിഷ്പത്തിക്രമം പരിശോധിക്കാം:

ദ്രാവിഡധാതുവായ 'പദ്'-ൽ നിന്നു വ്യുൽപ്പാദിപ്പിക്കുന്ന 'പത്ത്' എന്ന സംഖ്യനാമം സംസ്കൃതത്തിലെ 'പംക്തി' ശബ്ദത്തിന്റെ തത്ഭവമാണ്. അഞ്ചിന്റെ നിര, പത്ത് എന്നാണ് പംക്തിക്ക് അർത്ഥം.




സംസ്കൃതത്തിൽ പത്തിനെ സൂചിപ്പിക്കാൻ സാർവ്വത്രികമായി 'ദശ' ശബ്ദം നില വിലിരിക്കെ അപൂർവ്വപദമായ 'പംക്തി'യിൽനിന്നും 'പത്ത്' എന്ന സംഖ്യാനാ മത്തെ നിഷ്പാദിപ്പിക്കുന്ന ഗുണ്ടർട്ടിന്റെ നിരീക്ഷണമാണ് കാൾഡ്വൽ വിമർശനാ ത്മകമായി പരിശോധിക്കുന്നത്. നൂറ്, ആയിരം എന്നീ ഉയർന്ന സംഖ്യകളെ പോലും സുചിപ്പിക്കാൻ സ്വതന്ത്രപദം കണ്ടെത്തിയ ദ്രാവിഡർ 'പത്തിനുവേണ്ടി

മറ്റൊരു ഭാഷയെ ആശ്രയിക്കുകയില്ലെന്നും ഗുണ്ടർട്ട് പറയുന്ന 'പംക്തി''യുടെ തൽഭവമായ 'പന്തി' എന്നതിന് 'വിരുന്നുകാരുടെ നിര' എന്ന സവിശേഷാർത്ഥമാണ് ഉള്ളതെന്നും കാൾഡ്വൽ പ്രസ്താവിക്കുന്നു. 'പത്ത്' എന്ന അർത്ഥത്തിലല്ല പന്തി, പത്തി എന്നിവ ഉപയോഗിക്കുന്നത്. ഇത്തരത്തിൽ വിമർശനങ്ങൾ ഉന്നയിക്കുന്നുണ്ടെങ്കിലും 'പത്ത്' എന്ന സംഖ്യാനാമത്തിന്റെ നിഷ്പത്തിക്രമം നിജപ്പെടുത്താൻ കാൾഡ്വലിന് വേണ്ട രീതിയിൽ സാധിക്കുന്നില്ല. ദ്രാവിഡത്തിലെ 'പദു' അഥവാ ''പദി പംക്തിയിൽ നിന്ന് വ്യുല്പാദിപ്പിക്കാൻ ഞാൻ തയ്യാറായില്ലെങ്കിലും ഏതെങ്കിലും ഒരു ദ്രാവിഡധാതുവിൽനിന്ന് തൃപ്തികരമായി അതിനെ ജനിപ്പിക്കുവാൻ എനിക്ക് കഴിയുന്നില്ലെന്നും സമ്മതിക്കട്ടെ'' (2014 : 42) എന്നദ്ദേഹം അതേക്കുറിച്ച് പറയുന്നതും കാണാം. എന്നിരിക്കിലും രണ്ടുതരത്തിലുള്ള നിഷ്പാദനക്രമം സൂചിപ്പിക്കുകയും ചെയ്യുന്നു. 'പദു/പദി' എന്നതിലെ 'ദ'കാരം നപുംസകപ്രത്യയമായി കണക്കാക്കിയാലും ധാതുപ്രകൃതിയിലെ 'പ'യുടെ ഉൽപത്തി തൃപ്തികരമായ രീതിയിൽ അന്വേഷിച്ചുകണ്ടെത്താനുള്ള ശ്രമമാണ് നിഷ്പാദനപ്രക്രിയയിൽ അദ്ദേഹം നടത്തുന്നത്.

നിഷ്പത്തിക്രമം **i :** വൃദ്ധി, ഗുണം, വ്യാപകത്വം എന്നീ മൗലികാർത്ഥങ്ങളുള്ള പദ്, പൻ, പമ്, പയ്, പർ, പല് എന്നീ ധാതുക്കളും അവയുടെ ദീർഘീകൃതരൂപങ്ങളും ദ്രാവിഡഭാഷകളിലുണ്ട്. അവയിൽ നിന്നാവാം 'പദു' അഥവാ 'പൻ' എന്നിവ രൂപംകൊണ്ടതെന്ന് അഭിപ്രായപ്പെടുന്നു.

നിഷ്പത്തിക്രമം **ii :** തമിഴിലെ 'പഗു' ധാതുവിന് 'പകുക്കുക' എന്നാണർത്ഥം. 'പഗു' എന്നതിൽനിന്നും 'പഗുദി' (പകുതി) എന്ന പദം ഉണ്ടാകുന്നു. അതിന്റെ അർത്ഥം ഒരുഭാഗം, ഖണ്ഡം എന്നൊക്കെയാണ്. 'പഗുദി' എന്നതിന്റെ സർവ്വസാധാരണ ഭ്രഷ്ടരൂപമായ 'പാദി'യിൽ നിന്നും പദു/പദി/പൻ എന്നിവയെ നിഷ്പാദിപ്പിക്കുന്നു. സംഖ്യാനാമങ്ങളെ കുറിച്ചുള്ള വിശദപഠനത്തിൽ കാൾഡ്വെൽ പരാമർശിക്കുന്ന രണ്ടു പ്രമുഖ വൈയാകരണന്മാരാണ് ഗുണ്ടർട്ടും കീറ്റലും. ഇരുവരുടെയും ആലോചനകളെക്കൂടി പരിശോധിക്കുന്നത് അഭികാമ്യമാണ്.

**-കീറ്റൽ-**

- **ഒന്ന്**




'ഒര്'ധാതുവിനോട് 'ദു'പ്രത്യയം ചേർന്ന് 'ഒര്'-ലെ ചില്ലക്ഷരം 'ര്' അഥവാ 'ന' എന്ന അനുനാസികമാവുന്നു

(തമിഴിൽ)

❖ **രണ്ട് :** 'പിളർക്കുക' എന്ന അർത്ഥമുള്ള ''ഈർ (ശാഖ പിളർക്കുക) ധാതുവിൽ നിന്ന് 'രണ്ട്' എന്ന സംഖ്യാനാമത്തെ നിഷ്പാദിപ്പിക്കുന്നു.

❖ **നാല് :** ഈ സംഖ്യയുടെ ധാതുശബ്ദങ്ങളായ നല്, നാല് എന്നിവയ്ക്ക് യുഗ്മസംഖ്യയുടേതായ ഒരു അർത്ഥമുള്ളതായി കീറ്റൽ പറയുന്നു. എന്നാൽ ദ്രാവിഡഭാഷകളിലൊന്നിനും ഈ ശബ്ദത്തിന് യുഗ്മാർത്ഥം ഇല്ലെന്ന് കാൾഡ്വൽ നിരീക്ഷിക്കുന്നു.

❖ **അഞ്ച് :** അഞ്ചിന്റെ ദ്രാവിഡധാതുവിന് സംസ്കൃതത്തിലെ പഞ്ചശബ്ദവുമായി ബന്ധമില്ലെന്ന കാൾഡ്വലിന്റെ അഭിപ്രായത്തെ കീറ്റലും അംഗീകരിക്കുന്നു. കീറ്റലിന്റെ നിഷ്പത്തിക്രമം പരിശോധിക്കാം:-

അയ് + ദു = അയ്ദു

↓

അയ് + അനുസ്വാരം + ദു

↓

'അയ്ന്ദു' അഥവാ 'അഞ്ജു'

ദുകാരം ജുകാരമാവുന്നു എന്ന് കീറ്റൽ പറയുന്നു. കാൾഡ്വൽ നിർദ്ദേശിക്കുന്ന 'ഐ' ധാതുവിനെ കന്നടത്തിൽ എഴുതുന്നപോലെ 'അയ്' എന്നാണ് കീറ്റൽ കുറിക്കുന്നത്. കന്നടത്തിൽ കിട്ടുക, നേടുക എന്നീ അർത്ഥങ്ങളുള്ള 'അയ്ദു'വിൽ നിന്ന് 'അഞ്ച്' എന്നർത്ഥമുള്ള 'ഐദു'വിനെ നിഷ്പാദിപ്പിക്കുന്നതിൽ പിശകുണ്ടെന്നാണ് കാൾഡ്വൽ വിമർശിക്കുന്നത് ക്ലാസ്സിക്കൽ തമിഴിലും അയ്ദു/എയ്ദു /എയ്തു എന്നീ രൂപങ്ങൾക്ക് കിട്ടുക നേടിക, പ്രാപിക്കുക എന്നീ അർത്ഥങ്ങൾ തന്നെയാണ് കാണുന്നതെന്നും കാൾഡ്വൽ നിരീക്ഷിക്കുന്നു. പ്രസ്തുത ധാതുവിന് 'ഒരു കൈയിലെ വിരലുകൾ ഓരോന്നായി മാറിമാറി എണ്ണിമാറ്റുക' എന്ന വികലാർത്ഥം കീറ്റൽ നൽകുന്നതിലും തെറ്റ് കടന്നുകൂടിയതായി കാൾഡ്വൽ അഭിപ്രായപ്പെടുന്നു.

❖ **ആറ് :** കന്നടഭാഷയുടെ വ്യാകരണനിയമങ്ങളെ പരാമർശിക്കുന്ന പ്രസിദ്ധ ഗ്രന്ഥമായ കേശിരാജയുടെ *ശബ്ദമണിദർപ്പണ*ത്തിലെ 'ആറു' ശബ്ദത്തിന്റെ ധാത്വർത്ഥമാണ് കീറ്റൽ ആറ് എന്ന സംഖ്യാനാമത്തിന് സ്വീകരിക്കുന്നത്. ആ ഗ്രന്ഥത്തിൽ 'ആറു'എന്ന ശബ്ദത്തിന് 'ബലപ്പെടുത്തുക' എന്ന ഒരർത്ഥവും വറ്റുക (ഉണങ്ങുക) എന്ന മറ്റൊരർത്ഥവും നൽകുന്നുണ്ട്. അതിൽ ആദ്യ അർത്ഥത്തെ സ്വീകരിച്ച് കീറ്റൽ ചില ഊഹങ്ങളിലെത്തിച്ചേ

രുന്നു. ചേർക്കുക, വീണ്ടും ചേർക്കുക എന്ന ആശയമാണ് ആ സംഖ്യാനാമം നൽകുന്നതെന്ന് കീറ്റൽ പറയുന്നു. എന്നാൽ 'ആറ്' എന്ന സംഖ്യാനാമത്തിന്റെ ധാതുരൂപമായി വരുന്ന 'ആറു'പോലെതന്നെ മറ്റൊരു ധാതുവാണ്. 'അറു' എന്നു കാൾഡ്വെൽ പറയുന്നു. ദ്രാവിഡഭാഷകളിൽ 'അറു'വിന് 'ബലപ്പെടുത്തുക' എന്ന അർത്ഥം ഇല്ലെന്നും 'ചരട്പോലെ പൊട്ടുക' എന്ന ആശയമാണ് അതിനുള്ളതെന്നും അതിനാൽത്തന്നെ ആ ശബ്ദത്തിന്റെ ക്രിയാനാമത്തിന് അകൽച്ച, ഖണ്ഡം എന്നീ അർത്ഥങ്ങളാണുള്ളതെന്നും കാൾഡ്വൽ കൽപ്പിക്കുന്നു. ഒരു കൈയിലെ അഞ്ചും കഴിഞ്ഞ് മറ്റേക്കയ്യിലെ ആദ്യവിരൽ ആരംഭിക്കുന്നിടത്ത് 'ആറ്' തുടങ്ങുകയും 'രണ്ടാം ഖണ്ഡം' ആകുകയും ചെയ്യുന്നുവെന്ന ധാത്വർത്ഥത്താൽ തന്റെ ആശയത്തെ അദ്ദേഹം സമർത്ഥിക്കുന്നു.

**ഗുണ്ടർട്ട് :** കാൾഡ്വലിന്റെ *ദ്രാവിഡഭാഷാവ്യാകരണ*ത്തിൽ സംഖ്യാനാമങ്ങളുടെ വിവരണങ്ങളിൽ ഗുണ്ടർട്ടിന്റെ നിരീക്ഷണങ്ങളെ അങ്ങിങ്ങ് പറഞ്ഞുപോകുന്നുണ്ട്. അവയെല്ലാം ക്രോഡീകരിക്കാം:-

❖ **ഒന്ന് :** 'ഒന്ദ്രു' എന്നതിൽ നിന്നുമാണ് 'ഒരു'വിന്റെ നിഷ്പത്തി ഗുണ്ടർട്ട് നടത്തുന്നത്. നേരെ തിരിച്ചാണ് അഭികാമ്യമെന്ന് കാൾഡ്വൽ അഭിപ്രായപ്പെടുന്നു. ഗുണ്ടർട്ടിന്റെ നിഷ്പത്തിക്രമം താഴെ ചേർക്കുന്നു.

ഒന് + 'ദു' (നപുംസകപ്രത്യയം)

↓

ഒന്ദ്രു (ശ്രുതിസുഖദരൂപം)

↓

'ഒ'ധാതു ('ഒന്നിക്കുക' എന്നർത്ഥം)

(ക്രിയാനാമം) ഒന് / ഒര (ക്രിയാനാമം)

❖ **രണ്ട് :** 'രണ്ട്' എന്ന സംഖ്യാനാമത്തിന്റെ ധാതുക്കൾ രണ്ട് രീതിയിലാണ് ഗുണ്ടർട്ട് വിശദീകരിക്കുന്നത്.

(i) ഇരുൾ, ഇരാ (രാത്രി) എന്നിവയുടെ ധാതുവിനോട് ബന്ധിപ്പിക്കാം.

(ii) 'ഈർ' (ഈരുക, പിളർക്കുക) എന്നതിനോടും ബന്ധമുണ്ട്.

ഗുണ്ടർട്ട് രണ്ടാമതായി പറയുന്ന 'ഈർ' എന്ന ധാതുവിനെ അദ്ദേഹം 'ഇരുൾ' ധാതുവുമായി ചേർത്ത് പറയുന്ന വിശദീകരണം യുക്തിസഹമല്ലെന്ന്

കാൾഡ്വൽ പറയുന്നു. 'ഈർ' എന്നത് ഒറ്റയ്ക്ക് നിന്നുകൊണ്ടുതന്നെ രണ്ടെന്ന സംഖ്യാനാമത്തെ രൂപപ്പെടുത്തുന്നുവെന്നാണ് അദ്ദേഹം നിരീക്ഷിക്കുന്നത്. ഭാഗിക്കുക, പിളർക്കുക, കീറുക എന്നെല്ലാം അർത്ഥമുള്ള 'ഈർ' എന്നതിൽനിന്നു തന്നെ 'രണ്ട്' എന്നർത്ഥം ലഭിക്കുന്നു. 'ഈർ' എന്നതിന്റെ അടിസ്ഥാനശബ്ദമായി വർത്തിക്കുന്നത് 'ഇർ' ആണ്. 'ഇരിക്കുക' എന്നർത്ഥമുള്ള 'ഇർ' ധാതുവിന് ഇരുട്ട്, രണ്ട് എന്നിവയെ സൂചിപ്പിക്കുന്ന 'ഇർ' ധാതുക്കളിൽനിന്നും വ്യത്യസ്തതയുണ്ടെന്നും അത് ദ്രാവിഡഭാഷകളിൽ പൊതുവായി കാണുന്നതാണെന്നും കാൾഡ്വൽ വിശദീകരിക്കുന്നു.

- **മൂന്ന് :** 'മൂന്ദ്രു'വാണ് 'മൂരു' ആയതെന്നാണ് ഗുണ്ടർട്ടിന്റെ അഭിപ്രായം നേരെതിരിച്ചാണ് നിഷ്പത്തിക്രമമെന്ന് കാൾഡ്വൽ തിരുത്തുന്നു. മൂന്ന് എന്ന സംഖ്യയുടെ ഏറ്റവും പ്രാചീനവും സ്വാഭാവികവുമായ നപുംസകരൂപമായി കന്നടത്തിലെ 'മൂരു'വിനെയാണ് കാൾഡ്വൽ വിധിക്കുന്നത്. തമിഴിൽ 'ഒരു' 'ഒന്റു'വാകുന്നതുപോലെ മേൽപറഞ്ഞ 'മൂരു' 'മൂന്റു'/'മൂന്ദ്രു' ആകുമെന്നാണ് അദ്ദേഹത്തിന്റെ പക്ഷം.

- **ഒൻപത് :** തമിഴിലെ ഒൻബദു, ഒൻബാൻ എന്നീ സംഖ്യാനാമങ്ങളിൽ 'ഒൻ' എന്ന സഹായകോപപദമാണ് 'പദു' ശബ്ദത്തെ വിശേഷിപ്പിക്കുന്നത്. മലയാളം - ഒൻ, കന്നടം-ഒമ് (ഒമ്ഭത്തു), കൂർഗ് - ഒയിം (ഒയിമ്ബദു) എന്നിവയിലൊക്കെ കാണുന്ന 'ഒൻ'ശബ്ദം തമിഴിലെ 'ഒന്ദ്രു'വിന്റെ ആദ്യഭാഗം തന്നെയാണ്. കന്നടം, കൂർഗ് - ഒന്ദു, തെലുങ്ക് - ഒണ്ഡു, മലയാളം-ഒന്ന്, തുളു-ഒഞ്ജി എന്നിവയിലും ആദ്യഭാഗമായി 'ഒൻ' വരുന്നു. കാൾഡ്വെലിന്റെ ഇത്തരം നിരീക്ഷണങ്ങളെ ഗുണ്ടർട്ടും അംഗീകരിക്കുന്നു.

- **പത്ത് :** ദ്രാവിഡത്തിലെ 'പത്തി'നെ സംസ്കൃതത്തിലെ 'പംക്തി'ശബ്ദത്തിൽ നിന്നാണ് ഗുണ്ടർട്ട് വ്യുൽപാദിപ്പിക്കുന്നത്. ഇതേക്കുറിച്ച് ഒരു സ്വകാര്യകത്തിൽ കാൾഡ്വലിന് വിശദീകരണം നൽകുന്നുണ്ട്. ദ്രാവിഡ ഭാഷാവ്യാകരണത്തിൽ ആ കത്തിലെ പ്രസ്തുതഭാഗങ്ങൾ കാണുന്നു. "ഡോ. കാൾഡ്വൽ ഒരു ദ്രാവിഡ ധാതുവായ 'പദ്'-ൽ നിന്നു വ്യുൽപ്പാദിപ്പിക്കുന്ന പത്ത് എന്ന സംഖ്യാനാമം സംസ്കൃതത്തിലെ പംക്തി ശബ്ദത്തിന്റെ തത്ഭവമല്ലാതെ മറ്റൊന്നുമല്ല. അഞ്ചിന്റെ നിര, പത്ത് എന്നാണ് പംക്തിയുടെ അക്ഷരാർത്ഥം ഇതിൽനിന്ന് തമിഴിലെ 'പന്തി' (നിര)യും മലയാളത്തിലെ 'പന്ദു' (പന്തു)വും ഉണ്ടായി. (മലയാളത്തിലെ 'പന്തിരു'→ പന്ത്രണ്ട് എന്നതിൽ ഈ 'പന്തു' കാണുന്നു). ഇത് വീണ്ടും ചുരുങ്ങി പദു, പദി, പെയി (തമിഴിൽ പനി, ശരിക്കു പറഞ്ഞാൽ പന്നി എന്നിങ്ങനെ) എന്നീ രൂപങ്ങൾ കൈക്കൊള്ളുന്നു. വീണ്ടും ഇത് നപുംസക

പ്രത്യയമായ 'തു'ചേർന്ന് നീളുന്നു (തമിഴിൽ പത്തു എന്ന ശബ്ദം 'പദ്-തു' എന്നതിൽ നിന്നാണ്)''. (2014 :41) എന്നാൽ 'പംക്തി'ശബ്ദത്തിൽ നിന്നുള്ള 'പത്ത്' എന്ന സംഖ്യാനാമത്തിന്റെ രൂപീകരണത്തെ കാൾഡ്വൽ അംഗീകരിക്കുന്നില്ല.

*മലയാളഭാഷാവ്യാകരണ*ത്തിൽ ഗുണ്ടർട്ട് നടത്തുന്ന വിശദീകരണങ്ങളും ഇതിനൊപ്പം ചേർക്കുന്നതും ഉചിതമാണ്. മലയാളം സംഖ്യാനാമങ്ങളെയും അവയുടെ ധാതുക്കളെയും അദ്ദേഹം വിവരിക്കുന്നു.

| **Cardinals (സംഖ്യാനാമങ്ങൾ)** | **Roots of Cardinals (ധാതുക്കൾ)** |
|---|---|
| 1 – ഒന്ന് | 1 – ഒർ |
| 2 – (ഇ)രണ്ട് | 2 – ഇരു, ഈർ |
| 3 – മൂന്ന് | 3 – മു, മുൻ, മൂ |
| 4 – നാൾ, നാങ്ക് | 4 – നാൽ |
| 5 – അഞ്ച് | 5 – ഐ, ഐം |
| 6 – ആറ് | 6 – അറു |
| 7 – ഏഴ് | 7 – എഴു |
| 8 – എട്ട് | 8 – എൺ |
| 9 – ഒമ്പത് | 9 – കർണ്ണാടകം തൊമ്പതു (9-90-900 ഈ മൂന്നിനും 'മുൻ' എന്നർത്ഥമുള്ള 'തൊൾ' തന്നെ ധാതുവാകുന്നു) |
| 10 – പത്ത് | 10 – പങ്ക്തിയുടെ തത്ഭവം 'പതിൻ', 'പത്തു' ഇവ ആദേശരൂപങ്ങൾ |

(ഗുണ്ടർട്ട് 2014 : 70-71)

### 4.3.5. സി. എൽ. ആന്റണിയുടെ സംഖ്യാനാമനിഷ്പത്തികൾ

**ഒന്ന്**




**രണ്ട്**

'ഇര്' + അ + ന് + തു = ഇരുണ്ടു

പൂർവ്വസ്വരമായ 'ഇ' മലയാളത്തിൽ ലോപിച്ചുപോയി. എന്നാൽ ഇരുപത്, ഇരുന്നൂറ് എന്നീ സംഖ്യാനാമങ്ങളിലെ ആദിസ്വരമായ 'ഇ'കാരം ലോപിക്കാത്തതിനെകുറിച്ചും സി. എൽ. ആന്റണി ആലോചിക്കുന്നു. 'ഇരണ്ടു' രൂപം ചേർന്നിട്ടുള്ള സമസ്തസംഖ്യാനാമങ്ങളിൽ 'ഇ' ലോപിക്കുന്നതിനെ ഭാഷാശാസ്ത്രജ്ഞനായ ജെസ്പേർസന്റെ 'മിഥ്യാപഗ്രഥനനയ'ത്തിന്റെ അടിസ്ഥാനത്തിൽ വിശദീകരിക്കുന്നു. ഇരുപത്ത് + ഇരണ്ട്, മുപ്പത് + ഇരണ്ട്, നൂറ് + ഇരണ്ട് എന്നിവ ആദ്യകാലങ്ങളിൽ വേർതിരിച്ചുതന്നെ ഉച്ചരിച്ചിരിക്കാമെന്നും (ഇരുപത്ത് ഇരണ്ട്, മുപ്പത്ത് ഇരണ്ട്.........എന്നിങ്ങനെ) പിൽക്കാലത്ത് മിഥ്യാപഗ്രഥനം നടന്ന് (ഏതെങ്കിലും ഭാഷാപരമായ കാരണങ്ങളാൽ തെറ്റായ അപഗ്രഥനം നടന്ന് വർണവികാരങ്ങൾ നടക്കുന്ന ഭാഷാപ്രവർത്തനമാണിത്) മലയാളിയുടെ ഉച്ചാരണത്തിൽ 'ഇരുപത്തി-രണ്ട്' എന്ന് യതി ചേർത്തുവരുന്നു.

**മൂന്ന്**




**നാൽ :** നാല് (നാലു) എന്നതിന്റെ സമാനരൂപമാണ് നാ'ങ്കു' പ്രത്യമൊന്നും കൂടാതെയുള്ള രൂപമാണ് 'നാല്'.

**അഞ്ച്**




**ആറ് – ഏഴ്**



**എട്ട്**

‘എൺ’ (പ്രകൃതി) + ‘തു’ (പ്രത്യയം)

↓ { പൂർവസവർണനത്താൽ പരമായ തകാരം പൂർവാനുനാസികമായ ണകാരത്തിന്റെ വർഗത്തിലുള്ള ഖരമാവുന്നു. }

എൺടു

↓ { പരസവർണനനയം }

എട്ടു

**ഒമ്പത് :** തമിഴ്-മലയാളങ്ങളിലെ ഒമ്പതിന്റെ പൂർവരൂപം ’തൊമ്പത്’ ആണെന്ന കാൾഡ്വൽ നിരീക്ഷണത്തെ സി. എൽ. ആന്റണി അംഗീകരിക്കുന്നു. ‘ഇരുണ്ട്’ എന്നത് ‘രണ്ട്’ എന്നാകുന്ന മിഥ്യാപഗ്രഥനനയത്താൽ ‘തൊമ്പത്’ ‘ഒമ്പത്’ ആയതാണെന്നാണ് ഭാഷ്യകാരൻ പറയുന്നത്.

ഇരുപത് തൊമ്പത്

↓ { സാദൃശവ്യഞ്ജനങ്ങളായ തകാരങ്ങളുടെ സന്ധി മൂലം }

ഇരപത്തൊമ്പത്

↓ { മിഥ്യാപഗ്രഥനത്താൽ സന്ധിപിരിയുന്നു }

ഇരുപത്തി-ഒമ്പത്

(ഉച്ചാരണത്തിൽ യതി വരുന്നു)

‘തൊൾ’ + പത് = തൊൺപത് = ഒൻപത് എന്ന കാൾഡ്വലിന്റെ നിഷ്പത്തിയും അതിനെ പിന്തുടരുന്ന ഏ. ആർ. ന്റെ അഭിപ്രായങ്ങളും സി. എൽ. ആന്റണി അംഗീകരിക്കുന്നു.

**പത്ത് :** ‘പത്’ എന്ന പ്രകൃതിയിൽ അന്ത്യദ്വിത്വം വന്ന് ‘പത്ത്’ ആകുന്നുവെന്ന കേരളപാണിനീയകാരന്റെ അഭിപ്രായം ഭദ്രമല്ലെന്നു വിധിക്കുന്നു. സമസ്തപദങ്ങളിൽ ഉത്തരപദാന്തവ്യഞ്ജനം ദ്വിത്വമല്ലാതാകുന്ന സാഹചര്യങ്ങൾ എടുത്തുകാണിച്ച് ഏ. ആറിന്റെ വാദത്തെ നിരാകരിക്കുന്നു (ആന്റണി, 2005 : 121–128).

**ക്രോഡീകരണം**

മലയാളഭാഷയിലെ പദഘടനാപ്രക്രിയാനയങ്ങളെന്ന രീതിയിലുള്ള അനുനാസികസംസർഗവും ദ്വിത്വഖരാദേശനയങ്ങളും കേരളപാണിനി വിവരിച്ചുദാഹരിക്കുന്നുണ്ട്. ഈ നയങ്ങളെ സംബന്ധിച്ചുള്ള *കേരളപാണിനീയ*ത്തിലെ വിവരണങ്ങളെ വിമർശനാത്മകമായി കേരളപാണിനീയഭാഷ്യകാരൻ പുന:പരിശോധിക്കുന്നു. തമിഴ്ജന്യമാണ് മലയാളം എന്നു സ്ഥാപിക്കാനായി വ്യാകരണ പ്രധാനമായ അനുനാസികസംസർഗനയത്തെ കൂട്ടുപിടിച്ചുകൊണ്ട് 'ഒന്ന്, കുന്ന്, കന്ന്, മൂന്ന്, വർത്തമാനകാലപ്രത്യയമായ ഉന്നു' എന്നിവയുടെ നിഷ്പത്തി നിർണയിക്കുകയാണ് കാൾഡ്വലും കേരളപാണിനിയും ചെയ്തിട്ടുള്ളത്. ഒരു, കുറു, കരു, മൂരു എന്നീ പ്രകൃതികളിൽ അനുനാസികസംസർഗനയം പ്രവർത്തിച്ച് ഒൻരു, കുൻരു, കൻരു, മുൻരു എന്നിങ്ങനെ യഥാക്രമം തമിഴ് രൂപങ്ങൾ വികസിക്കുകയും പിന്നീട് അനുനാസികാതിപ്രസരം നടന്ന് ഒന്ന്, കുന്ന്, കന്ന്, മൂന്ന് എന്നിങ്ങനെ രൂപപ്പെടുകയും ചെയ്യുമെന്നാണ് കാൾഡ്വലിന്റെയും ഏ.ആറിന്റെയും നിഷ്പത്തിക്രമം. ദക്ഷിണദ്രാവിഡശാഖയിൽനിന്നും കന്നടം വേർപിരിഞ്ഞതിനുശേഷം തമിഴ്-മലയാളങ്ങൾക്ക് സമാനമായ ഒരു പൂർവ്വദശ ഉണ്ടായിരുന്നുവെന്ന് സ്ഥാപിക്കാനായി മേൽപറഞ്ഞ പദങ്ങളുടെ നിഷ്പാദനരീതിയെ ഉപയുക്തമാക്കുകയാണ് പൂർവ്വധാരണകളെ തിരുത്തിക്കൊണ്ട് ആന്റണി ചെയ്തിരിക്കുന്നത്. തന്നെയുമല്ല ഉച്ചാരണപരമായ അനുനാസികസംസർഗനയത്തെയാണ് അദ്ദേഹം ആശ്രയിക്കുന്നത് എന്നതും പ്രത്യേകം പ്രസ്താവ്യമാണ്. ഉച്ചാരണപരമായ അനുനാസികസംസർഗത്താൽ അനേകം പദങ്ങൾ തമിഴ് - മലയാളങ്ങളിൽ നിലവിലുണ്ടെന്നിരിക്കെ പരിമിതമായ പദങ്ങളെ ആശ്രയിച്ചുകൊണ്ട് വ്യാകരണപരമായ അനുനാസികസംസർഗനയത്തെ കേരളപാണിനി അവതരിപ്പിക്കുന്നതിനെയും കേരളപാണിനീയഭാഷ്യകാരൻ നിരാകരിക്കുന്നു.

സംഖ്യാനാമനിഷ്പത്തികളിലെ പ്രത്യേകിച്ചും ഒന്ന്, മൂന്ന് എന്നിവയിൽ അനുനാസികാഗമത്തിന്റെ നിഷ്പത്തി വ്യക്തമായ രീതിയിൽ വിവരിക്കാൻ ആന്റണിക്ക് സാധിക്കുന്നില്ല എന്നും കേവലം ഉച്ചാരണപരമായ അനുനാസികസംസർഗത്താൽ ഇത്തരം രൂപങ്ങളുടെ നിഷ്പാദനം സാദ്ധ്യമാകുമോ എന്ന സംശയവും സുകുമാരപിള്ള കേരളപാണിനീയഭാഷ്യത്തിലെ ആശയങ്ങളെ മുൻനിർത്തി വിമർശാവബോധത്തോടെ ചിന്തിക്കുന്നു. ഭേദകങ്ങളെ നാമമാക്കാനുള്ള ഭാഷാനയമായാണ് അനുനാസികസംസർഗത്തെ കേരളപാണിനി അവതരിപ്പിക്കുന്നത്. അത്തരത്തിൽ ഭേദകപ്രകൃതി നാമമായി മാറുമ്പോൾ അതിന് പരാശ്രയത്വം ഇല്ലാതാകുന്നുവെന്നും ഏ.ആർ പരാമർശിക്കുന്നു. ഈ 'ആശ്രയത്വം' ഘടനാപരമാണോ അർത്ഥപരമാണോ എന്നു വ്യക്തമാകുന്നില്ല എന്ന ആരോപണം പ്രഭാകരവാര്യർ മുന്നോട്ടുവെയ്ക്കുന്നുണ്ട്. ആന്റണിയുടെ സംഖ്യാനാമനിഷ്പത്തിയും

വിമർശനവിധേയമാക്കുന്നു. 'ഒര്' പ്രകൃതിയിൽ 'തു' പ്രത്യയം ചേരുമ്പോൾ പരസവർണ്ണനവും അനുനാസികാതിപ്രസരവും നടന്ന് 'ഒന്ന്' ആകുമെന്ന ആന്റണിയുടെ പക്ഷത്തോട് യോജിക്കുന്നില്ല. 'ഒര്+തു' പരസവർണ്ണനത്താൽ 'ഒന്തു' ആവുകയില്ലെന്നാണ് പ്രഭാകരവാര്യരുടെ നിഗമനം. കേവലം ഒന്നോ രണ്ടോ പദങ്ങളെ ഉപജീവിച്ചുകൊണ്ടു നടത്തുന്ന അനുനാസികസംസർഗനയം മലയാളത്തിൽ വ്യാപ്തിയില്ലാത്തതാണെന്നും അതിനെ സാമാന്യമായി അവതരിപ്പിക്കുന്നത് യുക്തിരഹിതമാണെന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ട്.

അനുനാസികസംസർഗനയത്തെ സംബന്ധിച്ച കേരളപാണിനീയപക്ഷത്തെ നാരായണപിഷാരോടി അംഗീകരിക്കുന്നില്ല. ദക്ഷിണദ്രാവിഡത്തിൽ നിന്നും കന്നടം പിരിഞ്ഞുപോയതും തമിഴ്-മലയാളങ്ങൾക്കുണ്ടായിരുന്ന സമാനദശയും സംബന്ധിച്ചുള്ള ആന്റണിയുടെ വിവരണങ്ങളെ പരോക്ഷമായി താങ്ങിനിർത്തുന്ന ചില വാദമുഖങ്ങൾ പിഷാരോടിയുടെ ആശയങ്ങളിൽ ദർശിക്കാം. മൂന്ന് എന്ന സംഖ്യാനാമത്തിന്റെ നിഷ്പത്തിക്രമത്തിൽ ആന്റണി പ്രതിപാദിക്കുന്ന സവർണ്ണനപ്രക്രിയയും പദമധ്യനകാരത്തിന്റെ വർത്സീകരണവും വി.ഐ. സുബ്രഹ്മണ്യത്തിന്റെ വിശദീകരണങ്ങളോട് സമാനമാണ്.

വർത്തമാനകാലപ്രത്യയമായ 'ഉന്നു'വിന്റെ നിഷ്പത്തിയും അനുനാസികസംസർഗനയത്തിന്റെ ചുവടുപിടിച്ചാണ് കേരളപാണിനി നടത്തുന്നത്.

'ഉന്നു' പ്രത്യയത്തെ വിവിധ തരത്തിലാണ് വൈയാകരണന്മാർ രൂപീകരിച്ചിട്ടുള്ളത്. തമിഴിലെ വർത്തമാനകാലക്രിയാരൂപത്തിന്റെ രണ്ടു ഭേദങ്ങളെ ആസ്പദമാക്കിയാണ് രണ്ടു ധാരകൾ ഉണ്ടായിരിക്കുന്നത്. അതിലൊന്ന് 'കിന്റു' പ്രത്യയത്തിൽനിന്ന് 'ഉന്നു'വിനെ നിഷ്പാദിപ്പിക്കുന്ന ഗുണ്ടർട്ട്, ഗ്രാൽ, കാൾഡ്വൽ എന്നിവരുടേതാണ്. രണ്ടാമത്തേത് 'കിന്റു' രൂപപ്പെടുകയും തുടർന്ന് 'ഉന്നു' എന്നാവുകയും ചെയ്യുന്നതാണ്. 'കിന്റു, കിറു' എന്നിവയുടെ പ്രാചീനതയെക്കുറിച്ചു പക്ഷാന്തരങ്ങളാണ് രണ്ടു ഭേദങ്ങൾക്ക് നിദാനമെന്ന് പറയാം. എങ്കിലും 'കിന്റു' രൂപത്തെ ഇരുകൂട്ടരും 'ഉന്നു' വിന്റെ നിരുക്തിക്ക് ആശ്രയിക്കുന്നുവെന്ന് കാണാം.

'കിന്റു' എന്ന രൂപം ഭൂതകാലരൂപമായിരുന്നുവെന്ന അഭിപ്രായമുള്ളവരുമുണ്ട്. പിന്നീടാണ് അതിന് വർത്തമാനകാലാർത്ഥം വന്നുചേർന്നതെന്നാണ് അവരുടെ വിശദീകരണം. എൽ. വി. ആർ, പി. എസ്. സുബ്രഹ്മണ്യം, കെ.സുകുമാരപിള്ള, കെ.എൻ.എഴുത്തച്ഛൻ എന്നിവരുടെ ആലോചനകൾ ആ രീതിയിൽ മുന്നോട്ടുപോകുന്നുണ്ട്. ഭൂതം, ഭൂതേതരം എന്ന വിഭജനമാണ് ആദ്യകാലത്ത്

നിലവിലുണ്ടായിരുന്നുള്ളൂവെന്നും പിന്നീടാണ് ഭാവിവർത്തമാനരൂപങ്ങൾ ഉണ്ടായ തെന്നും സുകുമാരപിള്ള സമർത്ഥിക്കുന്നുണ്ട്. 'കിന്റു' തുടങ്ങിയ വർത്തമാനകാ ലപ്രത്യയരൂപങ്ങളെ പുത്തൻ കൂറ്റുകാരായിട്ടാണ് അദ്ദേഹം പരിഗണിക്കുന്നത്.

കേരളപാണിനിയുടെ വർത്തമാനകാലപ്രത്യയരൂപീകരണം 'ഇറ' എന്ന ധാതുവിനെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. എന്നാൽ ആ ധാതുവിന് വർത്ത മാനകാലാർത്ഥം കുറിക്കാൻ കഴിയില്ലെന്നും അത്തരം ധാതുക്കളെ അനുപ്ര യോഗംചെയ്ത് പ്രത്യയമുണ്ടാക്കുന്ന രീതി സാധാരണമല്ലെന്നും ലീലാവതി വിവരി ക്കുന്നുണ്ട്. വ്യാകരപ്രധാനമായ അനുനാസികസംസർഗനയമാണ് ഏ.ആർ, കാൾഡ്വൽ മുതലായവർ പിന്തുടരുന്നത് എന്നും എന്നാൽ ഉച്ചാരണപരമായ വിശ ദീകരണം മാത്രമേ 'ഉന്നു' പ്രത്യയത്തിന്റെ നിഷ്പാദനത്തിന് ആവശ്യമു ള്ളൂവെന്നും ആന്റണി വാദിക്കുന്നു. ഭൂതം-ഭാവി എന്നിവയിൽനിന്നുമാണ് ബഹുഭൂ രിപക്ഷത്തിന്റെയും വർത്തമാനകാലപ്രത്യയനിഷ്പത്തിയെന്നിരിക്കെ അതിനെ വർത്തമാനകാലരൂപമായ 'ഉതു'വിൽനിന്നും രൂപീകരിക്കുകയാണ് അദ്ദേഹം ചെയ്തിരിക്കുന്നത്. മുൻധാരണകളിൽനിന്നും വ്യത്യസ്തമായി തമിഴ്-മലയാള ങ്ങൾ ഒന്നിച്ചുണ്ടായിരുന്ന പൂർവ്വഘട്ടത്തിലെ വർത്തമാനകാലവിനയെച്ചരൂപ ത്തിൽനിന്നാണ് വർത്തമാനകാലപ്രത്യയം ഉണ്ടായതെന്ന് അദ്ദേഹം അഭിപ്രായപ്പെ ടുന്നു. മലയാളത്തിലെ വർത്തമാനകാലപ്രത്യയത്തിന് 'ഉന്നു' കൂടാതെ 'ഉണു/ഇണു' എന്ന മറ്റൊരു പ്രത്യയവും ലീലാവതി കൽപിക്കുന്നു. സംസാരഭാ ഷയിൽ സർവ്വസാധാരണമായ 'ഉണു', മാനകഭാഷയിലുറച്ചു കഴിഞ്ഞ 'ഉന്നു' എന്നിവയുടെ മൂലരൂപം 'കിന്റു' ആണെന്നാണ് അവരുടെ നിഗമനം. 'ആകിന്റു' വിന് മൂർദ്ധന്യാദേശത്താൽ 'ആകിണ്ണു' (ആകിണു - ആകുന്നു) എന്നും ദന്ത്യാദേ ശത്താൽ 'ആകിന്നു' (ആകുന്നു) എന്നും മാറ്റം വരുന്നു. ഇത്തരത്തിലുള്ള രണ്ട് നിഷ്പത്തികളാണ് ലീലാവതി നടത്തുന്നത്.

വർത്തമാനകാലപ്രത്യയരൂപീകരണത്തിന്റെ ഘട്ടങ്ങൾ മിക്ക വൈയാകരണ ന്മാരും നടത്തിയിരിക്കുന്നത് 'ഇന്റു (കിന്റു)' എന്നുള്ള രൂപത്തിൽനിന്നാണ്. അവ രുടെ വിശദീകരണങ്ങളിൽ അല്പമാത്രമായ വ്യത്യാസങ്ങളുണ്ട്. എന്നാൽ അതിൽനിന്നും വ്യത്യസ്തമായാണ് താൻ നിഷ്പാദനം നടത്താൻ പോകുന്ന തെന്ന് ആന്റണി ലേഖനത്തിന്റെ തുടക്കത്തിൽ പ്രസ്താവിക്കുന്നുണ്ട്. തന്നെയു മല്ല തമിഴ്-മലയാളങ്ങൾക്ക് സമാനമായിട്ടുണ്ടായിരുന്ന ഒരു ഭാഷാഘട്ടത്തെ പ്രതി നിധീകരിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ ചർച്ചകൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഉച്ചാരണപരമായ അനുനാസികസംസർഗമാണ് ആ വിവരണങ്ങളിൽ അടിസ്ഥാന മായി വർത്തിക്കുന്നത്. അദ്ദേഹത്തിന്റെ നിഷ്പത്തിക്രമം ലളിതമാണെങ്കിലും

പ്രാചീനരേഖകളിലെ വർത്തമാനകാലരൂപങ്ങളുമായി ആ നിരീക്ഷണങ്ങൾ പൊരുത്തപ്പെടുന്നില്ലെന്ന വിമർശനവും നിലനിൽക്കുന്നുണ്ട്.

പദഘടനാപ്രക്രിയാനയങ്ങളിലൊന്നായി *കേരളപാണിനീയം* ചർച്ച ചെയ്യുന്ന 'ദ്വിത്വഖരാദേശനയ'ത്തെക്കുറിച്ചും ആന്റണി വിമർശനാത്മകമായി പഠിക്കുന്നുണ്ട്. ആ നയത്തിന്റെ സാധുതയെ അദ്ദേഹം ചോദ്യം ചെയ്യുന്നു. കാൾഡ്വലിന്റെ പൂർവ്വധാരണയെ വിവേചനരഹിതമായി പിന്തുടർന്നതിനാൽ കേരളപാണിനിക്ക് പിഴവുകൾ സംഭവിച്ചതായി വിലയിരുത്തുന്നു. ഖരാദേശവും ഇരട്ടിപ്പുംകൊണ്ട് അർത്ഥം പരപദത്തിലേക്ക് സംക്രമിക്കുമെന്നും നാമങ്ങളിൽനിന്ന് ഭേദകങ്ങൾ ഉണ്ടാകുമെന്നും കാൾഡ്വൽ പ്രസ്താവിച്ചിട്ടുണ്ട്. അതേ മാതൃകയാണ് തന്റെ വിവരണങ്ങളിൽ ഏ.ആർ പിൻപറ്റുന്നത്. ദ്വിത്വഖരാദേശനയങ്ങളുടെ സഹായത്താൽ കാൾഡ്വലും കേരളപാണിനിയും പ്രതിപാദിക്കുന്ന വ്യാകരണപ്രവർത്തനങ്ങളെ ആ രീതിയിലല്ല ഗുണ്ടർട്ട് നോക്കിക്കാണുന്നത്. ഗുണ്ടർട്ടിന്റെ നിരീക്ഷണങ്ങളോടാണ് ആന്റണി യോജിക്കുന്നത്.

പ്രകൃത്യന്തവ്യഞ്ജനം ഇരട്ടിക്കുന്നിടത്തും (ആറ് - ആറ്റു, കാട് - കാട്ടു) നാമവിശേഷണങ്ങളുടെ നിഷ്പാദനക്രമം വിശദീകരിക്കുന്നിടത്തും അകർമകക്രിയകളെ സകർമകമാക്കുന്ന പ്രക്രിയകളെ അവതരിപ്പിക്കുമ്പോഴും *താരതമ്യവ്യാകരണ*ത്തിൽ ഈ നയത്തെ ആശ്രയിക്കുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളെ പ്രതിപാദിക്കുന്നിടത്ത് ഏ.ആറും പ്രസ്തുത നയത്തെ കൂട്ടുപിടിക്കുന്നു. 'പ്രകൃത്യന്തവ്യഞ്ജന'ത്തിന്റെ ഇരട്ടിപ്പ് എന്ന് കാൾഡ്വൽ പറയുമ്പോൾ 'ശബ്ദാന്തവർണ'ത്തിന്റെ ഇരട്ടിപ്പെന്നാണ് ഏ.ആർ പരാമർശിക്കുന്നത്. ഈ കർമം സ്വരമാണോ വ്യഞ്ജനമാണോ, ആണ്ട് - ചെമ്പ് എന്നിങ്ങനെ സംവൃതോകാരാന്തങ്ങളാണോ എന്ന് ഏ.ആർ വ്യക്തമാക്കുന്നില്ലെന്നും ദ്വിത്വഖരാദേശത്താൽ സമാസരൂപങ്ങളിലെ പൂർവ്വപദത്തിന് വിശേഷണാർത്ഥം കൈവരുമെന്ന കേരളപാണിനീയപ്രസ്താവന തെറ്റാണെന്നും ആന്റണി സമർത്ഥിക്കുന്നു. സമസ്തപദങ്ങളിൽ പൂർവ്വപദത്തിന് അതിന്റെ പദവികൊണ്ടുതന്നെ വിശേഷണാർത്ഥം കൈവരുന്നുണ്ടെന്ന് തിരുത്തുന്നു. നാമാന്തത്തിലെ ടകാരറകാരങ്ങളുടെ ഇരട്ടിപ്പുകൊണ്ട് സ്വാർത്ഥത്തെ പരപദത്തിലേക്ക് സംക്രമിപ്പിക്കാമെന്ന കേരളപാണിനീയവീക്ഷണത്തെയും ആന്റണി വിമർശവിധേയമാക്കുന്നു. നാട്, ആറ് എന്നിവ ടകാരറകാരാന്തങ്ങളാണെന്ന് തെറ്റിദ്ധരിച്ചതുകൊണ്ടാണ് അബദ്ധം സംഭവിച്ചതെന്നും ഇത്തരം നാമങ്ങൾ സംവൃതോകാരാന്തങ്ങളായിട്ടാണ് കരുതേണ്ടതെന്നും ലീലാതിലകമതത്തെ ആധാരമാക്കി കേരളപാണിനീയഭാഷ്യകാരൻ അഭിപ്രായപ്പെടുന്നു.

ദ്വിത്വഖരാദേശനയം എന്ന നിരാസ്പദമായ നയത്തിന്റെ ഉപജ്ഞാതാവ്, അനുവാദകൻ എന്നിങ്ങനെ യഥാക്രമം കാൾഡ്വലിനെയും ഏ.ആറിനെയും

ആന്റണി വിശേഷിപ്പിക്കുന്നു. വികലമായ ഈ നയത്തെ കൂട്ടുപിടിച്ച് ഭാഷയിലെ പല പ്രവർത്തനങ്ങളെയും വിശദമാക്കാനാണ് അവർ ശ്രമിച്ചത്. അവരുടെ ധാരണാതെറ്റുകളെ ഗുണ്ടർട്ടിന്റെയും, ലീലാതിലകകാരന്റെയും നിരീക്ഷണങ്ങൾകൊണ്ട് തിരുത്താനാണ് ആന്റണി ശ്രമിക്കുന്നത്. 'സമാസനാമങ്ങൾ' എന്ന ഖണ്ഡത്തിൽ ജോർജ് മാത്തൻ നടത്തുന്ന പരാമർശങ്ങൾക്ക് ലീലാതിലകകാരന്റെ ചിന്തകളോട് സമാനതയുണ്ട്. ടകാരറകാരങ്ങൾ സംവൃതോകാരാന്തങ്ങളാണെന്ന ലീലാതിലകമതത്തെ 'അർദ്ധോച്ചോ'ടുകൂടിവരുന്ന ടകാരറകാരങ്ങൾ ഇരട്ടിക്കുമെന്ന ജോർജ് മാത്തന്റെ വിവരണങ്ങളുമായി ചേർത്തുവെയ്ക്കാം. അകർമകത്തെ സകർമകമാക്കുമ്പോഴും കേവലത്തെ പ്രയോജകമാക്കുമ്പോഴും 'ത്തു' പ്രത്യയയോഗം വിധിക്കുന്നതിനുപകരം ദ്വിത്വഖരാദേശനയങ്ങളെ ആരോപിക്കുകയാണ് ഏ.ആർ ചെയ്തത്. എന്നാൽ 'ത്തു' പ്രത്യയയോഗത്തെയാണ് ആ സന്ദർഭങ്ങളിലെല്ലാം ഗുണ്ടർട്ട്, മാത്തൻ, ചില മിഷണറി വൈയാകരണന്മാർ ആന്റണി എന്നിവർ പിന്തുടരുന്നത്. ഖരാദേശവും ഇരട്ടിപ്പും വർണപരം മാത്രമാണെന്നും അർത്ഥപരമല്ലെന്നും സ്ഥാപിക്കുന്ന *തൊൽകാപ്പിയം, നന്നൂൽ* എന്നീ കൃതികളിലെ വിശദീകരണങ്ങളെ ആധാരമായെടുത്ത് കേരളപാണിനിയുടെ അർത്ഥപരസംക്രമണമെന്ന ആശയത്തെ വിമർശിക്കുകയാണ് ലീലാവതി ചെയ്തിരിക്കുന്നത്. കേരളപാണിനിയുടെ മിഥ്യാവാദത്തെ പൊളിച്ചെഴുതുന്നതിൽ കേരളപാണിനീയഭാഷ്യകാരൻ വിജയിച്ചിരിക്കുന്നുവെന്നാണ് ലേഖികയുടെ വീക്ഷണം. അകർമകത്തെ സകർമകമാക്കുമ്പോഴും കേവലത്തെ പ്രയോജകമാക്കുമ്പോഴും ഉപയോഗിക്കുന്ന കാരിതീകരണം, ഇ-പ്പി-ത്തു- പ്രത്യയയോഗം എന്നിവയിലൊക്കെ അർത്ഥസംക്രാന്തിയുണ്ടാകുമെന്ന ഏ.ആറിന്റെ വാദത്തെ വ്യക്തമായ വാദമുഖങ്ങളുടെ വെളിച്ചത്തിൽ ഖണ്ഡിക്കാൻ ആന്റണിയ്ക്ക് സാധിച്ചുവെന്നാണ് അവരുടെ അഭിപ്രായം. ആധാരികാർത്ഥത്തിൽ വരുന്ന 'അത്ത്'-ന്റെ നിഷ്പത്തി വിശദീകരിക്കുന്നിടത്തും ദ്വിത്വഖരാദേശങ്ങളെയാണ് കേരളപാണിനി അനുഗമിക്കുന്നത്. എന്നാൽ ദ്വിത്വഖരാദേശങ്ങളെ ആശ്രയിക്കുന്ന ഏ.ആറിന്റെ നിഷ്പാദന പ്രക്രിയ ഒരു വളഞ്ഞ വഴിയാണെന്ന് മൂസ്സത് ആരോപിക്കുന്നു. ഖരാദേശവും ദ്വിത്വവും ഒരുമിച്ച് പ്രവർത്തിക്കുന്നില്ലെന്ന ആന്റണിയുടെ വാദത്തെ ഉപയോഗിച്ചാണ് കേരളപാണിനിയുടെ 'അത്ത്' - നിരുക്തിയെ വാസുദേവഭട്ടതിരി വിമർശിക്കുന്നത്. കാൾഡ്വലിനെ അന്ധമായി അനുകരിക്കുന്നുവെന്ന പോരായ്മയും കേരളപാണിനിക്കെതിരെ വാസുദേവഭട്ടതിരി ഉന്നയിക്കുന്നു . അനുനാസികസംസർഗം, ദ്വിത്വഖരാദേശം എന്നീ നയങ്ങൾ ഭാഷയിൽ നിലവിലുണ്ടെങ്കിലും അവ യഥാക്രമം സ്വാർത്ഥവിശ്രാന്തി, പരസംക്രാന്തി എന്നിവയെ സൂചിപ്പിക്കുന്നില്ലെന്ന നിലപാടാണ് നാരായണപിഷാരോടി സ്വീകരിക്കുന്നത്. ആന്റണിയുടെ വാദമുഖങ്ങളെ അദ്ദേഹം അംഗീകരിക്കുന്നു. അനുനാസികസംസർഗനയത്തിന്റെ വ്യാപ്തിതന്നെ മലയാളഭാഷയെ

സംബന്ധിച്ച് ചോദ്യചിഹ്നമാണ്. പരിമിതമായ പദങ്ങളുടെ നിഷ്പത്തിയെ വ്യാകരണപ്രധാനമായ അനുനാസികസംസർഗനയത്താൽ വിശദീകരിക്കുന്ന കാൾഡ്വലിന്റെയും ഏ.ആറിന്റെയും അഭിപ്രായങ്ങൾക്ക് സാധുത കുറവാണ്. എന്നാൽ ഉച്ചാരണപരമായ ഒരു സവിശേഷത മാത്രമായി അനുനാസികസംസർഗത്തെ വിധിക്കുകയാണ് ആന്റണി ചെയ്യുന്നത്. കേവലം ഉച്ചാരണവിശേഷമായി അനുനാസികസംസർഗനയത്തെ കാണുന്ന കേരളപാണിനീയഭാഷ്യകാരന്റെ വീക്ഷണവും പിൽക്കാലത്ത് ചോദ്യംചെയ്യപ്പെട്ടിട്ടുണ്ട്. ദ്വിത്വഖരാദേശനയമെന്ന മറ്റൊരു നിരാസ്പദനയത്തെയും ഏ.ആർ അവതരിപ്പിക്കുന്നുണ്ട്. ഖരാദേശവും ദ്വിത്വവും മൂലം അർത്ഥപരസംക്രമണം നടക്കുമെന്ന കേരളപാണിനിയുടെ വിശദീകരണങ്ങൾക്ക് മുൻമാതൃകയാവുന്നത് കാൾഡ്വലിന്റെ ചിന്തകളാണ്. തമിഴ് വ്യാകരണപാരമ്പര്യമനുസരിച്ച് ദ്വിത്വഖരാദേശങ്ങൾ വർണപരം മാത്രമാണ്. അർത്ഥപരമായ യാതൊരു പ്രത്യേകതയും അതിനില്ല. പരപദത്തിലേക്കുള്ള അർത്ഥസംക്രാന്തിയെ ആന്റണി അംഗീകരിക്കുന്നില്ല. പിന്നീടുള്ള മിക്കവാറും പഠനങ്ങളിലും ദ്വിത്വഖരാദേശനയത്തിന്റെ അർത്ഥസംക്രമണം നിരാസ്പദമാണെന്ന് തെളിയിക്കുന്ന ചർച്ചകൾ ദർശിക്കാം.

*കേരളപാണിനീയഭാഷ്യ*ത്തിലെ 'സാംഖ്യനാമങ്ങൾ' എന്ന ലേഖനത്തെയും 'പദഘടനാപ്രക്രിയാനയങ്ങൾ' എന്ന പ്രബന്ധഖണ്ഡത്തിൽ പഠനവസ്തുവാക്കുന്നുണ്ട്. മേൽപ്രസ്താവിച്ച രണ്ടു നയങ്ങളുടെ പ്രവർത്തനത്താൽ കേരളപാണിനി വിശദമാക്കുന്നതാണ് സാംഖ്യനാമനിഷ്പത്തിക്രമം എന്നതുകൊണ്ടാണ് 'സാംഖ്യനാമങ്ങൾ' ഈ അധ്യായത്തിന്റെ ഭാഗമാകുന്നത്. സംഖ്യാനാമങ്ങളുടെ രൂപീകരണത്തിനു കാരണമാകുന്ന മൂലധാതുരൂപങ്ങളിൽതന്നെ വൈയാകരണന്മാർക്കിടയിൽ പക്ഷാന്തരമുണ്ട്. നാമപദങ്ങളിൽനിന്ന് സംഖ്യാനാമങ്ങളെ നിഷ്പാദിപ്പിക്കുന്ന തമിഴ്രീതിയും ഭേദകപ്രകൃതിയിൽനിന്ന് സംഖ്യാനാമരൂപീകരണം നടത്തുന്ന കാൾഡ്വൽ-ഏ.ആർ രീതിയും വ്യത്യസ്തമാണ്. ഭേദകപ്രകൃതികളിൽനിന്നാണ് മാത്തനും സംഖ്യാനാമങ്ങളെ വികസിപ്പിക്കുന്നത് എന്നും ഈ അധ്യായത്തിലൂടെ നിരീക്ഷിച്ചു. ഗുണ്ടർട്ടിന്റെ നിഷ്പത്തിക്രമത്തോട് പല അംശങ്ങളിലും ഇടഞ്ഞാണ് കാൾഡ്വലിന്റെ ചിന്തകൾ വികസിക്കുന്നത്. സാംഖ്യഭേദകങ്ങൾ സംഖ്യാനാമങ്ങളായിത്തീരുന്നതിനുള്ള ഭാഷാപ്രക്രിയകളെ പ്രധാനമായും മൂന്നായിട്ടാണ് കേരളപാണിനി വിധിക്കുന്നത്. സ്വാർത്ഥവിശ്രാന്തിസൂചകവും വ്യാകരണപ്രധാനവുമായ അനുനാസികസംസർഗം; കു,ടു,റു,തു എന്ന വിവർത്തകപ്രത്യയങ്ങൾ; അന്ത്യദ്വിത്വം എന്നിവയാണവ. എന്നാൽ ഏ.ആറിന്റെ പ്രസ്താവനയോട് വിയോജിച്ചുകൊണ്ട് മറ്റൊരു നിരുക്തിയാണ് ആന്റണി പിൻപറ്റുന്നത്. 'തു' പ്രത്യയയോഗം, പദമധ്യസ്വരദീർഘീകരണം എന്നിവയാണ് സംഖ്യാനാമരൂപീകരണങ്ങളെ വിവരിക്കുന്നതിന് അദ്ദേഹം ആശ്രയിക്കുന്നത്. നിരാസ്പദം, മിഥ്യാവാദം എന്നൊക്കെയുള്ള ആരോപണങ്ങൾക്ക് വിധേയമാണ് കേരളപാണിനി

യുടെ അനുനാസികസംസർഗനയവും ദ്വിത്വഖരാദേശനയങ്ങളും എന്നിരിക്കെ അതിനെത്തന്നെ ആധാരമാക്കുന്ന സംഖ്യാനാമനിഷ്പത്തിവിചാരങ്ങൾക്ക് അപര്യാപ്തതയുണ്ടെന്ന് സമ്മതിക്കേണ്ടിവരും. അതിൽനിന്നും മാറി ചിന്തിക്കുന്ന ആന്റണിയുടെ ഉദ്യമം തികച്ചും വ്യതിരിക്തമാവുന്നു.

## അടിക്കുറിപ്പുകൾ

1. *കേരളപാണിനീയഭാഷ്യം* :-

   അധ്യായം 5 - അനുനാസികസംസർഗം
   അധ്യായം 6 - ദ്വിത്വഖരാദേശനയങ്ങൾ
   അധ്യായം 11 - സാംഖ്യനാമങ്ങൾ

2. *കേരളപാണിനീയഭാഷ്യം*, ഖണ്ഡിക 5.1
3. അതേ പുസ്തകം, ഖണ്ഡിക 5.4
4. അതേ പുസ്തകം, ഖണ്ഡിക 5.4
5. അതേ പുസ്തകം, ഖണ്ഡിക 5.4
6. അതേ പുസ്തകം, ഖണ്ഡിക 5.5
7. അതേ പുസ്തകം, ഖണ്ഡിക 5.6
8. അതേ പുസ്തകം, ഖണ്ഡിക 5.7
9. അതേ പുസ്തകം, ഖണ്ഡിക 5.6
10. അതേ പുസ്തകം, ഖണ്ഡിക 5.8
11. അതേ പുസ്തകം, ഖണ്ഡിക 5.8
12. അതേ പുസ്തകം, ഖണ്ഡിക 5.10
13. അതേ പുസ്തകം, ഖണ്ഡിക 5.11
14. അതേ പുസ്തകം, ഖണ്ഡിക 5.10
15. അതേ പുസ്തകം, ഖണ്ഡിക 5.11
16. അതേ പുസ്തകം, ഖണ്ഡിക 5.12
17. അതേ പുസ്തകം, ഖണ്ഡിക 5.14
18. അതേ പുസ്തകം, ഖണ്ഡിക 5.15
19. അതേ പുസ്തകം, ഖണ്ഡിക 5.15
20. *കൈരളീശബ്ദാനുശാസനം*, 1980 : 311-399
21. അതേ പുസ്തകം, 1980: 319
22. അതേ പുസ്തകം, 1980 : 319
23. *മലയാളവ്യാകരണസമീക്ഷ*, 2007 : ഖണ്ഡിക 4.6
24. കെ.പി. നാരായണപിഷാരോടി, 'മലയാളം അക്ഷരമാല', മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്, 1971 ഫെബ്രുവരി 21, പുസ്തകം 48, ലക്കം 49.
25. *കൈരളീശബ്ദാനുശാസനം*, 980, 'ഭൂതകാലം' - ഖണ്ഡിക 5.49,1 ഭൂതേതരം - ഖണ്ഡിക 5.59
26. ''കാലപ്രത്യയങ്ങളുടെ കൂട്ടത്തിൽ പുത്തൻ കൂറ്റുകാരനാണ് വർത്തമാന പ്രത്യയം'' - *കൈരളീശബ്ദാനുശാസനം*, കെ. സുകുമാരപിള്ള, 1980 : ഖണ്ഡിക 5.63.
27. *കേരളപാണിനീയക്കുറിപ്പുകൾ*- എൽ. വി. രാമസ്വാമി അയ്യർ (വിവ. ടി.ബി. വേണുഗോപാലപ്പണിക്കർ), മലയാളവിമർശം 12, ജൂലായ് 91 - ജൂൺ 92.
28. എം. ലീലാവതി - 'മലയാളത്തിലെ വർത്തമാനകാലപ്രത്യയത്തിന്റെ നിഷ്പത്തി', ഭാഷാസാഹിതി-1, 1977 ജനുവരി - മാർച്ച്, പുസ്തകം 1, ലക്കം 1.
29. *കേരളപാണിനീയഭാഷ്യം,* ഖണ്ഡിക 6.8 - 6.9
30. അതേ പുസ്തകം, ഖണ്ഡിക 6.11 - 6.12
31. അതേ പുസ്തകം, ഖണ്ഡിക 6.15.
32. അതേ പുസ്തകം, ഖണ്ഡിക 6.16
33. അതേ പുസ്തകം, ഖണ്ഡിക 6.17
34. അതേ പുസ്തകം, ഖണ്ഡിക 6.18
35. അതേ പുസ്തകം, ഖണ്ഡിക 6.19

36. അതേ പുസ്തകം, ഖണ്ഡിക 6.21

37. *കോളിൻസിന്റെ മലയാളം വ്യാകരണം*, 'Formation of causal verbs' എന്ന ഭാഗം, 2018 : പുറം 94.

38. *കേരളപാണിനീയഭാഷ്യം*, ഖണ്ഡിക 6.12.

39. *കോളിൻസിന്റെ മലയാളം വ്യാകരണം*, 'Formation of Neuter and Active verbs' എന്ന ഭാഗം, 2018 : പുറം 93-94.

40. *കേരളപാണിനീയവിജ്ഞാനം II* - എം. ശ്രീനാഥൻ & സി. സെയ്തലവി (എഡി.), 2017 : 360-367.

41. സി.വി. വാസുദേവഭട്ടതിരി - 'ആധാരികാപ്രത്യയങ്ങൾ' - വിജ്ഞാന കൈരളി 1973 മെയ്, വാല്യം 4, ലക്കം 12.

42. *കേരളപാണിനീയവിജ്ഞാനം II* - എം. ശ്രീനാഥൻ & സി. സെയ്തലവി (എഡി.), 2017 : 495.

43. സി. വി.വാസുദേവഭട്ടതിരി, 'കേരളപാണിനിയും സമകാലിക വൈയാകരണൻമാരും', ഭാഷാപോഷിണി 1982 ജൂലൈ, പുസ്തകം 6, ലക്കം 1.

44. കെ.പി. നാരായണപിഷാരോടി, 'കേരളപാണിനീയഭാഷ്യം', സാഹിത്യലോകം, മെയ് - ജൂൺ 1974, പുസ്തകം 5, ലക്കം 3.

# ഭാഗം 5

# പ്രത്യയതലം

പദസ്വരൂപത്തെക്കുറിച്ച് വിവരിക്കുമ്പോഴാണ് കേരളപാണിനി പ്രകൃതിപ്രത്യയങ്ങളെ വ്യവച്ഛേദിച്ചു വ്യക്തമാക്കുന്നത്. പ്രത്യയത്തെ പ്രകൃതിയിൽ ചേർത്തുണ്ടാക്കുന്നതാണ് പദം എന്ന് 38-ാം കാരിക വിശദമാക്കുന്നു. പ്രകൃതിപ്രത്യയങ്ങൾ ചേർന്നിട്ടുള്ള ശബ്ദസ്വരൂപമാണ് പദം എന്ന് കേരളപാണിനി വ്യവഹരിക്കുന്നുണ്ട്. പദത്തെ ഒരു മരത്തിന്റെ നിലയിൽ സങ്കൽപ്പിക്കുന്നതായാൽ പ്രകൃതി എന്നതിനെ ആ മരത്തിന്റെ നാരായവേരായി ഗണിക്കാം എന്നും പ്രത്യയങ്ങളെ മരത്തിൽ കവരങ്ങളുണ്ടാകുന്നതുപോലെ ഒന്നിനുമേൽ ഒന്നായി ചേർത്ത് നിൽക്കുന്നവയാണെന്ന് കരുതാമെന്നും കേരളപാണിനി സങ്കൽപ്പിക്കുന്നു.

### 5.1. വിഭക്തിസംജ്ഞകൾ

സി. എൽ. ആന്റണിയുടെ *കേരളപാണിനീയഭാഷ്യ*ത്തിലെ നാലാം അധ്യായത്തിലാണ് വിഭക്തിയെ സംബന്ധിച്ച പുനർവിചാരം നടക്കുന്നത്[1]. മലയാളഭാഷയിലെ വിഭക്തികൾക്ക് വിശേഷമായ പേരുകൾ നിർദ്ദേശിച്ചതിന്റെ കാരണങ്ങളെക്കുറിച്ച് കേരളപാണിനീയത്തിൽ ഏ. ആർ. രാജരാജവർമ്മ വിശദീകരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ വിശദീകരണങ്ങളുടെ വിമർശനം നിർവ്വഹിക്കുന്നതിനൊപ്പം മലയാളത്തിലെ വിഭക്തികാര്യങ്ങളുടെ വൈപുല്യം ഉദാഹരണങ്ങളിലൂടെ അവതരിപ്പിക്കാനും സി. എൽ. ആന്റണി അവിടെ ശ്രമിക്കുന്നു.

14-ാം നൂറ്റാണ്ടിലെ *ലീലാതിലകം* മുതൽ 20-ാംനൂറ്റാണ്ടിലെ *വ്യാകരണമിത്രം*വരെയുള്ള കൃതികളെടുത്താൽ *കേരളപാണിനീയ*ത്തിലാണ് വിഭക്തികളെ പ്രത്യേകപേരുകൾ നൽകി വ്യവഹരിക്കുന്നതെന്ന വസ്തുത നിലനിൽക്കുമ്പോഴും *കേരളപാണിനീയ*ത്തെ അതിലേക്കു നയിച്ച ഒരു യഥാർത്ഥ വ്യാകരണികപരിസരം എന്താണെന്നുള്ള അന്വേഷണങ്ങളും ഈ അധ്യായത്തിൽ കാണാം.

### 5.1.1. വിഭക്തിസംജ്ഞകൾ : കേരളപാണിനീയത്തിലെ വിശദീകരണം

സംസ്കൃതത്തിലെ വിഭക്തിസംജ്ഞകൾ ദ്രാവിഡരീതിക്ക് ഒട്ടും യോജിക്കുന്നതല്ലെന്നാണ് കേരളപാണിനിയുടെ പക്ഷം. അതിനു നാല് കാരണങ്ങളാണ് അദ്ദേഹം അവതരിപ്പിക്കുന്നത്2. അവ സി. എൽ. ആൻറണി സംഗ്രഹിച്ചിട്ടുണ്ട്:-

(1) ‘‘സംസ്കൃതത്തിൽ ഒരു രൂപത്തിനു പല അർത്ഥങ്ങളുണ്ട് മലയാളത്തിലാകട്ടെ ഓരോ അർത്ഥത്തിനും ഓരോ പ്രത്യേകരൂപമാണ്. ഉദാഹരണത്തിന്,

'തേന' എന്ന സംസ്കൃതരൂപത്തിന്, അതു ഹേതുവായി, അതായി, അതു കൊണ്ട്, അതിനാൽ, അതിനോട്, അതിലൂടെ എന്നിങ്ങനെ യഥാക്രമം ഹേതു, അഭേദം, കാരണം, കർത്താ, സാഹിത്യം, ദ്വാരത എന്ന ആറർത്ഥം സംസ്കൃതത്തിലുള്ളപ്പോൾ ഭാഷയിൽ ഈ ഓരോ അർത്ഥത്തിനു ഓരോ രൂപം പ്രത്യേകമായിട്ടുണ്ട്. സംസ്കൃതത്തിൽ ഈ ആറർത്ഥങ്ങളും ഒരേ രൂപത്തിന്റെ നാനാർത്ഥങ്ങളായതുകൊണ്ട് അവയ്ക്കെല്ലാംകൂടി രൂപത്തെ ആശ്രയിച്ചുള്ള 'തൃതീയ' എന്ന ഒരൊറ്റപ്പേര് ഉപയോഗിക്കേണ്ടിവന്നു. മലയാളത്തിലാകട്ടെ, അർത്ഥം മാറുന്നതിനനുസരിച്ച് രൂപവും മാറുന്നതു കൊണ്ട് അവയ്ക്കെല്ലാംകൂടി ഒരു പേരു കൊടുക്കുന്നതു ശരിയല്ല.

(2) രാമസ്യ പുത്രോ ജാത : (രാമനു പുത്രൻ ഉണ്ടായി), രാമായ ധനമദാത് (രാമനു ധനം കൊടുത്തു) എന്നിങ്ങനെ സംസ്കൃതത്തിൽ രണ്ടു പ്രത്യയങ്ങൾ വേണ്ടിടത്ത് ഭാഷയിൽ ഒരേ പ്രത്യയംതന്നെ മതി; മറിച്ച് ഭാഷയിൽ രണ്ടു വേണ്ടിടത്ത് സംസ്കൃതത്തിൽ ഒന്നു മതി.

(3) മലയാളത്തിൽ വിഭക്തിപ്രത്യങ്ങൾകൂടാതെ ഗതികൾ തുടങ്ങിയ മറ്റുപാധികളെക്കൊണ്ടും വിഭക്ത്യർത്ഥം വരുത്താം.

(4) വിഭക്തിപ്രത്യയങ്ങളുടെ എണ്ണം സംസ്കൃതത്തിലും ഭാഷയിലും ഏഴു തന്നെയാണെങ്കിലും അർത്ഥത്തിൽ അവ യോജിക്കുന്നില്ല. അതായത്, സംസ്കൃതത്തിലെ പഞ്ചമീവിഭക്തിയുടെ സ്ഥാനത്ത് ഭാഷയിൽ ഒരു വിഭക്തിപ്രത്യയം ഇല്ല. തന്മൂലം ഷഷ്ഠിയെ പഞ്ചമിയാക്കേണ്ടിവരും. അപ്പോൾ ആറിനെ അഞ്ചാക്കി എന്ന തരക്കേടു വന്നുകൂടുകയും ചെയ്യും.'' (ആന്റണി, 2005 : 46-47).

ഇവയിൽ അവസാനം പ്രതിപാദിക്കുന്ന മൂന്നു കാരണങ്ങളും പരിഹരിക്കാനുള്ള ഒരു മാർഗ്ഗം *കേരളപാണിനീയഭാഷ്യ*ത്തിൽ പറയുന്നുണ്ട്. മലയാളം-സംസ്കൃതം ഭാഷകളിലെ വിഭക്തികൾ താരതമ്യപ്പെടുത്തി പഠിക്കുമ്പോഴുള്ള പ്രശ്നങ്ങളാണിതെന്നും നമ്മുടെ വിഭക്തിപ്രയോഗങ്ങളെയും പ്രത്യയങ്ങളെയും മാത്രമായെടുത്ത് സംസ്കൃതസംഖ്യാരൂപങ്ങളായ പ്രഥമ-ദ്വിതീയാദികൾ ഒഴിവാക്കി മലയാളസാംഖ്യഭേദകങ്ങളായ ഒന്നാംവിഭക്തി, രണ്ടാംവിഭക്തി എന്ന രീതിയിൽ സ്വീകരിച്ചാൽ ദൂരീകരിക്കാവുന്നതാണ് അവസാനത്തെ മൂന്നു കാരണങ്ങളും എന്നാണ് സി. എൽ. ആന്റണിയുടെ പക്ഷം. ഒന്നാമതായി കേരളപാണിനി സൂചിപ്പിച്ച കാരണമാണ് സംഗതമായിട്ടുള്ളത്. സംസ്കൃതത്തിൽ ഒരു വിഭക്തിപ്രത്യയത്തിന് അനേകം അർത്ഥങ്ങളുള്ളതിനാൽ രൂപത്തെ ആസ്പദമാക്കി പ്രഥമ, ദ്വിതീയ എന്നീ സംഖ്യാനാമങ്ങൾ സ്വീകരിക്കാമെന്നും മലയാളത്തിൽ ഏകാർത്ഥകങ്ങളായ വിഭക്തിപ്രത്യയങ്ങളെ കുറിക്കാൻ അർത്ഥാടിസ്ഥാനത്തി

ലുള്ള സംജ്ഞകൾ ആവശ്യമാണെന്നുമാണ് ഏ. ആർ. പറയുന്നത്. എന്നാൽ വിഭക്തിപ്രത്യയങ്ങളെയും പ്രയോഗസവിശേഷതകളെയും സൂക്ഷ്മവിശകലനം നടത്താതെ അദ്ദേഹം നടത്തിയിട്ടുള്ള ഒരു പ്രസ്താവനയായിട്ടാണ് ഈ ഒന്നാം കാരണത്തെ സി. എൽ. ആന്റണി വിലയിരുത്തുന്നത്.

### 5.1.2. വിഭക്തിപ്രത്യയം : രൂപവും അർത്ഥവും

വിഭക്തിപ്രത്യയങ്ങളെ നിർണ്ണയിക്കുന്നതിൽ രൂപം, അർത്ഥം എന്നിവയിൽ ഏതിനു പ്രാധാന്യം നൽകണമെന്നത് ചിന്തനീയമായ ഒരു കാര്യമാണ്. പൂർവ്വവൈയാകരണന്മാരുടെ ആലോചനകളിൽ ഈ ആശയം കടന്നുവരുന്നുണ്ട്. ജോർജ്ജ് മാത്തനും റോബർട്ട് കാൾഡ്വലും ഈ പ്രശ്നത്തിലേക്ക് എത്തിച്ചേരാൻ സഹായകമായ നിരീക്ഷണങ്ങളിലേർപ്പെടുന്നുണ്ട്.

#### 5.1.2.1. റവ. ജോർജ്ജ് മാത്തൻ

''വിഭക്തികളുടെ സംഖ്യയും വിവരവും നിശ്ചയിക്കുംപോൾ അർത്ഥം തന്നെയല്ല നോക്കേണ്ടുന്നതു, രൂപവും കൂടെ നോക്കുവാൻ ഉള്ളതാകുന്നു. അർത്ഥം മാത്രം നോക്കിയാൽ ഒരു ഭാഷയിൽ കാണിക്കപ്പെടുന്ന സംബന്ധങ്ങൾ ഒക്കയും ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ശേഷം എല്ലാ ഭാഷകളിലും കുറിക്കപ്പെടാകുന്നതാകയാൽ എല്ലാ ഭാഷകളിലും വിഭക്തിയുടെ സംഖ്യയും വിവരവും ഒരുപോലായിരിക്കും.'' (ജോർജ്ജ് മാത്തൻ, 2000: 52).

''സംസ്കൃതത്തിലും അതിന്റെ സമശിഖരങ്ങളായ യാവനത്തിലും ലത്തീനിലും ഇന്ദ്യയിലെ പ്രാകൃതഭാഷകളിലും കൂടെക്കൂടെ വരുന്ന സംബന്ധങ്ങൾ രൂപഭേദംകൊണ്ടു കാണിക്കപ്പെടുന്നു. വസ്തുക്കൾക്കു തമ്മിൽ തമ്മിൽ ഉള്ള സംബന്ധങ്ങൾ അനവധിയാകയാൽ അവയെ എല്ലാം രൂപഭേദംകൊണ്ടു കാണിക്കെണമെന്നു വന്നാൽ വിഭക്തികൾ അസംഖ്യമായി പോകും'' (2000 : 51).

സംസ്കൃതാദിഭാഷകളിലെ രൂപാടിസ്ഥാനത്തിലുള്ള വിഭക്തിസംബന്ധങ്ങളെയും മലയാഴ്മയിലെ അർത്ഥനിയാമകമായ വിഭക്തിപ്രയോഗങ്ങളെയും സംയോജിപ്പിച്ച് രൂപവും അർത്ഥവും ഒരേപോലെ പരിഗണിച്ചുവേണം വിഭക്തിപഠനം നടത്താനെന്ന നിഗമനത്തിൽ മാത്തൻ എത്തിച്ചേരുന്നു.

''മലയാഴ്മയിൽ എട്ടു വിഭക്തികൾ ഉണ്ട്. അവയുടെ നാമങ്ങളെയും രൂപങ്ങളെയും ദൃഷ്ടാന്തങ്ങളെയും പൊരുൾകളെയും ക്രമപ്രകാരം താഴെ കാണിക്കുന്നു.

| പേര് | രൂപം | ദൃഷ്ടാന്തം | പൊരുൾ |
|---|---|---|---|
| പ്രഥമ | -- | നദി | കർത്താവ് - ചെയ്യുന്നവൻ |
| ദ്വിതീയ | എ | നദിയെ | കർമ്മം — ചെയ്യുന്ന കാര്യം |
| തൃതീയ | ഓടു | നദിയോടു | സാഹിത്യം - ചെയ്യുന്നവന്റെകൂട്ട |
| ചതുർത്ഥി | ക്കു | നദിക്കു | സാദ്ധ്യം - ചെയ്യുന്നതിന്റെ സാദ്ധ്യം |
| പഞ്ചമി | ആൽ | നദിയാൽ | കാരണം-ചെയ്യുന്നതിനുള്ളഹേതു |
| ഷഷ്ടി | ടെ | നദിയുടെ | ആധീനത - കൈവശം |
| സപ്തമി | ഇൽ | നദിയിൽ | സ്ഥലം - ചെയ്യുന്ന സ്ഥലം |
| അഷ്ടമി | ഏ | നദിയേ | സംബോധനം - വിളി |

(2000 : 51-52)

ഇത്തരത്തിൽ വിഭക്തിപ്രത്യയങ്ങളുടെ രൂപങ്ങൾക്കും അർത്ഥങ്ങൾക്കും തുല്ല്യപ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു വീക്ഷണം പുലർത്തുന്നതിനൊപ്പം മറ്റൊരു പ്രധാന ആശയവും അവതരിപ്പിക്കുന്നു. ഒരു വിഭക്തി വ്യത്യസ്തരൂപങ്ങളോടെ നിൽക്കുമ്പോഴും സമാനമായ ഒരു അർത്ഥത്തെ പ്രദാനംചെയ്യാൻ സാധിക്കുമെന്ന വീക്ഷണമാണത്. ‘‘പിന്നയും ഒരു ഭാഷയിൽതന്നെ സമാനസംബന്ധങ്ങൾ പല വിധത്തിൽ പറയപ്പടുന്നു : ദൃ-ന്തം; ‘കന്നിയുടെ പുത്രൻ’ എന്നും ‘കന്നി പെറ്റ പുത്രൻ’ എന്നും ഉള്ളവ അർത്ഥത്തിൽ ശരിയായിരിക്കുന്നു. എന്നാൽ സംബന്ധം കാണിക്കുന്നതിന്നു നാമങ്ങൾക്കു ഉണ്ടാകുന്ന രൂപഭേദങ്ങൾ ഒക്കയും പ്രത്യേകം ഓരോ വിഭക്തികളാകുന്നു എന്നു വിചാരിക്കേണ്ടുന്നതുമല്ല. എന്തെന്നാൽ പല രൂപങ്ങൾ ഒരു സംബന്ധംതന്നെ കാണിക്കുമ്പോൾ അവ പല വിഭക്തികളായിട്ടല്ല, ഒരു വിഭക്തി ആയിട്ടുതന്നെ വിചാരിക്കപ്പടുന്നു: ദൃ-ന്തം; ‘ആളിന്നു ആളുക്കു’ എന്നവ രണ്ടും തമ്മിൽ രൂപഭേദമായിരിക്കുന്നു എങ്കിലും അർത്ഥവ്യത്യാസം ഇല്ലാത്തതുകൊണ്ടു രണ്ടും ചതുർത്ഥിയായിട്ടത്രേ വിചാരിക്കപ്പടുന്നു. ആകയാൽ അർത്ഥഭേദവും രൂപഭേദവും ഒരുപോലെ ചേരുന്ന പടുതികൾ മാത്രമെ വിഭക്തികളാകത്തുള്ളൂ.’’ (2000 : 52).

വിഭക്തിയിൽ അർത്ഥവും രൂപവും പ്രധാനമാകുന്നതിനൊപ്പം ഒരേ വിഭക്തിയ്ക്കുണ്ടാകാവുന്ന അനേകാർത്ഥങ്ങളും വ്യത്യസ്തരൂപങ്ങളും കൂടി മാത്തൻ പരിഗണിക്കുന്നുണ്ടെന്ന് കാണാം.

### 5.1.2.2. റവ. റോബർട്ട് കാൾഡ്വൽ

ദ്രാവിഡഭാഷകളുടെ വിഭക്തിനിർണ്ണയചർച്ചകളിൽ സംസ്കൃതത്തെ അനുകരിച്ചുള്ള രീതി ഒട്ടും അഭിലഷണീയമല്ലെന്നാണ് കാൾഡ്വലിന്റെ അഭിപ്രായം. വക്താവിന്റെ ആശയങ്ങളെ ഉൾക്കൊള്ളാൻ കഴിയുന്ന രീതിയിലാവണം വിഭക്തി

കളെ നിർണ്ണയിക്കാനെന്നും ഒരേ പ്രത്യയംതന്നെ അനേകാർത്ഥങ്ങളെ ഉൽപാദിപ്പിക്കാമെന്നും അദ്ദേഹം സമർത്ഥിക്കുന്നു : ''സംസ്കൃതത്തിൽ കാണുന്ന ക്രമമാണ് ദ്രാവിഡത്തിലും ഉള്ളത്. ഇക്കാര്യത്തിൽ സംസ്കൃതത്തെ അനുകരിച്ചത് തികച്ചും തെറ്റായിട്ടുണ്ട്. കാരണം സംസ്കൃതത്തിൽ എട്ടേയുള്ളൂ വിഭക്തികൾ തമിഴ്, തെലുങ്ക് തുടങ്ങിയവയിൽ അസംഖ്യമാണ്. ഒരു നാമത്തോടു ചേർക്കുന്ന ഓരോ അനുപ്രയോഗവും ശരിക്കും ഓരോ വിഭക്തിയാണ്. അതുകൊണ്ട് വക്താവിന്റെ ആവശ്യങ്ങളും അയാൾ വിവക്ഷിക്കുന്ന വിവിധ ആശയങ്ങളും ആധാരമാക്കി വേണം വിഭക്തികളുടെ സംഖ്യ നിർണയിക്കാൻ. പ്രകൃതിയിലോ വികാരികാരകത്തിലോ ചേർക്കുന്ന പ്രത്യയം ചിലപ്പോൾ സംബന്ധികാർത്ഥവും, മറ്റു ചിലപ്പോൾ ആധാരികാർത്ഥവും, ഇതൊന്നുമല്ലെങ്കിൽ വിശേഷണവിവക്ഷയും കൈക്കൊള്ളുന്നതായിക്കാണാം. അതോരോന്നും ഓരോ വിഭക്തി ആയിരിക്കേണ്ടതാണ് . . . . . ഇതൊന്നും കണക്കാക്കാതെ ദ്രാവിഡവൈയാകരണന്മാർ വിഭക്തികളെ എട്ടായി നിയമനം ചെയ്തിരിക്കുന്നു'' (കാൾഡ്വൽ, അ 2014 : 315).

ദ്രാവിഡഭാഷകളിൽ വിഭക്തിസംജ്ഞകൾ സംസ്കൃതഭാഷയെ അനുകരിച്ച് സംഖ്യാക്രമത്തിൽ വിവരിക്കുന്ന രീതിയെ കാൾഡ്വൽ എതിർക്കുന്നു. ഉദ്ദേശിക, പ്രയോജിക എന്നിങ്ങനെ നാമകരണം ചെയ്യുന്നത് വിഭക്തികളെ വിവരണാത്മകമായി മനസ്സിലാക്കിയിട്ടാണെന്നും പ്രസ്താവിക്കുന്നു. വിഭക്തിസംജ്ഞകളുടെ കാര്യത്തിൽ സംസ്കൃതത്തെ അനുകരിക്കുന്ന വികലരീതി വിമർശിക്കുക, ആശയങ്ങളെയും അർത്ഥതലങ്ങളെയും ആസ്പദമാക്കിയുള്ള വിഭക്തിനിർണ്ണയനം നടത്തുക, ഒരേ വിഭക്തിപ്രത്യയത്തിനു വരുന്ന അനേകാർത്ഥങ്ങൾ മനസ്സിലാക്കുക എന്നീ കാര്യങ്ങളൊക്കെ കാൾഡ്വൽ പരിഗണിക്കുന്നുവെന്നു സാരം.

സിഥിയൻഗോത്രഭാഷകളിലെ വിഭക്തിരൂപസിദ്ധാന്തങ്ങളുമായിട്ടാണ് ദ്രാവിഡഭാഷകളിലെ വിഭക്തിപ്രയോഗങ്ങളെ കാൾഡ്വൽ താരതമ്യപ്പെടുത്തുന്നത്. ഇംഗ്ലീഷ്, സംസ്കൃതം എന്നിവ ഉൾക്കൊള്ളുന്ന ഇൻഡോ-യൂറോപ്യൻഗോത്രത്തിൽനിന്ന് വ്യത്യസ്തമാണ് സിഥിയൻഗോത്രത്തിന്റെ വിഭക്തികാര്യങ്ങളെന്നും വിവരിക്കുന്നു: ''ഒരു സാമാന്യനിയമമെന്ന നിലയ്ക്ക് ആദികാലം മുതലേ ഈ ഭാഷകൾ (ഇൻഡോ-യൂറോപ്യൻ ഭാഷകൾ) ഏകവചനരൂപത്തിലെ വിഭക്തിബന്ധങ്ങളും ബഹുവചനരൂപത്തിലെ വിഭക്തിബന്ധങ്ങളും കാണിക്കുവാൻ പ്രത്യേകം പ്രത്യേകം പ്രത്യയങ്ങളാണ് പ്രയോഗിച്ചിട്ടുള്ളതെന്നു പറയേണ്ടിയിരിക്കുന്നു. നേരെമറിച്ച് സിഥിയൻവകുപ്പിൽപ്പെട്ട ഭാഷകളിൽ ഒരു വ്യത്യാസവും കൂടാതെയാണ് ഏകവചനത്തിലും ബഹുവചനത്തിലും വിഭക്തിപ്രത്യയങ്ങൾ ചേർക്കുന്നത്. വ്യത്യാസം ഉണ്ടെങ്കിൽത്തന്നെ അതിൽ സുഖശ്രുതിക്കുള്ള മാറ്റങ്ങൾ മാത്രമേ കാണു.'' (2014 അ : 313) എന്നും ''ഏകവചനത്തിലും ബഹുവചനത്തിലും ഒരേ വിഭക്തിപ്രത്യയങ്ങളാണ് ചേർക്കുന്നത് എന്ന കാര്യത്തിൽ ദ്രാവിഡഭാഷകളും

സിഥിയൻഭാഷകളും പരിപൂർണ്ണമായ ഐക്യം പുലർത്തുന്നു എന്നും, ഇൻഡോ-യൂറോപ്യൻ ഗോത്രങ്ങളുമായി ദ്രാവിഡഭാഷകൾ ഈ വിഷയത്തിൽ അകന്നു നിൽക്കുന്നു എന്നും പരിശോധനയിൽ നിന്നു ഗ്രഹിക്കാം'' (2014 അ : 314) എന്നും കാൾഡ്വൽ നിരീക്ഷിക്കുന്നു. വചനപ്രത്യയങ്ങളെന്ന നിലയിൽ വിഭക്തിപ്രത്യയങ്ങൾ പല രൂപങ്ങളിൽ വരുന്നത് സംസ്കൃതം, ഇംഗ്ലീഷ് എന്നീ ഭാഷകളുടെ രീതിയാണെന്നും മലയാളമുൾപ്പെടുന്ന ദ്രാവിഡഗോത്രത്തിന്റെ സ്വഭാവമല്ലെന്നും ഇതിലൂടെ മനസ്സിലാക്കാം.

### 5.1.2.3. മിഷണറിവ്യാകരണങ്ങൾ

റോബർട്ട് ഡ്രമ്മണ്ട്, സ്പ്രിംഗ്, ജോസഫ് പീറ്റ്, കോളിൻസ് എന്നിവരുടെ വിഭക്തിപ്രത്യയവിവരണങ്ങളുടെ ആധാരമായി വർത്തിക്കുന്നത് ഇംഗ്ലീഷ്വ്യാകരണമാണെന്നു പറയാം. ഏകവചന-ബഹുവചനങ്ങളിൽ വിഭക്തിപ്രത്യയങ്ങൾ വ്യത്യസ്തരൂപങ്ങളിൽ കാണപ്പെടുന്നുവെന്ന ഇൻഡോ-യൂറോപ്യൻഗോത്രസ്വഭാവമാണ് മേൽപറഞ്ഞ മിഷണറിവൈയാകരണന്മാർ അനുവർത്തിക്കുന്നത്.

#### 5.1.2.3.1. റോബർട്ട് ഡ്രമണ്ട്

| | Singular | Plural |
|---|---|---|
| Nominative | വില്ല a bow | വില്ലുകൾ |
| Genitive | വില്ലിറെൻറ | വില്ലുകളുടെ |
| Dative | വില്ലിന | വില്ലുകൾക്ക |
| Accusative | വില്ലിനെ | വില്ലുകളെ |
| Vocative | വില്ലെ | the same |
| I[st] Ablative | വില്ലിൽ | വില്ലുകളിൽനിന്ന |
| 2[nd] Ablative | വില്ലിനൊട | വില്ലുകളൊട |
| 3[rd] Ablative | വില്ലിനാൽ | വില്ലുകളാൽ |
| 4[th] Ablative | വില്ലിൽനിന്ന | വില്ലുകളിൽനിന്ന |

(ഡ്രമണ്ട്, 2019 : 15-16)

ബഹുവചനപ്രത്യയമായ 'മാർ' ചേർന്നുവരുന്ന പദങ്ങളിലെ വിഭക്തിപ്രത്യയങ്ങളുടെ സംയോജനവും ഉദാഹരണസഹിതം അവതരിപ്പിക്കുന്നു : "Nouns of this termination form the plural by adding 'മാര്' to the final 'ൻ', or by changing this latter into 'ര്', as was above noticed in speaking of nouns in an, thus പുത്രൻ or പുത്രൻമാർ sons, പുത്രരുടെ or പുത്രന്മാരുടെ of

sons, പുത്രർക്ക or പുത്രന്മാർക്ക to sons, പുത്രരെ or പുത്രന്മാരെ in the acc. and voc. പുത്രരിൽ or പുത്രന്മാരിൽ, പുത്രരൊട or പുത്രന്മാരൊട. പുത്രരാൽ or പുത്രന്മാരാൽ, പുത്രരിൽനിന്ന or പുത്രന്മാരിൽ നിന്ന in the ablatives respectively"(2019 : 18).

**5.1.2.3.2. സ്പ്രിംഗ്**

| Case | Singular | Plural |
|---|---|---|
| 1 | --- | --- |
| 2 | ന്റെ or ഇന്റെ | ഇടെ or ഉടെ |
| 3 | ന്ന or ഇന്ന | ക്ക or ഇക്ക |
| 4 | എ or നെ | യെ |
| 5 | ആൽ or നാൽ | യാൽ |
| 6 | ഒട or നൊട | യൊട |
| 7 | ഇൽ or നിൽ | യിൽ |
| 8 | ഇൻനിന്ന or നിൽനിന്ന | യിൽനിന്ന |

(സ്പ്രിംഗ്, 2018 : 24-25)

ബഹുവചനപദങ്ങളുടെ വിഭക്തിപ്രയോഗങ്ങളെയും പ്രത്യയങ്ങളുടെ പട്ടിക നൽകി സ്പ്രിംഗ് അവതരിപ്പിക്കുന്നു.

**Plural**

| | | | |
|---|---|---|---|
| **Case** | 1 | കൾ, ക്കൾ or ങ്ങൾ | ർ, ര, മാർ or ന്മാർ |
| | 2 | ളുടെ | രുടെ or രിടെ |
| | 3 | ൾക്ക | ർക്ക |
| | 4 | ളെ | രെ |
| | 5 | ളിൽ | രിൽ |
| | 6 | ളൊട | രൊട |
| | 7 | ളിൽ | രിൽ |
| | 8 | ളിൽനിന്ന | രിൽനിന്ന (2018 : 25) |

5.1.2.3.3. ജോസഫ് പീറ്റ്

| CASES | SINGULAR | PLURAL |
|---|---|---|
| Nominative | --- | കൾ, ക്കൾ, ങ്ങൾ, ർ, മാർ, ന്മാർ, ക്കന്മാർ |
| Genitive | ന്റെ, ഇന്റെ or ഉടെ | ഉടെ |
| Dative | ന്ന, ക്ക | ക്ക |
| Accusative | എ, യെ | എ |
| I^st Ablative 'by' | ആൽ | ആൽ |
| 2^nd Ablative 'with' | ഓട | ഓട |
| 3^rd Ablative 'in' | ഇൽ | ഇൽ |
| 4^th Ablative 'from' | ഇൽനിന്ന | ഇൽനിന്ന |

(പീറ്റ്, 2018 : 35)

മലയാളഭാഷയിൽ നാമങ്ങൾക്ക് എട്ടുതരം വിഭക്തികൾ കാണപ്പെടുന്നു വെന്നും അവയുടെ പ്രത്യയങ്ങൾ ചേരുമ്പോൾ പ്രഥമാവിഭക്തിയിലുള്ള നാമപദ ത്തിന് വിഭക്തിരൂപഭേദങ്ങൾ സംഭവിക്കാമെന്നും ഉദാഹരണങ്ങളോടെ അവതരിപ്പി ക്കുന്നു.

"There are five declensions of nouns, distinguished by the ending of the nominative case. The first has its nominative case ending in 'O'

- Second ‘ൻ’

- Third ‘ൽ, ൾ’

and nouns followed by the half sound of ‘അ’

- Fourth has its nominative case ending in ‘ആ, ഇ, ഠരം’ and nouns followed by the full sound of ‘അ’

- Fifth has its nominative case ending in ‘ഉ’ (2018 : 35-36).

- നാമത്തിന്റെ നിർദ്ദേശികരൂപത്തിന്റെ അന്ത്യത്തിൽ അനുസ്വാരം വരുന്നതിന് വൃക്ഷം (ഏകവചനം), വൃക്ഷങ്ങൾ (ബഹുവചനം) എന്നിവയിൽ മുൻപു സൂചിപ്പിച്ച വിഭക്തിപ്രത്യയങ്ങൾ ചേരുന്നത് ഉദാഹരിക്കുന്നു.

വൃക്ഷം (N) - വൃക്ഷത്തിന്റെ (Gen) - വൃക്ഷത്തിന്ന (Dati)

വൃക്ഷങ്ങൾ (N) - വൃക്ഷങ്ങളുടെ (Gen) –വൃക്ഷങ്ങൾക്ക (Dat) .... എന്നി ങ്ങനെ

- നിർദ്ദേശികനാമാന്തത്തിൽ 'ൻ' വരുന്നതിന് ഉദാഹരണമായി 'പുത്രൻ' എന്നും ബഹുവചനമായി പുത്രന്മാർ എന്നും നൽകി വിഭക്തിപ്രത്യയസഹി തമായി ഉദാഹരണം നൽകുന്നു.
- മൂന്നാമതായി 'ൽ, ൾ, 'അ'യുടെ അർദ്ധസ്വരം' എന്നിവ നാമാന്തത്തിൽ വരു മ്പോൾ വിഭക്തിരൂപഭേദങ്ങളെ ഉദാഹരിക്കുന്നു.

'ൽ' → മതിൽ (ഏകവചനം), മതിലുകൾ (ബഹുവചനം)

'ൾ' → 'തേൾ' (ഏകവചനം), തേളുകൾ or തേളകൾ (ബഹുവചനം)

അർദ്ധസ്വരമായ 'അ' → പിതാവ (ഏകവചനം),പിതാക്കന്മാർ (ബഹുവചനം) ഇവയെ വിഭക്തിപ്രത്യയങ്ങളുമായി കൂട്ടിച്ചേർത്ത് വിവരിക്കുന്നു.

- നിർദ്ദേശികനാമാന്തത്തിൽ ദീർഘസ്വരമായ 'ആ', ഇ or ഠരം, പൂർണസ്വര മായ 'അ' എന്നിവയ്ക്ക് യഥാക്രമം കടുവാ (ഏ) - കടുവാകൾ (ബ), പന്നി (ഏ) - പന്നികൾ (ബ), കുതിര (ഏ) - കുതിരകൾ (ബ) എന്നീ നാമപദങ്ങളിൽ വിഭക്തിരൂപഭേദങ്ങൾ പ്രകടമാകുന്നതിനെ വിവരിക്കുന്നു. (2018: 36-40).

**5.1.2.3.4. റിച്ചാർഡ് കോളിൻസ്**

| | | |
|---|---|---|
| Possessive | ഉടെ | of |
| Dative | ക്ക | to or for |
| Objective | െ | |
| Conjunctive | േ‑ാട | with |
| Mediative | ാൽ | by or through |
| Ist Locative | ിൽ & ിങ്കൽ | in |
| 2nd Locative | ിലേക്ക & ിങ്കലേക്ക | into or unto |
| 3rd Locative | ത്ത | (only of some nouns chiefly in O) at or on |
| Ablative | നിന്ന, ിൽനിന്ന, ിങ്കൽനിന്ന | from |

(കോളിൻസ്, 2018 : 61)

**കോളിൻസ് നൽകുന്ന അനവധി ഉദാഹരണങ്ങളിൽനിന്ന് ഒരെണ്ണം താഴെ കൊടുക്കുന്നു:**

| Case | Singular | Plural |
|---|---|---|
| Nom. | സ്ഥലം a place | സ്ഥലങ്ങൾ |
| Poss. | സ്ഥലത്തിന്റെ | സ്ഥലങ്ങളുടെ |
| Dat. | സ്ഥലത്തിന്ന | സ്ഥലങ്ങൾക്ക |
| Obj. | സ്ഥലത്തിനെ | സ്ഥലങ്ങളെ |
| Conj. | സ്ഥല-ത്തിനോട - ത്തോട | സ്ഥലങ്ങളോട |
| Med. | സ്ഥല-ത്തിനാൽ - ത്താൽ | സ്ഥലങ്ങളാൽ |
| Ist Loc. | സ്ഥല-ത്തിൽ-ത്തിങ്കൽ | സ്ഥലങ്ങളിൽ |
| 2nd Loc. | സ്ഥല-ത്തിലേക്ക - ത്തിങ്കലേക്ക | സ്ഥലങ്ങളിലേക്ക |
| 3rd Loc. | സ്ഥലത്ത | |
| Abl. | സ്ഥല-ത്തിൽനിന്ന - ത്തിങ്കൽനിന്ന | സ്ഥലങ്ങളിൽനിന്ന |

(2018 : 67)

നിർദ്ദേശികനാമാന്തത്തിലെ സ്വരാക്ഷരങ്ങൾ നോക്കി അവയെ മൂന്ന് വകുപ്പുകളായിട്ടാണ് കോളിൻസ് തരംതിരിക്കുന്നത്. ജോസഫ് പീറ്റ് അഞ്ച് വിഭാഗങ്ങളായിട്ടാണ് കാണുന്നതെന്ന് മുൻപെ സൂചിപ്പിച്ചിരിക്കുന്നു[3]. കോളിൻസിന്റെ വർഗ്ഗീകരണം :-

"Malayalim nouns may be conveniently classed under three declensions."

1. Comprises all nouns ending in ി, ീ, ം, and consonants having the long ആ sound. ഈ വകുപ്പിന് ഉദാഹരണങ്ങളായി പന്നി (singular) - പന്നികൾ (plural), കടുവാ (Si) - കടുവാകൾ (pl), കുതിര (Si) – കുതിരകൾ (Pl.) എന്നിവയിൽ വിഭക്തിപ്രത്യയസംയോജനങ്ങളോടെയുള്ള ഉദാഹരണം നൽകുന്നു.

2. The second declension comprises all nouns ending in ൽ, ൾ, അ Short, O and ഉ.

ഉദാ : മതിൽ (Si) – മതിലുകൾ (Pl.)

തേൾ (Si) – തേളുകൾ (Pl.)

വില്ല (Si) – വില്ലുകൾ (Pl.) — ഓരോന്നിനും വിഭക്തി

സ്ഥലം (Si) – സ്ഥലങ്ങൾ (Pl.) — രൂപഭേദങ്ങളോടെ

പശു (Si) – പശുക്കൾ (Pl.) — വിശദീകരണം നൽകുന്നു

3. The Third Declension : Is of nouns terminating in 'വ' masculine and 'ൻ'

ഉദാ : പിതാവ (Si) - പിതാക്കന്മാർ (pl)

പുത്രൻ (Si) - പുത്രന്മാർ (pl)

കൂട്ടക്കാരൻ (Si) - കൂട്ടക്കാർ (pl)

ഇവയെയും വിഭക്തിഭേദരൂപങ്ങളോടെ ഉദാഹരിക്കുന്നു. (2018 : 62-70).

ഇവിടെ ചർച്ചചെയ്ത ഏതാനും മിഷണറിവൈയാകരണന്മാരുടെ വീക്ഷണത്തിൽ ഇൻഡോ-യൂറോപ്യൻരീതിയിലുള്ള വിഭക്തിനിർണ്ണയനമാണുള്ളതെന്നു കാണാം. ഏകവചന-ബഹുവചനങ്ങളിൽ വിഭക്തിപ്രത്യയഭേദങ്ങളുടെ വിതരണം മിഷണറിവ്യാകരണങ്ങളിൽ സമാനമായി കാണുന്നത് ഇതിനു തെളിവാണ്. ഇന്ത്യൻ പ്രാദേശികഭാഷകളിൽ വിഭക്തികളെ സംഖ്യാരൂപേണ അവതരിപ്പിക്കുന്നതിൽനിന്നും വ്യത്യസ്തമായാണ് താൻ വിഭക്തികൾക്ക് സംജ്ഞകൾ കൊടുക്കുന്നതെന്ന് പീറ്റ് അഭിപ്രായപ്പെടുന്നുണ്ട് :

"It is usual among Native teachers of the Indian languages, to classify the cases of nouns by numbers; which, with very few exceptions, are arranged as follows . . . " എന്ന പരാമർശത്തോടെയാണ് പീറ്റ് തന്റെ വിഭക്തികളെ Nominative, Genitive, Dative ...... എന്നിങ്ങനെ വിളിക്കുന്നത്. (പീറ്റ്, 2018 : 34) മലയാളത്തിലെ പ്രയോജികാവിഭക്തിക്ക് ഇംഗ്ലീഷിലെ 'by' എന്നതിനെ കുറിക്കുന്ന "Instrumental" എന്നതിനേക്കാൾ "through" എന്നർത്ഥം വരുന്ന "Mediative case" എന്ന് സംജ്ഞയാണ് കൂടുതൽ നല്ലതെന്ന് കോളിൻസും പറയുന്നു[4].

**5.1.2.4. ചട്ടമ്പിസ്വാമികൾ**

*ആദിഭാഷ*യിലെ 'വിഭക്തിനിരൂപണം' എന്ന ഭാഗത്ത്[5] സംസ്കൃതം - തമിഴ് ഭാഷകളിലെ വിഭക്തിപ്രയോഗങ്ങളുടെ സവിശേഷതകളെയും വ്യത്യാസങ്ങളെയും ചട്ടമ്പിസ്വാമികൾ സവിസ്തരം ചർച്ചചെയ്യുന്നു. ഇൻഡോ-യൂറോപ്യൻഗോത്രത്തെ പ്രതിനിധാനംചെയ്യുന്ന സംസ്കൃതവും ദ്രാവിഡഗോത്രത്തെ അടയാളപ്പെടുത്തുന്ന തമിഴും എന്ന രീതിയിൽ അദ്ദേഹത്തിന്റെ വിശദീകരണങ്ങളെ പഠിക്കാവുന്നതാണ്.

സംസ്കൃതത്തിൽ ഏഴു വിഭക്തികളുണ്ട്. പ്രഥമയിൽ 'സംബോധനാപ്രഥമാ' എന്ന ഒരു ഭേദംകൂടി കാണുന്നു. ഓരോരോ വിഭക്തിക്കും ഏകദ്വിബഹുവചനങ്ങളിൽ പ്രത്യേകം പ്രത്യയങ്ങളുണ്ട്. അങ്ങനെ സംസ്കൃതവിഭക്തിപ്രത്യയങ്ങളുടെ മൊത്തം എണ്ണം 21 ആകുന്നു. സംബോധനാപ്രഥമയുൾപ്പെടെ തമിഴിലും എട്ട് വിഭക്തികളുണ്ട്. എന്നാൽ സംസ്കൃതത്തിലെപോലെ ഓരോ വിഭക്തിയിലും ഏക-ബഹുവചനങ്ങളെ കാണിക്കുന്നതിന് പ്രത്യേകം പ്രത്യയങ്ങളില്ല. എങ്കിലും തമിഴിൽ ''പ്രഥമൈക വചനശബ്ദത്തോടു 'ഐ' മുതലായ പ്രത്യയങ്ങളെ ചേർത്ത് ഏകവചനത്തിലും പ്രഥമാബഹുവചനശബ്ദത്തോടു 'ഐ'മുതലായ പ്രത്യയങ്ങളെ ചേർത്തു ബഹുവചനത്തിലും ഉപയോഗപ്പെടുത്തുന്നു. ഉദാഹരണം 'ചാത്തൻ' എന്ന ഏകവചനത്തോട് 'ഐ' പ്രത്യയം വച്ച് 'ചാത്തനൈ' എന്നും 'ചാത്തർ' എന്ന പ്രഥമാബഹുവചനശബ്ദത്തോടു 'ഐ' എന്ന പ്രത്യയം വച്ച് 'ചാത്തരൈ' എന്നും പറയുന്നു''. (മഹേശ്വരൻ നായർ, 2016:884) എന്നാൽ ''ഈ രണ്ടു ഭാഗത്തും 'ഐ' എന്ന ഒരു പ്രത്യയമത്രേ കർമത്തെ കാട്ടുന്നത്'' എന്നാണ് ചട്ടമ്പിസ്വാമികളുടെ പക്ഷം (2016 : 885) തമിഴിൽ വിഭക്തികളുടെ എണ്ണം എട്ട് ആണെന്നുള്ള വസ്തുത അദ്ദേഹം അംഗീകരിക്കുന്നില്ല. ''തമിഴിൽ എട്ടു വിഭക്തികളാണെന്നുള്ളത് സംസ്കൃതികളായ വ്യാകരണാചാര്യന്മാർ പിൻകാലങ്ങളിൽ ഏർപ്പെടുത്തിയതാണ്. സംസ്കൃതത്തിൽ രൂപവ്യത്യാസം മൂലമായിട്ടുതന്നെ ഏഴുവിഭക്തികൾ ഏർപ്പെട്ടു, അല്ലാതെ അർത്ഥവ്യത്യാസം നിമിത്തം ഏർപ്പെട്ടതല്ലാ'' (2016 : 885).

**5.1.3. ഒരു പ്രത്യയം: പല അർത്ഥങ്ങൾ**

**ഒരു അർത്ഥം : ഒന്നിലധികം പ്രത്യയങ്ങൾ**

മലയാളഭാഷയിലെ വിഭക്തിപ്രത്യയങ്ങൾക്ക് ഓരോന്നിനും ഓരോ പ്രത്യേക അർത്ഥമാണെന്ന ഏ. ആറിന്റെ പ്രസ്താവനയെ ഖണ്ഡിക്കുന്ന തരത്തിലുള്ള ഉദാഹരണങ്ങൾ സി. എൽ. ആന്റണി കണ്ടെത്തുന്നുണ്ട്. ഒരു വിഭക്തിപ്രത്യയത്തിനു തന്നെ അനേകാർത്ഥങ്ങൾ വരാമെന്നും ഒരർത്ഥത്തെ പ്രദാനംചെയ്യുന്ന ഒന്നിലധികം വിഭക്തിപ്രത്യയങ്ങൾ വരാമെന്നും അദ്ദേഹം നിദർശനങ്ങളോടെ സമർത്ഥിക്കുന്നു. അവ താഴെ ചേർക്കുന്നു.

- വിഭക്തിപ്രത്യയരഹിതമായ നിർദ്ദേശികയ്ക്കുപോലും അനേകാർത്ഥങ്ങൾ കൽപ്പിക്കുന്നു.

'രാത്രി കഴിയാറായി' → നിർദ്ദേശികാർത്ഥം

'രാത്രി നടന്നാൽ ക്ഷീണം തോന്നില്ല' → 'രാത്രിയിൽ' എന്ന ആധാരികാർത്ഥം

'കപ്പൽ കണ്ണിൽനിന്നകന്നു' → നിർദ്ദേശികാർത്ഥം

'കപ്പൽ പണിതു കടലിൽ ഇറക്കി' → പ്രതിഗ്രാഹികാർത്ഥം

കപ്പൽ കയറിപോകണം → ആധാരികാർത്ഥം (ആന്റണി, 2005: ഖണ്ഡിക 4.5)

- 'ഓട്' എന്ന വിഭക്തി പ്രത്യയത്തിന് സംയോജികയുടെയും വിയോജികയുടെയും അർത്ഥം വരാം.

'രാമനോടു ചേർന്നു' - 'രാമനോട്' എന്ന പദം സംയോജികാർത്ഥം

'രാമനോട് പിരിഞ്ഞു' - 'രാമനോട്' എന്ന പദം വിയോജികാർത്ഥം

വിഭക്തിപ്രത്യയത്തിന്റെ അർത്ഥം സ്വതന്ത്രമല്ലെന്നും വാക്യത്തിലെ ക്രിയയെ ആശ്രയിച്ചാണെന്നും സി. എൽ. ആന്റണി ഈ ഉദാഹരണത്തിലൂടെ വിവരിക്കുന്നു (2005 : ഖണ്ഡിക 4.6)

- ഉദ്ദേശികാവിഭക്തിപ്രത്യയത്തിന് നിർദ്ദേശിക, സംയോജിക, ഉദ്ദേശിക, സംബന്ധിക, ആധാരിക എന്നീ അർത്ഥഭേദങ്ങൾ വരുന്നുണ്ട്.

'എനിക്ക് ഒരു ശിഷ്യനുണ്ട്' → നിർദ്ദേശികാർത്ഥം

'അവസരത്തിന് ചേർന്ന വിധത്തിൽ പെരുമാറണം' → 'അവസരത്തിന്' എന്ന പദത്തിന് സംയോജികാർത്ഥം

'പൂച്ചയ്ക്കു പാൽ കൊടുത്ത്' → 'പൂച്ചക്ക്' എന്നത് ഉദ്ദേശികാർത്ഥം

'നദിക്കു കിഴക്കുഭാഗം' → 'നദിക്ക്' എന്ന ഉദ്ദേശികാപ്രത്യയത്തിന് 'നദിയുടെ' എന്ന സംബന്ധികാർത്ഥം.

‘വഞ്ചി കരയ്ക്ക് എത്തി’ → ’കരയ്ക്ക് ’ എന്നതിന് ആധാരികാർത്ഥം (2005: ഖണ്ഡിക 4.7)

- പ്രയോജികാപ്രത്യയത്തിനും അർത്ഥഭേദങ്ങൾ വരുന്നു.

‘വാളാൽ വെട്ടി’ → പ്രയോജികാർത്ഥം

‘രണ്ടിലൊന്നറിയണം’ → ‘രണ്ടിൽ’ എന്ന ആധാരികയുടെ അർത്ഥം (2005: ഖണ്ഡിക 4.8)

- സംബന്ധികാപ്രത്യയത്തിന് സംയോജികാർത്ഥവും വരാറുണ്ട്

‘രാമന്റെ പുസ്തകം’ → സംബന്ധികാർത്ഥം

‘രാമന്റെ കൂടെ’ → സംയോജികാർത്ഥം (2005: ഖണ്ഡിക 4.8)

- ആധാരികാപ്രത്യയത്തിനും അർത്ഥഭേദം വരുന്നു (2005: ഖണ്ഡിക 4.8)

‘ശത്രുക്കൾ കണ്ണിൽ കണ്ടതെല്ലാം നശിപ്പിച്ചു’ → ‘കണ്ണിൽ’ എന്ന ആധാരികാരൂപത്തിന് ‘കണ്ണുകൊണ്ട്’ എന്ന പ്രയോജികാർത്ഥം

‘അവന്റെ കണ്ണിൽ കുരുവാണോ?’ → ‘കണ്ണിൽ’ ആധാരികാർത്ഥം (2005: ഖണ്ഡിക 4.8)

ഒരു വിഭക്തിപ്രത്യയത്തിന് പല അർത്ഥങ്ങൾ വരുന്നുവെന്ന തന്റെ നിഗമനത്തെ ഉദാഹരണങ്ങളിലൂടെ സാധൂകരിച്ചതിനുശേഷം ഒരർത്ഥത്തെ സൂചിപ്പിക്കുന്ന ഒന്നിലധികം പ്രത്യയങ്ങൾക്കും സി. എൽ. ആന്റണി നിദർശനങ്ങൾ നൽകുന്നു.

| | |
|---|---|
| • ‘പല ദിക്കും സഞ്ചരിച്ചു’<br>‘പല ദിക്കിലും സഞ്ചരിച്ചു’ | ‘ദിക്ക്’ നിർദ്ദേശികയായാലും ആധാരികയായാലും അർത്ഥഭേദമില്ല |
| • ‘രാമനോട് തുല്യരായി ആരുമില്ല’<br>‘രാമനു തുല്യരായി ആരുമില്ല’ | ‘രാമനോട്’ എന്ന സംയോജികയ്ക്കും ‘രാമന്’ എന്ന ഉദ്ദേശികയ്ക്കും അർത്ഥവ്യത്യാസമില്ല |
| • ‘എന്നോട് ദയയില്ല’<br>‘എന്നിൽ ദയയില്ല’ | സംയോജികയ്ക്കും ആധാരികയ്ക്കും അർത്ഥം സമാനമായി ഇവയിൽ കാണുന്നു. |
| • ‘സ്വത്തിന് അവകാശിയായി’ | ഉദ്ദേശിക-സംബന്ധികാ വിഭക്തികൾക്ക് സമാനമായ അർത്ഥം കാണപ്പെടുന്നു. |

'സ്വത്തിന്റെ അവകാശിയായി'

- 'മുളകിന് വിലകൂടി'
  'മുളകിന്റെ വിലകൂടി'

  } ഉദ്ദേശിക-സംബന്ധികാ വിഭക്തികൾക്ക് സമാനമായ അർത്ഥം കാണപ്പെടുന്നു. (2005: ഖണ്ഡിക 4.9)

സി. എൽ. ആന്റണി ഇത്തരം ഉദാഹരണങ്ങൾക്കൊപ്പം ചില നിഗമനങ്ങളും അവതരിപ്പിക്കുന്നു:

→ വിഭക്തിപ്രത്യയങ്ങളുടെ അർത്ഥം സ്വതന്ത്രമല്ല; അവ ക്രിയകളെ ആശ്രയിച്ച് മാറിവരുന്നു.

→ മലയാളഭാഷയിൽ ഓരോ വിഭക്തിപ്രത്യയത്തിനും അനേകാർത്ഥങ്ങളും ഒരർത്ഥത്തിന് ഒന്നിലധികം വിഭക്തിപ്രത്യയങ്ങളും വരുന്നുണ്ട്. എല്ലാ ഭാഷകളിലും സ്ഥിതി ഇതുതന്നെയാണ്.

→ സംസ്കൃതവിഭക്തിപ്രത്യങ്ങളെക്കാൾ വ്യത്യസ്തമാണ് മലയാളവിഭക്തികളെന്ന കേരളപാണിനിയുടെ അഭിപ്രായം ശരിയല്ല (2005: ഖണ്ഡിക 4.9).

റവ. ജോർജ്ജ് മാത്തന്റെ ആന്തരവിഭക്തി, വിരൂപവിഭക്തി എന്നീ ആശയങ്ങളുമായി സി. എൽ. ആന്റണിയുടെ അഭിപ്രായങ്ങളെ കണ്ണിചേർക്കാവുന്നതാണ്. പ്രഥമാവിഭക്തിയെ സ്വരൂപമെന്നും അതൊഴികെയുള്ളവയെ വിരൂപവിഭക്തികളെന്നുമാണ് അദ്ദേഹം വിഭജിക്കുന്നത്. നിർലിംഗനാമങ്ങളുടെ സ്വരൂപ (പ്രഥമ) വിഭക്തിയിൽ വിരൂപവിഭക്ത്യർത്ഥങ്ങൾ ആന്തരമായിരിക്കുന്നതിന് നിരവധി ഉദാഹരണങ്ങൾ മാത്തൻ നൽകുന്നുണ്ട്. നിർദ്ദേശിക പ്രത്യയരഹിതമായ വിഭക്തിയാണെങ്കിലും അതിന് മറ്റ് വിഭക്തികളുടെ അർത്ഥങ്ങൾ വന്നുചേരുന്നതായുള്ള സി. എൽ. ആന്റണിയുടെ ഉദാഹരണങ്ങൾക്കൊപ്പം ചേർത്തുവെയ്ക്കാവുന്ന മാത്തന്റെ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

'ഞാൻ ഒരു പശു വാങ്ങിച്ചു' → 'പശുവിനെ'

'വേഗം നടന്നുവരിക' → 'വേഗത്തോടു'

'നീ ഒരു നാഴിക താമസിക്കെണം' → 'നാഴികെക്കു' (ജോർജ്ജ് മാത്തൻ, 2000: 58-59)

നിർദ്ദേശികയ്ക്ക് പ്രതിഗ്രാഹിക, സംയോജിക, ഉദ്ദേശിക എന്നീ വിഭക്ത്യർത്ഥങ്ങൾ വരുന്നതായാണ് മാത്തൻ നൽകുന്ന വിശദീകരണങ്ങളിലൂടെ നമുക്ക് മനസ്സിലാവുന്നത്.

'അവൻ എന്നെ അടിച്ചു, ദോഷി ഗുണവാനെ പകെക്കുന്നു' എന്നിവയിൽ ദ്വിതീയവിഭക്തിയുടെ കർമ്മകാരകപ്രത്യയമായ 'എ' ചേർന്നതായി കാണിക്കുന്നതി

നൊപ്പം 'യഹൂദസ്കറിയോത്തു ദുർമ്മരണം മരിച്ചു' എന്ന നിർദ്ദേശികാരൂപത്തിനും ആന്തരവിഭക്തിയായി ദ്വിതീയയെ കണ്ടെത്തുന്നു.

'യഹൂദസ്കറിയോത്തു ദുർമ്മരണം മരിച്ചു' - 'ദുർമ്മരണത്തെ'

'രാഗം പാടുക' - 'രാഗത്തെ'

'കനെപ്പു മണക്ക' - 'കനെപ്പിനെ' (2000: 59)

പ്രഥമ (നിർദ്ദേശിക) വിഭക്തിക്ക് ദ്വിതീയ (പ്രതിഗ്രാഹിക)യുടെ അർത്ഥം വരുന്ന സന്ദർഭങ്ങളാണിതെന്നു കാണാം.

സംയോജികാവിഭക്തിക്ക് വിയോജികാർത്ഥം വരുന്നതായും സി. എൽ. ആന്റണി വിധിക്കുന്നുണ്ട്. മാത്തനും ഇത്തരമൊരു ആശയം നിർദ്ദേശിക്കുന്നുണ്ട്. ''ഒരു അകർമ്മകക്രിയ ചെയ്യുന്നതിൽ കർത്താവു കൂട്ടായിട്ടു എങ്കിലും എതിരായിട്ടു എങ്കിലും വെച്ചുകൊള്ളുന്ന പൊരുൾ ത്രിതീയയിൽ സംബന്ധിക്കും:
ദൃ-ന്തം; 'നീ എന്നോടു കളിക്കരുതു, അവൻ രാജാവിനോടു പിഴച്ചു' (2000 : 60)

'സമത്വം, ഭേദം, അടുപ്പം, അകലം, ചേർച്ച, വിരോധം എന്നിങ്ങനെ അർത്ഥം വരുന്ന പദങ്ങളോടു സംബന്ധിക്കുന്ന പൊരുളുകൾ ത്രിതീയയിൽ വരും. ദൃ-ന്തം:- 'ഇന്ദ്രനോടു ഒക്കും ഭവാൻ', 'അവനോടു നീ വിരോധം നോക്കരുതു' (2000 : 61).

പഞ്ചമിക്ക് (പ്രയോജികാവിഭക്തി) സപ്തമിയുടെ (ആധാരിക) അർത്ഥത്തിലുള്ള പ്രയോഗമുണ്ടെന്നും മാത്തൻ പറയുന്നു: ''ചില വാക്കുകളിൽ പഞ്ചമി സപ്തമിക്കു പകരം പ്രയോഗിക്കപ്പെടുകയുണ്ടു: ദൃ-ന്തം; 'മേലാൽ (മേലിൽ) നീ അതു ചെയ്യരുതു'; തൊമ്മൻപേരാൽ (പേരിൽ) പണം....'' (2000 : 64).

സംബന്ധാർത്ഥത്തെ കാണിക്കാൻ ഷഷ്ഠിവിഭക്തിയെപോലെതന്നെ ചതുർത്ഥിക്കും സാധിക്കുമെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു: 'മറിയ യോസെപ്പിന്നു ഭാര്യയായിരുന്നു' (ചതുർത്ഥി),

'മറിയ യോസെപ്പിന്റെ ഭാര്യയായിരുന്നു' (ഷഷ്ഠി)

'മന്ത്രി രാജാവിന്നു കീഴാകുന്നു' (ചതുർത്ഥി)

'മന്ത്രി രാജാവിന്റെ കീഴാകുന്നു' (ഷഷ്ഠി) എന്നീ ഉദാഹരണങ്ങളും നൽകുന്നു (2000 : 64).

ഒരു വിഭക്തിക്ക് അനേകാർത്ഥങ്ങളും ഒരു അർത്ഥത്തെ പ്രതിനിധാനം ചെയ്യുന്ന പല വിഭക്തികളും ഉണ്ടെന്നുള്ള അഭിപ്രായക്കാരനാണ് ജോർജ്ജ് മാത്തൻ എന്ന് നിസ്സംശയം പറയാം. ഒരർത്ഥത്തെ കുറിക്കുന്ന പല വിഭക്തികളുണ്ടെന്നു പറയുന്നതിനൊപ്പം അവ സൂക്ഷ്മാർത്ഥത്തിൽ അർത്ഥഭേദങ്ങളെ പ്രകടിപ്പിക്കുന്നുണ്ടെന്നും അദ്ദേഹം പ്രസ്താവിക്കുന്നു: ഉദാഹരണമായി, സംബന്ധാർത്ഥത്തെ കാണിക്കാനായി ഷഷ്ഠി-ചതുർത്ഥികൾ ഉപയോഗിക്കുന്നുവെന്നതിനു നൽകുന്ന ഉദാഹരണങ്ങളിൽ 'മന്ത്രി രാജാവിന്നു കീഴാകുന്നു' എന്നതിന് മന്ത്രി രാജാവിനെക്കാൾ താണ സ്ഥാനക്കാരൻ എന്നാണർത്ഥമെന്നും 'മന്ത്രി രാജാവിന്റെ കീഴാകുന്നു' എന്നതിന് രാജാവിന്റെ വരുതികേട്ടു നടക്കുന്ന ആൾ എന്നാ

കുന്നു അർത്ഥമെന്നും മാത്തൻ സസൂക്ഷ്മം വിലയിരുത്തുന്നു. ത്രിതീയയുടെ സ്ഥാനത്തു വരുന്ന പൊരുൾ ചിലപ്പോൾ ദ്വിതീയയിലും വരുമെന്നതിനു നൽകുന്ന ഉദാഹരണങ്ങളിലും മേൽപറഞ്ഞ തരത്തിലുള്ള വിശകലനം നടത്തുന്നുണ്ട്: ''രാജാവിനെച്ചീത്തവാക്കു പറഞ്ഞു' എന്നുള്ളതിൽ ചീത്തവാക്കു ഏല്ക്കുന്ന ആൾ രാജാവെന്നു അർത്ഥം വരുന്നു. കേൾവിക്കാരൻ ഒരുവേള മറ്റൊരുത്തനായിരിക്കും. എന്നാൽ 'രാജാവിനോടു ചീത്തവാക്കു പറഞ്ഞു' എന്നുള്ളതിൽ രാജാവിന്റെ മുൻപിൽ വെച്ചു പറഞ്ഞു എന്നല്ലാതെ രാജാവിനെപ്പറഞ്ഞു എന്നർത്ഥം വരേണമെന്നില്ല'' (2000 : 60).

**5.1.4. വിഭക്തിപ്രത്യയവും അർത്ഥവും**

ഒരു വിഭക്തിപ്രത്യയത്തിനു വരാവുന്ന അനേകം അർത്ഥങ്ങളും ഒരർത്ഥത്തെ സൂചിപ്പിക്കുന്ന ഒന്നിലധികം വിഭക്തിപ്രത്യയങ്ങളും ഭാഷയിലുണ്ടെന്നുള്ള കാര്യം കേരളപാണിനി മനസ്സിലാക്കിയിട്ടുള്ളതായി കേരളപാണിനീയത്തിലെ വിവിധ കാരികകളും വിശദീകരണങ്ങളും എടുത്തുകാണിച്ച് സി. എൽ. ആന്റണി സമർത്ഥിക്കുന്നുണ്ട് :

- ''സാക്ഷിയെന്നാൽ ക്രിയയതിൽ
  കർത്താവിൻ പ്രതിയോഗിയാം'' (കാരിക 78)

സംയോജികാവിഭക്തിയ്ക്ക് സംസ്കൃതത്തിലെ പഞ്ചമിവിഭക്തിയുടെ അർത്ഥവുമുണ്ടെന്ന് കേരളപാണിനി മനസ്സിലാക്കിയതായി കാരിക 87-ന്റെ ഉദാഹരണവാക്യങ്ങൾ എടുത്ത് സി. എൽ. ആന്റണി നിരീക്ഷിക്കുന്നു. (ആന്റണി, 2005: ഖണ്ഡിക 4.10)

ഉദാ: 'സൗമിത്രിയോട് വില്ലുവാങ്ങി', 'അവനോടു നാടുപിടിച്ചടക്കി', 'ശാസ്ത്രം അവനോടു പഠിച്ചു'

- ''ക്രിയോപകരണം തന്നെ
  കരണം; ഹേതുകാരണം'' (കാരിക 81)

പ്രയോജികയുടെ 'ആൽ' പ്രത്യയത്തിന് കരണം, കാരണം എന്നീ അർത്ഥങ്ങളുണ്ട് എന്ന് കേരളപാണിനി വിവരിക്കുന്നു.

ഉദാ: 'വടിയാൽ അടിക്കുന്നു', 'ദൂതന്റെ ചൊല്ലാലെ പോയി'

- ആധാരമാം കാരകം താ - നിഹാധികരണാഭിധം'' (കാരിക 82)

ആധാരകാരകത്തിന് ഔപശ്ലേഷികം, അഭിവ്യാപകം, വൈഷയികം എന്നീ മൂന്നു തരം അർത്ഥഭേദങ്ങളുണ്ടെന്ന് വ്യക്തമാകുന്നു. ആധാര-ആധേയങ്ങൾ ഏതാനും ഭാഗത്തുമാത്രം സ്പർശിച്ചിരിക്കുന്നതിനെ 'ഔപശ്ലേഷികം', ആധാരത്തിൽ പൂർണ്ണമായും ആധേയം വ്യാപിച്ചിരിക്കുന്നതിനെ 'അഭിവ്യാപകം' എന്നും, അമൂർത്തവസ്തുക്കളിൽ ആധാരാധേയഭാവം കൽപിക്കുന്നത് 'വൈഷയികം' എന്നുമാണ് കേരളപാണിനിയുടെ വിശദീകരണം.

| | | |
|---|---|---|
| ഉദാ: പായിലിരിക്കുന്നു<br>കഴുത്തിൽ കരേറി | } | ഔപശ്ലേഷികം |
| എള്ളിൽ എണ്ണ ഇരിക്കുന്നു<br>മോരിൽ കുടിപ്പിച്ചു | } | അഭിവ്യാപകം |
| സുഖത്തിൽ ഇച്ഛിക്കുന്നു<br>സത്യത്തിൽ പിഴച്ചു | } | വൈഷയികം |

- ''ഉദ്ദേശികാർത്ഥം ദിഗ്ദേശ-
കാലസംഖ്യാവ്യവസ്ഥകൾ,
കാലദേശപരിച്ഛേദം,
താദർത്ഥ്യാദികളും തഥാ'' (കാരിക 87)

ഉദ്ദേശികയ്ക്ക് സ്വാമികാരകാർത്ഥത്തിനുപുറമെ ദിക്ക്, ദേശം, കാലം, സംഖ്യ എന്നീ അർത്ഥങ്ങളുമുണ്ടെന്ന് കേരളപാണിനി പറയുന്നു.

ഉദാ: ഹിമവാനു തെക്ക് വിന്ധ്യനു വടക്ക് - ദിഗ്വ്യവസ്ഥ
കള്ളനെ കഴുത്തിനു പിടിക്കുന്നു - ദേശവ്യവസ്ഥ
പത്തു ദിവസത്തിനകം - കാലവ്യവസ്ഥ
ബ്രഹ്മാവിനു മുപ്പത്തേഴാമൻ ദശരഥൻ - സംഖ്യാവ്യവസ്ഥ
പത്തുമണിക്കു തപാൽ വരുന്നു - കാലപരിച്ഛേദം

- ''പ്രയോജികാധാരികകൾ
കൊള്ളാം നിർദ്ധാരണത്തിന്'' (കാരിക 88)

'നിർദ്ധാരണം' എന്ന അർത്ഥത്തിൽ പ്രയോജികയും ആധാരികയും വരുമെന്നാണ് കേരളപാണിനി പ്രസ്താവിക്കുന്നത്. 'ഒരു കൂട്ടമായ ഇനത്തിൽനിന്നും ഏതാൻഭാഗത്തെ വേർതിരിക്കുന്ന' പ്രവർത്തനത്തെയാണ് നിർദ്ധാരണം എന്നതുകൊണ്ട് അദ്ദേഹം അർത്ഥമാക്കുന്നത്.

| | | |
|---|---|---|
| ഉദാ: | തൂവലാലൊന്നു പറിച്ചു | രണ്ടാലൊന്ന് |
| | തൂവലിലൊന്നു പറിച്ചു | രണ്ടിലൊന്ന് |

- ''ആധാരികയ്ക്കർത്ഥമാകും
താരതമ്യവിവേകവും'' (കാരിക 89)

ആധാരികയ്ക്ക് താരതമ്യാർത്ഥവും ഉണ്ടെന്ന് ഉദാഹരണങ്ങളോടെ വിശദമാക്കുന്നു.

ഉദാ: അതിൽ ശതഗുണം നന്ന്
കൃഷ്ണനിൽ മൂന്നുമാസം മൂത്തതു ബലഭദ്രൻ

''വിഭക്ത്യർത്ഥങ്ങളെ എല്ലാം പ്രത്യേകിച്ചെടുത്തു കാണിക്ക എന്നത് അസാദ്ധ്യമാണ്. മിക്ക സംബന്ധങ്ങളും കാരകങ്ങളിൽ അന്തർഭവിക്കും; ശേഷമുള്ള പ്രയോഗവിശേഷങ്ങൾ പരിചയം കൊണ്ട് നോക്കി അറിയേണ്ടതുകളാണ്'' (രാജരാജവർമ്മ,

2015: 212) എന്ന രീതിയിലാണ് 'കാരകപ്രകരണം' കേരളപാണിനി ഉപസംഹരിക്കുന്നത്. വിഭക്ത്യർത്ഥങ്ങളുടെ നാനാർത്ഥബഹുലതയെ ഏ.ആർ മനസ്സിലാക്കിയിട്ടുണ്ടെന്ന് ഈ ഭാഗങ്ങൾ തെളിയിക്കുന്നുവെന്ന് സി.എൽ.ആന്റണി അഭിപ്രായപ്പെടുന്നു.

### 5.1.5. ഏ. ആറിന്റെ വിഭക്തിസംജ്ഞകൾ: ഗുണ്ടർട്ട് – കാൾഡ്വൽ സ്വാധീനം

കേരളപാണിനിയുടെ വിഭക്തിസംജ്ഞകളെ സംബന്ധിച്ചുള്ള വിവരണങ്ങളിൽ വന്നുചേർന്നിട്ടുള്ള വൈരുദ്ധ്യങ്ങളെയും അവയ്ക്കുള്ള കാരണങ്ങളെയും സി.എൽ.ആന്റണി പരിശോധിക്കുന്നു. ഒരുവിഭക്തിക്ക് ഒരർത്ഥമെന്നു പറയുന്നതിനൊപ്പം 'കാരകപ്രകരണ'ത്തിൽ വിഭക്തികൾക്കോരോന്നിനും വരുന്ന അർത്ഥവൈപുല്യങ്ങളെ ഉദാഹരണസഹിതം കേരളപാണിനി വിവരിക്കുന്നുവെന്നതാണ് അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളിലെ വികലതയായി സി.എൽ.ആന്റണി ആദ്യമായി പറഞ്ഞുവെയ്ക്കുന്നത്. ഒപ്പംതന്നെ വിഭക്തികൾക്ക് പുതിയ പേരുകൾ നിർദ്ദേശിച്ചതിനുള്ള കേരളപാണിനിയുടെ കാരണങ്ങൾ യുക്തിഭദ്രമല്ലെന്നും കേരളപാണിനീയ ഭാഷ്യകാരൻ കൂട്ടിച്ചേർക്കുന്നു. പ്രഥമാദിവിഭക്തികൾക്കോരോന്നിനും പ്രയോഗാടിസ്ഥാനത്തിൽ വരുന്ന അർത്ഥഭേദങ്ങളെ വിവരിക്കുന്ന ഗുണ്ടർട്ടിന്റെ *മലയാളഭാഷാവ്യാകരണ*ത്തിലെ ആശ്രിതാധികരണം എന്ന ഭാഗത്തെ ഒരു ലഘുസംക്ഷേപമായി *കേരളപാണിനീയ*ത്തിലെ 'കാരകപ്രകരണ'ത്തിൽ പ്രതിപാദിച്ചെങ്കിലും ആ ആശയങ്ങളെ വിഭക്തിസംജ്ഞാനിർണ്ണയനത്തിനു നിരത്തിയ കാരണങ്ങളുമായും വാദഗതികളുമായും പൊരുത്തപ്പെടുത്താനാവാതെ പോയതാണ് കേരളപാണിനിയുടെ ചിന്താപരിമിതിയായി സി.എൽ.ആന്റണി വിലയിരുത്തുന്നത്. *മലയാളഭാഷാവ്യാകരണ*ത്തിൽ 397 മുതൽ 526 വരെയുള്ള ഖണ്ഡികകളിലായി 'ആശ്രിതാധികരണം' (dependence) എന്ന ഭാഗത്ത് "The use of cases" ഇനി വിഭക്തികളുടെ ഉപയോഗം പറയുന്നു" എന്നു പറഞ്ഞാണ് ഗുണ്ടർട്ട് ഓരോ വിഭക്തികളുടെയും അർത്ഥതലങ്ങളെ വിവരിക്കുന്നത്. അവ ചുരുക്കി സംഗ്രഹിക്കാം.

**1.** **പ്രഥമ** (Nominative): ''പ്രഥമ കർത്താവ് തന്നെ''

The nominative used adverbially

അതു സപ്തമിയോടും ചതുർത്ഥിയോടും തുല്യമായ് വരുന്നു

Indicating space, place, locality etc. (സ്ഥലക്കുറിപ്പ്)

– 'പാരിടം നീളെ തിരഞ്ഞു'

പൈയന്നൂർ വാഴുന്ന മന്നവൻ'

'കിഴലൂരും കരുമ്പട്ടൂരും ഉള്ള ലോകർ'

Indicating measure – (പ്രമാണക്കുറിപ്പ്)

– 'നടന്നു നാലഞ്ചടി'

Indicating time (കാലക്കുറിപ്പ്)

– 'ദ്വാദശി നോറ്റു'

Denoting manner, mode (പ്രകാരക്കുറിപ്പ്)

– 'ഓരൊരൊ തരം വരും അല്ലൽ'

Other adverbialized Nouns (നിശ്ചയ വിസ്മയാദിനാമങ്ങൾ)

– 'അവൻ കൊല്ലും നിശ്ചയം. ഭാവിച്ചു നിർണ്ണയം'

**2. ദ്വിതീയ** (Accusative or objective)

''ദ്വിതീയ കർമ്മം തന്നെ. അതു പ്രത്യേകം സകർമ്മകക്രിയകളോടു ചേരുന്നു''

ഉദാ: 'ഭക്തരെ പ്രതികൂലിപ്പാൻ'

'ഭാര്യമാരെ തളിച്ചു'

ചതുർത്ഥി – ഷഷ്ഠി എന്നിവയായും വരുന്നു

ഉദാ: 'നിന്നുടെ രക്ഷ ചെയ്തു'

'രാമന്നനുഗ്രഹം ചെയ്തു'

**3. തൃതീയ** (Instrumental)

''തൃതീയ ആകുന്നത് കരണം തന്നെ''

ഉദാ: മനുഷ്യരാൽ ശക്യമല്ല ജയിപ്പാൻ

തൃതീയവിഭക്തിക്ക് കാരണാർത്ഥവും ഉണ്ടെന്ന് സൂചിപ്പിക്കുന്ന ഉദാഹരണങ്ങളും ഗുണ്ടർട്ട് നൽകുന്നു.

– 'അവൻ വഴിയായിട്ടു കിട്ടി'

– 'സന്തോഷപൂർവ്വം വളർത്തു'

കാരണപ്പൊരുൾ ചതുർത്ഥിയിലും വരുമെന്ന് പറയുന്നു.

– 'അതിനു വിഷാദിച്ചു'

തൃതീയയുടെ 'ആൽ' പ്രത്യയത്തെകൂടാതെ 'കൊണ്ട്' എന്ന വിനയെച്ചത്താലും കരണകാരണാദിപ്പൊരുൾ സൂചിപ്പിച്ചിരിക്കുന്നു:

ഉദാ: അമ്പുകൊണ്ടു മരിച്ചു, ദുരാഗ്രഹം കൊണ്ടു ബദ്ധൻ

'സാഹിത്യം' അല്ലെങ്കിൽ 'സഹാർത്ഥ'ത്തെ പ്രതിനിധാനം ചെയ്യാൻ തൃതീയാവിഭക്തിക്ക് കഴിയുമെന്നും ഗുണ്ടർട്ട് അഭിപ്രായപ്പെടുന്നു. 'ഒടു-ഓടു' എന്നീ പ്രത്യയങ്ങൾ ഇതിന് ചേർക്കുന്നതായും ഉദാഹരണങ്ങളോടെ അവതരിപ്പിക്കുന്നു.

ഉദാ: വിരവിനൊടു നരപതികൾ (സഹാർത്ഥം)

വാനോടു മുട്ടും (സാമീപ്യവാചി)

കോലം തുടങ്ങി വേണാട്ടോടിടയിൽ (പര്യന്താർത്ഥം)

ഇത്തരത്തിൽ തൃതീയാവിഭക്തിയുടെ 'ആൽ', 'ഒടു-ഓടു' എന്നീ പ്രത്യയങ്ങളും അവയുടെ വിവിധ അർത്ഥങ്ങളും ഉദാഹരണസഹിതം അവതരിപ്പിക്കുന്നു. 'ഒടു-

ഓടു' എന്നതിന് സഹിതാർത്ഥത്തിനുപുറമെ 'വിയോഗാർത്ഥവും പ്രദാനം ചെയ്യാനാവുമെന്ന നിരീക്ഷണവും മുന്നോട്ടുവെയ്ക്കുന്നു: "Denoting separation" വേർപാടും - കൂടെ സാഹിത്യത്തിന്റെ അർത്ഥം" രാഘവനോടു വിയോഗം, അതിനോടു വെറുത്തു, നിന്നോടു പിരിഞ്ഞു ഞാൻ... എന്നീ ഉദാഹരണങ്ങൾ നൽകുന്നു.

**4. ചതുർത്ഥി** (Dative)

'ഒരു സ്ഥലത്തിനു നേരെ ചെല്ലുക' എന്നതാണ് ചതുർത്ഥിവിഭക്തിയുടെ മൂലാർത്ഥമായി ഗുണ്ടർട്ട് പ്രസ്താവിക്കുന്നത്.

ഉദാ: കോട്ടെക്കു ചെന്നു, ദിക്കിനു പോയി, പാശം കഴുത്തിന്നുകെട്ട ചതുർത്ഥി വിഭക്തിയുടെ മറ്റനേകം അർത്ഥതലങ്ങളെയും നിദർശനങ്ങളോടെ അവതരിപ്പിക്കുന്നു:

ആഴിക്ക് ഇക്കരെ വന്നു (ദിഗ്ഭേദങ്ങളെ കുറിക്കുന്നു)

ക്ഷണനേരം, വേണ്ടിയകാലം, രണ്ടു നേരങ്ങൾക്കന്തരം - എന്നീ കാലങ്ങളെ കുറിക്കുന്നു.

ഉദാ: ഉച്ചയ്ക്ക് അന്തിക്ക് (Moment/ക്ഷണനേരം)

ആയിരത്താണ്ടേക്കു മുറിവു പൊറായ്ക (period/വേണ്ടിയകാലം)

ഇതില്ക്കും ഒരാണ്ടു മുമ്പെ (Interval/രണ്ടുനേരങ്ങൾക്കന്തരം)

'ഏക്കു' എന്നത് കാലചതുർത്ഥിയെ സൂചിപ്പിക്കും

ഉദാ: എല്ലാ നാളേക്കും നല്കി, മറ്റന്നാളേക്കു സംഭരിക്ക

തൃതീയയെപോലെ 'പ്രമാണ'ത്തെ (measure) കുറിക്കുന്നു.

ഉദാ: വിക്രമത്തിന്നു നിനക്കൊപ്പരില്ല

ചതുർത്ഥിയുടെ മറ്റു അർത്ഥങ്ങൾ:

മിന്നൽ പിണരിന്നു തുല്യം (തുല്യത)

അതിന്നു മറ്റെപ്പുറം വർത്തിക്ക (Difference)

ഉത്തമർക്കുത്തമൻ ഭവാൻ (താരതമ്യം)

പടെക്കു ഭാവിച്ചു
തപസ്സിന്നാരംഭിച്ചു
നായാട്ടിന്നുതല്പരൻ
} (to denote design, plan, intention)

അതിന്ന് ആൾ, ഇതിന്നുചിതം, എനിക്കു വേണം (expressing worthiness, want യോഗ്യതയും ആവശ്യകതയും)

എനിക്കുണ്ടു, മൃഗങ്ങൾക്കു രാജാവ് സിംഹം, യാത്രക്കനുവദിക്ക (ownership and authority ഉടമയും അധികാരവും)

രണ്ടിന്നു ബുധൻ, മൂന്നിനു രാഹു (condition/സംഭാവന)

ഊണിന്നു കൊള്ളാം എനിക്കു, അതിന്നുകോപം ഇല്ലെനിക്കു (രണ്ടു ചതുർത്ഥി കൾ ഒരു വാചകത്തിൽ വരാവുന്നതാണ്)

**5. പഞ്ചമി** (Ablative)

ഈ വിഭക്തിക്ക് 2 തരം വിഭജനങ്ങൾ ഗുണ്ടർട്ട് അവതരിപ്പിക്കുന്നു

(i) അപാദാനം Ablative (Removal, origin)

(ii) താരതമ്യവാചകങ്ങൾ (Degrees of comparison)

അപാദാനം: ഇത്തരത്തിലുള്ള പഞ്ചമീവിഭക്തിപ്രയോഗങ്ങൾ മലയായ്മയിൽ ഇല്ലെന്നാണ് അദ്ദേഹം നിരീക്ഷിക്കുന്നത്. ചെന്തമിഴിൽ 'ഇൻ' എന്ന പ്രത്യയമാണ് ഈ അർത്ഥത്തെ വെളിപ്പെടുത്തുന്നത്. 'മുടിയിന്നടിയോളവും, മേലിന്നിറങ്ങുക' എന്നീ ഉദാഹരണങ്ങൾ നൽകിക്കൊണ്ട് മലയാളത്തിൽ ഈ പ്രയോഗം ദുർല്ലഭമാണെന്ന് അഭിപ്രായപ്പെടുന്നു.

താരതമ്യവാചകങ്ങൾ: (3 തരം)

(i) സംസ്കൃതത്തിൽ താരതമ്യം കുറിക്കാൻ പഞ്ചമി ഉപയോഗിക്കുമെങ്കിലും മലയായ്മയിൽ 'ഇൽ സപ്തമി'യും ചതുർത്ഥിയും താരതമ്യാർത്ഥം പ്രദാനം ചെയ്യുമെന്ന് ഉദാഹരണങ്ങളോടെ അവതരിപ്പിക്കുന്നു.

ഉദാ: മരണാൽപരം ആത്മപ്രശംസ (സംസ്കൃതത്തിലെ താരതമ്യ പഞ്ചമി)

അതിൽവലുതായ<br>
അതിൽ ശതഗുണം നന്നു<br>
രാശിയിൽ ഇരട്ടിയായിരിക്ക

} മലയാഴ്മയിലെ 'ഇൽ' സപ്തമി

(ii) 'മേൽ, മീതെ, കീഴ്' എന്നിവയാലുള്ള താരതമ്യവാചകം

ഉദാ: ചാണ്മേൽ നിടുതായ<br>
സേവയിൽ മീതെ ഏതുമില്ല<br>
ബ്രാഹ്മണബലത്തിന്നു കീഴല്ലൊ മറ്റൊക്കയും

(iii) '(കാണിൽ) കാൾ (കായിൽ, കാളിൽ) കാട്ടിലും - കാട്ടിൽ - കാണെ' എന്നിവ ഉപയോഗിച്ചുള്ള താരതമ്യവാചകം

ഉദാ: മുക്തിയെക്കാളും മുഖ്യമായതു ഭക്തി<br>
മുമ്പിലേത്തേക്കായിൽ ശക്തൻ<br>
ദാസഭാവത്തെക്കാട്ടിൽ നല്ലതു മൃതി

**6. ഷഷ്ഠി** (Possessive or Genitive)

ശുദ്ധമലയായ്മയിൽ ഷഷ്ഠിവിഭക്തി ഒരു ക്രിയാപദത്തെയും ആശ്രയിച്ചു നിൽക്കുന്നതല്ലെന്നും അപ്രകാരം വേണ്ടിവരുന്ന സന്ദർഭങ്ങളിൽ ചതുർത്ഥിയെ ഉപയോഗിക്കുമെന്നും ഗുണ്ടർട്ട് അഭിപ്രായപ്പെടുന്നു.

'എല്ലാ കണ്ണിന്റെ വ്യാധിയും' എന്ന സമാസരൂപം ഷഷ്ഠിവിഭക്തിയിൽ വരുന്നതല്ലെന്നും 'കൺവ്യാധികൾ എല്ലാം' എന്നതിനെ സമാസിച്ചെഴുതിയതാണെന്നും അദ്ദേഹം ഉദാഹരിക്കുന്നു.

ഷഷ്ഠിയുടെ മുഖ്യാർത്ഥം സ്വാമിഭാവം തുടങ്ങിയുള്ള സംബന്ധമാണെന്നും ഇതിന് രണ്ടുതരം സംബന്ധാർത്ഥം ഉണ്ടെന്നും കാണിക്കുന്നു:

(i) Subjective Genitive (കർത്താവിനാലുള്ള സംബന്ധം)

ഉദാ: അവരുടയ സഖികളുടെ കൂട്ടം

പാണ്ഡവരുടെ നഗരപ്രവേശനാദിയും

(ii) Objective Genitive (വിഷയസംബന്ധം)

ഉദാ: ആ പീടികയിൽ എത്ര ഉറുപ്പികയുടെ കച്ചവടം ഉണ്ടു?

**7. വളവിഭക്തിയുടെ ആദേശരൂപങ്ങൾ**

പ്രഥമ വിഭക്തിയോട് വിവിധയിനം പ്രത്യയങ്ങൾ ചേരുമ്പോഴുണ്ടാകുന്ന വിഭക്തികളെ ഒക്കെയും വളവിഭക്തികൾ എന്നാണ് ഗുണ്ടർട്ട് വ്യവഹരിക്കുന്നത്. വളവിഭക്തിയുടെ ആദേശരൂപങ്ങളെ മൂന്ന് രീതിയിൽ വർഗ്ഗീകരിക്കുന്നു.

(i) 'ത്തു' Locative 'ത്തു' എന്നതു സമാസരൂപത്തിലല്ലാതെ സപ്തമിയായി നിൽക്കും.

ഉദാ: ഗോപുരദ്വാരത്തു പാർത്തു (Term of Location)

തീരത്തണെച്ചു (Dative Locative/സ്ഥലചതുർത്ഥിയുടെ അർത്ഥം)

കാലത്തുവിളയും കൃഷി (Term of Time/കാലാർത്ഥം)

സ്ഥാനത്തെളിയോൻ (Term of Measure/പ്രമാണക്കുറിപ്പ്)

തെരുവത്തു വാണിയം ചെയ്തു (ഉകാരാന്തങ്ങളിൽ നടക്കുന്നവ)

(ii) 'ഇൻ' Possessive singular

ഉദാ: പൊന്നിൻ പാത്രങ്ങൾ

കരിമ്പിൻ തോട്ടം

ശ്വാവിന്റെ വാലിൻവളവു (രണ്ടു ഷഷ്ഠികൾ ഉള്ളിടത്ത് വരുന്നു)

നല്ലാരിൻമണികൾ, ഇവറ്റിൻഇല (ബഹുവചനങ്ങളിൽ ദുർല്ലഭമായി കാണുന്നു

(iii) 'ഇൻ' എന്നതുപോലെ 'എൻ, നിൻ, തൻ മുതലായവ വരുന്നു.

ഉദാ: നിന്നൊപ്പമുള്ളതാർ

കാളതൻ മുതുകേറി

(iv) അൻ, അർ, കൾ-അൻ എന്നീ രൂപങ്ങൾ പ്രഥമയോട് ചേർന്ന് വളവിഭക്തികളായി വരുന്നു.

ഉദാ: ഗോവിന്ദൻ വരവു (അൻ)

ജന്തുക്കലന്തർഭാഗേ (അർ, കൾ)

നാട്ടാരേ കൈയിൽ (എ-ഏ)

## 8. സപ്തമി (Locative)

ആധാരാർത്ഥമുള്ള സപ്തമിവിഭക്തി 'ഇൽ, കൽ' എന്നീ രണ്ടു രൂപങ്ങളിൽ കാണുന്നു. അതിന്റെ വിവിധ തരത്തിലുള്ള അർത്ഥതലങ്ങളെ വിവരിക്കുന്നു:

(i) Term of place (സ്ഥലവാചി)

ഉദാ: രാജ്യത്തിൽ വാണു, നാവിൽ വാണീടു

സ്ഥലവാചികൾക്ക് അനേകം അർത്ഥവികാരങ്ങൾ വരുമെന്നും സൂചിപ്പിക്കുന്നു.

- **സ്ഥലചതുർത്ഥിപോലെ വരുന്നവ**

"Expressing Motion towards a place' – ഒരു സ്ഥലത്തേക്കുള്ള ഗതിയെ കുറിപ്പാനും സപ്തമി ഉപയോഗിക്കുമെന്ന് സ്ഥലചതുർത്ഥിയുടെ വിശദീകരണം മറ്റൊരിടത്ത് അദ്ദേഹം വിവരിക്കുന്നു. ഉദാ: പാതാളത്തിൽ ഇറങ്ങി, ചിത്തം അധർമ്മത്തിൽ ചെല്ലാ

- **മേൽഭാഗാർത്ഥം**

"Term of place/സ്ഥലവാചി' എന്ന ഭാഗത്ത് "Expressing surface" (on, upon) – അന്തർഭാഗത്തെ ഒഴികെ മേൽഭാഗത്തെ കുറിക്കാൻ സപ്തമി ഉപയോഗിക്കുന്നതിനെ പ്രത്യേകം എടുത്തുപറയുന്നു.

ഉദാ: മെത്തയിൽ ശയിക്ക, രണ്ടും ഇടന്തോളിൽ വെച്ചുകൊണ്ടു

- **Term of proximity/സാമീപ്യാർത്ഥം**

ഉദാ: കതവിങ്കൽ നില്ക്കുന്നു, കിണറ്റിങ്കലടുത്തു

- **Verbs of wearing, dressing etc/ഉടുക്ക, കെട്ടുക മുതലായവ**

ഉദാ: മുത്തു മാറിലണിഞ്ഞു, മുഷിഞ്ഞ ശീല അരയിൽ കെട്ടി

- **Term of Rear/പിൻഭാഗാർത്ഥം**

ഉദാ: വൃക്ഷം ഒന്നിൽ മറഞ്ഞുനിന്ന് എയ്തു

**(ii) Term of Time** (സമയവാചി)

ഉദാ: സ്രാവം ആദിയിങ്കലെ ഒഴിവൂ

തേരും അഴിച്ചാൻ നിമിഷത്തിൽ

**(iii) Term of occurrence/(സംഗതിവാചി)**

ഉദാ: വിരുദ്ധങ്ങളാം ഇവ ഒന്നിങ്കലെ സംഭവിക്കുന്നു

സത്യത്തിൽ പിഴെച്ചു

ധർമ്മത്തിൽ പിഴയായ്വാൻ

- തൃതീയാവിഭക്തിയുടെ അർത്ഥത്തിലും സപ്തമി വരുമെന്ന് പ്രസ്താവിച്ച് അതിന്റെ മൂന്നുതരം അർത്ഥഭേദങ്ങളെ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു.
- **Term of Instrumentality/കരണവാചി**

ഉദാ: തളികയിൽ, ഇലയിൽ ഉൺക

- **What passes through/കൂടികടക്കുന്നതു**

ഉദാ: പുരദ്വാരത്തിങ്കൽ പുറപ്പെടും, പുക്കും സഞ്ചരിക്ക

- **What passes along/കൂടിചേർത്തിട്ടു**

ഉദാ: വാതുക്കൽ കൂടി എറിഞ്ഞു

വിഭാഗാർത്ഥം കാണിക്കുന്നിടത്തും സപ്തമി വരുമെന്ന് ഗുണ്ടർട്ട് നിർദ്ദേശിക്കുന്നു (Term of superiority)

ഉദാ: നാലുപേരിലും മുമ്പൻ രാമൻ

നീതിശാസ്ത്രത്തിൽ മറുകര കണ്ടവൻ

തത്തകൾ രണ്ടിവെച്ച് ഏതു തോറ്റു (ഗുണ്ടർട്ട്, 2014: 134-166)

കാൾഡ്വലിന്റെ വിഭക്തി സംജ്ഞകളുടെ സ്വാധീനവും കേരളപാണിനി പിൻപറ്റുന്നുണ്ടെന്ന് കേരളപാണിനീയഭാഷ്യകാരൻ അനുമാനിക്കുന്നു. ഒരു അർത്ഥം വരുത്തുന്നതിന് ഭിന്നദ്രാവിഡഭാഷകൾ ഉപയോഗിക്കുന്ന പ്രത്യയങ്ങളെ താരതമ്യം ചെയ്ത് പഠിച്ച് മൂലരൂപം നിർണ്ണയിക്കാനാണ് കാൾഡ്വൽ ശ്രമിച്ചിട്ടുള്ളത്. അതിനാൽ അർത്ഥത്തെ ആസ്പദമാക്കിയാണ് അദ്ദേഹം സംജ്ഞകൾ നൽകിയിട്ടുള്ളത്. എന്നാൽ മലയാളം എന്ന പ്രത്യേകഭാഷയുടെ വിഭക്തികളെ സംബന്ധിക്കുന്ന വ്യാകരണ കാര്യങ്ങൾ പ്രതിപാദിക്കാൻ കാൾഡ്വലിന്റെ രീതി അനുവർത്തിച്ചത് *കേരളപാണിനീയ*ത്തിലെ പോരായ്മയായി ആന്റണി ചൂണ്ടിക്കാട്ടുന്നു. ചുരുക്കത്തിൽ കാൾഡ്വൽ സ്വീകരിച്ചിട്ടുള്ള വിഭക്തി സംജ്ഞകളെ ഉപയോഗിക്കേണ്ടി വന്നപ്പോൾ അതിന് ചില കാരണങ്ങൾ ഏ.ആർ പറയാൻ ശ്രമിക്കുന്നേയുള്ളൂ എന്ന് ആന്റണി നിരീക്ഷിക്കുന്നു (കേരളപാണിനീയഭാഷ്യം, ഖണ്ഡിക 4.14).

### 5.1.6. സി. എൽ. ആന്റണിയുടെ വീക്ഷണങ്ങൾ

- മലയാളവിഭക്തികൾക്ക് പ്രത്യേകം സംജ്ഞകൾ നൽകുന്നതിനായി ഏ. ആർ അവതരിപ്പിക്കുന്ന കാരണങ്ങളിലെ അപര്യാപ്തതകൾ സി.എൽ. ആന്റണി കണ്ടെത്തുന്നുണ്ട്.
- നാനാർത്ഥങ്ങളുള്ള സംസ്കൃതവിഭക്തികൾക്ക് രൂപാധിഷ്ഠിതമായ പേരുകളാണുള്ളത്. എന്നാൽ മലയാളത്തിലെ വിഭക്തികൾക്കോരോന്നിനും ഒരു പ്രത്യേക അർത്ഥം മാത്രമുള്ളതിനാൽ അർത്ഥത്തെ ആസ്പദമാക്കിയാണ് താൻ പ്രത്യേകനാമങ്ങൾ നൽകുന്നതെന്ന് ഏ.ആർ പ്രസ്താവിക്കുന്നു. കേര

ളപാണിനിയുടെ ആ അഭിപ്രായം തെറ്റാണെന്ന് ആന്റണി ഉദാഹരണങ്ങ ളോടെ സ്ഥാപിക്കുന്നു.

- ഭാഷയിലെ ഓരോ വിഭക്തിപ്രത്യയത്തിനും വാസ്തവത്തിൽ ഓരോ അർത്ഥം മാത്രമല്ല ഉള്ളതെന്ന് ഉദാഹരണസഹിതം വിവരിക്കുന്നു. പ്രത്യയരഹിതമായ നിർദ്ദേശികയ്ക്കുപോലും പ്രയോഗത്തിൽ അനേകാർത്ഥങ്ങളുണ്ടെന്ന് പറയു ന്നു.

ഉദാ : രാത്രി കഴിയാറായി ('രാത്രി' - നിർദ്ദേശിക)

രാത്രി നടന്നാൽ ക്ഷീണം തോന്നില്ല ('രാത്രിയിൽ' എന്ന ആധാരികാർത്ഥം)

കപ്പൽ കണ്ണിൽനിന്നകന്നു ('കപ്പൽ' നിർദ്ദേശിക)

കപ്പൽ പണിതു കടലിൽ ഇറക്കി ('കപ്പലിനെ' എന്ന് പ്രതിഗ്രാഹികാർത്ഥം)

കപ്പൽ കയറി പോകണം ('കപ്പലി'ൽ എന്ന് ആധാരികാർത്ഥം)

(ആന്റണി, 2005 : ഖണ്ഡിക 4.5)

- വിഭക്തിപ്രത്യയത്തിന്റെ അർത്ഥം സ്വതന്ത്രമല്ല; അത് ക്രിയയെ ആശ്രയിച്ചു നിലകൊള്ളുന്നു. ഈ വ്യാകരണതത്ത്വത്തെ സംയോജികാവിഭക്തിപ്രത്യയ ത്തിന്റെ സഹായത്താൽ ആന്റണി വിശദമാക്കുന്നു. 'ഓട്' എന്ന പ്രത്യയ ത്തിന് ക്രിയയുടെ അടിസ്ഥാനത്തിൽ സംയോഗാർത്ഥത്തിനു പുറമെ വിയോ ഗാർത്ഥവും വരുന്നു ഉദാ : രാമനോട് ചേർന്നു - രാമനോട് പിരിഞ്ഞു (2005 : ഖണ്ഡിക 4.6) ഈ ഉദാഹരണത്തിൽ 'ഓട്'ന് സംയോഗ-വിയോഗാർത്ഥങ്ങൾ സി.എൽ.ആന്റണി യഥാക്രമം കൽപിക്കുന്നു.
- മലയാളത്തിൽ ഒരു വിഭക്തിപ്രത്യയത്തിന് ഒരർത്ഥമല്ല; സംസ്കൃതത്തിലെ പ്പോലെയോ അതിൽ കൂടുതലായോ അർത്ഥവൈജാത്യങ്ങളുണ്ടെന്ന നിരീക്ഷ ണമാണ് കേരളപാണിനീയഭാഷ്യകാരൻ പുലർത്തുന്നത്.
- ഉദ്ദേശികാപ്രത്യയത്തിന്റെ അർത്ഥഭേദങ്ങളെ ഉദാഹരണസഹിതം വ്യക്തമാ ക്കുന്നുണ്ട്.

ഉദാ : എനിക്ക് ഒരു ശിഷ്യനുണ്ട് (നിർദ്ദേശികാർത്ഥം)

പൂച്ചയ്ക്കു പാൽ കൊടുത്തു (ഉദ്ദേശികാർത്ഥം)

നദിക്കു കിഴക്കുഭാഗം ('നദിയുടെ' എന്ന സംബന്ധികാർത്ഥം)

വഞ്ചി കരയ്ക്ക് എത്തി ('കരയിൽ' എന്ന ആധാരികാർത്ഥം)

- പ്രയോജികാപ്രത്യയത്തിനും അർത്ഥാന്തരങ്ങളുണ്ട്.

ഉദാ : വാളാൽ വെട്ടി ('വാളാൽ' പ്രയോജികാർത്ഥം)

രണ്ടാലൊന്നറിയണം ('രണ്ടിൽ' എന്ന ആധാരികാർത്ഥം)

- സംബന്ധികാപ്രത്യയത്തിനും ഈ സവിശേഷതകളുണ്ടെന്ന് ആന്റണി വീക്ഷിക്കുന്നു.

ഉദാ : രാമന്റെ പുസ്തകം - സംബന്ധികാർത്ഥം

രാമന്റെ കൂടെ - ('രാമനോട് കൂടെ' എന്ന സംയോജികാർത്ഥം)

- ആധാരികാപ്രത്യയത്തിന്റെ അർത്ഥതലങ്ങളെയും കാണിച്ചുതരുന്നു.

  ഉദാ: ശത്രുക്കൾ കണ്ണിൽ കണ്ടതെല്ലാം നശിപ്പിച്ചു ('കണ്ണിൽ' എന്ന ആധാരികാരൂപത്തിന് 'കണ്ണുകൊണ്ട്' എന്ന് പ്രയോജികാർത്ഥം) (2005 : ഖണ്ഡിക 4.7-4.8)

- ഒരു പ്രത്യയത്തിന് പല അർത്ഥങ്ങൾ വരുന്നതുപോലെതന്നെ ഒരർത്ഥത്തിന് ഒന്നിലധികം പ്രത്യയങ്ങൾ ഉപയോഗിക്കുന്ന സമ്പ്രദായവും മലയാളത്തിന് അപരിചിതമല്ലെന്ന് സി. എൽ. ആന്റണി വാദിക്കുന്നു. ഈ കാര്യത്തിൽ ഏ.ആർ കരുതുന്നതുപോലെ സംസ്കൃതവിഭക്തിപ്രത്യയങ്ങളിൽ നിന്ന് ഭിന്നമല്ല മലയാളവിഭക്തിപ്രത്യയങ്ങളെന്നും കൂട്ടിച്ചേർക്കുന്നു.

ഉദാ : പല ദിക്കും സഞ്ചരിച്ചു (ദിക്ക് - നിർദ്ദേശിക)
പല ദിക്കിലും സഞ്ചരിച്ചു ('ദിക്കിൽ' - ആധാരിക) } അർത്ഥ വ്യത്യാസമില്ല

രാമനോട് തുല്യരായി ആരുമില്ല (സംയോജിക)
രാമനു തുല്യരായി ആരുമില്ല (ഉദ്ദേശിക) } സമാനാർത്ഥം

എന്നോട് ദയയില്ല (സംയോജിക)
എന്നിൽ ദയയില്ല (ആധാരിക) } അർത്ഥവ്യത്യാസമില്ല

സ്വത്തിന് അവകാശിയായി (ഉദ്ദേശിക)
സ്വത്തിന്റെ അവകാശിയായി (സംബന്ധിക) } ഒരേ അർത്ഥം

മുളകിന് വില കൂടി (ഉദ്ദേശിക)
മുളകിന്റെ വില കൂടി (സംബന്ധിക) } തുല്യ അർത്ഥം

(2005 : 4.9)

- വിഭക്തികളുടെ ഇത്തരത്തിലുള്ള അർത്ഥവൈജാത്യങ്ങളെ ഏ.ആർ. വ്യക്തമായി മനസ്സിലാക്കുന്നുണ്ടെന്ന് കേരളപാണിനീയകാരികകളെ മുൻനിർത്തി സി.എൽ.ആന്റണി വിശദമാക്കുന്നുണ്ട്.

''സാക്ഷിയെന്നാൽ ക്രിയയതിൽ, കർത്താവിൻ പ്രതിയോഗിയാം'' (കാരിക 78)-'ഓട്'എന്ന പ്രത്യയത്തിന് സംയോജികാർത്ഥത്തിനു പുറമെ സംസ്കൃതത്തിലെ പഞ്ചമ്യർത്ഥവും ഉണ്ട്.

''ക്രിയോപകരണം തന്നെ കരണം ഹേതു കാരണം'' (കാരിക 81) - 'ആൽ' പ്രത്യയത്തിന് കരണാർത്ഥവും കാരണാർത്ഥവും വരുന്നുണ്ട്.

''ആധാരമാം കാരകം താ - നിഹാധികരണാഭിധം'' (കാരിക 82)

- ഔപശ്ലേഷികം, അഭിവ്യാപകം, വൈഷയികം എന്നീ അർത്ഥങ്ങളോടെ 'ഇൽ' പ്രത്യയം വരുന്നുണ്ടെന്ന് ഏ.ആർ പ്രസ്താവിക്കുന്നു.

കാരിക 87-ൽ ഉദ്ദേശികയുടെ വിവിധാർത്ഥങ്ങളെ - ദിക്ക്, ദേശം, കാലം, സംഖ്യ, കാലദേശപരിച്ഛേദം - ഏ.ആർ വിവരിക്കുന്നുണ്ട്.

''പ്രയോജികാധാരികസൾ കൊള്ളാം നിർദ്ധാരണത്തിന്'' (കാരിക 88)

- നിർദ്ധാരണാർത്ഥം കാണിക്കാൻ പ്രയോജികാപ്രത്യയവും ആധാരികാപ്രത്യയവും ഉപയോഗിക്കാമെന്നാണ് ഏ. ആർ. അർത്ഥമാക്കുന്നത് (ആന്റണി, 2005: 4.10)

- വിഭക്തികളുടെ ഉപയോഗവൈവിധ്യങ്ങളെ സംക്ഷേപണപരമായി അവതരിപ്പിക്കാൻ ഏ. ആറിനെ സഹായിച്ചത് ഗുണ്ടർട്ടിന്റെ *മലയാളഭാഷാവ്യാകരണ*ത്തിലെ 'ആശ്രിതാധികരണ'മാണെന്ന് സി. എൽ. ആന്റണി വ്യക്തമാക്കുന്നു. വിഭക്തിപ്രത്യയങ്ങളുടെ അർത്ഥവൈവിധ്യങ്ങളെ ഏ. ആർ. മനസ്സിലാക്കിയിട്ടും ഒരു വിഭക്തിക്ക് ഒരർത്ഥം മാത്രമേ മലയാളത്തിലുള്ളൂ എന്ന് പ്രസ്താവിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച ഘടകം എന്താണെന്നും ആന്റണി കണ്ടെത്താൻ ശ്രമിക്കുന്നു. വിഭക്തിസംജ്ഞകളുടെ കാര്യം നിരൂപണരീതിയിലും വിഭക്തികളുടെ ഉപയോഗവൈവിധ്യം സംക്ഷേപണരീതിയിലും കൈകാര്യം ചെയ്തതുകൊണ്ടുവന്ന തരക്കേടായിട്ടാണ് സി.എൽ. ആന്റണി ഇതിനെ നോക്കിക്കാണുന്നത് (2005 : 4.13).

- കാൾഡ്വലിന്റെ വിഭക്തിസംജ്ഞാസ്വീകരണത്തെ അന്ധമായി അനുകരിച്ചതുകൊണ്ടും ഏ. ആറിന് പിഴവുകൾ സംഭവിച്ചതായി ആന്റണി വിലയിരുത്തുന്നു. ഒരർത്ഥം വരുത്തുന്നതിന് ഭിന്നദ്രാവിഡഭാഷകൾ ഉപയോഗിക്കുന്ന പ്രത്യയങ്ങളെ താരതമ്യംചെയ്ത് പഠിച്ച് അവയുടെ മൂലരൂപം കഴിയുമെങ്കിൽ കണ്ടെത്താനാണ് കാൾഡ്വൽ ശ്രമിച്ചത്. എന്നാൽ മലയാളഭാഷയുടെ വ്യാകരണം മാത്രം രചിക്കേണ്ടിയിരുന്ന ഏ. ആർ, കാൾഡ്വൽ സ്വീകരിച്ചിട്ടുള്ള വിഭക്തിസംജ്ഞകളെ ഉപയോഗിച്ചപ്പോൾ അതിനു ചില കാരണങ്ങൾ പറയാൻ ശ്രമിക്കുകയും അവ ഒട്ടും യുക്തിഭദ്രമല്ലാതായി മാറുകയും ചെയ്തുവെന്നാണ് ആന്റണിയുടെ നിഗമനം (2005 : 4.14).

- കേരളപാണിനി മലയാളവിഭക്തികളെ ഏഴ് ആയി നിർണ്ണയിച്ച് അതിൽ ഉൾപ്പെടാത്തതൊക്കെ വിഭക്ത്യാഭാസങ്ങളായി വിഭാവനം ചെയ്യുകയാണുണ്ടായത്. ദ്വിവിഭക്തികരൂപമായി ഏ.ആർ നിർദ്ദേശിക്കുന്ന 'ഓട്ട്' (വെള്ളത്തിലേ

ക്ക്, കാട്ടിലേക്ക്) എന്നതിന് വിഭക്തിയെപോലെ സ്വതന്ത്രാർത്ഥവും രൂപസവിശേഷതയും ഉണ്ടെന്നും ഗതിസൂചകാർത്ഥമുള്ള 'ഓട്ട്' മലയാളത്തിൽ ഒരു പ്രത്യേക പ്രത്യയമാകാനുള്ള അർഹതയുണ്ടെന്നും സി.എൽ. ആന്റണി വ്യക്തമാക്കുന്നു.

- എന്തായാലും മലയാളത്തിലെ വിഭക്തിപ്രത്യയങ്ങളുടെ പ്രയോഗം കേരളപാണിനി കരുതുന്നതുപോലെ അത്ര ലളിതമല്ലെന്നും വളരെ സങ്കീർണമാണെന്നുമാണ് ആന്റണിയുടെ അഭിപ്രായം (2005 : 4.17).
- പലതരത്തിലുള്ള വിഭക്തി അർത്ഥങ്ങളെ പ്രകടമാക്കാൻ പ്രത്യയങ്ങളെ ഒന്നിനു പിന്നാലെ മറ്റൊന്ന് ചേർത്ത് ചേർത്ത് പ്രയോഗിക്കുന്ന സംശ്ലിഷ്ടകക്ഷ്യാരീതിയെ സംയുക്തവിഭക്തിപ്രത്യയങ്ങൾ പ്രയോഗിക്കാത്ത ഇൻഡോ - യൂറോപ്യൻ മാതൃകയാൽ വിശദീകരിക്കാൻ ശ്രമിച്ചതിന്റെ ഫലമായിട്ടാണ് ഇത്തരം രൂപങ്ങളെ വിഭക്ത്യാഭാസങ്ങളായി ഏ. ആറിന് സങ്കല്പിക്കേണ്ടി വന്നതെന്ന് ആന്റണി സമർത്ഥിക്കുന്നു (2005 : 4.17).
- സംയുക്തവിഭക്തിപ്രത്യയങ്ങളുടെ പ്രയോഗം സംശ്ലിഷ്ടകക്ഷ്യയിൽ വരുന്ന മലയാളഭാഷയെ സംബന്ധിച്ചിടത്തോളം ആഭാസത്തമില്ലെന്നും അത്തരം രൂപങ്ങളെയും ചേർത്ത് പരിപൂർണമായെടുത്ത് അപഗ്രഥിച്ചു വർഗീകരിച്ചാൽ മാത്രമേ മലയാളത്തിലെ വിഭക്തികളുടെ യഥാർത്ഥത്തിലുള്ള എണ്ണവും തരവും തിട്ടപ്പെടുത്താനാകൂ എന്ന നിർദ്ദേശവും കേരളപാണിനീയഭാഷ്യകാരൻ അവതരിപ്പിക്കുന്നു (2005 : 4.17).
- പ്രഥമാദികളായ സംസ്കൃതവിഭക്തിസംജ്ഞകൾക്കു പകരം അർത്ഥത്തെ ആശ്രയിച്ച് നിർദ്ദേശിക, പ്രതിഗ്രാഹിക എന്നീ പേരുകൾ സ്വീകരിച്ചിരിക്കുന്നുവെന്നതിന് കേരളപാണിനി പറയുന്ന കാരണങ്ങൾ അപര്യാപ്തമാണെന്നുള്ള കാഴ്ചപ്പാടാണ് ആന്റണിക്കുള്ളത് (2005 : 4.18).

### 5.1.7. വിഭക്തിചർച്ചകൾ: ആധുനികപഠനങ്ങൾ

കേരളപാണിനി വിഭക്തികൾക്ക് പ്രത്യേകം പേരുകൾ നൽകിയതിനു പിന്നിലുള്ള കാരണങ്ങളും അവയുടെ വിശദീകരണങ്ങളും സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുന്ന ലേഖനമാണ് *കേരളപാണിനീയഭാഷ്യ*ത്തിലെ 'വിഭക്തിസംജ്ഞകൾ' എന്നുള്ളത്. സംസ്കൃതനാമങ്ങൾക്കുപകരം പുതിയനാമങ്ങൾ കേരളപാണിനി നൽകിയെങ്കിലും അതിനുവേണ്ടി അദ്ദേഹം വിവരിക്കുന്ന കാരണങ്ങളിൽ ചില പോരായ്മകളുണ്ടെന്നുള്ള വീക്ഷണമാണ് സി. എൽ ആന്റണിക്കുള്ളത്. അദ്ദേഹത്തോടൊപ്പം മറ്റുചില ആധുനികവൈയാകരണന്മാരുടെയും നിരീക്ഷണങ്ങളെയും ചേർത്തുവെച്ചു പരിശോധിക്കേണ്ടത് അനിവാര്യമാണ്. ശേഷഗിരിപ്രഭു, ജോൺ കുന്നപ്പള്ളി, കെ.സുകുമാരപിള്ള, കെ.എം. പ്രഭാകരവാര്യർ, സി.വി.വാസു

ദേവഭട്ടതിരി, വി.സുധാബായ്, കെ.ശ്രീകുമാരി എന്നിവരുടെയൊക്കെ വിഭക്തിപ്രകരണസിദ്ധാന്തങ്ങളെ താഴെ ചേർക്കുന്നു.

**5.1.7.1. ശേഷഗിരിപ്രഭു**

14-ാം നൂറ്റാണ്ടിലെ *ലീലാതിലകം* മുതൽ 20-ാം നൂറ്റാണ്ടിലെ ശേഷഗിരിപ്രഭുവിന്റെ *വ്യാകരണമിത്രം* വരെയുള്ള വ്യാകരണകൃതികളിൽ *കേരളപാണിനീയ*മൊഴികെയുള്ളവയിൽ വിഭക്തിസംജ്ഞകളെ സൂചിപ്പിക്കുന്നത് സംസ്കൃതരീതി അനുസരിച്ചാണെന്ന് സി.എൽ.ആന്റണി പ്രസ്താവിക്കുന്നുണ്ട്. *വ്യാകരണമിത്ര* ത്തിൽ *കേരളപാണിനീയ*ത്തിൽനിന്നും വ്യത്യസ്തമായി സംസ്കൃതനാമധേയങ്ങൾതന്നെ വിഭക്തികൾക്ക് നൽകാനുണ്ടായ കാരണത്തെ സൂചിപ്പിക്കുന്നു. "ഈ രൂപങ്ങളുടെ അനേകാർത്ഥങ്ങളിൽ ഒന്നിനെമാത്രം ആധാരമാക്കി സംജ്ഞചെയ്യുന്നത് ന്യായമല്ലായ്കയാൽ പ്രാചീനസംജ്ഞകളെത്തന്നെ ഇവിടെ അംഗീകരിച്ചിരിക്കുന്നു." ഭാഷയിൽ വിഭക്തിപ്രത്യയങ്ങൾ ഏകാർത്ഥകമാണെന്നുള്ള ഏ.ആറിന്റെ വികലവീക്ഷണത്തെ നിരാകരിക്കുകയാണ് ശേഷഗിരിപ്രഭു. വിഭക്തി നാമകരണത്തിൽ പഴയരീതി കൈക്കൊള്ളുന്നുവെങ്കിലും "കേരളപാണിനിയുടെ കാലത്തുതന്നെ ജീവിച്ചുകൊണ്ടു കേരളപാണിനീയത്തിൽ നിന്നു വ്യത്യസ്തമായി ചിന്തിക്കാൻ കഴിഞ്ഞു" എന്നത് ശേഷഗിരിപ്രഭുവിന്റെ മഹത്വമായി ഡോ.എൻ.കെ. മേരി കാണുന്നു (മേരി, 2015 : 27) അദ്ദേഹത്തിന്റെ വിഭക്തിസംജ്ഞകളും പ്രത്യയങ്ങളും ഉദാഹരണസഹിതം പരിശോധിക്കാം.

**5.1.7.2. പി. കെ. നാരായണപിള്ള**

*വ്യാകരണപ്രവേശിക*യുടെ എട്ടാം അധ്യായത്തിലാണ് വിഭക്തികാര്യങ്ങളെ സംബന്ധിച്ചുള്ള ചർച്ചയുള്ളത്. കാരകം, വിഭക്തിപ്രത്യയങ്ങൾ എന്നിവയെ നിർവചിച്ചിരിക്കുന്നു: "നാമങ്ങൾക്കും ക്രിയയ്ക്കും തമ്മിലുള്ള ബന്ധത്തിനു 'കാരകം' എന്നാണു പേരിട്ടിരിക്കുന്നത്. കാരകബന്ധത്തെ കുറിക്കുന്നതിന് നാമങ്ങളിൽ ചേർക്കുന്ന പ്രത്യയങ്ങളെ 'വിഭക്തിപ്രത്യയങ്ങൾ' എന്നു പറയുന്നു" (നാരായണപിള്ള, 1990 : 40) ഒരു വാക്യത്തിലെ കാരകബന്ധങ്ങളെ അടിസ്ഥാനമാക്കി വിഭക്തികളെ നിർണ്ണയിക്കുന്നതിനാൽ വിഭക്തികളുടെ ആർത്ഥികതലത്തിനാണ് അദ്ദേഹം പ്രാധാന്യം നൽകുന്നതെന്നു പറയാം.

**5.1.7.3. ജോൺ കുന്നപ്പള്ളി**

നാമങ്ങൾക്കു വാക്യത്തിലെ പദങ്ങളോടുള്ള ബന്ധമായിട്ടാണ് *ശബ്ദസൗഭഗ*ത്തിൽ ജോൺ കുന്നപ്പള്ളി വിഭക്തിയെ പരിഗണിക്കുന്നത്. അതായത് രൂപത്തേ

ക്കാൾ അർത്ഥത്തിനു മുൻതൂക്കം നൽകിയിരിക്കുന്നുവെന്നു സാരം. കേരളപാണിനിയുടെ പുതിയ വിഭക്തിസംജ്ഞകളും അവ നൽകാനുള്ള കാരണങ്ങളും യുക്തിസഹമല്ലെന്നാണ് കുന്നപ്പള്ളിയുടെ മതം.

- ഒരു വിഭക്തി ഒരർത്ഥത്തെ സൂചിപ്പിക്കുന്നുവെന്ന ഏ. ആറിന്റെ പ്രസ്താവനയെ അദ്ദേഹത്തിന്റെത്തന്നെ ഉദാഹരണങ്ങളെ മുൻനിർത്തി ഖണ്ഡിച്ചിരിക്കുന്നു. -ഇൽ (അതിനകത്ത്), -കൽ (അതിനുസമീപം) എന്നിങ്ങനെ ആധാരികയ്ക്കു ഭിന്നാർത്ഥങ്ങളുള്ള രണ്ടു പ്രത്യയങ്ങളെ വിധിക്കുന്നതിൽ തെറ്റുണ്ടെന്ന് നിരീക്ഷിക്കുന്നു.
- ഒരേ വിഭക്തിരൂപത്തിന്റെ പലതരം അർത്ഥങ്ങളെ ഉദാഹരിക്കുന്നു.

  ഭീമനു സദൃശൻ - ഭീമനോടു സദൃശൻ (ഉദ്ദേശികയ്ക്കു സംയോജികാർത്ഥം)

  ഹിമവാന് തെക്ക് - ഹിമവാന്റെ തെക്ക് (ഉദ്ദേശികയ്ക്കു സംബന്ധികാർത്ഥം)

  കരണക്കുറ്റിക്ക് അടിക്കുക - കരണക്കുറ്റിയിൽ അടിക്കുക (ഉദ്ദേശികയ്ക്കു ആധാരികാർത്ഥം)

- ഒരേ അർത്ഥമുള്ള പല വിഭക്തിരൂപങ്ങളെയും ഉദാഹരണസഹിതം അവതരിപ്പിക്കുന്നു.

(i) മേലാൽ അങ്ങനെ ചെയ്യരുത് - പ്രയോജിക
മേലിൽ അങ്ങനെ ചെയ്യരുത് - ആധാരിക

(ii) വടിയാൽ തടുത്തു - പ്രയോജിക
വടികൊണ്ട് തടുത്തു - ഗതി ചേരുന്നു (ജോൺ കുന്നപ്പള്ളി, 1976 : 121-123)

കേരളപാണിനിയുടെ പുതിയ വിഭക്തിസംജ്ഞകൾ ജോൺകുന്നപ്പള്ളിയുടെ വീക്ഷണത്തിൽ അസംഗതമാണ്.

#### 5.1.7.4. കെ. സുകുമാരപിള്ള

*കൈരളീശബ്ദാനുശാസന*ത്തിൽ വിഭക്തികളെ സംബന്ധിച്ചുള്ള പല തലങ്ങളിലുള്ള നോട്ടങ്ങളാണുള്ളത്. കാരകാർത്ഥത്തെ പ്രകടമാക്കാൻ നാമം സ്വീകരിക്കുന്ന രൂപമാണ് വിഭക്തി. നാമവും ക്രിയയും തമ്മിലുള്ള യോജനയാണ് കാരകം. കേരളപാണിനി വിഭക്തികളായി കണക്കാക്കുന്ന സംബന്ധിക, സംബോധന എന്നിവയ്ക്കൊന്നും ആ പദവിക്ക് അർഹതയില്ലെന്നാണ് സുകുമാരപിള്ളയുടെ അഭിപ്രായം. സംബന്ധികയ്ക്ക് നാമത്തോടുമാത്രമേ സംബന്ധം ഉള്ളൂവെന്നും ക്രിയയോട് ഇല്ലെന്നും ഉള്ള കാരണത്താൽ അതിനെ വിഭക്തികളുടെ ഗണത്തിൽ ഉൾപ്പെടുത്തുന്നില്ല. ക്രിയയുടെ ആകാംക്ഷയെ പൂർത്തീകരിക്കാത്തതിനാൽ സംബോധനയും

വിഭക്തിയാവില്ല. മാത്രമല്ല അത് വ്യാക്ഷേപകങ്ങൾക്ക് സമാനമാണെന്നും വിധിക്കുന്നു. അവ രണ്ടിനെയും ഒഴിവാക്കി ആറുവിഭക്തികളെ തന്റെ കൃതിയിൽ വിവരിക്കുന്നു. ഒന്നാംവിഭക്തി - ം, രണ്ടാംവിഭക്തി - എ, മൂന്നാംവിഭക്തി - ഒ (ഓ)ട്, നാലാംവിഭക്തി- ക്, -ഉ്, അഞ്ചാംവിഭക്തി - ആൽ, ആറാംവിഭക്തി - ഇൽ എന്നിങ്ങനെയാണവ. വിഭക്തി, വിഭക്തിപ്രത്യയം എന്നിവയെ നിർവചിച്ചിരിക്കുന്നതു നോക്കാം:

"കാരകാർത്ഥം (ക്രിയയോടുള്ള ബന്ധം) കുറിക്കാൻ ഉതകുംമട്ടിൽ നാമം സാർവ്വത്രികമായി സ്വീകരിക്കുന്ന രൂപമാണു വിഭക്തി."

"വിഭക്തിരൂപം രചിക്കാൻ ഉതകുന്ന പ്രത്യയമാണ് വിഭക്തിപ്രത്യയം" (സുകുമാരപിള്ള, 1980 : 374)

ഒരു വാക്യത്തിൽ നാമത്തിന് മറ്റു പദങ്ങളോടുള്ള ബന്ധമാണ് വിഭക്തിയെന്നും ബന്ധം കാണിക്കുന്ന പ്രത്യയങ്ങളെയും വിഭക്തി എന്നു വിളിക്കാം എന്നുമുള്ള ജോൺ കുന്നപ്പള്ളിയുടെ നിർവ്വചനം അശാസ്ത്രീയമാണെന്നും നാമത്തിന് മറ്റു പദങ്ങളോടുള്ള ബന്ധത്തിന് വിഭക്തി എന്നു പറയാനാവില്ലെന്നും നാമത്തിനു ക്രിയയോടുള്ള ബന്ധമാണ് വിഭക്തി എന്നും സുകുമാരപിള്ള സമർത്ഥിക്കുന്നു.

### 5.1.7.5. സി. വി. വാസുദേവഭട്ടതിരി

*അഭിനവമലയാളവ്യാകരണ*ത്തിൽ വിഭക്തിചർച്ച പുരോഗമിക്കുന്നത് കേരളപാണിനീയചിന്തകളുടെ അടിസ്ഥാനത്തിലാണ്. സംബന്ധികവിഭക്തിയെ സംബന്ധിച്ചുള്ള പ്രത്യേക പരാമർശങ്ങൾ നടത്തുന്നുണ്ട്. അതിനെ വിഭക്തിയായി ഗണിക്കേണ്ടതില്ലെന്ന അഭിപ്രായം വെച്ചുപുലർത്തുന്നവരിൽ പ്രമുഖർ കെ. സുകുമാരപിള്ള, കെ. എം. പ്രഭാകരവാര്യർ, കെ. എസ്. നാരായണപിള്ള എന്നിവരാണ്. സംബന്ധികയ്ക്ക് വാക്യത്തിൽ കാരകബന്ധം സൂചിപ്പിക്കാൻ കഴിയുമെന്നും അതിനാൽ വിഭക്തിയായി നിജപ്പെടുത്താമെന്നുമാണ് വാസുദേവഭട്ടതിരി അഭിപ്രായപ്പെടുന്നത്:
"ഈ പുസ്തകം എന്റെയാണ്, അത് രാമന്റെയാണ് എന്നിവയിൽ പുസ്തകം, അത് എന്നീ നാമങ്ങൾക്ക് ക്രിയയോടുള്ള (ആണ്) ബന്ധം സൂചിപ്പിക്കാൻ സംബന്ധികയ്ക്ക് കഴിയുന്നു. 'എന്റെ' എന്നതിന് my, mine എന്ന രണ്ടർത്ഥങ്ങളുണ്ട്. അത് ഓർക്കാതെയാണ് സംബന്ധിക കാരകബന്ധം കുറിക്കുന്നില്ല എന്നു ചിലർ പറയുന്നത്. (വാസുദേവഭട്ടതിരി, 1980 :135).

**5.1.7.6. കുട്ടികൃഷ്ണമാരാര്**

സംബന്ധികാവിഭക്തിയെ സംബന്ധിച്ചുള്ള മാരാരുടെ നിരീക്ഷണങ്ങൾ *ഭാഷാപരിചയം* എന്ന കൃതിയിൽ കാണാം. കാരകബന്ധം പ്രകടമാക്കുന്ന വിഭക്തിയായി സംബന്ധികയെ മാരാര് കണക്കാക്കുന്നു. "ക്രിയാപദം ക്രിയാനാമമായിരിക്കുമ്പോൾ, അതിന്റെ കർത്താവിന്നും ചിലപ്പോൾ മറ്റു ചില കാരകത്തിനും ഈ സംബന്ധികാപ്രത്യയം വരികയും ചെയ്യും. ഉദാ: രവിയുടെ കോപം, രവിയുടെ അടി →എല്ലാം കർത്താവിൽ; ചന്ദ്രന്റെ കരച്ചിൽ, വിളയുടെ കൊയ്ത്ത് → കർമ്മത്തിൽ; പട്ടിന്റെ കുപ്പായം - കരണത്തിൽ. ഇതുകൊണ്ട് സംബന്ധികയും കാരകപ്രത്യയമാണെന്നു പറഞ്ഞുകൂടായ്കയില്ലല്ലോ" (മാരാര്, 1942:79).

**5.1.7.7. കെ. എസ്. നാരായണപിള്ള**

കേരളപാണിനിയുടെ വിഭക്തിചർച്ചയിൽനിന്നും അൽപം വ്യത്യസ്തമായാണ് നാരായണപിള്ള മുന്നോട്ടുപോകുന്നത്. ആറു വിഭക്തികളെയാണ് അദ്ദേഹം പരിഗണിക്കുന്നത്. സംബന്ധികയെ വിഭക്തിയായി പരിഗണിക്കുന്നില്ല. വാക്യത്തിൽ നാമവും ക്രിയയും തമ്മിലുള്ള സംബന്ധത്തെ കാരകം എന്നു വിളിക്കാമെന്നും സംബന്ധിക ഒഴികെയുള്ള വിഭക്തികൾ കാരകാർത്ഥം പ്രകടമാക്കുമെന്നും നിരീക്ഷിക്കുന്നു. 'കരണം, കാരണം' എന്നിങ്ങനെ പ്രയോജികയ്ക്ക് രണ്ട് കാരകാർത്ഥങ്ങളുണ്ട്. അങ്ങനെ ആറ് വിഭക്തികൾ ഏഴു കാരകബന്ധങ്ങളെ വെളിപ്പെടുത്തുന്നുവെന്ന് അഭിപ്രായപ്പെടുന്നു. മറ്റു നാമങ്ങളോടുള്ള ബന്ധത്തെയാണ് സംബന്ധിക കുറിക്കുന്നത് എന്നതിനാൽ അതിനെ വിഭക്തികളിലൊന്നായി കരുതാനാവില്ലെന്നാണ് നാരായണപിള്ള വിശദമാക്കുന്നത്.

**5.1.7.8. ഇ. വി. എൻ. നമ്പൂതിരി**

*കേരളഭാഷാവ്യാകരണ*ത്തിൽ എട്ടു വിഭക്തികളെക്കുറിച്ചാണ് പ്രതിപാദിച്ചിട്ടുള്ളത്.

"നിപ്രസം ഉപ്രസം ആസം

വിഭക്തികൾ മുറയ്ക്കിഹ

ശൂന്യമേയോടുക്കാലുടെ

ഇൽക്കല്ലത്തഥ ദീർഘമേ" (ഇ.വി.എൻ., 2005 : 94)

നിർദ്ദേശിക, പ്രതിഗ്രാഹിക, സംയോജിക, ഉദ്ദേശിക, പ്രയോജിക, സംബന്ധിക, ആധാരിക, സംബോധിക (നി-പ്ര-സം-ഉ-പ്ര-സം-ആ-സം) എന്നിങ്ങനെ എട്ടുവിഭക്തികളും അവയുടെ പ്രത്യയങ്ങളും അദ്ദേഹം വിവരിക്കുന്നു. പ്രത്യയങ്ങൾ യഥാക്രമം ശൂന്യം, എ, ഓട്, ക്കു, ആൽ, ഉടെ, ഇൽ/അത്ത്, ദീർഘം/ഏ എന്നിവയാണ്. കേരളപാണിനീയചിന്തകളിൽനിന്നും വേറിട്ട നിരീക്ഷണമാണിത്. വിഭക്തി, കാരകം എന്നിവയെ നിർവചിച്ചിരിക്കുന്നു. "നാമങ്ങൾക്ക് വാക്യഘടനയിൽ ക്രിയയോടുള്ള ബന്ധത്തിനാണ് 'കാരകം' എന്നു പറയുന്നത്. ഒരു നാമത്തിന് മറ്റ് പദങ്ങളുമായുള്ള ബന്ധം കാണിക്കുന്ന പ്രത്യയത്തിന് 'വിഭക്തി' എന്നും പറയും. കാരകം വാക്യത്തിലെ വ്യാകരണബന്ധം കുറിക്കുമ്പോൾ വിഭക്തി നാമത്തിന്റെ ബാഹ്യരൂപം കുറിക്കുന്നു എന്നതാണ് ഇവ തമ്മിലുള്ള വ്യത്യാസം. 'മാലു കമ്പനിയിൽ പോയി' എന്നതിലെ മാലു കർത്തൃകാരവും നിർദ്ദേശികാവിഭക്തിയും ആകുന്നു. 'കമ്പനിയിൽ' എന്നത് അധികരണകാരകവും ആധാരികാവിഭക്തിയുമാണ്. ഇങ്ങനെ കാരകവും വിഭക്തിയും തമ്മിൽ അന്യോന്യബന്ധം പലപ്പോഴും കാണാം" (2005 : 146-147).

കരണം, കാരണം എന്നീ അർത്ഥങ്ങളിൽ പ്രയോജിക ഉപയോഗിക്കുന്നുണ്ടെങ്കിലും 'ആൽ' എന്ന അതിന്റെ വിഭക്തിപ്രത്യയത്തിനു പകരം 'കൊണ്ട്' എന്ന ഗതിചേർക്കുന്നതാണ് ഇക്കാലത്ത് കൂടുതൽ സ്വാഭാവികമെന്ന് ഇ.വി.എൻ അഭിപ്രായപ്പെടുന്നു. സംബന്ധിക ഒരു വിഭക്തിയാണെങ്കിലും കാരകമല്ലെന്നുള്ള പക്ഷക്കാരനാണ് ഇദ്ദേഹം. അതായത് നാമത്തിന് ക്രിയയോടുള്ള സംബന്ധത്തെ അത് വെളിപ്പെടുത്തുന്നില്ല എന്ന് ഇ. വി. എൻ. കരുതുന്നു. പ്രത്യേകമായി ഒരു കാരകാർത്ഥത്തെയും പ്രകടമാക്കുന്നില്ലെങ്കിലും നാമവാചകങ്ങളിൽ അത് ഏത് കാരകത്തെയും കുറിക്കാമെന്ന് ഉദാഹരണങ്ങളോടെ വിശദമാക്കുന്നു.

രാമന്റെ വരവ് - കർത്താവ്, രാവണന്റെ വധം - കർമ്മം, സീതയുടെ കൂടെ - സാക്ഷി, അമ്മുവിന്റെ ആട്ടിൻകുട്ടി - സ്വാമി, കത്തിയുടെ പ്രയോഗം - കരണം, കലാപത്തിന്റെ ഫലം - കാരണം , ആകാശത്തിന്റെ നീലിമ - അധികരണം
(2005 : 148)

ഏകവചനങ്ങളിൽ വിഭക്തിപ്രത്യയങ്ങൾ ചേർക്കുമ്പോൾ ചിലമാറ്റങ്ങൾ സംഭവിക്കുമെന്നും അത്തരം മാറ്റംവന്ന രൂപത്തെ 'വിഭക്ത്യംഗം' എന്ന് വിളിക്കാമെന്നും നിർദ്ദേശിക്കുന്നു. മലയാളത്തിൽ രണ്ടുതരത്തിലുള്ള മാറ്റങ്ങളാണ് പ്രധാനമായി കാണുന്നത്.

(i) അന്ത്യവ്യഞ്ജനത്തിന് ഇരട്ടിപ്പ്

കാട് + ഇൽ = കാട്ടിൽ, ആറ് + ഇൽ = ആറ്റിൽ (ട-റ ഇരട്ടിപ്പ്)

മരം + ഇൽ = മരത്തിൽ, കുടം + ഇൽ = കുടത്തിൽ (അനുസ്വാരം ഇരട്ടിച്ച് 'അത്ത്' ആകുന്നു)

(ii) 'ഇൻ' എന്ന ഇടനിലയുടെ യോഗം

മനസ്സ് - മനസ്സിനെ, മനസ്സിനോട്

രാജാവിനെ, വീട് - വീട്ടിന്റെ ..... എന്നീ ഉദാഹരണങ്ങൾ നൽകുന്നു (2005 : 95).

#### 5.1.7.9. പി. മീരാക്കുട്ടി

*കേരളപാണിനീയം – ചില അനുബന്ധചിന്തകൾ* എന്ന കൃതിയിൽ കേരള പാണിനീയനിരീക്ഷണങ്ങളിൽ വന്നുചേർന്നിട്ടുള്ള അപാകതകളെ പരിശോധിക്കുകയും പുതിയ ചിന്തകൾ ആവിഷ്കരിക്കുകയും ചെയ്തിരിക്കുന്നു. 'വിഭക്ത്യാഭാസം' എന്നതിനെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ പരിശോധിച്ചു നോക്കാം. വിഭക്ത്യാഭാസങ്ങളെ ഖിലം, ലുപ്തം, ഇരട്ടിപ്പ് എന്നിങ്ങനെയാണ് കേരളപാണിനി വിഭജിക്കുന്നത്. വിലക്ഷണവിഭക്തിരൂപങ്ങളായാണ് വിഭക്ത്യാഭാസങ്ങളെ[6] ഏ. ആർ. പരിഗണിക്കുന്നത്. എല്ലാ നാമങ്ങളിലും ചേരാത്ത വിഭക്തികളെ 'ഖിലം' എന്നും വിഭക്തിപ്രത്യയം ലോപിച്ച് അംഗം മാത്രമായതിനെ 'ലുപ്തം' എന്നും ഒരു വിഭക്തിക്കുമേൽ മറ്റൊരു വിഭക്തികൂടി വരുന്നതിനെ 'ഇരട്ടിപ്പ്' എന്നുമാണ് ഏ. ആർ. വ്യവഹരിക്കുന്നത്. ഇവയ്ക്ക് ഉദാഹരണമായി 'കൽ' (ബഹുവചനത്തിൽ ചേരാത്തതിനാൽ ഖിലം), 'അത്ത്' (ആധാരികയുടെ 'ഇൽ' പോയി പകരം വരുന്നു), 'ഇൽ + എ' (കാട്ടിലേ ആന, വെള്ളത്തിലേക്ക്.... എന്നിങ്ങനെ ദ്വിവിഭക്തികരൂപങ്ങളായി ഏ.ആർ ഇതിനെ കാണുന്നു) എന്നിവ യഥാക്രമം വിവരിക്കുന്നു.

പി. മീരാക്കുട്ടിയുടെ അഭിപ്രായത്തിൽ വിഭക്ത്യാഭാസങ്ങൾ വിലക്ഷണവിഭക്തികളല്ല. വിഭക്തികൾ തന്നെയാണ് - കൽ,അത്ത് എന്നിവയ്ക്ക് പ്രയോഗത്തിൽ ആധാരികാർത്ഥമാണുള്ളത്. അതിനാൽ അവയെ ആധാരികാപ്രത്യയങ്ങളായി കരുതുന്നു. അവ ആഭാസങ്ങളല്ലെന്ന് നിർദ്ദേശിക്കുന്നു. വിഭക്തിരൂപങ്ങളിൽ ഉൾപ്പെടാത്തതിനാൽ സംബന്ധികയ്ക്ക് ആഭാസങ്ങളെ നിർണ്ണയിക്കുന്നതിൽ സ്ഥാനമില്ല. ഒരു വിഭക്തിക്കുമേൽ മറ്റൊന്നു വരുന്ന 'ഇരട്ടിപ്പ്' വിലക്ഷണതയല്ല പ്രയോഗവിശേഷം മാത്രമാണ്. ഒരു വിഭക്തിയുടെ രൂപവും മറ്റൊരു വിഭക്തിയുടെ അർത്ഥവുമുള്ള രൂപങ്ങളെ വിഭക്ത്യാഭാസങ്ങളായി കരുതുകയും ഉദാഹരണങ്ങൾ നൽകി അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്.

നിർദ്ദേശികയുടെ രൂപവും മറ്റു വിഭക്തികളുടെ അർത്ഥവും വരുന്നവ :

**നിർദ്ദേശികാഭാസം**

ഉദാ: പെണ്ണുകെട്ടി

പശു കറന്നു

} 'ദിക്ക്' നിർദ്ദേശികയായാലും ആധാരികയായാലും അർത്ഥഭേദമില്ല

രാത്രി നടക്കുമ്പോൾ വെളിച്ചം വേണം (ആധാരികാർത്ഥം)

**പ്രതിഗ്രാഹികാഭാസം**

ഉദാ: കോട്ടയത്തെ പ്രകടനം - (ആധാരികാർത്ഥം)

**ഉദ്ദേശികാഭാസം**

ഉദാ: വള്ളം കരയ്ക്ക് അടുത്തു - (ആധാരികാർത്ഥം) (മേരി, 2015 : 205))

**5.1.7.10. കെ. എം. പ്രഭാകരവാര്യർ**

ഡോ. കെ. എം. പ്രഭാകരവാര്യരും ഡോ. പി. എൻ. രവീന്ദ്രനും സഞ്ചയിച്ചു പ്രസിദ്ധീകരിച്ച *മലയാളഭാഷാപഠനങ്ങൾ* എന്ന പ്രബന്ധസമാഹാരത്തിൽ ഭാഷാശാസ്ത്രം, വ്യാകരണം എന്നിവയെ അധികരിച്ചുള്ള ഒമ്പത് ലേഖനങ്ങളാണുള്ളത്. അതിലൊന്നാണ് 'മലയാളത്തിലെ മാർഗ്ഗവിഭക്തി' എന്ന പേരിലുള്ള കെ. എം. പ്രഭാകരവാര്യരുടെ പ്രബന്ധം. അദ്ദേഹത്തിന്റെ *മലയാളവ്യാകരണസമീക്ഷ* എന്ന കൃതിയിലും വിഭക്തിചിന്തകളുടെ വേറിട്ട ആശയങ്ങളുണ്ട്. അവ രണ്ടും ചേർത്തു വെച്ച് നിരീക്ഷിക്കുകയാണ് താഴെ ചെയ്യുന്നത്.

'മലയാളത്തിലെ മാർഗ്ഗവിഭക്തി' എന്ന ലേഖനത്തിൽ കേരളപാണിനീയ ചിന്തകളിൽനിന്നും വ്യതിരിക്തമായി വിഭക്തിപ്രകരണത്തെ ആവിഷ്കരിച്ചിരിക്കുന്നു. മറ്റു പദങ്ങളുമായുള്ള സംബന്ധം കുറിക്കാനായി നാമങ്ങളിൽ ചേർക്കുന്ന പ്രത്യയങ്ങൾക്കാണ് വിഭക്തി എന്ന് ഏ.ആർ നിർവ്വചിക്കുന്നത്. പദതലത്തിൽ മാത്രം ഊന്നുന്ന കേവലം രൂപാധിഷ്ഠിതമായ സങ്കൽപമാണത്. എന്നാൽ രൂപത്തെയും അർത്ഥത്തെയും സമാനരീതിയിൽ പരിഗണിക്കുന്നവിധത്തിൽ നാമത്തിനു ക്രിയയോടുള്ള ആശ്രിതബന്ധത്തെയാണ് പ്രഭാകരവാര്യർ വിഭക്തിയായി അവതരിപ്പിക്കുന്നത്. പ്രതിഗ്രാഹികയ്ക്കുമേൽ 'കൊണ്ട്', ആധാരികയ്ക്കുമേൽ 'നിന്ന്' എന്നിങ്ങനെ ഗതികൾ ചേർന്നുള്ള 'മിശ്രവിഭക്തി' എന്ന കേരളപാണിനീയ വസ്തുതയെ പ്രഭാകരവാര്യർ നിരാകരിക്കുന്നു. മിശ്രവിഭക്തിയെ വിഭക്തിപ്രകരണത്തിൽ ചേർക്കുന്നില്ല. അദ്ദേഹത്തിന്റെ 'മാർഗ്ഗവിഭക്തി'യുടെ അവതരണത്തെ കേര

ളപാണിനീയത്തിൽനിന്നുള്ള ശ്രദ്ധേയമായ വ്യതിയാനമായി ഡോ.എൻ.കെ.മേരി വിലയിരുത്തുന്നു. '-ക്ക്' പ്രത്യയം മാർഗ്ഗാർത്ഥബന്ധത്തെ കാണിക്കുവാൻ ഉപയോഗിച്ചുവരുന്നതുകൊണ്ടാവാം പൂർവ്വവൈയാകരണന്മാർ മാർഗ്ഗവിഭക്തിയെ ചതുർത്ഥിയിൽ ഉൾപ്പെടുത്തിയതെന്ന് അവർ അഭിപ്രായപ്പെടുന്നു. അതിനെ സാധൂകരിക്കുന്ന ചില അടിക്കുറിപ്പുകൾ അവരുടെ 'മലയാളവ്യാകരണസിദ്ധാന്തങ്ങൾ' എന്ന കൃതിയിലുണ്ട്. "ജോർജുമാത്തനും ഗുണ്ടർട്ടും മാർഗ്ഗവിഭക്തിയെ ചതുർത്ഥിയിലാണുൾപ്പെടുത്തിയത്. സ്ഥലമാറ്റം കാണിക്കുന്ന ക്രിയകളോടു ക്രിയയുടെ ഫലം ചേരുന്ന പൊരുൾ ചതുർത്ഥിയിലാകും (ജോർജുമാത്തൻ) ഗുണ്ടർട്ട്, ചതുർത്ഥിയുടെ മൂലാർത്ഥം തന്നെ മാർഗ്ഗാർത്ഥത്തെ ദ്യോതിപ്പിക്കുന്നതാണെന്നു പ്രസ്താവിച്ചിരിക്കുന്നു. എൽ.വി.ആർ, പല ദ്രാവിഡഭാഷകളിലും 'ക്ക്' എന്ന ഉദ്ദേശികാപ്രത്യയത്തോടു മാർഗ്ഗാർത്ഥം ചേർന്നു കാണുന്നു എന്നുമാത്രം പറഞ്ഞ് മാർഗ്ഗാർത്ഥദ്യോതകങ്ങളായ പ്രത്യയങ്ങളുടെ ആഗമങ്ങളെപ്പറ്റി പ്രസ്താവിക്കുന്നു" (മേരി, 2015 : 283).

മേൽപറഞ്ഞ പൂർവ്വധാരണകളെ മാറ്റിനിർത്തി മാർഗ്ഗാർത്ഥത്തിലുള്ള വിഭക്തിരൂപങ്ങൾക്കും ഉദ്ദേശികാവിഭക്തിരൂപങ്ങൾക്കും തമ്മിലുള്ള വ്യത്യാസം കണ്ടെത്താനാണ് പ്രഭാകരവാര്യർ ശ്രമിക്കുന്നത്.

'അവൾക്ക് കൊടുത്തു'- ഉദ്ദേശികാർത്ഥം, 'പൊന്നാനിക്ക് പോയി' - മാർഗ്ഗാർത്ഥം

ഉദ്ദേശികാപ്രത്യയമായ 'ക്ക്' രണ്ട് ഉദാഹരണങ്ങളിലും കാണുന്നുണ്ടെങ്കിലും ആർത്ഥികമായി വ്യത്യാസം അവയ്ക്കുണ്ടെന്ന് പറഞ്ഞിരിക്കുന്നു. ഭാഷയിലെ മാർഗ്ഗാർത്ഥദ്യോതകങ്ങളായ മറ്റു ചില പ്രത്യയങ്ങളുടെ പ്രയോഗവ്യത്യാസങ്ങളും സസൂക്ഷ്മം ഉദാഹരിക്കുന്നു. – 'ഇൽ, - ഇലേക്ക്, -ക്ക്, - ഓട്ട്' എന്നീ മാർഗ്ഗാർത്ഥകപ്രത്യയങ്ങളെയാണ് പരിഗണിച്ചിരിക്കുന്നത്.

വീട്ടിൽ നടന്നു-വീട്ടിലേക്കു നടന്നു, - ക്ക് - ഗുരുവായൂർക്ക്, - ഇൽ - സ്കൂളിൽ,
-ഓട്ട് - അങ്ങോട്ട്

ഈ ഉദാഹരണങ്ങളെ മുൻനിർത്തി - ഇൽ, -ക്ക് എന്നിവ മാർഗ്ഗാർത്ഥത്തെയും, ആധാരികോദ്ദേശികകളെയും കൂടി സ്പഷ്ടമാക്കുന്നുണ്ടെന്നും '-ഇലേക്ക്, -ഓട്ട്' എന്നിവ മാർഗ്ഗാർത്ഥത്തെ മാത്രമെ സൂചിപ്പിക്കുന്നുള്ളൂവെന്നും പ്രഭാകരവാര്യർ നിരീക്ഷിക്കുന്നു. ഇത്തരത്തിൽ മാർഗ്ഗാർത്ഥത്തെ പ്രകടമാക്കുന്ന പ്രത്യയങ്ങളെയെല്ലാം കൂട്ടിച്ചേർത്ത് 'മാർഗ്ഗവിഭക്തി' എന്ന വിഭക്തിരൂപത്തെ രൂപീകരിക്കാമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. വിഭക്ത്യാഭാസങ്ങളായി കേരളപാണിനി

നിർദ്ദേശിക്കുന്ന - ഇലേക്ക്, - ഓട്ട് എന്നിവയെ പുതിയൊരു വിഭക്തിരൂപം എന്ന നിലയിൽ അവതരിപ്പിച്ച് മലയാളത്തിൽ വിഭക്തിസങ്കൽപത്തിൽ അഴിച്ചുപണി നടത്തിയിരിക്കുകയാണ് പ്രഭാകരവാര്യർ ചെയ്തിരിക്കുന്നതെന്ന് ഡോ. എൻ. കെ. മേരി *മലയാളവ്യാകരണസിദ്ധാന്ത*ങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്[7].

*മലയാളവ്യാകരണസമീക്ഷ*യിലെ 'നാമം' എന്ന അഞ്ചാം അധ്യായത്തിൽ വിഭക്തിസംജ്ഞകൾ, കാരകം, വിഭക്ത്യാഭാസം, സംബന്ധിക-ഉദ്ദേശിക-കർമവിഭക്തി എന്നിവയൊക്കെ സുദീർഘമായി വിവരിക്കുന്നുണ്ട്. വിഭക്തികൾക്ക് പുതിയ പേരുകൾ നൽകിയതിനുള്ള നാലു കാരണങ്ങളെ സംബന്ധിച്ചുള്ള ഏ. ആറിന്റെ യുക്തികളെ പരിശോധിക്കുകയാണ് 'വിഭക്തികളും പേരുകളും'[8] എന്ന ഭാഗത്ത് ചെയ്തിരിക്കുന്നത്.

*കേരളപാണിനീയ*ത്തിന്റെ ഒന്നാംപതിപ്പിൽ പ്രഥമ, ദ്വിതീയ എന്നിങ്ങനെ വിഭക്തികൾ ഏഴാണെന്നും നിർദ്ദേശിക, പ്രതിഗ്രാഹിക എന്നീ പേരുകൾ നൽകുകയും ചെയ്തിരിക്കുന്നു. നാമകരണത്തിനുള്ള കാരണങ്ങൾ ഒന്നാം പതിപ്പിലില്ല. എന്നാൽ രണ്ടാംപതിപ്പിൽ അവ വിശദീകരിക്കുകയും ചെയ്തിരിക്കുന്നു. ഇംഗ്ലീഷ്ഭാഷയുമായുള്ള പരിചയം കൊണ്ടാകാം മലയാളവിഭക്തികൾക്ക് പേരുകൾ നിർദ്ദേശിക്കാൻ കേരളപാണിനി പ്രേരിതനായതെന്ന് പ്രഭാകരവാര്യർ അനുമാനിക്കുന്നു. ഒപ്പംതന്നെ പുതിയ സംജ്ഞാകരണത്തെ സാധൂകരിക്കുന്ന ഏ. ആറിന്റെ യുക്തികളെ പരിശോധിച്ച് വിലയിരുത്തുന്നു.

(i) സംസ്കൃതത്തിലെന്നപോലെ മലയാളത്തിലും ഒരു വിഭക്തിരൂപത്തിന് ഒന്നിലധികം അർത്ഥങ്ങൾ വരാം 'കപ്പൽ കണ്ണിൽനിന്ന് അകന്നു' 'കപ്പൽ പണിത് കടലിൽ ഇറക്കി' 'കപ്പൽ കയറിപോകണം' എന്നിവയിൽ 'കപ്പൽ' ഒന്നാം വിഭക്തിയിലാണെങ്കിലും ഓരോ വാക്യത്തിലും ഭിന്നാർത്ഥങ്ങളിൽ (കർത്താവ്, കർമ്മം, അധികരണം) പ്രയോഗിച്ചിരിക്കുന്നു. ഉദ്ദേശിക, പ്രയോജിക, ആധാരിക എന്നിവയുടെ അർത്ഥവൈചിത്ര്യങ്ങളെ 87, 88, 89 എന്നീ കേരളപാണിനീയകാരികകളിൽ യഥാക്രമം ഏ. ആർ. തന്നെ സൂചിപ്പിച്ചിട്ടുണ്ടെന്ന് പ്രഭാകരവാര്യർ നിരീക്ഷിക്കുന്നു.

(ii) സംസ്കൃതത്തിലെപോലെ ഒരേ അർത്ഥം സൂചിപ്പിക്കുന്ന ഒന്നിലധികം വിഭക്തിരൂപങ്ങൾ മലയാളത്തിലില്ല എന്ന ഏ. ആറിന്റെ രണ്ടാമത്തെ യുക്തിയെ ഉദാഹരണങ്ങളോടെ ഖണ്ഡിക്കുന്നു. 'അയാൾ കഴിഞ്ഞ ആഴ്ചയിൽ ദൽഹിക്ക്/യൂറോപ്പിലേക്ക്/നാട്ടിൽ/തിരുവനന്തപുരത്ത്/കോഴിക്കോട്ട്/പോയി'

'ആ പുഴയ്ക്ക്/പുഴയുടെ തെക്ക് വശം ഒരു പള്ളിയുണ്ട്'

(iii) 'നാമങ്ങളിൽ ചേർക്കുന്ന പ്രത്യയങ്ങളാണ് വിഭക്തി' എന്ന് നിർവ്വചിക്കുകയും ഒപ്പംതന്നെ വിഭക്ത്യർത്ഥം പ്രകടമാക്കാൻ മറ്റു മാർഗ്ഗങ്ങളുണ്ടെന്ന് പറയുകയും ചെയ്ത് പുതിയ സംജ്ഞാകരണത്തെ സാധൂകരിക്കുന്നതിൽ കഴമ്പില്ല. മറ്റു രൂപങ്ങൾ വിഭക്തിയിൽ പെടുകയില്ലല്ലോ എന്ന വിമർശനമാണ് അദ്ദേഹം മുന്നോട്ടുവെയ്ക്കുന്നത്.

(iv) സംസ്കൃത-മലയാളങ്ങളിലെ വിഭക്തിസംഖ്യ 7 ആണെന്നുള്ള ഏ.ആറിന്റെ പ്രസ്താവനയും പുന:പരിശോധനാർഹമാണ്. 'ലക്ഷ്യം,മാർഗ്ഗം' എന്നിവയെ യഥാക്രമം സൂചിപ്പിക്കുന്ന '-ഓട്ട്', 'ഇൽ + ഊടെ' എന്നിവയെ സ്വതന്ത്ര വിഭക്തികളായി പരിഗണിക്കാവുന്നതല്ലേ എന്ന ചോദ്യവും പ്രഭാകരവാര്യർ ഉന്നയിക്കുന്നു[9].

വിഭക്തികളുടെ പുതിയ നാമധേയത്തിനുള്ള കാരണങ്ങളെ അംഗീകരിക്കുന്നില്ലെങ്കിലും അങ്ങനെ സംജ്ഞകൾ നൽകിയത് തെറ്റാണെന്ന് പറയാനാവില്ലെന്നാണ് പ്രഭാകരവാര്യരുടെ പക്ഷം. 'സൗകര്യത്തിനുവേണ്ടി അല്ലെങ്കിൽ മുഖ്യാർത്ഥം പരിഗണിച്ച് പുതിയപേരുകൾ നിർദ്ദേശിക്കുന്നു എന്ന് പറഞ്ഞാൽ മതിയായിരുന്നു' എന്ന കേരളപാണിനീയഭാഷ്യകാരന്റെ അഭിപ്രായത്തെ അദ്ദേഹം അംഗീകരിക്കുന്നു.

'കാരകവും വിഭക്തിയും' എന്ന ഖണ്ഡത്തിൽ കാരകത്തെ നിർവചിക്കുകയും ഭാഷയിൽ അത് പലതരത്തിൽ പ്രത്യക്ഷവൽക്കരിക്കപ്പെടുന്നതെങ്ങനെയെന്നും വിവരിക്കുന്നു. "വാക്യത്തിൽ ക്രിയയ്ക്കും അതിനോടു ചേർന്നുവരുന്ന നാമങ്ങൾക്കും തമ്മിലുള്ള അർത്ഥപരമായ ബന്ധമാണ് കാരകം" (പ്രഭാകരവാര്യർ, 2007:72) എന്നും "കാരകത്തെ അഭിവ്യക്തമാക്കുന്ന പ്രത്യയം വിഭക്തി" (2007 : 72) എന്നും നിർവചിക്കുന്നു. കാരകബന്ധത്തിന്റെ പ്രത്യക്ഷവൽക്കരണങ്ങളെ അവരിപ്പിച്ചിരിക്കുന്നു.

(i) പ്രത്യയങ്ങളിലൂടെ → വിഭക്തിപ്രത്യയങ്ങളെല്ലാം ഇതിൽപ്പെടും

(ii) ഗതി അനുപ്രയോഗിച്ച് → 'വടികൊണ്ട്'

(iii) സ്വതന്ത്രപദം പ്രയോഗിച്ച് → പാതവഴി - പാതയിലൂടെ എന്നർത്ഥത്തിൽ

(iv) നാമപ്രകൃതിയിൽ രൂപഭേദം വരുത്തിക്കൊണ്ട് → തിരുവനന്തപുരത്ത്, കോഴിക്കോട്ട്

(v) ചിലപ്പോൾ പദങ്ങൾ തമ്മിലുള്ള ആർത്ഥികബന്ധം തന്നെ കാരകം വെളിപ്പെടുത്തും → ഞാൻ പുസ്തകം വാങ്ങി - സചേതനാചേതനാഭേദം

(vi) ചില ക്രിയകളിൽ കാരകം അന്തർലീനമാകുന്നു → ചവിട്ടുക - കരണം അന്തർലീനം[10]

കാരകങ്ങളെ പ്രത്യക്ഷവൽക്കരിക്കുന്ന പ്രത്യയങ്ങളെയാണ് വിഭക്തികൾ എന്ന് അദ്ദേഹം നിർവചിക്കുന്നത്. മാത്തൻ, ഏ.ആർ, ശേഷഗിരിപ്രഭു എന്നിവരുടെ വിഭക്തിനിർവചനങ്ങൾ നിഷ്കൃഷ്ടമല്ലെന്നും വാക്യത്തിൽ മറ്റു പദങ്ങളോടുള്ള സംബന്ധത്തെ കുറിക്കാൻ നാമങ്ങളിൽ ചേർക്കുന്ന പ്രത്യയമാണ് വിഭക്തി എന്ന അവരുടെ നിരീക്ഷണത്തെ നിരാകരിക്കുകയും ചെയ്യുന്നു. 'കാരകാർത്ഥം (ക്രിയ യോടുകൂടിയ) കുറിക്കാൻ ഉതകും മട്ടിൽ നാമം സാർവ്വത്രികമായി സ്വീകരിക്കുന്ന രൂപമാണ് വിഭക്തി' എന്ന് നിർവചിച്ച് വാക്യത്തിൽ നാമത്തിന് മറ്റു പദങ്ങളോടുള്ള എല്ലാ ബന്ധങ്ങളും വിഭക്തിയാവില്ല എന്ന് പ്രസ്താവിക്കുന്ന സുകുമാരപിള്ളയുടെ വീക്ഷണത്തെ കൂട്ടുപിടിച്ച് നാമവും നാമവും തമ്മിലുള്ള സംബന്ധം വിഭക്തിയാ വില്ലെന്നും ആയതിനാൽ നാമങ്ങൾ തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്ന 'സംബ ന്ധിക' വിഭക്തികളിൽ ഉൾപ്പെടുന്നില്ലെന്നും സമർത്ഥിക്കുന്നു.

നമ്മുടെ ഭാഷയിൽ ഒരു കാരകത്തിന് ഒരു വിഭക്തി, ഒരു വിഭക്തിക്ക് ഒരു കാരകം എന്ന സമാന്തരബന്ധമുള്ളതിനാലാണ് വിഭക്തികൾക്ക് പുതിയനാമങ്ങൾ നൽകിയതെന്ന് ഏ.ആർ പറയുന്നതിനെ തിരുത്തുന്നു. മലയാളത്തിൽ അങ്ങനെ ഒരു അവസ്ഥ ഇല്ലെന്ന് ഉദാഹരിക്കുന്നു.

അവൾക്ക് പനി പിടിച്ചു<br>
അയാൾക്ക് പണം കൊടുത്തു<br>
മധുരയ്ക്ക് പോയി<br>
നദിക്ക് വടക്കുഭാഗത്ത്

} 'രാമനോട്' എന്ന സംയോജി കയ്ക്കും 'രാമന്' എന്ന ഉദ്ദേശി കയ്ക്കും അർത്ഥ വ്യത്യാസമില്ല

(2007:73)

കാരകം, വിഭക്തി എന്നിവയ്ക്ക് ഒന്നിനൊന്ന് എന്ന സമാന്തരബന്ധം ഭാഷ യിലില്ലെന്നും നിരീക്ഷിക്കുന്നു. കാരകവിഭക്തികളുടെ ബന്ധത്തെ വ്യക്തമാക്കാ നുള്ള ഒരു രീതി മുന്നോട്ടുവെയ്ക്കുന്നു. "ഭാഷയിലെ വിഭക്തിപ്രത്യയങ്ങൾ ഏതെ ല്ലാമാണെന്ന് കണ്ടെത്തുക; അവ പ്രയോഗത്തിൽ ഏതെല്ലാം അർത്ഥങ്ങൾ അഭിവ്യ ക്തമാക്കുന്നു എന്ന് വ്യക്തമാക്കുക; ഈ സമീപനംകൊണ്ട് വിഭക്തിവിവരണം ഏതാണ്ട് പൂർണമാക്കാനാവും" (2007 : 74).

'സംബന്ധിക'യെ വിഭക്തിപട്ടികയിൽ ഉൾക്കൊള്ളിക്കേണ്ടതുണ്ടോ എന്ന അന്വേഷണവും നടത്തുന്നു. മലയാളത്തിൽ സംബന്ധികയ്ക്ക് ഒരിക്കലും കാരക

ബന്ധത്തെ സൂചിപ്പിക്കാനാവില്ലെന്നും നാമവുമായുള്ള വിശേഷണബന്ധമേ അതിനുള്ളൂവെന്നും പ്രഭാകരവാര്യർ രേഖപ്പെടുത്തുന്നു. ഇത്തരം നിരീക്ഷണങ്ങൾ പൂർവ്വവൈയാകരണന്മാർ സസൂക്ഷ്മം മനസ്സിലാക്കിയിട്ടുണ്ടെന്ന് അവരുടെ ഉദ്ധരണികളിലൂടെ പ്രഭാകരവാര്യർ സമർത്ഥിക്കുന്നു.

"ഷഷ്ഠി വിഭക്തികളിൽ കൂടിയതല്ല" - ഗുണ്ടർട്ട്

"ശേഷം വിഭക്തികൾ ഒക്കെയും വചനാധേയങ്ങളുടെ(ക്രിയയോടുള്ള ബന്ധം) സ്വഭാവമുള്ളതാകുന്നു. എങ്കിലും ഷഷ്ഠി നാമധേയലക്ഷണ(നാമത്തോടുള്ള ബന്ധം) മുള്ളതായിരിക്കുന്നു" - ജോർജ്ജ് മാത്തൻ.

"നാമങ്ങൾക്ക് തമ്മിലുള്ള സംബന്ധമാണ് സംബന്ധികയുടെ അർത്ഥം"

"സംബന്ധികമാത്രം നാമവിശേഷണം" (ഏ.ആർ.)

ഷഷ്ഠി നാമവിശേഷണമാണ് - ശേഷഗിരിപ്രഭു

സംബന്ധികയെ "വിശേഷണത്തിന്റെ അർത്ഥത്തിലും രണ്ട് നാമങ്ങൾ തമ്മിലുള്ള ബന്ധം കാണിക്കുവാനും" പ്രയോഗിക്കാം. - ജോൺ കുന്നപ്പള്ളി (2007 : 74-75)

നാമവിശേഷണങ്ങൾക്ക് പൊതുവായി കാണുന്ന ചില സവിശേഷതകൾ സംബന്ധികയും കാണുന്നുണ്ടോ എന്ന അന്വേഷണം അദ്ദേഹം നടത്തുന്നു:

(i) വിശേഷ്യാർത്ഥത്തിന്റെ അടിസ്ഥാനത്തിൽ നാമവിശേഷണങ്ങളുടെ അർത്ഥത്തിനും വ്യത്യാസം വരും. സംബന്ധികയിലും ഇത് സംഭവിക്കുമെന്ന് ഉദാഹരിക്കുന്നു.

അയാളുടെ പുത്രൻ (ജന്യജനകബന്ധം)

അയാളുടെ നാട് (ജന്മസ്ഥലബന്ധം)

എന്റെ പ്രതിച്ഛായ

എന്റെ പടം — ഞാൻ വരച്ച പടം

എനിക്ക് ഉടമാവകാശമുള്ള പടം

ഇങ്ങനെ സംബന്ധികയ്ക്ക് വിശേഷണത്തോട് ആർത്ഥികസാദൃശ്യം കാണുന്നു.

(ii) സംബന്ധികയ്ക്ക് രൂപഘടനയിലും നാമവിശേഷണങ്ങളോടാണ് പൊരുത്തമുള്ളത്. നാമവിശേഷണങ്ങളെ 'അത്' ചേർത്ത് തദ്ധിതങ്ങളാക്കാം. (നല്ലത്, ചെറിയത്) സംബന്ധികയിലും ഈ രൂപഭേദം വരുത്താം (അവന്റേത്, അവളുടേത്)

(iii) വാക്യഘടനാപരമായും നാമവിശേഷങ്ങളോടാണ് സംബന്ധികയ്ക്ക് ബന്ധമുള്ളത്. വിശേഷണപദങ്ങൾക്ക് വാക്യത്തിൽ ചലനസ്വാതന്ത്ര്യം കുറവാണ്. വിശേഷ്യത്തിന്റെ മുമ്പിൽ മാത്രമേ അവ വരൂ. സംബന്ധികയും അങ്ങനെതന്നെ.

അർത്ഥം, രൂപഘടന, വാക്യപ്രയോഗം എന്നിവയിൽ വിഭക്തിരൂപങ്ങളോടുള്ളതിനേക്കാൾ സാദൃശ്യം നാമവിശേഷണങ്ങളോടാണ് സംബന്ധികയ്ക്കുള്ളത്. അതിനാൽ " സംബന്ധികയെ നാമവിശേഷണങ്ങളുടെ ഉപവിഭാഗമായി പരിഗണിക്കുന്നതാണ് ഉചിതം" എന്ന് *മൊഴിയും പൊരുളും* എന്ന തന്റെ കൃതിയിലെ തന്നെ പ്രസ്താവനയെ ഉദ്ധരിച്ച് പ്രഭാകരവാര്യർ വിലയിരുത്തുന്നു.

'അചേതനങ്ങളിൽ കർമവിഭക്തി' എന്ന ഖണ്ഡികയിൽ പ്രതിഗ്രാഹികാപ്രത്യയത്തിന്റെ പ്രയോഗത്തെക്കുറിച്ചാണ് വിലയിരുത്തുന്നത്. 'ഞാൻ വെള്ളം കുടിക്കുന്നു' എന്നതിൽ വെള്ളം അചേതനമാകയാൽ അതിനു സ്വാഭാവികമായി കർമ്മാർത്ഥം കൈവരുന്നുവെന്നും അതുകൊണ്ടാണ് കേരളപാണിനി 62-ാം കാരികയിൽ 'കർമ്മാർത്ഥം ക്ലീബനാമത്തിൽ സ്വയമേ സിദ്ധമാകയാൽ' എന്നു പറഞ്ഞിരിക്കുന്നതെന്നും പ്രഭാകരവാര്യർ പറയുന്നു. പ്രതിഗ്രാഹികയെ പ്രത്യയങ്ങളൊന്നുമില്ലാത്ത നിർദ്ദേശികയെപോലെയും മിക്കദിക്കിലും പ്രയോഗിക്കാൻ കഴിയുമെന്നും അദ്ദേഹം വിവരിക്കുന്നു. ഉദ്ദേശികയുടെ അർത്ഥത്തെ സംബന്ധിച്ച് വിശേഷമായ ഒരു പരിശോധനകൂടി പ്രഭാകരവാര്യർ നിർവ്വഹിക്കുന്നുണ്ട്.

മലയാളവിഭക്തികളിൽ ഓരോന്നിനും ഒരു നിശ്ചിത അർത്ഥമാണുള്ളതെന്ന് ഏ. ആർ. കരുതി. വിഭക്തികൾക്ക് പുതിയ പേരുകൾ നിർദ്ദേശിക്കുന്നതിനുള്ള കാരണങ്ങളിലൊന്നായി അതിനെ അദ്ദേഹം കാണുന്നു. എന്നാൽ ഒരു വിഭക്തിക്ക് ഒരു അർത്ഥം എന്ന ക്രമം മലയാളത്തിനില്ലെന്നും എല്ലാ വിഭക്തികൾക്കും സാഹചര്യഭേദങ്ങൾക്കനുസരിച്ച് ഒന്നിലധികം അർത്ഥങ്ങളുണ്ടെന്നും പ്രഭാകരവാര്യർ കണ്ടെത്തുന്നു. ഉദ്ദേശികാവിഭക്തിയ്ക്ക് ധാരാളം അർത്ഥഭേദങ്ങളും പ്രയോഗസാദ്ധ്യതകളും ഉള്ളതായി നിർദ്ദേശിക്കുകയും പൂർവ്വവൈയാകരണന്മാരുടെ അഭിപ്രായങ്ങളെ ക്രോഡീകരിക്കുകയും ചെയ്യുന്നു. ഗുണ്ടർട്ട്, മാത്തൻ, ഏ. ആർ., ശേഷഗിരി പ്രഭു എന്നിവർ ഉദ്ദേശികയ്ക്ക് പത്തോളം അർത്ഥങ്ങൾ നിർദ്ദേശിക്കുന്നതായി പറയുന്നു. ഏ.ആർ. നൽകുന്ന വിവരണങ്ങളിലും ഉദ്ദേശികയ്ക്ക് സ്വാമികാരകാർത്ഥ

ത്തിനു പുറമെ വേറെ ചില അർത്ഥങ്ങളും ഉള്ളതായി 87-ാം കാരികയിൽ[12] പറയുന്നതിനെയും പ്രഭാകരവാര്യർ ചൂണ്ടിക്കാട്ടുന്നു. 'അസമാനാധികരണവിധി'യെക്കുറിച്ചുള്ള 80-ാം കാരികയിലും[13], 'നിഗീർണ്ണകർത്തൃക'ത്തെ വിവരിക്കുന്ന 86-ാം കാരിക[14]യിലും ഉദ്ദേശികയുടെ രണ്ടു വിശേഷപ്രയോഗങ്ങളെ സംബന്ധിച്ചാണ് കേരളപാണിനി വിശദമാക്കുന്നതെന്നും പ്രഭാകരവാര്യർ വിലയിരുത്തുന്നു.

ഉദ്ദേശികാവിഭക്തിയുടെ അർത്ഥവൈപുല്യങ്ങളെക്കുറിച്ചുള്ള പ്രഭാകരവാര്യരുടെ അഭിപ്രായങ്ങളെ സംഗ്രഹിക്കുന്നത് ഉചിതമായിരിക്കും:

* സാമാന്യമായി ഉദ്ദേശികയ്ക്ക് 'ലക്ഷ്യം' അല്ലെങ്കിൽ 'ഉദ്ദേശ്യം' എന്ന അർത്ഥമാണുള്ളത്

* ഗമനം സൂചിപ്പിക്കുന്ന ക്രിയകളോട് ചേർന്ന് ഉദ്ദേശികാവിഭക്തിയിലുള്ള സ്ഥലവാചികൾ വരുമ്പോൾ 'ലക്ഷ്യം' എന്ന അർത്ഥം വരുന്നു. ഉദാ: 'ഞാൻ ദൽഹിക്ക് പോകുന്നു.'

* ആധാരികാവിഭക്തി (ലണ്ടനിൽ പോയിരുന്നു), ഇലേക്ക് (വീട്ടിലേക്ക്), ഓട്ട് (താഴോട്ട്, അങ്ങോട്ട്) എന്നിവയും ഗമനലക്ഷ്യം സൂചിപ്പിക്കുന്നു.

* ഉദ്ദേശികാപ്രത്യയത്തിന് 'ഉദ്ദേശ്യം' എന്നർത്ഥവുമുണ്ട്.

  ഉദാ: 'ഞാൻ വായനശാലയ്ക്ക് കുറെ പുസ്തകങ്ങൾ സംഭാവന ചെയ്തു. (വായനശാലയെ ഉദ്ദേശിച്ച് എന്ന് വിവക്ഷ)

* തോന്നുക, വിശക്കുക, കിട്ടുക എന്നീ നിഗീർണ്ണകർത്തൃകക്രിയകളിൽ കർത്തൃവ്യാപാരം ഇല്ല. ക്രിയകളുടെ മുഖ്യ ആകാംക്ഷ 'ആര്' എന്നല്ല; 'ആർക്ക്' എന്നാണ്. അതുകൊണ്ടാണ് അവയോടു ചേരുന്ന നാമങ്ങൾ ഉദ്ദേശികയിൽ വരുന്നതെന്ന് പ്രഭാകരവാര്യർ അഭിപ്രായപ്പെടുന്നത്.

* ഉദ്ദേശികയ്ക്ക് കാലനിർധാരണാർത്ഥവുമുണ്ട്.
  ഉദാ: ഉച്ചയ്ക്ക്, രണ്ടുമണിക്ക്

* സംബന്ധസൂചനയും അത് പ്രദർശിപ്പിക്കുന്നു.
  ഉദാ: ഹിമവാന് തെക്ക്, തലയ്ക്ക് മുകളിൽ

* അനുജ്ഞായകപ്രകാരങ്ങളിൽ ഉദ്ദേശികയ്ക്ക് അർത്ഥഭേദങ്ങളുണ്ട്.
  ഉദാ: നിങ്ങൾ പോകാം - സന്ദേഹാർത്ഥം
  നിങ്ങൾക്ക് പോകാം - അനുവാദാർത്ഥം

* വിധായകപ്രകാരങ്ങളിലും അർത്ഥവ്യത്യാസം പ്രകടിപ്പിക്കുന്നു.
  ഉദാ: ഞാൻ പോകണം - ബാഹ്യപ്രേരണ
  എനിക്ക് പോകണം - സ്വേച്ഛ (2007 : 79-80)

**5.1.8.വിഭക്ത്യാഭാസം**

കേരളപാണിനീയാനന്തരവ്യാകരണകൃതികളിലും മുൻകാലവൈയാകരണ ചിന്തകളിലും നടന്നിട്ടുള്ള വിഭക്ത്യാഭാസചർച്ചകളെ അവലോകനം ചെയ്യുകയാണ് പ്രഭാകരവാര്യർ ചെയ്യുന്നത്. ഗുണ്ടർട്ട്, മാത്തൻ, ശേഷഗിരിപ്രഭു, ജോൺ കുന്നപ്പ ള്ളി, കെ.സുകുമാരപിള്ള എന്നിവരുടെ നിരീക്ഷണങ്ങളെ അപഗ്രഥിക്കുന്നു.

**5.1.8.1. ഗുണ്ടർട്ട്**

* 'അത്ത്, ഇൻ' - വളവിഭക്തി (വിഭക്തിപ്രകൃതി)യുടെ ആദേശരൂപങ്ങൾ[15]
* 'കൽ' - സപ്തമിയുടെ രണ്ട് പ്രത്യയങ്ങളിലൊന്നാണ്. സമീപാർത്ഥമാണു ള്ളത്[16]
* 'ഇലേക്ക്'[17] - ഈ ദ്വിവിഭക്തിരൂപത്തെ സപ്തമിയുടെ രൂപഭേദമായി ഗുണ്ടർട്ട് പരിഗണിക്കുന്നു.

**5.1.8.2. ജോർജ് മാത്തൻ**

* വിഭക്ത്യാഭാസം എന്ന സങ്കൽപം സ്വീകരിച്ചിട്ടില്ല
* കേരളപാണിനി നിർദ്ദേശിക്കുന്ന വിഭക്ത്യാഭാസരൂപങ്ങളെ ഓരോ വിഭക്തിയു ടെയും രൂപഭേദങ്ങളായി മാത്തൻ ഉൾപ്പെടുത്തുന്നു.
* 'കൽ, മേൽ' എന്നിവ സപ്തമിയോട് ചേരുന്ന അവ്യയങ്ങളാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു.
* പ്രകൃതിയിൽ രൂപഭേദങ്ങളോടെ വരുന്ന ചില സന്ദർഭങ്ങളിൽ 'ലോപസ പ്തമി'[18] വരുമെന്ന് നിർദ്ദേശിക്കുന്നു.

  ഉദാ: അവൻ മാവേലിക്കരെ താമസിക്കുന്നു.
* 'അത്ത്' ചേർന്നുവരുന്ന നാമങ്ങളും ആധാരികയുടെ അർത്ഥം കാണിക്കുന്നു. അതും ലോപസപ്തമി ആണ്.

* 'സാപ്തമ്യചതുർത്ഥി' എന്ന രൂപഭേദത്തെയും നിർദ്ദേശിക്കുന്നു.

| |
|---|
| സംയോജികയ്ക്കും ആധാരികയ്ക്കും അർത്ഥം സമാനമായി ഇവയിൽ കാണുന്നു. |

മേൽക്കാണിച്ച രീതിയാണ് സാപ്തമ്യചതുർത്ഥി രൂപംകൊള്ളുന്നത്. അതിന് രണ്ടു തരം അർത്ഥഭേദങ്ങളുണ്ടെന്ന് മാത്തൻ ഉദാഹരിക്കുന്നു.

(i) 'അകമുള്ള സ്ഥലത്തേക്കുള്ള മാറ്റം' എന്ന സാമാന്യാർത്ഥം
ഉദാ: നാട്ടിലേക്ക്, അടുക്കലേക്ക്

(ii) 'സമയത്തിന്റെ ഇടയും അറുതിയും ചതുർത്ഥിയിൽ എന്നപോലെ സാപ്തമ്യചതുർഥിയിലും വരും' എന്ന മറ്റൊരു അർത്ഥവും മാത്തൻ കല്പിക്കുന്നു.

ഉദാ: വർഷത്തിലേക്ക് വേനലിൽക്കരുതണം
മകരമാസത്തേക്ക് മാവു പൂക്കും

**5.1.8.3. എൽ. വി. രാമസ്വാമിഅയ്യർ**

*എവലൂഷൻ ഓഫ് മലയാളം മോർഫോളജി* എന്ന കൃതിയെ മുൻനിർത്തിയുള്ള വിഭക്തിചർച്ചകളെയാണ് പ്രഭാകരവാര്യർ പുനഃപരിശോധിക്കുന്നത്. ഓരോ വിഭക്തിയും പലതരത്തിലുള്ള പ്രയത്നങ്ങളിലൂടെ അതിന്റെ അർത്ഥം പ്രകടമാക്കുന്നുവെന്ന് എൽ.വി.ആർ അഭിപ്രായപ്പെടുന്നു. അദ്ദേഹത്തിന്റെ ഉദാഹരണങ്ങൾ താഴെപറയുന്നു.

(i) *'നിയന്ത്രിതവിഭക്തിരൂപങ്ങൾ'*(പ്രത്യേക സാഹചര്യങ്ങളിൽ മാത്രം വരുന്നവ) ഉദാ: ആറാം വിഭക്ത്യർത്ഥത്തിൽ പ്രയോഗിക്കുന്ന 'കൽ' (വാതില്ക്കൽ), 'അത്ത്' (നിലാവത്ത്), 'അന്ത്യവ്യഞ്ജനദ്വിത്വം' (കോഴിക്കോട്ട്), 'ഏ' (വഴിയേ, മുമ്പേ, മേലേ)

(ii) 'ദിശാസൂചകാർത്ഥമുള്ള രൂപങ്ങൾ'
ഇത്തരം രൂപങ്ങൾ ഒരു പ്രത്യേകവിഭക്തിയാണെന്ന് എൽ.വി.ആർ സ്പഷ്ടമായി പറയുന്നില്ലെങ്കിലും അവ ആ രീതിയിൽ വർഗ്ഗീകരിക്കാമെന്നാണ് പ്രഭാകരവാര്യർ പ്രസ്താവിക്കുന്നത്. ഉദ്ദേശികാവിഭക്തി ദിശാസൂചന നൽകുന്നതുപോലെ 'ഏക്ക്' (അതിലേക്ക്, സ്ഥലത്തേക്ക്), 'ഓട്ട്' (അങ്ങോട്ട്, പടിഞ്ഞാറോട്ട്), 'ഊടെ' (പൂങ്കാവിലൂടെ) എന്നീ പ്രത്യയങ്ങളും ആ അർത്ഥം പ്രദാനംചെയ്യുന്നു.[20]

#### 5.1.8.4. ജോൺ കുന്നപ്പള്ളി

കുന്നപ്പള്ളിയുടെ 'വിഭക്ത്യാഭാസ'നിർവ്വചനവും പ്രത്യയങ്ങളും പ്രഭാകരവാര്യർ രേഖപ്പെടുത്തുന്നു. 'വിഭക്തിയുടെ അർത്ഥം കാണിക്കുവാനോ വിഭക്തിയിൽ ചില അർത്ഥഭേദങ്ങൾ വരുത്തുവാനോ ചേർക്കുന്ന രൂപങ്ങൾക്ക് വിഭക്ത്യാഭാസം എന്ന് പറയാം" (ജോൺ കുന്നപ്പള്ളി, 1976 : 82).

പ്രത്യയങ്ങൾ: കൽ (പടിക്കൽ), മേൽ (രാജാവിന്റെ മേൽ)

ഏൽ (മരത്തേൽ), അത്ത് - ത്ത് (മുഖത്ത്, അടുപ്പത്ത്)

എ (അക്കരെ), ഏ (വീട്ടിലേ, രാജ്യത്തേ)

അത്തേ (വന്നാലത്തേ), ഏക്ക് (ആറ്റിലേക്ക്)

ഓട്ട് (കിഴക്കോട്ട്)

എന്നീ പ്രത്യയങ്ങളെയും അന്ത്യവ്യഞ്ജനദ്വിത്വത്തെയും (കോഴിക്കോട്ട്) വിഭക്ത്യാഭാസങ്ങളായി കുന്നപ്പള്ളി വിലയിരുത്തുന്നു.[21]

#### 5.1.8.5. കെ. സുകുമാരപിള്ള

എല്ലാ നാമങ്ങളോടും ചേരാത്തവയും കാരകാർത്ഥം കുറിക്കുന്നവയുമായ ചില പ്രത്യയങ്ങളെ 'വിലക്ഷണവിഭക്തികൾ'[22] എന്നാണ് സുകുമാരപിള്ള നാമകരണം ചെയ്തിരിക്കുന്നത്. 'ഓട്ട്, അത്ത്-ത്ത്, കൽ, മേൽ' എന്നിവയെ ഇത്തരം പ്രത്യയങ്ങളായി അദ്ദേഹം കരുതുന്നു.

മേൽവിവരിച്ച വൈയാകരണന്മാരുടെ നിരീക്ഷണങ്ങളെ മുൻനിർത്തി പ്രഭാകരവാര്യർ ചില നിഗമനങ്ങളിലെത്തിയിരിക്കുന്നു. സ്വാഭിപ്രായങ്ങളും അദ്ദേഹം രേഖപ്പെടുത്തുന്നുണ്ട്.

* കേരളപാണിനിയെ അനുകരിച്ച് വിഭക്ത്യാഭാസരൂപങ്ങളെ വേർതിരിച്ചു പറയുന്നവരും അവയെ വിഭക്തികളുടെ രൂപഭേദങ്ങളായി വിവരിക്കുന്നവരും ഉണ്ട്. ഗുണ്ടർട്ട്, മാത്തൻ, എൽ.വി.ആർ എന്നിവരെ അവസാനഗണത്തിലും മറ്റുള്ളവരെ ആദ്യഗണത്തിലും ഉൾപ്പെടുത്തുന്നു.
* എല്ലാ നാമങ്ങളോടും ചേരുന്നവ, നിയന്ത്രിതസാഹചര്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നവ എന്ന വിഭജനമാണ് ഇത്തരം രൂപങ്ങൾക്ക് അഭികാമ്യമെന്നും വിഭക്ത്യാഭാ

സം, വിലക്ഷണവിഭക്തി എന്ന വേർതിരിവുകളുടെ ആവശ്യമില്ലെന്നും പറയുന്നു.

പൂർവ്വധാരണകളിലെ ചില പോരായ്മകളും അതിനോടുള്ള തന്റെ പ്രതികരണങ്ങളും വിവരിക്കുന്നു.

* കാരകാർത്ഥം ഇല്ലാത്തവയും വിശേഷണാർത്ഥം ഉള്ളതുമായ രൂപങ്ങളെ വിഭക്തിയായി പരിഗണിക്കേണ്ടതില്ല (സംബന്ധിക, ആധാരികാഭാസം, സംഖ്യാനാമങ്ങളോട് ആം+അത്തെ ചേരുന്നവ)
* കാവ്യഭാഷ, സംസാരഭാഷ എന്നിവയിൽ വരുന്ന സവിശേഷരൂപങ്ങളെ വിഭക്തി ചർച്ചയിൽ ഒഴിവാക്കണം. 'വഴിമേൽ, മരത്തേൽ' എന്നിവ യഥാക്രമം ഉദാഹരിക്കുന്നു.
* ഒരേ അർത്ഥത്തിൽ നിശ്ചിതസാഹചര്യത്തിൽ വരുന്ന രൂപങ്ങൾ ഒരേ വിഭക്തിയുടെ ഉപരൂപങ്ങളാണ് (ഇൽ, ത്ത്, അത്ത്, അന്ത്യവ്യഞ്ജനദ്വിത്വം - ആധാരികയുടെ ഉപരൂപങ്ങളാണിവ)
* അർത്ഥവും രൂപവും മറ്റുള്ളവയിൽനിന്ന് വ്യത്യസ്തമാകുമ്പോൾ അവയെ വ്യതിരിക്തവിഭക്തികളായി ഗണിക്കണം.

  'ഇലേക്ക്, ഓട്ട്' - ലക്ഷ്യവിഭക്തി, 'ഇലൂടെ' - മാർഗവിഭക്തി, 'കൽ' - സാമീപ്യവിഭക്തി
* അർത്ഥ-രൂപ-വ്യത്യസങ്ങൾ, പ്രത്യക്ഷപ്പെടുന്ന സാഹചര്യങ്ങൾ എന്നിവ വിശദീകരിക്കുകവഴി വിഭക്ത്യാഭാസം എന്ന തരംതിരിവില്ലാതെത്തന്നെ വിഭക്തിവിവരണം സാധ്യമാണ്.[23]

**5.1.9. 'ആധാരിക + എ' രൂപം**

മലയാളഭാഷയുടെ ഒരു സവിശേഷഘടനയായി ഈ രൂപത്തെ പ്രഭാകരവാര്യർ നിരീക്ഷിക്കുന്നു. മറ്റു ദ്രാവിഡഭാഷകളിൽ ഇതിന് സമാന്തരമായ ഘടനയില്ല. ഇത്തരം പദങ്ങളുടെ ഘടനയും അർത്ഥവും ഗുണ്ടർട്ട് വേണ്ടവിധത്തിൽ മനസ്സിലാക്കിയിട്ടില്ല. എന്നാൽ മാത്തൻ ഈ രൂപങ്ങളെ സൂക്ഷ്മാർത്ഥത്തിൽ വിശകലനം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ - 'ഇലെ' എന്നതിലെ 'എ' പ്രത്യയം 'ആയ' എന്ന പേരെച്ചത്തിന്റെ സങ്കോചമാണ്. സപ്തമിയോട് 'ഉള്ള' ചേരുമ്പോൾ ആധാരത്തിന്റെ ഇരിപ്പിടത്തെയാണ് അർത്ഥമാക്കുന്നത്; ഉദാ: 'ചീനത്തുള്ള ജനങ്ങൾ' (ആ സ്ഥലത്ത് പാർക്കുന്നവർ എന്ന അർത്ഥം). സപ്തമിയോട് 'എ' ചേർന്നാൽ ആധാരത്തിന് സ്ഥലത്തോടുള്ള സംബന്ധത്തെ കാണിക്കും. ഉദാ:

'ചീനത്തെ ജനം' (അവിടംവിട്ട് മറുദിക്കിൽപോയി പാർക്കുന്നവരെയും പറയാം) സപ്തമിയോട് 'എ' ചേർന്ന പ്രയോഗങ്ങൾക്ക് വിശേഷണധർമ്മമാണുള്ളതെന്നും സപ്തമിക്ക് പരമായി 'ഉള്ള്' ചേർന്നുള്ള പ്രയോഗങ്ങളേക്കാൾ അർത്ഥപരമായി വ്യത്യാസം അവയ്ക്കുണ്ടെന്നും മാത്തൻ അഭിപ്രായപ്പെടുന്നതായി പ്രഭാകരവാര്യർ വിശദീകരിക്കുന്നു. 'ആയ' എന്ന പേരച്ചത്തിൽനിന്നും 'എ' പ്രത്യയത്തെ രൂപീകരിക്കുന്നതെങ്ങനെയെന്ന് മനസ്സിലാകുന്നില്ല എന്നൊരു വിമർശനമാണ് മാത്തനെതിരെ ഉന്നയിക്കുന്നത്.[24]

കേരളപാണിനീയകാരിക 70-ൽ 'അതിലുള്ളതിനെക്കാട്ടും ഏ-ചേർന്നാധാരികാപദം' എന്ന ഖണ്ഡത്തിൽ 'ഏ' ചേർന്ന ആധാരികാരൂപങ്ങളെ 'ഇരട്ടിപ്പ്' എന്ന വിഭക്ത്യാഭാസരൂപമായിട്ടാണ് ഏ.ആർ വിവരിക്കുന്നത്. 'എ' ഏതു വിഭക്തിപ്രത്യമാണെന്നു കേരളപാണിനി വ്യക്തമാക്കുന്നില്ല. 'അതിലുള്ള' എന്നർത്ഥത്തെ ഈ 'എ' ചേർന്ന രൂപങ്ങൾ വെളിവാക്കുമെന്ന ഏ.ആറിന്റെ അഭിപ്രായത്തിലും പ്രഭാകരവാര്യർ സംശയമുന്നയിക്കുന്നു.

ആധാരികയ്ക്ക് പരമായി 'എ' ചേരുന്ന പദങ്ങൾക്ക് വിശേഷണധർമ്മം ലഭിക്കുമെന്ന് എൽ.വി.ആർ *എവലൂഷൻ ഓഫ് മലയാളം മോർഫോളജി*യിൽ രേഖപ്പെടുത്തിയിരിക്കുന്നു. കേരളപാണിനി 'ആധാരികാഭാസം' എന്നു പേരിട്ട 'എ' തദ്ധിതപ്രത്യയമാണെന്നാണ് കെ.സുകുമാരപിള്ളയുടെ പക്ഷം. തദ്ധിതങ്ങൾ നാമങ്ങളും 'എ' ചേർന്ന ആധാരികാരൂപങ്ങൾ വിശേഷണധർമ്മമുള്ളവയും ആണെന്നതിനാൽ സുകുമാരപിള്ളയുടെ അഭിപ്രായത്തിന് സാംഗത്യമില്ലെന്ന് പ്രഭാകരവാര്യർ സൂചിപ്പിക്കുന്നു. ഇത്തരം രൂപങ്ങളുടെ ഘടനയും അർത്ഥവും പൂർണ്ണമായി വ്യക്തമാക്കാൻ മേൽവിവരിച്ച നിരീക്ഷണങ്ങളിൽ ഒന്നിനും കഴിയുന്നില്ലെന്നും അതിനാൽ സ്വന്തം വ്യാഖ്യാനങ്ങൾ ചമയ്ക്കുകയുമാണ് 'മലയാളവ്യാകരണ സമീക്ഷ'യിൽ ചെയ്തിരിക്കുന്നത്.

* 'നാമം + ആധാരികാപ്രത്യയം + എ' എന്ന ഘടന നാമവിശേഷണമായും 'എ' എന്നതിനെ വിശേഷണപ്രത്യയമായും പരിഗണിക്കുന്നു.
* 'ഇലെ' ചേർന്ന രൂപങ്ങൾ വിഭക്തിയോ വിഭക്ത്യാഭാസമോ അല്ല
* 'ഇലെ', 'ഉള്ള്' എന്നിവ ചേർന്നുവരുന്ന രൂപങ്ങൾക്ക് അർത്ഥവ്യത്യാസമുണ്ട്. ഒന്നാമത്തേതിന് സംബന്ധാർത്ഥവും മറ്റേതിന് അധികരണാർത്ഥവും. കിണറ്റിലെ വെള്ളം, കിണറ്റിലുള്ള വെള്ളം എന്നിങ്ങനെ യഥാക്രമം ഉദാഹരിക്കുന്നു.

'ഇലെ' ചേർന്ന രൂപങ്ങളെ നാമവിശേഷണങ്ങളുടെ ഉപവർഗമായി കണക്കാക്കാമെന്ന നിഗമനത്തിലാണ് പ്രഭാകരവാര്യർ എത്തിച്ചേരുന്നത്[25].

### 5.1.10. വിഭക്തികളുടെ അർത്ഥാന്തരങ്ങൾ: മറ്റു ചില പഠനങ്ങൾ

കേരളപാണിനിയുടെ പുതിയ വിഭക്തിനാമകരണം, അതിനെ സംബന്ധിച്ചുള്ള വിമർശനങ്ങൾ, പൂർവവൈയാകരണന്മാരുടെ വിഭക്തിചിന്തകൾ എന്നിവയാണ് ഇതുവരെ ചർച്ചചെയ്തത്. അടുത്തതായി ഈ വിഷയത്തെ അധികരിച്ചുള്ള ചില ലേഖനങ്ങളിലെ ആലോചനകളും ഏ.ആറിന്റെ വിഭക്തിപ്രകരണത്തോടുള്ള സി.എൽ.ആന്റണിയുടെ വിമർശനങ്ങളെ മുൻനിർത്തിയുള്ള പ്രതികരണങ്ങളും പരിശോധിക്കാം.

**ബി. സുധാബായ്**

'കേരളപാണിനീയത്തിലെ വിഭക്തിചർച്ച' (മലയാളവിമർശം) എന്ന ലേഖനത്തിൽ[26] ഏ.ആറിന്റെ വിഭക്തിചിന്തകളെ ക്രോഡീകരിക്കുന്നതിനൊപ്പം അതിനോടുള്ള പ്രതികരണങ്ങൾ അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു. വിഭക്തികൾക്ക് പുതിയപേരുകൾ നിർദ്ദേശിക്കുന്നതിനുള്ള കാരണങ്ങളിൽ ഏ.ആർ പ്രസ്താവിക്കുന്ന അവസാനത്തേതാണ് സുധാബായ് ആദ്യം വിമർശനവിധേയമാക്കുന്നത്. 'വിഭക്തിപ്രത്യയങ്ങളുടെ എണ്ണം രണ്ടു ഭാഷയിലും ഏഴുതന്നെ ആണെങ്കിലും അർത്ഥത്തിൽ അവ യോജിക്കുന്നില്ല' എന്നത് സംസ്കൃത-മലയാളങ്ങളെ താരതമ്യപ്പെടുത്തുമ്പോൾ മാത്രമാണ് പ്രസക്തമാകുന്നത്. അതിനുപകരം മലയാളത്തിലെ വിഭക്തികളും അവയുടെ പ്രയോഗസവിശേഷതകളും മാത്രം കണക്കിലെടുത്ത് മലയാള വിഭക്തികൾക്ക് ഒന്നാംവിഭക്തി, രണ്ടാംവിഭക്തി എന്ന് പേരുകൾ നൽകണമെന്നാണ് ലേഖനത്തിൽ നിർദ്ദേശിക്കുന്നത്. അർത്ഥത്തിനനുസരിച്ച് പ്രത്യയങ്ങൾ മാറുമെന്ന് കേരളപാണിനി മനസ്സിലാക്കുന്നുണ്ടെങ്കിലും അവയെ ഏഴെണ്ണമായി പരിമിതപ്പെടുത്തുകയാണ് ചെയ്തത്.

പാണിനിയുടെ *അഷ്ടാധ്യായി*യിൽ കാരകചിന്തകൾക്ക് ഒന്നാംസ്ഥാനവും വിഭക്തിപ്രത്യയങ്ങൾക്ക് രണ്ടാംസ്ഥാനവുമാണ് നൽകിയിരിക്കുന്നത്. കേരളപാണിനി മറിച്ചാണ് ചിന്തിക്കുന്നത് എന്നതിനാൽ കാരകാർത്ഥങ്ങളുടെ പ്രാധാന്യം കുറച്ചുകളഞ്ഞുവെന്ന വിമർശനവും ലേഖിക ഉന്നയിക്കുന്നു. കേവലം പ്രത്യയങ്ങളെമാത്രം നോക്കി വിഭക്തിനിർണ്ണയനം ചെയ്തിരിക്കുന്നതും അസംഗതമാണെന്ന് ഏ.ആറിന്റെ ഉദാഹരണങ്ങളെ വിശകലനംചെയ്ത് പ്രസ്താവിക്കുന്നു.

'കല്ലൻ ഭിത്തിക്കു വെള്ളതേയ്ക്കുന്നു' - ഇതിൽ 'ഭിത്തിക്ക്' സ്വാമികാര കാർത്ഥമാമെന്ന് ഏ.ആർ നിർദ്ദേശിക്കുന്നു. ഇവിടെ 'ക്ക്' എന്ന ഉദ്ദേശികാപ്രത്യയ മാണുള്ളതെങ്കിലും 'ഭിത്തിയിൽ' എന്ന ആധാരികാർത്ഥമാണുള്ളത്. അചേതന മായ 'ഭിത്തി' സ്വീകർത്താവാകുമോ എന്ന ചോദ്യവും ഉന്നയിക്കുന്നു.

'കയ്യിനെ അടിച്ചു, കയ്യിൽ അടിച്ചു, കയ്ക്ക് അടിച്ചു' എന്നിവയിൽ ഉപയോ ഗിക്കുന്ന പ്രത്യയങ്ങൾക്കനുസരിച്ച് കാരകങ്ങൾ മാറിവരുമെന്ന ഏ.ആറിന്റെ വാദത്തെ ഒരിക്കലും അംഗീകരിക്കാനാവില്ലെന്നും കാരകങ്ങൾ നിർണ്ണയിക്കുന്നത് വാക്യത്തിന്റെ അർത്ഥത്തിന്നടിസ്ഥാനമായിട്ടാണെന്നും സമർത്ഥിക്കുന്നു. ഒരു ക്രിയാപദവും നാമപദവും ചേർന്നാൽ കാരകാർത്ഥം പൂർണ്ണമാകുന്നില്ല. 'കർത്താ വിന്റെ പ്രവർത്തിയുടെ ഫലം സ്വീകരിക്കുന്ന ആൾ' എന്ന് ഉദ്ദേശികയ്ക്ക് നിർവ്വ ചനം നൽകുകയും 'കയ്ക്ക് അടിച്ചു' എന്നതിൽ 'അടികൊണ്ട ആളിന്റെ ശരീര ഭാഗം ചൂണ്ടിക്കാണിക്കുന്നു' എന്ന് ഏ.ആർ അർത്ഥം നൽകുകയും ചെയ്യുന്നു. 'അടികൊണ്ട ആളിനെ' എന്നായിരുന്നെങ്കിൽ പ്രശ്നം വരില്ലായിരുന്നു എന്നും ഇതിൽനിന്നും വ്യക്തമാകുന്നത് പ്രത്യയത്തിനല്ല അർത്ഥത്തിനാണ് പ്രാധാന്യമെ ന്നാണ്. വിഭക്തിവിവരണത്തിൽ വിഭക്തിയും കാരകവും തമ്മിൽ കൂട്ടിക്കലർത്തിയി ട്ടുള്ള കേരളപാണിനിയുടെ വിവരണങ്ങളെയും നിരാകരിക്കുന്നു. അർത്ഥം മാറുന്ന തിനനുസരിച്ചുമാത്രമെ കാരകങ്ങൾ മാറിവരുന്നുള്ളൂ. വിഭക്തിപ്രത്യയങ്ങൾ മാറിവ രാം. പ്രത്യയം മാറുന്നതുകൊണ്ടല്ല കാരകം മാറുന്നത്. ഈ വസ്തുത കേരളപാ ണിനി മതിയായ രീതിയിൽ മനസ്സിലാക്കുന്നില്ല. പാണിനിയിൽനിന്ന് ഏ.ആർ വ്യതി ചലിക്കുന്നതിനുള്ള കാരണമായി സുധാബായ് മേൽപറഞ്ഞ കാര്യങ്ങളെ നിരീക്ഷി ക്കുന്നു.

പ്രതിഗ്രാഹികാവിഭക്തിപ്രത്യയത്തെ സംബന്ധിച്ചുള്ള കേരളപാണിനീയ നിരീക്ഷണങ്ങളിലെ ചില അസാംഗത്യങ്ങളെയും ഈ ലേഖനത്തിൽ പുനഃപരി ശോധിക്കുന്നുണ്ട്. കർമ്മം അചേതനവും നപുംസകവും ആണെങ്കിൽ പ്രതിഗ്രാഹി കാവിഭക്തിപ്രത്യയം ചേർക്കേണ്ടതില്ല; കർത്താവും കർമ്മവും അചേതനമാണെ ങ്കിൽ കർമ്മത്തിന് പ്രതിഗ്രാഹികാവിഭക്തിപ്രത്യയം ചേർക്കണം. ഏ.ആറിന്റെ ഈ അഭിപ്രായത്തെയും അദ്ദേഹത്തിന്റെ ഉദാഹരണവാക്യത്തെയും ഖണ്ഡിച്ചിരിക്കു ന്നത് പരിശോധിക്കാം.

'കോടാലി മരത്തെ മുറിക്കുന്നു' - കർത്താവ് കോടാലിയും കർമ്മം മരവും ആയതിനാൽ കർമ്മത്തോട് (മരത്തോട്) 'എ' പ്രത്യയം ചേർത്തിരിക്കുന്നുവെന്ന് ഏ.ആർ പറയുന്നു. ഈ ഉദാഹരണവാക്യം പൂർണ്ണമല്ലെന്നതാണ് ഒന്നാമത്തെ

വിമർശനമായി പറയുന്നത്. 'മുറിക്കുക' എന്ന സകർമ്മകക്രിയ ചെയ്യുന്ന കർത്താവ് സചേതനമായിരിക്കുമെന്നും കോടാലി പ്രസ്തുതവാക്യത്തിൽ കർത്തൃ സ്ഥാനം വഹിക്കുന്നില്ലെന്നും പറയുന്നു. 'രാമൻ കോടാലികൊണ്ടു മരം മുറിക്കുന്നു' എന്നിങ്ങനെ സചേതനകർത്താവ് വരുമ്പോഴേ വാക്യം പൂർണ്ണമാകുന്നുള്ളൂ. അങ്ങനെ വരുമ്പോൾ 'മരം' എന്ന കർമ്മത്തിന് - 'എ' എന്ന പ്രതിഗ്രാഹികാ പ്രത്യയം ആവശ്യമില്ലെന്നു വരുന്നു.

ഫിൽമോറിന്റെ 'വിഭക്തിവ്യാകരണം'[27] എന്ന സിദ്ധാന്തത്തെയും പ്രസ്തുത ലേഖനത്തിൽ സംഗ്രഹിച്ചിട്ടുണ്ട്. പാണിനിയുടെ കാരകങ്ങളെ അടിസ്ഥാനമാക്കിയാണ് അദ്ദേഹം വിഭക്തിവ്യാകരണത്തിന് രൂപംനൽകിയത്. തന്റെ സിദ്ധാന്തത്തിൽ ക്രിയയ്ക്കാണ് ഫിൽമോർ മുഖ്യസ്ഥാനം നൽകിയിട്ടുള്ളത്. "ഒരു വാക്യത്തിലെ ക്രിയയും മറ്റു നാമപദങ്ങളും തമ്മിലുള്ള ഘടനാപരവും അർത്ഥപരവുമായ ബന്ധങ്ങളെയാണ് കാരകങ്ങൾ എന്ന് ഫിൽമോർ പറയുന്നത്" (ശ്രീനാഥൻ, സൈതലവി, 2017: 474) ക്രിയയ്ക്ക് വാക്യത്തിലെ നാമപദവുമായി ഓരോതരത്തിലുള്ള ബന്ധം ഉണ്ട്. ക്രിയചെയ്യുന്ന ആൾ പ്രവർത്തകൻ, ഫലം അനുഭവിക്കുന്നത് സംപ്രദാനകൻ, ക്രിയചെയ്യാനുള്ള ഉപകരണമോ കാരണമോ കരണം എന്നിവയാണവ. വാക്യത്തിലെ ക്രിയയും നാമപദവും തമ്മിലുള്ള സംബന്ധാർത്ഥം വെളിപ്പെടുത്തുന്ന ഒരു വ്യാകരണത്തിന് വിഭക്തികളെയും കാരകങ്ങളെയുംപറ്റി ഒരു പുതിയ വിവരണം നൽകാൻ കഴിയുമെന്നതാണ് വിഭക്തിവ്യാകരണത്തിന്റെ മേന്മയായി ഇവിടെ പറഞ്ഞിരിക്കുന്നത്.

ഈ ലേഖനത്തിലെ പ്രധാന നിരീക്ഷണങ്ങളെ ചുരുക്കിവിവരിക്കാം.

* വിഭക്തികൾക്ക് പുതിയ സംജ്ഞകൾ നൽകുന്നതിനുള്ള കാരണങ്ങളെ വിവരിക്കുമ്പോൾ കേരളപാണിനി സംസ്കൃത-മലയാളങ്ങളെ താരതമ്യപ്പെടുത്തുന്നത് അസംഗതമാണ്.
* വിവിധാർത്ഥങ്ങളെ കുറിക്കുന്ന ഒരു വിഭക്തിപ്രത്യയവും ഒരേ അർത്ഥമുള്ള പല പ്രത്യയങ്ങളും നിലനിൽക്കെ ഭാഷയിലെ വിഭക്തികളുടെ എണ്ണം 7 ആയി പരിമിതപ്പെടുത്തുന്ന ഏ.ആറിന്റെ യുക്തികൾ പുനഃപരിശോധിക്കേണ്ടതുണ്ട്.
* കാരകങ്ങൾക്ക് മുഖ്യസ്ഥാനവും വിഭക്തികൾക്ക് രണ്ടാംസ്ഥാനവും നൽകുന്ന പാണിനീയചിന്തയിൽനിന്നും വ്യതിചലിച്ച് കാരകാർത്ഥങ്ങളുടെ പ്രാധാന്യം കുറച്ചുകളയുകയാണ് ഏ. ആർ ചെയ്തിരിക്കുന്നത്.

* പ്രത്യയങ്ങളെ നോക്കി വിഭക്തിവിവരണം ചെയ്യുന്നത് ശരിയല്ല. ഒരു വിഭക്തി പ്രത്യയത്തിന്റെ രൂപവും മറ്റൊന്നിന്റെ അർത്ഥവും പ്രകടിപ്പിക്കുന്ന രൂപങ്ങൾ ധാരാളമുണ്ട്.
  ഉദാ: കല്ലൻ ഭിത്തിക്കു വെള്ളതേയ്ക്കുന്നു (ഭിത്തിക്ക്-സ്വാമികാരകം-ഉദ്ദേശിക വിഭക്തിരൂപം). 'ഭിത്തിയിൽ' എന്ന് ആധാരികാർത്ഥമാണ് ഇതിനുള്ളത്.
* കാരകങ്ങളെ നിർണ്ണയിക്കുന്നത് ഒരു പൂർണവാക്യമാണ്. ഒരു ക്രിയയോടു ചേർന്ന് വാക്യത്തിൽ വരുന്ന എല്ലാ നാമപദങ്ങളും ചേർന്നാണ് കാരകാർത്ഥം പൂർത്തിയാകുന്നത്.
* വിഭക്തിവിവരണത്തിൽ വിഭക്തിയും കാരകവും തമ്മിൽ കൂട്ടിക്കലർത്തുന്ന ഏ. ആറിന്റെ രീതിയെ നിരാകരിക്കുന്നു.
* കാരകങ്ങളെ ഇഷ്ടാനുസരണം മാറ്റാനാവില്ല. അർത്ഥം മാറുന്നതിനനുസരിച്ചേ അവ മാറുന്നുള്ളൂ. വിഭക്തിപ്രത്യയങ്ങൾ മാറിവരാം.
* ക്രിയയുടെ സ്വഭാവമനുസരിച്ചാണ് വിഭക്തികൾ കർത്താവും കർമ്മവും ഒക്കെ ആകുന്നത്.
* വിഭക്തികൾ നാമപദങ്ങളുടെ അർത്ഥം മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു. കാരകങ്ങൾ ഒരു വാക്യത്തിന്റെ അർത്ഥം മനസ്സിലാക്കുന്നതിനും. അതിനാൽ വിഭക്തിപ്രത്യയങ്ങളേക്കാൾ പ്രാധാന്യം കാരകങ്ങൾക്ക് നൽകണം.
* ഫിൽമോറിന്റെ വിഭക്തിവ്യാകരണസിദ്ധാന്തത്തിൽ പാണിനിയുടെ ശൈലിയെ പിന്തുടർന്ന് കാരകാർത്ഥങ്ങൾക്ക് മുഖ്യസ്ഥാനം നൽകിയിരിക്കുന്നു.
* *കെയ്സ് ഗ്രാമർ ഓഫ് സ്റ്റാന്റേഡ് മലയാളം* എന്ന ഗവേഷണപ്രബന്ധത്തിൽ സുധാബായ് തന്നെ വിഭക്തി-കാരകങ്ങളെ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

### 5.1.11. ഇൽ, കൽ – ചില വിശേഷനിരീക്ഷണങ്ങൾ

'ആധാരികാപ്രത്യയങ്ങൾ' എന്ന ലേഖനത്തിൽ[28] (വിജ്ഞാനകൈരളി) ഏ. ആറിന്റെ വിഭക്തിപ്രകരണചർച്ചയിലെ ഏതാനും ഭാഗങ്ങളെ അധികരിച്ചുള്ള ചില ആക്ഷേപങ്ങളും ആധാരികാപ്രത്യയങ്ങളെ പ്രത്യേകമായെടുത്ത് പുതിയ വീക്ഷണങ്ങളും സി. വി. വാസുദേവഭട്ടതിരി മുന്നോട്ടുവെയ്ക്കുന്നു. വാസുദേവഭട്ടതിരിയുടെ ആരോപണങ്ങൾ പരിശോധിക്കാം.

* വിഭക്തി എന്നത് പ്രത്യയമാണെന്നും പ്രത്യയസംഖ്യ ആറാണെന്നും പറഞ്ഞതിനുശേഷം മലയാളത്തിൽ ഏഴ് വിഭക്തിയുണ്ടെന്ന് ഏ.ആർ പറയുന്നതിനെ പ്രശ്നവൽക്കരിക്കുന്നു.

* പ്രത്യയമാണു വിഭക്തി എങ്കിൽ പ്രത്യയരഹിതമായ നിർദ്ദേശിക വിഭക്തിയാകുന്നതെങ്ങനെ എന്ന് ചോദിക്കുന്നു.

* സംബോധന പ്രത്യയരഹിതമായവിഭക്തിയാണെന്നും അതിനോടു ചേരുന്ന 'ഏ' പ്രത്യയമല്ല; നിപാതമാണ് എന്നും പറഞ്ഞതിലെ യുക്തിരാഹിത്യവും ചൂണ്ടിക്കാട്ടുന്നു.

* ആധാരികയ്ക്ക് 'ഇൽ, കൽ' എന്നീ രണ്ടു പ്രത്യയങ്ങൾ നൽകി രണ്ടും സമാനമാണെന്ന് പറയുന്ന കേരളപാണിനിയുടെ യുക്തി ദുർഗ്രഹതയുള്ളതാണെന്നും അഭിപ്രായപ്പെടുന്നുണ്ട്.

മേൽപറഞ്ഞ ആരോപണങ്ങൾ മുന്നോട്ടുവെയ്ക്കുന്നുണ്ടെങ്കിലും ആധാരികാപ്രത്യയങ്ങളായ 'ഇൽ, കൽ' എന്നിവയെ അപഗ്രഥിക്കാനാണ് ലേഖകൻ ശ്രമിക്കുന്നത്. ഈ രണ്ടു പ്രത്യയങ്ങളും സമാനാർത്ഥങ്ങളായും അല്ലാതെയും പ്രയോഗിക്കാറുണ്ടെന്ന് നിദർശനങ്ങളോടെ സമർത്ഥിക്കുന്നു. ഖിലത്വംമൂലം വിഭക്ത്യാഭാസമാക്കി ഏ.ആർ ഗണിക്കുന്ന 'കൽ'പ്രത്യയത്തെപോലെതന്നെ 'ഇൽ'പ്രത്യയത്തിനും സാർവ്വത്രികതയില്ല; തന്നെയുമല്ല ഇവ രണ്ടും എല്ലാ നാമങ്ങളോടും ചേർന്നുകാണുന്നുമില്ല.

*കേരളപാണിനീയം* മൂന്നാം എൻ. ബി. എസ് പതിപ്പിൽ പരിശോധകന്മാർ ചേർത്തിരിക്കുന്ന ഒരു അടിക്കുറിപ്പിനെയും നിരാകരിക്കുന്നു. ആധാരികാർത്ഥത്തിൽ 'ഏൽ' എന്നൊരു പ്രത്യയത്തെക്കൂടി സ്വീകരിക്കുന്നതിനെ സംബന്ധിച്ചാണത്. 'ഇൽ' എന്നതിന്റെ രൂപാന്തരമായി അതിനെ കണ്ടാൽ മതിയെന്നും പ്രത്യേകം ഒരു പ്രത്യയപദവി നൽകേണ്ടതില്ലെന്നുമാണ് വാസുദേവഭട്ടതിരിയുടെ പക്ഷം. *മലയാഴ്മയുടെ വ്യാകരണ*ത്തിൽ റവ. മാത്തൻ 'ഏൽ' പ്രത്യയത്തെ 'ഇൽ' പ്രത്യയത്തിന്റെ ഗ്രാമ്യഭാഷാപ്രയോഗമായാണ് കാണുന്നതെന്നും മേശയിൽ-മേശേൽ, കല്ലിൽ-കല്ലേൽ എന്നിങ്ങനെ നിരവധി ഉദാഹരണങ്ങളുണ്ടെന്നും പറഞ്ഞതിനു ശേഷം ആധാരികാർത്ഥം കുറിക്കുന്ന 'അത്ത്' എന്നൊരു പ്രത്യയത്തെക്കുറിച്ച് വിവരിക്കുന്നു. 'അത്ത്'നെ വിഭക്ത്യാഭാസമായാണ് കേരളപാണിനി കണക്കാക്കുന്നത്. എന്നാൽ 'ഇൽ, കൽ' എന്നിവയെപോലെ ആധാരികാപ്രത്യയം തന്നെയാണ് 'അത്ത്' എന്നാണ് വാസുദേവഭട്ടതിരി അഭിപ്രായപ്പെടുന്നത്. വിഭക്തിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിഗമനങ്ങൾ ഒന്നൊതുക്കിപ്പറയാം.

* ഒരു വിഭക്തിക്ക് ഒരു പ്രത്യയം മാത്രമേ പാടുള്ളൂവെന്ന കാര്യത്തെ നിരാകരിക്കുന്നു.

* വിഭക്തി പ്രത്യയമാണെന്നുള്ള കേരളപാണിനീയവീക്ഷണം തെറ്റാണ്. അത് നാമങ്ങളുടെ ഇതരപദബന്ധമാണ്.
* ഇംഗ്ലീഷിൽ Nominative, Objective, Vocative എന്നീ വിഭക്തികൾക്ക് പ്രത്യയ മില്ല.
* വിഭക്തിസംഖ്യയും പ്രത്യയസംഖ്യയും ഒന്നാകണമെന്നില്ല.
* പ്രത്യയം തന്നെയാണു വിഭക്തി എന്നു പ്രസ്താവിക്കുന്ന ഏ.ആർ പ്രത്യയമി ല്ലാത്ത നിർദ്ദേശികയെയും വിഭക്തിയായി കരുതുന്നു.
* ആധാരികയ്ക്ക് രണ്ട് പ്രത്യയങ്ങളുണ്ടെന്നും 'അത്ത്' വിഭക്ത്യാഭാസമാണെന്നും കരുതുന്ന ഏ. ആറിന്റെ വിവരണങ്ങളിൽനിന്നും വ്യത്യസ്തമായി 'അത്ത്' നെ മൂന്നാമതൊരു ആധാരികാപ്രത്യമായി കാണുന്നു.

'ആധാരികയ്ക്കുമേലുള്ള-ഏ പ്രത്യയം' എന്ന ലേഖനത്തിൽ[29] (മലയാള വിമർശം) കെ. സുകുമാരപിള്ള 'ആധാരികാഭാസം' എന്ന് ഏ. ആർ. വിളിക്കുന്ന ഒരു പ്രത്യയത്തിന്റെ പദവിയെക്കുറിച്ചാണ് വിചിന്തനം ചെയ്തിരിക്കുന്നത്. ആധാരികാഭാസമായി കേരളപാണിനി വിവരിച്ചുദാഹരിക്കുന്ന ഈ ആശയത്തോടുള്ള വിമർശനം സി.എൽ. ആന്റണി നടത്തുന്നുണ്ട്. അതിനോടുള്ള സ്വന്തം പ്രതികരണങ്ങൾ സുകുമാരപിള്ള വ്യക്തമാക്കുന്നു.

സി. എൽ. ആന്റണിയെപ്പോലെയുള്ള പണ്ഡിതന്മാർക്ക് വിഭക്ത്യാഭാസം എന്ന പേരുതന്നെ രുചിക്കുന്നില്ലെന്നു കാണുന്നു. ആ സങ്കേതത്തിന്റെ അർത്ഥം കൃത്യമായി ഗ്രഹിക്കുന്നതിൽ അദ്ദേഹത്തിന് അൽപം സൂക്ഷ്മക്കുറവു പറ്റിയിട്ടുണ്ട്. അദ്ദേഹം ധരിക്കുന്നതുപോലെ, 'എല്ലാവിഭക്തികളിലും കാണാത്തതുകൊണ്ടല്ല' വിഭക്ത്യാഭാസമെന്നു പേരിട്ടത്. എല്ലാ നാമങ്ങളിലും ചേർന്നു കാണായ്കയാലാണ്" (ശ്രീനാഥൻ, സൈതലി, 2017 : 497)

ആധാരികാഭാസമായി കേരളപാണിനി കരുതുന്ന 'ഏ' പ്രത്യയം യഥാർത്ഥത്തിൽ ദീർഘമാണോ എന്ന ആലോചനയും ലേഖനത്തിലുണ്ട്. സംഭാഷണഭാഷയിലും കാവ്യപ്രയോഗങ്ങളിലും മാത്രമാണ് ദീർഘമായ എകാര പ്രയോഗമുള്ളത്. പ്രൗഢമായ വായ്മൊഴിയിലും വരമൊഴിയിലും അതുണ്ടാകില്ല. ആധാരികയ്ക്കുമേലുള്ള - 'എ' പ്രത്യയം ഒരിക്കലും ദീർഘമല്ല. ഈ പ്രത്യയത്തിന്റെ പദവിയെ സുകുമാരപിള്ള വിലയിരുത്തുന്നു. "മറ്റൊരു നാമത്തെ വിശേഷിപ്പിക്കാൻ വേണ്ടി ആധാരികാരൂപത്തിനുമേലോ ആധാരികാഭാസരൂപത്തിനുമേലോ ചേരുന്ന വിശേഷണപ്രത്യയമാണ് 'എ'. നിയമേന അതു ഹ്രസ്വവുമാണ്" (2017 : 501).

സി.വി.വാസുദേവഭട്ടതിരിയുടെ 'വിഭക്തി-സംസ്കൃതമലയാളങ്ങളിൽ'[30] എന്ന ലേഖനത്തിൽ (വിജ്ഞാനകൈരളി) ഇരുഭാഷകളിലെയും വിഭക്തിപ്രത്യയങ്ങൾക്കും സമാനതയുള്ളതായാണ് നിരീക്ഷിച്ചിരിക്കുന്നത്. ഒപ്പംതന്നെ ഹിന്ദി, ഇംഗ്ലീഷ് ഭാഷകളിലെ വിഭക്തിചർച്ചകളുമായി താരതമ്യം ചെയ്ത് വിഭക്തിപ്രയോഗങ്ങളെപ്പറ്റി സാമാന്യമായി ചില വസ്തുതകൾ നിരത്തുന്നു.

* പ്രത്യയം വിഭക്തിയുടെ അവശ്യഘടകമല്ല.
* ഒരു പ്രത്യയം തന്നെ ഒന്നിലേറെ വിഭക്തിയെ കുറിക്കും
* പദത്തിനു വാക്യത്തിലുള്ള സ്ഥാനവും വിഭക്തിപ്രത്യയംപോലെ ഇതരപദബന്ധം കുറിക്കും. (2017: 503)

മേൽപറഞ്ഞ ആശയങ്ങളിൽനിന്ന് വിഭക്തിക്ക് പുതിയൊരു നിർവ്വചനവും നൽകിയിരിക്കുന്നു. "ഇതരപദബന്ധം കുറിക്കാൻ പ്രത്യയയോഗമോ വാക്യത്തിലുള്ള സ്ഥാനഭേദമോ കൊണ്ടു നാമത്തിനു (സർവ്വനാമത്തിനും) വരുന്ന അർത്ഥഭേദമാണു വിഭക്തി എന്നു പറയാം" (2017: 503-504). കേരളപാണിനിയുടെ വിഭക്തി നിർവചനത്തെ "മറ്റുപദങ്ങളുമായുള്ള സംബന്ധത്തെക്കുറിക്കുന്നതിനുവേണ്ടി നാമങ്ങളിൽ ചേർക്കുന്ന പ്രത്യയങ്ങൾക്കാണു വിഭക്തി" -പുനഃപരിശോധന ചെയ്യേണ്ടതാണെന്നും അഭിപ്രായപ്പെടുന്നു. സംസ്കൃത-മലയാളങ്ങളിൽ കാണുന്ന വിഭക്തി സമാനതകളെ വാസുദേവഭട്ടതിരി അക്കമിട്ടു പറയുന്നു:

1. സംസ്കൃതമലയാളങ്ങളിൽ വിഭക്തിസംഖ്യ തുല്യമാണ്.
2. രണ്ടു ഭാഷകളിലും ഒരേ പ്രത്യയം ഭിന്നാർത്ഥങ്ങൾ കുറിക്കുന്ന രീതിയുണ്ട്.
3. ഭിന്നപ്രത്യയങ്ങൾ ഒരേ അർത്ഥം കുറിക്കുന്ന രീതിയും രണ്ടു ഭാഷകളിലുമുണ്ട്.
4. വിഭക്തിപ്രത്യയങ്ങളോട് അവ്യയങ്ങൾചേർത്ത് അവയുടെ അർത്ഥത്തെ പരിഷ്കരിക്കുന്ന രീതിയും രണ്ടിടത്തും കാണാം. അല്ലെങ്കിൽ കാരകവിഭക്തികളെപ്പോലെ ഉപപദവിഭക്തികളും രണ്ടിടത്തുമുണ്ട്.
5. മൂലം, നിമിത്തം മുതലായ പദങ്ങൾ സമാസിച്ചു വിഭക്ത്യർത്ഥം കുറിക്കുന്ന രീതി രണ്ടു ഭാഷകളിലുമുണ്ട്.
6. വിഭക്തിയുടെ സാമാന്യാർത്ഥങ്ങൾ രണ്ടു ഭാഷകളിലും ഏറെക്കുറെ ഒന്നു തന്നെ
7. വിഭക്തികളുടെ വിശേഷാർത്ഥങ്ങളിലും രണ്ടു ഭാഷകൾക്കും പലേടത്തും സാമ്യമുണ്ട്.
8. വിഭക്തിപ്രത്യയം ലോപിക്കാതെ സംസ്കൃപദം സൃഷ്ടിക്കുന്ന രീതി രണ്ടു ഭാഷകൾക്കുമുണ്ട്.

9. ചില പ്രത്യയങ്ങൾക്കെങ്കിലും രണ്ടു ഭാഷകളിലും രൂപസാമ്യമുണ്ട് (2017:511 –512)

സംസ്കൃത-മലയാളങ്ങളിൽ വിഭക്തികളുടെ പൊതുവായ സാദൃശ്യം യാദൃച്ഛികമാണെന്നു കരുതാനാവില്ലെന്നും അവ ഭിന്നഗോത്രഭാഷകളാണെന്നുള്ള പ്രാമാണികമതം മുഖവിലക്കെടുക്കാൻ അൽപം ബുദ്ധിമുട്ടുണ്ടെന്നും സംഗ്രഹിക്കുന്നു.

### 5.1.12. വിഭക്തിയുടെ കാണാപ്പുറങ്ങൾ

വിനീത് വി. എസ്. എഴുതിയ 'വിഭക്തിയുടെ കാണാപ്പുറങ്ങൾ' എന്ന ലേഖനത്തിൽ (*സംസ്കാരകേരളം*) *കേരളപാണിനീയ*ത്തിലെ വിഭക്തിചർച്ചകളെ ആസ്പദമാക്കി നടന്നിട്ടുള്ള വിമർശനപഠനങ്ങളുടെ പോരായ്മകളെ വിശദമാക്കുകയും ഏ. ആറിന്റെ വിഭക്തിസംജ്ഞകളുടെ സാധുത പരിശോധിക്കുകയും ചെയ്തിരിക്കുന്നു. മാത്രമല്ല *കേരളപാണിനീയ*ഭാഷ്യത്തിൽ സി.എൽ.ആന്റണി ഇതിനെക്കുറിച്ച് നടത്തിയിട്ടുള്ള ആക്ഷേപങ്ങൾക്ക് പോരായ്മകളുണ്ടെന്നും നിരീക്ഷിക്കുന്നു. അവ പരിശോധിച്ച് അപഗ്രഥിക്കുന്നത് ഉചിതമാണ്.

"കേരളപാണിനീയവിമർശകർ പലരും ഏ. ആറിനെ അടിക്കുവാനുള്ള ഉറപ്പുവടിയായി തിരഞ്ഞെടുത്തത് *കേരളപാണിനീയ*ത്തിലെ 'വിഭക്തിപ്രകരണ'മാണ്" (ശ്രീനാഥൻ, സൈതലവി, 2017 : 514) എന്ന പ്രസ്താവന നടത്തുകയും അത്തരം വിമർശനങ്ങളിൽ ഏതെങ്കിലും സാധുതയുണ്ടോ എന്ന അന്വേഷണം ലേഖനത്തിൽ തുടർന്ന് വിശദീകരിക്കുകയും ചെയ്യുന്നു. ലേഖകന്റെ അഭിപ്രായങ്ങൾ സംഗ്രഹിക്കാം.

* *കേരളപാണിനീയം* ലിഖിതഭാഷയുടെ വ്യാകരണനിയമങ്ങളാണ് ഉൾക്കൊള്ളുന്നത്. സംഭാഷണഭാഷയിൽനിന്നും ഉദാഹരണങ്ങളെടുത്ത് വിമർശനം നടത്തുന്നവർ ഈ വസ്തുത മനസ്സിലാക്കിയിട്ടില്ല.
* 14-ാം നൂറ്റാണ്ടിലെ *ലീലാതിലകം* മുതൽ 20-ാം നൂറ്റാണ്ടിലെ *വ്യാകരണമിത്രം*വരെയുള്ള കൃതികളിൽനിന്നും വ്യത്യസ്തമായി വിഭക്തികൾക്ക് പുതിയ സംജ്ഞകൾ നിർദ്ദേശിക്കുന്നു. *കേരളപാണിനീയം* ഒന്നും (1896) രണ്ടും (1917) പതിപ്പുകളിൽ ഈ പുതിയ പേരുകൾ കാണുന്നുണ്ടെങ്കിലും അവയുടെ നാമകരണത്തിനുള്ള കാരണങ്ങൾ വ്യക്തമാക്കുന്നത് രണ്ടാംപതിപ്പിലാണ്.
* സംഭാഷണഭാഷയിലെ ഉദാഹരണങ്ങൾ ഉപയോഗിച്ച് ഖണ്ഡനവിമർശനം നടത്തുന്ന സി. എൽ. ആന്റണിയെപ്പോലുള്ളവർ *കേരളപാണിനീയം* ലിഖിതഭാഷയുടെ വ്യാകരണമാണെന്നുള്ള വസ്തുത മറന്നുപോയി.

* വിഭക്തികൾക്ക് പുതിയ പേരുകൾ നൽകിയതിനുള്ള ഏ.ആറിന്റെ വിശദീകരണങ്ങൾ സാധുതയുള്ളതാണ്.
* കാൾഡ്വലിന്റെ *താരതമ്യവ്യാകരണ*ത്തിലെ വിഭക്തിസംജ്ഞകളുടെ തനി വിവർത്തനമാണ് ഏ.ആർ സ്വീകരിച്ചിട്ടുള്ളതെന്ന വാദം ഉന്നയിക്കുന്ന സി. എൽ. ആന്റണിക്ക് മതിയായ തെളിവുകളോ സാധൂകരണങ്ങളോ അതിന് നൽകാനായിട്ടില്ല.
* വിഭക്തിസംജ്ഞാസ്വീകരണത്തിന് ഏ. ആർ. പ്രധാനമായും ആശ്രയിച്ചത് ഗുണ്ടർട്ടിന്റെ *മലയാളഭാഷാവ്യാകരണ*മാണ്. മൂന്ന്, നാല്, ആറ്, ഏഴ്, എട്ട് എന്നീ വിഭക്തികൾക്ക് പുതിയപേരുകൾ അങ്ങനെ നൽകിയതാണെന്ന് ലേഖകൻ അഭിപ്രായപ്പെടുന്നു.

മൂന്നാംവിഭക്തി: Instrumental (ഗുണ്ടർട്ട് സംജ്ഞ)

'Instrument'(ഉപകരണം)നോട് ബന്ധപ്പെട്ട പദം. പ്രവൃത്തിയെ ലഘൂകരിക്കാനോ വസ്തുക്കളെ സംയോജിപ്പിക്കാനോ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനാൽ അവയ്ക്ക് 'സംയോജകം' എന്നു പറയുന്നു. അതിൽനിന്നും മൂന്നാംവിഭക്തിയെ 'സംയോജിക' എന്ന് ഏ. ആർ. വിളിക്കുന്നു.

നാലാംവിഭക്തി: Dative (ഗുണ്ടർട്ട് സംജ്ഞ)

'പരോക്ഷമായ ഒരു കർമ്മത്തെ നിർദ്ദേശിക്കുന്ന' എന്നാണ് ഈ വാക്കിനർത്ഥം. പരോക്ഷമായ ഈ നിർദ്ദേശത്തെത്തന്നെയാണ് 'ഉദ്ദേശിക്കുക' എന്നു വിവക്ഷിക്കുന്നത്. ആ അർത്ഥത്തിൽ 'ഉദ്ദേശിക' എന്നാണ് ഏ.ആർ സ്വീകരിക്കുന്നത്.

ആറാംവിഭക്തി: ഷഷ്ഠിവിഭക്തി (ഗുണ്ടർട്ട് സംജ്ഞ)

*മലയാളഭാഷാവ്യാകരണ*ത്തിലെ 'വാചകകാണ്ഡ'ത്തിലെ 'ആശ്രിതാധികരണ' ത്തിലെ രണ്ടു പ്രസ്താവനകളെ ആസ്പദമാക്കിയാണ് ലേഖകൻ തന്റെ നിലപാടുകൾ സാധൂകരിക്കുന്നത്.

'ഷഷ്ഠിക്ക് മുഖ്യാർത്ഥം സ്വാമിഭാവം തുടങ്ങിയുള്ള സംബന്ധംതന്നെ' 'ഷഷ്ഠിക്ക് കർത്താവിനാലും വിഷയത്താലും ഇങ്ങനെ രണ്ടുവിധം സംബന്ധാർത്ഥമുണ്ട്' (488, 489 പ്രസ്താവനകൾ യഥാക്രമം) ഏ. ആർ. ആറാംവിഭ

ക്തിക്ക് 'സംബന്ധിക' എന്ന പേര് നിർദ്ദേശിച്ചത് ഇത്തരത്തിലാവാമെന്ന് അനുമാനിക്കുന്നു.

ഏഴാംവിഭക്തി: സപ്തമി (ഗുണ്ടർട്ട് സംജ്ഞ)

'ആധാരാർത്ഥമുള്ള സപ്തമിക്ക് രണ്ടുരൂപങ്ങൾ പ്രധാനം' എന്ന *മലയാള ഭാഷാവ്യാകരണ*ത്തിലെ 496-ാം പ്രസ്താവനയെ ആശ്രയിച്ചാവണം ഏഴാംവിഭക്തിക്ക് 'ആധാരിക' എന്ന് കേരളപാണിനി വിധിക്കുന്നത്.

എട്ടാംവിഭക്തി:

ഇതിലും ഗുണ്ടർട്ടിന്റെ നിരീക്ഷണങ്ങളുടെ സ്വാധീനം ഏ.ആറിലുണ്ടാവാം.

* ആംഗലേയപദങ്ങളുടെ തർജ്ജമയും ചില വിഭക്തികൾക്ക് നൂതനസംജ്ഞകൾ നൽകുന്നതിന് ഏ. ആർ. ആശ്രയിച്ചിട്ടുണ്ട്. ഒന്നും, രണ്ടും വിഭക്തിനാമങ്ങളെയാണ് ലേഖകൻ ഇതിനുദാഹരിക്കുന്നത്.

→ 'നിർദ്ദേശിക്കുന്ന' എന്ന അർത്ഥമുള്ള 'Nominative' എന്ന ആംഗലേയ സംജ്ഞയിൽ നിന്നാകണം ക്രിയയുടെ കർത്താവിനെ നിർദ്ദേശിക്കുന്ന ഒന്നാം വിഭക്തിക്ക് 'നിർദ്ദേശിക' എന്ന നാമം ഏ.ആർ കൈക്കൊണ്ടിട്ടുള്ളത്.

→ 'ആരോപണം/Accusition' എന്ന വാക്കിൽ നിന്നാണ് രണ്ടാംവിഭക്തിയ്ക്ക് 'Accusative' ഇംഗ്ലീഷ്സംജ്ഞ വരുന്നത്. കർത്താവിൽ ക്രിയയെ ആരോപിക്കുമ്പോൾ ആ ആരോപണത്തെ പ്രതിഗ്രഹിക്കുന്നതിന് കർത്താവിൽ ചേർക്കുന്ന പ്രത്യയമായി 'പ്രതിഗ്രാഹികാവിഭക്തി'യുടെ 'എ' പ്രത്യയത്തെ കാണുന്നു.

* ഏ. ആർ. സ്വന്തമായി നിർമ്മിച്ച പേരുകളും വിഭക്തികളിലുണ്ട്. അഞ്ചാംവിഭക്തിയെ അതിന്റെ അർത്ഥത്തിന്റെ അടിസ്ഥാനത്തിൽ 'പ്രയോജിക' എന്ന് അദ്ദേഹം വിളിച്ചു.

* ഇത്തരത്തിൽ ഉപയോഗസൗകര്യം, അർത്ഥം, മലയാളവിഭക്തികളുടെ പ്രത്യേകത എന്നിവയെ അടിസ്ഥാനമാക്കിയാണ് ഏ. ആർ. വിഭക്തികൾക്ക് പുതിയ പേരുകൾ നൽകിയിട്ടുള്ളത്. കൂടാതെ ഗുണ്ടർട്ട്വ്യാകരണത്തിന്റെ ശക്തമായ സ്വാധീനം വിഭക്തിസംജ്ഞാരൂപീകരണത്തിൽ ഏ.ആറിനെ സഹായിച്ചിട്ടുണ്ട്.

* വിഭക്തിപ്രത്യയങ്ങളുടെ സ്വീകരണത്തിൽ ഏ. ആർ. തദ്ദേശീയവൈയാകരണനായ ജോർജ്ജ് മാത്തൻ പറഞ്ഞുവെച്ച പ്രത്യയങ്ങളിൽനിന്നും അല്പംപോലും വ്യതിചലിക്കുന്നില്ല.

* പൂർവ്വവൈയാകരണന്മാർ അതാതു വിഭക്തികളുടെ രൂപഭേദങ്ങളായും, ഏ. ആറും പിൻഗാമികളും 'വിഭക്ത്യാഭാസം' എന്ന പേരിലും ചർച്ചചെയ്യുന്ന കാര്യങ്ങളെ പരിശോധിച്ചാൽ വിഭക്ത്യാഭാസങ്ങൾക്ക് വിഭക്തിചർച്ചയിൽ സമുന്നത സ്ഥാനമുണ്ടെന്ന് വ്യക്തമാകും. എന്നാൽ കേരളപാണിനിയുടെ വിഭക്ത്യാഭാസ പ്രകരണം അദ്ദേഹത്തിന്റെ വിഭക്തിചർച്ചയുടെ അപര്യാപ്തതയാണ് പ്രകടമാക്കുന്നതെന്ന സി. എൽ. ആന്റണിയുടെ നിഗമനത്തെ ലേഖനത്തിൽ എതിർക്കുന്നു.

* ഒരു വിഭക്തിരൂപത്തിന് ഒരർത്ഥമെന്ന ഏ.ആർ നിരീക്ഷണത്തെ നിരാകരിച്ചുകൊണ്ട് ഒരു വിഭക്തിയുടെ അനേകാർത്ഥങ്ങളെ സമർത്ഥിക്കാൻ സി. എൽ. ആന്റണി ചൂണ്ടിക്കാട്ടുന്ന ഉദാഹരണങ്ങൾ സംഭാഷണഭാഷയുടെ ഘടനയുള്ളവയാണ്. ലിഖിതഭാഷയുടെ വ്യാകരണമായ കേരളപാണിനീയത്തെ അപ്രകാരം വിമർശിക്കുന്നത് സാധുതയില്ലാത്ത കാര്യമാണ്.

* മറച്ചുവെയ്ക്കപ്പെട്ട കർത്താവോടുകൂടിയ രൂപങ്ങളെ 'നിഗീർണ്ണകർതൃകം' എന്ന് കേരളപാണിനി വിളിക്കുന്നു. ആ ഒരു യുക്തി ഉപയോഗിച്ച് മറച്ചുവെയ്ക്കപ്പെട്ട വിഭക്തിപ്രത്യയരൂപങ്ങളുണ്ടെന്നും അവയിലെല്ലാം കർത്താവ് നിർദ്ദേശികയിലായിരിക്കുമെന്നും ഉദാഹരണസഹിതം അവതരിപ്പിക്കുന്നു.

ഉദാ:- കപ്പൽ കഴുകി → കപ്പലിനെ കഴുകി (നിഗീർണ്ണപ്രതിഗ്രാഹിക)

വാൾ ഉറചേർത്തു → വാൾ ഉറയോടു ചേർത്തു (നിഗീർണ്ണസംയോജിക)

സ്വർണ്ണം വിലകൂടി → സ്വർണ്ണത്തിനു വിലകൂടി (നിഗീർണ്ണ ഉദ്ദേശിക)

രാമൻ പറയപ്പെട്ടു → രാമനാൽ പറയപ്പെട്ടു (നിഗീർണ്ണ പ്രയോജിക)

മുളകുവില കുറഞ്ഞു → മുളകിന്റെ വില കുറഞ്ഞു (നിഗീർണ്ണ സംബന്ധിക)

കപ്പൽ കയറി പോയി → കപ്പലിൽ കയറിപ്പോയി (നിഗീർണ്ണ ആധാരിക)

(2017: 520-521)

* സംഭാഷണങ്ങളിലും കാവ്യഭാഷയിലും അധികമായി കാണപ്പെടുന്നതിനാൽ, നിഗീർണ്ണവിഭക്തിരൂപങ്ങൾക്കോരോന്നിനും ഒന്നിലധികം വിഭക്ത്യർത്ഥങ്ങൾ ഉണ്ടാകാം.

ഉദാ: സ്വർണ്ണവില കൂടി <
- ഉദ്ദേശിക-സംബന്ധികാ വിഭക്തി
- ഉദ്ദേശിക-സംബന്ധികാ വിഭക്തികൾക്ക് സമാനമായ അർത്ഥം കാണപ്പെടുന്നു.

* വിഭക്തി എന്ന ആശയം കൂടുതൽ നിരീക്ഷണങ്ങൾ ആവശ്യപ്പെടുന്ന ഒന്നാണ്.
* എൽ.വി.ആറിന്റെ 'ദിശാവിഭക്തി'[32] (ഇലേക്ക്), സി.എൽ.ആന്റണിയുടെ 'ലക്ഷ്യ വിഭക്തി' (ഇലേക്ക്, ഓട്ട്), കെ.എം.പ്രഭാകരവാര്യരുടെ 'മാർഗ്ഗവിഭക്തി'[33] (ഇലൂടെ) എന്നീ പുത്തൻ വിഭക്തിപ്രത്യയചിന്തകൾക്ക് പ്രചാരം ലഭിക്കാത്തതിനു കാരണം അവ കേരളപാണിനി പറഞ്ഞ ദ്വിവിഭക്തിക - വിഭക്ത്യാഭാസ - രൂപങ്ങളുടെ അനുവർത്തനമാകയാലാണ്.
* വിഭക്തികൾക്ക് കാലികപ്രാധാന്യവുമുണ്ട്. സംഭാഷണഭാഷയിൽ ഏറെയും ഉപയോഗിക്കുന്നത് പ്രതിഗ്രാഹികാ, സംബന്ധിക വിഭക്തികളാണ്.
* മാത്തൻ, ഗുണ്ടർട്ട് എന്നിവരുടെ ആശയങ്ങൾക്കൊപ്പം കേരളപാണിനീയം ചേർത്തുവായിച്ചാൽ വിഭക്തികളെക്കുറിച്ചുള്ള പല സമസ്യകളും ദൂരികരിക്കപ്പെടും.

**5.1.13. വിഭക്തിസംജ്ഞകൾ - നിഗമനങ്ങൾ**

❖ വിഭക്തികളെ രൂപത്തിന്റെ അടിസ്ഥാനത്തിൽ വർഗ്ഗീകരിക്കുന്ന സംസ്കൃത രീതിയും കാൾഡ്വൽ, ഗുണ്ടർട്ട് എന്നിവർ നിർദ്ദേശിക്കുന്നതരത്തിൽ അർത്ഥഭേദങ്ങളെ ആധാരമാക്കിയുള്ള മറ്റൊരുരീതിയും ഒരേസമയം ആശ്രയിച്ചതുകൊണ്ടാണ് കേരളപാണിനിയുടെ വിഭക്തിസംജ്ഞാസ്വീകരണത്തിൽ തെറ്റുകൾ കടന്നുകൂടിയതെന്നാണ് സി. എൽ. ആന്റണി അഭിപ്രായപ്പെടുന്നത്.

❖ മിഷണറിവൈയാകരണന്മാർ ഇംഗ്ലീഷ്ഭാഷയ്ക്കനുസൃതമായാണ് മലയാള വിഭക്തികളെ പഠിക്കാൻ ശ്രമിച്ചത്. എന്നാൽ ഇന്ത്യൻഭാഷകളിലെ തദ്ദേശീയ അധ്യാപകർ വിഭക്തികളെ നിർണ്ണയിക്കുന്നതിനായി സംഖ്യാക്രമത്തെ ആശ്രയിക്കുന്ന രീതി അഭിലഷണീയമല്ലെന്ന് മനസ്സിലാക്കി Nominative, Genitive, Dative എന്നീ പേരുകൾ നൽകുന്ന ജോസഫ് പീറ്റും പ്രയോജികാവിഭക്തിക്ക് ഇംഗ്ലീഷിലെ 'by' എന്നതിനേക്കാൾ കൂടുതൽ ഉചിതമായത് 'through' എന്നർത്ഥം വരുന്ന 'Mediative Case' എന്നാണെന്നും മനസ്സിലാക്കുന്ന റിച്ചാർഡ്കോളിൻസും ഒക്കെ മലയാളഭാഷയിലെ വിഭക്തിപ്രയോഗങ്ങളുടെ ആന്തരാർത്ഥങ്ങൾ ഗ്രഹിച്ചവരാണ്.

❖ തദ്ദേശീയനായ ജോർജ്ജ് മാത്തനാകട്ടെ രൂപത്തെയും അർത്ഥത്തെയും ഒരേപോലെ നിയാമകമാക്കിയുള്ള വിഭക്തിപഠനമാണ് മുന്നോട്ടുവെയ്ക്കുന്നത്. പ്രഥമാദിനാമങ്ങൾ അവയ്ക്ക് നൽകുമ്പോഴും രൂപം, പൊരുൾ എന്നിവ തുല്യപ്രാധാന്യത്തോടെ ചർച്ചചെയ്യാൻ അദ്ദേഹത്തിന് കഴിയുന്നുണ്ട്. ഒരു പ്രത്യേകവിഭക്തിക്കുണ്ടാകാവുന്ന അനേകാർത്ഥങ്ങളും വ്യത്യസ്തരൂപഭേദങ്ങളും അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളിൽ പ്രത്യേക പരാ

മർശങ്ങളാകുന്നുണ്ട്. സി. എൽ. ആന്റണി കേരളപാണിനിക്കെതിരെ ഉന്നയിക്കുന്ന പ്രധാന ആരോപണവും ഇതാണ്. ഒരു വിഭക്തിക്ക് ഒരു നിശ്ചിത അർത്ഥം മാത്രമേ മലയാളത്തിലുള്ളൂ എന്ന ഏ.ആർ പക്ഷത്തെ വിമർശിച്ചു കൊണ്ട് ഒരു വിഭക്തി പ്രത്യയത്തിന്റെ അർത്ഥവൈപുല്യങ്ങളെയും ഒരർത്ഥത്തെ പ്രദാനം ചെയ്യുന്ന ഒന്നിലധികം വിഭക്തിപ്രത്യയങ്ങളെയും ആന്റണി ഉദാഹരിക്കുന്നുണ്ട്. പൂർവ്വവൈയാകരണനായ ജോർജ്ജ് മാത്തന്റെ ആലോചനകളിൽ ഇത്തരം ആശയങ്ങൾ കാണുന്നുണ്ടെന്നു പറയാം.

❖ ഒരു വിഭക്തിയുടെ അനേകാർത്ഥങ്ങൾ, ഒരു അർത്ഥത്തെ പ്രതിനിധീകരിക്കുന്ന ഒന്നിലധികം വിഭക്തികൾ - ഈ ഒരു സവിശേഷത ഏ. ആർ. മനസ്സിലാക്കുന്നതായി *കേരളപാണിനീയ*കാരികകളെ മുൻനിർത്തി സി.എൽ. ആന്റണി സമർത്ഥിക്കുന്നുണ്ട്. ഗുണ്ടർട്ടിന്റെ *മലയാളഭാഷാവ്യാകരണ*ത്തിലെ 'ആശ്രിതാധികരണം' എന്ന ഖണ്ഡത്തിലെ 'The uses of cases' എന്ന ഭാഗത്ത് വിഭക്തികളുടെ അർത്ഥതലങ്ങളെ വിവരിക്കുന്നുണ്ട്. കേരളപാണിനീയത്തിൽ അവ സംക്ഷേപിക്കുമ്പോഴും വിഭക്തികൾക്ക് പുതിയ പേരുകൾ നൽകിയതിനുള്ള കാരണങ്ങളുമായി അവയെ പൊരുത്തപ്പെടുത്താൻ ഏ.ആറിന് സാധിക്കുന്നില്ല എന്ന പരിമിതിയാണ് ആന്റണി കണ്ടെത്തുന്നത്.

❖ ഇൻഡോ-യൂറോപ്യൻഗോത്രത്തിൽ വരുന്ന സംസ്കൃതഭാഷയിൽ രൂപവ്യത്യാസത്തിന്റെ അടിസ്ഥാനത്തിലാണ് ഏഴുവിഭക്തികൾ രൂപപ്പെട്ടതെന്നു ചട്ടമ്പിസ്വാമികൾ നിരീക്ഷിക്കുന്നു.

❖ ഒരു വിഭക്തിക്ക് ഒരർത്ഥമേയുള്ളുവെന്ന *കേരളപാണിനീയ*നിരീക്ഷണത്തെ ശേഷഗിരിപ്രഭുവും നിരാകരിക്കുന്നുണ്ട്. ഒരു വിഭക്തിപ്രത്യയത്തിന്റെ അനേകാർത്ഥങ്ങളിൽ ഒന്നിനെമാത്രം ആധാരമാക്കി നടത്തുന്ന സംജ്ഞാസ്വീകാര്യം ന്യായമല്ലെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. കേരളപാണിനിയുടെ സമകാലികനായിരിക്കുമ്പോഴും അദ്ദേഹത്തിന്റെ ചിന്തകളിൽനിന്ന് വ്യത്യസ്തമായി വസ്തുതകളെ കാണാൻ പ്രഭുവിന് സാധിച്ചുവെന്ന് ഡോ. എൻ. കെ. മേരി രേഖപ്പെടുത്തുന്നുണ്ട്.

❖ കേരളപാണിനി വിഭക്തിസംജ്ഞാസ്വീകരണത്തിന് ആശ്രയിക്കുന്ന കാരണങ്ങൾ അസംഗതമാണെന്ന് ജോൺ കുന്നപ്പള്ളിയും വീക്ഷിക്കുന്നുണ്ട്. ഒരു വിഭക്തിരൂപത്തിന്റെ അർത്ഥഭേദങ്ങളെയും സമാനാർത്ഥമുള്ള പല വിഭക്തിരൂപങ്ങളെയും അദ്ദേഹം നിദർശനങ്ങളോടെ അവതരിപ്പിക്കുന്നുണ്ട്.

❖ വിഭക്തിനിർണയനത്തിൽ ഒരു വാക്യത്തിന്റെ കാരകാർത്ഥം പ്രധാനമാണെന്നുള്ള രീതിയിൽ പഠിക്കാൻ ശ്രമിച്ചവരാണ് മിക്ക ആധുനികവൈയാകരണന്മാരും.കേരളപാണിനീയഭാഷ്യകാരൻ 'വിഭക്തിസംജ്ഞകൾ' എന്ന അധ്യാ

യത്തിൽ ഏ. ആറിന്റെ വിഭക്തിസംജ്ഞാസ്വീകരണത്തിലെ പൊരുത്തക്കേടുകൾ എടുത്തുകാട്ടുന്നുണ്ട്. പുതിയ പേരുകൾ സ്വീകരിക്കാനിടയായ കാരണങ്ങൾ കേരളപാണിനിക്ക് വേണ്ടവിധത്തിൽ വിശദീകരിക്കാൻ കഴിയുന്നില്ലെന്നു ആരോപിക്കുമ്പോഴും അതിനുള്ള യഥാർത്ഥവസ്തുതയെ മനസ്സിലാക്കാൻ സി. എൽ. ആന്റണിക്കും സാധിക്കുന്നില്ലെന്നു കാണാം. ഒരു വാക്യത്തിലെ നാമവും ക്രിയയും തമ്മിലുള്ള സംബന്ധാർത്ഥത്തെ പ്രകടമാക്കുന്ന കാരകങ്ങളെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കാതെപോയതാണ് ആന്റണിയുടെ പഠനങ്ങളുടെ ഒരു ന്യൂനത.

❖ കാരകങ്ങൾക്ക് ഒന്നാംസ്ഥാനവും വിഭക്തിപ്രത്യയങ്ങൾക്ക് രണ്ടാംസ്ഥാനവും നൽകിയിരുന്ന പാണിനീയചിന്തയിൽനിന്നും വ്യതിചലിച്ചതാണ് കേരളപാണിനിയുടെ വിഭക്തിനിർണ്ണയനത്തിന്റെ ഒരു പോരായ്മയായി ബി. സുധാബായ് കണ്ടെത്തുന്നത്. കയ്യിനെ അടിച്ചു, കയ്യിൽ അടിച്ചു, കയ്ക്ക അടിച്ചു എന്നീ ഉദാഹരണങ്ങളിൽ പ്രത്യയങ്ങൾ മാറിമാറി വരുന്നുണ്ടെങ്കിലും കാരകാർത്ഥം മാറ്റമില്ലാതെ നിൽക്കുമെന്നാണ് അവരുടെ അഭിപ്രായം വിഭക്തികൾക്ക് പുതിയപേരുകൾ നൽകുന്നതിനുള്ള കാരണങ്ങളെ വിശദീകരിക്കാൻ സംസ്കൃത-മലയാളങ്ങളെ താരതമ്യം ചെയ്യുന്ന *കേരളപാണിനീയ*രീതിയെ അവർ നിരാകരിക്കുന്നു.

❖ 'വിഭക്ത്യാഭാസം' എന്ന സങ്കേതത്തിന്റെ അർത്ഥം കൃത്യമായി ഗ്രഹിക്കുന്നതിൽ സി. എൽ. ആന്റണിക്ക് അൽപ്പം സൂക്ഷ്മതക്കുറവ് സംഭവിച്ചതായാണ് സുകുമാരപിള്ള കരുതുന്നത്. എല്ലാ വിഭക്തികളിലും കാണാത്തതുകൊണ്ടല്ല എല്ലാ നാമങ്ങളിലും ചേർന്നുകാണാത്തതുകൊണ്ടാണ് അവയെ വിഭക്ത്യാഭാസങ്ങളെന്നു വിളിക്കുന്നത്.

❖ സി. എൽ. ആന്റണിയ്ക്കെതിരെ ചില വിമർശനങ്ങൾ വിനീത് വി. എസ്. എന്ന ആധുനികപഠിതാവും ഉന്നയിക്കുന്നുണ്ട്. ലിഖിതഭാഷയുടെ വ്യാകരണമായ *കേരളപാണിനീയ*ത്തെ ഖണ്ഡിക്കാൻ സംഭാഷണഭാഷയെ ആശ്രയിച്ചുവെന്ന വിമർശനമാണ് അതിലൊന്ന്. വിഭക്തിസംജ്ഞാസ്വീകരണത്തിന് കാൾഡ്വലിന്റെ താരതമ്യവ്യാകരണത്തിലെ നാമങ്ങളെ അതേപടി ആശ്രയിക്കുകയാണ് കേരളപാണിനി ചെയ്തിട്ടുള്ളതെന്ന് തെളിവുകളുടെ സഹായത്തോടെ സമർത്ഥിക്കാൻ ആന്റണിക്ക് സാധിക്കുന്നില്ല എന്നതാണ് മറ്റൊരു വിമർശനം.

ഒരു വിഭക്തിപ്രത്യയത്തിന്റെ അർത്ഥവൈവിധ്യങ്ങളും ഒരു അർത്ഥത്തെ വെളിപ്പെടുത്തുന്ന പല വിഭക്തിപ്രത്യയങ്ങളും ഉണ്ടെന്നുള്ള അഭിപ്രായമാണ് മാത്തൻതുടങ്ങി ആധുനികവൈയാകരണന്മാർവരെ വെച്ചു പുലർത്തുന്നത്. സി. എൽ. ആന്റണിയും അതേരീതിയിൽ ചിന്തിക്കുന്നുണ്ട്. എന്നാൽ അദ്ദേഹത്തിനു ശേഷം വരുന്ന ഭാഷാചിന്തകർ പലരും വാക്യത്തിലെ കാരകാർത്ഥത്തെ മുഖ്യ

മായി പരിഗണിക്കുന്നവരാണ്. നാമങ്ങളോട് ചേർന്നുവരുന്ന വിഭക്തിപ്രത്യയങ്ങൾ മാറിവരാം; എന്നാൽ നാമത്തിനും ക്രിയയ്ക്കും തമ്മിലുള്ള സംബന്ധാർത്ഥത്തിന് മാറ്റമുണ്ടാകില്ല. അതിനെ പരിഗണിച്ചാണ് വിഭക്തിനിർണ്ണയനം നടത്തേണ്ടതെന്ന് അവർ വാദിക്കുന്നു. നാമത്തിന് ക്രിയയോടുള്ള ബന്ധത്തെ സൂചിപ്പിക്കുന്നില്ലെന്ന കാരണത്താൽ സംബന്ധികയെ വിഭക്തിയായി കരുതാത്തവരും അവർക്കിയടിലുണ്ട്. കാരകാർത്ഥങ്ങളെ പരിഗണിക്കാതെയുള്ള ആന്റണിയുടെ വിഭക്തിപഠനം പോരായ്മകളുള്ളതാണെന്നു പറയാം. കേരളപാണിനിയുടെ 'വിഭക്ത്യാഭാസം' എന്ന സംജ്ഞയ്ക്കുപകരമായി 'സംയുക്തവിഭക്തി പ്രയോഗങ്ങൾ' എന്ന നാമകരണമാണ് കേരളപാണിനീയഭാഷ്യകാരൻ എടുത്തുപയോഗിക്കുന്നത്. വിഭക്തിപ്രയോഗത്തിന്റെ ബഹുവിധ അർത്ഥതലങ്ങളെ ആ സംജ്ഞ ഉൾക്കൊള്ളുന്നുണ്ട്.

### 5.2. വിഭാജകപ്രത്യയങ്ങൾ

കേരളപാണിനി ചർച്ചയ്ക്കെടുക്കാത്ത പ്രത്യേക ഒരു വ്യാകരണസംവർഗ്ഗത്തെയാണ് *കേരളപാണിനീയഭാഷ്യ*ത്തിലെ 'വിഭാജകപ്രത്യയങ്ങൾ' എന്ന പത്താം അധ്യായത്തിൽ സി. എൽ. ആന്റണി കൈകാര്യം ചെയ്യുന്നത്.

''കുറേശ്ശെ, നാഴിശ്ശെ, ഉഴക്കിശ്ശെ തുടങ്ങിയ രൂപങ്ങളിൽ കാണുന്ന 'ശ്ശെ' എന്ന പ്രത്യയം 'വീതം' എന്ന അർത്ഥത്തിൽ സംഖ്യാനാമങ്ങളിലും മറ്റും പ്രയോഗിക്കാവുന്ന ഒരു വിഭാജകപ്രത്യയമായി ഇതിനകം മലയാളത്തിൽ, പ്രത്യേകിച്ച് സംഭാഷണഭാഷയിൽ വളർന്നു കഴിഞ്ഞിട്ടുണ്ടെന്നു പറയണം'' (ആന്റണി, 2005: 116) എന്ന ആമുഖപ്രസ്താവനയോടെയാണ് അദ്ദേഹം ലേഖനം തുടങ്ങുന്നത്. ഗുണ്ടർട്ട്, ശേഷഗിരിപ്രഭു, എൽ. വി. രാമസ്വാമിഅയ്യർ, ഇളംകുളം കുഞ്ഞൻപിള്ള എന്നിവരുടെ വിശദീകരണങ്ങളുടെയും പ്രാചീനശാസനങ്ങളിലെ തെളിവുകളുടെയും അടിസ്ഥാനത്തിൽ സ്വാഭിപ്രായങ്ങൾ രൂപീകരിക്കുകയും 'ശ്ശെ'പ്രത്യയത്തിന്റെ ആഗമത്തെക്കുറിച്ച് വിവരിക്കുകയും ചെയ്യുന്നു.

പൂർവ്വവൈയാകരണന്മാരുടെ നിരീക്ഷണങ്ങളെ ഒന്നു ക്രോഡീകരിക്കാം.

#### 5.2.1. റവ. ജോർജ്ജ് മാത്തൻ

''അശ്ശേ, പങ്ക എന്നർത്ഥമാകുന്ന അംശം എന്നതിന്റെ സപ്തമിയായ അംശേ എന്നതിന്റെ തത്ഭവമാകുന്നു. ദൃ-ന്തം; കുറേശ്ശേ, അസ്സാരിശ്ശേ, നാഴിശ്ശേ, രണ്ടിശ്ശേ എന്നിങ്ങനെ എണ്ണത്തെയും അളവിനെയും കുറിക്കുന്ന പദങ്ങളോടു ചേരുന്നു. (ജോർജ്ജ് മാത്തൻ, 2000 : 149).

മാത്തൻ 'അശ്ശേ' എന്നാണ് വിഭാജകപ്രത്യയത്തെ മനസ്സിലാക്കുന്നത്. *മലയാഴ്മയുടെ* വ്യാകരണ'ത്തിൽ തന്നെ മറ്റൊരിടത്ത് എണ്ണത്തെയും അളവിനെയും

കുറിക്കുന്ന സംഖ്യാനാമങ്ങളെ വിശദീകരിക്കുന്നിടത്ത് 'വീതം', അതിന്റെ ചുരുക്ക രൂപമായ 'ഠരംതു' എന്നിവയെ പരാമർശിക്കുന്നതും കാണാം.

''എണ്ണപ്പട്ട പൊരുളുകളെ കൂട്ടങ്ങളായിട്ടു പിരിച്ചു പറയുന്നതിൽ ഓരോന്നു ഠരം രണ്ടു, മുമ്മൂന്നു, നന്നാലു, അയ്യഞ്ചു ആറാറു, ഏഴേഴു, എട്ടെട്ടു, പതുപ്പത്തു എന്നിങ്ങനെ ഇരട്ടിച്ചുവരും : ദൃ- ന്തം; 'അവൻ അവർക്കു ഠരം രണ്ടു പണം കൊടുത്തു വീതം എന്നതും അതിന്റെ ചുരുക്കം ആകുന്ന 'ഠരംതു' എന്നതും എണ്ണ ത്തോടു ചേർന്നു ഠരം അർത്ഥത്തിൽ വരും : ദൃ - ന്തം; 'അവൻ അവർക്കു അഞ്ചു വീതം കൊടുത്തു'. 'ഇവർക്കു ഒൻപതീതുകൊടുത്തു. ഒറ്റമൊഴികൊണ്ടു ഉണ്ടാ കുന്ന എണ്ണങ്ങളിൽ ഇരട്ടിക്കയാകുന്നു അധികം നടപ്പു; ഒന്നിൽ അധികം മൊഴി കൾ കൂടി ഉണ്ടാകുന്നവയിൽ ഇരട്ടിക്കുന്നതിനുപകരം 'ഠരംതു' എന്നതു കൂടുകേ യുള്ളൂ. വീതം എന്നതു രണ്ടു തരമൊഴികളോടും ഒരുപോലെ ചേരുന്നതാകുന്നു : ദൃ - ന്തം; പതുപ്പത്തു; നൂറു നൂറു നൂറീതു അമ്പതീതു, അൻപത്തൊന്നീതു ആറു വീതം, നൂറു വീതം, പതിനൊന്നു വീതം'' (2000: 85). ഇത്തരത്തിൽ സംഖ്യാരൂപ ങ്ങളിൽ വരുന്ന ആവർത്തനത്തെ സൂചിപ്പിക്കാൻ വീതം എന്നതിനെയും അതിന്റെ ചുരുങ്ങിയ രൂപമായ 'ഠരംതു' എന്നതിനെയും ഉപയോഗിക്കുന്നുവെന്നാണ് മാത്തൻ പ്രസ്താവിക്കുന്നത്.

ഒപ്പംതന്നെ ക്രിയയുടെ ആവർത്തനത്തെ കാണിക്കുന്നതിനുള്ള പദരൂപങ്ങ ളെയും അദ്ദേഹം വിവരിക്കുന്നു. ''ക്രിയ ആവർത്തിക്കപ്പെടുന്ന കണക്കിനെക്കാ ണിക്കുന്നതിനു എണ്ണത്തോടു വട്ടം, ഠരംടു, തവണ, പ്രാവശ്യം എന്നവ ചേർന്നു വരും: ദൃ - ന്തം; ഒരീടു, രണ്ടുവട്ടം, നാലുതവണ, ആറുപ്രാവശ്യം, പത്തുവട്ടം, ഒരീടു എന്നതിനുമാത്രം 'ഒരിക്കൽ' എന്നുവരും.'' (2000 : 85)

ചുരുക്കത്തിൽ എണ്ണം, അളവ്, ആവർത്തനമുള്ള ക്രിയകൾ എന്നിവയെ കുറിക്കാൻ അശ്ശേ (ശ്ശേ), ഠരംതു, ഠരംടു എന്നീ രൂപങ്ങളും വീതം, തവണ, വട്ടം ആദിയായ ചിരപരിചിത പദങ്ങളെയും റവ. ജോർജ് മാത്തൻ വ്യാകരണരചനയിൽ ചർച്ചചെയ്യുന്നുണ്ട്.

**5.2.2. റോബർട്ട് ഡ്രമ്മണ്ട്**

ക്രിയാവിശേഷണങ്ങളെ വർഗീകരിക്കുന്ന ഭാഗത്ത് 'Adverb of Mode' എന്നതിൽ 'a little' എന്ന അർത്ഥത്തിൽ മലയാളഭാഷയിൽ ഉപയോഗിക്കുന്ന പദ ങ്ങളെ സൂചിപ്പിക്കുന്നു. കൊറെ, കുറെശ്ശ, അൽപ്പം, ഇത്തി, ഇത്തിരി, ഇമ്മിനി എന്നിവയാണ് ഡ്രമ്മണ്ട് *ഗ്രാമർ ഓഫ് ദ മലബാർ ലാംഗ്വേജ്*—-ൽ പരാമർശിക്കു ന്നത് (ഡ്രമ്മണ്ട്, 2002 : 78).

**5.2.3. ജോസഫ് പീറ്റ് – *A Grammar of the Malayalim Language* – ന്റെ** 'Of the Numerals' എന്ന ഭാഗത്ത് 'വീതം' എന്നതിനു പകരമായി 'ഈത' എന്നാണ് ചേർക്കുന്നത്.

"൨൦ം പശുക്കൾക്കു എത്ര പണം വീതം കൊടുത്തു? ഇരുപതീത പണം or ഇരുപത ഇരുപത പണം കൊടുത്തു"

"നമ്മുടെ ആശാരിമാർക്കു അമ്പതീത or അമ്പത അമ്പത പണം സമ്മാന മായിട്ട കൊടുത്തു." (പീറ്റ്, 2018 : 98)

'Adverbs' എന്നിടത്ത് 'A little' എന്ന അർത്ഥത്തിൽ 'കുറെ, കുറെശ്ശെ, അല്പം' എന്നീ പദങ്ങൾ ഉപയോഗിക്കുന്നതായി ഡ്രമ്മണ്ടിനെപോലെ പീറ്റും പറ യുന്നു.

സി. എൽ. ആന്റണിയുടെ 'വിഭാജകപ്രത്യയങ്ങൾ' എന്ന പ്രബന്ധ ത്തിൽ പൂർവ്വവൈയാകരണനായ ഗുണ്ടർട്ടിൽനിന്നാണ് വിശകലനങ്ങൾ തുടങ്ങു ന്നത്. എന്നാൽ അതിനുമുൻപെത്തന്നെ ഡ്രമ്മണ്ടിന്റെയും മാത്തന്റെയുമൊക്കെ ആലോചനകളിൽ ഈ വ്യാകരണസംവർഗ്ഗത്തെക്കുറിച്ച് മുൻധാരണകൾ ഉണ്ടായി രുന്നുവെന്നുള്ളതാണ് മേൽ ചൂണ്ടിക്കാണിച്ചത്. *മലയാളഭാഷാവ്യാകരണ*ത്തിൽ ഗുണ്ടർട്ട് സൂചിപ്പിക്കുന്ന ഇത്തരം ആശയങ്ങൾ ഖണ്ഡിക 41, 156 എന്നിവയിലാ ണെന്നും സി. എൽ. ആന്റണി പറയുന്നുണ്ട്:

ഖണ്ഡിക 41 : "പദമദ്ധ്യത്തിൽ മൃദൂച്ചാരണം നിമിത്തം ശകാരം അതിക്ര മിച്ചു കാണുന്നു (അരചു - ശു; പരിച - പലിശ; സൂചി - തൂശി, കലചൽ - ശൽ; പൂചു - പൂശു ; കുറെച്ചെ - കുറെശ്ശെ; ചീല - ശീല, മടിശ്ശീല; ച്ചേരി – ശ്ശേരി) അച്ചൻ എന്നതോ അതിഖരമായിട്ട് അച്ഛൻ എന്നായി" (ഗുണ്ടർട്ട്, 2014 : 45).

'Definite Numerals' (സംഖ്യകൾ) - ന്റെ ഒരു വിഭാഗമായ distributives (ഹരണസംഖ്യകൾ)നെ വിശദീകരിക്കുമ്പോഴാണ് സി.എൽ.ആന്റണി പഠനവിഷയ മാക്കുന്ന 'ശ്ശെ' പ്രത്യയത്തെക്കുറിച്ചുള്ള മറ്റൊരു നിരീക്ഷണമുള്ളത്.

"ഖണ്ഡിക 156 : Distributives. ഹരണസംഖ്യകൾ ആവിത് ഒരൊന്ന്, ഈരണ്ട്, മുമൂന്ന്, നന്നാല്, അയ്യഞ്ച്, പതുപ്പത്ത്, പപ്പാതി ഇത്യാദി. അല്ലായ്കിൽ വീതം എന്നതു ചേർക്കാം. ഇരുപതുവീതം പണം; ഇരുപതിതു പണം എന്നിങ്ങ നെ. കൈ രണ്ടിന്മേലും പതിനൊന്നീതു മർമ്മം ഉണ്ട് . . . " (2014 : 73).

''ഒടുക്കം 'ഇച്ച' എന്ന ഒരു പ്രത്യയം നടപ്പാകുന്നു. നൂറിച്ചനെല്ല്, പത്തിച്ച നാഴിച്ചയരി, ഇടങ്ങാഴിച്ച, മൂഴക്കിച്ച, അസാരിച്ച എന്നു തുടങ്ങിയുള്ളവ. ഉ-ം. എത്ര കളഞ്ഞു അത്രച്ചവരി. ഇവ ഓരോന്നു ഉഴക്കിച്ച കൊൾക'' (2014 : 73).

ഗുണ്ടർട്ടിന്റെയും സമകാലികരായ പൂർവ്വവൈയാകരണൻമാരുടെയും ചിന്തകളിൽ വിഭാജകപ്രത്യയങ്ങളെ സംബന്ധിച്ച ആലോചനകൾ കാണാമെന്നാണ് മേൽവിവരണങ്ങളിൽനിന്നു മനസ്സിലാവുന്നത്. ഇത്തരം പ്രത്യയങ്ങളുടെ നിഷ്പത്തിക്രമത്തെ നിർണ്ണയിക്കുന്നതിൽ ഗുണ്ടർട്ടിനെപ്പോലെതന്നെ സമകാലികകർക്കും യഥോചിതം സാധിക്കുന്നില്ല.

വ്യാകരണമിത്രകാരനായ ശേഷഗിരിപ്രഭുവിന്റെ വീക്ഷണങ്ങളും സി. എൽ. ആന്റണി പരിശോധിക്കുന്നു. ആ ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

വ്യാകരണമിത്രത്തിലെ 'സംഖ്യകളും സംഖ്യാതദ്ധിതങ്ങളും' എന്ന ഭാഗത്ത് 213-ാം ഖണ്ഡികയിൽ പറയുന്ന കാര്യങ്ങൾ:-

''വീതപ്രകാരം എന്ന അർത്ഥത്തിൽ 'ഈതു' എന്ന പ്രത്യയം സംഖ്യകളോടു ചേർക്കും. രണ്ടീത്, മൂവീത്, പത്തീത്, നൂറീത്. ഇവ നാമവിശേഷണമായും ക്രിയാവിശേഷണമായും നടക്കും. വീതം എന്ന നാമവും ഈ അർത്ഥത്തിൽ പ്രയോഗിക്കും. നൂറുവിതം, പത്തുവീതം ഇവ ക്രിയാവിശേഷണങ്ങൾ ആകുന്നു. വകാരലോപത്താൽ വീത് എന്നത് ഈത് എന്നായി.'' (ശേഷഗിരിപ്രഭു, 1989 : 173 -174).

214-ാം ഖണ്ഡിക:-

1. കീഴ്ക്കണക്കിൻവീതം കാണിപ്പാൻ ച്ച (=ശ്ശ) എന്ന പ്രത്യയം സംഖ്യകളോടു ചേർക്കും.

   ഒന്നരശ്ശ, മുക്കാലശ്ശ, അരേശ്ശ. സംസ്കൃതത്തിലെ ശതശ :, സഹസ്രശ : മുതലായവയിലെ ശസ്പ്രത്യയത്തിന്നും ഈ അർത്ഥം തന്നെ.

(2) സംഖ്യകളല്ലാത്ത നാമങ്ങളിലും ശ്ശ(ച്ച) വരും. കുറേശ്ശെ, അസാരിച്ച, നാഴിച്ച , ഇടങ്ങാഴിച്ച, മൂവുഴക്കിച്ച. അക്ഷരശഃ, തിലശഃ, പച്ഛഃ (= പാദശ്ശഃ) മുതലായ സംസ്കൃതശബ്ദങ്ങളെ നോക്കുക (1989 : 174).

മേൽപറഞ്ഞ വൈയാകരണന്മാരുടെ ആശയങ്ങളെ ക്രോഡീകരിക്കാം:-

1. വീതം എന്നതിന്റെ ചുരുക്കരൂപമായാണ് ഈത് |ഈതു| ഠരംതു| ഈത എന്നിവയെ അധികം പേരും കാണുന്നത്.

2. അംശം = പങ്ക്

അംശം → അംശേ → 'അശ്ശേ'

സപ്തമി തത്ഭവം

ഇപ്രകാരമാണ് മാത്തന്റെ നിഷ്പത്തിക്രമം.

3. ചകാരം ശകാരമാവുന്ന വിനിമയത്തെ ഉച്ചാരണസവിശേഷതയായാണ് ഗുണ്ടർട്ട് കാണുന്നത്. തന്നെയുമല്ല 'ശ്ശെ' പ്രത്യയത്തിന്റെ രൂപാന്തരമായി അദ്ദേഹം 'ഇച്ച്' എന്നതിനെ വിധിക്കുന്നു.

4. ശേഷഗിരിപ്രഭു 'വീത്' എന്നതിനു വകാരലോപം നടന്ന് 'ഈത്' ആകുമെന്നും ച്ച - ശ്ശ രൂപാന്തരപ്രക്രിയയെ സംസ്കൃതത്തിലെ ശസ്പ്രത്യയത്തിന്റെ സ്വഭാവത്തോട് താരതമ്യപ്പെടുത്താമെന്ന് പറയുകയും ചെയ്യുന്നു.

എൽ.വി.രാമസ്വാമിഅയ്യരുടെ *Malayalam Phonology* എന്ന പ്രബന്ധത്തിൽ 'ശ്ശെ' പ്രത്യയത്തിന്റെ ആഗമത്തെക്കുറിച്ചുള്ള ലഘുപഠനത്തെയും സി.എൽ. ആന്റണി പരിശോധിക്കുന്നു.

'ഇരുന്നാഴിച്ചെയ്തുറപ്പും' എന്നതിലെ 'ചെയ്തു' (പെരുന്ന ശാസനം ക്രി. വ. 11-ാം നുറ്റാണ്ട് - ഉത്തരാർദ്ധം) മുന്നാഴിച്ചെ അരിയിക്ക് ഏഴുനാഴി ഉരിച്ചെ നെല്ലാക' എന്നതിലെ 'ച്ചെ' (കിള്ളിയൂർ ശാസനം ക്രി. വ. 12-ാം നൂറ്റാണ്ട് - ഉത്തരാർദ്ധം - വീരഉദയമാർത്താണ്ഡവർമ്മ) ശാസനഭാഗങ്ങളെ താരതമ്യം ചെയ്ത് എൽ.വി.ആർ എത്തിച്ചേർന്ന നിഗമനങ്ങൾ.

- 'ചെയ്തു', 'ച്ചെ' എന്നിവ പൂർവാപരരൂപങ്ങളാണ്.
- ചെയ്തു → ചെയ്
  
  അന്ത്യലോപം
- 'ചെയ്' രൂപമാണ് 'മുന്നാഴിച്ചെ' തുടങ്ങിയവയിൽ കാണുന്നത്.
- മുന്നാഴിച്ചെയ്തു

  ↓

  മുന്നാഴിച്ചെയ്

  ↓

  മുന്നാഴിച്ചെ

  } എൽ. വി. ആറിന്റെ നിഷ്പത്തിക്രമം

എൽ.വി.രാമസ്വാമിഅയ്യരുടെ വിഭാജകപ്രത്യയങ്ങളുടെ വിശദീകരണങ്ങളിൽ വന്നു ചേർന്ന പരിമിതികൾ സി. എൽ. ആന്റണി സൂചിപ്പിക്കുന്നു:-

(i) 'ചെയ്തു' എന്നതിന്റെ അർത്ഥത്തെപ്പറ്റി ചിന്തിക്കുന്നില്ല.

(ii) വിഭാജകാർത്ഥമില്ലാത്ത 'ചെയ്തു' എന്നതിൽനിന്നും ആ അർത്ഥം വരുന്ന 'ച്ചെ' പ്രത്യയം നിഷ്പന്നമാകുന്നതെങ്ങനെയെന്നു വിശദമാക്കാൻ സാധിക്കുന്നില്ല.

ഇളംകുളം കുഞ്ഞൻപിള്ളയുടെ *ചിലകേരളചരിത്രപ്രശ്നങ്ങൾ* എന്ന കൃതിയിൽ പറഞ്ഞിട്ടുള്ള വിവരണങ്ങളും കേരളപാണിനീയഭാഷ്യകാരൻ പരിശോധിക്കുന്നു.

ഇരുനാഴിച്ചെ, മുന്നാഴിച്ചെ, നാനാഴിച്ചെ എന്നിവയുടെ ആദിരൂപങ്ങളായി ഇരുനാഴിച്ചേയ്തു, മുന്നാഴിച്ചൈത്, ഇരുനാഴിചേയ്തരി (= ഇരുനാഴി വീതം അരി), നാനാഴിച്ചേൽ (ൽ/ത് എന്നിവ കൂട്ടിച്ചേർത്ത രൂപങ്ങൾ) എന്നിവയെ കാണുന്നു. പ്രയോഗങ്ങളെ ആധാരമാക്കി അവയ്ക്ക് 'വീതം' എന്ന അർത്ഥമുണ്ടെന്നു ഇളംകുളം സമർത്ഥിക്കുന്നു. എന്നാൽ ഇളംകുളത്തിന്റെ വിവരണങ്ങളിലെ പരിമിതികളെ സി.എൽ.ആന്റണി ചൂണ്ടിക്കാട്ടുന്നു. തമിഴ് - മലയാളങ്ങളിൽ 'ചെയ്' ധാതുവിന് 'വീതം' എന്ന വിഭാജകാർത്ഥം ഇല്ലാത്തതിനാൽ ആ ധാതുവിൽനിന്നു നിഷ്പന്നമായ 'ചെയ്തു' എന്ന രൂപത്തിന് 'വീതം' എന്ന അർത്ഥം ഉണ്ടായതെങ്ങനെയെന്ന് വിശദീകരിക്കാൻ ഇളംകുളത്തിനു കഴിയുന്നില്ലെന്നാണ് ഭാഷ്യകാരന്റെ വിമർശനം.

ചെതു, ച്ചെ, ചെയ്തു എന്നിവ വീതം എന്ന അർത്ഥത്തിൽ സമാനകാലത്തു തന്നെ പ്രചരിച്ചിരുന്നുവെന്നാണ് സി. എൽ. ആന്റണി അനുമാനിക്കുന്നത്. പ്രാചീനശാസനങ്ങളുടെ അടിസ്ഥാനത്തിലുള്ള പഠനമാണ് അദ്ദേഹം നടത്തുന്നത്.

''അറുകലം നിലത്തിനു നാല്പതിൻപറെ ചെതുനെൽ കൊടുത്തു'' – ക്രി. വ. 1168 ലെ കിളിമാനൂർ ശാസനം.

''മുന്നാഴിച്ചെ അരിയിക്ക് എഴുനാഴി ഉരിച്ചെ'' - ക്രി. വ. 1179 ലെ കിള്ളിയൂർശാസനം

(വീരഉദയമാർത്താണ്ഡവർമ്മ).

''നിയതിമടൈയാൽ ഇരുനാഴിച്ചെയ്തരി തിരുവമിർതു ചെയ്യുമാറ് - ക്രി. വ. 1184 ലെ

തിരുവമ്പാടിശാസനം.

മേൽസൂചിപ്പിച്ച ശാസനഭാഗങ്ങളിൽനിന്നും അദ്ദേഹം എത്തിച്ചേരുന്ന നിഗമനങ്ങൾ

- ചെതു, ച്ചെ, ചെയ്തു എന്നിവ ഒരേകാലത്ത് പ്രചരിച്ചിരുന്നു.
- ഇവയിൽ ഒന്നിനെ മൂലരൂപമെന്നു പരിഗണിക്കുക യുക്തമല്ല.

സി. എൽ. ആന്റണിയുടെ നിഷ്പാദനഘട്ടങ്ങൾ താഴെ പറയുന്നു:-

'വിഹിതം' എന്ന സംസ്കൃതപദത്തിന്റെ തൽഭവമായ 'വീതം' എന്നതിൽനിന്നും ഉരുവംകൊണ്ടവയാണ് മലയാളത്തിലെ വിഭാജകപ്രത്യയങ്ങളും പ്രയോഗങ്ങളുമെന്നാണ് അദ്ദേഹത്തിന്റെ പക്ഷം.

(i) മുപ്പത് (ഒരു സംഖ്യാനാമം) + വീതം → മുപ്പതുവീതം

(ii) മുപ്പതുവീതം → മുപ്പതീത് (പദമധ്യവകാരലോപവും തൽഭവങ്ങളിൽ പദാന്താനുസ്വാരം സംവൃതോകാരമാകുന്ന സമ്പ്രദായവും നടക്കുന്നു)

(iii) മുപ്പതീത് + 'എ' പ്രത്യയം (ക്രിയാവിശേഷണ പ്രത്യയം) → മുപ്പതീതെ

(iv) മുപ്പതീതെ (തകാരം) —താലവ്യാതിപ്രസരം→ മുപ്പതീചെ (ചകാരം)

(v) മുപ്പതീചെ → മുപ്പതീച്ചെ (സംഭാഷണത്തിൽ 'ച' ഇരട്ടിക്കുന്നു. തുടർന്ന് ലിഖിതഭാഷയിലും വരുന്നു) (ആന്റണി, 2005 : 10.9 – 10.11)

**5.2.4. 'ചെയ്തു' രൂപത്തിന്റെ ആഗമം**

പ്രാചീനരേഖകളിൽ കാണുന്ന 'ചെയ്തുപ്പ്, ചെയ്തരി' എന്നിവയിലെ 'ചെയ്തു' രൂപത്തിന്റെ ആഗമം നടന്നിട്ടുള്ളത് 'സാദൃശ്യമൂലകരൂപസങ്കരം' (Cross analogy) എന്ന വർണവികാരനയം അനുസരിച്ചാണെന്ന് ആന്റണി വ്യാഖ്യാനിക്കുന്നു. രണ്ട് വ്യവസ്ഥിതരൂപങ്ങളുടെ സങ്കരംകൊണ്ട് മൂന്നാമതൊരു സങ്കരരൂപം ആവിർഭവിക്കുന്നതായാണ് ഈ നയത്തിലൂടെ അദ്ദേഹം ഉന്നയിക്കാൻ ശ്രമിക്കുന്നത്. 'ഇരുപതീച്ചെ+ഇരുപതീത്' എന്നിവ കൂടിച്ചേർന്ന് 'ഇരുപതീച്ചേത്' എന്ന സങ്കരരൂപം ഉണ്ടായെന്ന നിഗമനത്തിലെത്തിയിരിക്കുന്നു. ആവിർഭവിച്ച കാലത്ത് 'വീതം' എന്ന സ്വാഭാവികാർത്ഥം അതിനു (ചേത്)ണ്ടായിരുന്നെന്നും എന്നാൽ പിന്നീട് 'ചെയ്' ധാതുവിനോട് ബന്ധപ്പെടുത്തി 'ചെയ്തു' എന്നാക്കി മാറ്റിയപ്പോൾ 'വീതം' എന്ന അർത്ഥം അന്വേഷിച്ച് ചരിത്രകാരന്മാർക്കും ഭാഷശാസ്ത്രജ്ഞന്മാർക്കും നടക്കേണ്ടിവന്നുവെന്നും ആന്റണി അഭിപ്രായപ്പെടുന്നു. മാത്രവുമല്ല വിഭാജകപ്രത്യയങ്ങളുടെ ആഗമം അദ്ദേഹം സംഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്:-

വീതം – ഈത്

ഈത് - ഈതെ

ഈതെ - ഈചെ

ചെ + തു - ചെത്

ചെത് - ചെയ്ത് (ആന്റണി, 2005 : 10.12 – 10.13)

**ക്രോഡീകരണം**

'വീതം' എന്ന പദത്തിൽനിന്നുമാണ് സി.എൽ.ആന്റണി മലയാളത്തിലെ വിഭാജകപ്രത്യയത്തിന്റെ നിഷ്പത്തിഘട്ടങ്ങൾ രൂപീകരിക്കുന്നത്. 'ചെയ്, ചെയ്തു' എന്നിവയിൽനിന്നും 'ചെ'പ്രത്യയത്തെ നിഷ്പാദിപ്പിക്കുന്ന എൽ.വി.ആർ, ഇളംകുളം എന്നിവരുടെ അഭിപ്രായങ്ങളെ നിരാകരിക്കുന്നു. ആന്റണിയുടെ നിഗമനങ്ങളെ പുനഃപരിശോധിക്കേണ്ടത് അനിവാര്യമാണ്.

ഹരണസംഖ്യകൾ (distributives) അല്ലെങ്കിൽ വിഭാജകസംഖ്യാർത്ഥത്തിലുള്ള രൂപങ്ങൾ എന്ന നിലയിൽ ഏകകാലത്ത് പ്രചരിച്ചിരുന്ന 'വീതം' (ഇരുപതുവീതം പണം; ഇരുപതിതുപണം), 'കണ്ടു' (ഇവ കഴഞ്ചി രണ്ടു കണ്ടു കൂട്ടുക), 'കൊണ്ടു' (അത് ഉരി കൊണ്ടു സേവിക്ക), 'ഇച്ച' എന്ന പ്രത്യയം (നൂറിച്ച നെല്ല്, പത്തിച്ച നാഴിയരി, ഇടങ്ങാഴിച്ച) എന്നിവയെ സംബന്ധിച്ച് ഗുണ്ടർട്ട് 'മലയാളഭാഷാവ്യാകരണ'ത്തിൽ വിവരിക്കുന്നുണ്ട് (ഗുണ്ടർട്ട്; 2014: 73).

എണ്ണം, അളവ്, ആവർത്തനമുള്ള ക്രിയകൾ എന്നിവയെ പ്രകടിപ്പിക്കാൻ അശ്ശേ (ശ്ശേ), ഠരംടു, വീതം, 'വീത'ത്തിന്റെ ചുരുക്കരൂപമായ ഠരംതു, തവണ, വട്ടം, പ്രാവശ്യം എന്നീ രൂപങ്ങളുണ്ടെന്ന് മാത്തനും പറയുന്നു. ഇതേ അഭിപ്രായം തന്നെയാണ് മിഷണറിവൈയാകരണന്മാരായ ഡ്രമ്മണ്ടിനും, പീറ്റിനുമുള്ളത്. അതായത് 'വീതം, ഠരംതു, ഈത' എന്നിവയെപോലെ ഏകകാലത്ത് പ്രചരിച്ചിരുന്നതാണ് 'ച്ചെ-ശ്ശെ' എന്നിവ ചേർന്നുവരുന്ന വിഭാജകപദങ്ങളെന്നർത്ഥം. ആദ്യവകുപ്പിൽ ഉൾപ്പെടുന്ന രൂപങ്ങൾക്ക് കാലാന്തരത്തിൽ പരിണാമം സംഭവിച്ചാണ് രണ്ടാമത്തെ വകുപ്പിൽ കാണുന്ന രൂപങ്ങൾ ഉണ്ടായതെന്ന ധാരണ പൂർവ്വികർപോലും വെച്ചുപുലർത്തുന്നില്ല. അങ്ങനെ നോക്കുമ്പോൾ ഈ രണ്ടു വകുപ്പിനെയും കൂട്ടിച്ചേർത്തുകൊണ്ട് അനുമാനങ്ങളുടെ മാത്രം പിൻബലത്തോടെ ആന്റണി നടത്തുന്ന നിഷ്പാദനരീതിക്രമം ക്ലിഷ്ടതയുള്ളതാണെന്നു പറയാം.

'വിഹിതം' എന്ന സംസ്കൃതപദത്തിന്റെ തൽഭവമായ 'വീതം എന്നത് പദമധ്യവകാരലോപവും പദാന്താനുസ്വാരം സംവൃതമാകുന്ന സമ്പ്രദായവും (തൽഭവങ്ങളിൽ നടക്കുന്നതെന്ന് ആന്റണി) കാരണം 'ഈത്' ആകുമെന്ന ആന്റണിയുടെ പ്രസ്താവനയിലും തെറ്റ് സംഭവിച്ചിട്ടുണ്ട്. തൽഭവങ്ങളെ ഉണ്ടാക്കുന്നതിന് നിയതമായ ഒരു ക്രമം കൽപ്പിക്കുക സാദ്ധ്യമല്ലെന്നാണ് ഗുണ്ടർട്ടിന്റെ പക്ഷം. ''തത്ഭവങ്ങളെ ഉണ്ടാക്കുന്നവഴി പലപ്രകാരം ഉള്ളതാകകൊണ്ടു സംക്ഷേപിച്ചു പറവാൻ പ്രയാസം'' (ഗുണ്ടർട്ട്, 2014: 434) എന്ന് പ്രസ്താവിക്കുന്നതിനൊപ്പം തത്ഭവ - തത്സമങ്ങൾക്ക് നിരവധി ഉദാഹരണങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ''ഇടവം - ഋഷഭം, കനം - ഘനം, ചങ്കു - ശംഖം, ചാത്തം - ശ്രാദ്ധം, തണ്ടു - ദണ്ഡം, തമിഴു –- ദ്രാവിഡം, തീവു - ദ്വീപം, ഉലകം - ലോകം . . . '' (2014 : 435). മേൽ സൂചി

പ്പിച്ച ഉദാഹരണങ്ങളിൽ പദാന്താനുസ്വാരം സംവൃതമാകുന്നതും അല്ലാത്തതുമായ പദങ്ങൾ കാണാം. ഒരു നിയമവ്യവസ്ഥയുടെ ക്രമരാഹിത്യം നിലനിൽക്കെ അതിനെ ഒരു വ്യാകരണതത്ത്വമായി ആന്റണി കരുതുന്നതിലും അപര്യാപ്തതയു ണ്ട്. തന്നെയുമല്ല 'വിഹിതം' എന്ന സംസ്കൃതപദത്തിന് 'വീതം' എന്ന തൽഭ വാർത്ഥം നൽകുന്നതിലെ അനൗചിത്യവും നാരായണപിഷാരോടി ഉന്നയിച്ചിട്ടുണ്ട്:

''ചെയ്ത എന്ന വാക്കിനു വീതം എന്ന അർത്ഥമില്ലെന്നും വിഹിതം എന്ന സംസ്കൃതവാക്കിന് ആ അർത്ഥമുണ്ടെന്നും അതുകൊണ്ട് 'ചെയ്തു' എന്നതു വിഹിതശബ്ദത്തിൽനിന്നു നിഷ്പാദിപ്പിച്ചാലേ അർത്ഥം യോജിക്കയുള്ളൂവെന്നും കരുതീട്ടാണ് ആന്റണിമാസ്റ്റർ അതികൃത്രിമമായ ഈ മാർഗ്ഗം തേടിപ്പോയത്. എന്നാൽ സംസ്കൃതത്തിലെ വിഹിത ശബ്ദത്തിനും മലയാളത്തിലെ വീതം എന്ന വാക്കിന്റെ അർത്ഥമില്ല. ചെയ്യപ്പെട്ടത്, വിധിക്കപ്പെട്ടത് എന്നൊക്കെയാണ് ആ ശബ്ദത്തിന് അർത്ഥം. ആ സ്ഥിതിക്കു വിഹിതശബ്ദത്തിനും അർത്ഥം തന്നു നമ്മെ സഹായിക്കാൻ കഴിയില്ല. *ശ്ശെ* എന്നതു *ചെയ്തു* എന്നതിൽനിന്നും ഉത്ഭവി ച്ചുവെന്നു സ്വീകരിക്കുന്നതായിരിക്കും ഭേദം. വിഭജിക്കുക എന്നർത്ഥമുള്ള വീതി ക്കുക എന്ന ക്രിയയിൽ നിന്നും വീതശബ്ദമുണ്ടായെന്നും പറയാം. ചെയ്തു എന്ന വാക്കിനു വിഭാഗാർത്ഥം ഒരുവിധം പറഞ്ഞുണ്ടാക്കുകയും ചെയ്യാം. നാഴിയാ യിച്ചെയ്ത് എന്നതിന്നു നാഴിയായി വിഭജിച്ച് എന്നർത്ഥം കൽപിക്കാമല്ലോ'' (നാരാ യണപിഷാരോടി; 2017: 1056).

'ചെതു, ച്ചെ, ചെയ്തു' എന്നിവ ഒരേസമയത്ത് പ്രചരിച്ചിരുന്നെന്നും അവയി ലേതാണ് മൂലരൂപമെന്ന് നിശ്ചയിക്കുക ബുദ്ധിമുട്ടാണെന്നും ആന്റണി അഭിപ്രായ പ്പെടുന്നുണ്ട്. ആ വസ്തുതയെ അദ്ദേഹം ശാസനങ്ങളുടെ സഹായത്താലാണ് അവതരിപ്പിച്ചിട്ടുള്ളത്. അതിന്റെ യുക്തികളെ അന്വേഷിച്ചറിയേണ്ടതുണ്ട്. ക്രി. വ. 1168 ലെ കിളിമാനൂർ ശാസനം, 1179 ലെ കിള്ളിയൂർശാസനം, 1184 ലെ തിരുവമ്പാടി ശാസനം എന്നിങ്ങനെ ആന്റണി ഉപാദാനമാക്കുന്നതും അല്ലാത്തതുമായ ശാസന ങ്ങളിലെ പ്രസക്തഭാഗങ്ങളെ താരതമ്യം ചെയ്ത് നോക്കാം:

| ശാസനം | വർഷം | പരാമർശം | രാജഭരണസൂചന |
|---|---|---|---|
| അയിരാണിക്കളം ശാസനം | ക്രി. 896 | മുന്നാഴിയാല് നാഴിച്ചെ യ്തരിചിക്കു | കോതരവിയുടെ കാലം |
| നെടുമ്പുറം - തളി ക്ഷേത്രരേഖ | ക്രി. 900 | പന്നിരണ്ടു പങ്കുനെയ്, നാലുപങ്കു | ,, |
| അവിട്ടത്തൂർ ക്ഷേത്രരേഖ | ക്രി. 903 | ഇരുനാഴിച്ചെയ്തരിചിക്കു | ,, |
| ചെമ്പ്രക്ഷേത്രരേഖ | ക്രി. 956 | ഇരുനാഴിചെയുമ്മിളകു | ഇന്ദുക്കോതവർമ്മ യുടെകാലം |
| തൃക്കാക്കരക്ഷേത്ര രേഖ-6 | (962-1021) ഇടയ്ക്ക | നൂറ്റുനാഴിച്ചെയ്തരി | ഭാസ്കരരവിയുടെ കാലം |
| തൃക്കാക്കരക്ഷേത്ര രേഖ-9 | ,, | നൂറ്റുനാഴിച്ചെയ്തരിയും മുന്നാഴിയാൽ ഇരുനാഴിച്ചെ | ,, |

| | | | |
|---|---|---|---|
| | | യ്തുനെയ്യുങ്കൊണ്ടു | |
| തിരുക്കടിത്താനം ക്ഷേത്രരേഖ-7 | ക്രി. 1036 - 1089 ഇടയ്ക്ക | മുന്നാഴി നാഴിയാൽ ഇരു നാഴി ചെയ്തു | ഇരവിരാമന്റെ കാലം |
| കൊല്ലൂർ മഠം ചെപ്പേടുകൾ | ക്രി. 1188 | ഇരുനാഴിച്ച നെയ്യമിർതു, ഇരുനാഴിരുറൈപരി ചെയ്തരിയുകൊണ്ടു | ശ്രീവല്ലഭൻകോത |
| മാമ്പള്ളിച്ചെപ്പേട്-1 | ക്രി. 973 | നാനാഴിച്ചെയ്തരി തിരുവമു തിനുക്കും, ഇരുനൂറു പറൈ ച്ചെയ്തുനെൽ | ” |
| കിളിമാനൂർ ചെപ്പേ ടുകൾ | ക്രി. 1168 | നാല്പതിൻപറെചെതു നെൽ, അയ്മ്പതുപറൈച്ചെ തുമ് | ഉദയമാർത്താണ്ഡ വർമ്മ |
| കിള്ളിയൂർക്ഷേത്ര രേഖ | AD1178 | മുന്നാഴിച്ചെ അരി, അഞ്ഞാ ഴിച്ചൈനെല്ലാക | ” |
| തിരുവാമ്പാടി ശാസനം | ക്രി. 1196 | ഇരുനാഴിച്ചെയ്തരി | ” |
| മിത്രാനന്ദപുരം ശാസനം | ക്രി. 1196 | നാനാഴി ചെയ്തരി | മണികണ്ഠരാമ വർമ്മ |
| തിരുവല്ലം ക്ഷേത്ര രേഖ-1 | ക്രി. 1224 | ക്കൊള്ളുന്നെൽ 217 ഞ് ചെയ്തു | രവികേരളവർമ |
| മണലിക്കരശാ സനം | ക്രി. 1236 | ചാരൽകടമൈക്കുരിയു കലച്ച, ചാരൽകു കലച്ചൈ | ” |
| തിരുവിടൈക്കോടു ക്ഷേത്രരേഖ | 1372 | 9 നാഴിചെയ്ത അരിയും | ഇരവിഇരവിവർമ്മ |
| തിരുവല്ലാചെപ്പേട് | 12-ാം ശത കമെന്ന് പറയാം | നൂറ്റുനാഴിച്ചൈയ്തുനെൽ | |
| തിരുവല്ലാചെപ്പേട് -2 | ” | ഇരുപത്തു നാനാഴിച്ച അരി | |
| കോട്ടാത്തലവി ഷ്ണുക്ഷേത്രരേഖ | ക്രി. 1234 | പന്തിരണ്ടുചെയ്തു, വാഴൈ ക്കായി ആറു ചെയ്തു, ഉപ്പു ഇരുനാഴിച്ച, വെറ്റില 36 ചെയ്തു അടക്കാ 5 ചെതു വെറ്റിലൈ | |

(പുതുശ്ശേരി രാമചന്ദ്രൻ; 2011 : 22-349)

ക്രി. വ. 896-1372 വരെയുള്ള ശാസനങ്ങളിലെ ഏതാനും ഭാഗങ്ങളെ മുൻനിർത്തി ‘ചെയ്തു, ചെയ്, ചെ’ രൂപങ്ങളുടെ വ്യവഹാരങ്ങൾ പരിശോധിക്കുക യാണ് മുകളിൽ ചെയ്തത്. ഏകദേശം 9-ാം ശതകംമുതൽ 12-ാം ശതകംവരെ യുള്ള പ്രാചീനരേഖകളിൽ ‘ചെയ്തരി’, ‘ചൈയു’, ‘ചെയ്തു,’ ‘ച്ചെതു’, ‘ച്ചൈയ്തു’ എന്നീ രൂപങ്ങൾക്ക് പ്രാചീനത ഉണ്ടെന്നു കണ്ടെത്താൻ സാധിക്കും. ‘ച്ചെ, ച്ച’ എന്നീ പ്രത്യയങ്ങളായി അവ ചുരുങ്ങുന്നത് കാലമേറെ കഴിഞ്ഞാണെന്നു പറയാം. അവസാനം പറഞ്ഞ രണ്ടു രൂപങ്ങൾ ആദ്യം പറഞ്ഞവയുടെ കൂടെ പ്രയോഗിച്ചു കാണുന്നുമില്ല. ആയതിനാൽ ‘ചെതു, ച്ചെ, ചെയ്തു’ എന്നിവ ഏകകാലഘട്ട

ത്തിൽ പ്രചരിച്ചിരുന്നുവെന്ന സി.എൽ.ആന്റണിയുടെ നിഗമനം അസാധുവാണെന്നു ഉറപ്പിക്കാം.

*മലയാഴ്മയുടെ വ്യാകരണ*ത്തിന്റെ അടിക്കുറിപ്പുകളിലൊന്നിൽ പ്രബോധചന്ദ്രൻ വിഭാജകപ്രത്യയത്തിന്റെ ആഗമഘട്ടങ്ങളെ പ്രതിപാദിക്കുന്നുണ്ട്, ''ഇരുനാഴി ച്ചെയ്തരി (=ഇരുനാഴി വീതം അരി) ഇത്യാദി പ്രാചീനപ്രയോഗങ്ങൾ ശ്രദ്ധേയം. നാഴിച്ചെയ്തു > നാഴിച്ച > നാഴിശ്ശ/നാഴിശ്ശെ (=നാഴിവീതം) എന്ന നിഷ്പാദനമാണ് അംഗീകാര്യം'' [പ്രബോധചന്ദ്രൻ; 2000: 149] വീതം, ചെയ്തു എന്നിവയെ ഒരുമിച്ച് കൂട്ടിക്കെട്ടാൻ പ്രബോധചന്ദ്രനും ശ്രമിക്കുന്നില്ല.

'വീതം' എന്ന പദത്തെ 'വിഹിത'മെന്ന സംസ്കൃതപദത്തിന്റെ തൽഭവമായി തെറ്റിദ്ധരിക്കുകയും അതിൽ അനുസ്വാരം സംവൃതമാകുന്നുവെന്ന യുക്തിഭദ്രമല്ലാത്ത നിയമവൽക്കരണം നടത്തുകയുമാണ് ആന്റണി ചെയ്യുന്നത്. തന്നെയുമല്ല 'ചെയ്തു' എന്നതിൽനിന്നും ഒട്ടും ആയാസമില്ലാതെ നിർമ്മിക്കാൻ കഴിയുന്ന 'ശ്ശ, ച്ചെ' തുടങ്ങിയ വിഭാജകപ്രത്യയങ്ങളുടെ ഘട്ടങ്ങളെ അദ്ദേഹം തന്റെ വിശദീകരണങ്ങളിൽ ദുർഗ്രഹമാക്കിത്തീർത്തിരിക്കുന്നു. 'ചെയ്'ധാതുവിന് 'വീതം' എന്ന അർത്ഥമാണ് പ്രാചീനരേഖകളിൽ കൊടുത്തിരിക്കുന്നത് എന്ന വസ്തുതയും കേരളപാണിനീയഭാഷ്യകാരൻ മുഖവിലയ്ക്കെടുക്കുന്നില്ല. 'വീതം, ഒരംതു, ഇച്ച, ചെയ്തു എന്നിവയൊക്കെ ഒരേപോലെ വിഭാജകാർത്ഥത്തിലുള്ള പ്രത്യയങ്ങളാണ്. അതിൽ 'ചെയ്ത, ചെയ്തു' എന്നിവയൊക്കെയാണ് 'ച്ചെ-ശ്ശെ' പ്രത്യയങ്ങളുടെ നിദാനമായി വർത്തിക്കുന്നത്. ആധുനികഭാഷാചിന്തകരായ എൽ.വി.ആറും ഇളംകുളവും നാരായണപിഷാരോടിയും മറ്റും നൽകുന്ന വിവരണങ്ങളും ഈ വസ്തുതയെ ശരിവെയ്ക്കുന്നവയാണ്. നിഷ്പത്തിക്രമം വിവരിക്കുന്നില്ലെങ്കിലും മിഷണറിവൈയാകരണന്മാരും മേൽപറഞ്ഞ ആശയങ്ങൾ ഉൾക്കൊള്ളുന്നുണ്ടെന്നു കാണാം.

**അടിക്കുറിപ്പുകൾ**

1. 'കേരളപാണിനീയത്തിലെ വിഭക്തിസംജ്ഞകൾ' എന്ന തലക്കെട്ടോടെ 'ഗ്രന്ഥാലോക'ത്തിൽ വന്ന ലേഖനമാണ് ഇത്. ഗ്രന്ഥാലോകം 1970 ജനുവരി, വാല്യം 22, ലക്കം 1.

2. *കേരളപാണിനീയത്തിലെ* 'നാമാധികാര'ത്തിലെ 'വിഭക്തിപ്രകരണം' എന്ന ഖണ്ഡത്തിലാണ് ഈ കാരണങ്ങൾ ഏ. ആർ വിശദീകരിക്കുന്നത്.

3. പ്രബന്ധത്തിലെ ഭാഗം 4.1.2.3.3. നോക്കുക

4. "I have chosen the term 'Mediative' for this case, in preference to 'Instrumental', because an instrument is more correctly indicated by കൊണ്ട ; whereas this case generally denotes the means, and is better represented by the English 'through', than 'by'.'' objective case ന്റെ വിവരണത്തിൽ കോളിൻസിന്റെ വിശദീകരണമാണിത് (*കോളിൻസിന്റെ മലയാളം വ്യാകരണം*, 2018 : 103-104).

5. '*ആദിഭാഷ*യിലെ ഏഴാം ഭാഗമായിട്ടാണ് 'വിഭക്തിനിരൂപണം' വരുന്നത്.

6. *കേരളപാണിനീയം* - നാമാധികാരത്തിലെ നാലാം ഖണ്ഡമായ 'വിഭക്ത്യാഭാസപ്രകരണം'.

7. *മലയാള വ്യാകരണസിദ്ധാന്തങ്ങൾ* - ഡോ. എൻ. കെ. മേരി, (2015: 2.2.4)

8. *മലയാളവ്യാകരണ സമീക്ഷ* 5.3 എന്ന ഭാഗം

9. അതേ പുസ്തകം 5.3 എന്ന ഭാഗം

10. അതേ പുസ്തകം 5.4 എന്ന ഭാഗം

11. അതേ പുസ്തകം 5.6 എന്ന ഭാഗം

12. കാരിക 87 : ഉദ്ദേശികാർത്ഥം ദിഗ്ദേശ

    കാലസംഖ്യാവ്യവസ്ഥകൾ

    കാലദേശപരിച്ഛേദം

    താദർത്ഥ്യാദികളും തഥാ.''

13. കാരിക 80 : ''അസമാനാധികരണ

    വിധിക്കുദ്ദേശ്യമായതും''

''നാം ഏതിനെപ്പററി സംസാരിക്കുന്നുവോ അത് ഉദ്ദേശ്യം; അതിന് എന്തുണ്ടാകുന്നു എന്നു പറയുന്നുവോ അതു വിധേയം . ….. 'കാക്ക കറുത്തതാകുന്നു' എന്നു പറയുമ്പോൾ നാം കാക്കയെപ്പറ്റിയാണു സംസാരിക്കുന്നത്. അതിനാൽ

കാക്ക ഉദ്ദേശ്യം; അതിന്മണ്ണംതന്നെ കാക്കയെപ്പറ്റി പറയുന്ന 'കറുത്തതാകുന്നു' എന്നതു വിധേയം. ഈ വാകൃത്തിൽ ഉദ്ദേശ്യമായ കാക്കയും വിധേയമായ കറുത്തതും ഒരേ വിഭക്തിയിലാകയാൽ (നിർദ്ദേശിക) ഇത് സമാനാധികരണമായ ഒരു വിധിയാകുന്നു. ഇങ്ങനെയല്ലാതെ 'കാക്കയ്ക്കു കറുപ്പുണ്ട്' എന്നു പറയുന്നതു വ്യധികരണവിധി.'' (*കേരളപാണിനീയം* 80-ാം കാരികയുടെ വിശദീകരണം, 2015 : 205)

14. കാരിക 86 : ''കർത്തൃവ്യാപാരമെന്യേതാൻ

    സ്വയം ക്രിയ നടക്കുകിൽ

    നിഗീർണ്ണകർത്തൃകം ധാതു

    വേൺകിട്ടുകയുമെന്നപോൽ;

    അതിന്റെ കർത്തൃസ്ഥാനത്തെ-

    യുദ്ദേശിക വഹിച്ചിടും''

''അപൂർവ്വം ചില ക്രിയകളിൽ കർത്താവിന്റെ യത്നം ഒന്നും ആവശ്യപ്പെടുന്നില്ല; ക്രിയ വലിയേ വന്നുകയറി നടന്നുകൊള്ളും; അങ്ങനെയുള്ള ക്രിയയ്ക്കു നിഗീർണ്ണകർത്തൃകം എന്നു പേർ. കർത്താവിനെയോ അല്ലെങ്കിൽ കർത്തൃവ്യാപാരത്തെയോ നിഗിരണം ചെയ്യുന്ന (ഉള്ളടക്കം ചെയ്യുന്ന) ക്രിയ എന്നർത്ഥം. വേൺ, കിട്ടുക എന്ന രണ്ടും ഉദാഹരണങ്ങൾ.'' (*കേരളപാണിനീയം* 86-ാം കാരികയുടെ വിശദീകരണം, 2015 : 211).

15. *മലയാളഭാഷാവ്യാകാരണ*ത്തിൽ 'The substitutes of oblique cases' എന്ന ഖണ്ഡത്തിൽ ഗുണ്ടർട്ട് വിവരിക്കുന്നു. (ഖണ്ഡം 491-495).

16. *മലയാളഭാഷാവ്യാകരണം* - ഖണ്ഡം 497 - 'Term of Proximity' (സാമീപ്യാർത്ഥം)

17. *മലയാളഭാഷാവ്യാകരണം* - ഖണ്ഡം 509 - 'The Locative Dative Denoting' (സ്ഥലചതുർത്ഥി)

18. ''സപ്തമിക്കു 'ഇൽ' എന്ന രൂപമുള്ളതു കൂടാതെ 'ലൊപസപ്തമി' എന്നു പേരായി നാമത്തിന്റെ വിരൂപവും ഫലന്തങ്ങളിൽ 'അത്ത' എന്ന പ്രത്യയം ചേർന്നുണ്ടാകുന്ന രൂപവും വരുന്നുണ്ടു : ദൃ-ന്തം' ചെന്നാടു - ചെന്നാട്ടിരിക്കും'' (*മലയാഴ്മയുടെ വ്യാകരണം*, ജോർജ് മാത്തൻ, ഖണ്ഡിക : 173).

19. ''സപ്തമിയുടെ രൂപത്തോടും ചതുർത്ഥിയുടെ രൂപമാകുന്ന 'ക്കു' എന്നതു 'എ' എന്നയിടസംബന്ധത്തോടു കൂടെ ചില അർത്ഥങ്ങൾ സാധിക്കുന്നതിന്നു ചേരും. അതിന്നു 'സാപ്തമ്യചതുർത്ഥി' എന്നു നാമം ആയിരിക്കുന്നു : ദൃ-ന്തം, കോഴിക്കോട്ടേക്കു, അടുക്കലേക്കു.'' (*മലയാഴ്മയുടെ വ്യാകരണം,* ജോർജ് മാത്തൻ, ഖണ്ഡിക : 173)

20. *മലയാളവ്യാകരണസമീക്ഷ* - കെ. എം. പ്രഭാകരവാര്യർ, പുറം 81-82.

21. അതേ പുസ്തകം, പുറം 82.

22. അതേ പുസ്തകം, പുറം 82-83.

23. അതേ പുസ്തകം, പുറം 83

24. അതേ പുസ്തകം, പുറം 83-84

25. അതേ പുസ്തകം, പുറം 84-85

26. സുധാബായ്, ബി. 'കേരളപാണിനീയത്തിലെ വിഭക്തിചർച്ച്' മലയാളവിമർശം 12, 1991 ജൂലൈ - 1992 ജൂൺ, പുറം 41-48.

27. "പാണിനിയുടെ കാരകങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ഫിൽമോർ തന്റെ വിഭക്തിവ്യാകരണത്തിനു രൂപം നൽകിയത്. ഒരു വാകൃത്തിലെ ക്രിയയും മറ്റു നാമപദങ്ങളും തമ്മിലുള്ള ഘടനാപരവും അർത്ഥപരവുമായ ബന്ധങ്ങളെയാണ് 'കാരകങ്ങൾ' എന്നു ഫിൽമോർ (The case for case) പറയുന്നത്" - *മലയാളവ്യാകരണസിദ്ധാന്തങ്ങൾ*, എൻ. കെ. മേരി, 2015: 349.

28. വാസുദേവഭട്ടതിരി, സി. വി. 'ആധാരികാപ്രത്യയങ്ങൾ' - വിജ്ഞാനകൈരളി, 1973 മെയ്, പുസ്തകം 4, ലക്കം 12.

29. സുകുമാരപിള്ള, കെ, 'ആധാരികയ്ക്കുമേലുള്ള - ഏ പ്രത്യയം', മലയാളവിമർശം-12, 1991 ജൂലൈ - 1992 ജൂൺ, പുറം 49-53.

30. വാസുദേവഭട്ടതിരി, സി. വി., 'വിഭക്തി-സംസ്കൃതമലയാളങ്ങളിൽ' വിജ്ഞാനകൈരളി, 1973 സെപ്തംബർ, പുസ്തകം 5, ലക്കം 34.

31. വിനീത്, വി. എസ്, 'വിഭക്തിയുടെ കാണാപ്പുറങ്ങൾ', സംസ്കാരകേരളം, 2004 ജനുവരി - മാർച്ച്, പുസ്തകം 18, ലക്കം 1.

32. *The Evolution of Malayalam Morphology* (1993) എന്ന കൃതിയിൽ മാർഗ്ഗാർത്ഥങ്ങളെ പ്രകടമാക്കുന്ന പ്രത്യയങ്ങളുടെ ആഗമങ്ങളെപ്പറ്റി പ്രസ്താവിക്കുന്നുണ്ട്. പല ദ്രാവിഡഭാഷകളിലും 'ക്ക്' എന്ന ഉദ്ദേശികാപ്രത്യയത്തോട് മാർഗ്ഗാർത്ഥം ചേർന്നു കാണുന്നുവെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു.

33. പ്രഭാകരവാര്യർ, കെ. എം., 1990, 'മലയാളത്തിലെ മാർഗ്ഗവിഭക്തി'. പ്രഭാകരവാര്യർ, കെ. എം. & രവീന്ദ്രൻ, പി. എൻ. (സമ്പാ:), മലയാളഭാഷാപഠങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

# ഉപസംഹാരം

കേരളപാണിനീയവിമർശനചരിത്രത്തിൽ നിർണ്ണായകമായ സ്ഥാനം അലങ്കരിക്കുന്ന കൃതിയാണ് സി. എൽ. ആന്റണിയുടെ *കേരളപാണിനീയഭാഷ്യം.* ഭാഷാപഠനങ്ങൾ എന്ന പ്രബന്ധം വ്യക്തമാക്കുന്നതുപോലെ, മലയാളവ്യാകരണകൃതികളെ അവയുടെ സൈദ്ധാന്തികമായ വശങ്ങളിലൂന്നി മനസ്സിലാക്കാനുള്ള ശ്രമങ്ങൾ അദ്ദേഹം *കേരളപാണിനീയഭാഷ്യ*ത്തിന്റെ രചനയ്ക്കു മുമ്പുതന്നെ നടത്തിയിട്ടുണ്ട്. തമിഴിന്റെയും സംസ്കൃതത്തിന്റെയും വ്യാകരണപാരമ്പര്യങ്ങളെ സംബന്ധിച്ച സാമാന്യമായ പരിജ്ഞാനവും ആധുനികഭാഷാശാസ്ത്രത്തിലുള്ള അറിവും അദ്ദേഹത്തിനുണ്ടായിരുന്നു. ആധുനികഭാഷാശാസ്ത്രസങ്കേതങ്ങളാൽ കേരളപാണിനീയാനന്തരവിചിന്തനങ്ങൾ തുടങ്ങിവെയ്ക്കുന്ന ആശയപരിസരമാണ് പ്രസ്തുത ഗ്രന്ഥത്തിലുള്ളത്. കൂടുതൽ തെളിവുകൾ പരിഗണിച്ചുകൊണ്ടും കാൾഡ്വൽ, ഗുണ്ടർട്ട് തുടങ്ങിയ പൂർവ്വവ്യാകരണകാരന്മാരുടെ നിരീക്ഷണങ്ങളുമായി ബന്ധപ്പെടുത്തി വിമർശനാത്മകമായി ഇടപെട്ടുകൊണ്ടും *കേരളപാണിനീയത്തിൽ* വന്നുപെട്ടിട്ടുള്ള നിരീക്ഷണപ്പിശകുകളെ ചൂണ്ടിക്കാട്ടാനും തിരുത്താനുമാണ് *കേരളപാണിനീയഭാഷ്യ*ത്തിലെ പ്രബന്ധങ്ങളിലൂടെ ശ്രമിച്ചിട്ടുള്ളത്. നവീനഭാഷാപരികല്പനകൾ അവതരിപ്പിക്കുമ്പോഴും പില്ക്കാലപഠിതാക്കളുടെ നിരൂപണങ്ങൾ ആധാരമാക്കുന്ന നിരവധി പാഠാംശങ്ങൾ *കേരളപാണിനീയഭാഷ്യ*ത്തിലുണ്ട്. ഈ നിലയിൽ *കേരളപാണിനീയ*ത്തിലെ ഭാഷാവിചാരങ്ങളെ തുടർചർച്ചകളിലേക്ക് നയിക്കുന്നതിൽ സുപ്രധാനമായൊരു പങ്ക് *കേരളപാണിനീയഭാഷ്യ*ത്തിനുണ്ടെന്നു കാണാം. ഇതൊക്കെ കണക്കിലെടുത്തുകൊണ്ട് ഈ കൃതിയിലെ വിവിധ പ്രബന്ധങ്ങളിൽ ഉന്നയിക്കപ്പെട്ട ആശയങ്ങളെ പൂർവ്വവൈയാകരണസംരംഭങ്ങളോടും പില്ക്കാലപഠനങ്ങളോടും ബന്ധപ്പെടുത്തി പരിശോധിക്കാനാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിച്ചിട്ടുള്ളത്. അതുവഴി ഉരുത്തിരിഞ്ഞുവന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ താഴെ സംഗ്രഹിക്കുന്നു.

- *കേരളപാണിനീയ*ത്തെ ആധാരമാക്കി വ്യാകരണചിന്തകൾ വികസിപ്പിക്കുന്ന പതിനൊന്നു പ്രബന്ധങ്ങളുടെ സമാഹാരമാണ് *കേരളപാണിനീയഭാഷ്യം.* വിമൃഷ്ടകൃതിയിലെ ആശയങ്ങളെ വിശദമാക്കി ഉറപ്പിക്കുന്നതിലുപരി കുറവുകളും പിഴവുകളും ചൂണ്ടിക്കാണിച്ചു വിമർശിക്കുന്ന സമീപനം കൈക്കൊള്ളുന്നതിനാൽ പരമ്പരാഗതാർത്ഥത്തിൽ ഭാഷ്യം എന്ന് വിളിക്കുന്നതിനേക്കാൾ വാർത്തികം എന്നു വിശേഷിപ്പിക്കാവുന്ന ഒരു നിലയാണ് ഈ കൃതിയ്ക്കു മൊത്തത്തിലുള്ളത്. ഇതിലെ പ്രബന്ധങ്ങളിൽ വിഭാജകപ്രത്യയത്തെക്കുറിച്ചുള്ള പ്രബന്ധമൊഴികെ മറ്റുള്ളവയെല്ലാം *കേരളപാണിനീയ*ത്തിലെ സിദ്ധാന്തീകരണങ്ങളെ സംബന്ധിച്ച് വിസംവാദങ്ങൾ

ഉന്നയിക്കുകയും പരിഹാരങ്ങൾ തേടുകയും ചെയ്യുന്ന മട്ടിലാണ് രൂപപ്പെടുന്നത്. വിഭാജകപ്രത്യയമായ 'ശ്ശെ'/ 'ഇശ്ശെ' എന്നതിനെ സംബന്ധിച്ച വിശകലനം കേരളപാണിനിക്കു മുമ്പുള്ള ഗുണ്ടർട്ട്, ശേഷംവരുന്ന ഇളംകുളം കുഞ്ഞൻപിള്ള എന്നിവരുടെ നിരീക്ഷണങ്ങളെ സ്പർശിച്ചുവികസിക്കുന്നതാണെങ്കിലും 11, 12 ശതകങ്ങളിലെ ശാസനങ്ങളെ അവലംബിച്ച് എൽ. വി. ആർ. *മലയാളം ഫൊണോളജി* എന്ന പ്രബന്ധത്തിലവതരിപ്പിച്ച നിരീക്ഷണത്തെ ആധാരമാക്കി വികസിപ്പിച്ചതാണെന്നു മനസ്സിലാക്കാൻ പ്രയാസമില്ല. *കേരളപാണിനീയ*ത്തിൽ പ്രതിപാദിക്കപ്പെട്ടവയിൽനിന്ന് തെരഞ്ഞെടുത്ത ഏതാനും പ്രധാനപ്രമേയങ്ങളെ വിശകലനാത്മകമായി വികസിപ്പിക്കാനാണ് സി. എൽ. ആന്റണി ശ്രമിച്ചിട്ടുള്ളത്. അതെല്ലാംതന്നെ പില്ക്കാലത്തെ മലയാളവ്യാകരണസംവാദത്തിൽ പരിഗണിക്കപ്പെടുകയുണ്ടായിട്ടുണ്ടെന്ന് ഈ പഠനം വ്യക്തമാക്കുന്നു. *കേരളപാണിനീയഭാഷ്യം* എന്ന കൃതി *കേരളപാണിനീയ*ത്തെ കേന്ദ്രമാക്കിയുള്ള മലയാളവ്യാകരണചർച്ചകളുടെ പ്രധാന പ്രേരണയും പ്രചോദനവുമായി നിലകൊണ്ടു എന്നു പറയാം.

- *കേരളപാണിനീയഭാഷ്യ*ത്തിലെ പ്രബന്ധങ്ങളെ പ്രധാനമായും രണ്ടു ഭാഗങ്ങളായിട്ടാണ് കാണാൻ കഴിയുന്നത്. വർണ്ണം, പദം, പ്രത്യയം എന്നീ വ്യത്യസ്തതലങ്ങളായാണ് പ്രബന്ധത്തെ ക്രമീകരിച്ചിരിക്കുന്നതെങ്കിലും പ്രകൃതിപ്രത്യയങ്ങൾ ഉൾക്കൊള്ളുന്നതാണ് പദം എന്നതിനാൽ പ്രസ്തുത ഗ്രന്ഥത്തെ വർണ്ണതലം, പദതലം എന്നീ രണ്ടു ഖണ്ഡങ്ങളായി കാണുന്നതാണ് ഉചിതം. വാക്യതലത്തെ സി. എൽ. ആന്റണി ഗൗരവതരമായ രീതിയിൽ ചർച്ചാവിഷയമാക്കുന്നില്ല. വാക്യവിന്യാസക്രമങ്ങളെ സംബന്ധിച്ചുള്ള *കേരളപാണിനീയ*ത്തിലെ ചർച്ചകളുടെ പരിമിതികളിലേക്ക് *കേരളപാണിനീയഭാഷ്യ*കാരന്റെ നോട്ടം പതിയുകയുണ്ടായില്ല. നമ്മുടെ വ്യാകരണപദ്ധതിയുടെ പൊതുവായ പ്രവണതയായിട്ടാണ് ഈ വസ്തുതയെ മനസ്സിലാക്കേണ്ടത്. ഭാഷാപ്രയോഗശേഷിയുടെ അടിസ്ഥാനമായി വർത്തിക്കുന്ന വാക്യത്തെ പ്രധാനമായെടുത്തുകൊണ്ട് പ്രൈമറി സ്കൂൾതലത്തിൽ പാഠപുസ്തകം തയ്യാറാക്കിയ ഗാർത്തുവേറ്റിനെ കേരളപാണിനീയത്തിന്റെ ഒന്നാംപതിപ്പിൽ ഏ. ആർ. വിമർശിക്കുന്നുണ്ട്. അക്ഷരമാല മൊത്തം പഠിച്ചുകഴിഞ്ഞ് വാക്കുകളും വാക്യങ്ങളും പഠിപ്പിക്കുകയെന്ന പരമ്പരാഗതശൈലിയിൽനിന്നും വ്യതിചലിച്ചുകൊണ്ടുള്ള ഒരു ആലോചനയാണ് പാശ്ചാത്യനായ ഗാർത്തുവേറ്റ് മുന്നോട്ടുവെച്ചത്. ഒരു വാക്യത്തെ അപോദ്ധാരം ചെയ്തുകൊണ്ട് അടിസ്ഥാനഭാഷണഘടകങ്ങളായ പദം, വർണ്ണം എന്നിവയെ ഇഴപിരിക്കുന്ന ശൈലിയാണ് ഭാഷാപഠനത്തിന് ഏറെ ഉപകാരപ്പെടുന്നതെന്ന വീക്ഷണമാണ് അദ്ദേഹം അവതരിപ്പിച്ചത്. എന്നാൽ *കേരളപാണിനി* ഉൾപ്പെടെയുള്ള വൈയാകരണന്മാർ പ്രത്യക്ഷമായി വാക്യതലത്തെ

മുഖ്യമായെടുക്കുന്ന രീതിയല്ല അനുവർത്തിക്കുന്നത്. വാക്യനിർമ്മാണത്തിനുതകുന്ന പ്രത്യയങ്ങളെയും സന്ധി-സമാസകാര്യങ്ങളെയും വർഗ്ഗീകരിച്ചു പ്രതിപാദിക്കുന്നതിലൂടെ പരോക്ഷമായി വാക്യത്തെ കണക്കിലെടുക്കുന്നു എന്നു പറയാമെന്നേയുള്ളു. ആ സമീപനത്തിലുണ്ടായ കൃതിയെ വിമർശിക്കുക എന്നതിൽ പഠനലക്ഷ്യം ഒതുങ്ങുന്നതുകൊണ്ടുതന്നെ സി. എൽ. ആന്റണിയും വാക്യതലത്തെ കണക്കിലെടുക്കാതെയുള്ള ഒരു സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. ചോംസ്കിപൂർവ്വഘട്ടത്തിലെ ആധുനികഭാഷാശാസ്ത്രത്തിൽനിന്നും അതിനാവശ്യമായ വെളിച്ചം ലഭിക്കുന്നതല്ല എന്ന വസ്തുതയും ഇവിടെ ഓർക്കാവുന്നതാണ്. ആ നിലയിൽ *കേരളപാണിനീയം* അതിന്റെ വിഷയപരിചരണത്തിൽ കല്പിച്ച പരിധിയിൽത്തന്നെ തളഞ്ഞുനിൽക്കാനാണ് *കേരളപാണിനീയഭാഷ്യ*ത്തിനും ഇട വന്നത്. *കേരളപാണിനീയ*ത്തിൽ ചർച്ച ചെയ്യപ്പെട്ട വ്യത്യസ്ത പ്രമേയങ്ങളെ വിമർശനവിധേയമാക്കുന്നതിനും നിരീക്ഷണങ്ങളിലെ പിഴവുകളെ കൂടുതൽ തെളിവുകളുടെ അടിസ്ഥാനത്തിൽ തിരുത്തുന്നതിനും പൂരിപ്പിക്കുന്നതിനുമാണ് സി. എൽ. ആന്റണി ശ്രമിച്ചത്. അതുവഴി ഉണ്ടായ ലേഖനങ്ങളുടെ സമാഹാരമാണ് *കേരളപാണിനീയഭാഷ്യം.* അല്ലാതെ, *കേരളപാണിനീയ*ത്തെ സൈദ്ധാന്തികമായ പുതിയൊരു വീക്ഷണത്തിൽ നിലയുറപ്പിച്ചു സമഗ്രാവബോധത്തോടെ വിമർശനവിധേയമാക്കുന്നതിന് സി. എൽ. ആന്റണി തുനിഞ്ഞിട്ടില്ല. ഗാർത്തുവേറ്റിന്റേതുപോലുള്ള ഒറ്റപ്പെട്ട ഉദ്യമങ്ങൾ സി. എൽ. ആന്റണിക്ക് മാർഗ്ഗദർശകമായിട്ടില്ല. മറിച്ച്, *കേരളപാണിനീയ*ത്തിൽ സ്വാംശീകരിക്കപ്പെട്ട സംസ്കൃതമാതൃകകളുടെയും ചരിത്രാത്മകസമീപനത്തിന്റെയും വഴികളിലൂടെതന്നെ സഞ്ചരിക്കാനും ആധുനികഭാഷാശാസ്ത്രത്തിന്റെ വെളിച്ചത്തിൽ പുനഃപരിശോധനകളിലേർപ്പെടാനും ആണ് അദ്ദേഹം ശ്രമിച്ചത്. ആ വഴിയിൽ ഗുണ്ടർട്ട്, കാൾഡ്വൽ തുടങ്ങിയവരുടെ നിരീക്ഷണങ്ങളെയും ആറ്റൂർ കൃഷ്ണപ്പിഷാരടി, എൽ. വി. ആർ. തുടങ്ങിയവരുടെ പഠനങ്ങളെയും പ്രയോജനപ്പെടുത്തി വിമർശനങ്ങളും സിദ്ധാന്തീകരണങ്ങളും നടത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

- തദ്ദേശീയവൈയാകരണനായ ജോർജ് മാത്തന്റെ നിരീക്ഷണങ്ങൾ *കേരളപാണിനീയ*രചനയ്ക്ക് സഹായകമായിട്ടില്ലെന്ന് ഏ. ആർ. സൂചിപ്പിച്ചിട്ടുണ്ട്. *കേരളപാണിനീയഭാഷ്യ*ത്തിൽ സി. എൽ. ആന്റണിയും ജോർജ്ജ് മാത്തന്റെ വ്യാകരണചിന്തകളെ കാര്യമായി പിന്തുടരുന്നില്ല. എന്നാൽ, ലകാരളകാരങ്ങൾക്ക് യഥാക്രമം വർത്സ്യം, മൂർദ്ധന്യം എന്നീ ധ്വനിമൂല്യങ്ങൾ കല്പിക്കുന്ന ആധുനികഭാഷാശാസ്ത്രത്തോട് നിരന്നുനില്ക്കുന്ന നിരീക്ഷണങ്ങളിലേക്ക് സി. എൽ. ആന്റണി എത്തിച്ചേരുന്നുണ്ട്. സമാനമായ നിരീക്ഷണങ്ങൾ നടത്തിയിട്ടുള്ള ജോർജ്ജ് മാത്തന്റെ സമീപനത്തെ

അദ്ദേഹം, മുമ്പെഴുതിയ *ഭാഷാപഠനങ്ങൾ* എന്ന കൃതിയിൽ ശ്ലാഘിച്ചുപറഞ്ഞിട്ടുമുണ്ട്. സംസ്കൃതാനുകരണദോഷത്തിനിട നൽകാതെ ധ്വനിമൂല്യനിർണ്ണയം നടത്താൻ ജോർജ്ജ് മാത്തന്റെ മാതൃക സി. എൽ. ആന്റണിക്ക് സഹായകമായിട്ടുമുണ്ടാകണം.

- കേരളപാണിനിയുടെ 'അക്ഷരമാല' *കേരളപാണിനീയഭാഷ്യ*ത്തിൽ 'വർണ്ണമാല'യായി പരിണമിക്കുന്നതിന്റെ യുക്തികൾ കൃതിയിൽനിന്നും പ്രസ്താവനാരൂപത്തിൽ കണ്ടെടുക്കാൻ സാധിക്കുന്നില്ല. ഉച്ചാരണപരമായ സവിശേഷതകളിലൂന്നിയുള്ള സമീപനവും ആധുനികഭാഷാശാസ്ത്രത്തിൽ അതിനുള്ള പരിഗണനയും ഇതിനു കാരണമായിട്ടുണ്ടാകാം. 1971-ൽ *വിജ്ഞാനകൈരളി*യിൽ വന്നപ്പോൾ ഈ പ്രബന്ധത്തിനു നല്കിയിരുന്ന 'കേരളപാണിനീയത്തിലെ ധ്വനിവിജ്ഞാനീയം' എന്ന തലക്കെട്ടും ആമുഖഖണ്ഡത്തിലെ സൂചനകളും ഇങ്ങനെ അനുമാനിക്കാൻ പ്രേരിപ്പിക്കുന്നതാണ്.
- അകാരത്തിന് ഓഷ്ഠ്യത്വം കൽപിച്ചു നൽകിയതും വർത്സ്യവർഗത്തെ ആദ്യമായി നിരീക്ഷണം ചെയ്ത് വിവരിച്ചതും ഗുണ്ടർട്ടാണെന്ന വാദവും വസ്തുതാവിരുദ്ധമാണ്. 'ഐ, ഔ' എന്നിവയുടെ രൂപീകരണത്തെ സംസർഗ്ഗപ്രവർത്തനംകൊണ്ടാണ് കേരളപാണിനി വിശദമാക്കുന്നത്. എന്നാൽ അതിനെ പിന്നീട് നന്നൂൽസൂത്രങ്ങൾക്കനുസൃതമായി ഏ. ആർ. തിരുത്തുന്നുവെന്ന ആന്റണിയുടെ നിരീക്ഷണം യുക്തമാണ്. സംസർഗ്ഗപ്രവർത്തനം തന്നെ അടിസ്ഥാനരഹിതമാണെന്നു വാദിക്കുന്ന പ്രഭാകരവാര്യരും 'ഐ, ഔ' എന്നിവ 'സ്വരവ്യഞ്ജനയോഗ'മാണെന്നു വ്യക്തമാക്കുന്ന സുകുമാരപിള്ളയുമൊക്കെ സി. എൽ. ആന്റണിയുടെ വീക്ഷണങ്ങളോട് നിരക്കാത്ത വ്യതിരിക്തധാരണകൾ മുന്നോട്ടുവെച്ചിട്ടുണ്ട്.
- ആഗമസന്ധിയുടെ വിശദീകരണങ്ങളിൽ യവാഗമം നടക്കുന്നത് പൂർവ്വോത്തരപദങ്ങളുടെ താലവ്യ-ഓഷ്ഠ്യഭേദമനുസരിച്ചാണെന്നുള്ള കേരളപാണിനിയുടെയും കേരളപാണിനീയഭാഷ്യകാരന്റെയും നിരീക്ഷണങ്ങൾ പിൽക്കാലപഠിതാക്കൾ തിരുത്തിയിട്ടുണ്ട്. യകാരവകാരങ്ങൾ ധാത്വന്തങ്ങളാണ്, പ്രകൃത്യംശമാണ് എന്നീ ആധുനികവീക്ഷണങ്ങൾ കൂടുതൽ സ്വീകാര്യമായിരിക്കുന്നു.
- 'മുതുക്കൻ, ചെറുക്കൻ' എന്നിവയിലെല്ലാം അകാരാഗമമാണ് നടക്കുന്നതെന്ന സി. എൽ. ആന്റണിയുടെ അഭിപ്രായവും അബദ്ധജടിലമാണെന്ന് പിൽക്കാലവിമർശനങ്ങൾ സ്ഥാപിച്ചിരിക്കുന്നു. യുക്തിഭദ്രമായ പദനിഷ്പത്തിയല്ല അദ്ദേഹം നടത്തിയിരിക്കുന്നതെന്നു ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ആദേശസന്ധികളെ സംബന്ധിച്ചുള്ള *കേരളപാണിനീയ*കാരിക

കളുടെ പ്രധാന പരിമിതിയായി സി. എൽ. ആന്റണി കണ്ടെത്തുന്നത് പരസവർണ്ണനവും ആദേശരഹിതസന്ധിപ്രവർത്തനങ്ങളും ഏ. ആർ. വ്യക്തമാക്കുന്നില്ല എന്നതാണ്.

- ലകാരളകാരങ്ങളുടെ കൃത്യമായ ധ്വനിനിർണ്ണയനത്തിന്റെ അഭാവത്താൽ വിനാമ-ഉന്നാമപ്രവർത്തനമെന്ന വസ്തുതാവിരുദ്ധമായ ഭാഷാപ്രവർത്തനത്തെ കേരളപാണിനിക്ക് സങ്കല്പിക്കേണ്ടിവന്നെന്നും കേരളപാണിനീയ ഭാഷ്യകാരൻ മനസ്സിലാക്കുന്നു. പരസവർണ്ണനത്തെ വിശദമാക്കുന്ന ഗുണ്ടർട്ടും, ലകാരളകാരങ്ങളുടെ കൃത്യമായ മൂല്യനിർണ്ണയനം നടത്തുന്നതിനൊപ്പം അതിനനുസൃതമായി ആദേശസന്ധിപ്രവർത്തനങ്ങളെ വിവരിക്കുന്ന മാത്തനും സി. എൽ. ആന്റണിയുടെ കേരളപാണിനീയവിമർശചിന്തയെ ഈ ഖണ്ഡത്തിൽ പ്രകടമായി സ്വാധീനിച്ചിട്ടില്ല. എൽ. വി. ആറിന്റെ നിരീക്ഷണത്തെയാണ് അദ്ദേഹം അവലംബമാക്കിയിരിക്കുന്നത്. ലകാരളകാരസംബന്ധിയായ സി. എൽ. ആന്റണിയുടെ നിരീക്ഷണങ്ങൾ പില്ക്കാലവ്യാകരണചിന്തകളിൽ പൊതുവെ സ്വീകരിക്കപ്പെട്ടിരിക്കുന്നു.

- പദത്വനിർണയനത്തിന് അർത്ഥത്തെമാത്രം ആധാരമാക്കുകയാണ് കേരളപാണിനി ചെയ്തത്. രൂപത്തെയും അർത്ഥത്തെയും ഒരേപോലെ മാനദണ്ഡമാക്കണമെന്ന നിലപാടാണ് സി. എൽ. ആന്റണിയ്ക്കുള്ളത്. എന്നാൽ വാക്യരചനയ്ക്കാവശ്യമായതും ഭാഷണോപാധികളെന്ന നിലയിലും പദാംഗങ്ങളെ നിർണ്ണയിക്കണമെന്നതാണ് ആധുനികപഠിതാക്കളുടെ പക്ഷം. ഇന്ന് ഭാഷയിൽ നിലവിലുള്ള എല്ലാ പദങ്ങളുടെയും സ്വത്വത്തെ അംഗീകരിച്ചുകൊണ്ടുള്ള ഒരു പദത്വവിഭജനമല്ല കേരളപാണിനീയഭാഷ്യകാരൻ സ്വീകരിച്ചിരിക്കുന്നത്. ശബ്ദം-പദം എന്നിവയുടെ വ്യവച്ഛേദനം നടത്തുന്നിടത്തും കേരളപാണിനിയെപോലെ സി. എൽ. ആന്റണിയ്ക്കും അപാകതകൾ സംഭവിച്ചിട്ടുണ്ട്. പദവിഭാഗങ്ങളിൽ 'അവ്യയ'ങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ലെന്ന പോരായ്മയും അദ്ദേഹത്തിന്റെ പഠനങ്ങൾക്കുണ്ട്. വാക്യത്തിലെ സ്വതന്ത്രപ്രയോഗാർഹതയാണ് ഒരു പദത്തിന്റെ മറ്റൊരു സവിശേഷതയായി സി. എൽ. ആന്റണി കരുതുന്നത്. എന്നാൽ പേരെച്ചഭിന്നമായ സ്വതന്ത്രരൂപം ഇല്ലാത്തതിനാൽ സി. എൽ. ആന്റണിയുടെ ശുദ്ധനാമവിശേഷണങ്ങൾ, 'ഒരു' എന്ന സാംഖ്യനാമവിശേഷണം, നാമരൂപത്തിൽനിന്നും സ്വതന്ത്രമല്ലാത്തതിനാൽ സർവനാമം ഇവയൊന്നും പദമെന്ന പേരിന് അർഹമല്ലെന്ന് കേരളപാണിനീയഭാഷ്യവിമർശകർ അഭിപ്രായപ്പെടുന്നുണ്ട്.

- പദങ്ങളുടെ എണ്ണത്തെ സംബന്ധിക്കുന്ന കർശനനിയമങ്ങൾ കടന്നുവരുന്നത് *കേരളപാണിനീയ*ത്തിലും അനന്തരരചനകളിലുമാണെന്നു കാണാം. വാക്യരചനയിൽ അത്യാവശ്യമായിവരുന്ന പദവിഭാഗങ്ങളെക്കുറിച്ച് സവിസ്തരം പ്രതിപാദിക്കുന്ന ഗുണ്ടർട്ടും പദങ്ങളുടെ എണ്ണത്തെ സംബന്ധിച്ച് വ്യാകരണക്കാരുടെ ഇടയിൽ തർക്കമുണ്ടെന്ന് വീക്ഷിക്കുന്ന മാത്തനും പദാംഗങ്ങളെ ഭാഷാപ്രയോഗങ്ങൾക്കനുസൃതമായാണ് നിർണയിക്കുന്നത്. മിഷണറിവ്യാകരണങ്ങളും ഭാഷണഘടകങ്ങളെന്ന രീതിയിലാണ് പദവിഭാഗകൽപന ചെയ്തിരിക്കുന്നത്. നവീന ഭാഷാപഠിതാക്കളും വാക്യരചനാസാദ്ധ്യതകളെയും ഭാഷാപ്രയോഗത്തെയും മുൻനിർത്തിയാണ് പദവിഭജനം നടത്തുന്നത്. അങ്ങനെ നോക്കുമ്പോൾ കേരളപാണിനിയിലും തുടർന്നുവരുന്ന *കേരളപാണിനീയ*ത്തിന്റെ വിമർശകരിലും മാത്രമായി കാണുന്ന യുക്തിരഹിതമായ കാർക്കശ്യമായി ഭാഷയിലെ പദങ്ങളുടെ യഥാർത്ഥ സംഖ്യയെത്ര എന്ന അന്വേഷണത്തെ കണക്കാക്കാം. സി. എൽ. ആന്റണിയിലും അത്തരം അംശങ്ങൾ ഒരു പോരായ്മയായി കടന്നുവരുന്നുണ്ട്.
- *കേരളപാണിനീയ*ത്തിലെ ക്രിയാവിഭജനങ്ങളിലെ ദുർഗ്രഹത പരിഹരിക്കുകയെന്ന ലക്ഷ്യത്തെ മുൻനിർത്തി സി. എൽ. ആന്റണി അവതരിപ്പിക്കുന്ന 'കർത്തൃജകർമകം' എന്ന ആശയത്തിനും ധാരാളം വിമർശനങ്ങൾ നേരിടേണ്ടിവന്നിട്ടുണ്ട്. ക്രിയാധാതുവിന്റെ മൂലരൂപത്തിന് പ്രേരണാർത്ഥം കൈവരുമ്പോൾ പ്രയോജകക്രിയയുടെ വിവിധ രൂപാന്തരങ്ങൾ ഉണ്ടാകുന്നതായാണ് പിൽക്കാലവൈയാകരണന്മാരിൽ മിക്കവരും പ്രസ്താവിക്കുന്നത്. കർമ്മത്തിന് ജന്മം നൽകുന്ന ഒരു വ്യാപാരം ഇല്ലെന്നിരിക്കെ 'കർത്തൃജകർമ്മകം' എന്ന സംജ്ഞതന്നെ വികലമാണെന്നു പറയാം. കർമ്മത്തിന് ജന്മം നൽകുന്ന ഒരു വ്യാപാരം ഇല്ലെന്നിരിക്കെ 'കർത്തൃജകർമ്മകം' എന്ന പേര് നിരാസ്പദമാകുന്നു. കർമണിപ്രയോഗവുമായി പ്രസ്തുത ഭാഷാപ്രവർത്തനത്തെ സാധർമ്യപ്പെടുത്തുന്നതും അംഗീകരിക്കാവുന്നതല്ല. പൂർവ്വധാരണകളിൽ വിശേഷിച്ചും മിഷണറിഗ്രന്ഥങ്ങളിൽ effective അല്ലെങ്കിൽ causal verb ഉണ്ടാക്കുന്ന രീതികളായാണ് ആന്റണിയുടെ കർത്തൃജകർമക പ്രത്യയങ്ങളെ കാണുന്നത്. സൂക്ഷ്മനിരീക്ഷണത്തിൽ ആന്റണിയുടെ കർത്തൃജകർമകം പ്രയോജകക്രിയയിൽനിന്നും ഭിന്നമല്ല.
- പദവിഭാഗനിർണ്ണയനത്തിന് സി. എൽ. ആന്റണി കല്പിക്കുന്ന 'സ്വതന്ത്രപ്രയോഗാർഹത' എന്ന മാനദണ്ഡത്തിന് പരിമിതികൾ ഏറെയുണ്ട്. ആധുനികഭാഷാശാസ്ത്രപഠനമനുസരിച്ചുള്ള സ്വതന്ത്ര-ബദ്ധപ്രകൃതികളെന്ന അടി

സ്ഥാനമല്ല അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾക്കുള്ളത്. സ്വതന്ത്രപ്രയോഗ ശേഷി ഏറിയതും തീരെ കുറഞ്ഞതുമായ ഒരു ശ്രേണീവ്യവസ്ഥയ്ക്കനുസ രിച്ച് പദവർഗ്ഗീകരണം നടത്താനൊന്നും കേരളപാണിനീയഭാഷ്യകാരൻ തയ്യാറാവുന്നില്ല. അതുകൊണ്ടുതന്നെയാണ് അവ്യയവിഭാഗങ്ങളെ പൂർണ്ണ മായി ഉൾക്കൊള്ളുന്ന തരത്തിലുള്ള പദവിഭജനം അദ്ദേഹത്തിന് സാദ്ധ്യമാ കാതെ പോയത്. സ്വതന്ത്രപ്രയോഗാർഹത മുറുകെ പിടിക്കുമ്പോഴും നാമ-ക്രിയാവിശേഷണങ്ങളുടെ ഉദാഹരണങ്ങളെ നൽകുന്നിടത്ത് പേരെച്ച-വിന യെച്ചബാഹ്യമായ രൂപങ്ങളെ നൽകാൻ കഴിയാതിരുന്നതും സി. എൽ. ആന്റണിയുടെ നോട്ടപ്പിശകാണ്.

- ഭേദകങ്ങളെ പ്രത്യേക പദവർഗ്ഗമായി പരിഗണിക്കണമെന്നും അങ്ങനെ വേണ്ടെന്നും കരുതുന്നവരുടെ രണ്ടു വ്യത്യസ്ത ചിന്താധാരകളാണ് വ്യാക രണചരിത്രത്തിനുള്ളത്. നാമവിശേഷണങ്ങളെ പദസംവർഗ്ഗമായി സി. എൽ. ആന്റണി കരുതുന്നില്ല. അർത്ഥത്തെയും രൂപത്തെക്കാളുമുപരി വാക്യാർത്ഥത്തെ പ്രകടമാക്കുന്ന പല ഘടകങ്ങളിൽ ഒന്നാണ് നാമവിശേഷ ണങ്ങൾ എന്ന രീതിയിൽ അതിന്റെ പദത്വത്തെ അംഗീകരിക്കുകയാണ് പ്രഭാകരവാര്യർ ഉൾപ്പെടെയുള്ള ആധുനികർ ചെയ്യുന്നത്.
- *കേരളപാണിനീയം* ചർച്ചചെയ്യുന്ന പദഘടനാപ്രക്രിയാനയങ്ങളിൽ പ്രധാന പ്പെട്ടവയാണ് അനുനാസികസംസർഗവും ദ്വിത്വഖരാദേശനയവും. മലയാള ഭാഷയുടെ ഉല്പത്തിയെ ആസ്പദമാക്കിയാണ് ഈ നയങ്ങൾ കാൾഡ്വലും കേരളപാണിനിയും രൂപീകരിക്കുന്നത്. തമിഴിൽനിന്ന് മലയാളം ജാതമായെ ന്നുള്ളതിനു കാരണമായി അവർ അവതരിപ്പിക്കുന്ന വ്യാകരണപ്രധാനമായ അനുനാസികസംസർഗത്തെ വേറിട്ട രീതിയിലാണ് സി. എൽ. ആന്റണി നോക്കിക്കാണുന്നത്. തമിഴ്ജന്യവാദം എന്നതിനേക്കാൾ തമിഴ്-മലയാള ങ്ങൾക്ക് ഒരേസമയം സമാന്തരമായി ഒരു കാലഘട്ടമുണ്ടെന്ന് സ്ഥാപിക്കാ നാണ് അദ്ദേഹം ഉത്സാഹിച്ചത്. ദക്ഷിണദ്രാവിഡത്തിൽനിന്ന് കന്നടം വേർപിരിഞ്ഞതിനുശേഷം തമിഴ് - മലയാളങ്ങൾക്കുണ്ടായിരുന്ന പൊതു വായ പൂർവ്വദശയാണ് കേരളപാണിനീയഭിന്നമായി ആന്റണി സ്ഥാപിക്കുന്ന ത്. 'ഒരു, കുറു, കരു, മൂരു' എന്നീ പ്രകൃതികളിൽ അനുനാസികസംസർഗ നയം പ്രവർത്തിച്ച് തമിഴ്രൂപങ്ങളും പിന്നീട് അനുനാസികാതിപ്രസരംമൂലം മലയാളത്തിലെ സമാനപദങ്ങളും വികസിച്ചുവെന്നുമുള്ള കാൾഡ്വൽ - ഏ. ആർ. വാദത്തെയാണ് കേരളപാണിനീയഭാഷ്യകാരൻ പൊളിച്ചെഴുതുന്നു. മൂലദ്രാവിഡരൂപങ്ങളിൽനിന്ന് തമിഴ്-മലയാളരൂപങ്ങൾ സമാനദശയിൽ തന്നെ സമാന്തരങ്ങളായി ആവിർഭവിച്ചുവെന്നാണ് ആന്റണിയുടെ നിഗമനം.
- തമിഴ് - മലയാളങ്ങൾക്ക് സമാനമായുണ്ടായിരുന്ന ഒരു പൂർവ്വദശയെ സംബന്ധിച്ച് കേരളപാണിനീയപക്ഷത്തുനിന്ന് വ്യതിരിക്തമായി ചിന്തി

ക്കുന്ന ഭാഷാപണ്ഡിതരുടെ കൂട്ടത്തിലാണ് സി. എൽ. ആന്റണി നിലകൊള്ളുന്നത്. വ്യാകരണപ്രധാനമായ അനുനാസികസംസർഗ്ഗത്തേക്കാൾ ഉച്ചാരണപരമായി ആ നയത്തെ അവതരിപ്പിക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഒന്ന്, കുന്ന്, കന്ന്, മൂന്ന്, വർത്തമാനകാലപ്രത്യയം ഉന്നു എന്നിവയുടെ ഉപപത്തി സങ്കീർണ്ണതകളില്ലാതെ നിർണ്ണയിക്കുകയും ചെയ്തിരിക്കുന്നു. അത്തരം ലളിതമായ നിഷ്പത്തിക്രമം ആധുനികവൈയാകരണന്മാരിൽ ചിലർ അംഗീകരിക്കുന്നുണ്ടെങ്കിലും പ്രാചീനരേഖകളിലെ വസ്തുതകളുമായി ആന്റണിയുടെ നിരീക്ഷണങ്ങൾ പൊരുത്തപ്പെടാതെ നിൽക്കുന്നുവെന്ന പോരായ്മ നിലനിൽക്കുന്നുണ്ട്.

- ഉച്ചാരണപരമായ അനുനാസികസംസർഗനയത്തെ കൂട്ടുപിടിച്ചുകൊണ്ട് സി. എൽ. ആന്റണി നടത്തുന്ന പദനിഷ്പത്തികളിൽ പലതും (സംഖ്യാനാമങ്ങൾ പ്രത്യേകിച്ചും) ഫലപ്രദമായ രീതിയിൽ വിശദീകരണക്ഷമമാകുന്നില്ല. തന്നെയുമല്ല, വ്യാകരണപരവും ഉച്ചാരണപരവുമായ അനുനാസികസംസർഗനയമെന്തെന്നും അദ്ദേഹം വ്യക്തമാക്കുന്നില്ല. മൂലദ്രാവിഡരൂപത്തിന് അനുനാസികാതിപ്രസരവും പരസവർണ്ണനവും നടന്ന് മലയാളരൂപങ്ങളും പദമദ്ധ്യനകാരത്തിന്റെ വർത്സീകരണവും പൂർവ്വസവർണ്ണനവും നടന്ന് തമിഴ്‌രൂപങ്ങളും ഉണ്ടാകുന്നുവെന്ന പൊതുനിയമമാണ് ഒന്ന്, കുന്ന്, കന്ന്, മൂന്ന്, ഉന്നു എന്നിവയുടെ രൂപനിഷ്പാദനത്തിന് കേരളപാണിനീയ ഭാഷ്യകാരൻ പൊതുവെ ആശ്രയിച്ചുകാണുന്നത്. സാമാന്യനിയമമായി കാണുന്ന ഈ കാര്യങ്ങളെ ഒരു വ്യാകരണികനിയമമായി എന്തുകൊണ്ടാണ് അദ്ദേഹം അംഗീകരിക്കാത്തതെന്ന സംശയവും ബാക്കിയാവുന്നു. ഭാഷാപ്രയോഗത്തിന്റെയും ഉച്ചാരണസവിശേഷതയുടെയും അടിസ്ഥാനത്തിലുള്ള പൊതുനിയമങ്ങളാണ് വ്യാകരണനിയമങ്ങളായി ചമയുന്നതെന്നിരിക്കെ സി. എൽ. ആന്റണി കല്പിക്കുന്ന 'ഉച്ചാരണപരമായ അനുനാസിക സംസർഗം' എന്നതിന്റെ അർത്ഥാന്തരങ്ങൾ അദ്ദേഹത്തിന്റെ പ്രതിപാദനത്തിൽനിന്നും വ്യക്തമല്ല.
- ദ്വിത്വഖരാദേശങ്ങൾമൂലം നാമങ്ങളിൽനിന്ന് ഭേദകങ്ങളുണ്ടാക്കാമെന്നും ആ സന്ദർഭത്തിൽ അർത്ഥപരസംക്രമണം ഉണ്ടാകാമെന്നുമുള്ള ആശയങ്ങൾ കാൾഡ്വലിന്റെ വ്യാകരണകൃതിയിലാണ് ആവിഷ്കൃതമായതെന്ന് സി. എൽ. ആന്റണി കരുതുന്നുണ്ട് (*കേരളപാണിനീയഭാഷ്യം* : ഖണ്ഡം 6.3). എന്നാൽ മുമ്പുതന്നെ വിരചിതമായിട്ടുള്ള ഏതാനും മിഷണറിവ്യാകരണങ്ങളിലും 'Formation of Adjectives' എന്ന ആലോചനയായി ഈ വസ്തുത കടന്നുവരുന്നുണ്ട്. തല്പുരുഷസമാസത്തിൽ അധേയത്തിന്റെ

അന്തത്തിലുള്ള അർദ്ധാച്ചോടുകൂടിയ ടകാരറകാരങ്ങളുടെ ഇരട്ടിപ്പുകൊണ്ട് വിശേഷണാർത്ഥം കൈവരുന്നതായി മാത്തനും നിരീക്ഷിക്കുന്നു.

- നാട്, ആറ് എന്നിവയിലെ ടകാരറകാരങ്ങൾക്ക് ഇരട്ടിപ്പു സംഭവിച്ചാണ് നാട്ടുകാര്യം, ആറ്റുവെള്ളം എന്നീ സമസ്തപദങ്ങളാവുന്നതെന്ന് കേരളപാണിനി അഭിപ്രായപ്പെടുന്നുണ്ട്. ആ പദങ്ങൾ ടകാരറകാരാന്തങ്ങളായ വ്യഞ്ജങ്ങളായിട്ടാണ് അദ്ദേഹം മനസ്സിലാക്കുന്നത്. എന്നാൽ 'റുടോർ ദ്വിത്വം ച' എന്ന ലീലാതിലകസൂത്രപ്രകാരം 'റു, ടു' എന്നിങ്ങനെ സംവൃതോകാരാന്തങ്ങളാണവ. *ലീലാതിലക*പക്ഷത്തെയാണ് സി. എൽ. ആന്റണി അംഗീകരിക്കുന്നത്. വചനീയനാമങ്ങളുടെ രൂപീകരണത്തിന് വചനത്തിന്റെ ധാത്വന്തത്തിൽ വരുന്ന അർദ്ധാച്ചോടുകൂടിയ ഹല്ലിന്റെ ഖരം ഇരട്ടിക്കുന്നതായി ജോർജ് മാത്തൻ നടത്തുന്ന വിശദീകരണവും *ലീലാതിലക*മതത്തോട് സമാനമാണ്. മാറുക - മാറ്റം, ഓടുക - ഓട്ടം എന്നീ ഉദാഹരണങ്ങൾ *മലയാഴ്മയുടെ വ്യാകരണ*ത്തിലുണ്ട്.
- 'അത്ത്' ഇടനിലയുടെ രൂപീകരണത്തിന് ദ്വിത്വഖരാദേശനയങ്ങളെ ആശ്രയിക്കുന്ന കേരളപാണിനീയപക്ഷത്തെ എൻ. എൻ. മൂസ്സത് നിരാകരിക്കുന്നു. 'അം' പ്രത്യയത്തിൽനിന്ന് 'അത്ത്'നെ നിഷ്പാദിപ്പിക്കുന്ന ഏ. ആറിന്റെ വളഞ്ഞവഴി വായ്മൊഴിപേച്ചുകളിൽ പ്രയോഗക്ഷമമല്ലെന്ന വിമർശനമാണ് അദ്ദേഹത്തിനുള്ളത്. 'അത്ത്'ന്റെ രൂപീകരണത്തിൽ ഖരാദേശവും ദ്വിത്വവും ഒരുമിച്ച് പ്രവർത്തിക്കുമെന്ന *കേരളപാണിനീയ*ത്തിലെ നിരീക്ഷണത്തെ സി. എൽ. ആന്റണിയുടെ പ്രസ്താവനകൾകൊണ്ട് തിരുത്തുകയാണ് സി. വി. വാസുദേവഭട്ടതിരി ചെയ്യുന്നത്. ഖരാദേശവും ദ്വിത്വവും ഒരുമിച്ച് ഒരിടത്തും പ്രവർത്തിക്കുകയില്ലെന്ന *കേരളപാണിനീയഭാഷ്യ*ത്തിലെ അഭിപ്രായമാണ് ഭട്ടതിരി പിന്തുടരുന്നത്. സി. എൽ. ആന്റണിയുടെ നിരീക്ഷണങ്ങളുടെ പ്രായോഗികസാധുതകളെയാണ് പിൽക്കാല ഭാഷാപഠിതാക്കൾ ഇവിടെ അന്വേഷിക്കുന്നത്.
- അനുനാസികസംസർഗം, ദ്വിത്വഖരാദേശം എന്നീ നയങ്ങൾ യഥാക്രമം സ്വാർത്ഥവിശ്രാന്തി, പരസംക്രാന്തി എന്നിവയെ സൂചിപ്പിക്കുമെന്ന കേരളപാണിനീയമതത്തെ സി. എൽ. ആന്റണി നിരാകരിക്കുന്നു. പില്ക്കാലവ്യാകരണചിന്തകരായ സി. വി. വാസുദേവഭട്ടതിരിയും കെ. പി. നാരായണപിഷാരോടിയും എം. ലീലാവതിയും സമാനമായ അഭിപ്രായങ്ങളുള്ളവരാണ്.
- മലയാളത്തിലെ വിഭക്തിപ്രത്യയങ്ങൾക്ക് ഓരോന്നിനും ഒരു നിശ്ചിത അർത്ഥമല്ല ഉള്ളതെന്ന് റവ. ജോർജ് മാത്തൻ നിരീക്ഷിക്കുന്നുണ്ട്. 'രൂപം, പൊരുൾ' എന്നിവയ്ക്ക് തുല്യപ്രാധാന്യം നൽകിക്കൊണ്ട് ഒരു വിഭക്തി

യ്ക്കുതന്നെ അർത്ഥത്തിന്റെ അടരുകൾ കൈവരുന്നതായി അദ്ദേഹം മനസ്സിലാക്കി പഠിക്കുന്നു. വിദേശ മിഷണറിയായ ഗുണ്ടർട്ടും 'Uses of Cases' എന്ന രീതിയിൽ ഓരോ വിഭക്തിയുടെയും അർത്ഥാന്തരങ്ങളെ അടയാളപ്പെടുത്തി. ഇത്തരം പൂർവ്വമാതൃകകളൊക്കെ നിലനിന്നിട്ടും ഒരു വിഭക്തിക്ക് ഒരു സവിശേഷ അർത്ഥം എന്ന സംസ്കൃതനിയമത്തിന്റെ ചട്ടക്കൂട്ടിൽ മലയാളവിഭക്തികളെ വാർക്കാനാണ് കേരളപാണിനി ശ്രമിച്ചത്. പിൽക്കാല വൈയാകരണന്മാരുടെ വിമർശനങ്ങൾ ഏറെ ഏറ്റുവാങ്ങിയതാണ് *കേരളപാണിനീയ*ത്തിലെ വിഭക്തിപ്രകരണം. ഒരു നിശ്ചിത അർത്ഥം മാത്രമുള്ള രൂപങ്ങളായി ഓരോ വിഭക്തിയെയും ഏ. ആർ. പരിമിതപ്പെടുത്തിയെന്ന ആരോപണമാണ് തുടർപഠിതാക്കൾ പ്രധാനമായും നടത്തിയത്. സി. എൽ. ആന്റണിയും അത്തരം വിമർശനമാണ് ആദ്യമായി മുന്നോട്ടുവെയ്ക്കുന്നത്.

- മലയാളത്തിലെ വിഭക്തികൾക്ക് ഇംഗ്ലീഷ് സംജ്ഞകളാണ് നൽകുന്നതെങ്കിലും രണ്ടുഭാഷകളിലും വലിയ അർത്ഥവ്യത്യാസങ്ങളോടുകൂടിയാണ് വിഭക്തികൾ കാണാനാവുന്നതെന്ന് മിഷണറിമാർ ഗ്രഹിക്കുന്നുണ്ട്. തങ്ങളുടെ വിഭക്ത്യർത്ഥങ്ങളിൽനിന്ന് ആർജ്ജിച്ചെടുക്കുന്ന ഭാഷയിലെ വിഭക്തികാര്യങ്ങൾ ഏതെല്ലാം തലങ്ങളിൽ വ്യാവർത്തിപ്പിക്കാമെന്ന ചിന്തയാണ് അവർ പുലർത്തുന്നത്. ഇന്ത്യൻ പ്രാദേശികഭാഷകൾ പഠിപ്പിക്കുന്ന അധ്യാപകർ രൂപാധിഷ്ഠിതമായി വിഭക്തികളെ വർഗീകരിക്കുന്ന രീതി ഫലപ്രദമല്ലെന്ന് അഭിപ്രായപ്പെടുന്ന പീറ്റും ഇംഗ്ലീഷിൽ വിഭക്തികൾക്കോരോന്നിനുമുള്ള പേരുകൾ അർത്ഥപരമായി മലയാളത്തിന് യോജിക്കുന്നില്ലെന്നുകണ്ട് മറ്റു ചില സംജ്ഞകൾ നിർണയിക്കുന്ന കോളിൻസും മലയാള വിഭക്തികളുടെ സവിശേഷസ്വഭാവത്തെ തൊട്ടറിയുന്നുണ്ട്.
- സംസ്കൃതാനുകരണംകൊണ്ട് ഏ. ആറിന് മലയാളവിഭക്തികളുടെ നിർണ്ണയനത്തിൽ പാളിച്ചകൾ സംഭവിച്ചതായാണ് സി. എൽ. ആന്റണി കണ്ടെത്തുന്നത്. വർണ്ണങ്ങളുടെ തെറ്റായ ധ്വനിമൂല്യനിർണയത്തിനും കാരണമാകുന്നത് ഈ ദോഷമാണ് എന്ന് കേരളപാണിനീയഭാഷ്യകാരൻ സൂചിപ്പിക്കുന്നുണ്ട്. മാത്തൻ, മിഷണറി വ്യാകരണകാരന്മാർ എന്നിവരുടെയൊക്കെ ധാരണകളെ കേരളപാണിനി മനഃപൂർവ്വം അവഗണിക്കുന്നതുകൊണ്ടും കൂടിയാണ് ഇത്തരം വികലതകൾ വന്നുചേർന്നിട്ടുള്ളത്. മുൻധാരണകൾ രൂപപ്പെടുത്താൻ കേരളപാണിനി ആശ്രയിച്ചതും വിട്ടുകളഞ്ഞതുമായ ഉപാദാനസാമഗ്രികളെ വേണ്ടരീതിയിൽ വ്യവച്ഛേദിച്ചു മനസ്സിലാക്കാൻ സി. എൽ. ആന്റണിയ്ക്ക് കഴിയുന്നില്ലെന്ന മറ്റൊരു പോരായ്മയാണ് *കേരളപാണിനീയഭാഷ്യ*ത്തിനുള്ളത്.
- വാക്യതലത്തിന് കാര്യമായ പ്രാധാന്യം കൊടുക്കുന്നില്ലെന്ന പരിമിതിയാണ് കേരളപാണിനിയിലും കേരളപാണിനീയഭാഷ്യകാരനിലും ഒരേപോലെ

കാണുന്നത്. ഒരു വാക്യത്തിന്റെ കാരകാർത്ഥത്തെ മനസ്സിലാക്കി പഠിക്കാത്തതുകൊണ്ടാണ് അർത്ഥാടിസ്ഥാനത്തിലുള്ള വിഭക്തിസംജ്ഞാവൽക്കരണം ഏ. ആറിന് നടത്താനാവാതെ പോയത്. ആ അംശത്തെ അറിയാൻ സി. എൽ. ആന്റണിയ്ക്കും കഴിയുന്നില്ല. വാക്യത്തിൽ ക്രിയയുടെ ആകാംക്ഷ പൂർത്തീകരിക്കുന്ന രീതിയിൽ നാമത്തിന് ക്രിയയോടുള്ള ബന്ധമാണ് വിഭക്തികളുടെ കാരകാർത്ഥംകൊണ്ട് അർത്ഥമാക്കുന്നത്. ആധുനികവൈയാകരണന്മാരിൽ പലരും വിഭക്തിചർച്ചകളെ സമീപിക്കുന്നത് ആ രീതിയിലാണ്. കാരകാർത്ഥത്തെ വിസ്മരിച്ചുകൊണ്ടുള്ള സി. എൽ. ആന്റണിയുടെ വിഭക്തിപഠനങ്ങൾ അപൂർണ്ണമാണ്. സംബന്ധികാവിഭക്തിയുടെ കാരകസ്വഭാവത്തെകുറിച്ചാണ് നവീന ഭാഷാപഠിതാക്കൾക്കിടയിൽ അഭിപ്രായഭേദങ്ങളുള്ളത്. നാമത്തിന് നാമത്തോടുള്ള സംബന്ധം മാത്രം വെളിപ്പെടുത്തുന്നതിനാൽ സംബന്ധിക കാരകാർത്ഥം പ്രകടമാക്കുന്നില്ലെന്ന് കെ. സുകുമാരപിള്ളയും ഇ. വി. എൻ. നമ്പൂതിരിയും പ്രസ്താവിക്കുന്നു. എന്നാൽ അതിന് കാരകബന്ധം കാണിക്കാൻ സാധിക്കുമെന്ന് മാരാരും സി. വി. വാസുദേവഭട്ടതിരിയും സ്ഥാപിക്കുന്നുണ്ട്.

- ഒരു കുട്ടി പഠന-പാഠനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനു മുൻപെ ത്തന്നെ മനനമണ്ഡലത്തിൽ ആർജ്ജിച്ചെടുക്കുന്ന ഭാഷാജ്ഞാനത്തിനാണ് സി. എൽ. ആന്റണി പ്രാധാന്യം കൊടുക്കുന്നത്. ഭാഷാവ്യാകരണനിയമങ്ങളെക്കാൾ ഭാഷാപ്രയോഗശേഷിയെയാണ് അദ്ദേഹം അംഗീകരിക്കുന്നതെന്ന് സാരം. വാമൊഴിപേച്ചുകൾക്ക് ഏറെ പ്രാധാന്യം നൽകുന്നതിനാൽ ലിഖിതഭാഷയെ വിട്ടുപോകുന്ന അനവധി സന്ദർങ്ങൾ കേരളപാണിനീയഭാഷ്യത്തിൽ കാണാം (ഉച്ചാരണപരമായ അനുനാസിക സംസർഗ്ഗം, വിഭാജകപ്രത്യയനിഷ്പത്തി, ഉന്നു പ്രത്യയത്തിന്റെ ആഗമ പഠനം). വിഭക്തിസംജ്ഞകളെക്കുറിച്ചുള്ള വിവരണങ്ങളിൽ സംഭാഷണഭാഷയിൽനിന്നുള്ള ഉദാഹരണങ്ങൾകൊണ്ട് ലിഖിതഭാഷാവ്യാകരണമായ കേരളപാണിനീയത്തെ വിമർശനവിധേയമാക്കുന്ന സി. എൽ. ആന്റണിയുടെ സമീപനം വിമർശനവിധേയമായിട്ടുണ്ട് (ഉദാ: വിനീത് വി. എസ്. ന്റെ 'വിഭക്തിയുടെ കാണാപ്പുറങ്ങൾ' എന്ന പഠനം) എന്ന ആധുനികപഠിതാവ് അംഗീകരിക്കുന്നില്ല.
- 'ഉന്നു' പ്രത്യയത്തിന്റെ ആഗമപഠനത്തിലും ഭാഷാപ്രയോഗത്തിനനുസരിച്ചുള്ള ഒരു ലളിതമായ അനുമാനവും നിഷ്പത്തിയുമാണ് സി. എൽ. ആന്റണി ചെയ്തിട്ടുള്ളത്. ലിഖിതരേഖകളുടെ അടിസ്ഥാനത്തിൽ നോക്കിയാൽ 'ഉന്നു'വിന്റെ അത്തരമൊരു നിഷ്പാദനം സാദ്ധ്യമല്ലെന്ന് പ്രഭാകര വാര്യർ കേരളപാണിനീയഭാഷ്യകാരന്റെ വീക്ഷണത്തെ വിമർശിക്കുന്നുണ്ട്.

- സി. എൽ. ആന്റണിയുടെ 'ഉച്ചാരണപരമായ അനുനാസികസംസർഗം' എന്ന കല്പനയും പിൽക്കാലത്ത് വിമശനവിധേയമാകുന്നുണ്ട്. സാംഖ്യനാമനിഷ്പത്തികളുടെ ക്രമത്തെ വിശദമാക്കുമ്പോൾ ഉച്ചാരണസവിശേഷതകളെ മുൻനിർത്തി ചെയ്തിട്ടുള്ള സാങ്കല്പികനിഗമനങ്ങൾക്കും പോരായ്മകളുണ്ട്.
- വിഭാജകപ്രത്യയങ്ങളുടെ നിഷ്പത്തിക്രമത്തിലും യുക്തിരഹിതമായ വസ്തുതകൾ കേരളപാണിനീയഭാഷ്യകാരൻ അവതരിപ്പിക്കുന്നുണ്ട്. 'വിഹിതം' എന്ന സംസ്കൃതപദത്തിന്റെ തൽഭവമായി 'വീതം' എന്നു വരികയും അതിനു രൂപാന്തരം നടന്ന് ഈതെ, ചെയ്ത് എന്നിവ ക്രമികമായി വരുന്നതുമായാണ് സി. എൽ. ആന്റണി പ്രതിപാദിക്കുന്നത്. തദ്ഭവപ്രവർത്തനങ്ങൾക്ക് നിയതമായ ഒരു വ്യവസ്ഥ ഭാഷയിൽ ഇല്ലെന്നിരിക്കെ 'വിഹിത'ത്തിൽ നിന്ന് 'വീതം' ഉരുവപ്പെടുത്തുന്ന ആന്റണിയുടെ നിഷ്പത്തിസമ്പ്രദായം അസംഗതമാണ്.
- സി. എൽ. ആന്റണിയുടെ *കേരളപാണിനീയഭാഷ്യം* എന്ന കൃതി കേരളപാണിനീയാനന്തരസംവാദങ്ങളുടെ തുടർച്ചകൾ സാദ്ധ്യമാക്കുന്നതിൽ നിർണായകമായ പങ്കു വഹിച്ചിട്ടുള്ള വ്യാകരണകൃതിയാണ്. *കേരളപാണിനീയത്തിൽ* രൂപപ്പെട്ട പ്രധാനപ്പെട്ട സിദ്ധാന്തങ്ങളെ നിരൂപണം ചെയ്തു വിലയിരുത്താനും ഇതര വ്യാകരണകാരന്മാരുടെയും ഗവേഷകരുടെയും നിരീക്ഷണങ്ങളുമായി ബന്ധപ്പെടുത്താനും മൗലികമായ ആലോചനകൾ അവതരിപ്പിച്ചുകൊണ്ടും ഒരു സംവാദത്തിനു കളമൊരുക്കാൻ *കേരളപാണിനീയഭാഷ്യ*ത്തിലെ പ്രബന്ധങ്ങളിലൂടെ സി. എൽ. ആന്റണിക്കു സാധിച്ചു. അതുവഴി കേരളപാണിനീയവിമർശനചരിത്രത്തിൽ പ്രഥമസ്ഥാനവും അത് അലങ്കരിക്കുന്നു. ഭാഷാവ്യവസ്ഥയെ സംബന്ധിച്ച നൂതനവിചാരങ്ങൾക്കും നാന്ദികുറിക്കുന്നുണ്ടെങ്കിലും അന്തിമമായ തീർപ്പുകളിലേക്ക് എത്തിച്ചേരാനായി എന്നു പറഞ്ഞുകൂട. അത് ഒരു ലക്ഷ്യമായിപ്പോലും സി. എൽ. ആന്റണിയ്ക്ക് ഉണ്ടായിരുന്നില്ല എന്ന് ഒന്നാം പതിപ്പിന് അദ്ദേഹം എഴുതിയ പ്രസ്താവനയിൽ വ്യക്തമാക്കിയിട്ടുമുണ്ട്. അദ്ദേഹം പറയുന്നു: "നമുക്കിന്നുള്ള വ്യാകരണഗ്രന്ഥങ്ങളെ സൂക്ഷ്മമായി പരിശോധിച്ച് നവീനഭാഷാശാസ്ത്രതത്വങ്ങളുടെ വെളിച്ചത്തിൽ സിദ്ധിക്കാവുന്ന വ്യാകരണപരമായ ഉപരിവിജ്ഞാനം *കേരളപാണിനീയത്തെ*ത്തന്നെ അടിത്തറയായെടുത്ത് അതിനു മുകളിൽ കെട്ടിപ്പൊക്കുന്നതായിരിക്കും നല്ലതെന്ന് എനിക്കു തോന്നുന്നു. ഭാരതീയവ്യാകരണപാരമ്പര്യവും വിരൽചൂണ്ടുന്നത് ആ വഴിക്കാണ്. എന്തായാലും ഗ്രന്ഥകാരന്റെ പഠനത്തിൽനിന്ന് ഉരുത്തിരിഞ്ഞിട്ടുള്ള നിഗമനങ്ങൾ *കേരളപാണിനീയ*ത്തിന്റെ തായ്ത്തടിയിന്മേൽ വല്ല കൊമ്പുകളും ഇലകളും

വളർത്താൻ പര്യാപ്തമായിട്ടുണ്ടെങ്കിൽ ഗ്രന്ഥകാരൻ കൃതാർത്ഥനാകും.'' *കേരളപാണിനീയ*ത്തെ കേന്ദ്രത്തിൽനിർത്തുന്ന ഒരു വ്യാകരണചർച്ചക്ക് തുടക്കം കുറിക്കുക എന്നതാണ് ഇവിടെ പ്രകടമാകുന്ന ലക്ഷ്യവും പ്രത്യാശയും. *കേരളപാണിനീയഭാഷ്യം* ആ നിലയിൽ മലയാളവ്യാകരണവിചാര ചരിത്രത്തിൽ ഇടം നേടിയിട്ടുണ്ടെന്ന് ഈ പഠനം വെളിപ്പെടുത്തുന്നു.

- കേരളപാണിനീയം ചർച്ചചെയ്യുന്ന പദഘടനാപ്രക്രിയാനയങ്ങളിൽ പ്രധാനപ്പെട്ടവയാണ് അനുനാസികസംസർഗവും ദ്വിത്വഖരാദേശനയവും. മലയാള ഭാഷയുടെ ഉൽപത്തിയെ ആസ്പദമാക്കിയാണ് ഈ നയങ്ങൾ കാൾഡ്വലും കേരളപാണിനിയും രൂപീകരിക്കുന്നത്. തമിഴിൽനിന്ന് മലയാളം ജാതമായെന്നുള്ളതിനു കാരണമായി അവർ അവതരിപ്പിക്കുന്ന വ്യാകരണപ്രധാനമായ അനുനാസികസംസർഗത്തെ വേറിട്ട രീതിയിലാണ് സി. എൽ. ആന്റണി നോക്കിക്കാണുന്നത്. തമിഴ്ജന്യവാദം എന്നതിനേക്കാൾ തമിഴ്-മലയാളങ്ങൾക്ക് ഒരേസമയം സമാന്തരമായി ഒരു കാലഘട്ടമുണ്ടെന്ന് സ്ഥാപിക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. ദക്ഷിണദ്രാവിഡത്തിൽനിന്ന് കന്നടം വേർപിരിഞ്ഞതിനുശേഷം തമിഴ് - മലയാളങ്ങൾക്കുണ്ടായിരുന്ന പൊതുവായ പൂർവ്വദശയാണ് *കേരളപാണിനീയ*ഭിന്നമായി ആന്റണി സ്ഥാപിക്കുന്നത്. 'ഒരു, കുറു, കരു, മൂരു' എന്നീ പ്രകൃതികളിൽ അനുനാസികസംസർഗനയം പ്രവർത്തിച്ച് തമിഴ്രൂപങ്ങളും പിന്നീട് അനുനാസികാതിപ്രസരംമൂലം മലയാളത്തിലെ സമാനപദങ്ങളും വികസിച്ചുവെന്നുമുള്ള കാൾഡ്വൽ-ഏ. ആർ. വാദത്തെയാണ് കേരളപാണിനീയഭാഷ്യകാരൻ പൊളിച്ചെഴുതുന്നത്. മൂലദ്രാവിഡരൂപങ്ങളിൽനിന്ന് തമിഴ്-മലയാളരൂപങ്ങൾ സമാനദശയിൽതന്നെ സമാന്തരങ്ങളായി ആവിർഭവിച്ചുവെന്നാണ് ആന്റണിയുടെ നിഗമനം.
- തമിഴ് - മലയാളങ്ങൾക്ക് സമാനമായുണ്ടായിരുന്ന ഒരു പൂർവ്വദശയെ സംബന്ധിച്ച് കേരളപാണിനീയപക്ഷത്തുനിന്ന് വ്യതിരിക്തമായി ചിന്തിക്കുന്ന ഭാഷാപണ്ഡിതരുടെ കൂട്ടത്തിലാണ് സി. എൽ. ആന്റണി നിലകൊള്ളുന്നത്. വ്യാകരണപ്രധാനമായ അനുനാസികസംസർഗത്തേക്കാൾ ഉച്ചാരണപരമായി ആ നയത്തെ അവതരിപ്പിക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഒന്ന്, കുന്ന്, കന്ന്, മൂന്ന്, വർത്തമാനകാലപ്രത്യയം ഉന്നു എന്നിവയുടെ ഉപപത്തി സങ്കീർണതകളില്ലാതെ നിർണയിക്കുകയും ചെയ്തിരിക്കുന്നു. അത്തരം ലളിതമായ നിഷ്പത്തിക്രമം ആധുനികവൈയാകരണന്മാരിൽ ചിലർ അംഗീകരിക്കുന്നുണ്ടെങ്കിലും പ്രാചീനരേഖകളിലെ വസ്തുതകളുമായി ആന്റണിയുടെ നിരീക്ഷണങ്ങൾ പൊരുത്തപ്പെടാതെ നിൽക്കുന്നുവെന്ന പോരായ്മ നിലനിൽക്കുന്നുണ്ട്.

- സി. എൽ. ആന്റണിയുടെ 'കേരളപാണിനീയഭാഷ്യം' എന്ന കൃതി കേരളപാണിനീയാനന്തരസംവാദങ്ങളുടെ തുടർച്ചകൾ സാദ്ധ്യമാക്കുന്നതിൽ നിർണായകമായ പങ്കു വഹിച്ചിട്ടുള്ള വ്യാകരണകൃതിയാണ്. കേരളപാണിനീയവിമർശനചരിത്രത്തിൽ പ്രഥമസ്ഥാനവും അത് അലങ്കരിക്കുന്നു. ഭാഷാവ്യവസ്ഥയെ സംബന്ധിച്ച നൂതനപരികല്പനകൾക്ക് നാന്ദികുറിക്കുന്നുണ്ടെങ്കിലും ചില പരിമിതികളും ഉൾക്കൊള്ളുന്നുണ്ട് പ്രസ്തുത ഗ്രന്ഥം. പദവിഭാഗങ്ങളെ ഇനം തിരിച്ചുപഠിക്കാനുള്ള ഉദ്യമങ്ങൾ, കേരളപാണിനിയുടെ 'അക്ഷരമാല'യെ വർണവ്യവസ്ഥയ്ക്കനുസൃതമായി പരിവർത്തിപ്പിച്ചുകൊണ്ടുള്ള നിരീക്ഷണം, ലകാരളകാരങ്ങളുടെ തെറ്റായ മൂല്യനിർണ്ണയനംകൊണ്ട് ആദേശസന്ധികാരികകൾക്ക് വിനാമ-ഉന്നാമങ്ങൾ കൽപിക്കുന്നതിലെ അസ്വാരസ്യം തുടങ്ങിയ ആന്റണിയുടെ ചിന്തകൾക്ക് മൗലികത ഏറെയുണ്ട്. എന്നാൽ പദങ്ങളുടെ സ്വതന്ത്രപ്രയോഗാർഹതയെ സംബന്ധിച്ച അപൂർണ്ണതയുള്ള കാഴ്ചപ്പാടുകൾ, വ്യക്തമായ തെളിവുകളുടെ അഭാവത്തിലുള്ള അനുമാനകൽപനകൾ, പൂർവ്വധാരണകളിൽ മാത്തൻ തുടങ്ങിയ ഭാഷാപണ്ഡിതരുടെ വീക്ഷണങ്ങളെ കൈക്കൊള്ളാനുള്ള വിയോജിപ്പ്, വാകൃതലത്തിന് പ്രാധാന്യം നൽകാതെയുള്ള പ്രതിപാദനം എന്നിങ്ങനെയുള്ള ദൗർബ്ബല്യങ്ങളും സി. എൽ. ആന്റണിയുടെ കേരളപാണിനീയഭാഷ്യത്തിനുണ്ട് എന്നു പറയാം.

# ഗ്രന്ഥസൂചി


അച്യുതമേനോൻ, ചേലനാട്ട്. 1968. *പ്രദക്ഷിണം.* തൃശ്ശൂർ : കറന്റ് ബുക്സ്.

അജയകുമാർ, പി. & സുനിൽ പി. ഇളയിടം. 2019. *മലയാളവഴികൾ-1 സ്കറിയാ സക്കറിയയുടെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ.* കോട്ടയം : സാഹിത്യപ്രവർത്തകസഹകരണസംഘം.

.__________________. 2019. *മലയാളവഴികൾ - 2 സ്കറിയാ സക്കറിയയുടെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ.* കോട്ടയം : സാഹിത്യപ്രവർത്തകസഹകരണസംഘം.

ആൻഡ്രൂസ്കുട്ടി, എ.പി. 2008. *ഭാഷാശാസ്ത്രം - സിദ്ധാന്തവും പ്രയോഗവും മലയാളത്തിൽ.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ആന്റണി, സി.എൽ. 2005. *കേരളപാണിനീയഭാഷ്യം.* കോട്ടയം : ഡി. സി. ബുക്സ്.

__________________. 2011. *ഭാഷാപഠനങ്ങൾ.* തൃശ്ശൂർ : കേരള സാഹിത്യ അക്കാദമി.

അപ്പുക്കുട്ടൻ നായർ, ചമ്പക്കുളം. 1968. *ഭാഷാശാസ്ത്രചിന്തകൾ.* കോട്ടയം.

അബു, ഒ. 1970. *അറബിമലയാളഭാഷ.* കോട്ടയം : സാഹിത്യപ്രവർത്തകസഹകരണസംഘം.

ഉണ്ണി ആമപ്പാറയ്ക്കൽ. 2012. *മലയാളവ്യാകരണചിന്ത..* ഒളവട്ടൂർ : ശിഖ ഗ്രന്ഥവേദി.

__________________. 2017. *മലയാളവ്യാകരണം - സംവാദങ്ങൾ സമന്വയങ്ങൾ. തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.*

ഉഷാനമ്പൂതിരിപ്പാട്. 1990. *മലയാളത്തിലെ സംബോധനാപദങ്ങളുടെ സാമൂഹികപശ്ചാത്തലം. തൃശ്ശൂർ :* കേരളസാഹിത്യ അക്കാദമി.

__________________. 1994 *സാമൂഹികഭാഷാവിജ്ഞാനം.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

എഴുത്തച്ഛൻ, കെ. എൻ. 1962. *ഭാഷാകൗടലീയം - ഭാഷാശാസ്ത്രപരമായ പഠനം.* മദിരാശി : മദിരാശി സർവ്വകലാശാല.

ഏബ്രഹാം, പി. ടി. 2012. *മലയാളവ്യാകരണം - ചില വീണ്ടുവിചാരങ്ങൾ.* ചങ്ങനാശ്ശേരി : താരതമ്യപഠനസംഘം.

കരുണാകരൻ, തിരുനല്ലൂർ. 1996. *മലയാളഭാഷാപരിണാമം - സിദ്ധാന്തങ്ങളും വസ്തുതകളും.* തിരുവനന്തപുരം : പ്രഭാത് ബുക്ക് ഹൗസ്.

കാർത്തികേയൻ, ഷൊർണൂർ, 1996. *മധ്യകാലകേരളഭാഷ.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

__________________. (എഡി.) 2009. *ആന്റണിമാഷെ അടുത്തറിയാൻ. തൃശ്ശൂർ :* പ്രൊഫ. സി. എൽ. ആന്റണി ഫൗണ്ടേഷൻ.

__________________. 2012. *ഭാഷാപ്രതിഭ സി.എൽ.ആന്റണി.* തൃശ്ശൂർ, കേരള സാഹിത്യ അക്കാദമി

കാൾഡ്വൽ, റോബർട്ട്, അ. 2014. (മൂലഗ്രന്ഥം ഒ. പ. 1856 ; പരിഷ്കരിച്ച് ര. പ. 1875) *ദ്രാവിഡഭാഷാവ്യാകരണം* (ഒന്നാംഭാഗം) വിവ. എസ്. കെ. നായർ. തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

__________________. ആ. 2014. *ദ്രാവിഡഭാഷാവ്യാകരണം* (രണ്ടാംഭാഗം) വിവ. എസ്. കെ. നായർ, തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

കുഞ്ചുണ്ണിരാജാ, കെ. 1962. *ഭാഷാഗവേഷണം.* തൃശ്ശൂർ : മംഗളോദയം.

കുഞ്ഞൻപിള്ള, ഇളംകുളം. 1967. *കേരളഭാഷയുടെ വികാസപരിണാമങ്ങൾ.* കോട്ടയം : സാഹിത്യപ്രവർത്തകസഹകരണസംഘം.

__________________. 1969. *ലീലാതിലകം (വ്യാ.),* കോട്ടയം : എസ്. പി. സി. എസ്.

കുഞ്ഞൻപിള്ള, ശൂരനാട്ട് 1996. *ലീലാതിലകം (വ്യാ.),* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

കുട്ടികൃഷ്ണമാരാര്. 1971. *മലയാളശൈലി.* കോഴിക്കോട് : മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ്.

__________________. 1997.(ഒ. പ. 1942) *ഭാഷാപരിചയം.* കോട്ടയം : പി. കെ. ബ്രദേഴ്സ്.

കൃഷ്ണപ്പിഷാരടി, ആറ്റൂർ. 1954. *മലയാളഭാഷയും സാഹിത്യവും.* കോട്ടയം : സാഹിത്യപ്രവർത്തകസഹകരണസംഘം.

കൃഷ്ണപിള്ള, എൻ. 1975. *കൈരളിയുടെ കഥ.* കോട്ടയം : സാഹിത്യപ്രവർത്തകസഹകരണസംഘം.

കൃഷ്ണവാരിയർ, ഡോ. എൻ. വി. 2015. *സംസ്കൃതവ്യാകരണത്തിന് കേരളപാണിനിയുടെ സംഭാവന.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

കോവുണ്ണി നെടുങ്ങാടി.1990.(ഒ.പ.1878).*കേരളകൗമുദി.*കോഴിക്കോട്. പൂർണ പബ്ലിക്കേഷൻസ്.

ഗണേഷ്, സി (എഡി.). 2016. *ഭാഷയുടെ അതിജീവനത്തിന് ഒരു ജനതയുടെ സഞ്ചാരം.* കോഴിക്കോട്. പ്രിയത ബുക്സ്.

ഗിരീഷ്, പി. എം. 2012. *അറിവും ഭാഷയും – ധൈഷണികഭാഷാശാസ്ത്രം* : ആമുഖം. തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

__________________. 2013. *മലയാളം-സ്വത്വവും വിനിമയവും.* ശുകപുരം : വള്ളത്തോൾ വിദ്യാപീഠം.

__________________. 2017. *അധികാരവും ഭാഷയും.* കോഴിക്കോട് : ഐ ബുക്സ് കേരള.

ഗുണ്ടർട്ട്, ഹെർമൻ. 1872. *എ മലയാളം ആന്റ് ഇംഗ്ലീഷ് ഡിക്ഷണറി.* മംഗലാപുരം : ബാസൽമിഷൻ ബുക്സ് ആന്റ് ട്രാക്റ്റ് ഡെപ്പോസിറ്റി.

__________________. 1991. (ഒ. പ. 1851 ; പരിഷ്കരിച്ച് ര.പ. 1868) *മലയാളഭാഷാവ്യാകരണം.* കോട്ടയം : ഡി. സി. ബുക്സ്.

__________________ 2014. *മലയാളഭാഷാവ്യാകരണം മലയാളവ്യാകരണചോദ്യോത്തരങ്ങൾ.* കോട്ടയം : സാഹിത്യപ്രവർത്തകസഹകരണസംഘം.

__________________. 2016. *കേരളപഴമ കേരളോല്പത്തി ആയിരത്തിയിരുനൂറ് പഴഞ്ചൊൽ.* കോട്ടയം : സാഹിത്യപ്രവർത്തകസഹകരണസംഘം.

ഗോദവർമ, കെ. 1951. *കേരളഭാഷാവിജ്ഞാനീയം.* തിരുവനന്തപുരം: കേരള സർവ്വകലാശാല.

ഗോപാലകൃഷ്ണൻ, (ഡോ.) *നടുവട്ടം.* 2015. *ഭാഷാചരിത്രധാരകൾ.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഗോപാലകൃഷ്ണൻ, പി. കെ. 1974. *കേരളത്തിന്റെ സാംസ്കാരികചരിത്രം.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഗോപിക്കുട്ടൻ. 2013. (ഒ. പ. 2002) *മലയാളവ്യാകരണം.* കോട്ടയം : കറന്റ് ബുക്സ്.

ഗോപിനാഥൻ, ഡോ. ആർ. 2013. *മലയാളഭാഷ തൊൽകാപ്പിയത്തിൽ.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഗോപിനാഥപിള്ള, എൻ. ആർ. 1974. *അന്വേഷണം.* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം.

ഗോപിനാഥപിള്ള, വട്ടപ്പറമ്പിൽ, 1980. *മലയാളവ്യാകരണവും രചനയും.* തൃശ്ശൂർ : എച്ച് & സി പബ്ലിഷിംഗ് ഹൗസ്.

ഗംഗാധരൻ നായർ, പളുകൽ. 2018. *ലിപിപരിണാമചരിത്രം.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ചന്ദ്രശേഖരൻ നായർ, സി. കെ. 1968. *മലയാളത്തിന്റെ വളർച്ച.* കോട്ടയം : സാഹിത്യ പ്രവർത്തകസഹകരണസംഘം.

__________________. 1996. *അടിസ്ഥാനവ്യാകരണം* - പൂർവ്വ ഭാഗം. തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

__________________. 1996. *അടിസ്ഥാനവ്യാകരണം - ഉത്തരഭാഗം.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ചാക്കോ, ഐ.സി. 2011. *പാണിനീയ പ്രദ്യോതം അഥവാ പാണിനിസൂത്രങ്ങളുടെ മലയാളവ്യാഖ്യാനം.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ചെറിയാൻ, കുനിയന്തോടത്ത്. 1997. *മലയാളഭാഷയും ഡോ. ഹെർമൻ ഗുണ്ടർട്ടും.* കോഴിക്കോട് : പി. കെ. ബ്രദേഴ്സ്.

ജോൺ കുന്നപ്പള്ളി, 1976. *ശബ്ദസൗഭഗം.* ആലുവ : പൊന്തിഫിക്കൽ ഇൻസ്റ്റി റ്റ്യൂട്ട് പബ്ലിക്കേഷൻസ്.

__________________. *പ്രക്രിയാഭാഷ്യം.* കോട്ടയം : ഡി. സി. ബുക്സ്.

ജോയ്പോൾ & സോളി, വി. ആർ. 1999. *ഭാഷാശാസ്ത്രം - സിദ്ധാന്തവും പ്രയോഗവും.* തൃശ്ശൂർ : മലയാളപഠനഗവേഷണകേന്ദ്രം.

ജോസഫ്, പി. എം. 1984. *മലയാളത്തിലെ പരകീയപദങ്ങൾ,* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ജോർജ് മാത്തൻ, 2000 (ഒ. പി. 1863; ര.പ. 1969). *മലയാഴ്മയുടെ വ്യാകരണം.* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ജോർജ്, കെ. എം.(ജനറൽ എഡി.) 2013. (ഒ. പ. 1958). *സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ.* കോട്ടയം :സാഹിത്യപ്രവർത്തകസഹകരണസംഘം.

ജോർജ്, സി. ജെ. 1998 *വാക്കിന്റെ സാമൂഹികശാസ്ത്രം* തൃശ്ശൂർ : കറന്റ് ബുക്സ്.

____________________. 2020. *ഇംഗ്ലീഷാവിഷ്ടമായ മലയാളം.* കോഴിക്കോട് : കേരള സൊസൈറ്റി ഫോർ ലിംഗ്വിസ്റ്റിക് റിസേർച്ച് & ചങ്ങനാശ്ശേരി : ബെർക്ക്മൻസ് പ്രസ്സ്, എസ്. ബി. കോളേജ്.

____________________ 2021 *ജീവൽഭാഷയുടെ പുസ്തകം* കോഴിക്കോട് : ഇൻസൈറ്റ് പബ്ലിക്ക.

തോമസ്, പി. ജെ. 1989. *മലയാളസാഹിത്യവും ക്രിസ്ത്യാനികളും.* കോട്ടയം : ഡി. സി. ബുക്സ്.

നമ്പൂതിരി, ഇ.വി.എൻ. 1989. *വാക്യഘടന.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

നമ്പൂതിരി, ഇ.വി.എൻ. 2005. *കേരളഭാഷാവ്യാകരണം.* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

നാരായണപ്പണിക്കർ, ആർ. 1941. *കേരളഭാഷാസാഹിത്യചരിത്രം.* തിരുവനന്തപുരം : വിദ്യാവിലാസിനി.

നാരായണപിള്ള, കെ. എസ്. 1995. *ആധുനികമലയാളവ്യാകരണം.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

നാരായണപിള്ള, പി. കെ. 1990. *വ്യാകരണപ്രവേശിക.* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട്.

നാരായണമേനോൻ, പി. 2018. *വ്യാകരണപാഠങ്ങൾ.* തൃശ്ശൂർ : കേരള സാഹിത്യ അക്കാദമി.

നാരംഗ്, ഗോപിചന്ദ് (പരി : കൃഷ്ണൻ, പി.) *2013. ഘടനാവാദവും ഉത്തര–ഘടനാവാദവും പൗരസ്ത്യകാവ്യശാസ്ത്രവും.* ന്യൂഡൽഹി : കേന്ദ്രസാഹിത്യ അക്കാദമി.

നൗഷാദ് എസ്.,(സമ്പാ.) 2018 *മലയാളഭാഷാശാസ്ത്രജ്ഞർ*, തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

പരമേശ്വരൻ നായർ, പി. കെ. 1958. *മലയാളസാഹിത്യചരിത്രം.* ന്യൂഡൽഹി : കേന്ദ്ര സാഹിത്യ അക്കാദമി.

പവിത്രൻ, ടി. 2015. *ഭാഷാകൗടലീയം - പാഠവും പഠനവും.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

പവിത്രൻ, പി. 2014. *മാതൃഭാഷയ്ക്കുവേണ്ടിയുള്ള സമരം.* ചെറുതുരുത്തി : മലയാള ഐക്യവേദി.

പാച്ചുമൂത്തത്, 1981. (ഒ. പ. 1877). *കേരളഭാഷാവ്യാകരണം.* മദിരാശി : മദിരാശി സർവ്വകലാശാല.

പൗലോസ്, കെ. ജി. 2006. *ലഘുസംസ്കൃതം.* ശുകപുരം : വള്ളത്തോൾ വിദ്യാപീഠം.

പ്രബോധചന്ദ്രൻ, വി. ആർ. 1980. *സ്വനവിജ്ഞാനം.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

___________________. 1990. ‘ഗുരുതയും ലഘുതയും. കെ. എം. പ്രഭാകരവാര്യർ & പി. എൻ. രവീന്ദ്രൻ (സമ്പാ.) മലയാളഭാഷാപഠനങ്ങൾ. തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

________________________. 1999. *മലയാളം മലയാളിയോളം.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

_________________________. 2009. *ഭാഷാശാസ്ത്രദൃഷ്ടിയിലൂടെ.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

___________________. 2016. *ഭാഷാശാസ്ത്രപരിചയം.* തിരുവനന്തപുരം : മാളുബൻ പബ്ലിക്കേഷൻസ്.

പ്രഭാകരവാര്യർ, കെ. എം. 1976. *ദ്രാവിഡഭാഷാശാസ്ത്രപഠനങ്ങൾ.* അണ്ണാമലൈ നഗർ : അണ്ണാമലൈ യൂണിവേഴ്സിറ്റി.

___________________ 1978. *ശൈലീശില്പം.* ശില്പി പബ്ലിക്കേഷൻസ്.

___________________. 1982. *പൂർവ്വകേരളഭാഷ.* മദിരാശി: മദിരാശി സർവ്വകലാശാല.

__________________. 1983. *സ്വനിമവിജ്ഞാനം.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

__________________. 1998. *മലയാളവ്യാകരണസമീക്ഷ.* ശുകപുരം : വള്ളത്തോൾ വിദ്യാപീഠം.

__________________. 2002. *ഭാഷാശാസ്ത്രവിവേകം.* ശുകപുരം : വള്ളത്തോൾ വിദ്യാപീഠം.

__________________. 2004. *മലയാളം - മാറ്റവും വളർച്ചയും. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.*

*പ്രഭാകരവാര്യർ, കെ. എം. & രവീന്ദ്രൻ, പി. എൻ.* (സമ്പാ.). 1990. മലയാളഭാഷാ പഠനങ്ങൾ, തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

പ്രഭാകരവാര്യർ, കെ. എം. & ശാന്താ അഗസ്റ്റിൻ. 2019 (ഒ. പ. 1972). *ആധുനിക ഭാഷാശാസ്ത്രം.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഫ്രോൺ മെയർ ജോഹനാസ്. 1883. *പ്രകൃതിശാസ്ത്രം.* മംഗലാപുരം : ബാസൽ മിഷൻ ബുക്ക് ഡെപ്പോസിറ്റി.

മലയാളപഠനസംഘം. 2011. *സംസ്കാരപഠനം-ചരിത്രം സിദ്ധാന്തം പ്രയോഗം.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം

മാധവൻ, പി. 2017. *ചോംസ്കിയൻ വാക്യഘടനാപഠനം.* തിരൂർ : തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല.

മീരാക്കുട്ടി, പി. 1982. *കേരളപാണിനീയം - ചില അനുബന്ധചിന്തകൾ.* കോട്ടയം : എൻ. ബി. എസ്.

മൂസ്സത്, എൻ. എൻ. 1984. *വ്യാകരണവിവേകം.* കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണ സംഘം.

രഘുനാഥൻ, ആർ. 2018. *മലയാളഭാഷോൽപ്പത്തി - വിവരണാത്മകസൂചിക.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

രത്നമ്മ, കെ. (ഡോ.) 2003. *മലയാളഭാഷാചരിത്രം എഴുത്തച്ഛൻവരെ.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

രവി ഇരിഞ്ചയം. 1994. *പ്രായോഗികവ്യാകരണം.* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

__________________. 2013. *മലയാളവ്യാകരണനിഘണ്ടു.* തിരുവനന്തപുരം : മെലിൻഡ ബുക്സ്.

രവിവർമ്മ, എൽ. എ. 1936. *ആര്യദ്രാവിഡഭാഷകളുടെ പരസ്പരബന്ധം*, തൃശ്ശൂർ : കൊച്ചി ഭാഷാപരിഷ്കരണ കമ്മിറ്റി.

രവിശങ്കർ നായർ, എസ്. 2011. *വാക്യദർശനം - മലയാളത്തിന്റെ വിവരണാത്മക വ്യാകരണം.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

രാഘവവാരിയർ, എം. ആർ. 2015. *മലയാളലിപിചരിത്രം.* വള്ളത്തോൾ വിദ്യാപീഠം പ്രബന്ധാവലി-15. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

രാജരാജവർമ്മ, ഏ. ആർ. 2015. (ഒ. പ. 1896; പരിഷ്കരിച്ച് ര. പ. 1917). കേരളപാണിനീയം. കോട്ടയം : സാഹിത്യപ്രവർത്തകസഹകരണസംഘം.

രാജരാജവർമ്മ, ഏ. ആർ. 2014. *ശബ്ദശോധിനി.* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം.

രാജാ രാധാകാന്തദേവ്. (വിവ.) വിജയകുമാർ ആർ. (ഡോ.), 2015. *ഭാഷാശബ്ദക ല്പദ്രുമം.* തൃശ്ശൂർ : കേരളസാഹിത്യ അക്കാദമി.

രാധാകൃഷ്ണൻ മല്ലശ്ശേരി, എസ്. 1996 (സമ്പാ:). *മലയാളവ്യാകരണപഠനങ്ങൾ,* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

രാമചന്ദ്രൻ, പുതുശ്ശേരി (സമ്പാ:). 1996. *കേരളപാണിനീയവിമർശം.* തിരുവനന്ത പുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

__________________. 2011 (ഒ. പ. 2007). *കേരളചരിത്രത്തിന്റെ അടിസ്ഥാനരേഖ കൾ,* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

രാമചന്ദ്രപൈ, കെ. വി. 1979. *വ്യാകരണപഠനങ്ങൾ.* ചങ്ങനാശ്ശേരി : ലില്ലി ബുക്സ്.

ലോഗൻ, വില്യം. 2004. *മലബാർ മാന്വൽ.* കോഴിക്കോട് : മാതൃഭൂമി ബുക്സ്.

വർമ്മജി, ആർ. എസ്. 1996. *കേരളപാണിനീയസംക്ഷേപം.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

വസന്തൻ, എസ്. കെ. 2011. *നമ്മൾ നടന്ന വഴികൾ.* തൃശ്ശൂർ : മലയാളപഠനഗവേ ഷണകേന്ദ്രം.

__________________. 2014. *കേരളസംസ്കാരചരിത്രനിഘണ്ടു.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

വാസുദേവഭട്ടതിരി, സി. വി. 1970. *ഭാഷാശാസ്ത്രം.* തൃശ്ശൂർ : കറന്റ് ബുക്സ്.

__________________. 1972. *കേരളപാണിനീയത്തിലൂടെ.* അയിരാണിക്കുടി : ഗീതാ പബ്ലിക്കേഷൻസ്.

__________________. 1980. *അഭിനവമലയാളവ്യാകരണം.* കോട്ടയം : എൻ. ബി. എസ്.

__________________. 1995. *മലയാളവ്യാകരണം പ്രയോഗത്തിൽ. കോട്ടയം : കറന്റ് ബുക്സ്.*

__________________. 1995. *കേരളപാണിനീയപാഠങ്ങൾ.* കോട്ടയം : ഡി. സി. ബുക്സ്.

വേണുഗോപാലപ്പണിക്കർ, ടി. ബി. 1996. *വ്യാകരണപഠനങ്ങൾ (മലയാളവി മർശം-14)* (പ്രസാ:) കോഴിക്കോട് : കാലിക്കറ്റ് സർവ്വകലാശാല.

__________________. 1999.*വാക്കിന്റെ വഴികൾ.* ശുകപുരം : വള്ളത്തോൾ വിദ്യാ പീഠം.

__________________. 2006. *ചിതറിപ്പോയ സിംഹനാദവും ചില ഭാഷാവിചാരങ്ങ ളും.* തൃശ്ശൂർ : കേരളസാഹിത്യ അക്കാദമി.

__________________. 2006 *ഭാഷാലോകം* ഡി. സി. ബുക്സ്, കോട്ടയം.

__________________. 2015. *ഭാഷാർഥം.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റി റ്റ്യൂട്ട്.

വേലായുധൻപിള്ള, പി. വി. 1966. *മധ്യകാലമലയാളം.* തിരുവനന്തപുരം : എസ്. ബി. പ്രസ്.

ശങ്കരൻ നമ്പ്യാർ, പി. 1964. *മലയാളസാഹിത്യചരിത്രസംഗ്രഹം.* കോട്ടയം : സാഹിത്യപ്രവർത്തകസഹകരണസംഘം.

ശേഷഗിരിപ്രഭു, എം. 1989. *വ്യാകരണമിത്രം.* തൃശ്ശൂർ : കേരള സാഹിത്യ അക്കാ ദമി.

ശ്രീകണ്ഠേശ്വരം ജി. പദ്മനാഭപിള്ള. 2017 (ഒ. പ. 1923). *ശബ്ദതാരാവലി.* കോട്ട യം: സാഹിത്യപ്രവർത്തക ഹകരണസംഘം.

ശ്രീകുമാരി. കെ. 2003. *മലയാളത്തിലെ നാമവർഗ്ഗം.* ചങ്ങനാശ്ശേരി : താരതമ്യപഠ നസംഘം.

ശ്രീകുമാർ, പി. 2015. *ദ്രാവിഡഭാഷകളുടെ വ്യാകരണപാരമ്പര്യവും ലീലാതിലക വും.* വള്ളത്തോൾ പ്രബന്ധാവലി – 25, ശുകപുരം : വള്ളത്തോൾ വിദ്യാ പീഠം.

ശ്രീധരമേനോൻ, എ. 2012. *കേരളസംസ്കാരം.* കോട്ടയം : ഡി. സി. ബുക്സ്.

ശ്രീനാഥൻ, എം. (സമ്പാ.). 2015. ഏ. ആർ. നിഘണ്ടു. തിരൂർ : തുഞ്ചത്തെഴുത്ത ച്ഛൻ മലയാളസർവകലാശാല.

__________________.2016. *മലയാളഭാഷാചരിത്രം : പുതുവഴികൾ,* തിരൂർ : തുഞ്ച ത്തെഴുത്തച്ഛൻ മലയാളസർവകലാശാല.

ശ്രീനാഥൻ, എം. & സെയ്തലവി, സി. (സമ്പാ:) 2017. കേരളപാണിനീയവിജ്ഞാനം(I). തിരൂർ : തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാ ല.

__________________. 2017. *കേരളപാണിനീയവിജ്ഞാനം (II).* തിരൂർ : തുഞ്ച ത്തെഴുത്തച്ഛൻ മലയാളസർവകലാശാല.

ശ്രീനാഥൻ, എം (ചീഫ് എഡി.). 2017. *മിഷണറിഭാഷാശാസ്ത്രം.* തിരൂർ : തുഞ്ച ത്തെഴുത്തച്ഛൻ മലയാളസർവകലാശാല.

ശ്രീലേഖ, കെ. ജി. 2010. *പ്രാചീന ഭാരതീയലിപികളും മലയാളലിപിയുടെ വികാ സവും.* തിരുവനന്തപുരം : പ്രസിദ്ധീകരണവിഭാഗം, കേരള സർവ്വകലാശാ ല.

ഷണ്മുഖം, എസ്. വി., 1994 വിവ. ടി. ബി. വേണുഗോപാലപ്പണിക്കർ) ലീലാതിലകം സാമൂഹികഭാഷാശാസ്ത്രദൃഷ്ടിയിൽ തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

സാം, എൻ (സമ്പാ.). 1979. *കേരളപാണിനീയവിമർശനവും മറ്റും.* കോട്ടയം : എൻ. ബി. എസ്.

സാം, എൻ. 2010. *കേരളത്തിലെ പ്രാചീനലിപിമാതൃകകൾ.* തിരുവനന്തപുരം : സംസ്ഥാന ആർക്കൈവ്സ്.

സാമുവൽ ചന്ദനപ്പള്ളി. 1992. *റവറൻറ് ജോർജ് മാത്തൻ – കൃതികളും പഠനവും.* ചന്ദനപ്പള്ളി : ഓറിയന്റൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഡി. സി. ബി.

സ്കറിയ, ജോസഫ് (സമ്പാ.). 2016. *ഭാഷയുടെ വർത്തമാനം.* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം.

സുകുമാരൻ, വി. 1990. 'മലയാളത്തിലെ സ്വനിമങ്ങളും അക്ഷരങ്ങളും' പ്രഭാകര വാര്യർ, കെ. എം. & രവീന്ദ്രൻ, പി. എൻ. (സമ്പാ.) *മലയാളഭാഷാപഠനങ്ങൾ.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

സുകുമാരപ്പിള്ള, കെ. 1980. *കൈരളീശബ്ദാനുശാസനം.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

സുധാ മേരി തോമസ് (സമ്പാ.). 2019. *റവ. ജോർജ് മാത്തനും മലയാളവ്യാകരണവും.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

സൗമ്യബേബി. 2012. *മലയാളഭാഷാവിജ്ഞാനവും എൽ. വി. രാമസ്വാമി അയ്യരും.* തൃശ്ശൂർ : കേരളസാഹിത്യ അക്കാദമി.

**ENGLISH**

Abraham, P.T. 1985. *Causative Construction in Dravidian Relational Grammar.* (Ed. D.P. Pattanayak). et al. CIIL, Mysore.

Bailey, Benjamin. 1846. *Dictionary of high and colloquial Malayalam and English.* Kottayam : Church Mission Society.

Burrow, T. & Emeneau, M.B. 1966. *A Dravidian Etymological dictionary.* Oxford, London.

Caldwell (Rev.) 1856. *A Comparative Grammar of the Dravidian or South Indian Family of Languages.* Madras University 1956.

Collins Richard. 2018 (First Ed. 1861). *A short Grammer and Analysis of the Malayalim Language.* Kottayam : Benjamin Beiley Study Centre and Museum, C.M.S. College.

Drummond Robert. 2019 (First Ed. 2002) *Grammar of the Malabar Language* (1799). Thiruvananthauram: The state Institute of Languages, Kerala.

Fillmore, Charles. 1968. *The case for case*. In Universals in Linguistic Theory. (Eds) Bach and Harms.

Godavarma, K. 1946. *Indo - Aryan loan words in Malayalam.* Mavelikkara : Ramavarma Brothers.

Kittel, F. 1903. *A Grammar of Kannada Language*. Mangalore.

Peet Joseph. 2018 (First Ed. 1860). *A Grammar of the Malayalim Language*. Kottayam: Benjamin Beily study centre and Museum, C.M.S. College.

Prabhakara Varier, K.M. 1979. *Studies in Malayalam Grammar,* University of Madras.

Prabodhachandran Nair, V.R. 1972. *Malayalam Verbal Forms*. Trivandrum : DLA.

Prabhakara Varier, K.M. 1979. *Studies in Malayalam Grammar*. Madras: University of Madras.

Radhakrishnan Nair, 1983. *A Brief Discussion on Postposition in Malayalam*. Journal of Kerala Studies. Vol.X. Part 1-4.

Ramaswamy Iyer, L.V 1937. *Notes on Kerala Paniniyam.* Maharaja's College Magazine, Ernakulam.

Ramaswami Aiyar, L.V. 1925. *A Brief Account of Malayalam Phonetics*, Culcutta : University Press.

________________. 1993. *The Evolution of Malayalam Morphology*. Thrissur :

Sekhar, A.C. 1951. *Evolution of Malayalam*. Poona : Deccan College. Kerala Sahitya Academy.

Shanmugham, S.V. 1996. *Concept of Language Development in Kerala Paniniyam.*

Shibatani, Masayoshi, 1976. *Syntax & Semantics*. Vol.6, New York. Academic Press.

**ലേഖനങ്ങൾ**

ആൻഡ്രൂസുകുട്ടി, എ. പി. 'അകർമ്മകവും സകർമ്മകവും മലയാളത്തിൽ'. ഭാഷാ സാഹിതി-18, 1981 ഏപ്രിൽ - ജൂൺ പുസ്തകം 5, ലക്കം 2. പുറം 23-44.

ആന്റണി, സി. എൽ. 'പ്രാചിയും പ്രതീചിയും'. മംഗളോദയം മാസിക, 1942 മേടം, പുസ്തകം 18, ലക്കം 1. ആന്റണി, സി. എൽ.

ആന്റണി, സി. എൽ. 'നിർവൃതി. സാഹിത്യപരിഷദ് ദ്വൈമാസികം, 1949 ധനു-മകരം, പുസ്തകം 17, ലക്കം 3.

ആന്റണി, സി. എൽ. 'ചെകുത്താന്റേയും കടലിന്റേയും ഇടയിൽ.' സാഹിത്യപരിഷദ് ദ്വൈമാസികം, 1950 ചിങ്ങം - കന്നി, പുസ്തകം 9, ലക്കം 1.

ആന്റണി, സി. എൽ. 'മലയാളഭാഷയുടെ ഉൽപ്പത്തി'. മാതൃഭൂമി ആഴ്ചപ്പതിപ്പ്. 1967 മാർച്ച് 19. പുസ്തകം 45, ലക്കം 1

ആന്റണി, സി. എൽ. 'കേരളപാണിനീയത്തിലെ വിഭക്തിസംജ്ഞകൾ'. ഗ്രന്ഥാലോകം, 1970 ജനുവരി, വാല്യം 22, ലക്കം 1.

ആന്റണി, സി. എൽ. 'കേരളപാണിനിയുടെ ദ്വിത്വഖരാദേശനയങ്ങൾ'. വിജ്ഞാന കൈരളി, 1971 ഫെബ്രുവരി, വാല്യം 2, ലക്കം 9.

ആന്റണി, സി. എൽ. 'കേരളപാണിനീയത്തിലെ ധ്വനിവിജ്ഞാനീയം. വിജ്ഞാന കൈരളി, 1971 നവംബർ, പുസ്തകം 3, ലക്കം 6.

'ആര്യദ്രാവിഡഭാഷകളുടെ പരസ്പരബന്ധം'. സാഹിത്യലോകം, 1972 മാർച്ച്-ഏപ്രിൽ, വാല്യം 3, ലക്കം 2.

ആന്റണി, സി. എൽ. 'മലയാളത്തിലെ ക്രിയാവിശേഷണം. സാഹിത്യലോകം, 1972 നവംബർ - ഡിസംബർ, വാല്യം 3, ലക്കം 6.

ആന്റണി, സി. എൽ. 'കേവലം-കർത്തൃജകർമകം - പ്രയോജകം'. വിജ്ഞാന കൈരളി, 1973 ഫെബ്രുവരി, പുസ്തകം 4, ലക്കം 9.

ആന്റണി, സി. എൽ. 'ബെയ്‌ലിയുടെ മലയാളം - ഇംഗ്ലീഷ് നിഘണ്ടു'. സാഹിത്യ ലോകം, 1973 സെപ്തംബർ - ഡിസംബർ, പുസ്തകം 4, ലക്കം 5-6.

ആന്റണി, സി. എൽ. 'മലയാളഗ്രന്ഥസൂചി (ഒരവലോകനം). സാഹിത്യലോകം, 1974. ജനുവരി - ഫെബ്രുവരി, വാല്യം 5, ലക്കം 1

ആന്റണി, സി. എൽ. 'തസ്കരസംഘം'. സാഹിത്യപരിഷദ് ദ്വൈമാസികം, പുസ്തകം 18, ലക്കം 1.

ആലുവാ, പി. വി. 'മലയാളഭാഷയ്ക്കൊരു ചരിത്രാത്മകവ്യാകരണം. മംഗളോദയം, 1965 ജനുവരി, പുസ്തകം 2.

കുഞ്ഞൻരാജാ, സി. 'മലയാളത്തിലെ അക്ഷരങ്ങൾ'.മംഗളോദയം, 1942 മേടം, ലക്കം 1.

കുട്ടികൃഷ്ണമാരാര്. 'ശരിയായ വാക്കുകൾ ശരിയായ സ്ഥാനങ്ങളിൽ.' മംഗളോദയം, 1943 ധനു, പുസ്തകം 18, ലക്കം 9.

ഗോപിനാഥപിള്ള, എൻ. ആർ. 'താലവ്യവും ഓഷ്ഠ്യവും', ഭാഷാനിരീക്ഷണം, 1970, കോട്ടയം : എൻ. ബി. എസ്.

ഗോപിനാഥപിള്ള, എൻ. ആർ. 'അകാരവും കേരളപാണിനീയവും', ഭാഷാസാഹിതി-31, 1984 ജൂലൈ - സെപ്തംബർ, പുസ്തകം 8, ലക്കം 3, പുറം 60-80.

ഗോപിനാഥപിള്ള, എൻ. ആർ. 'മലയാളത്തിലെ അകാരങ്ങൾ', ഭാഷാസാഹിതി-34, 1985 ഏപ്രിൽ - ജൂൺ, പുസ്തകം 9, ലക്കം 2, പുറം 67-72.

ഗോപിനാഥപിള്ള, എൻ. ആർ. 'മലയാളത്തിലെ ദന്ത്യ-വർത്സ്യ-അനുനാസികങ്ങൾ', മലയാളവിമർശം-8, 1988 ജനുവരി-ജൂൺ, പുറം 10-14.

ഗോപിനാഥപിള്ള, എൻ. ആർ. 'മുതുക്കൻ ചെറുക്കൻ', ഭാഷാപോഷിണി, 1990 ജൂൺ-ജൂലൈ, പുസ്തകം 14, ലക്കം 1, പുറം 82-84.

ഗോപിനാഥപിള്ള, എൻ. ആർ. 'മലയാളത്തിലെ പിൻവിനയെച്ചം', മലയാളവിമർശം-12, 1991 ജൂലൈ-1992 ജൂൺ, പുറം 59-68.

ചാക്കൊ, ഐ. സി. 'മലയാളത്തിൽ സ്വരമില്ലേ?'. മംഗളോദയം, 1943 കർക്കിടകം, പുസ്തകം 19, ലക്കം 4.

ജോർജ് സി. ജെ. 'കേരളപാണിനീയം : ബോധനം, സിദ്ധാന്തം, സംവാദം' സംസ്കാരകേരളം, 1998 ജനുവരി - മാർച്ച്.

തിലക്, പി. കെ. 'മൂക്കുകൊണ്ട് 'ക്ഷ'. മാതൃഭൂമി ആഴ്ചപ്പതിപ്പ്. 2014 ജനുവരി 12 -18. പുസ്തകം 91, ലക്കം 44.

തിലക്, പി. കെ. 'അനുപ്രയോഗം.' മാതൃഭൂമി ആഴ്ചപ്പതിപ്പ്. 2015 ജനുവരി 18 -24. പുസ്തകം 92, ലക്കം 44.

തിലക്, പി. കെ. 'വിഭക്തിയും കാരകവും.' മാതൃഭൂമി ആഴ്ചപ്പതിപ്പ്. 2014 ഫെബ്രുവരി 23-മാർച്ച് 1. പുസ്തകം 91, ലക്കം 50

തിലക്, പി. കെ. 'വാക്യം ജനിക്കുന്നു.' മാതൃഭൂമി ആഴ്ചപ്പതിപ്പ്. 2014 മാർച്ച് 2-8. പുസ്തകം 91, ലക്കം 51.

തിലക്, പി. കെ. 'വിഭക്തിയും വിഭക്ത്യാഭാസവും.' മാതൃഭൂമി ആഴ്ചപ്പതിപ്പ്. 2014 മാർച്ച് 9-15. പുസ്തകം 91, ലക്കം 52.

തിലക്, പി. കെ. 'ദ്യോതകവിചാരം.' മാതൃഭൂമി ആഴ്ചപ്പതിപ്പ്. 2014 ഏപ്രിൽ 6-12. പുസ്തകം 92, ലക്കം 3.

തിലക്, പി. കെ. 'പദക്രമം മാറുമ്പോൾ ഭാഷയിൽ സംഭവിക്കുന്നത്.' മാതൃഭൂമി ആഴ്ചപ്പതിപ്പ്. 2014 മെയ് 25-31. പുസ്തകം 92, ലക്കം 10.

നമ്പൂതിരി, ഇ.വി.എൻ. 'പ്രയോജകക്രിയ', ഭാഷാസാഹിതി-11, 1979 ജൂലൈ-സെപ്തംബർ, പുസ്തകം 3, ലക്കം 3, പുറം 27-40.

നമ്പൂതിരി, ഇ.വി.എൻ. 'വർണ്ണമാല', ഭാഷാസാഹിതി-27, 1983 ജൂലൈ-സെപ്തംബർ, പുസ്തകം 7, ലക്കം 3, പുറം 105-132.

നമ്പൂതിരി, ഇ.വി.എൻ. 'സന്ധി,' ഭാഷാസാഹിതി-37, 1986 ജനുവരി-മാർച്ച്, പുസ്തകം 10, ലക്കം 1, പുറം 63-91.

നമ്പൂതിരി, ഇ.വി.എൻ. 'കേരളപാണിനീയം : മലയാളത്തിലെ അക്ഷരഘടനയും പദവിഭാഗകല്പനയും', ഭാഷാസാഹിതി 70, 1994 ഏപ്രിൽ-ജൂൺ, പുസ്തകം 18, ലക്കം 2, പുറം 112-120.

നാരായണപിഷാരോടി, കെ. പി. 'കേരളപാണിനീയഭാഷ്യം'. സാഹിത്യലോകം, 1974 മെയ് - ജൂൺ, വാല്യം 5, ലക്കം 3.

പ്രബോധചന്ദ്രൻ, വി. ആർ. 'കേരളപാണിനീയത്തിനപ്പുറം', ഭാഷാസാഹിതി-70, 1994 ഏപ്രിൽ - ജൂൺ, പുസ്തകം 18, ലക്കം 2, പുറം 42-53.

__________________. 'മലയാളത്തിലെ സ്വനസഞ്ചയം', ഭാഷാപോഷിണി, 1999 ജനുവരി, പുറം 68-71.

പ്രഭാകരവാര്യർ, കെ. എം. 'കേരളപാണിനീയഭാഷ്യം'. വിജ്ഞാനകൈരളി, 1973 സെപ്റ്റംബർ, പുസ്തകം 5, ലക്കം 4.

മൂസ്സത്, എൻ. എൻ. 'മലയാളത്തിന്റെ വർണ്ണമാല', ഭാഷാസാഹിതി-31, 1984 ജൂലൈ-സെപ്തംബർ, പുസ്തകം 8, ലക്കം 3, പുറം 73-76.

മൂസ്സത്, എൻ. എൻ. 'വിശേഷണം, അവ്യയം എന്നീ വ്യാകരണികസംവർഗ്ഗങ്ങളെപ്പറ്റി,' ഭാഷാസാഹിതി-70, 1994 ഏപ്രിൽ - ജൂൺ, പുസ്തകം 18, ലക്കം 2, പുറം 105-111.

രാധാകൃഷ്ണൻ മല്ലശ്ശേരി, 'മലയാളത്തിലെ ഗതിരൂപങ്ങൾ', മലയാളവിമർശം-12, 1991 ജൂലൈ-1992 ജൂൺ, പുറം 141-175.

രാമൻ, പി. 'Ⴡാഗമം ശ്രുതിമാധുര്യത്തിനോ,' ഭാഷാസാഹിതി-45, 1988 ജനുവരി - മാർച്ച്, പുസ്തകം 12, ലക്കം 1, പുറം 92-100.

ലീലാവതി, എം. 'ദ്വിത്വഖരാദേശനയങ്ങളെപ്പറ്റി' വിജ്ഞാനകൈരളി, 1971 ജൂലൈ, പുസ്തകം 3, ലക്കം 2, പുറം 83-87.

ലീലാവതി, എം. 'മലയാളത്തിലെ പിൻവിനയെച്ചം', വിജ്ഞാനകൈരളി, 1972 മാർച്ച്, പുസ്തകം 3, ലക്കം 10, പുറം 954-957.

ലീലാവതി, എം. 'മലയാളത്തിലെ വർത്തമാനകാലപ്രത്യയത്തിന്റെ നിഷ്പത്തി,' ഭാഷാസാഹിതി-1, 1977 ജനുവരി-മാർച്ച്, പുസ്തകം 1, ലക്കം 1, പുറം 47 -50.

വറുഗ്ഗീസ്, കെ. ഇ. 'കേരളപാണിനീയത്തിലെ വിഭക്തിസംജ്ഞകൾ'. ഗ്രന്ഥാലോകം, 1970 ജൂലായ്, വാല്യം 22, ലക്കം 7.

വാസുദേവഭട്ടതിരി, സി.വി. 'മലയാളത്തിലെ വിഭക്തിപ്രത്യയങ്ങൾ, വിജ്ഞാനകൈരളി, 1972 ആഗസ്റ്റ്, പുസ്തകം 4, ലക്കം 3, പുറം 253-256.

വാസുദേവഭട്ടതിരി, സി.വി. 'ആധാരികാപ്രത്യയങ്ങൾ', വിജ്ഞാനകൈരളി, 1973 മെയ്, പുസ്തകം 4, ലക്കം 12, പുറം 1151-1155.

വേണുഗോപാലപ്പണിക്കർ, ടി. ബി. 'മലയാളത്തിലെ അകാരങ്ങൾ.' ഭാഷാസാഹിതി 33, 1985 ജനുവരി - മാർച്ച്, പുസ്തകം 9, ലക്കം 1.

______________________. 'അകാരവിവാദം.' ഭാഷാസാഹിതി 37, 1986 ജനുവരി - മാർച്ച്, പുസ്തകം 10, ലക്കം 1.

______________________. 'കേരളപാണിനീയവും മലയാളത്തിന്റെ അക്ഷരമാലയും', ഭാഷാസാഹിതി-70, 1994 ഏപ്രിൽ - ജൂൺ, പുസ്തകം 18, ലക്കം 2

______________________. 'കേരളപാണിനീയഭാഷ്യവിമർശനം.' വ്യാകരണപഠനങ്ങൾ (മലയാള വിമർശം-14), 1996.

വേണുഗോപാലൻ, ടി. ബി. 'മലയാളത്തിലെ ചില വ്യാകരണപ്രശ്നങ്ങൾ'. സാഹിത്യ ലോകം.

സുകുമാരൻ, വി. 'ചന്ദ്രക്കലയുടെ വൃത്തിപരമായ ഭാവങ്ങൾ'. വിജ്ഞാനകൈരളി, 1970 ഡിസംബർ, പുസ്തകം 2, ലക്കം 7.

സുകുമാരപിള്ള, കെ. 'മലയാളത്തിലെ ആഗമസന്ധി.' വിജ്ഞാനകൈരളി, 1975 ജനുവരി, വാല്യം 6, ലക്കം 8.

__________________ 'ആധാരികയ്ക്കുമേലുള്ള - ഏ പ്രത്യയം'. മലയാളവിമർശം -12, 1991 ജൂലൈ - 1992 ജൂൺ.

സുധാബായ്, ബി. 'കേരളപാണിനീയത്തിലെ വിഭക്തിചർച്ച'. മലയാളവിമർശം-12, 1991 ജൂലൈ - 1992 ജൂൺ.

സുബ്രഹ്മണ്യം, വി. കെ. 'ദന്ത്യവർത്സ്യാനുനാസികങ്ങളുടെ പ്രതിഛായനം മലയാളത്തിൽ'. ഭാഷയും പഠനവും, 1974. എൻ. ബി. എസ്. കോട്ടയം

ഹരിഹരനുണ്ണിത്താൻ, വി. കെ. 'കർത്തൃജകർമകം : ഒരു ത്രിശങ്കു'. വിജ്ഞാനകൈരളി, 1973 ജൂലായ്, വാല്യം 5, ലക്കം 2.